ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന  ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ  ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.


ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

൨

# ഗാന്ധിസാഹിത്യം

## സാമൂഹ്യജീവിതം



digitized by www.sreyas.in



digitized by www.sreyas.in



digitized by www.sreyas.in

ഗാന്ധിസാഹിത്യം വാല്യം രണ്ട്

# സാമൂഹ്യജീവിതം

digitized by www .sreyas.in

This book has been printed on the paper supplied
by the Government of India at concessional rate

MALAYALAM

**Saamoohyajeevitham**

Gandhian Literature Series—Vol. II
by Mahatma Gandhi
Edited by G. Kumara Pillai
Translated by A. P. Vasu Nambisan
First Published October 1962
Reprinted February 1982
Cover design: Asok
© Kerala Gandhi Smarak Nidhi, Trivandrum
Mahatma Gandhi's Writings reproduced with the permission of
The Navajivan Trust, Ahmedabad
Published by
Kerala Gandhi Smarak Nidhi, Trivandrum
Printed at Ashram Press, Kottayam for D. C. Press, Kottayam
Distributors:
CURRENT BOOKS
Kottayam, Trivandrum, Ernakulam,
Trichur, Kozhikode, Tellicherry, Alleppey

Rs. 30.00

GSN S No. 58 B No. 52 (2) CB - D - 95 - 3000 - 1281

digitized by www .sreyas.in

മഹാത്മാ ഗാന്ധി

# സാമൂഹ്യജീവിതം

എഡിററര്
ജി. കുമാരപ്പിള്ള

വിവര്ത്തകന്
എ. പി. വാസുനമ്പീശന്

പ്രകാശകര്
കേരള ഗാന്ധിസ്മാരകനിധി
തിരുവനന്തപുരം
വില 30.00

digitized by www .sreyas.in

# പ്രസ്താവന

(ഒന്നാം പതിപ്പിനെഴുതിയത്)

മഹാത്മജിയുടെ വീരചരമംകൊണ്ട് അസ്തപ്രജ്ഞരായ ഭാരതജനത ഭക്തിപ്രശ്രയപൂർവ്വം ആ ചരണങ്ങളിലർപ്പിച്ച ശ്രദ്ധാഞ്ജലിയാണ് ഗാന്ധിസ്മാരകനിധി. ദുഃഖാർദ്രമായ ആ ഹൃദയങ്ങളിലെല്ലാം ഒരേ ഒരു വികാരമാണ് അലതല്ലിയിരുന്നത്. അത് പ്രധാനമന്ത്രി നെഹ്റുവിൻെറ വാക്കുകളിൽക്കൂടി ഇപ്രകാരം പുറത്തുവന്നു: 'നമുക്കു പ്രചോദനം നല്കി നയിച്ചിരുന്ന ആചാര്യൻ നഷ്ടപ്പെട്ടിരിക്കുന്നു. ഇനി നാംതന്നെയാണ് ഈ ഭാരം ചുമക്കേണ്ടത്. അദ്ദേഹത്തിൻെറ ആദർശങ്ങളിലും പരിപാടികളിലും നാം ഉറച്ചു നില്ക്കുമോ, അതോ, പുതിയ മാർഗ്ഗങ്ങളിലേക്കു വഴുതിപ്പോകുമോ?' ഒരു പുതിയ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനായി രാഷ്ട്രപിതാവ് ചില നിർദ്ദേശങ്ങളും, വ്യക്തവും വിശദവുമായ പരിപാടികളും രാജ്യത്തിനു സമർപ്പിച്ചിരിക്കുന്നു. ആ പരിപാടികളുടെ നിർവ്വഹണത്തിലാണ് അദ്ദേഹം അഹോരാത്രം ഏർപ്പെട്ടിരുന്നത്. ആ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻതന്നെ ജനങ്ങൾ നിശ്ചയിച്ചു. അതിലേക്കു രൂപീകരിക്കപ്പെട്ട 'നിധി'യെ ദരിദ്രരുടെ ചില്ലിക്കാശും, ധനാഢ്യരുടെ ലക്ഷങ്ങളും ഒന്നിനൊന്നു മത്സരിച്ചു നാട്ടിലെ ഏററവും വലിയ പൊതുനിധിയാക്കിത്തീർത്തു.

സ്മാരകനിധിയുടെ ഏററവും പ്രധാനമായ പരിപാടിയായി അംഗീകരിക്കപ്പെട്ടത് ഗ്രാമങ്ങളിലെ നിർമ്മാണപ്രവർത്തനമാണ്. ചില പ്രധാന സ്ഥലങ്ങളിൽ സ്മാരകമന്ദിരങ്ങൾ പണിയുക, കുഷ്ഠരോഗനിവാരണഫൗണ്ടേഷൻ ഏർപ്പെടുത്തുക, ഗാന്ധിജിയുടെ ജീവിതത്തെ അധികരിച്ചുള്ള ചലച്ചിത്രങ്ങൾ നിർമ്മിക്കുക, ജനക്ഷേമകരമായ സ്ഥാപനങ്ങൾക്കു ധനസഹായം ചെയ്യുക എന്നിവയ്ക്കും പ്രത്യേകം തുകകൾ നീക്കിവെയ്ക്കപ്പെട്ടു. ഇവയെപ്പോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് അദ്ദേഹത്തിൻെറ തത്ത്വസംഹിതയുടെ പഠനത്തിനും പ്രചാരണത്തിനും സൗകര്യമുണ്ടാക്കുക—പ്രത്യേകിച്ചും ബുദ്ധിജീവികൾക്ക്. ഈ കാര്യം അംഗീകരിക്കപ്പെട്ടത് അല്പം വൈകിയാണ്. സമുദായത്തിലെ ഏററവും താണ ശ്രേണിയിലുള്ളവ ൾപ്പെടെ എല്ലാവരുടേയും പൂർണ്ണവികാസത്തിനുതകുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയെക്കുറിച്ചു സ്വപ്നം കാണുകയും അതിലേക്കു നയിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തിരുന്ന ആ മനുഷ്യസ്നേഹി ചിന്തനത്തിനും പരീക്ഷണത്തിനും വിധേയമാക്കാത്ത ഒരു വിഷയവുമില്ല. അവയെക്കുറിച്ചെല്ലാം വളരെ വ്യക്തവും ദൃഢവുമായ വേഗയങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. ആ ആശയങ്ങൾ എത്ര ആശത്തിൽ വ്യാപകമായി അംഗീകരിക്കപ്പെടുന്നുവോ, അതിന്നനുസരി

digitized by www .sreyas.in

പ്രായോഗികം ഒരു പുതിയ വ്യവസ്ഥിതി രൂപംകൊള്ളുന്നതു്. അതു കൊണ്ടു് എല്ലാ പ്രാദേശികഭാഷകളിലും അദ്ദേഹത്തിന്റെ ലേഖന സമാഹാരങ്ങൾ പ്രസിദ്ധീകരിക്കേണ്ടതാണെന്നു തീരുമാനിക്കപ്പെട്ടു. അഖിലേന്ത്യാടിസ്ഥാനത്തിൽ ഈ തീരുമാനങ്ങൾ ഉണ്ടാകുന്നതിനു വളരെ മുമ്പുതന്നെ ഇതിലേക്കു് ഒരു പദ്ധതി കേരളശാഖ കേന്ദ്രത്തിനു സമർപ്പിച്ചുവെങ്കിലും, അവരുടെ അംഗീകാരം കിട്ടിയതു് 1959–ൽ മാത്രമാണു്.

മററു പ്രദേശങ്ങളെ അപേക്ഷിച്ചു നിധിസംഭരണം കുറവായിരുന്ന കേരളത്തിനു് ഇതു ദുർവഹമായ ഒരു പദ്ധതിയാണു്. അതുകൊണ്ടു ചെലവു് കഴിയുന്നിടത്തോളം ചുരുക്കിയും, എന്നാൽ ഗുണത്തിനു് അല്പംപോലും ഗ്ലാനി സംഭവിക്കാത്ത വിധത്തിലും ഈ ജോലി നിർവ്വഹിക്കേണ്ടിവന്നു. ഭാഗ്യവശാൽ ഈ പദ്ധതിയിൽ നിധിയെപ്പോലെതന്നെ താല്പര്യമുള്ള പല സുഹൃത്തുക്കളേയും ഞങ്ങൾക്കു കിട്ടി. ഈ പദ്ധതിയുടെ ചുമതലകൾ മുഴുവൻ വഹിക്കുവാൻ സർവ്വഥാ യോഗ്യനും പ്രാപ്തനുമായ ശ്രീ കൈനിക്കര കുമാരപിള്ളയെ ചീഫ് എഡിററായി ലഭിച്ചതാണു് ഞങ്ങളുടെ ഏററവും വലിയ നേട്ടം. ഗാന്ധിസാഹിത്യ പ്രസിദ്ധീകരണത്തിലുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥമായ താൽപര്യം അന്യത്ര ചേർത്തിട്ടുള്ള അദ്ദേഹത്തിന്റെ പ്രസ്താവനയിൽനിന്നു വ്യക്തമാണു്. ഔദ്യോഗികജീവിതത്തിൽനിന്നു വിരമിച്ചുവെങ്കിലും, ആകാശവാണിയിൽ വഹിച്ചുവരുന്ന ചുമതലയേറിയ ഉദ്യോഗത്തിനിടയ്ക്കു കിട്ടാവുന്നിടത്തോളം സമയം ലാഭിച്ചെടുത്തും, രാത്രിയിലെ നിദ്രയേയും വിശ്രമത്തേയും അപഹരിച്ചുമാണു് ഈ ഭാരിച്ച ജോലി അദ്ദേഹം നിർവ്വഹിച്ചതു്. ചീഫ് എഡിററർ ജോലിക്കോ, ഗ്രന്ഥപ്രസാധനത്തിനോ യാതൊരു പ്രതിഫലവും പററുകില്ലെന്ന നിർബ്ബന്ധമായ നിബന്ധനയോടുകൂടിയാണു് അദ്ദേഹം സേവനമനുഷ്ഠിച്ചതു്. അദ്ദേഹത്തിന്റെ ഈ മഹാമനസ്കതയിൽ ഗാന്ധിസ്മാരകനിധിക്കുള്ള കടപ്പാടു് അവാച്യമാണു്.

മററു ഗ്രന്ഥങ്ങൾ തയ്യാറാക്കിയ സുഹൃത്തുക്കളെല്ലാവരുംതന്നെ അതാതു വിഷയങ്ങളിൽ അഗാധമായ പാണ്ഡിത്യം നേടിയവരാണു്. ഗാന്ധിജിയോടുള്ള ഭക്ത്യാദരങ്ങൾകൊണ്ടും, ഇക്കാര്യത്തിലുള്ള തീവ്രമായ താൽപര്യംകൊണ്ടു മാത്രമാണു് തങ്ങളുടെ ഔദ്യോഗികവ്യഗ്രതകൾക്കിടയ്ക്കും അവർ ഈ ജോലി നിർവ്വഹിച്ചതു്. അവരോടെല്ലാമുള്ള നിസ്സീമമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.

ഈ പദ്ധതിക്കു രൂപംകൊടുക്കാനും, നേതൃത്വം നല്കാനും രൂപീകരിക്കപ്പെട്ട ഉപദേശകസമിതി നിർവ്വഹിച്ച സ്തുത്യർഹമായ സേവനത്തിനു് അതിലെ ഓരോ അംഗത്തോടും ഗാന്ധിസ്മാരകനിധിക്കു് അളവററ നന്ദിയുണ്ടു്.

ഈ ഗ്രന്ഥാവലി ഏററവും ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രത്യേക ശ്രദ്ധയോടുകൂടി ഭംഗിയായി മുദ്രണം ചെയ്യാൻ സമ്മതിച്ച 'ഇൻഡ്യാപ്രസ്സി'നോടും, ഇതിന്റെ വിതരണം ഏറെറടുത്തിരിക്കുന്ന

digitized by www .sreyas.in

'സാഹിത്യപ്രവത്തക സഹകരണസംഘ'ത്തോടും ഞങ്ങറാക്കു് അനല്പമായ നന്ദിയുണ്ടു്.

ലാഭേച്ഛകൂടാതെ ഏററവും ചുരുങ്ങിയ വിലയ്ക്കു് ഈ ഗ്രന്ഥങ്ങറാ വില്ക്കാനാണു് ഗാന്ധിസ്മാരകനിധി തീരുമാനിച്ചിട്ടുള്ളതു്. മനുഷ്യജന്മത്തിൻെറ പരമമായ ലക്ഷ്യം പ്രാപിക്കാൻ ആശിക്കുന്ന വ്യക്തികറാക്കും, ഒരു നവലോകം സൃഷ്ടിക്കാൻ കൊതിക്കുന്ന സാമൂഹ്യപ്രവത്തകക്കും, വികസനപ്രവത്തനങ്ങളിൽ ഏപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാക്കും, നാട്ടിൻെറ ഭരണസാരഥ്യം വഹിക്കുന്ന നേതാക്കന്മാക്കും എല്ലാം ഒരുപോലെ മാഗ്ഗംതെളിക്കുന്ന ഒരനശ്വരദീപമായിരിക്കും ഈ ഗ്രന്ഥാവലി. ഇതു് എല്ലാ കേരളഗൃഹങ്ങളിലും, വിദ്യാലയങ്ങളിലും, സ്ഥാപനങ്ങളിലും, ആഫീസുകളിലും അമൂല്യമായ ഒരു നിധിയായി സൂക്ഷിക്കപ്പെടുമെന്നാണു് ഞങ്ങളുടെ പ്രതീക്ഷ. സ്നേഹത്തിൻെറയും സത്യത്തിൻെറയും അടിസ്ഥാനത്തിൽ ഒരു പുതിയ സമുദായം രചിക്കുവാൻ സഹായിക്കുന്ന ഈ യത്നത്തിൽ സഹകരിക്കുവാൻ ഓരോ കേരളീയനും ആവേശപൂവ്വം മുന്നോട്ടു വരുമെന്നുള്ള പ്രത്യാശയോടുകൂടി ഈ ഗ്രന്ഥം കൈരളിയുടെ പാവനചരണങ്ങളിൽ സമപ്പിക്കുന്നു.

തിരുവനന്തപുരം
2—10—1961

ഗാന്ധിസ്മാരകനിധിക്കുവേണ്ടി,
കെ. ജനാർദ്ദനൻപിള്ള
(സഞ്ചാലകൻ)

digitized by www .sreyas.in

# ആമുഖം

ഗാന്ധിസ്മാരകനിധിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്, ഗാന്ധിസാഹിത്യം ഭാരതത്തിലെ പ്രാദേശിക ഭാഷകളിലെല്ലാം അവതരിപ്പിക്കുക എന്നത്. ഗാന്ധിസാഹിത്യത്തിന്റെ സ്വരൂപം മനസ്സിലാക്കിയാൽ മാത്രമേ ഈ അവതരണസംരംഭത്തിൽ അന്തർഭവിച്ചിരിക്കുന്ന യത്നത്തിന്റെ സ്വഭാവം വ്യക്തമാകൂ.

മഹാത്മാഗാന്ധി ഒരു സാഹിത്യകാരനോ, ഗ്രന്ഥകർത്താവോ ആയിരുന്നു എന്നു പറയുന്നത് അത്ര ശരിയായിരിക്കുകയില്ല. സാഹിത്യവ്യവസായം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു ഉപകരണം മാത്രമേ ആയിരുന്നുള്ളു; ഒരിക്കലും ഒരു ലക്ഷ്യമായിരുന്നില്ല. എങ്കിലും ഉന്നതന്മാരായ പല സാഹിത്യകാരന്മാരേയുംകാൾ കൂടുതൽ എഴുതിയ ആളാണദ്ദേഹം. അദ്ദേഹം എഴുതിയതെല്ലാം സാഹിത്യവുമാണ്.

ഗാന്ധിജിയുടെ സാഹിത്യം, കത്തുകൾ ഒഴിച്ചാൽ, ഒട്ടുമുക്കാലും 'ഇന്ത്യൻ ഒപ്പീനിയൻ', 'നവജീവൻ', 'യങ് ഇന്ത്യ', 'ഹരിജൻ'—ഈ വാരികകളിലാണ്— പ്രധാനമായും അവസാനത്തെ രണ്ടെണ്ണത്തിലാണ്—ആദ്യം പ്രത്യക്ഷപ്പെട്ടത്. ഗ്രന്ഥരൂപത്തിൽ അദ്ദേഹം രചിച്ച കൃതികൾ വളരെ കുറവാണ്. അദ്ദേഹത്തിന്റെ കൃതികളായി 'നവജീവൻ പ്രസിദ്ധീകരണശാല' ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മിക്ക പുസ്തകങ്ങളും ആ രൂപത്തിൽ അദ്ദേഹം രചിച്ചവയല്ല. അന്യർ ആ വാരികകളിൽനിന്നു സഞ്ചയിച്ച് ആ രൂപം കൊടുത്തിട്ടുള്ളവയാണ്. 'നവജീവൻ പ്രസിദ്ധീകരണങ്ങൾ' തന്നെ ആകെ അറുപതിൽപരമുണ്ടെന്നു തോന്നുന്നു. അവരുടേതല്ലാതെയും ഗാന്ധിസാഹിത്യഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്. ഭാരതസർക്കാരിന്റെ പ്രസിദ്ധീകരണവകുപ്പ് ഈ അടുത്തകാലത്തു കിട്ടാവുന്നിടത്തുനിന്നെല്ലാം കിട്ടാവുന്നതെല്ലാം സമ്പാദിച്ചു സമാഹരിച്ചു കാലാനുക്രമം ക്രോഡീകരിച്ചു വിപുലവും സമഗ്രവുമായ രൂപത്തിൽ ഗാന്ധിജിയുടെ കൃതികൾ പ്രസിദ്ധീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഇതേവരെയായി അതിന്റെ അഞ്ചു ഭാഗങ്ങളേ പുറത്തായിട്ടുള്ളു. ഈ അഞ്ചു ഭാഗങ്ങളിലുംകൂടി 1906 വരെയുള്ള കൃതികളേ ഉൾപ്പെടുത്തിയിട്ടുമുള്ളു.

ഈ വസ്തുതകളിൽനിന്ന് ഒരു കാര്യം വ്യക്തമാകും. പ്രാദേശിക ഭാഷകളിൽ ഗാന്ധിസാഹിത്യം അവതരിപ്പിക്കുന്നത് ഇപ്പോൾ ഭാരതസർക്കാർ പ്രസിദ്ധീകരിച്ചുതുടങ്ങിയിട്ടുള്ള സമ്പൂർണ്ണഗാന്ധിസാഹിത്യത്തിന്റെ പരിഭാഷയുടെ രൂപത്തിലാകാം. പക്ഷേ, അതു പൂർത്തിയാകാൻ വളരെ വർഷങ്ങൾ വേണ്ടിവരും. പോരെങ്കിൽ സാധാരണ വായനക്കാർക്ക് അതു ദുഷ്പ്രാപമായിരിക്കും. മിക്കവാറും നിഷ്പ്രയോജനമായിരിക്കും. അതല്ലെങ്കിൽ പിന്നെ അവശേഷിക്കുന്നത് 'നിർധാരണ' (Selection) ത്തിന്റേയും പ്രസാധന(editing) ത്തിന്റേയും മാർഗ്ഗം അവലംബിക്കുക മാത്രമാണ്.

ഒരു സംശയം സംഗതമാണ്. 'നവജീവൻ' പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ ഉണ്ടല്ലോ. ഗാന്ധിമാർഗ്ഗചാരികളും ഗാന്ധിസാഹിത്യ പണ്ഡിതന്മാരുമായ പ്രഗത്ഭന്മാരാണ് അവ പ്രസാധനം ചെയ്തിട്ടുള്ളത്. ആ ഗ്രന്ഥങ്ങൾ അങ്ങനെതന്നെ അങ്ങു പരിഭാഷപ്പെടുത്തിയാൽ പോരേ? വിവർത്തനാർഹമാണ് ആ ഗ്രന്ഥങ്ങൾ എന്ന് ആരും സമ്മതിക്കും. ന്യായമായുണ്ടാകാവുന്ന ഒരു സംശയമാണിത്. പക്ഷേ, ആ ഗ്രന്ഥങ്ങളെല്ലാം ശ്രദ്ധിച്ചു വായിച്ചിട്ടുള്ള ഒരാൾക്ക്, ഗാന്ധിസാഹിത്യം പ്രാദേശികഭാഷകളിൽ അവതരിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പരിമിതി അറിയാമെങ്കിൽ, ആ സംശയം ഉണ്ടാകുമെന്നു തോന്നുന്നില്ല. ഒന്നാമത്ത് ആ ഗ്രന്ഥങ്ങൾ വളരെയാണ്. അതെല്ലാം വിവർത്തനം ചെയ്യുന്നതിനു വമ്പിച്ച ശ്രമവും, ധനവ്യയവും ആവശ്യമാണ്. കൂടാതെ, ആ ഗ്രന്ഥങ്ങൾ തന്നെയും പല ആളുകൾ അവരവരുടേതായ ഉദ്ദേശ്യത്തെ മുൻനിർത്തി നടത്തിയ

digitized by www .sreyas.in

നിർധാരണത്തിന്റേയും, പ്രസാധനത്തിന്റേയും ഫലങ്ങളാണ്. വ്യക്തമായ ഒരേ ലക്ഷ്യത്തെ മുൻനിർത്തി പരസ്പരധാരണയോടുകൂടി എല്ലാവരും ചേർന്ന് അംഗീകരിച്ച ഒരു സാമാന്യ പദ്ധതിയനുസരിച്ചല്ല അവ തയ്യാർ ചെയ്തിട്ടുള്ളത്. അതുകൊണ്ട് അതതു ഗ്രന്ഥത്തിന്റെ പ്രസാധനോദ്ദേശ്യം അനുസരിച്ച് പല ഗ്രന്ഥങ്ങളിലും ഒരേ ലേഖനങ്ങൾതന്നെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു കാണാം. പ്രവർത്തനവ്യാപ്തിയിലും ധനവ്യയത്തിലും പരിമിതിയുള്ള ഒരു പ്രസിദ്ധീകരണസംരംഭം വിജയിക്കണമെങ്കിൽ, അതുകൊണ്ട് ഉണ്ടാകാവുന്ന പ്രയോജനത്തിന്റെ പരമാവധി ഉളവാകണമെങ്കിൽ, കൂടുതൽ വിവേകപൂർവ്വകമായ തിരഞ്ഞെടുപ്പും സംഗ്രഹണവും അനിവാര്യമാണെന്ന് അല്പം ആലോചിച്ചാൽ ആർക്കും ബോദ്ധ്യമാകും.

ഗാന്ധിസ്മാരകനിധിയുടെ ആഭിമുഖ്യത്തിൽ ഏതാനും പ്രാദേശിക ഭാഷകളിൽ ഗാന്ധിസാഹിത്യ പ്രസിദ്ധീകരണം ആരംഭിച്ചിട്ടു കുറച്ചു കാലമായിരിക്കുന്നു. ചിലതിൽ—തെന്നിന്ത്യൻഭാഷകളിൽ കന്നാടകവും, തമിഴും പ്രത്യേകം പ്രസ്താവ്യമാണ്—ആ യത്നം വളരെ പുരോഗമിച്ചിട്ടുമുണ്ട്. ഭാരതത്തിനു പൊതുവായ ഒരു പദ്ധതി അനുസരിച്ചല്ല ഈ പ്രവർത്തനം നടക്കുന്നത്. ഓരോ ഭാഷയിലും അതിനു ചുമതലപ്പെട്ട ഒരു വിദഗ്ദ്ധസമിതി ആലോചിച്ചു നിശ്ചയിച്ചിട്ടുള്ള ഒരു പദ്ധതി അനുസരിച്ചാണ് പ്രസാധനം നടക്കുന്നത്. പക്ഷേ, എല്ലാവരും ലഭ്യമായ ഗാന്ധിസാഹിത്യ സമുച്ചയത്തിൽനിന്ന് ഒരു തിരഞ്ഞെടുപ്പു നടത്താൻ നിർബദ്ധരായിട്ടുണ്ട്. മിക്കവാറും വിഷയപരമായി അപഗ്രഥിച്ച്, ഓരോ വിഷയത്തേയും അധികരിച്ച് അദ്ദേഹം എഴുതുകയും, പറയുകയും ചെയ്തിട്ടുള്ളതിൽനിന്ന് ഏററവും പ്രധാനമെന്നും പ്രയോജനകരമെന്നും അവർക്കു തോന്നിയതു തിരഞ്ഞെടുത്തു പ്രസിദ്ധീകരിക്കുന്നതിനാണ് എല്ലാവരുടെയും യത്നം.

ഇതിൽനിന്നെല്ലാം ഭിന്നമായ രീതിയിൽ ഗാന്ധിസാഹിത്യം പ്രസാധനം ചെയ്താൽക്കൊള്ളാമെന്ന് എനിക്കു തോന്നിത്തുടങ്ങിയിട്ടു വളരെക്കാലമായി. ഗാന്ധിസാഹിത്യ പ്രസിദ്ധീകരണങ്ങളുമായി എനിക്കുണ്ടായ പരിചയമാണ് ആ വഴിക്ക് എന്നെക്കൊണ്ടു ചിന്തിപ്പിച്ചത്. ആ പരിചയം കൂടുതൽ വ്യാപകവും ഗാഢവും ആയതോടുകൂടി ആ പ്രത്യേക പ്രസാധനരീതിയുടെ രൂപം എന്റെ മനസ്സിൽ കൂടുതൽ തെളിയാനും ഉറയ്ക്കാനും ഇടയായി.

1957 ഉത്തരാർദ്ധത്തിലാണെന്നു തോന്നുന്നു, ഗാന്ധിസ്മാരകനിധി കേരളശാഖയുടെ സഞ്ചാലകനായ ശ്രീ കെ. ജനാർദ്ദനൻപിള്ള ഗാന്ധിസാഹിത്യം മലയാളത്തിൽ അവതരിപ്പിക്കുന്നതിന് ഒരു പദ്ധതി ഉണ്ടാക്കുന്നതിനെപ്പററി എന്നോടു സംസാരിക്കുകയുണ്ടായി. അതിനോടുകൂടിത്തന്നെ ഗാന്ധിസാഹിത്യ പ്രസ്ഥാനത്തിന്റെ പ്രധാന ചുമതല ഞാൻ ഏറെറടുത്താൽ കൊള്ളാമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അതിന് അനുകൂലമായ ഒരു മറുപടി പറയാൻ എനിക്കു വളരെ സമയമോ വലിയ ആലോചനയോ വേണ്ടിവന്നില്ല, മൂന്നു കാരണങ്ങൾകൊണ്ട്. ഒന്ന്, മഹാത്മാഗാന്ധിയുടെ ആദർശങ്ങളും ആശയങ്ങളും ഏതൊരു മലയാളിക്കും വ്യക്തമായി ഗ്രഹിക്കത്തക്ക രൂപത്തിൽ അവതരിപ്പിക്കേണ്ടത് ആവശ്യമാണെന്ന ബോധം. രണ്ട്, ഗാന്ധിസാഹിത്യപ്രസാധനത്തെപ്പററി ഞാൻ സങ്കല്പത്തിൽ രൂപം കൊടുത്തിരുന്ന പദ്ധതിയുടെ പ്രായോഗിക പരീക്ഷണത്തിനു കിട്ടുന്ന ആ അവസരം വിധികല്പിതമാണെന്ന തോന്നൽ. മൂന്ന്, ഇതാണ് ഏററവും പ്രധാനം—മഹാത്മാഗാന്ധിയോടു വ്യക്തിപരമായി എനിക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്ന നിസ്സീമമായ കടപ്പാട്.

ഒരു കാര്യം ഇവിടെ അസന്ദിഗ്ദ്ധമാംവണ്ണം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ മഹാത്മാഗാന്ധിയുടെ ശിഷ്യനല്ല; ശിഷ്യനായിരുന്നിട്ടില്ല; അനുയായിയുമല്ല. ശിഷ്യനെന്നോ അനുയായിയെന്നോ അർത്ഥം വരത്തക്ക രൂപത്തിൽ ചിലർ എന്നെപ്പററി പരാമർശിച്ചിട്ടുള്ള സന്ദർഭങ്ങളിലെല്ലാം ഞാൻ ലജ്ജകൊണ്ടു ചൂളിയിട്ടേയുള്ളു; അഭിമാനിച്ചിട്ടില്ല. ആ പദത്തിനു ഞാൻ അർഹനല്ല; അർത്ഥിയുമല്ല. എങ്കിലും അദ്ദേഹത്തോട് എനിക്കു കടപ്പാടുണ്ട്—ഒരു

മഹാനദിയോട്, അതിൽനിന്ന് കൈക്കുമ്പിളിൽ കൊള്ളാവുന്നിടത്തോളം മാത്രം വെള്ളം കോരി മതിയാവോളം കുടിച്ച് ആശ്വാസമടയുന്ന ഒരു വിപാസുവിനുള്ള കടപ്പാട്—മാർത്താണ്ഡബിംബത്തോട് അതിൽനിന്ന് തന്റെ കൊച്ചു ജീവന് ആവശ്യമുള്ളിടത്തോളം മാത്രം, താങ്ങാവുന്നിടത്തോളം മാത്രം ചൈതന്യം ആഗിരണം ചെയ്തു ജീവസന്ധാരണം നിർവഹിക്കുന്ന ഒരു കാട്ടുപൂവിനുള്ള കടപ്പാട്! എടുത്തതു കുറച്ചു ഉള്ളൂ, എടുക്കാനുള്ള കഴിവിന്റെ കുറവുകൊണ്ട്. എങ്കിലും കടപ്പാട് അനല്പമാണ്, പരിപൂർണ്ണമാണ്. എന്തുകൊണ്ടെന്നാൽ എടുക്കാവുന്നതിന്റെ, പരിമിതമായ കഴിവിന് പ്രയോജനപ്പെടുത്താവുന്നതിന്റെ പരമാവധിതന്നെ എടുത്തിട്ടുണ്ട്.

ഗാന്ധിസാഹിത്യത്തിന്റെ പ്രസാധനഭാരം ഏല്ക്കുന്നതു് എന്നെ സംബന്ധിച്ചിടത്തോളം അനുപേക്ഷണീയമായ ഒരു കർത്തവ്യമാക്കിത്തീർത്തതു് ആ കടപ്പാടാണ്. ഞാൻ നല്കിയ ഉറപ്പിന്മേൽ ജനാർദ്ദനൻപിള്ള മുമ്പോട്ടു പോയി. ആലോചനകളുടേയും ഒരുക്കങ്ങളുടേയും പുരോഗതി അദ്ദേഹം എന്നെ മുറയ്ക്ക് അറിയിച്ചുകൊണ്ടുമിരുന്നു. അതു സംബന്ധിച്ചുള്ള പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ പ്രാരംഭനടപടികൾ പൂർത്തിയായതു് 1959 മദ്ധ്യത്തിലാണ്.

ഗാന്ധിസാഹിത്യപ്രസിദ്ധീകരണകാര്യാലയം തിരുവനന്തപുരത്തു ഗാന്ധിസ്മാരകനിധിയുടെ കാര്യാലയം ഇരുന്നിരിക്കുന്ന കെട്ടിടത്തിൽത്തന്നെ സജ്ജീകരിച്ചു. ആകാശവാണിയിൽ ഉത്തരവാദിത്തമുള്ള ഒരു ഉദ്യോഗം വഹിക്കുന്ന എനിക്കു ഗാന്ധിസാഹിത്യപ്രസാധനം സംബന്ധിച്ചുള്ള ജോലിക്കായി വളരെ സമയം വിനിയോഗിക്കുക സാദ്ധ്യമല്ലാതിരുന്നതുകൊണ്ട് കാര്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിന് ഒരു അസിസ്റ്റന്റ് എഡിറ്ററെക്കൂടി നിയമിച്ചു. കിട്ടാവുന്നിടത്തോളം ഗാന്ധിസാഹിത്യ ഗ്രന്ഥങ്ങൾ സംഭരിച്ച് ഒരു ഗ്രന്ഥശാലയുണ്ടാക്കി. പ്രസാധനവും പ്രസിദ്ധീകരണവും സംബന്ധിച്ചു വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിന് ഒരുപദേശകസമിതിയേയും നിയമിച്ചു. അങ്ങനെ, ജോലി ആരംഭിക്കുന്നതിനുള്ള സന്നാഹം പൂർത്തിയായി.

1959 ജൂലൈ 18-ാം തീയതി ഉപദേശകസമിതിയുടെ ആദ്യത്തെ യോഗം കൂടി. അതിൽ എന്റെ പ്രസാധനപദ്ധതിയുടെ സാമാന്യസ്വരൂപം സമർപ്പിച്ചു വിശദീകരിച്ചു. അതിന്റെ എല്ലാ വശങ്ങളും സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം ഉപദേശകസമിതി അതു പൂർണ്ണമായി അംഗീകരിച്ചു.

ഇനി ആ പദ്ധതിയെപ്പറ്റി പറയാം. പ്രസാധനത്തിനു വ്യക്തമായ ഒരു ലക്ഷ്യമുണ്ടെങ്കിൽ അതായിരിക്കുമല്ലോ പ്രസാധനത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതു്. എനിക്കു പ്രസാധനം സംബന്ധിച്ചു വ്യക്തവും പ്രത്യേകവുമായ ഒരു ലക്ഷ്യമുണ്ടായിരുന്നു. അതു്, ചുരുക്കത്തിൽ, ഇതാണ്—ഗാന്ധിജിയുടെ ആശയപ്രപഞ്ചം ഏറ്റവും സാന്ദ്രവും സമഗ്രവും, സുഗ്രഹവുമായ രൂപത്തിൽ ആവിഷ്കരിക്കുക—അന്യരുടെ വാക്കുകളിലല്ല, അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ.

ഇതിൽ അടങ്ങിയിരിക്കുന്ന പ്രക്രിയ എന്താണെന്ന് ഒരുദാഹരണംകൊണ്ടു വ്യക്തമാക്കാൻ ശ്രമിക്കാം. മഹാത്മാഗാന്ധി ഏറ്റവും കൂടുതൽ പറയുകയും എഴുതുകയും ചെയ്തിട്ടുള്ളതു മനുഷ്യജീവിതത്തിന്റെ പാരമ്യന്തികലക്ഷ്യമായ സത്യസാക്ഷാത്കാരത്തിനുള്ള ഏകവും അപരിത്യാജ്യവുമായ ഉപാധിയായി അദ്ദേഹം കരുതിയ അഹിംസയെക്കുറിച്ചാണല്ലോ. ജീവിതം ആസകലം, ജീവിതത്തിന്റെ സകല മണ്ഡലങ്ങളിലും, സകല അംശങ്ങളിലും, അദ്ദേഹം അഹിംസയുടെ പ്രശ്നങ്ങൾ ദർശിച്ചു. ദക്ഷിണാഫ്രിക്കയിൽവച്ച് അദ്ദേഹം പൊതുജീവിതം, അഥവാ ലോകസേവനം, ആരംഭിച്ചു—1893 മുതൽ 1948 ജനുവരി 30-ാം തീയതി സായംകാലത്തു തന്റെ ഘാതകന്റെ മുമ്പിൽ മുകുളപാണിയായി സർവ്വപാപഹരമായ രാമനാമം അവസാനമായി ഉച്ചരിച്ചുകൊണ്ടു നിലംപതിച്ച ആ അന്തിമ മുഹൂർത്തംവരെ അദ്ദേഹം എഴുതിയതും പറഞ്ഞതുമെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അഹിംസയെപ്പറ്റിയാണ്. ജീവിതത്തിലെ

digitized by www .sreyas.in

സകല പ്രവൃത്തികൾകൊണ്ടും ഉദാഹരിച്ചതു് അഹിംസയാണു്. എന്നാൽ ഈ അഹിംസയെപ്പററിപ്പോലും അദ്ദേഹം സമഗ്രമായ ഒരു ഗ്രന്ഥം രചിച്ചിട്ടില്ല എന്നു നാം ഓർമിക്കണം.

അഹിംസയെപ്പററി ഗാന്ധിജി തുടർച്ചയായി ഏകാഗ്രമായി സമഗ്രമായി ഒരു പ്രബന്ധം രചിച്ചു എന്നു നമുക്കു് ഒന്നു സങ്കല്പിക്കാം. ഏതാണ്ടു് അമ്പതില്പരം കൊല്ലത്തിനുള്ളിൽ അസംഖ്യം സന്ദർഭങ്ങളിലായി അദ്ദേഹം അഹിംസയെപ്പററി എഴുതിയ ലേഖനങ്ങളുടെയും ചെയ്ത ഭാഷണങ്ങളുടെയും ആകെത്തുകയുടെ വലുപ്പമോ രൂപമോ അതിനുണ്ടായിരിക്കയില്ലെന്നു തീർച്ചയാണല്ലോ. തുച്ഛമായ ഒരംശത്തിന്റെ വലുപ്പമേ അതിനുണ്ടായിരിക്കയുള്ളു. ലേഖനങ്ങളിൽ അനിവാര്യമായി കടന്നുകൂടിയിട്ടുള്ള ബഹുലമായ ആശയാവർത്തനങ്ങൾ അതിൽ കാണുകയില്ല. എന്നാൽ അവയിൽ എല്ലാററിലുംകൂടി ലയിച്ചുകിടക്കുന്ന പ്രധാനങ്ങളായ ആശയങ്ങൾ സർവ്വവും യുക്തിയുക്തവും ഗാഢവുമായ പരസ്പരബന്ധത്തോടുകൂടി, അതിൽ തീർച്ചയായി ഉണ്ടായിരിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ കൃതികളിൽനിന്നു പ്രസക്തമായ എല്ലാ ഭാഗങ്ങളും സഞ്ചയിച്ചു്, സൂക്ഷ്മമായി അപഗ്രഥിച്ചു പ്രധാനങ്ങളായ ആശയങ്ങൾ വേർതിരിച്ചെടുത്തു പരസ്പരം യുക്തിപൂർവ്വം ഘടിപ്പിച്ചു സമന്വയിച്ചു് അദ്ദേഹത്തിന്റെ ആ സാങ്കല്പിക പ്രബന്ധത്തിന്റെ ഏകദേശമായ ഒരു ഛായയെങ്കിലും നിർമ്മിക്കുക എന്നുള്ളതാണു ലക്ഷ്യം.

വായനക്കാർ തെററിദ്ധരിക്കാതിരിക്കാൻ ഒരു കാര്യം ഇവിടെ സ്പഷ്ടമാക്കിക്കൊള്ളട്ടെ. അഹിംസയെപ്പററി ഒരു പ്രത്യേക ഗ്രന്ഥം ഞങ്ങൾ തയ്യാറാക്കിയിട്ടില്ല. 'തത്ത്വചിന്തയും മതവും' എന്ന ഗ്രന്ഥത്തിലെ ഒരു ഭാഗം മാത്രമാണു് അതു്. ഉദാഹരണത്തിനുവേണ്ടി അതിന്റെ പ്രസാധനവിധം വിശദീകരിച്ചു എന്നേയുള്ളു.

ഞങ്ങൾ തയ്യാർ ചെയ്യുന്ന പ്രസിദ്ധീകരണങ്ങളിൽകൂടി മഹാത്മാഗാന്ധിയുടെ ആശയപ്രപഞ്ചം മുഴുവൻ അവതരിപ്പിക്കുന്നതിനു കുറേക്കൂടി സ്ഥൂലമായ വിഭജനവും കുറേക്കൂടി കൃപണമായ സംക്ഷേപണവും ആവശ്യമായിരുന്നു. അതുകൊണ്ടു് ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളെ അവലംബിച്ചാണു ഞങ്ങൾ വിഷയവിഭജനം ചെയ്തതു്— 1. ഗാർഹികജീവിതം 2. സാമൂഹ്യജീവിതം 3. രാഷ്ട്രതന്ത്രം 4. അർത്ഥശാസ്ത്രം 5. വിദ്യാഭ്യാസം 6. തത്ത്വചിന്തയും മതവും— പരസ്പരബദ്ധങ്ങളായ ഈ ആറു ഭാഗങ്ങൾ കൂടാതെ ഗാന്ധിജിയുടെ വിവിധതരത്തിലുള്ള പരശതം കത്തുകളിൽനിന്നു് അദ്ദേഹത്തിന്റെ ബഹുമുഖമായ താല്പര്യങ്ങൾ, ലോകവ്യാപകമായ സൗഹൃദം, വ്യക്തിഗതങ്ങളായ സ്നേഹബന്ധങ്ങൾ, ഹൃദയാവർജ്ജകമായ നർമ്മബോധം—ചുരുക്കത്തിൽ അദ്ദേഹത്തിന്റെ സങ്കീർണ്ണവും അസാമാന്യവുമായ സത്വപ്രഭാവം—ഏററവും കൂടുതൽ പ്രതിഫലിപ്പിക്കുന്ന കത്തുകൾ തിരഞ്ഞെടുത്തു സമാഹരിച്ചു് ഒരു പ്രത്യേക ഭാഗവും. അങ്ങനെ ഏഴു ഭാഗങ്ങളായിട്ടാണു് ഗാന്ധിസാഹിത്യം ഞങ്ങൾ തയ്യാർ ചെയ്തിട്ടുള്ളതു്. ഗാന്ധിജിയുടെ കൃതികളിൽ സർവ്വപ്രധാനമെന്നുതന്നെ പറയാവുന്ന അദ്ദേഹത്തിന്റെ ആത്മകഥ ഈ പരമ്പരയിൽ ഉൾപ്പെടുത്താതിരുന്നതു മലയാളത്തിൽ ആ ഗ്രന്ഥം ഇതിനു മുമ്പുതന്നെ ഒന്നിലധികം രൂപത്തിൽ പ്രസിദ്ധീകൃതമായിട്ടുള്ളതുകൊണ്ടാണു്.

ഈ രൂപത്തിലുള്ള വിഭജനം പലതരത്തിൽ പ്രയോജനപ്പെടുമെന്നാണു ഞങ്ങളുടെ പ്രതീക്ഷ. കാര്യമായ യാതൊന്നും വിട്ടുപോകാൻ അനുവദിക്കാത്ത നീരന്ധ്രമായ ഒരു രക്ഷാവലയമാണതു്. അതിൽ പെടാത്തതായി ഒരു ജീവിതപ്രശ്നവും ഉണ്ടായിരിക്കയില്ല; അതുകൊണ്ടു് അതിൽ ഉൾക്കൊള്ളിക്കാൻ വയ്യാത്തതായി ഒരാശയവും അവശേഷിക്കുകയുമില്ല. ആശയങ്ങളുടെ ഗ്രഹണത്തിനും പരീക്ഷണത്തിനും ജീവിതസംബന്ധമായ ആ വിശകലനം അനുവാചകരെ വളരെ സഹായിക്കുമെന്നും ന്യായമായി പ്രത്യാശിക്കാം. ഇതിനൊക്കെപ്പുറമേ ഓരോ അനുവാചകനും തന്റെ പ്രത്യേക താല്പര്യത്തിനു പാത്രമായ ഭാഗമോ

digitized by www .sreyas.in

ഭാഗങ്ങളോ മാത്രം അനായാസേന വായിച്ചു തൃപ്തിയടയാനുള്ള സൗകര്യവും അതു നൽകുന്നു.

ആദ്യത്തെ ഉപദേശകസമിതിയോഗം ഈ പദ്ധതി അംഗീകരിച്ചു എന്നു പറഞ്ഞല്ലോ. ആ യോഗത്തിൽവെച്ചുതന്നെ ഈ ഗ്രന്ഥങ്ങൾ തയ്യാർ ചെയ്യുന്ന തിനു പ്രാപ്തരായ പ്രസാധകന്മാരെയും നിശ്ചയിച്ചു. അതതു വിഷയങ്ങളിൽ അവഗാഹവും മഹാത്മാഗാന്ധിയുടെ ആശയങ്ങളുമായി ഏറെക്കുറെ ഗാഢമായ പരിചയവും ഉള്ള ആളുകളായിരുന്നു അതിലേക്ക് ആവശ്യം. കൂടെക്കൂടെ തമ്മിൽ കാണുന്നതിനും ചർച്ച ചെയ്യുന്നതിനും ഉള്ള സൗകര്യവും അവർക്ക് ഉണ്ടായിരിക്കേണ്ടിയിരുന്നു. ഇതെല്ലാം പരിഗണിച്ചതിനുശേഷം വിവിധ ഭാഗങ്ങളുടെ പ്രസാധനത്തിന്റെ ചുമതല താഴെപ്പറയുന്നവരെ ഏൽപിക്കാൻ നിശ്ചയിച്ചു. അവർ ഒരു പ്രസാധകസമിതിയായി പ്രവർത്തിക്കണമെന്നും തീരുമാനിച്ചു.

1. ഗാർഹികജീവിതം —സി. ഉത്തമക്കുറുപ്പ് (അസി. എഡിററർ)
2. സാമൂഹ്യജീവിതം —ജി. കുമാരപിള്ള, യൂണിവേഴ്സിററി കോളേജ്, തിരുവനന്തപുരം.
3. രാഷ്ട്രതന്ത്രം —ഡോ. പി. കെ. സുകുമാരൻനായർ, കേരള യൂണിവേഴ്സിററി.
4. അർത്ഥശാസ്ത്രം —പ്രൊഫസ്സർ കെ. എസ്. ലക്ഷ്മണപ്പണിക്കർ, യൂണിവേഴ്സിററി കോളേജ്.
5. വിദ്യാഭ്യാസം —ഡോ. എൻ. പി. പിള്ള, കേരള യൂണിവേഴ്സിററി.
6. തത്വചിന്തയും മതവും —കൈനിക്കര കുമാരപിള്ള (ചീഫ് എഡിററർ).
7. കത്തുകൾ —പി. ശിവരാമയ്യർ, അഡ്വക്കേററ്, എറണാകുളം.

പ്രസാധകസമിതിയിലെ അംഗത്വം സ്വീകരിച്ച് അവരവർക്കു നിശ്ചയിച്ചിട്ടുള്ള ചുമതല നിർവ്വഹിക്കാമെന്ന് അവരെല്ലാവരും സന്തോഷപൂർവ്വം സമ്മതിച്ചു. ഈ പ്രസാധക സമിതി 1959 ജൂലായ് അവസാനത്തിൽ സമ്മേളിച്ച് അവരുടെ പ്രവർത്തനത്തിന്റെ രീതി നിർണ്ണയിച്ചു. എല്ലാ മാസത്തിലും ആദ്യത്തെ ഞായറാഴ്ച ഒരുമിച്ചു കൂടണമെന്നും പ്രവർത്തനത്തിന്റെ പുരോഗതിയും പ്രവർത്തനത്തെ സംബന്ധിക്കുന്ന പ്രസക്തങ്ങളായ മററു കാര്യങ്ങളും ചർച്ച ചെയ്യണമെന്നും തീരുമാനിച്ചു.

ആദ്യമായി ചെയ്യേണ്ടിയിരുന്നതു് ഓരോ വിഷയത്തെയും അധികരിച്ച് ഗാന്ധിജി എഴുതുകയോ പറയുകയോ ചെയ്തിട്ടുള്ളതെല്ലാം പ്രസിദ്ധീകൃതങ്ങളായിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്നും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽനിന്നും ശേഖരിക്കുകയായിരുന്നു. ശേഖരണത്തിന്റെ കൂടെത്തന്നെ വിഷയപരമായ ഒരു വിഭജനംകൂടി നടത്തുന്നതിനു സഹായിക്കത്തക്കതരത്തിൽ ഓരോ പ്രസാധകനും താൻ പ്രസാധനം ചെയ്യാൻ പോകുന്ന പുസ്തകത്തിനു് ഉണ്ടാകാവുന്ന ഉള്ളടക്കം അപഗ്രഥനം ചെയ്ത് ഒരു താല്ക്കാലിക വിഷയസൂചിക തയ്യാറാക്കി. ഈ വിഷയസൂചികകൾ പ്രസാധക സമിതി ചർച്ച ചെയ്തു വേണ്ട ഭേദഗതികളോടെ അംഗീകരിച്ചു. അവയെ അവലംബിച്ചുകൊണ്ടു് ശേഖരണവും ആരംഭിച്ചു.

ലേഖനങ്ങളും ലേഖന ഭാഗങ്ങളും സഞ്ചയിച്ചുതുടങ്ങിയതോടുകൂടി ഞങ്ങളുടെ വിഷയസൂചികളും അനിവാര്യമായി രൂപഭേദം പ്രാപിച്ചു തുടങ്ങി. ചില വിഷയ വിഭാഗങ്ങൾ ആവശ്യമില്ലാതെ ആയി. ചിലതു പുതുതായി ഉൾപ്പെടുത്തേണ്ടി വന്നു.

ഏററവും കൂടുതൽ വൈഷമ്യം അനുഭവപ്പെട്ടതു് ശേഖരിക്കുന്ന ലേഖനങ്ങളുടെ നിഷ്കൃഷ്ടമായ വിശകലനത്തിലാണ്. ഗാന്ധിജിയുടെ ചിന്തയുടെയും ആശയങ്ങളുടെയും ഒരു പ്രത്യേകത അവയുടെ ഉദ്ഗ്രഥന സ്വഭാവമാണ്. യഥാർത്ഥ ജീവിതത്തിൽ, അനുഭവത്തിൽ വസ്തുതകളും ആശയങ്ങളും പരസ്പരബദ്ധങ്ങളായിട്ടാണ്, സങ്കീർണ്ണനിബദ്ധങ്ങളായിട്ടാണ് പ്രത്യക്ഷപ്പെടുന്നതു്. എ

digitized by www .sreyas.in

ന്നാൽ അവ സാമാന്യബുദ്ധിക്കു സുഗ്രഹമാകണമെങ്കിൽ അപഗ്രഥനം കുറെ ആവശ്യമാണു്. അപഗ്രഥനത്തിനൊരുങ്ങിയാൽ അവയുടെ ജൈവമായ സങ്കീർണ്ണസത്ത ശിഥിലമാകയുംചെയ്യും. ഇക്കാര്യത്തിൽ ഒരു മദ്ധ്യമാർഗം അവലംബിക്കാനാണു് ഞങ്ങൾ ശ്രമിച്ചിട്ടുള്ളതു്. ആശയത്തിന്റെ ജീവനു ഹാനി സംഭവിക്കാത്തിടത്തോളമുള്ള വിശകലനത്തിനേ ഞങ്ങൾ പ്രായേണ മുതിർന്നിട്ടുള്ളു.

ഓരോ ഭാഗത്തിന്റെയും വിഷയത്തെ സംബന്ധിച്ച ഗാന്ധിജി രേഖപ്പെടുത്തിയിട്ടുള്ളതെല്ലാം ലഭ്യമായ സകല പ്രസിദ്ധീകരണങ്ങളിൽനിന്നും സഞ്ചയിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ടു്. ഒരു കാര്യത്തിലേ ഞങ്ങൾക്കു് അല്പം ഖേദമുള്ളു. 'യംഗ് ഇൻഡ്യയും' 'ഹരിജനു'മാണല്ലോ ഭൂരിഭാഗം ഗാന്ധിസാഹിത്യത്തിന്റെ പ്രമാണരേഖകൾ. വളരെയൊക്കെ ശ്രമിച്ചിട്ടും അവ വിലയ്ക്കോ കടമായോ സമ്പാദിക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. അതുകൊണ്ടു് 'നവജീവ'ന്റെയും മററു പ്രസിദ്ധീകരണസ്ഥാപനങ്ങളുടെയും ഗാന്ധിസാഹിത്യസമാഹാരങ്ങളിലെ 'പകർപ്പു'കളാണു് ഞങ്ങൾക്കു് ആശ്രയമായിത്തീർന്നതു്. പക്ഷേ, അതുകൊണ്ടു കാര്യമായ ഒരു കുറവും ഞങ്ങൾ സഞ്ചയിച്ച ഗാന്ധിസാഹിത്യത്തിന്റെ സൂക്ഷ്മതയ്ക്കും വിശ്വാസ്യതയ്ക്കോ സംഭവിച്ചിരിക്കയില്ലെന്നാണു് ഞങ്ങളുടെ പ്രത്യാശ. അവയെല്ലാം വിദഗ്ദ്ധന്മാർ ശ്രദ്ധാപൂർവ്വം പ്രസാധനം ചെയ്ത ഗ്രന്ഥങ്ങളാകകൊണ്ടു്, ഞങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ധാരണങ്ങളുടെയെല്ലാം പ്രമാണഗ്രന്ഥങ്ങളും മൂലരേഖകളും ചൂണ്ടിക്കാണിച്ചിട്ടുമുണ്ടു്.

ഏകദേശം ഒരു കൊല്ലംകൊണ്ടു സംഭരണം മിക്കവാറും പൂർത്തിയായി. ഞങ്ങളുടെ ജോലിയുടെ അടുത്ത ഘട്ടമായിരുന്നു ഏററവും ശ്രമാവഹം—പ്രസാധനം. വളരെ ശ്രദ്ധയോടും ആലോചനയോടുംകൂടി വേണ്ടിയിരുന്നു അതു നിർവഹിക്കാൻ. സംഭരണം കഴിഞ്ഞപ്പോൾ ടൈപ്പു ചെയ്ത ആയിരവും രണ്ടായിരവും താളുകളാണു് ഓരോ പ്രസാധകന്റെയും കൈയിൽ വന്നുചേർന്നതു്. അതെല്ലാം തിരിഞ്ഞു്, കടഞ്ഞു് സാരാംശം സമാഹരിക്കേണ്ടിയിരിക്കുന്നു. ഒരേ വിഷയത്തെ അധികരിച്ച വളരെക്കൊല്ലങ്ങളിലായി നടത്തിയിട്ടുള്ള വളരെ വളരെ പരാമർശങ്ങളുണ്ടാവും. അവയിൽ അനേകം ആശയങ്ങൾ അനേകം പ്രാവശ്യം ആവർത്തിച്ചിട്ടുണ്ടാവും. അതേ സമയംതന്നെ ചില പുതിയ ആശയങ്ങളോ വിശദീകരണങ്ങളോ ചിന്നിച്ചിതറി കിടക്കുന്നുമുണ്ടാവും. ചില ആശയങ്ങൾക്കു കാലാന്തരത്തിൽ അല്പം പരിണാമംതന്നെയും സംഭവിച്ചിരിക്കാം. പ്രസാധകൻ ചെയ്യേണ്ടതു് ഒരു വിഷയത്തെ അധികരിച്ചു് അദ്ദേഹം ആവിഷ്കരിച്ചിട്ടുള്ള അഭിപ്രായങ്ങളെല്ലാം അപഗ്രഥിച്ചു്, കേവലമായ ആവർത്തനങ്ങൾ പരിത്യജിച്ച്, കാതലായ ഭാഗങ്ങൾ വ്യവച്ഛേദിച്ചെടുത്തു് ആശയത്തിനു കാലക്രമത്തിൽ വ്യത്യാസമോ വികാസമോ ഉണ്ടായിട്ടുണ്ടെങ്കിൽ അതുകൂടി വ്യക്തമാകത്തക്ക വിധത്തിൽ കാലാനുക്രമമായി—ആശയവൈശദ്യത്തിനുവേണ്ടി ചിലപ്പോൾ കാലക്രമം വിഗണിച്ചും—പരസ്പരം ബന്ധിപ്പിച്ചു. ആ ആശയനിബന്ധത്തിന്റെ പൂർണ്ണമായ സ്വരൂപം അദ്ദേഹത്തിന്റെ സ്വന്തം വാക്കുകളിൽ—അതായതു്, അദ്ദേഹത്തിന്റെ ലേഖനങ്ങളും ലേഖനഭാഗങ്ങളും കൊണ്ടുതന്നെ നിർമിക്കുകയാണു്.

ഈ രീതിയിലുള്ള പ്രസാധനത്തിൽ പല ലേഖനങ്ങളുടെയും പ്രസക്തങ്ങളായ ഭാഗങ്ങൾ മാത്രമേ നിർദ്ധാരണം ചെയ്യാൻ പററുകയുള്ളുവെന്നു് സ്പഷ്ടമാണു്. അപ്പോൾ, അതു് ആ ലേഖനങ്ങളോടു ചെയ്യുന്ന കടുംകൈയാകയില്ലേ? ഒരുതരത്തിൽ അതു് ഒരു കടുംകൈയാണെന്നു സമ്മതിക്കാതെ തരമില്ല. പ്രത്യേകിച്ചും ആശയങ്ങളുടെ ഏകാഗ്രതയ്ക്കും വൈശദ്യത്തിനും നിദർശനങ്ങളായ ഗാന്ധിജിയുടെ ലേഖനങ്ങളെ സംബന്ധിച്ചു്. പക്ഷേ, ഒന്നു നാം ഓർമിക്കേണ്ടതുണ്ടു്. ഈ ബന്ധദാർഢ്യവും ആശയവൈശദ്യവും ഓരോ പ്രബന്ധത്തെ സംബന്ധിച്ചു് അനുഭവപ്പെടുന്ന ഗുണങ്ങളാണു്. ഒരേ വിഷയത്തെ അധികരിച്ചു പല പ്രാവശ്യം രചിച്ചിട്ടുള്ള അനേകം ലേഖനങ്ങൾ ഒരുമിച്ചെടുക്കുമ്പോൾ അവയിൽ ആകെക്കൂടി ഈ ഏകാഗ്രതയോ വൈശദ്യമോ അനുഭവപ്പെടുകയില്ല.

digitized by www .sreyas.in

കാരണം സ്പഷ്ടമാണു്. ആ ഉദ്ദേശ്യത്തോടുകൂടിയല്ല അവ എഴുതപ്പെട്ടതു്. ഞങ്ങൾ സ്വീകരിച്ച പ്രസാധന ലക്ഷ്യം അവയ്ക്കു് ആകെക്കൂടി ഏകാഗ്രതയും വൈശദ്യവും നല്കുകയാണു്. അഥവാ, അവയിൽ ആകെക്കൂടി രൂപംകൊണ്ടിട്ടുള്ള ആശയം തെളിച്ചെടുക്കുകയാണു്. ബഹുലമായ ആവർത്തനങ്ങളും മുഖ്യമായ ആശയത്തിന്റെ വികാസത്തിൽ അപ്രസക്തങ്ങളായിത്തീരുന്ന അംശങ്ങളും ഒഴിവാക്കുക മാത്രമാണു് അതിനുള്ള മാർഗം. ചില ലേഖനങ്ങളുടെ അപഗ്രഥനവും കൃന്തനവുംകൊണ്ടു് അവയുടെ സംയുക്ത ചൈതന്യത്തിന്റെ ഉദ്ഗ്രഥനവും പൂരണവും പ്രകാശനവുമാണു് ഞങ്ങൾ സാധിക്കാൻ യത്നിച്ചിട്ടുള്ളതു്. അതു മാത്രമാണു ഞങ്ങളുടെ സമാധാനം.

ഒരു ഗ്രന്ഥത്തിനുള്ളിൽ ഒരേ ആശയത്തിന്റെതന്നെ കേവലമായ ആവർത്തനം ഉണ്ടാവാതിരിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ടു്. ആ ശ്രമത്തിൽ ഞങ്ങൾ സാമാന്യം വിജയിച്ചിട്ടുണ്ടെന്നും തോന്നുന്നു. വിഷയവിഭജനത്തിന്റെ രീതികൊണ്ടു് ഒന്നിലധികം ഗ്രന്ഥങ്ങളിൽ ഒരേ നിർധാരണങ്ങൾ കടന്നുകൂടുന്നതിനെ തടയാനും ഏറെക്കുറെ കഴിഞ്ഞിട്ടുണ്ടു്. എങ്കിലും പൂർണമായി ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല. കഴിയുമായിരുന്നുമില്ല. ജീവിതത്തിന്റെ ഏതു മണ്ഡലവും അതിന്റെ ഏതു അവാന്തര ഭാഗവും ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സത്യം, അഹിംസ ഇവയുടെ പരീക്ഷണ രംഗമാണു്. അങ്ങനെയാണു് അദ്ദേഹം ചിന്തിച്ചിട്ടുള്ളതും പ്രതിപാദിച്ചിട്ടുള്ളതും. ആ നിലയ്ക്കു് പല മണ്ഡലങ്ങൾക്കും പൊതുവായ ജീവിതപ്രശ്നങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന സന്ദർഭങ്ങൾ ഒന്നിലധികം ഗ്രന്ഥങ്ങളിൽ സ്ഥാനം പിടിച്ചു എന്നുവരാം. ഒഴിവാക്കാവുന്ന ഒരാവർത്തനമല്ല അതു്. എന്തുകൊണ്ടെന്നാൽ അതതു ഗ്രന്ഥങ്ങളിൽ രൂപംകൊള്ളുന്ന ആശയത്തിന്റെ പൂർണതയ്ക്കു് അവ അനുപേക്ഷണീയമായിരിക്കും.

ഇതുവരെ പറഞ്ഞതു പ്രസാധന ലക്ഷ്യത്തേയും, പ്രസാധനവിധത്തേയും സംബന്ധിച്ചു് ഞങ്ങൾ സ്വീകരിച്ച ആദർശമാണു്. അതു മാത്രം പറഞ്ഞുനിർത്തിയാൽ ഈ ഗ്രന്ഥങ്ങളെപ്പറ്റി അമിതമായ പ്രതീക്ഷകൾ വായനക്കാരിൽ ഉണ്ടായേക്കാം. ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ ആ പ്രതീക്ഷകൾക്കു ഭംഗം നേരിട്ടുവെന്നും വരാം. അതൊഴിവാക്കുവാൻ ചില വസ്തുതകൾ ഇവിടെ തുറന്നു പ്രസ്താവിച്ചുകൊള്ളട്ടെ. മഹാത്മാഗാന്ധിയുടെ ആശയപ്രപഞ്ചം സമഗ്രമായി, സാന്ദ്രമായി, സുഗ്രഹമായി ആവിഷ്കരിക്കുക എന്ന പ്രധാന ലക്ഷ്യം നിറവേറ്റാൻ കഴിഞ്ഞുവെന്നു ഞങ്ങൾ തെല്ലും അഭിമാനിക്കുന്നില്ല.

ഒന്നാമതായി അങ്ങനെ അവികലമായ ഒരു നവീനശില്പം കൂട്ടിയിണക്കത്തക്ക തരത്തിലല്ല അദ്ദേഹത്തിൽനിന്നു് നമുക്കു കിട്ടിയിട്ടുള്ള സാഹിത്യത്തിന്റെ സ്വരൂപം. പല തരത്തിലും വലുപ്പത്തിലുമുള്ള അനേകം കെട്ടിടങ്ങളുടെ സാമഗ്രികൾ സഞ്ചയിച്ചു് അവ മാത്രം ഉപയോഗിച്ചു്, പുറത്തുനിന്നു പുതുതായി ഒരു സാമഗ്രിയും ഉപയോഗിക്കാതെ, ആ കെട്ടിടങ്ങളെല്ലാറ്റിനെയുംകാൾ വലുതും ഭിന്നമാതൃകയിലുള്ളതുമായ മറ്റൊരു കെട്ടിടം കെട്ടാൻ ശ്രമിച്ചാൽ ആ ശില്പത്തിനു ചില കുറ്റങ്ങളും കുറവുകളും ഉണ്ടാകാതെ തരമില്ല. അതു പണിയാൻ ഉപയോഗിച്ച സാധനങ്ങൾ ആ വലുപ്പത്തിലും മാതൃകയിലുമുള്ള ഒരു കെട്ടിടം പണിയാൻ ഉദ്ദേശിക്കപ്പെട്ടവയായിരുന്നില്ല, എന്നുള്ളതുതന്നെയാണു് അതിന്റെ കാരണം. അതുപോലെയൊരുദ്യമമായിരുന്നു ഞങ്ങളുടേതു്. അതിന്റെ നിർവഹണത്തിൽ അനിവാര്യമായ ആ കുറ്റങ്ങളും കുറവുകളും കടന്നുകൂടിയിട്ടുമുണ്ടു്.

പക്ഷേ, ഞങ്ങൾ നിർമിച്ച ശില്പത്തിലെ വൈകല്യങ്ങൾ എല്ലാം ആ ഇനത്തിൽപെട്ടവയാണെന്നു വിശ്വസിക്കുവാൻ ഞങ്ങൾക്കു സാധ്യമല്ല. അവയിൽ ഭൂരിഭാഗത്തിനും ഞങ്ങൾതന്നെയാണുത്തരവാദികൾ. ആ ഉത്തരവാദിത്വത്തിൽനിന്നു് ഏതെങ്കിലും തരത്തിൽ ഒഴിയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നുമില്ല.

ഈ പ്രസാധനം കയ്യേറ്റവരിൽ അസി. എഡിറ്റർ ശ്രീ ഉത്തമക്കുറുപ്പ് ഒഴിച്ചു് എല്ലാവരുംതന്നെ നിയമേന ചുമതലയുള്ള മറ്റു ധാരാളം ജോലികൾ

digitized by www .sreyas.in

ഉള്ളവരായിരുന്നു. ഇത്രമാത്രം ശ്രമവും, ശ്രദ്ധയും ആവശ്യപ്പെടുന്ന ഒരു യത്നത്തിനു വേണ്ടുന്ന സാവകാശം ആർക്കുംതന്നെ കിട്ടിയിട്ടില്ല. അവരവർക്കു കിട്ടിയ സാവകാശം ഉപയോഗിച്ച് അവരവരുടെ കഴിവനുസരിച്ചു ചെയ്ത പ്രയത്നത്തിന്റെ ഫലമാണ് ഈ ഗ്രന്ഥങ്ങൾ. ഞങ്ങൾ ആരംഭത്തിൽ ഉദ്ദേശിച്ചിരുന്നത്, ഓരോ ഗ്രന്ഥത്തിന്റെയും പ്രസാധനത്തിന് അതിനു ചുമതലപ്പെട്ട ആൾ മാത്രം പ്രധാന ഉത്തരവാദി ആയിരിക്കുമെങ്കിലും മറ്റുള്ളവരിൽ ആരെങ്കിലും കൂടി അതു പരിശോധിച്ച് അംഗീകരിക്കണം എന്നായിരുന്നു. ഞങ്ങൾ ഒരു പ്രസാധകസമിതിയായി പ്രവർത്തിക്കണം എന്ന തീരുമാനത്തിന്റെ അർത്ഥം തന്നെ അതായിരുന്നു. ചീഫ് എഡിറ്റർ എന്ന നിലയിൽ, എല്ലാ ഗ്രന്ഥങ്ങളും സശ്രദ്ധം വായിച്ച് എനിക്ക് ആവശ്യമെന്നോ അഭിലഷണീയമെന്നോ തോന്നുന്ന പരിഷ്കാരങ്ങൾ നിർദ്ദേശിക്കണമെന്നു ഞാനും ആഗ്രഹിച്ചിരുന്നു. എന്നാൽ ഞങ്ങൾക്കെല്ലാവർക്കും നേരിട്ട സമയദൗർലഭ്യംകൊണ്ട് അവരവർ ഏറ്റെടുത്ത ഗ്രന്ഥത്തിന്റെ പ്രസാധനംതന്നെയും കഷ്ടിച്ചു നിർവഹിക്കുന്നതിനേ ഞങ്ങൾക്കു കഴിഞ്ഞിട്ടുള്ളു. പരസ്പരം പരിശോധിക്കുന്നതിനും സഹായിക്കുന്നതിനും ഞങ്ങൾക്കു സാധിച്ചിട്ടില്ല. അതുകൊണ്ട് ഓരോ ഗ്രന്ഥത്തിന്റെയും ഇപ്പോഴത്തെ രൂപത്തിനു പൂർണ്ണമായും ഉത്തരവാദി പ്രായേണ അതിന്റെ പ്രസാധകൻ മാത്രമാണ്. ഈ നിലയ്ക്ക് ഈ ഗ്രന്ഥങ്ങളിൽ ഒന്നുപോലും കുറ്റമറ്റതാണെന്നോ ഞങ്ങളുടെ ഉദ്ദേശ്യം തികച്ചും സഫലീകരിക്കുന്നതാണെന്നോ ഞങ്ങൾ അവകാശപ്പെടുന്നില്ല.

ഒരാശ മാത്രമേ ഞങ്ങൾക്കെല്ലാം ആശ്വാസം തരുന്നുള്ളു. ഈ പ്രസിദ്ധീകരണത്തിന് അനേകം കുറവുകൾ ഉണ്ടെങ്കിലും മഹാത്മാഗാന്ധിയുടെ പ്രാധാന്യമർഹിക്കുന്ന ആശയങ്ങളൊന്നും അതിൽ വിട്ടുകളഞ്ഞിട്ടില്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. അതുകൊണ്ടു പൂർണ്ണതയെത്താത്ത ഈ രൂപത്തിൽപോലും അത് അദ്ദേഹത്തിന്റെ മഹനീയങ്ങളായ ആദർശങ്ങളും, ആശയങ്ങളും വിശദമായി ഗ്രഹിക്കാൻ മലയാളികളെ സഹായിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. ആ പ്രതീക്ഷ സാമാന്യമായിട്ടെങ്കിലും ഫലിച്ചാൽ ഞങ്ങൾക്കും ഗാന്ധിസ്മാരകനിധിക്കും അല്പം ചാരിതാർത്ഥ്യത്തിനു വകയുണ്ട്.

ഞങ്ങൾ ഇംഗ്ലീഷിൽ തയ്യാർ ചെയ്ത മൂലരൂപങ്ങൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തതു ഞങ്ങളല്ല. അതിനു നിയുക്തരായ വേറെ ആളുകളാണ്. ആ വിവർത്തനങ്ങളെല്ലാം അസി. എഡിറ്റർ ശ്രീ ഉത്തമക്കുറുപ്പും അതിലേക്കു പ്രത്യേകം നിയമിതനായ ശ്രീ പി. കെ. പരമേശ്വരൻനായരും ചേർന്നു സശ്രദ്ധം പരിശോധിച്ച് ആവശ്യാനുസരണം പരിഷ്കരിച്ചിട്ടുണ്ട്. മലയാളത്തിലേക്കുള്ള ഈ രൂപാന്തരത്തിൽ ഗാന്ധിസാഹിത്യത്തിന്റെ അഴകിനും പൊരുളിനും പറയത്തക്ക ഗ്ലാനിയൊന്നും സംഭവിച്ചിരിക്കയില്ലെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

ഇനി എനിക്കു ചില കുറ്റസമ്മതങ്ങളും ക്ഷമാപണങ്ങളും കൃതജ്ഞതാവചസ്സുകളും മാത്രമേ രേഖപ്പെടുത്താനുള്ളു.

ചീഫ് എഡിറ്റർ എന്ന നിലയിൽ ഞാൻ ചെയ്യാനുദ്ദേശിച്ചിരുന്നതും, അവശ്യം ചെയ്യേണ്ടിയിരുന്നതുമായ പല കാര്യങ്ങളും എനിക്കു ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ ഗാന്ധിസാഹിത്യപരമ്പരയിൽ ഒരു ഗ്രന്ഥത്തിന്റെ — തയ്യാർ ചെയ്യാൻ ഒരു തരത്തിൽ ഏറ്റവും ബുദ്ധിമുട്ടുള്ള ഗ്രന്ഥത്തിന്റെ — പ്രസാധനം എനിക്ക് ഏല്ക്കേണ്ടിവന്നു. എന്റെ മറ്റു ബദ്ധപ്പാടുകളിൽനിന്നു പിടിച്ചെടുക്കാൻ കഴിഞ്ഞ സമയം മുഴുവൻ അതപഹരിച്ചുകളഞ്ഞു. എന്നിട്ടും എനിക്കു സംതൃപ്തി തോന്നത്തക്കവണ്ണം അതു ചെയ്തു തീർക്കുവാൻ എനിക്കു കഴിഞ്ഞിട്ടുമില്ല. ഈ പരിതഃസ്ഥിതിയിൽ മറ്റു ഗ്രന്ഥങ്ങളുടെ പ്രസാധനത്തെ സംബന്ധിച്ചിടത്തോളം കാര്യമായി എനിക്കു യാതൊന്നുംതന്നെ ചെയ്യാൻ സാദ്ധ്യമായില്ല. എന്റെ ഈ കഴിവുകേടിൽ എനിക്കു ഖേദമുണ്ട്.

എന്റെ സഹപ്രസാധകന്മാർ, പ്രസാധനത്തിലും ആഫീസ് കാര്യങ്ങളുടെ നിർവഹണത്തിലും ശ്രദ്ധയോടും കൃത്യനിഷ്ഠയോടും വിശ്വസ്തതയോടുംകൂടി

digitized by www .sreyas.in

പ്രവർത്തിച്ചുപോന്ന അസി. എഡിറ്റർ ശ്രീ സി. ഉത്തമക്കുറുപ്പ്, ഞങ്ങൾ തയ്യാർ ചെയ്ത ഗ്രന്ഥങ്ങൾ മലയാളത്തിലേക്കു ചുരുങ്ങിയ സമയംകൊണ്ടു വിവർത്തനം ചെയ്തുതന്ന മിത്രങ്ങൾ, പല സന്ദർഭങ്ങളിലും വളരെ ക്ലേശകരമായ ആഫീസ് ജോലികൾ യാതൊരു വൈമനസ്യവും കാണിക്കാതെ നിർവഹിച്ച ആഫീസിലെ പ്രവർത്തകന്മാർ ഇവരോടെല്ലാം ഞാൻ കൃതജ്ഞനാണു്. ഞാൻ അവരിൽ ചിലരോടൊക്കെ പരിഭവിച്ചിട്ടുണ്ടു്, ചിലരെ ദയവില്ലാതെ ഞെരുക്കിയിട്ടുണ്ടു്. അപൂർവം സന്ദർഭങ്ങളിൽ മയമില്ലാതെ കുററപ്പെടുത്തിയിട്ടുപോലുമുണ്ടു്. അവരെല്ലാവരും സ്നേഹപൂർവം അതെല്ലാം സഹിച്ചു് ആവുംവണ്ണം അദ്ധ്വാനിച്ചു ക്ലേശഭൂയിഷ്ഠമായ ഈ സംരംഭം വിജയിപ്പിച്ചവരാണു്. അവരെ ഉപദ്രവിച്ചതിനു് മാപ്പു്! അവരുടെ സ്നേഹത്തിനും സഹകരണത്തിനും നന്ദി!

ഈ വലിയ ജോലിയുടെ ഭാരം എന്നെ ഏല്പിച്ച ഗാന്ധിസ്മാരകനിധിയുടെ കേരളശാഖ, പ്രത്യേകിച്ചു് അതിന്റെ സഞ്ചാലകനായ ശ്രീ കെ. ജനാർദ്ദനൻ പിള്ള അതിരുകവിഞ്ഞ വിശ്വാസമാണു് എന്നിൽ അർപ്പിച്ചതു്. ആ ജോലി ചെയ്തുതീർക്കുന്നതിനു വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുതന്നു. സർവോപരി അതിന്റെ നിർവഹണത്തിൽ സമ്പൂർണ്ണമായ സ്വാതന്ത്ര്യവും എനിക്കു് അനുവദിച്ചുതന്നു. ഇതിനെല്ലാം ഗാന്ധിസ്മാരകനിധിയോടും ശ്രീ ജനാർദ്ദനൻപിള്ളയോടും എനിക്കു് അളവററ കൃതജ്ഞതയുണ്ടു്. ഗാന്ധിസ്മാരകനിധികാര്യാലയത്തിലെ മററു പ്രവർത്തകന്മാരും ഞങ്ങളെ പലവിധത്തിൽ സഹായിച്ചിട്ടുണ്ടു്. അവർക്കും എന്റെ കൃതജ്ഞത.

എന്റെ ഔദ്യോഗിക കൃത്യങ്ങൾക്കു വിഘ്നം വരാത്ത തരത്തിൽ ഈ ജോലി കൂടി ഏറെറടുത്തുകൊള്ളാൻ ആകാശവാണി ഔദാര്യപൂർവം എനിക്കു നല്കിയ അനുവാദമാണു് മഹത്തായ ഈ യത്നത്തിന്റെ ചുമതല ഏല്ക്കാനും ഈ മട്ടിലെങ്കിലും അതു നിർവഹിക്കാനും എനിക്കു സൗകര്യം തന്നതു്. ആകാശവാണിയോടു് എനിക്കുള്ള കടപ്പാടും കൃതജ്ഞതയും അനല്പമാണു്.

ദീർഘിച്ചുപോയ ഈ ആമുഖം നിറുത്തുന്നു. ഞങ്ങൾ ഏറെറടുത്ത ജോലി മഹത്തും കഠിനവുമായിരുന്നു. അതിൽ വേണ്ടിടത്തോളം സമയവും ശ്രദ്ധയും ചെലുത്താൻ കഴിയാഞ്ഞതിൽ ഞങ്ങൾക്കെല്ലാവർക്കും കുണ്ഠിതമുണ്ടു്. എന്നിരുന്നാലും ഈ വിധത്തിലെങ്കിലും അതു പൂർത്തിയാക്കാൻ കഴിഞ്ഞതിൽ അല്പം ചാരിതാർത്ഥ്യം ഇല്ലാതെയുമില്ല.

മഹാത്മാഗാന്ധിയെപ്പോലെ ലോകശ്രദ്ധയെ ആകർഷിച്ചിട്ടുള്ള മറെറാരു മഹാൻ ഈ അടുത്തകാലത്തെങ്ങും ജീവിച്ചിട്ടില്ല; അദ്ദേഹത്തെപ്പോലെ, സ്വജീവിതത്തെ, അതിന്റെ സകല അംശത്തിലും, സനിഷ്കർഷമായ സത്യാന്വേഷണമായി രൂപാന്തരപ്പെടുത്തിയ മറെറാരാളെ ലോകചരിത്രം ആകെത്തിരഞ്ഞാലും കണ്ടെത്താൻ സാദ്ധ്യമല്ല. ഈ ഗാന്ധിസാഹിത്യഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ മഹനീയവും പാവനവുമായ ആശയപ്രപഞ്ചത്തിലേക്കു കേരളീയരെ ആകർഷിക്കുകയും നയിക്കുകയും ചെയ്യുമെങ്കിൽ, ഭൗതികവും ധാർമികവും ആദ്ധ്യാത്മികവുമായ സകല ജീവിതപ്രശ്നങ്ങളേയുംപററി അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള സുചിന്തിതങ്ങളായ അഭിപ്രായങ്ങളും നിർദ്ദേശിച്ചിട്ടുള്ള പ്രായോഗികപരിഹാരങ്ങളും ഗ്രഹിക്കുവാൻ സാമാന്യമായെങ്കിലും അവരെ സഹായിക്കുമെങ്കിൽ, പ്രസാധകസമിതിയുടേയും ഗാന്ധിസ്മാരകസമിതിയുടേയും പരിശ്രമം പാഴിലായില്ലെന്നു സമാധാനിക്കാം.

തിരുവനന്തപുരം
2–10–1961

**കൈനിക്കര എം. കുമാരപിള്ള**
ചീഫ് എഡിറ്റർ

digitized by www .sreyas.in

# മുഖവുര

സാമൂഹ്യജീവിതം എന്ന പദം വളരെ വിശാലമായ അർത്ഥമുള്ള ഒന്നാണ്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ എല്ലാ വശങ്ങളേയും അതു സ്പർശിക്കുന്നു. അതിനാൽ സാമൂഹ്യബന്ധത്തിന്റെ എല്ലാ വശങ്ങളേയും കുറിച്ചു ഗാന്ധിജി പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ ക്രോഡീകരിച്ചു സാമൂഹ്യജീവിതത്തെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന സങ്കല്പത്തിന്റെ ഒരു സമഗ്രചിത്രം വരയ്ക്കുക എന്നതായിരുന്നു ആദ്യത്തെ ഉദ്ദേശ്യം. എന്നാൽ സാമൂഹ്യജീവിതത്തിന്റെ ഗാർഹികം, ആർത്ഥികം, രാഷ്ട്രീയം എന്നീ മുഖ്യ മണ്ഡലങ്ങൾക്കു പ്രത്യേകം വാല്യങ്ങൾ ഉള്ളതിനാൽ ആ പദ്ധതി ഉപേക്ഷിക്കേണ്ടിവന്നു. അങ്ങനെ പരിമിതമായ അർത്ഥത്തിലാണ് സാമൂഹ്യജീവിതം എന്ന പദം ഈ വാല്യത്തിൽ എടുക്കേണ്ടിവന്നതു്. ഈ പരിമിതമായ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽതന്നെ വിഷയത്തിന് ഒരു രൂപരേഖ ഉണ്ടാക്കുവാൻ വളരെ വിഷമിച്ചു. കാരണം, വിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം അടുക്കും ചിട്ടയും പൂർണ്ണതയും ഉള്ള ഒരു തത്ത്വസംഹിത അല്ലെങ്കിൽ അഭിപ്രായസമുച്ചയം ഗാന്ധിസാഹിത്യത്തിൽ ഇല്ലെന്നുള്ളതുതന്നെ. സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനതത്ത്വങ്ങളെക്കുറിച്ചും ഗാന്ധിജിയെ അഭിമുഖീകരിച്ച മുഖ്യ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചും അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയാണു പ്രായോഗികം എന്ന് ഒടുവിൽ തോന്നി. ആ അടിസ്ഥാനത്തിലാണ് ഈ വാല്യം നിബന്ധിച്ചിട്ടുള്ളതു്.

ഗാന്ധിജിയുടെ എല്ലാ അഭിപ്രായപ്രകടനങ്ങളുടേയും ആധാരമായി നില്ക്കുന്ന ചില അടിസ്ഥാനതത്ത്വങ്ങളുണ്ടല്ലോ—ആദ്യഭാഗത്തിൽ ഈ അടിസ്ഥാനതത്ത്വങ്ങളെ സംഗ്രഹിച്ചിരിക്കുന്നു. സത്യം, അഹിംസ എന്നീ അചഞ്ചലങ്ങളായ വിശ്വാസപ്രമാണങ്ങളെ മുൻനിർത്തി സാമൂഹ്യജീവിതത്തെ വിശകലനം ചെയ്യുകയും പരീക്ഷണങ്ങൾക്കു വിധേയമാക്കുകയുമാണ് ഗാന്ധിജി ചെയ്തതു്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളുടെ മുഖ്യ ധാര എന്താണ്? സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനം ആദ്ധ്യാത്മികമാണ്, ഭൗതികമല്ല. ഭദ്രമായ സാമൂഹ്യജീവിതം അഹിംസയിലും സത്യത്തിലും അധിഷ്ഠിതമായിരിക്കും. അതിൽ വർഗ്ഗസംഘട്ടനത്തിനും വർഗ്ഗസമരത്തിനും സ്ഥാനമില്ല. സഹകരണമാണ് അതിന്റെ ജീവൻ. പരിഷ്കാരവും പുരോഗതിയും അളക്കേണ്ടതു ഭൗതികമാനദണ്ഡങ്ങൾ വച്ചല്ല, ധാർമ്മികമാനദണ്ഡങ്ങൾവച്ചാണ്. അങ്ങനെ നോക്കുമ്പോൾ അവകാശങ്ങളെ ഊന്നിപ്പറയുന്നതിനു പകരം കടമകൾ നിർവ്വഹിക്കുവാനാണ് ഓരോരുത്തരും ശ്രദ്ധിക്കേണ്ടതു്. അല്ലെങ്കിൽ സംഘട്ടനം അനിവാര്യമാണ്. വ്യക്തിസ്വാതന്ത്ര്യം അനുപേക്ഷണീയമാണെങ്കിലും വ്യക്തി സമൂഹത്തിന്റെ ഒരു ഭാഗമാണെന്നതു വിസ്മരിച്ചുകൂടാ. വ്യക്തിയും സമൂഹവും തമ്മിലുള്ള സമഞ്ജസമായ അനുരഞ്ജനമാണ് ആവശ്യം.

ഈ അടിസ്ഥാനത്തിൽ നിന്നുകൊണ്ടു് ഗാന്ധിജി സാമൂഹ്യജീവിതത്തിലെ പ്രായോഗികപ്രശ്നങ്ങളെ എങ്ങനെ വീക്ഷിച്ചുവെന്നാണു രണ്ടാം ഭാഗത്തിൽ കാണിക്കുന്നതു്. മൂന്നുനാലു ഗംഭീര പ്രശ്നങ്ങളിലാണ് ഗാന്ധിജി ഈ രംഗത്തു ശ്രദ്ധ കേന്ദ്രീകരിച്ചതു്. വിവിധമതസ്ഥരായ ജനങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമൂഹം ഭദ്രമായ അടിസ്ഥാനത്തിൽ മുന്നോട്ടു പോകുന്നതു് എങ്ങനെ? ഇതു് ഇന്ത്യയിലെ ഹിന്ദുമുസ്ലിം സംഘർഷത്തിന്റെ ഫലമായി അദ്ദേഹത്തെ ആദ്യന്തം മഥിച്ച ഒരു പ്രശ്നമായിരുന്നു. രാജ്യത്തിന്റെ വിഭജനത്തിനും ഗാന്ധിജിയുടെതന്നെ രക്തസാക്ഷിത്വത്തിനും വഴിതെളിച്ച ഈ പ്രശ്നം ദേശീയമായ ഐക്യദാർഢ്യത്തിനുവേണ്ടി കിണഞ്ഞു ശ്രമിക്കുന്ന ഈ അവസരത്തിൽ നമ്മുടെ പ്രത്യേക ശ്രദ്ധയെ ആകർഷിക്കുന്നു. സ്ത്രീകളുടെ ക്ഷേമത്തിനു

digitized by www .sreyas.in

വേറാരും ഗാന്ധിജിയെപ്പോലെ നിരന്തരം പ്രവർത്തിച്ചിട്ടുള്ളവർ ആധുനിക ഭാരതത്തിൽ ഇല്ലതന്നെ. സ്ത്രീകൾക്കു സമൂഹത്തിലുള്ള സ്ഥാനം, സ്ത്രീപുരുഷബന്ധം എന്നീ പ്രശ്നങ്ങളെക്കുറിച്ച് അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള സുചിന്തിതങ്ങളായ അഭിപ്രായങ്ങൾ അങ്ങേയററത്തെ ശ്രദ്ധയെ അർഹിക്കുന്നു. ലഹരിസാധനങ്ങൾ ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന കെടുതികളെക്കുറിച്ചും ഗാന്ധിജി അവഗാഢമായി ആലോചിച്ചിരുന്നു. മദ്യനിരോധനം അതിപ്രധാനമായ ഒരു വാദവിഷയമായി അവശേഷിക്കുന്ന ഇന്ന് അദ്ദേഹം ഈ മണ്ഡലത്തിൽ ചെയ്തിട്ടുള്ള സേവനം പ്രത്യേകം വിശകലനംചെയ്തു പഠിക്കേണ്ടതാണ്. സമത്വസുന്ദരമായ ഒരു സമൂഹത്തെയാണ് ഗാന്ധിജി സ്വപ്നം കണ്ടിരുന്നതു്. അതിനാൽ നൂററാണ്ടുകളായി ഇന്ത്യയുടെ ശാപമായിരുന്ന അയിത്തത്തിനെതിരായി അദ്ദേഹം ആത്യന്തം പൊരുതി. ഗാന്ധിസാഹിത്യത്തിലെ ഒരു വമ്പിച്ച ഭാഗം ഈ വിഷയത്തെപ്പററിയുള്ള വിചാരോത്തേജകങ്ങളും ഹൃദയസ്പർശകങ്ങളുമായ നിബന്ധങ്ങളും പ്രസംഗങ്ങളുമാണ്. മേൽപറഞ്ഞ നാലു മുഖ്യ പ്രശ്നങ്ങളെക്കുറിച്ച് ഗാന്ധിജി പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ ഓരോ അദ്ധ്യായത്തിലായി ഇവിടെ വിശകലനംചെയ്തു ക്രോഡീകരിച്ചിരിക്കുന്നു.

മതസൗഹാർദ്ദം എന്ന സുന്ദരമായ ആദർശത്തിന്റെ ആകർഷകത്വം, അതിനെതിരായുള്ള ദുഷിച്ച പരിതഃസ്ഥിതികൾ, അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ— ഇങ്ങനെ നമ്മുടെ വമ്പിച്ച സാമുദായികപ്രശ്നത്തെ സാമാന്യമായി സമീപിക്കാം. സമ്പൂർണ്ണമതസൗഹാർദ്ദമാണ് ഗാന്ധിജിയുടെ ആദർശം. കുട്ടിക്കാലംമുതൽക്കുള്ള പരിശീലനവും പഠനവും സഹിഷ്ണുതയുടെ മാഹാത്മ്യമാണ് അദ്ദേഹത്തെ പഠിപ്പിച്ചതു്. എല്ലാ മതങ്ങളും അടിസ്ഥാനപരമായി ഒന്നുതന്നെയാണ്. കൂടാതെ ഇന്ത്യയിലെ ദേശീയമായ ഐക്യദാർഢ്യത്തിനു ഹിന്ദുവും മുസ്ലിമും തമ്മിലുള്ള ഐക്യം അത്യന്താപേക്ഷിതവുമാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂരിപക്ഷമെന്നും ന്യൂനപക്ഷമെന്നും ഉള്ള ചേരിതിരിവ് അർത്ഥശൂന്യമാകുന്നു. ദേശീയത്വവും മതവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നതു തെററുതന്നെ. കോൺഗ്രസ് വിവിധ മതസ്ഥരെ തുല്യമായി പ്രതിനിധീകരിക്കുന്ന ഒരു സംഘടനയായിരിക്കണം. സ്വതന്ത്രഭാരതം ഒരു മതേതരരാഷ്ട്രമായി മുന്നോട്ടു പോകണം. ഇതായിരുന്നു ഗാന്ധിജിയുടെ സങ്കല്പം. ഈ സങ്കല്പം സാക്ഷാൽക്കരിക്കുവാൻ സംഘട്ടനത്തിന്റെ കാരണങ്ങളും സ്വഭാവവും ആരായുക ആവശ്യമായിരുന്നു. ഹിന്ദുവും മുസ്ലിമും തമ്മിലുള്ള സംഘട്ടനം ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ ഏറെക്കുറെ സർവ്വസാധാരണമായിട്ടാണ് ഗാന്ധിജി കണ്ടതു്. വിദേശീയശക്തിയുടെ 'വിഭജിച്ചു ഭരിക്കുക' എന്ന നയമാണു സംഘട്ടനത്തിനു വിത്തു പാകിയതെന്നു ഗാന്ധിജി വിശ്വസിച്ചു. ഉദ്യോഗമണ്ഡലത്തിലും വ്യാപാരത്തിലും ഉള്ള മത്സരം ഇതിനെ വളർത്തി. പത്രങ്ങൾ ഈ ദുഷിച്ച പ്രവണതയെ സഹായിച്ചു. അവിശ്വാസം വളർന്നു. മുസ്ലിങ്ങൾ ഗോവധംമൂലം ഹിന്ദുക്കളെ കുപിതരാക്കി. ഹിന്ദുക്കൾ പള്ളിക്കു മുമ്പിൽകൂടി സംഗീതാലാപത്തോടെ ഘോഷയാത്ര നടത്തി മുസ്ലിങ്ങളെ ചൊടിപ്പിച്ചു. മതപരിവർത്തനവും പ്രതിപരിവർത്തനവും സ്ഥിതിഗതികൾ കൂടുതൽ വഷളാക്കി. ദേവാലയങ്ങളുടെ വിശുദ്ധി അവഹേളിക്കപ്പെട്ടു. സ്ത്രീകളുടെമേൽ മതംതിരിഞ്ഞുള്ള ആക്രമണമായി. ഗുണ്ടകൾ തക്കംനോക്കി ചൂഷണത്തിനു മുന്നോട്ടു വന്നു. ഭയങ്കര കൊലപാതകങ്ങളായി. അവസാനം വിഭജനവും വന്നു. ഓരോ ഘട്ടത്തിലും ഇതിനെതിരായി, പലപ്പോഴും ഏകനായി, ഗാന്ധിജി ശബ്ദമുയർത്തി. പരസ്പരബഹുമാനവും ധാരണയും സാർവ്വജനീനമായ സത്യാചരണവുംകൊണ്ടു മാത്രമേ ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാവുകയുള്ളുവെന്ന് അദ്ദേഹം വിശ്വസിച്ചു. ഭൂരിപക്ഷസമുദായം ഹൃദയവിശാലതയും ന്യൂനപക്ഷസമുദായം ധീരതയും കാണിക്കണം. മിശ്രഭോജനം, മിശ്രവിവാഹം, വേഷത്തിലുള്ള ഐകരൂപ്യം ഇവയൊന്നും പ്രശ്നത്തിനു ശരിയായ പരിഹാരമായി അദ്ദേഹം കരുതിയില്ല. പ്രത്യേക രാഷ്ട്രീയാവകാശങ്ങൾ ന്യൂനപക്ഷത്തിനു നല്കുന്നതുകൊണ്ടോ സാമ്പത്തിക

digitized by www .sreyas.in

സമത്വം കൈവരുത്തുന്നതുകൊണ്ടോ ശാശ്വതമായ ഒരു പോംവഴി പ്രശ്നത്തിനുണ്ടാകുമെന്ന് അദ്ദേഹം വിശ്വസിച്ചില്ല. പരസ്പരസഹിഷ്ണുതയും ധാരണയും വളർത്തുകയാണ മൗലികമായ ആവശ്യമെന്ന് അദ്ദേഹം കരുതി മുസ്ലിംപ്രശ്നമായ ഖിലാഫത്തിനു പിന്നിൽ ഹിന്ദുക്കളെ അദ്ദേഹം അണിനിരത്തിയതു് ഈ ഉദ്ദേശ്യത്തോടെയാണ്. സർവ്വമതപ്രാർത്ഥനകൾ നടത്തുന്നതും വളരെ ഉപകാരപ്രദമെന്ന് അദ്ദേഹം കരുതി. മുസ്ലീങ്ങളുടെ ഭാഷയും ലിപിയും ഹിന്ദുക്കളും, ഹിന്ദുക്കളുടെ ഭാഷയും ലിപിയും മുസ്ലീങ്ങളും അംഗീകാരം നല്കണം എന്ന് അദ്ദേഹം ഉൽബോധിപ്പിച്ചു. സംഘട്ടനങ്ങൾ ഉണ്ടാകുമ്പോൾ ധീരമായ അഹിംസകൊണ്ടു ചെറുത്തുനില്ക്കുവാൻ അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. പക്ഷേ, ഭീരുത്വം ഹിംസയേക്കാൾ മ്ലേച്ഛമായി അദ്ദേഹം കരുതി. ആത്മാഹുതി ചെയ്യുവാൻ തയ്യാറുള്ള വിശിഷ്ടവ്യക്തികൾക്കു ജനങ്ങളെ രക്ഷിക്കുവാൻ കഴിയുമെന്നു് അദ്ദേഹം വിശ്വസിച്ചു. ഗാന്ധിജിതന്നെ നിർണ്ണായകങ്ങളായ ഘട്ടങ്ങളിൽ സ്വജീവനെ ഉപവാസത്താൽ ബലികഴിക്കുവാൻ തയ്യാറായി. പക്ഷേ, ആത്യന്തികമായ പരിഹാരം ഈ പ്രശ്നത്തിനു കണ്ടെത്തുവാൻ കഴിഞ്ഞില്ല. അങ്ങനെ ഗാന്ധിജി എതിർത്തിട്ടും ഭാരതം വിഭക്തമായി. അതിഭയങ്കരമായ വർഗ്ഗീയലഹളകൾ പൊട്ടിപ്പുറപ്പെട്ട അവസാനത്തേതായ ആ ഐതിഹാസിക തീർത്ഥയാത്രയിൽ നവ്ഖാലിയിലും ബംഗാളിലും ബീഹാറിലും അദ്ദേഹം സാഹോദര്യത്തിൻെറ സന്ദേശവുമായി സഞ്ചരിച്ചു. പക്ഷേ, തൻെറ ശബ്ദം ഒരു വനരോദനമാണെന്നും താൻ വെളിച്ചം കാണുന്നില്ലെന്നും അദ്ദേഹം പലപ്പോഴും ദുഃഖിച്ചു അവസാനം സമുദായസൗഹാർദ്ദമെന്ന ആ സുന്ദരസ്വപ്നത്തിനു് അദ്ദേഹം തന്നെ രക്തസാക്ഷിയായി.

സ്ത്രീകൾക്കു സമൂഹത്തിൽ പുരുഷനു തുല്യമായ സ്ഥാനം ഉണ്ടായിരിക്കണം എന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. പുരുഷനു തുല്യമായ അവകാശങ്ങൾക്കു സ്ത്രീ എല്ലാ രംഗത്തും അർഹയാണ്. സ്ത്രീകളെ പർദ്ദയ്ക്കു പുറകിൽ അടച്ചിടുന്ന സമ്പ്രദായം അപലപനീയമാണ്. സ്ത്രീപുരുഷബന്ധത്തിൽ ലൈംഗികാകർഷണത്തിനുള്ള സ്ഥാനം തുലോം പരിമിതമായിരിക്കണം. അതാണു സ്വാഭാവികം. ബ്രഹ്മചര്യത്തിൽ അസ്വാഭാവികമായി ഒന്നുമില്ല. വിവാഹത്തിൻെറ ഉദ്ദേശ്യം തന്നെ സന്തത്യുൽപാദനം മാത്രമായിരിക്കണം. ഇന്നു ലൈംഗികാകർഷണത്തിനു സമൂഹത്തിൽ കാണുന്ന സ്ഥാനം കൃത്രിമവും അനാരോഗ്യകരവും ആണ്. ഭോഗാസക്തിയല്ല, ആത്മനിയന്ത്രണമാണ് സ്ത്രീപുരുഷബന്ധത്തിൻെറ അടിസ്ഥാനമായിരിക്കേണ്ടതു്. അങ്ങനെയാകുമ്പോൾ അശ്ലീലവാസനകൾ, വ്യഭിചാരം, ബാല്യവിവാഹം തുടങ്ങിയ കെടുതികൾ ഇല്ലാതെയാകും. ചുരുക്കത്തിൽ സ്ത്രീയെ ദേവിയായി ആരാധിക്കുകയും സ്ത്രീപുരുഷബന്ധം അത്യന്തം പവിത്രമായി കരുതുകയും ചെയ്യണം എന്നതാണ് ഇക്കാര്യത്തിൽ ഗാന്ധിജിയുടെ നിലപാടു്.

ലഹരിസാധനങ്ങളുടെ വർജ്ജനം സൃഷ്ടിപരപരിപാടിയുടെ പ്രധാനപ്പെട്ട ഒരു ഇനമായി ഗാന്ധിജി കരുതിയിരുന്നു. മദ്യവും മററു ലഹരിസാധനങ്ങളും ഉപയോഗിക്കുന്നതിൻെറ ആരോഗ്യപരവും ധാർമികവും സാമ്പത്തികവും ആയ കെടുതികൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. മദ്യനിരോധനംമൂലമുണ്ടാകുന്ന തൊഴിലില്ലായ്മയ്ക്കു് അദ്ദേഹം പ്രായോഗികനിർദ്ദേശങ്ങൾ നല്കുന്നു. സർക്കാരിൻെറ വരുമാനം കുറയുന്നതു തടയുവാനും അദ്ദേഹത്തിനു നിർദ്ദേശങ്ങളുണ്ട്. ഇൻഡ്യയിലെ പാവപ്പെട്ടവർക്ക് ഒരു ശാപമായ മദ്യപാനം നിർത്തുവാൻ നിയമനിർമ്മാണം തന്നെ വേണമെന്ന് അദ്ദേഹം വാദിക്കുന്നു. നിയമനിർമാണമില്ലാത്തിടത്തു സഹനസമരമുറകൾ അദ്ദേഹം ശുപാർശ ചെയ്യുന്നു. ലഹരിസാധനങ്ങൾ ഉപയോഗിക്കുന്നതിന് അനുകൂലമായ വാദമുഖങ്ങളെ ഓരോന്നായി അദ്ദേഹം ഖണ്ഡിക്കുന്നതു് അത്യധികം കൗതുകകരമായ ഒരു കാര്യമാണ്.

പരിപൂർണ്ണമായ സാമൂഹ്യസമത്വത്തിൽ ഗാന്ധിജി വിശ്വസിച്ചിരുന്നു. അതിനാൽ അധഃകൃതരെന്നു വിളിക്കപ്പെട്ടിരുന്ന നിർഭാഗ്യവാന്മാരുടെ ഉന്നതിയിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അവരെ സ്നേഹാദരപൂർവ്വം ഹരിജനങ്ങൾ

digitized by www .sreyas.in

എന്നാണ് അദ്ദേഹം വിളിച്ചിരുന്നത്. അവരോടൊപ്പം അവരിലൊരാളായി ജീവിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു; പലപ്പോഴും അങ്ങനെ ചെയ്യുകയും ചെയ്തു. അയിത്തത്തെ മതത്തിന്റെ അടിസ്ഥാനത്തിൽ അനുകൂലിക്കുന്ന ഏതു വാദത്തെയും അദ്ദേഹം ഖണ്ഡിച്ചു. മൃഗതുല്യരായി ജീവിക്കുവാൻ നൂറ്റാണ്ടുകളായി വിധിക്കപ്പെട്ട അയിത്തജാതിക്കാരെ പൂർണ്ണമായും ഉദ്ധരിക്കുവാനുള്ള പരിപാടികൾ അദ്ദേഹം ആസൂത്രണം ചെയ്തു. സവർണ്ണരെ ഉൽബുദ്ധരാക്കുവാനും അവർണ്ണരുടെ ജീവിതരീതികളിൽ കൂടുതൽ ശുചിത്വം വരുത്തുവാനും അദ്ദേഹം യത്നിച്ചു. സാമ്പത്തികവും വിദ്യാഭ്യാസപരവും ആയ പുരോഗതി ഹരിജനങ്ങൾക്കു കൈവരുത്തുകയും അങ്ങനെ അവരെ ഉയർത്തുകയും ചെയ്യുവാൻ അദ്ദേഹം ഉപവാസം അനുഷ്ഠിച്ചു. വൈക്കം സത്യാഗ്രഹംപോലുള്ള സത്യാഗ്രഹപ്രസ്ഥാനങ്ങളെ അനുകൂലിച്ചു. പക്ഷേ, മതപരിവർത്തനം അവരുടെ പ്രശ്നങ്ങൾക്കൊരു പരിഹാരമായി അദ്ദേഹം കരുതിയില്ല. ഹരിജനങ്ങൾക്ക് വിദ്യാലയങ്ങളിലും ദേവാലയങ്ങളിലും തൊഴിൽരംഗത്തും രാഷ്ട്രീയരംഗത്തും എന്നുവേണ്ട, എവിടെയും പൂർണ്ണമായ സമത്വം ഉണ്ടായിരിക്കണമെന്ന് അദ്ദേഹം വാദിച്ചു. അയിത്തം പോകാതെ സ്വരാജ്തന്നെ ലഭ്യമല്ലെന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. തന്നെയുമല്ല, ഹരിജനോദ്ധാരണപ്രസ്ഥാനത്തെ രാഷ്ട്രീയപ്രവർത്തനങ്ങളിൽനിന്ന് ഒഴിച്ചുനിർത്തുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

ഈ ഗ്രന്ഥത്തിലെ മുഖ്യമായ ആശയഗതി മേൽപറഞ്ഞ തരത്തിലാണ്. സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ ഒരു സാമൂഹ്യജീവിതം വിഭാവന ചെയ്തുകൊണ്ട് അതിനനുസരണമായി ഓരോ പ്രായോഗിക പ്രശ്നത്തെയും അഭിമുഖീകരിക്കുകയാണ് ഗാന്ധിജി ചെയ്യുന്നത്. ഓരോ കാര്യത്തിലും ഹൃദയപരിവർത്തനത്തിന്റെയും ധാർമ്മികമായ സമീപനത്തിന്റെയും പ്രാധാന്യം അദ്ദേഹം ഊന്നിപ്പറയുന്നു. സാമൂഹ്യപ്രശ്നങ്ങൾക്കു താൽക്കാലിക പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയല്ല, ചിരസ്ഥായിയായ സാമൂഹ്യഭദ്രത കൈവരുത്തുകയാണ് അദ്ദേഹത്തിന്റെ ഉന്നം. ആ ആദർശാത്മകത്വത്തിന്റെ ഗുണദോഷവിചിന്തനം ഇവിടെ പ്രസക്തമല്ല; അതിന്റെ സത്യസന്ധമായ ഒരു ചിത്രീകരണം മാത്രമാണ് ഈ ഗ്രന്ഥം.

ഈ ഗ്രന്ഥം തയ്യാറാക്കുന്നതിൽ പല പരിമിതികളും ഉണ്ടായിരുന്നുവെന്ന് ആദ്യം പറഞ്ഞല്ലോ. ആ പരിമിതികൾ മാറ്റിവച്ചാൽതന്നെ ഏറ്റവും കാര്യക്ഷമമായ രീതിയിൽ ഈ കൃത്യം ചെയ്തുവെന്ന് എനിക്ക് അഭിമാനമില്ല ഒരു പക്ഷേ, ഇതിലും വിശാലവും ഭദ്രവും ആയ ഒരു ചട്ടക്കൂട്ടിനുള്ളിൽ ഈ വാല്യം നിബന്ധിക്കാമായിരുന്നു. ചില ആശയങ്ങൾ വിട്ടുപോയിരിക്കാം; ആവർത്തനങ്ങളും കണ്ടെന്നു വരാം. എങ്കിലും സാമൂഹ്യജീവിതത്തെക്കുറിച്ചു പൊതുവേയും താൻ അഭിമുഖീകരിച്ച മുഖ്യ പ്രശ്നങ്ങളെക്കുറിച്ചു പ്രത്യേകിച്ചും ഗാന്ധിജിക്കുണ്ടായിരുന്ന പ്രധാനപ്പെട്ട ആശയങ്ങൾ സാമാന്യമായി വിശകലനം ചെയ്ത് ഏതാണ്ടൊരു ചിട്ടയിൽ ഇവിടെ കൊള്ളിച്ചിട്ടുണ്ടെന്നു ഞാൻ കരുതുന്നു. കഴിയുന്നത്ര ആത്മാർത്ഥമായി ശ്രമിച്ചെങ്കിലും അത്രമാത്രമേ കഴിഞ്ഞിട്ടുള്ളു. അതു കുറെയൊക്കെ പ്രയോജനകരമാകുമെന്നു വിശ്വസിക്കുന്നു.

ഈ ബൃഹത്തായ ജോലിയിൽ പങ്കെടുക്കുവാൻ അവസരം ലഭിച്ചതിൽ എനിക്കു വളരെ ചാരിതാർത്ഥ്യമുണ്ട്. ചീഫ് എഡിറ്റർ ശ്രീ കൈനിക്കര കുമാരപിള്ള, ഗാന്ധിസ്മാരകനിധി സഞ്ചാലക് ശ്രീ കെ. ജനാർദ്ദനൻപിള്ള എന്നിവരുടെ സൗമനസ്യവും അസിസ്റ്റന്റ് എഡിറ്റർമാരായ ശ്രീ സി. ഉത്തമക്കുറുപ്പ്, ശ്രീ പി. കെ. പരമേശ്വരൻനായർ എന്നിവരുടെ സഹായവും നന്ദിപൂർവം സ്മരിച്ചുകൊണ്ട്,

തിരുവനന്തപുരം
29-10-1962

ജി. കുമാരപിള്ള

## ഉള്ളടക്കം

**ഭാഗം ഒന്ന്**

### മൗലികദർശനം


എ. ആദ്ധ്യാത്മികാസ്പദം 33
ബി. അഹിംസ 37
സി. സത്യം 39
ഡി. വർഗ്ഗസമരത്തിന്റേയും സംഘട്ടനത്തിന്റേയും നിരസനം 40
ഇ. പരിഷ്കാരത്തിന്റേയും പുരോഗതിയുടേയും അർത്ഥം 43
എഫ്. അവകാശത്തിനെതിരെ കർത്തവ്യം 57
ജി. സമുദായത്തിനെതിരെ വ്യക്തി 58


**ഭാഗം രണ്ട്**

### പ്രായോഗികപ്രശ്നങ്ങൾ

അദ്ധ്യായം ഒന്ന്

മതപരമായ ജീവിതം

### 1. സാമുദായികമൈത്രി


എ. സഹിഷ്ണുതയിൽ ആദ്യകാലപരിശീലനം 59
ബി. എല്ലാ മതങ്ങളുടെയും ഏകത്വവും സഹിഷ്ണുതയുടെ ആവശ്യകതയും 60
സി. ഐക്യത്തിന്റെ ആവശ്യകത 66
ഡി. ഐക്യവും സ്വരാജ്യവും 73
ഇ. സഹിഷ്ണുതയുടെ പാരമ്പര്യം 75
എഫ്. പൊതുജനസ്വഭാവങ്ങളും താല്പര്യങ്ങളും 77
ജി. ന്യൂനപക്ഷത്തിനെതിരെ ഭൂരിപക്ഷം 79
എച്ച്. മതവും ദേശീയബോധവും 79
ഐ. കോൺഗ്രസ് ആദർശം 81
ജെ. സ്വതന്ത്രഭാരതം—മതേതരരാഷ്ട്രം 94


### 2. സാമുദായികസംഘർഷത്തിന്റെ കാരണങ്ങളും പ്രത്യക്ഷഭാവങ്ങളും


എ. കാരണങ്ങളുടെ പൊതുവിവരണം 102
ബി. വിദേശീയശക്തിയുടെ പങ്ക് 103
സി. പത്രങ്ങളുടെ പങ്ക് 109
ഡി. സമുദായങ്ങൾ തമ്മിലുള്ള അവിശ്വാസം 112
ഇ. ഗോരക്ഷ 118
എഫ്. മുസ്ലിംപള്ളികളുടെ മുമ്പിൽ സംഗീതം 125
ജി. ഗവണ്മെൻറുദ്യോഗങ്ങളിൽ പ്രാതിനിധ്യം 128


digitized by www .sreyas.in

എച്ച്. വാണിജ്യത്തിൽ സാമുദായികമനോഭാവം 129
ഐ. വിഗ്രഹാരാധനയും ആരാധനാസ്ഥലങ്ങ‍ൾ അശുദ്ധമാക്കലും 130
ജെ. സാമൂഹ്യസമ്പക്കം 133
കെ. മതപരിവത്തനം 135
എൽ. സ്ത്രീകളുടെമേൽ കയ്യേററം 138
എം. തെമ്മാടികൾ 140
എൻ. ഭയങ്കര കൊലപാതകങ്ങൾ 142

3. പരിഹാരമാർഗം

എ. പരിഹാരം—സാമാന്യപ്രസ്താവന 143
ബി. ധീരതയുടേയും സത്യസന്ധതയുടേയും മാഗ്ഗം 145
സി. സവ്വമതപ്രാത്ഥന 170
ഡി. മിശ്രഭോജനവും മിശ്രവിവാഹവും 172
ഇ. വേഷൈക്യം 177
എഫ്. സാമ്പത്തികമായ മാററം 178
ജി. ഭാഷയും ലിപിയും 178
എച്ച്. നിഷ്പക്ഷാന്വേഷണം 180
ഐ. ഗവണ്മെൻറിൻെറ പങ്ക് 183
ജെ. ഭൂരിപക്ഷസമുദായത്തിൻെറ കത്തവ്യം 185
കെ. ന്യൂനപക്ഷങ്ങളുടെ മനോഭാവം 190
എൽ. പോലീസ്, പട്ടാളം, സിവിൽ ഉദ്യോഗസ്ഥന്മാർ എന്നിവരുടെ പങ്ക് 194
എം. ആത്മസമപ്പണം ചെയ്ത ആളുകളുടെ ആവശ്യം 197
എൻ. ശാന്തിസേന 203
ഒ. പ്രാതിനിധ്യവും ഭരണഘടനാനിമ്മാണവും 207
പി. ഖിലാഫത്ത് 214
ക്യു. ഒഴിഞ്ഞുപോകലും ജനങ്ങളെ കൈമാററംചെയ്യലും 219
ആർ. വിഭജനം 223
എസ്. ഉപവാസം 241
ടി. പ്രാത്ഥന 255
യു. അഭയാത്ഥികൾ 256
വി. ഐതിഹാസികയാത്ര 265
ഡബ്ല്യൂ. തോല്പിക്കുന്ന പ്രശ്നം 275

അദ്ധ്യായം രണ്ട്

സ്ത്രീകളുടെ സ്ഥിതിയും സ്ത്രീപുരുഷബന്ധം, വിവാഹം എന്നിവ സംബന്ധിച്ചുള്ള പ്രശ്നങ്ങളും

1. സ്ത്രീകളുടെ സ്ഥിതി

എ. സ്ത്രീകളുടെ ഇന്നത്തെ സ്ഥിതിയും പുനരുജ്ജീവനത്തിൻെറ ആവശ്യകതയും 293


digitized by www .sreyas.in

ബി. സ്ത്രീയെക്കുറിച്ചുള്ള പരമ്പരാഗതമായ ധാരണ 295—298
i സ്മൃതികളിൽ സ്ത്രീകളുടെ സ്ഥാനം
ii സ്ത്രീകളും വർണ്ണവും 297
iii മനുവിൻെറ സങ്കല്പം 298
സി. സ്ത്രീപുരുഷസമത്വം 299—304
i സ്ഥാനസമത്വം
ii അന്തരം 301
iii സമത്വം—സാമ്പത്തികവും രാഷ്ട്രീയവും 304
ഡി. സ്ത്രീകളുടെ അന്തഃപുരവാസം 306
ഇ. സ്ത്രീകളും ആഭരണങ്ങളും 313

## 2. സ്ത്രീപുരുഷബന്ധം, വിവാഹം എന്നിവ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ

എ. ലൈംഗികാകർഷണം 318
ബി. ആത്മനിയന്ത്രണം (ബ്രഹ്മചര്യം) 319
സി. സന്താനനിയന്ത്രണം (ഗൃഹസ്ഥാശ്രമം) 323
ഡി. നിഷിദ്ധവിവാഹങ്ങളും വിവാഹവിലക്കുകളും 326
ഇ. സ്ത്രീകളുമായുള്ള സാമൂഹ്യസമ്പർക്കം 328
എഫ്. ശിശുവിവാഹം 333—342
i ശിശുവിവാഹത്തിൻെറ ഭയങ്കരത
ii വിവാഹസമ്മതപ്രായം സംബന്ധിച്ച നിയമനിർമാണം 339
ജി. വിധവാവിവാഹം 343—362
i വിധവകളുടെ ഗതി
ii ശിശുവിധവകളും പ്രായമായ വിധവകളും 348
iii ആക്ഷേപങ്ങളും മറുപടികളും 348
iv പരിഷ്കർത്താക്കളുടെ കടമ 356
എച്ച്. സ്ത്രീധനവും ക്രയപരമായ വിവാഹവും 362
ഐ. വ്യഭിചാരം 370—383
i ദേവദാസികളും വ്യഭിചാരവും
ii വ്യഭിചാരനിർമാർജ്ജനത്തിൽ വേണ്ട കരുതൽ 376
iii പരിഹാരമാർഗ്ഗങ്ങൾ 379
iv നിയമനിർമാണം 381
ജെ. ലൈംഗികവൈകൃതങ്ങൾ 383
കെ. സ്ത്രീകളെ അലട്ടൽ 389—396
i ദൃഷ്ടാന്തങ്ങൾ
ii പ്രസിദ്ധീകരണത്തിൻെറ ആവശ്യകത 391
iii സ്ത്രീകളുടെ മനോഭാവം—അഹിംസാമാർഗ്ഗം 392
എൽ. വിവാഹകർമ്മം ലഘൂകരിക്കൽ 396
എം. ലൈംഗികവിദ്യാഭ്യാസം 398
എൻ. അശ്ലീലപരസ്യങ്ങൾ 402

digitized by www .sreyas.in

അദ്ധ്യായം മൂന്ന്

## ലഹരിവജ്ജനം


**1. മദ്യനിരോധം എന്തിനു്?**

എ. പരിപൂണ്ണ മദ്യനിരോധത്തിന്റെ ആവശ്യകത 406
ബി. സാമാന്യകാരണങ്ങഠം 415
സി. മാനുഷികാടിസ്ഥാനം 416
ഡി. ധാമ്മികാടിസ്ഥാനം 418
ഇ. സാമ്പത്തികവും ധാമ്മികവുമായ ആവശ്യം 419
എഫ്. ഇന്ത്യയ്ക്കു മദ്യനിരോധം ആവശ്യമോ? 421
ജി. കുടിയും രാഷ്ട്രങ്ങളുടെ നാശവും 423
എച്ച്. കുടിയും ഉഷ്ണകാലാവസ്ഥയും 423
ഐ. കുടിയും തണുപ്പുകാലാവസ്ഥയും 423
ജെ. മതത്തിന്റെ സമ്മതി 424—430
i യഹൂദന്മാർ
ii ക്രിസ്ത്യാനികഠം 425
iii കത്തോലിക്കർ 428
iv ഹരിജനങ്ങഠം 429
v മുസ്ലീങ്ങഠം 429
vi പാഴ്സികഠം 429

**2. പ്രവത്തനസമ്പ്രദായങ്ങൾ**

എ. നിയമത്തിന്റെ ആവശ്യകത 430
ബി. പഠിപ്പിക്കുന്നതിനുമുമ്പു നിയമനിമ്മാണം 431
സി. കോൺഗ്രസ്സ്സംസ്ഥാനഗവണ്മെൻറുകഠക്കു് സമഗ്രമായ ഒരു പരിപാടി 435
ഡി. മദ്യമുക്തമായ ഇന്ത്യയെ സൃഷ്ടിക്കാൻ പററിയ ഉപാധികഠം 439
ഇ. നിമ്മാണപരിപാടി 440
എഫ്. തിരുവിതാംകൂറിലെ മദ്യപാനശാപവും പൊതുജനങ്ങളുടെ കടമയും 441
ജി. സ്ത്രീകളുടെ കടമ 443
എച്ച്. പുരുഷന്മാരുടെ പങ്ക് 444
ഐ. വിദ്യാത്ഥികളുടെ കടമ 445
ജെ. വത്തമാനപത്രങ്ങളുടെ കടമ 446
കെ. സാഹചര്യങ്ങഠം മാറേറണ്ടതിന്റെ ആവശ്യകത 447
എൽ. സമ്പൂണ്ണ പഠനത്തിന്റെ ആവശ്യകത 449
എം. പിക്കററിങ്ങിന്റെ ആവശ്യകത 450
എൻ. പിക്കററിങ്ങും അഹിംസയും 454

**3. പ്രയാസങ്ങളും പരിഹാരങ്ങളും**

എ. തൊഴിലില്ലായ്മ—മററു ജോലികഠം ഏപ്പ്പാടുചെയ്യൽ 458
ബി. കുടിനിത്തിയവക്കു തൊഴിലിന്റെ ആവശ്യകത 460


digitized by www .sreyas.in

സി. സാമ്പത്തിക നഷ്ടം 461
ഡി. മദ്യത്തിനു പകരം 465
ഇ. തൊഴിൽവ്യവസ്ഥകളിൽ മാററങ്ങൾ 466
എഫ്. മദ്യനിരോധവും സാമൂഹ്യപ്രശ്നങ്ങളും 466
ജി. പാഴ്സികളുടെ എതിർപ്പ് 468
എച്ച്. മതപരമായ ചടങ്ങുകൾക്ക മദ്യമുപയോഗിക്കൽ 475
ഐ. മാഹുരയെ ഒഴിവാക്കൽ 476
ജെ. ഗവണ്മെൻറിൻെറ മനോഭാവം 477—483

4. മയക്കമരുന്നുകളുടെ നിരോധം
i അവീൻ (കറപ്പ്) 484
ii മയക്കമരുന്നുകളും മദ്യവും പിശാചും 487
iii ചായയും കാപ്പിയും പുകയിലയും 491

അദ്ധ്യായം നാല്

സാമൂഹ്യസമത്വവും അയിത്തോച്ചാടനവും

1. സാമൂഹ്യസമത്വമെന്ന ആദർശം
എ. അയിത്തക്കോട്ട തകക്കൽ 496
ബി. എൻെറ ആശയങ്ങളുടെ ഉറവിടം 497
സി. അയിത്തവും സ്വരാജ്യം തമ്മിലുള്ള പൊരുത്തക്കേട് 499
ഡി. അയിത്തോച്ചാടനവും കോൺഗ്രസ് പരിപാടിയും 503
ഇ. അയിത്തവും ജാതിയും വർണ്ണവും 505

2. അയിത്തക്കാരുടെ ഗതി
എ. അയിത്തമനോഭാവത്തിൻെറ രണ്ടു വശങ്ങൾ 509
ബി. അയിത്തസങ്കല്പത്തിലെ യുക്തിരാഹിത്യം 511
സി. മനുഷ്യനെ മൃഗമാക്കുന്ന അയിത്തം 511
ഡി. നഗരപ്രാന്തങ്ങളിലെ തോട്ടികൾ 514

3. മതസമ്മതി
എ. ശാസ്ത്രങ്ങളുടെ സാരം 516
ബി. അയിത്തവും ശുചിത്വവും 517
സി. സ്മൃതികളുടെ സാധുത 519

4. അയിത്തോച്ചാടനത്തിനുള്ള മാർഗ്ഗങ്ങൾ
എ. അഹിംസാമാർഗ്ഗം 522
ബി. ഗ്രാമങ്ങളിലെ സവർണ്ണഹിന്ദുക്കളുടെ വിദ്യാഭ്യാസം 526
സി. സവർണ്ണഹിന്ദുക്കളുടെ ഹൃദയപരിവർത്തനം 528
ഡി. ഹരിജനങ്ങളുടെ ശീലങ്ങൾ പരിഷ്കരിക്കൽ 540
ഇ. സത്യാഗ്രഹം 545

digitized by www .sreyas.in

എഫ്. ഉപവാസം 552
ജി. നാടുവിട്ടുപോകൽ 554
എച്ച്. ഹരിജനങ്ങളും പട്ടാളപരിശീലനവും 555
ഐ. ഹരിജനങ്ങളുടെ വിദ്യാഭ്യാസം 556
ജെ. സാമ്പത്തികനിലയുയർത്തൽ 563
കെ. നിയമസഹായവും അവകാശസ്ഥാപനവും 565
എൽ. ഗവണ്മെൻറിൻെറ പങ്ക് 567
എം. അഹിന്ദുക്കളുടെ പങ്ക് 568
എൻ. മതപരിവർത്തനസമ്പ്രദായങ്ങൾ 571–581
i മതംമാററത്തിനുള്ള ആഗ്രഹം സ്വാഭാവികം
ii മതപരിവർത്തനമല്ല പരിഹാരം 571
iii ഡോ. അംബേദ്കറുടെ പ്രസ്താവനയെപ്പററി 574
iv ക്രിസ്ത്യൻ മതപ്രചരണസംഘടനയുടെ മനോഭാവം 578

5. എല്ലാ രംഗങ്ങളിലും സമത്വംപ്രാപിക്കൽ
എ. പേരിൻെറ കളങ്കം 581
ബി. തൊഴിൽമൂലമുള്ള കളങ്കം 584
സി. കുടുംബരംഗം—മിശ്രഭോജനം, മിശ്രവിവാഹം മുതലായവ 590
ഡി. സ്കൂളുകളും ഹോസ്റ്റലുകളും 597
ഇ. ക്ഷേത്രങ്ങൾ 599–608
i ക്ഷേത്രപ്രവേശാവകാശം
ii ക്ഷേത്രപ്രവേശബില്ലിൻെറ ആവശ്യകത 605
എഫ്. രാഷ്ട്രീയരംഗം 608
ജി. പലവക 614–619
i ജലസൗകര്യം
ii പൊതുവായ പാർപ്പിടങ്ങൾ 616
iii പൊതുശ്മശാനം 617
iv ഹോട്ടലുടമകൾ, ക്ഷൗരക്കാർ, അലക്കുകാർ മുതലായവരുടെ സേവനം 618

6. ഹരിജനപ്രവർത്തനം—സംഘടനാപരമായ പ്രശ്നങ്ങൾ
എ. ഹരിജനപ്രവർത്തനം രാഷ്ട്രീയമല്ല 619
ബി. പ്രവർത്തകരുടെ യോഗ്യതകൾ 619
സി. ഭരണച്ചെലവ് 621
ഡി. ഹരിജൻസേവക്സംഘവും സവർണ്ണരും 622
ഇ. ഹരിജൻസേവക്സംഘവും ഹരിജനങ്ങളും 624
എഫ്. ഫണ്ടുകൾ 626
ജി. പ്രവർത്തനപരിപാടികൾ 629
എച്ച്. പ്രചാരവേലകൾ 634
ഐ. പ്രവർത്തനപുരോഗതി 636

digitized by www .sreyas.in

# രണ്ടാം പതിപ്പിനെക്കുറിച്ച്

ഗാന്ധിജി ലോകരംഗത്തുനിന്നു് തിരോധാനം ചെയ്തിട്ടു് ഇപ്പോൾ 33 വർഷം തികയുന്നു. ഒരു സത്യയുഗത്തിനുവേണ്ടി ജീവിക്കുകയും അന്ത്യശ്വാസംവരെ പ്രവർത്തിക്കുകയും ചെയ്ത ആ മഹാപുരുഷൻ്റെ കാലത്തിനുശേഷം ഇന്ത്യയിലും ലോകത്തും എന്തു സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നു പരിശോധിക്കുന്നവർക്കു് ആശ്വാസത്തിനു് എന്തെങ്കിലും അവകാശമുണ്ടോ? ഇല്ലെന്നായിരിക്കും സാർവ്വത്രികമായി ലഭിക്കാവുന്ന ഒരു ഉത്തരം. ഇരുപതാം നൂററാണ്ടിൻ്റെ ഉത്തരാർദ്ധത്തിൽ ഗാന്ധിജിയുടെ ജീവിതവും സന്ദേശവും ലോകജീവിതരംഗത്തും കാര്യമായ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ എന്ന ചോദ്യം സൂക്ഷ്മപഠനത്തിനും വിലയിരുത്തലിനും വിഷയമാക്കേണ്ട ഒന്നാണു്. ഉണ്ടാക്കീട്ടുള്ള ചലനങ്ങൾ എത്ര ചെറുതായാലും വലുതായാലും ആ ജീവിതസന്ദേശത്തെ ജനഹൃദയങ്ങളിൽ കൊണ്ടെത്തിക്കുക എന്ന മഹത്തായ ഒരു നിശ്ചിത കർത്തവ്യമാണു്, ഏതു ദേശത്തും ഏതു ഭാഷയിലും ഉണ്ടായിട്ടുള്ള ഗാന്ധിസാഹിത്യകൃതികൾ നിർവഹിച്ചിട്ടുള്ളതു്. ഗാന്ധിജിയുടെ ആശയപ്രപഞ്ചത്തെ പ്രതിനിധാനം ചെയ്യുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്ന വിഷയത്തിൽ ഭാരതത്തിൽ പ്രമുഖമായ ഒരു സ്ഥാനം അഖിലേന്ത്യാ ഗാന്ധിസ്മാരക നിധിക്കുണ്ടു്. മലയാളത്തിൽ കേരള ഗാന്ധിസ്മാരക നിധിയും എളിയതോതിലാണെങ്കിലും ഇത്രയും കാലത്തിനകം 57 ഗ്രന്ഥങ്ങൾ പ്രകാശനം ചെയ്തിട്ടുണ്ടു്. ഇത്രയുംകൊണ്ടു് സ്വന്തം കർത്തവ്യം സമർത്ഥമായി നിർവ്വഹിച്ചുവെന്നവകാശപ്പെടുവാൻ സാദ്ധ്യമല്ലെന്നു് ഞങ്ങൾക്കു തികച്ചും ബോദ്ധ്യമുണ്ടു്. പല പരിമിതികളുടെയും പരാധീനത ഈ വിഷയത്തിൽ സംഘടനയെ ബാധിച്ചിട്ടുമുണ്ടു്. എങ്കിലും കേരള ഗാന്ധിസ്മാരക നിധിയുടെ ഒരു പ്രമുഖ പ്രസിദ്ധീകരണമായ ഏഴു വാല്യങ്ങൾ അടങ്ങുന്ന ഗാന്ധിസാഹിത്യ കൃതികളുടെ ഒരു രണ്ടാം പതിപ്പു് ഇപ്പോൾ പ്രസിദ്ധീകരിക്കാൻ സാധിച്ചുവെന്നതിൽ ഞങ്ങൾക്കു് അതിയായ ചാരിതാർത്ഥ്യമുണ്ടു്.

ഈ ഏഴു വാല്യങ്ങളുടെയും ഒന്നാം പതിപ്പിൽ അവ തയ്യാറാക്കിയ പ്രസാധക സമിതിയുടെ നേതൃത്വം വഹിച്ചിരുന്ന ശ്രീ കൈനിക്കര കുമാരപിള്ള അവർകളുടെ വിശദമായ ആമുഖവും ഈ വാല്യത്തിൻ്റെ പ്രസാധകനായ ജി. കുമാരപിള്ള തയ്യാറാക്കിയ പ്രസാധക കുറിപ്പും ഈ ഗ്രന്ഥത്തിൽ അന്യത്ര ചേർത്തിട്ടുണ്ടു്. അതിൽനിന്നും ഈ ഗ്രന്ഥാവലിയെക്കുറിച്ചുള്ള വ്യക്തമായ ചിത്രം എല്ലാവർക്കും ലഭിക്കുമെന്നതിനാൽ പ്രത്യേകമായ ഒരു വിശദീകരണക്കുറിപ്പിൻ്റെ ആവശ്യം ഇനി ഉദിക്കുന്നില്ല. ഈ രണ്ടാം പതിപ്പിനു് ഒരു പ്രത്യേകമായ അവതാരികയുടെ പ്രസക്തിയും തീരെ ഇല്ലെന്നുതന്നെ പറയാം.

എങ്കിലും ഇരുപത്തൊൻപതു വർഷങ്ങൾക്കുമുമ്പു് ഈ ഗ്രന്ഥങ്ങൾ ആദ്യമായി പ്രകാശനം ചെയ്തതിനുശേഷം ഒരു പുനഃപ്രസിദ്ധീകരണത്തിനു തയ്യാറാകുമ്പോൾ പ്രകാശകന്മാരുടെ ആശയും ആശങ്കകളും സംക്ഷിപ്തമായെങ്കിലും പ്രകടമാക്കേണ്ടതു് ആവശ്യമാണെന്നു തോന്നുന്നു.

ഭാരതത്തിൽ ഏററവും കൂടുതൽ സാക്ഷരതയുള്ള പ്രബുദ്ധമായ കേരള ജനതയുടെ ഹൃദയത്തെയും ബുദ്ധിയെയും സ്പർശിക്കുന്നതിനുള്ള രാജപാത വിവിധ തലങ്ങളിലുള്ള പ്രസിദ്ധീകരണങ്ങളിലൂടെയാണു് പട്ടുത്തുയർത്തേണ്ടതെന്ന കാര്യം നിസ്തർക്കമാണു്. കേരളം ശങ്കരാചാര്യരുടെ നാടാണെന്നും

digitized by www .sreyas.in

കേരളജനതയെ സ്വാധീനിക്കുന്നതിനു ബുദ്ധിയുടെ മണ്ഡലത്തിലാണു മുഖ്യമായി പ്രവർത്തിക്കേണ്ടതെന്നും പലതവണ ആചാര്യ വിനോബാഭാവേ അഭിപ്രായപ്പെട്ടിട്ടുള്ളതു് ഇത്തരുണത്തിൽ ഞാൻ ഓർത്തുപോകുന്നു. എന്നാൽ, ഇന്നു് മലയാളഭാഷയിൽ പ്രസിദ്ധപ്പെടുത്തുന്ന ഗ്രന്ഥങ്ങൾ, പത്രങ്ങൾ, വാരികകൾ, മാസികകൾ എന്നിവയുടെ എണ്ണവും പ്രചാരവും അവയുടെ നിലവാരവും നോക്കുമ്പോൾ ഉൽക്കണ്ഠയും ഒരു നിസ്സഹായതാബോധവുമല്ലാതെ മനസ്സിലവശേഷിക്കുമെന്നു തോന്നുന്നില്ല. ഇത്തരം പ്രസിദ്ധീകരണങ്ങളുടെ പ്രതിദ്ധ്വനിയാണു് കേരളീയ ജനജീവിതത്തിലിന്നു പ്രമുഖമായി പ്രത്യക്ഷപ്പെട്ടു കാണുന്നതു്. ആദർശനിഷ്ഠയും സന്മാർഗ്ഗപരതയും ഉള്ള ഒരു ചെറിയ ശതമാനം പ്രസിദ്ധീകരണങ്ങൾ ഉണ്ടെങ്കിലും അവയുടെ ആകർഷണവലയം ചെറുതാണു്. ഉത്തമഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം ഒരുവശത്തു നടക്കുമ്പോൾ അവയെ സ്വീകരിച്ചു് അവയിലടങ്ങിയിരിക്കുന്ന തത്ത്വസംഹിതകൾക്കുവേണ്ടി പ്രവർത്തിക്കാനും ജനജീവിതത്തെ അതിനനുഗുണമായി സംഘടിപ്പിക്കാനും കർമ്മനിഷ്ഠരായ ചിന്തകർ, മറുവശത്തു് മുന്നോട്ടു വരാതിരുന്നാൽ ഇത്തരം ഗ്രന്ഥങ്ങൾ ചിലരുടെ മനോരഥങ്ങളിൽ മാത്രം ഒതുങ്ങിപ്പോകുമെന്നുള്ളതാണു് ആത്യന്തികമായി സംഭവിക്കുക.

ഗാന്ധിസാഹിത്യത്തിനും ഇതേ ദുരന്തം ഭാഗികമായിട്ടെങ്കിലും സംഭവിച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വ്യക്തിയിലും സമൂഹത്തിലും ഉള്ള നന്മയുടെ ശക്തിയെ ഉണർത്തി, വികസിപ്പിച്ചു്, സംഘടിപ്പിക്കാനും അങ്ങനെ തിന്മയെ പരാജയപ്പെടുത്താനുമുള്ള ഒരു കർമ്മപരിപാടിയാണു് ഗാന്ധിജി ആവിഷ്കരിച്ചതും വിജയപൂർവം പരീക്ഷിച്ചതുമെന്നു് നിഷ്കൃഷ്ടമായ അർത്ഥത്തിൽ മനസ്സിലാക്കിയവർ ചുരുക്കമാണെന്നു തോന്നുന്നു. അങ്ങനെ നോക്കുമ്പോൾ നാം മുഖ്യമായ ഒരു നിഗമനത്തിൽ എത്തിച്ചേരുന്നു. ഗാന്ധിജിയെപ്പററി കുറെ കാര്യങ്ങൾ ജനങ്ങൾ ധരിച്ചിട്ടുണ്ടു്. അങ്ങനെ ധരിച്ചിട്ടുള്ളവർ പല തരക്കാരാണു്. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം ചെയ്ത മഹത്തായ സേവനത്തിൽ ഒതുങ്ങുന്ന ഉപരിതലത്തിലുള്ള ഒരു ജീവചരിത്ര പഠനം ഒരുപക്ഷേ, തൊട്ടും തെറിച്ചും ആളുകൾ മനസ്സിലാക്കിയിട്ടുണ്ടു്. താത്ത്വികമായി അല്പംകൂടി മനസ്സിലാക്കാൻ ശ്രമിച്ച ചിലർ ആ താത്ത്വികവശത്തിന്റെ മഹത്വം അംഗീകരിച്ചുവെങ്കിലും അവ അപ്രായോഗികമെന്നു ചിന്തിച്ചു് പ്രായേണ ഉപേക്ഷിക്കുകയായിരിക്കും ചെയ്തിട്ടുള്ളതു്. അങ്ങനെ അപ്രായോഗികവും പഴഞ്ചനും പിന്തിരിപ്പനും, എന്നാൽ മഹത്തുമായ തത്ത്വസംഹിതകളുടെ ആചാര്യനായിട്ടാണു് ഒരുപക്ഷേ, അവർ ഗാന്ധിജിയെ കണക്കാക്കിയിട്ടുള്ളതും. ചിലർ അദ്ദേഹത്തെ ഒരു സാമൂഹ്യ പരിഷ്കർത്താവായി കാണുമ്പോൾ മററു ചിലർ അദ്ദേഹത്തെ ഒരു മതനിഷ്ഠനായി മാത്രം കണക്കാക്കുന്നു. ശാസ്ത്രത്തിന്റെയും വ്യവസായ യുഗത്തിന്റെയും ഒരു ശത്രുവായി പലരും അദ്ദേഹത്തെ ചിത്രീകരിച്ചിട്ടുണ്ടു്. ഇങ്ങനെ ഗാന്ധിജി പലർക്കും പലതാണെന്നതു് ഒരു വസ്തുതയാണു്. അദ്ദേഹത്തെക്കുറിച്ചു് നിഷ്കൃഷ്ടമായി പഠിക്കാനും മനസ്സിലാക്കാനുമുള്ള സന്നദ്ധതയുടെ കുറവാണു് ഇതിനു കാരണമെന്നതിനു സംശയമില്ല. ഈ സന്നദ്ധത സാർവത്രികമായി എല്ലാ തലങ്ങളിലും ഉണ്ടാവാൻ സാദ്ധ്യമല്ലെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. ഗാന്ധിജിയുടെ മാർഗ്ഗം സത്യനിഷ്ഠമായ, സ്നേഹനിഷ്ഠമായ ഒരു വിമോചനമാർഗ്ഗമാണെന്നു കാണുന്നവർ ഗാന്ധിജിയെപ്പററിയുള്ള പഠനത്തിനും പ്രചാരണത്തിനും പൂർവ്വവത്‌ശക്തിയോടെ പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നു മാത്രം ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

ഈ കൃതികളുടെ ഒന്നാം പതിപ്പു് പ്രസിദ്ധപ്പെടുത്തിയശേഷം കാലം വളരെ വേഗം കടന്നുപോയി. കാലം പലതിനെയും ഹനിക്കുന്നു, പുറം

digitized by www.sreyas.in

ന്നുള്ളുന്നു. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം, കാലം ലോകത്തിന്റെ സ്മരണമണ്ഡലത്തിൽ എന്തു മാററമാണു വരുത്തിയതെന്നു പറയുക എളുപ്പമല്ല. ഏതായാലും ഗാന്ധിജി വിസ്മരിക്കപ്പെട്ടിട്ടില്ല. മാത്രമല്ല, ഗൗരവത്തായ ജീവിതപ്രശ്നങ്ങളുടെ പരിഹാരങ്ങൾ നിർദേശിക്കുവാൻ ശ്രമിക്കുന്നവർക്കു ഗാന്ധിജിയുടെ സന്ദേശത്തിന്റെ വെളിച്ചം മുമ്പെന്നപോലെ വഴി കാണിക്കുന്നുമുണ്ട്. പ്രശ്നം വ്യക്തിജീവിതത്തിലായാലും അന്തർദേശീയ തലത്തിലായാലും ചെറുതായാലും വലുതായാലും അവിടെയൊക്കെ ഒരുത്തരം കണ്ടെത്തുവാൻ ഗാന്ധിജി നൽകുന്ന വെളിച്ചം പലപ്പോഴും സഹായമാകുമെന്നു് ഇന്നു കൂടുതൽ കൂടുതൽ അംഗീകരിക്കപ്പെടുന്നു.

ഇന്നു ലോകത്തെ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങൾ പരിശോധിച്ചാൽ അവയ്ക്കെല്ലാം യുക്തിയുക്തവും അനിഷേധ്യവും സത്യനിഷ്ഠവും മാനുഷികവുമായ പരിഹാരമാർഗ്ഗങ്ങൾ ഗാന്ധിജി കാണിച്ചുകൊടുത്തിട്ടുണ്ടു് എന്നു മനസ്സിലാകും. യുദ്ധംകൊണ്ടു യാതൊരടിസ്ഥാന പ്രശ്നങ്ങളും പരിഹരിക്കാൻ സാദ്ധ്യമാവാത്ത ഒരു ഘട്ടത്തിലാണു ലോകം ഇന്നു ചെന്നെത്തിയിരിക്കുന്നതെന്നു് യുദ്ധത്തിന്റെ പരമാചാര്യന്മാർപോലും സമ്മതിക്കുന്നു. അക്രമത്തിന്റെ മാർഗ്ഗം പ്രായോഗികമല്ലെന്നു തെളിഞ്ഞാൽ മനുഷ്യനു മനുഷ്യത്വത്തിന്റെ ശരിയായ മാർഗ്ഗത്തിലേക്കു മടങ്ങിവരാതെ സാദ്ധ്യമല്ല. സത്യാഗ്രഹമാർഗ്ഗമല്ലാതെ മറെറാരു പ്രായോഗിക മാർഗ്ഗമില്ലെന്നു ലോകം സമ്മതിക്കുന്നൊരു കാലം വളരെ വിദൂരവുമല്ല. മതത്തിന്റെ ഇടുങ്ങിയ ഭിത്തികൾക്കു പുറത്തുവരാതെ ലോകത്തിനു ഗതിയില്ലെന്നു് മനസ്സിലാക്കി മതസാഹോദര്യത്തിന്റെ മാർഗ്ഗം വെട്ടിത്തുറക്കുകയാണു് ഗാന്ധിജി ചെയ്തതു്. ജനസംഖ്യാപ്രശ്നത്തിന്റെയും സദാചാരത്തിന്റെയും മാർഗ്ഗം രണ്ടാവാൻ സാദ്ധ്യമല്ല. പ്രകൃതിയോടു് ഇണങ്ങിച്ചേർന്നു, പ്രകൃതിനിയമങ്ങളിലും ജീവിതനിയമങ്ങളിലും കൂടി പ്രകടമാകുന്ന സത്യത്തിന്റെ നിയമത്തെ അനുസരിക്കുവാനാണു് ഗാന്ധിജി മാർഗ്ഗദർശനം ചെയ്തതു്. ഇങ്ങനെയുള്ള ഗാന്ധിമാർഗ്ഗത്തിന്റെ ഉദാത്തഭാവങ്ങളെ വ്യക്തമാക്കുന്ന ഗ്രന്ഥങ്ങൾ വർഷംതോറും നൂറുകണക്കിനു ലോകസാഹിത്യഗ്രന്ഥങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടുവരുന്നു.

ശാസ്ത്രയുഗത്തിൽ ഗാന്ധിജിയുടെ പ്രസക്തി എന്തെന്നു് ഇത്തരം മഹത്ഗ്രന്ഥങ്ങളിലൂടെ ചിന്തകന്മാർ പ്രസ്പഷ്ടമാക്കിയ ഒരു കാലഘട്ടമാണു് ഈ ഇരുപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധം. അത്തരം മഹത്ഗ്രന്ഥങ്ങൾകൂടി വായിച്ചു പഠിക്കുവാൻ കേരളീയർക്കു കഴിയണം. ആ ഗ്രന്ഥങ്ങൾക്കെല്ലാം അവലംബം ഗാന്ധിജിയുടെ സ്വന്തം ലേഖനങ്ങളും പ്രസ്താവങ്ങളുമാണു്. അവയെ അടിസ്ഥാനപ്പെടുത്തിയാണു ചിന്തകന്മാർ സ്വന്തം ചിന്തകളെ വളർത്തിയിട്ടുള്ളതു്. ഗാന്ധിജിതന്നെ എഴുതിയ എല്ലാ സാഹിത്യത്തിന്റെയും സമാഹാരമാണു് ഈ സമ്പൂർണ്ണഗ്രന്ഥങ്ങൾ. സുഹൃത്തുക്കൾ ഇവയെ ഒരമൂല്യ നിധിയായി കരുതി സ്വീകരിക്കുമെന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു.

നേരത്തെ പറഞ്ഞതുപോലെ 1941-ലാണു് ഈ ഗ്രന്ഥസമുച്ചയത്തിന്റെ ഒന്നാം പതിപ്പു പ്രസിദ്ധപ്പെടുത്തിയതു്. അവ നേരത്തെ വിരളമായിത്തീർന്നിരുന്നുവെങ്കിലും ഒരു രണ്ടാം പതിപ്പിനു് ഇത്രയും വൈകി. കടലാസ് വിലയും അച്ചടിക്കൂലിയും അനുനിമിഷമെന്നപോലെ വർദ്ധിച്ചുവരുന്ന ഈ കാലത്തു് ഇത്ര മിതമായ നിരക്കിൽ ഈ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞതു് ഒരു മഹാഭാഗ്യമായി ഞങ്ങൾ കരുതുന്നു.

നിയന്ത്രിതവിലയ്ക്കു കടലാസ് അനുവദിച്ചുതന്നു് ഇന്ത്യാഗവണ്മെൻറ് സഹായിച്ചു. അങ്ങനെ മാർക്കററ് റേററിൽ, 350 ക. വില വെക്കേണ്ട ഈ ഗ്രന്ഥങ്ങൾക്കു് 175.ക വില നിശ്ചയിക്കാനും അതിൽത്തന്നെ ഭീമമായ

ഇളവു വരുത്തി പ്രിപബ്ലിക്കേഷൻ വില നിശ്ചയിക്കാനും അതുതന്നെ ഗഡുക്കളായി അടച്ചു സാധാരണക്കാർക്കുപോലും ഈ മഹത്ഗ്രന്ഥങ്ങൾ സ്വന്തമാക്കാൻ അവസരമുണ്ടാക്കാനും സാധിച്ചു. ഈ സന്ദർഭം ബഹുജനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതായി കാണുന്നതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

ഈ രണ്ടാം പതിപ്പിന്റെ അച്ചടിയുടെ ചുമതല കോട്ടയത്ത് ഡി. സി. പ്രസ്സാണ് ഏറ്റെടുത്തിട്ടുള്ളത്. ഇക്കാര്യത്തിൽ അവർ പ്രത്യേകം കൃതജ്ഞതയ്ക്ക് അർഹരാണ്.

വിതരണച്ചുമതലകളും പ്രിപബ്ലിക്കേഷൻ സംബന്ധിച്ച ഉത്തരവാദിത്തങ്ങളും കറന്റ് ബുക്സ് ഏറ്റെടുത്തു. ഈയവസരത്തിൽ അതിന്റെ ഭാരവാഹികളെയെല്ലാം ഞങ്ങൾ കൃതജ്ഞതാപൂർവം സ്മരിക്കുന്നു.


ഗാന്ധിസ്മാരക നിധി കേന്ദ്രങ്ങളും പ്രവർത്തകരും കേരള സർവോദയ സംഘത്തിലെയും ഗാന്ധി പീസ് ഫൗണ്ടേഷനിലെയും പല പ്രവർത്തകരും വലിയ താല്പര്യം കാണിക്കുകയും സഹകരിക്കുകയും ചെയ്തു. പ്രിപബ്ലിക്കേഷൻ സൗകര്യം ഉപയോഗപ്പെടുത്തി ഈ ബൃഹദ്ഗ്രന്ഥം സ്വന്തമാക്കുവാൻ ബഹുജനങ്ങളും മുന്നോട്ടു വന്നു.

എല്ലാവർക്കും കേരള ഗാന്ധിസ്മാരക നിധിയുടെ കൃതജ്ഞത രേഖപ്പെടുത്തട്ടെ.

ഗാന്ധിഭവൻ
17-12-81

**പി. ഗോപിനാഥൻ നായർ**
സെക്രട്ടറി

digitized by www .sreyas.in



മഹാത്മാഗാന്ധിയും
അതിർത്തിഗാന്ധി ഖാൻ അബ്ദുൽ ഗാഫർ ഖാനും

digitized by www .sreyas.in

ഒന്ന്

# മൗലികദർശനം

## എ. ആദ്ധ്യാത്മികാസ്പദം

1

ആദ്ധ്യാത്മികനിയമം അതിന്റേതായ ഒരു പ്രത്യേകരംഗത്തിലാണു പ്രവർത്തിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നില്ല. നേരെ മറിച്ചു ജീവിതത്തിലെ സാധാരണകർമങ്ങളിലൂടെ മാത്രമേ അതു സ്വയം പ്രകാശിപ്പിക്കുന്നുള്ളൂ. തന്നിമിത്തം സാമ്പത്തികസാമൂഹ്യരാഷ്ട്രീയരംഗങ്ങളെ അതു ബാധിക്കുന്നു.

2

ചരിത്രത്തിൽ എന്തെങ്കിലും രേഖയുള്ള കാലംമുതൽ നമ്മുടെ കാലംവരെ നാം കണ്ണോടിക്കുമെങ്കിൽ മനുഷ്യൻ അഹിംസയുടെ നേർക്കു സ്ഥിരമായി പുരോഗമിച്ചുകൊണ്ടിരുന്നതായി കാണാം. നമ്മുടെ വിദൂരസ്ഥ പൂർവികർ നരമാംസഭുക്കുകളായിരുന്നു. പിന്നെ നരമാംസഭക്ഷണം മടുത്തു്, അവർ വേട്ടയാടിപ്പിടിച്ച ജന്തുക്കളെക്കൊണ്ടു ജീവിക്കുന്ന ഒരു കാലം വന്നു. തെണ്ടിനടക്കുന്ന നായാട്ടുകാരുടെ ജീവിതം നയിക്കുന്നതിനെക്കുറിച്ചു മനുഷ്യന്നു ലജ്ജതോന്നിയ ഒരു ഘട്ടം പിന്നീടെത്തി. തന്മൂലം അവർ കൃഷി തുടങ്ങുകയും തന്റെ ഭക്ഷണത്തിനു മുഖ്യമായി ഭൂമാതാവിനെ ആശ്രയിച്ചുപോരുകയും ചെയ്തു. ഇങ്ങനെ സഞ്ചാരിയെന്ന നിലവിട്ടു് പരിഷ്കൃതമായ സുസ്ഥിരജീവിതത്തിൽ അവർ ഉറച്ചുനിൽക്കുകയും, ഗ്രാമങ്ങളും പട്ടണങ്ങളും സ്ഥാപിക്കുകയും ചെയ്തു. കുടുംബാംഗമെന്ന നിലവിട്ടു്; അവൻ സമുദായത്തിലെയും രാഷ്ട്രത്തിലെയും അംഗമായിത്തീർന്നു. ഇതെല്ലാം വർദ്ധിച്ചുവന്ന അഹിംസയുടെയും ക്ഷയിച്ചുവന്ന അഹിംസയുടെയും ലക്ഷണങ്ങളാണു്. അന്യഥാ ആയിരുന്നുവെങ്കിൽ ഇതിനകം മനുഷ്യവർഗം നശിച്ചുപോകേണ്ടതായിരുന്നു, ക്ഷുദ്രജന്തുവർഗങ്ങളും പലതും തിരോഭവിച്ചതുപോലെ.

---

1. Young India, 3–9–1925 (Sarvodaya, p. 29)
2. Harijan, 11–8–1940 (Sarvodaya, pp. 9–10)

digitized by www .sreyas.in

പ്രവാചകന്മാരും അവതാരങ്ങളും ഏറെക്കുറെ അഹിംസയുടെ പാഠംതന്നെ പഠിപ്പിച്ചിരിക്കുന്നു. അവരിൽ ആരുംതന്നെ ഹിംസ പഠിപ്പിക്കുവാൻ മുതിർന്നിട്ടില്ല. എങ്ങനെയാണു മറിച്ചാവുക? ഹിംസ പഠിപ്പിക്കപ്പെടേണ്ട ആവശ്യമില്ല. ഒരു ജന്തുവെന്ന നിലയിൽ മനുഷ്യൻ ഹിംസകനാണ്, എങ്കിലും ആത്മാവെന്ന നിലയിൽ അഹിംസകനും. അന്തര്യാമിയായ ആത്മാവിനെക്കുറിച്ചു ബോധമുണ്ടാകുന്ന നിമിഷംമുതൽ അവനു ഹിംസകനായി തുടരുക സാധ്യമല്ല. ഒന്നുകിൽ അവൻ അഹിംസയുടെ നേർക്കു പുരോഗമിക്കുന്നു; അല്ലെങ്കിൽ സ്വന്തം വിനാശത്തിലേക്കു കുതിക്കുന്നു. അതുകൊണ്ടാണു പ്രവാചകന്മാരും അവതാരങ്ങളും അഹിംസയുടെ ഗുണങ്ങളായ സത്യം, രഞ്ജന, സാഹോദര്യം, നീതി മുതലായവയുടെ പാഠങ്ങൾ പഠിപ്പിച്ചിട്ടുള്ളതു്.

മനുഷ്യജാതി ക്രമേണ അഹിംസയുടെ നേർക്കു പുരോഗമിച്ചിട്ടുണ്ടെന്നു നാം വിശ്വസിക്കുന്നുവെങ്കിൽ അതിന്റെ നേരെ ഇനിയും അതു പുരോഗമിച്ചേ തീരുവെന്നതു വ്യക്തമാണ്. ഈ ലോകത്തിൽ യാതൊന്നും നിശ്ചലമല്ല, എല്ലാം ചലനാത്മകമാണ്. പുരോഗതിയില്ലെങ്കിൽ പശ്ചാൽഗതി അനിവാര്യമാണ്.

## 3

ആത്മാവിന്റെയൊ സത്യത്തിന്റെയോ ശക്തിതന്നെയാണു സ്നേഹശക്തി. അതിന്റെ പ്രവർത്തനത്തിന്റെ തെളിവു് ഓരോ കാൽവെപ്പിലും നമുക്കുണ്ടു്. ആ ശക്തിയുടെ നിലനിൽപ്പില്ലെങ്കിൽ ഈ വിശ്വം തിരോഭവിക്കും. ആയിരക്കണക്കിൽ പോരാ പതിനായിരക്കണക്കിൽ ആളുകൾ അവരുടെ നിലനിൽപ്പിനു് ഈ ശക്തിയുടെ തുലോം സജീവമായ പ്രവർത്തനത്തെ ആശ്രയിക്കുന്നു. ലക്ഷോപലക്ഷം കുടുംബങ്ങളുടെ നിത്യജീവിതത്തിലുണ്ടാകുന്ന ചില്ലറ കലഹങ്ങൾ ഈ ശക്തിയുടെ പ്രയോഗത്തിന്റെ മുമ്പിൽ അപ്രത്യക്ഷങ്ങളാകുന്നു. നൂറുകണക്കിൽ രാഷ്ട്രങ്ങൾ ശാന്തിയിൽ ജീവിക്കുന്നു. ചരിത്രം ഈ വസ്തുത ശ്രദ്ധിക്കുന്നില്ല. അതിന്നതു സാധ്യവുമല്ല. ചരിത്രം വാസ്തവത്തിൽ സ്നേഹശക്തിയുടെ അഥവാ ആത്മശക്തിയുടെ അനുസ്യൂതപ്രവർത്തനത്തിനു സംഭവിക്കുന്ന ഓരോ തടസ്സത്തിന്റേയും രേഖയാണ്. രണ്ടു സഹോദരന്മാർ കലഹിക്കുന്നു. അവരിൽ ഒരാൾ പശ്ചാത്തപിച്ചു് , തന്നിൽ ഉറങ്ങിക്കിടന്നിരുന്ന സ്നേഹത്തെ വീണ്ടും ഉണർത്തുന്നു, രണ്ടുപേരും വീണ്ടും സമാധാനത്തിൽ ജീവിക്കാൻ തുടങ്ങുന്നു. ആരും ഇതു ശ്രദ്ധിക്കുന്നില്ല. എന്നാൽ ആ രണ്ടു സഹോദരന്മാർ വക്കീൽമാരുടെ ഇടപെടൽകൊണ്ടോ മറെറന്തെങ്കിലും കാരണംകൊണ്ടോ ആയുധമെടുക്കുകയോ

3. Hind Swaraj, ch. XVII (1908) For Pacifists, p. 7)

digitized by www .sreyas.in

മൃഗീയശക്തിയുടെ പ്രകടനത്തിന്റെ മറ്റൊരു രൂപമായ കോടതി കയറുകയോ ചെയ്താൽ, അവരുടെ പ്രവൃത്തികൾ ഉടൻ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടും, അവർ അയൽപക്കക്കാരുടെ സംഭാഷണവിഷയമായിത്തീരും, ചരിത്രത്തിൽ സ്ഥാനം നേടിയെന്നും വരും. കുടുംബങ്ങളെ സംബന്ധിച്ചും സമുദായങ്ങളെ സംബന്ധിച്ചും സത്യമായിട്ടുള്ളതു രാഷ്ട്രങ്ങളെ സംബന്ധിച്ചും സത്യമാണ്. കുടുംബങ്ങൾക്കു നിയമമൊന്ന്, രാഷ്ട്രങ്ങൾക്കു മറ്റൊന്ന് എന്നു വിശ്വസിക്കാൻ ന്യായമില്ല. പ്രകൃതിയുടെ പ്രവാഹത്തിനുണ്ടാകുന്ന വിഘ്നങ്ങളുടെ രേഖയാണ് അപ്പോൾ ചരിത്രം. ആത്മശക്തി പ്രകൃതിസിദ്ധമാകകൊണ്ടു ചരിത്രത്തിൽ ശ്രദ്ധിക്കപ്പെടുന്നില്ല.

## 4

മാർഗത്തെ വിത്തിനോടും ലക്ഷ്യത്തെ മരത്തിനോടും ഉപമിക്കാവുന്നതാണ്; വിത്തിനും മരത്തിനും തമ്മിലുള്ള അതേ അഭേദ്യബന്ധം മാർഗലക്ഷ്യങ്ങൾക്കു തമ്മിലുണ്ട്. ഈശ്വരാരാധന കൊണ്ടുണ്ടാകുന്ന ഫലം ചെകുത്താന്റെ മുമ്പിൽ നമസ്കരിച്ചാൽ എനിക്കു കിട്ടാനിടയില്ല. അതിനാൽ 'എനിക്കു ഈശ്വരനെ ആരാധിക്കണമെന്നുണ്ട്, ചെകുത്താനെക്കൊണ്ടു ഞാൻ ആ കാര്യം കഴിച്ചാലും തരക്കേടൊന്നുമില്ല' എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അതു് അറിവില്ലാത്തവന്റെ വങ്കത്തമായി കണക്കാക്കപ്പെടും. വിതച്ചതുതന്നെയാണു നാം കൊയ്യുക.

നിങ്ങളുടെ വാച്ചു തട്ടിയെടുക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ, തീർച്ചയായും ഞാൻ അതിനുവേണ്ടി പൊരുതേണ്ടിവരും. നിങ്ങളുടെ വാച്ചു വാങ്ങണമെന്നു ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനു ഞാൻ നിങ്ങൾക്കു വിലതരേണ്ടിവരും; ദാനംകിട്ടണമെന്നാണു ഞാൻ ആഗ്രഹിക്കുന്നതെങ്കിൽ ഞാൻ അതിന് അപേക്ഷിക്കേണ്ടിവരും; ഞാൻ സ്വീകരിക്കുന്ന മാർഗമനുസരിച്ച് ആ വാച്ചു മോഷ്ടിച്ച മുതലോ എന്റെ സ്വന്തം സ്വത്തോ സംഭാവനയോ ആയിരിക്കും. ഇങ്ങനെ മൂന്നു വ്യത്യസ്ത മാർഗങ്ങളിൽ മൂന്നു വ്യത്യസ്തഫലങ്ങൾ ഉളവാകുന്നതു നാം കാണുന്നു. ഇനിയും നിങ്ങൾ പറയുമോ മാർഗം നിസ്സാരമാണെന്ന്?

നമുക്കു കുറച്ചുകൂടി മുന്നോട്ടു നീങ്ങുക. നല്ലവണ്ണം ആയുധംധരിച്ച ഒരാൾ നിങ്ങളുടെ സ്വത്തു മോഷ്ടിച്ചിരിക്കുന്നു, അയാളുടെ പ്രവൃത്തിയെപ്പറ്റി ആലോചിച്ചു നിങ്ങൾ കോപാവിഷ്ടനായിരിക്കുന്നു. നിങ്ങളുടെ ഗുണത്തിനുവേണ്ടിയല്ല. നിങ്ങളുടെ അയൽവാസികളുടെ ഗുണത്തിനുവേണ്ടി ആ കള്ളനെ ശിക്ഷിക്കണമെന്നു നിങ്ങൾ വാദിക്കുന്നു. നിങ്ങൾ കുറെ ആയുധധാരികളെ ശേഖരിച്ചി

4. Hind Swaraj, (1908) ch· XVI (For Pacifists, pp· 25–26)

digitized by www .sreyas.in

ട്ടുണ്ട്; അക്രമംകൊണ്ട് അവന്റെ വീട്ട കയ്യേറണമെന്ന നിങ്ങൾ ആഗ്രഹിക്കുന്നു; യഥാകാലം അവൻ വിവരം അറിയുന്നു. അവൻ ഓടിപ്പോകുന്നു; അവനും കുപിതനായിരിക്കുന്നു. അവൻ തന്റെ കൂട്ടുകാരായ കൊള്ളക്കാരെ ശേഖരിച്ചു പട്ടാപ്പകൽ താൻ കൊള്ളനടത്തുമെന്നു ധിക്കാരപൂർവം നിങ്ങളെ അറിയിക്കുന്നു. നിങ്ങൾ ശക്തനാണ്, അവനെ നിങ്ങൾ ഭയപ്പെടുന്നില്ല, അവനെ സ്വീകരിപ്പാൻ നിങ്ങൾ സന്നദ്ധനാണ്. ഇങ്ങനെയിരിക്കെ ആ കൊള്ളക്കാരൻ നിങ്ങളുടെ അയൽവാസികളെ ഉപദ്രവിക്കുന്നു. അവർ നിങ്ങളുടെ മുമ്പിൽ പരാതിപറയുന്നു. താൻ എല്ലാം അവർക്കുവേണ്ടിയാണു ചെയ്യുന്നതെന്നും സ്വന്തം മുതൽ അപഹരിക്കപ്പെട്ടതു താൻ അത്ര സാരമായി കരുതുന്നില്ലെന്നും നിങ്ങൾ മറുപടി പറയുന്നു. ആ കൊള്ളക്കാരൻ മുമ്പൊരിക്കലും തങ്ങളെ ഉപദ്രവിച്ചിട്ടില്ലെന്നും നിങ്ങൾ അവന്റെ നേരെ ശത്രുത പ്രഖ്യാപിച്ചതിനുശേഷമാണ് അവന്റെ ദ്രോഹങ്ങൾ തുടങ്ങിയതെന്നും അയൽവാസികൾ മറുപടി പറയുന്നു. നിങ്ങൾ വിഷമഘട്ടത്തിലായി. ആ സാധുക്കളോട്ട നിങ്ങൾക്കു തികഞ്ഞ അനുതാപമുണ്ട്. അവർ പറയുന്നതു നേരാണ്. നിങ്ങളെന്താണു ചെയ്യുക? കള്ളനെ വെറുതെ വിട്ടാൽ നിങ്ങൾ അവമാനിതനാകും. തന്നിമിത്തം നിങ്ങൾ ആ സാധുക്കളോട്ട പറയുന്നു: 'സാരമില്ല, വരൂ. എന്റെ സ്വത്തു നിങ്ങളുടേതാണ്. ഞാൻ നിങ്ങൾക്ക് ആയുധങ്ങൾ തരാം. അവയെങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്നു ഞാൻ നിങ്ങളെ പഠിപ്പിക്കാം. ആ കള്ളനെ നിങ്ങൾ മർദിക്കണം. അവനെ വെറുതെ വിടരുത്.' അങ്ങനെ ആ യുദ്ധം വളരുന്നു. കൊള്ളക്കാരുടെ എണ്ണം കൂടുന്നു. നിങ്ങളുടെ അയൽവാസികൾ മനഃപൂർവം തങ്ങളെത്തന്നെ വിഷമത്തിലാക്കിയിരിക്കുകയാണ്. അപ്പോൾ കള്ളനോട്ട പ്രതികാരം ചെയ്യാൻ ആഗ്രഹിച്ചതിന്റെ ഫലം ഇതൊക്കെയാണ്: നിങ്ങൾ സ്വന്തം മനസ്സമാധാനത്തിന് ഊനം തട്ടിച്ചു; നിങ്ങളുടെ സ്വത്ത് അപഹരിക്കപ്പെടുകയും, നിങ്ങൾ ഉപദ്രവിക്കപ്പെടുകയും ചെയ്യേക്കാമെന്ന നിത്യഭയത്തിൽ നിങ്ങൾ പെട്ടു; നിങ്ങളുടെ ധൈര്യം ഭീരുതയായി മാറി. ഇതൊക്കെ ക്ഷമയോടുകൂടി പരിശോധിച്ചാൽ ഞാൻ അതിശയോക്തി പ്രയോഗിച്ചിട്ടില്ലെന്നു കാണാം. മാർഗങ്ങളിൽ ഒന്നാണ് ഇതു.

ഇനി നമുക്കു മറേറതു പരിശോധിക്കാം: ആയുധധാരിയായ ഈ കൊള്ളക്കാരനെ നിങ്ങൾ മൂഢനായ ഒരു സഹോദരനായി കരുതുന്നു. തക്കസന്ദർഭത്തിൽ അയാളുമായി ന്യായവാദം നടത്തുവാൻ നിങ്ങൾ ഉദ്ദേശിക്കുന്നു. എന്തൊക്കെയായാലും അവനൊരു സഹോദരനാണെന്നു നിങ്ങൾ വാദിക്കുന്നു. കക്കാൻ എന്താണ് അവനെ പ്രേരിപ്പിക്കുന്നതെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടാ. അതിനാൽ ആ മനുഷ്യന്റെ കക്കാനുള്ള വാസന അവസരംകിട്ടുമ്പോൾ നശി

digitized by www .sreyas.in

പ്പിക്കമെന്നു നിങ്ങഠം നിശ്ചയിക്കുന്നു. നിങ്ങളിങ്ങനെ ആലോചിച്ചുകൊണ്ടിരിക്കെ, അവൻ വീണ്ടും കക്കാൻ വരുന്നു. അവനോടു കോപം തോന്നുന്നതിനു പകരം നിങ്ങഠംക്കു് അവനോടു് അനുകമ്പ തോന്നുന്നു. കക്കുന്ന ഈ ശീലം അവന്റെ ഒരു രോഗമായിരിക്കണമെന്നു നിങ്ങഠം കരുതുന്നു. അതിനാൽ അന്നു മുതൽ നിങ്ങഠം സ്വന്തം വാതിലുകളും ജനാലകളും തുറന്നിടുന്നു. നിങ്ങഠം കിടന്നുറങ്ങുന്ന സ്ഥലം മാററുന്നു. അവനു് ഏററവും അഭിഗമ്യങ്ങളായ സ്ഥാനങ്ങളിൽ നിങ്ങളുടെ സാധനങ്ങഠം വയ്ക്കുന്നു. കള്ളൻ പിന്നേയും വരുന്നു; ഇതെല്ലാം പുതുമയാകകൊണ്ടു് അവൻ അമ്പരക്കുന്നു എന്നാലും നിങ്ങളുടെ സാധനങ്ങഠം അവൻ എടുത്തുകൊണ്ടുപോകുന്നു; പക്ഷേ, അവന്റെ മനസ്സ് പ്രക്ഷുബ്ധമായിരിക്കുന്നു. അവൻ ഗ്രാമത്തിൽ നിങ്ങളെപ്പററി അന്വേഷിക്കുന്നു നിങ്ങളുടെ വിശാലവും സ്നേഹമസൃണവുമായ ഹൃദയത്തെപ്പററി അറിയാൻ ഇടവരുന്നു; അവൻ പശ്ചാത്തപിച്ചു നിങ്ങളോടു ക്ഷമായാചനം ചെയ്യുന്നു; നിങ്ങളുടെ സാധനങ്ങഠം മടക്കിത്തരുന്നു; കളവുശീലം കൈവെടിയുന്നു. അവൻ നിങ്ങളുടെ കിങ്കരനായിത്തീരുന്നു, ഇതാണു രണ്ടാമത്തെ മാർഗം.

ഇങ്ങനെ വ്യത്യസ്തമാർഗങ്ങഠം പാടേ വ്യത്യസ്തങ്ങളായ ഫലങ്ങഠം ഉളവാക്കിയതു നിങ്ങഠം കാണുന്നു. ഇത്രയും പറഞ്ഞതിൽനിന്നു കള്ളന്മാരെല്ലാം മുകളിൽ പറഞ്ഞ മട്ടിൽത്തന്നെ പെരുമാറുമെന്നോ എല്ലാവർക്കും നിങ്ങളെപ്പോലെ അനുകമ്പയും സ്നേഹവും ഉണ്ടാകുമെന്നോ ഞാൻ അനുമാനിക്കുന്നില്ല. നല്ല മാർഗങ്ങഠംക്കു മാത്രമേ നല്ല ഫലങ്ങഠം ഉളവാക്കുവാൻ കഴികയുള്ളുവെന്നും, എല്ലാ സംഗതികളിലുമില്ലെങ്കിലും ഭൂരിപക്ഷം സംഗതികളിലെങ്കിലും സ്നേഹാനുതാപങ്ങളുടെ ശക്തി ആയുധശക്തിയേക്കാഠം എത്രയോ അധികമാണെന്നും കാണിപ്പാനേ ഞാൻ ആഗ്രഹിക്കുന്നുള്ളു. മൃഗീയശക്തിയുടെ പ്രയോഗത്തിൽ ആപത്തുണ്ടു്; അനുകമ്പയുടേതിൽ ഒരിക്കലുമില്ല.

## ബി. അഹിംസ

### 5

ഞാനൊരു സ്വപ്നോപജീവിയല്ല. ഒരു പ്രായോഗികാദർശവാദിയാണു ഞാനെന്നു ഞാൻ അവകാശപ്പെടുന്നു. അഹിംസാധർമം ഋഷിമാർക്കും പുണ്യവാളന്മാർക്കും മാത്രമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. സാമാന്യജനങ്ങഠംക്കുംകൂടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണതു്. അഹിംസ നമ്മുടെ വർഗധർമമാണു്, ഹിംസ മൃഗധർമമാണെന്നു

5. Young India, 11–8–1920 (For Pacifists, P. 4.)

digitized by www .sreyas.in

പോലെ. മൃഗത്തിൽ ആത്മശക്തി സുപ്താവസ്ഥയിൽ കിടക്കുകയാണ്. കായികശക്തിയുടേതല്ലാത്ത മറെറാരു ധർമവും അവന് (മൃഗത്തിന്) അറിഞ്ഞുകൂടാ. കൂടുതൽ സമുൽകൃഷ്ടമായ ഒരു ധർമത്തെ ആത്മശക്തി അനുസരിക്കൽ മനുഷ്യൻെറ അന്തസ്സിനാവശ്യമാണ്.

തന്നിമിത്തം ആത്മത്യാഗമാകുന്ന പ്രാചീനധർമം ഇന്ത്യയുടെ മുമ്പാകെ വയ്ക്കുവാൻ ഞാൻ ധൈര്യപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ സത്യഗ്രഹവും അതിൻെറ ശാഖകളായ നിസ്സഹകരണവും സഹനസമരവും ക്ലേശാനുഭവധർമത്തിൻെറ പുതിയ നാമധേയങ്ങളല്ലാതെ മറെറാന്നുമല്ല. ഹിംസയുടെ നടുക്ക് അഹിംസാധർമം കണ്ടുപിടിച്ച ഋഷിമാർ ന്യൂട്ടനേക്കാരം മികച്ച പ്രതിഭാശാലികളായിരുന്നു. അവർ തന്നെ വെല്ലിംഗ്ടനേക്കാരം മികച്ച യോദ്ധാക്കളുമായിരുന്നു. ആയുധപ്രയോഗം സ്വയം അറിഞ്ഞിരുന്നതുകൊണ്ട്, അവർ അതിൻെറ നിഷ്പ്രയോജനത മനസ്സിലാക്കുകയും പരിക്ഷാന്തമായ ഒരു ലോകത്തിനു് അതിൻെറ മോചനം ഹിംസയിലൂടെയല്ല; അഹിംസയിലൂടെയാണു തരപ്പെടുകയെന്നു പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു.

അഹിംസയ്ക്ക് അതിൻെറ പ്രവർത്തനാത്മകമായ അവസ്ഥയിൽ ബോധപൂർവമായ ക്ലേശസഹനം എന്നാണർത്ഥം. ദുഷ്കർമ്മിയുടെ ഇഷ്ടത്തിനു ദുർബലമായി വഴങ്ങുകയെന്നല്ല, ദുശ്ശാസനം നടത്തുന്നവൻെറ ഇച്ഛയ്ക്കെതിരെ ഒരുവൻെറ ആത്മശക്തി മുഴുവൻ പ്രയോഗിക്കുകയെന്നാണ് അതിനർത്ഥം. നമ്മുടെ അസ്തിത്വത്തിൻേറതായ ഈ ധർമമനുസരിച്ചു പ്രവർത്തിച്ചാൽ നീതികെട്ട ഒരു സാമ്രാജ്യത്തിൻെറ മുഴുവൻശക്തിയേയും ധിക്കരിക്കുവാൻ, തൻെറ അഭിമാനത്തേയും മതത്തേയും ആത്മാവിനെയും രക്ഷിക്കുവാൻ ഒററപ്പെട്ട ഒരു വ്യക്തിക്കുപോലും സാധ്യമാണ്.

## 6

അഹിംസ, അതു ചിത്രീകരിക്കപ്പെട്ടിട്ടുള്ളതുപോലെ പ്രാകൃതമായ ഒന്നല്ല. യാതൊരു ജീവിയേയും ഉപദ്രവിക്കാതിരിക്കൽ അഹിംസയുടെ ഒരു ഭാഗമാണെന്നതിനു സംശയമില്ല. പക്ഷേ, അതു് അതിൻെറ ഏററവും ലഘുവായ ഭാവമാണ്. ഓരോ ദുഷ്ടവിചാരംകൊണ്ടും, അമിതമായ അനവധാനതകൊണ്ടും, അസത്യവാദംകൊണ്ടും, വിദ്വേഷംകൊണ്ടും, ആർക്കെങ്കിലും അശുഭം നേരുന്നതുകൊണ്ടും അഹിംസാതത്വം ഭഞ്ജിക്കപ്പെടുന്നു. ലോകത്തിന്നെന്താവശ്യമുണ്ടോ അതു നാം അടക്കിവയ്ക്കുന്നതുകൊണ്ടും അതു ഭഞ്ജിക്കപ്പെടുന്നു.

6. From Yaravda Mandir, (1930) Sarvodaya, pp. 8–9

digitized by www .sreyas.in

7

അഹിംസ ജീവിതനിയമമായി സ്വീകരിക്കപ്പെട്ടുകഴിഞ്ഞാൽ അതു നമ്മുടെ സത്തയിൽ മുഴുവൻ വ്യാപിക്കണം; അങ്ങിങ്ങു ചില കർമ്മങ്ങളിൽ മാത്രം പ്രയോഗിച്ചാൽ പോരാ. ഒരു നിയമം വ്യക്തികൾക്കു വേണ്ടത്രേ നല്ലതായിരിക്കെ മനുഷ്യജാതിക്കു പൊതുവേ അപ്രകാരമല്ലെന്നു വിചാരിക്കുന്നതു ഭീമാബദ്ധമാണ്.

8

അഹിംസ വ്യക്തിയുടേതു മാത്രമായ ഒരു സദാചാരമല്ലെന്നു ഞാൻ വിശ്വസിക്കുന്നു. മററു സദാചാരങ്ങളെപ്പോലെ വളർത്തിക്കൊണ്ടുവരേണ്ടതായ ഒരു സാമൂഹ്യസദാചാരംകൂടിയാണതു്. തീർച്ചയായും സമൂഹം അതിന്റെ പരസ്പരവ്യാപാരങ്ങളിൽ അഹിംസാപ്രകടനംകൊണ്ടാണു മിക്കവാറും നിയന്ത്രിക്കപ്പെടുന്നതു് ഞാൻ ആവശ്യപ്പെടുന്നതു കൂടുതൽ വിശാലമായ ദേശീയവും അന്താരാഷ്ട്രീയവുമായ തോതിൽ അതിനെ വ്യാപിപ്പിക്കണമെന്നാണ്.

## സി. സത്യം

9

നമ്മുടെ പ്രവർത്തനങ്ങളെല്ലാം സത്യത്തിൽ കേന്ദ്രീകരിച്ചിരിക്കണം, സത്യമായിരിക്കണം നമ്മുടെ പ്രാണവായു. തീർത്ഥാടകന്റെ പുരോഗതിയിൽ ഈ ഘട്ടം എത്തിക്കഴിഞ്ഞാൽ സുബദ്ധമായ ജീവിതത്തിന്റെ മററെല്ലാ നിയമങ്ങളും നിഷ്പ്രയാസം വന്നുചേരുകയും, അവയെ അനുസരിക്കൽ സ്വാഭാവികമായിത്തീരുകയും ചെയ്യും. എന്നാൽ സത്യംകൂടാതെ ജീവിതത്തിനു ഏതെങ്കിലും തത്ത്വങ്ങളോ നിയമങ്ങളോ അനുഷ്ഠിക്കുക സാധ്യമല്ല.

സത്യമാണ് ഈശ്വരന്റെ ശരിയായ നാമധേയം. അതിനാൽ സ്വന്തം വെളിച്ചമനുസരിച്ച് ഓരോരുത്തനും സത്യത്തെ അനുസരിക്കുന്നതിൽ തെററൊന്നുമില്ല; എന്നല്ല അങ്ങനെ ചെയ്യേണ്ടതു് അവന്റെ കടമയുമാണ്. എന്നാൽ സത്യത്തെ അനുസരിക്കുന്നവന്റെ ഭാഗത്തു് എന്തെങ്കിലും തെററുണ്ടെങ്കിൽ അതു തനിയെ ശരിപ്പെട്ടുകൊള്ളും. എന്തുകൊണ്ടെന്നാൽ സത്യാന്വേഷണത്തിൽ തപസ്സ് ആത്മപീഡനം, ഉൾപ്പെടുന്നു—ചിലപ്പോൾ മരണപര്യന്തമുള്ളതുപോലും. സ്വാർത്ഥത്തിന്റെ കണികപ്പോലും അതിൽ സ്ഥാനമുണ്ടാകാൻ തരമില്ല. ഇത്തരം നിസ്വാർത്ഥമായ സത്യാന്വേഷണത്തിൽ ആർക്കും ഏറെനാൾ നിലതെററുകയില്ല. തെററായ വഴിയിൽ കടന്നാൽ ഉടനെ അവൻ ഇടറിവീഴുകയായി. അങ്ങനെ ശരിയായ വഴിയിലേക്കു തിരിച്ചുവിടപ്പെടുന്നു.

7. Harijan, 5–9–1936 (Sarvodaya, p.9)
8. Harijan, 7–1–1939 (Sarvodaya, p. 59)
9. From Yaravda Mandir (1930) Sarvodaya, p.8)

digitized by www .sreyas.in

## ഡി. വർഗസമരത്തിൻേറയും സംഘട്ടനത്തിൻേറയും നിരസനം

### 10

സമാധാനനീതിയിന്മേൽ ഉറപ്പിക്കപ്പെട്ട എല്ലാവരുടേയും മൗലികാവകാശങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടു കമ്മ്യൂണിസം രൂപപ്പെടുത്തുവാൻ കഴിവുള്ള ഇന്ത്യയുടെ ആന്തരപ്രകൃതിക്കു നിരക്കാത്തതാണ് വർഗസമരം. എൻെറ ഭാവനയിലുള്ള രാമരാജ്യം രാജാവിൻെറയും യാചകൻെറയും അവകാശങ്ങളെ ഒരുപോലെ സംരക്ഷിക്കുന്നു.

എൻെറ സ്വാധീനശക്തിയുടെ കനം മുഴുവൻ ഞാൻ വർഗസമരത്തിന്നെതിരെ പ്രയോഗിക്കുമെന്നു നിങ്ങൾക്കു ഉറച്ചിരിക്കാം.

നമ്മുടേതിൽനിന്നു മൗലികമായി വ്യത്യസ്തങ്ങളായ ചില ധാരണകളിൽ അടിയുറപ്പിക്കപ്പെട്ടവയാണു പാശ്ചാത്യരുടെ സോഷ്യലിസവും കമ്മ്യൂണിസവും. ഈ ധാരണകളിലൊന്നു മനുഷ്യപ്രകൃതിയുടെ സഹജമായ സ്വാർത്ഥതൽപരതയിൽ അവക്കുള്ള വിശ്വാസമാണ്. ഞാനിതിനോടു യോജിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ മനുഷ്യനും മൃഗത്തിനും തമ്മിലുള്ള പ്രധാന വ്യത്യാസം തന്നിലുള്ള ആത്മാവിൻെറ വിളി കേൾക്കാനും മൃഗങ്ങളോടൊപ്പം തനിക്കുമുള്ള വികാരങ്ങളിൽനിന്നും തന്നിമിത്തം മൃഗപ്രകൃതിക്കു ചേർന്നതും മനുഷ്യൻെറ അനശ്വരാത്മാവിന്നു ചേരാത്തതുമായ സ്വാർത്ഥത്തിൽനിന്നും ഹിംസയിൽനിന്നും ഉയർന്നുനിൽക്കുവാനും മനുഷ്യനു കഴിയുമെന്നതാണെന്ന് എനിക്കറിയാം. ഇതാണു ഹിന്ദുമതത്തിലെ മൗലികാശയം; ഈ സത്യത്തിൽ എത്തിച്ചേരാൻവേണ്ടിച്ചെയ്ത ചിരകാലതപസ്സിൻേറയും വ്രതങ്ങളുടേയും ചരിത്രം അതിൻെറ പുറകിലുണ്ട്. അതുകൊണ്ടാണ് ആത്മതത്ത്വാന്വേഷത്തിനുവേണ്ടി കായക്ലേശങ്ങൾ സഹിക്കുകയും ജീവൻ വെടിയുകയും ചെയ്ത മഹർഷിമാർ നമുക്കുണ്ടായത്. തന്നിമിത്തം നമ്മുടെ സോഷ്യലിസം അഥവാ കമ്മ്യൂണിസം അഹിംസയിന്മേൽ, തൊഴിലാളിയും മുതലാളിയും തമ്മിലും ജന്മിയും കുടിയാനും തമ്മിലും ഉള്ള സ്വരച്ചേർച്ചയോടുകൂടിയ സഹകരണത്തിന്മേൽ അടിയുറപ്പിക്കപ്പെട്ടതാകണം.

### 11

*'ജന്മികളേയും മുതലാളിമാരേയും ജനതതിയുടെ സേവനത്തിനായി ഉപയോഗപ്പെടുത്തുവാൻ എനിക്കാഗ്രഹമുണ്ട്. ജനതതിയുടെ താൽപര്യങ്ങളെ നാം മുതലാളിമാക്കായി ബലികഴിക്കരുത്.

---

10. അമൃതബസാർ പത്രിക, 2-8-1934 (Sarvodaya, p. 94.)
11. അമൃതബസാർ പത്രിക, 3-8-1934 (Sarvodaya, pp. 96-98.)
* വിദ്യാർത്ഥികൾ ഉന്നയിച്ച ഒരു ചോദ്യത്തിനുത്തരമായി ഗാന്ധിജി പറഞ്ഞത്.

digitized by www .sreyas.in

അവരുടെ കളി നാം കളിക്കരുതു്. ജനതതിയുടെ സേവനത്തിനായി സ്വന്തം ലാഭങ്ങരം വിട്ടുകൊടുക്കുവാനുള്ള അവരുടെ പ്രാപ്തിക്കനുസരിച്ചു നാം അവരെ വിശ്വസിക്കണം. ഉൽകൃഷ്ടതരമായ അർത്ഥന ഏശാത്തവരല്ല അവർ. ദയയോടുകൂടിപ്പറഞ്ഞ വാക്കു് അവർ ചെവിക്കൊള്ളുമെന്നതു് എന്റെ നിത്യാനുഭവമാണു്. നാം അവരുടെ വിശ്വാസം നേടുകയും അവക്കു സൈ്വരം കൊടുക്കുകയും ചെയ്താൽ ക്രമേണ തങ്ങളുടെ സമ്പത്തു ജനങ്ങരംക്കു അധികമധികം പങ്കിടുവാൻ മടിയുള്ളവരല്ല അവരെന്നു നമുക്കു കാണാം.

മാത്രമല്ല, ജനങ്ങളുമായി താദാത്മ്യം പ്രാപിക്കുവാൻ നാം എന്തൊക്കെച്ചെയ്തിട്ടുണ്ടെന്നു നാം നമ്മോടുതന്നെ ചോദിച്ചുനോക്കേണ്ടതുമുണ്ടു്. അലയടിച്ചേറുന്ന ജനകോടികളും നാമും തമ്മിലുള്ള വിടവു നാം നികത്തിയിട്ടുണ്ടോ? സ്ഫടികഗൃഹങ്ങളിൽ പാർക്കുന്ന നാം കല്ലെറിയാതിരിക്കുക. ജനതതിയുടെ ജീവിതത്തിൽ നിങ്ങരം എത്രകണ്ടു പങ്കുകൊള്ളുന്നുണ്ടു്? എന്നെ സംബന്ധിച്ചേടത്തോളം ഇന്നും അതൊരഭിലാഷം മാത്രമാണെന്നു ഞാൻ തുറന്നു സമ്മതിക്കുന്നു. ഏതൊരുതരം ജീവിതരീതികരംക്കു മുതലാളിമാർ കുപ്രസിദ്ധരാണെന്നു നാം പറയുന്നുവോ, അവ മുഴുവൻ നാം തന്നെ ഉപേക്ഷിച്ചിട്ടില്ല.

വർഗസമരമെന്ന ആശയം എനിക്കു പിടിക്കുന്നില്ല. അഹിംസാസന്ദേശം നാം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ,വർഗസമരം ഇന്ത്യയിൽ കൂടിയേ കഴിയൂ എന്നുള്ളതല്ലെന്നു മാത്രമല്ല, കൂടാതെ കഴിക്കാവുന്നതുമാണു്. അനിവാര്യമെന്ന നിലയ്ക്കു വർഗസമരത്തെപ്പററി പറയുന്നവർ ഒന്നുകിൽ അഹിംസയുടെ അന്തരാർത്ഥങ്ങരം മനസ്സിലാക്കിട്ടില്ല. അല്ലെങ്കിൽ അവയെ തൊലിപ്പുറമെയേ ധരിച്ചിട്ടുള്ളൂ.

പാശ്ചാത്യരാജ്യങ്ങളിൽനിന്നു് ഇറക്കുമതിചെയ്ത പ്രലോഭനീയങ്ങളായ മുദ്രാവാക്യങ്ങരം കേട്ടു് നാം ഭ്രമിക്കാതിരിക്കുക. നമ്മുടെ പ്രത്യേകമായ പൗരസ്ത്യപാരമ്പര്യം നമുക്കില്ലേ? മുതലാളിതൊഴിലാളിപ്രശ്നത്തിനു നമ്മുടേതായ ഒരു പരിഹാരം കണ്ടെത്തുവാൻ നമുക്കു കഴിവില്ലേ? ഉയർന്നവരും താഴ്ന്നവരും തമ്മിലും അതുപോലെ മുതലാളിയും തൊഴിലാളിയും തമ്മിലും ഉള്ള വ്യത്യാസം മൈത്രീപൂർവം പരിഹരിക്കാനുള്ള ഒരു ഉപായമല്ലാതെ മറെറന്താണു വർണാശ്രമം? ഈ വിഷയം സംബന്ധിച്ചു പാശ്ചാത്യരാജ്യങ്ങളിൽനിന്നു വരുന്നതെല്ലാം ഹിംസയാകുന്ന ബ്രഷ്കൊണ്ടു കരിപൂശിയവയാണു്. ഈ വഴിയുടെ അവസാനത്തിൽ കിടക്കുന്ന നാശം കണ്ടിട്ടുള്ളതുകൊണ്ടാണു ഞാനിതിനെ എതിർക്കുന്നതു്. പാശ്ചാത്യരാജ്യങ്ങളിൽപോലും ചിന്താശീലം അധികമുള്ളവർ ഏതൊരു നാശഗർത്തത്തിലേക്കാണോ അവരുടെ ഈ സമ്പ്രദായം കുതിക്കുന്നതു് അതിന്റെ വക്കത്തു് അമ്പരന്നുനിൽക്കുകയാണു് ഇന്നു്. ഹിംസയുടേതും ചൂഷണത്തിന്റേതുമായ വിഷമവലയത്തിൽനിന്നു് ഒരു

digitized by www .sreyas.in

മോചനം വാഗ്ദാനം ചെയ്യുന്ന ഒരു പരിഹാരം കണ്ടുപിടിക്കുവാനുള്ള എന്റെ അവിരത പരിശ്രമമാണു പാശ്ചാത്യരാജ്യങ്ങളിൽ എനിക്കു വല്ല സ്വാധീനശക്തിയുമുണ്ടെങ്കിൽ അതിനു കാരണം. പാശ്ചാത്യ സാമൂഹ്യക്രമം ദാക്ഷിണ്യപൂർവം പഠിച്ചുകൊണ്ടിരിക്കുന്ന ഒരുവനാണ് ഞാൻ; തൽഫലമായി പാശ്ചാത്യരുടെ ആത്മാവിൽ നിറഞ്ഞു നിൽക്കുന്ന ജ്വരത്തിന്നടിയൽ അശ്രാന്തമായ സത്യാന്വേഷണമുണ്ടെന്നു ഞാൻ കണ്ടെത്തിയിരിക്കുന്നു. ആ സത്യശക്തിയെ ഞാൻ വിലമതിക്കുന്നു. ശാസ്ത്രീയജിജ്ഞാസയോടു കൂടി നമുക്കു പൗരസ്ത്യസ്ഥാപനങ്ങളെ പഠിക്കുക; എന്നാൽ ലോകം ഇന്നേവരെ സ്വപ്നം കണ്ടതിനേക്കാളും യഥാർത്ഥമായ ഒരു സോഷ്യലിസവും കമ്മ്യൂണിസവും നമുക്കു വളർത്തിക്കൊണ്ടുവരാം. വൻതോതിലുള്ള ദാരിദ്ര്യത്തിന്റേതായ പ്രശ്നം സംബന്ധിച്ച അവസാനവാക്കാണു പാശ്ചാത്യസോഷ്യലിസമോ കമ്മ്യൂണിസമോ എന്നു കരുതുന്നതു തീർച്ചയായും തെറ്റാണ്.

## 12

(ഒരു) വർഗത്തെ (മറ്റൊരു) വർഗത്തിനെതിരായി നിർത്തുകയെന്നതല്ല, തൊഴിലാളിക്കു തൊഴിലിന്റെ മാന്യതയെക്കുറിച്ചു ബോധമുണ്ടാവാൻ വേണ്ട ശിക്ഷണം നൽകുകയെന്നതാണു പ്രശ്നം. എന്തൊക്കെപ്പറഞ്ഞാലും പണക്കാർ ലോകത്തിൽ വളരെ വളരെ ചെറിയൊരു വിഭാഗമാണ്. തൊഴിലാളി അവന്റെ ശക്തി മനസ്സിലാക്കുകയും എന്നിട്ടു സത്യസന്ധമായി പെരുമാറുകയും ചെയ്താൽ ഉടനെ അവരും (പണക്കാരും) സത്യസന്ധതയോടെ പ്രവർത്തിക്കും. തൊഴിലാളികളെ പണക്കാരുടെ നേരെ ഇളക്കിവിടുകയെന്നതിനർത്ഥം വർഗവിദ്വേഷവും അതിൽനിന്നുണ്ടാകുന്ന എല്ലാ ദുഷ്ഫലങ്ങളും എന്നെന്നും നിലനിർത്തുകയെന്നാണ്. എന്തുചെയ്തും വർജിക്കപ്പെടേണ്ടതായ ഒരു വിഷമവലയമാണ് ആ കലഹം. അതൊരു ദൗർബല്യസമ്മതമാണ്—അധമബോധത്തിന്റെ ലക്ഷണം. തൊഴിലാളി തന്റെ അന്തസ്സു മനസ്സിലാക്കുന്ന അതേ നിമിഷത്തിൽ പണം അതിന്റെ ശരിയായ സ്ഥാനം കണ്ടെത്തിക്കൊള്ളും—അതായതു് അതു തൊഴിലാളിക്കുവേണ്ടി ട്രസ്റ്റ് മുതലെന്ന നിലയിൽ സൂക്ഷിക്കപ്പെടും. എന്തുകൊണ്ടെന്നാൽ പണത്തേക്കാൾ ശ്രേഷ്ഠമാണ് തൊഴിൽ.

## 13

മുതലാളിമാരെ തങ്ങളുടെ ശത്രുക്കളായി കരുതുവാൻ ജനതതികളെ ഞാൻ പഠിപ്പിക്കുന്നില്ല; എന്നാൽ അവർതന്നെയാണ് അവരുടെ ശത്രുക്കളെന്നു ഞാൻ അവരെ പഠിപ്പിക്കുന്നു.

12. Harijan, 16–10–1945 (Sarvodaya, p. 96)
13. Young India, 56–11–1931 (Sarvodaya, p. 6)

digitized by www .sreyas.in

## ഇ. പരിഷ്കാരത്തിൻെറയും പുരോഗതിയുടെയും അർത്ഥം

14

സാമ്പത്തികപുരോഗതി യഥാർത്ഥ പുരോഗതിക്കു പ്രതിബന്ധമാകാറുണ്ടോ? സാമ്പത്തിക പുരോഗതിക്കു നാം ഉദ്ദേശിക്കുന്ന അർത്ഥം അളവററ ഭൗതികാഭിവൃദ്ധിയെന്നാണെന്നു ഞാൻ കരുതുന്നു. യഥാർത്ഥ പുരോഗതിക്കു ഉദ്ദേശിക്കുന്ന അർത്ഥം ധാർമ്മികപുരോഗതിയെന്നും. ഇതുതന്നെയാണു നമ്മളിലുള്ള ശാശ്വതാംശത്തിൻെറ പുരോഗതി. അതുകൊണ്ടു് ഈ കാര്യം ഇങ്ങനെ പറയാം: ഭൗതികപുരോഗതിയുടെ അതേ തോതിൽ ധാർമ്മികപുരോഗതി വർധിക്കുന്നില്ലേ? ഇതു് ഇപ്പോൾ നമ്മുടെ മുമ്പിലുള്ളതിനേക്കാൾ വിശാലമായ ഒരു പ്രമേയമാണെന്നു് എനിക്കറിയാം. എങ്കിലും ചെറിയതു നിർദേശിക്കുമ്പോൾപോലും നാം എപ്പോഴും വലിയതിനെയാണു് ഉദ്ദേശിക്കുന്നതെന്നു വിചാരിക്കുവാൻ ഞാൻ ധൈര്യപ്പെടുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ ഈ ദൃശ്യപ്രപഞ്ചത്തിൽ പരിപൂർണവിശ്രാന്തി അല്ലെങ്കിൽ വിശ്രമം എന്നൊന്നില്ലെന്നു ഗ്രഹിക്കത്തക്ക ശാസ്ത്രജ്ഞാനം നമുക്കുണ്ടു്. അതിനാൽ ഭൗതികപുരോഗതി ധാർമ്മികപുരോഗതിക്കു പ്രതികൂലമാകുന്നില്ലെങ്കിൽ അതു രണ്ടാമതു പറഞ്ഞതിനെ സഹായിച്ചേ തീരൂ. കൂടുതൽ വിശാലമായ പ്രമേയത്തെ നീതീകരിക്കാൻ കഴിയാത്തവർ തങ്ങളുടെ വാദം ഉന്നയിക്കാൻ ഉപയോഗിക്കുന്ന വികൃതരീതികൊണ്ടു നാം സംതൃപ്തരാകാനും പാടില്ല. ദിവസേന ഒരു നേരത്തെ ഭക്ഷണംകൊണ്ടു ജീവിക്കുന്നവരെന്നു പരേതനായ സർ വില്യം വിൽസൺ ഹണ്ടർ വിവരിച്ചിട്ടുള്ള ഇന്ത്യയിലെ 300 ലക്ഷം ജനങ്ങളുടെ വ്യക്തമായ ഉദാഹരണത്താൽ വലയിതരാണു് അവരെന്നു തോന്നുന്നു. അവരുടെ(300 ലക്ഷത്തിൻെറ) ധാർമ്മികക്ഷേമത്തെപ്പററി ആലോചിക്കുവാനോ പറയുവാനോ കഴിയുന്നതിനുമുമ്പു് അവരുടെ ദൈനംദിനാവശ്യങ്ങൾ നാം നിറവേററണമെന്നു് ഇക്കൂട്ടർ പറയുന്നു. അവരെ (300 ലക്ഷത്തെ) സംബന്ധിച്ചിടത്തോളം ഭൗതിക പുരോഗതിയാണു ധാർമ്മിക പുരോഗതിയെന്നും ഇവർ പറയുന്നു. പിന്നെ പെട്ടെന്നൊരു ചാട്ടം ചാടുകയാണു്. 300 ലക്ഷത്തെക്കുറിച്ചു് എന്തു സത്യമാണോ അതു വിശ്വത്തെക്കുറിച്ചു മുഴുവൻ സത്യമാണു്. ദുർഘടമായ കാര്യങ്ങൾ അബദ്ധനിയമങ്ങളെയുണ്ടാക്കുന്നുവെന്നു് അവർ മറന്നുകളയുന്നു. അവരുടെ ഈ അനുമാനം എത്രയേറെ അപഹാസ്യമാണെന്നു ഞാൻ നിങ്ങളോടു പറയേണ്ട ആവശ്യമില്ല. ചതച്ചരയ്ക്കുന്ന ദാരിദ്ര്യം ധാർമ്മികാധഃപത

---

14. ഗാന്ധിജിയുടെ പ്രസംഗങ്ങളിൽനിന്നും ലേഖനങ്ങളിൽനിന്നും. പ്രസാധകന്മാർ, നടേശൻ, 4-ാം പതിപ്പ്, 1915 ഡിസംബർ 22–ാം തീയതി അലഹബാദിലെ മുയർസെൻട്രൽ കോളേജിലെ ആത്മികസമാജത്തിൽവച്ചു ഗാന്ധിജിചെയ്ത പ്രസംഗം.

digitized by www .sreyas.in

നത്തിലേക്കല്ലാതെ മറെറന്തിലേക്കെങ്കിലും നയിക്കുമെന്നു് ആരും ഒരിക്കലും സൂചിപ്പിച്ചിട്ടില്ല. ഓരോ മനുഷ്യനും ജീവിക്കാൻ അവകാശമുണ്ടു്; തന്നിമിത്തം ഉണ്ണാനും ഉടുക്കാനും പാർക്കാനുമുള്ള വക കണ്ടുപിടിക്കുന്നതിനും, ഈ ലഘുവായ കാര്യത്തിനു നമുക്കു് അർത്ഥശാസ്ത്രജ്ഞന്മാരുടെയോ അവരുടെ നിയമങ്ങളുടെയോ സഹായം ആവശ്യമില്ല.

ലോകത്തിലെ മിക്കവാറും എല്ലാ മതഗ്രന്ഥങ്ങളിലും പ്രതിധ്വനിക്കുന്ന അനുശാസനമാണു് നാളെയെപ്പററി ചിന്തിക്കരുതു് എന്നതു്. സുവ്യവസ്ഥിതങ്ങളായ എല്ലാ സമുദായങ്ങളിലും ഒരുത്തൻെറ ഉപജീവനമാർഗം നേടുകയെന്നതു് ലോകത്തിൽവച്ചു് ഏററവും എളുപ്പമുള്ള പണിയായിരിക്കണം, അങ്ങനെയാണു കാണുന്നതും. എന്നല്ല ഒരു രാജ്യത്തിലെ സുവ്യവസ്ഥയുടെ ലക്ഷണം അതിലെ കോടീശ്വരന്മാരുടെ എണ്ണമല്ല. ജനങ്ങളുടെ പട്ടിണിയില്ലായ്മയാണു്. ഭൗതികപുരോഗതിയുടെ അർത്ഥം ധാർമികപുരോഗതിയെന്നാണെന്ന വാദം ലോകത്തിനു മുഴുവൻ ബാധകമായ ഒരു നിയമമായി നിർദേശിക്കാമോ എന്നതിനെക്കുറിച്ചു മാത്രമേ ഇവിടെ പര്യാലോചിക്കേണ്ടതുള്ളു.

അതിനാൽ, നമുക്കു് ഏതാനും ഉദാഹരണങ്ങൾ എടുക്കുക. റോമിനു ധാർമികാധഃപതനം സംഭവിച്ചതു് അതു മികച്ച ഭൗതികാഭിവൃദ്ധി പ്രാപിച്ച കാലത്താണു്. ഈജിപ്തിനും അങ്ങനെതന്നെ. എന്തെങ്കിലും ചരിത്രരേഖകളുള്ള മിക്ക രാജ്യങ്ങളുടെയും കഥ ഇതുതന്നെ. രാജകീയവും ദൈവികവുമായ ശക്തിയുണ്ടായിരുന്ന കൃഷ്ണൻെറ പിന്തുടർച്ചക്കാരും ബന്ധുക്കളും നശിച്ചു. അവർ സമൃദ്ധിയിൽ കിടന്നുരുളുന്നകാലത്തുതന്നെ. റോക്ഫെല്ലർമാർക്കും കാർണിഗിമാർക്കും സാമാന്യസദാചാരമില്ലെന്നു നാം പറയാറില്ല. പക്ഷേ, ദാക്ഷിണ്യത്തോടുകൂടിയാണു് നാം അവരെപ്പററി അഭിപ്രായപ്പെടാറുള്ളതു്; അതായതു് ഏററവും ഉയർന്ന സദാചാരനിയമങ്ങൾ അവർ അനുസരിക്കണമെന്നു് നാം പ്രതീക്ഷിക്കുകതന്നെ ചെയ്യാറില്ല. അവരെ സംബന്ധിച്ചിടത്തോളം ഭൗതികപുരോഗതി എന്നു വച്ചാൽ ധാർമികപുരോഗതി തന്നെയാണെന്നുവന്നിട്ടില്ല. തെക്കേ ആഫ്രിക്കയിൽ നമ്മുടെ രാജ്യക്കാരായ അനേകായിരം ആളുകളുമായി അടുത്തിടപെടാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ടു്; അവിടെ അവർക്കു് ധനം കൂടുന്തോറും ധർമക്ഷയവും കൂടുകയാണെന്നു് ഞാൻ മിക്കവാറും നിത്യേന കണ്ടുകൊണ്ടിരുന്നു. സത്യാഗ്രഹമാകുന്ന ധാർമികസമരത്തെ ഏററവും മിതമായ ഭാഷയിൽ പറഞ്ഞാൽ, ദരിദ്രർ ചെയ്തതുപോലെ ഒരൊററ പണക്കാരനും സഹായിച്ചിട്ടില്ല. പണക്കാരുടെ ആത്മാഭിമാനബോധം പരമദരിദ്രരുടേതുപോലെ വ്രണപ്പെട്ടില്ല. അപകടംപിടിച്ച സ്ഥലത്തു് കാൽവയ്ക്കുന്നതിൽ എനിക്കു ഭയമുണ്ടായിരുന്നില്ലെങ്കിൽ; ഇന്നാട്ടിലെ സ്ഥിതിയെത്തന്നെ അടിസ്ഥാനമാക്കി, സമ്പത്തു് യഥാർത്ഥ പുരോഗ

digitized by www .sreyas.in

ത്തിക പ്രതിബന്ധമാണെന്ന ഞാൻ തെളിയിക്കും. അർത്ഥശാസ്ത്ര ത്തെ സംബന്ധിച്ചിടത്തോളം ആധുനിക പാഠപുസ്തകങ്ങളെക്കാൾ എത്രയോ അധികം അനപായങ്ങളും ആരോഗ്യകരങ്ങളും ലോക ത്തിലെ മതഗ്രന്ഥങ്ങളാണെന്ന കരുതുവാൻ ഞാൻ ധൈര്യപ്പെടുന്നു. ഈ രാത്രി നാം സ്വയം ചോദിക്കുന്ന ചോദ്യം പുത്തനായ ഒന്നല്ല. രണ്ടായിരം കൊല്ലം മുൻപ് ഇതു് യേശുവിനോട് ചോദിക്കുകയു ണ്ടായി. ആ രംഗം വിശുദ്ധ മർക്കൊസ് വ്യക്തമായി വർണിച്ചി ട്ടുണ്ടു്. യേശു തന്റെ ഉദാത്തമായ ഭാവത്തിൽ ഇരിക്കുകയാണു്. അദ്ദേഹം ഗൗരവനിഷ്ഠനാണു്. നിത്യതയെപ്പററി അദ്ദേഹം സം സാരിക്കുന്നു. തന്റെ ചുററുപാടുമുള്ള ലോകം അദ്ദേഹത്തിനറിയാം. തന്റെ കാലത്തെ ഏററവും മികച്ച അർത്ഥശാസ്ത്രജ്ഞൻ അദ്ദേഹം തന്നെയാണു്. സ്ഥലകാലങ്ങൾ മിതമായി വിനിയോഗിക്കുന്ന തിൽ അദ്ദേഹം വിജയിച്ചു. അദ്ദേഹം അവസ്ഥ അതീതനായി നിലകൊണ്ടു. ഇങ്ങനെ പരമൗന്നത്യം പ്രാപിച്ച അദ്ദേഹത്തി ന്റെ അടുത്താണു് ഒരുത്തൻ ഓടിയെത്തി മുട്ടുകുത്തി ചോദിക്കുന്ന തു്: 'നല്ലവനായ ഗുരോ, അനശ്വരജീവന്നു് അവകാശിയായി ത്തീരാൻ എന്താണു ഞാൻ ചെയ്യേണ്ടതു്?' യേശു അവനോട് പറ ഞ്ഞു: 'നീയെന്തിനാണു് എന്നെ നല്ലവനെന്ന വിളിക്കുന്നതു്? ഒരുത്തനല്ലാതെ നല്ലവനായിട്ടു് ആരുമില്ല. അതു് ഈശ്വരനാണു്. നിനക്കു കല്പനകൾ അറിയാം. വ്യഭിചരിക്കരുതു്, കക്കരുതു്, കൊല്ലരുതു്, കള്ളസാക്ഷി പറയരുതു്, വഞ്ചിക്കരുതു്, നിന്റെ അച്ഛനെയും അമ്മയെയും ബഹുമാനിക്കണം.' അപ്പോൾ അവൻ അദ്ദേഹത്തോട് മറുപടി പറഞ്ഞു: 'ഇതൊക്കെ ചെറുപ്പം മുതൽക്കേ ഞാൻ അനുഷ്ഠിക്കുന്നുണ്ടു്.' അപ്പോൾ യേശു അവനെ നോക്കുകയും സ്നേഹിക്കുകയുംചെയ്തു പറഞ്ഞു: 'ഒരുകാര്യം നിനക്കു കുറവുണ്ടു്. നീ തിരിച്ചുപോയി നിനക്കുള്ളതെല്ലാം വിററു ദരിദ്രക്കു കൊടുത്താ ലും. എന്നാൽ നിനക്കു സ്വർഗരാജ്യത്തിൽ നിധിയുണ്ടാവും. വരൂ; ഈ കുരിശെടുത്തു് എന്നെ പിന്തുടർന്നാലും.' ആ മൊഴി കേട്ടു് അവനു് ദുഃഖമുണ്ടായി. സങ്കടംപൂണ്ടു് അവൻ പോയി; എന്തുകൊണ്ടെന്നാൽ അവനു വളരെ സമ്പത്തുണ്ടായിരുന്നു. യേശു ചുററും നോക്കി തന്റെ ശിഷ്യന്മാരോട് പറഞ്ഞു: 'സമ്പത്തുള്ളവനു ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ എങ്ങനെ തരപ്പെടും!' അദ്ദേഹ ത്തിന്റെ ഈ വാക്കുകൾ കേട്ടു് ശിഷ്യന്മാർ അത്ഭുതപ്പെട്ടു. എന്നാൽ യേശു വീണ്ടും അവരോട് പറഞ്ഞു: 'സമ്പത്തുകളിൽ വിശ്വസിക്കു ന്നവക്കു് ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതു് എത്ര ദുഷ്കരമാ ണു്. ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുകയെന്നതിനെ ക്കാൾ എളുപ്പമാണു് ഒരൊട്ടകം ഒരു സൂചിക്കുഴയിലൂടെ കടന്നുപോ വുക എന്ന കാര്യം.' ഇംഗ്ളീഷ്ഭാഷയ്ക്കു് ആവിഷ്കരിക്കുവാൻ കഴിയുന്നതിൽവച്ചു് ഏററവും വിശിഷ്ടങ്ങളായ വാക്കുകളിൽ പറയ പ്പെട്ട ഒരു ശാശ്വത ജീവിതനിയമമാണിതു്. പക്ഷേ, ആ ശിഷ്യ

digitized by www .sreyas.in

ന്മാർ തലകുലുക്കി അവിശ്വാസം പ്രകടിപ്പിച്ചു. നാം ഇന്നും ചെയ്യുന്നതുപോലെ. നാം ഇന്നും പറയുന്നതുപോലെ അവർ അദ്ദേഹത്തോടു പറഞ്ഞു: 'എന്നാൽ നോക്കൂ, ഈ നിയമം അനുഷ്ഠാനത്തിൽ പരാജയപ്പെടുകയാണ്. എല്ലാം വിററു് ഞങ്ങൾക്കൊന്നുമില്ലാതായാൽ ഞങ്ങൾക്കു ഭക്ഷിക്കാനൊന്നുമുണ്ടാവുകയില്ല. ഞങ്ങൾക്കു പണം വേണം, അല്ലെങ്കിൽ സാമാന്യനിലയിൽ സദാചാരനിഷ്ഠരാകാൻപോലും ഞങ്ങൾക്കാവില്ല.' ഇങ്ങനെ തങ്ങളുടെ കാര്യം അവർ പറയുന്നു, എന്നിട്ടു് നിലവിട്ടമ്പരന്നു് അവർ പരസ്പരം പറയുന്നു: 'എന്നാൽ പിന്നെ ആരെയാണു രക്ഷിക്കാൻ കഴിയുക!' അപ്പോൾ യേശു അവരെ നോക്കിപ്പറഞ്ഞു; 'മനുഷ്യർക്കു് ഇതസാധ്യമാണ്.' എന്നാൽ ഈശ്വരനല്ല. കാരണം ഈശ്വരനെല്ലാം സാധ്യമാണ്.' അപ്പോൾ പീററർ അദ്ദേഹത്തോടു പറയാൻ തുടങ്ങി: 'ഇതാ എല്ലാം ഉപേക്ഷിച്ചു് ഞങ്ങൾ അവിടത്തെ പിന്തുടർന്നിരിക്കുന്നു.' യേശു മറുപടി പറഞ്ഞു: 'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു—എനിക്കുവേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ, വീടിനെയോ സഹോദരീസഹോദരന്മാരേയോ, മാതാപിതാക്കളെയോ; ഭാര്യാസന്താനങ്ങളെയോ; ഭൂമിയേയോ വെടിഞ്ഞവരിൽ ഇന്നു്, ഇപ്പോൾ നൂറിരട്ടി വീടുകളേയും, സഹോദരീസഹോദരന്മാരെയും, മാതാപിതാക്കളെയും; ഭൂമിയേയും വരാൻപോകുന്ന ലോകത്തിൽ അനശ്വരജീവിതത്തെയും കിട്ടാത്തവരായി ആരുംതന്നെയില്ല. എന്നാൽ ആദ്യത്തിലുള്ള പലരും അവസാനത്തിലാകും. അവസാനത്തിലുള്ളവർ ആദ്യത്തിലും.' ധർമ്മം അനുഷ്ഠിച്ചതിന്റെ ഫലം—സമ്മാനമെന്ന വാക്കാണു് നിങ്ങൾക്കു് അധികം ഇഷ്ടമെങ്കിൽ അതു് ഇവിടെ കാണാം, ഹിന്ദുക്കളുടേതല്ലാത്ത മററു പ്രസിദ്ധ മതഗ്രന്ഥങ്ങളിൽനിന്നു് ഇത്തരം വരികൾ പകർത്തുവാൻ ഞാൻ മെനക്കെട്ടിട്ടില്ല. യേശു ഉപദേശിച്ച ധർമ്മത്തിനു് ഉപോൽബലകമായി നമ്മുടെ സ്വന്തം മഹർഷിമാരുടെ വചനങ്ങൾ; ഒരുപക്ഷേ. ബൈബിളിൽനിന്നു ഞാൻ എടുത്തുകാണിച്ചവയെക്കാൾ ശക്തിയേറിയ വചനങ്ങൾ, ഉദ്ധരിച്ചു് നിങ്ങളെ ഞാൻ അവമാനിക്കുകയില്ല. നമ്മുടെ മുമ്പാകെയുള്ള പ്രശ്നത്തിന്റെ സുവ്യക്തമായ ഉത്തരത്തിനു താങ്ങായി കാണിക്കാവുന്നതിൽവച്ചു് ഒരുപക്ഷേ, ഏററവും ബലംകൂടിയ തെളിവു് ലോകത്തിലെ ആചാര്യവര്യന്മാരുടെ ജീവിതങ്ങളാണ്. യേശു, മൊഹമ്മദ്, ബുദ്ധൻ, നാനാക്ക്, കബീർ. ചൈതന്യൻ, ശങ്കരൻ, ദയാനന്ദൻ, രാമകൃഷ്ണൻ—ഇവരെല്ലാം അനേകായിരം ആളുകളുടെമേൽ സ്വാധീനത പ്രയോഗിച്ചവരും അവരുടെ സ്വഭാവം കരുപ്പിടിപ്പിച്ചവരുമായിരുന്നു. അവർ ജീവിച്ചതുകൊണ്ടു് ഈ ലോകം ധന്യതരമായിരിക്കുന്നു. മനഃപൂർവം ദാരിദ്ര്യം വരിച്ചവരായിരുന്നു അവരെല്ലാം. ആധുനികഭൗതികാഭ്യുദയത്തെ നാം നമ്മുടെ ലക്ഷ്യമാക്കിയേടത്തോളം പുരോഗതിയുടെ മാർഗത്തിൽ നാം

digitized by www .sreyas.in

അധഃപതിക്കുകയാണു ചെയ്തിട്ടുള്ളതെന്നു് ഞാൻ വിശ്വസിച്ചിരുന്നില്ലെങ്കിൽ, ഈ കാര്യം ഇത്ര വിസ്തരിച്ചു് ഇവിടെ പ്രതിപാദിക്കുമായിരുന്നില്ല. ഞാൻ പറഞ്ഞ അർത്ഥത്തിലുള്ള സാമ്പത്തികപുരോഗതി യഥാർത്ഥ പുരോഗതിയുടെ ശത്രുവാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇതുകൊണ്ടാണു സമ്പത്തു വർദ്ധിപ്പിക്കുന്ന പരിശ്രമങ്ങൾ ചുരുക്കുകയെന്നതു പണ്ടത്തെ സമ്പ്രദായമായിത്തീർന്നതു്. എല്ലാ ഭൗതികവിജിഗീഷകൾക്കും ഇതറുതിവരുത്തുകയില്ല, ധനാർജ്ജനം ജീവിതലക്ഷ്യമാക്കിയവർ, എന്നും ഉണ്ടായിരുന്നതുപോലെ, മേലിലും ഉണ്ടാവും നമ്മുടെയിടയിൽ. എങ്കിലും ആദർശത്തിൽനിന്നുള്ള വീഴ്ചയാണു് അതെന്നു് നാം എന്നും സമ്മതിച്ചുപോന്നിട്ടുണ്ടു്. സ്വേച്ഛയാ നിർദ്ധനരായിരിക്കലാണു് കൂടുതൽ ഉയർന്ന നിലയെന്നു നമ്മുടെയിടയിടലുള്ള ധനാഢ്യർക്ക പലപ്പോഴും തോന്നിട്ടുള്ളതു് രസാവഹമായ ഒരു സംഗതിയത്രേ. ഈശ്വരനെയും ധനദേവതയെയും ഒരേസമയത്തു സേവിക്കാനാവില്ലെന്നതു് അതിപ്രധാനമായ ഒരു സാമ്പത്തിക പരമാത്ഥമാണു്. ഏതെങ്കിലുമൊന്നു നാം തെരഞ്ഞെടുത്തേ തീരൂ. ഭൗതികവാദമാകുന്ന അസുരന്റെ കാലടിക്കീഴിൽ കിടന്നു ചതഞ്ഞരയുകയാണു് ഇന്നു് പാശ്ചാത്യരാഷ്ട്രങ്ങൾ. അവരുടെ ധാർമിക ജീവിതം മുരടിച്ചിരിക്കുന്നു. അവർ പുരോഗതിയളക്കുന്നതു് പവൻ, ഷില്ലിംഗ്, പെനി കണക്കിലാണു്. അമേരിക്കൻ സമ്പത്തായിരിക്കുന്നു ഇന്നത്തെ മാനദണ്ഡം. അവൾ മററു രാഷ്ട്രങ്ങളുടെ അസൂയാപാത്രമായിരിക്കുന്നു. നാം അമേരിക്കയുടേതുപോലെ സമ്പത്തു നേടുകയും പക്ഷേ, അതിന്റെ പ്രവർത്തനരീതികൾ ഉപേക്ഷിക്കുകയും ചെയ്യുമെന്നു നമ്മുടെ നാട്ടുകാരിൽ പലരും പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്. ഇത്തരമൊരു ശ്രമം എന്നെങ്കിലും ചെയ്തുനോക്കിയാൽ പരാജയത്തിലേ പരിണമിക്കു എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഒരേസമയത്തു വിവേകിയും സൗമ്യനും ക്രൂദ്ധനുമായിത്തീരാൻ നമ്മെക്കൊണ്ടാവില്ല. ലോകത്തിൽ ധാർമികമായി മികച്ചു നിൽക്കുവാൻ നമ്മുടെ നേതാക്കന്മാർ നമ്മെ പഠിപ്പിക്കേണ്ടതാണെന്നു ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യം ഒരുകാലത്തു് ഈശ്വരന്മാരുടെ നിവാസസ്ഥാനമായിരുന്നെന്നു പറയപ്പെടുന്നു. മിക്കവാറും ലക്ഷ്യബോധമില്ലാത്തവരും, സ്വബോധമില്ലാത്തവരും, പെട്ടികളിൽ കുത്തിനിറച്ച മത്തിപോലെ അസുഖകരമായ വിധം തള്ളിക്കയററിയതുകൊണ്ടു ശുണ്ഠി മാറാത്തവരും തനി അപരിചിതരുടെ ഇടയിൽപ്പെട്ടതുകൊണ്ടു തരംകിട്ടിയാൽ അവരെപ്പിടിച്ചു പുറംതള്ളുന്നവരും, പകരം അവരാൽ പുറംതള്ളപ്പെടുന്നവരും ആയ ആളുകളെക്കൊണ്ടു നിറഞ്ഞ എണ്ണമററ വണ്ടികളെ വലിച്ചുകൊണ്ടു കുതിച്ചുപായുന്ന യന്ത്രശകടങ്ങൾ ഓടുന്ന റോഡുകളോടുകൂടിയതും' മില്ലുകളിലെ പുകക്കുഴലുകളിലേയും യന്ത്രശാലകളിലെയും പുകകൊണ്ടും ബഹളംകൊണ്ടും ഭയാനകമാക്കപ്പെട്ടതും ആയ ഒരു രാജ്യത്തെ ഈശ്വരന്മാർ അധിവ

digitized by www .sreyas.in

സിക്കമെന്ന വിചാരിക്കുക സാധ്യമല്ല. ഇതൊക്കെ ഞാനിവിടെ പറഞ്ഞതു് ഇവയെല്ലാം ഭൗതികപുരോഗതിയുടെ ചിഹ്നങ്ങളായി കരുതപ്പെടുന്നതുകൊണ്ടാണു്. എങ്കിലും ഇതൊന്നും പരമാണുവോളം സൗഖ്യം വർദ്ധിപ്പിക്കുന്നില്ല. മഹാശാസ്ത്രജ്ഞനായ വാല്ലസ് തൻെറ സുചിന്തിതാഭിപ്രായമായി പറഞ്ഞിട്ടുള്ളതു് ഇതാണു്:

'സാമാന്യനൈതിക പരിഗണനകളും ധാരണകളും സദാചാരത്തിൻെറ സ്വീകൃതമാനദണ്ഡവും ഇവയുടെ ഫലമായുണ്ടായ പെരുമാററവും പണ്ടു് ഇന്നുള്ളവയെക്കാൾ ഒട്ടുംതന്നെ താഴെയായിരുന്നില്ലെന്നു ഭൂതകാലത്തുനിന്നും നമുക്കു കിട്ടിയ രേഖകളിൽ ഏററവും പഴക്കമുള്ളവ തെളിയിക്കുന്നു.'

സാമ്പത്തികാഭിവദ്ധി നേടിയ ഇംഗ്ലിഷുജനതയുടെ നില പിന്നീടു് കുറെ അദ്ധ്യായങ്ങളിലായി അദ്ദേഹം പറയുന്നു:

'സമ്പത്തിൻെറ സത്വരവികാസവും പ്രകൃതിയുടെമേൽ നമുക്കുള്ള ആധിപത്യത്തിൻെറ വളർച്ചയും നമ്മുടെ പ്രാകൃതപരിഷ്കാരത്തിനു് നമ്മുടെ ഇന്നത്തെ ഉപരിപ്ളവമായ ക്രിസ്തുമതത്തിനു് അമിതഭാരമായിത്തീർന്നിരിക്കുന്നു; മിക്കവാറും ഇത്രതന്നെ അത്ഭുതാവഹവും അഭൂതപൂർവവുമായ പലതരം സാമൂഹ്യദുരാചാരങ്ങളും ഇവയോടൊന്നിച്ചു സംഭവിച്ചിട്ടുമുണ്ടു്.'

സ്ത്രീപുരുഷന്മാരുടെയും കുട്ടികളുടെയും ശവങ്ങളിന്മേൽ ഫാക്ടറികൾ പൊന്തിവന്നതും സമ്പത്തു വർദ്ധിക്കുന്തോറും രാജ്യത്തിൻെറ സദാചാരം ക്ഷയിച്ചതും പിന്നീടു് അദ്ദേഹം എടുത്തുകാണിക്കുന്നു. അശുചി, ജീവൻ നശിപ്പിക്കുന്ന തൊഴിലുകൾ, മായംചേർക്കൽ, കൈക്കൂലി, ചൂതുകളി—ഇവയെ ഉദാഹരിച്ചാണു് അദ്ദേഹം ഇതു തെളിയിച്ചിട്ടുള്ളതു്. സാമ്പത്തികാഭിവൃദ്ധിയോടുകൂടി നീതിദുഷ്ടമായതും, മദ്യപാനംകൊണ്ടും ആത്മഹത്യകൾകൊണ്ടും മരണങ്ങൾ വർദ്ധിച്ചതും, അകാലപ്രസവങ്ങളുടെയും ജന്മസിദ്ധവൈകല്യങ്ങളുടെയും ശരാശരി കൂടിവന്നതും, വ്യഭിചാരം ഒരു സ്ഥാപനമായിത്തീർന്നതും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. അർത്ഥഗർഭങ്ങളായ ഈ അഭിപ്രായങ്ങളോടുകൂടിയാണു് അദ്ദേഹം തൻെറ പരിശോധന ഉപസംഹരിക്കുന്നതു്:

'വിവാഹമോചനക്കോടതികളിലെ നടപടികൾ സ്വത്തിൻെറയും ഒഴിവുസമയത്തിൻെറയും ഫലങ്ങളുടെ മററു വശങ്ങളെ വ്യക്തമാക്കുന്നുണ്ടു്. ഏറെക്കാലം ലണ്ടൻസമുദായത്തിൽ കഴിച്ചുകൂട്ടിയ ഒരു സുഹൃത്തു് എനിക്കു് ഉറപ്പുതരികയുണ്ടായി, നാട്ടിൻപുറത്തും ലണ്ടനിലും പലതരം പേക്കൂത്തുകളും കൂടക്കൂടെ കാണാമെന്നു്; ഏററവും ദുർവൃത്തരായ ചക്രവർത്തിമാരുടെ കാലത്തുപോലും ഇവയിൽ കവിഞ്ഞൊന്നും സംഭവിക്കുക സാദ്ധ്യമായിരുന്നില്ല. യുദ്ധത്തെക്കു

റിച്ചും ഞാൻ ഒന്നും പറയേണ്ട ആവശ്യമില്ല, റോമൻസാമ്രാജ്യത്തിന്റെ ഉദയം മുതൽ ഏറക്കുറെ ഇതെന്നും മാറാതെയുണ്ട്. എങ്കിലും ഇന്ന പരിഷ്കൃതജനങ്ങൾക്കിടയിൽ യുദ്ധത്തോട് ഒരനിഷ്ടം നിസ്സംശയം കാണാം. എന്നാലും ആയുധങ്ങളുടെ വമ്പിച്ച ഭാരവും സമാധാനത്തിനുവേണ്ടിയുള്ള വെറും പ്രഖ്യാപനങ്ങളും ഭരണാധിപവർഗങ്ങൾക്കിടയിൽ മാർഗദർശകതത്വമെന്ന നിലയിൽ സദാചാരത്തിന്റെ അഭാവത്തെയാണ തെളിയിക്കുന്നതെന്ന് കരുതേണ്ടിയിരിക്കുന്നു.'

ബ്രിട്ടീഷ് ആധിപത്യത്തിൻകീഴിൽ നാം പലതും പഠിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥ സദാചാരത്തെ സംബന്ധിച്ചിടത്തോളം ബ്രിട്ടനിൽനിന്ന നമുക്ക് ഏറെയൊന്നും പഠിക്കാനില്ലെന്നും നാം മനസ്സിരുത്താത്ത പക്ഷം ബ്രിട്ടൻ ഏതെല്ലാം ദുർവൃത്തികളുടെ ഇരയായിത്തീർന്നുവോ അവയെല്ലാം നമ്മളും നടപ്പിൽവരുത്തുമെന്നുമാണ് എന്റെ ഉറച്ച വിശ്വാസം. നമ്മുടെ പരിഷ്കാരത്തെയും സദാചാരങ്ങളെയും നേരെനിർത്തിയെങ്കിൽമാത്രമേ ആ ബന്ധംകൊണ്ട ലാഭമുണ്ടാക്കാൻ നമുക്ക കഴിയൂ, അതായത് ശ്രേയസ്കരമായിരുന്ന നമ്മുടെ ഭൂതകാലത്തെക്കുറിച്ച് ഊററംകൊള്ളുന്നതിനുപകരം ആ പ്രാചീനധാർമികചൈതന്യത്തെ നാം സ്വന്തം ജീവിതത്തിൽ പ്രകടിപ്പിച്ചാൽമാത്രം. നമ്മുടെ അഭിമാനത്തിന നമ്മുടെ ജീവിതം സാക്ഷ്യം വഹിക്കട്ടെ. എന്നാൽ ബ്രിട്ടനും നമുക്കുതന്നെയും നാം ഗുണം ചെയ്യും. ഭരണാധികാരികളെ തരുന്നുവെന്ന കാരണംകൊണ്ട് നാം ആ രാജ്യത്തെ അനുകരിച്ചാൽ അവർക്കും നമുക്കും അധഃപതനം സംഭവിക്കും. ആദർശങ്ങളെക്കുറിച്ചോ അവ അനുഷ്ഠാനത്തിൽ കൊണ്ടുവരുന്നതിനെക്കുറിച്ചോ നാം ഭയപ്പെടേണ്ടതില്ല. സ്വർണത്തെക്കാളേറെ സത്യവും, അധികാരൈശ്വര്യങ്ങളുടെ പ്രതാപത്തേക്കാളേറെ നിർഭയത്വവും, സ്വാർത്ഥത്തെക്കാളേറെ ദാനശീലവും നാം എന്ന കാണിക്കുന്നുവോ, അന്നേ നമ്മുടേത് ഒരു ആദ്ധ്യാത്മിക രാഷ്ട്രമായിത്തീരുകയുള്ളൂ. നമ്മുടെ ഗൃഹങ്ങളിൽനിന്നും കൊട്ടാരങ്ങളിൽനിന്നും ക്ഷേത്രങ്ങളിൽനിന്നും സമ്പത്തിന്റെ ചിഹ്നങ്ങൾ നീക്കംചെയ്ത് സദാചാരത്തിന്റെ ചിഹ്നങ്ങൾ അവയിൽ കാണിക്കുവാൻ നമുക്ക കഴിയുമെങ്കിൽ ശത്രുശക്തികളുടെ ഏതു സമൂഹത്തോടും കനത്ത സേനയുടെ ഭാരം വഹിക്കാതെതന്നെ നമുക്ക യുദ്ധം ചെയ്യാം. ദൈവത്തിന്റെ രാജ്യവും അദ്ദേഹത്തിന്റെ ധർമവും നാം തേടുക. എന്നാൽ എല്ലാം നമ്മിൽ വന്നുചേരുമെന്നാണ് അലംഘനീയവാഗ്ദാനം. ഇതാണ് യഥാർത്ഥമായ അർത്ഥശാസ്ത്രം. നിങ്ങളും ഞാനും ഇതു സൂക്ഷിച്ചുവച്ചു നമ്മുടെ നിത്യജീവിതത്തിൽ പ്രയോഗിക്കുമാറാകട്ടെ!

digitized by www .sreyas.in

## 15

വായനക്കാരൻ: പരിഷ്കാരം എന്ന ശബ്ദംകൊണ്ട് എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നതെന്ന് ഇപ്പോൾ നിങ്ങൾ വ്യക്തമാക്കേണ്ടതായി വരും.

പത്രാധിപർ: ഞാനെന്തു് ഉദ്ദേശിക്കുന്നു എന്നതിനെ സംബന്ധിച്ചുള്ള ഒരു കാര്യമല്ല അതു്. പരിഷ്കാരമെന്ന പേരിൽ അറിഞ്ഞുവരുന്നതെന്തോ അതിനെ പരിഷ്കാരമെന്നു വിളിക്കാൻ പല ഇംഗ്ലീഷുകാരും കൂട്ടാക്കുന്നില്ല. ആ വിഷയത്തെക്കുറിച്ചു വളരെ പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. പരിഷ്കാരത്തിന്റെ തിന്മകളിൽനിന്നു രാജ്യത്തെ രക്ഷിക്കുവാൻ പല സംഘങ്ങളും രൂപവൽക്കരിക്കപ്പെട്ടിട്ടുണ്ട്. *'പരിഷ്കാരം: അതിന്റെ നിദാനവും ചികിത്സയും' എന്ന പേരിൽ പ്രശസ്തനായ ഒരിംഗ്ളീഷുഗ്രന്ഥകാരൻ ഒരു പുസ്തകമെഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം അതിനെ ഒരു രോഗമെന്നാണു വിളിക്കുന്നതു്.

വായനക്കാരൻ: എന്തുകൊണ്ടാണ് സാമാന്യമായി ഇതു നാം അറിയാത്തതു്?

പത്രാധിപർ: ഉത്തരം വളരെ ലഘുവാണ്. തങ്ങൾക്കെതിരായിത്തന്നെ വാദിക്കുന്ന ആളുകളെ നാം വളരെ വിരളമായിട്ടേ കാണാറുള്ളു. നവീന പരിഷ്കാരംകൊണ്ടു മദോന്മത്തരായവർ അതിനെതിരായി എഴുതാനിടയില്ല. അതിനനുകൂലമായ വസ്തുതകളും വാദങ്ങളും കണ്ടുപിടിക്കുവാനായിരിക്കും അവരുടെ ശ്രമം; ഇതു ബോധപൂർവമല്ലാതെ അവർ ചെയ്യുന്നു, ശരിയാണെന്നു വിശ്വസിച്ചുകൊണ്ട്. സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന ഒരാൾ, സ്വപ്നം കണ്ടുകൊണ്ടിരിക്കെ അതിൽ വിശ്വസിക്കുന്നു; ഉറക്കത്തിൽനിന്നു് ഉണർത്തപ്പെടുമ്പോൾമാത്രമേ അയാൾ മോഹമുക്തനാകുന്നുള്ളു. പരിഷ്കാരമാകുന്ന ശാപത്തിൽ കുടുങ്ങിയവൻ സ്വപ്നം കാണുന്നവനെപ്പോലെയാണ്. നാം സാധാരണ വായിക്കാറുള്ളതു് നവീന പരിഷ്കാരത്തെ നീതീകരിക്കുന്നവർ എഴുതിയ കൃതികളാണ്. അതിന്റെ അനുയായികളിൽ വളരെ ബുദ്ധിമാന്മാരുണ്ട്. വളരെ നല്ലവർപോലും കുറച്ചുണ്ട്. അവരുടെ (നവീനപരിഷ്കാരത്തെ നീതീകരിക്കുന്നവരുടെ) കൃതികൾ നമ്മെ വശീകരിക്കുന്നു. ക്രമേണ ആ ചുഴിയിലേക്കു നാം ഓരോരുത്തരായി വലിച്ചിഴക്കപ്പെടുന്നു.

വായനക്കാരൻ: ഇതു പുറമെ വളരെ ശരിയായിത്തോന്നുന്നു. ഈ പരിഷ്കാരത്തെപ്പററി നിങ്ങൾ വായിച്ചതിനെയും ചിന്തിച്ചതിനെയുംപററി ഇനി വല്ലതും എന്നോടു പറയാമോ?

---

15. ഹിന്ദ്സ്വരാജ് അഥവാ ഇൻഡ്യൻ സ്വയംഭരണം (1908) പേജ്, 34-38)

* 'Civilization: Its Cause and Cure'

digitized by www .sreyas.in

പത്രാധിപർ: ഏതു സ്ഥിതിവിശേഷത്തെയാണ് 'പരിഷ്കാരം' എന്ന വാക്കുകൊണ്ട് വർണിക്കുന്നതെന്ന് നമുക്ക് ആദ്യം പരിശോധിക്കുക. അതിൽ ജീവിക്കുന്നവർ ശാരീരികക്ഷേമത്തെ ജീവിതലക്ഷ്യമാക്കുന്നുവെന്നതാണ് അതിൻെറ മുഖ്യലക്ഷണം.

നമുക്കു ചില ഉദാഹരണങ്ങളെടുക്കാം. യൂറോപ്പിലെ ജനങ്ങൾ ഇന്ന് അവർ നൂറുകൊല്ലം മുമ്പു താമസിച്ചിരുന്നവരെക്കാൾ നന്നായി പണിചെയ്ത വീടുകളിലാണു താമസിക്കുന്നത്. ഇതു പരിഷ്കാരത്തിൻെറ ഒരു മുദ്രയായിട്ടാണു കരുതപ്പെടുന്നത്. ഇതു ശരീരസുഖം വർദ്ധിപ്പിക്കുന്ന ഒരു കാര്യവുമാണ്. പണ്ട് അവർ തോലാണു ധരിച്ചിരുന്നത്. കുന്തങ്ങളാണ് ആയുധങ്ങളായി ഉപയോഗിച്ചിരുന്നത്. ഇപ്പോൾ അവർ നീണ്ട കാലുറകൾ ധരിക്കുന്നു, ശരീരം അലങ്കരിക്കാനായി പലതരം ഉടുപ്പുകൾ വേറെയും ധരിക്കുന്നു. കുന്തങ്ങൾക്കു പകരമാകട്ടെ അഞ്ചോ ആറോ അറകളുള്ള കൈത്തോക്കുകൾ കൊണ്ടുനടക്കുന്നു. ഇതുവരെ അധികം ഉടുപ്പുകളും ബൂട്സും മററും ധരിക്കാത്ത ഏതെങ്കിലും രാജ്യത്തിലെ ജനങ്ങൾ യൂറോപ്യൻ ഉടുപ്പുകൾ സ്വീകരിച്ചാൽ അവർ കാടത്തംവിട്ട് പരിഷ്കൃതരായിത്തീർന്നതായി കരുതപ്പെടുന്നു. പണ്ട് യൂറോപ്പിൽ ജനങ്ങൾ നിലം ഉഴുതിരുന്നത് മുഖ്യമായി ശരീരപ്രയത്നംകൊണ്ടാണ്. ഇന്ന് ആവിയെഞ്ചിനുകൾകൊണ്ട് ഒരാൾക്കു വളരെയേറെ നിലം ഉഴുവാനും, അങ്ങനെ വളരെ ധനം സമ്പാദിക്കുവാനും കഴിയും. ഇതു പരിഷ്കാരമാണെന്നു പറയുന്നു. പണ്ടു കുറച്ചുപേർ വിലപ്പെട്ട ഗ്രന്ഥങ്ങൾ എഴുതിപ്പോന്നു. ഇന്ന് ഏതൊരാൾക്കും അയാൾക്കു തോന്നിയതെല്ലാം എഴുതി അച്ചടിച്ചു ജനങ്ങളുടെ മനസ്സിൽ വിഷം ചെലുത്തുന്നു. പണ്ട് ആളുകൾ കുതിരവണ്ടികളിലാണു യാത്ര ചെയ്തിരുന്നത്. ഇന്ന് അവർ തീവണ്ടികളിൽ ദിവസേന നാനൂറോ അതിലധികമോ ദൂരം പായുന്നു. ഇതു പരിഷ്കാരത്തിൻെറ അത്യുന്നതനിലയായി കരുതപ്പെടുന്നു. മനുഷ്യർ പുരോഗമിക്കുംതോറും ആകാശക്കപ്പലുകളിൽ സഞ്ചരിച്ച് അല്പം മണിക്കൂറുകൾകൊണ്ട് ലോകത്തിൻെറ ഏതു ഭാഗത്തും എത്താൻ കഴിയുമെന്നു പറയുന്നു. മനുഷ്യർക്ക് അവരുടെ കൈകാലുകളുടെ ഉപയോഗം ആവശ്യമുണ്ടാവില്ല. അവർ ഒരു ബട്ടൻ അമർത്തും; അപ്പോൾ അവരുടെ വസ്ത്രങ്ങൾ അടുത്തെത്തും. വേറൊരു ബട്ടൻ അമർത്തും അപ്പോൾ അവരുടെ വർത്തമാനപ്പത്രം കിട്ടും, മൂന്നാമതൊന്ന്. അപ്പോൾ മോട്ടോർ കാർ അവരെ കാത്തുനില്ക്കുന്നുണ്ടാവും. ഹൃദ്യമായി പാകം ചെയ്ത പലതരം ഭക്ഷണസാധനങ്ങൾ അവർക്കുണ്ടാവും. എല്ലാം യന്ത്രം ചെയ്യും. പണ്ടു ജനങ്ങൾ പരസ്പരം പൊരുതാൻ ആഗ്രഹിച്ചാൽ, അവർ പരസ്പരം ശരീരബലമാണ് പരീക്ഷിച്ചുനോക്കിയിരുന്നത്, ഇന്നു ഒരു കുന്നിൻമുകളിൽ ഒരു തോക്കിൻെറ പിന്നിൽനിന്നു പ്രവർത്തിക്കുന്ന ഒരാൾക്ക് അനേകായിരംപേരുടെ ജീവനൊടുക്കാൻ കഴിയും.

digitized by www .sreyas.in

ഇതു പരിഷ്കാരമാണ്. പണ്ടു് ആളുകരം തുറന്ന സ്ഥലത്തു നിന്നു തങ്ങരംക്കിഷ്ടമുള്ളേടത്തോളമേ പണിയെടുത്തിരുന്നുള്ളു. ഇന്നു് അനേകായിരംപേർ ഒന്നിച്ചുചേർന്നു് ജീവിതോപായത്തിനുവേണ്ടി ഫാക്ടറികളിലും ഖനികളിലും പണിയെടുക്കുന്നു. അവരുടെ സ്ഥിതി മൃഗങ്ങളുടേതിനെക്കാരം മോശമാണ്. കോടീശ്വരന്മാരുടെ ഗുണത്തിനുവേണ്ടി ഏററവും അപകടംപിടിച്ച ജോലികളിൽ സ്വന്തം ജീവൻ ആപത്തിലാക്കി പ്രവർത്തിപ്പാൻ അവർ നിർബന്ധരാണ്. പണ്ടു ജനങ്ങരം അടിമകളാക്കപ്പെട്ടിരുന്നതു് ബലപ്രയോഗംകൊണ്ടാണ്. ഇന്നു പണക്കൊതിയാലും പണംകൊണ്ടു വാങ്ങാവുന്ന ആഡംബരങ്ങളുടെ പ്രലോഭനത്താലും അവർ അടിമകളാക്കപ്പെടുന്നു. പണ്ടു ജനങ്ങരം സ്വപ്നം കാണാത്ത രോഗങ്ങരം ഇന്നുണ്ടു്. ഡോക്ടർമാരുടെ ഒരു പട അവയുടെ ചികിത്സ കണ്ടുപിടിക്കുന്നതിരം വ്യാപൃതരായിരിക്കുകയാണ്. അങ്ങനെ ആശുപത്രികരം വർദ്ധിച്ചിരിക്കുന്നു. ഇതു പരിഷ്കാരത്തിൻെറ ഒരു ലക്ഷണമാണ്. പണ്ടു കത്തുകളയയ്ക്കാൻ പ്രത്യേക ദൂതന്മാർ വേണം; അതിനു വളരെ ചെലവും വേണ്ടിവന്നിരുന്നു. ഇന്നു് ഒരു പെനി ചെലവാക്കിയാൽ ആർക്കും ഒരെഴുത്തുമൂലം തൻെറ സഹോദരനെ ചീത്ത പറയാം. നേരുതന്നെ. ഇതേ ചെലവുകൊണ്ടു കൃതജ്ഞതയും അറിയിക്കാം. കുടുംബത്തുണ്ടാക്കിയ അപ്പവും പച്ചക്കറികളും ഉരംപ്പെട്ട രണ്ടോ മൂന്നോ ഭക്ഷണമേ പണ്ടു ജനങ്ങരംക്കുണ്ടായിരുന്നുള്ളു. ഇന്നു് ഈരണ്ടു മണിക്കൂർ കൂടുമ്പോരം അവർക്കു് എന്തെങ്കിലും തിന്നണം. തന്നിമിത്തം മറെറാന്നിനും സമയമില്ല. ഇതിലേറെ എന്താണ് ഞാൻ പറയേണ്ടതു്? ഇതൊക്കെ നിരവധി അധികൃതഗ്രന്ഥങ്ങളിൽ നിന്നു നിങ്ങരംക്കു ഗ്രഹിക്കാം. ഇതൊക്കെയാണ് പരിഷ്കാരത്തിൻെറ ശരിയായ ലക്ഷണങ്ങരം. മറിച്ചാരെങ്കിലും പറഞ്ഞാൽ, ധരിച്ചോളൂ, അയാരം അറിവില്ലാത്തവനാണ്, ഈ പരിഷ്കാരം സദാചാരത്തെയോ മതത്തെയോ ശ്രദ്ധിക്കുന്നില്ല. അതിൻെറ അനുയായികരം ശാന്തമായി പറയുന്നു, മതം പഠിപ്പിക്കലല്ല തങ്ങളുടെ പണിയെന്നു്. മതം അന്ധവിശ്വാസത്തിൻെറ വളർച്ചയാണെന്നുപോലും ചിലർ കരുതുന്നു. മററു ചിലർ മതത്തിൻെറ ഉടുപ്പണിഞ്ഞു് സദാചാരത്തെപ്പററി ജല്പിക്കുന്നു. എന്നാൽ ഇരുപതുകൊല്ലത്തെ അനുഭവത്തിനുശേഷം മിക്കപ്പോഴും സദാചാരത്തിൻെറ പേരിൽ ദുരാചാരമാണ് പഠിപ്പിക്കപ്പെടുന്നതെന്ന നിഗമനത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കുന്നു. ഞാൻ മുകളിൽ വർണ്ണിച്ചതിലൊന്നും സദാചാരത്തിലേക്കുള്ള യാതൊരു പ്രേരണയും ഉണ്ടാകാൻ തരമില്ലെന്നു് ഒരു കുട്ടിക്കുപോലും മനസ്സിലാക്കാം. ശരീരസുഖങ്ങരം വർധിപ്പിക്കുവാനാണ് പരിഷ്കാരം തുനിയുന്നതു്; ഇക്കാര്യം ചെയ്യുന്നതിൽപോലും അതു പാടേ പരാജയപ്പെടുകയാണ്.

digitized by www .sreyas.in

ഈ പരിഷ്ക്കാരം മതരാഹിത്യമാണ്. യൂറോപ്പിലെ ജനങ്ങളെ അത്രയേറെ പിടികൂടിയിട്ടുള്ളതുകൊണ്ട് അതിൽപ്പെട്ടവർ അർദ്ധോന്മത്തന്മാരാണെന്നു തോന്നിപ്പോകുന്നു. യഥാർത്ഥമായ കായികശക്തിയോ ധൈര്യമോ അവർക്കില്ല. ഏകാന്തതയിൽ സന്തുഷ്ടരാകാൻ അവർക്കു വയ്യ. കുടുംബങ്ങളിൽ രാജ്ഞിമാരായിരിക്കേണ്ട സ്ത്രീകൾ തെരുവുകളിൽ അലഞ്ഞുനടക്കുകയോ, ഫാക്ടറികളിൽ അടിമകളായിത്തീരുകയോ ചെയ്യുന്നു. തുച്ഛമായ വരുമാനത്തിനുവേണ്ടി ഇംഗ്ലണ്ടിൽ അഞ്ചുലക്ഷം സ്ത്രീകൾ ഫാക്ടറികളിലോ അതുപോലുള്ള സ്ഥാപനങ്ങളിലോ വിഷമം പിടിച്ച ചുററുപാടുകളിൽ പണിയെടുക്കുന്നുണ്ട്. നിത്യം വളർന്നുവരുന്ന 'വനിതാവോട്ടവകാശപ്രസ്ഥാന'ത്തിന്റെ കാരണങ്ങളിലൊന്ന് ഈ ഭയങ്കര വസ്തുതയാണ്.

നാം ക്ഷമിച്ചിരിക്കുകമാത്രം ചെയ്താൽ സ്വയം നശിപ്പിക്കപ്പെടുന്ന തരത്തിൽ പെട്ട ഒന്നാണ് ഈ പരിഷ്ക്കാരം. മൊഹമ്മദിന്റെ ഉപദേശങ്ങളനുസരിച്ച് ഇതൊരു പൈശാചിക(ഇബിലിസിന്റെ) പരിഷ്കാരമായി കണക്കാക്കപ്പെടുന്നതാണ്. ഹിന്ദുമതം ഇതിനെ കലിയുഗമെന്നു വിളിക്കുന്നു. ഇതിന്റെ തക്കതായ ഒരു ബോധം നിങ്ങൾക്കുണ്ടാക്കിത്തരുവാൻ എന്നെക്കൊണ്ടാവില്ല. ഇംഗ്ലീഷുകാരുടെ ജീവചൈതന്യത്തെത്തന്നെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണതു്. അവ വർജിക്കപ്പെടണം. പാർളിമെൻറുകൾ യഥാർത്ഥത്തിൽ അടിമത്തത്തിന്റെ ചിഹ്നങ്ങളാണ്. ഇതിനെപ്പററി വേണ്ടത്ര ചിന്തിച്ചാൽ നിങ്ങളും ഈ അഭിപ്രായംതന്നെ പുലർത്തുകയും ഇംഗ്ലീഷുകാരെ അധിക്ഷേപിക്കുന്നതു നിർത്തുകയും ചെയ്യും. അവർ കൂടുതൽ അർഹിക്കുന്നതു നമ്മുടെ അനുകമ്പയാണ്. അവർ സൂക്ഷ്മദൃഷ്ടിയുള്ള ഒരു ജനതയാണ്. തന്നിമിത്തം ഈ തിന്മയെ അവർ വലിച്ചെറിയുമെന്നു ഞാൻ വിശ്വസിക്കുന്നു. അവർ ഉത്സാഹികളും അദ്ധ്വാനശീലരുമാണ്. അവരുടെ ചിന്താരീതി സഹജമായി അധാർമ്മികമല്ല. അവരുടെ ഹൃദയം ദുഷ്ടവുമല്ല. തന്നിമിത്തം അവരെ ഞാൻ ബഹുമാനിക്കുന്നു. പരിഷ്ക്കാരം അചികിത്സ്യമായ ഒരു രോഗമല്ല. എങ്കിലും ഇംഗ്ളീഷുകാർ ഇപ്പോൾ അതുകൊണ്ടു സന്തപ്തരാണെന്ന സംഗതി ഒരിക്കലും വിസ്മരിക്കരുതു്.

## 16

വായനക്കാരൻ: റെയിൽവേകളേയും വക്കീൽമാരേയും ഡോക്ടർമാരേയും നിങ്ങൾ അധിക്ഷേപിച്ചിരിക്കുന്നു. നിങ്ങൾ എല്ലാ യന്ത്രങ്ങളേയും നിരാകരിക്കുമെന്നും എനിക്കു കാണാൻ കഴിയും. പിന്നെ എന്താണു പരിഷ്കാരം?

---

16. ഹിന്ദുസ്വരാജ് അഥവാ ഇൻഡ്യൻ സ്വയം ഭരണം (1908), പേജ് 60—63

digitized by www .sreyas.in

പത്രാധിപർ: ഈ ചോദ്യത്തിന്നുള്ള ഉത്തരം ദുഷ്ക്കരമല്ല. ഇൻഡ്യ വളർത്തിക്കൊണ്ടുവന്ന പരിഷ്ക്കാരം ലോകത്തിൽ പരാജയപ്പെടുത്താവുന്നതല്ലെന്നു ഞാൻ വിശ്വസിക്കുന്നു. നമ്മുടെ പൂർവ്വികർ വിതച്ച വിത്തിനോടു കിടപിടിക്കാവുന്നതായി യാതൊന്നുമില്ല. റോം നശിച്ചു. അതേ ഗതിയിൽ ഗ്രീസും ഭാഗഭാക്കായി. ഫറോവമാരുടെ ശക്തി തകർക്കപ്പെട്ടു. ജപ്പാൻ പാശ്ചാത്യരീതികൾ കൈക്കൊണ്ടുകഴിഞ്ഞു. ചൈനയെപ്പററി ഒന്നും പറയാൻ വയ്യ. എന്നാൽ എങ്ങനെയോ ഇന്നും ഇന്ത്യയുടെ അടിസ്ഥാനം ഭദ്രമാണ്. പഴയ മഹിമ നശിച്ചുപോയ ഗ്രീസിലേയും റോമിലേയും ആളുകൾ എഴുതിയ ഗ്രന്ഥങ്ങളിൽനിന്നാണു യൂറോപ്പിലെ ജനങ്ങൾ അവരുടെ പാഠങ്ങൾ പഠിക്കുന്നതു്. അവയിൽനിന്നു പഠിക്കാൻ ശ്രമിക്കുമ്പോൾ യൂറോപ്യന്മാർ വിചാരിക്കുന്നു ഗ്രീസിൻേറയും റോമിൻേറയും തെററുകൾ തങ്ങൾ കൂടാതെ കഴിക്കുമെന്നു്. ഇങ്ങനെയാണു് അവരുടെ ദയനീയസ്ഥിതി. ഇതിൻേറയെല്ലാം നടുക്കു് ഇന്ത്യ അചഞ്ചലയായി നിൽക്കുന്നു. അതാണവളുടെ മഹിമ. പരിവർത്തനങ്ങളൊന്നും സ്വീകരിപ്പാൻ കഴിയാതവണ്ണം ജനങ്ങൾ അത്ര അപരിഷ്കൃതരും അജ്ഞരും ബുദ്ധിശൂന്യരുമാണെന്നാണു് ഇന്ത്യക്കെതിരായ ഒരു പരാതി. യഥാർത്ഥത്തിൽ ഇതു നമ്മുടെ യോഗ്യതക്കെതിരായുള്ള ഒരു പരാതിയാണു്. അനുഭവമാകുന്നഅടകല്ലിൽ പരീക്ഷിച്ചുനോക്കി ശരിയാണെന്നു കണ്ടതു മാററുവാൻ നാം ധൈര്യപ്പെടുന്നില്ല. പലരും അവരുടെ ഉപദേശം ഇന്ത്യയുടെമേൽ വച്ചുകെട്ടുന്നു, അവൾ ഉറച്ചുനിൽക്കുകയാണു്. ഇതാണവളുടെ സൗന്ദര്യം; ഇതാണു നമ്മുടെ ആശയുടെ പ്രധാന നങ്കൂരം.

മനുഷ്യക്കു കർത്തവ്യമാർഗം കാണിച്ചുകൊടുക്കുന്ന ചര്യാക്രമമാണു് പരിഷ്കാരം. കർത്തവ്യനിർവഹണവും സദാചാരാനുഷ്ഠാനവും പര്യായപദങ്ങളാണു്. സദാചാരം അനുഷ്ഠിക്കുകയെന്നുവച്ചാൽ നമ്മുടെ മനസ്സിൻേറയും വികാരങ്ങളുടെയുംമേൽ വിജയം നേടുകയെന്നാണു് അർത്ഥം. അങ്ങനെ ചെയ്യുമ്പോൾ നാം നമ്മെത്തന്നെ അറിയുന്നു. പരിഷ്കാരത്തിനു തുല്യമായി ഗുജറാത്തിയിലുള്ള ഒരു നല്ല വാക്കിനു 'സുസ്ഥിതി' എന്നാണു് അർത്ഥം.

ഈ നിർവചനം ശരിയാണെങ്കിൽ വളരെയേറെ എഴുത്തുകാർ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഇന്ത്യക്കു മററാരിൽനിന്നും ഒന്നുംതന്നെ പഠിക്കാനില്ല, അങ്ങനെയാണു വേണ്ടതും. മനസ്സു് സ്വസ്ഥതയില്ലാത്ത ഒരു പറവയാണെന്നു നമുക്കറിയാം. എത്രയേറെ കിട്ടുന്നുവോ അത്രയേറെ അതിനു പിന്നെയും വേണം, എന്നാലും അസംതൃപ്തമായിട്ടാണു നിൽപു്. എത്രയേറെ നാം നമ്മുടെ വികാരങ്ങൾക്കു് അധീനരായിത്തീരുന്നുവോ അത്രയേറെ അവ അനിയന്ത്രിതങ്ങളായിത്തീരുന്നു. അതിനാൽ നമ്മുടെ പൂർവികന്മാർ സുഖാനുഭവങ്ങൾക്കു് ഒരതിർത്തിവച്ചു. സൗഖ്യം മിക്കവാറും ഒരു മാനസികാവസ്ഥ

digitized by www .sreyas.in

യാണെന്നു് അവർ കണ്ടു. ധനികനായതുകൊണ്ടു് ഒരാൾ സുഖിയായിക്കൊള്ളണമെന്നില്ല, ദരിദ്രനായതുകൊണ്ടു സുഖവിഹീനനായിക്കൊള്ളണമെന്നുമില്ല. ധനികർ പലപ്പോഴും അസന്തുഷ്ടരായും ദരിദ്രർ സന്തുഷ്ടരായും കാണപ്പെടുന്നുണ്ടു്. ലക്ഷോപലക്ഷം ജനങ്ങൾ എന്നും ദരിദ്രരായിത്തന്നെയിരിക്കും. ഇതെല്ലാം കണ്ടറിഞ്ഞു നമ്മുടെ പൂർവികർ ആഡംബരങ്ങളിൽനിന്നും സുഖാനുഭവങ്ങളിൽനിന്നും നമ്മെ വിലക്കി. അനേകായിരം കൊല്ലം മുമ്പുണ്ടായിരുന്ന കലപ്പകളെക്കൊണ്ടുതന്നെയാണു നാം കാര്യം കഴിച്ചുകൂട്ടിപ്പോന്നിട്ടുള്ളതു്. പണ്ടുണ്ടായിരുന്ന മാതിരി കുടിലുകൾതന്നെ നാം നിലനിർത്തിപ്പോരുന്നു. നമ്മുടെ നാടൻ വിദ്യാഭ്യാസം ഇന്നും പണ്ടത്തേതുതന്നെയാണു്. ജീവനെ കാർന്നുതിന്നുന്ന മത്സരസമ്പ്രദായം നമുക്കുണ്ടായിരുന്നില്ല. ഓരോരുത്തനും തന്റെ തൊഴിലോ വ്യാപാരമോ ചെയ്തുപോന്നു. അതിനൊരുനിശ്ചിത കൂലിയും ചുമത്തിയിരുന്നു. യന്ത്രങ്ങൾ കണ്ടുപിടിക്കുവാൻ നമുക്കു് അറിയാഞ്ഞിട്ടല്ല, പക്ഷേ നമ്മുടെ പൂർവപിതാക്കന്മാർക്കറിയാമായിരുന്നു, ഇത്തരം സംഗതികളിൽ മനസ്സുവച്ചാൽ നാം അടിമകളായിത്തീരുമെന്നും നമ്മുടെ ധാർമികബലം ക്ഷയിക്കുമെന്നും. തൻമൂലം വേണ്ടത്ര ആലോചനയ്ക്കുശേഷം അവർ തീരുമാനിച്ചു, നമ്മുടെ കൈകാലുകൾകൊണ്ടു ചെയ്യാൻ കഴിയുന്നതേ നാം ചെയ്യാവൂ എന്നു്. നമ്മുടെ കൈകാലുകൾ ഉചിതമായി ഉപയോഗിക്കുന്നതിലാണു നമ്മുടെ യഥാർത്ഥസുഖവും ആരോഗ്യവും കിടക്കുന്നതെന്നു് അവർ കണ്ടു. വലിയ നഗരങ്ങൾ ഒരു കെണിയും നിഷ്പ്രയോജനഭാരവുമാണെന്നും ജനങ്ങൾ അവിടെ സന്തുഷ്ടരാവുകയില്ലെന്നും കള്ളന്മാരും കൊള്ളക്കാരും വ്യഭിചാരവും ദുർവൃത്തിയും അവിടെ നടമാടുമെന്നും പണക്കാർ ദരിദ്രരെ പിടിച്ചുപറിക്കുമെന്നും അവർ ആലോചിച്ചറിഞ്ഞു. തൻമൂലം ചെറിയ ഗ്രാമങ്ങൾകൊണ്ടു് അവർ സംതൃപ്തരായി. രാജാക്കന്മാരും അവരുടെ വാളുകളും നീതിയുടെ വാളിനെക്കാൾ താഴെയാണെന്നും അവർ കണ്ടു. തന്നിമിത്തം ഭൂമിയുടെ അധീശ്വരന്മാരെ അവർ ഋഷിമാരുടെയും ഫക്കീർമാരുടെയും താഴെയായി കരുതി. ഇത്തരം ഘടനയോടുകൂടിയ ഒരു രാഷ്ട്രം മററുള്ളവരെ പഠിപ്പിക്കുന്നതിനാണു മററുള്ളവരിൽനിന്നു പഠിക്കുന്നതിനേക്കാൾ അധികം യോഗ്യം. ഈ രാഷ്ട്രത്തിൽ കോടതികളും വക്കീൽമാരും ഡോക്ടർമാരും ഉണ്ടായിരുന്നുവെങ്കിലും അവരെല്ലാം പരിധികൾക്കുള്ളിലായിരുന്നു. ഈ ജോലികൾ സവിശേഷയോഗ്യത (മാന്യത)യുള്ളവയല്ലെന്നു് എല്ലാവർക്കും അറിയാമായിരുന്നു. എന്നല്ല, ഈ വക്കീൽമാരും വൈദ്യന്മാരും ജനങ്ങളെ കൊള്ളയടിച്ചിരുന്നുമില്ല. അവരെയെല്ലാം ജനങ്ങളുടെ ഒരു ഭാഗമായിട്ടാണു വച്ചിരുന്നതു്. ജനങ്ങളുടെ യജമാനന്മാരായിട്ടില്ല. നീതി ഒരുവിധം ന്യായമായിരുന്നു. സാധാരണ പതിവു കോടതി കയറാതിരിക്കുകയെന്നതായിരുന്നു. കോടതിക

digitized by www .sreyas.in

ളിലേക്കു് ആളുകളെ ആകർഷിക്കുവാൻ മല്ലാളിമാരുണ്ടായിരുന്നില്ല. ഈ തിന്മപോലും തലസ്ഥാനങ്ങൾക്കു ചുററുമേ കാണപ്പെട്ടിരുന്നുള്ളൂ. സാമാന്യജനങ്ങൾ സ്വതന്ത്രരായി ജീവിച്ചു തങ്ങളുടെ കൃഷി പ്പണി നോക്കിപ്പോന്നു. യഥാർത്ഥ സ്വയംഭരണം അവർ അനുഭവിച്ചിരുന്നു.

ഈ ശപിക്കപ്പെട്ട പരിഷ്ക്കാരം എത്താത്തേടത്തു് ഇന്ത്യ ഇന്നും പണ്ടത്തെപ്പോലെതന്നെ വർത്തിക്കുന്നു. ആ പ്രദേശത്തെ ഇന്ത്യക്കാർ പുതുമോടിയിലുള്ള നിങ്ങളുടെ ഈ അഭിപ്രായങ്ങളെ പരിഹസിക്കും, അതു് ഉചിതമാണു താനും. ഇംഗ്ളീഷുകാർ അവരെ ഭരിക്കുന്നില്ല, നിങ്ങളും ഒരിക്കലും അവരെ ഭരിക്കുകയില്ല. ആരുടെ പേരിലാണോ നാം സംസാരിക്കുന്നതു് അവരെ നമുക്കറിഞ്ഞുകൂടാ; അവക്കു നമ്മളേയും അറിഞ്ഞുകൂടാ. നിങ്ങളേയും നിങ്ങളെപ്പോലെ മാതൃഭൂമിയെ സ്നേഹിക്കുന്നവരേയും റെയിൽവേകളാൽ ഇനിയും അശുദ്ധമാക്കപ്പെടാത്ത നാട്ടിൻപുറത്തു ചെന്നു് അവിടെ ആറുമാസം താമസിക്കുവാൻ തീർച്ചയായും ഞാൻ ഉപദേശിക്കും. അപ്പോൾ നിങ്ങൾ സ്വരാജ്യസ്നേഹികളാവുകയും സ്വയം ഭരണത്തെപ്പററി സംസാരിക്കുകയും ചെയ്യും.

എന്താണു യഥാർത്ഥ പരിഷ്ക്കാരമായി ഞാൻ കരുതുന്നതെന്നു നിങ്ങൾക്കിപ്പോൾ മനസ്സിലായി. ഞാൻ വർണിച്ചമാതിരിയുള്ള സ്ഥിതികൾ മാററാൻ ആഗ്രഹിക്കുന്നവർ രാജ്യശത്രുക്കളും പാപികളുമാണു്.

വായനക്കാരൻ: ശരിക്കും നിങ്ങൾ വർണിച്ച മാതിരിയൊക്കെത്തന്നെയായിരുന്നു ഇന്ത്യയെങ്കിൽ തരക്കേടൊന്നുമില്ല. പക്ഷേ, അനേകശതം ശിശുവിധവകളുള്ളതും രണ്ടു വയസ്സായ കുട്ടികൾ വിവാഹം ചെയ്യപ്പെടുന്നതും പന്ത്രണ്ടു വയസ്സായ പെൺകുട്ടികൾ അമ്മമാരും ഗൃഹിണിമാരുമായിത്തീരുന്നതും സ്ത്രീകൾ ബഹുഭർത്തൃത്വം പുലർത്തുന്നതും നിയോഗസമ്പ്രദായം നിലവിലുള്ളതും മതത്തിന്റെ പേരിൽ ബാലികമാർ വേശ്യവൃത്തിക്കു സ്വയം ഉഴിഞ്ഞുവയ്ക്കുന്നതും മതത്തിന്റെ പേരിൽ ചെമ്മരിയാടുകളും കോലാടുകളും വധിക്കപ്പെടുന്നതും ഇന്ത്യയിൽത്തന്നെയാണു്. നിങ്ങൾ വർണിച്ച പരിഷ്ക്കാരത്തിന്റെ പ്രതീകങ്ങളാണു് ഇവയെന്നു നിങ്ങൾ കരുതുന്നുണ്ടോ?

പത്രാധിപർ: നിങ്ങൾക്കു തെററിപ്പോയി. നിങ്ങൾ എടുത്തു കാണിച്ച ദോഷങ്ങൾ ദോഷങ്ങൾതന്നെയാണു്. അവയെ പ്രാചീനപരിഷ്ക്കാരമായി ആരും തെററുധരിക്കുന്നില്ല. അതുണ്ടായിട്ടും അവ നിലനിൽക്കുകയാണു്. അവയെ നീക്കംചെയ്യാൻ എന്നും ശ്രമങ്ങളുണ്ടായിട്ടുണ്ടു്, എന്നും ഉണ്ടാവുകയും ചെയ്യും. നമ്മളിൽ ജനിച്ച നവചൈതന്യത്തെ നമ്മുടെ ഈ ദോഷങ്ങൾ അകററാൻ നമുക്കു് ഉപയോഗിക്കാം. എന്നാൽ എന്തെല്ലാം നവീനപരിഷ്ക്കാരത്തിന്റെ ചിഹ്നങ്ങളാണെന്നു ഞാൻ പറഞ്ഞുവോ അവയെല്ലാം

digitized by www .sreyas.in

അങ്ങനെതന്നെയാണെന്നു് അതിൻെറ അനുയായികഠം സമ്മതിച്ചിരിക്കുകയാണു്. ഇന്ത്യൻപരിഷ്കാരത്തെ ഞാൻ വർണിച്ചതുപോലെതന്നെയാണു് അതിൻെറ അനുയായികഠം വർണിച്ചിട്ടുള്ളതു്, ലോകത്തിൻെറ ഒരു ഭാഗത്തും ഒരു പരിഷ്കാരത്തിൻെറ കീഴിലും ജനങ്ങഠം മുഴുവൻ പൂർണതപ്രാപിച്ചിട്ടില്ല. ഇന്ത്യൻപരിഷ്കാരത്തിൻെറ പ്രവണത സദ്വൃത്തിക്കു് ഉൽകർഷമുണ്ടാക്കുവാനാണു്; പാശ്ചാത്യപരിഷ്കാരത്തിൻേറതു ദുരാചാരം പ്രചരിപ്പിക്കുവാനും. രണ്ടാമതു പറഞ്ഞതു നിരീശ്വരമാണു്, ആദ്യത്തേതു് ഈശ്വരവിശ്വാസത്തിൽ അധിഷ്ഠിതവും. ഇങ്ങനെ മനസ്സിലാക്കിക്കൊണ്ടും ഇങ്ങനെ വിശ്വസിച്ചുകൊണ്ടും, ഒരു കുട്ടി അമ്മയുടെ മാറിൽ എന്നപോലെ പണ്ടത്തെ ഇന്ത്യൻ പരിഷ്കാരത്തിൽ മുറുകെപ്പിടിച്ചുനിൽക്കേണ്ടതു് ഇന്ത്യയെ സ്നേഹിക്കുന്ന ഓരോരുത്തൻേറയും കടമയാണു്.'

## എഫ്. അവകാശത്തിനെതിരെ കർത്തവ്യം

17

എല്ലാവരും കർത്തവ്യങ്ങഠംവിട്ടു് അവകാശങ്ങഠംക്കു വാശിപിടിച്ചാൽ തികഞ്ഞ കുഴപ്പവും കലാപവും ഉണ്ടാകും. അവകാശങ്ങഠംക്കു വാശിപിടിക്കാതെ ഓരോരുത്തനും സ്വന്തം കർത്തവ്യം അനുഷ്ഠിച്ചാൽ മനുഷ്യജാതിയിൽ ഉടനെ വ്യവസ്ഥിതിയുടെ വാഴ്ച സംസ്ഥാപിതമാകും. ലഘുവും സാർവത്രികവുമായ ഈ നിയമം തൊഴിൽ കൊടുക്കുന്നവർക്കും തൊഴിലാളികഠംക്കും, ഭൂവുടമകഠംക്കും കുടിയാന്മാർക്കും, രാജാക്കന്മാർക്കും അവരുടെ പ്രജകഠംക്കും ഹിന്ദുക്കഠംക്കും മുസ്ലീങ്ങഠംക്കും ബാധകമാക്കിയാൽ, ഇന്ത്യയിലും ലോകത്തിൻെറ മററു ഭാഗങ്ങളും ജീവിതവ്യാപാരങ്ങളിൽ കാണുന്ന അസ്വാസ്ഥ്യവും അവ്യവസ്ഥിതിയും സൃഷ്ടിക്കാതെ ഏററവും സന്തോഷപ്രദങ്ങളായ ബന്ധങ്ങഠം സ്ഥാപിക്കാമെന്നു നിങ്ങഠംക്കു കാണാം. സത്യഗ്രഹനിയമം എന്നു ഞാൻ വിളിക്കുന്നതു കർത്തവ്യങ്ങളുടെയും തൽഫലങ്ങളായ അവകാശങ്ങളുടേയും സൂക്ഷ്മജ്ഞാനത്തിൽനിന്നു ഗ്രഹിക്കപ്പെടേണ്ടതാണു്.

ഉദാഹരണത്തിനു്, അയൽവാസിയായ മുസ്ലീമിനോടു ഹിന്ദുവിൻെറ കർത്തവ്യമെന്താണു്? അവൻെറ കർത്തവ്യം ഒരു മനുഷ്യനെന്ന നിലയിൽ അയാളെ സഹൃത്തായി കരുതുകയും അയാളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുകയും ആപത്തിൽ അയാളെ സഹായിക്കുകയുമാണു്. അപ്പോഠം ഇത്തരം പെരുമാററം അയൽവാസിയായ മുസ്ലീമിൽനിന്നു പ്രതീക്ഷിക്കുവാൻ അവനു് അവകാശമു

17. Harijan, 6–7–1947, (Sarvodaya, pp. 6–7)

digitized by www .sreyas.in

ണ്ടാകും. പ്രതീക്ഷിച്ച പ്രതികരണം (ഫലം) കിട്ടിയെന്നും വരാം. എന്നാൽ വളരെ ഹിന്ദുക്കളുടെ ശരിയായ പെരുമാററത്തിനനുസരിച്ചു കുറച്ചു മുസ്ലീങ്ങൾ ഇങ്ങോട്ടു പെരുമാറിയില്ലെന്നും, ഏതു പ്രവൃത്തിയിലും ശണ്ഠകാണിക്കുന്നുവെന്നും വിചാരിക്കുക. എന്നാൽ അതു് ആണത്തമില്ലായ്മയുടെ ലക്ഷണമായിരിക്കും. അപ്പോൾ ഭൂരിപക്ഷമായ ഹിന്ദുക്കളുടെ കർത്തവ്യമെന്താണു്? തീർച്ചയായും ഭൂരിപക്ഷത്തിൻെറ മൃഗീയബലംകൊണ്ടു് അവരെ കീഴമർത്തുകയല്ല; അനർഹമായ അവകാശം പിടിച്ചുപററലാവും അതു്. അവരുടെ കർത്തവ്യം മുസ്ലീങ്ങളുടെ മനുഷ്യോചിതമല്ലാത്ത പെരുമാററത്തെ ചെറുക്കലായിരിക്കും. സ്വന്തം സഹോദരന്മാരുടേതിനെ ചെറുക്കുന്നതുപോലെ.

## ജി. സമുദായത്തിനെതിരെ വ്യക്തി

18

വ്യക്തിസ്വാതന്ത്ര്യത്തെ ഞാൻ വിലമതിക്കുന്നുണ്ടെങ്കിലും മനുഷ്യൻ മുഖ്യമായി ഒരു സാമൂഹ്യജീവിയാണെന്നു നിങ്ങൾ മറക്കരുതു്. തൻെറ വ്യക്തിത്വത്തെ സാമൂഹ്യപുരോഗതിയുടെ ആവശ്യങ്ങൾക്കനുസരിച്ചു് ഒതുക്കിനിർത്തുവാൻ പഠിച്ചതുകൊണ്ടാണു ഇന്നത്തെ പദവിയിലേക്കു അവൻ ഉയർന്നതു്. അനിയന്ത്രിതവ്യക്തിത്വം കാട്ടിലെ മൃഗത്തിൻെറ ധർമ്മമാണു്. വ്യക്തിസ്വാതന്ത്ര്യത്തിൻെറയും സാമൂഹ്യനിയന്ത്രണത്തിൻെറയും ഇടയിൽ ഒരു മദ്ധ്യപ്രമാണം ഉണ്ടാക്കാൻ നാം പഠിക്കണം. മുഴുവൻ സമുദായത്തിൻെറയും ക്ഷേമത്തിനുവേണ്ടി സ്വമനസ്സാലേ സാമൂഹ്യനിയന്ത്രത്തിനു വഴങ്ങൽ വ്യക്തിയേയും അവൻ ഏതു സമുദായത്തിലെ അംഗമാണോ ആ സമുദായത്തെയും ധന്യങ്ങളാക്കുന്നു.

18. Harijan, 27-8-1939 (Sarvodaya, p. 55)

digitized by www .sreyas.in

രണ്ട്

# പ്രായോഗികപ്രശ്നങ്ങൾ

## അദ്ധ്യായം ഒന്ന്

## മതപരമായ ജീവിതം

### I

### സാമുദായികമൈത്രി

### എ. സഹിഷ്ണുതയിൽ ആദ്യകാലപരിശീലനം

1

രാജക്കോട്ടിൽവച്ച് എനിക്കു ഹിന്ദുമതത്തിൻെറ എല്ലാ ശാഖകളോടും മററു മതങ്ങളോടും സഹിഷ്ണുത കാണിക്കുന്നതിൽ പരിശീലനം ലഭിച്ചു. എന്തുകൊണ്ടെന്നാൽ എൻെറ അമ്മ ശിവൻെറയും രാമൻെറയും ക്ഷേത്രങ്ങളെന്നപോലെ ഹാവേലി*യും സന്ദർശിക്കുകയും, കുട്ടികളായ ഞങ്ങളെ അവിടേക്കൊക്കെ കൂടെ കൊണ്ടുപോകയോ പറഞ്ഞയയ്ക്കുകയോ ചെയ്യുകയും പതിവായിരുന്നു. ജെയിനസന്യാസിമാരും ഇടയ്ക്കിടയ്ക്ക് അച്ഛനെ സന്ദർശിക്കുകയും ജെയിനന്മാരല്ലാത്ത ഞങ്ങളുടെ ഭക്ഷണം പോലും കഴിക്കുകയും ചെയ്തിരുന്നു. മതപരങ്ങളും ലൗകികങ്ങളുമായ വിഷയങ്ങളെക്കുറിച്ച് അവർ അച്ഛനുമായി സംഭാഷണം നടത്തുമായിരുന്നു.

ഇതിനുപുറമെ, അദ്ദേഹത്തിനു മുസൽമാൻ സുഹൃത്തുക്കളും പാഴ്സിസുഹൃത്തുക്കളുമുണ്ടായിരുന്നു; അവർ അദ്ദേഹത്തോടു തങ്ങളുടെ മതത്തെപ്പററി സംസാരിക്കും; അദ്ദേഹം അതൊക്കെ ബഹുമാനത്തോടുകൂടി പലപ്പോഴും താൽപര്യത്തോടുകൂടിപ്പോലും, ശ്രദ്ധിക്കുകയും ചെയ്യും. അദ്ദേഹത്തിൻെറ ശുശ്രൂഷകനാകകൊണ്ട് ഈ സംഭാ

1. An Autobiography, p.24
* വൈഷ്ണവക്ഷേത്രം

digitized by www .sreyas.in

ഷണങ്ങൾ കേൾക്കാൻ പലപ്പോഴും എനിക്കു് അവസരം ലഭിക്കാറുണ്ടു്. എല്ലാ മതങ്ങളുടെയും നേരെയുള്ള സഹിഷ്ണത എന്നിൽ ഉളവാക്കാൻ ഇങ്ങനെ പലതും കൂടിച്ചേർന്നു.

## ബി. എല്ലാ മതങ്ങളുടേയും ഏകത്വവും സഹിഷ്ണതയുടെ ആവശ്യകതയും

2

കാര്യങ്ങൾ തെററുധരിക്കണമെന്നു് ആഗ്രഹമില്ലാത്തവർ ഖുറാൻ വായിക്കേണ്ടതാണു്; ഹിന്ദുക്കൾക്കു സ്വീകാര്യമായ പരശ്ശതം ഖണ്ഡികകൾ അവർ അതിൽ കാണും. ഒരൊററ മൊഹമ്മദീയനും എതിർപറയാൻ കഴിയാത്ത വാക്യങ്ങൾ ഭഗവദ്ഗീതയിലുണ്ടു്. എനിക്കു മനസ്സിലാകാത്തതോ ഞാനിഷ്ടപ്പെടാത്തതോ ആയ വാക്യങ്ങൾ ഖുറാനിലുള്ളതുകൊണ്ടു ഞാൻ മൊഹമ്മദീയരെ വെറുക്കണമോ? ഒരു ലഹളയുണ്ടാകാൻ രണ്ടാൾ വേണം. ഒരു മൊഹമ്മദീയനുമായി കലഹിക്കണമെന്നു് എനിക്കാഗ്രഹമില്ലെങ്കിൽ എന്റെ മേൽ ഒരു കലഹം വച്ചുകെട്ടാൻ അയാളെക്കൊണ്ടാവില്ല. ഇതുപോലെതന്നെ കലഹത്തിനു് ഒരു മൊഹമ്മദീയൻ എന്നെ സഹായിക്കാതിരുന്നാൽ ഞാനും നിസ്സഹായനായിത്തീരും. വായുവിൽ അടിക്കുന്ന ആയുധത്തിന്റെ അലകും പിടിയും വേറെയാകും. സ്വന്തം മതത്തിന്റെ സാരം ധരിച്ചു് അതിനോടു ചേർന്നുനിൽക്കാൻ ഓരോരുത്തനും ശ്രമിക്കുകയും തന്നെ ശാസിക്കുവാൻ കപടഗുരുനാഥന്മാരെ അനുവദിക്കാതിരിക്കുകയും ചെയ്താൽ കലഹത്തിന്നിടവരികയില്ല.

3

പരസ്പരസഹിഷ്ണത എല്ലാ കാലത്തും എല്ലാ വർഗങ്ങൾക്കും ആവശ്യമാകയാൽ ഹിന്ദുക്കളായ നാം മൊഹമ്മദീയരുടെ ഈശ്വരാരാധനാരീതിയും അവരുടെ ആചാരസമ്പ്രദായങ്ങളും പൊറുക്കാതിരുന്നാൽ അഥവാ മൊഹമ്മദീയർ ഹിന്ദുക്കളുടെ ബിംബാരാധനയുടെയും ഗോസംരക്ഷണത്തിന്റെയും നേരെ പൊറുതികേടു കാണിച്ചാൽ നമുക്കു സൈ്വരമായി ജീവിക്കാൻ സാധിക്കുകയില്ല. ഞാൻ പൊറുക്കുന്നതിനെ ഞാൻ അംഗീകരിക്കുകയെന്നു സഹിഷ്ണതയ്ക്കാവശ്യമില്ല. മദ്യപാനം, മാംസഭക്ഷണം, പുകവലി ഇവയെ ഞാൻ ഹൃദയപൂർവം വെറുക്കുന്നു; എന്നാലും ഹിന്ദുക്കളിലും മൊഹമ്മദീയരിലും ക്രിസ്ത്യാനികളിലും കാണുന്ന ഇതെല്ലാം ഞാൻ പൊറുക്കുന്നു—ഞാനിതിൽനിന്നെല്ലാം വിട്ടുനിൽക്കുന്നതു് അവർക്കിഷ്ടമല്ലെങ്കിലും അവർ പൊറുക്കണമെന്നു ഞാൻ പ്രതീക്ഷിക്കുന്നു

2. Hind Swaraj, p. 62
3. Young India, 25–2–1920. (Communal Unity, pp. 8–9)

digitized by www .sreyas.in

തുപോലെതന്നെ. തന്റെ അഭിപ്രായം നിർബന്ധിച്ച് മററുള്ളവരെക്കൊണ്ട് സ്വീകരിപ്പിക്കണമെന്ന് ഓരോരുത്തരും കരുതുന്നതുകൊണ്ടാണ് ഹിന്ദുക്കളും മുസ്ളീങ്ങളും തമ്മിലുള്ള ഈ ലഹളയൊക്കെ ഉണ്ടാകുന്നത്.

4

ഇന്നത്തെ ആവശ്യം ഒരൊററ മതമല്ല, ഭിന്ന മതഭക്തന്മാരുടെ പരസ്പരബഹുമാനവും സഹിഷ്ണുതയുമാണ്. നിർജ്ജീവമായ ഐകരൂപ്യമല്ല; നാനാത്വത്തിൽ ഏകത്വമാണ് നമുക്കാവശ്യം. പാരമ്പര്യങ്ങളും പൈതൃകഫലങ്ങളും കാലാവസ്ഥയും മററു ചുററുപാടുകളും വേരററുത്തുകളയാനുള്ള ഏതു ശ്രമവും വിഫലമാകുമെന്നു മാത്രമല്ല, ധർമലംഘനംകൂടിയാണ്. മതങ്ങളുടെ ആത്മാവൊന്നാണ്, എങ്കിലും നിരവധി രൂപങ്ങളിലാണ് അതുൾക്കൊള്ളിക്കപ്പെട്ടിരിക്കുന്നത്. ഈ രൂപങ്ങൾ കാലാവസാനംവരെ നിലനില്ക്കും. അറിവുള്ളവർ പുറംകൂടിനെ മറന്ന്, പല ജാതി കൂടുകളുടെ അടിയിലുള്ള ഒരേ ആത്മാവിനെ ദർശിക്കും. ഇസ്ലാമിനേയും ക്രിസ്തുമതത്തേയും സൊറോസ്ട്രിയൻ മതത്തേയും ഇന്ത്യയിൽ നിന്നാട്ടിയോടിക്കണമെന്നു ഹിന്ദുക്കൾ ആഗ്രഹിക്കുന്നതു്, സ്വസങ്കല്പത്തിലുള്ള ഇസ്ളാം ലോകം ഭരിക്കണമെന്നു മുസ്ലീങ്ങൾ ആഗ്രഹിക്കുന്നതുപോലെതന്നെ വെറുതെ സ്വപ്നംകാണലാണ്. എന്നാൽ ഏക ഈശ്വരനിലും അദ്ദേഹത്തിന്റെ പുരോഹിതന്മാരുടെ മുറിയാത്ത പരമ്പരയിലുള്ള വിശ്വാസവുംമതി ഇസ്ലാമിനെങ്കിൽ നമ്മെളെല്ലാം മുസൽമാരാണ്. എങ്കിലും നമ്മളെല്ലാം ഹിന്ദുക്കളും ക്രിസ്ത്യാനികളും കൂടിയാണ്. സത്യം ഒരൊററ മതഗ്രന്ഥത്തിന്റേയും കുത്തകയല്ല.

5

ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയുമായ നമ്മളെല്ലാം ആരെ വിവിധ പേരുകൾകൊണ്ടറിയുന്നുവോ, ആ ഏകപിതാവിന്റെ സന്താനങ്ങളാണ്. ശങ്കരൻ 'ഏകമേവാദ്വിതീയം' (ഒന്നേയുള്ളു, രണ്ടാമതൊന്നില്ല) എന്ന സൂക്തംകൊണ്ടും, രാമാനുജൻ തന്റെ ദ്വൈതവാദംകൊണ്ടും, മൊഹമ്മദ് 'ലാ ഇല്ലാഹ് ഇല്ലല്ലാഹ' എന്ന വാക്കുകൾകൊണ്ടും (ഒരീശ്വരനല്ലാതെ മറെറാന്നില്ല) തന്റെ വിശ്വാസം പ്രഖ്യാപിച്ചെങ്കിലെന്താണ്? എല്ലാററിന്റെയും അർത്ഥം ഒന്നുതന്നെ. നാം നമ്മുടെ ഹൃദയം ശുദ്ധമാക്കിയാൽ നമുക്കു കാണാൻ കഴിയും, സ്വാമിജി തന്റെ ജീവിതംകൊണ്ടെന്നപോലെ മരണംകൊണ്ടും നമ്മെ സേവിച്ചുവെന്ന്. അദ്ദേഹത്തിന്റെ രക്തംകൊണ്ടു നാം നമ്മുടെ ഹൃദയം ശുദ്ധീകരിച്ചു നമ്മുടെ അവകാശങ്ങൾക്കു

---

4. Young India, 25-9-1924 (Communal Unity, p. 99)
5. Young India, 13-1-1927 (Communal Unity, pp. 127-128)

digitized by www .sreyas.in

വേണ്ടി ആവശ്യമാണെങ്കിൽ ശാന്തമായും സത്യഗ്രഹിയുടെ മട്ടിലും പൊരുതുക.

## 6

അയിത്തരാക്ഷസന്റെ കഥകഴിക്കാൻ ശ്രമിക്കുമ്പോൾ എന്റെ മനസ്സിനടിയിലുള്ള ആഗ്രഹം ഹിന്ദുക്കളുടെ സാഹോദര്യംമാത്രം നേടണമെന്നല്ല, മുഖ്യമായി മനുഷ്യസാഹോദര്യം—അവൻ ഹിന്ദുവായാലും, മുസൽമാനായാലും ക്രിസ്ത്യനോ പാഴ്സിയോ യഹൂദനോ ആയാലും—സാക്ഷാൽകരിക്കപ്പെടണമെന്നുതന്നെയാണ്. എന്തുകൊണ്ടെന്നാൽ, ലോകത്തിലെ എല്ലാ ശ്രേഷ്ഠമതങ്ങളുടേയും മൗലികസത്യത്തിൽ ഞാൻ വിശ്വസിക്കുന്നു. അവയെല്ലാം ഈശ്വരദത്തങ്ങളാണെന്നു ഞാൻ വിശ്വസിക്കുന്നു; ഈ മതങ്ങൾ ആർക്കുവേണ്ടിയാണോ ആവിഷ്കരിക്കപ്പെട്ടതു് അവ ആവശ്യമായിരുന്നെന്നും ഞാൻ വിശ്വസിക്കുന്നു. ഭിന്നമതക്കാരുടെ മതഗ്രന്ഥങ്ങൾ ആ മതാനുയായികളുടെ നിലയിൽനിന്നു വായിക്കുമെങ്കിൽ അടിയിൽ അവയെല്ലാം ഒന്നാണെന്നും അവയെല്ലാം പരസ്പരം സാഹായ്യപ്രദങ്ങളാണെന്നും നാം കാണുമെന്നുംകൂടി ഞാൻ വിശ്വസിക്കുന്നു.

ഈ 'തൊട്ടുകൂടാവാദം' ഹിന്ദുമതത്തിൽ മാത്രമുള്ളതല്ല, ജാതികൾ തമ്മിലും മതങ്ങൾ തമ്മിലും അതുണ്ടു്. ഈ രാജ്യത്തെ അധിവസിക്കുന്ന വിവിധ വർഗങ്ങളുടെയും സമുദായങ്ങളുടെയും ഇടയിൽ ഈ പ്രസ്ഥാനത്തിന്റെ ഫലമായി ഹൃദയൈക്യം സംജാതമാകുന്നതുവരെ സ്വന്തം നിലയ്ക്കു ഞാൻ സംതൃപ്തനാവുകയില്ല; അതുകൊണ്ടാണു് ഇന്ത്യയ്ക്കുള്ളിലും പുറത്തുപോലും ജീവിക്കുന്ന എല്ലാ വർഗങ്ങളുടേയും സമുദായങ്ങളുടേയും സഹകരണം ഞാൻ ക്ഷണിച്ചിട്ടുള്ളതു്.

## 7

ഇസ്ലാമിനെ ഈശ്വരപ്രചോദിതങ്ങളായ മതങ്ങളിലൊന്നായും, ഖുറാനെ ഈശ്വരപ്രചോദിതമായ ഗ്രന്ഥമായും, മെഹമ്മദിനെ പ്രവാചകരിൽ ഒരാളായും ഞാൻ തീർച്ചയായും കരുതുന്നു. എന്നാൽ ഇതുപോലെതന്നെ ഹിന്ദുമതത്തെയും ക്രിസ്തുമതത്തേയും സൊറോസ്ട്രിയൻ മതത്തേയും (പാഴ്സികളുടേതു്) ഈശ്വരപ്രചോദിതമതങ്ങളായി ഞാൻ കരുതുന്നു. അവയിൽ പലതിന്റേയും പേരുകൾ വിസ്മൃതങ്ങളായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ആ മതങ്ങളും ആ പ്രവാചകന്മാരും അവരുടെ കാലത്തേക്കും അവരുടെ കാലത്തെ ആളുകൾക്കുംവേണ്ടിയായിരുന്നു ജീവിച്ചതു്. ചില

6. Harijan, 16–2–1934 (The Removal of Untouchability, p. 287)
7. Harijan, 13–7–1940 (Communal Unity, pp. 268–269)

digitized by www .sreyas.in

മുഖ്യമതങ്ങൾ ഇന്നുമുണ്ട്. ഈ മതങ്ങളെല്ലാം എൻെറ കഴിവനുസരിച്ച് പഠിച്ചതിൻെറ ഫലമായി, എല്ലാ മതങ്ങളുടെയും അടിയിലുള്ള ഏകത്വം കണ്ടെത്തുന്നതു് ഉചിതവും ആവശ്യവുമാണെങ്കിൽ, ഒരു വിശേഷപ്പെട്ട താക്കോൽ കൂടിയേ കഴിയൂ എന്ന നിഗമനത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കുന്നു. ആ വിശേഷപ്പെട്ട താക്കോൽ സത്യവും അഹിംസയും ചേർന്നതാണ്. ഈ വിശേഷപ്പെട്ട താക്കോൽകൊണ്ടു് ഒരു മതത്തിൻെറ പെട്ടി തുറക്കുമ്പോൾ, മററു മതങ്ങളുമായി അതിനുള്ള സാദൃശ്യം കണ്ടെത്താൻ എനിക്കു പ്രയാസം തോന്നുന്നില്ല. ഒരു വൃക്ഷത്തിൻെറ അസംഖ്യം ഇലകളെന്ന നിലയ്ക്കു് ഈ മതങ്ങളെ വീക്ഷിക്കുമ്പോൾ അവ തുലോം വ്യത്യസ്തങ്ങളായിത്തോന്നുന്നു; എങ്കിലും തടി ഒന്നാണ്. മൗലികമായ ഈ ഏകത്വം നാം മനസ്സിലാക്കാതിരുന്നാൽ, മനസ്സിലാക്കുന്നതുവരെ, മതങ്ങളുടെ പേരിലുള്ള കലഹം അവസാനിക്കുകയില്ല. ഈ കലഹങ്ങൾ ഹിന്ദുക്കൾക്കും മുസൽമാന്മാർക്കും ഇടയ്ക്കു മാത്രമുള്ളവയല്ല. ലോകചരിത്രത്തിൻെറ ഏടുകൾ മതകലഹങ്ങളുടെ റിണംപുരണ്ട വിവരണങ്ങൾകൊണ്ടു് മലീമസങ്ങളാണ്. മതങ്ങളെ തദനുയായികളുടെ വിശുദ്ധികൊണ്ടും സൽകർമ്മങ്ങൾകൊണ്ടും മാത്രമേ രക്ഷിക്കാനൊക്കൂ. മററു മതാനുയായികളുമായി കലഹിച്ചതുകൊണ്ടു ഒരിക്കലും പററില്ല.

8

നമ്മളെല്ലാവരും—ഹിന്ദുക്കളും മുസ്ലീമങ്ങളും പാഴ്സികളും ക്രിസ്ത്യാനികളുമെല്ലാം—ഈശ്വരൻെറ മുമ്പിൽ സമന്മാരാണ്, ഒരേ ഈശ്വരൻെറ മുമ്പിൽ സമന്മാരാണ്, ഒരേ ഈശ്വരൻെറ ആരാധകരാണ്. പിന്നെ എന്തിനാണു നാം തമ്മിൽത്തന്നെ സമരം?

9

ജബൽപൂരിൽ ബാലികമാർക്കുള്ളവേണ്ടിയുള്ള ഒരു കോൺവെൻറിൻെറ സഹായാർത്ഥം പണപ്പിരിവിനുവേണ്ടി നടത്തിയ ഒരു കളിയുടെ സമയത്തു് ഒരു വിഭാഗം ഹിന്ദുക്കൾ കാണിച്ച തെമ്മാടിത്തം ഒരു ലേഖകൻ എഴുതി അറിയിച്ചിരിക്കുന്നു. ഒരു ഹിന്ദു സുഹൃത്തുതന്നെയാണ് കളിക്കു് ഏർപ്പാടു ചെയ്തതു്. ആ ചെറിയ നാടകത്തിലെ അഭിനയക്കാരെല്ലാം കോൺവെൻറിലെ ചെറിയ ബാലികമാരായിരുന്നു. ഒരനാഥബാലിക, ഈ ലോകം മടുത്തു്, ഈശ്വരനോടു പ്രാർത്ഥിക്കുന്ന ഒരു രംഗം അവസാനമുണ്ടായിരുന്നു. ദൈവദൂതന്മാർ വന്നു് ക്രിസ്തുവിൽ വിശ്വസിക്കുവാൻ അവളെ ഉപദേശിച്ചു. നാടകം അവസാനിച്ചതു് ക്രിസ്തുവിനെ സ്തുതിക്കുന്ന ഒരു ഗാനത്തോടുകൂടിയാണ്. ഇതു് കുഴപ്പം ആരംഭിക്കാനുള്ള സൂചന

---

8. Harijan, 30-3-1940 (Communal Unity, P. 291)
9. Harijan, 13-10-1946 (Communal Unity, P. 378)

digitized by www .sreyas.in

യായിത്തീർന്നു. ലഹളയ്ക്കൊരുമ്പെട്ടവർ ക്രിസ്തുമതത്തിന്നെതിരെ കൂക്കിവിളിച്ചു. കളി ഏർപ്പാടു ചെയ്ത ആൾക്കു് പ്രസംഗിക്കാൻ കഴിഞ്ഞില്ല. ടിക്കററിന്റെ പണം പലരും മടക്കിച്ചോദിച്ചു. ഗാനം യേശുവിനെക്കുറിച്ചാകുന്നതിനുപകരം ശ്രീകൃഷ്ണനെക്കുറിച്ചായിരുന്നെങ്കിൽ, ഈ ബഹളമൊക്കെ ഉണ്ടാകുമായിരുന്നുവോ എന്നു ലേഖകൻ ചോദിക്കുന്നു.

ലേഖകൻ പറയുന്നതു ശരിയാണെങ്കിൽ, മുകളിൽ പറഞ്ഞ പെരുമാററം മാന്യേതരമായിപ്പോയി. കഠിനമായ അസഹിഷ്ണുതയാണു് ഇതു കാണിക്കുന്നതു്. സ്വാഭിപ്രായങ്ങളോടു യോജിക്കാത്ത കാര്യങ്ങൾ ഇഷ്ടപ്പെടാൻ വയ്യാത്തവർ അവയെ സഹായിക്കാൻ പോകേണ്ട ആവശ്യമില്ല; എങ്കിലും ഇഷ്ടമില്ലാത്ത കാര്യങ്ങളുടെനേരേ മനുഷ്യോചിതമല്ലാത്തവിധം പെരുമാറുന്നതു് മാന്യന്മാർക്കു ചേർന്നതല്ല.

## 10

ചോദ്യം: ഒരീശ്വരനെയുള്ളുവെങ്കിൽ, ഒരൊററ മതമല്ലേ ഉണ്ടാകാവൂ?

ഉത്തരം: ഇതു വല്ലാത്ത ഒരു ചോദ്യമാണു്. ഒരു വൃക്ഷത്തിനു് ലക്ഷോപലക്ഷം ഇലകളുള്ളതുപോലെ, ഈശ്വരൻ ഒന്നേയുള്ളുവെങ്കിലും എത്ര സ്ത്രീപുരുഷന്മാരുണ്ടോ അത്ര മതങ്ങളുണ്ടു്—അവയുടെയെല്ലാം വേരു് ഒരേ ഈശ്വരനിലാണെങ്കിലും, അവർ വ്യത്യസ്ത പ്രവാചകരുടെ അനുയായികളാകകൊണ്ടും, എത്ര പ്രവാചകരുണ്ടോ അത്ര മതങ്ങളുണ്ടെന്നു് അവകാശപ്പെടുന്നതുകൊണ്ടും ഈ സ്പഷ്ടമായ സത്യം അവർ കാണുന്നില്ല. വാസ്തവം പറഞ്ഞാൽ, താനൊരു ഹിന്ദുവാണെന്നു് അദ്ദേഹം വിശ്വസിക്കുന്നുണ്ടെങ്കിലും താൻ ഈശ്വരനെ ആരാധിക്കുന്നതു് അവരിൽ ആരെങ്കിലുമോ അവരൊക്കെയോ ആരാധിക്കുന്ന രീതിയിലല്ലെന്നു് അദ്ദേഹത്തിന്നറിയാം.

## 11

സ്വയം ഒരു സനാതനി ഹിന്ദുവാകകൊണ്ടാണു് താനൊരു ക്രിസ്ത്യാനിയും ബുദ്ധമതക്കാരനും മുസ്ലിമുമാണെന്നു് അദ്ദേഹം വിശ്വസിക്കുന്നതു്. ഖുറാനിലെ അറബിക്പദ്യങ്ങൾ വായിക്കാൻ തനിക്കധികാരമില്ലെന്നു ചില മുസ്ലീം സുഹൃത്തുക്കൾക്കും അഭിപ്രായമുണ്ടു്. ഇവർക്കറിഞ്ഞുകൂടാ യഥാർത്ഥ മതം ഭാഷയേയും മതഗ്രന്ഥങ്ങളേയും അതിശയിക്കുന്ന ഒന്നാണെന്നു്. തനിക്കെന്തുകൊണ്ടു കല്മ വായിച്ചുകൂടെന്നു് അദ്ദേഹത്തിനു മനസ്സിലാകുന്നില്ല. എന്തുകൊണ്ടു് അദ്ദേഹത്തിനു് അല്ലാഹീനെ സ്തുതിച്ചുകൂടാ? എന്തുകൊണ്ടു മൊഹമ്മദിനെ തന്റെ പ്രവാചകനായി അവകാശ

10. Harijan, 16-3-1947 (Communal Unity, p. 542)
11. Harijan, 27-4-1947 (Communal Unity, pp. 588-589)

digitized by www .sreyas.in

പ്പെട്ടുകൂടാ? മഹാന്മാരായ എല്ലാ പ്രവാചകരിലും, എല്ലാ മതങ്ങളിലെയും മഹർഷിമാരിലും അദ്ദേഹം വിശ്വസിക്കുന്നു. കുററം പറയുന്നവരുടെ നേരേ കോപിക്കാതിരിക്കുവാനുള്ള ശക്തി നൽകാൻ ഈശ്വരനോട് അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടേയിരിക്കും: അവർക്കു അമംഗളം നേരാതെ അവരുടെ കൈകൊണ്ടു മരിക്കാനും അദ്ദേഹം സന്നദ്ധനായിരിക്കും. ഹിന്ദുമതം എല്ലാം ഉൾക്കൊള്ളുന്ന ഒന്നാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. തന്റെ വിശ്വാസങ്ങളനുസരിച്ചു ജീവിച്ചാൽ താൻ, ഹിന്ദുമതത്തെ മാത്രമല്ല, ഇസ്ലാമിനേയും സേവിക്കുകയായിരിക്കുമെന്ന് അദ്ദേഹത്തിന്നറിയാം.

## 12

പിന്നീടു തനിക്കു കിട്ടിയ രണ്ടെഴുത്തുകൾ ഗാന്ധിജി വായിച്ചു. എല്ലായിടത്തും എല്ലാററിലും ഈശ്വരനെ കാണുകയും ഈശ്വരനിൽ എല്ലാം കാണുകയും—അതായത്, ഓരോ മതഗ്രന്ഥത്തിലും, ഓരോ മതത്തിലേയും ഓരോ മനുഷ്യനിലും ഈശ്വരനെ കാണുക—ചെയ്യുന്നവന് ഈശ്വരൻ എന്നെന്നും അനുകൂലമാണ് എന്നു പറയുന്ന സംസ്കൃതശ്ലോകത്തിന്റെ* അർത്ഥം വിശദമാക്കാൻ ഒരു സുഹൃത്ത് ഗാന്ധിജിയോടാവശ്യപ്പെട്ടു. ഈശ്വരനു് ഒരിക്കലും അയാളിൽ മടുപ്പില്ല. അയാൾ എപ്പോഴും ഈശ്വരന്റെകൂടെയാണ്. താനൊരു സനാതനിഹിന്ദുവാണെന്നും എങ്കിലും തന്നെ ഒരു മുസ്ളീമെന്നു വിളിക്കുന്നതു ശരിയാണെന്നും താൻ പറഞ്ഞതിന്റെ അർത്ഥം, ആ രീതിയിൽ പറഞ്ഞാൽ എല്ലാവർക്കും മനസ്സിലാക്കാൻ എളുപ്പമുണ്ടാകും. തലേന്ന് താൻ പറഞ്ഞതു ശരിയാണെന്നും, താനൊരു സനാതനിഹിന്ദുവാണെന്ന് അവകാശപ്പെട്ട ന്നതുകൊണ്ടു താൻ ഒരു മുസ്ലീംകൂടിയാണെന്നു പറഞ്ഞതിൽ താൻ ലജ്ജിക്കുന്നില്ലെന്നും ഗാന്ധിജി സമർത്ഥിച്ചു. എവിടെയെങ്കിലും ഒരു ന്യൂനപക്ഷമെന്ന നിലയിൽ ജീവിക്കാൻ ഭയമുണ്ടെങ്കിൽ, ജനങ്ങൾ എവിടേയ്ക്കാണ് പോകേണ്ടതെന്നും ആ സുഹൃത്തു ചോദിച്ചു. ഇന്ത്യ മുഴുവൻ അവർക്കായി തുറന്നുകിടക്കുന്നുണ്ടെന്നാണ് അദ്ദേഹത്തിന്റെ മറുപടി; എവിടെ ചെന്നാലും അവർ യാചകരായിത്തീരരുതെന്നു മാത്രം.

റഹിമും രാമനും ഒരേ ഈശ്വരന്റെ പേരുകളാണെങ്കിൽ, എന്തിനു രണ്ടും ഉപയോഗിക്കുന്നുവെന്നായിരുന്നു രണ്ടാമത്തെ ലേഖകന്റെ ചോദ്യം. എന്തുകൊണ്ടു രാമൻ മാത്രം പോരാ? ഈശ്വരന് ആയിരം പേരുകളുണ്ടെന്നു ഹിന്ദുമതഗ്രന്ഥങ്ങളിൽ പറയുന്നു. അദ്ദേഹത്തിനു 40 കോടി പേരുകളുണ്ടെങ്കിലെന്താണ്? തന്റെ ആത്മസംതൃപ്തിക്ക് ആവശ്യമുള്ളത്ര പേരുകൾകൊണ്ട് ആർക്കും അദ്ദേഹത്തെ വിളിക്കാവുന്നതാണ്.

---

12. Harijan, 27-4-1947 (Communal Unity, P. 592)
* ''യോ മാം പശ്യതി സർവ്വത്ര സർവ്വം ച മയി പശ്യതി
തസ്യാഹം ന പ്രണശ്യാമി സ ച മേ ന പ്രണശ്യതി'' (ഗീത)

digitized by www .sreyas.in

13

മുസ്ലീങ്ങളുടെ സുഹൃത്തായി പ്രവർത്തിച്ച് ഞാൻ ഹിന്ദു താൽപര്യങ്ങളെ തുലയ്ക്കുകയാണെന്ന് എന്നെ കുററപ്പെടുത്തുന്ന എഴുത്തുകരം എനിക്കു കിട്ടിക്കൊണ്ടിരിക്കുന്നുണ്ടെന്ന് അറിയുന്നതു് നിങ്ങരംക്കു് ആശ്ചര്യകരമായേക്കാം. മുസ്ലീങ്ങളുടെ സുഹൃത്താകാൻ ശ്രമിക്കുകകൊണ്ടു് ഞാനൊരു യഥാർത്ഥ ഹിന്ദുവാണെന്നു തെളിയിക്കുക മാത്രമാണു് ചെയ്തിട്ടുള്ളതെന്നും, അങ്ങനെ ഹിന്ദുക്കളെയും ഹിന്ദുമതത്തെയും ഞാൻ വഴിപോലെ സേവിച്ചിട്ടുണ്ടെന്നും അറുപതു കൊല്ലത്തെ എൻെറ പൊതുജീവിതം വ്യക്തമാക്കിയിട്ടില്ലെങ്കിൽ വെറും വാക്കുകൊണ്ടു് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ എനിക്കെങ്ങനെ കഴിയും? യഥാർത്ഥ മതോപദേശങ്ങളുടെ സാരം നാം എല്ലാവരെയും സേവിക്കുകയും സ്നേഹിക്കുകയും ചെയ്യണമെന്നാണു്. എൻെറ അമ്മയുടെ മടിയിൽ കിടന്നാണു് ഞാനിതു പഠിച്ചതു്. നിങ്ങരംക്കു് എന്നെ ഹിന്ദുവെന്നു വിളിക്കാൻ കൂട്ടാക്കാതിരിക്കാം. ഇഖ്ബാലിൻെറ സുപ്രസിദ്ധ ഗാനത്തിൽനിന്നു് ഒരു വരി ഉദ്ധരിക്കുകയല്ലാതെ എൻെറ ഭാഗം വാദിക്കുവാൻ എനിക്കു വേറെ വഴിയൊന്നുമില്ല. 'മജ്ബാബ്നഹിൻ സിഖിതാ ആപസ്മെൻ ബെർ രഖ്നാ.' പരസ്പരം വിദ്വേഷം പുലർത്താൻ മതം നമ്മെ ഉപദേശിക്കുന്നില്ല. സ്വന്തം സുഹൃത്തുക്കളോടു സൗഹാർദ്ദം കാണിക്കുക വളരെ എളുപ്പമാണു്. എന്നാൽ നിങ്ങളെ ശത്രുവായി കരുതുന്നവനോടു സ്നേഹം കാണിക്കലാണു് യഥാർത്ഥ മതത്തിൻെറ സാരാംശം. മറേറതു വെറും കപ്പവടമാണു്.

14

ഹിന്ദുക്കളോടു് ഖുറാൻകൂടി പഠിക്കാൻ അങ്ങു് ആവശ്യപ്പെടുന്നതെന്തിനാണു്? അവർ അവരുടെ മതംതന്നെ പഠിച്ചാൽ പോരേ?

മറുപടിയായി ഗാന്ധിജി പറഞ്ഞു: തൻേറതല്ലാത്ത മതങ്ങളിലെ പുണ്യഗ്രന്ഥങ്ങരം പഠിക്കേണ്ടതു് ഓരോരുത്തൻെറയും കടമയാണു്. സ്വമതം ശുദ്ധമാക്കിവെക്കാനും അതിലെ കളങ്കങ്ങരം അകററാനും ഇതു സഹായിക്കുന്നു. എന്നല്ല, ക്രിസ്ത്യാനികളും മുസ്ലീങ്ങളും പാഴ്സികളും മററു മതാനുയായികളും നമ്മുടെ ഇടയിലുണ്ടു്. അവരെ സഹോദരരായി കരുതുന്നുണ്ടെങ്കിൽ, അവരുടെ മതഗ്രന്ഥങ്ങരം പഠിക്കേണ്ടതു് ഹിന്ദുക്കളുടെ കടമയാണു്.

## സി. ഐക്യത്തിൻെറ ആവശ്യകത

15

ഈ ഐക്യത്തിൻെറ ആവശ്യകതയെക്കുറിച്ചു് എല്ലാവർക്കും യോജിപ്പുണ്ടു്. എങ്കിലും ആ ഐക്യം പുറമേനിന്നു വച്ചുകെട്ടി

13. Harijan, 11-5-1947 (Communal Unity, p. 607)
14. Harijan, 25-5-1947 (Communal Unity, p. 623)
15. Constructive Programme, p. 8.

digitized by www .sreyas.in

യേക്കാവുന്ന രാഷ്ട്രീയൈക്യമല്ലെന്നു് എല്ലാവർക്കും അറിഞ്ഞുകൂടാ. അതിനർത്ഥം തകർക്കാൻ വയ്യാത്ത ഹൃദയൈക്യമെന്നാണു്. ഇത്തരം ഐക്യത്തിനു് ഒഴിച്ചുകൂടാത്ത ഒന്നാമത്തെ കാര്യം ഓരോ കോൺഗ്രസ്സുകാരനും അയാളുടെ മതമെന്തായാലും ഓരോ ഹിന്ദുവിനും മുസ്ലീമിനും ക്രിസ്ത്യനും പാഴ്സിക്കും യെഹൂദനും മററും—ചുരുക്കത്തിൽ ഓരോ ഹിന്ദുവിനും അഹിന്ദുവിനും പ്രതിനിധി ഭവിക്കലാണു്. ഹിന്ദുസ്ഥാനിലെ കോടാനുകോടി നിവാസികളുമായി അയാൾക്കു താദാത്മ്യം അനുഭവപ്പെടണം. ഇതു സാധിക്കുവാൻ വേണ്ടി ഓരോ കോൺഗ്രസ്സുകാരനും തന്റേതല്ലാത്ത മതക്കാരുടെ നേരെ സുഹൃൽഭാവം വളർത്തിക്കൊണ്ടുവരണം. തന്റെ മതത്തിനോടുള്ളതുതന്നെ ബഹുമാനം മററു മതങ്ങളോടും അയാൾക്കുണ്ടായിരിക്കണം.

ശോഭനമായ ഇത്തരമൊരു വ്യവസ്ഥയിൽ റെയിൽവേസ്റ്റേഷനുകളിൽവച്ചു 'ഹിന്ദുപാനി, മുസ്ലീംപാനി, ഹിന്ദുചായ്, മുസ്ലീംചായ്' എന്നു വിളിച്ചുപറയൽ കേൾക്കാനിടവരികയില്ല. സ്കൂളുകളിലും കോളേജുകളിലും ഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും വേറെ വേറെ മുറികളോ പാത്രങ്ങളോ ഉണ്ടായിരിക്കുകയില്ല, സാമുദായിക സ്കൂളുകളും കോളേജുകളിലും ആശുപത്രികളും ഉണ്ടായിരിക്കുകയില്ല. ഇത്തരമൊരു വിപ്ളവത്തിന്റെ നാന്ദി, ആ ശരിയായ പെരുമാററത്തിന്റെ പിന്നിൽ രാഷ്ട്രീയോദ്ദേശ്യങ്ങളൊന്നും കൂടാതെ, ഹിന്ദുക്കൾ കുറിക്കണം. രാഷ്ട്രീയൈക്യമായിരിക്കും അതിന്റെ സ്വാഭാവികഫലം.

## 16

പരസ്പരസൗഹാർദമാകുന്ന ഒരൊററക്കെട്ടുകൊണ്ടു് ഹിന്ദു, മുസ്ലീം സമുദായങ്ങളെ ഏകീകരിക്കാൻ കഴിയുമെങ്കിൽ ഏകോദരസഹോദരന്മാരെപ്പോലെ അവർക്കു പരസ്പരം പെരുമാറാൻ കഴിയുമെങ്കിൽ അതു സർവഥാ അഭിലഷണീയമായ ഒരു സിദ്ധിയായിരിക്കും. പക്ഷേ, ഈ ഐക്യം യാഥാർത്ഥ്യമായിത്തീരുന്നതിനുമുമ്പു രണ്ടു സമുദായങ്ങളും വളരെ ത്യാഗങ്ങൾ ചെയ്യേണ്ടതായിവരും. ഇതുവരെയുള്ള അവരുടെ ആശയങ്ങളിൽ മൗലികപരിവർത്തനങ്ങൾ വരുത്തേണ്ടതായിവരും. രണ്ടു സമുദായങ്ങളും തമ്മിലുള്ള അസുഖബന്ധങ്ങളെ പ്രബലങ്ങളാക്കാൻ തക്കവിധം അത്ര അസഭ്യമായ ഭാഷയിലാണു് ഒരു സമുദായം മറേറതിനെപ്പററി സംസാരിക്കുന്നതു്. ഹിന്ദുക്കളായ നാം മൊഹമ്മദീയരെപ്പററി പറയുമ്പോൾ സഭ്യമല്ലാത്ത ഭാഷ ഉപയോഗിക്കാൻ മടിക്കാറില്ല, മറിച്ചും ജന്മസിദ്ധവും തീർത്താൽ തീരാത്തതുമായ ശത്രുത ഹിന്ദുക്കളും മൊഹമ്മദീയരും തമ്മിലുണ്ടെന്നു വളരെപ്പേർ വിശ്വസിക്കുന്നു. പലേ

16. Young India, 7–5–1919 (Communal Unity, p. 981)

digitized by www .sreyas.in

ടത്തും ഒരു സമുദായം മറേറതിനെ അവിശ്വസിക്കുന്നതായി നാം കാണുന്നു. ഓരോന്നും മറെറതിനെ ഭയപ്പെടുന്നു. ഇതു നിസ്സംശയമായ ഒരു പരമാർത്ഥമാണു്.

## 17

കാലത്തിനു യോജിക്കാത്തതും ദുഷ്ടവുമായ ഈ സ്ഥിതിവിശേഷം ക്രമേണ ഭേദപ്പെട്ടുവരുന്നുണ്ടെന്നതു തർക്കമററ സംഗതിയാണു്. കാലസ്വഭാവം അനിയന്ത്രിതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടു്. വല്ലവിധത്തിലും നാം ഒന്നിച്ചു കഴിഞ്ഞുകൂടിയേ തീരൂ. എങ്കിലും ഈ പ്രതിജ്ഞ ചെയ്യുന്നതിന്റെ ഉദ്ദേശ്യം തക്ക കാലത്തു മാത്രം സംഭവിക്കുമെന്നു പ്രതീക്ഷിക്കാവുന്ന സ്ഥിതി സ്വാർത്ഥത്യാഗംകൊണ്ടു വേഗത്തിൽ വരുത്തിത്തീർക്കലാണു്. ഇതെങ്ങനെ സാധിക്കും? ഹിന്ദുക്കളുടെ—സനാതനിഹിന്ദുക്കളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി, അവയിൽവച്ചു് ഈ വിഷയം സഗൗരവം ചർച്ചചെയ്യപ്പെടണം.

## 18

മംഗളകരമായ ഈ സന്ദർഭത്തിൽ—രാജ്യത്തിൽ സർവത്ര സത്യഗ്രഹത്തിന്റെ അലയടിച്ചുകൊണ്ടിരിക്കെ സന്ദർഭം തീർച്ചയായും മംഗളകരമായേ തീരൂ—ഈ ഐക്യപ്രതിജ്ഞ നമുക്കെല്ലാം ചെയ്യാൻ കഴിയണമെന്നു ഞാൻ ആശിക്കുന്നു. പ്രധാനരായ ഹിന്ദുക്കളും മൊഹമ്മദീയരും സമ്മേളിച്ചു് ഈ കാര്യത്തെക്കുറിച്ചു സഗൗരവം ചർച്ചചെയ്തു്, ഒരു പൊതുയോഗത്തിൽവച്ചു് സർവസമ്മതമായ ഒരു പ്രമേയം പാസ്സാക്കേണ്ടതും ഇതിനാവശ്യമാണു്. നമ്മുടെ ഇപ്പോഴത്തെ പരിശ്രമങ്ങൾ ഊർജിതമായി തുടർന്നാൽ, ഈ ലക്ഷ്യപ്രാപ്തി സാദ്ധ്യമാണു്. ഈ പ്രതിജ്ഞ വ്യക്തികൾക്കു് ഇപ്പോൾത്തന്നെ ചെയ്യാവുന്നതാണെന്നു് എനിക്കു തോന്നുന്നു. അസംഖ്യംപേർ ദിവസേന അപ്രകാരം ചെയ്യുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ജനങ്ങൾ കൂട്ടം കൂട്ടമായി പ്രതിജ്ഞ ചെയ്യുന്നതിനെക്കുറിച്ചുള്ളതാണു് എന്റെ മുന്നറിയിപ്പുകൾ. ജനങ്ങൾ ഒന്നിച്ചു് അപ്രകാരം ചെയ്യുകയാണെങ്കിൽ പ്രതിജ്ഞ ഇപ്രകാരമായിരിക്കട്ടെ:

'ഞങ്ങൾ ഒരേ മാതാപിതാക്കന്മാരുടെ സന്താനങ്ങളെപ്പോലെ പരസ്പരം പെരുമാറുമെന്നും ഞങ്ങൾ തമ്മിൽ ഭിന്നതകൾ ഉണ്ടാകുന്നതല്ലെന്നും ഓരോരുത്തന്റെ ദുഃഖം മററുള്ളവരുടെയും ദുഃഖമായിരിക്കുമെന്നും അതു നീക്കം ചെയ്യാൻ ഓരോരുത്തനും സഹായിക്കുമെന്നും ഹിന്ദുക്കളും മുസ്ലീങ്ങളുമായ ഞങ്ങൾ ഈശ്വരൻ സാക്ഷിയായി പ്രതിജ്ഞ ചെയ്യുന്നു. ഓരോരുത്തരുടെയും മതത്തെയും മതപരങ്ങളായ വികാരങ്ങളെയും ഞങ്ങൾ പരസ്പരം മാനിക്കുന്ന

---

17. Young India, 7–5–1919 (Communal Unity, p. 980)
18. Young India, 7–5–1919 (Communal Unity, p. 981)

താണ്; ഞങ്ങളുടെ പ്രത്യേകാനുഷ്ഠാനങ്ങൾക്കു ഞങ്ങൾ പരസ്പരം തടസ്സമായി നില്ക്കുന്നതല്ല. മതത്തിന്റെ പേരിൽ പരസ്പരം ഹിംസ കാണിക്കുന്നതിൽനിന്നു ഞങ്ങൾ വിരമിക്കുന്നതാണ്.'

## 19

'ടൈംസ് ഓഫ് ഇന്ത്യ'യുടെ പത്രാധിപർക്ക് ഗന്ധിജി ഇപ്രകാരമൊരു കത്തെഴുതി:

സർ, കുറച്ചുനാൾ മുമ്പു ഫിരംഗി മഹലിലെ മൗലാനാ അബ്ദുൾബാരിയുടെ അതിഥിയാകാനുള്ള ഭാഗ്യം എനിക്കുണ്ടായി. ഇന്ത്യയുടെ ഈ ഭാഗത്തു താമസിക്കുന്ന മുഹമ്മദീയരല്ലാത്ത നമുക്ക് മഹാനും നല്ലവനുമായ ഈ മനുഷ്യനെപ്പററി അധികമൊന്നും അറിഞ്ഞുകൂടാ. അദ്ദേഹം ഇസ്ലാമിലെ മികച്ച മതോപദേഷ്ടാക്കളിൽ ഒരാളാണ്; ഇന്ത്യയിൽ സർവത്ര അനേകായിരം അനുയായികൾ അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തെ അറിയാൻ തുടങ്ങിയാൽ അദ്ദേഹത്തിന്റെ അഹന്തയില്ലാത്തതും സത്യസന്ധവുമായ സ്വഭാവം എതിരാളികളെപ്പോലും മിത്രങ്ങളാക്കി മാററുന്നു. പരസ്പരം താത്പര്യമുള്ള വിഷയങ്ങളെക്കുറിച്ച് അദ്ദേഹവും ഞാനുംകൂടി ചർച്ച നടത്തുകയുണ്ടായി; തദവസരത്തിൽ അദ്ദേഹത്തോട് ഞാൻ പറയുകയുണ്ടായി; ഹൈന്ദവാഭിപ്രായത്തെ എനിക്കു വ്യാഖ്യാനിക്കാൻ കഴിയുന്നിടത്തോളം, തുർക്കിയുടെ അവകാശം സംബന്ധിച്ച നീതി സമ്പാദിക്കുകയെന്ന ദുഷ്കരമായ പണിയിൽ അത് (ഹൈന്ദവാഭിപ്രായം) ഒററക്കെട്ടായി മൊഹമ്മദീയരുടെ പിന്നിലുണ്ടായിരിക്കുമെന്ന്; ദുഷ്കരമെന്നു പറയാൻ കാരണം, ആ പ്രശ്നം യൂറോപ്യൻ കുഴപ്പങ്ങൾനിറഞ്ഞ ഒന്നാകയാൽ സഖ്യശക്തികൾ ഒരു ദുർബല നിമിഷത്തിൽ നീതിയെമാത്രം അടിസ്ഥാനമാക്കി തീരുമാനം ചെയ്യുന്നതിൽ തോററുപോയെക്കാമെന്നതാണ്. അദ്ദേഹം മനസ്സിരുത്തി ആലോചിച്ചു ശാന്തമായി ഇങ്ങനെ മറുപടി പറഞ്ഞു; 'നിങ്ങളെ, ഹിന്ദുക്കളെ, ഞങ്ങൾ സഹായിക്കുന്നില്ലെങ്കിൽ, നിങ്ങളോടു നീതി ചെയ്യുന്നില്ലെങ്കിൽ സ്വന്തം നിലയ്ക്കു നിങ്ങളുടെ സഹായം അവകാശപ്പെടുവാനോ എന്റെ മതക്കാർക്കുവേണ്ടി അതു സ്വീകരിക്കുവാനോ എന്നെക്കൊണ്ടാവില്ല.' ഞാൻ പറഞ്ഞു: 'ഞാൻ വിലപേശുന്ന മനോഭാവത്തോടുകൂടിയാണു സംസാരിക്കുന്നതെന്നു തീർച്ചയായും ഒരു നിമിഷംപോലും നിങ്ങൾ വിചാരിക്കരുത്. നിങ്ങൾ ഇപ്പോൾ പ്രകടിപ്പിച്ച വിചാരത്തിന്റെ . പിന്നിലുള്ള പ്രശ്നം—അതായത് ഗോവധം അതിന്റെ ഗുണദോഷങ്ങളനുസരിച്ചു തീരുമാനിക്കപ്പെടാവുന്നതാണെന്നും നാം തമ്മിലുള്ള സൗഹാർദം പരിപക്വമാകുന്നതുവരെയും ഒരു നിഷ്പക്ഷചർച്ചയ്ക്കു

19. Young India, 10-9-1916 (Communal Unity, pp. 987-988)

അതിന്റെ കാത്തുനില്ക്കാവുന്നതാണെന്നുമുള്ള പ്രശ്നം....'ഞാനിത്ര യും പറഞ്ഞപ്പോഴേക്കും അദ്ദേഹം ഇടയിൽ കടന്നു പറഞ്ഞു; 'സദയം ക്ഷമിക്കൂ. നിങ്ങൾക്കു സഹായിക്കണമെന്നുണ്ടെന്ന് എനിക്കറി യാം. കാരണം, ഞങ്ങളുടെ കാര്യം ന്യായമാണ്; നമ്മൾ ഒരേ നാ ടിന്റെ മക്കളുമാണ്. അല്ലാതെ, പ്രത്യുപകാരം വേണമെന്നു നി ങ്ങൾ ആഗ്രഹിക്കുന്നതുകൊണ്ടല്ല. പക്ഷേ, ഞങ്ങൾക്കു ഞങ്ങളോടു തന്നെ ഒരു കടമയില്ലേ? എന്നും കൈക്കൊള്ളുക, ഒരിക്കലും കൊടു ക്കാതിരിക്കുക—ഇങ്ങനെയായാൽ ഇസ്ലാം നശിക്കും. സർവോ പരി അതു വിശ്വാസ്യതയുള്ളതായിരിക്കണം. ഞങ്ങളുടെ വിശ്വാ സത്തിന്റെ കലീനത (ഖണ്ടാനി എന്നാണ് അദ്ദേഹം ഉപയോഗി ച്ച വാക്ക്) അയൽപക്കക്കാരോടു കണിശമായി നീതി ചെയ്വാൻ ഞങ്ങളോടാവശ്യപ്പെടുന്നു. ഇവിടെ സേവനം കൈക്കൊള്ളുന്നതി ന്റെ കാര്യമാണ്. ഹിന്ദുക്കൾ ഞങ്ങളുടെ മതത്തെപ്പററി വിധി പറയുക, അവരോടുള്ള ഞങ്ങളുടെ പെരുമാററത്തെ അടിസ്ഥാനമാ ക്കിയാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നതു് ഞങ്ങൾ നിങ്ങ ളിൽനിന്നു സ്വീകരിക്കുന്നുവെങ്കിൽ ഞങ്ങൾ നിങ്ങൾക്കു തന്നേ ക ഴിയൂ എന്ന്.' പാണ്ഡിത്യവും ശരിയായ ജ്ഞാനവും വിനയവുമുള്ള ഒരു പുരോഹിതനായി നടത്തിയ ആശ്ചര്യകരമായ സംഭാഷണത്തി ന്റെ ഒരു ചെറിയ ശകലം മാത്രമേ ഞാനിവിടെ ചേർത്തിട്ടുള്ളൂ. ആ മൗലാനാ തന്റെ വാക്കു പാലിച്ചിരിക്കുന്നു. ഈ അഭിപ്രായ പ്രകടനത്തിനുശേഷം തന്റെ മതാനുയായികളോടും സ്നേഹിതന്മാ രോടും അദ്ദേഹം ഗോവധം ചെയ്യരുതെന്ന് ഉപദേശിക്കുന്നുണ്ടെന്ന് എനിക്കറിയാം. ഇസ്ലാമിന് ഏററവും പുണ്യമായ ദിവസങ്ങ ളിൽ ഒന്നായ ഇന്ന് അദ്ദേഹം ഹിന്ദുക്കളെ ഓർക്കുകയും എനിക്ക് ഇപ്രകാരമൊരു കമ്പി അടിക്കുകയും ചെയ്തിരിക്കുന്നു:

ഹിന്ദു മുസ്ലീംമൈത്രി ആഘോഷിക്കാൻവേണ്ടി ഈ ബക്രീ ദിന് ഫിരംഗി മഹലിൽ ഗോവധമില്ല—അബ്ദുൾബാരി' ഇതിനു ഞാൻ താഴെപ്പറയുന്ന മറുപടി അയച്ചു. 'നിങ്ങളുടെ മഹത്തായ ഈ ത്യാഗകർമ്മത്തിൽ ആനന്ദിക്കുന്നു. ഈദ് മുബറാക് സ്വീകരി ക്കാൻ അപേക്ഷ.'

ഭിന്നവർഗങ്ങളിൽപ്പെട്ടവരായ നമ്മൾക്കെല്ലാം ഹിന്ദുക്കൾക്കും മൊഹമ്മദീയർക്കും ക്രിസ്ത്യാനികൾക്കും പാഴ്സികൾക്കും യെഹൂദ ന്മാർക്കുമെല്ലാം ഇതു ഔദാര്യവും നീതിനിഷ്ഠയും വിശാലവീക്ഷണ വും ഉണ്ടാകുമാറാകട്ടെ എന്ന് ഈശ്വരനോടു പ്രാത്ഥിക്കുന്നു.

## 20

നാം അഭിലഷിക്കുന്ന ഐക്യം ഏച്ചുകെട്ടി ഉണ്ടാക്കിയ ഒന്നല്ല ഹിന്ദുക്കളും ഇന്ത്യയിലെ മുസ്ലീങ്ങളും തമ്മിലുള്ള നശിപ്പിക്കാനാ

20. Young India, 6-10-1920 (Communal Unity, pp. 3-4)

digitized by www .sreyas.in

വാത്ത ഒത്തൊരുമയില്ലെങ്കിൽ ഇന്ത്യയ്ക്കു സ്വരാജ്യം അസാദ്ധ്യമാണെന്ന അസന്ദിഗ്ദ്ധമായ അഭിപ്രായത്തിന്റെ വ്യക്തമായ അംഗീകാരത്തിന്മേൽ അടിയുറപ്പിക്കപ്പെട്ട ഹൃദയൈക്യമാണ്. അതു വെറുമൊരു ഇടക്കാലസന്ധിയായിരിക്കരുത്. പരസ്പരഭയത്തിന്മേൽ അടിയുറപ്പിക്കാനാവില്ല. ഇരുകൂട്ടരുടെയും മതങ്ങളെ പരസ്പരം ബഹുമാനിക്കുന്ന സമന്മാർ തമ്മിലുള്ള ഒരു പങ്കാളിത്തമായിരിക്കണം അത്.

ഇസ്ലാമിന്റെ അനുയായികൾ ഹിന്ദുക്കളെ ആജന്മശത്രുക്കളായി കരുതണമെന്നു ശാസിക്കുന്ന എന്തെങ്കിലും വിശുദ്ധ ഖുറാനിൽ ഉണ്ടായിരുന്നെങ്കിൽ, അല്ലെങ്കിൽ രണ്ടു കൂട്ടരും തമ്മിൽ ശാശ്വത വൈരമുണ്ടെന്നു വിശ്വസിക്കാൻ തക്ക എന്തെങ്കിലും ഹിന്ദുമതത്തിൽ ഉണ്ടായിരുന്നെങ്കിൽ ഇത്തരമൊരു ഐക്യം ഉണ്ടാവുകയില്ലെന്ന് ഞാൻ തുറന്നു സമ്മതിക്കും. പാശ്ചാത്യരാജ്യങ്ങളിൽ ഭീമമായ തോതിൽ നടത്തിക്കൊണ്ടിരിക്കുന്ന രക്തച്ചൊരിച്ചിലിന്റെയും ശുഷ്കവാദത്തിന്റെയും വഞ്ചനയുടെയും നടുക്ക മനുഷ്യജാതി മുഴുവനും കൂടുതൽ നല്ല ഒരു കാലത്തിന്റെ നേരെ പുരോഗമിച്ചുകൊണ്ടിരിക്കയാണെന്നു ഞാൻ വിശ്വസിക്കുന്നു. അനശ്വരമായ ഹിന്ദുമുസ്ലീം മൈത്രിയിലൂടെയും അഹിംസാമാർഗങ്ങളിലൂടെയും—അതായത്, കലർപ്പററ ആത്മബലി—യഥാർത്ഥ സ്വാതന്ത്ര്യവും ആത്മാവിഷ്കരണവും പ്രാപിക്കുന്ന ഇന്ത്യയ്ക്ക് ഇന്നത്തെ അന്ധകാരത്തിൽനിന്നൊരു പോംവഴി കാണിക്കാൻ കഴിയും.

21

'ഐകമത്യം മഹാബലം' എന്നതു് കോപ്പിപുസ്തകത്തിലെ ഒരു പഴമൊഴി മാത്രമല്ല, ഒരു ജീവിതനിയമമാണ് എന്ന സംഗതി, ഹിന്ദുമുസ്ലീം മൈത്രിയുടെ കാര്യത്തിലെന്നപോലെ മററങ്ങും അത്ര സ്പഷ്ടമായി തെളിയിക്കപ്പെട്ടിട്ടില്ല. ഛിദ്രിച്ചാൽ നാം നശിച്ചേ തീരൂ. ഹിന്ദുക്കളും മുസൽമാൻമാരും പരസ്പരം കഴുത്തറക്കാൻ തയ്യാറാകുന്നേടത്തോളം കാലം ഏതൊരു മൂന്നാം ശക്തിക്കും ഇന്ത്യയെ നിഷ്പ്രയാസം അടിമയാക്കാൻ കഴിയും. ഹിന്ദുമുസ്ലീംമൈത്രിയെന്നുവച്ചാൽ, ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ മാത്രം മൈത്രി എന്നല്ല അർത്ഥം, ഇന്ത്യ മാതൃഭൂമിയാണെന്നു വിശ്വസിക്കുന്നവരെല്ലാം തമ്മിൽ അവരുടെ മതമെന്തായാലും മൈത്രി എന്നാണ്.

22

നാം ഉന്നം വയ്ക്കുന്ന സമാധാനം ഏച്ചുകെട്ടിയുണ്ടാക്കിയ ഒരു സമാധാനമല്ല. ഗവർമെൻറിന്റെ സഹായംകൂടാതെ, അതിനെതി

21. Young India, 11-5-1921 (Communal Unity, p. 4)
22. Young India, 24-11-1921 (Communal Unity, p. 34)

digitized by www .sreyas.in

രായ അവരുടെ പരിശ്രമങ്ങൾ ഉണ്ടായാൽപോലും അതു കുറെക്കാലം തുടരുമെന്ന ഉറപ്പു വേണം. ഹിന്ദുക്കളും മുസൽമാന്മാരും പാഴ്സികളും ക്രിസ്ത്യാനികളും യഹൂദന്മാരും തമ്മിൽ ഹൃദയൈക്യം വേണം. അവസാനം പറഞ്ഞ മൂന്നു സമുദായങ്ങൾ ആദ്യംപറഞ്ഞ രണ്ടിനെയും പിന്നെയും അവിശ്വസിച്ചേക്കാം. ഇയ്യിടത്തെ സംഭവങ്ങൾ ആ അവിശ്വാസത്തെ ശക്തിപ്പെടുത്തുകതന്നെ ചെയ്യും. അവരുടെ അവിശ്വാസം ഇല്ലാതാക്കാൻ സവിശേഷശ്രമം നടത്തണം. അവർ തികഞ്ഞ നിസ്സഹകരണക്കാരായി തീരാതിരിക്കുകയോ സ്വദേശി സ്വീകരിക്കാതിരിക്കുകയോ അതിന്റെ ചിഹ്നമായ വെള്ള ഖാദിത്തൊപ്പി ധരിക്കാതിരിക്കുകയോ ചെയ്താൽ നാം അവരെ ഉപദ്രവിക്കരുതു്. അവരെപ്പോഴും ഗവർമ്മെന്റിന്റെ ഭാഗത്തു നിന്നാൽ നാം അവരുടെ നേരെ ശുണ്ഠിയെടുക്കരുതു്. സ്നേഹപൂർവമായ സേവനംകൊണ്ടു നാം അവരെ നമ്മുടെ പക്ഷത്തിൽ വരുത്തണം. ഇതാണു് ഇന്നത്തെ ആവശ്യം. അല്ലെങ്കിൽ ആഭ്യന്തരകലഹമാണുണ്ടാവുക. ഇപ്പോൾ ഒരു കക്ഷിയെയും പിന്നെ മറെറാന്നിനേയും സഹായിച്ചു സ്വന്തം നില ഉറപ്പിക്കുവാൻ വെമ്പുന്ന ഒരു മൂന്നാം ശക്തിയുള്ള സ്ഥിതിക്കു് ഒരാഭ്യന്തരകലഹം അടുത്ത ഭാവിയിൽ സംഭവിക്കാതെ കഴിച്ചുകൂട്ടുകതന്നെ വേണം.

23

എന്നെ സംബന്ധിച്ചിടത്തോളം ഉടനെ പരിഹരിക്കേണ്ടതായി രാജ്യത്തിന്റെ മുമ്പാകെയുള്ള പ്രശ്നം ഹിന്ദുമുസ്ലീം പ്രശ്നമാണു്. ഹിന്ദുമുസ്ലീംമൈത്രി എന്നുവച്ചാൽ സ്വരാജ്യം എന്നാണർത്ഥമെന്ന മി. ജിന്നയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. ഹിന്ദുക്കളും ഇന്ത്യയിലെ മുസൽമാന്മാരും തമ്മിൽ സ്ഥിരമായ ഹൃദയൈക്യമുണ്ടാകാതെ ഈ ദരിതംപിടിച്ച രാജ്യത്തിൽ എന്തെങ്കിലും നേടാനുള്ള ഒരു വഴിയും ഞാൻ കാണുന്നില്ല. ഉടനെ അതു നേടാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു; കാരണം അതു സ്വാഭാവികമാണു്; രണ്ടുകൂട്ടർക്കും അത്യാവശ്യമാണു്; ഞാൻ മനുഷ്യസ്വഭാവത്തിൽ വിശ്വസിക്കുന്നുവെന്ന കാരണവുമുണ്ടു്.

24

അദ്ദേഹം ഹിന്ദുക്കളുടെയും മററുമെന്നപോലെ മുസ്ലീങ്ങളുടെയും സുഹൃത്താണു്. യൂനിയനോടു കൂറുള്ള പൗരനായി ജീവിക്കാനാഗ്രഹിക്കുന്ന യൂനിയനിലെ ഓരോ മുസ്ലീമും അയാളുടെ കുടുംബത്തിൽ ശാന്തിയോടും സുരക്ഷിതത്വത്തോടുംകൂടി ജീവിക്കുന്നതുവരേയും ഹിന്ദുക്കളേയും ശിഖരേയും ഇതുപോലെ അവരുടെ കുടുംബങ്ങളിലേയ്ക്കു

23. Young India, 22–5–1924 (Communal Unity, p. 61)
24. Harijan, 28–9–1947 (Communal Unity, pp. 766–767)

digitized by www .sreyas.in

മടക്കി അയയ്ക്കുന്നതുവരെയും അദ്ദേഹം അടങ്ങിയിരിക്കുന്നതല്ല. തെക്കെ ആഫ്രിക്കയിലും ഇന്ത്യയിലുമായി അദ്ദേഹം ഒരു ജീവകാലം മുഴുവൻ മുസ്ളീങ്ങളെ സേവിച്ചിട്ടുണ്ട്. ഖിലാഫത്ത് കാലത്തെ ഐക്യം അദ്ദേഹത്തിനു് ഒരിക്കലും മറക്കാനാവില്ല. അതു നിലനിന്നില്ല. എങ്കിലും ഹിന്ദുക്കളും മുസ്ളീങ്ങളും തമ്മിൽ ചിരസ്ഥായിയായ ഐക്യം സാധ്യമാണെന്നു് അതു തെളിയിച്ചു. അദ്ദേഹം ജീവിക്കുന്നതും പ്രയത്നിക്കുന്നതും അതിനുവേണ്ടിയാണു്.

## 25

എന്റെ ചെറുപ്പകാലത്തു രാജ്യകാര്യങ്ങളെപ്പററി എന്തെങ്കിലും അറിയുന്നതിനുമുമ്പുതന്നെ ഹൃദയപൂർവമായ സാമുദായികമൈത്രി ഞാൻ സ്വപ്നം കാണുകയുണ്ടായി. ആ സ്വപ്നം ഈ ജീവിതത്തിൽ സഫലമായെന്നറിഞ്ഞാൽ ഈ ജീവിതസായാഹ്നത്തിൽ ഒരു കുട്ടിയെപ്പോലെ ഞാൻ പാടും. പണ്ടത്തെ മഹർഷിമാർ വിധിച്ചതും 125 വർഷം എന്നു നിശ്ചയിക്കാൻ നമ്മെ അനുവദിച്ചതുമായ ആ ആയുഷ്ക്കാലം മുഴുവൻ ജീവിക്കണമെന്ന ആഗ്രഹം അപ്പോൾ പുനർജീവിക്കും. ഇത്തരമൊരു സ്വപ്നത്തിന്റെ സാഫല്യത്തിനുവേണ്ടി ആർതന്നെ തന്റെ ജീവൻ ബലികഴിക്കാൻ മുതിരുകയില്ല? അന്നു നമുക്കു യഥാർത്ഥ സ്വരാജ്യമുണ്ടാകും. അന്നു നിയമപരമായും ഭൂമിശാസ്ത്രപരമായും നാം രണ്ടു സ്റ്റേററുകളായിരിക്കുമെങ്കിലും നിത്യജീവിതത്തിൽ നാം രണ്ടു സ്റ്റേററുകളാണെന്നു് ആരും വിചാരിക്കുകയില്ല. ഞാൻ കാണുന്ന ഈ കാഴ്ച നേരാകാൻ വയ്യാത്തവണ്ണം അത്ര തേജോമയമാണെന്നു് എനിക്കു തോന്നുന്നു, നിങ്ങൾക്കും അങ്ങനെ തോന്നുന്നുണ്ടായിരിക്കണം. എന്നാലും ഒരു പ്രസിദ്ധ ചിത്രത്തിലെ കുട്ടിയെപ്പോലെ അതു കിട്ടുന്നതുവരെ ഞാൻ സന്തുഷ്ടനാവുകയില്ല. ഇതിലും കുറഞ്ഞ ഒരു ലക്ഷ്യത്തിനുവേണ്ടിയല്ല ഞാൻ ജീവിക്കുന്നതു്, ജീവിക്കാൻ ആഗ്രഹിക്കുന്നതു്.

## ഡി. ഐക്യവും സ്വരാജ്യവും

## 26

ഹിന്ദുമുസ്ളീം മൈത്രി ചർക്കയേക്കാൾ പ്രാധാന്യം കുറഞ്ഞ ഒന്നല്ല. അതു നമ്മുടെ പ്രാണവായുവാണു്. ഇക്കാര്യത്തിന്റെ പേരിൽ നിങ്ങളുടെ സമയം അധികം ഞാൻ ചെലവാക്കേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ സ്വരാജ്യത്തിനു് അതു കൂടിയേ കഴിയൂ എന്നു മിക്കവാറും പരക്കെ സമ്മതിച്ചിരിക്കുന്നു. 'മിക്കവാറും' എന്നു ഞാൻ പറയുന്നതു തനി ഹിന്ദുഗവർമെൻറോ തനി മുസ്ളീം ഗവർമെൻറോ ഉണ്ടാകാത്തപക്ഷം ഗ്രേററ്ബ്രിട്ടനെ ആശ്രയിക്കുകയെന്ന

25. Harijan, 18-1-1948. (CommunalUnity p. 932)
26. Young India, 26-12-1924 (Communal Unity. p. 103)

digitized by www .sreyas.in

ഇന്നത്തെ സ്ഥിതി കൂടുതൽ ഇഷ്ടപ്പെടുന്ന കുറെ ഹിന്ദുക്കളും കുറെ മുസൽമാന്മാരുമുണ്ടെന്ന് എനിക്കറിയാവുന്നതുകൊണ്ടാണ്. ഭാഗ്യവശാൽ അവരുടെ എണ്ണം ചെറുതാണ്.

ഇന്നത്തെ സംഘർഷം വെറുമൊരു താൽക്കാലിക അസ്വരസമാണെന്ന മൗലാനാ ഷൗക്കത്തലിയുടെ ഉറച്ച ശുഭപ്രതീക്ഷയിൽ ഞാൻ പങ്കുകൊള്ളുന്നു. ഏതൊന്നിൽ ഹിന്ദുക്കൾ തങ്ങളുടെ മുസൽമാൻ സഹോദരരുമായി സഹകരിച്ചുവോ ആ ഖിലാഫത്ത് പ്രക്ഷോഭണവും അതിനെ തുടർന്നുണ്ടായ നിസ്സഹകരണപ്രസ്ഥാനവും ഇതുവരെ ഉറങ്ങിക്കിടന്നിരുന്ന ജനതതിയിൽ ഒരുണർവുണ്ടാക്കിയിട്ടുണ്ട്.

## 27

യു. പി. യിലെ ലഹളകൾ എന്നെ വല്ലാതെ വേദനിപ്പിച്ചു. അഹിംസയുടെ അടിസ്ഥാനത്തിൽ അതിനെപ്പററി ഞാൻ മൗലാനാ ആസാദുമായും ബോസ്സഹോദരന്മാരുമായും ചർച്ച നടത്തി. നാം നമ്മുടെ ലക്ഷ്യത്തോടടുക്കുകയല്ല, അതിൽനിന്നകന്നുപോവുകയാണെന്ന് എനിക്കു തോന്നി. നമുക്കു ശക്തി വർധിക്കുകയാണെന്നും പല ന്യൂനതകളുമുണ്ടെങ്കിലും നമുക്ക് എന്റെ ജീവകാലത്തുതന്നെ സ്വരാജ്യം കാണാൻ കഴിയുമെന്നും ആശിക്കുവാൻ ഹരിപുര(കോൺഗ്രസ്സ് സമ്മേളനം) എനിക്കു വക നൽകി. ആ ശക്തി ഒരു കൊല്ലത്തിനുള്ളിൽ നാം നേടുമെന്നായിരുന്നു ഞാൻ വിചാരിച്ചത്. പക്ഷേ അലഹബാദിലേയും മററും ലഹളകൾ എനിക്കു വലിയൊരു ഞെട്ടലുണ്ടാക്കി.

## 28

നിങ്ങൾക്കെന്റെ ഹൃദയം പിളർന്നുനോക്കാൻ കഴിയുമെങ്കിൽ, ഹിന്ദുമുസ്ലീം ഐക്യപ്രാപ്തിക്കുവേണ്ടിയുള്ള പ്രാർത്ഥനയും ആത്മീയ യത്നവും ഒരു നിമിഷംവിടാതെ 24 മണിക്കൂർ നേരവും—ഞാൻ ഉണർന്നിരിക്കുമ്പോഴും അല്ലാത്തപ്പോഴും—അവിടെ നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നു നിങ്ങൾ കാണും. ഹിന്ദുമുസ്ലീംമൈത്രി അതില്ലാതെ സ്വരാജ്യമുണ്ടാകാൻ തരമില്ലെന്നു അറിയാവുന്നതുകൊണ്ടുതന്നെ എനിക്ക് ആവശ്യമുണ്ട്. ഹിന്ദുക്കൾ ഭൂരിപക്ഷസമുദായമാകകൊണ്ടു മററു സമുദായങ്ങളുടെ പിന്തുണയോ ആനുകൂല്യമോ കൂടാതെ സിവിൽ നിയമലംഘനം സംഘടിപ്പിച്ച് അവക്ക് ഇന്ത്യയ്ക്കു വേണ്ടിയോ തങ്ങൾക്കു മാത്രമായോ സ്വരാജ്യം നേടാൻ കഴിയുമെന്നു് ആരും വിചാരിക്കാതിരിക്കട്ടെ.

27. Harijan, 2-4-1938 (Communal Unity, p. 221)
28. Harijan, 5-8-1932 (Communal Unity, p. 229)

digitized by www .sreyas.in

## ഇ. സഹിഷ്ണുതയുടെ പാരമ്പര്യം

### 29

നാം പരസ്പരം കഴുത്തറക്കുന്നതു ബ്രിട്ടനെപ്പോലെ കരുത്തുള്ള ഒരു രാജ്യം തടയാതിരിക്കുന്നപക്ഷം പണ്ടു നാം കലഹിച്ചിട്ടുള്ളതുകൊണ്ടു്, മേലിലും നാം കലഹിക്കുമെന്നു് ഉറപ്പിച്ചാൽ നാം ചരിത്രം പഠിച്ചതു പിഴച്ചിട്ടാവും. ഇത്തരം വിശ്വാസത്തിനു് ഇസ്ളാമിലോ ഹിന്ദുമതത്തിലോ യാതൊരാസ്പദവുമില്ലെന്നു് എനിക്കു ഉറപ്പുണ്ടു്. രണ്ടു മതങ്ങളിലേയും തത്പരപുരോഹിതന്മാർ അഥവാ ഭ്രാന്തുപിടിച്ച പുരോഹിതന്മാർ ആളുകളെ പരസ്പരം ശത്രുക്കളാക്കുന്നുണ്ടെന്നതു നേരുതന്നെ. ക്രിസ്ത്യൻ ഭരണാധികാരികളെപ്പോലെതന്നെ മുസ്ളീം ഭരണാധികാരികളും അവരുടെ മതങ്ങൾ പ്രചരിക്കുവാൻ വാൾ ഉപയോഗിച്ചിട്ടുണ്ടെന്നതും നേരുതന്നെ. എന്നാൽ ആധുനികകാലത്തു ദുഷ്ടതകൾ പലതുമുണ്ടെങ്കിലും നിർബന്ധപൂർവമായ അടിമത്തത്തെയെന്നപോലെ നിർബന്ധപൂർവ്വമായ മതംമാററത്തേയും അതു പൊറുക്കുകയില്ല. ഇക്കാലത്തെ ശാസ്ത്രീയമനോഭാവത്തിൻെറ ഏററവും സഫലമായ സംഭാവന ഒരുവേള ഇതാണു്. ഇസ്ളാമിനെയെന്നപോലെ ക്രിസ്തുമതത്തെക്കുറിച്ചുള്ള നിരവധി അബദ്ധധാരണകളെ ഈ മനോഭാവം മാററിവച്ചിട്ടുണ്ടു്. മതപരിവർത്തനത്തിനുവേണ്ടി ബലം പ്രയോഗിക്കുന്നതിനെ നീതീകരിക്കുന്ന ഒരൊററ ഇസ്ളാമിക് എഴുത്തുകാരനേയും എനിക്കറിഞ്ഞുകൂടാ. ഇന്നു പ്രയോഗിക്കപ്പെടുന്ന സ്വാധീനശക്തികൾ വാളിൻേറതിനേക്കാൾ കൃത്രിമതരങ്ങളാണു്.

### 30

ഇയ്യിടെയായി പ്രാർത്ഥനായോഗങ്ങളിൽ ബഹളമുണ്ടാകാറില്ല. മതപരമായ സഹിഷ്ണുതയും ആരോടു സമ്പർക്കം ചെയ്യുന്നുവോ അവരിലുള്ള നല്ല സംഗതികൾ ഗ്രഹിക്കാനും സ്വീകരിക്കാനുമുള്ള കഴിവും പ്രാചീനകാലം മുതല്ക്കു ഹിന്ദുമതത്തിൻേറയും ഹിന്ദുസംസ്കാരത്തിൻെറയും സവിശേഷതകളായിരുന്നു. ഗാന്ധിജി തൻെറ പ്രാർത്ഥനായോഗങ്ങളിലൊന്നിൽ അള്ളോപനിഷത്തിനെപ്പററിപ്പറഞ്ഞ ഭാഗം വായിച്ച ഒരാൾ അദ്ദേഹത്തിനു് അതിൻെറ ഒരു കൈയെഴുത്തുകോപ്പി അയച്ചുകൊടുത്തിരിക്കുന്നു. 'അതിൽ ഏഴു ശ്ലോകങ്ങളാണുള്ളതു്, അഥർവ വിഭാഗത്തിൽ പെട്ടതുമാണതു്. പിന്നീടു് അച്ചടിച്ച കോപ്പികളും കിട്ടി. ആധികാരികമായ സമാഹാരത്തിൽ പെട്ടതല്ല അതെന്ന താക്കീതു് ഇവ അയച്ചവർ നൽകിയിട്ടുണ്ടു്.

പ്രൊഫസർ ജയ്ചന്ദ്രവിദ്യാലങ്കാർ, റാണാ കുംഭനെപ്പററി ഗാന്ധിജിക്കു് എഴുതിയിട്ടുണ്ടു്. റാണാകുംഭൻ റാണാസംഘൻെറ

---

29. Young India, 6-10—1920 (Communal, Unity, p. 3)
30. Harijan, 22-6-1947 (Communal Unity, p. 643)

പിതാമഹനായിരുന്നു. റാണാ സംഘൻ മഹാനായ റാണാപ്രതാപിന്റെ പിതാമഹനും. ഇന്ത്യയിലെ മുസ്ളീം ആധിപത്യത്തെ ചെറുത്ത ആദ്യത്തെ ഹിന്ദുരാജാക്കന്മാരിൽ ഒരുവനായിരുന്നു റാണാ കുംഭൻ. മാൾവയിലേയും ഗുജറാത്തിലേയും സുൽത്താന്മാരെ അദ്ദേഹം തോല്പിക്കുകയും ചിത്തോരിൽ ഒരു വിജയസ്തംഭം സ്ഥാപിക്കുകയുംചെയ്തു. അതു ഇന്നും നിലനിൽക്കുന്നുണ്ട്. ആ വിജയസ്തംഭത്തിന്മേൽ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ നാമങ്ങളോടൊപ്പം അള്ളാവിന്റെനാമവും വലിയ അറബി അക്ഷരങ്ങളിൽ കൊത്തിവച്ചിട്ടുണ്ട്.

തന്റെ ഹിന്ദുപ്രജകളൊന്നിച്ചു തീർത്ഥയാത്രയ്ക്കു പോകുക പതിവായിരുന്ന കാശ്മീരിലെ ജെയിനുബ്ദിദിൻ സുൽത്താനെപ്പററി—റാണാകുംഭന്റെ സമകാലീനൻ—പ്രൊഫസർ പറയുന്നുണ്ട്. പല ഹിന്ദുക്ഷേത്രങ്ങളും അദ്ദേഹം പുതുക്കിപ്പണി ചെയ്യിച്ചു. അവയിൽ ചിലതു് ഇന്നും നിലവിലുണ്ട്. മുസ്ളീംഭരണാധികാരികളുടെ നേരെ പൊരുതിയെങ്കിലും ഛത്രപതി ശിവാജിയും മഹാരാജരഞ്ജിത്സിംഗും ഇസ്ലാമിനെ മാനിച്ചിരുന്നു.

## 31

ഇന്ത്യ വീണാൽ ഏഷ്യ നശിക്കും. സമ്മിളിതങ്ങളായ വളരെ സംസ്കാരപരിഷ്കാരങ്ങളുടെ പരിപോഷണശാല എന്നു അതു സമുചിതമായി വിളിക്കപ്പെട്ടിട്ടുണ്ട്. ഏഷ്യായിലായാലും ആഫ്രിക്കയിലായാലും ലോകത്തിന്റെ മറേറതു ഭാഗത്തായാലും ലോകത്തിലുള്ള എല്ലാ മർദിതവർഗങ്ങളുടെയും ആശാകേന്ദ്രമായിരിക്കട്ടെ, ആശാകേന്ദ്രമായിത്തന്നെ തുടരട്ടെ, ഇന്ത്യ.

## 32

ഹിന്ദുമുസ്ളീം ഭരണത്തെപ്പററി ആലോചിക്കുകയേ വേണ്ട. പത്രങ്ങളിൽനിന്നു മുറിച്ചെടുത്ത ഈ ഭാഗങ്ങൾ ഹിന്ദുക്കളും മുസ്ലീങ്ങളും കലഹം തുടങ്ങിക്കഴിഞ്ഞുവെന്നും, അവർ അവസാന ബലപരീക്ഷയ്ക്കു തയ്യാറായേ കഴിയുവെന്നും വ്യക്തമാക്കുന്നു.

മുസ്ലീങ്ങൾ ഹന്ദുക്കളുടെ ജന്മശത്രുക്കളാണെന്നു വിചാരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഹിന്ദുമതത്തിലെ പതിവനുസരിച്ച് അവസാനം അതു ശത്രുക്കളുമായി ഒത്തുതീർപ്പിലെത്തുകയും, അവരുടെ സുഹൃത്തുക്കളായിത്തീരുകയും ചെയ്യും. ഈ നടപടി പൂർത്തിയാക്കപ്പെട്ടിരുന്നില്ല. പ്രതികാരമൂർത്തി ഹിന്ദുമതത്തെ ബാധിച്ചിട്ടോ എന്നു തോന്നുമാറു്, മുസ്ളിംലീഗ് അതേകളി തുടങ്ങുകയും രണ്ടു സംസ്കാരങ്ങളും തമ്മിൽ ഇണങ്ങാൻ നിവൃത്തിയില്ലെന്നു പഠിപ്പിക്കുകയും ചെയ്തു. ഇതു സംബന്ധിച്ചു ശ്രീ അതുലാനന്ദ

31. Harijan, 5-10-1947 (Communal Unity, p. 780)
32. Harijan, 4-5-1940 (Communal Unity, p. 310)

digitized by www .sreyas.in

ചക്രവർത്തിയുടെ ഒരു ചെറിയ പുസ്തകം ഞാൻ വായിക്കുകയുണ്ടായി. ഇസ്ലാം ഹിന്ദുമതവുമായി സമ്പർക്കം ആരംഭിച്ചതു മുതൽ രണ്ടിലെയും ഏററവും നല്ലവർ മാത്രമെങ്കിലും പരസ്പരം നന്മ കാണാനും പുറമെ കാണുന്ന വൈധർമ്മ്യങ്ങൾക്കു പകരം സഹജങ്ങളായ സാധർമങ്ങളെപ്പററി ഊന്നിപ്പറയുവാനും ശ്രമിച്ചുകൊണ്ടിരുന്നുവെന്നു് അതിൽ പറയുന്നു. ഇസ്ലാമികചരിത്രത്തെ ഗ്രന്ഥകർത്താവു അനുകൂലമായ നിലയിൽ ചിത്രീകരിച്ചിരിക്കുകയാണു്. അദ്ദേഹം പറഞ്ഞിട്ടുള്ളതു സത്യമാണെങ്കിൽ, സത്യം മാത്രമാണെങ്കിൽ എല്ലാ ഹിന്ദുക്കളും മുസ്ലീങ്ങളും വായിക്കേണ്ട ഒരു പുസ്തകമാണതു്. സർ ഷഫാത്തു് അഹമ്മദ്ഖാന്റെ ഒരു മുഖവുരയും മററു പല മുസ്ലീങ്ങളുടേയും അനുമോദനങ്ങളും അതിലുണ്ടു്. അതിൽ ശേഖരിച്ച തെളിവുകൾ ഇന്ത്യയിൽ ഇസ്ലാമിന്റെ വളർച്ചയെ ശരിയായി പ്രതിഫലിപ്പിക്കുന്നുണ്ടെങ്കിൽ വിഭജനത്തിനുവേണ്ടിയുള്ള പ്രചാരവേല ഇസ്ലാമിനു വിരുദ്ധമാണു്.

## എഫ്. പൊതുജനസ്വഭാവങ്ങളും താത്പര്യങ്ങളും

### 33

അപ്പോൾ പിന്നെ ഹിന്ദുമുസ്ലീംമൈത്രിയെന്നു വച്ചാലെന്താണു്? ഏററവും നന്നായി അതെങ്ങനെ വളർത്താൻ കഴിയും? ഉത്തരം ലഘുവാണു്. പൊതുവായ ഒരുദ്ദേശ്യവും പൊതുവായൊരു ലക്ഷ്യവും പൊതുവായ സങ്കടങ്ങളും ഉണ്ടായിരിക്കണം. പൊതുവായ ലക്ഷ്യത്തിനുവേണ്ടി സഹകരിച്ചും, സങ്കടത്തിൽ പരസ്പരം പങ്കുകൊണ്ടും, പരസ്പരം സഹിഷ്ണുത കാണിച്ചും അതേററവും നല്ല നിലയിൽ വളർത്താവുന്നതാണു്. പൊതുവായ ഒരു ലക്ഷ്യം നമുക്കുണ്ടു്. നമ്മുടെ മഹത്തായ ഈ രാജ്യം മഹത്തരവും സ്വയംഭരിക്കുന്നതുമായിത്തീരണമെന്നു നാം ആഗ്രഹിക്കുന്നു. പങ്കിടാൻ നമുക്കു ധാരാളം ദുഃഖങ്ങളുണ്ടു്. ഖിലാഫത്ത്പ്രശ്നം സംബന്ധിച്ചു മുഹമ്മദീയർക്കു വലിയ വേദനയുണ്ടെന്നും അവരുടെ വാദം ന്യായമാണെന്നും കാണുന്നതുകൊണ്ടു ഹിന്ദുക്കൾക്കു മുഹമ്മദീയരുടെ സൗഹാർദം നേടാൻ; അവരുടെ അവകാശത്തിനു ഹൃദയപൂർവമായ പിന്തുണ നൽകയെന്നതിനേക്കാൾ ശക്തമായ വഴി വേറെയില്ല. ഒരേ കപ്പിൽനിന്നു എത്രതന്നെ കുടിച്ചാലും ഒരേ പാത്രത്തിൽനിന്നു് എത്രതന്നെ ഭക്ഷിച്ചാലും അതൊന്നും ഖിലാഫത്ത്പ്രശ്നത്തിൽ നൽകുന്ന സഹായത്തിനു കഴിയുന്നതുപോലെ രണ്ടു സമുദായങ്ങളേയും തമ്മിൽ കൂട്ടിയിണക്കുകയില്ല.

---

33. Young India, 25-2-1920 (Communal Unity, p. 8)

digitized by www .sreyas.in

## 34

നമുക്ക പൊതുവായി ബ്രിട്ടൻതന്ന സമാധാനമല്ലാതെ മററെന്താണുള്ളതെന്ന പലപ്പോഴം എന്നോട ചോദിക്കാറുണ്ട്. കറാച്ചിയിലെ 'ഡെയ്ലി ഗസ'റ്റിൻെറ പത്രാധിപരാണ അവസാനം അതെന്നോട ചോദിച്ചത്.' എൻെറ മറുപടി വേണ്ടത്ര സമഗ്രമായിരുന്നെങ്കിലും വിസ്തരിച്ച മറുപടി പറയാൻ സമയം കിട്ടിയില്ലെന്നതിൽ എനിക്ക ഖേദമുണ്ട്. ജനനം, മര്യാദകൾ, കഷ്ടതകൾ, അടിമത്തം ഇവ ബ്രിട്ടൻ നൽകിയ സമാധാനത്തേക്കാൾ പൊതുവായി ഉള്ളവയാണെന്ന ഞാൻ സൂചിപ്പിച്ചു. എന്നാൽ എന്താണ ബ്രിട്ടൻ നൽകിയ സമാധാനം? വിദേശീയാക്രമണത്തിൽനിന്ന നമ്മെ രക്ഷിക്കുന്നതിനേക്കാളേറെ നാം പരസ്പരം പൊരുതുന്നതു കൂടാതെകഴിക്കുന്നുവെന്നല്ലേ അതിനർത്ഥം? ആ ഒരൊററ വ്യവസ്ഥപോലും അനുസരിക്കപ്പെടുന്നതിനേക്കാളേറെ ലംഘിക്കപ്പെടുന്നതു നാം കാണുന്നില്ലേ? ഹിന്ദുമുസ്ലീം വഴക്കുകൾ ഇല്ലാതാക്കാൻ ബ്രിട്ടൻ നൽകിയ സമാധാനത്തിനു സാധിക്കുകയില്ല. സൈനികവും മററുമായ അസാമാന്യസജ്ജീകരണങ്ങൾകൊണ്ട് അതു വിജയപൂർവം ചെയ്യുന്നതു ഈ രാജ്യത്തെ ചൂഷണം ചെയ്യുന്ന യൂറോപ്യന്മാരുടെ സംരക്ഷണമാണ്. തന്നിമിത്തം ബ്രിട്ടൻ നൽകിയ സമാധാനം രാജ്യത്തിനു മുഴവൻ പൊതുവായുള്ള ഒന്നാണെങ്കിലും രാജ്യത്തെ സാമ്പത്തികമായോ രാജ്യതന്ത്രപരമായോ അഭിവൃദ്ധിപ്പെടുത്തുവാൻ പററിയ ഒരനുഗ്രഹമല്ല അതു്. അതു ജനങ്ങളുടെ പൗരുഷം കെടുത്തി അവരെ നിസ്സഹായാവസ്ഥയിൽ ആഴ്ത്തിയിരിക്കുന്നു. അതിനാൽ ബ്രിട്ടൻ നൽകിയ സമാധാനമല്ല, പൊതുവായ ജനനവും, പൊതുവായ കഷ്ടപ്പാടുകളും, മര്യാദകളും പൊതുവായ അടിമത്തവുമാണ ഒററയ്ക്കും ഒന്നിച്ചും നമ്മെ കൂട്ടിയിണക്കുന്ന യഥാർത്ഥ ശക്തിയെന്നാണ് എൻെറ അഭിപ്രായം. കഷ്ടപ്പാടുകളെക്കുറിച്ചുള്ള ബോധവും അടിമത്തബോധവും ജനങ്ങളെ ഇന്ന പണ്ടൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം ഏകീകരിക്കുന്നുണ്ട്. ഇവ നാമാവശേഷങ്ങളായിത്തീരുമ്പോൾ——തീർന്നേ കഴിയൂ——പൊതുവായ ജനനം രാജ്യത്തെ അധൃഷ്യമാക്കുന്ന ഒരു ശക്തിയാണെന്നു തെളിയും.

## 35

മാററം സംഭവിച്ചേക്കാവുന്ന മതത്തെ ഹേതുവാക്കി മനുഷ്യരെ തമ്മിൽ ഭിന്നിപ്പിക്കുന്നതു തീരെ തെററാണെന്നു ഞാൻ കരുതുന്നു. നികുതി, ശുചീകരണം, പോലീസ്, നീതിന്യായം, പൊതുസൗകര്യങ്ങളുടെ ഉപയോഗം എന്നിവയെ സംബന്ധിച്ച കാര്യത്തിൽ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും തമ്മിൽ എന്തൊരു താൽപര്യവൈരുദ്ധ്യമാണുണ്ടാകാൻ ഇടയുള്ളതു്? മതപരമായ ആചാരാനുഷ്ഠാന

---

34. Young India, 14–2–1929 (Communal Unity, p. 156)
35. Harijan, 25-1-1942 (Communal Unity, p. 319)

digitized by www .sreyas.in

ങ്ങളിൽ മാത്രമേ ഭിന്നിപ്പുണ്ടാകാൻ തരമുള്ളു; ഒരു മതേതരരാഷ്ട്രത്തിനാകട്ടെ അവയുമായി യാതൊരിടപാടുമില്ല.

36

മതപരമായ ഭൂരിപക്ഷങ്ങളുടേതും ന്യൂനപക്ഷങ്ങളുടേതുമായ ഈ വിഷവായുവിൽനിന്നും നാം പുറത്തു കടക്കണം. സ്റ്റേററിനെ സംബന്ധിച്ചിടത്തോളം ഒരു പാഴ്സിയുടെ താൽപര്യം ഹിന്ദുവിൻേറതിൽനിന്നും മുസ്ളീമിൻേറതിൽനിന്നും വ്യത്യസ്തമാകുന്നതെന്തിന്? ദാദാഭായ് നവറോജിയും ഫെറോസ്ഷാ മേത്തയും അവരുടെ ജീവിതകാലത്തു കോൺഗ്രസ്സിൻെറ ദയകൊണ്ടോ സേവകൊണ്ടോ അല്ല, സേവനത്തിൻെറയും യോഗ്യതയുടേയും അധികാരംകൊണ്ടു മാത്രം കോൺഗ്രസ്സിനെ ഭരിച്ചില്ലേ? അവരുടെ ഭരണം വല്ല ഹിന്ദു താൽപര്യത്തെയോ മുസ്ലീം താൽപര്യത്തെയോ ദ്രോഹിച്ചുവോ? കോൺഗ്രസ്സിൽ എപ്പോഴെങ്കിലും വല്ല താൽപര്യസംഘട്ടനവുമുണ്ടായിട്ടുണ്ടോ? കോൺഗ്രസ്സ് നമ്മുടെ ഇച്ഛാനുസരണം നാംതന്നെ സൃഷ്ടിച്ച ഒരു സ്റ്റേററല്ലേ?

## ജി. ന്യൂനപക്ഷത്തിനെതിരെ ഭൂരിപക്ഷം

37

ഹിന്ദുക്കളെപ്പററി ഭൂരിപക്ഷസമുദായമെന്നു പറയുന്നത് ഒരു ഫാഷനായി(പതിവായി)ത്തീർന്നിട്ടുണ്ടെന്ന് എനിക്കറിയാം. പക്ഷേ, ഹിന്ദുമതമെന്നത് അയവുള്ളതും അനിർവചനീയവുമായ ഒന്നാണ്. ഹിന്ദുക്കളാകട്ടെ, മുസ്ളീങ്ങളെയും ക്രിസ്ത്യാനികളെയുംപോലെ ഒരൊററ ജാതിയല്ല. ഏതു സംസ്ഥാനനിയമസഭയിലെ ഭൂരിപക്ഷത്തെ അപഗ്രഥിച്ചാലും അതു കുറെ ന്യൂനപക്ഷങ്ങളുടെ സമൂഹമാണെന്നു കാണാം. മററു വാക്കുകളിൽ പറഞ്ഞാൽ യഥാർത്ഥത്തിൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയകക്ഷികളെ ഉണ്ടാകാൻ തരമുള്ളു, ഭൂരിപക്ഷ ന്യൂനപക്ഷസമുദായങ്ങളുണ്ടാകാൻ വയ്യ. ഭൂരിപക്ഷത്തിൻെറ സുഗ്രീവശാസനം എന്ന മുറവിളി നിരർത്ഥകമായ ഒന്നാണ്.

## എച്ച്. മതവും ദേശീയബോധവും

38

വായനക്കാരൻ: പക്ഷേ, എൻെറ ചോദ്യത്തിനുള്ള നിങ്ങളുടെ ഉത്തരം കേൾക്കാൻ എനിക്കു തിരക്കായി. മൊഹമ്മദീയരുടെ പ്രവേശം രാഷ്ട്രത്തെ നശിപ്പിച്ചില്ലേ?

36. Harijan, 25-1-1942 (Communal Unity, p. 320)
37. Harijan, 21-10-1939 (Communal Unity, p. 238)
38. Hind Swaraj, pp. 48-49

digitized by www .sreyas.in

പത്രാധിപർ: വ്യത്യസ്തമതക്കാർ അതിൽ താമസിക്കുന്നുണ്ടെന്നുള്ളതുകൊണ്ട്, ഇന്ത്യ ഒരു രാഷ്ട്രമല്ലാതായിത്തീരുന്നില്ല. വിദേശീയരുടെ പ്രവേശം രാജ്യത്തെ നശിപ്പിക്കണമെന്നില്ല; അവർ അതിൽ ലയിക്കുന്നു. ഒരു രാജ്യം ഒരു രാഷ്ട്രമായിത്തീരുന്നതു് ഇത്തരം സ്ഥിതി അതിലുള്ളപ്പോൾ മാത്രമാണ്. ആ രാജ്യത്തിനു സ്വാംശീകരണത്തിനുള്ള കഴിവുണ്ടായിരിക്കണം. ഇന്ത്യ എന്നും അത്തരമൊരു രാജ്യമായിരുന്നു. യഥാർത്ഥത്തിൽ എത്ര വ്യക്തികളുണ്ടോ അത്ര മതങ്ങളുണ്ട്; എങ്കിലും ദേശീയ ബോധമുള്ളവർ മതത്തിൽ പരസ്പരം കൈകടത്താറില്ല. അങ്ങനെ കൈ കടത്തിയാൽ അവർ ഒരു രാഷ്ട്രമെന്നു കരുതപ്പെടുവാൻ അർഹരല്ല. ഇന്ത്യയിൽ ഹിന്ദുക്കൾ മാത്രമേ ഉണ്ടാകാവൂ എന്നു ഹിന്ദുക്കൾ വിചാരിക്കുന്നുണ്ടെങ്കിൽ അവർ ജീവിക്കുന്നതു സ്വപ്നലോകത്തിലാണ്. ഇന്ത്യയെ സ്വരാജ്യമാക്കിയ ഹിന്ദുക്കളും മൊഹമ്മദീയരും പാഴ്സികളും ക്രിസ്ത്യാനികളുമൊക്കെ ഒരേ രാജ്യക്കാരാണ്; പൊതുതാൽപര്യത്തിനുവേണ്ടിയെങ്കിലും അവർ മൈത്രിയോടുകൂടി ജീവിക്കേണ്ടതായിവരും. ലോകത്തിൽ ഒരിടത്തുംതന്നെ ഏകരാഷ്ട്രതവും ഏകമതവും പര്യായശബ്ദങ്ങളല്ല; ഇന്ത്യയിലും അതൊരിക്കലും അങ്ങനെയായിട്ടില്ല.

വായനക്കാരൻ: പക്ഷേ, ഹിന്ദുക്കളും മൊഹമ്മദീയരും തമ്മിലുള്ള സഹജവൈരത്തെപ്പററി എന്തു പറയുന്നു?

ഇന്ത്യായൂണിയനിലുള്ളവർ അവരുടെ മതങ്ങൾക്ക് അന്യോന്യരായിത്തീരുമെന്നും, നിയമദൃഷ്ടിയിൽ പരിപൂർണസമത്വം അവകാശപ്പെട്ടുകൊണ്ടു തങ്ങളെല്ലാം ഒരേ മണ്ണിന്റെ മക്കളാണെന്നു പറയുന്നതിൽ അവർക്കു അഭിമാനമുണ്ടായിരിക്കുമെന്നും ഞാൻ ആശിക്കുന്നു. മതം ദേശാഭിമാനത്തിന്റെ ചിഹ്നമല്ല, മനുഷ്യനും ഈശ്വരനും തമ്മിലുള്ള വ്യക്തിപരമായ ഒരു കാര്യമാണ്. ദേശീയത്വത്തിന്റെ കാര്യത്തിൽ അവരെല്ലാം ആദ്യവും അവസാനവും ഇന്ത്യാക്കാരാണ്, അവരുടെ മതമെന്തായാലും.

## 39

ദേശാഭിമാനത്തെയും മതത്തെയും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ആദ്യത്തേതാണു രണ്ടാമത്തേതിനേക്കാൾ വിശിഷ്ടം എന്ന അഭിപ്രായത്തോടു ഞാൻ യോജിക്കുന്നുണ്ടോ എന്നു് ഈയിടെ ഒരു സുഹൃത്തു് എന്നോടു ചോദിക്കുകയുണ്ടായി. രണ്ടും അസമാനങ്ങളാണെന്നും അസമാനങ്ങളായവയെ തമ്മിൽ താരതമ്യപ്പെടുത്തുവാൻ പാടില്ലെന്നും ഞാൻ പറഞ്ഞു. ഓരോന്നും സ്വന്തം നിലയ്ക്കു മറേറതിനോടു തുല്യമാണ്. തന്റെ മതത്തെയും ദേശാഭിമാനത്തെയും

39. Harijan, 7–12–1947 (Communal Unity, p. 884)

വിലമതിക്കുന്ന ഒരാൾക്കു ഒന്നിനുവേണ്ടി മറേറതു വിട്ടുകളയാൻ കഴികയില്ല, രണ്ടും അയാൾക്കു ഒരുപോലെ പ്രിയപ്പെട്ടതാണു്. സീസറിനു അവകാശപ്പെട്ടതു അയാൾ സീസറിനു കൊടുക്കുന്നു, ഈശ്വരന്നവകാശപ്പെട്ടതു ഈശ്വരനും; എന്നാൽ സീസർ തന്റെ അതിർത്തികൾ മറന്നു അവയെ അതിലംഘിക്കുകയാണെങ്കിൽ ഈശ്വരവിശ്വാസി തന്റെ കൂറു് മറെറാരു സീസറിൽ അർപ്പിക്കുകയില്ല. അയാൾക്കറിയാം ആ കൈയേററത്തെ എങ്ങനെയാണു നേരിടേണ്ടതെന്നു്. ഈ വൈഷമ്യത്തിന്റെ ചൊല്ലിയാട്ടമാണു സത്യഗ്രഹം ഉണ്ടാകാൻ കാരണം.

സുപരിചിതമായ ഒരു ഉദാഹരണമെടുക്കുക. എനിക്കു അമ്മയും ഭാര്യയും പുത്രിയുമുണ്ടെന്നു വിചാരിക്കുക. ഈ മൂന്നുപേരും അവരുടെ സ്വന്തം നിലകളിൽ എനിക്കു ഒരുപോലെ പ്രിയപ്പെട്ടവരായിരിക്കണം. തന്റെ ഭാര്യയ്ക്കുവേണ്ടി ഒരാൾക്കു് അമ്മയേയും പുത്രിയേയും ഉപേക്ഷിക്കാൻ കഴിയുമെന്നു വിചാരിക്കുന്നതു അസഭ്യമായ തെററാണു്. മറിച്ചും അയാൾ ചെയ്യരുതു്. ഈ മൂന്നുപേരിൽ ആരെങ്കിലും അതിർകടന്നു പെരുമാറിയെങ്കിൽ സത്യഗ്രഹധർമ്മം അയാളുടെ സഹായത്തിനെത്തുന്നു, ആ മൂന്നു ശക്തികളുടെ സമസ്ഥിതി വീണ്ടെടുക്കുവാൻ.

## ഐ. കോൺഗ്രസ്സു് ആദർശം

### 40

സാമുദായികപ്രമേയവും* ഇത്രതന്നെ പ്രധാനമാണു്. സിക്കുകാർക്കുവേണ്ടിയാണു അതംഗീകരിക്കപ്പെട്ടതെങ്കിലും, അതിനു അടി

40. Young India, 9–1–1930 (Communal Unity, pp. 157—159)

* ഇവിടെ പരാമർശിക്കുന്ന പ്രമേയം താഴെ കൊടുക്കുന്നു:

"നെഹ്റുറിപ്പോർട്ടു് കാലഹരണപ്പെട്ടുപോയിരിക്കയാൽ, സാമുദായികപ്രശ്നങ്ങൾ സംബന്ധിച്ചുള്ള കോൺഗ്രസ്സിന്റെ നയം പ്രഖ്യാപിക്കേണ്ട ആവശ്യമില്ല— സ്വതന്ത്ര ഇന്ത്യയിൽ സാമുദായികപ്രശ്നങ്ങൾ ദേശീയമായ രീതികളിലേ പരിഹരിക്കാൻ പാടുള്ളുവെന്നു് കോൺഗ്രസ്സ് വിശ്വസിക്കുന്നതുകൊണ്ടു്. എങ്കിലും, സിക്കുകാർ വിശേഷിച്ചും, മുസ്ളീങ്ങളും മററു ന്യൂനപക്ഷങ്ങളും സാമാന്യമായും, നെഹ്റുറിപ്പോർട്ടിൽ നിർദ്ദേശിച്ച സാമുദായികപ്രശ്നപരിഹാരത്തിൽ അസംതൃപ്തി പ്രകടിപ്പിച്ചിട്ടുള്ളതിനാൽ. ബന്ധപ്പെട്ട കക്ഷികൾക്കു് പൂർണ്ണസംതൃപ്തി നല്കാത്തവിധം ഭാവിഭരണഘടനയിൽ ചെയ്യുന്ന യാതൊരു സാമുദായികപ്രശ്നപരിഹാരവും കോൺഗ്രസ്സിനു സ്വീകാര്യമായിരിക്കയില്ലെന്നു് ഈ കോൺഗ്രസ്സ്സമ്മേളനം ശിഖർക്കും മുസ്ളീങ്ങൾക്കും മററു ന്യൂനപക്ഷങ്ങൾക്കും ഉറപ്പു നല്കിക്കൊള്ളുന്നു.

ഇതിൻഫലമായി സാമുദായികപ്രശ്നത്തിനു് സാമുദായികമായ എന്തെങ്കിലും പരിഹാരം നിർദ്ദേശിക്കുവാൻ കോൺഗ്രസ്സിന്നു നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. എങ്കിലും രാഷ്ട്രചരിത്രത്തിലെ ഈ വിഷമസന്ധിയിൽ പ്രവർത്തകസമിതി രാജ്യത്തിന്റെ സ്വീകാരത്തിന്നായി, പ്രത്യക്ഷത്തിൽ സാമു

digitized by www .sreyas.in

സ്ഥാനഭ്രതമായ തത്വം വ്യക്തമാക്കാൻ മററുവിധത്തിലും അതു ആവശ്യമായിരുന്നു. സാമുദായികപ്രാതിനിദ്ധ്യം അനുവദിക്കാൻ സ്വതന്ത്രഭാരതത്തിനു നിവൃത്തിയില്ല;എങ്കിലും എല്ലാ ന്യൂനപക്ഷങ്ങളേയും അതു സന്തോഷിപ്പിക്കണം——സ്വാതന്ത്ര്യഭരണം ന്യൂനപക്ഷങ്ങളുടെമേൽ നിർബന്ധം ചെലുത്തുന്നതിൽ അടിയുറപ്പിക്കപ്പെട്ടതല്ലെങ്കിൽ. എന്നാൽ ഇപ്പോഴാകട്ടെ,കോൺഗ്രസ്സ് പൊതുവായ ദേശീയതത്വത്തിന്റേതായ ഒരു മനോഭാവം വളർത്തിക്കൊണ്ടുവരികയും സാമുദായികപ്രശ്നംപോലെ അത്ര പ്രധാനമായ ഒരു കാര്യത്തിൽ പ്രച്ഛന്നോപായത്തേയോ നിഗ്ഗൂക്കളിയെയോ ആശ്രയിക്കാതിരിക്കുകയും വേണം. കോൺഗ്രസ്സുകാരായ നാം മററെല്ലാവരേയും പുറം തള്ളുന്ന ഹിന്ദുക്കളോ, മുസൽമാന്മാരോ, സിക്കുകാരോ, പാഴ്സികളോ, ക്രിസ്ത്യാനികളോ, യഹൂദന്മാരോ അല്ലാതായിത്തീരണം. സ്വന്തം വിശ്വാസങ്ങളെ നമുക്കു മുറുകെ പിടിക്കാമെങ്കിലും കോൺ

---

ദായികമെന്നു തോന്നുന്നതാണെങ്കിലും, കഴിയുന്നത്ര ദേശീയവും ബന്ധപ്പെട്ട സമുദായങ്ങൾക്കു കഴിയുന്നത്ര സ്വീകാര്യവുമായ ഒരു പരിഹാരം നിർദ്ദേശിക്കേണ്ടതാണെന്നു തോന്നുന്നു. തന്നിമിത്തം, പ്രവർത്തകസമിതി പൂർണ്ണവും സ്വാതന്ത്ര്യവുമായ ചർച്ചയ്ക്കുശേഷം താഴെ പറയുന്ന പദ്ധതി സർവ്വസമ്മതമായി പാസ്സാക്കിയിരിക്കുന്നു.

1. (എ) ബന്ധപ്പെട്ട സമുദായങ്ങളുടെ സംസ്ക്കാരങ്ങൾ, ഭാഷകൾ, ലിപികൾ, വിദ്യാഭ്യാസം, മതവിശ്വാസം, മതാനുഷ്ഠാനം, ധർമ്മസ്ഥാപനങ്ങൾ ഇവയ്ക്കു രക്ഷ നൽകുമെന്ന ഉറപ്പ് ഭരണഘടനയിലെ മൗലികാവകാശവകുപ്പുകളിൽ ഉൾപ്പെടുന്നതാണ്.

(ബി) ഭരണഘടനയിൽ ഉൾപ്പെടുത്തുന്ന പ്രത്യേക വകുപ്പുകൾമൂഖേന വ്യക്തിപരമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതാണ്.

(സി) വിവിധ സംസ്ഥാനങ്ങളിലെ ന്യൂനപക്ഷങ്ങളുടെ രാഷ്ട്രീയവും മററുമായ അവകാശങ്ങളുടെ സംരക്ഷണം ഫെഡറൽ ഗവർമ്മെണ്ടിന്റെ ചുമതലയും അതിന്റെ അധികാരപരിധിയിൽ പെട്ടതുമായിരിക്കും.

2. വോട്ടവകാശം പ്രായപൂർത്തിവന്ന എല്ലാ സ്ത്രീപുരുഷന്മാർക്കും നല്കുന്നതാണ്.

(കുറിപ്പ്: കറാച്ചി കോൺഗ്രസ്സിലെ പ്രമേയം മുഖേന പ്രായപൂർത്തി വോട്ടവകാശം സ്വീകരിക്കുവാൻ പ്രവർത്തകസമിതി ബാദ്ധ്യസ്ഥമാണ്; അതിനാൽ മറെറാരു തരം വോട്ടവകാശം നിലനിർത്താൻ നിവ്വാഹമില്ല. എങ്കിലും ചിലേടങ്ങളിൽ അബദ്ധധാരണകളുള്ളതുകൊണ്ട് എങ്ങനെയായാലും വോട്ടവകാശം ഐകരൂപ്യമുള്ളതായിരിക്കുമെന്നും, ഓരോ സമുദായത്തിന്നും ജനസംഖ്യയിലുള്ള അനുപാതം വോട്ടർമാരുടെ പട്ടികയിൽ പ്രതിഫലിപ്പിക്കുവാൻ തക്കവണ്ണം അത്രയ്ക്കു വ്യാപകമായിരിക്കുമെന്നും വ്യക്തമാക്കുവാൻ സമിതി ആഗ്രഹിക്കുന്നു.)

3. (എ) ഭാവിഭരണഘടനയിൽ പ്രാതിനിദ്ധ്യത്തിന്റെ ആസ്പദം സംയുക്ത നിയോജകമണ്ഡലങ്ങളായിരിക്കും.

(ബി) സിന്ധിലെ ഹിന്ദുക്കൾക്കും, ആസ്സാമിലെ മുസ്ളീങ്ങൾക്കും, പഞ്ചാബിലേയും വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനത്തിലേയും സിക്കു

digitized by www .sreyas.in

ഗ്രസ്സിൽ അംഗമായാൽ നാം ആദ്യവും അവസാനവും ഇന്ത്യക്കാരായിരിക്കണം. ഒരു നല്ല ഹിന്ദുവോ നല്ല മുസൽമാനോ സ്വരാജ്യസ്നേഹിയായിത്തീർന്നതുകൊണ്ട് അധികം നല്ല ഹിന്ദുവോ അധികം നല്ല മുസൽമാനോ ആയിത്തീരും. ഒരുവൻെറ യഥാർത്ഥ രാജ്യതാൽപര്യവും യഥാർത്ഥ മതതാൽപര്യവും തമ്മിൽ യാതൊരു സംഘട്ടനവും ഉണ്ടാകാൻ തരമില്ല. എവിടെ അങ്ങനെയുണ്ടെന്നു തോന്നുന്നുവോ, അവിടെ ഒരുവൻെറ മതത്തിൽ, അതായത് സദാചാരങ്ങളിൽ എന്തോ തകരാറുണ്ട്. യഥാർത്ഥ മതമെന്നുവച്ചാൽ, നല്ല വിചാരമെന്നും നല്ല പ്രവൃത്തിയെന്നുമാണർത്ഥം, യഥാർത്ഥ സ്വരാജ്യസ്നേഹത്തിൻെറ അർത്ഥവും നല്ല വിചാരമെന്നും നല്ല പ്രവൃത്തി എന്നുംതന്നെയാണ്. ഒരുപോലെയുള്ള രണ്ടെണ്ണങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തുന്നതു

---

കാർക്കും, ഏതെങ്കിലും സംസ്ഥാനത്തിൽ ഹിന്ദുക്കളും മുസ്ളീങ്ങളും 25 ശതമാനത്തിൽ കുറവാണെങ്കിൽ അവർക്കും ജനസംഖ്യ അടിസ്ഥാനമാക്കി സീററുകൾ സംവരണംചെയ്യപ്പെടുന്നതാണ്,–കൂടുതൽ സീററുകളിൽ മത്സരിക്കാനുള്ള അവകാശത്തോടുകൂടി.

4. നിയമനങ്ങൾ നടത്തുന്നതു് ഒരു കക്ഷിയിലും പെടാത്ത പബ്ളിക് സർവീസ് കമ്മീഷനായിരിക്കും; ഏററവും ചുരുങ്ങിയ യോഗ്യതകൾ അതു നിശ്ചയിക്കും.; പബ്ളിക് സർവീസുകളുടെ കാര്യക്ഷമതയിലും, രാജ്യത്തിലെ പബ്ളിക് സർവീസുകളിൽ എല്ലാ സമുദായങ്ങൾക്കും ന്യായമായ ഓഹരി ലഭിക്കാൻ തുല്യാവസരമുണ്ടായിരിക്കണമെന്ന തത്വത്തിലും അതു് യഥോചിതം ശ്രദ്ധിക്കേണ്ടതാണ്.

5. ഫെഡറൽ മന്ത്രിസഭയും സംസ്ഥാനമന്ത്രിസഭകളും രൂപീകരിക്കുമ്പോൾ ന്യൂനപക്ഷതാല്പര്യങ്ങൾ കീഴ്വഴക്കംകൊണ്ടു മാനിക്കപ്പെടേണ്ടതാണ്.

6. മററു സംസ്ഥാനങ്ങളുടേതുപോലെതന്നെയുള്ള ഗവർമ്മേണ്ടും ഭരണവും വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനത്തിന്നുംബലൂചിസ്ഥാന്നും ഉണ്ടായിരിക്കേണ്ടതാണ്.

7. വേർതിരിക്കപ്പെട്ട സിന്ധ് സംസ്ഥാനത്തിൻെറ സാമ്പത്തിക ക്ളേശങ്ങൾ സഹിക്കുവാൻ അവിടത്തെ ജനങ്ങൾ തയ്യാറാണെങ്കിൽ സിന്ധ് ഒരു പ്രത്യേക സംസ്ഥാനമാക്കപ്പെടേണ്ടതാണ്.

8; രാജ്യത്തിൻെറ ഭാവിഭരണഘടന ഫെഡറലായിരിക്കണം. അവശിഷ്ടാധികാരങ്ങൾ, ഒന്നിച്ചുചേരുന്ന ഘടകങ്ങൾക്കായിരിക്കണം–കൂടുതൽ പരിശോധിക്കുമ്പോൾ അതു് ഇന്ത്യയുടെ ഉത്തമതാല്പര്യത്തിന്നു വിരുദ്ധമാണെന്നു തെളിയാത്തപക്ഷം.

കലർപ്പററ സാമുദായികവാദത്തെയും കലർപ്പററ ദേശീയവാദത്തേയും അടിസ്ഥാനമാക്കിയുള്ള നിർദ്ദേശങ്ങളെ പൊരുത്തപ്പെടുത്തൽ എന്ന നിലയ്ക്കാണ പ്രവർത്തകസമിതി മുകളിൽ ചേർത്ത പദ്ധതി സ്വീകരിച്ചിട്ടുള്ളതു്. രാഷ്ട്രംമുഴുവൻ ഈ പദ്ധതിയെ അനുകൂലിക്കുമെന്നു് ആശിക്കുന്നതോടൊപ്പംതന്നെ എല്ലാ കക്ഷികൾക്കും സ്വീകാര്യമായിത്തോന്നുന്ന മറേറതൊരു പദ്ധതിയും സ്വീകരിക്കാൻ ലാഹോർപ്രമേയംമുഖേന സമിതി ബാധ്യസ്ഥമാകകൊണ്ടു് അങ്ങനെയൊന്നു് യാതൊരു കലവറയുംകൂടാതെ സസന്തോഷം സ്വീകരിക്കുന്നതാണെന്നു്, തീവ്രവാദംനിമിത്തം ഇതു സ്വീകരിക്കാൻ നിവൃത്തിയില്ലാത്തവർക്കു്, സമിതി ഉറപ്പുനല്കിക്കൊള്ളുന്നു,''

digitized by www .sreyas.in

തെററാണു്. എങ്കിലും സാമുദായികവാദത്തെ അടിസ്ഥാനമാക്കിയ ഒരുപരിഹാരത്തെപ്പററി ആലോചിക്കാൻ കോൺഗ്രസ്സ് എപ്പോഴെങ്കിലും നിർബന്ധമായിത്തീരുകയാണെങ്കിൽ ബന്ധപ്പെട്ട കക്ഷികളെ തൃപ്തിപ്പെടുത്താത്ത എന്തും നിരസിക്കുവാൻ ആ പ്രമേയം കോൺഗ്രസ്സിനെ ചുമതലപ്പെടുത്തുന്നു. എന്നാലും ഒരു സാമുദായികപരിഹാരം ആവശ്യമായിത്തീരുന്ന സ്ഥിതിവിശേഷത്തെ കോൺഗ്രസ്സിനു നേരിടേണ്ടിവരുന്നതു കൂടാതെ കഴിക്കുവാൻവേണ്ടി ഇന്ത്യ അവിഭാജ്യമായ ഒരൊററ ഘടകമായിരിക്കണമെന്നാഗ്രഹിക്കുന്ന മുസൽമാന്മാരും സിക്കുകാരും മററും അതിൽ ധാരാളമായി ചേരണം. കോൺഗ്രസ്സ് ഒരു വെറും വിഭാഗീയസംഘടനയായിത്തീരുന്നതിനേക്കാൾ അതു മുസൽമാന്മാരുടേയോ സിക്കുകാരുടെയോ പാഴ്സികളുടെയോ ക്രിസ്ത്യാനികളുടേയോ ജൂതരുടേയോ കൈകളിലായിത്തീരുന്നതിനെയാണു് സ്വന്തം നിലയ്ക്കു ഞാൻ കൂടുതൽ ഇഷ്ടപ്പെടുക. സേവനൗത്സുക്യമുള്ള ആർക്കും കോൺഗ്രസ്സിനെ സ്വാധീനിക്കാവുന്നതാണു്. ഏററവും ജനകീയമായ വോട്ടവകാശമാണു അതിനുള്ളതു്. സേവിക്കാനാഗ്രഹമുള്ളവർക്കെല്ലാം അതിന്റെ വാതിലുകൾ സദാ തുറന്നാണു കിടക്കുന്നതു്. ഏററവും ദരിദ്രരും ഏററവും ദുർബലരും ഏററവും മർദിതരുമായവക്കുവേണ്ടി പൂർണസ്വാതന്ത്ര്യം നേടുവാനായി നമ്മളെല്ലാം അതിൽ ചേർന്നു അതിനെ ഒരു സുശക്ത ഉപകരണമാക്കിത്തീർക്കുക.

## 41

സ്വാതന്ത്ര്യപ്രസ്ഥാനം സ്വരാജിനുവേണ്ടിയുള്ള പ്രസ്ഥാനമല്ലെന്നും, ഹിന്ദുരാജിനു(ഭരണത്തിനു)വേണ്ടിയുള്ള പ്രസ്ഥാനമാണെന്നും അതു മുസ്ലീങ്ങൾക്കെതിരാണെന്നും മുസ്ലീങ്ങൾ അതിൽ സഹകരിക്കരുതെന്നും മൗലാനാ ഷൗക്കത്തലി പറഞ്ഞതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഈ റിപ്പോർട്ടു വായിച്ചപ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ ശരിക്കുതന്നെയാണോ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളതെന്നറിയാൻ ഞാൻ അദ്ദേഹത്തിനു കമ്പിയടിച്ചു. ശരിക്കുതന്നെയാണെന്നു അദ്ദേഹം സദയം അറിയിച്ചിരിക്കുന്നു. ഈ പ്രസ്ഥാനത്തിനെതിരെ വല്ലാത്ത ഒരു കുററാരോപണമാണു മൗലാനാ നടത്തിയിട്ടുള്ളതു്. എന്നേക്കുമായി അതു നിഷേധിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ പ്രസ്ഥാനം എന്തുതന്നെയായാലും അതു ഹിന്ദുരാജിനുവേണ്ടിയുള്ളതല്ല, മുസ്ലീങ്ങൾക്കെതിരുമല്ല. ആ പ്രസ്ഥാനത്തിൽത്തന്നെയുണ്ടു്; ഈ കുററാരോപണത്തിനെതിരായ പൂർണമായ ഉത്തരം. പരമമായ നിസ്സഹകരണത്തിലേക്കുള്ള ആദ്യത്തെ പടിയാണു കോൺഗ്രസ്സ് കൈക്കൊണ്ടിരിക്കുന്നതു്. ഒരൊററ കോൺഗ്രസ്സുകാരനും നിയമസഭകളിൽ പ്രവേശിക്കാൻ പാടില്ല. ഗവർമെൻറിന്റെ കീഴിൽ

41. Young India, 12–3–1940 (Communal Unity, pp. 160—163)

digitized by www .sreyas.in

ഉദ്യോഗം സ്വീകരിക്കാൻ അത്രയും പാടില്ല. ഒരൊററ കോൺഗ്രസ്സുകാരനും ഗവർമ്മെണ്ടിൽനിന്നു് ആനുകൂല്യങ്ങൾ തേടുകയോ സ്വീകരിക്കുകയോ ചെയ്യാൻ പാടില്ല. രാഷ്ട്രീയാധികാരം—ഉദ്യോഗലാഭങ്ങൾ—പങ്കിടുന്നതിനെ സംബന്ധിച്ചുള്ള ഒന്നല്ലേ ഹിന്ദുമുസ്ലിം പ്രശ്നം? സ്വാതന്ത്ര്യപ്രാപ്തിവരെ രാഷ്ട്രീയാധികാരം സമ്പാദിക്കുന്നതിനെപ്പററി കോൺഗ്രസ്സുമായി ബന്ധപ്പെട്ടവർക്കാർക്കുംതന്നെ ആലോചിക്കാൻ തീരെ നിവൃത്തിയില്ലെന്നിരിക്കെ, ഈ പ്രസ്ഥാനമെങ്ങനെയാണു് ഹിന്ദുഭരണത്തിനുവേണ്ടിയുള്ളതോ, മുസ്ലിങ്ങൾക്കെതിരായിട്ടുള്ളതോ ആയിത്തീരുന്നതു്? ലോക്കൽബോർഡുകളിൽ പ്രവേശിക്കാമെന്നു കോൺഗ്രസ്സു് സമ്മതിച്ചിട്ടുണ്ടെന്നതു ശരിതന്നെ. പക്ഷേ, ഇന്നു കൽക്കത്തായിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ കാണുമ്പോൾ, വിട്ടുവീഴ്ച കാണിക്കുന്നതിനു പകരം ഈ ബോർഡുകളെക്കൂടി ബഹിഷ്കരിക്കേണ്ടതാണെന്നു ഞാൻ നിർബന്ധിക്കേണ്ടതായിരുന്നുവെന്നു് എനിക്കു തോന്നിപ്പോകുന്നു. ഈ പ്രലോഭനങ്ങളില്ലെങ്കിലാണു്, കോൺഗ്രസ്സിൻെറ നില അധികം നന്നാവുക. അവ ഇന്നു സ്വരാജ്യസ്നേഹികൾക്കു രാജ്യസേവനത്തിനുള്ള ഉപകരണങ്ങളായിരിക്കുന്നതിനു പകരം കരുതിയിരിക്കാത്തവർക്കോ സ്വാർത്ഥികൾക്കോ ഉള്ള കെണികളാണു്. എങ്കിലും, ഈ പ്രസ്ഥാനം മുസ്ളീങ്ങൾക്കെതിരാണെന്നു മൗലാനാ പറഞ്ഞപ്പോൾ, ലോക്കൽബോർഡുകളെപ്പററി അദ്ദേഹം ആലോചിച്ചിരിക്കാനിടയില്ലെന്നു് എനിക്കുറപ്പുണ്ടു്, ഈ പ്രസ്ഥാനത്തിൽ ഏർപ്പെട്ടവർ, സ്വാഭാവികമായി കൂടുതൽ ആത്മവിശ്വാസമുള്ളവരും കൂടുതൽ ധൈര്യമുള്ളവരും, തങ്ങളുടെ സ്വാതന്ത്ര്യത്തിനുനേരെയുണ്ടാകുന്ന ഏതതിക്രമണത്തെയും ചെറുക്കാൻ പണ്ടത്തേക്കാൾ കൂടുതൽ കരുത്തുള്ളവരും ആയിത്തീരുമെന്നതും അവരിൽ ഭൂരിപക്ഷവും ഹിന്ദുക്കളാകകൊണ്ടു കാലക്രമേണ ഹിന്ദുക്കൾ മുസ്ളീങ്ങളെക്കാൾ ശക്തിയുള്ളവരായിത്തീരുമെന്നതും മാത്രമാണു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം അദ്ദേഹത്തിൻെറ പ്രസ്തുത വിശ്വാസത്തിനു കാരണം. പക്ഷേ ഇത്തരം വിചാരം ധീരനാണെന്നു് എനിക്കറിയാവുന്ന മൗലാനായ്ക്കു ചേർന്നതല്ല. അതിനാൽ ഗുരുതരമായ ഈ കുററാരോപണംകൊണ്ടു താൻ ഉദ്ദേശിക്കുന്നതെന്താണെന്നു് അദ്ദേഹം പൊതുജനങ്ങളോടു പറയേണ്ടതാണു്.

ഈ അദ്ധ്യായത്തിൻെറ അവസാനംവരെ ഹിന്ദുക്കൾ മാത്രമാണു് ഈ പ്രസ്ഥാനത്തിൽ ചേരുന്നതെങ്കിൽ, അവർ ശരിയായ, അതായതു് അഹിംസാനിഷ്ഠമായ, തരത്തിലുള്ള ഒരു അദൃശ്യശക്തിയായിത്തീരുമെന്നു ഞാൻ സമ്മതിക്കുന്നു. എങ്കിലും ഈ വസ്തുതയിൽനിന്നുണ്ടാകുന്ന വ്യക്തമായ നിഗമനം, പ്രസ്ഥാനത്തിൽനിന്നു് അകന്നുനിൽക്കുന്നവരെല്ലാം കഴിയുന്നത്ര വേഗത്തിൽ അതിൽ ചേരണമെന്നാണു്. പ്രസ്ഥാനം നിശ്ചിതമാർഗ്ഗത്തിലൂടെതന്നെ പുരോ-

digitized by www .sreyas.in

ഗമിക്കുകയാണെങ്കിൽ മൗലാനായും മററു മുസൽമാന്മാരും, സിക്കുകാരും, ക്രിസ്ത്യാനികളും, യഹൂദന്മാരും മററും അതിൽ ചേരുമെന്നു ഞാൻ പ്രവചിക്കുന്നു.

ഉപ്പുനികുതി റദ്ദുചെയ്തു കിട്ടുന്നതിൽ എല്ലാവർക്കും തുല്യ താൽപര്യമാണുള്ളതെന്നതിനു സംശയമില്ല. എല്ലാവർക്കും ഒരുപോലെ ഉപ്പാവശ്യമല്ലേ? ആരോടും പ്രത്യേക ബഹുമാനം കാണിക്കാത്ത ഒരൊററ നികുതി ഇതാണു്.

സിവിൽ നിയമലംഘനം ആത്മശക്തിയെ വികസിപ്പിക്കുന്ന ഒരു പ്രക്രിയയാണു്; തന്നിമിത്തം ജൈവമായ വളർച്ചയാണതു്. ഉപ്പുനികുതിയെ ചെറുക്കൽ, ഒരു സാമുദായികതാല്പര്യത്തിനും ഹാനികരമാവുകയില്ല. നേരെമറിച്ചു്, അതു വിജയിച്ചാൽ പങ്കെടുത്തവർക്കും അകന്നുനിന്നവർക്കും അതൊരുപോലെ ഗുണംചെയ്യും.

നമ്മുടെ ലക്ഷ്യം നേടാനുള്ള തികച്ചും ദേശീയമായ ഈ മാർഗത്തിന്നെതിരെ പരസ്പരവിരുദ്ധങ്ങളായ താൽപര്യങ്ങൾക്കു തൽപരകക്ഷികൾ പ്രാതിനിധ്യം നൽകുന്നതും, എല്ലാ ഇന്ത്യൻ ഗ്രൂപ്പുകളേയും ശാശ്വതവും സർവശക്തവുമായ ബ്രിട്ടീഷ് ഗ്രൂപ്പ് ചലിപ്പിക്കുകയും കീഴ്പ്പെടുത്തുകയും ചെയ്യുന്നതുമായ ഒരു വട്ടമേശസമ്മേളനത്തിൻേറതായ അസ്വാഭാവികവും കൃത്രിമവും നഷ്ടയാപായകലുഷവുമായ മാർഗ്ഗത്തെ നിത്തിനോക്കു. ജനകീയ ശക്തിയുടെ പിൻബലമില്ലാത്തതും ബലവാന്മാരും ബലഹീനരും ഉൾപ്പെട്ടതുമായ ഈ സമ്മേളനം സ്വരാജ്യമൊഴിച്ചു മറെറന്തും നമുക്കു തരും. ഇന്നത്തെ ചുററുപാടുകളിൽ ബ്രിട്ടീഷ് ശക്തിയെ കൂടുതൽ ഉറപ്പിക്കുവാനേ അതു് ഉപകരിക്കൂ.

ഇത്തരമൊരു സമ്മേളനവുമായി സിവിൽ നിയമലംഘകർക്കു് യാതൊരു ബന്ധവും ഉണ്ടാകാൻ പാടില്ല. ദേശീയ ശക്തിയെ ഉത്പാദിപ്പിക്കുകയും സംഭരിക്കുകയും ചെയ്യുക എന്നതാണു് അവരുടെ ജോലി. സാമുദായികത്വവുമായി അവർക്കു യാതൊരിടപാടുമില്ല. എങ്കിലും, ചുററുപാടുകളുടെ സമ്മർദ്ദംകൊണ്ടു്, സാമുദായികമായ ഒരു പരിഹാരം അവർക്കു കൂടിയേ കഴിയൂ എന്നു വരികയാണെങ്കിൽ, തൽപരകക്ഷികൾക്കു തൃപ്തികരമായ ഒന്നിനെപ്പററി മാത്രം ആലോചിക്കുവാൻ അവർ പ്രതിജ്ഞാബദ്ധരാണു്. ഇത്തരം ഒരു പ്രസ്ഥാനം മുസ്ലീങ്ങൾക്കു വിരുദ്ധമാണെന്നു്, അഥവാ, ഹിന്ദുരാജിനുവേണ്ടിയുള്ളതാണെന്നു് മൗലാനാ എങ്ങനെ പറയുന്നുവെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ഈ പ്രസ്ഥാനത്തിൽ പങ്കെടുക്കുന്നവരിൽ ഏറിയകൂറും ഹിന്ദുക്കളാണെന്നതു് ദൗർഭാഗ്യവശാൽ നേരാണു്. അതിനെ ബഹിഷ്കരിക്കാൻ മൗലാനാ ആവശ്യപ്പെട്ടതുകൊണ്ടു് അദ്ദേഹം ഈ പോക്കിനെ സഹായിക്കുകയാണു്. എന്നാലും ഹിന്ദുക്കളായ സിവിൽ നിയമലംഘകർ അവക്കു മാത്രമായിട്ടല്ല, ഭാവിരാഷ്ട്രത്തെ സ്വതന്ത്രമാക്കിത്തീക്കുന്ന എല്ലാവർക്കും—മുസ്ലീങ്ങൾക്കും സിക്കു

കാർക്കം ക്രിസ്ത്യാനികൾക്കം പാഴ്സികൾക്കം എല്ലാം—വേണ്ടിയാണു് സമരം ചെയ്യുന്നതെങ്കിൽ ദോഷമൊന്നും ഉണ്ടാകാൻ പോകുന്നില്ല.

സ്വശക്തി അറിയിപ്പിക്കുവാൻതക്കവണ്ണം സിവിൽനിയമലംഘകർ സ്വാധീനത നേടിക്കഴിഞ്ഞാൽത്തന്നെയും, ഭരണഘടന നിർമ്മിക്കുന്ന സമയത്തു് പ്രതിബന്ധമുണ്ടാക്കാൻ ആർക്കം കഴിയുമെന്നു മനസ്സിലാക്കാൻ വലിയ ഭാവനാശക്തിയൊന്നും ആവശ്യമില്ല. അകന്നുനിൽക്കുന്നവർ, അവർ മുസൽമാന്മാരായാലും ഹിന്ദുക്കളായാലും, സിവിൽനിയമലംഘകർക്കെതിരെ നിസ്സഹായരായിത്തീരുന്ന ഏകഘട്ടം, അവർ ഇംഗ്ളീഷ്കാരെ പുറത്താക്കുകയോ ഇംഗ്ളീഷ്കാർ ശ്രുണ്ഠിയെടുത്തോ മടുത്തോ ഒഴിഞ്ഞുപോവുകയോ ചെയ്യുമ്പോൾ മാത്രമാണു്. ഒന്നാമത്തു് അവരുടെ മാർഗ്ഗങ്ങൾ എന്നും ഒരുപോലെ സമാധാനപരമായിത്തന്നെ തുടരുകയാണെങ്കിൽ, ഇതൊരിക്കലും സംഭവിക്കുകയില്ല. രണ്ടാമത്തു്, മുസൽമാൻന്മാർക്കു സമരത്തിൽ ചേർന്നു് തങ്ങളെത്തന്നെയും രാജ്യത്തെയും സഹായിക്കാവുന്നതാണു്. മൂന്നാമത്തു്, ജനങ്ങളുടെ ഭാഗത്തുനിന്നു് അക്രമമൊന്നും ഉണ്ടാവാതിരിക്കുകയാണെങ്കിൽ, സിവിൽനിയമലംഘനം ഇംഗ്ളീഷ്കാരുടെ മാനസികപരിവർത്തനത്തെ മാത്രമായിരിക്കും ഉന്നം വക്കുന്നതു്. അപ്പോൾ തങ്ങൾതന്നെ സൃഷ്ടിച്ചവയെന്നു് അവർ സമ്മതിക്കുന്ന അസംഖ്യം വിഷമതകൾക്കു പരിഹാരമുണ്ടാക്കുവാൻ ചേതങ്ങൾ സഹിച്ചും നമ്മെ സഹായിക്കേണ്ടതു് സ്വന്തം കടമയായി—അതവരുടെ പ്രായശ്ചിത്തമാണു്—അവർ കരുതും. സ്വതന്ത്രവും സുസംഘടിതവുമായ ഒരു ഗവമ്മേണ്ടു് ഉദ്ഘാടനം ചെയ്യുവാൻ പൂർണ്ണ സമ്മതമുള്ളവരെന്ന നിലയ്ക്കും സുഹൃത്തുക്കളെന്ന നിലയ്ക്കും അവർ നമ്മെ സഹായിക്കും.

വ്യക്തിപരമായി എൻെറനേരേ മൗലാനായ്ക്കു തോന്നുന്ന ശ്രുണ്ഠിയെപ്പററി ഞാൻ അധികമൊന്നും പറയേണ്ട ആവശ്യമില്ല. അദ്ദേഹത്തിൻെറ നേരേ എനിക്കു ശ്രുണ്ഠി തോന്നുന്നതുകൊണ്ടു് ഞാൻ പ്രവചിക്കുന്നു, അദ്ദേഹത്തിൻെറ രോഷം ശമിക്കുകയും, താൻ സങ്കല്പിക്കുന്ന പല സംഗതികൾക്കം ഞാൻ തെററുകാരനല്ലെന്നു് അദ്ദേഹം കാണുകയും ചെയ്യുമ്പോൾ, അടുത്ത നാൾവരെ എനിക്കു് സ്ഥാനമുണ്ടായിരുന്ന 'അദ്ദേഹത്തിൻെറ പോക്കററി'ലേക്കു അദ്ദേഹം എന്നെ വീണ്ടും സ്വീകരിക്കുമെന്നു്. എന്തുകൊണ്ടെന്നാൽ, ഞാൻ അദ്ദേഹത്തിൻെറ പോക്കററിൽനിന്നു കടന്നുപോവുകയല്ല ഉണ്ടായതു്. അദ്ദേഹം എന്നെ അതിൽനിന്നു വലിച്ചെറിയുകയാണു ചെയ്തതു്. 1921–ലെ അതേ ചെറിയ മനുഷ്യൻതന്നെയാണു് ഞാനിന്നും. ഇംഗ്ലീഷുകാരുടെ പ്രതിനിധികൾ സൃഷ്ടിച്ചുകഴിഞ്ഞ അപരാധങ്ങളുടേതായ എവറസ്റ്റിന്മേൽ ഇനിയും അവർ അപരാധങ്ങൾ വാരിക്കൂട്ടുകയാണെങ്കിൽപോലും അവരുടെ ശത്രുവാകാൻ എനിക്കു് ഒരിക്കലും കഴിയാത്തതുപോലെതന്നെ, മുസൽമാന്മാരുടെ ശത്രുവാ

കാനും എന്നെക്കൊണ്ടാവില്ല—അവരിൽ ഏതെങ്കിലും ഒരുവനോ അധികംപേരോ എന്നോടോ എന്റെ ആൾക്കാരോടോ, എന്തുതന്നെ ചെയ്താലും. മനുഷ്യജാതിയിലെ ഒരൊററ അംഗത്തോടുപോലും ശ്രുണ്ട്രി ഏടുക്കാതിരിക്കുവാൻ തക്കവണ്ണം ആ ജാതിയുടെ അപൂർണ്ണത യെപ്പററി എനിക്കു് അത്ര നന്നായി അറിയാം. എന്റെ വഴി, തെററുകാണുമ്പോൾ അതു പരിഹരിക്കാൻ ശ്രമിക്കലാണു്, തെററു ചെയ്യുവനെ ദ്രോഹിക്കലല്ല—ഞാൻ തുടർച്ചയായി ചെയ്യുന്ന തെററുകൾക്കു് ഞാൻ ദ്രോഹിക്കപ്പെടുന്നതു് എനിക്കിഷ്ടമില്ലാത്തതു പോലെതന്നെ.

## 42

കോൺഗ്രസ്സിന്റെ അഹിംസാനയം അതിന്റെ ഉത്തമവിശ്വാസത്തിനു് ഏററവും നല്ല ഉറപ്പാണെന്നും, തന്നിമിത്തം കോൺഗ്രസ്സ് തങ്ങളെ വഞ്ചിക്കുമെന്നു വിചാരിക്കാൻ സിക്കുകാർക്കു യാതൊരു കാരണവുമില്ലെന്നും അഭിപ്രായപ്പെടുവാൻ ഞാൻ ധൈര്യപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, കോൺഗ്രസ്സ് വഞ്ചിച്ചാൽ, സ്വന്തം നാശത്തെ മാത്രമല്ല, രാജ്യത്തിന്റെ നാശത്തേയും അതു് ഉറപ്പിക്കുകയായിരിക്കും ചെയ്യുന്നതു്. എന്നല്ല, സിക്കുകാർ ധീരന്മാരാണു്. വേണ്ടിവന്നാൽ, ആയുധം ഉപയോഗിച്ചും, സ്വന്തം അവകാശങ്ങൾ സംരക്ഷിക്കുവാൻ അവർക്കറിയാം.

സിക്കുകാരുടെ ആനുകൂല്യം കോൺഗ്രസ്സിന്നില്ലാതാക്കിത്തീർക്കുന്ന യാതൊന്നുംതന്നെ കോൺഗ്രസ്സ് ചെയ്യുന്നതല്ലെന്ന ഒരുറപ്പു്, സർദാർ മധുസൂദൻ സിംഗ് തന്റെ പ്രസംഗത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു. ന്യൂനപക്ഷങ്ങളിൽ ബന്ധപ്പെട്ട ഏതൊന്നിനും തൃപ്തികരമല്ലാത്ത ഒരൊത്തുതീർപ്പു് സാമുദായികപ്രശ്നം സംബന്ധിച്ചു ചെയ്യുന്നതല്ലെന്ന ഒരു പ്രമേയം ലാഹോർ കോൺഗ്രസ്സ് പാസ്സാക്കിയിട്ടുണ്ടു്. നിങ്ങളെ സമാധാനിപ്പിക്കുവാൻ ഇതിലധികം എന്താണു കോൺഗ്രസ്സിനു ചെയ്യാൻ കഴിയുക എന്നു് എനിക്കു മനസ്സിലാകുന്നില്ല.

പിന്നെ, സിക്കുകാരുടെ വർണ്ണം ദേശീയപതാകയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചുള്ള തക്കമുണ്ടു്. ഇക്കാര്യത്തിൽ കോൺഗ്രസ്സിനു് ഒരു കുററവുമുണ്ടെന്നു വരാൻ തരമില്ല. ഇന്നത്തെ അതിന്റെ രൂപം നിർദ്ദേശിച്ചതു് ഞാനാണു്. കോൺഗ്രസ്സ് അതു് ഔപചാരികമായിപ്പോലും സ്വീകരിച്ചിട്ടില്ല. അവരുടെ അഭിപ്രായം എന്നെ അറിയിച്ചാൽ, അതു ഞാൻ എ. ഐ. സി. സി. യുടെ മുമ്പാകെ വക്കാമെന്നു് സിക്ക് സുഹൃത്തുക്കളോടു ഞാൻ പറഞ്ഞിരുന്നു. പക്ഷേ, എ. ഐ. സി. സി. ക്കു പിന്നീടു സമ്മേളിക്കാൻ കഴിഞ്ഞില്ല. ഇനി അതിനു സമ്മേളിക്കുവാൻ കഴിയുമെങ്കിൽത്തന്നെ അതെന്നാണെന്നു് ആക്കും അറിഞ്ഞുകൂടാ. ഇന്നു പ്രവർത്തക

42. Young India, 19–3–1931 (Communal Unity, p. 166)

digitized by www .sreyas.in

സമിതിപോലും നിഷ്ക്രിയമായിരിക്കയാണ്. കോൺഗ്രസ്സ് അതിന്റെ വെറും നിലനിൽപ്പിനുവേണ്ടിത്തന്നെ സമരം ചെയ്തു കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഈ തക്കം ഉന്നയിക്കുന്നതു്, ഏററവും മിതമായി പറഞ്ഞാൽ ഭംഗിയില്ലാത്ത ഏർപ്പാടാണ്. സഹായിക്കാൻ കഴികയില്ലെങ്കിൽ നിങ്ങൾ തടസ്സമുണ്ടാക്കാതിരിക്കുകയെങ്കിലും വേണം.

കോൺഗ്രസ്സ് ഒരു ഹിന്ദുസംഘടനയാണെന്നു പറയുന്നതു ശരിയല്ല. മുസ്ലീങ്ങൾ അതിൽ ചേരാൻ ഭാവമില്ലെങ്കിൽ, കോൺഗ്രസ്സ് എന്താണു ചെയ്യേണ്ടതു്? പ്രായപൂർത്തി വോട്ടവകാശത്തിന്മേലാണ് കോൺഗ്രസ്സ് അടിയുറപ്പിക്കപ്പെട്ടിട്ടുള്ളതു്. പ്രായപൂർത്തിവന്ന ഏതു ഹിന്ദുവിനും മുസൽമാനും അതിൽ ചേരാം. ഒരു സമുദായത്തേയും പുറംതള്ളിയിട്ടില്ല. കോൺഗ്രസ്സംഗങ്ങളായ മുസ്ലീം സുഹൃത്തുക്കളോടു ചോദിച്ചുനോക്കൂ. അവർ പറയും, കോൺഗ്രസ്സിൽ ചേർന്നതുകൊണ്ടു്, അവർക്കു ഖേദിക്കേണ്ടിവന്നിട്ടില്ലെന്നു്. അതിനാൽ കോൺഗ്രസ്സ് ഒരു ഹിന്ദുസംഘടനയാണെന്നു സംശയിക്കരുതെന്നു് ഞാൻ നിങ്ങളോടു് ആവശ്യപ്പെടുന്നു. കോൺഗ്രസ്സിൽ ചേർന്നു് അതിന്റെ ചുമതല വഹിക്കാൻ നിങ്ങളിൽ ഓരോരുത്തനോടും ഞാൻ ആവശ്യപ്പെടുന്നു. പക്ഷേ ബലംപ്രയോഗംകൊണ്ടു് അതിനെ സ്വാധീനമാക്കാൻ ആർക്കും സാധിക്കുകയില്ല. സ്വമനസ്സാലെ ചെയ്യുന്ന സേവനംകൊണ്ടേ അതു സാധിക്കൂ. കോൺഗ്രസ്സിന്റെ ആരംഭംമുതൽ അതിനെ സേവിച്ചുവരാണ് അതിന്റെ ചുമതല വഹിച്ചുപോന്നിട്ടുള്ളതു്. എന്നാലും കോൺഗ്രസ്സ് അവർക്കു മാത്രമായി ഉള്ളതല്ല; അവർക്കു മാത്രമായി നിലകൊള്ളുന്ന ഒന്നല്ല. അതെല്ലാവരുടേയുമാണ്; എല്ലാവർക്കുമായി നിലകൊള്ളുന്നതാണ്. ഭ്രൂണാവസ്ഥയിലുള്ള സ്വരാജ് ഗവമ്മേണ്ടാണതു്. അതിന്റെ പ്രശസ്തി എന്നും ബ്രിട്ടീഷ്ഗവർമ്മേണ്ടിനെക്കാൾ മികച്ചതാണ്; കോൺഗ്രസ്സ് പ്രസിഡണ്ടു് വൈസ്രോയിയേക്കാൾ ഉയർന്നവനാണ്. പണക്കാർക്കും ഉയർന്ന പദവിക്കാർക്കും മാത്രമേ വൈസ്രോയിയെ അറിയാവൂ. വൈസ്രോയിയുടെ വസതിയിൽ ചെല്ലാൻ മോട്ടോർകാർ വേണം. എന്നാൽ കോൺഗ്രസ്സ് പ്രസിഡണ്ടിനെയാകട്ടെ, ഏതു ദരിദ്രനും അറിയാം, അദ്ദേഹത്തിന്റെ (ഇപ്പോൾ സർദാർ വല്ലഭായ്) അടുത്തേക്കു് ആർക്കും നടന്നുചെല്ലാം. സർദാർ കോൺഗ്രസ്സിനെ സേവിക്കാൻവേണ്ടി ആത്മാർപ്പണം ചെയ്തിരിക്കുന്നു. ദരിദ്രരെ സേവിക്കുന്നവൻ ഈശ്വരദൃഷ്ടിയിൽ മഹാനാണ്. സ്വരാജ്യത്തിൻകീഴിൽ അധികാരത്തിൽ വരണമെന്നു് നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ, കോൺഗ്രസ്സിൽ ധാരാളമായി ചേർന്നു്, അതിന്റെ കടിഞ്ഞാൺ പിടിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ഈ രാജ്യത്തിലെ ഏററവും ശക്തിമത്തായ സംഘടന അതാണ്. അതിൽ ചേരൂ. ഞങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യും.

digitized by www .sreyas.in

## 43

അവസാനമായി ഈ പര്യാലോചനകളിൽ ഞാൻ സന്നിഹിതനാകാനുള്ള ഏകകാരണം, ഞാൻ ഇന്ത്യൻ നാഷനൽ കോൺഗ്രസിനെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ടു് അതിന്റെ നിലപാടു ഞാൻ വ്യക്തമാക്കിയേ തീരൂ. രാഷ്ട്രത്തിനു മുഴുവനും, ഏററവും സംശയാതീതമായ നിലയിൽ മൂകലക്ഷങ്ങൾക്കു, പ്രതിനിധിയാണെന്നു കോൺഗ്രസ് അവകാശപ്പെടുന്നു. ഈ മൂകലക്ഷങ്ങളിൽ അധഃപതിച്ചവരേക്കാളധികം അടിച്ചമർത്തപ്പെട്ടവരായ എണ്ണമററ 'അയിത്തക്കാരും, ഒരുതരത്തിൽ കൂടുതൽ നിർഭാഗ്യവാന്മാരും അവഗണിക്കപ്പെട്ടവരുമായ പിന്നണിജാതിക്കാരും ഉൾപ്പെടുന്നു—മറിച്ചാണു സ്ഥിതിയെന്നു തോന്നൽ വിശേഷിച്ചും ഇംഗ്ളണ്ടിൽ ഉണ്ടെങ്കിലും.

ചുരുക്കത്തിൽ കോൺഗ്രസ്സിന്റെ നിലപാടു് ഇതാണു്: കോൺഗ്രസ്സിന്റെ പ്രമേയമാണു ഞാൻ വായിക്കുന്നതു്. കോൺഗ്രസ്സു് പ്രാരംഭം മുതൽ തനി ദേശീയത്വമാണു് അതിന്റെ ആദർശമായി കരുതിപ്പോന്നിട്ടുള്ളതു്. സമുദായികഭിത്തികളെ തട്ടിനിരത്താൻ അതു ശ്രമിച്ചിട്ടുണ്ടു്. ദേശീയത്വത്തിന്റെ നേർക്കുള്ള അതിന്റെ പുരോഗതിയിലെ അവസാനഘട്ടം താഴെ ചേർക്കുന്ന ലാഹോർ പ്രമേയമായിരുന്നു.*

## 44

പിന്നെ, ന്യൂനപക്ഷപ്രശ്നമെന്ന ഈ ഇമ്പാച്ചി എന്താണു്? എനിക്കിതു തീരെ മനസ്സിലാക്കാൻ കഴിയുന്നില്ല. കോൺഗ്രസ്സു് വളരെ സംഘടനകളിൽ ഒന്നാണെന്നോ, ഏററവും വലിയ സംഘടനയാണെന്നോ നിങ്ങൾ പറയുന്നു. ഞാൻ നിങ്ങളോടു പറയുന്നു കോൺഗ്രസ്സു് ഏററവും വലിയ സംഘടന മാത്രമല്ല, ഏററവും പ്രമുഖമായ സംഘടനകൂടിയാണെന്നു്. സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്ത ഏക സംഘടനയാണെന്നു് കോൺഗ്രസ്സിന്റെ ആഹ്വാനമനുസരിച്ചതുകൊണ്ടാണു് അനേക ശതം ഗ്രാമീണരുടെ ജീവിതം തന്നെ മിക്കവാറും നശിച്ചതു്, അനേകായിരം ഉറുപ്പിക വിലപിടിച്ച വിളകൾ തിയ്യിന്നിരയാക്കപ്പെട്ടതു്, അഥവാ നിസ്സാരവിലയ്ക്കു വിൽക്കപ്പെട്ടതു്, അനേകലക്ഷം ഉറുപ്പിക വില വരുന്ന ഭൂമികൾ പിടിച്ചടക്കി വിററുകളയപ്പെട്ടതു്. ഈ യാതനകളെല്ലാം ഞങ്ങൾ അനുഭവിച്ചതു് ഒരപ്പക്കഷണത്തിനുവേണ്ടിയാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? കോൺഗ്രസ്സു് ഒരു ഹിന്ദുസംഘടനയാണെന്നു

---

43. Young India, 29-10-1931 (Communal Unity, p. 184)

* 40-ാമത്തെ ഖണ്ഡത്തിന്നു കീഴിൽ ചേർത്തിരിക്കുന്ന പ്രമേയം നോക്കുക

44. Young India, 5-11-1931 (Communal Unity, p. 190)

digitized by www .sreyas.in

കെട്ടുകഥ പറയുന്നു. കഴിഞ്ഞകൊല്ലം സമരം ചെയ്തവരും ജയിലിൽ പോയവരും മരിച്ചവരുമെല്ലാം ഹിന്ദുക്കളാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? അനേകായിരം മുസൽമാന്മാർ അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. സിക്കുകാരും ക്രിസ്ത്യാനികളും പാഴ്സികളുമുണ്ടായിരുന്നു. ഒരു ഭൂരിപക്ഷ സമുദായത്തെപ്പററിയോ ന്യൂനപക്ഷ സമുദായത്തേപ്പററിയോ പറയരുത്. ഏററവും വലിയ ഭൂരിപക്ഷ സമുദായം കോൺഗ്രസ്സ് മാത്രമാണ്

## 45

നാഷണൽ കോൺഗ്രസ്സ് ഹിന്ദുക്കളെ പ്രതിനിധാനം ചെയ്യുന്ന ഒരു സംഘടനയാണെന്നും തന്നിമിത്തം പേരിന്നുമാത്രം നാഷനൽ (ദേശീയം) ആണെന്നും യഥാർത്ഥിൽ സാമുദായികമാണെന്നുമുള്ള സെററ്ലണ്ട് പ്രഭുവിൻെറ ആരോപണത്തെപ്പററി കേൾക്കാനുള്ളതു മുഴുവൻ നാം ഇനിയും കേട്ടുകഴിഞ്ഞിട്ടില്ല. ഇതിനേക്കാൾ വലിയ ഒരപഖ്യാതി കോൺഗ്രസ്സിന്നുണ്ടാകാനില്ല. പ്രാരംഭം മുതല്ക്കേ അതു ദേശീയമായിരുന്നു. അതിൻെറ ജനയിതാവ് ഒരിംഗ്ളീഷ്കാരനായിരുന്നു. പരേതനായ എ. ഓ. ഹ്യൂം അതിൻെറ സെക്രട്ടറിമാരിൽ ഒരാളായിരുന്നു. മുസ്ളീമും ഇംഗ്ളീഷുകാരനും ക്രിസ്ത്യാനിയും പാഴ്സിയും അതിൻെറ പ്രസിഡണ്ടുമാരായിട്ടുണ്ട്. വാർദ്ധക്യംകൊണ്ട് അവശനായിത്തീരുന്നതുവരെ ദാദാഭായ് അതിൻെറ ആത്മാവായിരുന്നു. എല്ലാ സംഗതികളിലും നയിക്കുന്ന കരവും ആജ്ഞാപിക്കുന്ന മസ്തിഷ്കവും അദ്ദേഹമായിരുന്നു. സർ ഫെറോസ്ഷാമേത്ത ബോംബെ സംസ്ഥാനത്തിലെ കിരീടം വയ്ക്കാത്ത രാജാവായിരുന്നു. കോൺഗ്രസ്സിൻേറയും ബോംബെ കോർപ്പറേഷൻേയും പ്രസിഡണ്ടുമാരെ നിശ്ചയിച്ചിരുന്നതു് അദ്ദേഹമായിരുന്നു. ബദ്രുദിൻ തയാബ്ജി വളരെ കൊല്ലങ്ങളോളം കോൺഗ്രസ്സിൻെറ ചർച്ചകളിൽ ഒരു നിർണായകഘടകമായിരുന്നു. ഹാക്കിം സാഹിബ് അജ്മൽഖാൻ ജീവനോടുകൂടി ഉണ്ടായിരുന്നേടത്തോളം കാലം അദ്ദേഹത്തിൻെറഅനുമതി കൂടാതെ കോൺഗ്രസ്സിനു യാതൊന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ലെന്ന് ആക്കാണറിയാത്തതു്? ഡോക്ടർ അൻസാരി കുറേക്കാലം ജോയിൻറു ജനറൽ സെക്രട്ടറിയായിരുന്നു. ഖിലാഫത്ത് കാലത്തു അലിസഹോദരന്മാർക്കു കോൺഗ്രസ്സിലുണ്ടായിലുണ്ടായിരുന്ന സ്വാധീനശക്തിയെപ്പററി വായനക്കാർക്കറിയാം. ഇന്നു മൗലാനാ അബുൾകലാം ആസാദിൻെറ സഹകരണവും വിവേകപൂർവമായ ഉപദേശവും കൂടാതെ പ്രവർത്തകസമിതി യാതൊന്നും ചെയ്യുമായിരുന്നില്ല. ഹിന്ദുമുസ്ലീം കാര്യങ്ങളിൽ നിർണ്ണായകമായ വാക്കു് അദ്ദേഹത്തിൻെറതാണ്. അര നൂററാണ്ടിലേറെ ദൈർഘ്യമുള്ള കോൺഗ്രസ്സിൻെറ ചരിത്രത്തിൽ അതെന്നും മറെറാൽ

---

45. Harijan, 11-18–1939 (Communal Unity, pp. 249-251)

സംഘടനയും ചെയ്തിട്ടില്ലാത്തവിധം ഇന്ത്യയുടെ മുഴുവൻ പ്രതിനിധിയായിരിക്കുവാൻ പരിശ്രമിച്ചുപോന്നിട്ടുണ്ട്. കോൺഗ്രസ്സ് നേടിയ ഓരോ വിജയവും എല്ലാ സമുദായങ്ങൾക്കും ഗുണകരമായിത്തീട്ടുണ്ട്.

'ഇതാണു യഥാർത്ഥ സ്ഥിതിയെങ്കിൽ കോൺഗ്രസ്സ് എന്തിനു അഖിലേന്ത്യാ ഹിന്ദുമഹാസഭയുടെ ചുമതല കടന്നെടുത്തു?' എന്നു കോപാവിഷ്ടനായ ഒരു ലേഖകൻ ചോദിക്കുന്നു. കോൺഗ്രസ്സിന്റെ യുക്തിഹീനത എന്നു പത്രാധിപക്കു തോന്നിയതിനെ 'ദി ട്രൈബ്യൂ'ണും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. യുക്തിഹീനത സമ്മതിക്കപ്പെടുകതന്നെ വേണം, പക്ഷേ ജീവിതമാകട്ടെ, സ്ഥാപനങ്ങളാകട്ടെ ഭരിക്കപ്പെടുന്നതു യുക്തിയാലല്ല. ജനതയുടെ രാഷ്ട്രീയപുരോഗതിക്കുവേണ്ടി സാമുദായികമായ ഒരൊത്തുതീർപ്പാവശ്യമാണെന്നു കോൺഗ്രസ്സിനു തോന്നിയെന്നതു വ്യക്തമാണ്. ഇതിൻഫലമാണു 1916—ലെ സാമുദായിക സന്ധി. ആ കാലത്തിനു ശേഷം എന്നും കോൺഗ്രസ്സ് ഹിന്ദുമുസ്ലീംമൈത്രിയെ കോൺഗ്രസ്സ പരിപാടിയിലെ ഒരിനമായി കരുതിപ്പോന്നിട്ടുണ്ട്. യുക്തിയുക്തമായി ആ ചുമതല സാമുദായിക സംഘടനകളുടേതാണെങ്കിലും സമുദായങ്ങൾ കലഹിക്കുമ്പോഴും രാജ്യതാൽപര്യത്തിനുവേണ്ടി ഒരു പരിഹാരം ആവശ്യമായിത്തീരുമ്പോഴും മിഴിച്ചുനിൽക്കാൻ കോൺഗ്രസ്സിനെപ്പോലുള്ള ഒരു ജനകീയസംഘടനയ്ക്കു സാധ്യമല്ല. തന്നിമിത്തം ഒരു ധർമ്മകാഹളമെന്ന നിലയിൽ അടുത്തെത്തിയതിനെ ഒഴിച്ചുവിടാൻ കോൺഗ്രസ്സിനു കഴിഞ്ഞില്ല. സമുദായികപ്രശ്നങ്ങൾ സംബന്ധിച്ചു തനി ദേശീയവും നിഷ്പക്ഷവുമായ ഒരഭിപ്രായം സ്വീകരിക്കാൻ പററിയ ഏക സംഘടന കോൺഗ്രസ്സാണ്.മറിച്ച് എന്തൊക്കെത്തന്നെ പറഞ്ഞാലും ഇന്ത്യയുടെ ആശാഭിലാഷങ്ങൾക്കു കോൺഗ്രസ്സ് രൂപം നൽകുന്നുവെന്നു ഞാൻ സമർത്ഥിക്കുന്നു. രാഷ്ട്രീയാഭിലാഷങ്ങളെ സംബന്ധിച്ചേടത്തോളം ഇന്ത്യയെ മുഴുവൻ അതു പ്രതിനിധാനം ചെയ്യുന്നില്ലെങ്കിൽ ആരുമായും സഖ്യംചെയ്യാൻ അതിനു സാധിക്കുകയില്ല. മുസ്ളീങ്ങൾക്കെതിരായി ഹിന്ദുക്കളുടെ പ്രതിനിധിയാകാനും നേരേമറിച്ചു ചെയ്യാനും അതിന്റെ പാരമ്പര്യം അതിനെ അസമർത്ഥമാക്കുന്നു. ഹിന്ദുസ്ഥാനിലെ എല്ലാവരുടെയും പൊതുതാൽപര്യങ്ങളെ പ്രതിനിധാനം ചെയ്യുവാൻ അതു സമർത്ഥമാണ്. പൊതു താൽപര്യത്തിനുവേണ്ടി ആളുകളുമായോ സംഘടനകളുമായോ സന്ധി ചെയ്യാൻ അതു ശ്രമിക്കുന്നതിൽ യാതൊരു തെററും കാണാൻ എനിക്കു കഴിയുന്നില്ല. അവയെല്ലാം പരസ്പരം സഹായകങ്ങളായിരിക്കണം. വിരുദ്ധങ്ങളായിരിക്കരുത് എന്നു പറയേണ്ട ആവശ്യമില്ലല്ലോ. ഇതു പ്രയാസമുള്ള കാര്യമാണെന്നതിനു സംശയമില്ല. എന്നാൽ ജനങ്ങളും സംഘടനകളും അവയുടെ സൗമനസ്യം കോൺഗ്രസ്സിൽ അർപ്പിക്കുകയാണെങ്കിൽ ആ ജോലി

digitized by www .sreyas.in

കോൺഗ്രസ്സിന്റെ പരിധിക്കോ കഴിവിന്നോ അപ്പുറമല്ല. സാർവ ത്രികമായ ആ വിശ്വാസം ഇന്നു് അതു ജനിപ്പിക്കുന്നില്ല. തന്നി മിത്തം അതിനു് ആ കാലംവരെ കാത്തിരിക്കേണ്ടിവന്നേക്കാം. മ റേറതെങ്കിലും സംഘടനകൾ ആ ജോലി ചെയ്യുകയാണെങ്കിൽ, കോൺഗ്രസ്സു് അതിനെ സ്വാഗതം ചെയ്യും.

## 46

മുസ്ലീം പരാതികളെ കോൺഗ്രസ്സു് മന്ത്രിമാർ വേണ്ടത്ര ചെ വികൊണ്ടില്ലെന്നു കോൺഗ്രസ്സു്കാരല്ലാത്ത പല മുസ്ലീങ്ങളും നിർവ്യാജമായി വിചാരിക്കുന്നുണ്ടെന്നതിനു സംശയമില്ല. അ ഹിംസാനിഷ്ഠരായ കോൺഗ്രസ്സു്കാർ, കോൺഗ്രസ്സുകാരല്ലാത്ത മു സ്ലീങ്ങളുടെ പരാതികളെ പ്രത്യേകം ശ്രദ്ധിച്ചേ തീരൂ. അവയെ ല്ലാം നിസ്സാരങ്ങളാണെന്നു പറഞ്ഞതുകൊണ്ടു പ്രയോജനമില്ല. പല പരാതികളും നിസ്സാരങ്ങളായിരുന്നെന്നു് എനിക്കുതന്നെ അറി യാം. എങ്കിലും അവയെ സഗൗരവം സ്വീകരിക്കാനും അവ നിസ്സാരങ്ങളെന്നു വ്യക്തമാക്കാൻ ശ്രമിക്കാനും തക്കവണ്ണം നാം ക്ഷമയും മര്യാദയും ഉള്ളവരായിരിക്കണം. ഇന്നും പരാതിക ളുണ്ടെന്ന വസ്തുതയെക്കുറിച്ചു മാത്രമാണു ഞാനിപ്പോൾ പറയുന്നതു്. അതിനാൽ അവയിൽ ഒരു കാമ്പുമില്ലെന്നു തെളിയിക്കാൻ നാം സ മയം നൽകണം. കൂടുതൽ അന്വേഷണങ്ങളുടെ ഫലമായി തെററു കൾ കണ്ടെത്തുകയാണെങ്കിൽ നാം തിരുത്തണം. മുസ്ലീങ്ങളുടേ തായാലും മററാരുടേതായാലും ന്യായമായ ഒരൊററ താത്പര്യത്തേ യും ബലികഴിച്ചു സ്വാതന്ത്ര്യം നേടാൻ നാം ആഗ്രഹിക്കുന്നില്ലെന്നു് ഈ രാജ്യത്തിലെ മുസ്ലീങ്ങൾക്കും ലോകത്തിനും നാം തെളിയിച്ചു കൊടുക്കണം. ന്യൂനപക്ഷങ്ങളെ നമ്മുടെകൂടെ നിർത്തുവാൻ നാം സാ ദ്ധ്യമായതെന്തും ചെയ്യാതിരിക്കരുതു്. നമ്മളിൽ ഏററവും എളിയ വരുടെ അവകാശങ്ങളെ കണിശമായിശ്രദ്ധിക്കുകയെന്നതു് അഹിം സയുടെ ഒഴിച്ചുകൂടാത്ത ഉപാധിയത്രേ.

സാമുദായികമൈത്രിയുടെ അഭാവം സ്വാതന്ത്ര്യത്തിനു തടസ്സ മായി ബ്രിട്ടീഷ്ഗവർമെൻറ് എടുത്തുകാണിക്കുന്നതു തെററാണെന്ന തു ശരിതന്നെ. എന്നാലും ഈ അസ്വരസംസ്വരാജ്യത്തിന്റെ നേ ക്കുള്ള നമ്മുടെ പ്രയാണത്തിനു ഗുരുതരമായ ഒരു പ്രതിബന്ധമാണെ ന്നതും ഇത്രതന്നെ ശരിയത്രേ. മുസ്ലീംലീഗുംമററും നമ്മുടെ ഒന്നി ച്ചുണ്ടായിരുന്നെങ്കിൽ, നമ്മുടെ ആവശ്യം തടുത്തുകൂടാത്തതായേനെ.

നൗഖാലിയിലെ അഭിമുഖസംഭാഷണക്കാർ പിന്നീടു് കോൺ ഗ്രസ്സിലെ ഭിന്നിപ്പുകളെപ്പററി ചർച്ചചെയ്യുകയും വളരെ ഹിന്ദു ക്കൾ കോൺഗ്രസ്സു് സഹായെത്തെപ്പററി നിരാശരായി ഹിന്ദുമഹാ സഭയിൽ ചേർന്നിട്ടുണ്ടെന്നു് എന്നോടു പറകയും അവർക്കും അപ്ര കാരം ചെയ്യാമോ എന്നു ചോദിക്കുകയും ചെയ്തു. ഞാൻ അവരോടു

46. Harijan, 2–12–1939 (Communal Unity, p. 255)

digitized by www .sreyas.in

പറഞ്ഞു. സിദ്ധാന്തപരമായി ഒരു വിരോധവും ഞാൻ കാണുന്നില്ലെന്നു്. പ്രാദേശിക ചുററുപാടുകൾ ആ നടപടിയെ നീതീകരിക്കുമോ എന്നു് എനിക്കു പറയാനാവില്ല. എങ്കിലും ഒരു കോൺഗ്രസ്സ്കാരനെന്ന നിലയ്ക്കു സഫലമായി പ്രവർത്തിക്കുവാൻ എനിക്കു സാധിക്കുന്നില്ലെന്നു കണ്ടാൽ, സഫലമായ സഹായം ചെയ്യുന്ന ഒരു സംഘടനയിൽ ചേരാൻ ഞാൻ മടിക്കുകയില്ല. പക്ഷേ കോൺഗ്രസ്സ് സംഘടനയിൽ ഉദ്യോഗം വഹിക്കുകയും അതോടൊന്നിച്ചു് ഒരു തനി സാമുദായികസംഘടനയായ ഹിന്ദുമഹാസഭയിൽ അംഗമാവുകയും ചെയ്യുകയെന്നതു് ഉത്തരവാദിത്വമുള്ള ഒരൊററ കോൺഗ്രസ്സുകാരനും ചെയ്തുകൂടാത്തതാണെന്നും കൂടി ഞാൻ പറഞ്ഞു. ശാന്തതയും സത്യസന്ധതയും ധൈര്യവും ഈസന്ദർഭത്തിൽ ആവശ്യമാണു്. കോൺഗ്രസ്സിനു ഫലപ്രദമാംവണ്ണം അഹിംസാനിരതമാകാൻ കഴികയില്ലെങ്കിൽ, സാമുദായികവാദം ജയിക്കുകതന്നെ ചെയ്യും. അഹിംസകൊണ്ടു കളിച്ചാൽ, അതുതന്നെ (കോൺഗ്രസ്സ്) അനുഭവത്തിൽ സാമുദായികമായിത്തീരും. അതുകൊണ്ടു്, അഹിംസയുടെ സഫലമായ പ്രയോഗം അറിഞ്ഞില്ലെങ്കിൽ ഹിന്ദുക്കളായ ഭൂരിപക്ഷം കോൺഗ്രസ്സുകാർ ഹിംസയിലേക്കു വഴുതിവീഴും. എല്ലാ സംഗതികളിലും യഥാർത്ഥത്തിൽ അഹിംസാനിനിഷ്ഠമായാലേ കോൺഗ്രസ്സിനു സാമുദായികമല്ലാത്ത ഒരു സംഘടനയായിത്തീരാൻ കഴിയൂ എന്നതിൽ എനിക്കു സംശയം തീരെയില്ല. ഭരണകർത്താക്കളോടു മാത്രം ഹിംസ കാണിക്കാതിരിക്കുക, മറെറല്ലാവരോടും ഹിംസ കാണിക്കുക—ഇങ്ങനെയാകാൻ അതിനു സാദ്ധ്യമല്ല. ആ വഴിയിൽ അപമാനവും ആപത്തുമുണ്ടു്.

## ജെ. സ്വാതന്ത്ര്യഭാരതം—മതേതരരാഷ്ട്രം

### 47

ഇന്ത്യയെ ഉടൻതന്നെ—പല ഘട്ടങ്ങളിലായിട്ടല്ല—പാരതന്ത്ര്യത്തിൽനിന്നു മോചിപ്പിക്കുന്നതാണു് എന്നു പ്രഖ്യാപിച്ചുകഴിഞ്ഞാൽ, പിന്നെ ഒരിടക്കാല പരിഹാരം എളുപ്പമാണെന്നു കാണാം. ന്യൂനപക്ഷങ്ങളുടെ അവകാശസംരക്ഷണം, അപ്പോൾ സുകരമായിത്തീരും. ഒളിച്ചുകളി അവസാനിക്കും. ന്യൂനപക്ഷങ്ങൾ സംരക്ഷണത്തിനർഹരാണു്, പല ഘട്ടങ്ങളിലായിട്ടല്ല, പരിപൂർണമായിട്ടും, ഒന്നിച്ചും. ഭൂരിപക്ഷത്തിനുള്ളത്രതന്നെ സ്വാതന്ത്ര്യം ന്യൂനപക്ഷങ്ങൾക്കും നല്കുമെന്നു നിശ്ചയിക്കാത്ത സ്വാതന്ത്ര്യപ്രമാണം കാണാൻപോലും കൊള്ളരുതാത്തതാണു്. ഭരണഘടനാനിർമാണത്തിൽ ന്യൂനപക്ഷങ്ങൾ തികഞ്ഞ പങ്കാളികളായിരിക്കണം. ഭരണഘടനനിർമാണമെന്ന പരിപാവന ധർമം നിർവഹിക്കാൻ ചുമത

47. Harijan, 11-11-1939 (Communal Unity, p 248)

digitized by www.sreyas.in

ലപ്പെടുത്തപ്പെട്ടവരുടെ വിവേകത്തെ ആശ്രയിച്ചുനില്ക്കും, ഇതെങ്ങനെ സാധിക്കാമെന്ന കാര്യം.

48

പാക്കിസ്ഥാൻ ഒരു മതാധിഷ്ഠിതരാഷ്ട്രമല്ലെന്നും തനി മതേതര രാഷ്ട്രമാണെന്നും ക്വായിദ്-ഇ-ആസാം പറഞ്ഞിട്ടില്ലേ? ഈ അവകാശവാദത്തെ എപ്പോഴും പ്രവൃത്തികൊണ്ടു നീതീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നതു്, നിർഭാഗ്യവശാൽ വളരെ പരമാർത്ഥമാണ്. യൂണിയൻ ഒരു മതാധിഷ്ഠിതരാഷ്ട്രമായിത്തീരുകയും ഹിന്ദുമതതത്വങ്ങൾ അഹിന്ദുക്കളുടെമേൽ വച്ചുകെട്ടുകയും ചെയ്യണമോ? അങ്ങനെ വരില്ലെന്ന് അദ്ദേഹം ആശിക്കുന്നു. അപ്പോൾ ഇന്ത്യാ യൂണിയൻ ആശയും വാഗ്ദാനവും ഉൾക്കൊണ്ട ഒരു രാജ്യം—ഏഷ്യയിലേയും ആഫ്രിക്കയിലെയും രാജ്യങ്ങൾ, എന്നല്ല ലോകം മുഴുവനും, ഉററുനോക്കുന്ന ഒരു രാജ്യം—അല്ലാതായിത്തീരും. യൂണിയനെന്ന നിലയ്ക്കോ, പാക്കിസ്ഥാൻ എന്ന നിലയ്ക്കോ, ഇന്ത്യയിൽനിന്നു ചെററത്തവും മതഭ്രാന്തുമല്ല ലോകം പ്രതീക്ഷിക്കുന്നതു്. ഏതൊന്നിൽ നിന്നു ലോകത്തിനു് ഒരു പാഠവും എങ്ങും പരന്ന ഇരുട്ടിൽനിന്നു പുറത്തുകടക്കാനുള്ള വെളിച്ചവും നേടാമോ ആ മഹത്വവും നന്മയുമാണു് ഞാൻ ഇന്ത്യയിൽനിന്നു പ്രതീക്ഷിക്കുന്നതു്.

49

വൈസ്രോയ് കൂടിയാലോചനയ്ക്കായി ഇടക്കാലഗവർമെൻറിൽനിന്നു നേതാക്കന്മാരെ ക്ഷണിക്കുമ്പോഴെല്ലാം അദ്ദേഹം ഹിന്ദുക്കളേയും മുസ്ളീങ്ങളേയും സിക്കുകാരെയുമാണു ക്ഷണിക്കുന്നതെന്നു് ഒരു ലേഖകൻ ഗാന്ധിജിക്കു് എഴുതിയിരുന്നു. ഇന്ത്യയിൽ വേറെ സമുദായങ്ങളില്ലേ? പാഴ്സികളുടെയും ക്രിസ്ത്യാനികളുടെയും യെഹൂദന്മാരുടെയും മററും കഥയോ? അവർ കോൺഗ്രസ്സിൻെറ ഒന്നിച്ചുണ്ടായിരുന്നു. അധികം ഒച്ചയുണ്ടാക്കുന്നവരാൽ അവർ അമർത്തപ്പെടണമോ? സിക്കുകാർ ഒരു ധീരവർഗമാണു്. മുസ്ളീങ്ങൾ കുറെക്കാലമായി ബഹളം കൂട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. അതുകൊണ്ടു് അവരുമായി കൂടിയാലോചന നടത്തുന്നു. രാജ്യത്തിൻെറ ഭാഗധേയം രൂപപ്പെടുത്തുന്നതിൽ സൗമ്യരായ പൗരന്മാർക്കു മിണ്ടാൻ തരമില്ലെന്നാണോ വന്നുകൂടുന്നതു്?

ഈ ചോദ്യം പ്രസക്തവും പ്രധാനവുമാണെന്നു് ഗാന്ധിജി പറഞ്ഞു. പ്രധാനർ തങ്ങൾ മാത്രമാണെന്നും മററുള്ളവരുടെ അവകാശങ്ങൾ തങ്ങളുടേതിനെക്കാൾ താഴെയാണെന്നും സിക്കുകാരും ഹിന്ദുക്കളും മുസ്ളീങ്ങളും കരുതിയാൽ തങ്ങൾ കൊള്ളരുതാത്തവരാണെന്നു് അവർ തെളിയിക്കും. സാധുക്കളുടെ ശാപങ്ങൾ അവരെ നശി

48. Harijan, 16–11–1947 ((Communal Unity, pp. 603—604
49. Harijan, 8-6–1947 (Communal Unity, P. 635)

digitized by www .sreyas.in

പ്പിക്കും. ഇത്തരമൊരു ഗവർമെൻറ് ഒരിക്കലും രാമരാജ്യമോ ഭൂമിയിലെ സ്വർഗരാജ്യമോ ആവുകയില്ല.

ഏററവും എളിയവരെ മററുള്ളവരോടു തുല്യരായി കരുതേണ്ടതു് ഓരോ പൗരൻെറയും കടമയാണു്. ചിലർ ഭ്രാന്തരായിത്തീന്നെങ്കിൽ മററുള്ളവരും അവരെ അനുകരിക്കുന്നതിൽ ന്യായമില്ല. സ്വതന്ത്രരായി ജീവിക്കുവാൻ ഇന്ത്യക്കാർ തീരുമാനിച്ചാൽ ലോകത്തിൽ ആക്കും—മഹാശക്തികളുടെ ഒരു സമവായത്തിനുപോലും—അവരെ പരാജയപ്പെടുത്താനാവില്ലെന്നു ഗാന്ധിജി പറഞ്ഞു.

## 50

ഭൂമിശാസ്ത്രപരമായി ഇന്ത്യയിൽ ചില മാററങ്ങൾ വരുത്തുകയെന്നുവച്ചാൽ, രണ്ടു രാഷ്ട്രങ്ങൾ ഉണ്ടാവുക എന്നാണോ അർത്ഥം? വിഭജനം സമ്മതിച്ചുകഴിഞ്ഞ സ്ഥിതിക്കു്, ഇനി ഐക്യം കുറെ വിഷമമാണെന്നു ഞാൻ സമ്മതിക്കുന്നു. എങ്കിലും ഇന്ത്യയിലെ മുസ്ലീങ്ങൾ ബാക്കിയുള്ളവരിൽനിന്നു ഭിന്നമായ ഒരു രാഷ്ട്രമാണു തങ്ങളെന്നു വിചാരിക്കുകയാണെങ്കിൽ അവർക്കു അപ്രകാരമായിത്തീരാൻ കഴിയുകയില്ല. അമുസ്ലീങ്ങളും സഹകരിക്കാതിരുന്നാൽ. മുസ്ലീംഭൂരിപക്ഷ പ്രദേശങ്ങൾക്കു സ്വയം പാക്കിസ്ഥാനെന്നു വിളിക്കാം; എന്നാലും ബാക്കിഭാഗം,ഏററവും വലിയ ഭാഗം ഹിന്ദുസ്ഥാനെന്നു വിളിക്കപ്പെടേണ്ട ആവശ്യമില്ല. പാക്കിസ്ഥാനിനെതിരായി ഹിന്ദുക്കളുടെ രാജ്യം എന്നാവും അപ്പോൾ അർത്ഥം. ഹിന്ദുക്കൾക്കു് അങ്ങനെ തോന്നുന്നുണ്ടോ? ഇന്ത്യയിൽ ജനിച്ച പാഴ്സികൾക്കും ക്രിസ്ത്യാനികൾക്കും യഹൂദന്മാർക്കും വെളുത്ത തൊലിയില്ലാത്ത ആംഗ്ലോ ഇന്ത്യക്കാർക്കും വേറെ സ്വരാജ്യമുണ്ടോ? തൽക്കാലം ഞാൻ മുസ്ലീങ്ങളെ വിട്ടുകളയുന്നു. പാക്കിസ്ഥാനപ്പാത്ത പ്രദേശങ്ങളെ ഹിന്ദുസ്ഥാനെന്നു വിളിക്കാൻ പണ്ഡിററ്ജി കൂട്ടാക്കാതിരിക്കുന്നതും, (മുസ്ലീം ഭൂരിപക്ഷപ്രദേശങ്ങൾ വിട്ടുപോയി) ഇന്ത്യായൂനിയൻ റിപ്പബ്ലിക് എന്ന അഭിമാനകരമായ പേരുകൊണ്ടു അതിനെ വിളിക്കാൻ ഇഷ്ടപ്പെടുന്നതും ഈ കാരണംകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു. അഭിമാനങ്ങളായ പേരുകൾ അവയുള്ളവരെ മഹാന്മാരാക്കുന്നില്ലെന്നു ചരിത്രം തെളിയിച്ചിട്ടുണ്ടു്. മനുഷ്യരും ഗ്രൂപ്പുകളും അറിയപ്പെടുന്നതു് അവരുടെ പേരുകൾകൊണ്ടല്ല പ്രവൃത്തികൾകൊണ്ടാണു്. ഈ യൂനിയൻ എങ്ങനെയാണു പെരുമാറേണ്ടതു്? ഇതിനു മുമ്പു ഒരു പ്രസംഗത്തിൽ ഞാൻ വെളിവാക്കിയതുപോലെ, നന്ന ചെറിയ ഒരു ന്യൂനപക്ഷമായ യൂറോപ്യരും അധിക്ഷേപിക്കപ്പെട്ടവരായ സവർണഹിന്ദുക്കൾ പട്ടികജാതികളിൽപ്പെട്ട ലക്ഷോപലക്ഷം ആളുകളേയും (ഞാൻ കൂട്ടത്തിൽ

---

50. Harijan, 22-6-1947 (Communal Unity, pp. 641-643)

digitized by www .sreyas.in

പറയട്ടെ) അത്രതന്നെ ശൂദ്രരെയും ഗിരിവർഗക്കാരെന്നു വിളിക്കപ്പെടുന്നവരേയും സമുദായഭ്രഷ്ടരാക്കുമെന്ന ആക്ഷേപം ഇപ്പോൾതന്നെ യൂനിയനെതിരെ പ്രയോഗിച്ചുതുടങ്ങിയിരിക്കുന്നു. അപ്പോൾ പിന്നെ മററു നിസ്സാര ന്യൂനപക്ഷങ്ങളുടെ കാര്യം പറയാനുണ്ടോ? അവർണഹിന്ദുക്കളെന്നു വിളിക്കപ്പെടുന്നവർ ഒരു പരീക്ഷാഘട്ടത്തിലാണ്. അവർ യൂനിയനിലെ ഏററവും എളിയവരോടു തങ്ങൾക്കുള്ള കടമ മനസ്സിലാക്കി അങ്ങേ അററത്തോളം ഉയരുവാനുള്ള എല്ലാ സൗകര്യങ്ങളും അവർക്കു നൽകി ആ കടമ നിറവേററുമോ? മുസ്ലീം ന്യൂനപക്ഷങ്ങളോടും അവരെന്താണു ചെയ്യുക? അവർ വിദേശികളായി കരുതപ്പെടുമോ? അതോ സ്വരാജ്യത്തു തങ്ങൾ വിദേശികളായി കരുതപ്പെടുന്നതല്ലെന്നും യൂനിയനിലെഎത്രതന്നെ ഊററപ്പെട്ടവർക്കുമുള്ള അവസരങ്ങൾ തങ്ങൾക്കും ഉണ്ടായിരിക്കുമെന്നും ഉള്ള തോന്നൽ അവരിലുണ്ടാക്കുമോ! മുസ്ലീങ്ങളും ഹിന്ദുക്കളും വ്യത്യസ്ത ജനതകളാണെന്ന ക്വായിദ്—ഇ—ആസാമിന്റെ വാദം ശരിയാക്കാൻ തക്കവണ്ണം സവർണഹിന്ദുക്കൾ പെരുമാറുന്നതിനെ ഈശ്വരൻ തടയുമാറാകട്ടെ. അവർ സന്ദർഭത്തിനു തക്കവിധം ഉയരുകയും യൂനിയനിൽ മതത്തെയോ ജാതിയെയോ നിറത്തെയോ അടിസ്ഥാനമാക്കിയുള്ളയാതൊരു തരം വിവേചനവുമില്ലെന്നും യോഗ്യതമാത്രമാണ് ഏക മാനദണ്ഡമെന്നും, അതു നേടുവാൻ ഉത്സാഹശീലമുള്ള ഏതു പൗരനുംയൂനിയനിൽ ധാരാളം സൗകര്യമുണ്ടായിരിക്കുമെന്നും തങ്ങളുടെ സ്വഭാവശുദ്ധികൊണ്ടും ധൈര്യംകൊണ്ടും കളങ്കമേശാത്ത നിലപാടുകൊണ്ടും സഹിഷ്ണുതകൊണ്ടും പാക്കിസ്ഥാനിലെ മുസ്ലീങ്ങൾക്കു തെളിയിച്ചുകൊടുക്കുകയും ചെയ്യുമോ?

ഇനി ഹിന്ദുസ്ഥാനിക്ക്—ഹിന്ദിയുടേയും ഉർദുവിന്റേയും പൊരുത്തമുള്ള ഒരു കലർപ്പ്—സ്ഥാനമില്ലെന്ന നിഗമനത്തിൽ യൂനിയനിലെ ചില ആളുകൾ അബദ്ധമായി എത്തിച്ചേർന്നിട്ടുണ്ടെന്നു ഞാൻ അറിയുന്നു. യൂനിയനിൽ ഇസ്ലാമിന്റെ പുണ്യസ്ഥലങ്ങൾ വളരെയുണ്ട്. മററുള്ളവരെപ്പോലെ അവയെയും മാനിക്കുമോ? മുസ്ലീംവിദ്യാലയങ്ങളുടെ സ്ഥിതിയും ഇങ്ങനെതന്നെയായിരിക്കുമോ? ഈ ചോദ്യങ്ങൾക്കും ഇതുപോലുള്ള ചോദ്യങ്ങൾക്കും ഉചിതമായ മറുപടി നൽകുന്നതിനെ ആശ്രയിച്ചു നിൽക്കും ഇന്ത്യയുടെ ഐക്യം—ഞാൻ പറയുന്നു, പാക്കിസ്ഥാനിൽ എന്തുതന്നെ ചെയ്താലും പറഞ്ഞാലും 'അടിക്കു പകരം അടി' എന്ന നിയമം മൃഗത്തിന്റെയോ അസംസ്കൃതമനുഷ്യന്റെയോ ആണ്. അത്തരക്കാരുടെ കാലം കഴിഞ്ഞുപോയി. കാട്ടിലെ നിയമത്തിന്റെ പ്രയോഗം ലോകത്തിനു മടുത്തിരിക്കുന്നു. വെറുപ്പിനുപകരം സ്നേഹം, അസത്യത്തിനു പകരം സത്യം, അസഹിഷ്ണുതയ്ക്കു പകരം സഹിഷ്ണുത എന്ന ധീരനിയമത്തിനു ലോകം ദാഹിച്ചുകൊണ്ടിരിക്കുകയാണ്. സംസ്കൃതമനുഷ്യന്റെ ഈ നിയമമല്ല ലോകത്തെ ഭരിക്കാൻ ഭാവമെങ്കിൽ അതു നശിച്ചുവെന്നതു മൂന്നുതരം.

digitized by www .sreyas.in

## 51

അപ്പോാം പാക്കിസ്ഥാനിലെ ഹിന്ദുക്കളും സിക്കുകാരും അമുസ്ളീങ്ങളും എന്താണു ചെയ്യേണ്ടതു്? അവർ ആപത്തു പ്രതീക്ഷിക്കുകയും അതു സംഭവിക്കുമെന്നു ഭയന്നു സ്വഗൃഹം വിട്ടുപോകയുമരുതു്. സാമാന്യമായ സത്യസന്ധതയും മനുഷ്യോചിതമായ പെരുമാററവും മുസ്ളീങ്ങാംക്കുണ്ടെന്നു അദ്ദേഹം വകവച്ചുകൊടുക്കും. പാക്കിസ്ഥാൻപ്രദേശങ്ങളിൽ ഹിന്ദുക്ഷേത്രങ്ങളും സിക്കുകാരുടെ ഗുരുദ്വാരകളുമുണ്ടു്. അവയെല്ലാം നശിപ്പിക്കപ്പെടുമോ? അവയിൽ ഹിന്ദുക്കാംക്കും സിക്കുകാർക്കും മററും പ്രവേശം നിഷേധിക്കപ്പെടുമോ? അങ്ങനെ ഭയപ്പെടാൻ അദ്ദേഹത്തെക്കൊണ്ടാവില്ല; മറിച്ചുള്ള ഉദാഹരണങ്ങാം എടുക്കുക: ലോകത്തിലെ ഏററവും മനോഹരങ്ങളായ ജുമാ മസ്ജിദുകളിലൊന്നു ഇന്ത്യൻയൂനിയനിലാണു്; താജ് ഉണ്ടു്; അലിഗർ സർവകലാശാലയുണ്ടു്. ഈ ശ്രേഷ്ഠസ്ഥലങ്ങളും അദ്ദേഹത്തിനു പേർ പറയാൻ കഴിയുന്ന മററു പലതും മുസ്ളീങ്ങാം സന്ദർശിക്കുന്നതിൽ വിഭജനംകൊണ്ടു ലേശമെങ്കിലും മാററം സംഭവിച്ചിട്ടുണ്ടോ? ഇല്ലെന്നാണു് അദ്ദേഹത്തിൻെറ വിചാരം.

ഇനി അയഥാർത്ഥമോ യഥാർത്ഥമോ ആയ ഭയംനിമിത്തം പാക്കിസ്ഥാനിലെ സ്വഗൃഹങ്ങളിൽ താമസിക്കാൻ കഴിയാത്ത ഹിന്ദുക്കളെ ടേതായപ്രശ്നമുണ്ടു്. അവരുടെ തൊഴിലോ സഞ്ചാരമോ നിയന്ത്രിക്കപ്പെടുകയും അവർ സംസ്ഥാനത്തിൽ വിദേശിയരായി കരുതപ്പെടുകയും ചെയ്താൽ സ്വഗൃഹങ്ങളിൽ താമസിക്കാൻ അവർക്കു സാധ്യമല്ല. ഇത്തരം അഭയാർത്ഥികളെ തുറന്നകൈയോടെ സ്വീകരിക്കേണ്ടതും അവക്കു ന്യായമായ എല്ലാ സൗകര്യങ്ങളും നൽകേണ്ടതും യൂനിയനിലെ സംസ്ഥാനങ്ങളുടെ കടമയാണെന്നതിൽ സംശയമില്ല. അന്യരാജ്യത്തിലേക്കല്ല വന്നിട്ടുള്ളതെന്നു അവക്കു തോന്നാൻ കഴിയണം. ഇന്ത്യക്കാരനാണെന്നു കരുതുകയും ആ നിലയ്ക്കുപെരുമാറുകയും ചെയ്യുന്ന ഓരോ ഇന്ത്യക്കാരൻെറയും സ്വരാജ്യമാണു് ഇന്ത്യ—അയാളുടെ മതമെന്തായാലും. താൻ ഹരിദ്വാരത്തിൽ വച്ചു പറഞ്ഞതുപോലെ നവാഗതർക്കുള്ള ഉപാധി ഇതാണു്: അവർ പാലിൽ പഞ്ചസാരയെന്നപോലെയായിത്തീരണം. ചുററുപാടുമുള്ള ജീവിതത്തിൻെറ മാധുര്യവും ധന്യതയും അവർ വർദ്ധിപ്പിക്കണം.

## 52

എന്തെല്ലാം പ്രകോപനങ്ങളുണ്ടായാലും, ഇന്ത്യക്കാർ അവരുടെ തൻേറടം വിടാതിരിക്കുന്നതിൻെറ പ്രാധാന്യം അവരെ ധരിപ്പിക്കുവാൻ ഗാന്ധിജി ശ്രമിച്ചുകൊണ്ടിരുന്നു. പാക്കിസ്ഥാൻെറ നയം

51. Harijan, 20-7-1947 (Communal Unity, pp. 671-672)
52. Harijan, 27-7-1947 (Communal Unity, p. 672)

digitized by www .sreyas.in

എന്തുതന്നെയായാലും ഇന്ത്യ ഒരുപോലെ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും സിക്കുകാരുടെയും ക്രിസ്ത്യാനികളുടെയും പാഴ്സികളുടെയും മററും സ്വരാജ്യമായിരുന്നു, മേലിലും ആയിരിക്കണം. ഇന്ത്യയെ മാതൃഭൂമിയായി കരുതുന്നവരെല്ലാം തുല്യ പൗരാവകാശങ്ങളോടുകൂടിയ ഇന്ത്യക്കാരാണു്. ഒരു കണ്ണിനു ഒരു കണ്ണു്, ഒരു പല്ലിനു് ഒരു പല്ലു് എന്ന സിദ്ധാന്തം ശരിവക്കാൻ അദ്ദേഹത്തെക്കൊണ്ടു് ഒരിക്കലും ആവില്ല—നൂറു കണ്ണിനു് ഒരു കണ്ണു് എന്ന നിയമം പോലും ശരിവക്കാനാവില്ല. ഇക്കാര്യത്തിലുള്ള തൻെറ വാശി വളരെ ഹിന്ദുക്കൾക്കു മുഷിച്ചിലുണ്ടാക്കുന്നുണ്ടു്. ചിലർ ശകാരിക്കുന്നു. മററു ചിലർ ഹിമാലയത്തിലേക്കു മാറിപ്പോകാൻ സൗമ്യമായി ഉപദേശിക്കുന്നു. എങ്കിലും താൻ പറയുന്നതിൽ വിശ്വസിക്കുകയും അതനുസരിച്ചു പ്രവർത്തിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന വളരെപ്പേരുണ്ടു്.

## 53

ഇങ്ങനെ, എല്ലാ പ്രജകളും നിയമദൃഷ്ടിയിൽ സമന്മാരായിരിക്കും. എങ്കിലും പൊതുവായ നിയമത്തെ അതിലംഘിക്കാത്തിടത്തോളംകാലം, യാതൊരു തടസ്സവുംകൂടാതെ സ്വമതം അനുസരിക്കുവാൻ ഓരോ വ്യക്തിക്കും സ്വാതന്ത്ര്യമുണ്ടായിരിക്കും. 'ന്യൂനപക്ഷസംരക്ഷണ'മെന്ന പ്രശ്നം അദ്ദേഹത്തിനു വേണ്ടത്ര നല്ലതായി തോന്നുന്നില്ല. ഒരേ സ്റ്റേററിലെ പൗരന്മാർ മതപരമായി ഗ്രൂപ്പുതിരിഞ്ഞു നിൽക്കുകയെന്നതാണു് അതിൻെറ അടിസ്ഥാനം. ചെയ്യണമെന്നു് അദ്ദേഹം ആഗ്രഹിക്കുന്നതു മതവിശ്വാസസ്വാതന്ത്ര്യം ഓരോ വ്യക്തിക്കും അനുവദിക്കുകയെന്നതാണു്. എന്നാലേ ഇന്ത്യ മഹിമയുററതാകൂ; എന്തുകൊണ്ടെന്നാൽ പ്രാചീനലോകത്തിൽ സാംസ്കാരികസമത്വം സമ്മതിച്ചുകൊടുത്ത ഏക രാഷ്ട്രം, ഒരുപക്ഷേ അതായിരുന്നു. ഈശ്വരൻ ഏകനും അദ്വിതീയനും ആകകൊണ്ടു് ഈശ്വരനിലേക്കുള്ള വഴി പലതാണെങ്കിലും, ലക്ഷ്യമൊന്നാണെന്ന അഭിപ്രായം ഇതുകൊണ്ടു് ഉണ്ടായിത്തീർന്നു. വാസ്തവത്തിൽ ലോകത്തിൽ എത്ര വ്യക്തികളുണ്ടോ അത്ര വഴികളുണ്ടു്.

## 54

മൂന്നു തെററു ചെയ്തുകഴിഞ്ഞ കോൺഗ്രസ്സ് ഏററവും വലിയ നാലാമത്തെ തെററു ചെയ്യാൻ ഭാവിക്കുകയാണെന്നറിയിച്ചുകൊണ്ടു് ഒരു സിക്കു സുഹൃത്തയച്ച എഴുത്തിനെപ്പററി പിന്നീടു ഗാന്ധിജി പറഞ്ഞു. ഹിന്ദുക്കളുടേയും സിക്കുകാരുടെയുംകൂടെ ഹിന്ദുസ്ഥാനിൽ മുസ്ലീങ്ങളേയുംകൂടി താമസിപ്പിക്കുവാനുള്ള കോൺഗ്ര-

53. Harijan, 31–8–1947 (Communal Unity, p. 722)
54. Harijan, 5–10–1947 (Communal Unity, p. 787)

digitized by www .sreyas.in

സ്സിൻെറ ആഗ്രഹത്തിലാണു് ഈ തെററു കിടക്കുന്നതു്. കോൺഗ്രസ്സിനാവേണ്ടിയല്ല താൻ സംസാരിക്കുന്നതെങ്കിലും ലേഖകൻ തെററെന്നു കരുതിയ ആ കാര്യം ചെയ്യാൻ താൻ തന്നെ സന്നദ്ധനാണെന്നു ഗാന്ധിജി സധൈര്യം പറഞ്ഞു. പാക്കിസ്ഥാനു ഭ്രാന്തുപിടിച്ചെന്നു വിചാരിക്കുക; എന്നാൽ നമ്മൾക്കും ഭ്രാന്തുപിടിക്കണമോ? അതൊരൊന്നാന്തരം തെററും കററവുമായിരിക്കും. ഭ്രാന്തു ശമിച്ചാൽ, താൻ (ഗാന്ധിജി) പറഞ്ഞതു ശരിയാണെന്നും, തെററു് അവരുടേതാണെന്നും അവർക്കു മനസ്സിലാകും.

## 55

ഡെഹ്റാഡൂണിനടുത്തു് എവിടെയോവച്ചു ഒരു പ്രമുഖ മുസ്ളീമിനെ വധിച്ചതിനെപ്പററി ഗാന്ധിജി തൻെറ പ്രാർത്ഥനാനന്തര പ്രസംഗത്തിൽ വ്യസനപൂർവം പ്രസ്താവിച്ചു. ഇന്ത്യായൂനിയനിലെ ലക്ഷോപലക്ഷം മുസ്ളീങ്ങളോടു് ഇന്ത്യ വിട്ടുപോകാൻ അദ്ദേഹം പറയണമോ? തീവണ്ടികളിൽപോലും അവർക്കു രക്ഷയില്ല! അവരെവിടേക്കാണു പോവുക? പാക്കിസ്ഥാനിൽ ഹിന്ദുക്കളുടെ സ്ഥിതിയും ഇതുതന്നെയാണെന്നതു നേരുതന്നെ. രണ്ടു തെററുചേന്നാൽ ഒരു ശരിയാവുകയില്ല. യൂനിയനിലെ മുസ്ളീങ്ങളോടു പ്രതികാരംചെയ്താൽ അതു പാക്കിസ്ഥാനിലെ ഹിന്ദുക്കൾക്കു സിക്കുകാക്കും സാഹായമാവുകയില്ല. സ്വന്തം മതത്തേയും കോൺഗ്രസ്സിൻെറ പ്രമാണങ്ങളെയും അനുസരിക്കുവാൻ അദ്ദേഹം അവരോടു് അഭ്യർത്ഥിച്ചു. രാജ്യതാൽപര്യങ്ങൾക്കു ദ്രോഹമാകത്തക്ക വല്ലതും കഴിഞ്ഞ അറുപതു കൊല്ലക്കാലത്തു കോൺഗ്രസ്സു് ചെയ്തിട്ടുണ്ടോ? അവർക്കിപ്പോൾ കോൺഗ്രസ്സിൽ വിശ്വാസമില്ലാതായിത്തീർന്നിട്ടുണ്ടെങ്കിൽ കോൺഗ്രസ്സു് മന്ത്രിമാരെ നീക്കംചെയ്തു് മററുള്ളവരെ അധികാരത്തിൽ വാഴിക്കുവാൻ അവർക്കു സ്വാതന്ത്ര്യമുണ്ടു്. അവർ നിയമം സ്വയം കൈയിലെടുക്കരുതെന്നുമാത്രം.

## 56

ഗവർമെൻറിൻെറ പണമെടുത്തു സോമനാഥക്ഷേത്രം പുതുക്കിപ്പണിവാൻ പാടില്ലെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് ഒരു ക്രിസ്ത്യാനി ഒരു പത്രത്തിൽ എഴുതിയ ലേഖനത്തെപ്പററി പിന്നീടു ഗാന്ധിജി പറയുകയുണ്ടായി. ഈ എതിർപ്പിനോടു് അദ്ദേഹത്തിനു അനുഭാവമുണ്ടു്. സർദാർ ഇയ്യിടെ അദ്ദേഹമൊന്നിച്ചുണ്ടായിരുന്നു. ആ ലേഖനം അദ്ദേഹത്തിനു കാണിച്ചുകൊടുക്കുകയുണ്ടായി. ഇത്തരം ആവശ്യങ്ങൾക്കുജൂനഗഡു് സ്റ്റേററു്ഫണ്ടിൽനിന്നോ, കേന്ദ്രഗവർമെൻറിൻെറ ഫണ്ടിൽനിന്നോ ഒരൊററ പൈ ചെലവാക്കുന്നതല്ലെന്നു

55. Harijan, 19-10-1947 (Communal Unity, p. 806)
56. Harijan, 7-12-1947 (Communal Unity, p. 865)

digitized by www .sreyas.in

സർദാർ പറഞ്ഞു. ഈ പുതുക്കിപ്പണിയലിൽ താൽപര്യമുള്ള ഹിന്ദുക്കളും മററുള്ളവരും സംഭാവനചെയ്യുന്ന പണംകൊണ്ടാണു സോമനാഥക്ഷേത്രം പുതുക്കിപ്പണിയുക. ഇന്ത്യായൂനിയൻ ഒരു മതേതര രാഷ്ട്രമാണ്. മതാധിഷ്ഠിതരാഷ്ട്രമല്ല. ജൂനഗഡിലെ താൽക്കാലികഗവർമെൻറിൻെറ തലവൻ ശ്രീ ശമൽദാസ്ഗാന്ധിയാണ്. താൻ പിരിച്ചുണ്ടാക്കിയ പൊതുഫണ്ടിൽനിന്ന് അമ്പതിനായിരം ഉറുപ്പിക കൊടുക്കാമെന്ന് അദ്ദേഹം ഏററിട്ടുണ്ട്. ജാംസാഹിബ് തിരുമനസ്സുകൊണ്ട് ഒരുലക്ഷം ഉറുപ്പിക കൊടുക്കാമെന്നും ഏററിട്ടുണ്ട്.

## 57

അടുത്തു സമ്മേളിക്കാൻപോകുന്ന എ. ഐ. സി. സി.യുടെ മുമ്പാകെവെക്കാൻ പ്രവർത്തകസമിതി പ്രമേയമൊന്നും പാസ്സാക്കിയിട്ടില്ലെങ്കിലും അതിൻെറ ആരംഭം മുതൽ അറുപതുകൊല്ലത്തോളം തികഞ്ഞ സാമുദായികമൈത്രിക്കുവേണ്ടി നിലകൊണ്ട കോൺഗ്രസ്സ്, പലപ്പോഴും കനത്ത വിഷമതകൾ ഉണ്ടായിട്ടും കോട്ടംതട്ടാതെ നിലനിന്നുപോന്ന സാമുദായിക രഞ്ജിപ്പിനെതിരായി യാതൊന്നും തന്നെ ചെയ്യുപോകരുതെന്നാണ് അംഗങ്ങളുടേയും പ്രത്യേകം ക്ഷണിക്കപ്പെട്ടവരുടേയും ഐകകണ്ഠ്യേനയുള്ള അഭിപ്രായമെന്നു ഗാന്ധിജി പറഞ്ഞു. കുറച്ചുകാലത്തേക്കു കോൺഗ്രസ്സ് ന്യൂനപക്ഷമായിത്തീരുമെങ്കിൽപ്പോലും ഇന്നത്തെ ഭ്രാന്തിനു കീഴടങ്ങുന്നതിനുപകരം, അവർ ആ അഗ്നിപരീക്ഷയെ നേരിടുകയാണു വേണ്ടതെന്ന് അവർക്കു വ്യക്തമായ ബോധമുണ്ട്.

വർഗവ്യത്യാസമോ മതവ്യത്യാസമോ നോക്കാതെ എല്ലാവർക്കും സമത്വം അനുവദിക്കാത്ത സ്വാതന്ത്ര്യം കോൺഗ്രസ്സിനു പുലർത്താൻ പററിയതല്ല. മററു വാക്കുകളിൽ കോൺഗ്രസ്സും കോൺഗ്രസ്സിലെ ഏതു ഗവർമെൻറും പ്രതിനിധിയും, തികച്ചും ജനകീയവും ജനസമ്മതിയുള്ളതുമായ ഒന്നായിരിക്കണം—ഗവർമെൻറിൽനിന്നു യാതൊരിടപെടലും കൂടാതെ തനിക്കു് ഏററവും ഇഷ്ടമുള്ള മതം അനുസരിക്കുവാൻ ഓരോ വ്യക്തിയെയും അനുവദിച്ചുകൊണ്ട്.

എ. ഐ. സി. സി. സമ്മേളനം അടുത്ത ശനിയാഴ്ച കൂടും. കോൺഗ്രസ്സിൻെറ ഉത്തമപാരമ്പര്യങ്ങൾക്കു ചേർന്ന പ്രമേയങ്ങൾ അംഗങ്ങൾ പാസ്സാക്കുമെന്നും, അവ ജനങ്ങളുടെ മുഴുവൻ—ധനികൻെറയെന്നപോലെ ദരിദ്രൻെറയും രാജാവിൻെറയും കൃഷിക്കാരൻെറയും—ക്ഷേമം വളർത്താൻ ഉതകുമെന്നും അദ്ദേഹം ആശിക്കുന്നു. അപ്പോൾ, അപ്പോൾമാത്രം, കോൺഗ്രസ്സിനു തങ്ങൾ മുഖാന്തരം ഉണ്ടായിട്ടുള്ള ഇന്ത്യയുടെ പ്രശസ്തി നിലനിർത്താൻ സാധിക്കും. ഈ പ്രശസ്തിയാകട്ടെ, ഇന്ത്യയെ ലോകത്തിലെ സകല മർദിതരാഷ്ട്ര

57. Harijan, 30-11-1947 (Communal Unity, pp. 872-873)

digitized by www .sreyas.in

ങ്ങൾക്കുമുള്ള അന്തസിൻെറയും അവകാശങ്ങളുടെയും രക്ഷാകർത്താവാക്കിത്തീർക്കുന്നു.

58

കന്യാകുമാരി മുതൽ കാശ്മീർവരെയും കറാച്ചിയിൽനിന്ന് (ആസാമിലെ) റിബ്റുഗാർവരെയും ഈ ഉപവൻകരയെ അധിവസിക്കുന്നവരും അതിനെ മാതൃഭൂമിയായി സ്വീകരിച്ചിട്ടുള്ളവരുമായ എല്ലാ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും സിക്കുകാർക്കും പാഴ്സികൾക്കും ക്രിസ്ത്യാനികൾക്കും യഹൂദർക്കും അതിൽ തുല്യാവകാശമുണ്ട്. അതു ഭൂരിപക്ഷസമുദായത്തിനു മാത്രമുള്ളതാണെന്നും ന്യൂനപക്ഷസമുദായം അവിടെ അടിമകളെപ്പോലെ മാത്രം ജീവിച്ചുകൊള്ളണമെന്നും, പറയുവാൻ ആർക്കും അധികാരമില്ല. ആർ അതിനെ പരിശുദ്ധഭക്തിയോടുകൂടി സേവിക്കുന്നുവോ അവർക്കതിൽ പ്രഥമാവകാശമുണ്ടായിരിക്കണം. അതിനാൽ എല്ലാ മുസൽമാന്മാരേയും—അവർ മുസൽമാന്മാരാകകൊണ്ട്—ദൽഹിയിൽനിന്ന് ഓടിക്കണമെന്നാഗ്രഹിക്കുന്ന ഏതൊരുവനും ദൽഹിയുടെ ഒന്നാംനമ്പർ ശത്രുവാണ്. തന്നിമിത്തം ഇന്ത്യയുടെയും ഒന്നാം നമ്പർ ശത്രുവാണ്. ആ വിപത്തിൻെറ നേക്കാണ് നാം കുതിക്കുന്നതു്. അതകററുന്നതിൽ തൻെറ പൂർണ്ണമായ പങ്കു വഹിക്കേണ്ടതു് ഇന്ത്യയുടെ ഓരോ പുത്രൻെറയും പുത്രിയുടേയും ഒഴിച്ചുകൂടാത്ത കടമയത്രെ.

## II

## സാമുദായികസംഘർഷത്തിൻെറ കാരണങ്ങളും പ്രത്യക്ഷഭാവങ്ങളും

### എ. കാരണങ്ങളുടെ പൊതുവിവരണം

1

ദേശാഭിമാനമുള്ള ഭാരതീയനു് പരമപ്രാധാന്യമുള്ള ഈ പ്രശ്നം സംബന്ധിച്ച് കഴിഞ്ഞാഴ്ച പുറപ്പെടുവിച്ച ആ നീണ്ട പ്രസ്താവന ഞാനിവിടെ സംഗ്രഹിക്കട്ടെ. ഇക്കാര്യത്തിൽ ഓരോരുത്തനും എങ്ങനെ പെരുമാറുന്നുവെന്നതിനെ അടിസ്ഥാനമാക്കി ഭാവിതലമുറ രണ്ടു മതങ്ങളെക്കുറിച്ചും വിധിപറഞ്ഞുകൊള്ളും. ഹിന്ദുമതവും ഇസ്ലാമും താത്വികമായി എത്രതന്നെ നല്ലതായിരുന്നാലും ഓരോന്നിനെക്കുറിച്ചും വിധിപറയാനുള്ള ഏകമാർഗ്ഗം ഓരോന്നും അതിൻെറ അനുയായികളിൽ ഉളവാക്കിയ ഫലം മാത്രമാണ്.

58. Harijan 18-1-1948 (Communal Unity p. 924)
1. Young India, 5-6-1924 (Communal Unity, P. 63)

digitized by www .sreyas.in

ആ പ്രസ്താവനയുടെ ചുരുക്കം ചുവടെ ചേർക്കുംപ്രകാരമാണ്:
***കാരണങ്ങൾ:***

1. സംഘർഷത്തിന്റെ വിദൂരകാരണം മാപ്പിളലഹളയാണ്.

2. വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറിലെ ഉദ്യോഗങ്ങൾ പഞ്ചാബിലെ മുസ്ളിം ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പങ്കിടുവാൻ മി. ഫസൽ ഹുസൈയിൻ നടത്തിയ ശ്രമവും അതിനെത്തുടർന്നുണ്ടായ ഹിന്ദുക്കളുടെ എതിർപ്പും.

3. ശുദ്ധിപ്രസ്ഥാനം.

4. അഹിംസയുടെ തളർച്ചയും; അഹിംസയുടെ ചിരകാല പരിചയംകൊണ്ട് പ്രതികാരധർമ്മവും ആത്മരക്ഷാധർമ്മവും സമുദായങ്ങൾ മറന്നുകളഞ്ഞേക്കാമെന്ന ഭയവുമാണ് ഏററവും ശക്തിമത്തായ കാരണം.

5. മുസൽമാന്റെ ഗോവധവും ഹിന്ദുവിന്റെ സംഗീതവും.

6. ഹിന്ദുവിന്റെ ഭീരുത്വവും തന്നിമിത്തം മുസ്ളീങ്ങളെക്കുറിച്ച് അയാൾക്കുള്ള ശങ്കയും.

7. മുസൽമാന്റെ ഭീഷണി.

8. ഹിന്ദു നീതിചെയ്യുമോ എന്നതിനെക്കുറിച്ച് മുസൽമാനുള്ള സന്ദേഹം.

## ബി. വിദേശീയ ശക്തിയുടെ പങ്ക്

2

പരസ്പര ഭയം നിമിത്തം വിദേശാധിപത്യം ആവശ്യമാണെന്നു വിചാരിക്കുന്ന ഹിന്ദുക്കളും മുസൽമാന്മാരും ഇപ്പോഴും ഉണ്ടെന്നതു് നിർഭാഗ്യവശാൽ, സത്യമാണ്. നമ്മുടെ ലക്ഷ്യപ്രാപ്തിക്കു വിളംബം സംഭവിക്കുന്നതിനു് ഇതു കുറച്ചൊന്നുമല്ല കാരണമാകുന്നതു്. രണ്ടു സമുദായങ്ങളും തമ്മിൽ യഥേഷ്ടം പൊരുതിയേക്കാമെന്ന കാര്യം വിദേശാധിപത്യത്തോളം കനത്ത തിന്മയല്ലെന്നു് നാം ഇപ്പോഴും സ്പഷ്ടമായി ധരിക്കുന്നില്ല. ബ്രിട്ടീഷ് ഗവർമ്മേണ്ട് ഇടയിൽ നിൽക്കുന്നതുകൊണ്ടാണ് നാം പരസ്പരം കലഹിക്കാതിരിക്കുന്നതെങ്കിൽ യഥേഷ്ടം കലഹിക്കുവാൻവേണ്ടി എത്രവേഗം നമ്മെ സ്വതന്ത്രരാക്കുന്നുവോ അത്രയും അതു് നമ്മുടെ പൗരുഷത്തിനും നമ്മുടെ വ്യത്യസ്തമതങ്ങൾക്കും നമ്മുടെ രാജ്യത്തിനും നല്ലതാണ്. സ്വബോധം ഉദിക്കുവോളം നാം പരസ്പരം പൊരുതിയെങ്കിൽ അതൊരു പുതിയ സംഭവമാവുകയില്ല. സമാധാനപരമായ പ്രയത്നത്തിൽ ഉറച്ചുനിൽക്കുന്നതിനുമുമ്പ് ഇംഗ്ലീ

---

2. Young India, 20-10-1921 (Communal Unity, pp. 26—27)

digitized by www .sreyas.in

ഷുകാർ ഇരുപത്തിയൊന്നുകൊല്ലം അഭ്യന്തരസമരം നടത്തി. അട്ടത്തകാലത്തൊന്നും കാണാത്തത്ര മൃഗീയമായ ക്രൗര്യത്തോടുകൂടി ഫ്രഞ്ചുകാർ പരസ്പരം യുദ്ധംചെയ്തു. തങ്ങളുടേതായ ഐക്യസംസ്ഥാനം രൂപപ്പെടുത്തുന്നതിനുമുമ്പ് അമേരിക്കക്കാർ ചെയ്തതും ഇതിലും ഭേദമൊന്നും ആയിരുന്നില്ല. പരസ്പരം പൊരുതാനുള്ള ഭയംകൊണ്ടു നാം നമ്മുടെ ആണത്തമില്ലായ്മ വെളിപ്പെടുത്താതിരിക്കുക.

3

ഹിന്ദുമുസ്ളീം മൈത്രി, അയിത്തം സ്വരാജ് മുതലായവയെക്കുറിച്ച് ഒരു ബെങ്കാളിസെമിന്ദാർ എനിക്കൊരു നീണ്ട കത്തയച്ചിരിക്കുന്നു. ആ കത്ത് പ്രസിദ്ധീകരിക്കാൻ വയ്യാത്തവണ്ണം അത്ര നീണ്ടതാണ്; അതിൽ പുതിയ കാര്യങ്ങളൊന്നും പറഞ്ഞിട്ടുമില്ല. എങ്കിലും അതിൽനിന്ന് ദൃഷ്ടാന്തത്തിനു ഒരു വാചകം ഞാനിവിടെ ചേർക്കാം. അതിതാണ്:

'500 കൊല്ലത്തിലേറെ കാലമായി ഹിന്ദുക്കളും മുസൽമാന്മാരും തമ്മിലുള്ള ബന്ധം ശത്രുക്കളുടേതായിരുന്നു. ബ്രിട്ടീഷ് ഭരണം വന്നശേഷം, ഒരു നയമെന്ന നിലയിൽ, തങ്ങളുടെ വർഗ്ഗീയവിദ്വേഷം മറക്കുവാൻ ഹിന്ദുക്കളും മുസൽമാന്മാരും നിർബദ്ധരായി; ആ കടുത്ത ശത്രുതയുടെ പൗരുഷ്യം ഇന്നില്ല. എന്നാലും ഈ രണ്ടു വർഗ്ഗങ്ങളുടെയും പ്രകൃതിയിലെ മൗലികവ്യത്യാസം ഇന്നുമുണ്ട്. ഇന്നത്തെ സൗഹാർദ്ദബന്ധത്തിനു കാരണം ബ്രിട്ടീഷ് ഭരണമാണെന്നും ആധുനിക ഹിന്ദുമതത്തിന്റെ ഹൃദയവിശാലതയല്ലെന്നും ഞാൻ വിശ്വസിക്കുന്നു.'

ഈ പ്രസ്താവന വെറും അന്ധവിശ്വാസമാണെന്നു ഞാൻ കരുതുന്നു. മുസ്ളിം വാഴ്ചക്കാലത്ത് ഈ രണ്ടു വർഗ്ഗങ്ങളും സ്വൈരമായി ജീവിച്ചിരുന്നു. ഇന്ത്യയിൽ മുസ്ളിം വാഴ്ച ആരംഭിക്കുന്നതിനുമുമ്പുതന്നെ വളരെ ഹിന്ദുക്കൾ ഇസ്ലാം സ്വീകരിക്കുകയുണ്ടായെന്ന സംഗതി ഓർക്കേണ്ടതാണ്. ബ്രിട്ടീഷ്ഭരണമുണ്ടായില്ലെങ്കിലും ഇന്ത്യയിൽ ക്രിസ്ത്യാനികൾ ഉണ്ടാകുമായിരുന്നതുപോലെ, മുസ്ളിം ഭരണമുണ്ടായില്ലെങ്കിലും ഇവിടെ മുസൽമാന്മാരുണ്ടാകുമായിരുന്നെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ബ്രിട്ടീഷ് ഭരണത്തിനുമുമ്പ് ഹിന്ദുക്കളും മുസൽമാന്മാരും പരസ്പരം കലഹിച്ചാണു ജീവിച്ചിരുന്നതെന്നു തെളിയിക്കുവാൻ യാതൊന്നും തന്നെയില്ല. 'വിഭജിച്ചു ഭരിക്കുക' എന്ന ബ്രിട്ടീഷ് നയം നമ്മുടെ ഭിന്നിപ്പുകാർക്കു കാഠിന്യം കൂട്ടിട്ടുണ്ടെന്നും ആ നയമുണ്ടായിട്ടും നാം യോജിക്കണമെന്ന് നാം മനസ്സിലാക്കുന്നതുവരെ ആ നില തുടരുമെന്നാണ് എന്റെ വിശ്വാസം. സ്ഥാനത്തിനും അധികാരത്തിനും വേണ്ടിയുള്ള വഴക്കുകളിൽനിന്നു നാം വിരമിക്കാതിരു

3. Young India 26-2-1956 (Communal Unity, P. 109)

digitized by www .sreyas.in

ന്നാൽ; യോജിപ്പുണ്ടാകാൻ തരമില്ല. ഉണ്ടാവുകയുമില്ല. ഇതിന്റെ ആരംഭം കുറിക്കേണ്ടതു് ഹിന്ദുക്കളാണ്.

4

ബ്റിട്ടീഷ് ഭരണത്തിന്റെ രൂപത്തിലുള്ള പൂള് സമുദായങ്ങളേയും വർഗ്ഗങ്ങളേയും ഭിന്നിപ്പിച്ചുകൊണ്ടിരിക്കുന്നിടത്തോളംകാലം ശാശ്വതമായ പരിഹാരമുണ്ടാവുകയില്ലെന്നു്, ഈ സമുദായങ്ങൾ തമ്മിൽ ശാശ്വതമായ സൗഹാർദ്ദമുണ്ടാവുകയില്ലെന്നു്, മറെറാരിടത്തു പറഞ്ഞതു് ഞാൻ ആവർത്തിക്കുന്നു.

എന്തൊക്കെപ്പറഞ്ഞാലും പരമാവധി അതു് ഏട്ടിലെ പരിഹാരമേ ആവുകയുള്ളു. എന്നാൽ ആ പൂള് നീക്കംചെയ്തുകഴിഞ്ഞാൽ—കുടുംബ ബന്ധങ്ങൾ കുടുംബസ്നേഹങ്ങൾ, പൊതുവായ പിറവിയെക്കുറിച്ചുള്ള അറിവ്—ഇതൊക്കെ വെറുതെയാകുമെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഇന്ത്യയിൽ ബ്റിട്ടീഷ് ഭരണമില്ലാതിരുന്ന കാലത്തു്; ഇംഗ്ളീഷുകാരുടെ മുഖം കാണാതിരുന്ന കാലത്തു് ഹിന്ദുക്കളും മുസൽമാന്മാരും സിക്കുകാരും പരസ്പരം യുദ്ധംചെയ്തു കൊണ്ടിരിക്കുന്നുവോ? അന്നു നാം താരതമ്യേന ശാന്തിയിൽ ജീവിക്കുകയായിരുന്നെന്നു് തെളിയിക്കുവാൻ ഹിന്ദുചരിത്രകാരന്മാരും മുസ്ളിംചരിത്രകാരന്മാരും ധാരാളം എഴുതിവെച്ചിട്ടുണ്ട്. ഇന്നും ഗ്രാമങ്ങളിലെ ഹിന്ദുക്കളും മുസ്ലീങ്ങളും പരസ്പരം കലഹിക്കുകയല്ല. അന്നു് അവർ തീരെ കലഹിച്ചിരുന്നതായി കേട്ടിട്ടില്ല. പരേതനായ മൗലാനാ മുഹമ്മദാലി—അദ്ദേഹം ചെറിയമട്ടിൽ ഒരു ചരിത്രകാരനായിരുന്നു—പലപ്പോഴും എന്നോടു പറയാറുണ്ട്: 'ഈശ്വരൻ—അല്ലാഹു എനിക്കു് ആയുസ്സു തന്നാൽ; ഇന്ത്യയിലെ മുസൽമാൻഭരണത്തിന്റെ ചരിത്രമെഴുതാൻ ഞാൻ ഉദ്ദേശിക്കുന്നു. അതിൽ ബ്റിട്ടീഷുകാർ സൂക്ഷിച്ചുവച്ചിട്ടുള്ള രേഖകൾകൊണ്ടു തന്നെ ഞാൻ തെളിയിക്കും, ബ്രിട്ടീഷുകാർ ചിത്രീകരിച്ചുപോലെ അത്ര ദുഷ്ടനായിരുന്നില്ല ഔറംഗസീബെന്നും, ബ്റീട്ടിഷ്ചരിത്രത്തിൽ കാണിച്ചപോലെ അത്ര മോശമായിരുന്നില്ല മുഗൾഭരണമെന്നും മററും.' ഇങ്ങനെതന്നെ ഹിന്ദുചരിത്രകാരന്മാരും എഴുതിട്ടുണ്ട്. ഈ കലഹം പഴക്കമുള്ളതല്ല; ബ്റിട്ടീഷുകാർ വന്നതുമുതൽ ആരംഭിച്ചതാണ്. ഈ ബന്ധം, ഗ്രേററു ബ്രിട്ടനും ഇന്ത്യയും തമ്മിലുള്ള നിർഭാഗ്യകരവും കൃത്രിമവും അസ്വാഭാവികവുമായ ഈ ബന്ധം, ഒരു സ്വാഭാവികബന്ധമായി മാററപ്പെട്ടാൽ അതു രണ്ടു കക്ഷികളിൽ ഏതിന്റെ ഇഷ്ടപ്രകാരവും ഉപേക്ഷിക്കപ്പെടാവുന്ന, ഇല്ലാതാക്കപ്പെടാവുന്ന ഒരു സ്വാഭാവികബന്ധമായിത്തീർന്നാൽ, എന്നെങ്കിലും അങ്ങനെയായിത്തീരുമെങ്കിൽ, ഹിന്ദുക്കളും മുസൽമാന്മാരും സിക്കുകാരും യൂറോപ്യന്മാരും ആംഗ്ലോ ഇന്ത്യക്കാരും ക്രിസ്ത്യാനികളും

4. Young India, 24-12-1931 (Communal Unity p. 200)

digitized by www .sreyas.in

'അയിത്തക്കാരുമെല്ലാം ഒന്നിച്ച് ഒരൊററ വ്യക്തിയെപ്പോലെ ജീവിക്കുന്നതു നിങ്ങൾ കാണും.

**5**

'ഇന്നലെവരെ അങ്ങ്' പറഞ്ഞു, ഹിന്ദുമുസ്ലിം മൈത്രിയില്ലാതെ സ്വരാജ്യമുണ്ടാവുകയില്ലെന്ന്. സ്വാതന്ത്ര്യം നേടുന്നതുവരെ മൈത്രി ഉണ്ടാവുകയില്ലെന്ന് ഇപ്പോൾ അങ്ങ് പറയുന്നതെന്തുകൊണ്ടാണ്?' ഹിന്ദുവിന്റെ നാഗപൂർ ലേഖകൻ ഇയ്യിടെയൊരുദിവസം ഗാന്ധിജിയോട് ചോദിച്ചു.

ഗാന്ധിജി മറുപടി പറഞ്ഞു. 'കാലം ദയാലുവായ ഒരു സുഹൃത്തും വൈദ്യനുമാണെങ്കിൽ, നിർദ്ദയനായ ഒരു ശത്രുവുമാണ്. ഹിന്ദുമുസ്ലിം മൈത്രിയുടെ ഏററവും പഴക്കമുള്ള കാമുകന്മാരിൽ ഒരുവനാണ് ഞാനെന്ന് ഞാൻ അവകാശപ്പെടുന്നു. ഇന്നും ഞാൻ അങ്ങനെതന്നെയാണ്. ഐക്യത്തിനുവേണ്ടി ഞാനുൾപ്പെടെ എല്ലാവരും ചെയ്ത ഹൃദയപൂർവമായ ശ്രമങ്ങൾ എന്തുകൊണ്ട് പരാജയപ്പെട്ടുവെന്ന്, ഞാൻ തീരെ അനുഗ്രഹഭ്രഷ്ടനായിത്തീരുകയും ഇന്ത്യയിലെ ഇസ്ലാമിന്റെ പരമശത്രുവെന്നു ചില മുസ്ളിം പത്രങ്ങളാൽ വിശേഷിപ്പിക്കപ്പെടുകയും ചെയ്യത്തക്കവണ്ണം അത്ര പൂർണമായി എന്തുകൊണ്ട് അവ പരാജയപ്പെട്ടുവെന്ന്; ഞാൻ സ്വയം ചോദിച്ചുകൊണ്ടിരുന്നു. മൂന്നാംശക്തി, അതു് മനഃപൂർവം ആഗ്രഹിച്ചിട്ടല്ലെങ്കിലും, യഥാർത്ഥ ഐക്യം ഉണ്ടാകാൻ അനുവദിക്കുകയില്ലെന്ന പരമാർത്ഥം മാത്രമേ ഇതിനു കാരണമായി എനിക്കു പറയാനുള്ളു. അതിനാൽ ഇന്ത്യയിൽ ബ്രിട്ടീഷ്ശക്തിക്ക് അവസാനമായി അറുതിയുണ്ടായാൽ സമുദായങ്ങൾ യോജിക്കുമെന്ന തീരുമാനത്തിൽ ഞാൻ വൈമനസ്യത്തോടെയാണെങ്കിലും, എത്തിച്ചേർന്നിരിക്കുന്നു. കോൺഗ്രസ്സിന്റെയും ലീഗിന്റെയും ഏററവും അടുത്ത ലക്ഷ്യം സ്വാതന്ത്ര്യമാണെങ്കിൽ, അടിമത്തത്തിൽനിന്നു മോചനം കിട്ടാൻ ഒത്തുതീർപ്പൊന്നും ആവശ്യമായിത്തീരാതെ തന്നെ, എല്ലാവരും യോജിച്ചു സമരം ചെയ്യും. അടിമത്തം അകററപ്പെട്ടാൽ, ഇന്ത്യയുടെ സ്വഭാവത്തിന്നിണങ്ങിയ ഒരു ദേശീയ ഗവർമ്മേണ്ട് ഉണ്ടാക്കിത്തീർക്കാൻവേണ്ടി യോജിച്ചുനിൽക്കുന്നതും ആ സ്വാതന്ത്ര്യത്തെ പൂർണമായി ഉപയോഗപ്പെടുത്തുന്നതും ആവശ്യമാണെന്ന് ആ രണ്ടു സംഘടനകൾ മാത്രമല്ല എല്ലാ കക്ഷികളും മനസ്സിലാക്കും. അതിന്റെ പേരെന്തുതന്നെയായാലും എനിക്കു വിരോധമില്ല. അതെന്തായാലും ഇന്ത്യയിലെ ജനതതികൾക്ക് അതു തികച്ചും പ്രതിനിധീഭവിക്കണം—അതു സ്ഥിരമായി നിലനിൽക്കണമെന്നുണ്ടെങ്കിൽ ജനകീയേച്ഛ എന്ന വിശാലമായ അടിസ്ഥാനം അതിനുണ്ടാകണമെങ്കിൽ, അതു് അഹിംസാത്മകമായിരിക്കണം. എങ്ങനെയായാലും എന്റെ അവസാനശ്വാസംവരെ, അതിനു

5. Harijan, 21-6-1942 Communal Unity. pp. 338—339)

വേണ്ടി ഞാൻ പ്രയത്നിക്കുന്നതു കാണാം. എന്തുകൊണ്ടെന്നാൽ, അഹിംസയില്ലെങ്കിൽ മനുഷ്യജാതിക്കു യാതൊരാശാമാർഗ്ഗവും ഞാൻ കാണുന്നില്ല. ഹിംസയുടെ പാപ്പരത്തം നാം ദിവസേന കണ്ടുകൊണ്ടിരിക്കുകയാണ്. അർത്ഥശൂന്യമായ ഭയങ്കരമായ ഈ പരസ്പരസംഹാരം തുടരുകയാണെങ്കിൽ മനുഷ്യജാതിക്ക് ആശിക്കാനൊന്നുമില്ല.

6

നിങ്ങൾ ഇവിടെ കാണുന്ന സാമുദായിക വൈരങ്ങൾക്കു കാരണം; എന്റെ അഭിപ്രായത്തിൽ, ബ്റിട്ടീഷുകാരുടെ സാന്നിദ്ധ്യമാണ്. ബ്റിട്ടീഷുകാർ ഇവിടെയുണ്ടായിരുന്നില്ലെങ്കിലും നാം ആ അഗ്നിയിൽക്കൂടി കടന്നുപോകുമായിരുന്നുവെന്നതിനു സംശയമില്ല; പക്ഷേ, ആ അഗ്നി നമ്മെ വിശുദ്ധരാക്കും.

7

ഇന്നു ബ്രിട്ടീഷുകാരുടെ സാന്നിദ്ധ്യത്തിൽ രക്തത്തിന്റേയും തീവെപ്പിന്റേയും ഇവയേക്കാൾ മോശമായ പലതിന്റേയും വിളയാട്ടംകൊണ്ടു നാം ധർമഭ്രഷ്ടരായിത്തീരുകമാത്രമാണു ചെയ്യുന്നതു് അതു പിൻവലിക്കപ്പെട്ടാൽ, യോജിപ്പോടുകൂടി ചിന്തിക്കുവാനും ഇന്ത്യയെ ഒന്നാക്കി നില നിർത്തുവാനും രണ്ടോ മൂന്നോ ആയി വെട്ടിമുറിക്കാതിരിക്കുവാനുമുള്ള വിവേകം നമുക്കുണ്ടാകുമെന്നാശിക്കുക. അപ്പോഴും നാം കലഹിക്കുവാൻ ഒരുമ്പെടുകയാണെങ്കിൽ ഇന്നത്തെ പോലെ നാം ധർമഭ്രഷ്ടരായിരിക്കുകയില്ലെന്നു്എനിക്കുറപ്പുണ്ടു്. ഏതു ഹിംസയോടൊന്നിച്ചും കുറെ ധർമഭ്രംശമുണ്ടെന്നു പരക്കെ സമ്മതിക്കപ്പെട്ടതാണെങ്കിലും ഹിംസകൊണ്ടു് ലോകം ഇപ്പോൾത്തന്നെ മാരകമാംവണ്ണം രോഗാർത്തമായിരിക്കുന്നു. അങ്ങനെയുള്ള ഹിംസയിൽ ലോകത്തിനു കുടുതലായൊരു സാധനപാഠം സ്വതന്ത്രഭാരതം നൽകയില്ലെന്നു ഞാൻ ആശയ്ക്കെതിരായും ആശിക്കുന്നു;

8

ഇന്നു വൈകുന്നേരം പതിവിലും വലിയൊരു സദസ്സുണ്ടായിരുന്നു. വിശുദ്ധ ഖുറാനിൽനിന്നുള്ള സൂക്തങ്ങൾ ചൊല്ലി പ്രാർത്ഥന നടത്തുന്നതിൽ ആക്കെങ്കിലും വിരോധമുണ്ടോ എന്നു ഗാന്ധിജി ചോദിച്ചു. പ്രതിഷേധസൂചകമായി രണ്ടുപേർ കൈപൊക്കി. ബാക്കിയുള്ളവർക്കു കലശലായ നിരാശതയുണ്ടാകുമെന്നു തനിക്കറിയാമെങ്കിലും ആ രണ്ടുപേരുടെ വിരോധത്തെ താൻ മാനിക്കുമെന്നു ഗാന്ധിജി പറഞ്ഞു. അഹിംസയിൽ ഉറച്ച വിശ്വാസമുള്ള ഒരാളെന്നു

---

6. Harijan, 18-5-1947 (Communal Unity p.616
7. Harijan, 8-6-1947 (Communal Unity, p. 634)
8. Harijan, 5-10-1947 ((Communal Unity, pp. 794-795)

digitized by www .sreyas.in

നിലയിൽ തനിക്കു മറിച്ചുചെയ്യാൻ നിവൃത്തിയില്ലെങ്കിലും ബഹുഭൂരിപക്ഷത്തിന്റെ അഭിലാഷങ്ങളെ അവരിങ്ങനെ ധിക്കരിക്കുന്നതു് ഉചിതമല്ലെന്നു പറയാതിരിപ്പാൻ നിർവാഹമില്ലെന്നു് എതിരാളികാരോടു് അദ്ദേഹം പറഞ്ഞു. ഈ എതിർപ്പുകാരെ അകപ്പെടുത്തിയിരിക്കുന്ന അസഹിഷ്ണുത ഇന്നു രാജ്യത്തിൽ നീളെ കാണുന്ന പന്തികേടിന്റെ ചിഹ്നമാണെന്നും ഇതാണു മി. വിൻസ്റ്റൻ ചർച്ചിലിന്റെ ത്രലോം കടുത്ത അഭിപ്രായപ്രകടനങ്ങൾക്കു കാരണമെന്നും ഇനി പറയാൻ പോകുന്ന വാക്കുകളിൽനിന്നു് അവർക്കു മനസ്സിലാകും. റോയിട്ടർ അയച്ചതും അന്നു രാവിലെപത്രങ്ങളിൽ കണ്ടതുമായ താഴെ ചേർക്കുന്ന പ്രസംഗച്ചുരുക്കം ;പിന്നീടു് അദ്ദേഹം ഹിന്ദുസ്ഥാനിയിൽ തർജമ ചെയ്തു.

'ഇന്ത്യയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭയങ്കരങ്ങളായ കൂട്ടക്കൊലകൾ തനിക്കു് ആശ്ചര്യകരമല്ലെന്നു് ഇന്നുരാത്രി ഒരു പ്രസംഗത്തിൽ മി. ചർച്ചിൽ അഭിപ്രായപ്പെട്ടു.

'പരമോന്നതമായ സംസ്കാരത്തിനുള്ള കഴിവുകൾകൊണ്ടു് അനുഗൃഹീതരും,ബ്രിട്ടീഷുരാജാവിന്റേയും പാർലമെന്റിന്റെയും വിശാലമനസ്കവും സഹിഷ്ണുതാപൂർണവും നിഷ്പക്ഷവുമായ ഭരണത്തിൻ കീഴിൽ വളരെ തലമുറക്കാലമായി ഒരുവിധം സമാധാനത്തോടുകൂടി ഒന്നിച്ചു കഴിഞ്ഞുകൂടിയിരുന്നവരുമായ വർഗങ്ങൾ നരഭുക്കുകളുടെക്രൂരതയോടുകൂടിപരസ്പരം നടത്തുന്ന കശാപ്പുപണികളുടേയും ഭീകരകൃത്യങ്ങളുടേയും ആരംഭദശയിൽ മാത്രമാണു നാം ഇപ്പോൾ എത്തിട്ടുള്ളതു് എന്നുപറയേണ്ടതില്ലല്ലോ', അദ്ദേഹം പറഞ്ഞു.

'കഴിഞ്ഞ 60—70 കൊല്ലത്തോളം ലോകത്തിലെ ഏററവും ശാന്തമായ ഒരു ഭാഗമായിരുന്നേടത്തു ജനസംഖ്യ വമ്പിച്ചനിലയിൽ കുറയുന്നതു ഭാവിയിൽ കാണാമെന്നും അതോടൊന്നിച്ചു് ഈ വിപുലപ്രദേശങ്ങളിൽ പരിഷ്കാരത്തിനു് ഒരു പശ്ചാൽഗതി സംഭവിക്കുമെന്നും അതു് ഏഷ്യ എന്നു കണ്ടതിലുംവച്ചു് ഏററവും ഖേദകരമായ വിപത്തായിത്തീരുമെന്നും ഉള്ളതിൽ എനിക്കു യാതൊരു സംശയവുമില്ല.'

മി. ചർച്ചിൽ ഏതൊരു രാഷ്ട്രത്തിന്റെ മഹാനായ സേവകനാണോ അതിനോടു് അദ്ദേഹം അപകാരമാണു ചെയ്തതെന്നു ഗാന്ധിജി പറഞ്ഞു. ഇന്ത്യ ബ്രിട്ടീഷ് 'നുക'ത്തിൽനിന്നു സ്വതന്ത്രയായശേഷം സംഭവിക്കുന്ന യോഗം ഇതാണെന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നെങ്കിൽ അതിന്റെ തെററു് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'പരമോന്നത സംസ്കാരത്തിനുള്ള കഴിവുകൾകൊണ്ടു അനുഗൃഹീതരായ വർഗങ്ങളുടേതല്ലെന്നും സാമ്രാജ്യനിർമാതാക്കളുടേതാണെന്നും ആലോചിക്കാൻ ഇത്തിരിനേരമെങ്കിലും അദ്ദേഹം നില്ക്കുകയുണ്ടായോ? പരക്കെ അടിച്ചു തൂത്തുകൊണ്ടുള്ള ഈ അഭിപ്രായ

digitized by www .sreyas.in

പ്രകടനത്തിൽ മി. ചർച്ചിലിനു് അവിവേകം പിണഞ്ഞുപോയെന്നു ഗാന്ധിജി പറഞ്ഞു. ഇന്ത്യ അനേകം കോടി ജനങ്ങൾ നിറഞ്ഞ ഒന്നാണു്. ഇവരിൽ കുറച്ചുലക്ഷംപേർ കാടന്മാരായിത്തീർന്നെങ്കിൽ അതു സാരമില്ല. പൂർവധാരണകളുള്ള ഒരു പക്ഷപാതിയെന്ന നിലയല്ലാതെ അഭിമാനം കക്ഷിയേക്കാൾ വിലപ്പെട്ടതായി കരുതുന്ന ബ്രിട്ടന്റെ നേട്ടങ്ങൾ നിഷ്ഫലങ്ങളാക്കാൻ വെമ്പുന്ന നിഷ്കപടനും നിഷ്പക്ഷനുമായ ഇംഗ്ളീഷ്കാരനെന്ന നിലയിൽ ഇന്ത്യയിൽ വന്നു കാര്യങ്ങൾനേരിട്ടുപഠിക്കുവാൻ അദ്ദേഹം സധൈര്യം മി. ചർച്ചിലിനെ ക്ഷണിച്ചു. ഇന്ത്യയെ വെട്ടിമുറിച്ചു പരസ്പരം കലഹിക്കാൻ രണ്ടു കക്ഷികൾക്കും നൽകിയ അബോധപൂർവമായ ഒരു ക്ഷണമായിരുന്നു. ഡൊമിനിയനുകളെന്ന നിലയിൽ രണ്ടു ഭാഗങ്ങൾക്കും നൽകിയ സ്വാതന്ത്ര്യം ആ ദാനത്തെ മലിനമാക്കിയതായി തോന്നുന്നു. ബ്രിട്ടീഷ്‌രാഷ്ട്രങ്ങളുടേതായ കുടുംബത്തിൽനിന്നു വിട്ടുനിൽക്കാൻ രണ്ടു ഡൊമിനിയനും സ്വാതന്ത്ര്യമുണ്ടെന്നു പറയുന്നതുകൊണ്ടു പ്രയോജനമില്ല. പറയുന്നതുപോലെ എളുപ്പമല്ല അതു ചെയ്യൽ. ഈ വാദം ഇനിയും അദ്ദേഹം തുടരുന്നില്ല. മി. ചർച്ചിൽ കൂടുതൽ കരുതലോടുകൂടി സംസാരിക്കണമെന്നു കാണിപ്പാൻ വേണ്ടത്രേ അദ്ദേഹം പറഞ്ഞുകഴിഞ്ഞു. സ്ഥിതികൾ നേരിട്ടു മനസ്സിലാക്കുന്നതിനുമുമ്പു് അദ്ദേഹം കക്ഷികളെ കുററപ്പെടുത്തിയിരിക്കുന്നു. തന്റെപ്രസംഗം ശ്രദ്ധിച്ച സദസ്സിനോടു് അദ്ദേഹം പറഞ്ഞു, ശ്രോതാക്കളിൽ പലരും മി. ചർച്ചിലിനെ ആക്ഷേപിക്കാൻ ഹേതുവുണ്ടാക്കിക്കൊടുത്തവരാണെന്നു്. സ്വന്തം സമ്പ്രദായങ്ങൾ മാററി മി. ചർച്ചിലിന്റെ അശുഭപ്രതീക്ഷകൾ നിഷ്ഫലങ്ങളാക്കാൻ ഇനിയും സമയമില്ലായ്കയില്ല. തന്റെ വാക്കു വനരോദനമാണെന്നു് അദ്ദേഹത്തിനറിയാം. അതങ്ങനെയല്ലായിരുന്നെങ്കിൽ സ്വാതന്ത്ര്യചർച്ചകൾ ആരംഭിക്കുന്നതിനു മുമ്പുണ്ടായിരുന്ന ശക്തി പിന്നേയുമതിന്നുണ്ടായിരുന്നെങ്കിൽ മി. ചർച്ചിൽ ഇത്രരസത്തോടുകൂടിയും പെരുപ്പിച്ചും വർണിച്ചകാട്ടാളത്തമൊന്നും ഉണ്ടാകുമായിതന്നില്ലെന്നും സാമ്പത്തികവും മററുമായ 'കുടുംബക്ലേശങ്ങൾ' പരിഹരിക്കുന്നതിൽ അവർ പുരോഗമിക്കുമായിരുന്നെന്നും അദ്ദേഹത്തിന്നറിയാം.

## സി. പത്രങ്ങളുടെ പങ്കു്

### 9

ഇരുഭാഗത്തേയും തത്വദീക്ഷയില്ലാത്ത പത്രങ്ങൾ സാധുക്കളായ ഹിന്ദുക്കളുടേയും സാധുക്കളായ മുസൽമാന്മാരുടേയും മനസ്സിൽ വിഷം ചെലുത്തിക്കൊണ്ടിരിക്കയാണോ എന്നു് എനിക്കറിഞ്ഞുകൂടാ.

9. Young India, I8-9-1924 (Commuual Unity, p. 84)

digitized by www.sreyas.in

സ്വകാര്യസംഭാഷണങ്ങൾ മുഖേനയാണോ കൂടുതൽ വിഷം ചെലു ത്തുന്നതെന്നും സംഭവങ്ങളെക്കുറിച്ച് അവയെ തിരിച്ചറിയാൻ കഴി യാതെ വരുമാറ് അതിശയോക്തി പ്രയോഗിക്കുന്നുണ്ടോ എന്നും എ നിക്കറിഞ്ഞുകൂടാ. അന്ധകാരവും ശങ്കയും നിരാശതയും നിറഞ്ഞ ഈ സമുദ്രത്തിന്നടിയിലെത്താൻ ഞാൻ എന്നെക്കൊണ്ടു കഴിയുന്ന തെല്ലാം ചെയ്യാതിരിക്കുകയില്ല. ആരോഗ്യകരമായ എല്ലാ പൊ തുപ്രവർത്തനത്തേയും തകർത്തേക്കാവുന്ന ഈ സംഘർഷത്തിന്റെ ശരി യായ പരിഹാരത്തിന്ന് ആദ്യം ഒഴിച്ചുകൂടാത്തത് ഇന്നേവരെയുണ്ടാ യ സംഭവങ്ങളുടെ സത്യസന്ധമായ ഒരു വിവരണമാണ്.

## 10

തന്നിമിത്തം സ്വാമി ശ്രദ്ധാനന്ദജിയുടെ സ്മരണ നിങ്ങൾ പ്രിയപ്പെട്ടതായി കരുതുന്നുണ്ടെങ്കിൽ അന്തരീക്ഷത്തിൽനിന്നു വി ദ്വേഷവും പരദൂഷണവും അകററാൻ നിങ്ങൾ സഹായിക്കണമെന്നു വിദ്വേഷവും അവാസ്തവങ്ങളും പ്രചരിപ്പിക്കുന്ന പത്രങ്ങളെ നി ങ്ങൾ ബഹിഷ്ക്കരിക്കണമെന്നു് ഞാൻ നിങ്ങളോട് അഭ്യർത്ഥി ക്കുന്നു. പത്രങ്ങളിൽ 90 ശതമാനവും ഇന്നു നിന്നുപോയാൽ ഇന്ത്യ ക്കു ഒരു ചേതവും വരാനില്ലെന്നു് എനിക്കുറപ്പുണ്ട്. പല മുസ്ളീം പത്രങ്ങളും ഇന്നു നിലനിൽക്കുന്നതു ഹിന്ദുക്കളോടു കാട്ടുന്ന വിദ്വേ ഷംകൊണ്ടാണ്, പല ഹിന്ദുപത്രങ്ങളും ഇന്നു നിലനിൽക്കുന്നതു് മുസ്ളീങ്ങളുടെനേരേ കാട്ടുന്ന വിദ്വേഷംകൊണ്ടും.

## 11

വർത്തമാനപത്രക്കാരൻ ഒരു സഞ്ചരിക്കുന്ന പ്ലേഗായിത്തീർന്നി രിക്കുന്നു. നുണയും പരദൂഷണവുമാകുന്ന വ്യാധി അവൻ പരത്തുന്നു. തന്റെ ഭാഷയിലെ മലിനശബ്ദങ്ങൾ മുഴവനെടുത്തുപയോഗിച്ച് ആ വിഷം എന്തും വിശ്വസിക്കുന്ന മിക്കപ്പോഴും എന്തും സ്വീകരി ക്കാൻ ഒരുങ്ങിനിൽക്കുന്ന വായനക്കാരുടെ മനസ്സിൽ ചെലുത്തുന്നു. 'സ്വന്തം ഭാഷയുടെ പൗരുഷ്കല്യംകൊണ്ടു മതിമറന്ന നേതാക്കന്മാർ അവരുടെ നാവിന്നോ തൂലികയ്ക്കോ കടിഞ്ഞാണിടുവാൻ പഠിച്ചി ട്ടില്ല. രഹസ്യവും കപടവുമായ പ്രചാരവേല നിരങ്കുശമായും നിർ ല്ലജ്ജമായും അതിന്റെ കരാളവും ഭയാനകവുമായ പണി ചെയ്യുന്നിരി ക്കുന്നു. അതിനാൽ അബ്ദുറംഷീദിനെ പിടികൂടിയ തീവ്രജ്വര ത്തിന്ന് അഭ്യസ്തവിദ്യരും അർദ്ധാഭ്യസ്തവിദ്യരുമായ നമ്മളാണ് ഉത്ത രവാദികൾ.

---

10. Young India, 13-1-1927 (Communal Unity, p. 126)
11. Young India, 30-12-1926 (Communal Unity, p. 137)

digitized by www .sreyas.in

## 12

ചില വർത്തമാനപത്രങ്ങൾ ജനങ്ങളിൽ വിഷം ചെലുത്തുന്നതിൽ ഗാന്ധിജി ഖേദം പ്രകടിപ്പിച്ചു. ബൈബിൾ, ഖുറാൻ, ഗീത മററു മതഗ്രന്ഥങ്ങൾ ഇവയുടെയെല്ലാം സ്ഥാനം ഇന്നു വർത്തമാനപത്രങ്ങൾ കൈവശപ്പെടുത്തിയിരിക്കുന്നു. ഇതു തെററാണ്, എന്നാലും പരമാർത്ഥങ്ങളെ നേരിട്ടേ കഴിയൂ. കാര്യങ്ങൾ ഇങ്ങനെയിരിക്കേ വായനക്കാർക്കു ശരിയായ വിവരങ്ങൾമാത്രം നൽകേണ്ടതു പത്രങ്ങളുടെ കടമയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

## 13

'ഡോണി'നോടും മറെറല്ലാ വർത്തമാനപ്പത്രങ്ങളോടും അവയുടെ നിറമെന്തായാലും അദ്ദേഹം ഒരു കാര്യം നിർദേശിച്ചു; അവ എല്ലാ അതിശയോക്തിയും കൂടാതെ കഴിക്കണം. ഈ അഭിപ്രായം നടപ്പിൽ വരുത്താൻവേണ്ടി അവ ഒരു സംയുക്തബോർഡിനെ നിയമിച്ചു സാമുദായികാസ്വാസ്ഥ്യത്തെക്കുറിച്ചുള്ള എല്ലാ റിപ്പോർട്ടുകളും അതിനു സമർപ്പിക്കണം. ചുമതലപ്പെട്ട മന്ത്രിമാർക്കുപോലും അയച്ചുകൊടുക്കണം. എന്നിട്ട് ആവശ്യമാണെങ്കിൽ പ്രസിദ്ധീകരിക്കണം. പൊതുജനങ്ങളോടുള്ള തങ്ങളുടെ കടമ പത്രാധിപന്മാർ മനസ്സിലാക്കുകയും എല്ലാ സാമുദായികമനോഭാവത്തിനും ഉടൻ അറുതി വരുത്തണമെന്ന് അവർ ആഗ്രഹിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ മാത്രമേ ഈ അഭിപ്രായം സ്വീകാര്യമാകാനിടയുള്ളു. വിഭജനം ഒരുറച്ച കാര്യമായി കഴിഞ്ഞിരിക്കുകൊണ്ടു വേണ്ടത്ര ഊണും ഉടുപ്പുമില്ലാത്ത ജനകോടികൾക്കു ഭക്ഷണവും വസ്ത്രവും നൽകുകയെന്ന നിർമാണാത്മകമായ ജോലിയിൽ ഉറച്ചുനിൽക്കാൻ രാജ്യത്തെ അനുവദിക്കുന്നതിനു സമയമായിരിക്കുന്നു. ഈ വിശിഷ്ടജോലിയിൽ പത്രാധിപന്മാർക്കു ഭാരിച്ച പങ്കു വഹിക്കാനുണ്ട്. കുഴപ്പം കുത്തിപ്പൊന്തിക്കുകയെന്നതു നിന്ദ്യകർമമാണ്.

## 14

പാററ്നയിലുള്ള എൻെറ സെക്രട്ടറി, ദേവപ്രകാശ്, കമ്പിയടിക്കുന്നു: 'പഞ്ചാബിലെ സംഭവങ്ങളെക്കുറിച്ചു ജനങ്ങൾ പ്രക്ഷുബ്ധരായിത്തീർന്നിരിക്കുന്നു. പൊതുജനങ്ങളുടെയും പത്രങ്ങളുടെയും കടമയെക്കുറിച്ച് ഒരു പ്രസ്താവന ആവശ്യമാണെന്നു തോന്നുന്നു.' —ശ്രീ. ദേവപ്രകാശ് ഒരിക്കലും നിലതെററി ക്ഷോഭിക്കാറില്ല. പത്രങ്ങൾ ആലോചനയില്ലാതെ വല്ലതും പറഞ്ഞിരിക്കണം.

12. Harijan, 9–2–1947 (Communal Unity, p. 517)
13. Harijan, 27–7–1947 (Communal Unity, p. 680)
14. Harijan, 14-9-1947 Communal Unity, pp. 740–741)

digitized by www .sreyas.in

അങ്ങനെയാണെങ്കിൽ നാം ഒരു വെടിമരുന്നറയുടെ മുകളിലിരിക്കുന്ന ഈ സന്ദർഭത്തിൽ പത്രങ്ങൾ അസാമാന്യ വിവേകവും മൗനവും പാലിക്കേണ്ടതാണ്. ക്ഷുസലില്ലായ്മ; കത്തില്ല തീപ്പെട്ടിക്കൊള്ളിയായിത്തീരും. ഓരോ പത്രാധിപരും റിപ്പോർട്ടരും അയാളുടെ കടമ പൂർണ്ണമായി മനസ്സിലാക്കുമെന്നു ഞാൻ ആശിക്കുന്നു.

15

വർത്തമാനപത്രങ്ങൾ വമ്പിച്ച ഒരു സ്വാധീനശക്തിയാണ്. വ്യാജറിപ്പോർട്ടുകളോ, ജനങ്ങളെ ക്ഷോഭിപ്പിക്കുവാൻതക്ക റിപ്പോർട്ടുകളോ പ്രസിദ്ധീകരിക്കാതിരിക്കേണ്ടതു പത്രാധിപന്മാരുടെ ചുമതലയാണ്. റിവാറിയിലെ ഹിന്ദുക്കളെ മിയോമാർ ആക്രമിച്ചുവെന്ന വാർത്ത ഒരു പത്രത്തിൽ ചേർത്തിരുന്നതിനെപ്പററി അദ്ദേഹം പറഞ്ഞു. ഇതു വായിച്ചപ്പോൾ ഗാന്ധിജി അസ്വസ്ഥനായി. പക്ഷേ, പിറേറന്ന് ഈ വാർത്ത കളവാണെന്നു പത്രത്തിൽ വായിച്ചപ്പോൾ അദ്ദേഹം സന്തോഷിച്ചു. ഇതു പല ഉദാഹരണങ്ങളിൽ ഒന്നാണ്. പുറത്തുവിടുന്ന വാർത്തകളെക്കുറിച്ചും അതു പുറത്തുവിടുന്ന രീതിയെക്കുറിച്ചും പത്രാധിപന്മാരും അവരുടെ സഹായികളും അത്യന്തം ശ്രദ്ധയുള്ളവരായിരിക്കണം. സ്വാതന്ത്ര്യമുള്ള കാലത്തു പത്രങ്ങളെ നിയന്ത്രിക്കുക ഗവർമ്മെണ്ടുകൾക്കു മിക്കവാറും അസാദ്ധ്യമാണ്. പത്രങ്ങളിന്മേൽ സശ്രദ്ധം കണ്ണുവയ്ക്കേണ്ടതും അവയെ നേർവഴിയിൽ നിർത്തേണ്ടതും പൊതുജനങ്ങളുടെ കടമയാണ്. പ്രക്ഷോഭജനകങ്ങളോ മാന്യേതരങ്ങളോ ആയ പത്രങ്ങളെ പ്രബുദ്ധമായ ഒരു ജനത സഹായിക്കുകയില്ല.

## ഡി സമുദായങ്ങൾ തമ്മിലുള്ള അവിശ്വാസം

16

വളരെ, വളരെയേറെ അവിശ്വാസം പരസ്പരമുണ്ടെന്ന് എനിക്കറിയാം. മുസ്ലീങ്ങളുടെ ആർജ്ജവത്തെ വളരെ ഹിന്ദുക്കൾ വിശ്വസിക്കുന്നില്ല. അവർ വിശ്വസിക്കുന്നു, സ്വരാജ്യമെന്നുവച്ചാൽ മുസൽമാൻ ഭരണമെന്നാണർത്ഥമെന്ന്; എന്തുകൊണ്ടെന്നാൽ, ബ്രിട്ടീഷ്കാർ പോയാൽ ഇന്ത്യയിൽ ഒരു മുസ്ലീംസാമ്രാജ്യം കെട്ടിപ്പടുക്കുവാൻ ഇന്ത്യയിലെ മുസ്ളീങ്ങൾ ഒരു മുസൽമാൻ ശക്തിയെ സഹായിക്കുമെന്ന് അവർ വാദിക്കുന്നു. നേരേമറിച്ച് മുസൽമാന്മാർ ഭയപ്പെടുന്നു. ഹിന്ദുക്കൾ ബഹുഭൂരിപക്ഷമാകകൊണ്ടു, അവർ തങ്ങളെ അടക്കിവയ്ക്കുമെന്ന്. ഇത്തരമൊരു മനോഭാവം രണ്ടുഭാഗത്തിന്റെയും അശക്തിയെയാണ് സൂചിപ്പിക്കുന്നതു്. അവരുടെ കലീനതയല്ലെങ്കിൽ സൈ്വരമായി ജീവിക്കാനുള്ള അവരുടെ

15. Harijan, 19-10—1947 Communal Unity, p. 808)
16. Young India, 11–5–1921 (Communal Unity, p. 5)

digitized by www .sreyas.in

ആഗ്രഹമെങ്കിലും പരസ്പരം വിശ്വസിക്കുന്നതും പരസ്പരം പൊറുക്കുന്നതുമായ ഒരു നയം സ്വീകരിക്കാൻ അവരെ നിർബന്ധിക്കും. രണ്ടു കൂട്ടരേയും പരസ്പരം അകററിനിറുത്തുന്നതായി രണ്ടു മതത്തിലും ഒന്നുംതന്നെയില്ല. ബലംപ്രയോഗിച്ച് മതം മാററുന്ന കാലം പോയി. പശുവിനെ ഒഴിച്ചാൽ പിന്നെ, ഹിന്ദുക്കൾക്കു മുസൽമാന്മാരുമായി കലഹിക്കാൻ കാരണമൊന്നുമില്ല. പശുവിനെ കൊല്ലാൻ മതപരമായ യാതൊരു സാധ്യതയും മുസൽമാന്മാർക്കില്ല. യോജിക്കുവാനും ഭിന്നതകൾ തീർക്കുവാനും ഒരേ പുണ്യഭൂമിയുടെ സന്താനങ്ങളെന്ന നിലയിൽ സുഹൃത്തുക്കളായി ജീവിക്കാനും നാം ഇതിനുമുമ്പ് ശ്രമിച്ചിട്ടില്ലെന്നതാണ് പരമാർത്ഥം. ഒരു ജീവിതകാലത്തു ലഭിക്കുന്ന ഒരവസരം നമുക്കിപ്പോൾ കൈവന്നിരിക്കുന്നു. ഖിലാഫത്ത് പ്രശ്നം ഇനി ഒരു നൂററാണ്ടുകാലത്തേക്കു ഉണ്ടാവുകയില്ല. മുസൽമാന്മാരുമായി ശാശ്വത സൗഹാർദ്ദം വളർത്തണമെന്ന ആഗ്രഹം ഹിന്ദുക്കൾക്കുണ്ടെങ്കിൽ, ഇസ്ലാമിന്റെ മാനം രക്ഷിക്കാൻ അവർ മുസ്ലീങ്ങളൊന്നിച്ചു മരിക്കണം.

## 17

'മോഡേൺ റിവ്യൂ'വിന്റെ ഈ മാസത്തെ ലക്കത്തിലെ പത്രാധിപക്കുറിപ്പുകളിൽ ഹിന്ദുമുസ്ലീം മൈത്രിയെക്കുറിച്ച് ശ്രദ്ധേയങ്ങളായ ചില അഭിപ്രായങ്ങളുണ്ട്. പ്രഗൽഭനായ പത്രാധിപർ അതിന് 'സമരജാലവിദ്യ' എന്നാണ് തലക്കുറിപ്പെഴുതിട്ടുള്ളതു്. മൈത്രി യഥാർത്ഥമല്ലെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേരുകയും ചെയ്തിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ അതൊരു 'സമരജാല'മല്ലെന്നു മാത്രമല്ല, സ്ഥിര യാഥാർത്ഥ്യമായിത്തീരാൻ വെമ്പുന്ന ഒന്നുകൂടിയാണ്. ഇന്നും താലോലിച്ചു വളർത്തേണ്ട ഒരിളംതൈയാണതെന്നു ഈ ഏടുകളിൽ ഞാൻ സമ്മതിച്ചിട്ടുണ്ട്. പൊതുവായ അപകടമുണ്ടെന്ന പരമാർത്ഥം രണ്ടു സമുദായങ്ങളും ധരിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ടു മാത്രമെങ്കിലും, അതു തീർച്ചയായും ഒരു നാട്യമോ കാട്ടിക്കൂട്ടലോ അല്ല.

സാമുദായികമായ അഥവാ വിഭാഗീകമായ മനോഭാവം ഇന്നും മുഴച്ചുനിൽക്കുന്നുണ്ടെന്നതു് ദൗർഭാഗ്യകരമാണ്. പരസ്പരവിശ്വാസം ഇപ്പോഴുമുണ്ട്. പഴയ ഓർമ്മകൾ ഇന്നും സജീവമായി നിൽക്കുന്നു. തിരഞ്ഞെടുപ്പുകളിൽ യോഗ്യതയെക്കുറിച്ചല്ല, മതത്തെക്കുറിച്ചാണ്, ഇന്നും ആലോചനയെന്നുള്ളതും നേരുതന്നെ. പക്ഷേ, ഈ വസ്തുതകൾ കാണുകയെന്നുവച്ചാൽ, യോജിപ്പിനുള്ള പ്രയാസം കാണുകയെന്നാണർത്ഥം. എന്നാൽ രണ്ടുകക്ഷികളും ഇവ മനസ്സിലാക്കുകയും ഇവ വകവയ്ക്കാതെ ഐക്യത്തിനു് ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ആ പരിശ്രമത്തെ അപരിമിതമായ നേട്ടത്തെ സമരോപായം എന്നു വിളിക്കുന്നതു് നീതിയല്ല.

17. Young India, 20–10-1921 (Communal Unity, pp. 25-26)

digitized by www .sreyas.in

ഗോവധത്തിനെതിരായി ഖിലാഫത്ത്സംഘങ്ങൾ ചെയ്ത അഭ്യർത്ഥനകൾ മുസൽമാന്മാർ കേട്ട ഭാവമില്ലെന്നു പറയുന്നതു ശരിയല്ല. ഒന്നാമതു്; മുസൽമാന്മാരായ ഖിലാഫത്ത് പ്രവർത്തകർ തന്നെ ഗോവധം തടയാൻ ശ്രമിക്കുന്നതു് സന്തോഷപ്രദമായ ഒരു കാഴ്ചയല്ലേ? രണ്ടാമതു്, ആ അഭ്യർത്ഥനയ്ക്കു് ഇന്ത്യയുടെ മിക്കവാറും എല്ലാ ഭാഗങ്ങളിലും ആശ്ചര്യകരമായ ഫലമുണ്ടായിട്ടുണ്ടെന്നു ആ പത്രാധിപർക്കു് ഞാൻ ഉറപ്പു നല്കിക്കൊള്ളുന്നു. ഗോരക്ഷയുടെ ഭാരം മുഴുവൻ മുസൽമാൻപ്രവർത്തകർ ഏറ്റെടുത്തിട്ടുള്ളതു് ഒരു ചെറിയ കാര്യമാണോ? ബോംബെയിലെ മെ. ഛോട്ടാനിയും ഖത്രിയുംകൂടി നൂറുകണക്കിൽ പശുക്കളെ സ്വമതക്കാരിൽനിന്നു രക്ഷിച്ചു കൃതജ്ഞരായ ഹിന്ദുക്കൾക്കു് ഏല്പിച്ചുകൊടുത്തതു് ഹിന്ദുക്കൾക്കു ഹൃദയാവർജകമായ ഒരു കാഴ്ചയായിരുന്നില്ലേ?

മൗലാനാ മൊഹമ്മദാലിയും ഞാനും 'ഓരോരുത്തരുടെയും വിളയിൽ പരസ്പരം കാൽ കുത്താതിരിക്കുവാൻ' മനസ്സിരുത്തുന്നുണ്ടെന്നതു നേരാണു്. എങ്കിലും തുറന്നു കാര്യം പറയുന്നതിൽ ആക്ഷം ഞങ്ങളെ തോല്പിക്കാനാവില്ല. ആ ലേഖകൻ ക്രൂരമായി അഭിപ്രായപ്പെടുന്നതുപോലെ മൈത്രി 'കാർഡുകൾകൊണ്ടുണ്ടാക്കിയ ഒരു വീടല്ല'. അതത്രയ്ക്കു കട്ടിയുള്ള ഒന്നാകകൊണ്ടു്, അതിനെ രക്ഷിക്കാൻവേണ്ടി ഞങ്ങൾ ജീവൻകളയും. ഞങ്ങളുടെ ഈ സഞ്ചാരകാലത്തൊരിക്കലും ഞങ്ങൾ തമ്മിൽ അസുഖമോ, മനസ്സിൽ എന്തെങ്കിലും കലവറയോ ഉണ്ടായിരുന്നില്ലെന്നു വായനക്കാരെ ഞാൻ അറിയിച്ചുകൊള്ളട്ടെ. ഏററവും നിർദയമായ പ്രഹരം താഴെച്ചേർത്ത വാക്യത്തിലാണു്: 'അവരുടെ പ്രസംഗങ്ങൾ സൂക്ഷിച്ചു വായിച്ചാൽ ഒരാൾക്കു വിദൂരസ്ഥമായ തുർക്കിയിലെ ഖിലാഫത്തിന്റെ ദുരവസ്ഥയാണു് മുഖ്യകാര്യമെന്നും മററെയാൾക്കാകട്ടെ ഇവിടെ ഇന്ത്യയുടെ സ്വരാജ്യപ്രാപ്തിയാണു് പ്രഥമലക്ഷ്യമെന്നും കാണാൻ പ്രയാസമില്ല.' ഞങ്ങൾക്കു രണ്ടുപേർക്കും ഖിലാഫത്തു് മുഖ്യകാരണമാണെന്നു ഞാൻ അവകാശപ്പെടുന്നു; മൗലാനാ മൊഹമ്മാലിക്കു് അതു തന്റെ മതമാകകൊണ്ടു്, എനിക്കാകട്ടെ ഖിലാഫത്തിനുവേണ്ടി എന്റെ ജീവൻ ഉഴിഞ്ഞുവയ്ക്കുന്നതിനാൽ മുസൽമാന്റെ കത്തിയിൽനിന്നു് എന്റെ പശുവിന്റെ, എന്റെ മതത്തിന്റെ, രക്ഷ ഞാൻ ഉറപ്പിക്കുന്നുവെന്നതുകൊണ്ടും. രണ്ടുപേരും സ്വരാജു് പ്രിയപ്പെട്ടതായി കരുതുന്നു. കാരണം അതുകൊണ്ടുമാത്രമേ ഞങ്ങളുടെ രണ്ടുപേരുടെയും മതങ്ങളെ രക്ഷിക്കാൻ കഴിയൂ. ഇതൊരു താണ ആദർശമാണെന്നു തോന്നിയേക്കാം. എങ്കിലും അതിൽ ഒളിച്ചുവയ്ക്കലൊന്നുമില്ല. എന്നെ സംബന്ധിച്ചിടത്തോളം ഇന്ത്യയുടെ ശക്തികൊണ്ടു നേടുന്ന ഖിലാഫത്ത് വിജയം സ്വരാജ്യപ്രാപ്തിയാണു്. മതത്തിന്റെയെന്നപോലെ ഞങ്ങളുടെ സൗഹാർദത്തിന്റെയും അടിസ്ഥാനം സ്നേഹമാണു്. ഞാൻ മുസൽമാന്റെ സൗഹാർദം

digitized by www .sreyas.in

നേടാൻ ശ്രമിക്കുന്നതു് സ്നേഹത്തിൻെറ അധികാരംകൊണ്ടാണു്. രണ്ടു സമുദായങ്ങളിൽ ഒന്നിൻെറ ഭാഗത്തെങ്കിലും സ്നേഹമുണ്ടെങ്കിൽ ഐകമത്യം നമ്മുടെ ദേശീയജീവിതത്തിൽ ഉറച്ച യാഥാർത്ഥ്യമായിത്തീരും. ഭൂരിപക്ഷം ബങ്കാളിമുസൽമാന്മാർക്കു മനസ്സിലാകാത്ത ഭംഗിയുള്ള ഉർദുഭാഷയിലാണു് മൗലാനാ മൊഹമ്മദാലി സംസാരിക്കുന്നതെന്നു സൂചിപ്പിക്കുന്നതു് അദ്ദേഹത്തോടു ചെയ്യുന്ന അനീതിയാണു്. തൻെറ ഉർദുപ്രസംഗം ആവുന്നത്ര സരളമാക്കാൻ അദ്ദേഹം ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നു് എനിക്കറിയാം.

18

രണ്ടു സമുദായങ്ങളും വെറുപ്പോടും ശത്രുതയോടുംകൂടി പരസ്പരം വീക്ഷിക്കുന്നതുകൊണ്ടാണു് (സ്വാമി ശ്രദ്ധാനന്ദജിയുടെ) വധം സാദ്ധ്യമായിത്തീർന്നതു്. ലാലാജിയും മാളവ്യജിയും—അവരുടെ അഭിപ്രായത്തിൽ സ്വാമിജിയും അങ്ങനെയായിരുന്നു—ഇസ്ലാമിൻെറ പരമശത്രുക്കളാണെന്നു വളരെ മുസൽമാന്മാർ വിശ്വസിക്കുന്നു. ഇതുപോലെ വളരെ ഹിന്ദുക്കൾ സർ അബ്ദർറഹിമിനെയും മററു മുസൽമാന്മാരെയും ഹിന്ദുമതത്തിൻെറ ശത്രുക്കളായി കരുതുന്നു. എൻെറ അഭിപ്രായത്തിൽ രണ്ടും തീരെ തെററാണു്. സ്വാമിജി ഇസ്ലാമിൻെറ ശത്രുവായിരുന്നില്ല. ലാലാജിയും മാളവ്യജിയും ശത്രുക്കളല്ല. ലാലാജിക്കും മാളവ്യജിക്കും അവരുടെ അഭിപ്രായങ്ങൾ തുറന്നു പറയാൻ അവകാശമുണ്ടു്; അവരോടു നാം യോജിക്കുന്നില്ലെങ്കിലും, അവരുടെ നേരെ വിദ്വേഷവികാരങ്ങൾ ആരും ഇളക്കിവിടരുതു്. എങ്കിലും നാം ഇന്നു കാണുന്നതെന്താണു്? ഈ ദേശാഭിമാനികൾക്കെതിരെ മലിനഭാഷ ഉപയോഗിക്കാത്ത മുസ്ലീംപത്രങ്ങൾ ഇന്നു ധികമില്ല. ഞാൻ സവിനയം ചോദിക്കട്ടെ, അവർ ചെയ്ത തെററെന്താണു്? അവരുടെ പ്രവർത്തനരീതിയോടു ഞാൻ യോജിക്കുന്നില്ലായിരിക്കാം. എങ്കിലും ഭാരതഭൂഷണം എന്ന പേർ മാളവ്യജിക്കു നേടിക്കൊടുത്തതു് അദ്ദേഹത്തിൻെറ മഹത്തായ സേവനമാണു് എന്നെനിക്കു് ഉറപ്പുണ്ടു്. ലാലാജിക്കും സേവനത്തിൻെറതായ മഹത്തായ ഒരു ചരിത്രമുണ്ടു്. ഇനി മുസൽമാൻ നേതാക്കന്മാരെ നോക്കുക. ഹിന്ദുക്കൾ എല്ലാംകൊണ്ടും മുസൽമാന്മാരെക്കാൾ പുരോഗമിച്ചവരാണെന്നും, അവർ പണക്കാരാണു് പഠിപ്പുള്ളവരാണു് എന്നും, മുസൽമാന്മാർ ദരിദ്രരും പഠിപ്പില്ലാത്തവരുമാണെന്നും സർ അബ്ദർറഹിം വിചാരിക്കുന്നുണ്ടാവാം. ഉദ്യോഗങ്ങളിൽ തൻെറ സമുദായത്തോടു കൂടുതൽ ആനുകൂല്യം കാണിക്കണമെന്നു് അദ്ദേഹം വിചാരിക്കുന്നു. അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ശരിയല്ലെന്നു നമുക്കു തോന്നാം, പറയാം. പക്ഷേ, സ്വന്തം അഭിപ്രായം പറഞ്ഞ

18. Young India, 13–1–1927 (Communal Unity, pp. 125–126)

digitized by www .sreyas.in

തിനു നാം അദ്ദേഹത്തെ ശകാരിക്കുന്നതെന്തിന്? ഗാന്ധിയോടു തനിക്കു ബഹുമാനമുണ്ടെങ്കിലും ഖുറാനിൽ വിശ്വസിക്കുന്ന ഒരു മുസ്ലീമിന്റെ മതം ഗാന്ധിയുടെ മതത്തേക്കാൾ ശ്രേഷ്ഠമാണെന്ന് അദ്ദേഹം പറഞ്ഞാൽ നാം എന്തിനു കോപിക്കുന്നു? മുടങ്ങാതെ പള്ളിയിൽ പോവുകയും യേശുവിനെ സേവിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനി എത്രതന്നെ ഭക്തനായ ഹിന്ദുവിനേക്കാളും നല്ലവനാണെന്നു ചില ക്രിസ്ത്യൻപുരോഹിതന്മാർ പറയുന്നില്ലേ?

## 19

ഭൂമിയിലെ യാതൊരു ശക്തിക്കും ഹിന്ദുമുസ്ളീം കലഹം കത്തിപ്പൊന്തിക്കാൻ സാധ്യമല്ലാത്തതെന്നു സാഭിമാനം പറയാവുന്ന ഒരു സംസ്ഥാനമോ ഒരു ജില്ലയോ ഒരു സബ്ഡിവിഷനെങ്കിലുമോ ഈ വിശാലമായ രാജ്യത്തിൽ ഉണ്ടാകേണ്ടതാണെന്നു ഞാൻ ആഗ്രഹിക്കുന്നു. നാം ജീവനുള്ളവരാണെന്നു നാം കരുതുന്നുണ്ടാവാം. എങ്കിലും ഐക്യമില്ലെങ്കിൽ നാം ചത്തവരേക്കാൾ മോശമാണ്. ഹിന്ദു വിചാരിക്കുന്നു മുസ്ളീമുമായി കലഹിക്കുന്നതുകൊണ്ടു താൻ ഹിന്ദുമതത്തിനു ഗുണം ചെയ്യുകയാണെന്ന്; ഹിന്ദുക്കളോടു കലഹിക്കുന്നതുകൊണ്ടു താൻ ഇസ്ളാമിനു ഗുണം ചെയ്യുകയാണെന്നു മുസ്ളീമും വിചാരിക്കുന്നു. പക്ഷേ ഓരോരുത്തനും തന്റെ മതത്തെ നശിപ്പിക്കുകയാണ്. ഈ വിഷം ഇരു സമുദായാംഗങ്ങളിലും പരന്നിരിക്കുന്നു. അത്ഭുതമൊന്നുമില്ല. ജീവിതത്തിലെ ഒരു രംഗത്തിൽ തെറ്റു ചെയ്യുന്ന ആരാക്കു മറ്റൊരു രംഗത്തിൽ ശരിയായതു ചെയ്യാനൊക്കില്ല, ജീവിതം അവിഭാജ്യമായ ഒരൊററ സത്തയാണ്.

## 20

ഇന്നുള്ള വിദ്വേഷവും പ്രതികാരമനോഭാവവും കാണേണ്ടിവന്നതിൽ അദ്ദേഹത്തിന് (ഗാന്ധിജിക്ക്) ദുഃഖമുണ്ട്. അവർ ശാന്തരായി സ്വഹൃദയങ്ങളെ സംശുദ്ധമാക്കാതിരുന്നാൽ അവരെയെല്ലാം ദഹിപ്പിച്ചുകളയുന്ന ഒരഗ്നിയെ രാജ്യത്തിൽ ഉടനീളം അവർ കൊളുത്തിവിടുമെന്ന് അദ്ദേഹം താക്കീതുചെയ്തു. ഇന്ത്യയുടെയല്ല, മനുഷ്യന്റെതന്നെ ചരിത്രമായ മഹാഭാരതകഥ അദ്ദേഹം ഓർമപ്പെടുത്തി. രക്തബന്ധമുള്ള സഹോദരരായ പാണ്ഡവന്മാരും കൗരവന്മാരും തമ്മിൽ പൊരുതി. എന്തായിരുന്നു ഫലം? തിന്മ തീർച്ചയായും നശിപ്പിക്കപ്പെട്ടുവെങ്കിലും ജയിച്ചവരിൽ ഏഴുപേരെ ആ കഥ പറയാൻ ബാക്കിയുണ്ടായിരുന്നുള്ളൂ. ഇതാണ് ഇന്നു ഓരോ രാജ്യത്തിന്റെയും സ്ഥിതിയെന്നു ഗാന്ധിജി പറഞ്ഞു.

---

19. Young India, 27-1-1927 (Communal Unity, p. 136)
20. Harijan, 20-4-1947 (Communal Unity, p. 587)

digitized by www .sreyas.in

## 21

തന്നോട്ട ചോദിച്ച രണ്ടു ചോദ്യങ്ങൾക്ക മറുപടി പറയാൻ ഗാന്ധിജി ഒരുങ്ങി:

ഒന്നാമത്തെ ചോദ്യം ഇതായിരുന്നു: ഹിന്ദുക്കളും മുസ്ളീങ്ങളും തമ്മിലുള്ള വിരോധം ദിവസേന വർധിച്ചുവരുന്നതായിത്തോന്നുന്നതുകൊണ്ട് അവർക്ക സുഹൃത്തുക്കളായിത്തീരുക സാദ്ധ്യമാണോ?

ശത്രുത എന്നെന്നും നിലനില്ക്കാൻ നിവൃത്തിയില്ലെന്നു ഗാന്ധിജി ഉറപ്പിച്ചുപറഞ്ഞു. അവർ സഹോദരരാണ്; തല്ക്കാലം തൻേറടം നശിച്ചെങ്കിലും അവർ സഹോദരരായിത്തന്നെ തുടർന്നേ കഴിയൂ. എങ്കിലും വ്യക്തികൾ തമ്മിലെന്നപോലെ സമുദായങ്ങൾ തമ്മിലും എന്നെന്നും പകയുണ്ടായിക്കൂടെന്നില്ല, എന്നാലും അങ്ങനെ സംഭവിക്കയില്ലെന്ന് അദ്ദേഹം ആശിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങനെ സംഭവിച്ചാൽ രണ്ടു മതങ്ങളേയും ഇന്ത്യയിൽ അവർ കഴിച്ചുമൂടുമെന്നും ഇന്ത്യയുടെ സ്വാതന്ത്ര്യം ഒരു കഷണം അപ്പത്തിനുവേണ്ടി അവർ വിൽക്കുമെന്നും അദ്ദേഹത്തിനുറപ്പാണ്.

## 22

ഹിന്ദുസ്ഥാൻ ഹിന്ദുക്കളുടേതു മാത്രമാണെന്നും മുസ്ളീങ്ങൾക്ക അതിൽ സ്ഥാനമില്ലെന്നും വിചാരിക്കുന്നതിനേക്കാളും മറുഭാഗത്ത് പാക്കിസ്ഥാൻ മുസ്ളീങ്ങൾക്ക മാത്രമുള്ളതാണെന്നും ഹിന്ദുക്കൾക്ക സിക്കകാർക്കും അതിൽ സ്ഥാനമുണ്ടായിക്കൂടെന്നും വിചാരിക്കുന്നതിനേക്കാളും തെററായി മറെറാന്നുമില്ലെന്നും ഗാന്ധിജി അഭിപ്രായപ്പെട്ടു. അദ്ദേഹം അഭിപ്രായപ്പെട്ടതുപോലെ അവർ ദൽഹിയിലെ കാര്യങ്ങൾ ശരിപ്പെടുത്തുമെങ്കിൽ പാക്കിസ്ഥാനിലെ കാര്യങ്ങൾ നേരെയാക്കാനുള്ള ഏകമാർഗം അതാണെന്നു അഭയാർത്ഥികൾ ധരിക്കണം. ഉപവാസം അകാലികമായി വേണ്ടെന്നുവച്ചതുകൊണ്ടു താൻ വഞ്ചിക്കപ്പെട്ടുവെന്നോ, താൻ തന്നത്താൻ വഞ്ചിച്ചുവെന്നോ കണ്ടെത്തിയാൽ മറെറാരു ഉപവാസം ആരംഭിക്കുവാൻ മടിക്കുന്നവനല്ല താനെന്നു അദ്ദേഹം അവരെ ഓർമിപ്പിച്ചു. അതിനാൽ അവർ കരുതലോടും 100 ശതമാനം ആത്മാർത്ഥതയോടുംകൂടി പെരുമാറണം. താൻ ഉപവാസം നിർത്തുന്നതിനെ നീതീകരിക്കാൻ തക്കവണ്ണം ദൽഹിയിലെ സ്ഥിതി മെച്ചപ്പെട്ടതായിത്തോന്നുന്നുണ്ടോ എന്നു തന്നോട്ട പറയാൻ അദ്ദേഹത്തെ കൂടെക്കൂടെ സന്ദർശിച്ചുകൊണ്ടിരുന്ന മുസ്ളീം പ്രതിനിധികളെ അദ്ദേഹം ക്ഷണിച്ചു.

പിന്നീട്ട മുസ്ളീങ്ങളോട്ട മാത്രമായി ചിലതു പറയുന്നകൂട്ടത്തിൽ അദ്ദേഹം ചോദിച്ചു. [മുസ്ളീങ്ങൾ ഇന്ത്യയെ സ്വരാജ്യമാ-

21. Harijan, 25-5-1947 (Communal Unity, p. 619)
22. Harijan, 25-1-1948 (Communal Unity, pp. 951-952)

digitized by www.sreyas.in

യി കരുതുന്നില്ലെന്ന സംശയത്തിനു വല്ല കാരണവുമുണ്ടോ എന്നു്. ശത്രുന്തരമില്ലാത്തതുകൊണ്ട് അവരിവിടെ ഹിന്ദുക്കളുടെ ഇടയിൽ ജീവിക്കുന്നു. എങ്കിലും ഒരിക്കൽ വേർപിരിയേണ്ടിവരും—ഈ സംശയം അടിസ്ഥാനരഹിതമാണെന്നു് അദ്ദേഹം ആശിക്കുന്നു. ഇതുപോലെതന്നെ മുസ്ലീങ്ങൾ ഈശ്വരസാക്ഷാൽക്കാരത്തിനു് അർഹരല്ലാത്ത യവനന്മാരോ അസുരന്മാരോ ആണെന്നു കരുതുന്ന ഒരു ഹിന്ദുവുണ്ടെങ്കിൽ ഏറ്റവും വലിയ ഈശ്വരനിന്ദയാണു് അയാൾ ചെയ്യുന്നതു്. അവർ ഒപ്പുവച്ച സഖ്യത്തിൽ അതിനു സ്ഥാനമുണ്ടാകാൻ പാടില്ല.

പിന്നീട് അദ്ദേഹം പാററ്നയിൽവച്ചു് ഒരു മുസ്ലീംസുഹൃത്തു തനിക്കു സ്നേഹപൂർവം സമ്മാനിച്ച ഒരു പുസ്തകത്തെപ്പററിപ്പറഞ്ഞു. കാഫർമാർ (ഹിന്ദുക്കൾ) നശിപ്പിക്കപ്പെടാൻ മാത്രം കൊള്ളാവുന്ന വിഷപ്പാമ്പിനേക്കാൾ അപകൃഷ്ടരാണെന്നു ഖുറാനിൽ പറഞ്ഞിട്ടുണ്ടെന്നു് ആ ഗ്രന്ഥകർത്താവു് എഴുതിയിരിക്കുന്നു. ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഏതുതരം ക്രൂരതയും വഞ്ചനയും പ്രയോഗിക്കുന്നതു പാപമല്ലെന്നുമാത്രമല്ല, ഈശ്വരദൃഷ്ടിയിൽ അതു പുണ്യംകൂടിയാണു്—ഈ വിശ്വാസത്തോടു യോജിക്കുവാനോ രഹസ്യമായെങ്കിലും അതിനെ അനുകൂലിക്കുവാനോ ഈശ്വരഭയമുള്ള ഒരൊററ മുസ്ലീമിനും സാദ്ധ്യമല്ലെന്നു അദ്ദേഹത്തിനുറപ്പുണ്ടു്, ചിലർ ഹിന്ദുക്കളെ ബിംബാരാധകരെന്നു വിളിക്കുന്നുണ്ടു്. പക്ഷേ കൽപ്രതിമയെയല്ല, ഏതൊന്നില്ലാതെ ഒരു പരമാണുവിനുപോലും നിലനില്ക്കാൻ കഴികയില്ലയോ ആ ഈശ്വരനെയാണു ബിംബംമുഖേന അവർ ആരാധിക്കുന്നതു്. ഒരു ഭക്തൻ ബിംബത്തിൽ ഈശ്വരനെ കണ്ടെങ്കിൽ, അതു ദുഷിക്കപ്പെടേണ്ട ഒരു കാര്യമല്ല. അതു വ്യാമോഹമാണെന്നു സമ്മതിച്ചാൽതന്നെ അതയാളെയല്ലാതെ മററാരേയും വ്യാമോഹിപ്പിക്കുന്നില്ല. മററുള്ളവരുടെ മതവിശ്വാസങ്ങളേയും ആചാരങ്ങളേയും മനസ്സിലാക്കാനും മാനിക്കാനും ഔദാര്യവും വിശാലവീക്ഷണവും വേണം. ഖുറാനേയോ ഗ്രന്ഥ്സാഹിബിനെയോ ഈശ്വരനായി കരുതിയാൽ അതും ബിംബാരാധനതന്നെയാണു്.

## ഇ. ഗോരക്ഷ

### 23

മുസ്ലീങ്ങളെപ്പററി ഹിന്ദുക്കൾക്കുള്ള സ്ഥിരം പരാതി മുസ്ലീങ്ങൾ ഗോമാംസം തിന്നുന്നവരാണെന്നും അവർ ബക്രീദ്ദിനത്തിന്നാൾ മനഃപൂർവം പശുക്കളെ കൊല്ലുന്നവരാണെന്നുമാണു്. പശുവിനെ സംരക്ഷിക്കുവാൻവേണ്ടി ഹിന്ദുക്കൾ മുസ്ലീംസഹോദരന്മാരെ

23. **Young India, 7-5-1919 (Communal Unity, p. 1980)**

digitized by www .sreyas.in

കൊല്ലുന്നേടത്തോളം കാലം ഹിന്ദുമുസ്ലീം മൈത്രി സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ഹിംസ ഗോവധത്തിൽനിന്നു പിന്തിരിയുവാൻ മുഹമ്മദീയരെ നിർബന്ധിക്കുമെന്നു പ്രതീക്ഷിക്കുന്നതു വെറുതെയാണ്; അങ്ങനെ വിശ്വസിക്കാൻ യാതൊരു കാരണവും ഞാൻ കണ്ടിട്ടില്ല. ഞാൻ സനാതനി ഹിന്ദുവാണെന്നു ഞാൻ വിശ്വസിക്കുന്നു. ഹിന്ദുമതം സന്നിഷ്കർഷം അനുസരിക്കുന്ന യാതൊരാളും പശുവിനെ രക്ഷിക്കാൻവേണ്ടി പശുവിനെ കൊല്ലുന്നവനെ കൊല്ലാൻപാടില്ലെന്നാണ് എന്റെ വിശ്വാസം. പശുവിനെ രക്ഷിക്കാൻ ഒരേ ഒരു വഴിയേയുള്ളു; ഹിന്ദുവിനു പശുഹിംസ സഹിച്ചു കൂടെങ്കിൽ ഹിംസിക്കപ്പെടുവാൻ തന്നെത്താൻ സമർപ്പിക്കുക. പ്രബുദ്ധരായ അല്പം ഹിന്ദുക്കളെങ്കിലും ഇപ്രകാരം ആത്മബലിയർപ്പിച്ചാൽ മുസ്ലീം സഹോദരന്മാർ പശുഹിംസ ഉപേക്ഷിക്കുമെന്നതിൽ എനിക്കു സംശയമില്ല. പക്ഷേ ഇതു സത്യഗ്രഹമാണ്. അതായതു്, ധർമസിദ്ധാന്തം, എന്റെ സഹോദരൻ ഒരു തെററിനു പരിഹാരം ചെയ്യണമെന്ന് എനിക്കാഗ്രഹമുണ്ടെങ്കിൽ ഞാൻ ചെയ്യേണ്ടതു് അയാളെ ദ്രോഹിക്കുകയല്ല, കുറെയൊക്കെ ത്യാഗം ഞാൻ തന്നെ വഹിക്കുകയാണ്. ഒരവകാശമായി ഞാനതു് ആവശ്യപ്പെട്ടുകൂടാ. ബലിയായി സ്വയം അർപ്പിക്കാമെന്നതുമാത്രമാണ് എന്റെ സഹോദരനെതിരേയുള്ള എന്റെ അവകാശം. ഇത്തരം വിശുദ്ധസ്നേഹം ഹിന്ദുക്കൾക്കുണ്ടാകുമ്പോൾ മാത്രമേ ഹിന്ദുമുസ്ലീം ഐക്യം പ്രതീക്ഷിച്ചുകൂടൂ.

## 24

പ്രൊഫസർ വാസ്വാനി പശുവിന്റെ സ്വാതന്ത്ര്യത്തിന്റെ പതാക ഉയർത്തിയിരിക്കുന്നു. അപകടം ഞാൻ പ്രതീക്ഷിച്ചതിലും നേരത്തെ എത്തി. ഇന്ത്യയ്ക്കു സമചിത്തതയോടുകൂടി വീക്ഷിക്കാവു സകാലത്തു് അതു വരുമെന്നായിരുന്നു എന്റെ ആശ. എന്റെ വിനീതാഭിപ്രായത്തിൽ പ്രൊഫസർ വാസ്വാനിക്ക് ഈ പ്രസ്ഥാനം കുറേക്കൂടി നല്ല സാഹചര്യങ്ങളിൽ ആരംഭിക്കാമായിരുന്നു. പശുവിനെ രക്ഷിക്കാൻവേണ്ടി ഹൃദയപൂർവമായ മുസ്ലീംസഹകരണമില്ലാതെ ഹിന്ദുക്കൾ തനിച്ചാരംഭിക്കുന്ന ഏതു പ്രസ്ഥാനവും പരാജയപ്പെടാതിരിക്കുകയില്ല.

ഖിലാഫത്തിൽ ഹിന്ദുക്കൾ പങ്കുകൊണ്ടതാണു ഗോരക്ഷയ്ക്കുള്ള ഏററവും മഹത്തും നല്ലതുമായ പ്രസ്ഥാനം. അതിനാൽ ഖിലാഫത്തിനെ ഞാൻ നമ്മുടെ കാമധേനുവെന്നു വിളിച്ചിട്ടുണ്ട്.

ഹിന്ദുക്കൾക്കു ജീവന്മരണ പ്രശ്നമായ ഇക്കാര്യത്തിൽഹിന്ദുക്കളുടെ വികാരങ്ങളെ മാനിക്കുവാൻ മുസൽമാന്മാർ പരമാവധി ശ്രമിക്കുന്നുണ്ട്. ഹാക്കിംജി അജ്മൽഖാന്റെ അദ്ധ്യക്ഷതയിലുള്ള

---

24. Young India, 8–6–1921 (Communal Unity, pp. 12-13)

digitized by www .sreyas.in

മുസ്ലീംലീഗ് രണ്ടുകൊല്ലംമുമ്പ് അമൃത്സാറിൽവച്ചു ഒരു ഗോസംരക്ഷണപ്രമേയം പാസ്സാക്കുകയുണ്ടായി. മൗലാനാ അബ്ദുൾബാരി അതിനെപ്പററി എഴുതിട്ടുണ്ട്. അലിസഹോദരന്മാർ ഹിന്ദുതാൽപര്യത്തെ മുൻനിർത്തി അവരുടെ വീട്ടിൽ ഗോമാംസം ഉപയോഗിക്കുന്നതു നിർത്തിയിരിക്കുന്നു. കഴിഞ്ഞ ബക്രീദ്കാലത്തു മിയാൻ ഛോട്ടാനി തനിച്ചു ബോംബെയിൽ അനേകശതം പശുക്കളെ രക്ഷിച്ചു. ഇക്കാര്യത്തിൽ അശ്രദ്ധ കാട്ടുന്നുവെന്നു മുസ്ലീം സഹോദരരെ കുററപ്പെടുത്താൻ നമുക്കാവില്ല.

നമ്മുടെ ഉദ്ദേശ്യം വിഫലമാക്കാനുള്ള ഉറച്ച വഴി മുസ്ലീങ്ങളെ ഞെരുക്കുകയാണ്. സത്യസന്ധത മുസൽമാന്മാർക്കു കുറവായിക്കണ്ടതായി എനിക്കറിവില്ല. നമ്മളിലെന്നപോലെ അവരിലും അബദ്ധധാരണകൾ വേഗത്തിൽ ശമിക്കുന്നില്ല. പ്രബുദ്ധമായ മുസ്ലീം അഭിപ്രായം നമ്മുടെ ഭാഗത്തുണ്ട്. അതു മുസ്ലീം ജനതയിൽ പരക്കുവാൻ കുറച്ചുകാലം വേണ്ടിവരും. അതിനാൽ ഹിന്ദുക്കൾ ക്ഷമയുള്ളവരായിരിക്കണം.

ഷിക്കാർപുരിലെ ഹിന്ദുക്കൾ ഗോവധനിരോധത്തിന്നനുകൂലമായി ഐകകണ്ഠേന വോട്ടുചെയ്തതിൽ അസാധാരണമായി ഒന്നുംതന്നെയില്ല. അതിനുവേണ്ടി വോട്ടുചെയ്യാത്തവനായി ഒരു ഹിന്ദുവുണ്ടാകുമോ? മുസ്ളീങ്ങളുടെ എതിർപ്പില്ലാതാക്കാൻ ആ ഏകകണ്ഠമായ അഭിപ്രായത്തെ ഉപയോഗിക്കുകയെന്നുവച്ചാൽ അതിനു ശക്തികൂട്ടുകയെന്നാണർത്ഥം. ഹിന്ദുമെമ്പർമാർ മുസ്ളീം അഭിപ്രായം അറിഞ്ഞിരിക്കണം, അന്വേഷിച്ച് അറിഞ്ഞിരിക്കണം. മുസ്ലീം അഭിപ്രായം തങ്ങൾക്കെതിരായിരിക്കുന്നേടത്തോളംകാലം അവർ ഒരു വോട്ടെടുപ്പു കൂടാതെ കഴിക്കേണ്ടതായിരുന്നു.

നമ്മളെ—ഹിന്ദുക്കളേയും മുസ്ളീങ്ങളേയും—അകററിനിർത്താൻ ഒരു തൽപരകക്ഷി ശ്രമിക്കുന്നുണ്ടെന്നു നീ അറിഞ്ഞിരിക്കുക. ആ തൽപരകക്ഷി തന്നെ അതിൽ ഹിന്ദുക്കളുടെ വൈകാരികമായ ചായ്വുകളോടു ബഹുമാനം വളർത്തുവാൻ തികച്ചും കഴിവുള്ളതാണ്. തങ്ങളുടെ മുസ്ളീം സഹോദരർക്കുവേണ്ടി കാത്തിരിക്കാൻ ഷിക്കാർപുരിലെ ഹിന്ദുക്കളെ ഞാൻ ശക്തിപൂർവം ഉപദേശിക്കുന്നു.

മററു മാംസങ്ങൾ മുസ്ളീങ്ങൾക്കു കുറഞ്ഞവിലയ്ക്കു കിട്ടാൻവേണ്ടി നാം എല്ലാത്തരം മാംസവും വർജിക്കുക. ഒരൊററ പശുവിന്നോ കിടാവിന്നോ കഷ്ടപ്പാടുണ്ടായിരിക്കുന്നതു്, ഹിന്ദുക്കളിൽനിന്നു ദ്രോഹം സഹിക്കാൻ ഇടവരുന്നതു്, നാം ലജ്ജാവഹമായി കരുതുക. ഒരു മാതൃകാ ഡയറിഫാമും പ്രായം ചെന്നു വയ്യാതായ പശുക്കളുടെ രക്ഷാസങ്കേതവുമായിത്തീരത്തക്കവണ്ണം അവർ അവരുടെ ഗോശാലകൾ വികസിപ്പിക്കട്ടെ. ഗോശാലകളിൽ ഒന്നാന്തരം പശുക്കളെ അവർ വളർത്തട്ടെ. ഇതാണു ഗോമാതാവിനോടു ചെയ്യുന്ന യഥാർത്ഥസേവനം. ഷിക്കാർപുരിക്കാരും എല്ലാവരും നിസ്സഹകരണക്കാ

digitized by www .sreyas.in

രായിത്തീൻ ഖിലാഫത്തിനോടു ചെയ്ത തെററു വേഗം തിരുത്തിക്കട്ടെ. ഖിലാഫത്തിനെ രക്ഷിക്കാൻ പരമാവധി യത്നിച്ചാൽ അവർ പശുവിനെ രക്ഷിക്കുമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു.

മുസ്ളീം സൗഹാർദംകൊണ്ടു മാത്രമേ പശുവിനെ രക്ഷിക്കാൻ കഴിയൂ എന്നതു ഹിന്ദുക്കളുടെ വിശ്വാസപ്രമാണങ്ങളിൽ ഒന്നായിരിക്കട്ടെ. പശുക്കളുടെ പൂർണമായ രക്ഷ മുസ്ളീം സൗമനസ്യത്തെ ആശ്രയിച്ചാണു നിൽക്കുന്നതെന്നു നാം വ്യക്തമായി മനസ്സിലാക്കുക. അവർക്കു യഥേഷ്ടം നമ്മെപ്പിടിച്ചു വളയ്ക്കാൻ കഴിയാത്തതുപോലെ അവരെ യഥേഷ്ടം വളയ്ക്കാൻ നമ്മെക്കൊണ്ടും ആവില്ല. സമത്വത്തോടുകൂടിയ സ്വാതന്ത്ര്യമായ പങ്കാളിത്തമാണു നാം വളർത്തിക്കൊണ്ടുവരുന്നതു്. ദയററിസത്തോടാണു്—ഭീഷണിപ്പെടുത്തുക എന്ന സിദ്ധാന്തത്തോടാണു്—നാം പൊരുതുന്നതു്.

ഗോരക്ഷ ഹിന്ദുഹൃദയത്തിലെ ഏററവും വിലപ്പെട്ട സമ്പത്താണു്. എല്ലാ ഹിന്ദുക്കൾക്കും പൊതുവിലുള്ള ദൃഢമായഏകവിശ്വാസമാണതു്. അതു് ഒരുത്തമ വിശ്വാസമാണു്. പശുവിനെ ശ്ലാഘിച്ചുകൊണ്ടു പ്രൊഫസർ വാസ്വാനി പറഞ്ഞ ഓരോ വാക്കിനോടും ഞാൻ യോജിക്കുന്നു. പശുപൂജ എന്നുവച്ചാൽ നിഷ്ളങ്കതയെ പൂജിക്കുക എന്നാണു് എനിക്കർത്ഥം. എനിക്കു പശു നിഷ്കളങ്കതാമൂർത്തിയാണു്. പശുസംരക്ഷണമെന്നുവച്ചാൽ ദുർബലരേയും നിസ്സഹായരേയും രക്ഷിക്കുക എന്നാണർത്ഥം. പ്രൊഫസർ വാസ്വാനി ശരിയായി അഭിപ്രായപ്പെടുന്നതുപോലെ പശുസംരക്ഷണമെന്നുവച്ചാൽ മനുഷ്യനും മൃഗവും തമ്മിലുള്ള സാഹോദര്യം എന്നാണർത്ഥം. ക്ഷമാപൂർവമായ പ്രയത്നംകൊണ്ടും തപസ്യകൊണ്ടും വളരേണ്ട ഒരഭിപ്രായമാണതു്. അതാരുടേയും മേൽ വച്ചുകെട്ടാൻ വയ്യ. വാളുകൊണ്ടു ഗോരക്ഷ നടത്തുകയെന്നതു് ഒരു വിരോധാഭാസമാണു്. ഋഷിമാർ പണ്ടു ഗോരക്ഷയ്ക്കുവേണ്ടി തപസ്സു ചെയ്തതായി കേട്ടിട്ടുണ്ടു്. പശുവിനേയും പശുസംരക്ഷണസിദ്ധാന്തം ഉൾക്കൊള്ളുന്നതും ഉദ്ദേശിക്കുന്നതുമായ എല്ലാററിനേയും രക്ഷിക്കാൻ തക്കവണ്ണം വിശുദ്ധരായിത്തീരാൻവേണ്ടി ആ ഋഷിമാരെപ്പോലെ നാമും തപസ്സുചെയ്യുക.

## 25

ഹിംസകൊണ്ടു പശുസംരക്ഷണത്തിനു ശ്രമിക്കുന്നതു ഹിന്ദുമതത്തെ പൈശാചികമതമാക്കി മാററലും പശുസംരക്ഷണത്തിൻെറ ശ്രേഷ്ഠമായ അർത്ഥത്തെ ഒരു നീചകാര്യത്തിനുവേണ്ടി വ്യഭിചരിപ്പിക്കലുമാണു്. ഹിന്ദുക്കൾ നിർബന്ധത്തെ ആശ്രയിച്ചാൽ ഒരു

---

25. Young India, 18-5-1921 (Communal Unity, p. 11)

digitized by www .sreyas.in

മുസ്ലീം ലേഖകൻ എഴുതുന്നതുപോലെ ഇസ്ലാമിൽ അനുവദിക്കുകമാത്രം ചെയ്തിട്ടുള്ള മാംസഭക്ഷണം ഒരു കർത്തവ്യമായിത്തീരും. മരിക്കാനുള്ള ക്ലേശങ്ങളം സഹിക്കാനുള്ള ശക്തി വളർത്തുന്നതുകൊണ്ടു മാത്രമേ ഹിന്ദുക്കൾക്കു പശുവിനെ രക്ഷിക്കാൻ കഴിയൂ. അറവുകാരന്റെ കത്തിയിൽനിന്നു പശുവിനെ രക്ഷിക്കാൻ ഹിന്ദുക്കൾക്കു് ഏകമാർഗം ആസന്നമായ ആപത്തിൽനിന്നു ഇസ്ലാമിനെ രക്ഷിക്കാൻ ശ്രമിക്കലും മുസൽമാന്മാരായ നാട്ടുകാർ ഇങ്ങോട്ടും മഹാമനസ്കത കാട്ടുമെന്നു് ഹിന്ദുക്കളായ നാട്ടുകാരോടുള്ള ആദരവിന്റെ ഫലമായി അവർ സ്വമേധയാ പശുവിനെ രക്ഷിക്കുമെന്നു് വിശ്വസിക്കലുമാണു്. മുസ്ലീങ്ങളുടെ നേരെ യാതൊരു ഹിംസയും കാണിക്കാതിരിക്കാൻ ഹിന്ദുക്കൾ സശ്രദ്ധം മനസ്സിരുത്തണം. ക്ലേശസഹനവും വിശ്വാസവും ആത്മശക്തിയുടെ ലക്ഷണങ്ങളാണു്. വലിയ ഉത്സവങ്ങളിൽ പശുവോ ആടുപോലുമോ കൈവശമുള്ള മുസ്ലീമിനെകണ്ടാൽ അയാളിൽനിന്നു ബലം പ്രയോഗിച്ചു് അതിനെ പിടിച്ചുപറ്റാറുണ്ടെന്നു കേട്ടിട്ടുണ്ടു്. ഹിന്ദുക്കളാണെന്നു് അവകാശപ്പെട്ടു് ഇങ്ങനെ ഹിംസ കാണിക്കുന്നവർ പശുവിന്റേയും ഹിന്ദുമതത്തിന്റെയും ശത്രുക്കളാണു്. പശുവിനെ രക്ഷിക്കാനുള്ള ഏററവുംനല്ല ഏകമാർഗം ഖിലാഫത്തിനെ രക്ഷിക്കലാണു്. അതിനാൽ പശുവിനേയോ മറേറതെങ്കിലും ജീവിയേയോ രക്ഷിക്കുവാനോ മറേറതെങ്കിലും ആവശ്യത്തിന്നോ ഏതെങ്കിലും തരത്തിൽ ഹിംസ ഉപയോഗിക്കാനുള്ള വാസന തടയുവാൻ ഓരോ നിസ്സഹകരണക്കാരനും പരമാവധി ശ്രമിക്കുമെന്നു ഞാൻ ആശിക്കുന്നു.

## 26

പശുവിന്റെ കാര്യത്തിൽ എന്താണു ഹിന്ദുക്കളുടെ വികാരങ്ങളെ സമാധാനിപ്പിക്കുക എന്നു് എനിക്കറിയാം. ബലിക്കോ ഭക്ഷണത്തിന്നോ വേണ്ടി പശുവിനെ അറക്കുന്നതു മുസൽമാന്മാർ സ്വമേധയാ നിർത്തുകയെന്നതാണതു്. ആയുധബലംകൊണ്ടു പശുവിനെ കശാപ്പിൽനിന്നു രക്ഷിക്കാൻ ഏതെങ്കിലും ദുഷ്ടന്നു സാധിച്ചാൽ ഹിഹിന്ദുധർമം നിറവേററപ്പെടുകയില്ല. സ്വമനസ്സാലെ ചെയ്യുന്ന ഈ സ്വാർത്ഥത്യാഗത്തേക്കാൾ കവിഞ്ഞ സംഭാവനയൊന്നും ഇന്ത്യയിലെ ഇസ്ലാമിനു ഹിന്ദുക്കൾക്കുവേണ്ടി ചെയ്യാനാവില്ല. ഇസ്ലാം ഗോവധം ശാസിക്കുന്നില്ലെന്നും മനുഷ്യസാദ്ധ്യമാണെങ്കിൽ അയൽപക്കക്കാരുടെ വികാരങ്ങളെ തൃപ്തിപ്പെടുത്തണമെന്നും മാനിക്കണമെന്നും അതു ശാസിക്കുന്നുണ്ടെന്നും പറയാൻ തക്കവണ്ണം ഇസ്ലാമിനെപ്പററി എനിക്കറിവുണ്ടു്. എന്നെ സംബന്ധിച്ചേടത്തോളം പള്ളിയുടെ മുമ്പിലെ സംഗീതവും ഗോവധവും ഒരുപോലെയല്ല. എങ്കിലും ഇതിൽ ആദ്യം പറഞ്ഞതു് ഒരു പ്രധാനസംഗതിയായിത്തീ

---

26. Young India, 5-1-1928 (Communal Unity, p. 18)

digitized by www .sreyas.in

ന്നിരിക്കുന്നു; അതിനെ അവഗണിക്കുന്നതു് വിഡ്ഢിത്തമാകും. മുസ്ലീം വികാരങ്ങളെ ശമിപ്പിക്കുവാൻ എന്തുചെയ്യണമെന്നു പറയേണ്ടതു് മുസ്ലീങ്ങളാണു്. പള്ളിയുടെ മുമ്പാകെ സംഗീതം നടത്തുന്നതു് തീരെ നിർത്തിയാൽ മാത്രമേ മുസ്ലീംവികാരങ്ങൾ ശമിക്കൂ എന്നുണ്ടെങ്കിൽ ഒരു നിമിഷനേരത്തെ ആലോചനകൂടാതെ അപ്രകാരം ചെയ്യേണ്ടതു് ഹിന്ദുക്കളുടെ കടമയാണു്. ഹൃദയൈക്യമാണു നമുക്കു പ്രാപിക്കേണ്ടതെങ്കിൽ വേണ്ടത്ര ത്യാഗം ചെയ്യാൻ നമ്മളിൽ ഓരോരുത്തനും സന്നദ്ധരാകണം.

## 27

ഇന്ത്യായൂനിയനിൽ ഗോവധം നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള 50,000 കാർഡുകളും 30,000 എഴുത്തുകളും അനേകായിരം കമ്പികളും തനിക്കു കിട്ടിയിട്ടുണ്ടെന്നു് രാജേന്ദ്രബാബു തന്നോടു പറകയുണ്ടായെന്നു് പ്രാർത്ഥനാനന്തര പ്രസംഗത്തിൽ ഗാന്ധിജി പറഞ്ഞു. ഈ കാര്യം സംബന്ധിച്ചു് കാൺപൂരിൽ ഒരു പണ്ഡിതർ ഉപവാസം ആരംഭിച്ചിട്ടുണ്ടെന്നറിയിക്കുന്ന ഒരു കമ്പി ഇന്നു കിട്ടി. ഹിന്ദുക്കൾ ഗോവധം ചെയ്യരുതെന്നു് ഹിന്ദുമതം ശാസിച്ചിട്ടുണ്ടു്. ലോകത്തിലാരും അതു ചെയ്യരുതെന്നു വിധിച്ചിട്ടില്ല. മതശാസനം ഉള്ളിൽനിന്നു വരുന്നതാണു്. പുറമെനിന്നു വച്ചുകെട്ടുന്നതു നിർബന്ധമാണു്. ഇത്തരം നിർബന്ധം മതത്തിനു ചേർന്നതല്ല. ഇന്ത്യ ഹിന്ദുക്കളുടെ മാത്രം രാജ്യമല്ല, മുസ്ലീങ്ങളുടെയും സിക്കുകാരുടെയും പാഴ്സികളുടെയും ക്രിസ്ത്യാനികളുടെയും യഹൂദന്മാരുടെയും ഇന്ത്യക്കാരനാണെന്നവകാശപ്പെട്ടു് യൂനിയനോടു് കൂറു കാണിക്കുന്നവരുടെയുമൊക്കെ രാജ്യമാണു്. മതപരമായ കാരണങ്ങളാൽ ഹിന്ദുക്കൾക്കു് ഇന്ത്യയിൽ ഗോവധം നിരോധിക്കാമെങ്കിൽ, അതേ കാരണങ്ങളാൽ പാക്കിസ്ഥാനു് എന്തുകൊണ്ടു് പാക്കിസ്ഥാനിൽ ബിംബാരാധന നിരോധിച്ചുകൂടാ? അദ്ദേഹം ക്ഷേത്രത്തിൽ പോകുന്നവനല്ല. എന്നാലും പാക്കിസ്ഥാനിൽ തനിക്കു ക്ഷേത്രപ്രവേശം നിരോധിച്ചാൽ, തന്റെ തല പോകുമെങ്കിൽപോലും താൻ ക്ഷേത്രത്തിൽ പോകാൻ തുടങ്ങും. ഷെറിയാത്തു് അമുസ്ലീങ്ങളുടെമേൽ വെച്ചുകെട്ടാൻ വയ്യാത്തതുപോലെ, ഹിന്ദുമതനിയമം അഹിന്ദുക്കളുടെമേലും വച്ചുകെട്ടാൻ വയ്യ. പശുക്കളെ സാവധാനം ദ്രോഹിച്ചു കൊല്ലുകയെന്ന കുററം പല ഹിന്ദുക്കളും ചെയ്യുന്നുണ്ടെന്നു് അദ്ദേഹം സദസ്സിനോടു പറഞ്ഞു. ഗോമാംസസാരം എടുക്കാൻവേണ്ടി കൊല്ലാനാണെന്നറിഞ്ഞുകൊണ്ടു് പശുക്കളെ ഇന്ത്യയിൽനിന്നു് പുറമേക്കു കയററി അയയ്ക്കുന്നതു് ഹിന്ദുക്കളാണു്; ഈ ഗോമാംസസാരം (extract) ഇന്ത്യയിലേക്കു പിന്നെ വരുന്നുണ്ടു്. വൈദ്യോപദേശമനുസരിച്ചു് യാതൊരു സങ്കോചവും കൂടാതെ

---

27. Harijan, 10–8–1947 (Communal Unity, p. 600)

digitized by www .sreyas.in

ഹിന്ദുക്കരം അതു വാങ്ങിക്കഴിക്കുന്നു. ഗോവധത്തിൽ സഹകരിക്കുന്നവരല്ലേ അവർ?

## 28

ചോദ്യം: ഒരു പ്രധാന കാര്യത്തിൽ മുസ്ളീങ്ങരംക്കു് ഉറപ്പു കിട്ടേണ്ടതുണ്ടു്. ഒരു ഹിന്ദുഭൂരിപക്ഷ ഗവർമേൻറിൻകീഴിൽ തങ്ങളുടെ ദേശീയ ഭക്ഷണപദാർത്ഥമായ ഗോമാംസം കഴിക്കുവാൻ മുസ്ളീങ്ങരം അനുവദിക്കപ്പെടുമോ? ഈ സർവപ്രധാനമായ കാര്യത്തിൽ മുസ്ളീങ്ങളെ തൃപ്തിപ്പെടുത്തുവാൻ അങ്ങേയ്ക്കു കഴിയുമെങ്കിൽ, വളരെ കെട്ടുകരം അഴിയും. അങ്ങയുടെ 'ഹരിജൻ' പത്രത്തിൽ ഇതിനു വ്യക്തമായ ഒരു ഉത്തരം താങ്കരം പറയണം.

ഉത്തരം: ഈ ചോദ്യം എങ്ങനെ ഉത്ഭവിക്കുന്നുവെന്നു് എനിക്കു മനസ്സിലാകുന്നില്ല. എന്തുകൊണ്ടെന്നാൽ, കോൺഗ്രസ്സുകാർ അധികാരത്തിൽ വന്നകാലത്തു് മുസ്ളീങ്ങളുടെ ഗോമാംസഭക്ഷണത്തിൽ അവർ ഇടപെട്ടതായി അറിവില്ല. ചോദ്യം വിഭാവനചെയ്തിട്ടുള്ളതും ശരിയായിട്ടില്ല. ഹിന്ദുഭൂരിപക്ഷ ഗവർമെൻറന്നൊന്നില്ല. സ്വതന്ത്ര ഇന്ത്യ സൈ്വരമായി നിലനിൽക്കണമെങ്കിൽ, മതപരങ്ങളായ വിഭാഗങ്ങളുടെ സ്ഥാനത്തു് മതപരങ്ങളല്ലാത്ത ചിന്തകളിന്മേൽ അറിയുറപ്പിക്കപ്പെട്ട രാഷ്ട്രീയവിഭാഗങ്ങരം വരണം. ഇന്നുതന്നെ മതപരങ്ങളായ ഭിന്നതകരം മികച്ചു നിൽക്കുന്നുണ്ടെങ്കിലും മിക്ക കക്ഷികളിലും പല മതക്കാരായ അംഗങ്ങളുമുണ്ടു്. ഗോമാംസം മുസ്ളീങ്ങളുടെ ഒരു ദേശീയ ഭക്ഷ്യമാണെന്നു പറയുന്നതും നേരല്ല. ഒന്നാമതു്, ഇന്ത്യയിലെ മുസ്ളീങ്ങരം ഇനിയും ഒരു പ്രത്യേക രാഷ്ട്രമായിക്കഴിഞ്ഞിട്ടില്ല. രണ്ടാമതു്, ഗോമാംസം അവരുടെ സാധാരണ ഭക്ഷ്യമല്ല. അവരുടെ സാധാരണ ഭക്ഷ്യം കോടാനുകോടികളുടേതുതന്നെയാണു്. മതപരമായ ഉദ്ദേശ്യത്തോടെ സസ്യഭുക്കുകളായ മുസ്ളീങ്ങരം വളരെക്കുറച്ചേയുള്ളവെന്നതാണു് പരമാർത്ഥം. അതിനാൽ അവർ കിട്ടുമ്പോരം ഗോമാംസം ഉരംപ്പെടെ എല്ലാ മാംസവും ഭക്ഷിക്കും. എന്നാൽ കൊല്ലത്തിൽ അധികദിവസവും ദാരിദ്ര്യംനിമിത്തം ലക്ഷോപലക്ഷം മുസ്ളീങ്ങരം ഒരുതരം മാംസവും ഭക്ഷിക്കാറില്ല. ഇതൊക്കെയാണു് വസ്തുതകരം. എങ്കിലും സിദ്ധാന്തപരമായ ആ ചോദ്യത്തിനു് സ്പഷ്ടമായ ഒരു ഉത്തരം ആവശ്യമാണു്. ഉറച്ച സസ്യഭുക്കായ ഒരു ഹിന്ദുവെന്ന നിലയ്ക്കും എൻെറ അമ്മയുടെ (കഷ്ടം അവരിന്നു് ഇഹത്തിലില്ല!) നേരെ കാണിക്കുന്ന അതേ ബഹുമാനത്തോടുകൂടി പശുവിനെ ആരാധിക്കുന്ന ഒരുവനെന്ന നിലയ്ക്കും ഞാൻ പറയുന്നു മുസ്ളീങ്ങരംക്കു് അവരാഗ്രഹിക്കുന്നുവെങ്കിൽ ഗോവധത്തിനു് പൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു്—ആരോഗ്യശാസ്ത്രപരമായ നിയ

28. Harijan, 27-4-1940 (Communal Unity, p. 598)

digitized by www .sreyas.in

ന്ത്രണങ്ങൾക്കു് വിധേയമായ നിലയിലും അയൽപക്കക്കാരായ ഹിന്ദുക്കളുടെ വികാരങ്ങളെ വ്രണപ്പെടുത്താത്ത മട്ടിലും എന്നു പറയേണ്ടതില്ലല്ലോ. ഗോവധത്തിനുള്ള മുസ്ളീങ്ങളുടെ സ്വാതന്ത്ര്യം അംഗീകരിക്കൽ സാമുദായികരഞ്ജിപ്പിനു് ഒഴിച്ചുകൂടാത്തതാണു്. പശുവിനെ രക്ഷിക്കാനുള്ള ഏകമാർഗവും അതാണു്. 1921–ൽ മുസ്ളീങ്ങളുടെതന്നെ സന്തോഷപൂർവമായ ശ്രമംകൊണ്ടു് അനേകായിരം പശുക്കൾ രക്ഷിക്കപ്പെട്ടു. നമ്മുടെ തലയ്ക്കുമീതെ കാർമേഘങ്ങൾ തടിച്ചുകൂടീയിട്ടുണ്ടെങ്കിലും, അവ തിരോഭവിക്കുമെന്നും ഈ നിർഭാഗ്യം പിടിച്ച രാജ്യത്തിൽ സാമുദായികമൈത്രി ഉണ്ടാകുമെന്നുമുള്ള ആശ വെടിയാൻ ഞാൻ ഭാവമില്ല. എന്നോടു തെളിവാവശ്യപ്പെട്ടാൽ ഞാൻ പറയും എന്റെ ആശയുടെ ആസ്പദം വിശ്വാസമാണെന്നും വിശ്വാസത്തിനു തെളിവാവശ്യമില്ലെന്നും.

## എഫ്. മുസ്ളീംപള്ളികളുടെ മുമ്പിൽ സംഗീതം

### 29

എന്തെങ്കിലും സമ്മർദ്ദം താങ്ങാൻ കഴിയത്തക്കവണ്ണമുള്ള ഐക്യം നാം ഇനിയും നേടീയിട്ടില്ലെന്നു് എനിക്കു് തികച്ചും അറിയാം. നിത്യപരിലാളനയും ശ്രദ്ധയും ആവശ്യമുള്ളതും ഇന്നും ശൈശവാവസ്ഥയിലിരിക്കുന്നതും നിത്യം വളരുന്നതുമായ ഒരു ചെടിയാണതു്. നെല്ലൂരിൽ ഈ പ്രശ്നം വ്യക്തമായ ഒരു രൂപത്തിൽ എന്നെ നേരിട്ടപ്പോൾ ഈ കാര്യം എനിക്കു വ്യക്തമായി. രണ്ടുകൂട്ടരും തമ്മിലുള്ള ബന്ധങ്ങൾ സന്തോഷപ്രദമായിരുന്നില്ല. നിസ്സാരമെന്നു് എനിക്കു തോന്നിയ ഒരു കാര്യത്തിനുവേണ്ടി അവർ കലഹിച്ചതു് രണ്ടുകൊല്ലംമുമ്പു മാത്രമാണു്. പള്ളിയുടെ മുമ്പിൽക്കൂടി കടന്നുപോകുമ്പോൾ സംഗീതാലാപനം നടത്തുന്നതിന്റെ മാററാപ്രശ്നമായിരുന്നു അതു്. ഓരോ നിസ്സാരകാര്യവും നാം അഗാധമായ മതകാര്യമായി വലുതാക്കരുതെന്നു് ഞാൻ പറയുന്നു. അതിനാൽ പള്ളിയുടെ മുമ്പിൽക്കൂടെ പോകുമ്പോൾ വാദ്യം കൂടിയേ കഴിയൂ എന്നു ഹിന്ദു വാശി പിടിക്കരുതു്. വാദ്യം നടത്താൻവേണ്ടി തന്റെ ദിക്കിലേയോ മററു ദിക്കിലേയോ മുൻനടപടി അയാൾ എടുത്തുകാണിക്കരുതു്. പള്ളിയുടെ മുമ്പിലൂടെ പോകുമ്പോൾ വാദ്യം നടത്തുന്നതു് അയാൾക്കു് സുപ്രധാനമായ ഒരു സംഗതിയല്ല. 24 മണിക്കൂർ നേരവും പള്ളിയുടെ സമീപം ശാന്തമായ നിശ്ശബ്ദതയുണ്ടായിരിക്കണമെന്ന മുസ്ളീങ്ങളുടെ അഭിലാഷം നിഷ്പ്രയാസം മനസ്സിലാക്കാം. ഹിന്ദുവിനു് അപ്രാധാനമായതു് മുസ്ളീമിനു് പ്രധാനമാണെന്നു വരാം. അപ്രധാന സംഗതികളിലെല്ലാം ഹിന്ദു

29. Young India, 11-5-1921 (Communal Unity, p. 4)

digitized by www .sreyas.in

ചോദിച്ച ഉടൻ വിട്ടുവീഴ്ച ചെയ്യണം. നിസ്സാരസംഗതികൾക്ക വേണ്ടി കലഹിക്കുന്നതു വങ്കത്തമാണ്.

30

പിന്നെ സംഗീതത്തെക്കുറിച്ചുള്ള കുഴപ്പമുണ്ട്. അതു ദിവസേന വളർന്നുകൊണ്ടിരിക്കയാണ്. സുറത്തിൽവച്ച് എനിക്കു കിട്ടിയ ഒരെഴുത്തിൽ പറയുന്നു. സംഗീതം നടത്തുന്നതു് ഹിന്ദുക്കൾക്കു നിർബന്ധമല്ലാത്തതിനാൽ, മുസ്ളീം വികാരങ്ങളെ വേദനിപ്പിക്കാതിരിക്കാൻവേണ്ടി അയാൾ അതു പള്ളിയുടെ മുമ്പിൽവച്ചു നിർത്തിക്കളയണമെന്നു. ഈ കാര്യം ലേഖകൻ വിചാരിക്കും പോലെ ലഘുവായിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുകയാണ്. പക്ഷേ, അതു ലഘുവിന്റെ വിപരീതമാണ്. സംഗീതമില്ലാതെ ഒരൊററ ഹിന്ദുമതകർമവും നടത്തപ്പെട്ടുകൂടാ. ചില കർമങ്ങൾക്കു് ഇടവിടാതെ സംഗീതം വേണം. ഇവിടെയും മുസ്ലിംവികാരങ്ങളെ വേണ്ടത്ര മാനിക്കണമെന്നതിനു സംശയമില്ല. ഇത്തരം അവസരങ്ങളിൽ സംഗീതത്തിന്റെ ശബ്ദം കുറയ്ക്കാം. പക്ഷേ, ഇതെല്ലാം വിട്ടുവീഴ്ചയുടെ അടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്. ചെയ്യേണ്ടതാണ്. പള്ളിയുടെ അടുത്തുവച്ച് അമുസ്ളീം സംഗീതം നടത്തുന്നതിനെ മുസ്ളിം തടയണമെന്നു് ഇസ്ലാം ശാസിക്കുന്നില്ലെന്നു് ഏതാനും മുസ്ലീങ്ങളുമായി സംസാരിച്ചതിന്റെ ഫലമായി ഞാൻ മനസ്സിലാക്കുന്നു. അമുസ്ലിം അപ്രകാരം ചെയ്യുന്നതു് ഇസ്ളാമിനു ദ്രോഹമാകാനിടയുമില്ല. അതിനാൽ സംഗീതം ഒരു വാദവിഷയമാകാൻ പാടില്ല.

എങ്കിലും പലസ്ഥലത്തും ഹിന്ദുക്കളുടെ സംഗീതം ബലം പ്രയോഗിച്ചു തടയാൻ മുസ്ളീങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഇതു വ്യക്തമായും പൊറുത്തുകൂടാത്തതത്രേ. മര്യാദ കാണിച്ചാൽ മടികൂടാതെ വിട്ടുകൊടുക്കുന്നതു്, ബലംപ്രയോഗിച്ചാൽ വിട്ടുകൊടുക്കുകയില്ല. സമര്യദമായ അപേക്ഷയ്ക്കു വഴങ്ങുന്നതു ധർമമാണ്, ബലത്തിനു വഴങ്ങുന്നതു അധർമവും. മുസ്ളീങ്ങളുടെ അടി ഭയന്നു് ഹിന്ദുക്കൾ സംഗീതം നിർത്തിയാൽ, അവർ ഹിന്ദുക്കളല്ലാതായി ത്തീരുന്നു. ഇതിൽ സാമാന്യനിയമം ഇതാണെന്നു പറയാം: പള്ളിയുടെ മുമ്പിൽ സംഗീതം നിർത്തുകയെന്ന പതിവ് ഹിന്ദുക്കൾ മനഃപൂർവം ദീർഘകാലമായി തുടർന്നുവരുന്നേടത്തു്, അവരതു ലംഘിക്കരുത്. എന്നാൽ തടസ്സംകൂടാതെ സംഗീതം നടത്തിപ്പോന്നിരുന്നേടത്തു് ആ പതിവു് തുടരണം. കുഴപ്പം ഉണ്ടാകാൻ ഇടയുള്ളേടത്തും വസ്തുതകളെപ്പററി തർക്കമുള്ളേടത്തും രണ്ടു സമുദായങ്ങളും കാര്യം മദ്ധ്യസ്ഥതീരുമാനത്തിനു വിട്ടുകൊടുക്കണം.

---

30. Young India. 18-9-1924 (Communal Unity, p. 79)

digitized by www .sreyas.in

കോടതി സംഗീതം നിരോധിച്ചിട്ടുള്ളേടത്തു് ഹിന്ദുക്കൾ തോന്നിയതു കാട്ടരുതു്. ബലംപ്രയോഗിച്ചു സംഗീതം നിർത്താൻ മുസ്ലീങ്ങൾ തുനിയുകയുമരുതു്.

സംഗീതത്തിന്റെ പ്രശ്നം ആളെ തട്ടിക്കൊണ്ടുപോകുന്നതിന്റെ പ്രശ്നത്തെക്കാൾ വളരെ ലഘുവാണു്. ഇടവിടാതെയുള്ള സംഗീതമോ ആരതിയോ രാമായണപാരായണമോ ഒന്നുകിൽ മതപരമായ ഒരാവശ്യമാണു്, അല്ലെങ്കിൽ അല്ല. മതപരമായ ആവശ്യമാണെങ്കിൽ കോടതിയുടെ നിരോധകല്പന അനുസരിച്ചുകൊള്ളണമെന്നില്ല. സംഗീതം നടത്തണം, ആരതി ചെയ്യണം, രാമായണം—എന്തു വന്നാലും കൊള്ളാം. എന്റെ ഈ നിർദേശം സ്വീകരിക്കപ്പെട്ടാൽ ലാത്തിപോലും ധരിക്കാത്ത ഏററവും ദുർബലരുടേതായ ഒരു ഘോഷയാത്ര രാമായണം ചൊല്ലിക്കൊണ്ടു്—അതാണു തർക്കവിഷയമെങ്കിൽ—മുന്നോട്ടു നീങ്ങുകയും മുസ്ലീങ്ങളുടെ ക്രോധം മുഴുവൻ സ്വന്തം ശിരസ്സുകളിന്മേൽ സ്വീകരിക്കുകയും ചെയ്യും. എന്നാൽ അവർ എന്റെ നിർദേശം സ്വീകരിക്കുകയില്ലെന്നു കരുതുക; എന്നാലും പുണ്യനാമങ്ങൾ ചൊല്ലിക്കൊണ്ടു മുന്നേറി ഓരോ ഇഞ്ചു സ്ഥലത്തിനുവേണ്ടിയും പൊരുതണം. എന്നാൽ ലഹളയെ ഭയന്നോ കോടതി വിധിയെ ഭയന്നോ സംഗീതം നിർത്തുന്നതു് സ്വമതനിഷേധമാണു്.

## 31

എങ്കിലും ഈ പ്രശ്നത്തിനു് ഒരു മറുവശംകൂടിയുണ്ടു്. പള്ളിയുടെ സമീപത്തുകൂടി പ്രാർത്ഥനാസമയത്തുപോലും സംഗീതംനടത്തി കടന്നുപോകുന്നതു് ഒരു മതശാസനമാണോ? രാമായണപാരായണവും ഇത്തരമൊരാവശ്യമാണോ? മുസൽമാന്മാരെ ശുണ്ഠിപിടിപ്പിക്കാൻവേണ്ടിമാത്രം ഘോഷയാത്രകൾ സംഘടിപ്പിക്കുന്നതും പ്രാർത്ഥനാസമയത്തു് ആരതി ചെയ്യുന്നതും മതാവശ്യമാകകൊണ്ടല്ലാതെ കലഹസന്ദർഭമുണ്ടാക്കാൻവേണ്ടി രാമായണം വായിക്കുന്നതും ഇന്നു പതിവായിത്തീർന്നിരിക്കയാണെന്ന ആക്ഷേപത്തെപ്പററി എന്തു പറയുന്നു? സ്ഥിതി ഇതാണെങ്കിൽ അതിന്റെ ലക്ഷ്യത്തെ അതുതന്നെ പരാജയപ്പെടുത്തും; അഭിരുചിയില്ലാത്തതായതുകൊണ്ടു് കോടതിയുടെ ഒരു കല്പനയോ, ഒരു പട്ടാളപ്രകടനമോ, കുറെ കല്ലേറൊ ധർമവിരുദ്ധമായ ആ കാട്ടിക്കൂട്ടലിനു് അറുതിവരുത്തുകയും ചെയ്യും.

അതിനാൽ മതപരമായ ആവശ്യമുണ്ടെന്നു് വ്യക്തമായി തെളിയിക്കണം. ശുണ്ഠിപിടിപ്പിക്കലിന്റെ യാതൊരു ഛായയും ഉണ്ടാകരുതു്. പരസ്പരം ഒത്തുതീർപ്പിനു് ആത്മാർത്ഥമായി ശ്രമി

31. Young India, 22–10–1925 (Communal Unity, p. 120)

digitized by www .sreyas.in

ക്കണം. ഇതു സാദ്ധ്യമല്ലാത്തേടത്തു് എതിർകക്ഷിയുടെ അഭിലാഷങ്ങളെ വേണ്ടത്ര മാനിച്ചുകൊണ്ടു് ഏററവും ചുരുങ്ങിയ ആവശ്യം എന്താണെന്നു നിശ്ചയിച്ചു് കോടതിയുടെ ഇടപെടൽ തേടാതെ അഥവാ നിരോധകല്പന ഉണ്ടായാലും ആ ചുരുങ്ങിയ ആവശ്യത്തിനുവേണ്ടി സമരം ചെയ്യണം. താത്ത്വികകാര്യങ്ങളിൽ ദൗർബല്യത്തെയോ കീഴടങ്ങലിനെയോ പ്രോത്സാഹിപ്പിച്ചുവെന്നു, ഉപദേശിച്ചുവെന്നു, പരാതി എന്നെപ്പററി ആരും പറയരുതു്. എങ്കിലും ഓരോ നിസ്സാരകാര്യത്തെയും ഒരു തത്വമാക്കി വലുതാക്കരുതെന്നു ഞാൻ പറഞ്ഞിട്ടുണ്ടു്, വീണ്ടും പറഞ്ഞുകൊള്ളട്ടെ.

## ജി. ഗവർമെൻറു് ഉദ്യോഗങ്ങളിൽ പ്രാതിനിധ്യം

### 32

ഗവർമെൻറു ഡിപ്പാർട്ടുമെൻറുകളിലെ നിയമനത്തെ സംബന്ധിച്ചിടത്തോളം നാം അവിടെ സാമുദായികമനോഭാവം അവതരിപ്പിക്കുന്നതു ഗവർമെൻറിനു വിനാശകരമായിരിക്കുമെന്നു ഞാൻ കരുതുന്നു. ഭരണം നിപുണമാകണമെങ്കിൽ അതു് ഏററവുമധികം കഴിവുള്ളവരുടെ കൈകളിൽത്തന്നെയായിരിക്കണം. സ്വജനപക്ഷപാതം പാടില്ല, തീർച്ച. നമുക്കു് അഞ്ചു് എഞ്ചിനിയർമാരെ ആവശ്യമുണ്ടെങ്കിൽ, ഏററവും പ്രാപ്തിയുള്ള അഞ്ചുപേരെ എടുക്കണം—അഞ്ചുപേരും മുസൽമാന്മാരോ പാഴ്സികളോ ആണെങ്കിൽ പോലും. വേണ്ടിവന്നാൽ ഏററവും താണ ഉദ്യോഗത്തിനുപോലും. വ്യത്യസ്തസമുദായാംഗങ്ങൾ ഉൾപ്പെട്ട ഒരു നിഷ്പക്ഷബോർഡു നടത്തുന്ന പരീക്ഷ മുഖേന നിയമനം നടത്തണം. എങ്കിലും ഉദ്യോഗങ്ങൾ പങ്കിടുന്നതു് ഒരിക്കലും ഓരോ സമുദായത്തിലെയും ജനസംഖ്യയെ അടിസ്ഥാനമാക്കിയാകരുതു്. വിദ്യാഭ്യാസപരമായി പിന്നണിയിൽ നില്ക്കുന്ന സമുദായങ്ങൾക്കു ദേശീയഗവർമെൻറിൽ നിന്നു വിദ്യാഭ്യാസകാര്യത്തിൽ പ്രത്യേകാനുകൂല്യങ്ങൾ ലഭിക്കുവാൻ അവകാശമുണ്ടായിരിക്കും. ഇതു സഫലമായ രീതിയിൽ നേടാവുന്നതാണു്. എന്നാൽ രാജ്യത്തിലെ ഗവർമെൻറിൽ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ ലഭിക്കണമെന്നു് ആഗ്രഹിക്കുന്നവർക്കു്, ആവശ്യമുള്ള പരീക്ഷ പാസ്സായെങ്കിൽ മാത്രമേ അവ കിട്ടാവൂ.

### 33

എന്നാലും കുഴപ്പത്തിൻെറ ഇരിപ്പിടം പഞ്ചാബാണു്. ഗവർമെൻറുദ്യോഗങ്ങളിൽ ന്യായമായ ഒരംശം മുസൽമാന്മാർക്കു കൊടുക്കാൻ മി. ഫസൽ ഹുസ്സൈയിൻ വളരെ സങ്കോചത്തോടുകൂടി ശ്രമിക്കുന്നതിൽ ഹിന്ദുക്കൾ പ്രതിഷേധിച്ചിരിക്കുന്നുവെന്നു മുസൽമാന്മാർ പ

32. Young India, 29–5–1924 (Communal Unity, p. 61)
33. Young India, 29–5–1924 (Communal Unity, p. 44)

digitized by www .sreyas.in

പരാതി പറയുന്നു. ആ എഴുത്തിൽ കഠിനമായി പരാതിപ്പെടുന്നു, ഒരു ഹിന്ദു ഡിപ്പാർട്ടുമെൻറിൻെറ തലവനാണെങ്കിൽ അയാൾ ഗവർമെൻറുദ്യോഗങ്ങളിൽനിന്നു മുസൽമാന്മാരെ പുറംതള്ളുകയാണെന്നു്.

ഈ വടംവലിക്കുള്ള കാരണം കേവലം മതപരമല്ല, ഞാൻ ഉദ്ധരിച്ച ആക്ഷേപങ്ങൾ വ്യക്തിപരങ്ങളാണു്. എങ്കിലും പൊതുജനമനസ്സു് വ്യക്തിപരമായ അഭിപ്രായത്തിൻെറ പ്രതിഫലനമത്രേ.

## 34

എവിടെയെങ്കിലും ഒരു ന്യൂനപക്ഷത്തിനു സേവനത്തിൽനിന്നോ ഉദ്യോഗത്തിൽനിന്നോ ഉള്ള ലാഭത്തിൻെറ ന്യായമായ ഓഹരിയിൽ കുറച്ചധികം കിട്ടിപ്പോയാൽ എന്താണു്? ന്യൂനപക്ഷങ്ങൾക്ക പരിപൂർണ്ണമായ നീതിക്കു് അവകാശമുണ്ടു്. പ്രാപ്തിയും യോഗ്യതയും മാത്രമായിരിക്കണം അടിസ്ഥാനം. സ്വന്തം താത്പര്യത്തെ മുൻനിർത്തി ബ്രിട്ടീഷ്കാർ വളരെക്കാലമായി ന്യൂനപക്ഷങ്ങൾക്ക കൊടുത്തുപോന്ന ഉദ്യോഗങ്ങൾകൊണ്ടുള്ള ലാഭം ഇനി മേലിൽ ന്യൂനപക്ഷങ്ങളെ പ്രലോഭിപ്പിക്കരുതു്. ഇതൊക്കെ കൈക്കൂലിയുടെ രൂപത്തിലായിരുന്നുവെന്നു് അവർ മനസ്സിലാക്കണം.

## എച്ച്. വാണിജ്യത്തിൽ സാമുദായിക മനോഭാവം

## 35

പിന്നീടു ഗാന്ധിജി കൽക്കത്തയിലെ മുസ്ളീം വാണിജ്യമണ്ഡലത്തിൽനിന്നു കിട്ടിയ ഒരെഴുത്തിനെപ്പററിപ്പറഞ്ഞു. ആ മുസ്ളീം ചേമ്പറിൻെറ അംഗീകരണം പിൻവലിക്കുവാൻ ഗവർമെൻറു തീരുമാനിച്ചിരിക്കുന്നുവെന്നു സെക്രട്ടറി പരാതി പറയുന്നു. മുസ്ളീം ചേമ്പറിനോടു മാത്രമാണു് അങ്ങനെ ചെയ്യുന്നതെങ്കിൽ, പരാതി ഉചിതമാകും. എന്നാൽ യൂറോപ്യന്മാരുടെയും മാർവാഡികളുടെയും മററും വാണിജ്യമണ്ഡലങ്ങളുടെകൂടി അംഗീകാരം പിൻവലിച്ചെങ്കിൽ അദ്ദേഹം ആ നടപടിയെ നീതീകരിക്കേണ്ടതാണു്. ഒരു മതേതരസ്റ്റേററിൽ സമുദായപരിഷ്കരണത്തിനല്ലാതെയുള്ള സാമുദായികസംഘടനകൾക്ക തീർച്ചയായും സ്ഥാനമില്ല. മുമ്പത്തെ വിദേശ്യഗവർമെൻറിൽനിന്നു യൂറോപ്യൻ വാണിജ്യമണ്ഡലത്തിനു് അനർഹമായ അംഗീകരണം ലഭിച്ചുപോന്നു. അതിൻെറ വാഷികസമ്മേളനം ഒരു മഹാമഹമായിരുന്നു. വൈസ്രോയ്മാർ അതിൽവച്ചു പ്രധാന പ്രഖ്യാപനങ്ങൾ ചെയ്യാറുണ്ടു്. വമ്പിച്ച യൂറോപ്യൻ കച്ചവടസ്ഥാപനങ്ങൾ ഇവിടത്തെ ജനങ്ങളുമായി ഇണങ്ങി

---

34. Harijan, 27–4–1947 (Communal Unity, p. 675)
5. Harijan, 7–12–1947 (Communal Unity, p. 875)

digitized by www .sreyas.in

ച്ചേരുമെന്നും, ഇന്ത്യയുടെ മുഴുവൻ അഭിവൃദ്ധിയോടൊന്നിച്ചു സ്വന്തം അഭിവൃദ്ധിയും നേടുവാൻ അവ ശ്രമിക്കുമെന്നും അദ്ദേഹം ആശിക്കുന്നു. തങ്ങളുടെ പ്രത്യേകമായ ചേമ്പർ പിരിച്ചുവിടുവാൻ അദ്ദേഹം അവരെ ഉപദേശിച്ചു. ഹിന്ദുക്കളും മുസ്ളീങ്ങളും സിക്കുകാരും ക്രിസ്ത്യാനികളും പാഴ്സികളും യെഹൂദരും ആദ്യവും അവസാനവും ഇന്ത്യക്കാരായിരിക്കണം. മതം വ്യക്തിയുടെ സ്വന്തം കാര്യമാണു്; രാഷ്ട്രീയത്തിലോ ദേശീയ കാര്യങ്ങളിലോ അതു ചെലുത്തരുതു്.

## ഐ. വിഗ്രഹാരാധനയും ആരാധനാസ്ഥലങ്ങൾ അശുദ്ധമാക്കലും

### 36

ഹിന്ദുക്ഷേത്രങ്ങളെ അശുദ്ധമാക്കാനുള്ള ഈ ഭ്രാന്തിന്റെ പിന്നിൽ വ്യക്തമായും ഒരു സംഘടനയുണ്ടെന്നു് കഴിഞ്ഞാഴ്ച ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഇതിനു് ഒടുവിലത്തെ ഉദാഹരണം ഗുൽബർഗയാണു്. ഹിന്ദുക്കളുണ്ടാക്കിയ പ്രകോപനം—അങ്ങനെ വല്ലതുമുണ്ടായിരുന്നെങ്കിൽ—എന്തുതന്നെയായാലും, മുസൽമാന്മാർ കാട്ടിയ അക്രമത്തിൽ ദുശ്ശകുനസൂചകമായി എന്തോ ഉണ്ടു്. ക്ഷേത്രങ്ങളെ അലങ്കോലപ്പെടുത്തൽ ഒരു ചുററുപാടിലും നീതികരിക്കപ്പെട്ടുകൂടാ. ഷംഭാറിലെയും അമേഠിയിലെയും അക്രമങ്ങളെപ്പററി കേട്ടപ്പോൾ മൗലാനാ ഷൗക്കത്തലി രോഷാകുലനായി പറയുകയുണ്ടായി, ഹിന്ദുക്കൾ പ്രതിക്രിയയ്ക്കു് ഒരുങ്ങി എന്നെങ്കിലും മുസ്ളീം പള്ളികളെ മലിനപ്പെടുത്തിയെങ്കിൽ മുസൽമാന്മാർക്കു് അതിൽ ആശ്ചര്യം തോന്നരുതെന്നു്. മൗലാനയുടെ ശുണ്ഠിപിടിച്ച അഭിപ്രായം കേട്ടു് ഹിന്ദുക്കൾക്കു് അഭിമാനിക്കുകയോ സന്തോഷിക്കുകയോ ചെയ്യാം. എങ്കിലും ഞാൻ അങ്ങനെ ചെയ്യുന്നില്ല, ചെയ്യരുതെന്നു് ഹിന്ദുക്കളെ ഉപദേശിക്കുന്നുമുണ്ടു്. മുസൽമാന്മാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന മതഭ്രാന്തോടുകൂടിയ ഓരോ അക്രമത്തെക്കുറിച്ചും അവരിൽ മിക്കവർക്കും തോന്നുന്നതിലുമധികം വേദന എനിക്കു തോന്നുന്നുണ്ടെന്നു് അവർ അറിഞ്ഞിരിക്കട്ടെ. ഇക്കാര്യത്തിൽ എന്റെ ചുമതല എനിക്കു തികച്ചും അറിയാം. ഈ ലഹളകൾക്കു് ഞാനാണു കാരണമെന്നു് വളരെ ഹിന്ദുക്കൾക്കു തോന്നുന്നുണ്ടെന്നു് എനിക്കറിയാം. എന്തുകൊണ്ടെന്നാൽ മുസ്ളീങ്ങളുടെ ഉൽബുദ്ധതയ്ക്കു് ഞാനാണു് ഏററവുമധികം സഹായിച്ചതെന്നു് അവർ വാദിക്കുന്നു. ഈ ആക്ഷേപത്തെ ഞാൻ മാനിക്കുന്നു. ഈ സാഹചര്യത്തെപ്പററി എനിക്കു പശ്ചാത്താപമില്ലെങ്കിലും ഈ വാദത്തിന്റെ ശക്തി ഞാൻ മനസ്സിലാക്കുന്നുണ്ടു്. തന്നിമിത്തം മററു കാരണമൊ

36. Young India, 28-8-1924 (Communal Unity, p. 71)

digitized by www .sreyas.in

നാമില്ലെങ്കിൽ കൂടുതൽ ഉത്തരവാദിത്വമുണ്ടെന്ന ഈ കാരണം കൊണ്ടെങ്കിലും ഈ അലങ്കോലപ്പെടുത്തലുകളെക്കുറിച്ച് എനിക്കു മിക്ക ഹിന്ദുക്കളേക്കാളും വേദന തോന്നേണ്ടതാണ്. ആ ശബ്ദത്തിന്റെ ശരിയായതെന്ന് എനിക്കു തോന്നുന്ന അർത്ഥത്തിൽ ഞാൻ ഒരു വിഗ്രഹാരാധകനും വിഗ്രഹധ്വംസകനുമാണ്. വിഗ്രഹത്തിന്റെ പുറകിലുള്ള ചൈതന്യത്തെയാണ് ഞാൻ വിലമതിക്കുന്നത്. മനുഷ്യജാതിയുടെ സമുദ്ധരണത്തിൽ അതിനു സുപ്രധാനമായ ഒരു പങ്കുണ്ട്; നമ്മുടെ ഈ രാജ്യത്തെ പുണ്യമാക്കിത്തീർക്കുന്ന അനേകായിരം പുണ്യക്ഷേത്രങ്ങളെ എന്റെ ജീവൻകൊണ്ട് രക്ഷിക്കാനുള്ള ശക്തി എനിക്കുണ്ടായാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. എന്റെ വിഗ്രഹങ്ങളോടും ക്ഷേത്രങ്ങളോടും പരിപൂർണമായ സഹിഷ്ണുത കാണിക്കണമെന്ന നിശ്ചയം മുസൽമാന്മാരുമായുള്ള എന്റെ സഖ്യത്തിന്റെ പുറകിലുണ്ട്. ഈശ്വരനെ സ്വന്തം രീതിയിലല്ലാതെ ആരാധിക്കുന്നതിൽ യാതൊരു പുണ്യവും കാണാൻ കൂട്ടാക്കാതിരിക്കുകയെന്ന മതഭ്രാന്തിന്റെ രൂപത്തിലുള്ള സൂക്ഷ്മതരമായ വിഗ്രഹാരാധനയെ തകർക്കുന്ന എന്ന അർത്ഥത്തിലാണ് ഞാനൊരു വിഗ്രഹധ്വംസകനായിട്ടുള്ളത് ഈശ്വരനെന്നുവച്ചാൽ ഒരു കഷണം കല്ലോ ഒരു സ്വർണപ്രതിമയോ ആണെന്നു കരുതുന്നതിലുള്ള സ്ഥൂലമായ വിഗ്രഹാരാധനയെക്കാൾ എത്രയോ അധികം മാരകമാണ് ഇത്തരം വിഗ്രഹാരാധന. കാരണം ഇതു കൂടുതൽ സൂക്ഷ്മവും പിടികിട്ടാത്തതുമാണ്.

മുസൽമാന്മാർ, തത്കാലം ആവശ്യമുള്ളതുകൊണ്ടോ ഒരു നയമെന്ന നിലയ്ക്കോ അല്ലാതെ, മററുള്ളവരുടെ മതത്തോട് അവർ അതു ശരിയായ മതമാണെന്നു കരുതുന്നിടത്തോളം കാലം സഹിഷ്ണുത കാണിക്കേണ്ടതു് ഹിന്ദുമുസ്ലീം മൈത്രിക്ക് ആവശ്യമാണ്. മററുള്ളവരുടെ മതങ്ങൾ തങ്ങൾക്കെത്രതന്നെ അരോചകമായിത്തോന്നിയാലും അവയോടു സഹിഷ്ണുത കാണിക്കേണ്ടതു് ഇതുപോലെതന്നെ ഹിന്ദുക്കളുടെയും ചുമതലയാണ്. അതിനാൽ പ്രതികാരം ചെയ്യുകയെന്ന വിചാരം ഹിന്ദുക്കൾ ഉപേക്ഷിക്കണം.

## 37

ചോദ്യം: ഞാനൊരു ഹിന്ദുവിദ്യാർത്ഥിയാണ്. ഞാനൊരു മുസ്ലിമുമായി വലിയ സ്നേഹത്തിലായിരുന്നു. പക്ഷേ, ഇപ്പോൾ വിഗ്രഹാരാധനയുടെ കാര്യം സംബന്ധിച്ച ഞങ്ങൾ പിണങ്ങിയിരിക്കുന്നു. വിഗ്രഹാരാധനകൊണ്ട് എനിക്കു വലിയ മനസ്സമാധാനം ലഭിക്കുന്നുണ്ട്. എന്നാലും എന്റെ മുസ്ലീംസുഹൃത്തിനു തൃപ്തികരമായ മറുപടി നൽകാൻ എനിക്കു കഴിയുന്നില്ല. വിഗ്രഹാരാധനയെപ്പററി താങ്കൾ ഹരിജനിൽ എന്തെങ്കിലും എഴുതുമോ?

37. Harijan, 9–3–1940 (Communal Unity, p. 285)

digitized by www .sreyas.in

ഉത്തരം: എനിക്ക നിങ്ങളോടും നിങ്ങളുടെ മുസ്ലീം സുഹൃത്തിനോടും സഹതാപമുണ്ട്. ഈ വിഷയത്തെപ്പററി ഞാൻ യങ് ഇന്ത്യയിൽ എഴുതിയിട്ടുള്ളതു വായിക്കാൻ ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു. എന്നിട്ട നിങ്ങൾക്ക് അല്പമെങ്കിലും തൃപ്തിവന്നെങ്കിൽ, നിങ്ങളുടെ മുസ്ലീം സുഹൃത്തും അതു വായിക്കട്ടെ. നിങ്ങളുടെ സ്നേഹിതന നിങ്ങളോട് അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ വിഗ്രഹാരാധനയെക്കുറിച്ചുള്ള അവജ്ഞ അയാൾ ഇല്ലാതാക്കും, അഭിപ്രായത്തിലും പെരുമാററത്തിലും ഐക്യം വേണമെന്നു നിർബന്ധിക്കുന്ന സൗഹാർദം ഏറെ വിലപ്പെട്ട ഒന്നല്ല. ജീവിതരീതികൾ വിഭിന്നങ്ങളാണെങ്കിലും സുഹൃത്തുക്കൾ പരസ്പരം അവയെ പൊറുക്കണം—അവ മൗലികങ്ങളല്ലെങ്കിൽ. നിങ്ങൾ വിഗ്രഹാരാധകനാനാകകൊണ്ട്, നിങ്ങളുമായുള്ള സമ്പർക്കം പാപകരമാണെന്നു നിങ്ങളുടെ സുഹൃത്തു കരുതുന്നുണ്ടാവാം. വിഗ്രഹാസക്തി നന്നല്ല, വിഗ്രഹാരാധന അങ്ങനെയല്ല. വിഗ്രഹാസക്തൻ വിഗ്രഹത്തെ അന്ധമായ ആരാധനയ്ക്ക് പാത്രമാക്കുന്നു; വിഗ്രഹാരാധകൻ കല്ലിൽപോലും ഈശ്വരനെ കാണുന്നു; തന്നിമിത്തം ഈശ്വരനുമായുള്ള തന്റെ ഐക്യം ഉറപ്പിക്കുവാൻ വിഗ്രഹത്തിന്റെ സഹായം തേടുന്നു. വാരാണസിയിലെ വിഖ്യാതമായ ക്ഷേത്രത്തിലെ ആ ശിലയല്ലാ കാശിവിശ്വനാഥനെന്ന് ഓരോ ഹിന്ദുബാലനും അറിയാം. എന്നാലും വിശ്വനാഥൻ ആ കല്ലിൽ കുടികൊള്ളുന്നുണ്ടെന്ന് അവൻ വിശ്വസിക്കുന്നു. ഈ സങ്കൽപം അനുവദിക്കാവുന്നതാണ്. ആരോഗ്യകരവുമാണ്. പുസ്തകശാലയിൽ കാണുന്ന ഗീതയുടെ ഓരോ കോപ്പിക്കും എന്റെ കോപ്പിക്ക ഞാൻ ആരോപിക്കുന്ന പരിപാവനത്വമില്ല. മറേറതു കോപ്പിക്കുമുള്ളതിലേറെ പരിപാവനത്വം എന്റെ കോപ്പിക്കില്ലെന്നു യുക്തി നമ്മോടു പറയുന്നു. പരിപാവനത എന്റെ സങ്കല്പത്തിലാണ്. എങ്കിലും ആ സങ്കൽപം അത്ഭുതഫലങ്ങൾ ഉളവാക്കുന്നു. അതു മനുഷ്യജീവിതങ്ങളെ മാററിമറിക്കുന്നു. നാം അതു സമ്മതിച്ചാലും ഇല്ലെങ്കിലും എന്റെ അഭിപ്രായം നമ്മളെല്ലാം വിഗ്രഹാരാധകരാണെന്നാണ്, അഥവാ, ഞാൻ ചൂണ്ടിക്കാണിച്ച വ്യത്യാസം അനുവദിക്കപ്പെടുന്നില്ലെങ്കിൽ, വിഗ്രഹാസക്തരാണെന്നാണ്. ഒരു പുസ്തകം ഒരു കെട്ടിടം, ഒരു ചിത്രം ഒരു കൊത്തുപണി—ഇവയെല്ലാം ഈശ്വരൻ അധിവസിക്കുന്ന വിഗ്രഹങ്ങളാണ്; എങ്കിലും അവ ഈശ്വരനല്ല. അങ്ങനെയാണെന്നു പറയുന്നവർ തെററാണു ചെയ്യുന്നതു്.

## 38

നാം നമ്മുടെ മനുഷ്യത്വം മറന്ന് അടിക്കു പകരം അടി കൊടുക്കണമോ? വഴിപിഴച്ച ഒരു വ്യക്തി ക്ഷേത്രം മലിനമാക്കുകയും

38. Harijan, 30–3–1947 (Communal Unity, p. 559)

digitized by www .sreyas.in

ബിംബങ്ങൾ തകർക്കുകയും ചെയ്താൽ അതിനു പ്രതികാരമായി ഹിന്ദു, പള്ളിയെ അശുദ്ധമാക്കണമോ? ക്ഷേത്രത്തെ രക്ഷിക്കുവാനോ ഹിന്ദുമതത്തിന്റെ ഗുണം രക്ഷിക്കുവാനോ അതു വല്ല പ്രകാരത്തിലും സഹായിച്ചുവോ? വ്യക്തിപരമായി താനൊരു വിഗ്രഹാരാധകനും വിഗ്രഹഭഞ്ജകനുമാണെന്നു ഗാന്ധിജി പറഞ്ഞു. സദസ്സിലുള്ളവർ മുഴുവൻ, അവർ ഹിന്ദുക്കളായാലും മുസ്ളീങ്ങളായാലും മററാരായാലും അപ്രകാരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു—അവർ അതു സമ്മതിച്ചാലും ഇല്ലെങ്കിലും. മനുഷ്യജാതി പ്രതിരൂപങ്ങൾക്കുവേണ്ടി ദാഹിക്കുന്ന ഒന്നാണെന്ന് അദ്ദേഹത്തിന്നറിയാം. മുസ്ലീംപള്ളികളും ക്രിസ്ത്യൻപള്ളികളും ക്ഷേത്രങ്ങളെപ്പോലെതന്നെയല്ലേ? ഈശ്വരൻ സർവത്രയുണ്ട്. മരത്തിലും കല്ലിലും മനുഷ്യശരീരത്തിലെ ഓരോ രോമത്തിലും. എങ്കിലും ചില സ്ഥലങ്ങൾക്കും സാധനങ്ങൾക്കും മനുഷ്യൻ കൂടുതൽ പ്രാധാന്യം കൽപിച്ചിട്ടുണ്ട്. ഈ മനോവൃത്തി ബഹുമാനാർഹമാണ്. മററുള്ളവരുടെ ഇത്തരം സ്വാതന്ത്ര്യത്തെ അതു കുറയ്ക്കുന്നില്ലെങ്കിൽ എവിടെയെങ്കിലും നിർബന്ധമുണ്ടെങ്കിൽ അവർ സൗമ്യമായും സുദൃഢമായും അവിടെ അതിനു വഴങ്ങാതിരിക്കണമെന്നാണ് ഓരോ ഹിന്ദുവിനും മുസ്ളീമിനും ഗാന്ധിജി നൽകുന്ന ഉപദേശം. സ്വന്തം നിലയ്ക്കു വിഗ്രഹാരാധനയ്ക്കുള്ള തന്റെ സ്വാതന്ത്ര്യം നിയന്ത്രിക്കുന്നതിനെ പൊറുക്കുന്നതിനേക്കാൾ അദ്ദേഹം ചെയ്യുക വിഗ്രഹത്തെ കെട്ടിപ്പിടിച്ച് അതിനെ രക്ഷിക്കുവാൻവേണ്ടി സ്വജീവൻ ബലിയർപ്പിക്കുകയാണ്. ഹിംസാത്മകമായ ചെറുക്കലിന്ന് ആവശ്യമുള്ളതിലുമധികം ധൈര്യം ഇതിനുവേണം.

## ജെ. സാമൂഹ്യസമ്പർക്കം

### 39

മുസൽമാനെ അയിത്തക്കാരനായി ഹിന്ദുക്കൾ കരുതുന്നതു പാപമാണെന്നു ഞാൻ വിചാരിക്കുന്നു; ഹിന്ദുക്കൾ അപ്രകാരം ചെയ്യരുതു്. മുസൽമാൻ പശുവിനെ കൊല്ലുന്നവനായാലും, കൊല്ലാത്തവനായാലും ഹിന്ദുക്കളിൽപ്പെട്ട നാലു വർണ്ണക്കാർ പരസ്പരം എത്രമാത്രം അയിത്തക്കാരായി കരുതുന്നുവോ അതിലേറെ ഒരു ഹിന്ദുവിനു മുസൽമാൻ അയിത്തക്കാരനായിരിക്കരുതു്; ഈ സംഗതികൾ മൗലികപ്രമാണങ്ങളാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇസ്ലാമിനെയോ അഹിന്ദുക്കളെയോ വെറുക്കണമെന്നു ഹിന്ദുമതം പഠിപ്പിച്ചാൽ ഹിന്ദുമതം നശിക്കും. ഓരോ സമുദായവും മററുള്ളവരോടു വിലപേശാതെ സ്വന്തം നില പരിശുദ്ധമാക്കിവയ്ക്കണം.

39. Young India, 18–9–1924 (Communal Unity, p. 78)

digitized by www .sreyas.in

## 40

മുസ്ലീംലീഗ് എന്തു ചെയ്താലും ചെയ്തില്ലെങ്കിലും ചിന്താശീലരായ ഹിന്ദുക്കൾ അവരർഹിക്കുന്ന ശകാരം ശ്രദ്ധിക്കുകയും മററെല്ലാവരേയും പുറംതള്ളുന്ന ഹിന്ദുമതത്തിന്റെ ഈ രീതി ഉപേക്ഷിക്കയും വേണം. പ്രാചീനഹിന്ദുമതത്തിലോ യുക്തിയിലോ സ്ഥനമില്ലാത്ത ബാഹ്യപ്രാകാരങ്ങൾകൊണ്ടു ഹിന്ദുമതം സംരക്ഷിക്കപ്പെടുകയില്ല. ഹിന്ദുചായ മുസ്ലീംചായ എന്നും അഥവാ ഹിന്ദു 'പാണി' മുസ്ലീം 'പാണി' എന്നും റെയിൽവേസ്റ്റേഷനുകളിൽ വിളിച്ചുപറയുന്നതു കേൾക്കുമ്പോൾ തനിക്കു വലിയ വേദന തോന്നാറുണ്ടെന്നു മൗലാനാ അബ്ദുൾകലാം ആസാദ് ഇയ്യിടെ പറഞ്ഞതു ശരിയാണ്. ഇന്നു് ആചരിച്ചുവരുന്ന ഹിന്ദുമതത്തിൽ ഈ തൊട്ടുകൂടാമനോഭാവം ദ്രുഢമൂലമാണെന്നു് എനിക്കറിയാം. എങ്കിലും കോൺഗ്രസ്സ്കാർ അതു പൊറുക്കുന്നതിനു യാതൊരു ന്യായവുമില്ല. അവർ വേണ്ടതുപോലെ പെരുമാറിയാൽ ഹിന്ദുസമുദായത്തിന്റെ മൗലികമായ രൂപാന്തരീകരണത്തിനുള്ള വഴി അവർ ഉറപ്പിക്കും, അയിത്തോച്ചാടനസന്ദേശം അയിത്തക്കാരെന്നു വിളിക്കപ്പെടുന്നവരെ തൊട്ടതുകൊണ്ടുമാത്രം അവസാനിക്കുന്നില്ല. അതിനു കൂടുതൽ അഗാധമായ ഒരർത്ഥമുണ്ടു്.

## 41

റെയിൽവേസ്റ്റേഷനുകളിൽ ഹിന്ദുചായയും മുസ്ലീം ചായയും വിൽക്കപ്പെടുന്നുണ്ടു്. ഈ രണ്ടു സമുദായങ്ങൾക്കും ഭക്ഷണത്തിനു് വേറെവേറെ ഏർപ്പാടുകൾ ചിലപ്പോൾ ചെയ്യാറുണ്ടു്. ഹരിജനങ്ങൾക്കു് ഒന്നുമുള്ളതായിത്തോന്നുന്നില്ല. ഇതെല്ലാം നമ്മുടെ ശോച്യാവസ്ഥയുടെ അടയാളമാണ്; ബ്രിട്ടീഷ് ഭരണത്തിനൊരു കളങ്കമാണിതു്. മതകാര്യങ്ങളിൽ അവർ ഇടപെടാതിരിക്കുന്നതിന്റെ കാരണം മനസ്സിലാക്കാൻ കഴിയും. എന്നാൽ രണ്ടു സമുദായങ്ങൾക്കു് ഇങ്ങനെ പ്രത്യേക ചായയും പ്രത്യേക വെള്ളവും ഏർപ്പാടു ചെയ്യുന്നതു ഛിദ്രവാസനയെ അനുഗ്രഹിക്കലാണ്. റെയിൽവേകളും റെയിൽവേ യാത്രയും ഒരു സുവർണാവസരം നൽകുന്നുണ്ടു്. സമുദായപരിഷ്കരണത്തിനും ജനങ്ങളെ ആരോഗ്യശാസ്ത്രവും ശുചീകരണവും സദാചാരങ്ങളും സാമുദായികമൈത്രിയും പഠിപ്പിക്കുന്നതിനും അതു് ഉപയോഗപ്പെടുത്തേണ്ടതാണ്. അതിനുപകരം ഈ ഒഴിച്ചുകൂടാത്ത കാര്യങ്ങളുടെ നേരെ തനി അശ്രദ്ധയും ഉദാസീനതയുമാണുള്ളതു്. ദുശ്ശീലങ്ങളുടെയും ദുരാചാരങ്ങളുടെയും ശക്തി കൂട്ടുവാനാണു് കുറയുവാനല്ല റെയിൽവേയാത്ര ഉപകരിക്കുന്നതു്. ഒന്നും രണ്ടും ക്ലാസ്സുകാരെ അത്യന്തം താലോലിക്കുകയാണ്. ആഡംബരശീല

---

40. Harijan, 1–6–1940 (Communal Unity, p 314)
41. Harijan, 17–3–1946 (Communal Unity, p. 393)

digitized by www .sreyas.in

ങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുകയാണ്. ആരെ ആശ്രയിച്ചാണോ റെയിൽവേയുടെ മുതലെടുപ്പു നിൽക്കുന്നത്, ആ മൂന്നാം ക്ളാസ്സുകാർക്ക് പ്രാഥമിക സൗകര്യങ്ങൾപോലുമില്ല. എല്ലാത്തരം ബുദ്ധിമുട്ടുകളുമുണ്ടുതാനും. രണ്ടിടത്തും ദൗർബല്യം ചൂഷണം ചെയ്യപ്പെടുകയാണ്. ഇതിനുപുറമെ റെയിൽവേ അധികൃതന്മാർ ചിദ്രവാസനയേയും അയിത്തത്തേയും അംഗീകരിക്കുമ്പോൾ സ്ഥിതി പാടെ ദുസ്സഹമാണ്. നിയന്ത്രണങ്ങൾ തൻെറമേൽത്തന്നെ വച്ചുകെട്ടാൻ എന്തെങ്കിലും യാത്രക്കാരൻ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾക്കു യഥേഷ്ടം അപ്രകാരം ചെയ്യാം. വേണമെങ്കിൽ പട്ടിണിയും ദാഹവും സഹിക്കാം. പക്ഷേ അയാൾ റെയിൽവേ അധികൃതന്മാരിൽനിന്നു പ്രത്യേക സൗകര്യങ്ങൾ ആവശ്യപ്പെടരുത്.

സസ്യഭുക്കുകൾക്കു സസ്യഭക്ഷണം കിട്ടണമെന്നതു വേറെ കാര്യം. അതിപ്പോഴും കൊടുത്തുപോരുന്നുണ്ട്.

## കെ. മതപരിവർത്തനം

### 42

മാപ്പിളലഹള ഹിന്ദുമുസ്ളീംമൈത്രിയെ എങ്ങനെ ബാധിക്കുന്നുവെന്നതിനെക്കുറിച്ച് ഒരു സുഹൃത്തയച്ച എഴുത്തു ഞാൻ എൻെറ ഭാഷയിൽ ഇപ്രകാരം മാററിയെഴുതുന്നു.

ഹിന്ദുമുസ്ളീം മൈത്രിയിൽ ഉറച്ച വിശ്വാസമുള്ള ഒരുവനാണു ഞാൻ. പക്ഷേ ഈ മാപ്പിളലഹള എന്നിൽ സംശയങ്ങൾ ഉളവാക്കിയിരിക്കുന്നു. ഖിലാഫത്തിൽ വിജയമെന്നുവച്ചാൽ ഇസ്ളാമിനു ശക്തിയെന്നാണർത്ഥം. ഇസ്ളാമിനു ശക്തിയെന്നുവച്ചാൽ മതം മാററാനുള്ള ശ്രമങ്ങൾ എന്നും അർത്ഥമാണ്. വാളോ ഇസ്ളാമോ വേണ്ടതു് എന്നു നമ്മോടു പലപ്പോഴും ചോദിച്ചിട്ടില്ലേ? മാപ്പിളമാരെപ്പോലുള്ളവർക്ക് അഹിംസയുടെ സൗന്ദര്യം കാണാൻ കഴിയുമോ? സ്വന്തം മതതാൽപര്യത്തിനുവേണ്ടി അവർ അഹിംസയെ മാനിച്ചാൽത്തന്നെ മതം പ്രചരിപ്പിക്കുവാൻവേണ്ടി അവർ ഹിംസ പ്രയോഗിക്കുകയില്ലേ? ഹിന്ദുമുസ്ളീം മൈത്രിയുടെ ആവശ്യകതയിൽ എനിക്കിപ്പോഴും വിശ്വാസമുണ്ട്. എങ്കിലും ഞാൻ ഉന്നയിച്ച ചോദ്യങ്ങൾ പ്രസക്തങ്ങളാണെന്നു താങ്കൾക്കു തോന്നുന്നില്ലേ?'

ഈ ലേഖകനേപ്പോലെ തൻേറടമുള്ള ഒരാൾക്കു തോന്നിയവയാണ് എന്നതുകൊണ്ടു മാത്രമെങ്കിലും ഈ ചോദ്യങ്ങൾ പ്രസക്തങ്ങളാണ്. എങ്കിലും ഈ പ്രശ്നത്തെക്കുറിച്ച് ആകമാനം ഒരബദ്ധധാരണയുണ്ട്. ഇസ്ളാമിൻെറ അടിസ്ഥാനം ബലപ്രയോഗമാണെങ്കിൽ ഖിലാഫത്തിനുവേണ്ടി നാം വാദിച്ചതു തെററാവും. മതം

42. Young India, 29–9–1921 (Communal Un ity, p. 19)

മാററത്തിനുവേണ്ടി ബലം പ്രയോഗിക്കുന്നതിനെ അനുകൂലിക്കുന്നതായി ഖുറാനിൽ യാതൊന്നുംതന്നെയില്ല. ആ പുണ്യഗ്രന്ഥം ഏററവും വ്യക്തമായ ഭാഷയിൽ പറയുന്നു: 'മതത്തിൽ നിർബന്ധമില്ല.' മതകാര്യത്തിൽ നിർബന്ധം ചെലുത്തുന്നതിനെ നിഷേധിക്കുന്ന മട്ടിലുള്ളതാണ് പ്രവാചകന്റെ ജീവിതം മുഴവൻ. എന്റെ അറിവിൽപെട്ടിടത്തോളം ഒരൊററ മുസൽമാനും നിർബന്ധത്തിനു് അനുമതി നൽകിയിട്ടില്ല. ഇസ്ലാം അതിന്റെ പ്രചരണത്തിനു് ബലപ്രയോഗത്തെ ആശ്രയിച്ചാൽ അതു ലോകത്തിലെ പ്രധാന മതങ്ങളിൽ ഒന്നല്ലാതായിത്തീരും.

രണ്ടാമതു്, ചരിത്രപരമായി പറകയാണെങ്കിൽ, ബലംപ്രയോഗിച്ചു് ഇസ്ലാമിലേക്കു് മതംമാററം നടത്തിയെന്ന ആക്ഷേപം അതിന്റെ അനുയായികളുടെ പേരിൽ പരക്കെ തെളിയിക്കാനാവില്ല. ബലം പ്രയോഗിച്ചു് മതംമാററാൻ ശ്രമങ്ങളുണ്ടായിട്ടുള്ളപ്പോഴെല്ലാം ഉത്തരവാദപ്പെട്ട മുസൽമാന്മാർ അത്തരം മതംമാററങ്ങളെ എതിർത്തിട്ടുണ്ടു്.

## 43

ശുദ്ധി അഥവാ മതംമാററപ്രസ്ഥാനം നടത്തപ്പെടുന്ന രീതിയാണു് സംഘർഷാവസ്ഥയെ നിലനിർത്തിപ്പോരുന്നതു്. ക്രിസ്തുമതത്തിലോ കുറെ ചുരുങ്ങിയ തോതിൽ ഇസ്ലാമിലോ അറിയപ്പെടുന്നതുപോലുള്ള മതപരിവർത്തനമെന്നൊ, എന്റെ അഭിപ്രായത്തിൽ, ഹിന്ദുമതത്തിലില്ല. ആര്യസമാജം അതിന്റെ പ്രചാരവേലയിൽ ക്രിസ്ത്യാനികളെ അനുകരിക്കുകയാണെന്നു് എനിക്കു തോന്നുന്നു. ഈ പുതിയ സമ്പ്രദായം എനിക്കു പിടിക്കുന്നില്ല. എന്റെ ഹിന്ദുബുദ്ധി എന്നോടു പറയുന്നു, എല്ലാ മതങ്ങളും ഏറെക്കുറെ സുബദ്ധങ്ങളാണെന്നു്. എല്ലാം ഒരേ ഈശ്വരനിൽ നിന്നുണ്ടായവയാണു്; അപൂർണ്ണരായ മനുഷ്യരിലൂടെ കൈവന്നവയാകകൊണ്ടു് എല്ലാം അപൂർണ്ണങ്ങളുമാണു്. സ്വന്തം മതത്തിൽ നിന്നുകൊണ്ടു് പരിപൂർണ്ണതയിൽ എത്താനുള്ളതായിരിക്കണം ശുദ്ധിപ്രസ്ഥാനം. ഇത്തരമൊരു പദ്ധതിയിൽ സ്വഭാവശുദ്ധിയുണ്ടോ എന്നുമാത്രമായിരിക്കും നോട്ടം. ധാർമികോൽകർഷമുണ്ടാകുന്നില്ലെങ്കിൽ പിന്നെ ഒരു മതത്തിൽനിന്നു് മറെറാന്നിലേക്കു കടന്നതുകൊണ്ടെന്താണു് പ്രയോജനം? എന്റെ സമുദായത്തിൽപ്പെട്ടവർ ദിവ്യസേവനസ്വകർമ്മങ്ങൾകൊണ്ടു് ഈശ്വരനെ നിഷേധിച്ചുകൊണ്ടിരിക്കുമ്പോൾ ഈശ്വരസേവനത്തിനുവേണ്ടി എന്റെ മതത്തിലേക്കു് ആളുകളെ മതംമാററുന്നതിന്നെന്താണർത്ഥം? (ഈശ്വരസേവനമായിരിക്കണമല്ലോ ശുദ്ധിയുടെ ആന്തരോദ്ദേശ്യം). 'വൈദ്യരേ, സ്വന്തം രോഗം മാററൂ' എന്ന ചൊല്ലു് ലൗകികകാര്യങ്ങളിലേക്കാളേറെ മത-

43. Young India, 29-5-1924 (Communal Unity, pp. 56-75)

digitized by www .sreyas.in

പരമായ കാര്യങ്ങളിൽ സത്യമാണ്. പക്ഷേ, ഇതെല്ലാം എന്റെ അഭിപ്രായങ്ങളാണ്. സ്വന്തം മനസ്സാക്ഷിയുടെ ആഹ്വാനമുണ്ടെന്ന് ആര്യസമാജക്കാർക്ക് തോന്നുകയാണെങ്കിൽ, ആ പ്രസ്ഥാനം നടത്താൻ അവർക്ക് പൂർണാവകാശമുണ്ട്. ഉജ്ജ്വലമായ അത്തരം ഒരാഹ്വാനം യാതൊരതിർത്തിയേയും അനുഭവം ഉളവാക്കുന്ന യാതൊരു നിയന്ത്രണത്തേയും മാനിക്കുകയില്ല. ഓരാര്യസമാജക്കാരനോ ഒരു മുസൽമാനോ ആത്മാവിന്റെ വിളിയനുസരിച്ച് തന്റെ മതം പ്രസംഗിക്കുന്നതുകൊണ്ട് ഹിന്ദുമുസ്ലീം മൈത്രിക്കു കോട്ടം തട്ടുമെങ്കിൽ, ആ മൈത്രി തൊലിപ്പുറമേയുള്ളതാണ്.

## 44

'സ്വന്തം ഇഷ്ടത്തിന്നെതിരായി നിർബന്ധപ്രകാരം തട്ടിക്കൊണ്ടുപോകപ്പെടുകയോ, മതംമാററം ചെയ്യപ്പെടുകയോ, വിവാഹം നടത്തപ്പെടുകയോ ചെയ്യവരുടെ കാര്യമോ?' ഈ ചോദ്യം മററനേകം ആളുകളെയെന്നപോലെ ഗാന്ധിജിയേയും അലട്ടിക്കൊണ്ടിരിക്കുന്നുണ്ട്... തന്നോടു ചോദിച്ച ഈ ചോദ്യത്തിനു മറുപടിയായി ഗാന്ധിജി ഓക്ടോബർ 20–ാം തീയതി ഞായറാഴ്ച പ്രാർത്ഥനായോഗത്തിൽവച്ചു പറഞ്ഞു, നിർബന്ധിച്ചുചെയ്ത മതംമാററം മതംമാററമല്ലെന്നും, തട്ടിക്കൊണ്ടുപോകൽ അപ്രകാരം ചെയ്യപ്പെട്ട പെൺകുട്ടിക്ക് സ്വന്തം കുടുംബത്തിലേക്കു മടങ്ങിവരാൻ തടസ്സമല്ലെന്നും ഇത്തരം സംഗതികളിൽ ശുദ്ധീകരണമോ, പ്രായശ്ചിത്തമോ ഒന്നും ആവശ്യമില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇത്തരക്കാർ പ്രായശ്ചിത്തം ചെയ്യണമെന്ന് ഹിന്ദുസമുദായം വിധിച്ചതു് തെററായിപ്പോയി. അവർ അപരാധമൊന്നും ചെയ്തിട്ടില്ല. അദ്ദേഹം വളരെക്കാലം മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും ഇടയിൽ താമസിച്ചിട്ടുണ്ട്. അവരെല്ലാം അദ്ദേഹത്തിനോടു് ഊന്നിപ്പറഞ്ഞിട്ടുണ്ട് മതത്തിൽ നിർബന്ധം പാടില്ലെന്ന്. നിർബന്ധം പ്രയോഗിക്കുന്നവർ മതവിശ്വാസികളെന്നു വിളിക്കപ്പെടുവാൻ അർഹരല്ല. ഈശ്വരൻ ഒന്നേയുള്ളുവെന്നും, രണ്ടാമതൊന്നില്ലെന്നും, മൊഹമ്മദ് അദ്ദേഹത്തിന്റെ ദൂതന്മാരിൽ ഒരുവനാണെന്നും വിശ്വസിക്കുന്ന അദ്ദേഹവും, അദ്ദേഹത്തിന്റെ മുമ്പാകെയുള്ള സദസ്യരുമെല്ലാം ഒരർത്ഥത്തിൽ മുസ്ലീങ്ങളാണ്. എന്നാൽ കലീമാ ചൊല്ലുവാൻ ആരെങ്കിലും അദ്ദേഹത്തെയോ അവരെയോ നിർബന്ധിച്ചാൽ, അവർ അതിനു പാടേ വിസമ്മതിക്കുകയും അതിന്റെ ഭവിഷ്യത്തുകൾ അനുഭവിക്കുകയും ചെയ്യും.

കിഴക്കൻ ബങ്കാളിലെ ലഹളബാധിതപ്രദേശങ്ങളിൽനിന്നു റിപ്പോർട്ടു ചെയ്യപ്പെട്ട തരത്തിലുള്ള പ്രവൃത്തികളെ നല്ല മുസ്ലീങ്ങളെല്ലാം എതിർക്കുമെന്നാണ് അദ്ദേഹത്തിന്റെ ഹൃദയപൂർവമായ പ്രതീക്ഷ.

44. Harijan, 3–11-1946 (Communal Unity, p. 401)

digitized by www .sreyas.in

## എൽ. സ്ത്രീകളുടെമേൽ കൈയേററം

### 45

ഹിന്ദു സ്ത്രീകളുടെമേൽ നടത്തിയ അക്രമങ്ങളെപ്പററി കിഴക്കൻ ബങ്കാളിൽനിന്നു റിപ്പോർട്ടു ചെയ്യപ്പെട്ട വിവരങ്ങൾ പകുതി സത്യമാണെങ്കിൽത്തന്നെ അസ്വാസ്ഥ്യജനകങ്ങളാണ്. ഈ സന്ദർഭത്തിൽ ഇത്തരം പൊട്ടിത്തെറിക്കലിൻെറ കാരണം മനസ്സിലാക്കാൻ പ്രയാസമുണ്ട്. ഈ സഹോദരിമാരുടെ സംരക്ഷകരായ ഹിന്ദുക്കളുടെ ഭീരുത്വത്തെപ്പററി അടക്കത്തോടുകൂടി (മിതമായ ഭാഷയിൽ) എന്തെങ്കിലും പറയാനും പ്രയാസമുണ്ട്. നിർദ്ദോഷരായ സ്ത്രീകളെ ആക്രമിക്കുവാൻതക്കവണ്ണം ആളുകളെ ഭ്രാന്തരാക്കിത്തീർത്ത കാമവികാരത്തെ വർണ്ണിക്കലും എളുപ്പമല്ല. ശിക്ഷിക്കാൻവേണ്ടിത്തന്നെ വേണമെന്നില്ല, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ടിയെങ്കിലും ഈ തെമ്മാടികളെ കണ്ടുപിടിക്കേണ്ടതു് സ്ഥലത്തെ മുസൽമാന്മാരുടെയും ബങ്കാളിലെങ്ങുമുള്ള മുസ്ലീം നേതാക്കന്മാരുടെയും കടമയാണ്. കുറെ കുററവാളികളെ അവർ ഒളിച്ചിരിക്കുന്നേടങ്ങളിൽനിന്നു തിരഞ്ഞുപിടിക്കുക എളുപ്പമാണ്. പക്ഷേ, ഇത്തരം സംഭവങ്ങളുടെ ആവർത്തനത്തിൽനിന്നു സമുദായത്തെ അതു രക്ഷിക്കുകയില്ല. സമൂലമായ സമുദായപരിഷ്കരണത്തിലൂടെ ഇതിൻെറ കാരണങ്ങൾ നീക്കംചെയ്യേണ്ടതാണ്. താരതമ്യേന സ്വഭാവശുദ്ധിയുള്ളവരായിത്തീർന്നു് ഇത്തരക്കാരുടെ ഇടയിൽ പണിയെടുക്കുന്നവർ ഇസ്ലാമിലും ഹിന്ദുമതത്തിലും ഉണ്ടാകണം. കാബൂളിഭീഷണിയെപ്പററിയും ഇങ്ങനെയൊക്കെത്തന്നെ പറയാം. ഇതിനു ഹിന്ദുമുസ്ളീം സംഘർഷവുമായി ബന്ധമില്ല. എങ്കിലും നിസ്സഹായരായി പോലീസിനെ ആശ്രയിക്കുന്നതുകൂടാതെ കഴിക്കണമെങ്കിൽ ഇത്തരം സംഗതികളിലും നാം വേണ്ടതു ചെയ്യണം.

### 46

തന്നെ കഠിനമായി വേദനിപ്പിച്ച ചില എഴുത്തുകളെപ്പററി ഗാന്ധിജി പ്രാർത്ഥനാനന്തരപ്രസംഗത്തിൽ പറയുകയുണ്ടായി. പാക്കിസ്ഥാനിൽ വളരെ സ്ത്രീകൾ തട്ടിക്കൊണ്ടുപോകപ്പെട്ടിരിക്കുന്നു. അവരിൽ ചിലർ ക്രൂരമായി ദ്രോഹിക്കപ്പെടുകയും അവമാനിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അവരെ വളർത്തിയ രീതിയുടെ പ്രത്യേകത നിമിത്തം ശത്രുക്കളിൽനിന്നു മോചിക്കപ്പെട്ട സ്ത്രീകൾക്കു നാണം തോന്നുന്നു. സമുദായവും അവരെ അപകൃഷ്ടകളായി കരുതുന്നു. ഇങ്ങനെ ചെയ്യുന്നതു ക്രൂരമാണ്. സീതയുടെ വിശുദ്ധിയും തേജസ്സുമുള്ള ഒരു സ്ത്രീയെ ആക്രം തൊടുവാൻ കഴികയില്ലെന്നതു നേരാണെങ്കിലും ഇക്കാലത്തു ഒരു സീതയെ കണ്ടെ

---

45. Young India, 29-5-1924 (Communal Unity, p. 55)
46. Harijan, 7-12-1947 (Communal Unity, p. 885)

digitized by www .sreyas.in

ത്തുക വിഷമമാണ്. എന്തായാലും എല്ലാ സ്ത്രീകൾക്കും ആ പദവിയിലേക്ക ഉയരാനാവില്ല. ബലംപ്രയോഗിച്ച് മാനഭംഗം ചെയ്യപ്പെട്ട ഒരു സ്ത്രീക്ക് ലജ്ജിക്കാനൊന്നുമില്ല. അവൾ അശുദ്ധയോ സദാചാരമില്ലാത്തവളോ അല്ല. ദുരാചാരങ്ങളുള്ള സ്ത്രീപുരുഷന്മാർ ശിക്ഷിക്കപ്പെടാതെപോകയും മേലേക്കിടയിലുള്ള സ്ത്രീപുരുഷന്മാരുടെ തെററുകൾ പുറത്തുവരാതിരിക്കുകയും ചെയ്യുമ്പോൾ, മൃഗീയതയ്ക്കു വിധേയരായ നിർദ്ദോഷകരെ ഭ്രഷ്ടരാക്കുവാൻ സമുദായം ഒരുമ്പെടുന്നതു അത്ഭുതമത്രേ. ഇത്തരം മനോഭാവം അദ്ദേഹത്തെ വേദനിപ്പിക്കുന്നു. ഇത്തരം ഹീനമായ പെരുമാററത്തിനു വിധേയയാക്കപ്പെട്ടശേഷം രക്ഷ പ്രാപിക്കുകയോ മോചിപ്പിക്കുകയോ ചെയ്ത എൻെറ മകളേയോ ഭാര്യയേയോ പുറംതള്ളുവാനോ നിന്ദിക്കുവാനോ എന്നെക്കൊണ്ടാവില്ല. ഇത്തരം സ്ത്രീകളെ, ഹിന്ദുക്കളെയും മുസ്ലീങ്ങളെയും അദ്ദേഹം കണ്ടിട്ടുണ്ട്. അവർക്കു ലജ്ജിക്കത്തക്കതായി യാതൊന്നുമില്ലെന്നു് അദ്ദേഹം അവരോടു പറഞ്ഞിട്ടുമുണ്ട്.

## 47

അനേകായിരം ഹിന്ദുബാലികമാരേയും സിക്കുബാലികമാരേയും മുസ്ലീങ്ങൾ പിടിച്ചുകൊണ്ടുപോയിട്ടുണ്ട്. ഇവരിൽ ചിലർ എവിടെയാണെന്നറിയാം. അധികംപേരെക്കുറിച്ചും ഒരു വിവരവുമില്ല എന്നു പ്രാർത്ഥനാനന്തര പ്രസംഗത്തിൽ ഗാന്ധിജി പറഞ്ഞു. ചിലരോട് അന്വേഷിച്ചപ്പോൾ മടങ്ങിവരാൻ അവർക്കാഗ്രഹമില്ലെന്നു പറഞ്ഞതായി കേട്ടു. സമുദായം തങ്ങളെ തിരികെ സ്വീകരിക്കുകയില്ലെന്നാണ് അവരുടെ ഭയം. ഭർത്താക്കന്മാരും മാതാപിതാക്കന്മാരും ചങ്ങാതിമാരും അവരെ നിന്ദിക്കും. ഇത്തരം പെൺകുട്ടികളെ സമുദായം സ്വാഗതംചെയ്യണമെന്നു്, തൻെറ സർവശക്തിയും ഉപയോഗിച്ചുകൊണ്ടു്, ഗാന്ധിജി പറഞ്ഞു. അവരിൽ ചിലർ ഗർഭിണികളാണ്. അതവരുടെ കുററമല്ല. പ്രസവിച്ചാൽ അവരുടെ കുട്ടികളെ മറേറതു കുട്ടികളെയുംപോലെ ശ്രദ്ധയോടും ബഹുമാനത്തോടുംകൂടി വളർത്തിക്കൊണ്ടുവരണം. ഈ കുട്ടികളുടെ മതം അമ്മയുടെ മതമായിരിക്കും. പ്രായം ചെന്നാൽ അവർക്കു വേണമെങ്കിൽ മതം മാറാം. ഇത്തരം വല്ല പെൺകുട്ടികളും അദ്ദേഹത്തിൻെറ അടുത്തു വന്നെങ്കിൽ, തൻെറ സംഘത്തിലെ മററു പെൺകുട്ടികളോടെന്നപോലെതന്നെ അവരോടും അദ്ദേഹം പെരുമാറും. ഏതോ രാക്ഷസൻെറ കാമത്തിനു് ഇരയായിത്തീർന്നതുകൊണ്ടു് ഇവരെ ശിക്ഷിക്കുന്നതു മനുഷ്യോചിതമല്ല. അവർക്കൊരു വമാനവും പററിയിട്ടില്ല.

പാട്യാലയിലെയും കാശ്മീരിലെയും വളരെ മുസ്ലിംബാലികമാരെ ഹിന്ദുക്കളും സിക്കുകാരും തട്ടിക്കൊണ്ടുപോന്നിട്ടുണ്ടെന്നു

---

47. Harijan, 4–1–1948 (Communal Unity, pp. 887–888)

digitized by www .sreyas.in

ഗാന്ധിജി കേൾക്കുകയുണ്ടായി. അവരിൽ ചിലർ പ്രസിദ്ധ കുടുംബങ്ങളിൽ പെട്ടവരാണ്. ഈ പെൺകുട്ടികളുള്ള സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ ശബ്ദം എത്തുമെങ്കിൽ അവരെ വിളംബമെന്നിയെ തിരികെ ഏല്പിച്ചുകൊടുക്കുവാൻ തെററു ചെയ്തവരോട് അദ്ദേഹം ശക്തിപൂർവം അഭ്യർത്ഥിക്കും. അവരുടെ കുടുംബങ്ങൾ അവരെ സ്വീകരിക്കുമെന്നതിനു സംശയമില്ല.

ഒരു മുസ്ലിംപീറിന്റെ പക്കൽ കുറെ ഹിന്ദുബാലികമാരും സിക്കുബാലികമാരും ഉണ്ടെന്നും, അവരെ താൻ ഉപദ്രവിക്കുകയില്ലെങ്കിലും മുസ്ളീംബാലികമാരെ തിരികെ കൊടുക്കുന്നതുവരെ അവരെ വിട്ടുകൊടുക്കുകയില്ലെന്ന് അദ്ദേഹം പറഞ്ഞുവെന്നും കേൾക്കുകയുണ്ടായി. ഇത്തരം സംഗതികളിൽ വിലപേശൽ പാടുണ്ടോ? രണ്ടു ഭാഗക്കാരും മറുഭാഗം എന്തു ചെയ്യുന്നുവെന്നു നോക്കാതെ അപഹൃതസ്ത്രീകളെ മോചിപ്പിച്ച് തിരിച്ചേല്പിക്കണം. എന്നാലേ മാന്യരും മാനിതരുമായ പൗരന്മാരായി അവർക്കു ജീവിക്കാൻ കഴിയൂ. അല്ലെങ്കിൽ അവർ നാല്പതുകോടി തെമ്മാടികളുടേതായ ഒരു രാഷ്ട്രമായിത്തീരും. ഇത്തരം കുററങ്ങൾ പൊറുക്കുന്ന സമുദായം തെമ്മാടികളുടേതായിത്തന്നെ കരുതപ്പെടും.

## എം. തെമ്മാടികൾ

### 48

തെമ്മാടികളെ (ഗുണ്ടകൾ) കുററംപറയുന്നതു തെററാണ്. അവർക്കു നാം അന്തരീക്ഷമുണ്ടാക്കിക്കൊടുക്കാതിരുന്നാൽ അവരൊരിക്കലും തെമ്മാടിത്തം കാട്ടുകയില്ല. 1921–ൽ 'പ്രിൻസസ് ദിന'ത്തിന്നാൾ ബോംബെയിലുണ്ടായ സംഭവങ്ങൾക്കു ഞാൻ ദൃക്സാക്ഷിയായിരുന്നു. നാം വിത്തു വിതെച്ചു, തെമ്മാടികൾ വിള കൊയ്തു. നമ്മുടെ ആളുകൾ അവരുടെ പിന്നിലുണ്ടായിരുന്നു. മുൾട്ടാനിലും സഹറാൻപുരിലും മററുമുണ്ടായ അകൃത്യങ്ങൾക്കു ബഹുമാന്യരായ മുസൽമാന്മാരെ ഉത്തരവാദികളാക്കുവാൻ (ഒരിടത്തും എല്ലാവരേയുമില്ല) എനിക്കു യാതൊരു സങ്കോചവുമില്ല—കടാർപുരിലും അറായിലുമുണ്ടായ അകൃത്യങ്ങൾക്കു ബഹുമാന്യരായ ഹിന്ദുക്കളെ ഉത്തരവാദികളാക്കുവാൻ എനിക്കു സങ്കോചമില്ലാത്തതുപോലെതന്നെ. പൽവാളിൽ ഒരു ചെറിയ പള്ളിയുടെ സ്ഥാനത്ത് ഒരു വലിയ പള്ളി നിർമ്മിക്കുന്നതിനെ നാം തടഞ്ഞുവെന്നതു നേരാണെങ്കിൽ, തെമ്മാടികളല്ല അതു ചെയ്തത്, മാന്യരായ ഹിന്ദുക്കളെയാണിന്നു ഉത്തരവാദികളാക്കേണ്ടത്. ബഹുമാന്യരുടെ വർഗത്തെ കുററത്തിൽനിന്നു ഒഴിവാക്കുന്നപതിവു നാം നിസ്സംശയം നിർത്തണം.

48 Young India, 29-5-1924 (Communal Unity, pp. 49–50)

digitized by www .sreyas.in

അതിനാൽ ഹിന്ദുക്കൾ ആത്മരക്ഷയ്ക്കുവേണ്ടി തെമ്മാടികളെ സംഘടിപ്പിക്കുകയാണെങ്കിൽ അതു ഗുരുതരമായ ഒരു തെററാകുമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. പൊരിയുന്ന ചട്ടിയിൽനിന്നു് അവർ എരിയുന്ന തീയിലേക്കു വീഴും. ബാനിയാനും ബ്രാഹ്മണനും, അഹിംസാപൂർവമല്ലെങ്കിൽ ഹിംസാപൂർവമെങ്കിലും ആത്മരക്ഷചെയ്യാൻ പഠിക്കണം; അല്ലെങ്കിൽ തങ്ങളുടെ സ്ത്രീകളെയും സ്വത്തുക്കളേയും തെമ്മാടികൾക്കു് അവർ അടിയറവയ്ക്കണം. തെമ്മാടികൾ ജാതിയൊന്നു വേറെയാണു്—അവരെ വിളിക്കുന്നതു മുസൽമാൻ എന്നായാലും അഥവാ ഹിന്ദുവെന്നായാലും. 'അയിത്തക്കാരാൽ' സംരക്ഷിതമായ (എന്തുകൊണ്ടെന്നാൽ അവർക്കു മരണഭയമില്ല) ഒരു ഹിന്ദുഘോഷയാത്ര (വിജയഗീതം പാടിക്കൊണ്ടു്) ഉപദ്രവമൊന്നും തട്ടാതെ പള്ളികടന്നുപോയെന്നു ഇയ്യിടെ വലിയ ആഹ്ലാദപൂർവം പറയപ്പെടുകയുണ്ടായി.

ഒരു പാവനശബ്ദത്തിന്റെ തുലോം ലൗകികമായ ഒരു പ്രയോഗമാണതു്. നമ്മുടെ 'അയിത്തക്കാരെ' ഇങ്ങനെ ചൂഷണം ചെയ്യുന്നതുകൊണ്ടു പൊതുവിൽ ഹിന്ദുസമുദായത്തിനും വിശേഷിച്ചു മർദിതജാതികൾക്കും യാതൊരു ഗുണവുമുണ്ടാകാനില്ല. ഇങ്ങനെ സന്ദിഗ്ധമായി സംരക്ഷിക്കപ്പെട്ട ഏതാനും ഘോഷയാത്രകൾ രക്ഷയോടുകൂടി ഏതാനും പള്ളികളെ കടന്നുപോയെന്നു വരാം. എങ്കിലും അതു വർദ്ധിച്ചുവരുന്ന സംഘർഷത്തെ കൂടുതൽ ഗുരുതരമാക്കുകയും ഹിന്ദുമതത്തെ അധഃപതിപ്പിക്കുകയും മാത്രമേ ചെയ്യൂ. എതിർപ്പിനെ വകവയ്ക്കാതെ സംഗീതവുമായിപ്പോകുവാൻ ആഗ്രഹമുണ്ടെങ്കിൽ ഇടത്തരക്കാർ അടികൊള്ളാൻ തയ്യാറാകണം. അല്ലെങ്കിൽ ആത്മാഭിമാനത്തിനു ചേർന്നമട്ടിൽ അവർ മുസ്ലീങ്ങളുടെ സൗഹാർദം നേടണം.

മർദിതസഹോദരരുടെമേൽ പണ്ടു വച്ചുകെട്ടിയതും ഇപ്പോഴും വച്ചുകെട്ടിക്കൊണ്ടിരിക്കുന്നതുമായ അവശതകൾക്കു ഹിന്ദുക്കൾ പ്രായശ്ചിത്തം ചെയ്യണം. തന്നിമിത്തം കടം വീട്ടിയതിനു പ്രതിഫലം ചോദിക്കുന്ന പ്രശ്നമില്ല. നമ്മുടെ ഭീരുത്വം മൂടിവെക്കാൻ നാം അവരെ ഉപയോഗിച്ചാൽ, നമുക്കൊരിക്കലും നിറവേററാനാവാത്ത ആശകൾ നാം അവരിൽ വളർത്തും; പിന്നെ പ്രതികാരം ഉണ്ടാവുകയാണെങ്കിൽ നാം അവരോടു മനുഷ്യോചിതമല്ലാതെ പെരുമാറിയതിനുള്ള ന്യായമായ ശിക്ഷയായിരിക്കും അതു്. പ്രതീക്ഷിക്കപ്പെടുന്ന മുസ്ലീം ആക്രമണത്തിൽനിന്നു രക്ഷ കിട്ടാൻ അവരെ ഉപയോഗിക്കരുതെന്നു ഹിന്ദുക്കളോടു ഞാൻ അപേക്ഷിക്കുന്നു—ഞാൻ പറഞ്ഞതു് അവർ അനുസരിക്കുമെങ്കിൽ.

digitized by www .sreyas.in

## എൻ. ഭയങ്കര കൊലപാതകങ്ങൾ

### 49

ഞാൻ വെറുക്കുന്നതു രണ്ടു കക്ഷികളിലെയും തെമ്മാടികൾ തമ്മിൽ ഏററുമുട്ടുന്നതിനെയാണ്. ബലപരീക്ഷണത്തെ അടിസ്ഥാനമാക്കിയുള്ള സമാധാനസഖ്യം അവസാനം വിദ്വേഷമായിത്തീരാതിരിക്കുകയില്ല. ഹിന്ദുക്കളുടെ ഭീരുത്വം അകററാനുള്ള വഴി അഭ്യസ്തവിദ്യർ തെമ്മാടികളെ എതിർക്കുകയെന്നതാണ്. വടികളും മററു തനി ആയുധങ്ങളും നമുക്കു ഉപയോഗിക്കാം. അവയുടെ ഉപയോഗത്തെ എന്റെ അഹിംസ അനുവദിക്കും. സമരത്തിൽ നാം കൊല്ലപ്പെട്ടും. പക്ഷേ, ഹിന്ദുക്കളേയും മുസ്ലീങ്ങളേയും അതു മയപ്പെടുത്തും. ഹിന്ദുക്കളുടെ ഭീരുത്വത്തെ ഒരു നിമിഷംകൊണ്ടു് അതു നശിപ്പിക്കും. ഇന്നത്തെ നിലയ്ക്കു് ഓരോ കക്ഷിയും അതിലെ തെമ്മാടികളുടെ അടിമകളായിത്തീരും. അതിനർത്ഥം പട്ടാളശക്തിയുടെ അധിപത്യമെന്നാണ്. പൗരശക്തിയുടെ ആധിപത്യത്തിനുവേണ്ടി ഇംഗ്ലണ്ടു് പൊരുതി, വിജയിച്ചു; തന്നിമിത്തം ജീവിച്ചു. കഴ്സൻപ്രഭു നമുക്കു പല ദ്രോഹവും ചെയ്തു. എങ്കിലും സിവിൽ അധികാരത്തിന്റെ ആധിപത്യത്തിനുവേണ്ടി നിലകൊണ്ടപ്പോൾ അദ്ദേഹം തീർച്ചയായും ധീരതയാണു കാണിച്ചതു്; ചെയ്യേണ്ടതാണു ചെയ്തതു്. റോം പട്ടാളക്കാരുടെ കൈകളിലായതോടെ അതു് അധഃപതിച്ചു. എന്റെ മതസംരക്ഷണകാര്യം തെമ്മാടികളുടെ കൈകളിലാവുക എന്നതിനെ ഞാൻ സർവാത്മനാ എതിർക്കുന്നു. അതിനാൽ തൽക്കാലം ഹിന്ദുക്കളുടെ കാര്യംമാത്രം പറയുന്നതുകൊണ്ടു്, അവരിൽ ചിന്താശീലരായവരെ ഞാൻ ബഹുമാനപൂർവം, ഹൃദയപൂർവം താക്കീതുചെയ്യുന്നു, തങ്ങളുടെ ക്ഷേത്രങ്ങളെയും തങ്ങളെത്തന്നെയും തങ്ങളുടെ ഭാര്യമാരെയും കുട്ടികളെയും രക്ഷിക്കുവാൻ അവർ തെമ്മാടികളുടെ സാഹായത്തെ ആശ്രയിക്കരുതെന്നു്. ദുർബലശരീരങ്ങളോടുകൂടിയ അവർ സ്വസ്ഥാനത്തുനിന്നു് പൊരുതിയോ പൊരുതാതെയോ മരിക്കുവാൻ ഉറയ്ക്കണം. സമാധാനം വീണ്ടെടുക്കാൻവേണ്ടി മരിച്ചുപോയെങ്കിൽ അതു ജഗ്ഗലാൽ ജിക്കും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും ശ്രേയസ്കരമായ മരണമായിത്തീർന്നേനെ. ഒററയ്ക്കുനിന്നു ക്ഷേത്രങ്ങളെ രക്ഷിക്കുമ്പോൾ ഡോ. മുഞ്ചെയ്ക്കോ എനിക്കോ സംഭവിക്കുന്ന മരണം ശ്രേയസ്കരമായ മരണമായിരിക്കും. അതുതന്നെയാണു് ആത്മധൈര്യം.

### 50

തെമ്മാടികളുടെമേൽ കുററം ആരോപിച്ചു നാം ധാർമികദുഷ്യാരക്ഷപ്രാപിക്കാൻ ശ്രമിക്കുന്നതിനെ അദ്ദേഹം അധിക്ഷേപിച്ചു.

49. Young India, 18–9–1924 (Communal Unity, p. 84)
50. Harijan, 17–11–1946 (Communal Unity, p. 412)

digitized by www .sreyas.in

'നാം എപ്പോഴും കുററം തെമ്മാടികളുടെമേൽ വച്ചുകെട്ടുകയാണ്. എങ്കിലും അവരെ സൃഷ്ടിച്ചതിനും, പ്രോത്സാഹിപ്പിച്ചതിനും നാമാണ് ഉത്തരവാദികൾ. അതിനാൽ ചെയ്ത തെററുകളെല്ലാം തെമ്മാടികളുടേതാണെന്നു പറയുന്നതു ന്യായമല്ല.'

## 51

സാഹിദ്സാഹിബും ശ്രീ എൻ. സി. ചാററർജിയും സർദാർ നിരഞ്ജൻസിംഗ് തലിബും ഉൾപ്പെട്ട എല്ലാ സമുദായങ്ങളുടെയും പ്രാതിനിധ്യമുള്ള കൽക്കത്തയിലെ പൗരപ്രധാനരുടെ മറെറാരു നിവേദകസംഘം വൈകുന്നേരം അദ്ദേഹത്തെ കണ്ടു. നഗരത്തിൽ ലഹള ബാധിച്ച എല്ലാ സ്ഥലങ്ങളിലും തങ്ങൾ പോയെന്നും എല്ലായിടത്തും സമാധാനമുണ്ടെന്നും അവർ പറഞ്ഞു. കഴപ്പം യഥാർത്ഥത്തിൽ സാമുദായികമല്ലെന്നും, തെമ്മാടികളുടെ പണിയാണെന്നും അതിനി ഉണ്ടാകാൻ വഴിയില്ലെന്നാശിക്കുവാൻ എല്ലാ കാരണവുമുണ്ടെന്നും അവർ പറഞ്ഞു. ഉപവാസം നിർത്തുവാൻ അവർ അദ്ദേഹത്തോടപേക്ഷിച്ചു. എപ്പോഴും തെമ്മാടികളെ കുററംപറഞ്ഞു ധാർമികദൃഷ്ട്യാ രക്ഷപ്പെടാൻ ശ്രമിക്കുന്നതിന് അദ്ദേഹം അവരെ സൗമ്യമായി ശകാരിച്ചു. അതു് ആപൽക്കരമായ ഒരു നിൽക്കക്കള്ളിയാണ്. അകൃത്യങ്ങൾ കാട്ടാൻ തെമ്മാടികൾക്കു ശക്തിയുണ്ടാക്കിക്കൊടുക്കുന്നതു സാധാരണ പൗരന്മാരുടെയോ, പണമോ പദവിയോ ഉള്ളവരുടെയോ ഭീരുത്വമോ രഹസ്യാനുകൂല്യമോ ആണെന്ന് തൻെറ കുട്ടിക്കാലത്തെ അനുഭവങ്ങൾ വിവരിച്ച് അദ്ദേഹം തെളിയിച്ചു. 'എൻെറ ഉപവാസം നിങ്ങളെ കൂടുതൽ ജാഗരൂകരും കൂടുതൽ സത്യസന്ധരും വാക്കിൽ കൂടുതൽ ശ്രദ്ധയും സൂക്ഷ്മതയുമുള്ളവരുമാക്കിത്തീർക്കണം.' അദ്ദേഹം അഭിപ്രായപ്പെട്ടു.

# III

## പരിഹാരമാർഗ്ഗം

## എ. പരിഹാരം—സാമാന്യപ്രസ്താവന

## 1

1. വാൾമുറയ്ക്കു പകരം മദ്ധ്യസ്ഥതീരുമാനത്തിൻെറ മുറ സ്വീകരിക്കുകയെന്നതാണ് ഉത്തമമായ പരിഹാരമാർഗം.

സങ്കടമുള്ള കക്ഷികൾ തോന്നിയതു കാട്ടുന്നതു സത്യസന്ധമായ പൊതുജനാഭിപ്രായംകൊണ്ട് അസാധ്യമായിത്തീർക്കണം. കക്ഷി

51. Harijan, 14–9–1947 (Communal Unity, p. 747)
1. Young India, 5–6–1924 (Communal Unity, pp. 63–64)

digitized by www .sreyas.in

കം നിസ്സഹകരണത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ ഓരോ കേസും നിയമക്കോടതിമുഖേന സ്വകാര്യമദ്ധ്യസ്ഥതീരുമാനത്തിനു വിട്ടു കൊടുക്കുകയും വേണം.

2. ഭീരുത്വത്തോടുകൂടിയ അഹിംസ—അങ്ങനെ വിളിക്കുന്ന തുതന്നെ തെററാണു്—ഹിംസയുടെ സ്ഥാനം കൈക്കലാക്കും എന്ന അജ്ഞാതജന്യമായ ഭയം അകററപ്പെടണം.

3. നേതാക്കന്മാർ തമ്മിലുള്ള വളർന്നുവരുന്ന അവിശ്വാസം അവർ ഐക്യത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ വിശ്വാസമായി മാറണം.

4. കലഹകാരികളായ മുസ്ലീങ്ങളെ ഹിന്ദുക്കൾ പേടിക്കാതാകണം. തങ്ങളുടെ ഹിന്ദുസഹോദരന്മാരെ ശല്യപ്പെടുത്തുന്നതു സ്വന്തം അന്തസ്സിനു ചേർന്നതല്ലെന്നു മുസൽമാന്മാർ കരുതുകയും വേണം.

5. ഗോവധം വെടിയുവാൻ മുസൽമാന്മാരെ നിർബന്ധിക്കുവാൻ തങ്ങൾക്കു കഴിയുമെന്നു ഹിന്ദുക്കൾ വിചാരിക്കരുതു്. ഹിന്ദുക്കളായ അയൽപക്കക്കാരോടുള്ള ആദരംകൊണ്ടു മുസൽമാന്മാർ സ്വമേധയാ ഗോവധം ഉപേക്ഷിക്കുമെന്നു്, മുസൽമാന്മാരുടെ സൗഹാർദം സമ്പാദിച്ചു്, അവർ വിശ്വസിക്കണം.

6. പള്ളിയുടെ മുമ്പാകെവച്ചു സംഗീതമോ, ആരതിയോ നടത്തുന്നതു നിർത്തുവാൻ ഹിന്ദുക്കളെ നിർബന്ധിക്കുവാൻ തങ്ങൾക്കു കഴിയുമെന്നു മുസൽമാന്മാരും വിചാരിക്കരുതു്. അവർ ഹിന്ദുക്കളുടെ സൗഹാർദം നേടുകയും മുസൽമാന്മാരുടെ ന്യായമായ അഭിലാഷത്തെ മാനിക്കുമെന്നു വിശ്വസിക്കുകയും വേണം.

7. തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലേക്കുള്ള പ്രാതിനിധ്യത്തിന്റെ കാര്യം ഹിന്ദുക്കൾ, മുസൽമാന്മാക്കും മററു ന്യൂനപക്ഷങ്ങൾക്കുമായി വിട്ടുകൊടുക്കണം; മദ്ധ്യസ്ഥന്റെ തീരുമാനങ്ങൾ സൗമനസ്യപൂർവം സർവാത്മനാ വഴങ്ങുകയും വേണം. യഥേഷ്ടം ചെയ്യാൻ എനിക്കു സ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിൽ ഹാക്കിം സാഹിബ് അജ്മൽഖാനെ ഞാൻ ഒരേ ഒരു മദ്ധ്യസ്ഥനായി നിയമിക്കും—തനിക്കിഷ്ടമുള്ള മുസൽമാന്മാരോടും സിക്കുകാരോടും ക്രിസ്ത്യാനികളോടും പാഴ്സികളോടും മററും കൂടിയാലോചന നടത്തുവാൻ അദ്ദേഹത്തെ അനുവദിച്ചുകൊണ്ടു്.

8. വ്യത്യസ്തസമുദായങ്ങൾക്കു പ്രാതിനിധ്യമുള്ള ഒരു പരീക്ഷാബോർഡ് നിശ്ചയിക്കുന്ന യോഗ്യതകളനുസരിച്ചായിരിക്കണം ദേശീയ ഗവർമെൻറിൻകീഴിൽ ഉദ്യോഗങ്ങൾ നൽകപ്പെടുന്നതു്.

digitized by www .sreyas.in

9. ശുദ്ധി അഥവാ തബ്ലൈ തടയപ്പെടരുത്; രണ്ടും തെളിഞ്ഞ സ്വഭാവശുദ്ധിയുള്ളവർ നിഷ്കപടമായി നടത്തണം. മററു മതങ്ങളെ കുററംപറയൽ അതിൽ തീരെ ഒഴിവാക്കണം. രഹസ്യമായ പ്രചാരവേലയോ, ഭൗതികലാഭവാഗ്ദാനമോ ഉണ്ടായിരിക്കരുത്.

10. എല്ലാത്തരം അസഭ്യലേഖനങ്ങളെയും—വിശേഷിച്ചും ഒരു വിഭാഗം പഞ്ചാബ്പത്രങ്ങളിൽ കാണുന്നവ—തടയുവാൻ തക്കവിധം പൊതുജനാഭിപ്രായം വളർത്തിക്കൊണ്ടുവരണം.

11. ഹിന്ദുക്കൾ അവരുടെ ഭീരുത്വം ഉപേക്ഷിക്കാതെ യാതൊന്നും തന്നെ സാധ്യമല്ല. ഏററവുമധികം നഷ്ടപ്പെടാനുള്ളത് അവർക്കാണ്. അതിനാൽ ഏററവും വലിയ ത്യാഗത്തിനു് അവർ സന്നദ്ധരാകണം.

## ബി ധീരതയുടേയും സത്യസന്ധതയുടേയും മാർഗം

2

നാം പരസ്പരം പ്രകൃത്യാ ശത്രുക്കളായി കരുതുകയാണെങ്കിൽ ശാശ്വതമായ വിദേശ്യാധിപത്യത്തിൽനിന്നു നമുക്കെന്നെങ്കിലും മോചനമുണ്ടോ? നിർബന്ധപൂർവമായ മതംമാററത്തേക്കാളും, അതിലും ചീത്തയായ വല്ലതിനേക്കാളും മോശമല്ലേ ഇന്നത്തെ ഈ ആധിപത്യം? ബലത്തെ അതിജീവിക്കുവാൻ കഴികയില്ലെങ്കിൽ ഹിന്ദുമതത്തിനെന്തു വിലയാണുള്ളത്? ഈ സുഹൃത്തു ചോദിച്ച അതേ ചോദ്യം മുസൽമാന്മാർക്കും ചോദിക്കാൻ കഴികയില്ലേ? മൂന്നു കൊല്ലം മുമ്പു ഷഹറാബാദിൽ ഹിന്ദുക്കൾ നടത്തിയമാതിരി കൊള്ളയും കൊലയും ആവർത്തിക്കാൻ സാധ്യതയില്ലേ? അതിനാൽ എന്തു സഹിച്ചും ഹിന്ദുമുസ്ളീം മൈത്രിയുണ്ടാക്കുകയല്ലേ ഏക പരിഹാരമാർഗം? ഹിന്ദുക്കൾക്കും മുസൽമാന്മാർക്കും—അവരിൽ ഏതെങ്കിലും ഒരു കൂട്ടർക്ക് ഭ്രാന്തുപിടിച്ചാൽ—രണ്ടു പോംവഴികളുണ്ട്. ഒന്നുകിൽ പ്രതികാരം ചെയ്യാതെ സധൈര്യം മരിക്കുക—അനന്തരങ്ങളുടെ പുരോഗതിയെ അതു ഉടൻ തടയും, അല്ലെങ്കിൽ പ്രതികാരം ചെയ്തു ജീവിക്കുകയോ മരിക്കുകയോ ചെയ്യുക. ലോകം നിലനിൽക്കുന്നേടത്തോളംകാലം വ്യക്തികൾക്കു് ഈ രണ്ടു വഴിയും ഉണ്ടായിരിക്കും. ചോദ്യങ്ങളൊക്കെ ഉത്ഭവിക്കുന്നതു നാം നിസ്സഹായരാകകൊണ്ടാണ്. നമ്മുടെ വിശ്വാസങ്ങൾക്കുവേണ്ടി പ്രതിക്രിയചെയ്യാതെ മരിക്കുകയെന്ന ദൈവികമാർഗം നാം വിസ്മരിച്ചിരിക്കുന്നു; ആത്മരക്ഷയ്ക്കുവേണ്ടി ജീവനെ അപകടത്തിലാക്കി ബലംപ്രയോഗിക്കുകയെന്ന വിദ്യയും നാം ഇതുതന്നെ മറന്നുകളഞ്ഞിരിക്കുന്നു.

---

2. Young India, 29–9–1921 (Communal Unity, pp. 19–20)

digitized by www .sreyas.in

ധൈര്യമുള്ള സ്ത്രീപുരുഷന്മാർ തമ്മിലുള്ള ഒരു പങ്കാളിത്തമല്ലെങ്കിൽ ഹിന്ദുമുസ്ലീം മൈത്രിക്ക ഒരു വിലയുമില്ല. നാം എന്നും പരസ്പരം വിശ്വസിക്കണം. പക്ഷേ, അവസാനമായി നാം നമ്മെത്തന്നെയും നമ്മുടെ ഈശ്വരനെയും വിശ്വസിക്കണം.

3

നിയമപ്രകാരമുള്ള ചുമതല എന്താണെന്നല്ല ഞാനിവിടെ ആലോചിക്കുന്നതു്. മനുഷ്യർ തമ്മിൽ തമ്മിലുള്ള ചുമതല എന്താണെന്നാണു്. കററത്തിൽ തങ്ങൾക്കും പങ്കുണ്ടെന്നു പാഴ്സികൾക്കും ക്രിസ്ത്യാനികൾക്കും തോന്നുന്നില്ലെങ്കിൽ ശാശ്വതസമാധാനം സ്ഥാപിക്കുക ദുഷ്കരമാണു്. ഹിന്ദുക്കളും മുസ്ളീങ്ങളും ഹിംസ തുടങ്ങിയപ്പോൾ പാഴ്സികളും ക്രിസ്ത്യാനികളും പ്രതികാരം ചെയ്തിരുന്നില്ലെങ്കിൽ അവർ ദൈവദൂതന്മാരായി കരുതപ്പെട്ടേനെ; തങ്ങളുടെ ആത്മശക്തിയുടെ ആശ്ചര്യകരമായ ഒരു തെളിവു് അവർ ലോകത്തിനു നൽകുകയെന്നതും ഉണ്ടായേനെ. പക്ഷേ, അവർ ആത്മരക്ഷ ചെയ്തുവെന്നുമാത്രമല്ല—അങ്ങനെ ചെയ്തതു തികച്ചും ശരിയായിരുന്നു—ശുണ്ഠിയെടുത്തു ആത്മരക്ഷയുടെ അതിർത്തികളെ ലംഘിക്കുകയും ചെയ്തു. അവരിൽ ചിലർ ആവശ്യമുള്ളതിലും അധികം ഹിംസ പ്രയോഗിച്ചു. ഇത്രയും അവർ സമ്മതിക്കുന്നില്ലെങ്കിൽ ഹാർദമായ സമാധാനം ഉടനെ പ്രാപിക്കുക ദുഷ്കരമായിത്തീരും. എന്തുകൊണ്ടെന്നാൽ പ്രകോപനത്തിനുശേഷംപോലും അവർ തികച്ചും നിരപരാധരായിരുന്നുവെന്നു ഹിന്ദുക്കളും മുസ്ളീങ്ങളും സമ്മതിക്കുകയില്ല. ഒരു കക്ഷിമാത്രം കററം തുടരുകയും മറെറ കക്ഷി ഉറച്ചുനിന്നു ക്ഷമകാണിച്ചു ക്ലേശങ്ങൾ സഹിക്കുകയും ചെയ്തിരുന്നെങ്കിൽ കററം ചെയ്യുന്ന കക്ഷി അതുകൊണ്ടുതന്നെ തളരും. ക്രിയയും പ്രതിക്രിയയുമില്ലെങ്കിൽ ലോകത്തിനു മോക്ഷമായി. സാധാരണമായി നാം ശകാരത്തിനുപകരം അടികൊടുക്കും. ഒരടിക്കു രണ്ടടി കിട്ടും. ഈ രണ്ടടിക്കു പകരം ചവിട്ടു്, പിന്നെ വെടിയുണ്ട—അങ്ങനെ വലുതായി വലുതായിപ്പോകുന്നു പാപഗതി. എങ്കിലും സാമാന്യമായി: ഒരു പല്ലിനുപകരം ഒരു പല്ലു് എന്നതിൽ വിശ്വസിക്കുന്നവർ കുറച്ചുകഴിഞ്ഞാൽ പരസ്പരം പൊറുത്തു ചങ്ങാതിമാരായിത്തീരും. ഈ പതിവു പിന്തുടരുവാൻ നമ്മെക്കൊണ്ടാവില്ലേ? അതിനാൽ പരസ്പരം പൊറുക്കുകയെന്ന മുറയെ മാനിക്കുവാനും പരസ്പരം ചെയ്ത തെററുകൾ വിസ്മരിക്കുവാനും പാഴ്സിസുഹൃത്തുക്കളോടും ക്രിസ്ത്യൻസുഹൃത്തുക്കളോടും ആവശ്യപ്പെടുവാൻ ഞാൻ മടിക്കുന്നില്ല.

എങ്കിലും ഹിന്ദുക്കളുടെയും മുസൽമാന്മാരുടെയും പ്രത്യേക ചുമതലയെപ്പററി ഞാൻ ഊന്നിപ്പറഞ്ഞുകൊള്ളട്ടെ. പാഴ്സികളും ക്രി

3. Young India, 1-12-1921 (Communal Unity, pp. 37-38)

digitized by www .sreyas.in

സ്ഥാനികളും പൊറുക്കമെങ്കിലാകട്ടെ, ഇല്ലെങ്കിലാകട്ടെ സ്വന്തം കുററം സമ്മതിച്ചും ഈശ്വരനോട് ക്ഷമായാചനം ചെയ്തും സമാധാനം നിരതരായി വർത്തിച്ചും സ്വയം ശുദ്ധീകരിക്കേണ്ടതു ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും കടമയാണ്.

4

ചിന്തിക്കുന്ന വിഭാഗത്തിന് അഹിംസ മടുത്തിരിക്കുന്നതായി തോന്നുന്നു.[4] അഹമ്മദബാദിലെയും വിരംഗത്തെയും അത്യാഹിതങ്ങൾക്കുശേഷം, ബോംബെയിലെ തെമ്മാടിത്തങ്ങൾക്കുശേഷം അവസാനമായി ചൗരീചൗരയിലെ അക്രമണത്തിനുശേഷം ഞാൻ സത്യഗ്രഹം നിർത്തിവച്ചതിന്റെ അർത്ഥം അവർക്കിനിയും മനസ്സിലായിട്ടില്ല. ഒടുവിൽ പറഞ്ഞതാണ് അവസാനത്തെ അടിയായിത്തീർന്നതു്. സത്യഗ്രഹത്തെക്കുറിച്ചും തന്നിമിത്തം അടുത്ത ഭാവിയിൽ സ്വരാജ്യം കിട്ടുന്നതിനെക്കുറിച്ചുമുള്ള സർവ ആശകളും നശിച്ചുവെന്നു വിചാരശീലർ വിചാരിച്ചു. അവരുടെ അഹിംസാവിശ്വാസം തൊലിപ്പുറമേയുള്ളതായിരുന്നു. രണ്ടുകൊല്ലം മുമ്പ് ഒരു മുസ്ളീംസുഹൃത്തു തുലോം നിഷ്കളങ്കമായി എന്നോട് പറഞ്ഞു: 'അങ്ങയുടെ അഹിംസയിൽ ഞാൻ വിശ്വസിക്കുന്നില്ല. മുസൽമാന്മാർ അതു പഠിക്കണമെന്ന വിചാരം എനിക്കു തീരെയില്ല. എന്നെങ്കിലും പറയാം. ഹിംസയാണു ജീവിതധർമം. അങ്ങു നിർവചിച്ച മട്ടിലുള്ള അഹിംസകൊണ്ടു് എനിക്കു സ്വരാജ്യം വേണ്ട. എനിക്കെന്റെ ശത്രുവിനെ വെറുക്കണം.' ഈ സുഹൃത്തു സത്യസന്ധനാണ്. എനിക്കദ്ദേഹത്തോട് വലിയ ബഹുമാനമാണ്. എന്റെ മഹാനായ മറെറാരു മുസ്ളീംസുഹൃത്തും ഇങ്ങനെതന്നെ പറഞ്ഞതായി കേട്ടു. ഈ റിപ്പോർട്ട് ശരിയല്ലായിരിക്കാം; എങ്കിലും അതു തന്ന ആൾ അസത്യവാദിയല്ല.

5

ഭൂരിപക്ഷം കലഹങ്ങളിലും ഹിന്ദുക്കൾക്കു രണ്ടാംതരം വിജയമേയുള്ളവെന്നതിൽ എനിക്കു യാതൊരു സംശയവുമില്ല. മൊത്തത്തിൽ പറഞ്ഞാൽ, മുസൽമാൻ കലഹകാരിയും ഹിന്ദു ഭീരുവുമാണെന്ന അഭിപ്രായത്തെ എന്റെ സ്വന്തം അനുഭവം സ്ഥിരീകരിക്കുന്നതേയുള്ളു. തീവണ്ടികളിൽനിന്നും പൊതുനിരത്തുകളിൽനിന്നും ഞാൻതന്നെ തീർക്കാനിടവന്ന കലഹങ്ങളിൽനിന്നും ഇതു ഞാൻ കണ്ടറിഞ്ഞിട്ടുണ്ട്. സ്വന്തം ഭീരുത്വത്തിനു ഹിന്ദു മുസൽമാനെ കുററംപറഞ്ഞിട്ടാവശ്യമുണ്ടോ? ഭീരുക്കളുള്ളേടത്തെല്ലാം കലഹകാരികളും ഉണ്ടാവും. സഹറാൻപുരിയിൽ മുസൽമാന്മാർ വീടുകൾ

4. Young India, 29–5–1922 (Communal Unity, pp. 43–44)
5. Young India, 24–5–1924 (Communal Unity, pp. 47-48)

digitized by www .sreyas.in

കൊള്ളയടിച്ചുവെന്നും, ഗ്രേഥകാം കത്തിപ്പൊളിച്ചുവെന്നും, ഒരു ഹിന്ദുസ്ത്രീയെ മാനഭംഗപ്പെടുത്തിയെന്നും പറയുന്നു. ഇതാരുടെ കുററമാണു്? ഇതു നേരാണെങ്കിൽ ഈ നികൃഷ്ടകർമ്മത്തെ നീതീകരിക്കാനായി മുസൽമാന്മാർക്കു് ഒന്നുംതന്നെ പറയാനില്ല. എങ്കിലും ഒരു ഹിന്ദുവെന്ന നിലയ്ക്കു് എനിക്കു മുസൽമാൻെറ ശല്യത്തെക്കുറിച്ചു കോപമുളവാകുന്നതിലേറെ ഹിന്ദുക്കളുടെ ഭീരുതയെക്കുറിച്ചു ലജ്ജ തോന്നുകയാണു്. കൊള്ളചെയ്യപ്പെട്ട വീടുകളുടെ ഉടമസ്ഥന്മാർ, സ്വന്തം മുതൽ രക്ഷിക്കാനുള്ള പരിശ്രമത്തിൽ എന്തുകൊണ്ടു മരിച്ചില്ല? മാനഭംഗം ചെയ്യപ്പെട്ട ആ സഹോദരിയുടെ ബന്ധുക്കാം ആ അക്രമം നടക്കുമ്പോഠം എവിടെയായിരുന്നു? അവക്കു ഇക്കാര്യത്തിൽ ചുമതലയെപ്പററി ഒന്നും പറയാനില്ലേ? ആപത്തിൽനിന്നു ഓടിപ്പോവുക, പ്രിയപ്പെട്ടവരെ അരക്ഷിതരായി വിടുക—ഇതൊക്കെ അനുവദിക്കുന്ന ഒന്നല്ല എൻെറ അഹിംസ. ഹിംസയോ, ഭയംകൊണ്ടുള്ള ഓട്ടമോ ഏതുവേണമെന്ന നിലവന്നാൽ, ഞാനിഷ്ടപ്പെടുക ഹിംസയാണു്, ഭീരുതയല്ല. ആരോഗ്യകരങ്ങളായ ദൃശ്യങ്ങാം കാണാൻ ഒരന്ധനെ എത്രമാത്രം പ്രേരിപ്പിക്കാൻ കഴിയുമോ, അതിലേറെ ഒരു ഭീരുവിനോടു് അഹിംസ ഉപദേശിക്കാൻ എന്നെക്കൊണ്ടാവില്ല. അഹിംസ ധീരതയുടെ പാരമ്യമാണു്. ഹിംസയിൽ പരിശീലനം ലഭിച്ചവക്കു ഹിംസയെ അപേക്ഷിച്ചു അഹിംസയ്ക്കുള്ള ഔന്നത്യം തെളിയിച്ചുകൊടുക്കുവാൻ എനിക്കു സ്വന്തം അനുഭവത്തിൽ പ്രയാസമുണ്ടായിട്ടില്ല. ഭീരുത വെടിയാൻ തുടങ്ങിയപ്പോഴേ ഞാൻ അഹിംസയുടെ വിലയറിയാൻ തുടങ്ങിയുള്ളൂ. ആപത്തുണ്ടെന്നു കണ്ടപ്പോഠം സ്വധർമസ്ഥാനത്തുനിന്നു് ഓടിപ്പോയ ഹിന്ദുക്കാം അപ്രകാരം ചെയ്തതു്, അവർ അഹിംസാനിരതരാകുകൊണ്ടോ അടിക്കാൻ ഭയമുള്ളതുകൊണ്ടോ അല്ല, ചത്തുപോകാനോ പരുക്കേൽക്കാൻതന്നെയോ ഇഷ്ടമില്ലാത്തതുകൊണ്ടായിരുന്നു. ചെന്നായയെ കാണുമ്പോഠം ഓടിപ്പോകുന്ന മുയൽ അഹിംസാവ്രതംകൊണ്ടല്ല അപ്രകാരം ചെയ്യുന്നതു്. അതു പേടിച്ചു് ജീവൻ കിട്ടാൻവേണ്ടി ഓടുകയാണു്. ജീവനെ രക്ഷിക്കാൻവേണ്ടി ഓടിപ്പോയ ഹിന്ദുക്കാം മാറുകാണിച്ചു്, പുഞ്ചിരിതൂകി സ്വസ്ഥാനത്തുനിന്നു മരിച്ചുപോയെങ്കിൽ ശരിക്കും അഹിംസാനിഷ്ഠരാവുകയും ശ്രേയസ്സു് നേടുകയും സ്വമതത്തിൻെറ കീർത്തി വളർത്തുകയും മുസ്ലീംഅക്രമികളുടെ സൗഹാർദം സമ്പാദിക്കുകയും ചെയ്തേനെ. സ്വസ്ഥാനത്തുനിന്നു അടിക്കുപകരം അടികൊടുത്തെങ്കിൽ ഇത്രതന്നെ നന്നല്ലാത്ത ഒരു കാര്യം നന്നായിച്ചെയ്തു എന്നെങ്കിലും പറയാമായിരുന്നു. കലഹകാരിയായ മുസൽമാനെ ബഹുമാനമുള്ള സ്നേഹിതനാക്കി മാററണമെന്നു ഹിന്ദുക്കാംക്കു് ആഗ്രഹമുണ്ടെങ്കിൽ ഏററവും കനത്ത വൈഷമ്യത്തെ ചെറുത്തുനിന്നു മരിക്കുവാൻ അവർ പഠിക്കണം.

digitized by www .sreyas.in

6

ഹിന്ദുമുസ്ലീം പ്രസ്താവനയെക്കുറിച്ചു വളരെ എഴുത്തുകൾ എനിക്കു ലഭിച്ചിട്ടുണ്ട്. അവയിൽ പുതുതായോ എടുത്തുപറയത്തക്കതായോ ഒന്നുംതന്നെയില്ലാത്തതുകൊണ്ട് അവ ഞാൻ പ്രസിദ്ധീകരിച്ചിട്ടില്ല. എങ്കിലും ബാബു ഭഗവൻദാസിൻെറ എഴുത്തു ഞാൻ സസന്തോഷം അച്ചടിക്കുകയും അദ്ദേഹത്തിൻെറ ചോദ്യങ്ങൾക്കു ഉത്തരം പറയുകയും ചെയ്യുന്നു.

ആദ്യത്തെ രണ്ടു ചോദ്യങ്ങൾക്കു ലേഖകൻതന്നെ ഉത്തരം പറഞ്ഞിരിക്കുന്നു. എൻെറ അഭിപ്രായത്തിൽ അവ മുഴുവനും സത്യമല്ല. ഒരേ വംശത്തിലെ ഭുരിപക്ഷമാണെങ്കിലും മതപരമായ ചുററുപാടുകൾ അവരെ വ്യത്യസ്തരാക്കിത്തീർത്തിരിക്കുന്നു. വിചാരം മനുഷ്യൻെറ രൂപവിശേഷങ്ങളെയെന്നോണം സ്വഭാവത്തെയും മാററിത്തീർക്കുമെന്നു ഞാൻ വിശ്വസിക്കുന്നു; ഇതു ഞാൻ കണ്ടറിഞ്ഞിട്ടുമുണ്ട്. ഇതിനുള്ള ഏററവും അടുത്തകാലത്തെ ഉദാഹരണം സിക്കുകാരാണ്. മുസൽമാന്മാർ പൊതുവേ ഒരു ന്യൂനപക്ഷമാകകൊണ്ടു മൊത്തത്തിൽ കലഹകാരികളായിത്തീർന്നിരിക്കുന്നു. എന്നല്ല, പുതിയ പാരമ്പര്യങ്ങളുടെ അവകാശിയാകകൊണ്ട്, മുസൽമാൻ താരതമ്യേന പുതുതായ ഒരു ജീവിതരീതിയുടെ ഊക്കു കാണിക്കുന്നുമുണ്ട്. എൻെറ അഭിപ്രായത്തിൽ അഹിംസയ്ക്കു ഖുറാനിൽ ഒരു പ്രമുഖസ്ഥാനമുണ്ടെങ്കിലും, 1300 കൊല്ലത്തെ സാമ്രാജ്യവികാസം മുസൽമാന്മാരെ മൊത്തത്തിൽ പോരാളികളാക്കിത്തീർത്തിരിക്കുന്നു. തന്നിമിത്തം അവർ അക്രമാസക്തരാണ്. ഈ അക്രമാസക്തിയുടെ സ്വാഭാവികലക്ഷണമാണു ശല്യപ്പെടുത്തൽ. ഹിന്ദുവിനു യുഗങ്ങളോളം പഴക്കമുള്ള ഒരു നാഗരികതയുണ്ട്. അയാൾ മുഖ്യമായി അഹിംസാനിരതനാണ്. അടുത്തകാലത്തുണ്ടായ രണ്ടു പരിഷ്കാരങ്ങൾ ഇന്നും ഏതനുഭവങ്ങളിലൂടെയാണോ കടന്നുപോകുന്നതു്, അവയിലൂടെ അവൻെറ പരിഷ്കാരം കടന്നുപോയിക്കഴിഞ്ഞിരിക്കുന്നു. ഹിന്ദുമതം ആധുനികാർത്ഥത്തിൽ എന്നെങ്കിലും സാമ്രാജ്യമനോഭാവത്തോടുകൂടിയതായിരുന്നെങ്കിൽത്തന്നെ അതു് ആ സാമ്രാജ്യതാൽപര്യത്തെ അതിജീവിക്കുകയും, മനഃപൂർവമായോ അല്ലാതെയോ അതിനെ കൈവെടിയുകയും ചെയ്തിരിക്കുന്നു. അഹിംസാമനോഭാവത്തിൻെറ മികവു് ആയുധപ്രയോഗത്തെ ഒരു ചെറിയ ന്യൂനപക്ഷത്തിനുമാത്രമുള്ളതാക്കിത്തീർത്തിരിക്കുന്നു; ഈ ന്യൂനപക്ഷമാകട്ടെ, അത്യന്തം ആദ്ധ്യാത്മികവും അഭിജ്ഞവും നിസ്വാർത്ഥവുമായ ഒരു സിവിൽ അധികാരത്തിനു വിധേയമായിരിക്കുകയും വേണം. അതിനാൽ പൊതുവേ ഹിന്ദുക്കൾ യുദ്ധസന്നദ്ധരല്ല. എന്നാൽ ആത്മീയശിക്ഷണം നിലനിർത്തിപ്പോരാത്തതു

6. Young India, 19-6-1946 (Communal Unity, pp. 66–67)

digitized by www .sreyas.in

കൊണ്ട് ആയുധങ്ങൾക്കു പകരം സഫലമായി ഉപയോഗിക്കാവുന്ന ഒന്നിന്റെ പ്രയോഗം വിസ്മരിച്ചിരിക്കുന്നു; ആയുധപ്രയോഗം അറിയാത്തതുകൊണ്ടും ആയുധങ്ങളിൽ താൽപര്യമില്ലാത്തതുകൊണ്ടും അവർ പേടിയുടെയോ ഭീരുതയുടെയോ വക്കത്തെത്തുമാറ് സൗമ്യന്മാരായിത്തീർന്നിരിക്കുന്നു. ഈ തിന്മ വിനയത്തിന്മേൽ സ്വാഭാവികമായി വളർന്ന ഇത്തിക്കണ്ണിയാണ്. ഈ അഭിപ്രായമുണ്ടെങ്കിലും മറ്റെല്ലാവരിൽനിന്നും അകന്നുനിൽക്കുന്ന ഹിന്ദുക്കളുടെ ശീലം തീർച്ചയായും ചീത്തയാണെന്നിരുന്നാലും, ഭീരുതയുമായി അതിനു ബന്ധമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതുകൊണ്ടുതന്നെയാണ് ആത്മരക്ഷോപായമെന്ന നിലയിൽ അഖഡാസിൽ (Akhadas) എനിക്കുള്ള അവിശ്വാസവും. കായിക സംസ്കാരത്തിനു പറ്റിയവയെന്ന നിലയിൽ ഞാൻ അവയെ വിലമതിക്കുന്നുണ്ടെങ്കിലും ആത്മരക്ഷയ്ക്ക് ആത്മീയ സംസ്കാരത്തെത്തന്നെ ഞാൻ പുനരുദ്ധരിക്കും. ഇന്നത്തെ ഇമ്പാച്ചിപേടികൾകൊണ്ടു നിലതെറ്റാൻ ഞാൻ ഭാവമില്ല. ഹിന്ദുക്കൾ തങ്ങളിൽത്തന്നെ വിശ്വസിക്കുകയും അവരുടെ പാരമ്പര്യങ്ങളനുസരിച്ചു പ്രവർത്തിക്കുകയും ചെയ്താൽ അവർ ശല്യപ്പെടുത്തലുകളെ പേടിക്കേണ്ട യാതൊരാവശ്യവുമില്ല. യഥാർത്ഥമായ ആത്മീയശിക്ഷണം അവർ പുനരാരംഭിക്കുന്ന നിമിഷംമുതൽ മുസൽമാന്മാർ അവരെ അനുകൂലിക്കും. അല്ലാതെ അവനു ഗത്യന്തരമില്ല. തങ്ങളിൽത്തന്നെ തന്നിമിത്തം മുസൽമാന്മാരിലും വിശ്വാസമുള്ള ചെറുപ്പക്കാരായ കുറച്ചു ഹിന്ദുക്കളെ എനിക്കു കിട്ടുമെങ്കിൽ അവർ ദുർബലന്മാരുടെ രക്ഷാകവചമായിത്തീരും. കൊല്ലാതെ ചാവുക എങ്ങനെയാണെന്ന് അവർ പഠിപ്പിക്കും. വേറെ വഴിയൊന്നും എനിക്കറിഞ്ഞുകൂടാ. ആപത്തുകൾ ചുറ്റും അടിഞ്ഞുകൂടുന്നതായി കാണുമ്പോൾ നമ്മുടെ പൂർവികർ തപസ്സ്—ശുദ്ധീകരണം—അനുഷ്ഠിക്കുകയായിരുന്നു പതിവ്. ശരീരത്തിന്റെ നിസ്സഹായത അവർ കണ്ടറിഞ്ഞു. നിസ്സഹായതനിമിത്തം അവർ പ്രാർത്ഥിച്ചു—തങ്ങളുടെ ഇച്ഛയെ അനുസരിക്കുവാൻ സ്രഷ്ടാവിനെ നിർബന്ധിക്കുന്നതുവരെ എന്റെ ഹിന്ദുസുഹൃത്തു പറയുന്നു: 'ശരിതന്നെ. പക്ഷേ, അന്ന് ഈശ്വരൻ ആയുധം പ്രയോഗിക്കുവാൻ ആരെയെങ്കിലും അയച്ചിരുന്നു.' ഈ കൊള്ളിവാക്കിലെ പരമാർത്ഥം നിഷേധിക്കുവാൻ ഞാൻ നിൽക്കുന്നില്ല. ഇതുമാത്രമേ ഞാൻ ആ സ്നേഹിതനോടു പറയുന്നുള്ളു—ഹിന്ദുവെന്ന നിലയിൽ കാരണത്തെ അവഗണിച്ചു കാര്യം നേടാൻ അയാളെക്കൊണ്ടാവില്ല. വേണ്ടത്ര തപസ്സനുഷ്ഠിച്ചു കഴിഞ്ഞാൽ, പൊരുതാറായി എന്നു പറയാം. നാം വേണ്ടത്ര സംശുദ്ധരാണോ? ഞാൻ ചോദിക്കുന്നു. വ്യക്തികളുടെ ശുദ്ധിയുടെ കാര്യം നിൽക്കട്ടെ—അയിത്തമാകുന്ന പാപത്തിനു നാം മനഃപൂർവം പ്രായശ്ചിത്തം ചെയ്തുവോ? നമ്മുടെ മതാചാര്യന്മാർ ഇന്നു ലക്ഷണമൊത്തവരാണോ? മുസൽമാ

digitized by www .sreyas.in

ന്മാരുടെ ദോഷങ്ങൾ പറയുന്നതിൽമാത്രം ദത്തശ്രദ്ധരായിത്തീരുമ്പോൾ നാം തനി പാഴ്വേലയാണു ചെയ്യുന്നതു്. ഇംഗ്ലീഷുകാരുടെ കഥയെന്തോ അതുതന്നെ മുസൽമാന്മാരുടെതും, നമ്മുടെ വീരവാദങ്ങളൊക്കെ ശരിയാണെങ്കിൽ ഇംഗ്ലീഷുകാരെ ജയിക്കുന്നതിനേക്കാൾ എത്രയോ എളുപ്പമാണു മുസ്ലീങ്ങളെ ജയിക്കൽ. പക്ഷേ, ഹിന്ദു എന്നോടു മന്ത്രിക്കുന്നു, ഇംഗ്ലീഷുകാരെക്കുറിച്ചു് ആശക്കു വഴിയുണ്ടു്. മുസൽമാന്മാരെക്കുറിച്ചു് അതു തീരെയില്ലെന്നു്. ഞാൻ അവരോടു പറയുന്നു. ''മുസൽമാനെക്കുറിച്ചു നിങ്ങൾക്കു് ആശയില്ലെങ്കിൽ ഇംഗ്ലീഷുകാരെക്കുറിച്ചുള്ള നിങ്ങളുടെ ആശ നിഷ്ഫലമായേ തീരൂ.''

## 7

ഇപ്പോൾ സിന്ധികളെ സഹായിക്കുവാൻ എന്റെ പക്കലുള്ള ഏകോപായം അവർക്കു് അഹിംസാമാർഗം കാണിച്ചുകൊടുക്കലാണു്. പക്ഷേ, അതൊരൊററ ദിവസംകൊണ്ടു പഠിക്കാൻ പററില്ല. മറേറ വഴി ലോകം ഇന്നേവരെ നടന്നതാണു്—ജീവനും സ്വത്തും ആയുധങ്ങൾകൊണ്ടു രക്ഷിക്കുക. തന്നത്താൻ സഹായിക്കുന്നവരെമാത്രമേ ഈശ്വരൻ സഹായിക്കൂ. സിന്ധികൾ ഇതിൽ നിന്നു് ഒഴിവല്ല. കൊള്ളക്കാരേയും അക്രമികളേയും ചെറുത്തുനിൽക്കുന്ന വിദ്യ അവർ പഠിക്കണം. അവർക്കു രക്ഷയുണ്ടെന്നു തോന്നുന്നില്ലെങ്കിൽ, ആത്മരക്ഷനേടാനുള്ള കഴിവില്ലെങ്കിൽ തുലോം ഔദാര്യശൂന്യമെന്നു തെളിഞ്ഞ ആ പ്രദേശം അവർ വിട്ടുപോകണം.

## 8

ഒരു സുഹൃത്തു് എഴുതുന്നു:

'ലഹളക്കാലത്തു് അഹിംസ എങ്ങനെയാണു സഫലമാവുക? നാം അവരോടു സജീവസമ്പർക്കം പുലർത്തിക്കഴിഞ്ഞിട്ടുണ്ടോ, അവരിൽ മാത്രമേ ആത്മബലികൊണ്ടു സ്വാധീനത ചെലുത്താൻ കഴിയൂ. ലഹളക്കാലത്തു് അക്രമം കാട്ടുന്ന തെമ്മാടികളാകട്ടെ, പൊതുവേ പുറമേനിന്നു കൂലിക്കു കൊണ്ടുവരപ്പെടുന്നവരാണു്. തങ്ങൾക്കു് അപരിചിതരായവരേയും ആരോടു തങ്ങൾക്കു ബഹുമാനവും ദാക്ഷിണ്യവും ഇല്ലയോ അവരേയും ഉപദ്രവിക്കുന്നതിൽ അവർക്കെങ്ങനെ സങ്കോചമുണ്ടാകും?'

ഈ ചോദ്യം സശ്രദ്ധമായ പരിഗണന അർഹിക്കുന്നു. ഒരു ലഹളക്കാലത്തു് ഏതാണ്ടു ജീവൻ പോയെന്ന നിലയിലെത്തിയ

---

7. Harijan, 2-12-1939 (സിന്ധിലെ ലഹളകളെക്കുറിച്ചു്), (Communal Unity, p. 270)
8. Harijan, 15-9-1940 (Communal Unity, pp. 227-228)

digitized by www .sreyas.in

ഒരു ധീരപ്രവർത്തകനാണ് ഇതു ചോദിച്ച സുഹൃത്ത്. ഞാൻ മുമ്പു പലതവണ ഈ വിഷയത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. ലഹളകൾ ശമിപ്പിക്കുവാൻപറ്റിയ ഒരഹിംസാമാർഗത്തെപ്പറ്റി കോൺഗ്രസ്സുകാർ ഒരിക്കലും സഗൗരവം ചിന്തിച്ചിട്ടില്ലെന്നതാണു കഷ്ടം. അധികൃതരോട് അക്രമരഹിതമായി പൊരുതുക എന്നതിനു മാത്രമുള്ളതായിരുന്നു അവരുടെ അഹിംസ. എന്റെ അഭിപ്രായത്തിൽ ഇതിനുമാത്രം പറ്റുന്നതും ഇതിലപ്പുറം കടക്കാത്തതുമായ അഹിംസ 'അഹിംസ'യെന്ന പേരർഹിക്കുന്നില്ല. നിരായുധസമരം എന്നു വേണമെങ്കിൽ നിങ്ങൾക്കതിനെ വിളിക്കാം, ഗവർമെൻറിനെ അമ്പരപ്പിക്കാനുള്ള ഒരു സൂത്രമെന്ന നിലയിൽ അതൊരുതരം ഹിംസയാണ്. ലഹളകളെ അക്രമരഹിതമായി ശമിപ്പിക്കണമെങ്കിൽ, ഹൃദയത്തിൽ യഥാർത്ഥമായ അഹിംസയുണ്ടായിരിക്കണം—തെറ്റു ചെയ്യുന്ന തെമ്മാടികളെപ്പോലും സസ്നേഹം ആശ്ലേഷിക്കുന്ന അഹിംസ. ഇത്തരമൊരു മനോഭാവത്തെ ദത്തെടുക്കാൻ ഒക്കില്ല. സുദീർഘവും ക്ഷമാപൂർവമായ പരിശ്രമംകൊണ്ടേ അതുണ്ടാകൂ, ഈ പരിശ്രമം സമാധാനകാലത്തു ചെയ്യപ്പെടണം. ശാന്തിസേനയിലെ അംഗങ്ങളാകാൻ പോകുന്നവർ തങ്ങളുടെ ചുറ്റുപാടുമുള്ള തെമ്മാടികളുമായി അടുത്ത ബന്ധം പുലർത്തി പരിചയപ്പെടണം. അവർ എല്ലാവരേയും അറിയണം, അവരെ എല്ലാവർക്കും അറിയണം, സജീവവും നിസ്വാർത്ഥവുമായ സേവനംകൊണ്ട് എല്ലാവരുടെയും ഹൃദയങ്ങളെ സ്വാധീനമാക്കണം. ഒരൊറ്റ വിഭാഗവും ഇടപെടാൻ പറ്റാത്തവിധം നിന്ദ്യമോ നീചമോ ആയി കരുതപ്പെടരുത്. തെമ്മാടികൾ ആകാശത്തിൽനിന്നു വീഴുന്നവരല്ല, ദുർഭൂതങ്ങളെപ്പോലെ ഭൂമിയിൽനിന്നു പൊന്തിവരുന്നവരുമല്ല. ദുഷിച്ച സമുദായഘടനയുടെ ഫലങ്ങളാണവർ. തന്മൂലം അവരുടെ നിലനിൽപ്പിനു സമുദായമാണ് ഉത്തരവാദി. മറ്റുവാക്കുകളിൽ പറഞ്ഞാൽ രാഷ്ട്രശരീരത്തിലെ മാലിന്യത്തിന്റെ ചിഹ്നമായി അവർ വീക്ഷിക്കപ്പെടണം. രോഗം മാറ്റാൻ ആദ്യം നിദാനം അറിയണം, പിന്നെ ചികിത്സ കണ്ടെത്തുക താരതമ്യേന എളുപ്പമാണ്. ഇതുവരെ നാം വേണ്ടവിധത്തിൽ പ്രാരംഭം കുറിച്ചിട്ടുപോലുമില്ല. എന്നാലും നേരെയാക്കാൻ സമയം തെറ്റിയിട്ടില്ല. നാം അതിന്റെ ആവശ്യം മനസ്സിലാക്കുകയെങ്കിലും ചെയ്താൽ ധാരാളമായി. അതിനുശേഷം ഉടനെ വേണ്ടതു ചെയ്യുകയും വേണം. ഇക്കാര്യത്തിൽ താൽപര്യമുള്ളവരെല്ലാം ഉടനെ സ്വന്തം ചുറ്റുപാടുകളിൽ പണി തുടങ്ങിവെക്കട്ടെ. ശരിയായ മനോഭാവത്തോടുകൂടി പരിശ്രമം തുടന്നാൽ എന്റെ ലേഖകൻ പറഞ്ഞ വൈഷമ്യം തനിയേ തീരും.

## 9

ചോദ്യം: പല പ്രശ്നങ്ങളുടെയും പരിഹാരത്തിന് ഏക-

9. Harijan, 1-2-1942 (Communal Unity, p. 323)

digitized by www .sreyas.in

ഘടകാത്മക സമ്പ്രദായം എന്നു് അങ്ങു വിളിക്കുന്ന ഒന്നിനുവേണ്ടി അങ്ങു വാദിക്കുന്നതായിത്തോന്നുന്നു. ഇതു്, അങ്ങു് ഇതുവരെ വിശദീകരിച്ചതിലും പൂർണമായി ഒന്നു വ്യക്തമാക്കിത്തരുമോ?

ഉത്തരം: അതുറച്ചവഴിയാണെന്നതുപോലെതന്നെ സരളവുമാണു്. ഒരു കരാറോ സന്ധിയോ രണ്ടു കക്ഷികൾ തമ്മിലാണു്. ഒരു കക്ഷി മറ്റെ കക്ഷിക്കു പ്രതിഫലം കൊടുക്കുന്നുമുണ്ടു്. കോൺഗ്രസ്സും മുസ്ലീംലീഗും തമ്മിൽ ചെയ്ത ലക്നൊ സന്ധി ഇത്തരമൊന്നായിരുന്നു. ഏകഘടകാത്മകസമ്പ്രദായംകൊണ്ടും ഇക്കാര്യം നേടാമായിരുന്നു. ഭയവും അവിശ്വാസവും നിർബന്ധിച്ചുണ്ടാക്കിയ വിട്ടുവീഴ്ചകൾ അപ്പോൾ ഉണ്ടായിരിക്കുകയുമില്ല. സ്വന്തം ധാരണയനുസരിച്ചുള്ള പരിപൂർണനീതി ചെയ്യുവാൻ അപ്പോൾ കോൺഗ്രസ്സിനു കഴിയുമായിരുന്നു; അതായതു ലീഗിൽനിന്നു യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെ, രാഷ്ട്രത്തിന്റെ മുഴുവൻ താൽപര്യത്തിനു യോജിച്ച പരമാവധി ആനുകൂല്യങ്ങൾ അനുവദിക്കുവാൻ കഴിയുമായിരുന്നു. സുവ്യവസ്ഥിതമായ ഒരു കുടുംബത്തിൽ പരസ്പരബന്ധങ്ങളുടെ ആസ്പദം ഏകഘടകാത്മകസമ്പ്രദായമാണു്. അച്ഛൻ മകനെന്തെങ്കിലും കൊടുക്കുന്നതു കരാർപ്രകാരമല്ല. പ്രതിഫലം ഇച്ഛിക്കാതെ അദ്ദേഹം കൊടുക്കുന്നതു സ്നേഹംകൊണ്ടും നീതിബോധംകൊണ്ടുമാണു്. പ്രതിഫലമൊന്നുമില്ലെന്നല്ല. എങ്കിലും എല്ലാം സ്വാഭാവികമാണു്, ഒന്നും നിർബന്ധംകൊണ്ടല്ല. ഭയംകൊണ്ടോ അവിശ്വാസംകൊണ്ടോ അല്ല ഒന്നും ചെയ്യുന്നതു്. സുവ്യവസ്ഥിതമായ ഒരു കുടുംബത്തിൽ എന്തു സത്യമാണോ, അതു് ഒരു വിപുലീകൃതകുടുംബം മാത്രമായ സുവ്യവസ്ഥിതമായ ഒരു സമുദായത്തിലും സത്യമാണു്, ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ടു ലിപികൾ സ്വീകരിക്കണമെന്ന എന്റെ ഉപദേശം ഏകാത്മകസമ്പ്രദായത്തിന്മേൽ അടിയുറപ്പിക്കപ്പെട്ടതാണു്. എല്ലാ സമുദായങ്ങളോടുമുള്ള എന്റെ തുല്യസ്നേഹം ഇതു സ്വീകരിക്കണമെന്നു ശാസിക്കുന്നു. ശരിക്കു പ്രയോഗിച്ചാൽ ഈ വഴി ഒരിക്കലും പിഴയ്ക്കുകയില്ല. വിമർശത്തെയും എതിർപ്പിനെയും അതു് അശക്തമാക്കുന്നു. ശുദ്ധമായ മനസ്സാക്ഷിയും ശുദ്ധമായ കർമവും ഇതിനു കൂടിയേ തീരു. എല്ലാ സാമുദായികബന്ധങ്ങളിലും ഈ സമ്പ്രദായം എങ്ങനെ പ്രയോഗിക്കാമെന്നു് ഈ പംക്തികളിൽ വിവരിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഈ അഭിപ്രായങ്ങൾ എനിക്കു മാത്രം ബാധകമായിരിക്കും—ബർദോളി പ്രമേയത്തിനുശേഷം എന്റെ മറ്റെല്ലാ അഭിപ്രായങ്ങളുമെന്നപോലെ. തങ്ങളുടെ യുക്തിക്കു ചേർന്നെങ്കിൽമാത്രം കോൺഗ്രസ്സുകാർ അവ സ്വീകരിക്കണമെന്നേ ഉദ്ദേശ്യമുള്ളൂ.

digitized by www .sreyas.in

## 10

ഇന്നു് അന്തരീക്ഷമാകെ വിഷമയമാണു്. ഇന്നു് എല്ലാത്തരം തീപ്പിടിച്ച കിംവദന്തികളേയും പത്രങ്ങൾ പ്രചരിപ്പിക്കുന്നുണ്ടു്. ജനങ്ങൾ വിവേചനം കൂടാതെ അവ വിഴുങ്ങുന്നുമുണ്ടു്. ഇതിൻ ഫലമായി പരിഭ്രമമുളവാകുന്നു: ഹിന്ദുക്കളും മുസ്ലീങ്ങളും അവരുടെ മനുഷ്യത്വം മറന്നു് കാട്ടുമൃഗങ്ങളെപ്പോലെ പരസ്പരം പെരുമാറുന്നു. മററുള്ളവർ എന്തുചെയ്താലും ചെയ്തില്ലെങ്കിലും, മാന്യമായി പെരുമാറേണ്ടതു് മനുഷ്യൻെറ ധർമ്മമാണു്. മര്യാദയ്ക്കു പകരം മര്യാദ കൊടുത്താൽ, അതു കച്ചവടമാണു്. കള്ളന്മാരും കൊള്ളക്കാരും കൂടി ഇതു ചെയ്യുന്നുണ്ടു്. ഇതിൽ പുണ്യമൊന്നുമില്ല. മനുഷ്യത്വം ലാഭചേതങ്ങൾ നോക്കാറില്ല. താൻ സ്വന്തം നിലയ്ക്കു് മാന്യമായി പെരുമാറണമെന്നു് അതു മനുഷ്യനെ ശാസിക്കുന്നു. ഹിന്ദുക്കളെല്ലാം എൻെറ ഉപദേശം അനുസരിച്ചാൽ, അഥവാ മുസ്ലീങ്ങൾ അനുസരിച്ചാൽ, വാളിനോ ലാത്തിക്കോ ഭഞ്ജിക്കാനാകാത്ത ശാന്തി ഇന്ത്യയിലുണ്ടാകും. പ്രതികാരമോ, മറുവശത്തുനിന്നു പ്രകോപനമോ ഇല്ലാതായാൽ ഗതികെട്ട കത്തിപ്രയോഗം തെമ്മാടികൾക്കു മടുക്കും. അവൻെറ ഉയർത്തപ്പെട്ട കൈയെ ഏതോ അദൃശ്യശക്തി തടയും. ആ കൈയ് അവൻെറ ദുഷ്ടവിചാരത്തെ അനുസരിക്കാതാകും. നിങ്ങൾക്കു സൂര്യൻെറ നേരേ പൊടിവാരി എറിയാം; അതുകൊണ്ടു് അതിൻെറ ശോഭ കുറയുകയില്ല. ഹൃദയത്തിൽ വിശ്വാസവും ക്ഷമയും ഉണ്ടായിരിക്കുക മാത്രമേ വേണ്ടൂ. ഈശ്വരൻ നല്ലവനാണു്; കുറച്ചുദൂരത്തിലപ്പുറം കടക്കാൻ ദുഷ്ടതയെ അദ്ദേഹം അനുവദിക്കുകയില്ല.

## 11

സാമുദായികലഹള നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ എൻെറ അഹിംസയെ പരീക്ഷിക്കാനുള്ള അവസരം ഇന്നേവരെ എനിക്കു കിട്ടിയിട്ടില്ല. ഞാനിത്തരം ഒരവസരം തേടിപ്പോകാതിരുന്നതു് പേടികൊണ്ടാണെന്നു വാദിക്കാം. അതെങ്ങനെയെങ്കിലുമാകട്ടെ, ഈശ്വരേച്ഛയുണ്ടെങ്കിൽ ആ അവസരം ഇനിയും വരാം. തീയിലെടുത്തിട്ടു് അദ്ദേഹം എന്നെ ശുദ്ധീകരിക്കും. അഹിംസാമാർഗത്തെ തെളിയിക്കുകയും ചെയ്യും. എൻെറ ജീവൻ ബലികഴിച്ചാൽ എല്ലാ ഹിംസയും നിലയ്ക്കുമെന്നു് ഇതിന്നർത്ഥമുണ്ടെന്നു് ആരും വിചാരിക്കരുതു്. സർവത്ര പരന്നുകിടക്കുന്ന വളരെ ജീവൻ നശിക്കണം; എന്നിട്ടു് അതിൻെറ സ്ഥാനത്തു് അഹിംസ സർവോൽകൃഷ്ടമായി വാഴണം. കവി പാടിയിരിക്കുന്നു, 'സത്യമാർഗം ധീരന്മാർക്കുള്ള

---

10. Harijan, 28-4-1946 (Communal Unity. p. 357)
11. Harijan, 24-8-1946 (Communal Unity, p. 365)

digitized by www .sreyas.in

താണ്, ഒരിക്കലും ഭീരുക്കൾക്കുള്ളതല്ല. സത്യമാർഗ്ഗമാണ് അഹിംസാമാർഗം.

12

കൽക്കത്തയിലെ ഹിംസ നിർത്തപ്പെടുകയും, അതു രാജ്യത്തിൽ സർവത്ര ഹിംസ പരക്കാനുള്ള ഒരു കൊടിയടയാളമായിത്തീരാതിരിക്കുകയും ചെയ്യണമെങ്കിൽ! മുസ്ലീംലീഗു നേതാക്കന്മാരെ ആശ്രയിച്ചാണ് അതു നിൽക്കുന്നതെന്നതിൽ സംശയമില്ല. എങ്കിലും മററുള്ളവരും ഉത്തരവാദിത്വത്തിൽനിന്നു മുക്തരാവുകയില്ല. അവർക്കു പ്രതിക്രിയ ചെയ്യാം. ചെയ്യാതിരിക്കാം. ചെയ്യാതിരിക്കൽ സുകരമാണ്. ലഘുവാണ്—മനസ്സുണ്ടെങ്കിൽ. പ്രതികാരം കുഴപ്പംപിടിച്ചതാണ്. ഒരു പല്ലിനു ഒരു പല്ല്, അഥവാ ഒരുത്തന്നെതിരെ വളരെപ്പേർ എന്നാകുമോ കഥ?

13

ചോദ്യം: ഹിന്ദുമുസ്ലീംപ്രശ്നം എങ്ങനെ പരിഹരിക്കപ്പെടണം?

ഉത്തരം: ഇക്കാര്യത്തിൽ ഞാൻ പരാജയം സമ്മതിച്ചേതീരൂ. എന്റെ വാക്കു ഇന്നു വനരോദനമാണെന്നും, എങ്കിലും പ്രായോഗികമായ ഏക പരിഹാരമാർഗം എന്റേതാണെന്നും എനിക്കറിയാം. ഒരു പ്രത്യേക സമുദായത്തിലെ ചില അംഗങ്ങൾ മനുഷ്യോചിതമല്ലാത്ത കർമങ്ങൾ ചെയ്തുകൊണ്ടു ആ സമുദായത്തെ മുഴുവൻ ശപിച്ചു ബഹിഷ്കരിക്കണമെന്ന അഭിപ്രായത്തോടു യോജിക്കുവാൻ എന്നെക്കൊണ്ടാവില്ല. മുസ്ലീംലീഗ് ഹിന്ദുക്കളെ ശകാരിച്ചെന്നുവരാം. ജഹാദ് നിയമം പ്രവർത്തിക്കുന്ന ദാർ ഉ ഹാർബാണ് ഇന്ത്യയെന്നും, കോൺഗ്രസ്സിനോടു സഹകരിക്കുന്ന മുസ്ലീങ്ങളെല്ലാം നശിപ്പിക്കപ്പെടാൻ മാത്രം പററിയ അഞ്ചാംപത്തികളാണെന്നും പ്രഖ്യാപിച്ചെന്നുവരാം. എന്നാലും സംഭ്രമജനകമായ എന്തൊക്കെ സംസാരമുണ്ടെങ്കിലും, എല്ലാ മുസ്ലീങ്ങളുടെയും സൗഹാർദ്ദം നേടണമെന്നും, അവരെ നമ്മുടെ സ്നേഹത്തിന്റെ തടവുകാരാക്കി ഉറപ്പിച്ചുനിർത്തണമെന്നും നാം അഭിലഷിക്കാതിരിക്കരുതു്. പ്രതികാരമോ ഹൃദയത്തിൽ വിദ്വേഷമോ കൂടാതെ വെട്ടിമുറിക്കപ്പെടുവാൻ ലക്ഷക്കണക്കിൽ ഹിന്ദുക്കൾ സന്നദ്ധരായാൽ, ഇതു് ഇന്നു സാധ്യമാണ്. കേവലം ആദർശാത്മകമെന്നു പറഞ്ഞു് അഹിംസ ഇന്നു്, ഏറെക്കുറെ ശരിയായിത്തന്നെ അവഹേളിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാലും ഹിന്ദുമതത്തെ സജീവവും ഇന്ത്യയെ അവിഭക്തവുമാക്കി നിലനിർത്തുവാൻ ഒരേ ഒരു വഴി അതാണെന്നു ഞാൻ പറയുന്നു. കോൺഗ്രസ്സിന്റെ

12. Harijan, 25-8-1946 (Communal Unity, p. 367)
13. Harijan, 27-10-1946 (Communal Unity, p. 384)

digitized by www .sreyas.in

അഹിംസയുടെ കഴിഞ്ഞ ഇരുപത്തഞ്ചുകൊല്ലത്തെ ചരിത്രം നമ്മെ ഇതു പഠിപ്പിച്ചിട്ടില്ലെങ്കിൽ, ഒന്നുംതന്നെ പഠിപ്പിച്ചിട്ടില്ല.

14

എന്നെ ആരെങ്കിലും കൊല്ലുന്നുവെന്നു വിചാരിക്കുക. പകരം വേറൊരാളെ കൊന്നതുകൊണ്ടു നിങ്ങൾക്കു യാതൊരു ലാഭവുമില്ല. പിന്നെ ആലോചിച്ചുനോക്കിയാൽ, ഗാന്ധിയെ കൊല്ലാൻ ഗാന്ധിക്കല്ലാതെ മററാർക്കാണു് കഴിയുക? ആത്മാവിനെ നശിപ്പിക്കാൻ ആരെക്കൊണ്ടുമാവില്ല. അതിനാൽ പ്രതികാരത്തെക്കുറിച്ചുള്ള സർവ വിചാരവും നാം മനസ്സിൽനിന്നു ദൂരീകരിക്കുക. ഇതു വ്യക്തമായി മനസ്സിലാക്കിയാൽ സ്വാതന്ത്ര്യത്തിൻെറനേരെ നാം നീണ്ട ഒരു കാൽവയ്പു് നടത്തിയെന്നു പറയാം.

15

പരേതനായ ബാബു ഹർദയാൽ നാഗിൻെറ പുത്രനും, പല ദുരിതാശ്വാസസംഘടനകളുടെ പ്രതിനിധികളും ഉൾപ്പെടെ 20–25 പേർ ചേർന്ന ഒരുസംഘം പ്രവർത്തകർ നവമ്പർ 7–ാം തീയതി രാവിലെ ചന്ദ്പുരിൽ, കിവിയുടെ ഭക്ഷണശാലയിൽവച്ചു് ഗാന്ധിജിയെ സന്ദർശിച്ചപ്പോഴാണു് ആദ്യത്തെ പാഠം പറഞ്ഞുകൊടുത്തതു്. ഗാന്ധിജി അവരോടു പറഞ്ഞു: 'ഒരൊററ വ്യക്തിയെയെങ്കിലും നിർബന്ധിച്ചു മതംമാററാൻ കഴിയും. ഒരൊററ സ്ത്രീയെയെങ്കിലും തട്ടിക്കൊണ്ടുപോകാനോ ബലാൽക്കാരം ചെയ്യാനോ കഴിയും, എന്ന സംഗതിയാണു് എനിക്കു് അസഹ്യമായിത്തീരുന്നതു്. നമ്മെ ഇത്തരം അവമാനങ്ങൾക്കു വിധേയരാക്കാൻ കഴിയുമെന്നു നമുക്കു തോന്നുന്നേടത്തോളംകാലം നാം അവക്കു വിധേയരാക്കപ്പെടും. പോലീസിൻേറയോ പട്ടാളത്തിൻെറയോ സഹായമില്ലാതെ നമുക്കു കഴിയാനൊക്കുകയില്ലെന്നു നാം പറയുകയാണെങ്കിൽ നാം യഥാർത്ഥത്തിൽ യുദ്ധം ആരംഭിക്കുന്നതിനുമുമ്പുതന്നെ പരാജയം സമ്മതിക്കുകയാണു്. ലോകത്തിൽ ഭീരുക്കളായവരെ രക്ഷിക്കുവാൻ ഒരു പോലീസിനും പട്ടാളത്തിനും സാധ്യമല്ല. ഇന്നു നിങ്ങൾ പറയുന്നു, അനേകായിരംപേർ ചേർന്നു് കുറച്ചുപേരെ ഭീഷണിപ്പെടുത്തുകയാണെന്നു്. അപ്പോൾ ഈ കുറച്ചുപേർക്കു് എന്തുചെയ്യുവാൻ കഴിയും? പക്ഷേ, തങ്ങൾ നിസ്സഹായരാണെന്ന തോന്നൽ വളരെപ്പേർക്കുണ്ടെങ്കിൽ, അവരെ ഭീഷണിപ്പെടുത്തുവാൻ കുറച്ചുപേരായാലും മതി. നിങ്ങളുടെ കുഴപ്പം എണ്ണത്തിൻെറ കുറവല്ല: നിങ്ങളെ പിടികൂടിയ നിസ്സഹായതാബോധവും പരാശ്രയശീലവുമാണു്. പരിഹാരമാർഗ്ഗം നിങ്ങളിൽത്തന്നെയാണു്. അതുകൊണ്ടുതന്നെയാണു് നിങ്ങൾ കൂട്ടത്തോടെ കിഴക്കൻ ബങ്കാളിൽനിന്നു് ഒഴിഞ്ഞുപോകണമെന്ന അഭിപ്രായത്തെ ഞാൻ എതിർക്കു

14 Harijan. 17–11–1946 (Communal Unity, p. 383)
15 Harijan, 1–12–1946 (Communal Unity, pp. 444–445)

digitized by www .sreyas.in

ന്നതും. അതു ബലഹാനിക്കോ നിസ്സഹായതയ്ക്കോ ചികിത്സയാവുകയില്ല.

16

കിഴക്കൻ ബങ്കാളിൽ ഒരൊററ ഹിന്ദുമാത്രമേ ഉള്ളവെങ്കിൽ പോലും മുസൽമാന്മാരുടെ നടുവിൽചെന്നു് താമസിക്കാനുള്ള ധൈര്യം അയാൾക്കുണ്ടാകണമെന്നും, മരിച്ചേ കഴിയൂ എന്നുവന്നാൽ അയാളൊരു വീരപുരുഷനെപ്പോലെ മരിക്കണമെന്നും താൻ ആഗ്രഹിക്കുന്നുവെന്നു് ഗാന്ധിജി മറുപടി പറഞ്ഞു. ഒരു ഹീനജന്തുവിനെപ്പോലെയും അടിമയെപ്പോലെയും അയാൾ ജീവിക്കരുതു്. യുദ്ധം ചെയ്യാതെ മരിക്കാനുള്ള അഹിംസാശക്തി അയാൾക്കില്ലെന്നുവരാം. എങ്കിലും അപരാധങ്ങൾക്കു വഴങ്ങാതെ ഒരു പുരുഷനെപ്പോലെ പൊരുതി മരിച്ചാൽ അവരുടെ ബഹുമതിക്കു് അയാൾ പാത്രമാകും. 'ഒരു ധീരനെ മാനിക്കാത്ത മനുഷ്യനില്ല—അയാൾ എത്രതന്നെ ക്രൂരനും കഠിനഹൃദയനുമായാലും. ഒരു തെമ്മാടി; അവൻ കരുതപ്പെടുന്നതുപോലെ, നീചനല്ല. അവനിലും ചില നല്ല ഗുണങ്ങൾ ഇല്ലാതില്ല.'

17

തന്നിമിത്തം; നവ്ഖാലി സംഭവങ്ങൾക്കു് പ്രതികാരം ചെയ്യാനുള്ള വഴി, നവ്ഖാലിക്കു് കാട്ടാൻ കഴിയുമെന്നു തെളിയിച്ച മ്ലേച്ഛകർമങ്ങളെ അനുകരിക്കലല്ല, മ്ലേച്ഛതയ്ക്കു പകരം മനുഷ്യത്വം കൊടുക്കലാണു്; ഇതാകട്ടെ, പ്രതികാരത്തെക്കുറിച്ചുള്ള വിചാരം കൂടാതെയും ആത്മാഭിമാനം കളയാതെയും മരിക്കുവാൻ സന്നദ്ധനാകലത്രേ. ഇന്ത്യ യഥാർത്ഥത്തിൽ സ്വതന്ത്രയായി കാണണമെന്നാഗ്രഹമുണ്ടെങ്കിൽ, മ്ലേച്ഛകർമങ്ങളെ അനുകരിക്കരുതെന്നു് അദ്ദേഹം സദസ്യരെയും അവർ മുഖേന എല്ലാ ഇന്ത്യക്കാരെയും താക്കീതു ചെയ്തു. മ്ലേച്ഛമാർഗങ്ങളെ ആശ്രയിക്കുന്നവർ കണ്ടെത്തും, തങ്ങൾ ഇന്ത്യയുടെ മോചനദിനത്തെ വിളംബിപ്പിക്കുകയാണെന്നു്.

18

പഞ്ചാബിലെ ജനങ്ങൾക്കെതിരായി ഉപയോഗിച്ച ബലാധിക്യംകൊണ്ടാണു് പഞ്ചാബു് ശാന്തമാകുന്നതെങ്കിൽ, ഹിന്ദുക്കളും മുസ്ലീങ്ങളുമായ സഹോദരീസഹോദരന്മാർ തമ്മിൽ കൂടുതൽ കലഹവും വിദ്വേഷവും ഉണ്ടാക്കുന്ന വിത്തു് കൂടുതൽ ആഴത്തിലേക്കു് ഇറങ്ങിപ്പോവുകയേ ചെയ്യൂ. ഹിംസയെ ഹിംസകൊണ്ടു നശിപ്പിക്കുവാൻ പററില്ല. സഫലമായ ഏക പോംവഴി അഹിംസയാണു്. 1917–ൽ ഇതിന്റെ ഒരു പാഠം ചമ്പാരനിൽവച്ചു് ബീഹാർ പഠിച്ചു. പക്ഷേ ഇംഗ്ലീഷ്കാരായ തോട്ടക്കാരുമായി നിസ്സഹകരിക്കു

16. Harijan, 1–12-1946 (Communal Unity, p. 446)
17. Harijan, 23–2-1947 (Communal Unity, p. 546)
18. Harijan, 30-3-1947 (Communal Unity, p. 594)

digitized by www .sreyas.in

മ്പോഴും അക്രമം കാണിക്കാതിരിക്കുവാൻ ആ പ്രസ്ഥാനത്തിനുത്തരവാദികളായ കൃഷിക്കാരെ വേഗം പഠിപ്പിച്ചുവെങ്കിലും, അവരുടെ അഹിംസ ദുർബലരുടെ അഹിംസയായിരുന്നുവെന്നു് ഈ വിദൂരകാലത്തുനിന്നുകൊണ്ടു് അദ്ദേഹത്തിനു പറയാൻ കഴിയും. സഹോദരന്മാർ തമ്മിലെന്നപോലെ, ഇന്നു് ഇന്ത്യാക്കാർ തമ്മിൽ പൊരുതുമ്പോഴും, ഇത്തരം അഹിംസ നിഷ്പ്രയോജനമാണു്; ബലവാന്റെ അഹിംസ മാത്രമേ ഇന്നു ഫലിക്കൂ.

വീരവാദത്തിന്മേലല്ല, നമ്മുടെ ക്ഷണികമായ ഭ്രാന്തുകൊണ്ടു സങ്കടം അനുഭവിച്ചവരോടു നീതി ചെയ്യണമെന്ന ശരിയായ തോന്നലിന്മേൽ അടിയുറപ്പിക്കപ്പെട്ട പശ്ചാത്താപമാണു് ഇതിനാദ്യം വേണ്ടതു്. തന്റെ സ്വാധീനശക്തികൊണ്ടോ, പണ്ടു താൻ ചെയ്ത സേവനങ്ങളോ ഓർത്തോ ഒന്നും ചെയ്യാതെ ശാന്തമായും വേണ്ടത്ര നിസ്സംഗതയോടേയും ഓരോരുത്തനും ചിന്തിക്കണമെന്നും തത്ഫലമായി അഹിംസാമാർഗം അവരുടെ ബുദ്ധിക്കും ഹൃദയത്തിനും രുചിച്ചുവെങ്കിൽ മുസ്ളീംസഹോദരനോടു ചെയ്ത ദ്രോഹത്തിനു പരിഹാരമുണ്ടാക്കാൻ മുന്നോട്ടു വരണമെന്നും ഗാന്ധിജി പറഞ്ഞു.

19

തൊട്ടടുത്ത ദിവസം ദേശീയവാരത്തിലെ അവസാനദിവസമാണെന്നു് ഓർമപ്പെടുത്തിക്കൊണ്ടാണു് ഗാന്ധിജി പ്രസംഗം ആരംഭിച്ചതു്. ആസ്സാം മുതൽ വടക്കുപടിഞ്ഞാറൻ അതിർത്തിവരെയും തെക്കു കന്യാകുമാരിവരെയും ഈ ദിവസം ആചരിക്കപ്പെടുന്നുണ്ടു്. യഥാർത്ഥ ഇന്ത്യയായ ഗ്രാമങ്ങളിലെ ഉണർവിനെയാണിതു കാണിക്കുന്നതു്. ഒന്നാം ദിവസം പ്രബുദ്ധതയെ സൂചിപ്പിച്ചു. അവസാനദിവസം—ജാലിയൻവാലബാഗ് ദിനം—ആത്മാർപണത്തിന്റെ പ്രതീകമാണു്. അന്നത്തെ അത്യാഹിതങ്ങളൊന്നും അനുസ്മരിക്കേണ്ട ആവശ്യമില്ല: അന്നു് ഹിന്ദുക്കളുടെയും മുസ്ളീങ്ങളുടെയും സിക്കുകാരുടെയും രക്തം ഒരൊററ ധാരയായി ഒഴുകി എന്നുമാത്രം പറഞ്ഞാൽമതി. നിർഭാഗ്യവശാൽ തകർന്നുപോയ ആ ഐക്യം ഇന്നു വീണ്ടും ഉണ്ടാക്കുവാൻ ഏപ്രിൽ 13—ന്റെ സ്മാരകമായി പ്രതിജ്ഞചെയ്യേണ്ടതു് എല്ലാവരുടെയും കടമയാണു്. ഈ ഏഴു ദിവസം അവർ വേണ്ടതുപോലെ ജീവിച്ചിട്ടുണ്ടെങ്കിൽ ദേശീയവാരത്തിന്റെ ആന്തരാത്മം അവർ ശരിക്കു ധരിച്ചിട്ടുണ്ടെങ്കിൽ, ഇനിയൊരിക്കലും പരസ്പരം പൊരുതുകയില്ലെന്നു് അവർ നിശ്ചയിക്കുമെന്നു് അദ്ദേഹം ആശിക്കുന്നു.

20

താൻ ദൽഹിയിലായിരുന്നപ്പോഴം വൈസ്രോയിയുടെ നിർദേശമനുസരിച്ചു താൻ ഒപ്പുവച്ച ഒരു പ്രസ്താവനയെപ്പററി ഗാന്ധിജി

19. Harijan, 27–4–1947 (Communal Unity, p. 597)
20. Harijan, 4–5–1947 (Communal Unity, p. 605)

digitized by www .sreyas.in

പറഞ്ഞു. പണ്ഡിത ജവഹർലാൽ നെഹ്റുവിന്റെയും പ്രവർത്തകസമിതിയിലെ മററംഗങ്ങളുടെയും അനുമതിയോടുകൂടിയാണ് അപ്രകാരം ചെയ്തതു്. കായിദ്—ഇ—ആസാം ജിന്നയും അതിൽ ഒപ്പിട്ടിട്ടുണ്ടു്. ആ രേഖയിലെ നിശ്ചയങ്ങൾ ഇപ്രകാരമാണ്:

'ഇന്ത്യയുടെ സൽപ്പേരിനു് കളങ്കം ചേർത്തതും, അക്രമിച്ചതു് ആരായാലും, അക്രമം സഹിച്ചതു് ആരായാലും നിർദോഷികൾക്കു് ഏററവും വലിയ അനർത്ഥം ചെയ്തതുമായ ഈയിടത്തെ നിയമവിരുദ്ധങ്ങളും ഹിംസാപരങ്ങളുമായ കർമങ്ങളിൽ ഞങ്ങൾ ഖേദിക്കുന്നു.

'രാഷ്ട്രീയലക്ഷ്യങ്ങൾ നേടാൻവേണ്ടി ബലംപ്രയോഗിക്കുന്നതിനെ ഞങ്ങൾ എന്നെന്നേക്കുമായി അധിക്ഷേപിക്കുന്നു. എല്ലാ ഹിംസാകർമങ്ങളിൽനിന്നും അക്രമങ്ങളിൽനിന്നും വിരമിക്കുവാൻ മാത്രമല്ല, ഇത്തരം കർമങ്ങൾക്കു പ്രേരകമായ ഏതു വാക്കും സംഭാഷണത്തിലും എഴുത്തിലും ഒഴിവാക്കുവാൻകൂടി ഇന്ത്യയിലെ എല്ലാ സമുദായങ്ങളോടും, അവരുടെ മതവിശ്വാസങ്ങൾ എന്തുതന്നെയായാലും, ഞങ്ങൾ ആവശ്യപ്പെടുന്നു '

അദ്ദേഹത്തിന്റെ ഒപ്പിനെക്കുറിച്ചു പറയുകയാണെങ്കിൽ അതിനൊരു വിലയുമില്ല; എന്തുകൊണ്ടെന്നാൽ, അദ്ദേഹം ഒരിക്കലും ഹിംസയിൽ വിശ്വസിച്ചിട്ടില്ല. പക്ഷേ, കായിദ്—ഇ—ആസാം ജിന്ന അതിൽ ഒപ്പുവച്ചതു് അർത്ഥവത്താണ്. ഒപ്പുവെച്ചവർ ആ അഭ്യർത്ഥനയിലെ മനോഭാവം പുലർത്തിപ്പോന്നാൽ—അവർ അപ്രകാരം ചെയ്യാതിരിക്കുവാൻ കാരണമൊന്നുമില്ല—എല്ലാ കുഴപ്പവും നിണച്ചൊരിച്ചിലും അവസാനിക്കുമെന്നാശിക്കാം. ബീഹാറിൽനിന്നു പോയി മററു ജോലി ചെയ്യാൻ അവർ അദ്ദേഹത്തെ അനുവദിച്ചെന്നു വരാം.

## 21

ഇന്നു വൈകുന്നേരം ഗാന്ധിജി പ്രാർത്ഥന നടത്തിയതു് ഹിൽസയിൽവെച്ചായിരുന്നു—ലഹളക്കാലത്തു് ഏററവുമധികം നാശം പററിയ സ്ഥലങ്ങളിലൊന്നു്. ഈ ലഹളകൾ ഏററവുമധികം ലജ്ജാവഹവും ദുഃഖകരവുമായ ഒന്നായിരുന്നെന്നു പ്രാർത്ഥനാനന്തരപ്രസംഗത്തിൽ ഗാന്ധിജി പറഞ്ഞു. 'വലിയ പാപി വലിയ തപസ്വി' എന്ന പ്രമാണത്തെ തെളിയിക്കുന്ന കഥകൾ നിറഞ്ഞവയാണ് അദ്ദേഹം പഠിച്ച മതങ്ങളെല്ലാം. എന്തുകൊണ്ടെന്നാൽ അപരാധം ഉളവാക്കുന്ന വേദനയുടെ കാഠിന്യം അതിന്റെ പുറകെ വരുന്ന നിഷ്കളങ്കജീവിതത്തിന്റെ ആനന്ദം വർധിപ്പിക്കുന്നു. ഹിൽസയിലെ ജനങ്ങളുടെ പുതിയ ജീവിതത്തിൽ രൂപാന്തരം പ്രാപിച്ച ജീവിതത്തിൽ, മേൽപറഞ്ഞ പ്രമാണം നേരാണെന്നു

21. Harijan, 1–6–1947 (Communal Unity, p. 627)

digitized by www .sreyas.in

തെളിയിക്കപ്പെടുമെന്നു് അദ്ദേഹം ആശിച്ചു. ശാരീരികമാലിന്യത്തിൽ അവർക്കു വെറുപ്പുതോന്നും. ഹിൽസയിലെ ഹിന്ദുക്കളുടെ ക്രൂരത്തു് സൂചിപ്പിക്കുന്ന മാനസികമാലിന്യം ഉളവാക്കുന്ന വെറുപ്പു് എത്രതന്നെ കലശലായ ശാരീരികമാലിന്യം ഉളവാക്കുന്ന വേദനയേക്കാളും വലുതാണു്. ഹിൽസയിലെ ഹിന്ദുക്കളിൽ യഥാർത്ഥമായ പശ്ചാത്താപം എങ്ങനെയുണ്ടാക്കാമെന്നു് ആലോചിക്കുകയാണു് താനെന്നു ഗാന്ധിജി പറഞ്ഞു. താൻ ഹിൽസയിൽ താമസിച്ചു് ഓരോ വീട്ടിലും കയറിയിറങ്ങിയാൽ ഉദ്ദിഷ്ടഫലം ഉണ്ടാക്കാൻ കഴിയുമെന്നു് ആരോ പറയുകയുണ്ടായി. ഇപ്പറഞ്ഞതിൽ പരമാർത്ഥമുണ്ടാകാമെങ്കിലും അദ്ദേഹത്തിനു ശരീരക്ഷീണമുണ്ടു്. തന്മൂലം ഈ ഉപദേശം അനുസരിക്കാൻ നിവൃത്തിയില്ല. പക്ഷേ താനിങ്ങനെ ദൗർബല്യം സമ്മതിച്ചതുകൊണ്ടു് ആർക്കും ഗുണമൊന്നുമില്ല. അതിനാൽ തന്റെ വാക്കുകൾ ആ വലിയ സദസ്സിന്റെ ഹൃദയത്തിൽ തുളഞ്ഞുകടക്കുമെന്നും, മടങ്ങിവരാൻ അവർ മുസ്ലീങ്ങളെ ക്ഷണിക്കുമെന്നും അദ്ദേഹം ആശിക്കുന്നു.

## 22

അടിക്കുപകരം അടികൊടുക്കുകയെന്ന ലേഖകന്റെ ഉപദേശത്തെക്കുറിച്ചാണെങ്കിൽ അദ്ദേഹം അക്കാര്യത്തെപ്പററി ഇതിനുമുമ്പു തന്നെ പറഞ്ഞിട്ടുണ്ടു്. തന്നെ കടിച്ച ഒരു തേളിനെ വെള്ളത്തിൽ നിന്നും രക്ഷപ്പെടുത്തിയതിനു് ഒരു നല്ല മനുഷ്യൻ ആക്ഷേപിക്കപ്പെടുകയുണ്ടായി, അയാളുടെ സൗമ്യമെങ്കിലും കുറിക്കുകൊണ്ട മറുപടി, തേൾ അതിന്റെ പ്രകൃതിയനുസരിച്ചാണു് പ്രവർത്തിച്ചതെന്നായിരുന്നു. സദാ ദയാലുവായിരിക്കുക എന്നതാണു് മനുഷ്യന്റെ സഹജപ്രകൃതി. കാടത്തം വിളയാടുമ്പോൾ മൗനംപൂണ്ടിരിക്കണമെന്ന ഉപദേശം കപടനായിത്തീരാനുള്ള ക്ഷണമാണു്, ഭീരുതയോടുകൂടി വഴങ്ങുന്നതിനെക്കാൾ ഭേദം തിരിച്ചടിക്കലാണെന്നു് അദ്ദേഹം മുമ്പു പറഞ്ഞിട്ടുണ്ടു്; ഇപ്പോഴും അതു് ആവർത്തിച്ചുപറയുന്നു. എങ്കിലും തിരിച്ചടിക്കൽ യഥാർത്ഥ ധൈര്യത്തിന്റെ ലക്ഷണമല്ലെന്നും, അതൊരിക്കലും ശത്രുതയെ ശമിപ്പിക്കുതയില്ലെന്നുംകൂടി പറയാതിരിക്കാൻ തരമില്ല.

## 23

വടക്കുപടിഞ്ഞാററൻ അതിർത്തിസംസ്ഥാനത്തിലെ ദയനീയസംഭവങ്ങളെക്കുറിച്ചു ഖേദം പ്രകടിപ്പിക്കുന്നതോടൊപ്പംതന്നെ, ഗാന്ധിജി കോപംകൊണ്ടു് യാതൊരു നന്മയും ഉണ്ടാകാൻ പോകുന്നില്ലെന്നു് അഭിപ്രായപ്പെടുകയും ചെയ്തു. കോപം പ്രതികാരത്തെ ഉളവാക്കും. പ്രതികാരമനോഭാവമാണു് അതിർത്തിയിലും മററും

22. Harijan, 22-6-1947 (Communal Unity, p. 644)
23. Harijan, 21-9-1947 (Communal Unity, p. 761)

digitized by www .sreyas.in

ഉണ്ടായ ദാരുണസംഭവങ്ങൾക്ക ഹേതു.ദൽഹിയിലെ സംഭവങ്ങൾക്ക പകരം വീട്ടിയതുകൊണ്ട് മുസ്ലീങ്ങൾക്ക് എന്തു ഗുണമാണുണ്ടാകാൻപോകുന്നതു്? അഥവാ അതിർത്തിയിലേയും പഞ്ചാബിലെയും ഹിന്ദുക്കളോടും സിക്കകാരോടും കാണിച്ച ക്രൂരതയ്ക്കു് പ്രതികാരം ചെയ്യതുകൊണ്ടു് സിക്കകാർക്കം ഹിന്ദുക്കൾക്കം എന്തു ഗുണമാണുണ്ടാവുക? ഒരാൾക്കോ ഒരു സംഘം ആളുകൾക്കോ ഭ്രാന്തുപിടിച്ചുകൊണ്ടു്, എല്ലാവരും ഭ്രാന്തരാകണമോ? കൊല, കൊള്ള, തീവെപ്പ് ഇവകൊണ്ടു് സിക്കകാരും ഹിന്ദുക്കളും അവരുടെ മതങ്ങളെ നശിപ്പിക്കുകയാണെന്ന ഗാന്ധിജി താക്കീതു ചെയ്തു. താനൊരു മതവിദ്യാർത്ഥിയാണെന്നു് അദ്ദേഹം അവകാശപ്പെട്ടു. ഒരു മതവും ഭ്രാന്തു പഠിപ്പിക്കുന്നതായി അദ്ദേഹം അറിഞ്ഞിട്ടില്ല. ഇസ്ലാമിൻെറ സ്ഥിതിയും ഇതിൽനിന്ന വ്യത്യസ്തമല്ല. തൻെറടമില്ലാതെ ചെയ്യുന്ന പണികളെല്ലാം ഉടനെ നിർത്തുവാൻ അദ്ദേഹം അവരോടു് അഭ്യർത്ഥിച്ചു. 'ദഹിപ്പിക്കാനുള്ള കഴിവില്ലാത്തതുകൊണ്ടു് സ്വാതന്ത്ര്യമാകുന്ന മധുരപലഹാരം നിങ്ങൾക്ക നഷ്ടപ്പെട്ടു എന്ന ഭാവിതലമുറകൾ പറയാൻ ഇടവരാതിരിക്കട്ടെ. ഈ ഭ്രാന്തു് നിങ്ങൾ നിർത്താതിരുന്നാൽ, ഇന്ത്യയുടെ പേർ ലോകദൃഷ്ടിയിൽ ചെളിയായിത്തീരുമെന്നു് ഓർക്കുക.'

## 24

മനോഹരമായ ജുമാമസ്ജിദ് താൻ സന്ദർശിച്ചതിനെപ്പററി ഗാന്ധിജി പറഞ്ഞു—ലോകത്തിൽ അദ്വിതീയസ്ഥാനമുള്ള ഒരു പള്ളി. മുസ്ലീം സ്ത്രീപുരുഷന്മാർ അവിടെ സങ്കടപ്പെട്ടു കഴിയുന്നതുകണ്ടപ്പോൾ അദ്ദേഹത്തിന വേദന തോന്നി. മരണം എല്ലാവക്കും സംഭവിച്ചേ തീരൂ എന്ന പറഞ്ഞു് അവരെ സമാധാനിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചുനോക്കി. മരിച്ചവർക്കുവേണ്ടി കരഞ്ഞിട്ടു കാര്യമില്ല. മരിച്ചവർ അതുകൊണ്ടു മടങ്ങിവരുകയില്ല. മഹത്തായ ഈ രാജ്യത്തിൻെറ ഭാവിയെ രക്ഷിക്കേണ്ടതു് എല്ലാവരുടെയും കടമയാണു്. ദിവസേന തന്നെ കാണാൻ വളരെ മുസ്ലീം സുഹൃത്തുക്കൾ വരാറുണ്ടു്. സ്വാഭിപ്രായം പൂർണ്ണമായും വ്യക്തമായും പറയുവാൻ അദ്ദേഹം അവരോടു് ആവശ്യപ്പെടാറുണ്ടു്. ദൽഹിയിലോ ഇന്ത്യയുടെ മറേറതെങ്കിലും ഭാഗത്തോ മുസ്ലീങ്ങളുടെ ജീവൻ അപകടത്തിലാകുന്നതിൽ അദ്ദേഹത്തിന വ്യസനമുണ്ടു്. അതൊരു ഉരന്തമാണു്. തൻെറ ദീർഘകാലജീവിതത്തിനിടയിൽ പല അനുഭവങ്ങളിലൂടെയും കടന്നുപോന്ന ഒരു വയസ്സൻെറ വാക്കുകൾ ശ്രദ്ധിക്കുക എന്നു് അദ്ദേഹം അവരോടാവശ്യപ്പെട്ടു. തിന്മയ്ക്കു പകരം തിന്മ കൊടുത്തതുകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നു് അദ്ദേഹത്തിനു് ഉറച്ച വിശ്വാസമുണ്ടു്. തിന്മയ്ക്കു പകരം നന്മ ചെയ്യു

---

24. Harijan, 21-9-1947 (Communal Unity, p. 762)

digitized by www .sreyas.in

ഖാണു് ശരിയായ വഴി. പല മുസ്ളീം സുഹൃത്തുക്കളും സഹായിക്കാൻ ഒരുക്കമാണു്. പക്ഷേ, അവരുടെ സേവനം ഉപയോഗപ്പെടുത്തുക ദൽഹിയിൽ ഇന്നു സാധ്യമല്ല.

## 25

പേരുകൊണ്ടു മാതൃഭാഷ ഹിന്ദിയാണെന്നു കരുതാവുന്ന ഒരാൾ (ഇംഗ്ളീഷിൽ) എഴുതുന്നു:

'മുസ്ളീങ്ങളെ സഹോദരന്മാരെപ്പോലെ കരുതുവാനും, അവർ പാക്കിസ്ഥാനിലേക്കു പോകാതിരിക്കമാറു് അവരുടെ രക്ഷയ്ക്കു് ഉറപ്പു നല്കുവാനും താങ്കൾ തുടരെത്തുടരെ ചെയ്യുന്ന നിരവധി അഭ്യർത്ഥനകളെക്കുറിച്ചാണു് ഇതെഴുതുന്നതു്. നല്ല തണുപ്പുള്ള ഒരു ദിവസം രാവിലെ ഒരാൾ തനിച്ചു നടന്നുപോവുകയായിരുന്നു. അപ്പോൾ ഒരു പാമ്പു് തണുത്തു മരവിച്ചു കിടക്കുന്നതായി കണ്ടു. ദയ തോന്നി അതിനെ എടുത്തു് തണുപ്പുമാററാൻ അതിനെ തന്റെ പോക്കററിലിട്ടു. ചൂടു തട്ടിയപ്പോൾ ആ സർപ്പത്തിനു ജീവൻവച്ചു. അപ്പോൾ അതാദ്യംചെയ്ത പണി തന്നെ രക്ഷിച്ചവനെ കടിച്ചുകൊല്ലുകയാണു്.'

ഭയങ്കരമായ ഒരു ഉപമ കണ്ടുപിടിക്കുവാൻ ക്രോധം ഈ ലേഖകനെ പ്രേരിപ്പിച്ചിരിക്കുന്നു. മനുഷ്യോചിതമല്ലാത്ത പെരുമാററത്തെ നീതീകരിക്കാൻവേണ്ടി ഒരു മനുഷ്യനെ അവനെത്രയെങ്കിലും അധഃപതിച്ചവനാകട്ടെ, സർപ്പത്തോടു് ഉപമിക്കുന്നതു് തീർച്ചയായും കൊള്ളരുതാത്ത പണിയാണു്. ഒരു പ്രത്യേക മതക്കാരായ വളരെപ്പേരിൽ കുറച്ചുപേർ ചെയ്ത തെററുകൾക്കു കോടാനുകോടി ആളുകളെ ശപിക്കുന്നതു് മികച്ച ഭ്രാന്താണു്. തനി മതഭ്രാന്തരായ മുസ്ലീങ്ങൾ ഈ ഉപമ ഹിന്ദുക്കളെ സംബന്ധിച്ചും പ്രയോഗിക്കാറുണ്ടെന്നും ആ ലേഖകൻ ഓർക്കണം. ഒരു സർപ്പമായി കരുതപ്പെടുവാൻ ഒരു ഹിന്ദുവും ഇഷ്ടപ്പെടുകയില്ലല്ലോ.

ഒരു മനുഷ്യനെ സഹോദരനായി കരുതണമെന്നു പറയുന്നതിനു്, അയാൾ വിശ്വാസയോഗ്യനല്ലെന്നു തെളിഞ്ഞാലും അയാളെ വിശ്വസിക്കണമെന്നർത്ഥമില്ല. ഒരാൾ വിശ്വാസയോഗ്യനല്ലെന്നു വരാമെന്ന ഭയംകൊണ്ടു് അയാളെ വധിക്കുന്നതു ഭീരുതയുടെ ലക്ഷണമല്ലേ? തന്റെ സഹോദരനെപ്പററി വിധിപറയാൻ ഓരോ അംഗത്തേയും അനുവദിച്ചിട്ടുള്ള ഒരു സമുദായത്തെപ്പററി ആലോചിച്ചു നോക്കൂ. എങ്കിലും ആ അവസ്ഥയിലേക്കാണു് ഇന്ത്യയുടെ പല ഭാഗത്തും നാം അധഃപതിച്ചുകൊണ്ടിരിക്കുന്നതു്.

അവസാനമായി സർപ്പജാതിക്കുവേണ്ടി നൂറു സർപ്പങ്ങളിൽ എൺപതും നിരുപദ്രവങ്ങളാണെന്നും അവ പ്രകൃതിയിൽ ഉപയോഗ-

25. Harijan, 12-10-1947 (Communal Unity, p. 801)

digitized by www .sreyas.in

പ്രദമായ സേവനങ്ങൾ ചെയ്യുന്നുണ്ടെന്നും കൂടിപ്പറഞ്ഞു പരക്കെയുള്ള ഒരബദ്ധധാരണ ഞാൻ തിരുത്തിക്കൊള്ളട്ടെ.

26

ഈ ആത്മബലം പ്രയോഗിക്കാൻ കഴിവില്ലാത്ത ഹിന്ദുക്കൾക്ക് ആത്മരക്ഷയ്ക്കുവേണ്ടി കയ്യൂക്ക പ്രയോഗിക്കാവുന്നതാണ്. ചെറുക്കലിനു മുമ്പു മരണം, അഥവാ ചെറുക്കലിനുശേഷം മരണം—ഇതേ നിവൃത്തിയുള്ളൂ എന്നു വരുന്നേടത്തു കോടതികളെ ആശ്രയിക്കുന്നതിനെപ്പററിയോ ഗവമെൻറിൽനിന്നു സഹായം തേടുന്നതിനേപ്പററിയോ ഇരുകക്ഷികളും ആലോചിക്കരുതു്. ഒരു കക്ഷി ഇത്തരം സഹായത്തെ ആശ്രയിച്ചാലും മറേറ കക്ഷി അങ്ങനെ ചെയ്യരുതു്. കോടതിയെ ആശ്രയിക്കാതെ തരമില്ലെന്നു വന്നാൽപോലും കള്ളത്തെളിവു കൊടുക്കരുതു്.

നല്ലൊരടി കൊടുക്കുകയും വാങ്ങുകയും ചെയ്തുകഴിഞ്ഞാൽ രണ്ടു കക്ഷികളും അടങ്ങുകയും പുറമെനിന്നു ബലം ശേഖരിക്കാതിരിക്കുകയും ചെയ്യണമെന്നുള്ളതു മാന്യമായ ഒരു യുദ്ധമുറയാണ്. പിന്നെ വിദ്വേഷവും പ്രതികാരേച്ഛയും ഉണ്ടാവുകയുമരുതു്.

ഒരു കലഹം ഒരു തെരുവിൽനിന്നു മറെറാന്നിലേക്കു കൊണ്ടുപോകരുതു്. സ്ത്രീകളേയും വൃദ്ധരേയും അവശരേയും യുദ്ധത്തിൽ പങ്കുകൊള്ളാത്തവരേയും ദ്രോഹിക്കരുതു്. ഈ നിയമങ്ങൾ അനുഷ്ഠിക്കപ്പെട്ടാൽ യുദ്ധം ഫുട്ബോളോ ക്രിക്കററോ കളിക്കുന്നതുപോലെ കരുതപ്പെടും.

ഗുജറാത്തിലെ ഹിന്ദുക്കളും മുസൽമാന്മാരും ശാന്തരായി വർത്തിച്ചു സമാധാനം നിലനിർത്തുമെന്നു ഞാൻ ആശിക്കുന്നു. ഉംറേത്തിൽ കുഴപ്പമുണ്ടായേക്കാമെന്ന ആശങ്കയ്ക്കു് അടിസ്ഥാനമില്ലെന്നും ഞാൻ ആശിക്കുന്നു. അവിടത്തെ രണ്ടു സമുദായങ്ങളും പരസ്പരം കൂടിയാലോചിച്ചു് അഭിപ്രായവ്യത്യാസങ്ങൾ സൗഹാർദപൂർവം പരിഹരിക്കട്ടെ.

മരണഭയം കൊണ്ടുപാഞ്ഞുപോവുക, പ്രിയപ്പെട്ടവരെയോ ക്ഷേത്രങ്ങളെയോ സംഗീതത്തെയോ രക്ഷയില്ലാതെ വിടുക—ഇതൊക്കെ അധർമമാണ്, ഭീരുതയാണ്. ഇതു് ആണത്തമല്ല, ആണിനു ചേരാത്തതാണ്. ആണത്തമുള്ളവരുടെ ഗുണമാണ് അഹിംസ; ഭീരുവിൽ അതില്ല.

ശരാശരി ഹിന്ദു ഭീരുവും ശരാശരി മുസൽമാൻ കലഹകാരിയുമല്ലാതായിത്തീരുവാൻ കുറച്ചുകാലം പിടിക്കും. അതുവരെ രണ്ടുസമു

26. Young India, 18–9–1924 (Communal Unity, pp. 80–88)

ദായത്തിലെയും വിചാരശീലർ കുഴപ്പമുണ്ടാകുമ്പോഴെല്ലാം കാര്യങ്ങറം മദ്ധ്യസ്ഥതീരുമാനത്തിനു വിട്ടുകൊടുക്കാൻ ശ്രമിക്കണം. അവരുടെ പണി ഒട്ടും രസമുള്ളതല്ല; എന്നാലും സമാധാനം നിലനിർത്താൻ സർവ കഴിവും അവർ ഉപയോഗിക്കണം.

## 27

എന്റെ മകളെ തട്ടിക്കൊണ്ടുപോകുന്നതിനെ ഞാൻ അനുവദിക്കുകയും പിന്നീടു രക്ഷകിട്ടാൻ കോടതിയിൽ ചെല്ലുകയും ചെയ്താൽ കോടതിക്കു് ഒന്നും ചെയ്യാൻ കഴിയുകയില്ല; അഥവാ എന്റെ ഭീരുത്വംകൊണ്ടു കുപിതനായ ജഡ്ജി തന്റെ മുമ്പിൽനിന്നു കടന്നുപോകുവാൻ ഞാനർഹിക്കുന്ന അവജ്ഞയോടുകൂടി, എന്നോടവശ്യപ്പെട്ടേക്കാം. കോടതികറം കൈകാര്യം ചെയ്യുന്നതു സാധാരണ കുററങ്ങളാണു്. ആൺകുട്ടികളേയോ പെൺകുട്ടികളേയോ പിടിച്ചുകൊണ്ടുപോകുന്നതു സാധാരണ കുററമല്ല. ഇത്തരം സംഗതികളിൽ ജനങ്ങറം അവരവരുടെ രക്ഷ നോക്കണമെന്നാണു പ്രതീക്ഷിക്കപ്പെടുന്നതു്. മിക്കവാറും തന്നത്താൻ സഹായിക്കാൻ കഴിവുള്ളവരെയാണു കോടതികറം സഹായിക്കുന്നതു്. ഇതിന്റെ കുറവു നികത്തുകയേ അവ ചെയ്യുന്നുള്ളു. ദുർബലന്മാരുള്ളേടത്തോളം കാലം ദൗർബല്യത്തിന്മേൽ ചാടിപ്പിടിക്കുവാൻ ആരെങ്കിലുമുണ്ടാകും. തൻമൂലം ആത്മരക്ഷയ്ക്കു് ഏർപ്പാടു ചെയ്യുകയാണു ശരിയായ പരിഹാരമാർഗ്ഗം. അഹിംസകൊണ്ടു് ആത്മരക്ഷ നേടാനുള്ള കഴിവില്ലെങ്കിൽ ആളുകറം ഇത്തരം സംഗതികളിൽ ഏററവും കടുത്ത ഹിംസ പ്രയോഗിക്കുന്നതിനേയും നീതികരിക്കാൻ എനിക്കു കഴിയും. സാധുക്കളും നിസ്സഹായരുമായ മാതാപിതാക്കളുടെ ബാലികാബാലന്മാരെ തട്ടിക്കൊണ്ടുപോയാൽ കാര്യം കുഴപ്പമുള്ളതാണെന്നതിനു സംശയമില്ല. അപ്പോറം പരിഹാരം കണ്ടുപിടിക്കേണ്ടതു വ്യക്തികറം തനിച്ചല്ല ജാതിയോ സമുദായമോ ഒററക്കെട്ടായി നിന്നുകൊണ്ടാണു്. എങ്ങനെയായാലും പൊതുജനാഭിപ്രായത്തെവേണ്ടതുപോലെ സംഘടിപ്പിക്കുവാൻ സാധിക്കണമെങ്കിൽ തട്ടിക്കൊണ്ടുപോകലിനെക്കുറിച്ചുള്ള ശരിയായ കണക്കുകറം ശേഖരിക്കണം.

## 28

ഞാൻ മാലികണ്ടയിൽ താമസിക്കുമ്പോറം തങ്ങളുടെ പ്രദേശത്തെ ഹിന്ദുക്കളുടെ ബുദ്ധിമുട്ടുകളെപ്പററി എന്നോടു പറയുവാൻ മനോരഞ്ജൻ ബാബുവും സുഹൃത്തുക്കളും നവ്ഖാലിയിൽനിന്നുവന്നു. മനോരഞ്ജൻ ബാബു കുറച്ചുനാളായി ഈ വിഷയത്തെക്കുറിച്ചു ഞാനു

27. Young India, 22–10–1925 (Communal Unity, p. 118)
28. Harijan, 2–3–1940 (Communal Unity), pp, 283–284)

digitized by www .sreyas.in

മായി കത്തിടപാടുകൾ നടത്തിപ്പോരുന്നുണ്ട്. പരാതികൾ ഞാൻ പരിശോധിച്ചിട്ടില്ല. എനിക്കതിനു സമയമോ മനസ്സോ ഇല്ല. അതു സംസ്ഥാനകോൺഗ്രസ്സ്കമ്മിററിയുടേയും അവസാനം കേന്ദ്രസമിതിയുടേയും ചുമതലയിൽപ്പെട്ട കാര്യമാണ്. എങ്കിലും സാമാന്യമായ ഒരുപദേശം നൽകാൻ എനിക്കു വിഷമം തോന്നിയില്ല. സൂക്ഷററിൻെറ കഥപോലെതന്നെയായിരുന്നു ഏറെക്കുറെ അവരുടേയു കഥ. മാത്രയിൽ വലിയ വ്യത്യാസമുണ്ട്. നവ്ഖാലിയിൽ ഉണ്ടായെന്നു പറയപ്പെടുന്നതുപോലുള്ള പരക്കെ ബാധിച്ച തെമ്മാടിത്തത്തെ വിജയപൂർവം നേരിടുവാൻ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവണ്മെണ്ടിനും സാദ്ധ്യമല്ലെന്ന് എനിക്കുറപ്പുണ്ട്. മുഖ്യമായി അതാത്മരക്ഷയുടെ പ്രശ്നമാണ്. ആത്മാഭിമാനത്തേയും അന്തസ്സിനേയും മററാക്കും രക്ഷിക്കാനാവില്ല. ഇവയെ ഓരോ ആണും പെണ്ണുംതന്നെ രക്ഷിക്കണം. കുററം ചെയ്തശേഷം കുററക്കാരെ ശിക്ഷിക്കുകയെന്നതുമാത്രം ഏറിയതു ഗവമെൻറിനു ചെയ്യാം. ശിക്ഷയെ ഭയന്നു കുററം ചെയ്യാതിരിക്കുക ഇതിനു വേണ്ടതേ ഗവർമെൻറിനു ചെയ്യാൻ പററൂ. ആത്മരക്ഷ ഹിംസാപരമോ അഹിംസാപരമോ ആകാം. പക്ഷേ ഹിംസാപരമായ ആത്മരക്ഷയെപ്പോലെ അഹിംസാപരമായതും പഠിക്കണം. ഇതിനു ഹിംസാപരമായതിനെ അപേക്ഷിച്ച വ്യത്യസ്തമായ ഒരു പരിശീലനമാണു വേണ്ടത്. അതിനാൽ അഹിംസാപരമായ രക്ഷണത്തിനു കഴിവില്ലെങ്കിൽ, ഹിംസാമാർഗം ഉപയോഗിക്കാൻ യാതൊരു സങ്കോചവും ഉണ്ടാകേണ്ട ആവശ്യമില്ല. പക്ഷേ,ഒരു പഴയ കോൺഗ്രസ്സുകാരനാകകൊണ്ടു മനോരഞ്ജൻബാബു പറഞ്ഞു: 'ആത്മരക്ഷക്കുവേണ്ടിപ്പോലും തിരിച്ചടിക്കരുതെന്ന് അങ്ങു പറയുന്നു', തീർച്ചയായും അതാണെൻെറ അഭിപ്രായമെന്നു ഞാൻ മറുപടി പറഞ്ഞു. 'എങ്കിലും ആത്മരക്ഷക്കുവേണ്ടി കോൺഗ്രസ്സുകാർക്കു ഹിംസ ഉപയോഗിക്കാമെന്നു ഗയാ കോൺഗ്രസ്സ് ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ആ പ്രമേയത്തെ ഞാൻ ഒരിക്കലും നീതീകരിച്ചിട്ടില്ല. ആത്മരക്ഷക്കു ഹിംസ അനുവദിക്കപ്പെട്ടാൽ അഹിംസക്കു അർത്ഥമില്ലാതായിത്തീരും. അക്രമരാഷ്ട്രത്തിനെതിരെയുള്ള ദേശീയപ്രതിരോധത്തിൽ അതു് ആത്മരക്ഷയല്ലാതെ മറെറന്താണ്? അതിനാൽ നിങ്ങൾ വിവരിച്ചമാതിരി ചുററുപാടുകളിൽ ആത്മരക്ഷക്കുവേണ്ടി ഹിംസ പ്രയോഗിക്കണമെന്ന് ആലോചനയുണ്ടെങ്കിൽ നിങ്ങൾ കോൺഗ്രസ്സിൽനിന്നു രാജിവെക്കണമെന്നു ഞാൻ ഉപദേശിക്കും'.

## 29

ധീരന്മാരുടേതായ അഹിംസ പ്രയോഗിക്കുവാൻ ഒരുപക്ഷേ, ജനങ്ങൾ തയ്യാറായിക്കഴിഞ്ഞിട്ടില്ലെങ്കിൽ ആത്മരക്ഷക്കുവേണ്ടി

29. Harijan, 6–9–1946 (Communal Unity, p. 369)

digitized by www .sreyas.in

ഹിംസ പ്രയോഗിക്കാൻ അവർ തയ്യാറാകണം. ഒളിച്ചുകളിയൊന്നരുതു്. ആത്മരക്ഷ സരളവും ശുദ്ധവുമായിരിക്കണം. എന്നാൽ തന്നേയും അതിൽ ഭീരുത്വമോ പാരുഷ്യമോ പാടില്ല. തന്നിമിത്തം അതൊരിക്കലുംരഹസ്യമാകരുതു്. പുറത്തുകുത്തൽ, ഒളിച്ചിരിക്കൽ ഇതൊക്കെ അത്തരത്തിൽപ്പെട്ടതാണു്. നാം നിരായുധരും ആയുധാഭ്യാസം ശീലിച്ചിട്ടില്ലാത്തവരുമാണെന്നു് എനിക്കറിയാം. ആ നിലയിൽ പെട്ടതു നന്നായോ എന്നതിനെക്കുറിച്ചു് അഭിപ്രായവ്യത്യാസമുണ്ടാകാം, ആത്മരക്ഷയ്ക്കുവേണ്ടി ആയുധം ഉപയോഗിക്കുന്നതിൽ ആർക്കും പരിശീലനം ആവശ്യമില്ലെന്ന കാര്യം ആർക്കും നിഷേധിക്കാനാവില്ല. ബലമുള്ള ആയുധം, അതിലും ബലമുള്ള മനസ്സു് ഇതേ അതിനു വേണ്ടു.

മററൊരുത്തനെ ദ്രോഹിക്കൽ സ്പഷ്ടമായും ഹിംസയാണു്. എന്നാൽ ദ്രോഹിക്കണമെന്ന വിചാരമുണ്ടാവുക, ഭീരുത്വംനിമിത്തം തന്നേയോ അയൽപക്കക്കാരനെയോ രക്ഷിക്കാൻ മടി തോന്നുക, ഇതും ഹിംസയാണു്, ഒരുപക്ഷേ ആദ്യത്തേതിനേക്കാൾ മോശമായതു്.

## 30

ഗാന്ധിജി തുടർന്നു: 'ഇപ്പോഴത്തെ നമ്മുടെ ചർച്ചയുടെ ആവശ്യത്തിനുവേണ്ടി, ആയുധപ്രയോഗം ഉപേക്ഷിക്കുവാൻ ഞാൻ നിങ്ങളോടാവശ്യപ്പെട്ടിട്ടില്ലെന്നു നിങ്ങൾ ശ്രദ്ധിക്കണം. നിങ്ങൾക്കു് ആയുധം തരാൻ എന്നെക്കൊണ്ടാവില്ല. ചിററഗോങ്ങു് ആയുധശാല കൊള്ളചെയ്തവർക്കു ഞാൻ ആയുധം തരേണ്ട ആവശ്യമില്ല.' അദ്ദേഹം അവർക്കു വേദനിക്കുമാറു പറഞ്ഞു: 'ആയുധശാല കൊള്ള ചെയ്തവരെക്കുറിച്ചുള്ള ഏററവും ദയനീയമായ സംഗതി തങ്ങളുടെ എണ്ണം വർധിപ്പിക്കുവാൻപോലും അവർക്കു കഴിഞ്ഞിട്ടില്ലെന്നതാണു്, അവരുടെ ധൈര്യം തല കീഴ്മറിഞ്ഞതാണു്; അതു മററുള്ളവരിൽ കടക്കുന്നില്ല.'

ചിററഗോങ്ങു് ആയുധശാല കൊള്ളചെയ്തവരെപ്പററി ചർച്ച ചെയ്യാൻ ഇതിടയാക്കി.

'അതിനു അതു സാധിച്ചില്ലെന്നതിൽ അത്ഭുതമില്ല,' ആ സംഘത്തിലെ ഒരാൾ പറഞ്ഞു. 'അവർ കുററക്കാരാക്കപ്പെട്ടു'.

'ആരാൽ? ഞാൻ കുററപ്പെടുത്തിയിട്ടുണ്ടാകാം. അതു വേറെ കാര്യം.'

---

30. Harijan, 1–12–1946 (Communal Unity, p. 447)

digitized by www .sreyas.in

'ജനങ്ങളും കുറ്റപ്പെടുത്തി. ഞാൻതന്നെ ആയുധശാല കൊള്ള ചെയ്തവരിൽ ഒരുവനാണു്.'

'അവർ കുറ്റപ്പെടുത്തിയില്ല നിങ്ങൾ കൊള്ളചെയ്തവരിൽ ഒരുവനല്ല. എന്നാൽ ഇതൊക്കെപ്പറയാൻ നിങ്ങളിപ്പോൾ ഇവിടെ ഉണ്ടാകുമായിരുന്നില്ല. അവരിൽ ഇത്രയധികംപേർ ഈ സംഗതികളൊക്കെ ജീവനോടെ കണ്ടുനിന്നുവെന്നതു് എന്റെ ദൃഷ്ടിയിൽ ഒന്നാന്തരമൊരാപത്താണു്. ആ കൊള്ള നടത്തിയപ്പോഴെന്നപോലെ ഈ വിഷമഘട്ടത്തിലും മരണത്തെ നേരിടാനുള്ള നിർഭയതയും ധൈര്യവും അവർ കാണിച്ചിരുന്നെങ്കിൽ, വീരപുരുഷന്മാരെന്ന നിലയിൽ അവക്കു ചരിത്രത്തിൽ സ്ഥാനം ലഭിക്കുമായിരുന്നു. ഇപ്പോഴാകട്ടെ അവർ ചരിത്രത്തിന്റെ ഏടിൽ ഒരു ചെറിയ കുറിപ്പു് എഴുതിച്ചേർത്തിട്ടേയുള്ളു. ആയുധോപയോഗം മറക്കുവാനോ, ഞാൻ ഉപദേശിക്കുന്ന മാതിരി ശൗര്യം കാണിക്കാനോ അപ്പന്മാനിപ്പോൾ നിങ്ങളോടു് ആവശ്യപ്പെടുന്നതെന്നു് നിങ്ങൾ മനസ്സിലാക്കണം. ഞാൻ ഉപദേശിച്ചമാതിരി ശൂരത തന്നെ സഫലമാക്കിയിട്ടില്ല. കിഴക്കൻ ബങ്കാളിൽ അതു പരീക്ഷിച്ചു നോക്കാനാണു ഞാൻ വന്നിരിക്കുന്നതു്. നിങ്ങൾ പണ്ടത്തെ ജാതിശൂരതതന്നെ കാണിച്ചാൽ മതി. മരിക്കാതിരുന്നാൽ അനുഭവം അപകീർത്തിയും അപമാനവും ആണെന്നുവന്നാൽ മരണത്തെ നേരിടാനുള്ള ധൈര്യവും നിർഭയതയും നിങ്ങൾ മറ്റുള്ളവരിൽ—സ്ത്രീകളിലും പുരുഷന്മാരിലും—ഉണ്ടാക്കിത്തീർക്കണം. എന്നാൽ ഹിന്ദുക്കൾക്കു ബങ്കാളിൽ ജീവിക്കാം മറിച്ചാണെങ്കിൽ വയ്യ. എന്തൊക്കെപ്പറഞ്ഞാലു മുസൽമാന്മാർ നമ്മുടെ രക്തത്തിന്റെ രക്തവും അസ്ഥിയുടെ അസ്ഥിയുമാണു്.'

## 31

'ഹിന്ദുക്കൾ കടന്നാക്രമിക്കുന്നതിനെ അങ്ങു് അനുവദിക്കുമോ?'

'ബീഹാറുകാർ അപ്രകാരം ചെയ്തു അവർക്കു ഇന്ത്യക്കു അപകീർത്തി വരുത്തി. ഇന്ത്യയുടെ സ്വാതന്ത്ര്യമാകുന്ന ക്ലോക്കിനെ അവർ പിന്നോക്കം നടത്തിച്ചിരിക്കുകയാണു്. ബീഹാറിനെപ്പറ്റി പറയുവാൻ എനിക്കൊരവകാശമുണ്ടു് അഹിംസയുടെ അസാമാന്യമായൊരു ഉദാഹരണം ചമ്പാരനിൽവച്ചു കാണിച്ചുകൊടുക്കുവാൻ ഭാഗ്യം എന്നെ പ്രാപ്തനാക്കിയതുകൊണ്ടു്, എനിക്കു് ഒരർത്ഥത്തിൽ ബങ്കാളിനോടുള്ളതിലും അധികം അടുപ്പം ബീഹാറിനോടു തോന്നുന്നുണ്ടു്. ബീഹാറിലെ പ്രതികാരം മുസ്ളീങ്ങളെ 'ശാന്തരാക്കി'യിരിക്കുന്നുവെന്നു പറയുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. തത്ക്കാലം അവരെ അടക്കിനിർത്തി എന്നാണിതിന്റെ അർത്ഥം. ഒരു കളി രണ്ടാൾക്കു കളിക്കാമെന്നു് അവർ മറന്നുകളയുന്നു. അടിമ

31. Harijan, 1-12-1946 (Communal Unity, pp. 448-449)

digitized by www .sreyas.in

ത്തല്ലങ്ങലയിൽ ബീഹാർ ഒരു കണ്ണികൂടി ചേർത്തിരിക്കുന്നു. ബീഹാറിലെ പണി ആവർത്തിക്കപ്പെട്ടാൽ, അഥവാ ബീഹാർ മനോഭാവം മാറുന്നില്ലെങ്കിൽ ഈ വാക്കുകൾ, നിങ്ങൾക്കു ഡയറിയിൽ കുറിച്ചിടാം: ഏറെത്താമസിയാതെ ഇന്ത്യ മൂന്നു വൻശക്തികളുടെ നടുവിൽപ്പെടും, ഒരുപക്ഷേ, അവയിൽ ഏതെങ്കിലുമൊന്നായിരിക്കും അധികാരം പ്രയോഗിക്കുന്ന ശക്തി. ഇന്ത്യയുടെ സ്വാതന്ത്ര്യം ഇന്നു ബങ്കാളിലും ബീഹാറിലും അപകടത്തിൽപ്പെട്ടിരിക്കുകയാണ്. ബ്രിട്ടീഷ് ഗവർമെൻറ് കോൺഗ്രസ്സിന്ന് അധികാരം ഏല്പിച്ചുകൊടുത്തതു് കോൺഗ്രസ്സിനോടുള്ള സ്നേഹംകൊണ്ടല്ല, കോൺഗ്രസ്സ് അതു വേണ്ടതുപോലെ നന്നായി ഉപയോഗിക്കുമെന്ന—ദുരുപയോഗപ്പെടുത്തുകയില്ലെന്ന— വിശ്വാസംകൊണ്ടാണ്. ഇന്നാകട്ടെ തൻെറ കാലടികളിൽനിന്നു ഭൂമി വഴുതിപ്പോകുന്നതായി പണ്ഡിത ജവഹർലാൽ നെഹ്രുവിനു തോന്നുന്നു. എങ്കിലും അതു സംഭവിക്കാൻ അദ്ദേഹം സമ്മതിക്കുകയില്ല. അതുകൊണ്ടാണ് അദ്ദേഹം ബീഹാറിൽ എത്തിയിരിക്കുന്നതു്. ആവശ്യമുള്ളത്രകാലം താനിവിടെ താമസിക്കാൻ പോകയാണെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു.'

ബീഹാറുകാർ ഭീരുക്കളെപ്പോലെ പെരുമാറിയിരിക്കുന്നു. വലിയ വ്യസനത്തോടുകൂടി അദ്ദേഹം പറഞ്ഞു. 'കൂടിയേ കഴിയൂ എങ്കിൽ നിങ്ങളുടെ ആയുധങ്ങൾ ഭംഗിയായി ഉപയോഗിക്കൂ, അവയെ ദുരുപയോഗപ്പെടുത്തരുതു്. ബീഹാർ അതിൻെറ ആയുധങ്ങളെ വേണ്ടതുപോലെ ഉപയോഗിച്ചില്ല. പ്രതികാരം ചെയ്യണമെന്ന് ബീഹാറുകാർക്ക് ആഗ്രഹമുണ്ടായിരുന്നെങ്കിൽ, നവ്ഖാലിയിൽ ചെന്ന് ഒററക്കെട്ടായി നിന്നു മരിക്കാമായിരുന്നു. എന്നാൽ ഒരായിരം ഹിന്ദുക്കൾകൂടി അവരുടെ ഇടയിൽ ജീവിക്കുന്ന കുറച്ചു മുസ്ലീങ്ങളുടെമേൽ——ആബാലവൃദ്ധം സ്ത്രീപുരുഷന്മാരുടെമേൽ——ചാടിവീഴുന്നതു് പ്രതികാരമല്ല, മൃഗീയതയാണ്. ദുർബലരെയും നിസ്സഹായരേയും രക്ഷിക്കുകയെന്നതാണ് ആയുധങ്ങൾക്കു ഭൂഷണം. ബീഹാറിനു കിഴക്കൻ ബങ്കാളിലെ ഹിന്ദുക്കൾക്ക് നല്കുവാൻ കഴിയുമായിരുന്ന ഏററവും നല്ല സഹായം തങ്ങളുടെ ഇടയിൽ പാക്കുന്ന മുസ്ലീങ്ങളുടെ സംപൂർണ്ണരക്ഷസ്സു് സ്വജീവൻകൊണ്ടു് ഉറപ്പു നല്കുകയെന്നതായിരുന്നു. അവരുടെ മാതൃക ഫലിച്ചേനെ. ഇന്നത്തെ ഭ്രാന്തു് അടങ്ങിയാൽ അവർ പശ്ചാത്താപപുരസ്സരം അപ്രകാരം ചെയ്യുമെന്ന വിശ്വാസം എനിക്കുണ്ടു്. എങ്ങനെയായാലും, ഞാൻ ജീവിക്കണമെന്ന് അവർക്കാഗ്രഹമുണ്ടെങ്കിൽ, എൻെറ ജീവിതത്തിനു ഞാൻ നിശ്ചയിച്ചിട്ടുള്ള വില അതാണ്. ഒന്നാമത്തെ പാഠം ഇങ്ങനെ അവസാനിക്കുന്നു.'

digitized by www .sreyas.in

## 32

ചോദ്യം. സഹോദരന്മാർ തമ്മിൽ ഇങ്ങനെ കശാപ്പു നടന്നു കൊണ്ടിരിക്കെ, അതതു സമുദായങ്ങളുടെ പേർ പറയാതിരിക്കുന്നതു് എന്തിനാണെന്നു പറയാൻ താങ്കൾക്കു കഴിയുമോ?

ഉത്തരം: ഈ ചോദ്യം പലപ്പോഴും ചോദിക്കാൻ എനിക്കും തോന്നിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. പണ്ടത്തെ സ്വേച്ഛാഭരണത്തിൽനിന്നു കിട്ടിയതാണെന്നതൊഴിച്ചു്, ഈ മൂടിവയ്ക്കൽ നയത്തിനു് ഒരു ന്യായവും ഉണ്ടെന്നു തോന്നുന്നില്ല. പ്രസ്തുത നയമാകട്ടെ, ദേശീയഗവർമെൻറു മാററിയിരിക്കുന്നുവെന്നു നമുക്കു് ആശിക്കാം. ആർ അറിയാൻ പാടില്ലയോ അവർക്കറിയാം ആർ ആരെയാണു കുത്തുന്നതെന്നു്. ആരറിയണമോ, അവരെ അറിയിക്കുന്നുമില്ല. സ്വന്തം മതങ്ങളുടെ ഉറച്ച അനുയായികളാണെന്ന നില വിടാതെതന്നെ തങ്ങൾ ആദ്യവും അവസാനവും ഇന്ത്യക്കാരാണെന്നതിൽ അഭിമാനംകൊള്ളുന്ന വളരെ ഹിന്ദുക്കളും മുസ്ളീങ്ങളും മററു സമുദായക്കാരുമുണ്ടെന്നു് എനിക്കറിയാം. തെമ്മാടിത്തം കാട്ടുന്നതിൽനിന്നു് അന്ധരായ മതഭ്രാന്തന്മാരെ പിന്തിരിപ്പിക്കുവാൻവേണ്ടി കഴിയുന്നതൊക്കെച്ചെയ്യാൻ ഇവർക്കു സന്തോഷമേയുള്ളു. ഇത്തരം വളരെപ്പേരെ എനിക്കറിയാം. അവർക്കു പത്രങ്ങൾ മുഖേനയല്ലാതെ വിവരങ്ങൾ അറിയാൻ യാതൊരു വഴിയുമില്ല. ഇരുട്ടിനെ വെളിച്ചത്തിൽ തുറന്നു കാട്ടട്ടെ. അതു് അധികം വേഗം നീക്കപ്പെടും.

## 33

'നവ്ഖാലിയിലെ കാര്യങ്ങളെക്കുറിച്ചു് എൻെറ പ്രസംഗങ്ങളിൽ ഞാനാവുന്നതും ഒന്നും പറയാതിരിക്കുകയാണു പതിവു്. എന്നാൽ നവ്ഖാലിയെപ്പററി പറയേണ്ടിവന്നപ്പോഴെല്ലാം വളരെ നിയന്ത്രണത്തോടുകൂടിയാണു ഞാൻ പറഞ്ഞിട്ടുള്ളതെന്നും ഞാൻ സമ്മതിക്കുന്നു. നവ്ഖാലിയിൽ മുസ്ളീങ്ങൾ ചെയ്ത പാപങ്ങളെപ്പററി ഞാനൊന്നും പറരുതെന്നും ബീഹാറിലെ ഹിന്ദുക്കളുടെ പാപങ്ങളെക്കുറിച്ചു മാത്രമേ ഞാൻ പറയാവൂ എന്നും മുസ്ളീങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഞാനങ്ങനെ ചെയ്താൽ, ഞാൻ ഭീരുവായിത്തീരും. എനിക്കു നവ്ഖാലി മുസ്ളീങ്ങളുടെയും ബീഹാർ ഹിന്ദുക്കളുടെയും പാപങ്ങൾ തുല്യവലിപ്പമുള്ളവയും തുല്യനിലയിൽ അധിക്ഷേപാർഹവുമാണു്.' ഇവിടെ താമസിക്കുന്ന കുറെ മുസ്ളീം അഭയാർത്ഥികൾ ഇന്നുരാവിലെ ഗാന്ധിജിക്കു് ഒരു മെമ്മോറാണ്ടമായി എഴുതിക്കൊടുത്ത കുറെ പരാതികൾക്കു മറുപടിയായി അദ്ദേഹം പറഞ്ഞു.

---

32. Harijan, 20–10–1946 (Communal Unity, p. 397)
33. Harijan, 13-4-1947 (Communal Unity, p. 573)

digitized by www .sreyas.in

നവ്ഖാലി സംഭവങ്ങളെക്കുറിച്ചു ഗന്ധിജി തന്റെ പ്രസംഗങ്ങളിൽ പറയുന്നതു് ഹിന്ദുക്കളുടെ രോഷത്തെ അമർത്തുന്നതിനുപകരം വർദ്ധിപ്പിക്കുകയേയുള്ളവെന്നു് ഒരു മെമ്മോറാണ്ഡത്തിൽ പറഞ്ഞിരുന്നു. തന്നെ മുസ്ലീങ്ങൾ ഇന്നു് അവരുടെ ശത്രുവായി കരുതുന്നതുകൊണ്ടു്, നിയന്ത്രണത്തോടുകൂടി സംസാരിക്കുവാൻ ചിലപ്പോൾ താൻ നിർബദ്ധനാകുന്നുണ്ടെന്നു ഗാന്ധിജി പറഞ്ഞു. പഞ്ചാബിൽ കൂടുതൽ വഷളത്തങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു്. ആദ്യം വർത്തമാനപ്പത്രങ്ങളിലെ കഥകൾ അദ്ദേഹം വിശ്വസിച്ചില്ല. പക്ഷേ പിന്നീടു് അന്വേഷണം നടത്തിയപ്പോൾ മനസ്സിലായി പത്രങ്ങളിൽ കാണുന്നതിലും കവിഞ്ഞ അതിക്രമങ്ങൾ പഞ്ചാബിൽ നടത്തപ്പെടുന്നുണ്ടെന്നു്. ഒരു പ്രത്യേക സമുദായക്കാർ ചെയ്യുന്നതാകകൊണ്ടു്, തനിക്കതിനെപ്പററി യാതൊന്നും മിണ്ടിക്കൂടേ? ഇത്തരം പൂഴ്ത്തിവെപ്പുകൊണ്ടു് അദ്ദേഹത്തിന്റെ ഉദ്യമം സഫലമാവുകയില്ല.

### 34

ഇടക്കാലഗവർമെൻറിനു് ഒരു ചീത്ത പാരമ്പര്യം കിട്ടിയെന്നതും, തന്നിമിത്തം ആർ ആരെക്കൊന്നുവെന്നു് നമുക്കറിയാൻ വയ്യാത്തതും നിർഭാഗ്യകരമാണു്. അതു് 'ഏതോ സമുദായത്തിലെ അംഗങ്ങളുടെ പണിയാണു്. എന്തുകൊണ്ടു് ആരാണു കശാപ്പുകാരനെന്നു തുറന്നുപറഞ്ഞുകൂടാ?

## സി. സർവമതപ്രാർത്ഥന

### 35

ആശ്രമപ്രാർത്ഥനയ്ക്കു് എങ്ങനെയാണു് അതിന്റെ ഇപ്പോഴത്തെ രൂപമുണ്ടായതെന്നു് ഇന്നത്തെ പ്രാർത്ഥനായോഗത്തിൽ ഗാന്ധിജി വിവരിച്ചു. 1915—ൽ അദ്ദേഹം ഇന്ത്യയിലേക്കു വന്നപ്പോൾ ഫീനിക്സ് സെററിൽമെൻറിലെ അന്തേവാസികളൊന്നിച്ചു ശാന്തിനികേതനത്തിൽ താമസിക്കുവാൻ ഗുരുദേവ്, പരേതനായ ദീനബന്ധു ആൻഡ്രൂസ് മുഖേന അദ്ദേഹത്തെ ക്ഷണിച്ചു. കാകാസാഹിബും ഹരിഹരശർമയും അവിടെയുണ്ടായിരുന്നു. അതുപോലെതന്നെ, പരേതനായ ദീനബന്ധു ആൻഡ്രൂസും പിയേഴ്സനും. ഈ സുഹൃത്തുക്കൾ ഒരുതരം തെക്കെ ആഫ്രിക്കൻ ക്യാമ്പു് അവിടെ ഏർപ്പെടുത്തിയിരുന്നു. അക്കാലത്തു് ആ ചെറിയ സംഘം നടത്തിപ്പോന്ന പ്രാർത്ഥന അതിലെ സംസ്കൃതവിഭാഗത്തെ സംബന്ധിച്ചിടത്തോളം ഇന്നും മാററമില്ലാതെ തുടരുന്നു.

34. Harijan, 8–6–1947 (Communal Unity, p. 632)
35. Harijan, 5–1–1947 (Communal Unity, p. 471)

digitized by www .sreyas.in

തിരുവിതാംകൂറിൽ ഹരിജൻ പര്യടനം നടത്തിക്കൊണ്ടിരിക്കെ അദ്ദേഹം ഈശാവാസ്യോപനിഷത്തിലെ ആദ്യത്തെ മന്ത്രംകൂടി അതിൽ കൂട്ടിച്ചേർത്തു—അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഹൈന്ദവാദ്ധ്യാത്മികചിന്തയുടെ സത്ത് അതിൽ ഉള്ളതുകൊണ്ട്. പിന്നീട്, സംഗീതവിദുഷിയായ റെയ്ഹാനാ തയാബ്ജി ഖുറാൻ ശരീഫിൽനിന്ന് ഒരു ഭാഗം കൂട്ടിച്ചേർക്കണമെന്ന് അഭിപ്രായപ്പെട്ടു. ഇതും ചെയ്തു. അവസാനമായി ആഗാഖാൻ കൊട്ടാരത്തിൽവച്ച് കസ്തൂർബാ മരിച്ചപ്പോൾ ഡോക്ടർ ഗിൽഡർ സൊറൊസ്ട്രിയൻ വേദത്തിൽനിന്ന് ഒരു ഭാഗം ചൊല്ലി. അതിനുശേഷം അതും ആശ്രമപ്രാർത്ഥനയുടെ അംശമായിത്തീർന്നു. ഇതിനു പുറമെ ഏതെങ്കിലും ഇന്ത്യൻഭാഷയിൽനിന്ന് ഒരു ഭജനയും ഒരിംഗ്ലീഷ് ഗാനവും രാമധുനും ചൊല്ലാറുണ്ട്.

ഇങ്ങനെ രൂപംപൂണ്ട ഈ പ്രാർത്ഥന ഏതെങ്കിലും പ്രത്യേക ജാതിയുടെയോ സമുദായത്തിന്റെയോ ആണെന്നു കരുതേണ്ട ആവശ്യമില്ല. അതു ലോകത്തിനു മുഴുവൻ രുചിക്കുന്നതാണ്. ആർക്കും, അവർ ഏതു മതക്കാരായാലും അതിൽ പങ്കുകൊള്ളാൻ സങ്കോചം തോന്നേണ്ടതില്ല.

## 36

ഒന്നുകിൽ ഖുറാനിൽനിന്നുള്ള വരികൾ ചൊല്ലുന്നതു വേണ്ടെന്നു വയ്ക്കണം. അല്ലെങ്കിൽ വാൽമീകിക്ഷേത്രം വിട്ടുപോകണം (അവിടെയാണദ്ദേഹം താമസിച്ചിരുന്നത്) എന്നാവശ്യപ്പെടുന്ന ഒരെഴുത്തു തനിക്കു കിട്ടയിട്ടുണ്ടെന്നു പ്രാത്ഥനയാരംഭിക്കുന്നതിനു മുമ്പു ഗാന്ധിജി പറഞ്ഞു. ഖുറാനിൽനിന്നുള്ള വരികൾ ചൊല്ലുന്നതിനെ എതിർക്കുന്നവരായി ആരെങ്കിലും അവരുടെ കൂട്ടത്തിലുണ്ടോ എന്ന് അവിടെയുള്ളവരോടു ഗാന്ധിജി ചോദിച്ചു. കുറെ കൈകൾ ഉയർത്തപ്പെടുകയും ഖുറാനിൽനിന്നുള്ള വരികൾ ചൊല്ലിയാൽ പ്രാത്ഥന നടത്താൻ തങ്ങൾ അനുവദിക്കുകയില്ലെന്ന് അവർ പറകയും ചെയ്തപ്പോൾ പ്രാർത്ഥന വേണ്ടെന്നു വക്കുവാൻ ഗാന്ധിജി തീരുമാനിച്ചു.

ഇന്നലെ പറഞ്ഞതിന്റെ സൗന്ദര്യവുംസത്യവും അവർ മനസ്സിലാക്കിയോ എന്നു തന്റെ പ്രസംഗത്തിനിടയിൽ ഗാന്ധിജി ചോദിച്ചു. തന്റെ ധർമ്മമാണെന്നു തനിക്കു തോന്നിയതു ചെയ്യാതിരിക്കുന്നവനല്ല താനെന്ന് അദ്ദേഹം പറഞ്ഞു. എങ്കിലും പ്രാർത്ഥനായോഗം നടത്തുന്നതിനെ ഒരു കുട്ടിപോലും എതിർത്താൽ അതു നടത്താതിരിക്കണമെന്ന് അദ്ദേഹത്തിന്റെ അഹിംസ ശാസിക്കുന്നു. എങ്കിലും ഇതു ഭീരുത്വമായി വ്യാഖ്യാനിക്കപ്പെടരുത്. വിവാദവും ഹിംസയും കൂടാതെ കഴിക്കാൻവേണ്ടിയാണ് അദ്ദേഹം പ്രാർത്ഥന

36. Harijan, 20-4-1947 (Communal Unity, pp. 582-583)

digitized by www .sreyas.in

നടത്താതിരിക്കുന്നതു്. ഹിംസ പിശാചിന്റെ പണിയാണു്. തന്റെ ജീവകാലം മുഴുവൻ അദ്ദേഹം അതിനെതിരായി പൊരുതിട്ടുണ്ടു്.

അദ്ദേഹം പ്രാർത്ഥനായോഗം നടത്തുന്നതിനെ എതിർക്കുവാൻ പ്രാർത്ഥനയ്ക്കു വരരുതു്. അഥവാ അവർ മാത്രം വന്നു വേണമെങ്കിൽ അദ്ദേഹത്തെ വധിക്കണം. താൻ കൊല്ലപ്പെട്ടാൽപോലും, തന്റെ അഭിപ്രായത്തിൽ ഒരേ ഒരീശ്വരന്റെ നാമങ്ങളായ രാമ, റഹിം എന്നീ ശബ്ദങ്ങൾ ഉരുവിടാതിരിക്കുകയില്ല, എന്നദ്ദേഹം പറഞ്ഞു. ഈ നാമങ്ങൾ ഉച്ചരിച്ചുകൊണ്ടു് അദ്ദേഹം പ്രസന്നതയോടെ മരിക്കും.

രാമന്റേയും റഹിമിന്റേയും നാമങ്ങൾ ജപിക്കുന്നതു താൻ നിർത്തിയാൽ താനെങ്ങനെയാണു നവ്ഖാലിയിലെ മുസ്ലീങ്ങളേയും ബീഹാറിലെ ഹിന്ദുക്കളേയും നേരിടുകയെന്നു ഗാന്ധിജി ചോദിച്ചു. പ്രാർത്ഥന നടത്തണമെന്നു് ആഗ്രഹിക്കുന്നവർക്കു തടസ്സക്കാരുടെ നേരെ കോപമോ വെറുപ്പോ തോന്നരുതെന്നും അനുതാപമാണു തോന്നേണ്ടതെന്നും അദ്ദേഹം പറഞ്ഞു. കോപവും പ്രതികാരേച്ഛയും ഹിന്ദുമതത്തിനുവേണ്ടി ചെയ്യുന്ന സേവനങ്ങളാവില്ല.

ഗാന്ധിജി സ്ഥലംവിട്ടുപോകാൻ ഭാവിക്കുകയും സദസ്സിലെ രണ്ടു വിഭാഗങ്ങൾ തമ്മിൽ കലഹിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ അദ്ദേഹം നിന്നുകൊണ്ടു 15 മിനുട്ടുനേരം സംസാരിച്ചു, കോപംകൊണ്ടു് ഒരു ഗുണവും കിട്ടാൻ പോകുന്നില്ലെന്നു് അദ്ദേഹം പറഞ്ഞു. പഞ്ചാബിലെ വ്രണങ്ങൾ എങ്ങനെ ഏററവും നന്നായി ഉണക്കാമെന്നു് അവർ ആലോചിക്കണം. ശകാരം മതവിരുദ്ധമാകകൊണ്ടു് അതിന്നൊരുമ്പെടുകയുമരുതു്.

## ഡി. മിശ്രഭോജനവും മിശ്രവിവാഹവും

37

ഹിന്ദു—മുഹമ്മദൻ മൈത്രിയെക്കുറിച്ചു ഞാൻ പറയുന്നതെല്ലാം ഹൃദയപൂർവമാണെങ്കിൽ ഞാനൊരു മുഹമ്മദനൊന്നിച്ചിരുന്നു ഭക്ഷണം കഴിക്കുകയും മുഹമ്മദനു് എന്റെ പുത്രിയെ വിവാഹം ചെയ്തുകൊടുക്കുകയും ചെയ്യുമോ എന്നു കാണ്ടു്ലർ കുറച്ചുനാൾ മുമ്പു സാങ്കല്പികമായ ഒരഭിമുഖസംഭാഷണത്തിൽ എന്നോടു ചോദിച്ചു. ഈ ചോദ്യം വേറെ രൂപത്തിൽ മററു സുഹൃത്തുക്കളും ചോദിച്ചിട്ടുണ്ടു്. ഹിന്ദു—മുഹമ്മദൻ മൈത്രിക്കു മിശ്രഭോജനവും മിശ്രവിവാഹവും ആവശ്യമാണോ? ഇതു രണ്ടും ആവശ്യമാണെങ്കിൽ യഥാർത്ഥ മൈത്രി ഒരുകാലത്തും ഉണ്ടാകയില്ലെന്നു ചോദ്യകർത്താക്കൾ പറയുന്നു. എന്തുകൊണ്ടെന്നാൽ മിശ്രഭോജനത്തിനു സമ്മതമില്ലാത്ത കോടാനു

37. Young India, 25-2-1920 (Communal Unity, pp. 6-7)

digitized by www .sreyas.in

കോടി സനാതനഹിന്ദുക്കളുണ്ട്—മിശ്രവിവാഹത്തെപ്പററി പറയുകയേ വേണ്ട.

ജാതി ദോഷകരമായ ഒരേർപ്പാടാണെന്നു കരുതാത്തവരിൽ പെട്ടവനാണ് ഞാൻ. ജാതി അതിൻെറ ആദ്യരൂപത്തിൽ ഗുണകരമായിരുന്നു. രാജ്യക്ഷേമത്തെ വളർത്തിയിരുന്നു. രാജ്യാഭിവൃദ്ധിക്കു മിശ്രഭോജനവും മിശ്രവിവാഹവും വേണമെന്ന ആശയം എൻെറ അഭിപ്രായത്തിൽ, പാശ്ചാത്യരിൽനിന്നു കടംവാങ്ങിയ ഒന്നാണ്. ജീവിതത്തിലെ മററു ശുചീകരണവ്യവസ്ഥകളെപ്പോലെ തുലോം പ്രധാനമായ ഒന്നാണു ഭക്ഷണംകഴിക്കൽ. മനുഷ്യജാതി ഭക്ഷണത്തെ അന്ധമായ ആരാധനയ്ക്കു പാത്രവും ഒരു ഭോഗസാധനവുമാക്കിയിരുന്നില്ലെങ്കിൽ മററു ജീവിതാവശ്യങ്ങളെന്നോണം ഭക്ഷണം കഴിക്കലും നാം സ്വകാര്യമായി നടത്തിയേനെ. ഹിന്ദുമതത്തിലെ സമുന്നതസംസ്കാരം ഭക്ഷണത്തെ വീക്ഷിക്കുന്നതു് ഈ വെളിച്ചത്തിലാണ്. മററാരുടേയും സാന്നിദ്ധ്യത്തിൽ ഭക്ഷണം കഴിക്കാത്ത അനേകായിരം ഹിന്ദുക്കൾ ഇന്നുമുണ്ട്; ഭക്ഷണം കഴിക്കുന്നതു വളരെ സ്വകാര്യമായിട്ടാണെങ്കിലും ആരോടും യാതൊരു വിദ്വേഷവുമില്ലാത്ത എല്ലാവരോടും അന്ത്യസൗഹാർദത്തിൽ കഴിയുന്ന വളരെ സംസ്കൃതമതികളുടെ പേരുകൾ എനിക്കു പറയാൻ കഴിയും.

മിശ്രവിവാഹം ഇതിലും വൈഷമ്യമുള്ള പ്രശ്നമാണ്. പരസ്പരം വിവാഹം ചെയ്യുന്നതിനെപ്പററി ആലോചിക്കാതെ സഹോദരീസഹോദരന്മാർക്കു തമ്മിൽ തികഞ്ഞ സൗഹാർദ്ദത്തോടുകൂടി ജീവിക്കാൻ കഴിയുമെങ്കിൽ, എൻെറ മകൾ ഓരോ മുഹമ്മദീയനെയും സഹോദരനായി കരുതുന്നതിൽ—അയാൾ അവളെ സഹോദരിയായി കരുതുന്നതിലും—യാതൊരു വൈഷമ്യവും എനിക്കു കാണാൻ കഴിയുന്നില്ല. മതത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചും എനിക്കു പ്രബലാഭിപ്രായങ്ങളുണ്ട്. നമ്മുടെ ആഗ്രഹങ്ങളിന്മേൽ ഭക്ഷണമായാലും വിവാഹമായാലും നാം എത്രയേറെ നിയന്ത്രണം ചെലുത്തുന്നുവോ അത്രയേറെ നല്ലവരായിത്തീരുകയാണു നാം—ധാർമികദൃഷ്ടിയിൽ ഏതുതരം ചെറുപ്പക്കാരനും എൻെറ മകളെ വിവാഹം ചെയ്യാൻ മുന്നോട്ടു വരുവാനുള്ള അവകാശം അഥവാ അതിലുള്ള ഔചിത്യം ഞാൻ സമ്മതിക്കണമെങ്കിൽ അഥവാ ഞാൻ ആരുടെ കൂട്ടത്തിലിരുന്നും ഭക്ഷിക്കേണ്ടതു് ആവശ്യമാണെങ്കിൽ ലോകവുമായി എന്നെങ്കിലും ഇണങ്ങിപ്പോകാൻ എനിക്കു കഴിയുമെന്നു തോന്നുന്നില്ല. ലോകത്തോടു മുഴുവനും സൗഹാർദം പുലർത്തിക്കൊണ്ടാണു ഞാൻ ജീവിക്കുന്നതെന്നു ഞാൻ അവകാശപ്പെടുന്നു. ഒരൊററ മുഹമ്മദീയനോടോ ക്രിസ്ത്യനോടോ ഞാൻ ഒരിക്കലും കലഹിച്ചിട്ടില്ല. എങ്കിലും വളരെ കൊല്ലക്കാലമായി ഞാൻ മുസ്ലീംകുടുംബങ്ങളിൽനിന്നും ക്രിസ്ത്യൻകുടുംബങ്ങളിൽനിന്നും ഫലങ്ങളല്ലാതെ മററു യാതൊന്നും കഴിച്ചിട്ടില്ല. എൻെറ പുത്രനോടുകൂടിയിരുന്നു് ഒരേ പാത്രത്തിൽനിന്നു ഭക്ഷണം കഴിക്കാനും അവൻ മോന്തിയ പാത്രത്തിൽനിന്നു്

digitized by www .sreyas.in

(അതു കഴുകാതെ) വെള്ളം കുടിക്കാനും ഞാൻ തീർച്ചയായും തയ്യാറില്ല. എങ്കിലും ഇത്തരം സംഗതികളിൽ ഞാൻ കാണിക്കുന്ന നിയന്ത്രണം അഥവാ ഒററപ്പെട്ട നിൽപ്പ് മുഹമ്മദീയരുമായും ക്രിസ്ത്യാനികളുമായും എന്റെ മക്കളുമായുള്ള ഏററവും അടുത്ത ബന്ധത്തിനു യാതൊരു കോട്ടവും തട്ടിച്ചിട്ടില്ല.

എന്നാൽ മിശ്രഭോജനവും മിശ്രവിവാഹവും അനൈക്യത്തിനും കലഹങ്ങൾക്കും ഇതിലും ചീത്തയായ കാര്യങ്ങൾക്കും ഒരിക്കലും ഒരിക്കലും തടസ്സമായിട്ടില്ല. പാണ്ഡവന്മാരും കൗരവന്മാരും തമ്മിൽ മിശ്രഭോജനവും മിശ്രവിവാഹവും ഉണ്ടായിരുന്നുവെങ്കിലും അവർ പരസ്പരം കഴുത്തറുത്തു. ഇംഗ്ലീഷുകാരും ജർമ്മൻകാരും തമ്മിലുള്ള ശത്രുത ഇന്നും മാറിയിട്ടില്ല.

മിശ്രഭോജനവും മിശ്രവിവാഹവും പലപ്പോഴും സൗഹാർദ്ദത്തിന്റെയും ഐക്യത്തിന്റെയും ചിഹ്നങ്ങളാണെങ്കിലും ഈ രണ്ടിനും അവ കൂടിയേ കഴിയൂ എന്നില്ലെന്നതാണു പരമാർത്ഥം. എങ്കിലും ഇവയിൽ ഏതെങ്കിലുമൊന്നു വേണമെന്നു ശാഠ്യം പിടിച്ചാൽ ഹിന്ദുമുഹമ്മദൻ മൈത്രിക്ക് അതു തടസ്സമാകും, ഇന്നു തടസ്സമാണ്. മിശ്രഭോജനവും മിശ്രവിവാഹവും നടത്താതിരുന്നാൽ, ഹിന്ദുക്കൾക്കും മുഹമ്മദീയർക്കും ഒന്നാകാൻ കഴികയില്ലെന്നു നാം വിശ്വസിച്ചാൽ മിക്കവാറും നീക്കം ചെയ്യാനാവാത്ത ഒരു മതിൽക്കെട്ടായിരിക്കും നാം നമ്മുടെ ഇടയിൽ നിർമ്മിക്കുന്നത്. ഹിന്ദുബാലികമാരോടു വിവാഹാഭ്യർത്ഥന ചെയ്യുന്നതു ന്യായമാണെന്നു മുഹമ്മദൻ യുവാക്കൾ കരുതിയാൽ, വളർന്നുവരുന്ന ഹിന്ദുമുഹമ്മദൻ മൈത്രിക്ക് അതു വലിയ പ്രതിബന്ധമായിത്തീരും. ഹിന്ദുമാതാപിതാക്കന്മാർ അവർക്കിത്തരം വല്ല സംശയവുമുണ്ടെങ്കിൽപോലും മുഹമ്മദീയരെ അവരുടെ കുടുംബങ്ങളിലേക്കു കടത്തുകയില്ല—ഇന്നു ചെയ്യാൻ തുടങ്ങിയിട്ടുള്ളതുപോലെ. എന്റെ അഭിപ്രായത്തിൽ ഹിന്ദുയുവാക്കളും മുഹമ്മദൻയുവാക്കളും ഈ അതിർത്തി അറിഞ്ഞിരിക്കുന്നതാവശ്യമാണ്.

മിശ്രവിവാഹം നടത്തിയിട്ടും സ്വന്തം മതം ഭദ്രമാക്കിവയ്ക്കുക ഹിന്ദുക്കൾക്കും മുഹമ്മദീയർക്കും തീരെ അസാധ്യമാണെന്നു ഞാൻ കരുതുന്നു. സ്വന്തം മതത്തോട് ഓരോരുത്തനും കൂറു കാണിക്കുക, എന്നിട്ടു പരസ്പരം കൂറുള്ളവരായിരിക്കുക എന്നതിലാണു ഹിന്ദുമുഹമ്മദൻമൈത്രിയുടെ യഥാർത്ഥസൗന്ദര്യം കിടക്കുന്നത്.

38

ഈ കുറിപ്പുകളുടെ കർത്താവായ നിപുണനായ എഴുത്തുകാരൻ നമ്മളിൽ ആരേയുംപോലെ ഐക്യം ഇഷ്ടപ്പെടുന്നു. 'ഒരു സമൂല

38. Young India 20-10-1921, (Communal Unity, p. 27)

പരിവർത്തനം മൗലികമായ രൂപാന്തരീകരണവും അടിത്തറമുതൽ പുനർനിർമാണവും' വേണമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. എങ്കിലും നിവൃത്തിമാർഗം എന്താണെന്ന് ഊഹിക്കുവാൻ വായനക്കാരനെ വിട്ടിരിക്കുകയാണ്. അദ്ദേഹം വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയെങ്കിൽ, അധികം നന്നായേനെ. ഒരു തുടക്കമെന്ന നിലയ്ക്കെങ്കിലും നാം മിശ്രവിവാഹവും മിശ്രഭോജനവും നടത്തണമെന്ന് അദ്ദേഹത്തിനു വിചാരമുണ്ട്. അതാണ് അദ്ദേഹം കൊതിക്കുന്ന മൗലികരൂപാന്തരീകരണമെങ്കിൽ സ്വരാജ്യപ്രാപ്തിക്ക് അതൊരു ഉപാധിയാണെങ്കിൽ നാം ഒരു നൂറ്റാണ്ടെങ്കിലും കാത്തിരിക്കേണ്ടിവരുമെന്നു ഞാൻ ഭയപ്പെടുന്നു. ഹിന്ദുക്കളോട് അവരുടെ മതം ഉപേക്ഷിക്കുവാൻ പറയുന്നതുപോലെയാണത്. അതു തെറ്റാണെന്നു ഞാൻ പറയുന്നില്ല, എങ്കിലും പ്രായോഗികമല്ലാത്ത ഒരു പരിഷ്കാരമാണത്. ആ പരിഷ്കാരം എന്നെങ്കിലും വന്നാൽ അതു ഹിന്ദുമുസ്ലീംമൈത്രിയായിരിക്കുകയില്ല. ഇന്നത്തെ പ്രസ്ഥാനം ഉന്നംവയ്ക്കുന്നതു ഭക്തനായ മുസൽമാൻ അവന്റേയും ഭക്തനായ ഹിന്ദു അവന്റെയും മതം നിലനിർത്തിക്കൊണ്ടുതന്നെ ഐക്യം നേടുവാനാണ്. അതിനാൽ അലി സഹോദരന്മാരും ഞാനും ഹിന്ദുമുസ്ലീം മൈത്രിയുടെ കാര്യത്തിൽ എല്ലാ മുസൽമാന്മാർക്കും ഹിന്ദുക്കൾക്കും മാതൃകയാണെന്ന് എന്റെ ശ്രോതാക്കളോടു ഞാൻ പറയാറുണ്ട്. ഞങ്ങൾ രണ്ടുപേരും ഞങ്ങളുടെ പ്രത്യേക മതങ്ങളോടു ഭക്തിയുള്ളവരാണ് എന്നവകാശപ്പെടുന്നു. അലിസഹോദരന്മാരോട് ഏറ്റവുമധികം ബഹുമാനമുണ്ടെങ്കിലും എന്റെ മകളെ ഞാൻ അവരുടെ പുത്രന്മാരിൽ ഒരാൾക്കു വിവാഹം ചെയ്തുകൊടുക്കുകയില്ല. അവരുടെ മകളെ അവർ എന്റെ മകനു കൊടുക്കുകയില്ലെന്നും എനിക്കറിയാം —ഒരു ഹിന്ദുവാണെങ്കിലും അവൻ അവരുടെ മകളെ ആഗ്രഹിക്കാൻതക്കവണ്ണം പ്രാജ്ഞനായിത്തീർന്നാൽത്തന്നെയും. ഞാൻ അവരുടെ മാംസഭക്ഷ്യം കഴിക്കയില്ല. എന്റെ ഈ മതഭ്രാന്തിനെ,—ആ സ്വാർത്ഥത്യാഗത്തെ അങ്ങനെ വിളിക്കാമെങ്കിൽ—അവർ കണിശമായി മാനിക്കുകയും ചെയ്യുന്നു. എങ്കിലും മൂന്നുപേരുടെ ഹൃദയം അലിസഹോദരന്മാരുടെയും എന്റേയുംപോലെ ഇണങ്ങിയിട്ടുള്ളതായി എനിക്കറിവില്ല. എന്നാലും ഈ ഐക്യം വെറും കാപട്യമല്ലെന്നും, അഭിപ്രായങ്ങളെയും ശീലങ്ങളെയും അത്യധികമായ ആദരത്തോടെ പരസ്പരം മാനിച്ചുകൊണ്ടും പൊറുത്തുകൊണ്ടുമുള്ള ശാശ്വതസൗഹാർദമാണെന്നും വായനക്കാർക്കു ഞാൻ ഉറപ്പുനൽകിക്കൊള്ളുന്നു.

## 39

ഓരോരുത്തനും സ്വന്തം മതമനുസരിക്കുവാൻ സ്വാതന്ത്ര്യമുള്ളേടത്തോളംകാലം മിശ്രവിവാഹത്തിനു ധാർമികമായ ഒരു തടസ്സവും

39. Young India, 4-6-1931 (Communal Unity, p. 9)

digitized by www .sreyas.in

ഞാൻ കാണുന്നില്ല. എങ്കിലും ഇത്തരം വിവാഹങ്ങൾകൊണ്ടു സമാധാനം ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. സമാധാനത്തിന്റെ പുറകെ അവ വന്നേക്കാം. ഹിന്ദുമുസ്ലീം ബന്ധങ്ങൾ അസ്വസ്ഥങ്ങളായി കിടക്കുന്നേടത്തോളംകാലം അവർ തമ്മിൽ വിവാഹം നടത്തിക്കാനുള്ള ഏതു ശ്രമവും ആപത്തിലേ പരിണമിക്കൂ. വല്ലപ്പോഴുമൊരിക്കൽ ഇത്തരം വിവാഹം സുഖപ്രദമായേക്കാമെന്ന സംഗതി അതു പരക്കെ വേണമെന്നു പറയാൻതക്ക കാരണമല്ല. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ മിശ്രഭോജനം ഇപ്പോഴും ധാരാളം നടക്കുന്നുണ്ട്. പക്ഷേ, അതു സമാധാനം വളർത്താൻ സഹായിച്ചിട്ടില്ല. മിശ്രവിവാഹത്തിനും മിശ്രഭോജനത്തിനും സമുദായമൈത്രിയുമായി യാതൊരു ബന്ധവുമില്ലെന്നാണ് എന്റെ ദൃഢാഭിപ്രായം. വഴക്കിന്റെ കാരണങ്ങൾ സാമ്പത്തികവും രാഷ്ട്രീയവുമാണ്. ഇവയാണു നീക്കംചെയ്യപ്പെടേണ്ടതു്. യൂറോപ്യന്മാരുടെ ഇടയിൽ മിശ്രവിവാഹവും മിശ്രഭോജനവുമുണ്ട്. എന്നിട്ടും ചരിത്രത്തിൽ ഒരു കാലത്തും ഹിന്ദുക്കളും മുസ്ലീങ്ങളുമായ നാം കലഹിച്ചിട്ടില്ലാത്തത്ര അവർ പരസ്പരം കലഹിച്ചിട്ടുണ്ട്. നമ്മുടെ ജനതതികൾ അകന്നുനിൽക്കുകയാണു ചെയ്തിട്ടുള്ളതു്.

40

ചോദ്യം: ഭിന്നജാതിക്കാർ തമ്മിൽ വിവാഹം വേണമെന്നു താങ്കൾ പറയുന്നു. വ്യത്യസ്തമതക്കാരായ ഇന്ത്യക്കാർ തമ്മിലും വിവാഹം വേണമെന്ന അഭിപ്രായം താങ്കൾക്കുണ്ടോ? തങ്ങൾ ഒരു മതത്തിലും പെട്ടവരല്ലെന്നു് അവർ പറയണമോ? അതോ സ്വന്തം മതാനുഷ്ഠാനങ്ങൾ തുടർന്നും അവർക്കു മിശ്രവിവാഹം ചെയ്യാമോ? അങ്ങനെയാണെങ്കിൽ വിവാഹച്ചടങ്ങിന്റെ രൂപമെന്തായിരിക്കണം? അതു വെറുമൊരു സിവിൽ ചടങ്ങായാൽ മതിയോ, അതോ മതപരമായ ചടങ്ങാകാമോ?

മതം കേവലം വ്യക്തിപരമായ ഒരു കാര്യമാണെന്നു താങ്കൾ കരുതുന്നുണ്ടോ?

ഉത്തരം: എന്നും തനിക്കു് ഈ അഭിപ്രായമുണ്ടായിരുന്നില്ലെന്നു് അദ്ദേഹം സമ്മതിച്ചുവെങ്കിലും ഭിന്നമതക്കാർ തമ്മിലുള്ള മിശ്രവിവാഹം സ്വാഗതാർഹമാണെന്ന നിഗമനത്തിൽ കുറെമുമ്പു് അദ്ദേഹം എത്തിച്ചേർന്നിരുന്നു. ഇത്തരം വിവാഹം വിഷയാസക്തിയുടെ ഫലമാകരുതെന്നാണു് അദ്ദേഹത്തിന്റെ നിശ്ചയം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വിവാഹം ഒരു വിശുദ്ധകർമ്മമാണ്. അതിനാൽ പരസ്പരസൗഹാർദമുണ്ടായിരിക്കണം. ഓരോ കക്ഷിക്കും

40. Harijan, 16-3-1947 (Communal Unity, p. 542)

digitized by www .sreyas.in

മററെ കക്ഷിയുടെ മതത്തിൻെറ നേരെ ബഹുമാനമുണ്ടായിരിക്കണം. ഇതിൽ മതംമാററത്തിൻെറ പ്രശ്നമേ ഇല്ല. അതിനാൽ ഏതെങ്കിലും ഒരു മതത്തിലെ പുരോഹിതൻ വിവാഹക്രിയകൾ നടത്തിക്കണം. സമുദായങ്ങൾക്ക പരസ്പരശത്രുത ഇല്ലാതായിത്തീരുകയും ലോകത്തിലെ മതങ്ങളോട ബഹുമാനമുണ്ടാവുകയും ചെയ്യാൽ ഇതു നടക്കം.

## ഇ. വേഷൈകൃം

### 41

ചോദ്യം: കഴിഞ്ഞ നാലാഴ്ചക്കാലത്തു ഞാൻ വളരെയധികം രക്തച്ചൊരിച്ചിലും വെടിവെപ്പും കണ്ടു. ഇവ വല്ലാത്തൊരു വെറുപ്പ് എന്നിൽ ഉളവാക്കിയിരിക്കുന്നു. ലഹളകൾ ആരംഭിച്ചശേഷം ഓരോ ദിവസവും ഞാൻ സമാധാനം നിലനിർത്താൻ ശ്രമിക്കുന്ന ഒരു മജിസ്ട്രേട്ടിൻെറ ജോലിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ഓരോ ഇന്ത്യക്കാരനും ഒരേ ദേശീയ ഉടുപ്പു ധരിക്കേണ്ടതിൻെറ ആവശ്യകത ഇന്ന്, മററുതുകാലത്തേക്കാളുമേറെ എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. കുറച്ചുകാലം മുമ്പു ഞാൻ ഈ അഭിപ്രായം ഉന്നയിക്കുകയുണ്ടായെന്ന് അങ്ങ് ഓർക്കുന്നുണ്ടാവും. അന്നു താങ്കൾ അതിനോടു യോജിച്ചില്ല. ഈ കത്തിക്കുത്തുകൾ നടത്തിയതൊന്നും ഷർട്ടും കാലുറയും ധരിക്കുന്നവരല്ല—എന്തുകൊണ്ടു? മതവ്യത്യാസം വർദ്ധിപ്പിക്കുവാൻ ഉടുപ്പു സഹായിക്കുന്നുവെന്നതിന് അസന്ദിഗ്ദ്ധമായ തെളിവാണിതു്. നമ്മളെല്ലാം ഒരേജാതി ഉടുപ്പു ധരിച്ചാൽ സാമുദായികലഹളകൾ കുറച്ചുകാലത്തിനുള്ളിൽ തിരോഭവിക്കുമെന്നു വിശ്വസിക്കുന്ന എന്നെപ്പോലുള്ളവർക്കുവേണ്ടി അങ്ങ് 'ഹരിജ'നിൽ ഇതിനു മറുപടി പറഞ്ഞാൽ കൊള്ളാം.

ഉത്തരം: നല്ല അറിവും ഉദ്ദേശ്യശുദ്ധിയുമുള്ള ഒരു സുഹൃത്തിൻെറ ഈ എഴുത്തു ഞാൻ പ്രസിദ്ധീകരിക്കുന്ന ഈ ഗുണങ്ങളുണ്ടായതുകൊണ്ടു വിചാരസ്ഫുടത ഉണ്ടായിക്കൊള്ളണമെന്നില്ല. ആവശ്യമുള്ളതു് ഉടുപ്പിൻെറ ഐക്യമല്ല; ഹൃദയൈക്യമാണ്. നമ്മുടേതുപോലുള്ള കുഴപ്പത്തിൽനിന്നു രക്ഷപ്രാപിക്കാൻ ഉടുപ്പിൻെറ ഐക്യം മതിയെന്ന അഭിപ്രായത്തിൻെറ കാമ്പില്ലായ്മ കണ്ടെത്താൻ യൂറോപ്പിൻെറ നേരെ നോക്കുകയേ വേണ്ടൂ. വിദ്വേഷം ദുഷിച്ച വായുപോലെയാണ്. അതു പോകണം. അതിൻെറ സ്ഥാനത്തു സൗമനസ്യമാകുന്ന ശുദ്ധവായു വരണം.

---

41. Harijan, 20-10-1946 (Communal Unity, p. 396)

digitized by www .sreyas.in

## എഫ്. സാമ്പത്തികമായ മാററം

### 42

ചോദ്യം. ഒരു സോഷ്യലിസ്റ്റ് വിപ്ലവമുണ്ടായാൽ, സാമുദായികസ്പർദ്ധയെ പുറന്തള്ളിക്കൊണ്ട് സാമ്പത്തികപ്രശ്നം മുന്നോട്ടു വരുമെന്നു ഭൂരിപക്ഷം സോഷ്യലിസ്ററുകാർ അവകാശപ്പെടുന്നു. അങ്ങു യോജിക്കുന്നുണ്ടോ? അങ്ങനെ ഒരു വിപ്ളവമുണ്ടായാൽ അങ്ങ് രാമരാജ്യം എന്നു വിളിക്കുന്ന ഈശ്വരരാജ്യം സ്ഥാപിക്കുവാൻ അതു സഹായിക്കുമോ?

ഉത്തരം: നിങ്ങൾ വിഭാവനചെയ്യുന്ന സാമ്പത്തികസംഘർഷം ഹിന്ദുമുസ്ളീം സ്പർദ്ധയുടെ ശക്തി കുറച്ചേക്കുന്നവരാം. ഹിന്ദുമുസ്ളീം സംഘട്ടനം തീർന്നാലും നമ്മുടെ വിഷമതകളെല്ലാം തീരുകയില്ല. ഇന്നു സംഭവിക്കുന്നതു് ഇതാണ്. അടിമത്തത്തിനു് അറുതിവരുകയും സ്വാതന്ത്ര്യം ഉദിക്കുകയും ചെയ്താൽ. സമുദായത്തിലെ ദൗർബല്യതകളെല്ലാം പൊന്തിവരും. ഇതിൽ വല്ലാതെ പരിഭ്രമിക്കാനൊന്നും ഞാൻ കാരണം കാണുന്നില്ല. നാം തന്റേടം വിടാതെ നിന്നാൽ, ഓരോ പ്രശ്നവും പരിഹരിക്കപ്പെടും. സാമ്പത്തികപ്രശ്നം എങ്ങനെയായാലും പരിഹരിച്ചേ തീരൂ. ഇന്നു വല്ലാത്ത സാമ്പത്തികാസമത്വമുണ്ട്. സോഷ്യലിസത്തിന്റെ അടിസ്ഥാനം സാമ്പത്തികസമത്വമാണ്. കുറച്ചുപേർ സമ്പത്തിൽ കിടന്നുരുളുക, ജനതതിക്കു ഭക്ഷിക്കാൻവേണ്ടതുപോലും കിട്ടാതിരിക്കുക എന്ന നിലയുള്ള ഇന്നത്തെ അന്യായമായ അസമത്വങ്ങളുടെ നടുക്കു് രാമരാജ്യമുണ്ടാകാൻ തരമില്ല. തെക്കേ ആഫ്റിക്കയിലായിരുന്നകാലത്തുതന്നെ ഞാൻ സോഷ്യലിസസിദ്ധാന്തം സ്വീകരിച്ചിട്ടുണ്ട്. ശാശ്വത സമാധാനത്തിനുള്ള മാർഗമെന്ന നിലയിൽ ഞാൻ ഹിംസയെ എതിർക്കുന്നു, ഇതുതന്നെയാണ് സോഷ്യലിസ്ററുകാരോടു് എനിക്കുള്ള എതിർപ്പും.

## ജി. ഭാഷയും ലിപിയും

### 43

സംസ്ഥാനങ്ങൾക്കു പൊതുവെ ഉപയോഗിക്കാവുന്ന ഒരു ഭാഷ യൂണിയനു് വേണം. രണ്ടു സ്റ്റേററുകൾ സുഹൃത്തുക്കളാണെങ്കിൽ, അവയുടെ പൊതുഭാഷ ഹിന്ദുസ്ഥാനിയിലായിരിക്കണമെന്നുകൂടി ഞാൻ പറയും. പ്രത്യേക ഭാഷകളെന്ന നിലയിൽ ഉർദുവും ഹിന്ദിയും നിലനിൽക്കുകയില്ലെന്നു് ഇതിനർത്ഥമില്ല. അവ മേലിലും ജീവിക്കണം. പുരോഗമിക്കണം. എങ്കിലും, ഹിന്ദുക്കളും മുസ്ലീങ്ങളും എന്നല്ല ഇന്ത്യയിലെ ഭിന്ന മതാനുയായികളായ ജനങ്ങളെല്ലാം

42. Harijan, 1-6-1947 (Communal Unity, p. 625)
43. Harijan, 5-10-1947 (Communal Unity, p. 686)

digitized by www.sreyas.in

സുഹൃത്തുക്കളാണെങ്കിൽ ഹിന്ദിയിൽനിന്നും ഉർദുവിൽനിന്നുമുണ്ടായ ഒരു പൊതുഭാഷ അവർ സ്വീകരിക്കണം. അവർ രണ്ടു ലിപികൾ പഠിക്കണം. ഇതു് ഇന്ത്യാ യൂണിയനിലെ മുസ്ലീങ്ങൾക്കും ഹിന്ദുക്കൾക്കും ഒരു പരീക്ഷയായിരിക്കും.

യൂണിയനിലെ മുസ്ലീങ്ങൾ നാഗരിലിപി പഠിക്കാൻ കൂട്ടാക്കാതിരുന്നാൽ, ഹിന്ദുസ്ഥാനിക്കു ദേശീയഭാഷയാകാൻ കഴികയില്ലെന്നു പറയുന്നതു തെററാവും. മുസ്ലീങ്ങൾ നാഗരിലിപി പഠിക്കുന്നുവെങ്കിലാകട്ടെ, ഇല്ലെങ്കിലാകട്ടെ ഹിന്ദുക്കളും മററെല്ലാ മതക്കാരും രണ്ടു ലിപികൾ പഠിക്കണം. ഇന്നത്തെ വിഷമയമായ അന്തരീക്ഷം നിമിത്തം ജനങ്ങൾ ഈ ലഘുവായ കാര്യം മനസ്സിലാക്കിയില്ലെന്നുവരാം. ഹിന്ദുക്കൾക്കു വേണമെങ്കിൽ ഉർദുലിപിയും ഉർദുഭാഷയും ബഹിഷ്കരിക്കാം. പക്ഷേ, അതുകൊണ്ടെല്ലാവർക്കും ചേതമേയുള്ളൂ. അതിനാൽ ഹിന്ദുസ്ഥാനി പ്രചാരണത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെ വിശ്വാസമോ പരിശ്രമമോ തളരരുതു്. മൗലാനാ ആസാദിനെയും മററു പ്രധാന മുസ്ലീങ്ങളെയും പോലുള്ളവരാണു് ആദ്യം ഹിന്ദുസ്ഥാനിയും രണ്ടു ലിപികളും സ്വീകരിക്കേണ്ടതെന്നു ഞാൻ സമ്മതിക്കുന്നു. അവരല്ലെങ്കിൽ പിന്നെ ആരാണു് നേതൃത്വം വഹിക്കുക? ബുദ്ധിമുട്ടുള്ള കാലമാണു് വരാൻ പോകുന്നതു്. ഈശ്വരൻ നമ്മെ വേണ്ടവിധത്തിൽ നയിക്കട്ടെ!

## 44

മേലിൽ യു. പി. യിലെ ഔദ്യോഗികഭാഷ ദേവനാഗരിലിപിയോടുകൂടിയ ഹിന്ദിയായിരിക്കുമെന്ന ഒരു വാർത്ത താൻ പത്രത്തിൽ വായിച്ചുവെന്നു് പ്രാർത്ഥനാനന്തര പ്രസംഗത്തിൽ ഗാന്ധിജി പറഞ്ഞു. ഇതദ്ദേഹത്തെ വേദനിപ്പിച്ചു. ഇന്ത്യായൂണിയനിൽ ഒട്ടാകെയുള്ള മുസ്ലീങ്ങളിൽ നാലിലൊരുഭാഗം യു. പി. യിലാണു് നിവസിക്കുന്നതു്. സർ തേജ്ബഹദൂർ സപ്രുവിനെപ്പോലെ ഉർദുപണ്ഡിതന്മാരായ വളരെ ഹിന്ദുക്കളുണ്ടു്. അവർ ഉർദുലിപി മറക്കണമോ? രണ്ടു ലിപികളും നിലനിർത്തുക. എല്ലാ ഔദ്യോഗിക കാര്യങ്ങൾക്കും രണ്ടും സ്വീകാര്യമായി കരുതുക—ഇതാണു് ശരിയായ വഴി. രണ്ടു ലിപികളും പഠിച്ചേ തീരൂ എന്നു വരും ഇതുകൊണ്ടു്.

പിന്നീടു് ഭാഷ സ്വന്തംകാര്യം നോക്കിക്കൊള്ളും, ഹിന്ദുസ്ഥാനി സംസ്ഥാനഭാഷയായിത്തീരുകയും ചെയ്യും, ഇങ്ങനെ രണ്ടു ലിപികൾ അറിയുന്നതു വ്യർത്ഥമാവുകയില്ല. ഇതവരെ സമ്പന്നരാക്കും. അവരുടെ ഭാഷയെ സമ്പന്നമാക്കും. ഇത്തരമൊരു നടപടിയെ ആരും ആക്ഷേപിക്കരുതു്.

44. Harijan, 26-10-1947 (Communal Unity, p. 687)

digitized by www .sreyas.in

മുസ്ളീങ്ങളെ അവർ തുല്യപൗരരായി കരുതണം. സമത്വം വേണമെങ്കിൽ ഉർദ്ദുലിപി സ്വീകരിക്കണം. മാന്യമായ ജീവിതം അസാധ്യമാക്കിത്തീർക്കുന്ന ഒരു സ്ഥിതി അവർ ഉളവാക്കരുത്; ഉളവാക്കിയിട്ട് മുസ്ളീങ്ങൾ പോകണമെന്നു തങ്ങൾക്കാഗ്രഹമില്ലെന്നു പറയുകയുമരുത്. യഥാർത്ഥത്തിൽ സമനിലയിൽ പെരുമാറിയിട്ടും അവർ (മുസ്ലീങ്ങൾ) പാക്കിസ്ഥാനിലേക്കു പോകാനിഷ്ടപ്പെടുകയാണെങ്കിൽ അതവരുടെ (മുസ്ളീങ്ങളുടെ) ഇഷ്ടം. മുസ്ളീങ്ങളെ ആട്ടിയോടിക്കാൻതക്ക യാതൊന്നും അവരുടെ പെരുമാററത്തിലുണ്ടാകരുത്. മുസ്ളീങ്ങളെ കൊല്ലുകയോ, ആട്ടിയകററുകയോ ഏതെങ്കിലും തരത്തിൽ അടിച്ചമർത്തുകയോ ചെയ്താൽ, അവർക്കു് ഇക്കാര്യം സാധിക്കുകയില്ല.

## എച്ച്. നിഷ്പക്ഷാന്വേഷണം

45

പൂർണവും പരസ്യവും സ്വതന്ത്രവുമായ അന്വേഷണമുണ്ടാകുമെന്നാണു പ്രതീക്ഷിച്ചിരുന്നതു്. പക്ഷേ, പൊതുജനങ്ങൾക്കു പ്രാതിനിധ്യമില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറൽ അന്വേഷണത്തിൽക്കവിഞ്ഞൊന്നുമുണ്ടായില്ല. അതിൻെറ തീരുമാനങ്ങൾക്കു പൊതുജനവിശ്വാസം ആർജ്ജിക്കുവാൻ കഴികയില്ല. എൻെറ മുസൽമാൻ സഹപ്രവർത്തകരും ഞാനുംകൂടി കണ്ട റായ്ബഹദൂർ സർദാർ മഖൻസിംഗ് മുതൽക്കുള്ള അഭയാർത്ഥികൾ, വളരെ അവമാനകരങ്ങളായ വരികൾ ഉൾപ്പെട്ട ഒരു ലഘുലേഖ പ്രസിദ്ധീകരിക്കപ്പെട്ടുവെന്നു സമ്മതിച്ചുവെങ്കിലും, ഇതിനു തക്ക പരിഹാരം ഹിന്ദുക്കൾ ചെയ്തുവെന്നും ഹിന്ദുക്കളുടെ വെടിവെപ്പ് ആത്മരക്ഷയ്ക്കുവേണ്ടിയായിരുന്നുവെന്നും മുസൽമാന്മാർ നശീകരണപ്രവൃത്തികൾ തുടങ്ങിയതിനുശേഷമായിരുന്നുവെന്നും പറഞ്ഞു. ലഘുലേഖയെ സംബന്ധിച്ചു ഹിന്ദുക്കൾ വേണ്ടത്ര പരിഹാരം ചെയ്തില്ലെന്നും, നശീകരണവും വെടിവെപ്പും മുസൽമാന്മാർ തുടങ്ങിയതു് ഹിന്ദുക്കൾ വെടിവച്ച് മുസൽമാന്മാർ കൊല്ലപ്പെട്ടതിനുശേഷമാണെന്നും കോഹട്ടിലെ മുസൽമാന്മാർക്കുവേണ്ടി വാദിക്കപ്പെടുകയുണ്ടായി. നിർഭാഗ്യവശാൽ, കോഹട്ടിലെ മുസൽമാന്മാർ റാവൽപിണ്ടിയിലേക്കു വരാത്തതുകൊണ്ടു ശരിയായ വസ്തുതകൾ മനസ്സിലാക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. അതിനാൽ ഇന്ത്യാഗവർമെൻറു് കുററം പങ്കിട്ട രീതി തെററാണെന്നു പറയാൻ പ്രയാസമുണ്ടു്. എങ്കിലും അതിൻെറ തീരുമാനം നിഷ്പക്ഷമോ സ്വീകാര്യമോ ആണെന്നു പറയാൻ വയ്യ. കോഹട്ടിലെ ഹിന്ദുക്കൾക്കു് ആ തീരുമാനം സ്വീകരിക്കാനോ അതിനു വഴങ്ങാനോ നിവൃത്തിയില്ല. അത്തരം ഒരു തീരുമാനം

45. Young India, 18-12-1924 (Communal Unity, pp. 100-101)

digitized by www .sreyas.in

അതു മുസ്ലീങ്ങളെ അനുകൂലിക്കുന്നതാണെന്നതുകൊണ്ടു്, മുസൽമാന്മാർക്കു ചാരിതാർത്ഥ്യജനകമാകാനും പാടില്ല. ഇന്ത്യാഗവർമെൻറിൻെറ തീരുമാനം തൽക്കാലം മുസ്ലീംവാദത്തെ പിൻതാങ്ങുന്നതായിത്തോന്നുന്നതുകൊണ്ടു് അതിനെ മുസ്ലീംപൊതുജനങ്ങൾ പ്രശംസിക്കുന്നതു തെററാവും. ഏതു തീരുമാനവും തൃപ്തികരമാകണമെങ്കിൽ സംയുക്തമായിരിക്കണം. തെളിഞ്ഞ നിഷ്പക്ഷതയുള്ള ഹിന്ദുക്കളും മുസൽമാന്മാരുംകൂടി ചെയ്തതായിരിക്കണം. അതിനാൽഇന്ത്യാഗവർമെൻറിൻെറ തീരുമാനം രണ്ടു സമുദായങ്ങൾക്കും ഒരു വെല്ലുവിളിയാണ്. അവമാനകരങ്ങളായ വ്യവസ്ഥകൾക്കു വിധേയമായ നിലയിൽ കോഹട്ടിലേക്കു മടങ്ങിച്ചെല്ലുവാൻ അതു ഹിന്ദുക്കളോടു പറയുന്നു. ഹിന്ദുസഹോദരന്മാരുടെമേൽ അവമാനം വച്ചുകെട്ടുവാൻ അതു മുസ്ലീങ്ങൾക്കു കൈക്കൂലി കൊടുക്കുന്നു. കോഹട്ടിൽ അവമാനത്തോടുകൂടി സമൃദ്ധിയിൽ കഴിയുന്നതിനു പകരം കോഹട്ടിനു പുറത്തു് അവമാനം കൂടാതെ ദാരിദ്ര്യത്തിൽ കഴിയുവാനാണു് ഹിന്ദുക്കൾ അധികം ഇഷ്ടപ്പെടുകയെന്നു് ഞാൻ ആശിക്കുന്നു. ഗവർമെൻറു നൽകിയ പ്രലോഭനം വിഴുങ്ങാതിരിക്കത്തക്കവണ്ണം മുസൽമാന്മാർ ആണത്തമുള്ളവരായിരിക്കുമെന്നും, കോഹട്ടിൽ ഒരു നിസ്സാര ന്യൂനപക്ഷമായ ഹിന്ദുക്കളുടെമേൽ അവമാനം വെച്ചുകെട്ടുന്നതിൽ പങ്കാളികളാകാൻ അവർ വിസമ്മതിക്കുമെന്നും ഞാൻ ആശിക്കുന്നു. ആദ്യത്തെ തെററും പ്രകോപനവും എന്തുതന്നെയായിരുന്നാലും, ഹിന്ദുക്കളെ കോഹട്ടിൽനിന്നോടിച്ചുവെന്ന വസ്തുത അവശേഷിക്കുന്നു. അതിനാൽ റാവൽപിണ്ടിയിൽചെന്നു്, സൗഹാർദത്തോടും ജീവനും സ്വത്തിനും രക്ഷ നൽകാമെന്ന വാഗ്ദാനത്തോടുംകൂടി ഹിന്ദുക്കളെ കോഹട്ടിലേക്കു തിരിച്ചുകൊണ്ടുപോകേണ്ടതു് മുസൽമാന്മാരുടെ കടമയാണു്. മുസൽമാന്മാർക്കു് ഈ സമീപനം സ്വീകരിക്കുവാൻ കോഹട്ടിനു പുറത്തുള്ള ഹിന്ദുക്കൾ എളുപ്പം ഉണ്ടാക്കിക്കൊടുക്കണം. കോഹട്ടിലുള്ളവർ ഹിന്ദുന്യൂനപക്ഷത്തോടു തങ്ങൾക്കുള്ള പ്രാഥമികബാദ്ധ്യത മനസ്സിലാക്കണമെന്നു പുറമെയുള്ള മുസൽമാന്മാർ നിർബന്ധിക്കണം. ഈ ദുർഘടപ്രശ്നത്തെ ഉചിതമായും അഭിമാനകരമായും പരിഹരിക്കുന്നതിനെ ആശ്രയിച്ചാണു് ഹിന്ദുമുസ്ലിം മൈത്രിക്കുവേണ്ടിയുള്ള പരിശ്രമങ്ങളുടെ വിജയം മിക്കവാറും നിൽക്കുന്നതു്.

## 46

ബിദാറിലെ (ഹൈദരബാദ് സ്റ്റേററ്) ദാരുണമായ അത്യാഹിതത്തെപ്പററി ഞാൻ മൗനംപൂണ്ടതിൽ ഒരു ലേഖകൻ പരിതപിച്ചിരിക്കുന്നു. ചില തെററുകളെപ്പററി ഞാൻ പരസ്യമായി ഒന്നും പറയാത്തതുകൊണ്ടു് എനിക്കവ അറിഞ്ഞുകൂടെന്നോ ഞാനൊന്നും

46. Harijan, 4–5–1940 (Communal Unity, p. 306)

ചെയ്യുന്നില്ലെന്നോ വിചാരിക്കരുതെന്നു്. മറെറാരു സന്ദർഭത്തിൽ, ഞാൻ ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടു്. ചില ചുററുപാടുകളിൽ ഏററവും നല്ലതെന്താണെന്നു നിശ്ചയിക്കാൻ എന്നെ അനുവദിക്കണം. ബിദാറിനെപ്പററി ഞാൻ കേട്ടതെല്ലാം നേരാണെങ്കിൽ (എല്ലാം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടില്ല). അതുപോലെ യാതൊന്നും ഇന്ത്യയിൽ മറെറാരിടത്തും സംഭവിച്ചിട്ടില്ല. ഹൈദരബാദു് സ്റ്റേററിനെ അരാജകത്വത്തിനു് ഒഴിഞ്ഞുകൊടുക്കാതിരിക്കണമെങ്കിൽ ഹിന്ദുക്കളുടെ ജീവനും സ്വത്തും വിലകെട്ടതായിത്തീരാതെ കഴിയണമെങ്കിൽ. പൂർണവും നിഷ്പക്ഷവും വിശ്വാസം ആർജ്ജിക്കുന്നതുമായ ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുകയും പെട്ടെന്നു ഭവനരഹിതരായിത്തീർന്നവർക്കു തികച്ചും നഷ്ടപരിഹാരം നൽകുകയും വേണം. ഈ സംഭവങ്ങളെക്കുറിച്ചു പൂർണമായ അന്വേഷണം നടത്തണമെന്നു ഹൈദരബാദിനു പുറമെയുള്ള പൊതുജനാഭിപ്രായം ആവശ്യപ്പെടുമെന്നു് ആശിക്കുന്നു.

## 47

ചോദ്യം: ബിദാറിനെപ്പററി അങ്ങേയ്ക്കു കഠിനവേദനയുണ്ടു്. അങ്ങു് അക്കാര്യത്തിൽ നീതി ആവശ്യപ്പെടുന്നു. ഹൈദരബാദിനു പുറത്തുള്ള മുസ്ലീം പൊതുജനാഭിപ്രായം നീതി ചെയ്യിക്കണമെന്നും അങ്ങു് ആവശ്യപ്പെടുന്നു. ബീഹാറിലെപ്പോലെ മുസ്ലീങ്ങളെ ഉപദ്രവിച്ചാൽ താങ്കൾക്കിത്ര വേദന തോന്നുമോ?

ഉത്തരം: ബീഹാറിനെപ്പററിപ്പറഞ്ഞതു ശരിക്കെന്താണെന്നു് എനിക്കു മനസ്സിലായില്ല. മുസ്ലീങ്ങളെ ഹിന്ദുക്കൾ ഉപദ്രവിച്ചതിനെപ്പററി എനിക്കു കിട്ടിയ ഒരൊററ റിപ്പോർട്ടിനെക്കുറിച്ചു് അന്വേഷണം നടത്താതിരുന്നിട്ടില്ലെന്നുമാത്രമേ എനിക്കു പറയാൻ കഴിയൂ. ഖിലാഫത്തു്കാലം മുതൽ എന്റെ പതിവിതാണു്. സത്യാവസ്ഥ കണ്ടെത്തുവാനോ സങ്കടമുള്ള കക്ഷിക്കു് ആശ്വാസം നൽകുവാനോ എല്ലായ്പോഴും എനിക്കു സാധിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ. ബീഹാറിനെപ്പററിപ്പറഞ്ഞതു സ്പഷ്ടമല്ല. അതിനാൽ അതിനെക്കുറിച്ചു കൂടുതലായി ഒന്നും പറയാൻ തരമില്ല. ഏതെങ്കിലും ഒരു പ്രത്യേക സംഭവമെടുത്തുകാണിച്ചാൽ ഞാൻ അതിൽ എന്തു ചെയ്തുവെന്നു പറയാം. എന്നാൽ നീതിചെയ്യാനുള്ള എന്റെ ചുമതലയിൽ വീഴ്ചവന്നുവെന്നു വിചാരിക്കുക, 'മുസ്ലീങ്ങളോടു ഹിന്ദുക്കൾ കാണിച്ച അനീതിയെപ്പററി എനിക്കിത്രതന്നെ വേദന തോന്നിയില്ല' എന്നും വിചാരിക്കുക; ബിദാറിനെപ്പററി ഉദാസീനരാകുന്നതിനെ ഇതു നീതീകരിക്കുമോ? കേട്ട പരാതികളെല്ലാം ശരിയാണെങ്കിൽ ബിദാറിലേതുപോലുള്ള ഒരു ഹിന്ദുമുസ്ലീം സംഘട്ടനം

47. Harijan, 11–5–1940 (Communal Unity, p. 307)

digitized by www .sreyas.in

മുമ്പുണ്ടായിട്ടില്ലെന്നു ഞാൻ പറയുകയുണ്ടായി. നിഷ്പക്ഷമെന്നു സമ്മതിക്കപ്പെട്ട ഒരു ട്രൈബ്യൂണൽ മുഖേന തീകഞ്ഞ നീതിയും നഷ്ടപരിഹാരവും നൽകണമെന്നുമാത്രമേ ഞാൻ ആവശ്യപ്പെട്ടിട്ടുള്ളു. ബിഹാറിനെക്കുറിച്ചുള്ള എന്റെ ഈ അഭിപ്രായം ഇത്തരം എല്ലാ സംഗതികൾക്കും, ബാധകമാണ്.

## ഐ. ഗവർമെന്റിന്റെ പങ്ക്

### 48

കൊഹട്ടിലെ അത്യാഹിതത്തിന്മേൽ ഇന്ത്യാഗവർമെന്റു തീരശ്ശീലയിട്ടിരിക്കുന്നു. പണ്ഡിതമാളവ്യജിക്ക് വൈസറോയ് അയച്ച മറുപടിയിൽ ഗവർമെന്റ്, ഇപ്പോൾ പൊതുജനങ്ങളുടെ മുമ്പാകെയുള്ളതു പോലുള്ള വല്ല തീരുമാനവുമാണുണ്ടാവുകയെന്നു് ഊഹിക്കാൻ വക നൽകിയിരുന്നു. ഈ തീരുമാനം രാഷ്ട്രത്തിന്റെ ദൗർബല്യത്തിന്റെയെന്നപോലെ ഗവർമ്മെണ്ടിന്റെ അനിഷേധ്യമായ പരമാധികാരത്തിന്റെയും പൊതുജനാഭിപ്രായനിന്ദയുടേയും തെളിവാണ്. എന്റെ അഭിപ്രായത്തിൽ കോഹട്ടിലെ അത്യാഹിതം ഹിന്ദുമുസ്ലീം വടംവലിയുടെ ഫലത്തേക്കാളേറെ പ്രാദേശികഭരണത്തിന്റെ കൊള്ളരുതായ്മയുടേയും അപ്രാപ്തിയുടേയും ഫലമാണ്. ജീവനും സ്വത്തും രക്ഷിക്കുകയെന്ന പ്രാഥമിക കർത്തവ്യം അവർ നിർവഹിച്ചിരുന്നെങ്കിൽ പട്ടാപ്പകൽ ആരംഭിച്ചതും തുടർന്നതുമായ അനാവശ്യമായ വിനാശനം തടയാമായിരുന്നു. പക്ഷേ, റോം കത്തി നശിക്കുമ്പോൾ നീറൊ ചെയ്തതുപോലെ, അധികൃതർ നോക്കിനിന്നു നൃത്തംവച്ചു. ഗത്യന്തരമില്ലായിരുന്നെന്നു് അധികൃതർക്കു പറയാൻ വയ്യ. അവരുടെ അധീനതയിൽ ധാരാളം കഴിവുകളുണ്ടായിരുന്നു. കുററകരമായ സ്വാന്തം ഉദാസീനതയും ഹൃദയശൂന്യതയുമല്ലാതെ മറെറാന്നുംതന്നെ അധികാരികളെ ഒരിക്കലും ഗ്രസിച്ചിട്ടില്ല.

ഇപ്പോഴാകട്ടെ, അവിടത്തെ ഉദ്യോഗസ്ഥന്മാരുടെമേൽ വെള്ളപൂശിയും അവരുടെ അശ്രദ്ധയേയും അതിലും കവിഞ്ഞ ദോഷങ്ങളേയും 'കലുക്കമില്ലായ്മയും ധൈര്യവും' എന്നു പറഞ്ഞു മൂടിവച്ചും ഇന്ത്യാ ഗവർമെൽറ് ആ അപരാധത്തിൽ പങ്കാളികളായിത്തീർന്നിരിക്കുന്നു.

### 49

ബീഹാർ ലഹളകളുടെ വർത്തമാനം പത്രങ്ങളിൽ കണ്ട ഉടനെ ഗാന്ധിജി, കൽക്കത്തയിൽനിന്നു തന്റെ മൂന്നു സഹപ്രവത്തകരോടു

48. Young India, 18-12-1924 (Communal Unity, p. 100)
49. Harijan, 17-11-1946 (Communal Unity, pp. 413-414)

digitized by www .sreyas.in

കൂടി പാററ്നയിലേക്ക പുറപ്പെട്ടിരുന്ന പണ്ഡിത ജവഹർലാൽ നെഹ്റുവിന മുഖ്യമന്ത്രി മുഖേന ഒരു കമ്പിയടിച്ചു. പലേടങ്ങളിലും സ്ഥിതി പ്രക്ഷുബ്ധവും ഗുരുതരവുമാണെന്നും അതിനെ നിയന്ത്രണാധീനമാക്കാൻ ഗവർമെൻറു കഴിയുന്നതൊക്കെ ചെയ്യുന്നുണ്ടെന്നും അദ്ദേഹം കമ്പിമാർഗം മറുപടി നൽകി. ആവശ്യമുള്ളത്ര കാലം തൻെറ സഹപ്രവർത്തകരോടുകൂടി ബീഹാറിൽ താമസിക്കുവാൻ അദ്ദേഹം ഉറച്ചിരിക്കുകയാണ്. മൗനദിനമാകകൊണ്ടു പ്രാർത്ഥനാനന്തരയോഗത്തിൽ വായിക്കാൻ എഴുതിക്കൊടുത്ത സന്ദേശത്തിൽ ഗാന്ധിജി ഇപ്രകാരം പറഞ്ഞു. കോൺഗ്രസ്സ് ജനങ്ങളുടേതാണ്. മുസ്ലീംലീഗ് നമ്മുടെ മുസ്ളീം സഹോദരീസഹോദരന്മാരുടേതാണ്. കോൺഗ്രസ്സ് അധികാരത്തിലുള്ളേടത്തു് മുസൽമാന്മാരെ രക്ഷിക്കുവാൻ കോൺഗ്രസ്സുകാർക്ക കഴികയില്ലെങ്കിൽ ഒരു കോൺഗ്രസ്സ് പ്രധാനമന്ത്രി ഉണ്ടായതുകൊണ്ടെന്താണു പ്രയോജനം? ഇതുപോലെതന്നെ ഒരു ലീഗ്സംസ്ഥാനത്തിൽ ഹിന്ദുക്കളെ രക്ഷിക്കാൻ ലീഗ് പ്രധാനമന്ത്രിക്ക കഴികയില്ലെങ്കിൽ പിന്നെ എന്തിനാണു ലീഗ് പ്രധാനമന്ത്രി? സ്വന്തം സംസ്ഥാനങ്ങളിലെ മുസ്ളീങ്ങളേയോ ഹിന്ദുക്കളേയോ രക്ഷിക്കാൻ അവർക്ക പട്ടാളസഹായം വേണമെന്നു വരികയാണെങ്കിൽ വിഷമഘട്ടമുണ്ടാകുമ്പോഗം സാമാന്യജനങ്ങളുടെമേൽ അവർക്ക യാതൊരു നിയന്ത്രണവും ഇല്ലെന്നു മാത്രമാണ് അതിനർത്ഥം. അങ്ങനെയാണെങ്കിൽ ഇന്ത്യയിൽ പരമാധികാരം നിലനിർത്തുവാൻ നാം ബ്രിട്ടീഷ്കാരെ ക്ഷണിക്കുന്നു എന്നു മാത്രമാണ് അതിൻെറ താൽപര്യം. നമ്മളെല്ലാവരും അഗാധമായി ആലോചിക്കേണ്ട ഒരു വിഷയമാണിതു്.

## 50

ബീഹാറിലെ സംഭവങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകഗം നേരാണെങ്കിൽ അവ ഭയാനകങ്ങളാണ്. കേന്ദ്രഗവർമെൻറു് ഇത്തരം കാടത്തത്തെ ഒരിക്കലും പൊറുക്കുകയില്ലെന്നു പണ്ഡിത ജവഹർലാൽ നെഹ്റു കുററം ചെയ്യുന്നവരോടു പറഞ്ഞിട്ടുണ്ടു്. അതിനെ അമർത്താൻ അവർ ആകാശത്തിൽനിന്നു ബോംബെറിയുകപോലും ചെയ്യും. പക്ഷേ, അതു ബ്രിട്ടീഷ്കാരുടെ വഴിയാണ്. കോൺഗ്രസ്സ് ഒരു ജനകീയസംഘടനയത്രേ. ആരുടെ പ്രതിനിധികളാണോ കോൺഗ്രസ്സ്, അവരുടെനേരെ അതു (കോൺഗ്രസ്സ്) വിദേശീയരുടേതായ സംഹാരരീതി പ്രയോഗിക്കണമോ? പട്ടാളത്തെക്കൊണ്ടു ലഹള അമർത്തിയാൽ, അവർ ഇന്ത്യൻ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുകയായിരിക്കും ചെയ്യുന്നതു്. പക്ഷേ, കോൺഗ്രസ്സിനു ജനങ്ങളുടെമേൽ പിടിയില്ലാതായാൽ പണ്ഡിത നെഹ്റു എന്താണു ചെയ്യുക?

---

50. Harijan, 17-11-1946 (Communal Unity pp.413–414)

digitized by www .sreyas.in

ജനങ്ങൾ അച്ചടക്കത്തിനും വിവേകത്തിനും വിധേയരാകുന്നില്ലെങ്കിൽ ഭരണഭാരം ഒഴിയുകയാണ് അധികം നല്ല വഴിയെന്നു പറയാനില്ലല്ലോ.

തെററു ചെയ്യുവരുടെ മതത്തിൽ പെട്ടവരോടു പ്രതികാരം ചെയ്യുന്നതു ഭീരുത്വമാണ്. അവർ അങ്ങനെയുള്ള പ്രവൃത്തികളിൽ മുഴുകിയാൽ സ്വാതന്ത്ര്യത്തിനോട് അവർ വിടവാങ്ങേണ്ടിവരും.

## ജെ. ഭൂരിപക്ഷസമുദായത്തിൻെറ കർത്തവ്യം

### 51

ഉയർന്ന തരക്കാർക്കെന്നപോലെ തന്നെ സാമാന്യജനങ്ങൾക്കും അതു (ഖിലാഫത്ത്) ഒരു പുതിയ ബോധം ഉണ്ടാക്കിയിരിക്കുന്നു. നിസ്സഹകരണത്തിൻെറ മൂർദ്ധന്യദശയിൽ നിരാശരായിത്തീർന്ന തൽപരകക്ഷികൾ ഇപ്പോൾ അതിൻെറ പുതുമ പോയതുകൊണ്ടു തങ്ങളുടെ തഞ്ചം കണ്ടെത്തുകയും രണ്ടു സമുദായങ്ങളുടേയും മതഭ്രാന്തുകൊണ്ടും സ്വാർത്ഥതകൊണ്ടും ലാഭമുണ്ടാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിൻെറ ഫലം കഴിഞ്ഞ രണ്ടു കൊല്ലത്തെ കടിപ്പുകകളുടെ ചരിത്രത്തിൽ എഴുതപ്പെട്ടിട്ടുണ്ട്. മതം വഞ്ചിക്കപ്പെട്ടിരിക്കുന്നു. നിസ്സാരകാര്യങ്ങൾ മതസിദ്ധാന്തങ്ങളായി വലുതാക്കപ്പെട്ടിരിക്കുന്നു. ഇവ എന്തു സഹിച്ചും നടപ്പിൽ വരുത്തിയേ തീരൂ എന്നു മതഭ്രാന്തന്മാർ അവകാശപ്പെടുന്നു. കുഴപ്പമുണ്ടാക്കാൻവേണ്ടി രാഷ്ട്രീയങ്ങളും സാമ്പത്തികങ്ങളുമായ കാരണങ്ങൾ ഇളക്കിവിടപ്പെട്ടിരിക്കുന്നു. ഇതിൻെറ പര്യവസാനഘട്ടം കോഹട്ടിയിലായിരുന്നു. അവിടത്തെ അധികൃതന്മാരുടെ ഉദാസീനതകൊണ്ടു ആ അത്യാഹിതം കൂടുതൽ ഗുരുതരമാക്കപ്പെട്ടു. കാരണങ്ങൾ പരിശോധിക്കുവാനോ കുററം പങ്കിടാനോ ഞാൻ നിൽക്കേണ്ടതില്ല. അതിനു മനസ്സുണ്ടെങ്കിൽത്തന്നെ വേണ്ടത്ര തെളിവ് എൻെറ പക്കലില്ല. ജീവനിലുള്ള കൊതികൊണ്ടു ഹിന്ദു അഭയാർത്ഥികൾ ഓടിപ്പോയെന്നു പറഞ്ഞാൽ മതി. കോഹട്ടിൽ മുസൽമാന്മാർക്ക് വമ്പിച്ച ഭൂരിപക്ഷമുണ്ട്. ഒരു വിദേശാധിപത്യത്തിൻകീഴിൽ ഉണ്ടാകാവുന്നേടത്തോളം രാഷ്ട്രീയാധികാരം അവർക്കുണ്ട്. അതിനാൽ കോഹട്ടിലെ ജനസംഖ്യ മുഴുവൻ ഹിന്ദുക്കളായിരുന്നെങ്കിൽ ഉണ്ടാകുമായിരുന്നേടത്തോളം രക്ഷ തങ്ങൾ ഭൂരിപക്ഷമായിരിക്കുമ്പോഴും ഉണ്ടാകുമെന്നു ഹിന്ദുക്കൾക്കു കാണിച്ചുകൊടുക്കേണ്ടതു് അവരുടെ കടമയാണ്. അഭയാർത്ഥികളിൽ ഓരോരുത്തരേയും കോഹട്ടിലേക്കു തിരിച്ചു കൊണ്ടുവരുന്നതുവരെ കോഹട്ടിലെ മുസൽമാന്മാർ കൃതാർത്ഥരാകരുതു്. ഗവർമെൻറു ഹിന്ദുക്കൾക്കായി വെച്ച കെണിയിൽ അവർ വീഴുകയാ

51. Young India, 26–12–1924 ((Communal Unity, pp. 103–104)

digitized by www .sreyas.in

ല്ലെന്നും, കോഹട്ടിലെ മുസൽമാൻമാർ ജീവനേയും സ്വത്തിനേയും സംബന്ധിച്ച തികഞ്ഞ ഉറപ്പു നൽകുന്നതുവരെ തിരിച്ചുപോകാൻ അവർ കൂട്ടാക്കുകയില്ലെന്നും ഞാൻ ആശിക്കുന്നു.

മുസൽമാന്മാർ ന്യൂനപക്ഷമാണെങ്കിൽ ഹിന്ദുഭൂരിപക്ഷത്തിന്റെ നടുവിൽ മാന്യമായ ജീവിതത്തിനു ഹിന്ദുക്കളുടെ സൗഹാർദത്തെ ആശ്രയിക്കണമെന്നതുപോലെ തന്നെ സുഹൃത്തുക്കളായും സമന്മാരായും ഹിന്ദുക്കളെ കരുതുവാനും സ്വീകരിക്കുവാനും മുസൽമാന്മാർ തയ്യാറുണ്ടെങ്കിൽ മാത്രമേ വമ്പിച്ച മുസ്ളീംഭൂരിപക്ഷത്തിന്റെ നടുക്ക് അവർക്കു ജീവിക്കാൻ സാധിക്കുകയുള്ളൂ. കള്ളന്മാരിൽനിന്നും കൊള്ളക്കാരിൽനിന്നും രക്ഷ നൽകാൻ ഒരു ഗവർമെന്റിനു സാധിക്കും; എന്നാൽ ഒരു സമുദായത്തെ മറ്റൊരു സമുദായം അടച്ചു ബഹിഷ്കരിക്കുകയാണെങ്കിൽ, അവരെ അതിൽനിന്നു രക്ഷിക്കുവാൻ ഒരു സ്വരാജ്യഗവമെന്റിനുപോലും സാധിക്കുകയില്ല. അസാധാരണ ചുററുപാടുകളെ നേരിടാനേ ഗവമെൻറുകൾക്കു കഴിയൂ. കലഹങ്ങൾ ജീവിതത്തിൽ സാധാരണമായിത്തീരുമ്പോൾ അതാഭ്യന്തരയുദ്ധമാണ്. കക്ഷികൾതന്നെ അതു പൊരുതി അവസാനിപ്പിക്കണം. ഇന്നത്തെ ഗവമെൻറു വിദേശ്യമാകകൊണ്ടും യഥാർത്ഥത്തിൽ ആച്ഛാദിതമായ പട്ടാളഭരണമാകകൊണ്ടും നമ്മളിൽ ആരൊക്കെ കൂടിച്ചേർന്നാലും അതിനെതിരെ ആവശ്യക്കാർക്കു രക്ഷ നൽകാനുള്ള കഴിവുകൾ അതിനുണ്ട്; തന്നിമിത്തം ഇഷ്ടമുണ്ടെങ്കിൽ നമ്മുടെ വർഗകലഹങ്ങളെ നേരിടാനുള്ള ശക്തിയും ഉണ്ട്. പക്ഷേ, ജനകീയഗവമെൻറാണെന്നു എന്തെങ്കിലും നാട്യമുള്ള ഒരു സ്വരാജ്ഗവമെൻറിനേയും യുദ്ധാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാനോ നിലനിർത്തുവാനോ സാദ്ധ്യമല്ല. സ്വരാജ്ഗവമെൻറന്നുവച്ചാൽ ഹിന്ദുക്കളുടെയും മുസൽമാന്മാരുടെയും മററു സ്വതന്ത്ര്യവും സംയുക്തവുമായ ഇച്ഛ കൊണ്ടു സ്ഥാപിച്ച ഗവമെൻറന്നാണർത്ഥം. സ്വരാജ്യം വേണമെന്നു ഹിന്ദുക്കളും മുസൽമാന്മാരും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ സൗഹാർദപൂർവം തങ്ങളുടെ ഭിന്നിപ്പുകൾ തീർത്തേ തീരൂ.

## 52

ഹിന്ദുക്കളായ നാം ഭൂരിപക്ഷമാണെന്നു കുറെയൊക്കെ ശരിയായ മട്ടിൽ പറയപ്പെടുന്നു. ആവട്ടെ. 1921—ൽ ഞാൻ പറഞ്ഞിരുന്ന അതേ സംഗതിതന്നെ ഇപ്പോഴും പറയുന്നു; അതായതു്, ഏതെങ്കിലും ഒരു സമുദായം—ഭൂരിപക്ഷസമുദായമാണു വേണ്ടതു്— സ്വമനസ്സാലെ എല്ലാ അവകാശാധികാരങ്ങളും അടിയറവച്ചാൽ, ഈ ഐക്യം കരഗതമാകും. ഈ സ്വാർത്ഥത്യാഗം ഹിന്ദുക്കൾ ചെയ്യുന്നതു് ഒരു വലിയ കാര്യമാവും, സുധീരമായ ഒരു നടപടിയാകും. അവർ മുസൽമാന്മാരോടു പറയട്ടെ: 'ലാഭത്തിൽ ഇഷ്ടമുള്ള

52. Young India, 12-3-1931 ((Communal Unity, pp. 172-173)

digitized by www .sreyas.in

പങ്ക് എടുത്തോളൂ ഞങ്ങൾക്ക നിങ്ങളെ സേവിച്ചാൽ മതി.' വാസ്തവത്തിൽ എന്തിനൊക്കെ വേണ്ടിയാണ നിങ്ങൾ കലഹിക്കുന്നതു്? വായുവിനും വെള്ളത്തിനും വേണ്ടിയല്ല തീർച്ച. നിയമസഭകളിലെയും പ്രാദേശികസമിതികളിലേയും സീററുകൾക്ക വേണ്ടിയാണ്. നിങ്ങളിൽ ഭൂരിപക്ഷത്തിനു് അതുമായി എന്തു ബന്ധമാണുള്ളതു്? നിങ്ങളിൽ എത്രപേർക്ക് അവയിൽ പ്രവേശിക്കാൻ കഴിയും? എന്താണ നിങ്ങൾക്കവിടെ ചെയ്യുവാൻ കഴിയുക? നിയമസഭകളുടെ പുറത്തുനിന്ന നിങ്ങൾ ആശ്ചര്യകരങ്ങളായ കാര്യങ്ങൾ ചെയ്തു. നിങ്ങൾ ഓർഡിനൻസുകളെ ധിക്കരിച്ചു, ലാത്തിച്ചാർജ്ജുകളെ ധിക്കരിച്ചു, വെടിവെക്കാനുള്ള കല്പനകളെ ധിക്കരിച്ചു. എന്തുകൊണ്ട്? നിങ്ങൾക്ക നിങ്ങളുടെ ശക്തിയെക്കുറിച്ച ബോധമുണ്ടായിരുന്നു. അതേ ബോധം നിങ്ങൾ നിലനിർത്തിയാൽ, നിങ്ങളുടെ പാർലിമെൻറിൽ മുസൽമാന്മാർ മാത്രമേയുള്ളൂ, ഹിന്ദുക്കളില്ല എന്നു വന്നാലെന്താണ്! സീററുകൾക്കവേണ്ടിയുള്ള ഈ വക്കാണം, അധികാരത്തിൻെറ നിഴലിനുവേണ്ടിയുള്ള ഈ വക്കാണം, കണ്ട് എനിക്ക മടുത്തു. ഈ നിയമസഭകളുമായി യാതൊരു ഇടപാടുമുണ്ടാകരുതെന്നു് കോൺഗ്രസ്സുകാരെ മുഴുവൻ ബോദ്ധ്യപ്പെടുത്തുവാൻ എനിക്ക കഴിഞ്ഞിരുന്നെങ്കിൽ! സ്വമനസ്സാലെ ചെയ്യുന്ന ആ ത്യാഗം പണ്ടു സ്വപ്നം കാണാത്ത ശക്തി നിങ്ങൾക്കുണ്ടാക്കിത്തീർക്കും.

## 53

ഈയിടെ ഒരു സന്ദർശകൻ വന്നുപറഞ്ഞു: 'സാമുദായികമൈത്രികൂടാതെ സ്വരാജ്യമില്ലെന്നു പറഞ്ഞതുകൊണ്ട് അപരിഹാര്യമായ ഒരു ദ്രോഹമാണ് അങ്ങ് ഇന്ത്യയ്ക്കു ചെയ്തിട്ടുള്ളതു്. അതിനു പകരം വ്യത്യസ്ത സമുദായങ്ങൾ തമ്മിലും വ്യത്യസ്ത സമുദായങ്ങളോടും നീതിയില്ലെങ്കിൽ സ്വരാജ്യമില്ലെന്നായിരുന്നു നിങ്ങൾ പറയേണ്ടിയിരുന്നതു്.' ഈ സന്ദർശകനുമായി ഞാൻ വാദിച്ചു. എങ്കിലും അദ്ദേഹം സംതൃപ്തനായില്ല. അദ്ദേഹം പറഞ്ഞു: 'അങ്ങയുടെ മുസ്ലീം സുഹൃത്തുക്കളുടെ ആനുകൂല്യം കിട്ടാൻവേണ്ടി സ്വന്തം ആത്മാവിനെ വില്ക്കാമെന്നു് അങ്ങു സമ്മതിച്ചിരിക്കുന്നു.' പ്രതിഷേധിച്ചുകൊണ്ട് ഞാൻ പറഞ്ഞു; 'ഇന്ത്യയുടെ സ്വാതന്ത്ര്യം വാങ്ങാൻവേണ്ടി ഞാൻ എൻെറ ആത്മാവിനെ വില്ക്കുകയില്ലെന്നു തീർച്ചയായും നിങ്ങൾക്കറിയാം, ലോകത്തിനറിയാം. മുസ്ലീം സൗഹാർദം എനിക്ക വേണമെങ്കിൽ, അതെൻെറ നന്മയ്ക്കുവേണ്ടിയല്ല, ഇന്ത്യയ്ക്കുവേണ്ടിയാണ്, നിങ്ങൾ എന്നോട് അനീതി കാണിക്കുകയാണ്.' ആ സന്ദർശകൻ വികാരാവേശത്തോടെ മറുപടി പറഞ്ഞു: 'അങ്ങയുടെ രാജ്യസ്നേഹം എനിക്കറിയാം. അതറിഞ്ഞുകൂടെങ്കിൽ, ഞാൻ അങ്ങയെ കാണാൻ വരുകയില്ലായിരുന്നു. എങ്കിലും അങ്ങ-

53. Harijan, 27–1–1940 ((Communal Unity, p. 257)

digitized by www .sreyas.in

യുടെ സ്നേഹം നിമിത്തം അങ്ങു ചെയ്ത തെററ്, ചെയ്യുന്ന തെററ് അങ്ങു കാണുന്നില്ല. ഹിന്ദുക്കൾ എന്താണു പറയുന്നതു്, ചെയ്യുന്നതു് എന്നു് അങ്ങേക്കറിഞ്ഞുകൂടാ. മുസ്ലീങ്ങളുടെ നീരസത്തെ ഭയന്നു് അവർ ക്ലേശിക്കുന്നു; അവർ അങ്ങയിൽ വിശ്വസിക്കുന്നതാണു് ഇതിനു കാരണം. 'ഐക്യം' എന്നതിനു പകരം 'നീതി' എന്ന വാക്കു് ഉപയോഗിക്കുവാൻ അങ്ങയോടു് ഞാൻ അപേക്ഷിക്കുന്നു.' ഈ സ്നേഹിതനോടു വാദിച്ചിട്ടു പ്രയോജനമുണ്ടായിരുന്നില്ല. എനിക്കു സമയമുണ്ടായിരുന്നുമില്ല. ഈ പ്രശ്നത്തെപ്പററി ഈ പംക്തികളിൽ എഴുതാമെന്നു് ഞാൻ വാഗ്ദാനം ചെയ്തു. അദ്ദേഹത്തെ സമാശ്വസിപ്പിച്ചു. എന്റെ മറുപടി അദ്ദേഹത്തെ സമാശ്വസിപ്പിക്കുമോ എന്നു് എനിക്കറിഞ്ഞുകൂടാ.

സാമുദായികമൈത്രികൂടാതെ അഹിംസയിലൂടെ സ്വരാജ്യം പ്രാപിക്കാനാവില്ലെന്ന എന്റെ വിശ്വാസത്തിനു് ഇളക്കം തട്ടിയിട്ടില്ല. പക്ഷേ സമുദായങ്ങൾ തമ്മിൽ നീതിയില്ലാതെ ഈ മൈത്രി നേടാനാവില്ല. മുസ്ലീങ്ങളുടെയോ മററാരുടെയെങ്കിലുമോ സൗഹാർദം കൈക്കൂലികൊണ്ടു വാങ്ങുക സാധ്യമല്ല. കൈക്കൂലിക്കു തന്നെ അർത്ഥം ഭീരുത്വമെന്നാണു്, തന്നിമിത്തം ഹിംസയെന്നും. എന്നാൽ എന്റെ സഹോദരനു് അവൻ അർഹിക്കുന്നതിലുമധികം ഞാൻ കൊടുത്താൽ, അതു കൈക്കൂലിയല്ല. ഞാൻ ആരോടും അനീതി ചെയ്യുന്നുമില്ല. ഔദാര്യംകൊണ്ടേ സംശയമില്ലാതാക്കാൻ എനിക്കു കഴിയൂ. ഔദാര്യമില്ലാത്ത നീതി നിഷ്പ്രയാസം ഷൈലോക്കിന്റെ നീതിയായിത്തീരാം. പക്ഷേ ഏതൊരു കാര്യത്തിനുവേണ്ടിയാണോ ഔദാര്യം കാണിക്കുന്നതു് ആ കാര്യത്തിനുതന്നെ ഔദാര്യം കോട്ടം തട്ടിക്കാതിരിക്കുവാൻ ഞാൻ മനസ്സിരുത്തണം.

## 54

തന്നെ 'ഷഹാൻഷാ—ഇ—പാക്കിസ്ഥാൻ' (പാക്കിസ്ഥാനിലെ ചക്രവർത്തി) എന്നു വിളിച്ചതിനു് ജിന്നാസാഹിബ് തന്റെ അനുയായികളെ ശകാരിച്ചിരിക്കുന്നു. പാക്കിസ്ഥാനിൽ ന്യൂനപക്ഷങ്ങൾക്കു തുല്യപദവി ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. താൻ പറഞ്ഞതനുസരിച്ചു് അദ്ദേഹം പ്രവർത്തിച്ചാൽ, കാര്യങ്ങൾ നേരെയാകും. ആഗ്രഹിച്ചതു കിട്ടിക്കഴിഞ്ഞതുകൊണ്ടു് അവരിനി തങ്ങളുടെ രാജ്യത്തെ അമുസ്ലീങ്ങളുമായി സമാധാനത്തിൽ വർത്തിക്കുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നതു്. പാക്കിസ്ഥാനിൽ അവർ മതസ്വാതന്ത്ര്യത്തിനും എല്ലാവർക്കും തുല്യാവകാശങ്ങൾക്കും ഉറപ്പു നല്കണം. ഉദാഹരണത്തിനു് സിന്ധിലെ ഹിന്ദുക്കൾക്കു് എന്തുകൊണ്ടു് അവിടെ സമാധാനത്തോടും രക്ഷയോടുംകൂടി ജീവിക്കാൻ കഴിയുന്നില്ല? ഒരൊററ ഹിന്ദു സിന്ധു വിട്ടുപോയെങ്കിൽ, അവർ അതു

54. Harijan, 22–6–1947 ( (Communal Unity, p. 646)

digitized by www .sreyas.in

തെന്നു പറഞ്ഞു് അയാളെ തിരികെ കൊണ്ടുവരണം. ഹിന്ദുക്കളോടു ഗാന്ധിജിക്കു പറയാനുള്ളതു് അവർ സർവഭയവും വെടിയണമെന്നാണു്. സ്വന്തം മതമോ പദവിയോ മാററാൻ അവരെ ആരും നിർബന്ധിക്കുകയില്ല.

ഹിന്ദുഭൂരിപക്ഷ പ്രദേശത്തെ ഹിന്ദുക്കളോടു് അദ്ദേഹം പറയുന്നു, മുസ്ളീങ്ങൾ എന്തുചെയ്യുവെന്നു നോക്കാതെ അവർ ശരിയായതു ചെയ്യണമെന്നു്. ഇങ്ങനെ ചെയ്താൽ മാത്രമേ ജിന്നാസാഹിബിന്റെ ദ്വിരാഷ്ട്രവാദം ശരിയല്ലെന്നു തെളിയിക്കാൻ അവർക്കു കഴിയൂ.

## 55

എല്ലാവരും അവകാശങ്ങൾക്കുവേണ്ടി മാത്രം വാദിക്കുകയും ചുമതലയെപ്പററി പറയാതിരിക്കുകയും ചെയ്താൽ, തനി കുഴപ്പവും കലാപവും ഉണ്ടാകും. അവകാശങ്ങൾക്കു വാശിപിടിക്കുന്നതിനു പകരം എല്ലാവരും സ്വധർമം നിർവഹിച്ചാൽ, മനുഷ്യജാതിയിൽ സ്വാസ്ഥ്യം ഉടൻ സംസ്ഥാപിതമാകും. തന്റെ മുസ്ളീം അയൽവാസിയോടു് ഹിന്ദുവിനുള്ള കടമ എന്താണു്? മനുഷ്യനെന്ന നിലയ്ക്കു് അയാളെ സുഹൃത്താക്കുക, അയാളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുക, സങ്കടത്തിൽ അയാളെ സഹായിക്കുക. ഇങ്ങനെ ചെയ്താൽ, തന്റെ മുസ്ളീം അയൽവാസിയിൽനിന്നു് ഇത്തരം പെരുമാററം പ്രതീക്ഷിക്കുവാൻ അയാൾക്കു് അവകാശമുണ്ടാകും. പ്രതീക്ഷിച്ച ഫലം കിട്ടിയെന്നും വരാം. ഒരു ഗ്രാമത്തിൽ ഭൂരിപക്ഷം ഹിന്ദുക്കളാണെന്നും അല്പം മുസ്ളീങ്ങൾ അവരുടെ ഇടയിലുണ്ടെന്നും വിചാരിക്കുക; അപ്പോൾ ഹിന്ദുഭൂരിപക്ഷത്തിനു മുസ്ളീം അയൽപക്കക്കാരോടുള്ള കടമ വളരെ വർദ്ധിക്കുന്നു. തത്ഫലമായി ഹിന്ദുക്കൾക്കു് തങ്ങളോടുള്ള പെരുമാററത്തിൽ മതംനിമിത്തം ഒരു വ്യത്യാസവുമുണ്ടാകുന്നില്ലെന്നു ന്യൂനപക്ഷത്തിനു തോന്നണം. ഹിന്ദുക്കൾക്കു് അന്നു് അവകാശമുണ്ടാകും, അതുവരെയില്ല. അപ്പോൾ മുസ്ളീങ്ങൾ അവരുടെ സ്വാഭാവിക സുഹൃത്തുക്കളായിത്തീരും. ആപൽക്കാലത്തു് രണ്ടുകൂട്ടരും ഒരുമിച്ചു പ്രവർത്തിക്കും. എന്നാൽ ഭൂരിപക്ഷം ഹിന്ദുക്കളുടെ ശരിയായ പെരുമാററമനുസരിച്ചു മുസ്ളീങ്ങൾ ഇങ്ങോട്ടു പെരുമാറുന്നില്ലെന്നും അവർ കലഹത്തിനു തുനിയുകയാണെന്നും വിചാരിക്കുക; അതു മനുഷ്യത്വമില്ലായ്മയായിരിക്കും. അപ്പോൾ ഹിന്ദുഭൂരിപക്ഷത്തിന്റെ കടമയെന്താണു്? ഭൂരിപക്ഷത്തിന്റെ മൃഗീയബലംകൊണ്ടു് അവരെ കീഴമർത്തുകയല്ല. അനർഹമായ അവകാശം പിടിച്ചുപററലാകും അതു്. സ്വന്തം സഹോദരന്മാരുടെ മനുഷ്യത്വമില്ലാത്ത പെരുമാററത്തെയെന്നപോലെ അതിനെ നിയന്ത്രിക്കുകയാണു് അവരുടെ കടമ. ഈ ഉദാഹരണത്തെപ്പററി ഞാൻ വിസ്തരിച്ചുപറയേണ്ട ആവശ്യമില്ല. സ്ഥിതി മറി

---

55. Harijan, 6–7–1947 (Communal Unity, pp. 656–657)
(ജൂൺ 28, 29 തീയതികളിൽ ചെയ്ത പ്രാർത്ഥനാനന്തരപ്രസംഗങ്ങളിൽനിന്നു്)

digitized by www .sreyas.in

ല്പായാലും ഇതൊക്കെത്തന്നെയാണ്‌ വേണ്ടതെന്നു പറഞ്ഞു ഞാൻ നിർത്തട്ടെ.

## കെ. ന്യൂനപക്ഷങ്ങളുടെ മനോഭാവം

### 56

പാക്കിസ്ഥാനിലെ ഹിന്ദുക്കളും സിക്കകാരും ഭയങ്കരമായ ഒരു വിഷമസന്ധിയിലായിരുന്നു. ഒഴിഞ്ഞുപോരാൻ ബുദ്ധിമുട്ടുള്ള പണിയായിരുന്നു. വഴിക്ക വളരെപ്പേർ ചാവുകയേ തരമുള്ളൂ. ഇന്ത്യായൂണിയനിലേക്കവന്നശേഷം അഭയാർത്ഥിക്യാമ്പുകളിൽ അവരുടെ നില തെല്ലും അസൂയാവഹമായിരുന്നില്ല. കുരുക്ഷേത്രക്യാമ്പിൽ അനേകായിരംപേർ വെളിമ്പ്രദേശങ്ങളിലാണ്‌ കിടന്നിരുന്നതു്. വൈദ്യസൗകര്യങ്ങൾ പോരാ, ആഹാരം മോശം. ഗവർമെൻറിനെ കുററം പറയുന്നതു തെററാവും. ജനങ്ങൾക്ക്‌ അദ്ദേഹം എന്തുപദേശമാണു നല്‌കേണ്ടതു്? പശ്ചിമ പാക്കിസ്ഥാനിൽ നിന്നുവന്ന കുറച്ചു സുഹൃത്തുക്കൾ അദ്ദേഹത്തെ ഇന്നു കാണുകയുണ്ടായി. തങ്ങളുടെ ദുഃഖകഥ അവർ വിവരിക്കുകയും പിന്നിൽ വിട്ടുപോന്നവരെ ഉടനെ ഒഴിച്ചുകൊണ്ടുപോരണമെന്ന്‌ അപേക്ഷിക്കുകയും ചെയ്തു. താനല്ല ഗവർമെൻറ്‌, എന്നാൽ എത്ര നല്ല വിചാരമുണ്ടായാലും ഏതു ഗവർമെൻറിനും ചെയ്യാൻ ആഗ്രഹമുള്ളതെല്ലാം ഇത്തരം ചുററുപാടുകളിൽ ചെയ്യാൻ സാധിക്കുകയില്ല എന്നദ്ദേഹം പറഞ്ഞു. കിഴക്കൻ ബങ്കാളിൽനിന്നും ആളുകൾ ഓടാൻ തുടങ്ങിയെന്ന വർത്തമാനമെത്തി. കാരണമെന്താണെന്ന്‌ അദ്ദേഹത്തിനു മനസ്സിലായില്ല. അദ്ദേഹത്തിൻെറ സഹപ്രവർത്തകരായ സതീശ്‌ബാബുവും (ഖാദിപ്രതിഷ്ഠാനിലെ) പ്യാരെലാൽജിയും കനുഗാന്ധിയും അംതുൽസലാംബഹനും സർദാർ ജീവൻസിംഗ്‌ജിയും ഇപ്പോഴും അവിടെയുണ്ട്‌. അദ്ദേഹവും നവ്‌ഖാലിയിൽ സഞ്ചരിച്ചു ഭയം വെടിയുവാൻ ജനങ്ങളെ ഉപദേശിക്കുകയുണ്ടായി. ജനങ്ങളുടെയും ഗവർമെൻറിൻെറയും കടമയെന്താണെന്നു നവ്‌ഖാലിയാത്ര അദ്ദേഹത്തെക്കൊണ്ട്‌ ആലോചിപ്പിച്ചു. ഒരു ഡൊമിനിയനിൽനിന്ന്‌ ഓടിപ്പോകുന്നവർക്ക തോന്നുന്നുണ്ടാവാം അപ്പുറത്തെ സ്ഥിതി വളരെ മെച്ചമാണെന്ന്‌. പക്ഷേ അവർക്ക തെററി. എത്രനല്ല വിചാരമുണ്ടായാലും ഇത്രയേറെ അഭയാർത്ഥികളെ വേണ്ടതുപോലെ നോക്കിരക്ഷിക്കുവാൻ അധികൃതരെക്കൊണ്ടാവില്ല. ആദ്യത്തെ സ്ഥിതിയൊക്കെ വീണ്ടും ഉണ്ടാക്കിത്തീർക്കാൻ അവർക്ക കഴികയില്ല. സ്വസ്ഥാനത്തു്‌ ഉറച്ചുനിന്നു സഹായത്തിന്‌ ഈശ്വരൻെറ നേർക്കല്ലാതെ മററാരുടെ നേർക്കും നോക്കാതിരിക്കണമെന്നാണ്‌ ജനങ്ങളോട്‌ അദ്ദേഹത്തിൻെറ ഉപദേശം. വേണ്ടിവന്നാൽ സ്വഗൃഹങ്ങളിലിരുന്ന്‌ അവർ സധൈര്യം മരിക്കണം. ന്യൂനപക്ഷങ്ങളുടെ സംരക്ഷണം

56. Harijan, 19–10–1947 (Communal Unity, pp 809–810)

ആവശ്യപ്പെടേണ്ടതു് ഗവർമെൻറിൻെറ കടമയാണെന്നതിനു സംശയമില്ല. ശരിയായും സഹകരണത്തോടുകൂടിയും പ്രവർത്തിക്കേണ്ടതു് രണ്ടു ഗവർമെൻറുകളുടെയും കടമയാണു്. അഭിലഷണീയമായ അക്കാര്യം സാധിച്ചില്ലെങ്കിൽ, യുക്തിയുക്തമായ ഫലം യുദ്ധമാണു്. അതു വേണമെന്നു പറയുന്ന അവസാനത്തെ ആളായിരിക്കും അദ്ദേഹം. എങ്കിലും ആയുധങ്ങളും സൈന്യങ്ങളുമുള്ള ഗവർമെൻറിനു മററുത്തരത്തിൽ ചെയ്യാനാവില്ലെന്നു് അദ്ദേഹത്തിന്നറിയാം. യുദ്ധമെന്നുവെച്ചാൽ സംഹാരമാണു്. ജനങ്ങളെ ഒത്തുമാററം ചെയ്യുന്നതിന്നിടയ്ക്കു സംഭവിച്ച മരണം ആർക്കും ഒരു നന്മയും ചെയ്തില്ല. ദുരിതാശ്വാസം, പുനരധിവാസം മുതലായവയെ സംബന്ധിച്ച നിരവധി പ്രശ്നങ്ങൾ ഒത്തുമാററംമൂലം ഉണ്ടായി.

'അയിത്തക്കാരൻ'ണെന്നു കാണിക്കുന്ന ഒരു ബാഡ്ജ് ഹരിജനങ്ങൾ ധരിക്കണമെന്നു മണ്ഡൽസാഹിബും പാക്കിസ്ഥാനിലെ മററുചില അംഗങ്ങളുംകൂടി തീരുമാനിച്ചിരിക്കുന്നുവെന്നു് ഒരു പ്രസ്താവനയിൽനിന്നു ഗാന്ധിജി കഴിഞ്ഞദിവസം മനസ്സിലാക്കുകയുണ്ടായി. ബാഡ്ജിന്മേൽ ചന്ദ്രക്കലയുടെയും നക്ഷത്രത്തിൻെറയും അടയാളമുണ്ടായിരിക്കണം. ഹരിജനങ്ങളെ മററു ഹിന്ദുക്കളിൽ നിന്നു തിരിച്ചറിയാനാണു് ഇതു്. ഇതിൻെറ യുക്തിയുക്തഫലം അവിടെ താമസിക്കുന്ന ഹരിജനങ്ങൾ അവസാനം ഇസ്ലാം സ്വീകരിക്കേണ്ടതായി വരുമെന്നുള്ളതാണെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. ഹൃദയപൂർവമായ വിശ്വാസംകൊണ്ടും ആത്മീയ പ്രചോദനംകൊണ്ടും മതംമാറുന്നതിനെക്കുറിച്ച് അദ്ദേഹത്തിന്നൊന്നും പറയാനില്ല. സ്വേച്ഛയാ ഒരു ഹരിജനായിത്തീർന്നതുകൊണ്ടു്, ഹരിജനങ്ങളുടെ മനസ്സ് അദ്ദേഹത്തിനറിയാം. ഇത്തരത്തിൽപ്പെട്ട ഒരൊററ ഹരിജൻ ഇന്നില്ല. അവർക്കു് ഇസ്ലാമിനെപ്പററി എന്തറിയാം? എന്തുകൊണ്ടാണു് തങ്ങൾ ഹിന്ദുക്കളായതെന്നും അവർക്കറിഞ്ഞുകൂടാ. എല്ലാ മതാനുയായികളുടെയും കഥ ഇതാണു്. അവർ ഏതെങ്കിലും മതക്കാരായിത്തീർന്നതു് ആ മതത്തിൽ പിറന്നതുകൊണ്ടു മാത്രമാണു്. അവർ മതം മാറിയെങ്കിൽ, അതു് ഒന്നുകിൽ നിർബന്ധംകൊണ്ടാവും. അല്ലെങ്കിൽ വല്ല പ്രലോഭനവും പ്രതിഫലമായി നൽകിയതുകൊണ്ടാവും. ഇപ്പോഴത്തെ ചുററുപാടുകളിൽ സ്വമനസ്സാലെയുള്ള മതംമാററത്തിനു യാതൊരു സാധുതയുമുണ്ടാവുകയില്ല. മതം ജീവനെക്കാൾ പ്രിയപ്പെട്ടതായിരിക്കണം. ഹിന്ദുമതഗ്രന്ഥങ്ങൾ പഠിച്ചില്ലെങ്കിലും വിഷമഘട്ടത്തിൽ ഉറച്ച വിശ്വാസമില്ലാതായിത്തീരുന്നവരെക്കാൾ നല്ലവർ ഈ സത്യമനുസരിച്ച പ്രവർത്തിക്കുന്നവരാണു്.

digitized by www .sreyas.in

## 57

കിഴക്കൻ പാക്കിസ്ഥാനിൽനിന്നു കുറച്ചാളുകൾ ഗാന്ധിജിയെ കാണാൻ വന്നിരുന്നു. അനവധി ഹിന്ദുക്കൾ കിഴക്കൻ ബങ്കാൾ വിട്ടുപോരുകയാണ്. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ഉപദേശം ഈ സുഹൃത്തുക്കൾ ആരാഞ്ഞു. പലപ്പോഴും താൻ പറഞ്ഞതു് ആവത്തിക്കാനേ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. ഭയപ്പെട്ടു് ഓടിപ്പോകാൻ ഇടവരുകയെന്നതു് ധീരരായ സ്ത്രീപുരുഷന്മാർക്കു ചേർന്നതല്ല. അവർ സ്വസ്ഥാനത്തുനിന്നു് അയശസ്സോ ആത്മാഭിമാനനാശമോ സഹിക്കുന്നതിനുപകരം മരണം വരിക്കണം. ഈശ്വരനെയല്ലാതെ മററാരേയും അവർ ഭയപ്പെടരുതു്. അവർ സ്വമതത്തേയും അഭിമാനത്തേയും പൗരാവാകാശങ്ങളേയും സ്വജീവൻകൊണ്ടു രക്ഷിക്കണം. ആ ധൈര്യമില്ലെങ്കിൽ, ഒഴിഞ്ഞുപോരുന്നതാണു നല്ലതു്. കിഴക്കൻ ബങ്കാൾ വിട്ടുപോരാൻ അവർ തീരുമാനിക്കുകയാണെങ്കിൽ, സാധുക്കളായ പട്ടികജാതിക്കാരെ സുരക്ഷിതരായി ആദ്യം പറഞ്ഞയയ്ക്കുകയെന്നതു് തങ്ങളുടെ കർത്തവ്യമായി ഉയർന്ന ജാതിക്കാർ, ഡോക്ടർമാരും വക്കീൽമാരും കച്ചവടക്കാരും മററും കരുതണം. ഇവർ അവസാനമേ പോരാവൂ. ആദ്യം പോരരുതു്. ഒരേ സമയത്തു് എല്ലാ ദിക്കിലും എത്താൻ അദ്ദേഹത്തെക്കൊണ്ടാവില്ല. എങ്കിലും തന്റെ ശബ്ദം അവരുടെയെല്ലാം അടുത്തെത്തിക്കുവാൻ കഴിയും. തങ്ങളുടെ മതത്തിനും അഭിമാനത്തിനുംവേണ്ടി മരിക്കുവാൻ പട്ടികജാതിക്കാരോടു് ആവശ്യപ്പെടുവാൻ ഡോക്ടർ അംബേദ്കറോടും അദ്ദേഹം പറഞ്ഞിട്ടുണ്ടു്. ഗാന്ധിജി സസന്തോഷം അപ്രകാരം ചെയ്തതു് ഒരു സമ്മേളനം മുഖേനയാണു്.

## 58

യു. പി. യിലെ നാലു മുസ്ളീം സുഹൃത്തുക്കൾ സമാധാനദൂതന്മാരായി പശ്ചിമപഞ്ചാബിലേക്കു പോയിരുന്നു. ഇന്നു രാവിലെ അവർ ഗാന്ധിജിയെ കാണാൻ വന്നിരുന്നു. ഹിന്ദുക്കൾക്കു് ഇപ്പോൾ ലാഹോററിൽചെന്നു് രക്ഷയോടുകൂടി പാർക്കാമെന്നു് അവർ പറഞ്ഞു. അവരും ഹിന്ദുക്കളുടെകൂടെ പോവുകയും, അവരുടെ ഒരു മുടിയിഴപോലും തൊടുന്നതിനുമുമ്പു് സ്വജീവൻ കളയുകയും ചെയ്യും. അവർ അപ്പോൾ പറഞ്ഞതു്, പൊതുയോഗത്തിൽ വായിക്കാൻവേണ്ടി എഴുതിക്കൊടുക്കുവാൻ ഗാന്ധിജി അവരോടു് ആവശ്യപ്പെട്ടു. അവർ താഴെ ചേർക്കുന്ന കത്തെഴുതി ഗാന്ധിജിക്കു കൊടുത്തു:

'യു. പി. സമാധാനദൗത്യസംഘം രണ്ടുതവണ പശ്ചിമപഞ്ചാബിൽ സഞ്ചരിച്ചിരിക്കുന്നു. ആദ്യത്തെ തവണ ഒരുമാസവും,

57. Harijan, 27-10-1947(Communal Unity, p. 829)
58. Harijan, 21-12-1947 (Communal Unity, pp. 893-894)

digitized by www .sreyas.in

രണ്ടാംതവണ ഒരാഴ്ചയും അവരവിടെ ചെലവഴിച്ചു. സ്ഥിതിഗതികൾ ഇപ്പോൾ വളരെ മെച്ചപ്പെട്ടിരിക്കുന്നു. ഗവർമെൻറും ജനങ്ങളും സമാധാനം സ്ഥാപിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

1. ഇന്നവിടെ താമസിക്കുന്ന അമുസ്ളീങ്ങൾ അവിടെ തുടരണമെന്നും, വിട്ടുപോയവർ മടങ്ങിവരണമെന്നും പശ്ചിമപഞ്ചാബ് ഗവർമെൻറ് ആഗ്രഹിക്കുന്നു.

2. മടങ്ങിവരുന്ന അമുസ്ളീങ്ങളുടെ സ്വത്തുക്കൾ അവർക്കു തിരികെ കൊടുക്കണമെന്ന് ഗവർമെൻറു നിർദ്ദേശിച്ചിരിക്കുന്നു.

3. പശ്ചിമപഞ്ചാബിലേക്കു മടങ്ങിവരുന്ന അമുസ്ളീങ്ങൾക്കു പൂർണ്ണരക്ഷയും വ്യാപാരസൗകര്യങ്ങളും നൽകപ്പെടണം.

4. തങ്ങളുടെ (ഗവർമെൻറിൻെറ) എല്ലാ ശ്രമങ്ങളുമുണ്ടായിട്ടും വല്ല അമുസ്ളീങ്ങളും പശ്ചിമപഞ്ചാബിലേക്കു വരാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, സ്വന്തം സ്വത്തു വിൽക്കാനോ ഒത്തുമാററം ചെയ്യാനോ അവർക്കു പൂർണ്ണാവകാശമുണ്ടായിരിക്കും.

5. ലഹളയുണ്ടാക്കുന്നവർക്കു ഗവർമെൻറ് മാതൃകാപരമായ ശിക്ഷ നൽകുന്നുണ്ട്, കുഴപ്പം ആവർത്തിക്കാതിരിക്കുവാൻ എല്ലാ മുൻകരുതലുകളും ചെയ്യുന്നുമുണ്ട്. അമുസ്ളീങ്ങളുടെ ജീവനും അഭിമാനത്തിനും സ്വത്തിനും രക്ഷ നൽകേണ്ട ചുമതലയേൽക്കാൻ ജനങ്ങളേയും ഗവർമെൻറിനെയും സമാധാനദൗത്യസംഘം സന്നദ്ധരാക്കിയിട്ടുണ്ട്. സ്വന്തം കുടുംബങ്ങളിലേക്കു മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്ന അമുസ്ളീങ്ങളൊന്നിച്ച് തങ്ങൾ പോകാമെന്നും, പുനരധിവാസത്തിന് അവരെ സഹായിക്കാമെന്നും യു. പി. ദൗത്യസംഘം ഏൽക്കുന്നു. അവരെ സ്വജീവൻകൊണ്ട് അവർ (ദൗത്യസംഘം) രക്ഷിക്കും, അവർക്കു രക്ഷയായെന്നു തോന്നുന്നതുവരെ അവരെ വിട്ടുപോരുന്നതുമല്ല.'

ലഹളക്കാലത്തു മുഴുവൻ താൻ ലാഹോറിൽ താമസിക്കുയായിരുന്നു എന്നറിയിക്കുന്ന ഒരെഴുത്ത് ഒരു ഹിന്ദുവും അദ്ദേഹത്തിന് (ഗാന്ധിജിക്കു്) കൊടുത്തിട്ടുണ്ട്. അയാൾ ഒരു റെസ്റ്റോറണ്ടു നടത്തുകയായിരുന്നു. ദിവസേന ഏതാണ്ട് ആയിരംപേർ അതിൽ വരാറുണ്ട്. അക്രമങ്ങൾ ഇല്ലാതാക്കാൻ ഗവർമെൻറ് ശ്രമിക്കുന്നുണ്ട്. ലാഹോർ വിട്ടുപോയ അമുസ്ളീങ്ങളോടു മടങ്ങിച്ചെല്ലാൻ അയാൾ അപേക്ഷിച്ചിരിക്കുന്നു.

ഇതൊക്കെ നേരാണെങ്കിൽ, തനിക്ക് അളവററ സന്തോഷമുണ്ടെന്നു ഗാന്ധിജി പറഞ്ഞു. എങ്കിലും ഈ സുഹൃത്തുക്കളുടെ പ്രസ്താവന ശരിയാണെന്ന് അനുഭവംകൊണ്ടു തെളിയണം. ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നു നോക്കാൻ അദ്ദേഹം ഭാവിക്കയാണ്.

digitized by www .sreyas.in

## 59

ഇന്നു വൈകുന്നേരം ഗാന്ധിജി പ്രാർത്ഥനാനന്തരപ്രസംഗം നടത്തിയതു് ചില ചോദ്യങ്ങൾക്കു മറുപടി പറഞ്ഞുകൊണ്ടാണു്. സിന്ധിൽപോലും ഹിന്ദുക്കൾക്കും സിക്കുകാർക്കും സമാധാനത്തോടും അഭിമാനത്തോടുംകൂടി ജീവിക്കാൻ വയ്യെന്നിരിക്കെ, പശ്ചിമ പഞ്ചാബിൽനിന്നുവന്ന അഭയാർത്ഥികളോടു മടങ്ങിപ്പോകാൻ പറയാൻ അദ്ദേഹത്തിനെങ്ങനെ സാധിച്ചു എന്ന ചോദ്യത്തിനു മറുപടിയായി, ആ ചോദ്യം ഉൽഭവിക്കുന്നില്ലെന്നു ഗാന്ധിജി പറഞ്ഞു: എന്തുകൊണ്ടെന്നാൽ, ചില മുസ്ലിം സുഹൃത്തുക്കൾ അങ്ങനെ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും. അഭയാർത്ഥികളോടു പശ്ചിമപഞ്ചാബിലേക്കു മടങ്ങിപ്പോകാൻ ഉപദേശിക്കുന്നതിനു തൽക്കാലം തനിക്കു തരമില്ലെന്നു് ഇയ്യിടെ ഒരു സമ്മേളനത്തിൽവച്ചു് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടു്. ഡൊമിനിയനുകൾ (ഇന്ത്യയും പാക്കിസ്ഥാനും) ഒരു പുതിയ അദ്ധ്യായം ആരംഭിക്കാതിരുന്നാൽ, രണ്ടുംനശിച്ചു. കുഴപ്പം ആരംഭിച്ചതു പശ്ചിമപാക്കിസ്ഥാനിലാണെന്നതു ശരിതന്നെ. പക്ഷേ, ഇന്ത്യാ യൂണിയനിലെ ചില പ്രദേശങ്ങൾ പ്രതികാരം ചെയ്തിട്ടുണ്ടു്. തന്നിമിത്തം എപ്പോൾ എത്ര എന്ന ചോദ്യം ഇപ്പോൾ അപ്രസക്തമാണു്. ഏതെങ്കിലും ഒരു ഡൊമിനിയൻ ചെയ്യേണ്ടതു ചെയ്താൽ, മറേറതും ചെയ്യും; രണ്ടും അങ്ങനെ രക്ഷിക്കപ്പെടുകയും ചെയ്യും.

ജനങ്ങളെ എന്നന്നേക്കുമായി ഒത്തുമാററം ചെയ്യുക എന്ന അഭിപ്രായത്തോടു യോജിക്കുവാൻ ഗാന്ധിജിക്കു് ഒരുകാലത്തും നിവൃത്തിയില്ല. അഭയാർത്ഥികളുടെ ഇവിടത്തെ താമസം സുഖകരമായി കഴിഞ്ഞാൽപോലും അവരുടെ വിചാരം മടങ്ങിപ്പോകണമെന്നായിരിക്കും. അതിനാൽ കക്ഷികൾ സ്വകുടുംബങ്ങളിലേക്കു മടങ്ങിപ്പോകുന്നതുവരെ യഥാർത്ഥ സമാധാനമുണ്ടാകുമെന്നു വിചാരിക്കാൻ അദ്ദേഹത്തിനു വയ്യ.

## എൽ. പോലീസ്, പട്ടാളം, സിവിൽഉദ്യോഗസ്ഥന്മാർ എന്നിവരുടെ പങ്കു്

## 60

അഹമ്മദബാദിലേക്കു പോകുന്നതിനുമുമ്പു തന്നെ കാണാൻ വന്ന ബോംബെ അഭ്യന്തരകാര്യമന്ത്രി ശ്രീ മൊറാർജി ദേശായിയോടു ഗാന്ധിജി പറയുകയുണ്ടായി, അദ്ദേഹം ലഹളകളെ നേരിടാൻപോകുന്നതു് ഈശ്വരൻെറമാത്രം രക്ഷയോടുകൂടിയായിരിക്കണമെന്നും, പോലീസിൻേറയോ പട്ടാളത്തിൻെറയോ രക്ഷയോടുകൂടി

59. Harijan, 11-1-1948 (Communal Unity, p. 399)
60. Harijan, 16-7-1946 (Communal Unity, p. 358)

digitized by www .sreyas.in

യാകരുതെന്നും പരേതനായ ഗണേശശങ്കർവിദ്യാർത്ഥി ചെയ്തതു പോലെ വേണ്ടിവന്നാൽ ലഹളയമർത്താനുള്ള ശ്രമത്തിൽ അദ്ദേഹം നശിച്ചുപോകണം എന്നും. ശ്രീ. മൊറാർജി ദേശായി ഒരു കൂടിയാലോചനയ്ക്കായി മുസൽമാന്മാരുടെയും ഹിന്ദുക്കളുടെയുംമററും പ്രതിനിധികളെ അഹമ്മദബാദിലേക്കു ക്ഷണിച്ചിട്ടുണ്ട്. അവർക്കങ്ങനെ ആഗ്രഹമുണ്ടെങ്കിൽ പോലീസിനെയും പട്ടാളത്തേയും പിൻവലിക്കുവാൻ താൻ തയ്യാറാണെന്ന് അദ്ദേഹം അവരോടു പറഞ്ഞിട്ടുണ്ട്.

61

ഗാന്ധിജി തന്റെ പ്രാർത്ഥനാനന്തരപ്രസംഗത്തിൽ ബോംബെയിലെ ലഹളകളെപ്പററി വേദനയോടുകൂടി സംസാരിക്കുകയുണ്ടായി. ആർ ആരെയാണു കൊല്ലുന്നതെന്ന് അദ്ദേഹത്തിന്നറിഞ്ഞുകൂടാ. എങ്കിലും തങ്ങളെ കൊല്ലാൻ ശ്രമിക്കുന്നവരെ കൊല്ലാൻ തക്കവണ്ണം ഹിന്ദുക്കൾ ഇപ്പോൾ ശക്തരാണെന്നതിൽ ചിലർ സന്തോഷിക്കുന്നുവെന്നതു് ദുഃഖകരമാണ്. പ്രതികാരം ചെയ്യാതെ ഹിന്ദുക്കൾ മരിക്കുന്നതാണു തനിക്കിഷ്ടം. കാരണം വിദ്വേഷം ഇല്ലാതാക്കാനുള്ള ഏകമാർഗ്ഗം അതാണ്. എങ്കിലും ഇന്ന് അവരുടെ ഹൃദയങ്ങളിൽ ആ ധൈര്യമോ, ആ അഹിംസയോ, സ്നേഹമോ ഇല്ല. പട്ടാളമോ പോലീസോ നൽകുന്ന സംരക്ഷണം അധികമധികം വേണമെന്ന ആവശ്യം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പരസ്പരം കലഹിക്കുന്നതുതന്നെ മോശം. എങ്കിലും ബ്രിട്ടീഷുകാർ പരിശീലനം നൽകിയവരും ബ്രിട്ടീഷ് രാജാവിനോടു കൂറു പ്രഖ്യാപിച്ചിട്ടുള്ളവരുമായ പട്ടാളക്കാരെ വിളിക്കുന്നതു് അതിലും മോശമാണ്. പട്ടാളവും പോലീസും നൽകുന്ന രക്ഷ ജനങ്ങൾ ഗവർമെൻറിനോട് ആവശ്യപ്പെടുന്നതു തനിക്കിഷ്ടമല്ല. അവർ സ്വശക്തിയുണ്ടാക്കണം. മററാരേയും ആശ്രയിക്കരുതു്. പട്ടാളത്തിന്റെയും പോലീസിന്റെയും സഹായം വേണമെന്ന് അവർ വാശിപിടിച്ചാൽ, ആരംഭദശയിൽതന്നെ സ്വാതന്ത്ര്യത്തെ ശ്വാസം മുട്ടിക്കുന്നതിനുപകരം മന്ത്രിമാർക്കു രാജിവയ്ക്കാവുന്നതാണ്. അല്ലെങ്കിൽ, അവർതന്നെ ലഹളയിലേയ്ക്കുചെന്ന് ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും അഭിമാനം രക്ഷിക്കാൻവേണ്ടി ജീവൻ കളയണം. പട്ടാളത്തെ നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെടുത്തണം. അതിലവർ സമർത്ഥരാണ്. അവർ ജനങ്ങൾക്കുവേണ്ടി ഭക്ഷ്യസാധനങ്ങൾ കൃഷിചെയ്യട്ടെ. ചെയ്യാൻ ബാക്കിയുള്ള ഇത്തരം മററുകാര്യങ്ങളും ചെയ്യട്ടെ.

പൊന്തിവരുന്ന സാമുദായികവിദ്വേഷത്തിന്റെയും വികാരത്തിന്റെയും ഹിംസയുടെയും തൽഫലമായ കള്ളപ്രചാരവേലയുടെയും അലകൾ പിറേറന്നു തന്റെ ഹൃദയം തുറന്നു സംസാരിക്കു

61· Harijan, 15-6-1946 (Communal Unity, p. 378)

digitized by www .sreyas.in

വാൻ ധാന്ധിജിയെ നിർബന്ധിച്ചു. കായിദ്—ഇ—ആസാമിൻെറ യും അദ്ദേഹത്തിൻെറ ചില അനുയായികളുടെയും ഇയ്യിടത്തെ പ്രസ്താവനകഠം തന്നെ വേദനിപ്പിച്ചിരിക്കുന്നുവെന്നദ്ദേഹം പറഞ്ഞു. തങ്ങഠംക്കാവശ്യമുള്ളതു ബലംപ്രയോഗിച്ചെടുക്കുമെന്നാണു് അവർ പറഞ്ഞുകൊണ്ടിരിക്കുന്നതു്. രാഷ്ട്രമാകുന്ന നൗകയെ ഇതെവിടെയെത്തിക്കുമെന്നു് അദ്ദേഹം ആശ്ചര്യപ്പെടുകയാണു്.

## 62

പോലീസിലും പട്ടാളത്തിലും തനിക്കു വലിയ ഭ്രമമൊന്നും ഇല്ലെന്നും താൻ ഏതു നിമിഷത്തിലും അവയെ പിൻവലിപ്പിക്കുമെന്നും ഗാന്ധിജി പ്രധാനമന്ത്രിയോടു പറഞ്ഞു. ഹിന്ദുക്കഠംക്കും മുസ്ലീങ്ങഠംക്കും വേണമെന്നുണ്ടെങ്കിൽ പരസ്പരം തലതല്ലിത്തകക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം. അതു താൻ സഹിക്കും. പക്ഷേ, അവർ എന്നെന്നും സഹായത്തിനു പട്ടാളത്തിൻെറയും പോലീസിൻെറയും നേരെ നോക്കുകയാണെങ്കിൽ അവർ അടിമകളായിത്തന്നെയിരിക്കും. സ്വാതന്ത്ര്യത്തേക്കാളേറെ സുരക്ഷിതത്ത്വമാണു വേണ്ടതെന്നുള്ളവർക്കു ജീവിക്കാൻ അവകാശമില്ല.

## 63

പുതിയ താനകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരിലും കോൺസ്റ്റബിഠംമാരിലും 50 ശതമാനം മുസ്ളീങ്ങളായിരിക്കണമെന്ന ആവശ്യത്തെപ്പററി ഗാന്ധിജി പറഞ്ഞു; 'നവ്ഖാലി ഹിന്ദുക്കളുടെ ഇതേ ആവശ്യത്തെ ഞാൻ എതിർത്തു. ഇതെൻെറ സമാധാനദൗത്യത്തിനു വിരുദ്ധമാണെന്നു തോന്നി. ഇതനുവദിക്കപ്പെട്ടാൽ ചെറിയ ചെറിയ വളരെ പാക്കിസ്ഥാനുകളുണ്ടായിത്തീരും. ബീഹാർ വിഭജിക്കപ്പെടേണ്ടതായും വരും. നിങ്ങഠം എവിടെ താമസിച്ചാലും അയൽപക്കക്കാരുമായി പരസ്പരസൗമനസ്യവും സൗഹാർദബന്ധങ്ങളും വളർത്തിക്കൊണ്ടു ജീവിക്കേണ്ടതുണ്ടു്, പാക്കിസ്ഥാനിൽ ഭൂരിപക്ഷം ന്യൂനപക്ഷത്തിൻെറ വിശ്വാസം സമാർജിക്കുവാൻ തക്കവണ്ണം ജീവിക്കണമെന്നു കായിദ്—ഇ—ആസാംപോലും ഒരിക്കൽ പറയുകയുണ്ടായി. അതുപോലെ നിങ്ങളുടെ വിശ്വാസം നേടുവാൻ ഇവിടെയുള്ള ഹിന്ദുക്കളോടു ഞാൻ ആവശ്യപ്പെടുകയാണു്. പാക്കിസ്ഥാനോ ഹിന്ദുസ്ഥാനോ ഏതു സ്ഥാപിതമായാലും നീതിയിന്മേലും ന്യായത്തിന്മേലും ഉറപ്പിക്കപ്പെട്ടതാകണം.'

## 64

പത്രങ്ങഠം സ്റ്റേററിൻെറ സുശക്തമായ ഒരംഗമാണെന്നതുപോലെ തന്നെയാണു പട്ടാളവും പോലീസും. അവ ഭാഗം പിടിക്കാറില്ല.

---

62. Harijan, 8–12–1946 (Communal Unity, p. 459)
63. Harijan, 13–4–1947 (Communal Unity, p. 574)
64. Harijan, 19–10–1947 (Communal Unity, p. 808)

digitized by www .sreyas.in

പട്ടാളത്തേയും പോലീസിനേയും സാമുദായികാടിസ്ഥാനത്തിൽ വിഭജിക്കുന്നതു ഖേദകരമാണ്. പക്ഷേ പട്ടാളവും പോലീസും സാമുദായിക മനോഭാവമുള്ളവയായിത്തീർന്നാൽ, അതാപല്ക്കരമാണ്. യൂണിയനിലെ പട്ടാളവും പോലീസും സ്വജീവൻ വെടിഞ്ഞു ന്യൂനപക്ഷങ്ങളെ രക്ഷിക്കണം. ഈ ഒന്നാമത്തെ കടമ അവർ ഒരൊററ നിമിഷംപോലും വിസ്മരിക്കരുത്. പാക്കിസ്ഥാനിലെ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കേണ്ടവരായ പട്ടാളത്തോടും പോലീസിനോടും ഗാന്ധിജി ഇതുതന്നെ പറയും. അവർ അദ്ദേഹം പറഞ്ഞതു കേട്ടാലും ഇല്ലെങ്കിലും, യൂണിയനിലുള്ളവരെക്കൊണ്ടു വേണ്ടതു ചെയ്യിക്കാൻ അദ്ദേഹത്തിനു സാധിച്ചാൽ, പാക്കിസ്ഥാനിലുള്ളവരും അപ്രകാരം ചെയ്യുമെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ട്.

രക്തച്ചൊരിച്ചിൽ കൂടാതെ ഇന്ത്യ സ്വാതന്ത്ര്യം നേടിയെന്ന സംഗതി ലോകത്തെ മുഴുവൻ ആകർഷിച്ചിരിക്കുന്നു. സ്വന്തം പെരുമാററംകൊണ്ട് അവർ ഈ സ്വാതന്ത്ര്യത്തിന് അർഹരായിത്തീരണം. എന്നല്ല പോലീസും പട്ടാളവും സ്വാതന്ത്ര്യത്തിൻകീഴിൽ അഴിമതികൾ തീണ്ടാത്തതായിരിക്കണം. ഓരോ പൗരനും സ്റ്റേററിനോടുള്ള കടമ നിറവേററാതിരുന്നാൽ ഒരു സ്വാതന്ത്ര്യഗവമെൻറിനും നിലനിൽക്കാനാവില്ല. അവർ അഹിംസ കൈക്കൊള്ളണമെന്നല്ല താൻ ഇപ്പോൾ പറയുന്നതെന്നദ്ദേഹം വ്യക്തമാക്കി. അഹിംസയില്ലെങ്കിലും ഉണ്ടെങ്കിലും അവർ ശരിയായി പെരുമാറണം. അദ്ദേഹത്തിൻെറ വാക്കുകൾ ശ്രദ്ധിക്കാതിരുന്നാൽ അവർക്കു പിന്നീടു പശ്ചാത്തപിക്കേണ്ടതായിവരും.

## എം. ആത്മസമർപ്പണം ചെയ്ത ആളുകളുടെ ആവശ്യം

65

നമ്മുടെ ഐക്യം, ജീവശ്വാസംപോലെതന്നെ നമുക്ക് ആവശ്യമാണെന്ന് ഉയർന്ന വർഗക്കാരാകട്ടെ സാമാന്യജനങ്ങളാകട്ടെ, സഹജാവബോധേന കരുതുന്നില്ല.

ഈ ഫലപ്രാപ്തിക്കു നാം എണ്ണത്തേക്കാളേറെ ഗുണത്തെ ആശ്രയിക്കണമെന്നു എനിക്കു തോന്നുന്നു. ഹിന്ദുക്കളും മുസൽമാന്മാരും തമ്മിൽ ശാശ്വതസൗഹാർദമുണ്ടാകുമെന്നു മിക്കവാറും മതഭ്രാന്തുകൊണ്ടെന്നപോലെ വിശ്വസിക്കുന്ന കുറെ ഹിന്ദുക്കളും മുസൽമാന്മാരും ഉണ്ടായിത്തീർന്നാൽ, ജനതതിയിൽ ഐക്യം പരക്കുവാൻ പിന്നെയധികം താമസിക്കേണ്ടിവരില്ല. നമ്മുടെ രാഷ്ട്രീയാഭിലാഷത്തിൻെറ സാക്ഷാൽക്കാരത്തിനു വിചാരത്തിലും വാക്കിലും കർമ്മ

65. Young India, 16-3-1922 (Communal Unity, p. 40)

digitized by www .sreyas.in

ത്തിലും അഹിംസയില്ലാതെ, ഒന്നും ചെയ്യാനാവില്ലെന്നു നമ്മളിൽ കുറച്ചുപേർ ആദ്യം വ്യക്തമായി മനസ്സിലാക്കണം. തന്നിമിത്തം ഞാൻ നിങ്ങളുടെ മുമ്പാകെ വയ്ക്കാൻ ശ്രമിച്ച മുഖ്യസത്യം പൂർണ്ണമായി ധരിക്കാത്ത യാതൊരു പ്രവർത്തകരും നമ്മുടെ കൂട്ടത്തിലുണ്ടാകരുതെന്നു ഞാൻ നിങ്ങളോടും പ്രവർത്തകസമിതിയംഗങ്ങളോടും അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിററിയോടും അഭ്യർത്ഥിക്കുന്നു. ഭൂരിപക്ഷഭരണംകൊണ്ട് ഒരു സജീവവിശ്വാസം നിർമിക്കപ്പെടുവാനൊക്കില്ല.

## 66

പ്രതീക്ഷിച്ചതു സംഭവിച്ചിരിക്കുന്നു. സ്വാമി ശ്രദ്ധാനന്ദജി ഏതാണ്ട് ആറുമാസംമുമ്പ് ഒന്നോ രണ്ടോ ദിവസം സബർമതിയിലെ സത്യാഗ്രഹാശ്രമത്തിൽ താമസിക്കുകയുണ്ടായി; തന്നെ വധിക്കുമെന്നു ഭീഷണിപ്പെടുത്തുന്ന എഴുത്തുകൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടെന്നു് അദ്ദേഹം പറയുകയുണ്ടായി. തൻെറ തലയെടുക്കുമെന്ന ഭീഷണി ലഭിക്കാത്ത പരിഷ്കർത്താവ് എവിടെയുണ്ട്? അതിനാൽ ഈ എഴുത്തുകൾ കിട്ടിയതിൽ അസാധാരണമായി യാതൊന്നുംതന്നെ ഇല്ലായിയിരുന്നു.

സ്വാമിജി ഒരു പരിഷ്കർത്താവായിരുന്നു. അദ്ദേഹം കർമനിഷ്ഠനായിരുന്നു. വികത്ഥനൻ ആയിരുന്നില്ല. അദ്ദേഹത്തിൻെറതു് സജീവമായൊരു വിശ്വാസമായിരുന്നു. അതിനുള്ളതു് അദ്ദേഹം അനുഭവിച്ചു അദ്ദേഹം ധൈര്യമൂർത്തിയായിരുന്നു. ആപത്തിൻെറ മുമ്പിൽ അദ്ദേഹം ചൂളാറില്ല. അദ്ദേഹം ഒരു യോദ്ധാവായിരുന്നു, രുഗ്ണശയ്യയിൽ കിടന്നില്ല. അടർക്കളത്തിൽവച്ചു മരിക്കലാണു് ഒരു യോദ്ധാവിനിഷ്ടം.

ഏതാണ്ട് ഒരുമാസം മുമ്പു ശ്രദ്ധാനന്ദജി കഠിനമായ രോഗം ബാധിച്ചു കിടപ്പിലായി. അദ്ദേഹത്തിൻെറ വൈദ്യനെന്ന നിലയിൽ ഡോക്ടർ അൻസാരി തന്നെക്കൊണ്ടാകാവുന്നേടത്തോളം മനസ്സിരുത്തി സ്നേഹപൂർവ്വം ചികിത്സിച്ചുപോന്നു. ഈ മാസം ആദ്യം എൻെറ അന്വേഷണത്തിനു മറുപടിയായി അദ്ദേഹത്തിൻെറ മകൻ, ഇന്ദ്രൻ എനിക്കയച്ച കമ്പിയിൽ അദ്ദേഹത്തിൻെറ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടെന്നും എൻെറ 'സ്നേഹവും പ്രാർത്ഥനയും' അദ്ദേഹത്തിനു വേണമെന്നും പറഞ്ഞിരുന്നു. ഇതു രണ്ടും ചോദിക്കുന്നതിനുമുമ്പുതന്നെ അദ്ദേഹത്തിനു ലഭിച്ചിരുന്നു.

അദ്ദേഹത്തിനു് ഒരു രക്തസാക്ഷിയുടെ മരണമാണു് ഈശ്വരൻ വിധിച്ചിരുന്നതു്. തന്നിമിത്തം രുഗ്ണശയ്യാശ്രിതനായിരുന്നുവെ

---

66. Young India, 30–12–1926 (Communal Unity, p. 129–130)

digitized by www .sreyas.in

കിലും ഇസ്ളാമിനെപ്പററി സംസാരിക്കാൻ അകത്തു കടത്തിവിടണമെന്നാവശ്യപ്പെട്ട ഒരു കൊലയാളിയുടെ കൈകൊണ്ടു് അദ്ദേഹം മരിച്ചു. സ്വാമിജിയുടെ അനുവാദപ്രകാരം അകത്തേക്കു പ്രവേശിപ്പിക്കപ്പെട്ട അയാൾ ദാഹം തീർക്കാൻ കുറച്ചു വെള്ളം വേണമെന്നാടൃത്തിൽ സ്വാമിജിയുടെ വിശ്വസ്തദാസനായ ധരംസിംഗിനെ വെള്ളമെടുക്കാൻ പുറത്തേയ്ക്കയച്ചു്, ആ ദാസൻെറ അഭാവത്തിൽ, കട്ടിലിൽ കിടക്കുന്ന രോഗിയുടെ മാറിൽ രണ്ടു മരണക്കുത്തു കുത്തി. സ്വാമിജിയുടെ അന്ത്യമൊഴി നമുക്കു കിട്ടിയിട്ടില്ല. എങ്കിലും എനിക്കദ്ദേഹത്തെ അറിയാമെങ്കിൽ താൻ തെററായ എന്തെങ്കിലുമാണു ചെയ്യുന്നതെന്നറിയാത്ത കൊലയാളിക്കു മാപ്പു നൽകണമെന്നു് അദ്ദേഹം പ്രാർത്ഥിച്ചിട്ടുണ്ടാവുമെന്നതിനു സംശയമില്ല. തൻമൂലം ഗീതയുടെ ഭാഷയിൽ പറഞ്ഞാൽ 'ഇപ്രകാരമുള്ള അനുഗൃഹീതമായ മരണം നേടുന്ന പോരാളി സന്തുഷ്ടനാണു്.

മരണം എന്നും അനുഗൃഹീതമാണു്; തൻെറ കാര്യത്തിനു്, സത്യത്തിനു വേണ്ടി മരിക്കുന്ന യോദ്ധാവിൻെറ മരണം ദ്വേധാ അനുഗൃഹീതമാണു്. മരണം ശത്രുവല്ല, ഏററവും യഥാർത്ഥമായ സുഹൃത്താണു്. അതു നമ്മെ വേദനയിൽനിന്നു മോചിപ്പിക്കുന്നു. നമ്മുടെ ഇഷ്ടത്തിന്നെതിരായിപ്പോലും അതു നമ്മെ സഹായിക്കുന്നു. പുതിയ അവസരങ്ങളും പുതിയ ആശകളും അതെപ്പോഴും നമുക്കു പ്രദാനം ചെയ്യുന്നു. ഉറക്കത്തെപ്പോലെ അതൊരു മധുരാസവമാണു്. എന്നാലും ഒരു സുഹൃത്തു മരിക്കുമ്പോൾ വിലപിക്കുക പതിവത്രേ. മരണം രക്തസാക്ഷിയുടേതാകുമ്പോൾ ഈ പതിവാചരിക്കാൻ പാടില്ല. അതിനാൽ ഈ മരണത്തെപ്പററി ദുഃഖിക്കാൻ എനിക്കു തരമില്ല. അദ്ദേഹത്തെയും അദ്ദേഹത്തിൻെറ ഉററവരേയും കുറിച്ചു് അസൂയ തോന്നുകയാണു വേണ്ടതു്.

എന്തുകൊണ്ടെന്നാൽ, ശ്രദ്ധാനന്ദജി മരിച്ചുവെങ്കിലും അദ്ദേഹം ഇപ്പോഴും ജീവിക്കുന്നു. തൻെറ ഭീമകായത്തോടുകൂടി അദ്ദേഹം നമ്മുടെ ഇടയിൽ സഞ്ചരിച്ചിരുന്നതിനേക്കാളും യഥാർത്ഥമായ നിലയിൽ ഇന്നദ്ദേഹം ജീവിക്കുന്നുണ്ടു്. അദ്ദേഹം പിറന്ന കുടുംബത്തേയും അദ്ദേഹത്തിൻെറ രാഷ്ട്രത്തേയും, ഇത്ര ശ്രേയസ്കരമായ ഒരു മരണത്തിൽ അനുമോദിക്കണം. അദ്ദേഹം വീരപുരുഷനായി ജീവിച്ചു, വീരപുരുഷനായിത്തന്നെ മരിച്ചു.

എങ്കിലും ഇതിനു മറെറാരു വശമുണ്ടു്, ഞാൻ സ്വയം മുസൽമാന്മാരുടെ ഒരു സുഹൃത്തായി കരുതുന്നു, അവരെൻെറ ഏകോദരസഹോദരങ്ങളാണു്. അവരുടെ തെററുകൾ എൻെറ തെററുകളാണു്. അവരുടെ സുഖദുഃഖങ്ങളിൽ ഞാൻ പങ്കുകൊള്ളുന്നു. ഒരു മുസൽമാൻ ചെയ്ത ഏതു ദുഷ്കർമവും ഒരു ഹിന്ദുവിൻേറതെന്നപോലെ എന്നെ വേദനിപ്പിക്കുന്നു. മുസൽമാൻെറ പേരുള്ള ഒരാളാണു് ഈ ഹീന

കർമ്മം ചെയ്യുന്നു. തൻമൂലം മുസൽമാന്മാരുടെ ഒരു സുഹൃത്തെന്ന നിലയിൽ ഞാനതിൽ അഗാധമായി ഖേദിക്കുന്നു; അങ്ങനെ മരണത്തെക്കുറിച്ചുള്ള സന്തോഷം വഴിപിഴച്ച ഒരു സഹോദരനാണു് അതിന്റെ കാരണമെന്നതിനാൽ കുറയ്ക്കപ്പെട്ടിരിക്കുന്നു. അതിനാൽ രക്തസാക്ഷിത്വം ഒരിക്കലും അഭിലഷിക്കപ്പെട്ടുകൂടാ. അയാചിതമായി വരുമ്പോഴും മാത്രമേ അതാനന്ദസന്ദായകമായിത്തീരുകയുള്ളൂ. നമ്മുടെ സഹോദരരിൽ ഏററവും നിസ്സാരനായവന്റെ തെററുകളെക്കുറിച്ചായാലും നാം ആഹ്ലാദിക്കരുതു്

പക്ഷേ, ഒരു തെററു് ഒരു കുടംകൈയായിത്തീരുന്നതുവരെ വ്യക്തമാകുന്നില്ലെന്നതാണു് പരമാർത്ഥം. ; തികച്ചും അപമാനിതമായതിനു ശേഷം മാത്രമേ അതു മാഞ്ഞുപോകുന്നുള്ളൂ.

ഈ അത്യാഹിതത്തിനു് ഒരു ദേശീയപ്രധാന്യമുണ്ടു്. നമ്മുടെ രാജ്യത്തിന്റെ ജീവനെ കാർന്നുതിന്നുന്ന ഒരു തിന്മയുടെനേരെ അതു വിരൽ ചൂണ്ടുന്നു. ഹിന്ദുക്കൾക്കും മുസൽമാൻമാർക്കും രണ്ടു കൂട്ടർക്കും ഇഷ്ടമുള്ളതു ചെയ്യാം. നമ്മൾ രണ്ടുപേരും ഒരു പരീക്ഷാഘട്ടത്തിലാണു്.

ഹിന്ദുക്കൾക്കു് അമർഷം കാണിച്ചു ഹിന്ദുമതത്തെ അവഹേളിക്കുകയും കൂടാതെ കഴിയാത്ത ഐക്യത്തിനു കാലതാമസം വരുത്തുകയും ചെയ്യാം. ഉപനിഷത്തുകളുടേയും ക്ഷമാമൂർത്തിയായിരുന്ന യുധിഷ്ഠിരന്റേയും സന്ദേശത്തിനു് അർഹരാണു തങ്ങളെന്നു് ആത്മനിയന്ത്രണംകൊണ്ടു് അവർക്കു തെളിയിക്കാം. ഒരു വ്യക്തിയുടെ കുററം നാം ഒരു സമുദായത്തിന്റെമേൽ മുഴുവൻ ആരോപിക്കാതിരിക്കുക. നമുക്കു പ്രതികാരമനോഭാവം പുലർത്താതിരിക്കുക, ഈ അപരാധം ഒരു മുസൽമാൻ ഹിന്ദുവിനോടു ചെയ്തതാണെന്നു് നാം കരുതാതിരിക്കുക. വഴിപിഴച്ച ഒരു സഹോദരൻ ഒരു വീരപുരുഷനോടു ചെയ്തതാണെന്നു കരുതുക.

## 67

ശ്രീ ഗണേശശങ്കർ വിദ്യാർത്ഥിയെ കാണാനില്ല, അഥവാ അദ്ദേഹം കൊല്ലപ്പെട്ടിരിക്കുന്നു എന്നു റിപ്പോർട്ടുണ്ടെന്നു നിങ്ങളെ അറിയിക്കേണ്ടിവന്നതിൽ എനിക്കു വ്യസനമുണ്ടു്. ഇത്ര നിഷ്കപടനും ഉത്സാഹിയും നിസ്വാർത്ഥനുമായ ഒരു സഹപ്രവർത്തകന്റെ മരണത്തെക്കുറിച്ചു് ആർതന്നെ വ്യസനിക്കാതിരിക്കും? എങ്കിലും ഇതിനു് ഒരു മറുവശമുണ്ടു്. അപ്രധാനരും സാധുക്കളുമായ കുറെ ഹിന്ദുക്കൾ കൊല്ലപ്പെടുന്നതിനേക്കാൾ നല്ലതല്ലേ ഗണേശശങ്കർവിദ്യാർത്ഥി

67. Young India, 2-4-1931 (Communal Unity, pp. 174-175)

digitized by www .sreyas.in

യെപ്പോലുള്ള ഒരു നേതാവു കൊല്ലപ്പെടുന്നതു്. സാധുക്കളും നിസ്സഹായരുമായ കുറെ മുസൽമാന്മാരുടെ മരണത്തിനുപകരം സമാധാനത്തിനോ ഐക്യത്തിനോവേണ്ടി ഡോക്ടർ അൻസാരി മരിക്കുന്നതല്ലേ കൂടുതൽ സ്വാഗതാർഹമാവുക? എന്തുകൊണ്ടെന്നാൽ ഡോക്ടർ അൻസാരിയുടെ ദേഹത്തിൽ ആഴ്ത്തപ്പെട്ട കത്തി നമ്മുടെയെല്ലാം ദേഹത്തിൽ ഇറക്കിയതിന്റെ ഫലം ചെയ്യും. തൻമൂലം സാമുദായികപക്ഷപാതം തീരെ ഇല്ലാതിരുന്നവനും, താൻതന്നെ ഒരു സ്ഥാപനമായിത്തീർന്നിരുന്നവനും, ആ സ്ഥലത്തെ ഏററവും പ്രധാന പ്രവർത്തകനായിരുന്നവനുമായ ഗണേശശങ്കർ വിദ്യാർത്ഥി സമാധാനത്തിനുവേണ്ടി തന്റെ ജീവൻ വെടിഞ്ഞതു ഭാഗ്യമായി. അദ്ദേഹത്തിന്റെ മാതൃക നമുക്കെല്ലാം ആവേശമായിത്തീരട്ടെ. അതു നമ്മെ സ്വധർമബോധത്തിലേക്കു് ഉണർത്തട്ടെ. ഈ കാര്യത്തെക്കുറിച്ചു സോൽകണ്ഠം ചിന്തിക്കുവാനും ഈ കുഴപ്പം പിടിച്ച പ്രശ്നത്തിനു ഒരു പരിഹാരം കണ്ടെത്താനും ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു. 300 സ്ത്രീപുരുഷന്മാരുടെ മരണംപോലും ശാശ്വതസമാധാനത്തിനു കൊടുക്കാവുന്ന അമിതമായ വിലയല്ലെന്നു നമുക്കു തോന്നാൻ തക്കവണ്ണം കോൺപൂരിന്റെ അവമാനം നമ്മെ ഒരു പാഠം പഠിപ്പിക്കുമാറാകട്ടെ.

68

ഗണേശശങ്കർ വിദ്യാർത്ഥിയുടെ മരണം നമ്മളെല്ലാം അസൂയപ്പെടേണ്ട ഒന്നാണു്. അവസാനം രണ്ടു സമുദായങ്ങളെയും തമ്മിൽ കൂട്ടിയിണക്കുന്ന സിമിന്റാണു് അദ്ദേഹത്തിന്റെ രക്തം. ഒരു സന്ധിക്കും നമ്മുടെ ഹൃദയങ്ങളെ ഇണക്കാനാവില്ല. എന്നാൽ ഗണേശശങ്കർ വിദ്യാർത്ഥി കാണിച്ചതുപോലുള്ള ശൂരത ഒടുവിൽ ഏതു കരിങ്കൽഹൃദയത്തേയും അലിയിക്കാതിരിക്കുകയില്ല. അലിയിച്ചു് ഒന്നാക്കാതിരിക്കുകയില്ല. വിഷം ഇന്നു് അത്രയേറെ ആഴത്തിൽ ഇറങ്ങിയിരിക്കകൊണ്ടു ഗണേശശങ്കർ വിദ്യാർത്ഥിയെപ്പോലെ അത്ര മഹാനും അത്ര സ്വാർത്ഥത്യാഗിയും അത്ര ധീരനുമായ ഒരാളുടെ രക്തംപോലും അതു മുഴുവൻ കഴുകിക്കളയാൻ മതിയായില്ലെന്നു വരാം. സന്ദർഭമുണ്ടായാൽ ഇതുപോലെ ചെയ്യാൻ ഈ ശ്രേഷ്ഠമാതൃക നമുക്കു പ്രചോദനം നൽകട്ടെ. വിരഹദുഃഖിതയായ വിധവയ്ക്കും അവരുടെ സന്താനങ്ങൾക്കും ഞാൻ അനുശോചനമല്ല അനുമോദനമാണു് അയയ്ക്കുന്നതു്—ഗണേശശങ്കർ വിദ്യാർത്ഥിയെ അർഹിക്കുന്നവരായിത്തീർന്നതിനു്. അദ്ദേഹം മരിച്ചിട്ടില്ല. ശരീരത്തോടുകൂടി നാം അദ്ദേഹത്തെ കാണുകയും എങ്കിലും അറിയാതിരിക്കുകയും ചെയ്തിരുന്ന കാലത്തെ അപേക്ഷിച്ചു് ഇന്നാണു് അദ്ദേഹം കൂടുതൽ യഥാർത്ഥമായി ജീവിക്കുന്നതു്.

---

68. Young India, 9-4-1931 (Communal Unity, p. 176)

digitized by www .sreyas.in

## 69

മുമ്പ് ഐ. എൻ. എ. യിൽ ഉണ്ടായിരുന്നയാളും ഇപ്പോൾ ഒരു കമ്പനിയിൽ ജോലിചെയ്യുന്നയാളുമായ ഒരു പഠാൻ പത്തു വയസ്സായ ഒരു ബാലനെ രക്ഷിക്കാൻ ശ്രമിച്ചു. അയാളുടെ അപേക്ഷ നിഷ്ഫലമായി. അക്രമികൾ കട്ടിയേയും പഠാനേയും കുത്തി! കട്ടി മരിച്ചു. പഠാൻ ജീവിക്കുന്നു. ഈ ധീരതയ്ക്കു സമ്മാനമായും 4,000 ക.കൊടുക്കാമെന്നു മരിച്ചുപോയ കട്ടിയുടെ അച്ഛൻ അറിയിച്ചു. താൻ തൻെറ കടമയാണു നിറവേററിയതെന്നും അതിനു പ്രതിഫലം സ്വീകരിക്കുകയില്ലെന്നും പറഞ്ഞ് ആ പഠാൻ സമ്മാനി നിരസിച്ചു. ഇത്തരം സംഭവങ്ങൾ കൂടുതൽ ഉണ്ടായിരുന്നെങ്കിൽ!

## 70

, ഇയ്യിടെ ബോംബെയിൽ ഒരു ഹിന്ദു ഒരു മുസ്ലീംസുഹൃത്തിനു അഭയം നൽകി. ഒരു ഹിന്ദുജനക്കൂട്ടത്തെ ഇതു കോപാവിഷ്ടമാക്കി. ആ മുസ്ലീം സുഹൃത്തിൻെറ തല കിട്ടണമെന്നു അവരാവശ്യപ്പെട്ടു. ഹിന്ദു ആ സ്നേഹിതനെ വിട്ടുകൊടുക്കുകയില്ല. അങ്ങനെ രണ്ടുപേരും കെട്ടിപ്പുണർന്നുകൊണ്ടു മരിച്ചു. എനിക്കു ശരിയായ രൂപത്തിൽ ആ സംഭവം വിവരിച്ചുതന്നതു ഇങ്ങനെയാണ്. ഭ്രാന്തിൻെറ നടുക്കു പൗരുഷം കളിയാടുന്നതിൻെറ ആദ്യത്തെ ഉദാഹരണമല്ലിതു്. ഇയ്യിടെ കൽക്കത്തയിലുണ്ടായ നിണസ്നാനത്താൽ മുസ്ലീങ്ങൾ സ്വജീവൻ അപകടത്തിലാക്കി ഹിന്ദുക്കൾക്കു് അഭയം നൽകിയതിൻേറയും ഹിന്ദുക്കൾ മുസ്ലീങ്ങളെ ഇങ്ങനെ രക്ഷിച്ചതിൻെറയും കഥകൾ രേഖപ്പെടുത്തുകയുണ്ടായി. മനുഷ്യനിലുള്ള ഈശ്വരാംശം എന്നും എവിടെയും പ്രത്യക്ഷപ്പെട്ടില്ലെങ്കിൽ, മനുഷ്യജാതി നശിക്കും.

ഒരു മുസ്ലീംജനക്കൂട്ടത്തിൻെറ കോപം അടക്കാൻ രണ്ടു യുവാക്കന്മാർ ഓടിച്ചെന്നതിൻേറയും, പ്രതീക്ഷിച്ചതുപോലെ അവർ മരണം വരിച്ചതിൻെറയും കഥ ബോംബേ പ്രധാനമന്ത്രി ബാലാസാഹിബ ഖെർ ഭംഗിയായി വിവരിക്കുകയുണ്ടായി. യഥാർത്ഥ സുഹൃത്തിനെയെന്നപോലെ അവർ മരണത്തെ നേരിട്ടു. ഇത്തരം ബലിയുടെ—പുണ്യകർമത്തിൻെറ— അപ്രമേയമൂല്യം പരിഹാസപ്രിയർ ആരും നിഷേധിക്കാതിരിക്കട്ടെ. ഇത്തരം ഒരോ ബലിയും വിജയമെന്നു പറയപ്പെടുന്നതിൽ ചെന്നെത്തിയിരുന്നെങ്കിൽ അതു വ്യാജബലിയായിത്തീർന്നേനെ. ഇതിൽനിന്നു പഠിക്കാനുള്ള ശരിയായ [illegible]ണ്; ഇത്തരം ഉദാഹരണങ്ങൾ വേണ്ടത്ര വർധിച്ചാൽ മത[illegible]ൻെറ പേരിൽ രണ്ടുഭാഗത്തുമുണ്ടാകുന്ന ബുദ്ധിശൂന്യമായ

69. Harijan, 26-10–1946 (Communal Unity, p. 388)
70. Harijan, 20–10-1946 (Communal Unity, p. 398)

digitized by www .sreyas.in

കശാപ്പ് നിലയ്ക്കും. കാപട്യമുണ്ടായിരിക്കരുത്; വ്യാജധീരതയുണ്ടായിരിക്കരുത്—ഇതാണ് ഒഴിച്ചുകൂടാത്ത ഉപാധി. നാം നമ്മുടെ തനിനിറത്തിൽ പ്രത്യക്ഷപ്പെടുക.

71

ജനസംഖ്യയിൽ ഒരൊററ ശതമാനം മാത്രമേ തെമ്മാടിത്തം കാണിച്ചിട്ടുള്ളുവെന്ന് നിർവേദകസംഘത്തിലെ മറെറാരംഗം അഭിപ്രായപ്പെട്ടു. ബാക്കി 99 ശതമാനവും നല്ലവരാണ്. ഈ സംഭവങ്ങൾക്ക് ഒരുതരത്തിലും ഉത്തരവാദികളല്ല.

'ഇതു ശരിയായ ഒരു നിരീക്ഷണമല്ല.' ഗാന്ധിജി മറുപടി പറഞ്ഞു. 99 ശതമാനം നല്ലവരായിരുന്നെങ്കിൽ, ഈ സംഭവങ്ങളുടെനേരെ അവർ സുശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നെങ്കിൽ, ഒരൊററ ശതമാനത്തിനു യാതൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. എളുപ്പത്തിൽ അതിനെ അമർത്താൻ കഴിയുമായിരുന്നുതാനും. നല്ലവർ പേരിന്നർഹരായിത്തീരണമെങ്കിൽ, തിന്മയെ ശക്തിപൂർവം എതിർക്കണം. അതിർത്തിവേലിയിന്മേൽ ഇരുന്നതുകൊണ്ടു കാര്യമില്ല. അവർക്ക് ആ വിചാരമില്ലെങ്കിൽ, അവരതു പറയണം. മുസ്ലീംഭൂരിപക്ഷപ്രദേശത്തുള്ള എല്ലാ ഹിന്ദുക്കളോടും ഒഴിഞ്ഞുപോകാൻ പരസ്യമായി പറയണം. എങ്കിലും താൻ മനസ്സിലാക്കിയവിധം അവരുടെ നിലപാട് അതല്ല. പാക്കിസ്ഥാനിലെ ന്യൂനപക്ഷങ്ങൾക്ക് കലർപ്പററ നീതി പാക്കിസ്ഥാനിൽ ലഭിക്കുമെന്ന് കചയിദ്—ഇ—ആസാം ജിന്ന പ്രഖ്യാപിച്ചിരുന്നു. ആ നീതി എവിടെ? പാക്കിസ്ഥാനിൽ കിട്ടാൻപോകുന്നതിൻെറ സൂചനയാണോ നവ്ഖാലിയെന്ന് ഇന്നു ഹിന്ദുക്കൾ അദ്ദേഹത്തോടു ചോദിക്കുന്നുണ്ട്. അദ്ദേഹം ഇസ്ളാം പഠിച്ചിട്ടുണ്ട്. തെക്കേ ആഫ്റിക്കയിലെ അദ്ദേഹത്തിൻെറ മുസ്ളീം സുഹൃത്തുക്കൾ ചോദിക്കാറുണ്ട്: 'എന്തുകൊണ്ട് കല്മ ചൊല്ലി ഹിന്ദുമതത്തെ വിസ്മരിച്ചുകൂടാ?' താൻ കല്മ ചൊല്ലാമെന്നും പക്ഷേ, ഹിന്ദുമതത്തെ ഒരിക്കലും വിസ്മരിക്കുകയില്ലെന്നുമാണ് അദ്ദേഹം മറുപടി പറയാറുള്ളത് ഹസ്രാത്ത് മൊഹമ്മദിനോട് 'അദ്ദേഹത്തിനുള്ള ബഹുമാനം അവർക്കുള്ളതിലും കുറവല്ല. പക്ഷേ, അധികാരപ്രമത്തതയും നിർബന്ധവും മതത്തെ ദൂഷിപ്പിക്കാനുള്ള വഴിയാണ്. അതിനെ അഭിവൃദ്ധിപ്പെടുത്തുവാനുള്ളതല്ല.'

## എൻ. ശാന്തിസേന

72

പതിനേഴ കൊല്ലത്തെ അഹിംസാനുഷ്ഠാനത്തിനുശേഷം ഇപ്പോൾ, പോലീസിൻെറയും പട്ടാളത്തിൻെറയും ആവശ്യം വരുന്ന

71. Harijan, 24 11–1946 (Communal Unity, p. 430)
72. Harijan, 2–3–1938 (Communal Unity, p. 219)

digitized by www .sreyas.in

ഏതു ഘട്ടത്തെയും നേരിടാൻ പററിയ ഒരു ശാന്തിസേനയെ—ആയിരക്കണക്കിൽ ഭടന്മാരുള്ളതല്ല. ലക്ഷക്കണക്കിലുള്ളതു്—തയ്യാറാക്കാൻ കോൺഗ്രസ്സിനു സാധിക്കേണ്ടതാണു്. ഇങ്ങനെ, സമാധാനമുണ്ടാക്കാൻവേണ്ടി മരണംവരിച്ച ഒരു പശുപതിനാഥ് ഗുപ്തയ്ക്കു പകരം നൂറുകണക്കിൽ ഗുപ്തമാരെ സൃഷ്ടിക്കാൻ നമുക്കു കഴിയണം. ഒരു ശാന്തിസേനയാകട്ടെ, അസ്വാസ്ഥ്യങ്ങളുടെ കാലത്തെന്നപോലെ സമാധാനകാലത്തും നന്നായി പ്രവർത്തിക്കുന്നു. ലഹളകളെ അസാധ്യമാക്കിത്തീർക്കുന്ന നിർമാണപ്രവർത്തനങ്ങളിൽ അവർ സദാ ഏർപ്പെട്ടുകൊണ്ടിരിക്കും. കലഹിക്കുന്ന സമുദായങ്ങളെ കൂട്ടിയിണക്കുക. സമാധാനത്തിനുവേണ്ടി പ്രചാരവേല നടത്തുക, സ്വന്തം പ്രദേശത്തെ ആബാലവൃദ്ധം സ്ത്രീപുരുഷന്മാരുമായി ബന്ധം പുലർത്തിക്കൊണ്ടിരിക്കുക—ഇതൊക്കെ അവരുടെ ചുമതലയാണു്. ഏതൊരടിയന്തരഘട്ടത്തെ നേരിടാനും ഇത്തരമൊരു സേന തയ്യാറായിരിക്കണം. ജനക്കൂട്ടങ്ങളുടെ ഭ്രാന്തമർത്താനായി, വേണ്ടത്രപേർ ചേർന്നു്, മരണം വരിക്കാനും അവർ സന്നദ്ധരാകണം. ഇത്തരം നിഷ്കളങ്കമരണങ്ങൾ നൂറുകണക്കിൽ, അഥവാ ആയിരക്കണക്കിൽ ഉണ്ടായാൽ ലഹളകൾ എന്നന്നേക്കുമായി ശമിക്കും. ഇങ്ങനെ ഏതാനുംശതം യുവതീയുവാക്കന്മാർ ജനക്കൂട്ടത്തിന്റെ ക്രോധത്തിനു തങ്ങളെത്തന്നെ ഇരയാക്കുന്നതു് പോലീസിനെയും പട്ടാളത്തെയും പ്രദർശിപ്പിക്കുന്നതിനെക്കാളും ഉപയോഗിക്കുന്നതിനെക്കാളും ആദായകരവും ധീരോചിതവുമായിരിക്കും.

## 73

ലഹളകളിൽ, വിശേഷിച്ചും സാമുദായികലഹളകളിൽ, സ്വജീവൻ ബലിയർപ്പിക്കുന്ന അംഗങ്ങളുള്ള ഒരു ശാന്തിസേന രൂപവൽക്കരിക്കപ്പെടണമെന്നു് കുറച്ചുദിവസംമുമ്പു് ഞാൻ അഭിപ്രായപ്പെടുകയുണ്ടായി. പോലീസിന്റെയും പട്ടാളത്തിന്റെയും ചുമതല ഈ സേന നിർവഹിക്കണമെന്നായിരുന്നു ഉദ്ദേശ്യം. ഇതു് അമിതമായ മോഹമാണെന്നു തോന്നിയേക്കാം. ഇക്കാര്യം സാധിച്ചില്ലെന്നും വരാം. എന്നാലും അഹിംസാസമരത്തിൽ കോൺഗ്രസ്സ് വിജയിക്കണമെങ്കിൽ, ഇത്തരം ഘട്ടങ്ങളെ സമാധാനപരമായി നേരിടാനുള്ള ശക്തി അതു് വളർത്തിക്കൊണ്ടുവരണം. സാമുദായികലഹളകളെ സൃഷ്ടിക്കുന്നതു് 'രാഷ്ട്രീയ'ക്കാരാണു്. അവയിൽ പങ്കെടുക്കുന്നവരിൽ പലരും ഇവരുടെ ചൊൽപടിയിലുള്ളവരാണു്. കാണാൻ കൊള്ളരുതാത്ത സാമുദായികസ്ഥിതിവിശേഷങ്ങൾ ഉണ്ടാകുന്നതു് സമാധാനമാർഗങ്ങളിലൂടെ കൂടാതെകഴിക്കുകയെന്നതു് കോൺഗ്രസ്സുകാരുടെ ബുദ്ധിശക്തിക്കു് സാധിക്കാത്ത പണിയായിരിക്കുകയില്ല, തീർച്ച. സാമുദായികസന്ധി ഉണ്ടാകുമോ ഇല്ലാതിരിക്കുമോ എന്നൊന്നും നോക്കാതെയാണു് ഞാനിതു

---

73. Harijan, 18–6–1938 (Communal Unity, pp. 224–225)

digitized by www .sreyas.in

പറയുന്നതു്. ഹിംസാപരമായ മാർഗ്ഗങ്ങൾകൊണ്ടു് സന്ധിയുണ്ടാക്കാൻ ഒരുകക്ഷിയും ശ്രമിക്കാനിടയില്ല. അത്തരമൊരു സന്ധി സാധ്യമായാൽത്തന്നെ, അതെഴുതിയ കടലാസ്സിന്റെ വിലകൂടി അതിനുണ്ടാവുകയില്ല. എന്തുകൊണ്ടെന്നാൽ, അതിന്റെ പിന്നിൽ പരസ്പരധാരണയുണ്ടാകാൻ തരമില്ല. എന്നല്ല, ഇത്തരമൊരു സന്ധി ഉണ്ടായാൽത്തന്നെയും പിന്നീടു് സാമുദായികലഹളകളുണ്ടാവുകയില്ലെന്നു കരുതുന്നതു് അതിമോഹമായിരിക്കും.

തന്നിമിത്തം ഉദ്ദിഷ്ടമായ ശാന്തിസേനയിലെ ഒരംഗത്തിനു് എന്തെല്ലാം യോഗ്യതകളുണ്ടായിരിക്കണമെന്നു് ആലോചിക്കുക.

1. അവനു് അഥവാ അവൾക്കു് അഹിംസയിൽ സജീവവിശ്വാസമുണ്ടായിരിക്കണം. ഈശ്വരനിൽ സജീവവിശ്വാസമില്ലാതെ ഇതു സാദ്ധ്യമല്ല. ഈശ്വരശക്തിയും അനുഗ്രഹവും കൂടാതെ ഒരു അഹിംസാനിരതനു് യാതൊന്നും ചെയ്യാനാവില്ല. ക്രോധമില്ലാതെയും ഭയമില്ലാതെയും പ്രതികാരമില്ലാതെയും മരിക്കാനുള്ള ധൈര്യം ഇതില്ലെങ്കിൽ അവനുണ്ടാവുകയില്ല. എല്ലാവരുടെയും ഹൃദയത്തിലും ഈശ്വരനുണ്ടെന്നും, ഈശ്വരസാന്നിദ്ധ്യത്തിൽ ഭയമുണ്ടാകരുതെന്നുമുള്ള വിശ്വാസത്തിൽ നിന്നാണു് ഇത്തരം ധൈര്യം സംജാതമാകുന്നതു്. ഈശ്വരന്റെ സർവവ്യാപിത്വം അറിയുകയെന്നുവെച്ചാൽ, എതിരാളികളെന്നും തെമ്മാടികളെന്നും വിളിക്കപ്പെട്ടുന്നവരുടെപോലും ജീവനോടു് ബഹുമാനം എന്നാണർത്ഥം. മനുഷ്യനിലെ മൃഗം അവനെ സ്വാധീനമാക്കുമ്പോൾ അവന്റെ ക്രോധം അടക്കലാണു് ഉദ്ദിഷ്ടമായ ഈ ഇടപെടൽ.

2. ഈ സമാധാനദൂതനു് ലോകത്തിലെ എല്ലാ മതങ്ങളോടും തുല്യബഹുമാനമുണ്ടായിരിക്കണം. ഇങ്ങനെ, അയാൾ ഒരു ഹിന്ദുവാണെങ്കിൽ ഇന്ത്യയിലുള്ള എല്ലാ മതങ്ങളേയും അയാൾ ബഹുമാനിക്കണം. അതിനാൽ ഈ രാജ്യത്തിൽ സ്വീകരിച്ചുപോരുന്ന എല്ലാ മതങ്ങളിലേയും സാമാന്യതത്വങ്ങളുടെ ജ്ഞാനം അയാൾക്കുണ്ടായിരിക്കണം.

3. സാമാന്യമായിപ്പറഞ്ഞാൽ ഈ സമാധാനജോലി അതതു സ്ഥലത്തെ ആളുകൾക്കു് അതതു സ്ഥലങ്ങളിലേ ചെയ്യാനൊക്കൂ.

4. ഈ പണി ഒററയ്ക്കോ സംഘംചേർന്നോ ചെയ്യാം. അതിനാൽ ആരും ചങ്ങാതിമാരെ കാത്തുനിൽക്കേണ്ടതില്ല. എന്നാലും സ്വന്തം ചുററുപാടുകളിലെ ചങ്ങാതിമാരെ കൂട്ടി ഒരു പ്രാദേശിക സംഘമുണ്ടാക്കണം.

5. വഷളായ പരിതസ്ഥിതികളെ നേരിടേണ്ടിവരുമ്പോൾ സംശയിക്കപ്പെടുന്നവനോ അഹിതനോ എന്ന നിലയിൽ ലഹളക്കാരുടെ ഇടയിൽ ചെന്നുപെടാതിരിക്കുവാൻവേണ്ടി ഈ സമാധാനദൂതൻ വ്യക്തിപരമായ സേവനത്തിലൂടെ തന്റെ ദിക്കിലെ,

digitized by www .sreyas.in

അഥവാ താൻ തിരഞ്ഞെടുത്ത ദിക്കിലെ, ജനങ്ങളുമായി സമ്പക്കം പുലർത്തിക്കൊണ്ടിരിക്കണം.

6. സമാധാനദാതാവിനു് അധിക്ഷേപാതീതമായ സ്വഭാവശുദ്ധിയുണ്ടായിരിക്കണമെന്നും കണിശമായ നിഷ്പക്ഷതയ്ക്കു് അയാഠം കേംവികേട്ടവനായിരിക്കണമെന്നും പറയേണ്ടതില്ലല്ലോ.

7. പൊതുവേ പറഞ്ഞാൽ, വരാൻപോകുന്ന കൊടുങ്കാററിന്റെ മുന്നറിയിപ്പുകളുണ്ടാവും. ഇതു കിട്ടിയാൽ ശാന്തിസേനാംഗങ്ങഠം ലഹള പൊട്ടിപ്പുറപ്പെടുന്നതുവരെ കാത്തിരിക്കരുതു്. കാലേകൂട്ടി വേണ്ടതൊക്കെ ചെയ്യണം.

8. ഈ പ്രസ്ഥാനം വികസിച്ചാൽ, മുഴുവൻസമയവും ജോലി ചെയ്യുന്ന പ്രവർത്തകരുണ്ടാകുന്നതു് നല്ലതാണെങ്കിലും, അവർ കൂടിയേ കഴിയൂ എന്നില്ല. നല്ലവരും സത്യസന്ധരുമായ സ്ത്രീപുരുഷന്മാർ കിട്ടാവുന്നേടത്തോളം ഉണ്ടായിരിക്കണമെന്നാണു് വിചാരം. പല ജീവിതരംഗങ്ങളിലും പ്രവർത്തിക്കുന്നവരും, എന്നാലും ചുററുപാടുമുള്ളവരോടു് സൗഹാർദ്ദബന്ധം വളർത്തിക്കൊണ്ടുവരാൻ തക്ക ഒഴിവുസമയമുള്ളവരും മററുതരത്തിൽ ശാന്തിസേനാംഗങ്ങഠംക്കു വേണ്ട യോഗ്യതകളെല്ലാമുള്ളവരുമായവരുടെ ഇടയിൽനിന്നു സന്നദ്ധഭടന്മാരെ ചേർത്താലേ ഇതു സാധിക്കയുള്ളൂ.

9. കാലക്രമേണ യാതൊരു വിഷമവുംകൂടാതെ തിരിച്ചറിയപ്പെടുവാൻ കഴിയുന്നതിനുവേണ്ടി ആലോചനയിലുള്ള ഈ ശാന്തിസേനാംഗങ്ങഠംക്കു് പ്രത്യേകമായൊരു ഉടുപ്പുണ്ടായിരിക്കണം.

ഇതൊക്കെ സാമാന്യനിർദ്ദേശങ്ങളാണു്. ഇവയുടെ അടിസ്ഥാനത്തിൽ ഓരോ കേന്ദ്രത്തിനും അതിനേററതായ ചട്ടങ്ങഠം ഉണ്ടാക്കാവുന്നതാണു്.

ഈ ശാന്തിസേനയുടെ രൂപവൽക്കരണത്തിൽ ക്രിയാത്മകമായി എനിക്കെന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന വിചാരം ഉണ്ടാകരുതെന്നു്, നിഷ്ഫലാശകഠം വളരുന്നതു് തടയാൻവേണ്ടി, പ്രവർത്തകർക്കു് ഞാൻ മുന്നറിയിപ്പു നൽകിക്കൊള്ളട്ടെ. അതിനു വേണ്ട ആരോഗ്യമോ ശേഷിയോ സമയമോ എനിക്കില്ല. എനിക്കു് ഒഴിഞ്ഞുമാറാൻ നിവൃത്തിയില്ലാത്ത ജോലികഠം ചെയ്തുതീർക്കുന്നതുതന്നെ പ്രയാസമായിത്തോന്നുന്നു. എഴുത്തുകഠം മുഖേനയോ ഈ പംക്തികഠം മുഖേനയോ ഉപദേശിക്കാൻ മാത്രമേ എന്നെക്കൊണ്ടാവുകയുള്ളൂ. അതിനാൽ ഈ അഭിപ്രായം നല്ലതാണെന്നു തോന്നുന്നവരും കഴിവുള്ളവരുംതന്നെ മുൻകൈയെടുത്തു പ്രവത്തിക്കട്ടെ. നിർദ്ദിഷ്ടമായ ഈ ശാന്തിസേനയ്ക്കു പലതും ചെയ്യാൻ കഴിയുമെന്നും അതിന്റെ പുറകിലെ ആശയം തികച്ചും പ്രായോഗികമാക്കാവുന്നതാണെന്നും എനിക്കറിയാം.

digitized by www .sreyas.in

## ഒ. പ്രാതിനിധ്യവും ഭരണഘടനാനിർമാണവും

### 74

ഇവിടെ ഇന്ത്യയിൽ, കൃത്രിമങ്ങളായ പൊരുത്തക്കേടുകളെ സൃഷ്ടിച്ച പ്രത്യേക നിയോജകമണ്ഡലങ്ങളുടെ കീഴിൽ പാർലിമെൻററി സമ്പ്രദായം നടപ്പിൽവരുത്തുകയാണ് എന്നു നാം നടിച്ചുകൊണ്ടു പോന്നു. ഈ കൃത്രിമ സത്തകളെ ഒരു പൊതുവേദിയിൽ കൊണ്ടുവന്നു നിർത്തിയതുകൊണ്ട് സജീവമായ ഐക്യം ഒരിക്കലും ഉണ്ടാകാൻ തരമില്ല. ഇത്തരം നിയമസഭകൾ പ്രവർത്തിച്ചേക്കാം. എങ്കിലും അവ വക്കാണത്തിനും, ഭരണാധികാരികളിൽനിന്നു്—അവരാരായാലും—കിട്ടുന്ന അപ്പക്കഷണങ്ങൾ പങ്കിടാനുമുള്ള രംഗമേ ആകൂ. ഈ ഭരണാധികാരികൾ ഒരു ലോഹദണ്ഡുകൊണ്ടാണ് ഭരിക്കുന്നത്. എതിരാളികൾ പരസ്പരം കഴുത്തറുക്കുന്നത് അവർ തടയുന്നുണ്ട്. ഇത്തരം ഗതികേടിൽനിന്നു സ്വാതന്ത്ര്യം സംജാതമാവുക സാധ്യമല്ലെന്നു ഞാൻ കരുതുന്നു.

ഇത്തരം സുശക്താഭിപ്രായങ്ങൾ എനിക്കുണ്ടെങ്കിലും തിരഞ്ഞെടുക്കപ്പെടേണ്ട സ്ഥാപനങ്ങളിലേക്ക് അനഭിലഷണീയരായ സ്ഥാനാർത്ഥികൾ ഉള്ളേടത്തോളം കാലം, പിന്തിരിപ്പന്മാർ അവയിൽ കടന്നുകൂടാതിരിക്കുവാൻവേണ്ടി കോൺഗ്രസ്സുകാർ സ്ഥാനാർത്ഥികളെ നിർത്തണമെന്ന തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കുന്നു.

### 75

ദൽഹിയിലെ ഐക്യസമ്മേളനം മതപരങ്ങളായ ഭിന്നിപ്പുകൾ തീർക്കാൻ ഒരു വഴിയുണ്ടാക്കിയിട്ടുണ്ട്. ഹിന്ദുക്കളും മുസൽമാന്മാരും തമ്മിൽ മാത്രമല്ല, എല്ലാ വർഗങ്ങളും ജാതികളും വിഭാഗങ്ങളും തമ്മിലുമുള്ള രാഷ്ട്രീയ ഭിന്നതകൾക്ക് അഖിലകക്ഷിസമ്മേളനത്തിൻെറ കമ്മിററി പ്രായോഗികവും ന്യായവുമായ പരിഹാരം കാണണമെന്നാണ് വച്ചിട്ടുള്ളത്. സാമുദായികമോ വിഭാഗീയമോ ആയ പ്രാതിനിധ്യത്തെ ആവുന്നത്ര വേഗം നീക്കം ചെയ്യുകയെന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഒരു പൊതുനിയോജകമണ്ഡലം അതിലെ പ്രതിനിധികളെ യോഗ്യതമാത്രംനോക്കി നിഷ്പക്ഷമായി തിരഞ്ഞെടുക്കണം. നമ്മുടെ ഉദ്യോഗങ്ങളിലും ഏററവുമധികം യോഗ്യതയുള്ള സ്ത്രീപുരുഷന്മാരെമാത്രം നിയമിക്കണം. പക്ഷേ, ആ കാലം വരുന്നതുവരെ, സാമുദായികങ്ങളായ അസൂയകളും

74. Constructive Programme (1945), p. 9
75. Young India, 26-12-1924 (Communal Unity, pp. 104-105. ബൽഗാമിൽവച്ചു നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ 39-ാം വാർഷികസമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽനിന്നു്)

digitized by www .sreyas.in

സേവകാണിക്കലുകളും നാമാവശേഷങ്ങളായിത്തീരുന്നതുവരെ ഭൂരിപക്ഷത്തിന്റെ ഉദ്ദേശ്യങ്ങളെപ്പററി ശങ്കകളുള്ള ന്യൂനപക്ഷ ങ്ങൾക്ക് ഇഷ്ടമുള്ളതൊക്കെ കൊടുക്കണം. സ്വാർത്ഥത്യാഗത്തി ന്റെ മാതൃക ഭൂരിപക്ഷങ്ങൾ സൃഷ്ടിക്കണം.

## 76

പ്രത്യേക നിയോജകമണ്ഡലത്തിനുവേണ്ടി പ്രത്യേക നിയോ ജകമണ്ഡലം—ഇതല്ല മുസൽമാന്മാർക്ക് വേണ്ടതു്. നിയമസഭക ളിലേക്കും തിരഞ്ഞെടുക്കപ്പെട്ട മററു സ്ഥാപനങ്ങളിലേക്കും തങ്ങളു ടെ യഥാർത്ഥ പ്രതിനിധികളെ അയയ്ക്കാൻ അവർ ആഗ്രഹിക്കുന്നു. നിയമത്തിന്റെ വച്ചുകെട്ടൽകൂടാതെ, സ്വകാര്യ ഒത്തുതീർപ്പുകൊ ണ്ടു് ഇതു സാധിക്കും. സ്വകാര്യഒത്തുതീർപ്പിൽ നിയമനിശ്ചയ ത്തിലുള്ളതിലുമധികം വിട്ടുവീഴ്ചകൾക്കു് സൗകര്യമുണ്ടു്. നിയമ ത്തിന്റെ നിശ്ചയം ക്രമേണ അധികമധികം കഠിനമായിത്തീരും. സ്വകാര്യമായ ഒത്തുതീർപ്പു് ഓരോ കക്ഷിയുടെയും മാന്യതയെയും വിശ്വാസയോഗ്യതയെയും പരീക്ഷിച്ചുനോക്കിക്കൊണ്ടേയിരി ക്കും. മാന്യതയുടെയും വിശ്വസ്തതയുടേയും ആവശ്യകതയെ നിയ മത്തിന്റെ നിശ്ചയം ഇല്ലാതാക്കും. സ്വീകാര്യമായ ഒത്തുതീർപ്പെ ന്നുവച്ചാൽ, വഴക്കുകളെ ഒരു കുടുംബം പരിഹരിക്കുന്നതുപോലെ പ രിഹരിക്കുകയെന്നും പൊതുശത്രുവിനെതിരെ—വിദേശവാഴ്ച ക്കെതിരെ—കനത്ത മതിൽപോലെയുള്ള ഏകീകൃതമായ ഒരെതിർ കക്ഷിയെ ഉണ്ടാക്കുകയെന്നുമാണർത്ഥം. ഞാനുദ്ദേശിക്കുന്ന മട്ടിലു ള്ള സ്വകാര്യ ഒത്തുതീർപ്പിനു് നിയമം എതിരാണെന്നു പറയുന്നു. അങ്ങനെയാണെങ്കിൽ ആ നിയമതടസ്സം തീർത്തു് നാം പുതിയൊ രു നിയമമുണ്ടാക്കണം. അതിനാൽ പ്രത്യേക നിയോജകമണ്ഡല ങ്ങൾ വേണ്ടെന്നുവയ്ക്കുകയും, എന്നാൽ ഒത്തുതീർപ്പുപ്രകാരം വേണ്ടത്ര മുസൽമാൻ സ്ഥാനാർത്ഥികളെയും സംയുക്താടിസ്ഥാനത്തിൽ തിര ഞ്ഞെടുക്കുകയും ചെയ്യുകയെന്നുള്ളതാണു് എന്റെ പദ്ധതി. എണ്ണ ത്തിൽ കവിഞ്ഞ പ്രാതിനിധ്യത്തെപ്പററി ഞാൻ ഇപ്പോഴൊന്നും പ റയേണ്ട ആവശ്യമില്ല. സ്വകാര്യ ഒത്തുതീർപ്പു് എന്ന തത്ത്വം എല്ലാവരും സ്വീകരിച്ചുകഴിഞ്ഞാൽ, അതിനെപ്പററി ആലോചി ക്കാം. ആ വഴിക്കുള്ള വിഷമതകൾ നീക്കം ചെയ്യാം.

സ്വരാജ്യത്തിനുവേണ്ടി ഒരൊത്തുതീർപ്പു വേണമെന്ന ആഗ്ര ഹം എല്ലാ 'തത്പരകക്ഷികൾക്കുമുണ്ടെന്ന വിചാരം എന്റെ നിർദേശത്തിന്റെ അടിയിലുണ്ടെന്നതിനു സംശയമില്ല. സാമുദാ യികത്വമാണു് ലക്ഷ്യമെങ്കിൽ എല്ലാ സ്വകാര്യ ഒത്തുതീർപ്പുകളും തകർന്നേതീരൂ. പക്ഷേ, സ്വരാജ്യമാണു് ലക്ഷ്യമെങ്കിൽ, കക്ഷി കൾ ഈ പ്രശ്നത്തെ സമീപിക്കുന്നതു് ഒരു ദേശീയമനോഭാവ

76. Young India, 19–2–1925 (Communal Unity, pp. 108–116)

digitized by www .sreyas.in

ത്തോടുകൂടിയാണെങ്കിൽ തകർച്ചയെപ്പററി ഭയപ്പെടാനില്ല. നേരെ മറിച്ച്, കൂറോടുകൂടി അതു നടപ്പിൽവരുത്തുന്നതിൽ ഓരോ കക്ഷിക്കും താത്പര്യമുണ്ടായിരിക്കും.

എങ്കിലും നിയമം വ്യവസ്ഥ ചെയ്യേണ്ടതു് ന്യായമായ വോട്ടവകാശത്തിനാണ്. ഇപ്രകാരം ഓരോ സമുദായത്തിനും അതിലെ ജനസംഖ്യയനുസരിച്ച് പട്ടികയിൽ വോട്ടർമാരുണ്ടായിരിക്കണം. ജനസംഖ്യയുടെ തോതിൽ എത്ര പ്രതിനിധികൾ വേണമെന്ന് വോട്ടർമാരുടെ പട്ടിക വ്യക്തമാക്കണം. പക്ഷേ, അതിനു് ഇന്നത്തെ വോട്ടവകാശസമ്പ്രദായത്തെ കൂലംകഷമായി പരിശോധിക്കേണ്ടിയിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ ഇന്നത്തെ വോട്ടവകാശം ഏതു സ്വരാജ്യവ്യവസ്ഥയിലും നിലനിർത്താൻ പററാത്തതാണ്.

## 77

ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ കോൺഗ്രസ്സ് മാനിക്കണമെന്നു നിങ്ങൾ (ബ്രിട്ടീഷ് ഗവർമെൻറു്) ആവശ്യപ്പെടുന്നു. ആംഗ്ലോ ഇന്ത്യക്കാർക്കും ക്രിസ്ത്യാനികൾക്കും, അവരിൽത്തന്നെ പുത്തൻകൂററുകാർക്കും കത്തോലിക്കർക്കും യൂറോപ്യന്മാർക്കും പിന്നെ ഹിന്ദുക്കളിലെ അവാന്തരവിഭാഗങ്ങൾക്കും, ജെയിനന്മാർക്കും, ബുദ്ധമതക്കാർക്കും, സനാതനികൾക്കും, സമാജക്കാർക്കും മററും മററുമായി കോൺഗ്രസ്സ് ഇന്ത്യയെ തുണ്ടുതുണ്ടാക്കി മുറിച്ചുകൊടുക്കണമെന്നാണോ നിങ്ങൾ പറയുന്നതു ? ഹൃദയശൂന്യമായ വെട്ടിമുറിക്കലിൽ ഞാൻ പങ്കാളിയാവുകയില്ല, തീർച്ച. വിഭജിച്ചു ഭരിക്കുകയെന്ന നയംകൊണ്ടു് നിങ്ങൾ ഇങ്ങനെയാണോ ഒരു രാഷ്ട്രത്തെ നിർമിക്കാൻ ഭാവം? ചെറിയ ന്യൂനപക്ഷങ്ങൾക്കു പൂർണമായ പൗരാവകാശങ്ങൾ ആവശ്യപ്പെടുവാൻ തികച്ചും അധികാരമുണ്ടു്. എങ്കിലും പ്രത്യേക പ്രാതിനിധ്യം ആവശ്യപ്പെടുവാൻ അവരെ പ്രോത്സാഹിപ്പിക്കരുതു്. തിരഞ്ഞെടുപ്പാകുന്ന തുറന്ന വാതിലിലൂടെ അവർക്കു നിയമസഭകളിൽ പ്രവേശിക്കാവുന്നതാണ്. തങ്ങളുടെ അവകാശങ്ങൾ അവഗണിക്കപ്പെടുമെന്ന് ആംഗ്ലോ ഇന്ത്യക്കാർ എന്തിനു ഭയപ്പെടണം? അവർ ആംഗ്ലോ ഇന്ത്യക്കാരാകകൊണ്ടോ? അല്ല, അവർ ഇന്ത്യയെ സേവിക്കാത്തതുകൊണ്ടു്. ഇന്ത്യയെ സേവിക്കുകയും പ്രത്യേക നിയോജകമണ്ഡലങ്ങൾ ആവശ്യപ്പെടുകയും ചെയ്യാത്ത പാഴ്സികളെ അവർ അനുഗമിക്കട്ടെ. സേവനമെന്ന യോഗ്യതകൊണ്ടുതന്നെ തങ്ങൾ നിയമസഭകളിലുണ്ടാകുമെന്ന് അവർക്കറിയാവുന്നതുകൊണ്ടാണതു്. ദാദാഭായ് നവറോജിയുടെ ജീവകാലം മുഴുവൻ ഇന്ത്യയെ സേവിക്കാൻ വിനിയോഗിക്കപ്പെട്ടു. അദ്ദേഹത്തിന്റെ നാലു പൗത്രിമാർ—എല്ലാവരും ഏതു് ഇംഗ്ലീഷ് ബാലികമാരെയുംപോലെ പഠിപ്പും സംസ്കാരവുമുള്ളവർ—ഇന്ത്യ

77. Young India, 5-11-1931 (Communal Unity, pp. 190–191)

digitized by www .sreyas.in

യിലെ കർഷകർക്കുവേണ്ടി പാടുപെടുകയാണു്. അവരിൽ ഒരു വനം ഒരു സംസ്ഥാനത്തിലെ ഏകാധിപതി ആയിരുന്നു. അവർ സംസ്ഥാനനിയമസഭയിലേക്കു തിരഞ്ഞെടുപ്പിനു നിന്നപ്പോൾ ഏററവുമധികം വോട്ടുകൾ കിട്ടി. ഇന്നവർ അതിർത്തിയിലെ പഠാന്മാർക്കിടയിൽ ചർക്കാ സന്ദേശം പ്രചരിപ്പിച്ചു് അവരുടെ ഹൃദയങ്ങളിൽ വാഴുകയാണു്. സേവനമാകുന്ന തുറന്ന വാതിലിലൂടെ ആംഗ്ളോ ഇന്ത്യക്കാരും നിയമസഭകളിൽ പ്രവേശിക്കട്ടെ. അങ്ങനെതന്നെ ഇംഗ്ളീഷുകാരും. ഏതൊരു രാജ്യത്തെ ദരിദ്രമാക്കാൻ ഇംഗ്ളീഷുകാർ സഹായിച്ചുവോ അതിൽനിന്നു് അവരിന്നും പ്രത്യേകാനുകൂല്യങ്ങൾ അവകാശപ്പെടുകയാണെന്നതും, ഒരു ദരിദ്രരാജ്യത്തിന്റെ നിയമസഭകളിലേക്കു പ്രത്യേക തിരഞ്ഞെടുപ്പു് അവകാശപ്പെടുകയാണെന്നതും ലജ്ജാവഹമല്ലേ? ഇല്ല, ഈ വിഭാഗങ്ങൾക്കു് ഇന്ത്യയെ മുറിച്ചുകൊടുക്കുകയെന്ന കുററം ഒരു കാലത്തും ഞാൻ ചെയ്യില്ല. ഒരു രാജ്യത്തെ മുഴുവൻ കുത്തിക്കീറുകയെന്നതിൽ കുറഞ്ഞ യാതൊന്നുമാവില്ല അതു്.

78

ഹിന്ദുക്കൾക്കും മുസൽമാന്മാർക്കും സിക്കുകാർക്കും സ്വീകാര്യമായ ഏതു പരിഹാരവും കോൺഗ്രസ്സു് എന്നും സ്വീകരിക്കുമെങ്കിലും മററു ന്യൂനപക്ഷങ്ങൾക്കു പ്രത്യേക സംവരണവും പ്രത്യേക നിയോജകമണ്ഡലങ്ങളും നല്കുന്നതിൽ കോൺഗ്രസ്സു് പങ്കാളിയാവുകയില്ലെന്നു് ഇതിനുമുമ്പു് ഞാൻ പറഞ്ഞതു് ഞാൻ ആവർത്തിച്ചുകൊള്ളട്ടെ. മൗലികാവകാശങ്ങളെയും പൗരസ്വാതന്ത്ര്യത്തെയും സംബന്ധിച്ചുള്ള വകുപ്പുകൾ കൂട്ടിച്ചേർക്കുന്നതിനോടു് കോൺഗ്രസ്സു് എന്നും യോജിക്കും. വോട്ടർമാരുടെ പട്ടികയിൽ സ്ഥാനം ലഭിക്കാനും വോട്ടർമാരോടു് അഭ്യർത്ഥിക്കുവാനും ആർക്കും അവകാശമുണ്ടായിരിക്കും. സർ ഹ്യൂബർട്ടു് കാറിന്റെ നിർദേശം എന്റെ വിനീതാഭിപ്രായത്തിൽ ഉത്തരവാദിത്വമുള്ള ഗവർമെൻറിന്റെ തന്നിനിഷേധമാണു്. ഒരു ശരിയായ യൂറോപ്യൻ പ്രതിനിധി നിയമസഭയിലുണ്ടാകണമെങ്കിൽ അയാളെ യൂറോപ്യന്മാർതന്നെ തിരഞ്ഞെടുക്കണമെന്നു് അദ്ദേഹം പറയുന്നു. ഈ അറുത്തുമുറിച്ച പ്രത്യേക വിഭാഗങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധികൾ ഇന്ത്യയിൽ ഉണ്ടായേ കഴിയുവെങ്കിൽ ഈശ്വരൻ ഇന്ത്യയെ രക്ഷിക്കട്ടെ എന്നേ പറയാനുള്ളൂ. യൂറോപ്യന്മാരുടെ മാത്രമല്ല പൊതുവിൽ എല്ലാ വോട്ടർമാരുടെയും സമ്മതിനേടുന്ന യൂറോപ്യനെ, ആ യൂറോപ്യൻ മാത്രമേ, ഇന്ത്യയെ ഒട്ടാകെ സേവിക്കൂ. ദേശീയ മനോഭാവത്തിനു്—ജനസംഖ്യയിൽ 85 ശതമാനംവരുന്ന ഈ കൃഷിക്കാർക്കു്—എന്നും

78. Young India, 26-11-1931 (Com munal Unity, pp. 198–199 1931-ലെ വട്ടമേശസമ്മേളനത്തിൽ ന്യൂനപക്ഷ കമ്മററിയുടെ അവസാനയോഗത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു്)

digitized by www .sreyas.in

എതിരായി നിൽക്കുന്ന ഈ താൽപര്യങ്ങളോട് ഉത്തരവാദഭരണത്തിനു സദാ പൊരുതേണ്ടിവരുമെന്നാണ് ഇതു സൂചിപ്പിക്കുന്നതു്. എനിക്കു ആലോചിക്കാൻ വയ്യാത്ത ഒരു സംഗതിയാണിതു്. നാം ഉത്തരവാദഭരണം നടപ്പിൽ വരുത്താൻ പോകുന്നുണ്ടെങ്കിൽ നമുക്കു യഥാർത്ഥ സ്വാതന്ത്ര്യം കിട്ടാൻപോകുന്നുണ്ടെങ്കിൽ തുറന്ന വാതിലിലൂടെ—സാമാന്യവോട്ടർമാരുടെ അനുമതിയും അവർ നടത്തുന്ന തിരഞ്ഞെടുപ്പുംമുഖേന—നിയമസഭകളിൽ പ്രവേശിക്കുന്നതു അഭിമാനകരമായ അവകാശവും കടമയുമായി പ്രത്യേകവിഭാഗങ്ങളിൽ ഓരോന്നും കരുതണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളട്ടെ. പ്രായപൂർത്തി വോട്ടവകാശം കോൺഗ്രസ്സ് സ്വീകരിച്ചിരിക്കുന്നുവെന്നു നിങ്ങൾക്കറിയാം. പ്രായപൂർത്തിവോട്ടവകാശപ്രകാരം വോട്ടർമാരുടെ പട്ടികയിൽ എല്ലാവരും ചേർക്കപ്പെടും. ഇതിലധികം ആരും ചോദിച്ചുകൂടാ.

## 79

സാമുദായികപ്രശ്നങ്ങൾക്കു ന്യായമായ പരിഹാരം കണ്ടെത്താനുള്ള ഏററവും എളുപ്പവഴി കോൺസ്റ്റിററുവൻറ് അസംബ്ളിയിലുണ്ടു്. ഇന്നു് ആർ ആരെ പ്രതിനിധാനം ചെയ്യുന്നുവെന്നു ഗണിതശാസ്ത്രത്തിൻെറ കണിശതയോടുകൂടി പറയാൻ നമ്മെക്കൊണ്ടാവില്ല. രാജ്യത്തിലെ ഏററവുമധികം പഴക്കമുള്ളതും ഏററവും വിപുലവുമായ പ്രതിനിധിസംഘടന കോൺഗ്രസ്സാണെന്നതു വ്യക്തമാണെങ്കിലും അതിൻെറ തികഞ്ഞ പ്രാതിനിദ്ധ്യസ്വഭാവത്തെ രാഷ്ട്രീയസംഘടനകൾക്കും അദ്ധ്യൗദ്യോഗികസംഘടനകൾക്കും ഇന്നു അവ ചെയ്യുന്നതുപോലെ ചോദ്യംചെയ്യാവുന്നതാണു്. മുസ്ലീങ്ങളുടെ പ്രാതിനിധ്യമുള്ള ഏററവും വലിയ സംഘടന മുസ്ലീംലീഗാണെന്നതിനു സംശയമില്ല; എങ്കിലും പല മുസ്ളീംസംഘങ്ങളും—ഇവയെല്ലാംതന്നെ അപ്രധാനങ്ങളല്ല—തങ്ങളുടെ പ്രാതിനിദ്ധ്യം വഹിക്കാൻ അതിനുള്ള അവകാശത്തെ നിഷേധിക്കുന്നുണ്ടു്. എന്നാൽ കോൺസ്റ്റിററുവൻറ് അസംബ്ലിയിലാകട്ടെ എല്ലാ സമുദായങ്ങൾക്കും അതിൻെറ ശരിയായ അനുപാതമനുസരിച്ചു പ്രാതിനിദ്ധ്യമുണ്ടായിരിക്കും. പരസ്പരവിരുദ്ധങ്ങളായ അവകാശവാദങ്ങളോടു നീതിചെയ്യാൻ ഇതല്ലാതെ വേറെ വഴിയില്ല. അതില്ലെങ്കിൽ സാമുദായികവും മററുമായ അവകാശങ്ങൾക്കു ഒരവസാനവുമുണ്ടാവുകയില്ല

## 80

ഞാൻ സങ്കൽപ്പിക്കുന്ന തരത്തിലുള്ള കോൺസ്റ്റിററുവൻറ് അസംബ്ളി ആരേയും ശാസിക്കുവാനുള്ളതല്ല. സമുദായപ്രശ്നങ്ങൾക്കു യോജിപ്പോടുകൂടിയുണ്ടാക്കുന്ന പരിഹാരമായിരിക്കും അതിൻെറ

79. Harijan, 25-11-1939 (Communal Unity, p. 253)
80. Harijan, 30-3-1940 (Communal Unity, p. 288)

digitized by www .sreyas.in

ഏക പിൻബലം. യോജിപ്പുണ്ടായില്ലെങ്കിൽ കോൺസ്റ്റിറ്റുവൻറു അസംബ്ലി പിരിച്ചു വിടപ്പെടും. കോൺസ്റ്റിറ്റുവൻറ് അസംബ്ലിക്കോ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ സംഘത്തിനോ മാത്രമേ തികഞ്ഞ പ്രാതിനിധ്യമുള്ള ഒരു പദവി ഉണ്ടായിരിക്കുകയുള്ളൂ. കോൺഗ്രസ്സിൻെറ പ്രാതിനിധ്യസ്വഭാവത്തെ ചോദ്യംചെയ്യാം, ചോദ്യം ചെയ്യുന്നുണ്ട്. പക്ഷേ, കോൺസ്റ്റിറ്റുവൻറ് അസംബ്ലിയിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പ്രാതിനിധ്യനിലയെ ആർക്കു ചോദ്യം ചെയ്യാം? ഉദ്ദിഷ്ടമായ കോൺസ്റ്റിറ്റുവൻറ് അസംബ്ലിയെ 'മുസ്ളീങ്ങൾ എതിർക്കുന്നതിൻെറ അർത്ഥം എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല മുസ്ളീം ലീഗ്പ്രതിനിധികളെ മുസ്ലീംവോട്ടർമാർ തിരഞ്ഞെടുത്തയയ്ക്കുകയില്ലെന്നാണോ അവരുടെ ഭയം? മുസ്ളീം പ്രതിനിധികൾ ഉന്നയിക്കുന്ന ഏതു മുസ്ളീം ആവശ്യവും തടുത്തുകൂടാത്തതായിരിക്കുമെന്ന് അവർക്കറിഞ്ഞുകൂടേ? ഹിന്ദുസഹോദരന്മാരും മററും കൂട്ടത്തിൽ ചേർന്നാൽ തങ്ങൾ ഏകരാഷ്ട്രമാവുകയില്ലെന്നു ഭൂരിപക്ഷം ഇന്ത്യൻ മുസ്ളീങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ അവരെ എതിർക്കാൻ ആർക്കു കഴിയും? പക്ഷേ, ക്വായിദ—ഇ—ആസാം പറഞ്ഞതു കേൾക്കുന്ന 50,000 മുസ്ളീങ്ങൾക്ക് എട്ടുകോടി ഇന്ത്യൻ മുസ്ളീങ്ങളുടെ അഭിലാഷങ്ങൾക്കു പ്രതിനിധീഭവിക്കാനുള്ള അധികാരം ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

81

കോൺസ്റ്റിറ്റുവൻറ് അസംബ്ലിയെക്കുറിച്ചു മുസ്ളീംലീഗ് പാസ്സാക്കിയ പ്രമേയത്തെപ്പററി ഗാന്ധിജി തൻെറ പ്രാർത്ഥനാനന്തരപ്രസംഗത്തിൽ സങ്കോചത്തോടുകൂടി സംസാരിക്കുകയുണ്ടായി. കോൺഗ്രസ്സിൻെറ പ്രമേയം കപടമാണെന്നും, പറയുന്നതല്ല അതിലെ ഉദ്ദേശ്യമെന്നും അതു പറയുന്നു. അസംബ്ലിയുടെ തെരഞ്ഞെടുപ്പും മററിടപാടുകളും നിയമവിരുദ്ധമാണെന്നും അതിൽ പറയുന്നുണ്ട്. ഒരു കക്ഷി മറെറാരു കക്ഷിയുടെമേൽ കാപട്യം ആരോപിക്കരുതെന്നു ഗാന്ധിജി പറഞ്ഞു. മഹത്തായ ആ രണ്ടു സംഘടനകൾക്കും ഭൂഷണമല്ലതു്. അവ പരസ്പരം ശത്രുക്കളായി കരുതാൻ യാതൊരു ന്യായവുമില്ല. ആ പണി അവയെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുകയില്ല. തിരഞ്ഞെടുപ്പും മററു നടപടികളും നിയമവിരുദ്ധമാണെങ്കിൽ അക്കാര്യം ഒരു കോടതിൽ ചോദ്യംചെയ്യപ്പെടാവുന്നതാണ്. അല്ലെങ്കിൽ ആ പരാതിക്കു യാതൊരർത്ഥവുമില്ല. താൻ 1920-ൽ ചെയ്തതുപോലെ അവർ കോടതികളെ അംഗീകരിക്കാൻ ഭാവമില്ലെങ്കിൽ നിയമവിരുദ്ധതയെക്കുറിച്ചുള്ള സംസാരം നിർത്തണമെന്നദ്ദേഹം പറഞ്ഞു. ലീഗ് കോൺസ്റ്റിറ്റുവൻറ് അസംബ്ലി

81. Harijan, 23-2-1947 (Communal Unity, pp. 526–527)

digitized by www .sreyas.in

യിൽ പ്രവേശിക്കണമെന്നും തങ്ങൾക്കു പറയാനുള്ളതു പറയണമെന്നും നടപടികളിൽ പങ്കുകൊള്ളണമെന്നും അദ്ദേഹം വാദിക്കുന്നു. അവരതിനു ഭാവമില്ലെങ്കിൽ അസംബ്ളിയുടെ ആത്മാർത്ഥതയെ അവർ പരീക്ഷിച്ചു നോക്കണമെന്നും, അതു മുസ്ളീംപ്രശ്നത്തെ എങ്ങനെയാണു കൈകാര്യം ചെയ്യുന്നതെന്നു കണ്ടറിയണമെന്നും അദ്ദേഹം ഉപദേശിക്കുന്നു. വാളിന്റെ നിയമത്തെ ആശ്രയിക്കാൻ അവർക്കാഗ്രഹമില്ലെങ്കിൽ——ആഗ്രഹമില്ലെന്നു താൻ വിശ്വസിക്കുന്നു——ഇപ്രകാരം ചെയ്യുകയെന്നതു തങ്ങളോടുതന്നെയും രാജ്യത്തോടും അവർക്കുള്ള കടമയാണ്. പിന്നെ ലീഗ് പറഞ്ഞിരിക്കുന്നു, സവർണഹിന്ദുക്കളുടെ പ്രാതിനിദ്ധ്യം മാത്രമേ കോൺസ്റ്റിററുവന്റ് അസംബ്ലിക്കുള്ളുവെന്ന്. അസംബ്ലിയിൽ പട്ടികജാതിക്കാരും ക്രിസ്ത്യാനികളും പാഴ്സികളും ആംഗ്ലോഇന്ത്യക്കാരും ഇന്ത്യയുടെ സന്താനങ്ങളാണെന്നു തങ്ങളെപ്പററി കരുതുന്ന എല്ലാവരും ഉണ്ടെന്നതിനു സംശയമില്ല. അസംബ്ളിയിൽ സന്നിഹിതനാകാൻ ഡോ. അംബേദ്കർക്കു സന്മനസ്സുണ്ടായി——മററു പട്ടികജാതിക്കാരെപ്പററി പറയാനില്ല. സിക്കുകാരും അതിലുണ്ട്. ലീഗിനു് അതിനുള്ളിൽച്ചെന്നു പൊരുതാവുന്നതാണ്.

ലീഗ് വാദിച്ചപ്രകാരം അസംബ്ളി പിരിച്ചുവിടേണ്ടവരായ ബ്രിട്ടീഷുഗവർമെൻറിനെപ്പററിപ്പറയുകയാണെങ്കിൽ, അദ്ദേഹമിപ്പോഴും ആശിക്കുന്നു--ആശയ്ക്കു തെല്ലു ഇളക്കം തട്ടിയിട്ടുണ്ടെങ്കിലും-- സ്വമേധയാ തയ്യാറാക്കിയ ആ രേഖയിലെ വ്യവസ്ഥകൾ അവർ അവസാനംവരെ നിർവ്യാജം നടപ്പിൽ വരുത്തുമെന്ന്. ആ രേഖയനുസരിച്ചു ചില സംസ്ഥാനങ്ങൾ സ്വന്തം സ്വാതന്ത്ര്യം സംസ്ഥാപിക്കുവാൻ തീരുമാനിച്ചാലും ആ രേഖയനുസരിച്ചു പ്രവർത്തിക്കാൻ ബ്രിട്ടീഷ്ഗവർമെൻറിനു ബാദ്ധ്യതയുണ്ടെന്നു് അദ്ദേഹം പറഞ്ഞു. ഇന്ത്യയോടു സത്യസന്ധമായി പെരുമാറുകയെന്നതിനുള്ള ഖ്യാതി മുഴവൻ അവർ കളഞ്ഞുകുളിക്കുകയില്ലെന്നു് അദ്ദേഹം ആശിക്കുന്നു.

ലീഗിന്റെ 'രാഷ്ട്രീയ'ത്തെപ്പററിപ്പറയാൻ താൻ നിർബദ്ധനായെങ്കിലും ഹിന്ദുക്കളും മുസ്ളീങ്ങളും പരസ്പരം ശത്രുക്കളാണെന്നു കരുതരുതെന്നു സദസ്യർക്കു മുന്നറിയിപ്പു നല്കിക്കൊണ്ടാണു ഗാന്ധിജി പ്രസംഗം ഉപസംഹരിച്ചതു്. ലീഗ് അത്തരം പ്രഖ്യാപനമൊന്നും ചെയ്തിട്ടില്ല. രാഷ്ട്രീയകലഹം തലപ്പത്തുള്ള കുറച്ചു രാഷ്ട്രീയനേതാക്കന്മാർമാത്രം നടത്തട്ടെ,കലഹം ഗ്രാമങ്ങളിലേക്കു പരന്നാൽ തന്നി ആപത്താകും. ഇന്ത്യൻസ്വാതന്ത്ര്യത്തിനുള്ള വഴി വാളിലൂടെയല്ല, പരസ്പര സൗഹാർദത്തിലൂടെയും ഒത്തുതീർപ്പിലൂടെയുമാണു കിടക്കുന്നതു്, യഥാർത്ഥ പാക്കിസ്ഥാനെന്നുവച്ചാൽ എന്താണെന്നു കാണിച്ചുകൊടുക്കാനാണു താൻ നവഖാലിയിലേക്കു പോയതെന്നദ്ദേഹം പറഞ്ഞു.

digitized by www .sreyas.in

അതു പ്രകടമാക്കാവുന്ന ഏക ഇന്ത്യൻസംസ്ഥാനം ബങ്കാളാണു്. യോഗ്യന്മാരായ ഹിന്ദുക്കളും യോഗ്യന്മാരായ മുസ്ളീങ്ങളും ബങ്കാളിൽ ഉണ്ടായിട്ടുണ്ടു്. ഹിന്ദുക്കൾക്കും മുസ്ളീങ്ങൾക്കും സുഹൃത്തുക്കളെന്ന നിലയ്ക്കും സഹോദരന്മാരെന്ന നിലയ്ക്കും എങ്ങനെ ജീവിക്കാമെന്നു് ഇപ്പോൾ ബങ്കാൾ കാണിച്ചുകൊടുത്താൽ അതു് ഉചിതമായി എന്നാൽ പിന്നെ ബങ്കാളിനു് ഒരു കമ്മിസംസ്ഥാനമായി കഴിയേണ്ട ആവശ്യമില്ല. അതു സമൃദ്ധിയുള്ള ഒരു സംസ്ഥാനമായിരിക്കേണ്ടതാണു്.

## പി. ഖിലാഫത്തു്

### 82

ഒരു ഹിന്ദുവായ ഞാൻ മുസ്ളീംകാര്യത്തിൽ തലപുകയ്ക്കുന്നതെന്തിനാണെന്നു ചോദിക്കാവുന്നതാണു്. നിങ്ങൾ എന്റെ അയൽപക്കക്കാരും രാജ്യക്കാരുമാകകൊണ്ടു നിങ്ങളുടെ ദുഃഖങ്ങളിൽ പങ്കുകൊള്ളേണ്ടതു് എന്റെ കടമയാണെന്നാണു മറുപടി. ഹിന്ദുമുസ്ളീം മൈത്രിയെപ്പററി സംസാരിക്കുക, പരീക്ഷണഘട്ടം വരുമ്പോൾ ആ ആശയം നടപ്പിൽ വരുത്താതിരിക്കുക—ഇതെന്നെക്കൊണ്ടാവില്ല. ഡൽഹിയിൽ നടത്തപ്പെട്ട യുദ്ധസമ്മേളനത്തെത്തുടർന്നു വൈസ്രോയിക്കു ഞാനയച്ച പരസ്യമായ എഴുത്തിൽ മുഹമ്മദൻപ്രശ്നത്തെ ഞാൻ സ്പർശിച്ചിരുന്നുവെന്നു നിങ്ങൾക്കറിയാം. പിന്നെ അവസരം കിട്ടുമ്പോഴെല്ലാം ഈ സമുചിതപ്രശ്നത്തെപ്പററിയുള്ള എന്റെ അഭിപ്രായങ്ങൾ ഞാൻ പറയാതിരുന്നിട്ടില്ല. നിങ്ങളുടെ വാദം എങ്ങനെ് അനുവദിപ്പിക്കാമെന്നു് എനിക്കിപ്പോൾ ആലോചിക്കേണ്ടതായിട്ടുണ്ടു്. ഗവർമെൻറിനു നിവേദനങ്ങൾ അയയ്ക്കുകയെന്നതാണു് ഇതുവരെ സ്വീകരിച്ച വഴി. ചിലപ്പോൾ ഗവർമെൻറു് നമ്മോടു യോജിക്കാറില്ല. ഇത്തരം ചുററുപാടുകളിൽ നാമെന്താണു ചെയ്യേണ്ടതു്? നമുക്കു വോട്ടവകാശവും ഉത്തരവാദഭരണവും ഉണ്ടായിരുന്നെങ്കിൽ വോട്ടുകൾകൊണ്ടു നമുക്കു ഗവർമെൻറിനെ അധികാരത്തിൽനിന്നു പുറംതള്ളാം. പക്ഷേ, നമ്മുടെ അഭീഷ്ടം സാധിക്കാൻ സഫലമായ ഇത്തരം മാർഗങ്ങളില്ലാതിരിക്കെ നാമെന്താണു ചെയ്യേണ്ടതു്? സ്വാഭിലാഷങ്ങൾ നിറവേററുന്ന കാര്യത്തിൽ മനഃപൂർവം വീഴ്ചവരുത്തിയതിനു ജനങ്ങൾ ഗവർമെൻറിന്റെ നേരെ കുപിതരായിത്തീരുമ്പോൾ അവർ ഹിംസ പ്രയോഗിക്കാറുണ്ടു്. സാധാരണ പ്രക്ഷോഭണം നിഷ്ഫലമായിത്തീർന്നാൽ ഹിംസയാണു ഏക പോംവഴിയെന്നു പലരും കരുതുന്നതായി എനിക്കറിയാം. ഇതു ചിരപുരാതനമായ ഒരു പ്രതിവിധിയാണു്. ഇതു് അപരിഷ്കൃതമാണെന്നു ഞാൻ കരുതുന്നു. ഹിംസയെ ഏതു രൂപത്തിലും

82. Young India, 14–5–1919 (Communal Unity, p. 985)

തരത്തിലും ഒഴിവാക്കുന്നതും ഹിംസയെക്കാൾ വളരെയേറെ വിജയകരവുമായ മറ്റൊരു മാർഗം ജനങ്ങളുടെയും ഗവർമെൻറിൻെറയും മുമ്പാകെ വയ്ക്കുവാൻ ഞാൻ ശ്രമിച്ചുപോന്നിട്ടുണ്ട്. നമ്മുടെ അവകാശങ്ങൾ സ്ഥാപിക്കാൻവേണ്ടി നാം ഹിംസയെ ആശ്രയിക്കുന്നതു് നീതീകരിക്കാവുന്നതല്ലെന്നു എനിക്കു തോന്നുന്നു. കൊല്ലുന്നതിനെക്കാൾ എത്രയോ ശ്രേയസ്കരമാണു മരിക്കുന്നതു്. ബാരിസാഹിബുമായി ഞാൻ സംഭാഷണം നടത്തിയിരുന്നില്ലെങ്കിൽ തുലോം മതപരമായ ഒരു വിഷയത്തെക്കുറിച്ചു ഇന്നു നിങ്ങളോടു സംസാരിക്കാൻ എനിക്കു സങ്കോചമുണ്ടായേനെ. പക്ഷേ, വിശുദ്ധ ഖുറാനിലും സത്യഗ്രഹത്തിനു ധാരാളം പിന്തുണയുണ്ടെന്നു അദ്ദേഹം എനിക്കു ഉറപ്പുതന്നു. നന്നായി നിർവചിക്കപ്പെട്ട ചില ചുററുപാടുകളിൽ ഹിംസ പ്രയോഗിക്കാമെങ്കിലും ഈശ്വരനു ഹിംസയേക്കാൾ പ്രിയംകരം ആത്മസംയമനമാണെന്നും അതാണു സ്നേഹനിയമമെന്നും അർത്ഥം വരുന്ന ഖുറാൻ വ്യാഖ്യാനത്തോടു അദ്ദേഹം യോജിച്ചു. അതാണു സത്യഗ്രഹം. ഹിംസ മനുഷ്യൻെറ ദൗർബല്യത്തോടു കാണിച്ച ഒരു വിട്ടുവീഴ്ചയാണു്. സത്യഗ്രഹം കർത്തവ്യമത്രേ. യാതൊരു നന്മയും ചെയ്യാൻ ഹിംസയ്ക്കു കഴികയില്ലെന്നും അളവററ ദ്രോഹം ചെയ്യാനേ കഴിയൂ എന്നും, പ്രായോഗികമായ നിലപാടിൽനിന്നു നോക്കിയാലും നിഷ്പ്രയാസം കാണാം. അഹമ്മദാബാദിലും വീരംഗാവിലും നാം കണ്ടതിതാണു്. ഞായറാഴ്ച മറെറാരു ഉദാഹരണംകൂടി നിങ്ങൾക്കു കാണാം. ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടിയ ഒരു സത്യഗ്രഹഹർത്താൽ ഞാൻ വേണമെന്നു ഉപദേശിച്ചിട്ടുണ്ടു്. ആ ബഹുമാനത്തിൻെറയും ദുഃഖത്തിൻെറയും പ്രതിഷേധത്തിൻെറയും പ്രകടനത്തിൽ നിങ്ങളെല്ലാം ചേരുമെന്നു ഞാൻ ആശിക്കുന്നു. ബഹുമാനം, ഇത്രയേറെ നന്നായും വിശ്വസ്തതയോടുകൂടിയും ഇന്ത്യയെ സേവിച്ച ഒരിംഗ്ലീഷ്കാരനോടുള്ളതാണു്.* ദുഃഖം അദ്ദേഹത്തെ നാടുകടത്തിയതിലാണു്; പ്രതിഷേധം ഗവർമെൻറിൻെറ ദുരുപദിഷ്ടമായ ആ നടപടിയെപ്പററിയും. ഇതൊക്കെ നമുക്കെല്ലാം ബാധകമായ കാര്യങ്ങളാണു്. അതിനാൽ ഈ പ്രകടനത്തിൽ നിങ്ങൾ പൂർണ്ണമായ പങ്കു വഹിക്കുമെന്നു ഞാൻ ആശിക്കുന്നു. വിജയം കിടക്കുന്നതു അതു തികച്ചും സമാധാനപരവും സ്വമേധയാ ഉള്ളതും ആയിരിക്കുന്നതിലാണു്. നമ്മൾ ഇങ്ങനെയാണെങ്കിൽ പിന്നെ പോലീസിനെക്കൊണ്ടോ പട്ടാളത്തെക്കൊണ്ടോ ആവശ്യമില്ല. സത്യഗ്രഹം ഇന്ത്യയുടെ സ്വീകൃതപ്രമാണമായിത്തീർന്നാൽ വിമാനങ്ങൾ നമ്മെ ഭയപ്പെടുത്താതാകും. കൊളാബയിലോ മറെറവിടെയെങ്കിലുമോ യന്ത്രത്തോക്കുകൾ ഉപയോഗിക്കാൻ നാം അവസരമുണ്ടാക്കിക്കൊടുക്കാതിരുന്നാൽ അവ തുരുമ്പുപിടിക്കും. പുല്ല് അവയുടെമേൽ മുളയ്ക്കും, നമ്മുടെ കുട്ടികൾ അവയുടെമേൽ കയറിക്കളിക്കും.

* മി. ഹോർണിമാനെപ്പററിയാണു് ഈ പരാമർശം.

digitized by www .sreyas.in

## 83

'ഇന്നത്തെ ഈ സമ്മേളനത്തിൽ പങ്കുകൊള്ളാൻ സാധിച്ചതിൽ എനിക്കു സന്തോഷമുണ്ട്. എന്നെ ക്ഷണിച്ചതിനു ഞാൻ നിങ്ങളോടു നന്ദി പറയുന്നു. നാം ഇവിടെ സമ്മേളിച്ചതു ഏതുകാര്യം ചർച്ച ചെയ്യാനാണോ അക്കാര്യം എനിക്കു പുത്തനല്ല. ഇവിടെ എത്തിയതിനുശേഷം എല്ലാ അഭിപ്രായക്കാരായ മുസൽമാന്മാരുമായും ഞാൻ ഇടപഴകിപ്പോരുന്നുണ്ട്. ഇക്കാര്യം അതിപ്രധാനമായ ഒന്നാണെന്നു എനിക്കറിയാം. അതിന്റെ ശരിയായ പരിഹാരത്തെ ആശ്രയിച്ചാണു ഈ രാജ്യത്തിലെ സമാധാനം നിൽക്കുന്നതു്. തന്നിമിത്തം അതു ഇന്ത്യയിലെ മുസൽമാന്മാരെമാത്രമല്ല, ഹിന്ദുക്കളേയും മറ്റെല്ലാവരേയും ബാധിക്കുന്ന ഒന്നാണ്. ഇതു മഹത്തായ ഒരു സാമ്രാജ്യകാര്യമാണ്. തന്മൂലം നിയമസഭയിൽ ഒട്ടാകെ 55 മിനിട്ടുനേരം പ്രസംഗിച്ച വൈസ്രോയിക്കു ഇക്കാര്യത്തെപ്പറ്റി ഒരു മിനിട്ടുനേരമെ പറയാനുണ്ടായുള്ളുവെന്ന സംഗതി എന്നെ വേദനിപ്പിച്ചു. ഈ കാര്യത്തിന്റെ ഗൗരവത്തെക്കുറിച്ചു പരസ്യമായും ബഹുമാനപുരസ്സരമായും ഞാൻ വൈസ്രോയിക്കു മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ഇസ്ലാമിൽ ഏററവും പുണ്യമായതെല്ലാം ഇതുമായി ബന്ധപ്പെട്ടാണു കിടക്കുന്നതു്. മതാഭിമാനം അപകടത്തിൽ പെട്ടാൽ ഹിന്ദുക്കൾക്കു എന്തു തോന്നുമെന്നു എനിക്കറിയാവുന്നതുകൊണ്ടു നിങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കാൻ എനിക്കു കഴിയും. ഇന്നു നിങ്ങൾക്കു ഖിലാഫത്താണു സർവപ്രധാനമെന്നു എനിക്കറിയാം. അതിനാൽ നിങ്ങളുടെ ന്യായമായ ഈ സമരത്തിൽ ഹിന്ദുക്കൾ മുഴുവൻ നിങ്ങളുടെ പുറകിലുണ്ടെന്നു എനിക്കുറപ്പുണ്ട്. വൈസ്രോയി നിങ്ങളുടെ കാര്യം അറിയിച്ചതുകൊണ്ടുമാത്രം, സമാധാനസമ്മേളനത്തിൽ പ്രാതിനിധ്യം നേടിത്തന്നതുകൊണ്ടുമാത്രം മതിയായില്ലെന്നു ഈയിടെ ഒരു ലേഖനംമുഖേന ഞാൻ അദ്ദേഹത്തോടു പറഞ്ഞിട്ടുണ്ട്. ഇതൊക്കെ നല്ലതുതന്നെ. പക്ഷേ, ഇതു പോരാ. നിങ്ങളെപ്പോലെ അദ്ദേഹത്തിനും തോന്നണം. നിങ്ങളുടെ കാര്യം അദ്ദേഹം സ്വന്തകാര്യമാക്കണം. വൈസ്രോയിക്കും മി. മൊണ്ടേഗുവിനും നിങ്ങളുടെ വികാരങ്ങൾ ശരിക്കറിയാമെങ്കിൽ ഈ മഹത്തായ പ്രശ്നം നിങ്ങൾക്കു തൃപ്തിയാകുമാറു പരിഹരിക്കപ്പെടാതിരുന്നാൽ തങ്ങളെ ഭരണഭാരത്തിൽനിന്നു ഒഴിവാക്കണമെന്നു അവർ രണ്ടുപേരും ചക്രവർത്തിയോടാവശ്യപ്പെടണമെന്നു

83. Young India 20-9-1919 (Communal Unity, pp. 988--990.). ഖിലാഫത്ത് കാര്യങ്ങളേപ്പററിയും ഇസ്ലാമിന്റെ പുണ്യസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനേപ്പററിയും ഇസ്ലാമിന്റെ തത്ക്കാലസ്ഥിതിയേപ്പററിയും ആലോചിക്കുവാൻവേണ്ടി ബോംബെയിലെ മുസൽമാന്മാരുടെ ഒരു പൊതുയോഗം 1919 സെപ്റ്റമ്പർ 18-ാംനു- വൈകുന്നേരം 8.30നു് മസ്താൻഷാടാങ്കിൽ (നാഗ്പദ) വച്ചു കൂടി. തുർക്കിയെ വെട്ടിമുറിക്കാൻ പോകുന്നതിനെക്കുറിച്ചുള്ള പ്രമേയത്തെപ്പററി, സദസ്യരും അദ്ധ്യക്ഷനും ആവശ്യപ്പെട്ടതനുസരിച്ച്, ഗാന്ധിജി ഗുജറാത്തിയിൽ ചെയ്ത പ്രസംഗത്തിൽനിന്നു് എടുത്തതാണ് ഈ ഭാഗം.

digitized by www .sreyas.in

ഞാൻ സബഹുമാനം അഭിപ്രായപ്പെട്ടുകൊള്ളുന്നു. തങ്ങൾക്കു മഹത്തായ ഒരു മുഹമ്മദൻ താൽപര്യത്തിൻെറ പ്രാതിനിധ്യമുള്ളതുകൊണ്ടു ചക്രവർത്തിയുടെ മന്ത്രിമാർ ഇക്കാര്യത്തിൽ സമുചിതമായ ഒരൊത്തുതീർപ്പുണ്ടാക്കുവാൻ ബാദ്ധ്യസ്ഥരാണ്. കുറെ ഉത്തരവാദിത്വം ലഭിക്കുന്ന കാലത്തോട് അടുത്തെത്തിയിരിക്കുകയാണ് നാം. മുഹമ്മദൻ അഭിലാഷങ്ങളെ അവഗണിക്കുന്നതു ഇതിനു വിരുദ്ധമായിത്തീരും. പക്ഷേ, മന്ത്രിമാർ അവരുടെ ചുമതല അവഗണിക്കുന്നതിനെ നിങ്ങൾ—ഇവിടെയിരിക്കുന്ന നേതാക്കന്മാരും ഈ വമ്പിച്ച സദസ്സും—നിങ്ങളുടെ ചുമതല അവഗണിക്കുന്നതിനെയെന്നപോലെ അത്രയേറെ ഞാൻ ഭയപ്പെടുന്നില്ലെന്നു തുറന്നു സമ്മതിച്ചുകൊള്ളട്ടെ. ഞാനും നിങ്ങളും ഇന്നു നമ്മുടെ കടമ നിർവഹിക്കുന്നില്ലെങ്കിൽ എങ്ങനെയെങ്കിലും കാര്യങ്ങൾ ശരിപ്പെടുമെന്നു വിശ്വസിക്കുന്ന ലക്ഷോപലക്ഷം മുഹമ്മദീയരുടെ ശാപം നാം ശരിയായും അർഹിക്കും. കാര്യങ്ങൾ ശരിയായില്ലെന്നറിഞ്ഞാൽ അവരുടെ നൈരാശ്യം അഗാധമായിരിക്കും. ബ്രിട്ടീഷ്ഭരണാധികാരികൾ സമർത്ഥരാണ്. ബുദ്ധിമാന്മാരാണ്. നമ്മൾക്കു ഗൗരവമുണ്ടോ അതോ നാം കളിക്കുകയാണോ എന്നു കണ്ടെത്താൻ അവർക്കു അധികം സമയമൊന്നും വേണ്ട. അതിനാൽ ഗുരുതരമായ ഈ കാര്യത്തിൽ നിങ്ങൾക്കു ശ്രുഷ്കാന്തിയുണ്ടോ എന്നു സ്വയം ചോദിക്കുവാൻ ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു. ശ്രുഷ്കാന്തിയുണ്ടെങ്കിൽ ഇതുവരെ ഒന്നും നഷ്ടപ്പെട്ടിട്ടില്ലെന്നു ഞാൻ പറഞ്ഞതു വിശ്വസിക്കുക. നിങ്ങളുടെ കാര്യത്തിനുവേണ്ടി വാദിക്കുന്ന ആംപ്ഥിൽ പ്രഭുവിനെയും മററുംപോലുള്ള മഹാനുഭാവന്മാരോടു നാം കൃതജ്ഞരായിരിക്കണം. ആ നല്ല ഇംഗ്ളീഷ്കാരനായ മി. ആൻഡ്രൂസിൻെറ ഒരൊററ എഴുത്തേ നിങ്ങൾ കണ്ടിട്ടുള്ളൂ. നിങ്ങൾക്കുവേണ്ടി അദ്ദേഹം ചെയ്യുന്ന അശ്രാന്തപരിശ്രമങ്ങളിൽ ഏററവും ലഘുവായ ഒന്നാണതു്. പക്ഷേ, നിങ്ങൾക്കു ഇക്കാര്യത്തിൽ ഉത്സാഹമില്ലെങ്കിൽ അദ്ദേഹത്തിൻെറയും ഞാൻ പറഞ്ഞ മററു് ഇംഗ്ളിഷുകാരുടെയും പരിശ്രമങ്ങൾ വ്യർത്ഥങ്ങളായിത്തീരും. പ്രാർത്ഥനയോടുകൂടിയാണു സമ്മേളനം ആരംഭിച്ചതു്, ഒരു പ്രാത്ഥനയോടുകൂടിത്തന്നെ അതവസാനിപ്പിക്കണം. സദാ ജാഗരൂകനും, സർവ്വവ്യാപിയുമായ ഈശ്വരനെ വഞ്ചിക്കാൻ നമ്മെക്കൊണ്ടാവില്ല. നീതിമാന്മാരുടെ പ്രാർത്ഥനകളെ അദ്ദേഹം തീർച്ചയായും സഫലമാക്കും. നിങ്ങൾ നീതിയുള്ളവരാണോ? നിങ്ങൾ നിഷ്കളങ്കരാണോ? ഇതു പരീക്ഷിക്കാൻ പ്രയാസമില്ല. നിഷ്കളങ്കനും സത്യസന്ധനുമായ ഒരാൾ തൻെറ കാര്യത്തിനുവേണ്ടി തന്നെത്താൻ ബലിയർപ്പിക്കുവാൻ സന്നദ്ധനായിരിക്കും. നിങ്ങൾ ആത്മബലിയർപ്പിക്കുവാൻ സന്നദ്ധരാണോ? നിങ്ങളുടെ സുഖസൗകര്യങ്ങളും കച്ചവടവും ജീവൻപോലും ഉപേക്ഷിക്കാൻ നിങ്ങൾ സന്നദ്ധരാണോ? എന്നാൽ നിങ്ങൾ സത്യഗ്രഹികളാണ്. നിങ്ങൾ വിജയിക്കും. രഹസ്യമായ ഹിംസ

digitized by www .sreyas.in

ചിലപ്പോൾ സത്യാഗ്രഹമാവുകയില്ലേ എന്നു ഹിന്ദുക്കളും മുസൽമാന്മാരും ഇടയ്ക്ക് എന്നോടു ചോദിക്കാറുണ്ട്. ഹിംസ, രഹസ്യമായാലും അല്ലെങ്കിലും സത്യാഗ്രഹത്തിന്റെ നിഷേധമാണെന്നു ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്. ഒരു കാര്യത്തിന്റെകൂടെ പൂർണമായ ശാന്തിയും ദൃഢനിശ്ചയവുമുണ്ടെങ്കിൽ, വിജയം ഉറച്ചതാണ്; ഒരു കാര്യത്തിനുവേണ്ടി മരിക്കുകയെന്നതു മനുഷ്യധർമമാണ്, കൊല്ലൽ മൃഗധർമവും.

84

ഹിന്ദുമുസ്ലീം പ്രശ്നത്തെപ്പററി സർവസമ്മതമായ ഒരു തീരുമാനം ചെയ്യാൻ അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിററിക്കു സാധിച്ചിരിക്കുന്നുവെന്നു കോൺഗ്രസ്സ് പ്രസിഡണ്ടു കമ്പിയടിച്ചപ്പോൾ നിലവിട്ടു സന്തോഷിക്കാൻ എനിക്കു സാധിച്ചില്ല. പ്രമേയത്തിന്റെ ഉള്ളടക്കത്തെപ്പററി ആ കമ്പിയിൽ വേണ്ടത്ര പറഞ്ഞിരുന്നു. പ്രസിഡണ്ടു നന്ദിയിൽവച്ച് എന്നെ കണ്ടപ്പോൾ ഞാൻ അതിനെപ്പററി എഴുതുമോ എന്നു ചോദിച്ചു. സഹായകരമായി എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ലെന്നു ഞാൻ പറഞ്ഞു. ഇതിനുശേഷം കുറച്ചു ദിവസം കഴിഞ്ഞപ്പോൾ, ഒരു സുഹൃത്തിൽനിന്ന് എനിക്കൊരു സന്ദേശം കിട്ടി. അതിന്റെ സാരം ഇതായിരുന്നു: 'നമ്മുടെയിടയിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന തകരാറുകൾക്ക് അങ്ങാണ് ഉത്തരവാദി. ഖിലാഫത്ത് കാര്യത്തിലേക്ക് അങ്ങു ഹിന്ദുക്കളെ വലിച്ചിഴച്ചിരുന്നില്ലെങ്കിൽ ഇയ്യിടത്തെ ദാരുണസംഭവങ്ങൾ ഉണ്ടാകുമായിരുന്നില്ല. പക്ഷേ ഇപ്പോൾ, അങ്ങേക്കു മാത്രമേ ഞങ്ങളെ രക്ഷിക്കാൻ കഴിയൂ.'

ഈ സന്ദേശം തർജമ ചെയ്യുമ്പോൾ മൂലത്തിലെ പാരുഷ്യം കുറയ്ക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഹിന്ദുമുസ്ലീംമൈത്രിയെക്കുറിച്ചുള്ള എന്റെ നിലപാട് ആവർത്തിച്ചുപറയുന്നതു് ഇപ്പോൾ ആവശ്യമായിത്തീർന്നിട്ടുണ്ടെന്ന് എനിക്കു തോന്നുന്നു.

ഖിലാഫത്ത് പ്രക്ഷോഭണത്തിലെ എന്റെ പങ്കിനെപ്പററി ഞാൻ പശ്ചാത്തപിക്കുന്നില്ല. എന്റെ രാജ്യക്കാരായ മുസൽമാന്മാരോട് എനിക്കുള്ള ഒരു കടമ നിർവഹിക്കലായിരുന്നു അതു്. സങ്കടത്തിൽപ്പെട്ട സഹോദരന്മാരെ ഹിന്ദുക്കൾ സഹായിച്ചില്ലെങ്കിൽ അതൊരു തെററായേനെ. കാര്യങ്ങളുടെ ഇന്നത്തെ മട്ട് എത്രതന്നെ വിരൂപമായാലും, ഹിന്ദുക്കൾ സൗഹാർദപൂർവം ചെയ്ത ഈ കൃത്യത്തെ മുസൽമാന്മാരുടെ ഭാവിതലമുറകൾ കൃതജ്ഞതാപുരസ്സരം അനുസ്മരിക്കാതിരിക്കുകയില്ല. എന്നാൽ ഭാവി എന്തെങ്കിലുമാകട്ടെ, സൽകർമംതന്നെയാണ് സൽകർമത്തിന്റെ ഫലം എന്ന പഴമൊ

84. Young India, 16-6-1927 (Communal Unity, p. 140)

digitized by www .sreyas.in

ഴിയിൽ ഞാൻ വിശ്വസിക്കുന്നതുകൊണ്ട്, ഖിലാഫത്ത് കാര്യത്തിൽ ഞാൻ ചെയ്തതിനെ ഏതുകാലത്തും ഞാൻ നീതീകരിക്കും. അതിനാൽ ഈ സ്നേഹിതന്റെ ശകാരം ഞാൻ കേട്ടതു തികഞ്ഞ ശാന്തതയോടുകൂടിയായിരുന്നു.

## ൿ൫. ഒഴിഞ്ഞുപോകും ജനങ്ങളെ കൈമാററംചെയ്യലും

### 85

നാടുവിട്ടുപോകാമെന്നു (Hijrat) ഞാൻ അഭിപ്രായപ്പെടുകയുണ്ടായി. ആ അഭിപ്രായം ഞാൻ ആവർത്തിക്കുന്നു. അതു് അപ്രായോഗികമല്ല അതിന്റെ വില ജനങ്ങൾക്കറിയാം. ക്രമന്മാരും ശക്തന്മാരും അതു ചെയ്തതായി അറിവുണ്ട്. ആസൂത്രണത്തോടുകൂടിയ നിർഗമനത്തിനു ധൈര്യവും മുന്നാലോചനയും വേണം. പഴയ സുവിശേഷത്തിലെ രണ്ടാം പുസ്തകത്തിനു നിർഗമനം (Exodus) എന്നാണു പേർ. ഇസ്രായേല്യകാർ ആസൂത്രിതമായ രീതിയിൽ നാടുവിട്ടതിന്റെ കഥയാണതു്. വിപ്രവാസകാലത്തു് അവർ യുദ്ധമുറ പഠിച്ചു. അടുത്തകാലത്തു മർദനംനിമിത്തം ഡൗക്കൊബോർമാർ റഷ്യ വിട്ടുപോയതിന്റെ മാതൃക നമുക്കുണ്ടു്. അവരാരും സൈനികജീവിതമായിരുന്നില്ല. നേരെമറിച്ചു്, അവർ അഹിംസാനിരതരായിരുന്നു. അതിനാൽ, സ്വമേധയാ ചെയ്യുന്ന വിപ്രവാസത്തിൽ തെററോ, അവമാനമോ, ഭീരുത്വമോ കലർന്നതായി യാതൊന്നുംതന്നെയില്ല. ഇന്ത്യ വിശാലമായ ഒരു രാജ്യമാണ്. ദരിദ്രമാണെങ്കിലും അതിലെ ഒരിടത്തെ ജനങ്ങൾക്കു മറെറാരിടത്തുമാറിത്താമസിക്കാവുന്നതാണ്—വിശേഷിച്ചും അവർ പ്രാപ്തരും പ്രയത്നശീലരും സത്യസന്ധരുമാണെങ്കിൽ. സുക്കൂറിലെയും ശിഖാർപുരിയിലെയും ജനങ്ങൾക്കു് ഈ മൂന്നു ഗുണങ്ങളുമുണ്ടു്. അവർ ഗവർമെൻറിനോട്ട് അഭ്യർത്ഥിക്കണം. നിസ്സാരസഹായം നൽകാനേ ഗവർമെൻറിനു കഴിയൂ എന്നുമാത്രം. രാഷ്ട്രീയമായ സഖ്യങ്ങൾ എന്തുതന്നെയായാലും ഹിന്ദുക്കളുടേയും മുസ്ലീങ്ങളുടേയും പ്രാദേശിക തലവന്മാർ കൂടിയാലോചിക്കുന്നതുകൊണ്ടു ലാഭമേയുള്ളൂ. പരസ്പരസംഹാരവും തൽഫലമായുണ്ടാകുന്ന വിദ്വേഷവർദ്ധനയും അധികമാക്കിയതുകൊണ്ട് ആർക്കും ഒരു ഗുണവും കിട്ടാൻ പോകുന്നില്ല. എന്നാൽ മാന്യമായ ഒത്തുതീർപ്പൊന്നും ഉണ്ടാകാതിരിക്കുകയും, ഒരു ദിക്കിലെ ജനങ്ങൾക്കു തങ്ങളെത്തന്നെയും തങ്ങളുടെ കുടുംബങ്ങളേയും സ്വത്തുകളേയും അഹിംസാപരമായോ ഹിംസാപരമായോ രക്ഷിക്കുക സാദ്ധ്യമല്ലെന്നു തോന്നുകയും ചെയ്താൽ, സ്വന്തം ജീവനേയും സ്വന്തം സ്ത്രീകളുടെ മാനത്തേയും ഓർത്തു സദാ ഭയപ്പെട്ടു

85. Harijan, 1-1-1640 (Communal Unity, p. 273)

കഴിയേണ്ടിവരുന്ന ആ ദിക്കിൽനിന്നു് അവർ ഒഴിഞ്ഞുപോകണമെന്നതിൽ എനിക്കു യാതൊരു സംശയവുമില്ല.

86

ചോദ്യം: 'സിന്ധിലെ അത്യാഹിതം' എന്ന താങ്കളുടെ ലേഖനത്തിൽ സിന്ധിലെ മർദിതരായ ഹിന്ദുക്കൾക്കു് അവിടെ പാർത്താൽ തങ്ങളുടെ മാന്യതയും ആത്മാഭിമാനവും സംരക്ഷിക്കാൻ കഴികയില്ലെങ്കിൽ അവർ നാടുവിട്ടുപോകണമെന്നു താങ്കൾ ഉപദേശിച്ചിരിക്കുന്നു. അവരെവിടേയ്ക്കാണു പോകേണ്ടതു്? ശരണം പ്രാപിച്ച ദിക്കിൽ ആരാണവർക്കു ജീവിക്കാൻവേണ്ടതു കൊടുക്കുക? ഈ നിർഗമനോപായം ഹിന്ദുക്കൾക്കു മാത്രമുള്ളതാണോ എന്നുംകൂടി ഞാൻ ചോദിക്കട്ടെയോ? 'മർദന'ത്തെപ്പററി ഉച്ചൈസ്തരം ഉൽഘോഷിക്കുന്ന കോൺഗ്രസ്സ് സംസ്ഥാനങ്ങളിലെ മുസൽമാന്മാരോടു താങ്കളെന്താണു് ഇതു് ഉപദേശിക്കാത്തതു്? ഇന്നത്തെ നിലയ്ക്കു്, അവർ ന്യൂനപക്ഷമായേടത്തു് താങ്കൾ അവർക്കു കൂടുതൽ പ്രാതിനിധ്യം നൽകിയിരിക്കുന്നു, എണ്ണത്തിൽ അവർ ഭൂരിപക്ഷമുള്ള പഞ്ചാബിൽ നിയമപ്രകാരം ഭൂരിപക്ഷവും കൊടുത്തിരിക്കുന്നു.

ഉത്തരം: നാടുവിട്ടുപോകാനുള്ള എന്റെ ഉപദേശം, മർദിതരാണെന്നും ഒരു പ്രത്യേക ദിക്കിൽ ആത്മാഭിമാനത്തോടുകൂടി ജീവിക്കാൻ വയ്യെന്നും തോന്നുന്ന എല്ലാവർക്കുമായുള്ളതാണു്. തങ്ങൾ ന്യൂനപക്ഷമായ ഒരിടത്തെ മുസ്ളീങ്ങൾ യഥാർത്ഥത്തിൽ മർദിതരാണെങ്കിൽ, അവരെന്റെ ഉപദേശം നേടിയെങ്കിൽ, സിന്ധിലെ ഹിന്ദുക്കൾക്കു കൊടുത്ത അതേ ഉപദേശം അവർക്കും ഞാൻ കൊടുക്കും. എന്നാൽ പൊതുവേ പറഞ്ഞാൽ, ന്യൂനപക്ഷമാണെങ്കിലും സ്വന്തം കാര്യം നോക്കാനുള്ള കെൽപ്പു് അവർക്കുണ്ടു്. ഒരുപിടി ആളുകൾ മാത്രമാണെങ്കിലും സിന്ധിലെ ഹിന്ദുക്കൾക്കു് ആത്മരക്ഷ ചെയ്യാനുള്ള ധൈര്യമുണ്ടെങ്കിൽ, സ്ഥിരമായി താമസിക്കുന്ന സ്ഥലത്തുനിന്നു് അവർ വിട്ടുപോകരുതെന്നു ഞാനവരോടു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ആത്മാഭിമാനബോധമുള്ളവരാണെങ്കിലും അഹിംസയിൽനിന്നു ലഭിക്കുന്ന ശക്തിയോ, അടിക്കുപകരം അടി കൊടുക്കാനുള്ള കഴിവോ ഇല്ലാത്തവർക്കുള്ളതാണു് എന്റെ ഉപദേശം.

നാടുവിട്ടുപോയശേഷം അഭയാർത്ഥികൾ എന്തു ചെയ്യണമെന്ന ചോദ്യം രണ്ടാംതരം പ്രാധാന്യം മാത്രമുള്ളതാണു്. അവരിൽ കുറെ ആയിരം പേരെ ഈ വിശാലമായ രാജ്യത്തിൽ എവിടെയും താമസിപ്പിക്കാൻ കഴിയും. സിന്ധികൾ പരിശ്രമശീലരാണു്. അവർ

86. Harijan, 3-2-1940 (Communal Unity, p. 274)

digitized by www .sreyas.in

ലോകത്തിൽ സർവത്രയുണ്ട്. പരസ്യമായ അഭ്യർത്ഥനയൊന്നും ആവശ്യമായി വരുമെന്ന് എനിക്കു തോന്നുന്നില്ല. ധൈര്യത്തോടുകൂടിയും നിശ്ശബ്ദമായും വിപ്രവാസം കഴിച്ചുകൂട്ടുന്ന ലിംബ്ഡി അഭയാർത്ഥികൾ ഇപ്പോഴുമുണ്ടെന്ന് അവർ അറിഞ്ഞിരിക്കട്ടെ. നിശിതമായ അഭിമാനബോധം ഏതു ദുഃഖത്തേയും ആനന്ദമാക്കി മാററുന്നു. ഒരുപക്ഷേ, നാടുവിട്ടുപോകൽ വേണ്ടിവന്നില്ലെന്നു വരാം. മുസ്ലീം നേതാക്കന്മാർ അവരുടെ ചുമതല മനസ്സിലാക്കുന്നതിന്റേയും ഹിന്ദുക്കളിൽ രക്ഷാബോധം ഉളവാക്കാൻവേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന്റേയും ലക്ഷണങ്ങൾ കാണുന്നുണ്ട്. ഇതു സംഭവിക്കുമെങ്കിൽ, വേണ്ടതു ചെയ്യുവെന്നു പറയാം.

87

'ജനങ്ങളെ ഒത്തുമാററം ചെയ്യൽ ആലോചിക്കാൻ വയ്യാത്തതും അപ്രായോഗികവുമാണ്' എന്നു തന്റെയൊന്നിച്ചു ശ്രീരാംപുരിയിൽ താമസിച്ചിരുന്ന പത്രലേഖകന്മാരുടെ ചോദ്യത്തിനുത്തരമായി ഗാന്ധിജി പറഞ്ഞു.

'ആ വിചാരം എന്റെ മനസ്സിലൂടെ കടന്നുപോയിട്ടേ ഇല്ല' എന്നദ്ദേഹം പറഞ്ഞു. 'ഓരോ സംസ്ഥാനത്തിലും ഓരോരുത്തനും ഇന്ത്യാക്കാരനാണ്—അയാൾ ഹിന്ദുവായാലും മുസ്ളീമായാലും മററാരായാലും. പാക്കിസ്ഥാൻ പൂർണമായി വന്നാലും സ്ഥിതി മറിച്ചാവുകയില്ല,' അദ്ദേഹം തുടർന്നു.

'എന്റെ അഭിപ്രായത്തിൽ ജനങ്ങളെ ഒത്തുമാററം ചെയ്യൽ ഇന്ത്യയുടെ വിവേകത്തിന്റെ, അഥവാ രാജ്യതന്ത്രജ്ഞതയുടെ അഥവാ രണ്ടിന്റേയും കലാശത്തെയായിരിക്കും കുറിക്കുന്നതു്. ഇത്തരം ഏതു നടപടിയുടേയും യുക്തിയുക്തമായ ഫലം ആലോചിക്കാൻ വയ്യാത്തവണ്ണം അത്ര ഭയാനകമാണ്. ഇന്ത്യ നിരവധി മതമേഖലകളായി വിഭജിക്കപ്പെടേണ്ടതായി വരില്ലേ?' അദ്ദേഹം ചോദിച്ചു.

ഇന്നത്തെ അനിശ്ചിതാവസ്ഥ നിമിത്തം ജനങ്ങൾ ഒഴിഞ്ഞുപോവുകയെന്ന ഒരു നയം സ്വീകരിക്കുന്നതല്ലേ അധികം നല്ലതു് എന്നു ചോദിച്ചപ്പോൾ ഗാന്ധിജി പറഞ്ഞു: 'ഇത്തരം ഒരു നയം ആവശ്യമായിത്തീരത്തക്ക യാതൊന്നും ഞാൻ കാണുന്നില്ല. അതു നിരാശയുടെ നയമാണ്; തന്നിമിത്തം, അപൂർവഘട്ടങ്ങളിൽ അവസാനക്കൈയെന്ന നിലിൽ മാത്രമേ അതു സ്വീകരിക്കാവൂ.

88

ചോദ്യം: ലീഗ് ഗവർമെന്റു് അഥവാ ഭൂരിപക്ഷസമുദായം നഷ്ടപരിഹാരം നൽകാമെന്നേററാൽ, ലഹളസ്ഥലങ്ങളിൽനിന്നു ഹിന്ദുക്കൾ ഒഴിഞ്ഞുപോരുന്നതിനെ താങ്കൾ അനുകൂലിക്കുന്നുണ്ടോ?

87. Harijan, 19-1-1947 (Communal Unity, p. 483)
88. Harijan, 16-3-1947 (Communal Unity, p. 538)

digitized by www .sreyas.in

ഉത്തരം: അദ്ദേഹം ഈ അഭിപ്രായത്തെ അനുകൂലിച്ചതു് അഹിംസയെ ആസ്പദമാക്കിയാണു്. ഭൂരിപക്ഷം ഹിന്ദുവായാലും മുസ്ളീമായാലും, എല്ലാ സംസ്ഥാനങ്ങൾക്കും ഇതു ബാധകമാണു്. ന്യൂനപക്ഷത്തിന്റെ സാന്നിദ്ധ്യത്തെ പൊറുപ്പിക്കാത്തവിധം ഭൂരിപക്ഷം ശത്രുതയുള്ളതായാൽ ഗവർമെന്റിനു് എന്താണു ചെയ്യാൻ കഴിയുക? തന്റെ അഭിപ്രായത്തിൽ അവർ ഭൂരിപക്ഷത്തെ മുട്ടുകുത്തിക്കുന്നതു് അനുചിതമായിരിക്കും. തോക്കുകൊണ്ടു ന്യൂനപക്ഷത്തെ രക്ഷിക്കാമെന്നു് അവക്കു് ഏൽക്കാനും തരമില്ല. ഉദാഹരണത്തിനു്, രാമധുൻ പാടുന്നതിനേയോ കൈകൊട്ടി താളംപിടിക്കുന്നതിനെയോ ഭൂരിപക്ഷം പൊറുക്കുകയില്ലെന്നു വിചാരിക്കുക; അല്ലെങ്കിൽ രാമനൊരു മനുഷ്യനല്ലെന്നും ഈശ്വരനാമമാണെന്നും പറഞ്ഞാൽ വിശ്വസിക്കുകയില്ലെന്നു വിചാരിക്കുക: ഹിന്ദുക്കൾക്ക താളം പിടിച്ചേ കഴിയൂവെന്നും മുസ്ളീങ്ങൾ അതു സമ്മതിക്കുകയില്ലെന്നും വിചാരിക്കുക; എന്നാൽ നഷ്ടപരിഹാരം കിട്ടിയാൽ ന്യൂനപക്ഷം ഒഴിഞ്ഞുപോകണമെന്നു പറയാൻ അദ്ദേഹത്തിനു തെല്ലും മടിയില്ല.

## 89

സിന്ധിലെ ഹിന്ദുക്കളുടെ നിലയെപ്പററി ഗാന്ധിജി തക്കസമയത്തു നൽകിയ വിശദീകരണം ഭാവിയെ ധൈര്യത്തോടും സ്ഥിരതയോടുംകൂടി നേരിടുവാൻ അവരെ ശക്തരാക്കിയിരിക്കുന്നു. വിഭജനം ഉണ്ടാവുകയാണെങ്കിൽ, സിന്ധിലെ ഹിന്ദുക്കൾ ഒഴിഞ്ഞുപോരണമെന്ന ഉപദേശത്തെവിശദീകരിക്കാൻ ആവശ്യപ്പെട്ടപ്പോൾ തന്നെ ന്യൂഡൽഹിയിൽവച്ചു കണ്ട ഭായ് പ്രതാൻ ദയാൽദാസിനോടു ഗാന്ധിജി ഇപ്രകാരം പറഞ്ഞു:

'നിങ്ങൾ മരണംവരെ സധൈര്യമെങ്കിലും ഹിംസ കൂടാതെ ക്ളേശങ്ങൾ സഹിക്കണമെന്നാണു് ഞാൻ പറഞ്ഞതു്. പക്ഷേ, നിങ്ങൾക്കതു ചെയ്യാൻ വയ്യെങ്കിൽ, അഭിമാനം,സ്ത്രീകൾ,മതം ഇവയുൾപ്പെടെ നിങ്ങളുടെ സർവസ്വവും മാനംകെട്ട നിലയിൽ അടിയറവയ്ക്കണമെന്നുവരികയാണെങ്കിൽ, നിങ്ങൾക്ക സ്വീകരിക്കാവുന്ന രക്ഷയുള്ളതും ഉചിതവുമായ ഒരൊററവഴി ഒഴിഞ്ഞുപോരലാണു്—ഒററയ്ക്കല്ല. ഹിന്ദുക്കളും അമുസ്ലീങ്ങളുമെല്ലാം ഒന്നിച്ചു്.'

ഇന്ത്യയെ വിഭജിച്ചാൽ സിന്ധിലെ ന്യൂനപക്ഷങ്ങളുടെ സ്ഥിതിയെന്തായിരിക്കുമെന്നു പിന്നെയും ചോദിച്ചപ്പോൾ ഗാന്ധിജി പറഞ്ഞു:

'ഈ ചോദ്യം കോൺസ്റ്റിററുവെൻറു് അസംബ്ളിയിൽ ചർച്ച ചെയ്തു തീരുമാനിക്കേണ്ടതാണു്. എങ്കിലും മനുഷ്യസാധ്യമായ

89. Harijan, 25-5-1927 (Communal Unity, p. 616)

digitized by www .sreyas.in

എല്ലാ രക്ഷകൾക്കും വ്യവസ്ഥകളുണ്ടാക്കുന്നതാണെന്നു് എനിക്കുറപ്പുണ്ടു്. നിങ്ങൾ ബലഹീനരാകരുതു്.'

## 90

എൻെറ ഉപദേശം കണിശവും ദൃഢവുമാണു്. അതിൻെറ യുക്തിയുക്തത സ്പഷ്ടമത്രേ; തെററു ചെയ്യുന്നവരിൽനിന്നു്, അവരെത്ര നന്നായി ആയുധം ധരിച്ചവരാണെങ്കിലും ഓരോ പൗരനെയും ഗവർമെൻറു രക്ഷിക്കുമെന്നു വിശ്വസിക്കുക. സ്വത്തുക്കൾ അപഹരിക്കപ്പെട്ട ഓരോ ന്യൂനപക്ഷത്തിനും നഷ്ടപരിഹാരം ചോദിക്കാനും കിട്ടാനും വേണ്ടതു് അതു ചെയ്യുമെന്നും വിശ്വസിക്കുക. മരിച്ചവരെ ജീവിപ്പിക്കുകയെന്നതു മാത്രമാണു് രണ്ടു ഗവർമെൻറിനും ചെയ്യാൻ സാധിക്കാത്തതു്. പാക്കിസ്ഥാൻ ഗവർമെൻറിൽനിന്നു നീതി ആവശ്യപ്പെടുന്നതിനെ ഡൽഹിയിലെ ജനങ്ങൾ ദുഷ്കരമാക്കിത്തീർക്കു. നീതി ചോദിക്കുന്നവർ നീതി ചെയ്യണം. അവരുടെ കൈകൾ ശുദ്ധമായിരിക്കണം. ഹിന്ദുക്കളും സിക്കുകാരും ചെയ്യേണ്ടതു് ചെയ്യുകയും അവർ ആട്ടിയോടിച്ച മുസ്ലീങ്ങളെ മടങ്ങിവരാൻ ക്ഷണിക്കുകയും ചെയ്യട്ടെ. ഏതു നിലയ്ക്കു നോക്കിയാലും ഭൂഷണമായ ഈ ധീരകൃത്യം അവർ ചെയ്യുമെങ്കിൽ, അഭയാർത്ഥിപ്രശ്നം ഏററവും സരളമായിത്തീരും. പാക്കിസ്ഥാൻ, അല്ല, ലോകം മുഴുവനും അവരെ ബഹുമാനിക്കും. അവർ ഡൽഹിയെയും ഇന്ത്യയെയും അകീർത്തിയിൽനിന്നും നാശത്തിൽനിന്നും രക്ഷിക്കും; കോടാനുകോടി ഹിന്ദുക്കളെയും സിക്കുകാരെയും മുസ്ലീങ്ങളെയും ഒത്തുമാററംചെയ്യൽ എനിക്കു് ആലോചിക്കാൻ വയ്യാത്ത കാര്യമാണു്. അതു തെററാണു്. ഉറച്ചുനിന്നു് ജനങ്ങളെ കൈമാററം ചെയ്യാതിരുന്നാൽ ആ ശരിയായ നടപടികൊണ്ടു് പാക്കിസ്ഥാൻെറ തെററു് തിരുത്തപ്പെടും. ഇതിനനുകൂലമായി ഞാനെങ്കിലും ഒററയ്ക്കുനിന്നു വാദിക്കുമെന്നു ഞാനാശിക്കുന്നു.

# ആർ. വിഭജനം

## 91

ഇന്ത്യ എന്തുകൊണ്ടു് ഒരു രാഷ്ട്രമല്ല? മുഗൾവാഴ്ചക്കാലത്തു് അതൊരു രാഷ്ട്രമായിരുന്നില്ലേ? ഇന്ത്യ രണ്ടു രാഷ്ട്രങ്ങൾ ചേർന്നതാണോ? അങ്ങനെയാണെങ്കിൽ എന്തുകൊണ്ടു് രണ്ടുമാത്രം? ക്രിസ്ത്യാനികൾ മൂന്നാമതൊന്നും, പാഴ്സികൾ നാലാമതൊന്നുമല്ലേ? അങ്ങനെ പലതുമല്ലേ? ചൈനയിലെ മുസ്ളീങ്ങൾ മററു ചൈന

---

90. Harijan, 28-9-1947 (Communal Unity, p. 769)
91. Haijan, 28-10-1939 (Communal Unity, p, 236)

digitized by www .sreyas.in

ക്കാരിൽനിന്നു വേറിട്ട ഒരു രാഷ്ട്രമാണോ? ഇംഗ്ളണ്ടിലെ മുസ്ലീങ്ങൾ മററിംഗ്ളീഷുകാരിൽനിന്നു വ്യതസ്തമായ ഒരു രാഷ്ട്രമാണോ? പഞ്ചാബിലെ മുസ്ളീങ്ങൾ അവിടത്തെ ഹിന്ദുക്കളിൽനിന്നും സിക്കുകാരിൽനിന്നും വ്യത്യസ്തരാകുന്നതെങ്ങനെ? ഒരേ വെള്ളം കുടിക്കുകയും ഒരേ വായു ശ്വസിക്കുകയും ഒരേ മണ്ണിൽനിന്നു ഭക്ഷണം സ്വീകരിക്കുകയും ചെയ്യുന്ന പഞ്ചാബികളല്ലേ അവരെല്ലാം? അവർക്കു താന്താങ്ങളുടെ മതാനുഷ്ഠാനങ്ങൾ നടത്താൻ എന്താണു തടസ്സം? ലോകത്തിൽ എല്ലായിടത്തും മുസ്ളീങ്ങൾ ഒരു പ്രത്യേക രാഷ്ട്രമാണോ? അതോ ഇന്ത്യയിലെ മുസ്ലീങ്ങൾമാത്രം മററുള്ളവരിൽനിന്നു ഭിന്നമായ ഒരു പ്രത്യേക രാഷ്ട്രമായിരുന്നാൽ മതിയോ? ഇന്ത്യയെ മുസ്ളീമും അമുസ്ളീമുമായ രണ്ടു ഖണ്ഡങ്ങളായി ഭേദിക്കണമോ? ഹിന്ദുഭൂരിപക്ഷമുള്ള ഗ്രാമങ്ങളിൽ താമസിക്കുന്ന ഒരു പിടി മുസ്ളീങ്ങളുടെയും, മുസ്ളീം ഭൂരിപക്ഷമുള്ളേടത്ത്—അതിർത്തിയിലും സിന്ധിലുമെന്നപോലെ—താമസിക്കുന്ന ഒരുപിടി ഹിന്ദുക്കളുടെയും കഥ എന്താവും? ലേഖകൻ സൂചിപ്പിച്ച വഴി കലഹത്തിന്റെ വഴിയാണ്. ജീവിക്കുക, ജീവിക്കാനനുവദിക്കുക, അഥവാ പരസ്പരം ക്ഷമയും സഹിഷ്ണുതയും കാണിക്കുക. ഇതാണ് ജീവിത ധർമം. ഖുറാനിൽനിന്നും ബൈബിളിൽനിന്നും സെണ്ട്അവസ്ഥയിൽനിന്നും ഗീതയിൽനിന്നും ഞാൻ പഠിച്ച പാഠം അതാണ്.

## 92

രാഷ്ട്രങ്ങളെപ്പററി ഈ ലേഖകൻ പറഞ്ഞ അഭിപ്രായം നടുക്കമുണ്ടാക്കുന്ന ഒന്നാണ്. ഇന്ത്യയിലെ മുസ്ളീങ്ങൾ ഒരു പ്രത്യേക രാഷ്ട്രമാണെന്നു വാദിക്കാൻ കാരണങ്ങളുണ്ടാകാം. എങ്കിലും ലോകത്തിൽ എത്ര മതങ്ങളുണ്ടോ അത്ര രാഷ്ട്രങ്ങളുമുണ്ടെന്ന് ഞാനിതുവരെ കേട്ടിട്ടില്ല. അങ്ങനെയാണെങ്കിൽ ഒരാൾ തന്റെ മതം മാററിയാൽ തന്റെ രാഷ്ട്രം മാററിയെന്നർത്ഥമാകും. എന്റെ ലേഖകന്റെ അഭിപ്രായപ്രകാരം ഇംഗ്ലീഷുകാരും ഈജിപ്റ്റ്കാരും അമേരിക്കക്കാരും ജപ്പാൻകാരും മററും രാഷ്ട്രങ്ങളല്ല; എന്നാൽ, മുസ്ലീങ്ങളും പാഴ്സികളും സിക്കുകാരും ഹിന്ദുക്കളും ക്രിസ്ത്യാനികളും എവിടെ പിറന്നാലും വ്യത്യസ്ത രാഷ്ട്രങ്ങളാണ്. രാഷ്ട്രങ്ങൾ മതങ്ങളെ അടിസ്ഥാനമാക്കി വിഭജിക്കപ്പെട്ടിരിക്കുകയാണ്, അഥവാ വിഭജിക്കപ്പെടണം എന്ന് എന്റെ ലേഖകൻ പറയുമ്പോൾ അദ്ദേഹത്തിന്റെ വാദം വളരെ ദുർബലമാണെന്ന് എനിക്കു തോന്നിപ്പോകുന്നു. നിലനിൽക്കാത്ത ഒരു വാദം തെളിയിക്കാനുള്ള ഉത്സാഹത്തിൽ അദ്ദേഹം ഹാജരാക്കിയ തെളിവ് അധികത്തെളിവായിപ്പോയി.

മുസ്ളീംരാജവംശങ്ങൾ ഇന്ത്യയെ രണ്ടു രാഷ്ട്രങ്ങളായി വിഭജിച്ചുവെന്നു പറയുന്നതിനെ നിഷേധിക്കാതെ തരമില്ല.

92. Harijan, 11-11-1939 (Communal Unity, p. 263)

digitized by www .sreyas.in

അക്ബറുടെ ഉദാഹരണം അപ്രസക്തമാണ്. മതങ്ങളെ സംയോജിപ്പിക്കുവാനാണ് അദ്ദേഹം ശ്രമിച്ചുനോക്കിയതു്. അതു് സാക്ഷാൽക്കരിക്കപ്പെടാത്ത ഒരു സ്വപ്നമായിരുന്നു. മററു മുസ്ലീം ചക്രവർത്തിമാരും രാജാക്കന്മാരുമാകട്ടെ, ഇന്ത്യയെ അവിഭാജ്യമായ ഒരു രാഷ്ട്രമായിട്ടാണ് കരുതിയതു്. ഇങ്ങനെയാണ് കുട്ടിക്കാലത്തു് ഞാൻ ചരിത്രത്തിൽ പഠിച്ചതു്.

ഹിന്ദുക്കളും മുസ്ലീങ്ങളും മററുമായ നമുക്കു ജനകീയഭരണം വളർത്തിക്കൊണ്ടുവരണമെന്നുണ്ടെങ്കിൽ ഏററവും വിപുലമായ വോട്ടവകാശപ്രകാരം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ മുഖേന മാത്രമേ അതു സാധിക്കൂ; അതും ഒന്നുകിൽ ബ്രിട്ടീഷ് സൗമനസ്യംകൊണ്ട്, അല്ലെങ്കിൽ എതിർപ്പിനെ വകവെക്കാതെ ചെയ്യണം. ബ്രിട്ടീഷ് ഗവർമെൻറിനുവേണ്ടിച്ചെയ്ത പ്രഖ്യാപനത്തിൽ ബ്രിട്ടീഷ് സൗമനസ്യത്തിൻെറ യാതൊരു സൂചനയുമില്ല, ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്നും കരുത്തുള്ളതാണ്. സർ സാമുവൽ ഹോർ മറിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും. അതു് അവസാനശ്വാസവുംകൂടി വലിച്ചേ ചാകൂ. ഇന്ത്യയെ ഛേദിക്കണമെന്ന നിർദേശം സാമ്രാജ്യവളർച്ചയിലേക്കുള്ള ഒരു സംഭാവനയാണ്. എന്തുകൊണ്ടെന്നാൽ ബ്രിട്ടീഷ് തോക്കുകൊണ്ടോ ഭയങ്കരമായ ആഭ്യന്തരസമരംകൊണ്ടോ മാത്രമേ വിച്ഛേദനം സാധിക്കൂ. ഈ രണ്ടു കളിയിലും കോൺഗ്രസ്സ് പങ്കുകൊള്ളുകയില്ലെന്ന് ഞാനാശിക്കുന്നു. ഇന്ത്യയെ സംബന്ധിച്ചുള്ള ബ്രിട്ടൻെറ യുദ്ധോദ്ദേശ്യങ്ങൾ ബ്രിട്ടീഷുകാർ പ്രഖ്യാപിക്കാതിരുന്നതു് ഉർവശീശാപം ഉപകാരം എന്നു പറഞ്ഞതുപോലെയായിട്ടുണ്ട്. ഇന്ത്യയെ ഛേദിച്ചു ബ്രിട്ടീഷ്നുകം ഇവിടെ നിലനിർത്തണമോ അഥവാ അവിഭക്തഭാരതത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതണമോ എന്ന്, എട്ടു സംസ്ഥാനങ്ങളിലെ കോൺഗ്രസ്സ്ഭരണത്തിൻേറതായ തടസ്സംകൂടാതെ, യഥേഷ്ടം തീരുമാനിക്കാൻ മുസ്ലീം ലീഗിനു കഴിവുണ്ടാക്കുന്നതിനുവേണ്ടി അതു കോൺഗ്രസ്സിനെ വഴിയിൽനിന്നു മാററിനിർത്തിയിരിക്കുന്നു. ഇന്ത്യയെ വെട്ടിമുറിക്കാൻ ലീഗ് ആഗ്രഹിക്കുന്നില്ലെന്നു ഞാനാശിക്കുന്നു. ഇന്ത്യയിലെ വളരെയധികം മുസ്ലീങ്ങളുടെ അഭിപ്രായത്തെ എൻെറ ലേഖകൻ പ്രതിനിധാനംചെയ്യുന്നില്ലെന്നു ഞാനാശിക്കുന്നു. ജനാബ് ജിന്നാസാഹിബും പണ്ഡിത ജവഹർലാൽ നെഹ്റുവും തമ്മിലുള്ള സംഭാഷണങ്ങൾ അടുത്താരംഭിക്കും. സാമുദായിക കുഴപ്പത്തിൻെറ ശാശ്വതപരിഹാരത്തിനുള്ള അടിസ്ഥാനം ഉളവാകുകയായിരിക്കും അതിൻെറ ഫലമെന്ന് നമുക്കാശിക്കുക.

## 93

മതങ്ങളുടെ എണ്ണമനുസരിച്ചു രാഷ്ട്രങ്ങളുള്ള ഒരു വൻകരയാണ് ഇന്ത്യയെന്ന മി. ജിന്നയുടെ അഭിപ്രായം അരനൂററാണ്ടിലേറെ

93. Harijan, 27-1-1940 (Communal Unity, p. 258)

digitized by www .sreyas.in

കാലമായി കോൺഗ്രസ് ചെയ്തുകൊണ്ടിരുന്ന പരിശ്രമങ്ങളെ നിഷ്ഫലമാക്കും. പക്ഷേ, കായിദ്—ഇ—ആസാം ജിന്നയുടെ അഭിപ്രായം മുസ്ളീംലീഗിന്റെ ചരിത്രത്തിലെ ഒരു താത്ക്കാലിക ഘട്ടംമാത്രമാണെന്നു ഞാനാശിക്കുന്നു. വ്യത്യസ്ത സംസ്ഥാനങ്ങളിലെ മുസ്ളീങ്ങൾക്കു് അവരുടെ ഹിന്ദുസഹോദരന്മാരിൽനിന്നോ ക്രിസ്ത്യൻസഹോദരന്മാരിൽനിന്നോ വേറിട്ടുനില്ക്കുക സാദ്ധ്യമല്ല. മുസ്ളീങ്ങളും ക്രിസ്ത്യാനികളും രണ്ടുപേരും ഹിന്ദുമതത്തിൽ നിന്നു മതം മാറിയവരാണു്, അഥവാ മതം മാറിയവരുടെ സന്തതികളാണു്. മതംമാറിയതുകൊണ്ടു് അവർ അവരുടെ സംസ്ഥാനങ്ങളിൽപ്പെട്ടവരല്ലാതാകുന്നില്ല. ഇസ്ളാമിലേക്കു മതം മാറിയ ഇംഗ്ലീഷുകാർ അവരുടെ രാഷ്ട്രം മാറിയതായി വിചാരിക്കുന്നില്ല. തന്റെ സഹപ്രവർത്തകരുടെപോലും സുചിന്തിതാഭിപ്രായത്തെ കായിദ്—ഇ—ആസാം ജിന്ന പ്രതിനിധാനംചെയ്യുന്നില്ലെന്നു ഞാനാശിക്കുന്നു.

## 94

എങ്കിലും ശരിക്കു തീരുമാനത്തിന്റെ ഘട്ടത്തിലെത്തുമ്പോൾ വിച്ഛേദനം വേണമെന്നു് മുസ്ളീങ്ങൾ ആവശ്യപ്പെടുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. അവരുടെ സൽബുദ്ധി അതു തടയും, വിഭജനത്തിന്റെ അർത്ഥമായ വ്യക്തമായ ആത്മഹത്യയെ അവരുടെ മതം വിലക്കും. ദ്വിരാഷ്ട്രവാദം ഒരസത്യമാണു്, ഇന്ത്യയിലെ മുസ്ളീങ്ങളിൽ ഭൂരിപക്ഷവും ഇസ്ളാമിലേക്കു മതം മാറിയവരാണു്, അല്ലെങ്കിൽ അവരുടെ സന്തതികളാണു്. മതം മാറിയതുകൊണ്ടു് അവർ പ്രത്യേക രാഷ്ട്രമായില്ല. ഒരു ബങ്കാളി ഹിന്ദു സംസാരിക്കുന്ന അതേ ഭാഷ തന്നെയാണു് ബങ്കാളി മുസ്ളീമും സംസാരിക്കുന്നതു്, അയാൾ അതേ ഭക്ഷണം കഴിക്കുന്നു, തന്റെ ഹിന്ദു അയൽവാസിയുടെ വിനോദങ്ങൾതന്നെയാണു് അയാളുടേതും. അവർ ഒരുപോലെ വസ്ത്രധാരണം ചെയ്യുന്നു. ബാഹ്യചിഹ്നങ്ങൾകൊണ്ടു് ഒരു ബങ്കാളി ഹിന്ദുവിനെയും ബങ്കാളി മുസ്ളീമിനെയും തിരിച്ചറിയാൻ എനിക്കു വിഷമം തോന്നിയിട്ടുണ്ടു്. ദക്ഷിണേന്ത്യയിലെ ദരിദ്രരുടെ ഇടയിലും—ഇന്ത്യ ദരിദ്രജനതയുടേതാണല്ലോ—ഇതേ സ്ഥിതിവിശേഷം കാണാവുന്നതാണു്. പരേതനായ ശ്രീ അലി ഇമാമിനെ ഞാൻ ആദ്യമായി കണ്ടപ്പോൾ അദ്ദേഹം ഹിന്ദുവല്ലെന്നു് എനിക്കു തോന്നിയില്ല. അദ്ദേഹത്തിന്റെ സംഭാഷണവും ഉടുപ്പും നടപടിയും ഭക്ഷണവുമൊക്കെ തന്റെ ചുററുപാടുമുള്ള ഭൂരിപക്ഷം ഹിന്ദുക്കളുടേതുപോലെതന്നെയായിരുന്നു. പേർ പറഞ്ഞപ്പോൾ മാത്രമാണു കാര്യം വെളിപ്പെട്ടതു്. കായിദ്—ഇ—ആസാം ജിന്നയെപ്പററി ഇതുപോലും പറയാൻ വയ്യ. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ പേർ ഏതു ഹിന്ദുവിന്റെയും പേരാ

---

94. Harijan, 6–4–1940 (Communal Unity, pp. 294–295)

digitized by www .sreyas.in

കാവുന്നതാണ്. ഞാൻ ആദ്യം അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹം മുസ്ളീമാണെന്നു ധരിച്ചില്ല. മുഴവൻ പേരറിഞ്ഞപ്പോഴാണ് അദ്ദേഹം മുസ്ളീമാണെന്ന് എനിക്കു മനസ്സിലായത്. അദ്ദേഹം ഇന്ത്യക്കാരനാണെന്ന് അദ്ദേഹത്തിന്റെ മുഖവും നടപടിയും കണ്ടാൽ അറിയാമായിരുന്നു. പരേതനായ വിതൽഭായ് പട്ടേലിനു നീണ്ട താടിയും തലയിൽ തുക്കിത്തൊപ്പിയും ഉണ്ടായിരുന്നതുകൊണ്ട്, കുറെ മാസക്കാലമില്ലെങ്കിൽ കുറെ ദിവസമെങ്കിലും അദ്ദേഹം മുസ്ലീമാണെന്നാണ് ഞാൻ വിചാരിച്ചിരുന്നതെന്നറിഞ്ഞാൽ വായനക്കാർക്ക് ആശ്ചര്യം തോന്നും. ഹിന്ദുക്കളുടെ പിൻതുടർച്ചാവകാശം പല മുസ്ളീംവിഭാഗങ്ങളും സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഹിന്ദുക്കളും മുസ്ളീങ്ങളും രണ്ടു രാഷ്ട്രങ്ങളല്ല; ഈശ്വരൻ ഒന്നാക്കിയിട്ടുള്ളവരെ രണ്ടാക്കാൻ ഒരിക്കലും മനുഷ്യനെക്കൊണ്ടാവില്ല.

പിന്നെ കായിദ്-ഇ-ആസാം പറയുന്നതുപോലെ ഇസ്ലാം അത്രയേറെ ഒററപ്പെട്ടു നിൽക്കുന്ന ഒരു മതമാണോ? ഇസ്ളാമിനും ഹിന്ദുമതത്തിനും തമ്മിൽ——അഥവാ മറേറതെങ്കിലും മതത്തിനും തമ്മിൽ——പൊതുവേയുള്ള യാതൊന്നും തന്നെയില്ലേ? അതോ ഇസ്ളാം ഹിന്ദുമതത്തിന്റെ ശത്രു മാത്രമാണോ? അലിസഹോദരന്മാരും അവരുടെ കൂട്ടുകാരും ഹിന്ദുക്കളെ കെട്ടിപ്പുണരുകയും, രണ്ടു കൂട്ടർക്കും തമ്മിൽ പൊതുവിൽ പലതുമുണ്ടെന്നു കാണുകയും ചെയ്തത് തെററായിരുന്നുവോ? മുസ്ളീം സുഹൃത്തുക്കൾക്കു മോഹഭംഗം വരുത്തിയിട്ടുണ്ടായേക്കാവുന്ന ഹിന്ദുവ്യക്തികളെപ്പററിയല്ല ഞാൻ പറയുന്നത്. കായിദ്-ഇ-ആസാം ഒരു മൗലികപ്രശ്നം ഉന്നയിച്ചിരിക്കുന്നു. ഇതാണദ്ദേഹത്തിന്റെ വാദം:

'ഇസ്ളാമിന്റെയും ഹിന്ദുമതത്തിന്റെയും യഥാർത്ഥ സ്വഭാവം മനസ്സിലാക്കാൻ എന്തുകൊണ്ട് ഹിന്ദുസുഹൃത്തുക്കൾക്കു സാധിക്കുന്നില്ലെന്നതു് അത്യന്തം ദുർഗ്രഹമാണ്. അവ കണിശമായ അർത്ഥത്തിൽ മതങ്ങളല്ല, യഥാർത്ഥത്തിൽ വ്യത്യസ്തങ്ങളും വിഭിന്നങ്ങളുമായ സാമൂഹ്യവ്യവസ്ഥകളാണ്. ഹിന്ദുക്കൾക്കും മുസ്ളീങ്ങൾക്കും പൊതുവായ ഒരു രാഷ്ട്രം എന്നെങ്കിലും വളർത്തിക്കൊണ്ടുവരാമെന്ന വിചാരം വെറും സ്വപ്നമാണ്. ഇന്ത്യ ഏകരാഷ്ട്രമാണെന്ന അബദ്ധധാരണ അതിർകടന്നതായിരിക്കുന്നു; നമ്മുടെ മിക്ക കഴപ്പങ്ങൾക്കും ഇതാണു കാരണം; നമ്മുടെ ഈ ധാരണകൾ നാം തക്കസമയത്തു ശരിപ്പെടുത്താതിരുന്നാൽ, ഇന്ത്യയെ അവ നാശത്തിലേക്കു നയിക്കും.

ഹിന്ദുക്കൾക്കും മുസ്ളീങ്ങൾക്കും മതപരമായി വ്യത്യസ്തങ്ങളായ രണ്ടു ദർശനങ്ങളും സാമൂഹ്യവിചാരങ്ങളും സാഹിത്യങ്ങളുമുണ്ട്. അവർ പരസ്പരം മിശ്രവിവാഹമോ മിശ്രഭോജനമോ നടത്താറില്ല. പരസ്പരവിരുദ്ധങ്ങളായ ആശയങ്ങളിന്മേലും സങ്കല്പങ്ങളിന്മേലും അധിഷ്ഠിതമായ രണ്ടു വ്യത്യസ്ത പരിഷ്കാരങ്ങളിൽ

പെട്ടവരാണവർ. അവരുടെ ജീവിതവീക്ഷണങ്ങൾ വ്യതിരിക്തങ്ങളാണ്. ചരിത്രത്തിന്റെ വ്യത്യസ്തോൽഭവസ്ഥാനങ്ങളിൽനിന്നാണ് ഹിന്ദുക്കളും മുസ്ലീങ്ങളും ആവേശം ഉൾക്കൊള്ളുന്നതെന്നു സ്പഷ്ടമത്രേ. അവരുടെ ഇതിഹാസങ്ങൾ വ്യത്യസ്തങ്ങളാണ്, അവരുടെ വീരപുരുഷന്മാർ വ്യത്യസ്തരാണ്. വ്യത്യസ്തങ്ങളായ പുരാണകഥകളാണ് അവർക്കുള്ളതു്. പലപ്പോഴും ഇവയിൽ ഒന്നിലെ വീരപുരുഷൻ മറേറതിന്റെ ശത്രുവാണ്. ഇതുപോലെതന്നെ അവരുടെ വിജയപരാജയങ്ങളും മേൽക്കുമേൽ കയറിനിൽക്കുന്നു. ഇത്തരം രണ്ടു രാഷ്ട്രങ്ങളെ, ഒന്നിനെ എണ്ണംകൊണ്ടു ന്യൂനപക്ഷമെന്ന നിലയ്ക്കും മറേറതിനെ ഭൂരിപക്ഷമെന്ന നിലയ്ക്കും; ഒരേ സ്റ്റേററിന്റെ കീഴിൽ നുകം കൊളുത്തിവിട്ടാൽ വളർന്നുവരുന്ന അസംതൃപ്തിക്കും അത്തരമൊരു സ്റ്റേററിന്റെ ഭരണത്തിനായി നിർമ്മിക്കപ്പെടുന്ന ഏതു ഘടനയുടെയും വിനാശത്തിനും അതു കാരണമാകാതിരിക്കുകയില്ല.'

ചില ഹിന്ദുക്കൾ മോശക്കാരാണെന്നു് അദ്ദേഹം പറയുന്നില്ല; ഹിന്ദുക്കൾക്കു ഹിന്ദുക്കളെന്ന നിലയിൽ മുസ്ലീങ്ങളുമായി യാതൊരു പൊരുത്തവുമില്ല. അദ്ദേഹവും അദ്ദേഹത്തെപ്പോലെ വിചാരിക്കുന്നവരും ഇസ്ലാമിനു് നന്മയല്ല ചെയ്യുന്നതെന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു. ഇസ്ലാം എന്ന ശബ്ദത്തിന്റെ സഹജമായ സന്ദേശത്തെ അവർ ദുർവ്യാഖ്യാനം ചെയ്യുകയാണ്. മുസ്ലീംലീഗിന്റെ പേരിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന സംഗതികളെക്കുറിച്ചു് എനിക്കു കഠിനമായ വേദന തോന്നുന്നതുകൊണ്ടാണ് ഞാനിതു പറയുന്നതു്. ഇന്ത്യയിലെ മുസ്ലീങ്ങൾക്കെതിരായി ഇന്നു പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന അസത്യങ്ങളെക്കുറിച്ചു് ഞാൻ അവർക്കു താക്കീതു നൽകിയില്ലെങ്കിൽ എന്റെ കടമ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തുകയായിരിക്കും ഞാൻ ചെയ്യുന്നതു്. ഈ താക്കീതു് ഒരു കടമയാണ്; എന്തുകൊണ്ടെന്നാൽ, അവർക്കാവശ്യംവന്ന സമയത്തു് ഞാൻ അവരെ വിശ്വസ്തതയോടുകൂടി സേവിച്ചിട്ടുണ്ടു്. മാത്രമല്ല, ഹിന്ദുമുസ്ലീം മൈത്രി എന്റെ ജീവിതധർമ്മമായിരുന്നു; ഇന്നുമാണുതാനും.

95

വിഭജനം വേണമെന്നു് ഇന്ത്യയിലെ മുസ്ലീങ്ങൾ വാശിപിടിക്കുകയാണെങ്കിൽ, അതിനെ ബലംപ്രയോഗിച്ചു ചെറുക്കാൻ അഹിംസാനിരതനാകകൊണ്ടു് എനിക്കു സാധ്യമല്ല. എങ്കിലും സ്വമനസ്സാലേ ഒരിക്കലും ഞാൻ വിച്ഛേദനത്തിൽ പങ്കാളിയാവുകയില്ല, അതിനെ തടയാൻ അഹിംസാപരമായ സർവ ഉപായങ്ങളും ഞാൻ പ്രയോഗിച്ചുനോക്കും. എന്തുകൊണ്ടെന്നാൽ, ഒരു രാഷ്ട്രമെന്ന നിലയിൽ ജീവിക്കുവാൻ അസംഖ്യം ഹിന്ദുക്കളും മുസ്ലീങ്ങളും

95. Harijan, 13-4-1940 (Communal Unity, pp. 289-290)

digitized by www .sreyas.in

അനേകം നൂററാണ്ടുകളായി ചെയ്തുപോന്ന പ്രയത്നത്തെ നശിപ്പിക്കലാവും അതു്. വിഭജനമെന്നുവച്ചാൽ സ്പഷ്ടമായ ഒരസത്യമെന്നാണർത്ഥം. പരസ്പരവിരുദ്ധങ്ങളായ രണ്ടു സംസ്കാരങ്ങൾക്കും സിദ്ധാന്തങ്ങൾക്കും ഹിന്ദുമതവും ഇസ്ളാമും പ്രതിനിധീഭവിക്കുന്നുവെന്ന ആശയത്തെ ഞാൻ സർവാത്മനാ എതിർക്കുന്നു. ഇത്തരമൊരു സിദ്ധാന്തത്തോടു യോജിക്കുകയെന്നുവച്ചാൽ, എൻെറ അഭിപ്രായത്തിൽ, ഈശ്വരനെ നിഷേധിക്കുകയെന്നാണർത്ഥം. എന്തുകൊണ്ടെന്നാൽ, ഖുറാനിലെ ഈശ്വരൻതന്നെയാണു് ഗീതയിലേയും ഈശ്വരനെന്നും, പേരെന്തായാലും നമ്മളെല്ലാം, ഒരേ ഈശ്വരൻെറ സന്താനങ്ങളാണെന്നും ഞാൻ സർവാത്മനാ വിശ്വസിക്കുന്നു. ഇന്നലെവരെ ഹിന്ദുക്കളായിരുന്ന ലക്ഷോപലക്ഷം ഇന്ത്യക്കാർ സ്വമതമായി ഇസ്ളാം സ്വീകരിച്ചതോടെ അന്യരാജ്യക്കാരായിത്തീർന്നുവെന്ന ആശയത്തെ ഞാൻ ചെറുത്തേ തീരൂ.

പക്ഷേ, അതെൻെറ വിശ്വാസമാണു്. തങ്ങൾ ഒരു വ്യത്യസ്ത രാജ്യക്കാരാണെന്നു വിചാരിക്കുന്ന മുസ്ളീങ്ങളുടെ വായിൽ അതു കുത്തിത്തിരുകാൻ എന്നെക്കൊണ്ടാവില്ല. എങ്കിലും ഹിന്ദുക്കളുമായോ മററു സഹോദരന്മാരുമായോ പൊരുത്തപ്പെടാവുന്ന യാതൊന്നും തങ്ങൾക്കില്ലെന്നു് എട്ടുകോടി മുസ്ളീങ്ങൾ പറയുമെന്നു വിശ്വസിക്കാൻ ഞാൻ തയ്യാറില്ല. ഈ വ്യക്തമായ വാദമുഖത്തെക്കുറിച്ചു് ഒരു റെഫറണ്ടം നടത്തിയാലേ അവരുടെ മനസ്സറിയാൻ കഴിയൂ. ആലോചനയിലുള്ള കോൺസ്റ്റിററുവെൻറു് അസംബ്ലിക്കു് ഈ പ്രശ്നം തീരുമാനിക്കാൻ കഴിയും. സ്വഭാവികമായി, ഇത്തരമൊരു കാര്യം സംബന്ധിച്ചു് മദ്ധ്യസ്ഥതീരുമാനം ഉണ്ടായിക്കൂടാ. ഇതു കേവലം സ്വയം നിർണയിക്കപ്പെടേണ്ടതായ ഒരു പ്രശ്നമാണു്. എട്ടുകോടി മുസ്ളീങ്ങളുടെ മനസ്സറിയാൻ വേറെ ഉറച്ച വഴിയൊന്നും എനിക്കറിഞ്ഞുകൂടാ.

## 96

ചോദ്യം: ഇന്ത്യാവിഭജനത്തെക്കുറിച്ചുള്ള മുസ്ളിംലീഗിൻെറ പ്രമേയത്തിനു് ഇടവരുത്തിയതു കോൺഗ്രസ്സിൻെറ മനോഭാവമാണെന്നു് പലരും വിശ്വസിക്കുന്നുണ്ടല്ലോ?

ഉത്തരം: ഞാനങ്ങനെ വിചാരിക്കുന്നില്ല. പക്ഷേ, അങ്ങനെയാണെങ്കിൽ അതു് ഒന്നാംതരം ഒരു നേട്ടമാണു്. അകത്തുണ്ടായിരുന്നതു് പുറത്തുവന്നതു നന്നായി. ഇപ്പോൾ ഈ പ്രശ്നത്തെ നേരിടാൻ എളുപ്പമധികമുണ്ടു്. അതു സ്വയം പരിഹരിക്കപ്പെടും. ദേശീയമുസ്ളീങ്ങൾ സ്വന്തം ചുമതലയെക്കുറിച്ചു് ഉണർന്നുവശായിട്ടുണ്ടെന്നതാണു് വ്യക്തമായ ഒരു നേട്ടം.

---

96. Harijan, 4-5-1940 (Communal Unity, pp. 303–304)

digitized by www .sreyas.in

ചോദ്യം: താങ്കൾ ബ്രിട്ടീഷ്ഭരണത്തെക്കാളേറെ മുസ്ളീംഭരണത്തെ ഇഷ്ടപ്പെട്ടമോ?

ഉത്തരം: വികലമായിട്ടാണു് ആ ചോദ്യം ഉന്നയിക്കപ്പെട്ടിരിക്കുന്നതു്. നിങ്ങൾ ബ്രിട്ടീഷുകാരനാകകൊണ്ടു്, ഇന്ത്യക്കു് മററാരെങ്കിലും ഭരിക്കപ്പെടുവാൻ മാത്രമേ അർഹതയുള്ളു എന്നു് വിചാരിക്കുന്ന ശീലത്തിൽനിന്നു പുറത്തുകടക്കാൻ നിങ്ങൾക്കു കഴിയുന്നില്ല. മുസ്ളീംഭരണം ഇന്ത്യൻഭരണത്തിനു തുല്യമാണു്. ബ്രിട്ടീഷുഭരണത്തെക്കാളേറെ ബങ്കാളിഭരണമോ മറാഠാഭരണമോ ഞാനിഷ്ടപ്പെട്ടമോ എന്നും ഇതുപോലെ നിങ്ങൾക്കെന്നോടു ചോദിക്കാം. മറാഠ, ബങ്കാളി, സഖ്, ദ്രാവിഡൻ, പാഴ്സി, ക്രിസ്ത്യൻ ഇന്ത്യൻമുസ്ളീം—ഈ ഭരണമൊക്കെ ഇന്ത്യൻഭരണമായിരിക്കും. ചില മുസ്ളീങ്ങൾ തങ്ങളൊരു പ്രത്യേക രാഷ്ട്രമാണെന്നു കരുതുന്നതുകൊണ്ടു എനിക്കു വ്യത്യാസമൊന്നും തോന്നുന്നില്ല. ഞാനവരെ അങ്ങനെ കരുതാതിരുന്നാൽ മതി. അവർ ഈ രാജ്യത്തിന്റെ മക്കളാണു്. വ്യതിരിക്തരാണെന്നു കരുതപ്പെടുന്ന മുസ്ളീങ്ങൾക്കു് ഇന്ത്യയിൽ സർവത്ര പരന്നുകിടക്കുന്ന നിരായുധരായ എട്ടുകോടി മുസ്ളീങ്ങളുടെ കാര്യം ആലോചിക്കേണ്ടതുണ്ടു്. നിങ്ങൾക്കാകട്ടെ ബ്രിട്ടീഷ്രാഷ്ട്രം മുഴുവനും ഇവിടത്തെ അധീശസൈന്യവും; പിന്നിലുണ്ടു്. നിങ്ങൾ ഭരിക്കുന്നവരുടെ വർഗത്തിൽപ്പെട്ടവനാണു്, നിങ്ങൾ ഭരിക്കുന്ന 3500 ലക്ഷം ആളുകളുടെ ഇടയിൽ നിങ്ങൾ ഒരു ലക്ഷത്തിൽ കുറവാണു്. ഇതു നിങ്ങൾക്കും എനിക്കും ഒരുപോലെ ലജ്ജാവഹമാണു്. ആരുടെ ലജ്ജയാണു് കനം കൂടുകയെന്നു് ഞാൻ തൂക്കിനോക്കേണ്ട ആവശ്യമില്ല. എത്ര വേഗം നാം ഇതിൽനിന്നു പുറത്തുകടക്കുന്നുവോ അത്രയും നല്ലതാണു്. നമുക്കു രണ്ടുപേർക്കും.

## 97

പാക്കിസ്ഥാന്റെ ഭീഷണിയിൻ കീഴിൽ എന്താണു് ചെയ്യപ്പെടേണ്ടതു്? അതൊരു ഭീഷണിയല്ല, അഭിലഷണീയമായ ലക്ഷ്യമാണു്. എങ്കിൽ അതെന്തിനു് തടയപ്പെടണം? അതു് അനഭിലഷണീയമാണെങ്കിൽ അതിന്റെ നിഴലിൽനിന്നു മുസ്ളീങ്ങൾക്കു് അധികം മെച്ചം നേടുവാൻ മാത്രമാണു് അതുദ്ദേശിക്കപ്പെട്ടിട്ടുള്ളതെങ്കിൽ, ഏതു പരിഹാരവും അന്യായപരിഹാരമായിരിക്കും. അതു പരിഹാരത്തെക്കാൾ വഷളാകും. തന്നിമിത്തം ഈ ഭീഷണി നീങ്ങുന്നതുവരെ കാത്തിരിക്കാൻ ഞാനൊരുക്കമാണു്. ഇന്ത്യയുടെ സ്വാതന്ത്ര്യം സജീവമായ ഒന്നാണു്. ഒരുതരം വഞ്ചനയും പററില്ല. ലോകം മുഴുവൻ ഒരു നവപ്രസൂതിയുടെ വേദനയനുഭവിക്കുകയാണു്. താൽക്കാലിക ലാഭത്തിനുവേണ്ടി ചെയ്യുന്നതെന്തും ഭ്രൂണഹത്യപോലെയായിത്തീരും.

97. Harijan, 4-5-1940 (Communal Unity, p. 305)

digitized by www .sreyas.in

സങ്കുചിതമായ ഹിന്ദുമതത്തെയോ സങ്കുചിതമായ ഇസ്ലാമിനെയോ അടിസ്ഥാനമാക്കിച്ചിന്തിക്കുവാൻ എനിക്കു വയ്യ. തുന്നിക്കെട്ടിയുണ്ടാക്കുന്ന ഒരു പരിഹാരത്തിൽ എനിക്കു യാതൊരു താൽപര്യവുമില്ല. ഇന്ത്യ ഒരു മഹാരാഷ്ട്രമാണ്—ഓരോന്നും മററുള്ളവററിന്റേയും കുറവുകൾ തീർത്തുകൊണ്ട് ഒന്നിച്ചുചേരാൻ ഭാവിക്കുന്ന, വ്യത്യസ്തസംസ്കാരങ്ങൾ ഉൾപ്പെട്ട ഒരു മഹാരാഷ്ട്രം. ഈ പ്രക്രിയ പൂർണമാകാൻ ഞാൻ കാത്തുനിന്നേ തീരുവെങ്കിൽ ഞാൻ കാത്തുനിൽക്കണം. അതെന്റെ കാലത്ത് പൂർണമാക്കപ്പെട്ടില്ലെന്നുവരാം. യഥാകാലം അതുണ്ടാകുമെന്ന വിശ്വാസത്തോടുകൂടി മരിക്കുക എനിക്കിഷ്ടമാണ്. അതിനെ തടസ്സപ്പെടുത്തുവാൻ ഞാനൊന്നും ചെയ്തില്ലെന്ന വിചാരം എനിക്കു സന്തോഷപ്രദമായിരിക്കും. ഈ ഉപാധിക്കു വിധേയമായ നിലയിൽ, രഞ്ജിപ്പിനുവേണ്ടി ഞാനെന്തും ചെയ്യും. എന്റെ ജീവിതം വിട്ടുവീഴ്ചകൾ നിറഞ്ഞതാണ്, പക്ഷേ; ആ വിട്ടുവീഴ്ചകൾ എന്നെ ലക്ഷ്യത്തോടടുപ്പിക്കുന്നവയായിരുന്നു. പാക്കിസ്ഥാൻ വിദേശാധിപത്യത്തെക്കാൾ മോശമാവില്ല. ഇഷ്ടമില്ലെങ്കിലും വിദേശാധിപത്യത്തിൽ ഞാൻ ജീവിച്ചു. ഈശ്വരേച്ഛ അങ്ങനെയാണെങ്കിൽ എന്റെ സ്വപ്നം വിഫലമാകുന്നതിനു ഞാൻ നിസ്സഹായനായ സാക്ഷിയാകേണ്ടിവന്നേക്കാം. ഇന്ത്യയെ കൊത്തിമുറിക്കാൻ മുസ്ലീങ്ങൾ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

## 98

വിഭജനനിർദേശം ഹിന്ദുമുസ്ലീം പ്രശ്നത്തിന്റെ രൂപമാകെ മാററിയിരിക്കുന്നു. അതിനെ ഒരസത്യമെന്നു ഞാൻ വിളിച്ചിട്ടുണ്ട്. അതിനോടു വിട്ടുവീഴ്ചചെയ്യാൻ നിർവാഹമില്ല. ഇതോടൊന്നിച്ചുതന്നെ, ഇന്ത്യയിലെ എട്ടുകോടി മുസ്ലീങ്ങൾ അതാഗ്രഹിക്കുന്നുണ്ടെങ്കിൽ, ഹിംസാപരമോ അഹിംസാപരമോ ആയ എതിർപ്പുണ്ടായാലും ലോകത്തിലെ ഒരു ശക്തിക്കും അതു തടയാനാവില്ലെന്നും ഞാൻ പറഞ്ഞിട്ടുണ്ട്. മാന്യമായ ഒത്തുതീർപ്പിലൂടെ അതുണ്ടാകാൻ തരമില്ല.

## 99

ചോദ്യം: ഹിന്ദുക്കൾ, സിക്കുകാർ മുതലായ മററുള്ളവരേയും സാരമായി ബാധിക്കുന്ന ഒരു കാര്യത്തിൽ താങ്കൾ മുസ്ലീങ്ങൾക്കു സ്വയം നിർണയാവകാശം അനുവദിക്കുന്നതു ന്യായമാണോ? മുസ്ലീംലീഗിന്റെ പ്രമേയമനുസരിച്ചു ഭൂരിപക്ഷം മുസ്ലീങ്ങൾ വിഭജനം വേണമെന്നു തീരുമാനിക്കുന്നുവെന്നു വിചാരിക്കുക; അപ്പോൾ മുസ്ലീം സ്റ്റേററുകളിൽ ന്യൂനപക്ഷങ്ങളായിത്തീരുന്ന ഹിന്ദുക്കളുടേയും സിക്കുകാരുടേയും മററും സ്വയംനിർണയാവകാശത്തിനു

98. Harijan, 4–5–1940 (Communal Unity, p. 309)
99. Harijan, 18–5–1940 (Communal Unity, p. 311)

digitized by www .sreyas.in

എന്തു സംഭവിക്കും? അങ്ങ് ഈ നിലയ്ക്കു പോയാൽ, എവിടെയാണവസാനം?

ഉത്തരം: തീർച്ചയായും ഹിന്ദുക്കൾക്കും സിക്കുകാർക്കും ഇതേ അവകാശമുണ്ടായിരിക്കും. ഈ പ്രശ്നത്തെ നേരിടാൻ അഹിംസാപരമായ മററു മാർഗ്ഗമൊന്നുമില്ലെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഇന്ത്യയുടെ ഓരോ ഘടകവും അതിനു സ്വയംനിർണയാവകാശം ആവശ്യപ്പെടുകയാണെങ്കിൽ പിന്നെ ഏക രാഷ്ട്രമില്ല, സ്വാതന്ത്ര്യവുമില്ല. പാക്കിസ്ഥാൻ ഒരസത്യമാണെന്നും അതു നിലനിൽക്കാൻ വയ്യെന്നും ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അതിന്റെ കർത്താക്കൾ അതു ശരിപ്പെടുത്താൻ തുടങ്ങുമ്പോൾ കാണാം അതു പ്രായോഗികമല്ലെന്ന് എങ്ങനെയായാലും എന്റേതു വ്യക്തിപരമായ അഭിപ്രായമാണ് വിപുലമായ ഹിന്ദുജനതയും മററും എന്താണു പറയുക, ചെയ്യുക എന്നെനിക്കറിഞ്ഞുകൂടാ. എല്ലാവരുടേയും മൈത്രിക്കുവേണ്ടി, എല്ലാവരുടേയും തുല്യനന്മക്കുവേണ്ടി, പ്രയത്നിക്കുകയാണ് എന്റെ ജീവിതോദ്ദേശ്യം.

## 100

ചോദ്യം: 'എട്ടുകോടി മുസ്ലീങ്ങൾ വിഭജനം ആഗ്രഹിക്കുകയാണെങ്കിൽ, ലോകത്തിൽ ഒരു ശക്തിക്കും അതു തടയാനാവില്ല' എന്ന് അങ്ങ് 'ഹരിജ'നിൽ പറയുകയുണ്ടായി. അമുസ്ലീങ്ങളായ 25 കോടിക്കും ഇതിൽ എന്തെങ്കിലും പറയാനുണ്ടാകുമെന്ന് അങ്ങേയ്ക്കു തോന്നുന്നില്ലേ? അങ്ങ് മുസ്ലീങ്ങളുടെ അഭിപ്രായത്തിന് അധികവില കല്പിക്കുകയും, ഹിന്ദുക്കളുടേതിന്റെ വില താഴ്ത്തുകയുമാണു ചെയ്യുന്നത് എന്നല്ലേ അങ്ങയുടെ പ്രസ്താവനയ്ക്ക് അർത്ഥം?

ഉത്തരം: ഞാനെന്റെ അഭിപ്രായം പറഞ്ഞുവെന്നുമാത്രം. ഹിന്ദുക്കളുടേയോ ക്രിസ്ത്യാനികളുടെയോ സിക്കുകാരുടെയോ എണ്ണത്തിൽ കുറഞ്ഞ പാഴ്സികളുടെയോ ഭൂരിപക്ഷം, എട്ടുകോടി മുസ്ലീങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ വ്യക്തമായ അഭിപ്രായത്തെ വാശിയോടുകൂടി ചെറുക്കുകയാണെങ്കിൽ, ആഭ്യന്തരസമരമായിരിക്കും ഫലം. ഇതു ഭൂരിപക്ഷത്തിന്റെയോ ന്യൂനപക്ഷത്തിന്റെയോ കാര്യമല്ല. നമ്മുടെ പ്രശ്നങ്ങൾ അഹിംസാപരമായി പരിഹരിക്കണമെങ്കിൽ, വേറെ വഴിയൊന്നുമില്ല. എട്ടുകോടിയാളുകൾ മുസ്ലീങ്ങളായതുകൊണ്ടല്ല ഞാനിതു പറയുന്നത് എട്ടുകോടി വേറെ ഏതു സമുദായമായാലും ഞാനിതു പറയും.

## 101

ഓരോ മുക്കിലും മൂലയിലും ഹിന്ദുക്കളും മുസ്ലീങ്ങളും മററും പാർക്കുന്ന ഒരു ദരിദ്രരാജ്യമാണിന്ത്യ, അതിനെ രണ്ടായി പങ്കിടാ

---

100. Harijan, 25-5-1940 (Communal Unity, p. 312)
101. Harijan, 28-8-1940 (Communal Unity, p. 318)

digitized by www .sreyas.in

അരാജകത്വത്തെക്കാൾ മോശമാണ്. പൊറുപ്പിച്ചുകൂടാത്ത വിച്ഛേദനമാണതു്. ഞാൻ ഹിന്ദുവായതുകൊണ്ടല്ല ഇങ്ങനെ പറയുന്നതു്. എന്തുകൊണ്ടെന്നാൽ ഞാനിവിടെനിന്നു സംസാരിക്കുന്നതു് ഹിന്ദുക്കളുടെയും മുസ്ളീങ്ങളുടെയും മറ്റെല്ലാവരുടെയും പ്രതിനിധിയെന്ന നിലയ്ക്കാണ്. പക്ഷേ, ഞാനവരോടു പറയും; 'ഇന്ത്യയെ മുറിക്കുന്നതിനുമുമ്പ് എന്നെ മുറിക്കൂ. രണ്ടു നൂററാണ്ടുകാലം ഇന്ത്യയെ ഭരിച്ച മുഗിലന്മാർപോലും ചെയ്യാത്തതു നിങ്ങൾ ചെയ്യരുതു്.' മുസ്ലീങ്ങളെപ്പററി ഞാൻ പറഞ്ഞതു സിക്കുകാർക്കും ഇതുതന്നെ ബാധകമാണ്. മുപ്പതുലക്ഷംസിക്കുകാർ ഇന്ത്യൻസ്വാതന്ത്ര്യത്തിനു തടസ്സമുണ്ടാക്കുകയാണെങ്കിൽ ഞങ്ങൾ അക്രമരഹിതമായി അവരെ നേരിടും. അക്രമരഹിതമായ സ്വരാജ്യത്തെ അക്രമരഹിതമായിട്ടല്ലാതെ നേടാനാവില്ല. വിദേശശക്തി ഉണ്ടാക്കിത്തീർത്ത മററു പ്രതിബന്ധങ്ങളുമുണ്ടു്. എന്നാലും സാമുദായികസമാധാനം നേടാൻ നാം സർവകഴിവും ഉപയോഗിക്കണം. ഇസ്ലാം എന്നുവച്ചാൽ ശാന്തിയെന്നാണർത്ഥം. ആ ശാന്തി മുസ്ളീങ്ങൾക്കു മാത്രമുള്ളതല്ല. ലോകത്തിനു മുഴുവൻ ശാന്തി എന്നാകണം അതിനർത്ഥം.

## 102

ചോദ്യം: എതിർപ്പുകാർ യുദ്ധത്തിനു തയ്യാറില്ലെങ്കിൽ മുസ്ളീങ്ങളുടെ ആഗ്രഹം സാധിക്കുന്നതിനെ തടയുവാൻ യാതൊന്നിനും സാധ്യമല്ലെന്നു് അങ്ങു പലപ്പോഴും പറഞ്ഞ അഭിപ്രായം ഇയ്യിടെ പത്രങ്ങൾക്കു നൽകിയ ഒരഭിമുഖസംഭാഷണത്തിനിടയിൽ ബോംബെയിൽവച്ചു ആവർത്തിക്കുകയുണ്ടായി. അങ്ങയുടെയും ശ്രീ രാജഗോപാലാചാരിയുടെയും നിലപാടുകൾക്കു തമ്മിലെന്താണു വ്യത്യാസം?

ഉത്തരം: തനിക്കു പിന്തുണയായി അദ്ദേഹം എന്റെ അഭിപ്രായം ഉദ്ധരിച്ചിട്ടുണ്ടെങ്കിലും ചോക്കിനും പാൽക്കട്ടിക്കും തമ്മിലുള്ള അതേ വ്യത്യാസം അദ്ദേഹത്തിനും എനിക്കും തമ്മിലുള്ളതായി ഞാൻ കാണുന്നു. ജപ്പാൻകാരെ അകററിനിർത്താമെന്ന ആശയോടുകൂടി ഐക്യം വിലയ്ക്കുവാങ്ങാൻവേണ്ടി അദ്ദേഹം ഇന്നു ഭിന്നിച്ചുപിരിയലിനെ അനുവദിക്കുകയാണ്. ഇന്ത്യയെ ഛേദിക്കൽ ഒരു പാപമായി ഞാൻ കരുതുന്നു. എന്റെ അയൽവാസി ഒരു പാപം ചെയ്യുന്നതു തടയാൻ കഴിയുകയില്ലെന്നു പറയുന്നതിനോടു തുല്യമാണു എന്റെ പ്രസ്താവന. അയൽവാസി പാപം ചെയ്യുകയാണെങ്കിൽ ശ്രീ രാജഗോപാലാചാരി അതിൽ പങ്കാളിയാകും. എനിക്കതു വയ്യ. എന്നല്ല, ഐക്യത്തെ തടയുവാൻ മൂന്നാമതൊരു കക്ഷിയുള്ളിടത്തോളം ഐക്യമുണ്ടാവുകയില്ലെന്ന അഭിപ്രായം എനിക്കുണ്ടു

102. Harijan, 24–5–1942 (Communal Unity, pp. 332–333)

digitized by www.sreyas.in

താനം. കൃത്രിമമായ ഭിന്നിപ്പു ഉണ്ടാക്കുന്നതും നിലനിർത്തുന്നതും അതാണ്. അത്രുള്ളേടത്തോളംകാലം ഹിന്ദുക്കളും മുസ്ലീങ്ങളും പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധങ്ങളെന്നു തോന്നുന്ന താൽപര്യങ്ങളുള്ളവരും അസംതൃപ്തരും പിന്തുണയ്ക്കു അതിന്റെ നേരെ നോക്കുന്നവരും പിന്തുണ ലഭിക്കുന്നവരും ആയിരിക്കും. അവരുടെ താൽപര്യം രാജ്യസ്വാതന്ത്ര്യത്തെക്കാൾ വലുതാണ്; ഐക്യമില്ലാതെ സ്വാതന്ത്ര്യമില്ലെന്ന എന്റെ മറേറ പ്രസ്താവന ആരും എന്റെ മുഖത്തേക്കു എറിയേണ്ട ആവശ്യമില്ല. അതിലെ ഒരൊററ വാക്കും ഞാൻ പിൻവലിക്കുന്നില്ല. അതു സ്പഷ്ടമായ സത്യമാണ്. അതിനെപ്പററി ആലോചിച്ചിട്ടാണ് പിൻവാങ്ങാൻ ബ്രിട്ടീഷുകാരോടാവശ്യപ്പെടണമെന്ന സിദ്ധാന്തം കണ്ടെത്തിയതു്. അവർ പിൻവാങ്ങിയതുകൊണ്ടുമാത്രം സ്വാതന്ത്ര്യം സംജാതമാവുകയില്ല; അതു ഐക്യത്തിനോ കലാപത്തിനോ ഹേതുവായേക്കാം. മറെറാരു ശക്തി ഈ വിടവിൽ കയറിക്കൂടിയേക്കാമെന്ന അപകടവുമുണ്ട്. എന്നാൽ പിൻവാങ്ങൽ സമാധാനപരവും സ്വേച്ഛാനുസൃതവുമാണെങ്കിൽ ബ്രിട്ടീഷുകാരുടെ ധാർമികനിലവാരം ഉയരുമെന്നുമാത്രമല്ല, ഒരു മഹാരാഷ്ട്രത്തിന്റെ നിർലോപമായ സൗഹാർദ്ദം അതിനു ലഭിക്കുകയും ചെയ്യും, വിദേശാധിപത്യത്തിൽനിന്നു ഇന്ത്യയെ മോചിപ്പിക്കുവാൻ പരസ്പരവിരുദ്ധങ്ങളായ ഘടകങ്ങളും താൽപര്യങ്ങളുമെല്ലാം ഒന്നിച്ചു ചേരുമെന്നു ഞാനാശിക്കുന്നു. അവ യോജിക്കുന്നില്ലെങ്കിൽ അവയുമായുണ്ടാക്കുന്ന ഏതു ഒത്തുതീർപ്പും പൂഴിയിൽ പണിത വീടുപോലിരിക്കും. ജപ്പാൻ ഇന്ത്യയെ ആക്രമിക്കുമെന്ന ഭയം സി. ആറിനെ സ്പഷ്ടമായ സത്യം കാണാൻ കഴിവില്ലാത്തവനാക്കിത്തീർത്തിരിക്കുന്നു. ജപ്പാൻകാരെക്കുറിച്ചോ അരാജകത്വത്തെക്കുറിച്ചോ ബ്രിട്ടീഷു സിംഹാസനത്തിന്റെ ക്രോധത്തെക്കുറിച്ചോ സ്വാതന്ത്ര്യത്തിനു ഭയമില്ല.

## 103

ഇന്ത്യാവിഭജനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തിനു മാററമൊന്നും വന്നിട്ടില്ല, ഏതുകാലത്തുമെന്നപോലെ അത്രു ദൃഢമായും പലപ്പോഴും സുഹൃത്തുക്കളോടു പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴും അദ്ദേഹം അവിഭക്തഭാരതത്തിനുവേണ്ടിത്തന്നെ നിലകൊള്ളുന്നു. വിഭജനമോ സംസ്ഥാനങ്ങൾ പങ്കിടലോ വേണമോ എന്ന അവസാനതീരുമാനവും മററു കാര്യങ്ങളുമെല്ലാം ബ്രിട്ടീഷുകാർ അവരുടെ അധികാരം പിൻവലിച്ചശേഷം ജനങ്ങൾ തമ്മിൽ ശരിപ്പെടുത്തേണ്ടവയാണ്. എന്തിനും ബ്രിട്ടീഷുകാരുടെ നേരെ നോക്കൽ നമ്മുടെ ജീവിതത്തിലെ നിരാശാജനകവും അനൈക്യഹേതുകവുമായ ഒരു സംഗതിയാണ്.

103. Harijan, 18–5–1947 (Communal Unity, p. 610)

digitized by www .sreyas.in

## 104

കായിദ്—ഇ—ആസാമും താനും തമ്മിൽ ചൊവ്വാഴ്ച നടത്തിയ കൂടിക്കാഴ്ചയെപ്പററി ഗാന്ധിജി ഭംഗികോളനിയിലെ പ്രാർത്ഥനായോഗത്തിൽ വച്ചു പറയുകയുണ്ടായി, ഇന്ത്യയെ വിഭജിക്കുന്ന കാര്യത്തിൽ താനും അദ്ദേഹവും തമ്മിൽ ഒരിക്കലും യോജിപ്പുണ്ടാകാൻ നിവൃത്തിയില്ലെങ്കിലും, സംഭാഷണം സൗഹാർദപൂർവമായിരുന്നുവെന്നു്. ആ പദ്ധതിയിൽ ഒപ്പുവയ്ക്കാൻ അദ്ദേഹത്തെക്കൊണ്ടാവില്ല. അതു ഹിന്ദുക്കൾക്കു മാത്രമല്ല, മുസ്ളീങ്ങൾക്കും ഒരുപോലെ ദോഷകരമാണു്.

## 105

ജൂൺ 3—ാം തീയതി പണ്ഡിത ജവഹർലാൽ നെഹ്രുവിനെയും കായിദ്—ഇ—ആസാമിനെയും സർദാർ ബലദേവ്സിംഗിനെയും തുടർന്നു വൈസ്രോയ് അഖിലേന്ത്യാ റേഡിയോവിൽ സംസാരിക്കുകയുണ്ടായി. ചക്രവർത്തിയുടെ ഗവർമെൻറിൻെറ പ്രഖ്യാപനത്തിനുണ്ടായ പ്രതികരണങ്ങൾ പലതരത്തിൽ പെട്ടവയായിരുന്നു. ഹിന്ദുക്കളിൽ മിക്കവരും സന്തപ്തരായി. പണ്ഡിതജിയുടെ പ്രക്ഷേപണം ഹൃദയസ്പൃക്കായിരുന്നു. ഇന്ത്യയുടെ വിച്ഛേദനത്തെ അവരാരും ഇഷ്ടപ്പെട്ടില്ല. എങ്കിലും ഇന്ത്യയിൽ എന്നും നിണമൊഴുകുന്നതു അനുവദിക്കാൻ അവർക്കു തരമില്ല. ആ നിലയ്ക്കു ഒരു ശസ്ത്രക്രിയതന്നെയാണു അധികം നല്ലതു്. മൂന്നു ലോറി നിറയെ മുസ്ളീങ്ങൾ പാക്കിസ്ഥാൻ സിന്താബാദ് എന്നു വിളിച്ചുപറഞ്ഞുകൊണ്ടു കായിദ്—ഇ—ആസാമിൻെറ വസതിയിലേക്കു പോയിട്ടുണ്ടെന്നു കേട്ടു. എങ്കിലും വളരെ മുസ്ളീങ്ങൾ ഗാന്ധിജിയെ വന്നുകണ്ടു സംഭവിച്ചുകഴിഞ്ഞതിനെക്കുറിച്ചു ഖേദം പ്രകടിപ്പിക്കുകയുണ്ടായി. പഞ്ചാബിലും ബങ്കാളിലും വളരെയേറെ മുസ്ളീങ്ങൾ അതൃപ്തരായിട്ടുണ്ടെന്നു കേട്ടു. ചക്രവർത്തിയുടെ ഗവർമെൻറിൻെറ പ്രഖ്യാപനത്തെപ്പററി ഗാന്ധിജി പറഞ്ഞു. ബലപ്രയോഗത്തിനു വഴങ്ങി ഒരൊററ ഇഞ്ചുപോലും വിട്ടുകൊടുക്കുന്നതു പാടേ തെററാണെന്നു പല തവണ താൻ അവരെ ഓർമിപ്പിച്ചിട്ടുണ്ടെന്നു്. ആയുധശക്തിക്കു തങ്ങൾ വഴങ്ങിയിട്ടില്ലെന്നും പക്ഷേ, ചുററുപാടുകളുടെ നിർബന്ധത്തിനു വഴങ്ങേണ്ടിവന്നുവെന്നും പ്രവർത്തകസമിതി കരുതുന്നു. സമ്മതമില്ലാത്ത പങ്കാളികളെ ഭൂരിപക്ഷം കോൺഗ്രസ്സുകാർക്കാവശ്യമില്ല. അവരുടെ മുദ്രാവാക്യം അഹിംസയാണു്, ശാസനയല്ല. തന്നിമിത്തം കോൺസ്റ്റിററുവൻറ് അസംബ്ളിയെ ബഹിഷ്കരിച്ച ഭാഗങ്ങൾ കൂട്ടിച്ചേർത്തു ഉണ്ടാക്കുന്ന യൂണിയനിൽനിന്നു അകന്നുനില്ക്കാൻ തർക്കത്തിൽപ്പെട്ട മുഖ്യകാര്യങ്ങളുടെ ഗുണദോഷത്തെക്കുറിച്ചു സശ്രദ്ധം പര്യാലോചിച്ചശേഷം അവർ തീരുമാനിച്ചിരിക്കുന്നു.

---

104. Harijan, 18–5–1947 (Communal Unity, p. 613)
105. Harijan, 15–6–1947 (Communal Unity, pp. 636–637)

digitized by www .sreyas.in

മുസ്ലീംലീഗിന്റെ പിഴച്ച നയമെന്തു താൻ ഏതിനെ കരുതുന്നുവോ അതിൽ ഗാന്ധിജി ഖേദം പ്രകടിപ്പിച്ചു. അവർ ഹിന്ദു ആധിപത്യത്തെ ഭയപ്പെടുകയാണ്. സ്വന്തം മാതൃഭൂമികൾ എന്നു തെററായി അവർ വിളിക്കുന്നവയിൽ ഭരണംനടത്താൻ അവർ ആഗ്രഹിക്കുന്നു. വാസ്തവത്തിൽ ഇന്ത്യ അതിൽ പിറന്നു വളർന്നവരുടെയെല്ലാം മാതൃഭൂമിയാണ്. മുസ്ലീംമാതൃഭൂമി ഒററപ്പെട്ടു നിൽക്കുമോ? പഞ്ചാബിലെ ഹിന്ദുക്കളുടെയും സിക്കുകാരുടെയും ക്രിസ്ത്യാനികളുടെയും യഹൂദന്മാരുടെയും പാഴ്സികളുടെയുംകൂടി മാതൃഭൂമിയല്ലേ പഞ്ചാബ്?

സംഭവിച്ചുകഴിഞ്ഞതിനു വൈസ്രോയിയെ കുററംപറയാൻ ഗാന്ധിജി ഒരുക്കമില്ല. കോൺഗ്രസ്സിന്റെയും ലീഗിന്റെയും പണിയാണതു്. അവിഭക്തമായ ഇന്ത്യയാണു താൻ ആഗ്രഹിക്കുന്നതെന്നും,പക്ഷേ, ലീഗിന്റെ ആവശ്യം കോൺഗ്രസ്സ് സ്വീകരിച്ചതുകൊണ്ടു തനിക്കൊന്നും ചെയ്യാൻ നിവൃത്തിയില്ലെന്നും വൈസ്രോയി പരസ്യമായി പറഞ്ഞിരിക്കുന്നു.

ധീരരായ സിക്കുകാരുടെ നേതാക്കന്മാർ ഗാന്ധിജിയെ കാണാൻ വരികയുണ്ടായി. ഒരു സിക്കുകാരൻ ഒന്നേകാൽ ലക്ഷം ആളുകൾക്കു തുല്യനാണെന്നു താൻ പറഞ്ഞതിന്റെ അർത്ഥം അദ്ദേഹം വ്യക്തമാക്കി. അത്യുന്നതവും അത്യന്തശുദ്ധവുമായ ധൈര്യം എന്നേ ഇതിനർത്ഥമുള്ളൂ. ആ വിശ്വാസവും വിശ്വാസജന്യമായ ധൈര്യവും അവർക്കുണ്ടെങ്കിൽ ഖാൽസാ എന്ന ശ്രേഷ്ഠനാമത്തിനു് അവർ അനുയോജ്യരായിത്തീരും. ഗ്രന്ഥ്സാഹിബ്ബിൽനിന്നും ഖാൽസാ ചരിത്രത്തിൽനിന്നും അദ്ദേഹം പഠിച്ച പാഠം അതാണ്.

ക്യാബിനററ്മിഷന്റെ മെയ് 16–ാം തീയതിയിലെ പ്രസ്താവന ജനങ്ങളെക്കൊണ്ടു സ്വീകരിപ്പിക്കുവാൻ താൻ കഴിയുന്നതെല്ലാം ചെയ്തുവെങ്കിലും സാധിച്ചില്ല എന്നദ്ദേഹം പറഞ്ഞു. പക്ഷേ, സ്വീകൃതമായ ഒരു വസ്തുതയുടെ മുമ്പിൽ അവരുടെയും അദ്ദേഹത്തിന്റെയും കടമയെന്താണ്? അദ്ദേഹം രാജ്യത്തിന്റെ സേവകനാകകൊണ്ടു കോൺഗ്രസ്സിന്റെയും സേവകനാണ്. രണ്ടിനോടും കൂറില്ലാത്തവനാകാൻ അദ്ദേഹത്തെക്കൊണ്ടാവില്ല. ആരുടെയുംമേൽ ഒന്നും വച്ചുകെട്ടിയിട്ടില്ലെന്നു പണ്ഡിതജിയും വൈസ്രോയിയും പറഞ്ഞിട്ടുണ്ട്. പ്രഖ്യാപനത്തിൽ ഉൾപ്പെട്ട ഒത്തുതീർപ്പു കക്ഷികൾ സ്വേച്ഛാനുസൃതം ചെയ്തതാകകൊണ്ടു അതിൽ അവർക്കു പരസ്പരസമ്മതംമുഖേന മാററങ്ങൾ വരുത്താവുന്നതാണ്. മുസ്ലീംലീഗിന്റെ ആഗ്രഹം ഇപ്പോൾ സാധിച്ചതിനാൽ കക്ഷികളുടെ ഇടയിൽ മദ്ധ്യവർത്തിയാവുകയെന്ന കനത്ത പണിയിൽനിന്നു വൈസ്രോയിയെ ഒഴിവാക്കണമെന്നു അദ്ദേഹം ലീഗിനോടാവശ്യപ്പെടുന്നു. കക്ഷികൾതമ്മിലുള്ള അവസാനത്തെ ഒത്തുതീർപ്പാണതെന്നു അദ്ദേ

digitized by www .sreyas.in

ഹം ആശിക്കുന്നു. അതിനാൽ എല്ലാ ഹിംസയും അവസാനിക്കുകയും മേലിൽ വേണ്ട നടപടികളെപ്പററി ആലോചിക്കുവാൻ കചായിദ്—ഇ—ആസാം ജിന്ന കോൺഗ്രസ്സ് നേതാക്കന്മാരെ ക്ഷണിക്കുകയും വേണം. ഇങ്ങനെ അവരിനി വിഭക്തമായ പഞ്ചാബിൻെറയും ബങ്കാളിൻെറയും അതിർത്തികൾ പരസ്പരം യോജിപ്പോടു കൂടി നിർണ്ണയിക്കാതിരിക്കുന്നതിനു കാരണമൊന്നുമില്ല.

## 106

കചായിദ്—ഇ—ആസാമിനു ഇപ്പോൾ പാക്കിസ്ഥാൻ കിട്ടിക്കഴിഞ്ഞിരിക്കുകൊണ്ടു പാക്കിസ്ഥാൻെറ രൂപം ലോകത്തെ അറിയിക്കേണ്ടതും അതിനെ വാക്കിലും പ്രവൃത്തിയിലും ആകർഷകമാക്കേണ്ടതും അദ്ദേഹത്തിൻെറ കടമയാണ് എന്നു ഗാന്ധിജി പറഞ്ഞു. അമുസ്ളീങ്ങളെയെല്ലാം ക്ഷണിച്ച്, പാക്കിസ്ഥാനിൽ അവർ മുസ്ലീങ്ങളെപ്പോലെതന്നെ സന്തുഷ്ടരായിരിക്കുമെന്നു കാണിച്ചുകൊടുക്കേണ്ടതു അദ്ദേഹത്തിൻെറ കടമയല്ലേ? അതിർത്തിസംസ്ഥാനത്തെപ്പററി എന്തു പറയുന്നു? അതൊരു കോൺഗ്രസ്സ് സംസ്ഥാനമായിരുന്നു. അതു പാക്കിസ്ഥാൻെറ ഭാഗമായിത്തീരാൻപോകയാണെങ്കിൽ ഇന്ത്യായൂണിയനിലെന്നപോലെ പാക്കിസ്ഥാനിലും പഠാന്മാർക്കു സുഖമായിരിക്കുമെന്നു അവരോടു പറയേണ്ടതു കചായിദ്—ഇ—ആസാം ജിന്നയുടെ കടമയാണ്. റെഫറണ്ടം ഇപ്പോൾ അപകടംപിടിച്ച മാർഗമാണ്. അതിനാൽ പഠാന്മാരെ ന്യായത്തിലൂടെയും സ്നേഹത്തിലൂടെയും ആകർഷിക്കുകയെന്ന മാർഗം അദ്ദേഹം നിർദേശിക്കുന്നു.

നന്മചെയ്യുന്നതിൽ പാക്കിസ്ഥാനും ഇന്ത്യയും പരസ്പരം മത്സരിക്കുക——ഇതാണിനി ഉണ്ടാകേണ്ടതു്. പാക്കിസ്ഥാൻ അധികം നന്മചെയ്താൽ, ഇന്ത്യ മുഴവൻ പാക്കിസ്ഥാനായിത്തീരും. അതിൽ പിന്നെ ഭൂരിപക്ഷമോ ന്യൂനപക്ഷമോ ഉണ്ടായിരിക്കുകയില്ല. എല്ലാവരും സമന്മാരായിരിക്കും. താൻ മുസ്ളീംലീഗിൻെറ പ്രസിഡണ്ടായിരുന്നെങ്കിൽ താൻ പാക്കിസ്ഥാനെ തിരശ്ശീലയിൽ പ്രദർശിപ്പിച്ചു നിരുപമസൗന്ദര്യംകൊണ്ടു അതിനെ ആകർഷകമാക്കിത്തീർക്കും എന്നദ്ദേഹം പറഞ്ഞു. അങ്ങനെയാണെങ്കിൽ ആദ്യം തെററു സമ്മതിക്കുന്നതും പാക്കിസ്ഥാനെ എല്ലാവർക്കുമായി വിട്ടുകൊടുക്കുന്നതും അദ്ദേഹമായിരിക്കും. കചായിദ്—ഇ—ആസാം ഇതു ചെയ്യുമോ?

പ്രവർത്തകസമിതിയുടെ തീരുമാനത്തോടു ഗാന്ധിജി യോജിച്ചിട്ടില്ലെന്നും എ. ഐ. സി.സി. ആ തീരുമാനത്തെ എതിർക്കുമെന്നുമുള്ള പത്രറിപ്പോർട്ടിനെപ്പററി ഗാന്ധിജി പറഞ്ഞു, പ്രവർത്തക

106. Harijan, 15–6–1947 (Communal Unity, pp. 639–640)

digitized by www .sreyas.in

സമിതിയെ നിയമിച്ചതു എ. ഐ. സി. സി.യാണെന്നും അതി ൻെറ തീരുമാനങ്ങളെ വെറുതെയങ്ങു തള്ളിക്കളയാൻ എ.ഐ. സി. സി.ക്കു നിവൃത്തിയില്ലെന്നും. എ. ഐ. സി. സി.ക്കുവേണ്ടി പ്രവർത്തകസമിതി ഒരു പ്രോനോട്ടിൽ ഒപ്പുവച്ചുവെന്നു വിചാരിക്കുക; എ. ഐ. സി. സി.അതിനെ മാനിക്കണം; പ്രവർത്തകസമിതിക്കു തെററുപററിയെന്നുവരാം. അതിനെ നീക്കം ചെയ്തു അവർക്കതിനെ ശിക്ഷിക്കാം. എങ്കിലും ചെയ്ത തീരുമാനത്തിനെതിരായി പ്രവർത്തിപ്പാൻ തരമില്ല.

കോൺഗ്രസ്സ് മനഃപൂർവം ജനങ്ങളെ വഴിപിഴപ്പിക്കുവാൻ ശ്രമിച്ചെങ്കിലേ ജനങ്ങൾ അതിനെ എതിർക്കാവൂ എന്നു അദ്ദേഹം പറയും. അദ്ദേഹത്തിൻെറ സമരരീതി അവർക്കറിയാം. എന്തൊക്കെപ്പറഞ്ഞാലും അയിത്തക്കാര്യത്തിൽ സുശക്തമായ സനാതനഹിന്ദുസമുദായത്തോടു് അദ്ദേഹം യുദ്ധം പ്രഖ്യാപിക്കുകയുണ്ടായി. അതിൻെറ ഫലം തികച്ചും തൃപ്തികരമായിരുന്നു.

പ്രവർത്തകസമിതിയോടു അദ്ദേഹം യോജിച്ചില്ലെന്നുവരാം. എങ്കിലും അക്കാര്യം വെളിവാക്കിയശേഷം അവരുടെ തീരുമാനം സ്വീകരിക്കണമെന്നു അദ്ദേഹം ശുപാർശചെയ്യും. കാര്യങ്ങൾ ഇനിയും കുറെയൊക്കെ ശരിപ്പെടുത്താമെന്ന അഭിപ്രായമാണു തനിക്കുള്ളതു എന്നും അദ്ദേഹം പറഞ്ഞു.

## 107

ഇന്ത്യയുടെ വിച്ഛേദനം തൻെറ വിച്ഛേദനമായിരിക്കുമെന്നു പ്രഖ്യാപിച്ച ഗാന്ധിജിയുടെ നിലപാടു ദുർബലമായിരിക്കുന്നുവെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് ഒരു ലേഖകൻ അദ്ദേഹത്തിനെഴുതിയിരിക്കുന്നു. നിർദ്ദിഷ്ടമായ വിഭജനത്തെ എതിർക്കാൻ ഗാന്ധിജി നേതൃത്വം നൽകണമെന്നും ആ ലേഖകൻ ആവശ്യപ്പെട്ടിട്ടുണ്ടു്. ഈ ശകാരത്തിൽ പറഞ്ഞ കുററം സമ്മതിക്കാൻ അദ്ദേഹത്തിനു നിർവാഹമില്ല. ആ പ്രസ്താവന ചെയ്തകാലത്തു പൊതുജനാഭിപ്രായം പ്രകടിപ്പിക്കുകയാണു് അദ്ദേഹം ചെയ്തതു്. എന്നാൽ, പൊതുജനാഭിപ്രായം തനിക്കെതിരായിത്തീർന്നാൽ, താൻ അതിനെ അമർത്തുകയാണോ വേണ്ടതെന്നദ്ദേഹം ചോദിച്ചു. തിന്മയോടോ അസത്യത്തോടോ ഒരിക്കലും വിട്ടുവീഴ്ചയില്ലെന്നു് അദ്ദേഹം പലപ്പോഴും പറഞ്ഞിരുന്നതായും ലേഖകൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇപ്പറഞ്ഞതു ശരിയാണു്. പക്ഷേ, അതിൻെറ പ്രയോഗവും ശരിയാകണം. അമുസ്ലീം ഇന്ത്യ മാത്രമെങ്കിലും തൻെറ ഭാഗത്തായിരുന്നെങ്കിൽ നിർദ്ദിഷ്ടമായ വിഭജനം കൂടാതെ കഴിക്കാനുള്ള വഴി കാണിച്ചുകൊടുക്കാൻ തനിക്കു കഴിയുമെന്നു് അദ്ദേഹം സധൈര്യം പറയുന്നു. പക്ഷേ, താനൊരു പിൻപന്തിക്കാരനായിരിക്കുന്നു; അഥവാ

107. Harijan, 22–6–1947 (Communal Unity, pp. 644–645)

digitized by www .sreyas.in

താനങ്ങനെ കരുതപ്പെടുന്നു എന്നു സമ്മതിക്കുവാൻ ഗാന്ധിജിക്കു യാതൊരു സങ്കോചവുമില്ല. കഴിഞ്ഞ മുപ്പതുകൊല്ലക്കാലത്തു പഠിച്ച പാഠം നാം മറന്നിരിക്കുന്നു. അസത്യത്തെ സത്യംകൊണ്ടും, ഹിംസയെ അഹിംസകൊണ്ടും, അക്ഷമയെ ക്ഷമകൊണ്ടും, ചൂടിനെ തണുപ്പുകൊണ്ടും ജയിക്കാമെന്നും നാം മറന്നു. നാം നമ്മുടെ നിഴലുകളെത്തന്നെ പേടിക്കാൻ തുടങ്ങിയിരിക്കുന്നു. എതിർപ്പിന്റെ നേതൃത്വം വഹിക്കാൻ പലരും അദ്ദേഹത്തോടാവശ്യപ്പെട്ടിട്ടുണ്ട്. എങ്കിലും അവർക്കും അദ്ദേഹത്തിനും പൊതുവായി എതിർപ്പല്ലാതെ മറ്റൊന്നുംതന്നെയില്ല. എതിർപ്പിന്റേതായ അടിസ്ഥാനങ്ങൾ—അദ്ദേഹത്തിന്റെയും അദ്ദേഹത്തെ ക്ഷണിക്കുന്നവരുടെയും—പാടേ ഭിന്നങ്ങളാണ്. സ്നേഹത്തിനും വിദ്വേഷത്തിനും തമ്മിൽ യോജിക്കാൻ കഴിയുമോ?

## 108

മനുഷ്യനു കാണാൻ കഴിയുന്നേടത്തോളം, ഇന്ത്യയുടെ വിഭജനം ഒരുറച്ച കാര്യമായി കഴിഞ്ഞുവെന്നു് ഗാന്ധിജി പറഞ്ഞു. അതിനെപ്പററി വ്യസനിക്കാതിരിക്കാൻ അവരോടു് അദ്ദേഹം ആവശ്യപ്പെട്ടു. കഥായിദ്-ഇ-ആസാം ജിന്നയുടെ ദ്വിരാഷ്ട്രവാദത്തിൽ താൻ ഒരുകാലത്തും വിശ്വസിച്ചിരുന്നില്ല. വിശ്വസിക്കുകയുമില്ല എന്നദ്ദേഹം വ്യക്തമാക്കി. മതം മാറിയതുകൊണ്ടു രാഷ്ട്രം മാറുകയില്ല. അദ്ദേഹം ഇന്ത്യയിലെ എന്നപോലെതന്നെ പാക്കിസ്ഥാനിലെയും ആളാണ്. അവർ ഈ നിലയ്ക്കു പെരുമാറിയാൽ, ഇന്ത്യയെ ഭൂമിശാസ്ത്രപരമായി വിഭജിച്ചാലും, ജിന്നാസാഹിബിനു് അദ്ദേഹത്തിന്റെ സിദ്ധാന്തം തെളിയിക്കാൻ സാധിക്കുകയില്ല.

## 109

വിഭജനം സഹോദരമനോഭാവത്തോടുകൂടി നടത്തപ്പെടുന്നതാണെന്നു് വിഭജനക്കമ്മെററിയിലെ മുസ്ലിംലീഗു മെമ്പർമാരും കോൺഗ്രസ്സ് മെമ്പർമാരും വൈസ്രോയിയുടെ മുമ്പാകെ സമ്മതിച്ചിരിക്കുന്നുവെന്നു് ഒരു പത്രക്കുറിപ്പു കാണുകയുണ്ടായി. വൈസ്രോയിക്കു് ഇതു നേടാൻ സാധിച്ചതു നന്നായി. എങ്കിലും മധുരവാക്കുകൾകൊണ്ടു മാത്രം പ്രയോജനമില്ലെന്നു തനിക്കറിയാം എന്നു ഗാന്ധിജി പറഞ്ഞു. ഇതനുസരിച്ചുള്ള കുറെ പ്രവൃത്തികൾ കണ്ടാൽ അദ്ദേഹം സന്തോഷഭരിതനായി നൃത്തംവയ്ക്കും. വാഗ്വിലാസമുള്ള പ്രസംഗങ്ങളും ലേഖനങ്ങളും ലോകത്തിനു മടുത്തിരിക്കുന്നു. ഇതു രണ്ടും അമിതമായിരിക്കുകയാണു്. വെണ്ണക്കൂടാതെ ഒരു കഷണം

---

108. Harijan, 22-6-1947 (Communal Unity, p. 645)
109. Harijan, *29*-6-1947 (Communal Unity, p. 652)

digitized by www .sreyas.in

അപ്പം കിട്ടിയാലും വിശപ്പുമാറും: തേൻതുളുമ്പുന്ന വാക്കുകൾകൊണ്ടു് അതു മാറില്ല.

## 110

താൻ എല്ലാത്തരം യുദ്ധത്തിന്റെയും എതിരാളിയാണെന്നു പ്രാർത്ഥനാനന്തരപ്രസംഗത്തിൽ ഗാന്ധിജി പ്രസ്താവിച്ചു. എങ്കിലും പാക്കിസ്ഥാനിൽനിന്നു നീതി കിട്ടാൻ വേറെ വഴിയൊന്നുമില്ലെങ്കിൽ, തെളിയിക്കപ്പെട്ട തെററു് സമ്മതിക്കാൻ പാക്കിസ്ഥാൻ കൂട്ടാക്കാതെ നിൽക്കുകയും അതു ലഘൂകരിച്ചുകൊണ്ടിരിക്കുകയും ചെയ്താൽ, ഇന്ത്യ യൂണിയൻ ഗവർമെൻറിനു പാക്കിസ്ഥാന്റെ നേരെ യുദ്ധം ചെയ്യേണ്ടതായി വരും. യുദ്ധം നേരംപോക്കല്ല. ആർക്കും അതിഷ്ടമല്ല. ആ വഴി നാശത്തിന്റേതാണു്. എന്നാലും അനീതി സഹിക്കാൻ ആരോടും പറയാൻ അദ്ദേഹത്തെക്കൊണ്ടാവില്ല. ന്യായമായ ഒരു കാര്യത്തിനുവേണ്ടി ഹിന്ദുക്കൾ മുഴുവൻ സംഹരിക്കപ്പെട്ടാലും അദ്ദേഹമതു് വകവെക്കില്ല. യുദ്ധമുണ്ടായാൽ പാക്കിസ്ഥാനിലെ ഹിന്ദുക്കൾ അവിടെ അഞ്ചാംപത്തിക്കാരാകാൻ പാടില്ല. ആരും അതു പൊറുക്കുകയില്ല. പാക്കിസ്ഥാനോടു അവർക്കു കൂറില്ലെങ്കിൽ അവർ അവിടംവിട്ടു പോരണം. അതുപോലെ പാക്കിസ്ഥാനോടു കൂറുള്ള മുസ്ലീങ്ങൾ ഇന്ത്യയിൽ താമസിക്കരുതു്; ഹിന്ദുക്കൾക്കും സിക്കുകാർക്കും നീതി നേടിക്കൊടുക്കേണ്ടതു പാക്കിസ്ഥാൻ ഗവർമെൻറിന്റെ കടമയാണു്. ജനങ്ങൾക്കു ഗവർമെൻറിനെക്കൊണ്ടു അവരുടെ ഇഷ്ടം ചെയ്യിക്കാം. തന്റെ കാര്യം പറകയാണെങ്കിൽ തന്റെ വഴി വേറെയാണു് എന്നദ്ദേഹം പറഞ്ഞു. സത്യവും അഹിംസയുമാകുന്ന ഈശ്വരനെയാണു് അദ്ദേഹം ആരാധിക്കുന്നതു്.

## 111

അദ്ദേഹത്തിന്റെ ഈ അഭിപ്രായപ്രകടനത്തിനു പ്രേരകമായ ചുററുപാടുകൾ അവർ അറിഞ്ഞിരിക്കണം. ജനങ്ങൾ തോന്നിയതു കാട്ടരുതെന്നും. നീതി കിട്ടാൻ അവരുടെ ഗവർമെൻറിനെ ആശ്രയിക്കണമെന്നും ഡൽഹിയിൽവച്ചു താൻ ചെയ്ത മിക്ക പ്രാർത്ഥനാപ്രസംഗങ്ങളിലും പറയുകയുണ്ടായി എന്നു ഗാന്ധിജി പറഞ്ഞു. അതിക്രമങ്ങളെ ഒഴിവാക്കുന്ന യുക്തിയുക്തമായ നടപടികളെന്തെല്ലാമാണെന്നും അദ്ദേഹം വിവരിച്ചു. അതിക്രമങ്ങൾ ന്യായമായ ഭരണത്തെ അസാധ്യമാക്കിത്തീർക്കും. അഹിംസയിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം അൽപമെങ്കിലും കുറഞ്ഞുവെന്നു് ഇതിനർത്ഥമില്ല.

---

110. Harijan, 5-10-1947 (Communal Unity, p. 789)
111. Harijan, 5-10-1947 (Communal Unity, p. 790)

digitized by www .sreyas.in

112

രണ്ടു സഹോദരീസ്റ്റേറ്റുകളുടെയും നില പരിശോധിക്കുകയും അവ തമ്മിൽ എപ്പോൾ യുദ്ധകാരണമുണ്ടാകുമെന്ന് വ്യക്തമായി പറയുകയും ചെയ്യുമ്പോൾ, ഒരു സേവനമാണ് ഞാൻ ചെയ്യുതെന്ന് ഞാൻ അവകാശപ്പെടുന്നു. യുദ്ധമുണ്ടാക്കാൻവേണ്ടിയല്ല, കഴിയുന്നതും അതിനെ തടയാൻവേണ്ടിയാണ് ഇതു ചെയ്യുന്നത്. ജനങ്ങൾ നടത്തുന്ന ബുദ്ധിശൂന്യമായ കൊലയും കൊള്ളയും കൊള്ളിവെപ്പും തുടർന്നാൽ, അവരുടെ ഗവർമെൻറുകൾക്ക ഗത്യന്തരമില്ലാതെവരുമെന്ന് കാണിക്കാനും ഞാൻ ശ്രമിക്കുകയുണ്ടായി. ഒന്നിനു പിന്നാലെ മറെറാന്നായിവരുന്ന അനിവാര്യസംഭവങ്ങളിലേക്ക് പൊതുജനശ്രദ്ധയെ ക്ഷണിക്കുന്നതു് തെററാണോ?

## എസ്. ഉപവാസം

113

നിസ്സഹകരണം ആപൽക്കരമായ ഒരു പരീക്ഷണമാണെന്ന് എനിക്കറിയാം. നിസ്സഹകരണം സ്വതവേ അസ്വാഭാവികവും ദുഷ്ടവും പാപമയവുമാണ്. എങ്കിലും അഹിംസാത്മകമായ നിസ്സഹകരണം ചിലപ്പോൾ ഒരു പാവനധർമമാണെന്നു ഞാൻ വിശ്വസിക്കുന്നു. പല സന്ദർഭങ്ങളിലും ഇക്കാര്യം ഞാൻ തെളിയിച്ചിട്ടുണ്ട്. പക്ഷേ, വിപുലമായ ജനതതികളിൽ അതു പ്രയോഗിക്കുമ്പോൾ തെററുപററാൻ എല്ലാ സാധ്യതയുമുണ്ടായിരുന്നു. എന്നാലും കഠിന രോഗങ്ങൾക്ക കഠിനചികിത്സവേണം. അരാജകത്വത്തിനും, അതിലും വഷളായ സ്ഥിതിക്കും പകരം ഉണ്ടാകാവുന്ന ഏക കാര്യം നിസ്സഹകരണമായിരുന്നു. അതു് അഹിംസാത്മകമാണെന്നു നിശ്ചയിച്ചിരുന്നതുകൊണ്ടു എനിക്കെൻെറ ജീവൻ തുലാസ്സിൽ നിർത്തേണ്ടതായി വന്നു.

രണ്ടുകൊല്ലം മുമ്പുവരെ സുഹൃത്തുക്കളെപ്പോലെ പ്രവർത്തിച്ചിരുന്ന ഹിന്ദുക്കളും മുസ്ലീങ്ങളും ഇപ്പോൾ ചിലേടങ്ങളിൽ നായ്ക്കളേയും പൂച്ചകളെയുംപോലെ കടിപിടി കൂടുകയാണെന്ന വസ്തുത അവർ അനുഷ്ഠിച്ച നിസ്സഹകരണം അഹിംസാത്മകമായിരുന്നില്ലെന്നു നിസ്സംശയം തെളിയിക്കുന്നു. ബോംബെയിലും ചൗരീചൗരയിലും നിസ്സാരങ്ങളായ മററനവധി സംഗതികളിലും ഞാൻ ഇതിൻെറ ലക്ഷണങ്ങൾ കണ്ടു. അന്നു ഞാൻ പ്രായശ്ചിത്തം ചെയ്തു. അതനുസരിച്ച അതിനു ഫലമുണ്ടായി. എങ്കിലും ഈ ഹിന്ദുമുസ്ലീം വടംവലി ആലോചിക്കാൻ വയ്യാത്തതായിരുന്നു. കോഹട്ടിലെ അത്യാഹിതത്തെപ്പററി കേട്ടപ്പോൾ അതു് ദുസ്സഹമായിത്തീർന്നു. ഞാൻ സബർമതിയിൽനിന്നു് ദൽഹിയിലേക്ക പോകുന്നതിനു

---

12. H arijan, 12-10-1947((Communal Unity, p. 791)
113. Young India, 25-9-1924 (Communal Unity, p. 86-87)

digitized by www .sreyas.in

മുമ്പു സരോജനിദേവി എനിക്കെഴുതി, സമാധാനത്തെപ്പററി പ്രസംഗങ്ങളും ഉപദേശങ്ങളും ചെയ്താൽ മാത്രം പോരെന്നു്. പററിയ ഒരു പോംവഴി ഞാൻ കണ്ടുപിടിക്കണം. ചുമതല അവർ എൻെറമേൽ ചുമത്തിയതു ന്യായമായിരുന്നു. ജനങ്ങളുടെ വിപുലമായ ശക്തി രൂപംപ്രാപിച്ചതിനു ഞാനല്ലേ കാരണക്കാരനായിത്തീർന്നതു്? ആ ശക്തി ആത്മവിനാശകരമായെങ്കിൽ ഞാൻ അതിനു പരിഹാരമുണ്ടാക്കണം. അതിപ്രയത്നംകൊണ്ടേ ഇതു സാധിക്കൂ എന്നു ഞാൻ മറുപടിയെഴുതി. പൊള്ളയായ പ്രാർത്ഥന മദ്ദളവും എലത്താളവും കൊട്ടുന്നതുപോലെയാണു്. ഈ നീണ്ട ഉപവാസമായിരിക്കും പരിഹാരമെന്നു് അന്നു ഞാനറിഞ്ഞില്ല. എന്നാലും ഈ ഉപവാസം എൻെറ ഹൃദയവ്യഥ തീർക്കാൻതക്കവണ്ണം നീണ്ടതല്ലെന്നു് എനിക്കറിയാം. ഞാൻ തെററുചെയ്തുവോ? ക്ഷമകേടു് കാണിച്ചുവോ? തിന്മയോടു് വിട്ടുവീഴ്ച ചെയ്തുവോ? ഇതെല്ലാം ഞാൻ ചെയ്തിട്ടുണ്ടാവാം. അല്ലെങ്കിൽ ഒന്നുംതന്നെ ചെയ്തിട്ടില്ലായിരിക്കാം. ഇന്നെൻെറ മുമ്പിൽ കാണുന്നതു മാത്രമേ എനിക്കറിയാവൂ. ഇന്നു വഴക്കടിക്കുന്നവർ യഥാർത്ഥമായ അഹിംസയും സത്യവും അനുഷ്ഠിച്ചിരുന്നെങ്കിൽ ഇന്നു നടക്കുന്ന നിണപങ്കിലമായ ഭ്രാതൃയുദ്ധം അസാധ്യമായേനെ.

അമേതിയും ശാംഭാറും ഗുൽബർഗ്ഗയും എന്നെ വല്ലാതെ പിടിച്ചുകലുക്കി. അമേതിയേയും ശാംഭാറിനെയുംപററി ഹിന്ദു സുഹൃത്തുക്കളും മൊഹമ്മദൻ സുഹൃത്തുക്കളും തയ്യാറാക്കിയ റിപ്പോർട്ടുകരം ഞാൻ വായിച്ചിരുന്നു. ഗുൽബർഗയിലേക്കു പോയ ഹിന്ദുമുസ്ളീം സുഹൃത്തുക്കരം യോജിച്ചു തയ്യാറാക്കിയ റിപ്പോർട്ടു ഞാൻ കണ്ടു. കഠിനവേദനയോടുകൂടിയാണു് ഞാനെഴുതിയതു്; എന്നാലും പോംവഴിയൊന്നും ഞാൻ കണ്ടില്ല. കോഹട്ടിനെക്കുറിച്ചുള്ള വർത്തമാനം പുകഞ്ഞിരുന്ന കൊള്ളികളെ ആളിക്കത്തിച്ചു. എന്തെങ്കിലും ചെയ്തേതീരൂ. രണ്ടു രാത്രി ഞാൻ അസ്വാസ്ഥ്യത്തിലും വേദനയിലും കഴിച്ചുകൂട്ടി. ബുധനാഴ്ച പോംവഴി ഞാൻ കണ്ടു. ഞാൻ പ്രായശ്ചിത്തം ചെയ്യണം. അറിഞ്ഞോ അറിയാതെയോ ചെയ്ത പാപങ്ങരം പൊറുക്കുവാൻ സത്യഗ്രഹാശ്രമത്തിലെ പ്രാർത്ഥനയിൽ ഞങ്ങരം കരുണാമൂർത്തിയായ ശിവനോടു് ആവശ്യപ്പെടാറുണ്ടു്. അറിയാതെ ചെയ്തുപോയ പാപങ്ങരം പൊറുക്കുവാൻ ചോരയൊലിക്കുന്ന ഒരു ഹൃദയം ചെയ്യുന്ന പ്രാർത്ഥനയാണു് എൻെറ ഈ പ്രായശ്ചിത്തം.

എന്നെ സ്നേഹിക്കുന്നുണ്ടെന്നു പറയുന്ന ഹിന്ദുക്കരംക്കും മുസൽമാന്മാർക്കും ഒരു താക്കീതാണതു്. അവർ യഥാർത്ഥമായി എന്നെ സ്നേഹിച്ചിട്ടുണ്ടെങ്കിൽ അവരുടെ സ്നേഹം ഞാൻ അർഹിച്ചുപോന്നിട്ടുണ്ടെങ്കിൽ, സ്വഹൃദയങ്ങളിൽ ഈശ്വരനെ നിഷേധിക്കുകയെന്ന ഘോരപാപത്തിനു് അവർ എൻെറകൂടെ പ്രായശ്ചിത്തം ചെയ്യണം. മതങ്ങളെ പരസ്പരം ചീത്തപറയുക; സാഹസികങ്ങളായ പ്രസ്താവനകരം ചെയ്യുക, അസത്യം പറയുക; നിരപരാധരുടെ തലപൊ

ളിക്കുക; ക്ഷേത്രങ്ങളും പള്ളികളും അശുദ്ധമാക്കുക—ഇതൊക്കെ ഈശ്വരനെ നിഷേധിക്കലാണ്. നമ്മുടെ ഇടയിൽ നടക്കുന്ന ഈ ശവായുദ്ധത്തിന്റെ നേരേ ലോകം ഉററുനോക്കുകയാണ്—ചിലർ അല്പം രസത്തോടുകൂടി, ചിലർ ദുഃഖത്തോടുകൂടി; നാം ചെകുത്താന്റെ വാക്കു ചെവിക്കൊണ്ടിരിക്കുന്നു. മതം, നിങ്ങളതിനെ എന്തു പേരിൽ വിളിച്ചാലും, ഇതിലും കട്ടിയുള്ള സാധനങ്ങൾകൊണ്ടുണ്ടാക്കപ്പെട്ടതാണ്. ഹിന്ദുക്കളുടെയും മുസൽമാന്മാരുടെയും പ്രായശ്ചിത്തം നിരാഹാരവ്രതമല്ല. തങ്ങളുടെ നടപടികളിൽനിന്നു പിൻവാങ്ങലാണ്. ഹിന്ദുസഹോദരനോടു വിദ്വേഷം പുലർത്താതിരിക്കലാണ് മുസ്ളീങ്ങളുടെ ശരിയായ പ്രായശ്ചിത്തം; ഇതുപോലെ തന്നെ മുസ്ളിം സഹോദരനോടു വിദ്വേഷം പുലർത്താതിരിക്കൽ ഹിന്ദുക്കളുടേയും.

## 114

എന്റെ സ്വപ്നങ്ങളിലുള്ള ബീഹാർ അവയെ അയാഥാർത്ഥ്യങ്ങളാക്കിയിരിക്കുന്നതായി തോന്നുന്നു. പക്ഷപാതത്തോടോ അതിശയോക്തിയോടോ കൂടിയ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയല്ല ഇങ്ങനെ പറയുന്നതു്. കേന്ദ്ര പ്രധാനമന്ത്രിയുടേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്റെയും തുടരെയുള്ള സാന്നിദ്ധ്യം ബീഹാർ അത്യാഹിതത്തിന്റെ കഥ വിസ്തരിച്ചു പറയുന്നു. മുസ്ളീം ലീഗ് ഗവർമെൻറിന്റെ കീഴിൽ ബങ്കാളിൽ സ്ഥിതി ഇതിലും മോശമായിരുന്നില്ലെങ്കിൽ മെച്ചമല്ലായിരുന്നെന്നും ബീഹാർ അതിന്റെ ഫലമാണെന്നും പറയുക വളരെ എളുപ്പമാണ്. ഒരു കക്ഷിയുടെ ദുഷ്കർമ്മം എതിർകക്ഷിയും അപ്രകാരം ചെയ്യുന്നതിനു നീതീകരണമാവുകയില്ല—വിശേഷിച്ചും സുദീർഘവും വിപുലവുമായ സ്വന്തം രാഷ്ട്രീയസേവനത്തെപ്പററി ന്യായമായി അഭിമാനംകൊള്ളുമ്പോൾ ഒരാഴ്ചയിലേറെ ഞാൻ കൽക്കത്തയിലുണ്ടായിരുന്നെങ്കിലും, ബങ്കാൾ അത്യാഹിതത്തിന്റെ വലുപ്പം എനിക്കിപ്പോഴും അറിഞ്ഞുകൂടെന്നു ഞാൻ സമ്മതിച്ചുകൊള്ളട്ടെ. ബീഹാർ എന്നെ വിളിക്കുന്നുണ്ടെങ്കിലും നവ്ഖാലിയിലെ പരിപാടിക്കു് ഞാൻ വിഘ്നം വരുത്തുവാൻ പാടില്ല. ഏതൊന്നിന്നാണോ കോൺഗ്രസ്സുകാർ മുസ്ളിംലീഗിനെ കുററപ്പെടുത്തിയതു്, ആ സമുദായിക മനോഭാവത്തിനു് അതിന്നെതിരായ ഒരു സാമുദായിക മനോഭാവം ഉത്തരമാകുമോ? ബീഹാറിലെ 14 ശതമാനം മുസ്ളീങ്ങളെ മൃഗീയമായി ചതച്ചരയ്ക്കുന്നതു ദേശീയ മനോഭാവമാണോ?

ഏതാനുമായിരം ബീഹാറികളുടെ പാപങ്ങൾക്കു് ഞാൻ ബീഹാറിനെ ആകമാനം അധിക്ഷേപിക്കരുതെന്നു് എന്നോടു പറയേണ്ട ആവശ്യമില്ല. ഒരു വ്രജകൃഷ്ണപ്രസാദോ രാജേന്ദ്രപ്രസാദോ

114. Harijan, 10-11-1946 (Communal Unity, pp. 416-418, സോദേപ്പൂരിൽനിന്നു് നവ്ഖാലിയിലേക്കു പുറപ്പെടുന്നതിനു മുമ്പ്, നവംബർ 6-ാം തീയതി 'ബീഹാറിനോടു'' എന്ന ശീർഷകത്തിൽ പുറപ്പെടുവിച്ച ഒരു പ്രസ്താവനയാണിതു്.)

digitized by www .sreyas.in

ഉണ്ടായതിനു ബീഹാർ അഭിമാനം കൊള്ളുന്നില്ലേ? ബീഹാറിലെ ദുഷ്കർമ്മങ്ങൾ തുടർന്നാൽ ലോകം ഇന്ത്യയിലെ ഹിന്ദുക്കളെ മുഴുവൻ അധിക്ഷേപിക്കുമെന്നു് ഞാൻ ഭയപ്പെടുന്നു. അതാണു ലോകസ്വഭാവം. അതൊരു ചീത്തസ്വഭാവവുമല്ല. കോൺഗ്രസ്സുകാർക്കിടയിൽ കുറച്ചു സിക്കുകാരും മുസ്ലീങ്ങളും ക്രിസ്ത്യാനികളും പാഴ്സികളും മററുമുണ്ടെങ്കിലും കോൺഗ്രസ്സ് ഒരു ഹിന്ദുസംഘടനയാണെന്ന കയിദ്-ഇ-ആസാം ജിന്നയുടെ ശകാരത്തെ ബീഹാറിലെ വിക്രിയകൾ നീതീകരിക്കും. ഭൂരിപക്ഷമായ ഹിന്ദുക്കളോടൊപ്പം തന്നെ സംരക്ഷണം ആവശ്യമുള്ള സ്വന്തം സഹോദരരായി മുസ്ലീം ന്യൂനപക്ഷത്തെ കരുതാൻ ബീഹാർ ഹിന്ദുക്കൾക്കു ബാദ്ധ്യതയുണ്ടു്. കോൺഗ്രസ്സിന്റെ പ്രശസ്തി വർദ്ധിപ്പിക്കാൻവേണ്ടി പലതും ചെയ്ത ബീഹാറാകാതിരിക്കട്ടെ ആദ്യം അതിന്റെ ശവക്കുഴി മാന്തുന്നതു്.

എന്റെ അഹിംസയെപ്പററി എനിക്കു യാതൊരു ലജ്ജയും തോന്നുന്നില്ല. തക്കതായ ഒരു സന്ദർഭത്തിൽ എന്റെ അഹിംസ എത്രമാത്രം എന്നിൽ പ്രകടമാകുമെന്നറിയാനാണു് ഞാൻ ബങ്കാളിലേക്കു വന്നിട്ടുള്ളതു്. എങ്കിലും ഈ എഴുത്തിൽ നിങ്ങളോടു് അഹിംസയെപ്പററി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, നിങ്ങൾ ചെയ്തതായി റിപ്പോർട്ടു ചെയ്യപ്പെട്ട സംഗതികൾ ധീരകർമ്മമായി ഒരിക്കലും എണ്ണപ്പെടുകയില്ലെന്നു നിങ്ങളോടു പറയാൻ ഞാൻ ആഗ്രഹിക്കുകതന്നെ ചെയ്യുന്നു. അനേകായിരം ആളുകൾ ചേർന്നു് നൂറുകണക്കിൽ ആളുകളെ കൊല്ലുന്നതു ധീരതയല്ല. അതു ഭീരുത്വത്തേക്കാൾ മോശമാണു്. അതു ദേശീയത്വത്തിനും ഏതു മതത്തിനും ചേർന്നതല്ല. നിങ്ങൾ ഒരടിക്കുപകരം ഒരടി കൊടുക്കുകയാണു ചെയ്തിരുന്നെങ്കിൽ നിങ്ങളുടെനേരെ വിരൽ ചൂണ്ടുവാൻ ആരും ധൈര്യപ്പെടുമായിരുന്നില്ല. നിങ്ങളെത്തന്നെ തരംതാഴ്ത്തുക, ഇന്ത്യയെ അധഃപതിപ്പിക്കുക—ഇതാണു നിങ്ങൾ ചെയ്തതു്.

പണ്ഡിത ജവഹർലാൽ നെഹ്രുവിനോടും, നിഷ്താർ സാഹിബിനോടും, ഡോ. രാജേന്ദ്രപ്രസാദിനോടും അവരുടെ സൈന്യങ്ങളെ നീക്കംചെയ്യാനും അവർ തന്നെ പോയി ഇന്ത്യയുടെ കാര്യങ്ങൾ നോക്കാനും നിങ്ങൾ പറയണം. പക്ഷേ, നിങ്ങളുടെ മനുഷ്യത്വമില്ലായ്മയെപ്പററി നിങ്ങൾ പശ്ചാത്തപിക്കുകയും, സ്വന്തം സഹോദരീസഹോദരന്മാരെയെന്നപോലെ മുസ്ലീങ്ങളെയും നിങ്ങൾ രക്ഷിക്കുമെന്നു ഉറപ്പു നൽകുകയും ചെയ്താൽ മാത്രമേ അവക്കിതു സാധിക്കൂ.

ഓരോ മുസ്ലീം അഭയാർത്ഥിയും സ്വകുടുംബത്തിലേക്കു മടങ്ങിവരുന്നതുവരെ നിങ്ങൾ അടങ്ങിയിരിക്കരുതു്. അവരുടെ വീടു നിങ്ങൾ വീണ്ടും നിർമിച്ചുകൊടുക്കണം. ഇതിൽ നിങ്ങളെ

digitized by www .sreyas.in

സഹായിക്കുവാൻ നിങ്ങളുടെ മന്ത്രിമാരോടാവശ്യപ്പെടണം. നിങ്ങളുടെ മന്ത്രിമാരെപ്പററി വിമർശകന്മാർ എന്താണെന്നോട് പറഞ്ഞതെന്നു നിങ്ങൾക്കറിഞ്ഞുകൂടാ.

ഞാൻ നിങ്ങളുടെ ഒരു ഭാഗമാണെന്നു ഞാൻ കരുതുന്നു. നിങ്ങളുടെ സ്നേഹമാണു ആ കൂറ് എന്നിൽ ഉളവാക്കിയതു്. ബീഹാറി ഹിന്ദുക്കൾ എന്തുചെയ്യണമെന്നതിനെപ്പററി നിങ്ങൾക്കുണ്ടെന്നു തോന്നുന്നതിനെക്കാൾ നല്ല ബോധം എനിക്കുള്ളതിനാൽ എന്തെങ്കിലും പ്രായശ്ചിത്തം ചെയ്യാതെ അടങ്ങിയിരിക്കാൻ എനിക്കു നിർവാഹമില്ല. മുഖ്യമായി ആരോഗ്യപരമായ കാരണങ്ങൾ നിമിത്തം, കൽക്കത്തയിൽ വന്നതിനുശേഷം ഏററവും കുറച്ചു ഭക്ഷണമേ ഞാൻ കഴിച്ചിരുന്നുള്ളു. ബീഹാർ അത്യാഹിതത്തെപ്പററി അറിഞ്ഞശേഷം ആ ഭക്ഷണരീതി ഒരു പ്രായശ്ചിത്തമെന്ന നിലയിൽ തുടരുകയാണു്. തെററുചെയ്യുന്ന ബീഹാറികൾ ഒരു പുതിയ അദ്ധ്യായം ആരംഭിക്കാത്തപക്ഷം ഏററവും ചുരുങ്ങിയ ഈ ഭക്ഷണം മരണംവരെയുള്ള ഉപവാസമായിത്തീരും.

ഒരു പവിത്രധർമമെന്ന നിലയിൽ അനുഷ്ഠിക്കുന്ന തനി പ്രായശ്ചിത്തമല്ലാതെ മറെറന്തെങ്കിലുമാണു് ഈ ഉപവാസമെന്നു ബീഹാർ തെററുധരിക്കുമെന്ന അപകടമില്ല.

എന്നെ സഹായിക്കാനോ എന്നോട് സഹതാപം കാണിക്കാനോ ആയി ഒരൊററ സുഹൃത്തും ഓടിവരരുതു്. സ്നേഹിക്കുന്ന സുഹൃത്തുക്കൾ എൻെറ ചുററുമുണ്ടു്. ആരെങ്കിലും എന്നെ അനുകരിക്കുന്നതു തികച്ചും അബദ്ധവും അപ്രസക്തവുമായിരിക്കും. സഹതാപം കാണിക്കാനുള്ള ഉപവാസമോ അർദ്ധോപവാസമോ ഒന്നും ആവശ്യമില്ല. അതുകൊണ്ടൊക്കെ ദോഷമേയുള്ളു. എന്നെ അറിയുന്നവരുടെയും എൻെറ ഹൃദയശുദ്ധിയിൽ വിശ്വസിക്കുന്നവരുടെയും മനസ്സാക്ഷിയെ ഉണർത്തുകയാണു് എൻെറ ഉപവാസം ചെയ്യേണ്ടതു്. ആർക്കും എന്നെക്കുറിച്ചു ഉൽക്കണ്ഠയുണ്ടാകരുതു്. നമ്മളെല്ലാവരുമെന്നപോലെ ഞാനും ഈശ്വരസംരക്ഷണത്തിലാണു്.

എൻെറ ഈ ശരീരത്തിലൂടെ സേവനം വേണമെന്നു ഈശ്വരൻ ആഗ്രഹിക്കുന്നേടത്തോളംകാലം എനിക്കു യാതൊന്നും സംഭവിക്കുകയില്ല.

## 115

രാജ്യത്തെ വിഭജിക്കുന്നതിനെതിരായുണ്ടായ വികാരങ്ങൾ തീവ്രങ്ങളായിരുന്നു. ഈ ആപത്തുകൂടാതെ കഴിഞ്ഞേക്കാമെന്ന ആശ-

115. Harijan, 15–6–1947 (Communal Unity, pp. 637–638)

digitized by www .sreyas.in

ശ്ശ ഗാന്ധിജിയുടെ പ്രസംഗങ്ങരം വീണ്ടും ജീവൻ കൊടുത്തിരുന്നു. ഇന്ത്യ വിഭജനത്തെ അംഗീകരിച്ചുകൊണ്ടു കോൺഗ്രസ്സ് പ്രവർത്തകസമിതി പ്രമേയം പാസ്സാക്കിയതിനാൽ ഗാന്ധിജി മരണംവരെ ഉപവാസമനുഷ്ഠിക്കുമോ എന്നു പലരും അദ്ദേഹത്തോടു ചോദിച്ചു. തനിക്കു ഭാഗഭാക്കാകാൻ വയ്യാത്ത ഒരു പാപമാണു പാക്കിസ്ഥാനെന്നു അദ്ദേഹം പറഞ്ഞിരുന്നില്ലേ? ആരുടേയും ശാസനപ്രകാരം ഉപവാസം തുടരാൻ തനിക്കു സാധ്യമല്ലെന്നു ഇതിനു മറുപടിയായി ഗാന്ധിജി പറഞ്ഞു. ഇത്തരം ഉപവാസങ്ങരം നിസ്സാരമെന്നമട്ടിൽ അങ്ങനെ തുടങ്ങാൻ പാടില്ല. അവ അനഭിലഷണീയമായി തീർന്നേക്കാം. കോപംകൊണ്ടും അവയാരംഭിച്ചുകൂടാ. കോപം താൽക്കാലികഭ്രാന്താണ്. തന്നിമിത്തം അന്തരാത്മാവിൻെറ ആഹ്വാനമുണ്ടെങ്കിലേ അദ്ദേഹം ഉപവാസം തുടങ്ങൂ. അദ്ദേഹം രാജ്യത്തിൻെറ സേവകനാണ്. തന്നിമിത്തം കോൺഗ്രസ്സിൻെറയും, കോൺഗ്രസ്സ് തൻെറ അഭിപ്രായത്തോടു യോജിച്ചില്ലെന്ന കാരണത്താൽ അദ്ദേഹം ഉപവാസം തുടങ്ങണമായിരുന്നോ? അദ്ദേഹം ക്ഷമിച്ചിരിക്കുകയായിരുന്നു വേണ്ടതു്. അക്ഷമനാവാൻ ധാരാളം അവസരങ്ങളുണ്ട്. വ്യവസായവൽക്കരണത്തിനുവേണ്ടിയാണു കോൺഗ്രസ്സ് നിലകൊള്ളുന്നതെന്നു തോന്നുന്നു. ഇതുകൊണ്ടു ജനതതിക്കു അതിനെ ചതച്ചരയ്ക്കുന്ന ദാരിദ്ര്യത്തിൽനിന്നു മോചനം കിട്ടുമെന്നു അദ്ദേഹത്തിനു തോന്നുന്നില്ല. മില്ലുകരം നിർമിച്ച വസ്ത്രത്തിലെന്നപോലെ മില്ലുകരം നിർമിച്ച പരിഷ്കാരത്തിലും അദ്ദേഹത്തിനു വിശ്വാസമില്ല. രാജ്യത്തിൻെറ യഥാർത്ഥ സ്വാതന്ത്ര്യത്തെ ബാധിക്കുന്ന ആപത്തിനെ നീക്കംചെയ്യാൻ ഒരു സൈന്യം ഉണ്ടായിരിക്കണമെന്നതിൽ അദ്ദേഹം വിശ്വസിക്കുന്നില്ല. ഉപവാസം ആരംഭിക്കുവാൻ അദ്ദേഹത്തിനു ബദ്ധപ്പാടുണ്ടെങ്കിൽ ഇപ്പറഞ്ഞ ലക്ഷണങ്ങളും വേറെ പലതും മരണപര്യന്തമുള്ള ഉപവാസത്തിനു തക്ക കാരണങ്ങളാണ്. ചുററുപാടും ആളിക്കത്തുന്ന തീയിൻെറ നടുവിൽ താൻ ഉറച്ചുനിൽക്കണമെന്നും അവസാനം സത്യം വിജയിക്കുമെന്ന തൻെറ വിശ്വാസം തെളിയിക്കണമെന്നും അദ്ദേഹത്തിനു തോന്നുന്നു.

## 116

പഞ്ചാബിലേക്കു ചെല്ലാൻ എന്നോടു അടിയന്തരമായി ആവശ്യപ്പെട്ടിട്ടുള്ളതിനെക്കുറിച്ചു അന്യത്ര ഞാൻ പറഞ്ഞിട്ടുണ്ട്. കൽക്കത്തയിലെ നീർപ്പോള പൊട്ടിക്കഴിഞ്ഞതായി തോന്നുന്നതുകൊണ്ടു് എന്തു മുഖവുംകൊണ്ടാണു ഞാൻ പഞ്ചാബിലേക്കു പോവുക? ഇതുവരെ എൻെറ പിഴയ്ക്കാത്ത ആയുധം ഉപവാസമായിരുന്നു. കൂക്കിവിളിക്കുന്ന ജനക്കൂട്ടത്തിൻെറ മുമ്പിൽ ഗൗരവംനടിച്ചു നിന്നാൽ പ്പോരാ. ഇന്നലെരാത്രി അതുകൊണ്ടു ഫലമുണ്ടായില്ല. ഞാൻ

116. Harijan, 14-9-1947 (Communal Unity, p. 742)

digitized by www .sreyas.in

നേരിട്ടു പറയുന്ന വാക്കിനു ചെയ്യാൻ കഴിയാത്തതു എന്റെ ഉപവാസത്തിനു ചെയ്യാൻ കഴിഞ്ഞെന്നു വരാം. പഞ്ചാബിൽ പോരടിക്കുന്ന എല്ലാവരുടേയും ഹൃദയങ്ങളെ അതു സ്പർശിച്ചെന്നു വരാം—കൽക്കത്തയിൽ അങ്ങനെ സ്പർശിക്കുന്നുവെങ്കിൽ, അതിനാൽ കൽക്കത്തയിൽ തന്റേടം തിരിച്ചുവരുമ്പോൾമാത്രം അവസാനിപ്പിക്കുന്ന ഒരു ഉപവാസം ഇന്നുരാത്രി 8.15 മുതൽ ഞാൻ ആരംഭിക്കുകയാണ്. ഉപവാസകാലത്തു കുടിക്കണമെന്നു തോന്നാവുന്ന വെള്ളത്തിൽ പതിവുപോലെ ഉപ്പും സോഡായും ചേർക്കാൻ ഞാൻ സമ്മതിക്കുന്നതാണ്.

ഞാൻ പഞ്ചാബിൽ ചെന്നു അവിടത്തെ ജനങ്ങളെ സഹായിക്കണമെന്നു കൽക്കത്തയിലുള്ളവർക്കു ആഗ്രഹമുണ്ടെങ്കിൽ ആവുന്നതും വേഗം ഉപവാസം നിർത്തുവാൻ അവർ എനിക്കു കഴിവുണ്ടാക്കിത്തീർക്കണം.

## 117

'ഈയിടെ ഒരുദിവസം എന്റെ സാന്നിദ്ധ്യംകൊണ്ടു തെമ്മാടികളെ നിയന്ത്രിക്കാൻ കഴിയുകയുണ്ടായില്ല. അവരെ സംബന്ധിച്ചിടത്തോളം എന്റെ വാക്കിന്റെ ശക്തി മുഴുവൻ ക്ഷയിച്ചതായി തോന്നി. ആളിക്കത്തൽ നിലയ്ക്കുകയും പണ്ടത്തെ ശാന്തി തിരിച്ചു വരുകയും ചെയ്താൽ മാത്രമേ എന്റെ ഉപവാസം അവസാനിപ്പിക്കുകയുള്ളൂ. മുസ്ലീങ്ങൾ എന്നെ സ്നേഹിക്കുകയും ഞാനൊരു മുതലാണെന്നു കരുതുകയും ചെയ്യുന്നണ്ടെങ്കിൽ കൽക്കത്തയ്ക്കുമുഴുവൻ ഭ്രാന്തു പിടിച്ചാലും പ്രതികാരത്തിനും തിരിച്ചടിക്കും മുതിരാതിരുന്ന് അവർക്കു എന്നോടുള്ള കൂറ് പ്രകടിപ്പിക്കാം. അതുവരെ എന്റെ യാതന തുടരുകതന്നെ വേണം.'

ആ സുഹൃത്തു വ്യസനസമേതം തിരിച്ചുപോയി. എങ്കിലും ഹൃദയപരിവർത്തനം ഉണ്ടായിട്ടാണെന്ന് അദ്ദേഹം പോയശേഷം ഗാന്ധിജി പറഞ്ഞു: 'സമാധാനമുണ്ടായെന്നു കാട്ടിക്കൂട്ടിയാൽ ഞാൻ സംതൃപ്തനാവുകയില്ലെന്നു എല്ലാവരും അറിഞ്ഞിരിക്കട്ടെ. കൂടുതൽ വഷളായ തീപ്പിടുത്തം പിന്നീടുണ്ടാകാൻവേണ്ടി തൽക്കാലം ഉണ്ടാകുന്ന ഒരു പ്രശാന്തത എനിക്കാവശ്യമില്ല. അങ്ങനെയാണെങ്കിൽ എനിക്കു മരണംവരെ നിരുപാധികമായ ഉപവാസം അനുഷ്ഠിക്കേണ്ടതായി വരും.'

## 118

താൻ സ്വപ്നം കാണുന്ന ഇന്ത്യ നശിച്ചാൽ പിന്നെ ജീവിക്കണമെന്നു അദ്ദേഹത്തിനു (ഗാന്ധിജിക്ക്) ആഗ്രഹമില്ല. ഡൽഹി

117. Harijan, 14-9-1947 (CommunalUnity, p. 745)
118. Harijan, 18-1-1948 (Communal Unity, pp. 919-920)

digitized by www .sreyas.in

യിലെ സാമുദായികസ്ഥിതിയെപ്പററി ഉൽക്കണ്ഠ പ്രകടിപ്പിച്ചുകൊണ്ടു മറെറാരു സുഹൃത്തിനോടു അദ്ദേഹം പറഞ്ഞു: 'ഡൽഹിയിൽ ക്രമേണ ഞങ്ങളുടെ പിടി വിടുകയാണു്. ഡൽഹി പോയാൽ ഇന്ത്യ പോയി. അതോടൊന്നിച്ചു ലോകസമാധാനത്തെക്കുറിച്ചുള്ള അവസാനത്തെ ആശയും.' ഡോ. സക്കീർ ഹുസ്സൈനിനെയോ ഷഹീദ് സുഹ്രവർദിയെയോ പോലുള്ളവർക്കു തന്നെപ്പോലെ സ്വാതന്ത്ര്യത്തോടും രക്ഷയോടുംകൂടി ഡൽഹിയിൽ സഞ്ചരിക്കുവാൻ സാധിക്കാതെ വരുകയെന്നതിനെപ്പററി ആലോചിക്കാൻവയ്യ എന്നു ഗാന്ധിജി പറഞ്ഞു. തങ്ങളുടെ പരാതികൾ പറയാൻവേണ്ടി ഡൽഹിയിലെ മുസ്ളീങ്ങളുടെ ഒരു നിവേദകസംഘം അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ അവരും മന്ത്രിസഭയിലെ പ്രമുഖാംഗങ്ങളും തമ്മിൽ തൻെറ മുമ്പാകെവച്ചു കൂടിയാലോചനകൾ നടത്തുവാൻ ഉടനെ അദ്ദേഹം ഏർപ്പാടുകൾ ചെയ്തു. പിന്നീടു പോലീസ് തലവൻ അവരെ കണ്ടു സങ്കടനിവൃത്തി പൂർണമായും ഉണ്ടാക്കാമെന്നേററു. എന്നാലും അദ്ദേഹത്തിൻെറ വ്യസനം ശമിച്ചില്ല.

മറെറ ഡൊമിനിയനിലെ (പാക്കിസ്ഥാൻ) ന്യൂനപക്ഷങ്ങളുടെ സങ്കടങ്ങളിൽ അദ്ദേഹം ഉദാസീനനാണെന്നു ഇതിനർത്ഥമില്ല. നേരെമറിച്ചു അവരുടെ സങ്കടം അദ്ദേഹത്തിൻെറ ക്ഷമകേടിനു ശക്തി കൂട്ടിയിരിക്കയാണു്. ആശ്വാസം നൽകാൻവേണ്ടി സിന്ധിലേക്കും പശ്ചിമപഞ്ചാബിലേക്കും വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിലേക്കും പോയാൽകൊള്ളാമെന്നു അദ്ദേഹത്തിന്നാഗ്രഹമുണ്ടു്. പക്ഷേ, ഡൽഹിയിലെ മുസ്ലീങ്ങൾക്കു സങ്കടനിവൃത്തിയുണ്ടാക്കാൻ സാധിച്ചില്ലെങ്കിൽ വല്ല ഉറപ്പോടുംകൂടി അവിടങ്ങളിലേക്കു പോകാൻ അദ്ദേഹത്തിനു കഴിയുമോ? താൻ നിസ്സഹായനാണെന്നു അദ്ദേഹത്തിനു തോന്നുന്നു. നിസ്സഹായതയെ തൻെറ ജീവകാലത്തൊരിക്കലും അദ്ദേഹം പൊറുപ്പിച്ചിട്ടില്ല.

അങ്ങനെ ഹൃദയവ്യഥയുടെ അഗാധതയിൽനിന്നാണു് ഉപവസിക്കണമെന്ന തീരുമാനമുണ്ടായതു്. ഇതിനുമുമ്പിലത്തെ ഉപവാസങ്ങളിൽനിന്നു വ്യത്യസ്തമായി ഇതൊരു സർവംകഷമായ ഉപവാസമാണു്. അദ്ദേഹം പറഞ്ഞുകഴിഞ്ഞപോലെ അതൊരു മിന്നൽ പോലെയാണെത്തിയതു്. അതിൽ വാദത്തിനിടമുണ്ടായിരുന്നില്ല. തന്നിമിത്തം ഇന്നലെ ഉപവാസത്തെക്കുറിച്ചുള്ള പ്രഖ്യാപനത്തിനു രണ്ടുമണിക്കൂർമുമ്പുതന്നെ സന്ദർശിച്ച സർദാർ പട്ടേലിനോടും പണ്ഡിത നെഹ്റുവിനോടും അതിനെക്കുറിച്ചു അദ്ദേഹം പറയുകയുണ്ടായില്ല.

## 119

ആരോഗ്യനിയമങ്ങളനുസരിച്ചു ആരോഗ്യത്തിനായും താൻ

110. Harijan, 18–1–1948 (Communal Unity, pp. 924–927)

digitized by www .sreyas.in

ചെയ്തതും തനിക്കു ബോദ്ധ്യമുള്ളതുമായ തെററിനു പ്രായശ്ചിത്തമായും ഒരാൾ ഉപവാസമനുഷ്ഠിക്കാറുണ്ടു്. ഇത്തരം ഉപവാസങ്ങളിൽ ഉപവാസകർത്താവു അഹിംസയിൽ വിശ്വസിക്കണമെന്നില്ല. എന്നാൽ സമുദായം ചെയ്ത എന്തെങ്കിലും തെററിൽ പ്രതിഷേധിച്ചു അഹിംസാനിരതർ അനുഷ്ഠിക്കുന്ന മറെറാരുതരം ഉപവാസമുണ്ടു്; അഹിംസാനിരതരെന്ന നിലയ്ക്കു ഗത്യന്തരമില്ലെന്നു വരുമ്പോഴാണു് ഇതു പതിവുള്ളതു്. ഇത്തരമൊരു ഘട്ടം എൻെറ മുമ്പിലെത്തിയിരിക്കുന്നു.

സെപ്തംബർ 9–ാം തീയതി കൽക്കത്തയിൽനിന്നു ഞാൻ ഡൽഹിയിലെത്തിയതു പശ്ചിമപഞ്ചാബിലേക്കു പോകാൻ വേണ്ടിയായിരുന്നു, പക്ഷേ, അതു തരപ്പെടുകയില്ലെന്നുവന്നു. ആഹ്ലാദപൂർണമായ ഡൽഹി മരിച്ചവരുടേതായ ഒരു നഗരമായി കാണപ്പെട്ടു. തീവണ്ടിയിൽനിന്നിറങ്ങിയപ്പോൾ എല്ലാവരുടെയും മുഖത്തു മ്ലാനതയാണു ഞാൻ കണ്ടതു്. നർമഭാവവും അതുളവാക്കുന്ന സന്തോഷവും ആരെ ഒരിക്കലും വിട്ടുപിരിയാറില്ലയോ ആ സർദാർ പോലും ഇത്തവണ ഇക്കൂട്ടത്തിൽപ്പെട്ടുപോയി. അതിൻെറ കാരണം എനിക്കു മനസ്സിലായില്ല. എന്നെ സ്വീകരിക്കാൻ അദ്ദേഹം പ്ലാററ്ഫോറത്തിൽ വന്നിരുന്നു. യൂണിയൻെറ തലസ്ഥാനത്തിൽ സംഭവിച്ച അസ്വാസ്ഥ്യങ്ങളുടെ ദയനീയ കഥ അദ്ദേഹം ഒട്ടും താമസിക്കാതെ എന്നോടു പറഞ്ഞു. ഉടനെ എനിക്കു തോന്നി ഞാൻ ഡൽഹിയിൽത്തന്നെ ഉണ്ടായിരിക്കണമെന്നും 'പ്രവർത്തിക്കുകയോ മരിക്കുകയോ ചെയ്യണ'മെന്നും. ഉടനെ പട്ടാളവും പോലീസും ഇടപെട്ടതുകൊണ്ടു പുറമേയ്ക്കു ശാന്തിയുണ്ടായിട്ടുണ്ടു്. എങ്കിലും ഹൃദയത്തിൽ കൊടുങ്കാററുണ്ടു്. അതെപ്പോഴും പൊട്ടിപ്പുറപ്പെട്ടേക്കാം. നിരുപമസുഹൃത്തായ മൃത്യുവിൽനിന്നു എന്നെ തടഞ്ഞുനിർത്തുന്ന കർത്തവ്യാനുഷ്ഠാനവ്രതത്തിൻെറ പൂർത്തീകരണമായി ഇതിനെ ഞാൻ കണക്കാക്കുന്നില്ല. ഹിന്ദുക്കളും സിക്കുകാരും മുസ്ലീങ്ങളും തമ്മിൽ ഹൃദയൈക്യമുണ്ടാകണമെന്നാണു ഞാൻ കൊതിക്കുന്നതു്. അടുത്ത ദിവസംവരെ അവർ തമ്മിൽ ഇതുണ്ടായിരുന്നു. ഇന്നു അതില്ല. ഇന്ത്യൻദേശാഭിമാനിയെന്ന പേരർഹിക്കുന്ന ആർക്കുംതന്നെ സമചിത്തതയോടുകൂടി കണ്ടുകൊണ്ടിരിക്കാവുന്ന ഒരു സ്ഥിതിയല്ലിതു്. ആന്തരശബ്ദം കുറെനാളായി എന്നെ മാടിവിളിച്ചുകൊണ്ടിരുന്നുവെങ്കിലും, ഞാനതിൻെറ നേരെ ചെവി കൊട്ടിയടയ്ക്കുകയായിരുന്നു—എൻെറ ദുർബലതയെന്നുകൂടി വിളിക്കപ്പെടാവുന്ന ചെകുത്താൻെറ ശബ്ദമായേക്കാം അതെന്ന വിചാരംകൊണ്ടു്. ഗത്യന്തരമില്ലെന്ന തോന്നൽ എനിക്കിഷ്ടമല്ല. ഒരു സത്യാഗ്രഹിക്കു അതിഷ്ടമാകരുതു്. തൻേറയോ അന്യൻേറയോ വാളിനു പകരം അവൻെറ പരമശരണം ഉപവാസമാണു്. തങ്ങളെന്തുചെയ്യണമെന്നു ചോദിച്ചുകൊണ്ടു ദിവസേന എന്നെ വന്നു കാണുന്ന മുസ്ലീം സുഹൃത്തുക്ക

digitized by www .sreyas.in

ളോടു എനിക്കു ഉത്തരമൊന്നും പറയാനില്ല. എന്റെ അശക്തി ഇയ്യിടെയായി എന്നെ കടിച്ചുതിന്നുകൊണ്ടിരിക്കുകയാണു്. ഉപവാസമാരംഭിച്ചാൽ ഉടൻ അതു പോകും. കഴിഞ്ഞ മൂന്നുദിവസമായി ഞാൻഅതിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവസാനതീരുമാനം ഒരു മിന്നൽപോലെ എന്നിലെത്തിയിരിക്കുന്നു. അതെന്നെ സന്തുഷ്ടനാക്കി. ആർക്കും അയാറം സംശുദ്ധനാണെങ്കിൽ തന്റെ ജീവനെക്കാറം കവിഞ്ഞൊന്നും കൊടുക്കാനാവില്ല. ഈ നടപടിയെ നീതീകരിക്കത്തക്ക വിശുദ്ധി എന്നിലുണ്ടെന്നു ഞാനാശിക്കുന്നു, ഉണ്ടാകുമാറാകട്ടെ എന്നു് പ്രാർത്ഥിക്കുന്നു.

എന്റെ ഈ ഉദ്യമത്തെ അനുഗ്രഹിക്കാനും എനിക്കുവേണ്ടിയും എന്നോടുകൂടിയും പ്രാർത്ഥിക്കാനും നിങ്ങളോടെല്ലാം ഞാനവശ്യപ്പെടുന്നു. നാളത്തെ ആദ്യത്തെ ഭക്ഷണത്തോടുകൂടി ഉപവാസം ആരംഭിക്കുകയാണു്. എത്രകാലത്തേക്കു് എന്നു നിശ്ചയിച്ചിട്ടില്ല. ഉപ്പും നാരങ്ങാനീരും ചേർത്തതോ ചേർക്കാത്തതോ ആയ വെള്ളം ഞാൻ കുടിച്ചേക്കാം. ബാഹ്യശക്തിയുടെ പ്രേരണകൊണ്ടല്ലാതെ പ്രബുദ്ധമായ കർത്തവ്യബോധത്തിന്റെ ഫലമായി എല്ലാ സമുദായങ്ങളുടെയും ഹൃദയൈക്യം വീണ്ടും സംജാതമാക്കപ്പെട്ടിട്ടുണ്ടെന്നു എനിക്കു തൃപ്തിവന്നെങ്കിൽ, തൃപ്തിവരുമ്പോറം അതവസാനിക്കും. ഇന്ത്യയുടെ ക്ഷയിച്ചുവരുന്ന പ്രശസ്തിയും ഏഷ്യയുടെയും തന്നിമിത്തം ലോകത്തിന്റെയും ഹൃദയത്തിൽ തിരോഭവിച്ചുകൊണ്ടിരിക്കുന്ന അതിന്റെ അധീശത്വവും വീണ്ടെടുക്കുകയെന്നതായിരിക്കും ഇതിന്റെ പ്രതിഫലം. ഇന്ത്യയുടെ ആത്മാവു നഷ്ടപ്പെടുകയെന്നുവച്ചാൽ വേദന സഹിക്കുന്ന കൊടുങ്കാററിൽപ്പെട്ടു് ഉലയുന്ന ക്ഷുധാർത്തമായ ലോകത്തിന്റെ ആശ നഷ്ടപ്പെടുകയെന്നാണു് അർത്ഥമെന്ന വിശ്വാസത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു. ഒരൊററ സുഹൃത്തും ശത്രുവുണ്ടെങ്കിൽ അയാളും എന്റെനേരെ കോപിക്കരുതു്. മനുഷ്യജാതിയുടെ പുനരുദ്ധാരണത്തിനുവേണ്ടി ഉപവാസമനുഷ്ഠിക്കുന്നതിൽ വിശ്വാസിക്കാത്ത സുഹൃത്തുക്കളുണ്ടു്. അവരെന്നോടു ക്ഷമിക്കുകയും അവർ സ്വയം അവകാശപ്പെടുന്ന പ്രവർത്തനസ്വാതന്ത്ര്യം എനിക്കും അനുവദിക്കുകയും വേണം. എന്റെ ഏകവും പരമവുമായ അനുജ്ഞാപകൻ ഈശ്വരനാകകൊണ്ടു മറെറാരു ഉപദേഷ്ടാവും കൂടാതെ ഞാൻ ഈ തീരുമാനം ചെയ്യണമെന്നെനിക്കു തോന്നി. ഞാൻ തെററു ചെയ്തിട്ടുണ്ടെങ്കിൽ അതു മനസ്സിലായാൽ അക്കാര്യം ഉച്ചൈസ്തരം ഉൽഘോഷിക്കുവാനും തെററിവച്ച കാൽ പുറകോട്ടു വലിക്കാനും എനിക്കു യാതൊരു സങ്കോചവുമില്ല. എങ്കിലും അങ്ങനെ മനസ്സിലാകാനുള്ള ലക്ഷണമൊന്നും കാണാനില്ല. ഞാൻ അവകാശപ്പെടുന്നതുപോലെ ആന്തരശബ്ദത്തിന്റെ വ്യക്തമായ സൂചനയുണ്ടെങ്കിൽ അതു നിഷേധിക്കപ്പെടുകയില്ല. എല്ലാ വാദവും നിലയ്ക്കണമെന്നും എന്റെ നടപടിയെ അനിവാര്യമായിക്കരു

digitized by www .sreyas.in

തി ശരിവയ്ക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. ഇന്ത്യ മുഴുവൻ ചെയ്യേണ്ടതു ചെയ്താൽ അഥവാ ഡൽഹിയെങ്കിലും ചെയ്താൽ ഉപവാസം വേഗം അവസാനിപ്പിക്കാവുന്നതാണ്.

എന്നാൽ അതു വേഗത്തിൽ അവസാനിച്ചാലും താമസിച്ചു അവസാനിച്ചാലും ഒരിക്കലും അവസാനിക്കാതിരുന്നാലും ഒരു വിഷമഘട്ടം എന്നു വിളിക്കപ്പെടാവുന്ന ഈ ഘട്ടം കൈകാര്യം ചെയ്യുന്നതിൽ മാർദവം കാണിച്ചുപോകരുത്. എന്റെ ഇതിനു മുമ്പിലത്തെ ചില ഉപവാസങ്ങൾ ശാസനാപരങ്ങളായിരുന്നെന്നു വിമർശകന്മാർ കരുതുകയുണ്ടായിട്ടുണ്ട്; ആ ഉപവാസങ്ങൾ ചെലുത്തിയ സമ്മർദം ഉണ്ടായിരുന്നില്ലെങ്കിൽ ഗുണദോഷങ്ങളെ ആസ്പദമാക്കി വിധി എനിക്കു പ്രതികൂലമാകുമായിരുന്നെന്നു അഭിപ്രായപ്പെട്ടിട്ടുമുണ്ട്. ഉദ്ദേശ്യം പ്രത്യക്ഷത്തിൽ സംശുദ്ധമാണെങ്കിൽ പ്രതികൂലവിധിക്കു എന്തു വിലയാണുള്ളതു്? ധർമാനുഷ്ഠാനത്തെപ്പോലെ നിർമലമായ ഒരു ഉപവാസം തന്നെയാണ് അതിന്റെ (ഉപവാസത്തിന്റെ) പ്രതിഫലം. അതുകൊണ്ടുണ്ടായേക്കാവുന്ന ഫലത്തിനു വേണ്ടിയല്ല ഞാൻ അതാരംഭിക്കുന്നതു്; ആരംഭിച്ചേ തീരു എന്നതുകൊണ്ടാണ്. തന്നിമിത്തം ഉദ്ദേശ്യത്തെപ്പറ്റി നിർവികാരമായി ആലോചിച്ചുനോക്കാനും കൂടിയേ തീരുവെങ്കിൽ ശാന്തിയോടുകൂടി—ഇതുണ്ടാകുമെന്നു ഉറപ്പുണ്ട്—മരിക്കാൻ എന്നെ അനുവദിക്കാനും എല്ലാവരോടും ഞാൻ ആവശ്യപ്പെടുന്നു. ഇന്ത്യയുടെയും ഹിന്ദുമതത്തിന്റെയും സിക്കുമതത്തിന്റെയും ഇസ്‌ലാമിന്റെയും നശീകരണത്തിനു നിസ്സഹായനായ സാക്ഷിയായി നിൽക്കുന്നതിനുപകരം മരണം എനിക്കു യശസ്കരമായ മോചനമായിത്തീരും. ലോകത്തിലെ വിവിധമതങ്ങളിൽ വിശ്വസിക്കുന്നവർക്കെല്ലാം പാക്കിസ്ഥാൻ തുല്യപദവിയും ജീവനും സ്വത്തിനും രക്ഷയും നൽകാതിരിക്കുകയും, ഇന്ത്യ പാക്കിസ്ഥാനെ അനുകരിക്കുകയും ചെയ്താൽ ആ നശീകരണം ഉറച്ചതാണ്. അപ്പോൾ രണ്ടു ഇന്ത്യകളിലും ഇസ്ലാം നശിച്ചു എന്നേയുള്ളൂ. ലോകത്തിൽ മുഴുവൻ നശിച്ചില്ല. പക്ഷേ ഹിന്ദുമതത്തിനും സിക്കുമതത്തിനും ഇന്ത്യയ്ക്കു പുറമെ ലോകമില്ല. എന്നോടു യോജിക്കാത്തവരെ അവരുടെ എതിർപ്പിന്റെ പേരിൽത്തന്നെ—അതെത്രതന്നെ അശാമ്യമാണെങ്കിലും—ഞാൻ മാനിക്കും. എന്റെ ഉപവാസം മനസ്സാക്ഷിയെ ഉണർത്തട്ടെ. ജഡീകരിക്കാതിരിക്കട്ടെ. ഈ പ്രിയപ്പെട്ട ഭാരതവർഷത്തെ ബാധിച്ച ചീച്ചലിനെപ്പറ്റി ആലോചിച്ചുനോക്കു—എന്നാൽ ഈ ശുഭമാർഗം കൈക്കൊള്ളാൻ തക്ക ശക്തിയും ഒരുവേള വിശുദ്ധിയുമുള്ള ഒരെളിയ സന്താനമെങ്കിലും ഉണ്ടെന്നതിൽ നിങ്ങൾ ആനന്ദിക്കും. ശക്തിയും വിശുദ്ധിയുമില്ലെങ്കിൽ അവൻ ഭൂമിക്കു ഭാരമാണ്. എത്രവേഗം അവൻ അപ്രത്യക്ഷനായി ഇന്ത്യയുടെ അന്തരീക്ഷത്തിൽനിന്നു ആ ഭാരം നീക്കം ചെയ്യുന്നുവോ അത്രയും ഗുണമേയുള്ളു—അവനും ബന്ധപ്പെട്ട എല്ലാവർക്കും.

digitized by www .sreyas.in

ബിർളാഹൗസിലേക്ക ഓടിവരരുതെന്നും എന്നെ പിന്തിരി പ്പിക്കാൻ ശ്രമിക്കുകയോ എന്നെക്കുറിച്ച് ഉൽകണ്ഠിതരാവുകയോ ചെയ്യരുതെന്നും എല്ലാ സുഹൃത്തുക്കളോടും ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ഈശ്വരൻെറ കൈകളിലാണ്. അവർ ചെയ്യേണ്ടതു വ'ളക്ക ഉള്ളിലേക്ക തിരിച്ചുപിടിക്കുകയാണ്. എന്തുകൊണ്ടെന്നാൽ ഇതു നമുക്കെല്ലാവർക്കും ഒരു പരീക്ഷാഘട്ടമാണ്. സ്വസ്ഥാനങ്ങളിൽനിന്നു പണ്ടത്തേക്കാറം നിഷ്ഠയോടുകൂടിയും നന്നായും സ്വധർമ മനുഷ്ഠിക്കുന്നവർ എന്നെയും ഇക്കാര്യത്തെയും സർവഥാ സഹായിക്കും. ഈ ഉപവാസം ആത്മശുദ്ധീകരണത്തിനുള്ളതാണ്.

## 120

ഈശ്വരനെന്ന സുപരിചിതനായുള്ള സത്യത്തിൻെറ പേരിലാണ ഞാൻ ഉപവാസമാരംഭിച്ചതു്. സജീവമായ വിശ്വാസമില്ലെങ്കിൽ ഈശ്വരനില്ല ഈശ്വരൻെറ പേരിൽ നാം നുണപറഞ്ഞിട്ടുണ്ട്. നിരപരാധരോ കുററക്കാരോ എന്നു നോക്കാതെ ആബാലവൃദ്ധം സ്ത്രീപുരുഷന്മാരെ കൂട്ടക്കൊല ചെയ്തിട്ടുണ്ട്. ജനങ്ങളെ തട്ടിക്കൊണ്ടുപോയിട്ടുണ്ട്. ബലംപ്രയോഗിച്ച് മതംമാററിയിട്ടുണ്ട്. ഇതെല്ലാം നിർലജ്ജം ചെയ്തു. സത്യത്തിൻെറ പേരിൽ ഇതൊക്കെ ആരെങ്കിലും ചെയ്തിട്ടുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ. അതേ നാമം ഉച്ചരിച്ചുകൊണ്ടു ഞാൻ ഉപവാസം അവസാനിപ്പിച്ചിരിക്കുന്നു. നമ്മുടെ ജനങ്ങളുടെ സങ്കടം ദുസ്സഹമായിരുന്നു. ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും സിക്കുകാരുടെയും ഹിന്ദുമഹാസഭയുടെയും രാഷ്ട്രീയസ്വയംസേവക്സംഘത്തിൻെറയും പഞ്ചാബിൽനിന്നും അതിർത്തിസംസ്ഥാനത്തിൽനിന്നും സിന്ധിൽനിന്നും വന്ന അഭയാർത്ഥികളുടെയുംപ്രതിനിധികളായ നൂറിലധികം പേരെ രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് കൊണ്ടുവന്നു. ഈ പ്രതിനിധികളുടെ കൂട്ടത്തിൽ പാക്കിസ്ഥാൻ ഹൈക്കമ്മീഷണറായ സഹിദ് ഹുസെയിൻ സാഹിബ്ബും ഡൽഹിയിലെ ചീഫ് കമ്മീഷണറും ഡെപ്യൂട്ടി ചീഫ് കമ്മീഷണറും ആസാദ് ഹിന്ദ് ഫൗജിൻെറ (ഐ. എൻ. എ.) പ്രതിനിധിയായ ജനറൽ ഷാനവാസ്ഖാനും ഉണ്ടായിരുന്നു. പണ്ഡിതനെഹ്രു ഉണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ —ഒരു പ്രതിമയെപ്പോലെ ഇരിക്കുകയായിരുന്നു അദ്ദേഹം. മൗലാനാസാഹിബ്ബും ഉണ്ടായിരുന്നു. തങ്ങളെ ഇനിയും വിഷമിപ്പിക്കരുതെന്നും ഉപവാസം നിർത്തി യാതന അവസാനിപ്പിക്കണമെന്നും എന്നോടാവശ്യപ്പെടുന്നതും ഈ പ്രതിനിധികറം ഒപ്പിട്ടതുമായ ഒരു രേഖ ഹിന്ദുസ്ഥാനിയിലെഴുതിയതു് ഡോ. രാജേന്ദ്രപ്രസാദ് വായിച്ചു. ഇതുതന്നെ എന്നോടാവശ്യപ്പെടുന്ന അസംഖ്യം കമ്പികറം

120. Harijan, 25–1–1948 (Communal Unity, p. 945), ഉപവാസം അവസാനിപ്പിച്ചശേഷം പുറപ്പെടുവിച്ച ഒരു സന്ദേശം).

digitized by www .sreyas.in

പാക്കിസ്ഥാനിൽനിന്നും ഇന്ത്യായൂണിയനിൽനിന്നും കിട്ടിയിട്ടുണ്ട്. ഈ സുഹൃത്തുക്കളുടെയെല്ലാം ഉപദേശം നിരസിക്കാൻ എനിക്കു സാധിച്ചില്ല. എന്തു സംഭവിച്ചാലും കൊള്ളാം. ഹിന്ദുക്കളും മുസ്ളീങ്ങളും സിക്കുകാരും ക്രിസ്ത്യാനികളും പാഴ്സികളും യഹൂദരും തമ്മിൽ അലംഘനീയമായ സൗഹാർദമുണ്ടാകുമെന്ന അവരുടെ പ്രതിജ്ഞയെ അവിശ്വസിക്കാൻ എനിക്കു സാധിച്ചില്ല. ആ സൗഹാർദത്തെ ലംഘിക്കുകയെന്നുവച്ചാൽ രാഷ്ട്രത്തെ തകർക്കുകയെന്നാണർത്ഥം.

ഇതെഴുതിക്കൊണ്ടിരിക്കുമ്പോൾ ആശ്വാസപ്രദങ്ങളായ കമ്പികൾ എൻെറമേൽ വന്നു വീണുകൊണ്ടിരിക്കുകയാണ്. മനുഷ്യജാതിയെ സേവിക്കുകയെന്ന എൻെറ മുമ്പിൽ കിടക്കുന്ന കർമ്മം ചെയ്യാൻ വേണ്ടത്ര ശക്തിയും ശേഷിയും ഈശ്വരൻ എനിക്കു നൽകുമാറാകണമെന്ന് എനിക്കേറ്റവും ആഗ്രഹമുണ്ട്! ഇന്നു ചെയ്ത സഗൗരവമായ പ്രതിജ്ഞ സഫലീകൃതമായാൽ അവസാനനിമിഷംവരെ മനുഷ്യജാതിയേ സേവിച്ചുകൊണ്ടു ആയുഷ്കാലം മുഴുവൻ ജീവിക്കാൻ എനിക്കു കഴിവുണ്ടാക്കേണമെ എന്ന ഈശ്വരനോടുള്ള എൻെറ പ്രാർത്ഥനയ്ക്കും എൻെറ അഭിലാഷത്തിനും ഇരട്ടി ജീവൻവയ്ക്കുമെന്നു ഞാൻ നിങ്ങൾക്കു ഉറപ്പുനൽകുന്നു. മനുഷ്യായുഷ്കാലം പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം 120 കൊല്ലമെങ്കിലുമാണ്, ചിലർ പറയുന്നു 130 ആണെന്ന്. ഹിന്ദുമഹാസഭയുടെയും രാഷ്ട്രീയ സ്വയം സേവക്സംഘത്തിൻെറയും നേതാക്കന്മാരുൾപ്പെടെ ഡൽഹിയിലെ പൗരന്മാരെല്ലാം കാണിച്ച സൗമനസ്യത്തിൻെറ ഫലമായി എൻെറ പ്രതിജ്ഞ അക്ഷരാർത്ഥത്തിൽ നിറവേററപ്പെട്ടിരിക്കുന്നു, പ്രതീക്ഷിച്ചതിലും വളരെ നേരത്തെ. ഇന്നലെമുതൽ അനേകായിരം അഭയാർത്ഥികളും മററും ഉപവസിക്കുകയാണെന്നു കാണുമ്പോൾ ഫലം മറിച്ചാകാൻ തരമില്ല. ഹൃദയൈക്യം ഉണ്ടാകുമെന്ന ഉറപ്പ്, അനേകായിരം പേർ ഒപ്പിട്ടതു് എനിക്കു കിട്ടിക്കൊണ്ടിരുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും കമ്പിമുഖേന അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. എൻെറ ഈ കർമ്മത്തിൽ ഈശ്വരൻെറ കൈയുണ്ടെന്നതിനു ഇതിലും നല്ല തെളിവുണ്ടാകാൻ തരമുണ്ടോ? എൻെറ സഗൗരവമായ പ്രതിജ്ഞയുടെ സാഫല്യത്തിൻേറതായ അക്ഷരങ്ങൾക്കപ്പുറത്തു അതിൻെറ പൊരുൾ കിടപ്പുണ്ട്; അതില്ലെങ്കിൽ 'അക്ഷരം കൊല്ലും.' യൂണിയനിലെ ഹിന്ദുക്കളും മുസ്ളീങ്ങളും സിക്കുകാരും തമ്മിൽ ഹൃദയപൂർവമായ സൗഹാർദം ഉണ്ടാവുക; ഇത്തരം സൗഹാർദ്ദം പാക്കിസ്ഥാനിലും ഉണ്ടാവുക—ഇതാണു പ്രതിജ്ഞയുടെ പൊരുൾ. ആദ്യത്തേതു ഉറപ്പിച്ചാൽ രണ്ടാമത്തേതു വന്നേ തീരൂ, രാത്രിക്കുശേഷം പകലെന്നോണം. യൂണിയനിൽ ഇരുട്ടാണെങ്കിൽ പാക്കിസ്ഥാനിൽ വെളിച്ചംപ്രതീക്ഷിക്കുന്നതു മൗഢ്യമാണ്, എന്നാൽ യൂണിയനിലെ ഇരുട്ടു നിസ്സംശയം അകററപ്പെട്ടാൽ, പാക്കിസ്ഥാനിലും മറിച്ചാകാൻവയ്യ; ആവഴിക്കു ലക്ഷണങ്ങളില്ലായ്ക

യുമില്ലനിരവധി കമ്പികറം പാക്കിസ്ഥാനിൽനിന്ന കിട്ടിയിട്ടണ്ട്. പ്രതികൂലമായി ഒരൊററ ഒന്നമില്ല. സത്യമാകുന്ന ഈശ്വരൻ നമുക്ക വഴി കാണിക്കട്ടെ, ഈ ആറുദിവസം പ്രത്യക്ഷമായി അദ്ദേഹം ചെയ്തതുപോലെ.'

## 121

ഉച്ചതിരിഞ്ഞു 3 മണിക്ക ഒരു മുസ്ലീംനിവേദകസംഘം ഗാന്ധിജിയെ സന്ദർശിച്ചു. സംഭവിച്ചു കഴിഞ്ഞതിനെക്കുറിച്ച് അവർക്ക കഠിനദുഃഖമുണ്ടായിരുന്നു. ഉപവാസം* അവസാനിപ്പിക്കവാൻ അദ്ദേഹം ഇടപെടണമെന്ന അവരുടെ അപേക്ഷയ്ക്കു മറുപടിയായി,താൻ ഹിന്ദുക്കളുടേയും മുസ്ളീങ്ങളുടേയും സുഹൃത്തായിട്ടാണ വന്നിരിക്കുന്നതെന്ന ഗാന്ധിജി പറഞ്ഞു. അദ്ദേഹത്തിൻെറ ഹൃദയം പിളന്ന നോക്കാൻ അവക്ക കഴിയുമെങ്കിൽ,അവിടെ സ്നേഹമല്ലാതെ മററു യാതൊന്നും കാണില്ല, ബീബി അംതുൽസലാം അദ്ദേഹത്തിന ഒരുപുത്രിയെക്കാറം പ്രിയപ്പെട്ടവളാണ്. അവളെ നഷ്ടപ്പെടുവാൻ അദ്ദേഹത്തിന് ആഗ്രഹമില്ല. താൻ വളർത്തിക്കൊണ്ടുവന്ന മുസ്ളീം കുട്ടികളെ ഉറച്ച മതവിശ്വാസികളാകാൻ അദ്ദേഹം പഠിപ്പിച്ചിട്ടുണ്ട്. നിസ്കാരവും റംസാൻവ്രതവും അവരെക്കൊണ്ടു ശരിക്ക് അനുഷ്ഠിപ്പിച്ചിട്ടുണ്ട്. തൻെറ മുസ്ളീം സഹോദരന്മാരുടെ അസഹിഷ്ണത സഹിക്കവെയ്യാത്തതുകൊണ്ടാണ് അവറം ഉപവാസം ആരംഭിച്ചത്. ഇസ്ലാമിനെ അവറം സ്നേഹിക്കുന്നു, എങ്കിലും ഹിന്ദുക്കളെ വെറുക്കുന്നില്ല. ഉപവാസമാരംഭിക്കാൻ അവറം തൻെറ ഉപദേശം തേടിയിട്ടില്ല എന്നദ്ദേഹം പറഞ്ഞു. തൻെറ മതംകൊണ്ടു കളിക്കാത്തവളാണ് അവറം. അവളുടെ ഉപവാസത്തിൻെറ ഉദ്ദേശ്യം നിറവേററപ്പെടണം. മുസ്ലീങ്ങറം ചെയ്ത തെററ് അവർ സമ്മതിക്കണം. അതിന അവർ പശ്ചാത്തപിക്കണം. അവർക്ക യഥാർത്ഥ പശ്ചാത്താപമുണ്ടെങ്കിൽ, ഭാവിയിൽ ഇത്തരം സംഗതികറം ഉണ്ടാവുകയില്ലെന്ന ഉറപ്പുകൊടുത്താൽ ഉപവാസം നിർത്താൻ അദ്ദേഹം അവളോടു പറഞ്ഞുനോക്കാം. എന്തൊക്കെപ്പറഞ്ഞാലും ഈശ്വരൻ ഒന്നാണ്— എന്തുപേരിൽ നാം അദ്ദേഹത്തെ വിളിച്ചാലും.

## 122

ഇതുപോലെ കുറഞ്ഞ സമയംകൊണ്ടു് ഇത്തരം ഫലങ്ങളുളവാക്കാമെന്ന പ്രതീക്ഷയോടുകൂടി ആരെങ്കിലും ഉപവാസം ആരംഭിക്കുന്നതു ബുദ്ധിശൂന്യമായിരിക്കുമെന്നാണ നിരത്ഥാനകരണത്തിൻെറതായ ഇക്കാലത്തു് എൻെറ താക്കീതു്. ആരെങ്കിലും ആരംഭിച്ചാൽ കഠിനമായ നിരാശയെ നേരിടേണ്ടതായി വരും. പഴക്കമേറിയതും

121. Harijan, 6-4-1947 (Communal Unity, p. 516)
* ബീബി അംതുൽസലാമിൻെറ ഉപവാസം.
122. Harijan, 25-1-1948 (Communal Unity p. 947)

digitized by www .sreyas.in

പിഴയ്ക്കാത്തതുമായ ഒരു സമ്പ്രദായത്തിനു ദൃഷ്ടീത്തിയുണ്ടാക്കുകയും ചെയ്യും. രണ്ടു കഠിനയോഗ്യതകൾ വേണം. ഒന്നു സജീവമായ ഈശ്വരവിശ്വാസം, രണ്ട് അദ്ദേഹത്തിന്റെ അടിയന്തരമായ ആഹ്വാനമുണ്ടെന്ന തോന്നലും. മൂന്നാമതൊന്നുകൂടി ചേർക്കുവാൻ എനിക്കു മോഹമുണ്ട്. പക്ഷേ; അതനാവശ്യമാണ്. ഈശ്വരന്റെ അടിയന്തരമായ ആഹ്വാനമുണ്ടെന്നുവെച്ചാൽ ഏതു കാര്യത്തിനുവേണ്ടിയാണോ ഉപവസിക്കുന്നത്, ആ കാര്യം സുബദ്ധവും സമയോചിതവുമാണെന്നാണർത്ഥം. ദീർഘകാലംകൊണ്ടു മുൻകൂട്ടി സന്നദ്ധനാകണമെന്നു ഇതിൽനിന്നു വന്നുകൂടുന്നുണ്ടല്ലോ. അതിനാൽ ആരും നേരംപോക്കായി ഇത്തരമൊരു ഉപവാസം ആരംഭിക്കാതിരിക്കട്ടെ!

## ടി. പ്രാർത്ഥന

### 123

ഹിന്ദു മുസ്ലീം പ്രശ്നത്തെ തൊടാൻ എനിക്കു ധൈര്യമില്ല. അതു മനുഷ്യന്റെ കൈയിൽനിന്നു കടന്നുപോയിരിക്കുന്നു. ഈശ്വരന്റെ കൈയിലേയ്ക്കു മാത്രമായി നീക്കം ചെയ്യപ്പെട്ടിരിക്കുകയാണത്. ഭർത്താക്കന്മാരാൽ പരിത്യക്തയായ, മനുഷ്യരാലും ഈശ്വരന്മാരാലും ഒരുപോലെ പരിത്യക്തയായ, ദ്രൗപദി ഈശ്വരനോട് ഈശ്വരനോടുമാത്രം, സാഹായം യാചിക്കുകയും ഈശ്വരൻ തന്റെ ഒരിക്കലും ദുർലഭമല്ലാത്ത സഹായം അവൾക്കു നൽകുകയും ചെയ്തതുപോലെയാണ് എന്റെ കഥ; നമ്മളിൽ ഓരോരുത്തരുടേയും കഥ അങ്ങനെ ആയിരിക്കുകയും ചെയ്യും, സർവശക്തനായ ഈശ്വരനോടു നാം സഹായം യാചിക്കുക, നാം ചെയ്യേണ്ടതു ചെയ്തിട്ടില്ലെന്നും, നാം പരസ്പരം വെറുക്കുന്നുണ്ടെന്നും, പരസ്പരം അവിശ്വസിക്കുന്നുണ്ടെന്നും പരസ്പരം ആക്രമിക്കുന്നുണ്ടെന്നും, കൊലപാതകികൾപോലുമാകാറുണ്ടെന്നും അദ്ദേഹത്തോടു പറയുക. എന്നിട്ടു നമ്മുടെ ഹൃദയരോദനം അദ്ദേഹത്തിന്റെ സന്നിധാനത്തിലെത്തട്ടെ; രക്തമാകുന്ന കണ്ണുനീരുകൊണ്ടു അദ്ദേഹത്തിന്റെ കാൽ കഴുകി നമ്മുടെ ഹൃദയത്തിൽനിന്ന് എല്ലാ വിദ്വേഷവും അകററാൻ അദ്ദേഹത്തോടു യാചിക്കുക. പരസ്പരം അവിശ്വസിച്ചും ഭയന്നും നാം അദ്ദേഹത്തിന്റെ ഭൂമിയെയും അദ്ദേഹത്തിന്റെ നാമത്തേയും ഈ പുണ്യരാജ്യത്തെയും അവമാനിക്കുകയാണ്. നാം ഒരേ മാതൃഭൂമിയുടെ പുത്രന്മാരും പുത്രിമാരുമാണെങ്കിലും, ഒരേ ഭക്ഷണമാണ് നാം കഴിക്കുന്നതെങ്കിലും നാം പരസ്പരം ഇടം കൊടുക്കുന്നില്ല. നമുക്കു ബുദ്ധി തരാൻ, വിവേകം തരാൻ നാം ഈശ്വരനോടു പ്രാർത്ഥിക്കുക.

---

123. Young India, 13–1–1927 (Communal Unity p, 135)

digitized by www .sreyas.in

124

ഹിന്ദുമുസ്ളീം മൈത്രിയിലും എല്ലാ സമുദായങ്ങളും തമ്മിലുള്ള മൈത്രിയിലും എനിക്കുള്ള വിശ്വാസം എന്നത്തെപ്പോലെയും പ്രബലമായിത്തന്നെ നില്ക്കുന്നു. എന്റെ സമീപനരീതി മാറിയിട്ടുണ്ട്. മുമ്പ് സമ്മേളനങ്ങളിൽ പ്രസംഗിച്ചും പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിലും പാസ്സാക്കുന്നതിലും പങ്കുകൊണ്ടുമാണ് ഇതിനു ഞാൻ ശ്രമിച്ചിരുന്നത്. ഇന്ന് ഈ വിദ്യകളിൽ എനിക്കു വിശ്വാസമില്ല. അവയ്ക്കു പററിയ അന്തരീക്ഷം ഇന്നില്ല. അവിശ്വാസവും ഭയവും നൈരാശ്യവും നിറഞ്ഞ ഒരന്തരീക്ഷത്തിൽ ഈ വിദ്യകൾ ഹൃദയൈക്യത്തെ സഹായിക്കുന്നതിനുപകരം തടസ്സപ്പെടുത്തുകയാണെന്നാണ് എന്റെ അഭിപ്രായം. അതിനാൽ ഞാൻ പ്രാർത്ഥനയേയും സാധിക്കാവുന്നത്ര സൗഹാർദകർമങ്ങളെയും ആശ്രയിക്കുകയാണ്. തന്നിമിത്തം ഐക്യം നേടാൻവേണ്ടി നടത്തുന്ന സമ്മേളനങ്ങളിൽ പങ്കുകൊള്ളാൻ എനിക്കു തീരെ ആഗ്രഹമില്ലാതായിരിക്കുന്നു. ഇത്തരം പരിശ്രമങ്ങളെ ഞാൻ അനുകൂലിക്കുന്നില്ലെന്ന് ഇതിനർത്ഥമില്ല. നേരെമറിച്ച് ഇത്തരം സമ്മേളനങ്ങളിൽ വിശ്വാസമുള്ളവർ അവ നടത്തണം. അവർക്ക് എല്ലാ വിജയവും ഞാൻ ആശംസിക്കുന്നു.

## യ. അഭയാർഥികൾ

125

ഷംസുദിൻസാഹിബ് കല്ക്കത്തയിൽനിന്നു വന്ന തന്റെ സഹപ്രവർത്തകരോടും സ്ഥലത്തെ ചില പ്രധാന മുസ്ലീങ്ങളോടും കൂടി ഗാന്ധിജിയെ കണ്ട് അഭയാർത്ഥിപ്രശ്നത്തെപ്പററി, വിശേഷിച്ചും അതതു ഗ്രാമങ്ങളിലേക്കു തിരിച്ചുപോകാൻ അവരെ പ്രേരിപ്പിക്കുന്നതിനെപ്പററി ചർച്ച ചെയ്തു. വിശ്വാസം വീണ്ടെടുക്കുവാൻവേണ്ടി സ്വന്തം ഗ്രാമങ്ങളിലേക്കു തിരിച്ചുപോകാൻ മുസ്ലീങ്ങൾ ചെയ്ത അഭ്യർത്ഥനയെ ഹിന്ദുനേതാക്കന്മാരും പിന്താങ്ങണമെന്ന് സുഹൃത്തുക്കളിൽ ഒരാൾ അഭിപ്രായപ്പെട്ടു. ഹിന്ദുക്കളുടെ തക്ക കാരണത്തോടുകൂടിയ ഭയത്തെയും അവിശ്വാസത്തെയും നീക്കം ചെയ്യാനുള്ള ശരിയായ വഴി അതല്ലെന്നു ഗാന്ധിജി മറുപടി പറഞ്ഞു. ഹിന്ദുക്കളുടെ രക്ഷയ്ക്കും സുസ്ഥിതിക്കും ഉറപ്പു നല്കാനും, അവരുടെ ഒരൊററ തലനാരിഴപോലും തൊട്ടുപോകുന്നതിനുമുമ്പ് ആത്മത്യാഗം ചെയ്യാനും സന്നദ്ധനായ ഒരു നല്ല ഹിന്ദുവും ഒരു നല്ല മുസ്ളീമും ഓരോ ഗ്രാമത്തിലും ഉണ്ടാകുന്നതുവരെ അവരോടു സ്വഗൃഹങ്ങളിലേക്കു മടങ്ങിപ്പോകാൻ ഉപദേശിക്കുന്നതിന് അദ്ദേഹത്തിനു

124. Young India, 1-12-1927 (Communal Unity, p. 148)
125. Harijan, 24-11-1946 (Communal Unity, p. 425)

digitized by www .sreyas.in

നിവൃത്തിയില്ല. ഇത്തരം ആളുകളുണ്ടാകുമോ എന്നു പറയേണ്ടതു് ഗവർമെൻറിൽ അംഗങ്ങൾകൂടിയായ മുസ്ളീംലീഗ് നേതാക്കന്മാരാണു്. ഇത്രയെല്ലാം സംഭവിച്ച സ്ഥിതിക്കു് വിശ്വാസം വീണ്ടെടുക്കാൻ വേറെ വഴിയൊന്നുമില്ല. അവരെല്ലാം ഗാന്ധിജിയുടെ അഭിപ്രായത്തോടു യോജിക്കുകയും, അതു നടപ്പിൽവരുത്താൻ കഴിയുന്നതെല്ലാം ചെയ്യാമെന്നു് ഏല്ക്കുകയും ചെയ്തു.

## 126

ഒരു ഗ്രാമത്തിലെ മുസ്ളീങ്ങളെല്ലാം ചേർന്നു് ഹിന്ദുക്കളുടെ രക്ഷയ്ക്കു് ഉറപ്പു നല്കുകയും ഒരു നല്ല ഹിന്ദുവും ഒരു നല്ല മുസ്ളീമും ആ ഉറപ്പിനെ പിന്താങ്ങുകയും ചെയ്താൽ—ഈ ഉറപ്പു നല്കിയവർ വേണ്ടിവന്നാൽ സ്വജീവൻ കളഞ്ഞു് അവരെ രക്ഷിക്കണം—മടങ്ങിപ്പോകാൻ ഹിന്ദു അഭയാർത്ഥികളോടു് ആവശ്യപ്പെടുന്നതിൽ അപകടമൊന്നുമില്ലെന്നായിരുന്നു ഗാന്ധിജിയുടെ മറുപടി. ആ ഉറപ്പു കിട്ടിയാൽ അഭയാർത്ഥികൾ സ്വഗൃഹങ്ങളിലേക്കു തിരിച്ചുപോവുകയും പിന്നെ വല്ല അപകടങ്ങളുമുണ്ടെങ്കിൽ അവയെ നേരിടുകയും വേണം. ഈ വ്യവസ്ഥകളനുസരിച്ചു ജീവിക്കാനുള്ള ധൈര്യം അവർക്കില്ലെങ്കിൽ, കിഴക്കൻ ബങ്കാളിൽ ഹിന്ദുമതം നശിക്കും. കിഴക്കൻ ബങ്കാളിലെ കാര്യം ബങ്കാളിൻെറ കാര്യം മാത്രമല്ല, ഇന്ത്യയ്ക്കുവേണ്ടിയുള്ള സമരം കിഴക്കൻ ബങ്കാളിൽവച്ചാണു തീരുമാനിക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്. ഹിന്ദുമതം നിന്ദ്യമാണെന്നും, തന്നിമിത്തം ഹിന്ദുക്കളെ ഇസ്ളാമിലേക്കു ബലം പ്രയോഗിച്ചു് മതം മാററുന്നതു പുണ്യമാണെന്നും ഇന്നു ചിലർ മുസ്ളീങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ നിർബന്ധിച്ചു മതം മാററപ്പെട്ടവരുടെ സന്താനങ്ങളെങ്കിലും ഇസ്ളാമിനു നേട്ടമായിത്തീരും. പ്രതികാരമാണു് ഇന്നു വേണ്ടതെങ്കിൽ അതിൽ ഹിന്ദുക്കൾ വിജയിച്ചേ കഴിയൂവെങ്കിൽ മുസ്ളീങ്ങൾ കാട്ടിയതായി പറയപ്പെടുന്ന നീചകർമ്മങ്ങളെ അവർ കവച്ചുവയ്ക്കേണ്ടതായിവരും. ഹിററ്ലറുടെ ആയുധങ്ങൾകൊണ്ടു് ഹിററ്ലറോടു യുദ്ധം ചെയ്യാൻ ഐക്യരാഷ്ട്രങ്ങൾ പുറപ്പെട്ടു. അവസാനം അവർ ഹിററ്ലറേക്കാൾ വലിയ ഹിററ്ലർമാരായി.

ഈ തെമ്മാടികൾ ഗ്രാമങ്ങളിൽ ഇപ്പോഴും സ്വതന്ത്രരായി നടക്കുമ്പോൾ ജനങ്ങൾക്കു നാമെങ്ങനെയാണു വീണ്ടും ഉറപ്പു നല്കുക? എന്നാണു ഗാന്ധിജി അവസാനം ചോദിച്ചതു്.

'അതുകൊണ്ടാണു മടങ്ങിച്ചെല്ലുന്നവരുടെ രക്ഷയ്ക്കും സുസ്ഥിതിക്കും ഒരു നല്ല മുസൽമാനും ഒരു നല്ല ഹിന്ദുവുംകൂടി ജാമ്യം നിൽക്കണമെന്നു ഞാനാവശ്യപ്പെട്ടതു്. നല്ല മുസ്ളീമിനെ ബങ്കാൾ ഗവർമെൻറിലെ മന്ത്രിമാരായ മുസ്ളീംലീഗുകാർ കൊടുക്കണം.' ഗാന്ധിജി മറുപടി പറഞ്ഞു.

---

126. Harijan, 24–11–1946 ((Communal Unity, p. 427)

digitized by www .sreyas.in

127

ദാനത്തെപ്പററി തനിക്ക പ്രബലാഭിപ്രായമുണ്ടെന്നു പറഞ്ഞു കൊണ്ടാണ് അദ്ദേഹം (ഗാന്ധിജി) പ്രസംഗം ആരംഭിച്ചതു്. വെറുതെ ദാനം കൊടുക്കുന്നതും സ്വീകരിക്കുന്നതും രണ്ടും തെററാണ്. നമ്മുടെ രാജ്യത്തിൽ പലപ്പോഴും അധർമ്മം ധർമ്മത്തിൻെറ വേഷത്തിൽ നടക്കാറുണ്ടു്. ഇന്ത്യയിൽ 56 ലക്ഷം സന്യാസിമാരുണ്ടെന്നാണു പറയപ്പെടുന്നതു്. അവരിൽ അധികംപേരും ആ പേരിനർഹരല്ല. ശോകമയമായ ഈ രാജ്യത്തിൽ സുദൃഷ്ടമായ അയിത്താചാരത്തിനുപോലും മതത്തിൻെറ പിൻബലം നഷ്ടപ്പെട്ടിരിക്കുന്നു.

ദുരിതാശ്വാസത്തിൻെറയും പുനരധിവാസത്തിൻെറയും പ്രശ്നം ഗുരുതരമായ ഒന്നായിത്തീർന്നിരിക്കുന്നുവെന്നു് ഗാന്ധിജി തുടർന്നു പറഞ്ഞു. നവ്ഖാലിയിലെ ദുഃഖാർത്തരെ പണംകൊണ്ടും എല്ലാത്തരം ദാനങ്ങൾകൊണ്ടും സഹായിക്കാൻ ഇന്ത്യയുടെ നാനാഭാഗങ്ങളിലുമുള്ളവർ വെമ്പുകയാണ്, തത്ഫലമായി അവർ പൊതുജനങ്ങളുടെ കാരുണ്യത്തെ സസന്തോഷം ആശ്രയിക്കുന്ന ഒരു മനഃസ്ഥിതിയിലേക്കു നിപതിച്ചേക്കാനിടയുണ്ടു്. ദാനങ്ങൾകൊണ്ടു പുണ്യം നേടുകയാണെന്നു കരുതുന്നവരുടെ ചാരിതാർത്ഥ്യത്തെയെന്നപോലെ ഈ മനോഭാവത്തെയും വെറുത്തേ തീരൂ.

ആവശ്യമുള്ള വ്യവസ്ഥകൾ ചെയ്യപ്പെടുന്നതുവരെ അധികൃതന്മാർ റേഷൻ നിർത്തുന്നതു ശരിയല്ല—അഭയാർത്ഥികൾ കുടുംബസമേതം സ്വഗൃഹങ്ങളിലേക്കു പോയില്ലെങ്കിൽ, സ്വകുടുംബങ്ങളിൽ വീണ്ടും താമസമുറപ്പിക്കുന്നതിനുവേണ്ടി ക്ലേശങ്ങൾ സഹിക്കാനും, മരിക്കാൻപോലും, തയ്യാറാകണമെന്നു കരുതപ്പെടുകയാണെങ്കിൽ, പിന്നെ ഗവർമെൻറാവശ്യമില്ല. എത്ര വലിയ ആപത്തുണ്ടായാലും സ്വശക്തികൊണ്ടു് ആത്മരക്ഷചെയ്യാൻ ഓരോ മനുഷ്യനും കഴിവുണ്ടാകുന്ന പ്രബുദ്ധമായ അരാജകത്വമായിരിക്കും അതു്. എങ്കിലും ഇന്നത്തെ നിലയ്ക്കു സാമൂഹ്യസേവനപ്പണി മിക്കവാറും ഔദ്യോഗികസംഘടനകൾതന്നെ നടത്തണം.

ജനങ്ങൾക്കു വീണ്ടും സമാധാനത്തോടുകൂടി സ്വകൃത്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കുമാറു വേണ്ട രക്ഷകളൊക്കെ നല്കുകയും തക്ക അന്തരീക്ഷം സൃഷ്ടിക്കുകയും വേണം. ഈ ഉപാധികൾ ഉണ്ടാകുന്നതുവരെ ദുരിതാശ്വാസനടപടികൾ തുടരണം.

എന്നാൽ പൊതുധർമ്മസ്ഥാപനങ്ങളുടെ നിലയൊന്നു വേറെയാണ്. പൊതുജനങ്ങളുടെ ഭിക്ഷകൊണ്ടു് ഏതൊരാൾ ജീവിക്കുന്നതും തെററാണെന്നു് ഗാന്ധിജി അഭിപ്രായപ്പെട്ടു. തെക്കെ ആഫ്രിക്കയിൽ സത്യഗ്രഹം നടന്നിരുന്ന കാലത്തു സത്യഗ്രഹികളുടെ

127. Harijan, 19-1-1947 (Communal Unity, p. 487)

digitized by www .sreyas.in

ചെലവിനായി വളരെ പണം സംഭാവന ചെയ്യപ്പെടുകയുണ്ടായി. ട്രാൻസ്വാളിൽ ലോലി എന്ന സ്ഥലത്തു ടോൾസ്റ്റായി ഫാറം സ്ഥാപിക്കപ്പെട്ടതു് സത്യഗ്രഹികളുടെ കുടുംബങ്ങളേയും ആശ്രിതരേയും പാർപ്പിക്കുവാനായിരുന്നു; ഈ സത്യഗ്രഹികളൊക്കെ അവരുടെ ജീവിതച്ചെലവിനുവേണ്ടി പരമാവധി പണിയെടുത്തിരുന്നു. തന്നിമിത്തം സമരാവസാനത്തിൽ വലിയൊരു സംഖ്യ മടക്കിക്കൊടുക്കുവാൻ സത്യഗ്രഹസംഘടനയ്ക്കു സാധിച്ചു.

ഇതേ തത്വങ്ങളനുസരിച്ച് ആത്മാർത്ഥമായി പണിയെടുക്കാതെ ഒരൊററ ഭക്ഷണംപോലും കഴിക്കുന്നതു് അപമാനകരമായി കരുതണമെന്നു് അവിടെ പ്രവർത്തിക്കുന്ന ധർമസ്ഥാപനങ്ങൾ ജനങ്ങളോടു തുറന്നു പറയണം. പണിയെടുക്കാനുള്ള വൈമനസ്യം നാം വെടിയുകയും യോഗഭാഗ്യങ്ങളിൽ സംഭവിക്കുന്ന അപ്രതീക്ഷിത മാററങ്ങളോടു് ഇണങ്ങിച്ചേരുകയും ചെയ്താൽ നിർഭയരാകാനും അങ്ങനെ ജനതയുടെ സ്വഭാവത്തിൽ ഉല്കർഷം കൈവരുത്താനും നമുക്കു കുറെയൊക്കെ സാധിക്കും.

ഗവർമെൻറിൽനിന്നു ഭിക്ഷ വാങ്ങുന്നതു് മനുഷ്യൻെറ അന്തസ്സിനു ചേർന്നതല്ലെന്നു തങ്ങൾ കരുതുന്നുവെന്നു് അഭയാർത്ഥികൾ, അവർ എത്ര ദരിദ്രരായാലും ധനികരായാലും അധികൃതന്മാരോടു പറയേണ്ടതാണു്. ദരിദ്രരായാലും ധയികരായാലും അവർക്കിനിയൊന്നും ബാക്കിയില്ല. അവർക്കു ഭക്ഷണവും ഉടുപ്പും പാർപ്പിടവും വൈദ്യസഹായവും ലഭിക്കണം. തന്മൂലം ഈ സൗകര്യങ്ങൾ ഗവർമെൻറിൽനിന്നു് ആവശ്യപ്പെടുവാൻ അവർക്കവകാശമുണ്ടു്. എങ്കിലും ആരോഗ്യമുള്ള സ്ത്രീയും പുരുഷനും ബാലികയും ബാലനും കഴിവനുസരിച്ചു പണിയെടുക്കാതെ ഈ സഹായം സ്വീകരിച്ചാൽ അതു സമുദായത്തിൻെറ വകയെ അപഹരിക്കലാവും. അതുകൊണ്ടു്, ചെയ്യാവുന്നേടത്തോളം ജോലികൾക്കു്, ഉപയോഗപ്രദമായ ജോലികൾക്കു് ഏർപ്പാടുചെയ്യാൻ അദ്ദേഹം ഗവർമെൻറിനോടു് ആവശ്യപ്പെട്ടു.

കുററം ചെയ്തവരെന്നു പരക്കെ അറിയാവുന്നവർ യഥേഷ്ടം സഞ്ചരിക്കുന്നതുകൊണ്ടു് ജനങ്ങൾക്കു ഭയം വെടിയാൻ കഴിയുന്നില്ലെന്ന പരാതികൾ കിട്ടിക്കൊണ്ടേയിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ടാണു് ഡിസംബർ 24—ാം തീയതി ഗാന്ധിജി പ്രാർത്ഥനാപ്രസംഗം ആരംഭിച്ചതു്. ഇതു നേരായിരിക്കാമെങ്കിലും അവർ സധൈര്യം സ്വഗൃഹങ്ങളിലേക്കു മടങ്ങിപ്പോകണമെന്നാണു് അദ്ദേഹത്തിനിപ്പോഴും പറയാനുള്ളതു്. പുനർനിർമാണത്തിനായി ഗവർമെൻറു കൊടുക്കാമെന്നു പറഞ്ഞ സംഖ്യകൾ യാതൊരുതരം വീടുണ്ടാക്കാനും മതിയാവുകയില്ലെന്നു വളരെപ്പേർ പരാതി പറഞ്ഞപ്പോൾ, അഭയാർത്ഥികളെ തിരിച്ചയയ്ക്കാൻ ഉറച്ച ഗവർമെൻറു വേണ്ടത്ര സഹായം നല്കുമെന്നു താൻ വിശ്വസിക്കുന്നുവെന്നു ഗാന്ധിജി പ്രസ്താവിച്ചു.

digitized by www .sreyas.in

ഇപ്പോഴത്തെ വിഷമാവസ്ഥ തരണംചെയ്യാൻ തക്കവണ്ണം അഭയാർത്ഥികാ പ്രത്യുത്പന്നമതികളായിത്തീരണമെന്നാണു സ്വന്തം നിലയ്ക്കു ഗാന്ധിജിയുടെ ആഗ്രഹം. തനിക്കായി യാതൊന്നും യാചിക്കാത്തവനെയും ആത്മരക്ഷയ്ക്കു മററുള്ളവരെ ആശ്രയിക്കാത്തവനേയും അദ്ദേഹം ബഹുമാനിക്കും. ഇതിനുവേണ്ടി ആരെങ്കിലും തന്നെ ആശ്രയിക്കുകയാണെങ്കിൽ, ഒരു പൊളിഞ്ഞ പുല്ലാങ്കുഴലിനെയാണ് അവർ ആശ്രയിക്കുന്നതു് എന്നും അദ്ദേഹം പറഞ്ഞു.

128

ഇന്നു ഞാൻ പറയുന്നതു കോക്കാൻ നിങ്ങാ മാത്രമാണോ ഉള്ളതു്, അതോ മററാരെങ്കിലുംകൂടി ഉണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. പ്രക്ഷേപണനിലയത്തിൽനിന്നാണു് ഞാൻ സംസാരിക്കുന്നതെങ്കിലും ഇത്തരം പ്രഭാഷണങ്ങളിൽ എനിക്കു താത്പര്യമില്ല. ദുഃഖിതരൊന്നിച്ചു ക്ളേശിക്കുക, അവരുടെ ക്ളേശങ്ങാ തീർക്കുവാൻ ശ്രമിക്കുക—ഇതായിരുന്നു എന്റെ ജീവിതത്തിന്റെ യത്നം. തന്നിമിത്തം ഈ പ്രഭാഷണം ആ വെളിച്ചത്തിൽ നിങ്ങാ കൈക്കൊള്ളുമെന്നു് ഞാൻ ആശിക്കുന്നു.

രണ്ടുലക്ഷത്തിലധികം അഭയാർത്ഥികാ കുരുക്ഷേത്രത്തിൽ എത്തിയിട്ടുണ്ടെന്നും ഇനിയും വന്നുകൊണ്ടിരിക്കുകയാണെന്നും കേട്ടപ്പോാ എനിക്കു സങ്കടം തോന്നി. ഈ വർത്തമാനം കേട്ടയുടനെ നിങ്ങളുടെ അടുത്തെത്തണമെന്നു് എനിക്കു മോഹമുണ്ടായിരുന്നു. പക്ഷേ, അപ്പോാ കോൺഗ്രസ്സ് പ്രവർത്തകസമിതിയോഗം നടന്നിരുന്നതുകൊണ്ടും എന്റെ സാന്നിദ്ധ്യം അതിൽ ആവശ്യമായിരുന്നതുകൊണ്ടും എനിക്കു ഡൽഹി വിട്ടുപോകാൻ കഴിഞ്ഞില്ല. നിങ്ങാക്കായി ഒരു സന്ദേശം പ്രക്ഷേപണം ചെയ്യണമെന്നു് സേഠ് ഘനശ്യാംദാസ് ബിർള അഭിപ്രായപ്പെട്ടു. അതുകൊണ്ടാണു് ഈ പ്രസംഗം.

കുരുക്ഷേത്രക്യാമ്പ് സംഘടിപ്പിച്ച ജനറൽ നാഥുസിംഗ് യാദൃച്ഛികമായി രണ്ടുദിവസംമുമ്പ് എന്നെ കാണാനിടയായി. നിങ്ങളുടെ ക്ളേശങ്ങളെക്കുറിച്ചു് അദ്ദേഹം എന്നോടു പറഞ്ഞു. നിങ്ങളുടെ ക്യാമ്പ് സംഘടിപ്പിക്കുന്ന പണി ഏറെറടുക്കുവാൻ കേന്ദ്രഗവർമെന്റു പട്ടാളത്തോടാവശ്യപ്പെട്ടിരിക്കുന്നു—നിങ്ങളെ ഏതെങ്കിലും തരത്തിൽ ശാസിക്കണമെന്ന വിചാരംകൊണ്ടല്ല, ഇത്തരം പണിചെയ്തു പരിചയം അവർക്കുള്ളതുകൊണ്ടും അതു സമർത്ഥമായിച്ചെയ്യുക എങ്ങനെയെന്നു് അവർക്കറിയാവുന്നതുകൊണ്ടുമാത്രം.

ക്ളേശിക്കുന്നവർക്കാണു് സ്വന്തം ക്ളേശങ്ങളെപ്പററി ഏററവും നന്നായി അറിയുക. ഓരോരുത്തർക്കും പരസ്പരം അറിയാ

128. Harijan, 23-11-1947 (Communal Unity, pp. 816–819)

digitized by www .sreyas.in

വുന്ന ഒരു സാധാരണ ക്യാമ്പല്ല നിങ്ങളുടേതു്. നിങ്ങളുടേതു് ഒരു നഗരമാണു്. ഒന്നിച്ചുള്ള അഭയാർത്ഥികളുമായി നിങ്ങൾക്കുള്ള ഏകബന്ധം ക്ലേശങ്ങളുടെ ബന്ധമാണു്.

ക്യാമ്പിനെ ഒരു വിജയമാക്കിത്തീർക്കണമെങ്കിൽ നിങ്ങൾ അധികൃതരുമായും അയൽപക്കക്കാരുമായും സഹകരിക്കണം; ഇതില്ലെന്നു കേട്ടതിൽ എനിക്കു ഖേദമുണ്ടു്. നിങ്ങളുടെ കുറവുകൾ ചൂണ്ടിക്കാണിച്ചാലാണു് ഏററവും നന്നായി നിങ്ങളെ സേവിക്കാൻ എനിക്കു കഴിയുക. അതാണെൻെറ ജീവിതത്തിൻെറ മുദ്രാവാക്യം. കാരണം അതിലാണു് യഥാർത്ഥസൗഹാർദമുള്ളതു്. എൻെറ സേവനം നിങ്ങൾക്കോ ഇന്ത്യയ്ക്കോ മാത്രമായുള്ളതല്ല, ലോകത്തിനു മുഴുവനുമായുള്ളതാണു്. എന്തുകൊണ്ടെന്നാൽ വർഗമോ വിശ്വാസമോ ഉളവാക്കുന്ന തടസ്സങ്ങൾ എനിക്കറിഞ്ഞുകൂടാ. നിങ്ങളുടെ പോരായ്മകൾ നിങ്ങൾ പരിഹരിച്ചാൽ, നിങ്ങൾക്കു മാത്രമല്ല ഇന്ത്യയ്ക്കു മുഴുവൻ അതുകൊണ്ടു ഗുണംവരും.

നിങ്ങളിൽ പലർക്കും പാർപ്പിടമില്ലെന്നറിഞ്ഞതിൽ എനിക്കു വ്യസനമുണ്ടു്. ഇതു് യഥാർത്ഥമായൊരു ബുദ്ധിമുട്ടാണു്, വിശേഷിച്ചു് ഈ തണുപ്പുകാലത്തു്. പഞ്ചാബിലാകട്ടെ ഇതു കൂടുതൽ കഠിനമാണു്; ദിവസേന ഇതിനു ശക്തി കൂടിവരികയുമാണു്. ഏററവും കനത്ത ഭാരം നിങ്ങളുടെ പ്രധാനമന്ത്രിക്കാണെന്നതിനു സംശയമില്ല. രാജകുമാരിയുടെയും ഡോ. ജീവരാജ്മേത്തയുടേയും സേവനം ലഭിച്ചിട്ടുള്ള ആരോഗ്യഡിപ്പാർട്ടുമെൻറും നിങ്ങളുടെ ക്ലേശങ്ങൾ കുറയ്ക്കാൻ കഠിനമായി യത്നിക്കുന്നുണ്ടു്. ഈ വിഷമഘട്ടത്തിൽ മറെറാരു ഗവർമെൻറിനും ഇതിലും നന്നായി ചെയ്യാൻ കഴികയില്ല. ആപത്തു് ഭീമമാണു്, ഗവർമെൻറിനു് അതിൻെറതായ പരിമിതികളുമുണ്ടു്. അതിനാൽ നേടാവുന്നത്ര ധൈര്യത്തോടും ക്ഷമയോടുംകൂടിയും, കഴിയുന്നത്ര സന്തുഷ്ടരായും ക്ലേശങ്ങളെ നേരിടേണ്ടതു് നിങ്ങളുടെ കടമയാണു്.

ഇന്നു ദീപാളിയാണു്. എങ്കിലും ചിരാത്കൊളുത്തൽ നിങ്ങൾക്കോ മററാർക്കെങ്കിലുമോ ഉണ്ടാകാൻ തരമില്ല. ഞങ്ങളുടെ ദീപാളി ഏററവും നന്നായി ആഘോഷിക്കപ്പെടുക നിങ്ങളെ സേവിക്കുന്നതുകൊണ്ടാണു്. സഹോദരന്മാരെപ്പോലെയും, എല്ലാവരേയും സ്വസഹോദരരായി വിചാരിച്ചും ജീവിച്ചു നിങ്ങൾ നിങ്ങളുടെ ദീപാളിയും ആഘോഷിക്കണം. അപ്രകാരം ചെയ്താൽ നിങ്ങൾ വിജയികളാകും.

കുരുക്ഷേത്രത്തിൽ ഇനി ചെയ്യപ്പെടാൻ ബാക്കിയുള്ള കാര്യങ്ങളെക്കുറിച്ചൊക്കെ ജനറൽ സാഹിബ് എന്നോടു പറഞ്ഞു. ഇനി അഭയാർത്ഥികളെ അങ്ങോട്ടയയ്ക്കരുതെന്നും അദ്ദേഹം പറഞ്ഞു. അഭയാർത്ഥികളെ വേണ്ടതുപോലെ തരംതിരിച്ചിട്ടുകുന്നില്ലെന്നു

digitized by www .sreyas.in

തോന്നന്നു. ചിലർ എന്തിനാണു വരുന്നതെന്നറിഞ്ഞുകൂടാ. അധികൃതർക്ക വിവരം കൊടുക്കാത്തതുകൊണ്ടു പലരും പലേടത്തു വച്ചും വഞ്ചിക്കപ്പെടുന്നുണ്ടു്. ഇന്നു വൈകുന്നേരത്തെ പ്രാർത്ഥനാനന്തരപ്രസംഗത്തിൽ ഈ സ്ഥിതിഗതികാംക്ക ഞാൻ കിഴക്കൻപഞ്ചാബു് ഗവർമെൻറിനെ വിമർശിക്കുകയുണ്ടായി. കുററം തങ്ങളുടെതല്ലെന്നും കേന്ദ്രഗവർമെൻറാണു് ഉത്തരവാദിയെന്നും അറിയിച്ചുകൊണ്ടു് അവിടത്തെ മന്ത്രിമാരിൽ ഒരാളയച്ച എഴുത്തു് എനിക്ക കുറച്ചുമുമ്പു കിട്ടിയിട്ടുണ്ടു്.

ഇപ്പോഠം എല്ലാ ഗവർമെൻറും കേന്ദ്രഗവർമെൻറും സംസ്ഥാനഗവർമെൻറും ജനങ്ങാംക്കുവേണ്ടിയുള്ളതാകയാൽ ഒന്നു മറെറാന്നിനെ കുററം പറയുന്നതു ശരിയല്ല. എല്ലാവരും പൊതുജനങ്ങളുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കണം. നിങ്ങളും നിങ്ങളുടെ ചുമതല മനസ്സിലാക്കാൻവേണ്ടിയാണു ഞാനിതു പറയുന്നതു്.

ക്യാമ്പിൽ അച്ചടക്കം നിലനിർത്താൻ നിങ്ങാം സഹായിക്കണം. അവിടത്തെ ശുചീകരണജോലി നിങ്ങാം ഏറെറടുക്കണം. പട്ടാളനിയമത്തിൻെറ കാലംമുതൽ പഞ്ചാബിനെ എനിക്ക നല്ലപോലെ അറിയാം. പഞ്ചാബികളുടെ ഗുണദോഷങ്ങാം എനിക്കറിയാം. സാമൂഹ്യമായ ശുചിത്വവും ശുചീകരണവും തീരെ പോരെന്നതാണു് ഇവയിലൊന്നു്. അതുകൊണ്ടാണു നാമെല്ലാം ഹരിജനങ്ങളായിത്തീരണമെന്നു ഞാൻ പറഞ്ഞതു്. അങ്ങനെ ചെയ്താൽ നമ്മുടെ അന്തസ്സു് ഉയരും. അതിനാൽ കുരുക്ഷേത്രം ശുചിയാക്കി വയ്ക്കാൻ നിങ്ങളുടെ ഡോക്ടർമാരേയും ക്യാമ്പു് ഉദ്യോഗസ്ഥന്മാരേയും നിങ്ങളെല്ലാം—സ്ത്രീകളും പുരുഷന്മാരും കുട്ടികളും——സഹായിക്കണമെന്നു ഞാനാവശ്യപ്പെടുന്നു.

ഇനി എനിക്ക നിങ്ങളോടാവശ്യപ്പെടാനുള്ള മറെറാരു കാര്യം നിങ്ങളുടെ റേഷൻ നിങ്ങാം പങ്കിടണമെന്നതാണു്. കിട്ടുന്നതുകൊണ്ടു സന്തോഷിക്കുക. നിങ്ങളുടെ പങ്കിലേറെ എടുക്കുകയോ ചോദിക്കുകയോ ചെയ്യരുതു്. സാമൂഹ്യപാചകശാലകാം വളർത്തിക്കൊണ്ടുവരേണ്ട ഒന്നാണു്. ഇങ്ങനെ നിങ്ങാംക്ക പരസ്പരം സേവിക്കാം.

മടിയരായിരുന്നു തിന്നുകയെന്ന ആപത്തിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചേ തീരൂ. തങ്ങാംക്കുവേണ്ടതെല്ലാം ചെയ്യേണ്ടതു ഗവർമെൻറിൻെറ കടമയാണെന്നു അഭയാർത്ഥികാം വിചാരിക്കാം. ഗവർമെൻറിനു ചുമതലയുണ്ടു്. പക്ഷേ, നിങ്ങാംക്ക ചുമതലയൊന്നുമില്ലെന്നു് ഇതിനർത്ഥമില്ല. നിങ്ങാം മററുള്ളവർക്കായി ജീവിക്കണം, നിങ്ങാംക്കമാത്രമായിട്ടരുതു്. മടി എല്ലാവർക്കും ദോഷകരമാണു്; വിജയകരമായ നിലയിൽ ഈ വിഷമഘട്ടം തരണംചെയ്യാൻ അതു നമ്മെ സഹായിക്കുകയില്ല. തീർച്ച.

digitized by www .sreyas.in

ഇന്നലെ ഗോവയിൽനിന്ന ഒരു സഹോദരി എന്നെ കാണാൻ വന്നു. നിങ്ങളുടെ ക്യാമ്പിൽ വളരെ സ്ത്രീകൾക്ക ജോലിയുണ്ടാക്കാൻ ആഗ്രഹമുണ്ടെന്നറിഞ്ഞു ഞാൻ സന്തോഷിക്കുന്നു. ഉപയോഗപ്രദമായ നിർമാണജോലികൾ ചെയ്യാൻ ആഗ്രഹമുണ്ടാകുന്നതു നല്ലതാണു്. നിങ്ങൾ സ്റ്റേററിനു ഒരു ഭാരമാകാൻ കൂട്ടാക്കാതിരിക്കണം. നിങ്ങൾ പാലിലെ പഞ്ചസാരപോലെയാകണം. നിങ്ങൾ ചുററുപാടുകളിൽ ലയിച്ചു ഗവർമെൻറിൻെറമേൽ വീണ ഭാരം ലഘൂകരിക്കാൻ ശ്രമിക്കണം. എല്ലാ ക്യാമ്പുകളും തന്നത്താൻ ചെലവു നടത്തുന്നവയായിരിക്കണം. എങ്കിലും ഇന്നു് ഇതു നിങ്ങളുടെ മുമ്പാകെ വയ്ക്കാൻ പററാത്ത ഒരുന്നതാദർശമായിരിക്കാം. എന്നാലും ഒരു ജോലിയും പുച്ഛിച്ചുതള്ളാതിരിക്കുവാനും കിട്ടിയതെന്തും സസന്തോഷം ചെയ്യാനും ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു—നിങ്ങളുടെ സേവനംകൊണ്ടു കുരുക്ഷേത്രത്തെ ഒരു മാതൃകാകേന്ദ്രമാക്കിത്തീർക്കാൻവേണ്ടി.

ചൂടുള്ള വസ്ത്രങ്ങൾക്കും കോസറികൾക്കും പുതപ്പുകൾക്കുംവേണ്ടി ഞാൻ ചെയ്ത അഭ്യർത്ഥന വളരെ ഫലിച്ചിരിക്കുന്നു. സർദാറിൻെറ അഭ്യർത്ഥനയ്ക്കും ഫലമുണ്ടായിട്ടുണ്ടു്. ഇവയിൽ ഒരോഹരി നിങ്ങൾക്കും കിട്ടും. പക്ഷേ, കശപിശകൂടി ചിലർ അധികമെടുത്താൽ നിങ്ങൾക്ക ചീത്തപ്പേരാകും. ഇപ്പോൾത്തന്നെ നിങ്ങളുടെ ക്ലേശം വലുതാണു്, തെററുചെയ്താൽ അതിനിയും വർദ്ധിക്കും.

അവസാനമായി, പാക്കിസ്ഥാനിലെ വീടും നിലവും വിട്ടുപോന്ന നിങ്ങൾ എന്നന്നേയ്ക്കുമായി കടപറിഞ്ഞുപോന്നവരാണെന്നു വിശ്വസിക്കുന്നവരിൽ പെട്ടവനല്ല ഞാൻ; ഇന്ത്യവിട്ടു പോകേണ്ടിവന്ന അനേകായിരം മുസ്ലീങ്ങളുടെ സ്ഥിതി ഇങ്ങനെയായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. എവിടെനിന്നു ആട്ടിയോടിച്ചുവോ അവിടെ എല്ലാവരെയും വീണ്ടും കുടിയിരുത്തുന്നതുവരെയും എല്ലാവരും മാനത്തോടും രക്ഷയോടുംകൂടി മടങ്ങിപ്പോകുന്നതുവരെയും ഞാൻ അടങ്ങിയിരിക്കുന്നതല്ല. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഞാൻ എത്രകാലം പ്രവർത്തിക്കണമോ അത്രകാലം പ്രവർത്തിച്ചുകൊണ്ടേയിരിക്കും. മരിച്ചവരെ തിരികെ കൊണ്ടുവരാൻ നമ്മെക്കൊവില്ല. എങ്കിലും നമുക്കു ജീവിച്ചിരിക്കുന്നവർക്കുവേണ്ടി യത്നിക്കാം. നാം അപ്രകാരം ചെയ്യാതിരുന്നാൽ, ഇന്ത്യയും പാക്കിസ്ഥാനും തീരാക്കളങ്കമായിരിക്കുമതു്. രണ്ടിനും നാശകരമായിരിക്കും ഫലം.

## 129

### അഭയാർത്ഥികളുടെ കൂട്ടത്തിൽ ഡോക്ടർമാരും വക്കീൽമാരും

---

129· Harijan, 30-11-1947 (Communal Unity, p. 822)

digitized by www .sreyas.in

വിദ്യാർത്ഥികളും അദ്ധ്യാപകരും നേഴ്സുമാരും മററുമുണ്ടെന്നു ഗാന്ധിജി പറഞ്ഞു. സാധുക്കളായ അഭയാർത്ഥികളിൽനിന്നു അവർ അകന്നുനിന്നാൽ പരക്കെയുള്ള ദൗർഭാഗ്യത്തിൽനിന്നു പഠിക്കാനുള്ള പാഠം അവർ പഠിക്കാതെപോകും. ഉദ്യോഗമുള്ളവരും ഇല്ലാത്തവരും ധനികരും ദരിദ്രരും ഒരുപോലെ യോജിച്ചുനിന്നു ലാഹോറിലെ പണക്കാർ ലാഹോർ നിർമിച്ചതുപോലെ (ഇവിടെനിന്നു ഒഴിച്ചുപോരാൻ ഹിന്ദുക്കളും സിക്കുകാരും നിർബദ്ധരായിരിക്കയാണല്ലോ) മാതൃകാപട്ടണങ്ങൾ നിർമിക്കണമെന്നു അദ്ദേഹത്തിനു തോന്നുന്നു. ഈ പട്ടണങ്ങൾ ഡൽഹിയിയെപ്പോലെ ജനത്തിരക്കുള്ള നഗരങ്ങളിലെ ജനസാന്ദ്രത കുറയ്ക്കും, അവയിലെ നിവാസികളുടെ ആരോഗ്യവും ക്ഷേമവും അവ വദ്ധിപ്പിക്കും. കുരുക്ഷേത്രത്തിലെ രണ്ടുലക്ഷത്തിൽ പരം അഭയാർത്ഥികൾ അകത്തെയും പുറത്തെയും പരിശുദ്ധിക്കു മാതൃകയായിത്തീർന്നാൽ ഉദ്യോഗസ്ഥന്മാരും പണക്കാരും ദരിദ്രരായ അഭയാർത്ഥികളോടൊന്നിച്ചു സമനിലയിൽ ജീവിച്ചാൽ അങ്ങനെ സുവിഭക്തങ്ങളായ തെരുവുകളോടും സ്വമനസ്സാലെയുള്ള പൂർണസഹകരണത്തോടുകൂടി ശുചീകരണം മുതൽ എല്ലാ ജോലിയും തന്നെത്താൻ ചെയ്തുകൊണ്ടും ഉപയോഗപ്രദമായ തൊഴിലുകളിൽ ഏർപ്പെട്ടുകൊണ്ടും സംതൃപ്തരായി ജീവിച്ചാൽ അവർ ഖജാനയ്ക്കു ഭാരമായിത്തീരുകയില്ലെന്നുമാത്രമല്ല അവരുടെ ലഘുജീവിതവും സഹകരണവും നഗരവാസികളുടെ പ്രശംസ അവർക്കു നേടിക്കൊടുക്കുകയും അവരെ എല്ലാ നല്ലകാര്യങ്ങളിലും അനുകരിക്കാൻ നഗരവാസികളെ നിർബന്ധിക്കുകകൂടിച്ചെയ്യും. ഇന്നത്തെ വിദ്വേഷവും പരസ്പരമുള്ള അസൂയയും ഒരു നിമിഷംകൊണ്ടു മാറും. അഭയാർത്ഥികൾ അവരെത്രയുണ്ടായാലും കേന്ദ്രഗവർമെൻറിനും പ്രാദേശികഗവർമെൻറുകൾക്കും മനോവേദനയ്ക്കു ഹേതുവല്ലാതായിത്തീരും. അനേകലക്ഷം അഭയാർത്ഥികൾ ഇത്തരമൊരു മാതൃകാജീവിതം നയിച്ചാൽ അസ്വസ്ഥമായ ഈ ലോകത്തിന്റെ ആരാധനയ്ക്കു അവർ പാത്രമായിത്തീരും.

## 130

അതേ സുഹൃത്തു ചോദിക്കുന്നു. മരണഭയംനിമിത്തം പാക്കിസ്ഥാൻ വിട്ടുപോരുന്നവർക്കു യൂണിയനിൽ അഭയം നൽകുമോ എന്നു്

ഇക്കാര്യത്തിൽ എന്റെ അഭിപ്രായം ദൃഢമാണു്. ഇത്തരം അഭയാർത്ഥികൾക്കു യൂണിയനിൽ അഭയം ലഭിക്കണം; ഇവിടെനിന്നു പോകുന്നവക്കു അവിടെയും. പണക്കാർ ഇവിടെ കൊട്ടാരം കിട്ടുമെന്നു പ്രതീക്ഷിക്കരുതു്. അതെവിടെയും ചെയ്യുതായി ഞാൻ

130. Harijan, 10-8-1947 (Communal Unity, p. 699)

digitized by www .sreyas.in

കണ്ടിട്ടില്ല. ഭക്ഷണം കിട്ടാൻ അഭയാർത്ഥികൾ പണിയെടുക്കണമെന്നും ഞാൻ വിശ്വസിക്കുന്നു. പണിയില്ലെങ്കിൽ ശമ്പളവുമില്ല. അമുസ്ലീങ്ങൾക്ക പാക്കിസ്ഥാനും മുസ്ലീങ്ങൾക്ക ഇന്ത്യയും വിട്ടുപോകേണ്ടതായി വരികയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ആ സുഹൃത്തു പിന്നെയും ചോദിക്കുന്നു: 'പാക്കിസ്ഥാനിൽ വിട്ടുപോന്ന ഭൂമിക്കും കെട്ടിടങ്ങൾക്കും എന്തു സംഭവിക്കും?'

ഭൂമിയുടെയും കെട്ടിടങ്ങളുടെയും ഇന്നത്തെ കമ്പോളവില ഗവർമെൻറു കൊടുക്കണമെന്നു ഞാൻ പലതവണ പറഞ്ഞിട്ടുണ്ട്. എനിക്കറിയാവുന്നേടത്തോളം ഇങ്ങനെ കൊടുക്കാമെന്നു മറുവശത്തെ ഗവമ്മെൻറു ഏൽക്കുകയാണു പതിവ്. എങ്കിലും കാര്യങ്ങൾ ആ നിലയ്ക്കെത്തുകയില്ലെന്നു നമുക്കാശിക്കുക.

## വി. ഐതിഹാസികയാത്ര

### 131

നവ്ഖാലിസംഭവങ്ങളെപ്പററി കേട്ടുതുടങ്ങിയതു മുതൽ അദ്ദേഹം ചുഴിഞ്ഞാലോചിക്കുകയായിരുന്നു, തന്റെ കടമയെന്താണെന്നു്—ഈശ്വരൻ തനിക്കൊരു വഴി കാണിച്ചുതരും.

### 132

കൽക്കത്തയിലെ ഘോരസംഭവങ്ങളെപ്പററി ഒരു സുഹൃത്തു് അടുത്തൊരു ദിവസം ഗാന്ധിജിയോടു സംസാരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മൃദുലവും വിശുദ്ധവുമായ മനസ്സു് ഇണങ്ങിയ സാമുദായികവാദമെന്ന ആശയത്തിൽനിന്നേ പിൻതിരിയുകയാണു്. അദ്ദേഹത്തെ അത്രയേറെ ദുഃഖാർത്തനാക്കുന്നതു ജീവനാശമല്ല, കൽക്കത്തസംഭവങ്ങളുടെ ഫലമായി മനുഷ്യത്വത്തിനു സംഭവിച്ച അധഃപതനമാണു്—ജീവനാശം ശോചനീയമാണെങ്കിലും, 'ഒരിക്കലും സാമുദായികവാദത്തെപ്പററി ചിന്തിക്കാത്തവർ ഇപ്പോൾ സാമുദായികമനോഭാവമുള്ളവരായിത്തീർന്നിരിക്കുന്നു. അതും പോരാ. ആ ഭ്രാന്തു പടർന്നിരിക്കുന്നു.'

ബങ്കാളിൽനിന്നെത്തുന്ന കഥകൾ കേട്ടുകൊണ്ടിരുന്നപ്പോൾ ഗാന്ധിജിയുടെ മനസ്സു് ഒരു തീരുമാനത്തിലെത്തി. അദ്ദേഹം പറഞ്ഞു: 'ഞാൻ ഡൽഹി വിടുകയാണെങ്കിൽ അതു സേവാഗ്രാമിലേക്കു മടങ്ങുവാനല്ല; ബങ്കാളിലേക്കു പോകാൻതന്നെയായിരിക്കും.

---

131. Harijan, 27–10–1946 (Communal Unity, p. 386)
132. Harijan, 3–11–1946 (Communal Unity, p. 399)

digitized by www .sreyas.in

അല്ലെങ്കിൽ ഞാനിവിടെത്തന്നെ താമസിച്ച് അനുഭവിക്കുവാനുള്ള തെല്ലാം അനുഭവിക്കും.'

ബങ്കാളിൽനിന്നു വന്ന രണ്ടു സുഹൃത്തുക്കളോട് അന്നു വൈകുന്നേരം അദ്ദേഹം ഇതിനെപ്പററി സംസാരിച്ചു. 'അവിടെച്ചെന്നു വിവരം അറിയിക്കുവാൻ ആദ്യം ഞങ്ങളെ അനുവദിക്കുക. ഞങ്ങളെക്കൊണ്ടു കഴിയുന്നതു ചെയ്യാൻ ഒരവസരം തരുക. പിന്നെ ആവശ്യമാണെങ്കിൽ താങ്കൾക്കു വരാം.'

ഗാന്ധിജി സമ്മതിച്ചു.

## 133

വളരെയേറെ വേദന സഹിച്ചശേഷം അഗാധവും സുദീർഘവുമായ വിവാദത്തിനുശേഷം ഒക്ടോബർ 28–ാം തീയതി ബങ്കാളിലേക്കു പോകാമെന്നു ഗാന്ധിജി നിശ്ചയിച്ചു. 'എന്താണവിടെച്ചെന്നു ചെയ്യാൻ കഴിയുകയെന്നു എനിക്കറിഞ്ഞുകൂടാ' എന്നു് ആ ദീർഘയാത്രയിൽനിന്നു് അപ്പോൾ അദ്ദേഹത്തെ വിലക്കാൻ ശ്രമിച്ച ഒരു ബഹുമാന സുഹൃത്തുമായുള്ള ചർച്ചക്കിടയിൽ അദ്ദേഹം പറഞ്ഞു. 'അവിടെ പോകാതിരുന്നാൽ എനിക്കു മനഃസ്സമാധാനമില്ലെന്നുമാത്രമേ എനിക്കറിയാവൂ.' പിന്നീടദ്ദേഹം വിചാരകശക്തിയെപ്പററിപ്പറയാൻ തുടങ്ങി. രണ്ടുതരം വിചാരങ്ങളുണ്ടു്—അചേതനവും സചേതനവും. ആദ്യത്തെ ഇനത്തിൽപ്പെട്ടതു തലച്ചോറിൽ അസംഖ്യമുണ്ടായെന്നു വരാം. അവ നിസ്സാരങ്ങളാണു്. അവ ഫലിക്കാത്ത ബീജംപോലെയാണു്. 'എന്നാൽ അഗാധതയിൽനിന്നു പൊങ്ങിയതും ഒരുവൻെറ സത്തയുടെ അവിഭക്തമായ തീവ്രത ഉൾക്കൊണ്ടതുമായ ഏക സംശുദ്ധസചേതനവിചാരം ചലനാത്മകമായിത്തീരുകയും സഫലമായ ബീജംപോലെയായിത്തീരുകയും ചെയ്യുന്നു.' നവ്ഖാലിയിലേക്കു പോകണമെന്ന സ്വയം പ്രവർത്തകമായ,പരപ്രേരണയില്ലാത്ത ആഗ്രഹത്തെ തടക്കാൻ അദ്ദേഹത്തിനു മനസ്സില്ല. കഴിഞ്ഞ ഞായറാഴ്ച വൈകുന്നേരം ന്യൂഡൽഹിയിലെ പ്രാർത്ഥനാനന്തരപ്രസംഗത്തിൽ ഗാന്ധിജി പറഞ്ഞു, താൻ പിറേറന്നു രാവിലെ കൽക്കത്തയിലേക്കു പോവുകയാണെന്നു്. തന്നെ എന്നാണു് ഈശ്വരൻ ഡൽഹിയിലേക്കു കൊണ്ടുവരുകയെന്നു് അദ്ദേഹത്തിന്നറിഞ്ഞുകൂടാ. കൽക്കത്തയിൽനിന്നു നവ്ഖാലിയിലേക്കു പോകണമെന്നാണു വിചാരം. അതു വിഷമംപിടിച്ച യാത്രയാണു്, തൻെറ ആരോഗ്യം മോശവും. എന്നാലും സ്വന്തം കടമ നിർവഹിക്കണം. വഴി സുഗമമാക്കാൻ ഈശ്വരനെ ആശ്രയിക്കണം. ഈശ്വരൻ എപ്പോഴും മാർഗക്ലേശങ്ങൾ തീർത്തുവെന്നു വരില്ല. എന്നാലും അവ സഹിക്കാനുള്ള കരുത്തുണ്ടാക്കും.

133. Harijan, 10–11–1946 (Communal Unity, p. 405)

digitized by www .sreyas.in

## 134

'അങ്ങെന്തിനാണു നവ്ഖാലിയിലേക്കു പോകാൻ വിചാരിക്കുന്നതു്? നവ്ഖാലിയിലുണ്ടായതിലും എത്രയോ അധികം ചീത്തത്തങ്ങൾ നടന്ന ബോംബെയിലേക്കോ അഹമ്മദബാദിലേക്കോ ഛപ്രയിലേക്കോ അങ്ങു പോയില്ല; അങ്ങു അവിടെച്ചെന്നാൽ ഇന്നത്തെ വടംവലിക്കു ശക്തി കൂട്ടുകയല്ലേയുള്ളൂ?' ഈ പറഞ്ഞ സ്ഥലങ്ങളിൽ സങ്കടമനുഭവിച്ചതു മുസ്ലീങ്ങളാകകൊണ്ടാണോ അവിടങ്ങളിലേക്കു പോകാതിരുന്നതു്? നവ്ഖാലിയിൽ സങ്കടമനുഭവിക്കുന്നതു ഹിന്ദുക്കളാകകൊണ്ടാണോ അങ്ങോട്ടു പോകുന്നതു്? തനിക്കു ഹിന്ദുവും മുസ്ളീമും തമ്മിൽ വ്യത്യാസമില്ലെന്നായിരുന്നു ഗാന്ധിജിയുടെ മറുപടി. നവ്ഖാലിയിൽ സംഭവിച്ചതിന്റെ അടുത്തെങ്ങാനുമെത്തുന്ന എന്തെങ്കിലും ഈ സ്നേഹിതൻ പറഞ്ഞ സ്ഥലങ്ങളിൽ സംഭവിച്ചിരുന്നെങ്കിൽ സ്ഥലത്തു ചെല്ലാതെ യാതൊന്നും ചെയ്യാൻ തരമില്ലെന്നു തനിക്കു തോന്നിയിരുന്നെങ്കിൽ താൻ നിസ്സംശയം അങ്ങോട്ടു പോകുമായിരുന്നു എന്നദ്ദേഹം പറഞ്ഞു. മാനഭംഗം വരുത്തപ്പെട്ട സ്ത്രീകളുടെ മുറവിളിയാണു അദ്ദേഹത്തെ അടിയന്തിരമായി നവ്ഖാലിയിലേക്കു പിടിച്ചുവലിക്കുന്നതു്. നവ്ഖാലിയിൽച്ചെന്നു കാര്യങ്ങൾ നേരിട്ടു കണ്ടാലേ തനിക്കു നിലകിട്ടു എന്നു് അദ്ദേഹത്തിനു തോന്നുന്നു. അദ്ദേഹത്തിന്റെ അഹിംസാമാർഗം പരീക്ഷാഘട്ടത്തിൽ പെട്ടിരിക്കുകയാണു്. ഇന്നത്തെ വിഷമസന്ധിയിൽ അതെങ്ങനെ ഫലിക്കുമെന്നു നോക്കണം. അതിനു സാധുതയില്ലെങ്കിൽ അദ്ദേഹംതന്നെ അതിന്റെ പാപ്പരത്തം പ്രഖ്യാപിക്കുന്നതാണു നല്ലതു്. കുഴപ്പത്തിന്റെ അവസാനത്തെ കനൽപോലും കെടുത്തപ്പെടുന്നതുവരെ അദ്ദേഹം ബങ്കാൾവിട്ടു പോരാൻ ഭാവമില്ല. 'വേണ്ടിവന്നാൽ ഞാൻ അവിടെക്കിടന്നു ചാകും. എന്നാലും പരാജയത്തിനു വഴങ്ങുകയില്ല. എന്റെ സാന്നിദ്ധ്യം കൊണ്ടു അവിടെയുണ്ടാകുന്ന ഫലം എനിക്കു നിറവേററാനാവാത്ത ആശയോടും പ്രതീക്ഷയോടുംകൂടി ജനങ്ങൾ എന്റെ നേരെ നോക്കുക എന്നതുമാത്രമാണെങ്കിൽ ഞാൻ മരിച്ചു എന്റെ കണ്ണടയുന്നതാണു് എത്രയോ ഭേദം.'

## 135

ഗാന്ധിജിക്കു നവ്ഖാലിയിലേക്കു പോകാൻ നാലുദിവസം കൂടി കഴിയേണ്ടിവന്നു. നവ്ഖാലിയിലെ സംഭവങ്ങളെക്കുറിച്ചുള്ള മർമ്മഭേദകങ്ങളായ വിവരങ്ങൾ വന്നുതുടങ്ങിയപ്പോൾ നിലവിലുള്ള സംഘർഷത്തിന്റെ ഊക്കുകൂടി. ബക്രീദ് അടുത്തെത്തിയിരുന്നു. ഇദ് ആഘോഷം ശാന്തമായി കഴിയുന്നതുവരെയെങ്കിലും

---

134. Harijan, 17-11-1946 (Communal Unity, pp. 408)
135. Harijan, 17-11-1946(Communal Unity, p. 409)

digitized by www .sreyas.in

ഗാന്ധിജി കൽക്കത്തയിൽതന്നെ ഉണ്ടായിരിക്കണമെന്നായിരുന്നു ബങ്കാളം മുഖ്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടെയും ആഗ്രഹം. കുഴപ്പത്തിന്റെ വേരു് കൽക്കത്തയിലാണെന്നു അദ്ദേഹത്തോടു പറഞ്ഞു. തലസ്ഥാനത്തു സമാധാനം നിലനിർത്താൻ സാധിച്ചാൽ അതിന്റെ അനുകൂലഫലം സർവത്ര കാണാം. ഗാന്ധിജി സമ്മതിച്ചു.

## 136

ലക്ഷ്മം എന്ന സ്ഥലത്തു് ഒരഭയാർത്ഥിക്യാമ്പുണ്ടു്. പ്ലാററു് ഫോറത്തിൽ തന്നെ ദർശിക്കുന്നതിനും തന്റെ വാക്കുകൾ കേൾക്കാനുമായി എത്തിയ ഈ അഭയാർത്ഥികളോടാണു ഗാന്ധിജി സംസാരിച്ചതു്. 'ദ്രുതഗതിയിൽ പ്രചാരവേല നടത്തിക്കൊണ്ടു സഞ്ചരിക്കാനല്ല ഞാൻ വന്നിരിക്കുന്നതു്. നിങ്ങളിൽ ഒരുവനെപ്പോലെ ഇവിടെ താമസിക്കാനാണു ഞാനെത്തിയിട്ടുള്ളതു്. എനിക്കു പ്രദേശവ്യത്യാസമില്ല. ഞാനൊരിന്ത്യക്കാരനാണു്; തന്നിമിത്തം ബങ്കാളിയുമാണു്; ഗുജറാത്തിയാണെന്നതുപോലെ. ഇവിടെ പാർക്കാനും, വേണ്ടിവന്നാൽ മരിക്കാനും ഞാനുറച്ചിരിക്കുന്നു. കൊടുവാൾ എന്നന്നേക്കുമായി കുഴിച്ചിടപ്പെടുന്നതുവരെയും മുസൽമാന്മാരുടെ നടുവിൽക്കൂടി യഥേഷ്ടം ഒററയ്ക്കു സഞ്ചരിക്കുവാൻ ഏതൊരു ഹിന്ദുബാലികയ്ക്കും ഭയമില്ലാതായിത്തീരുന്നതുവരെയും ഞാൻ ബങ്കാളം വിട്ടുപോകുന്നതല്ല.'

## 137

ബുധനാഴ്ച വൈകുന്നേരം ഒരു പ്രധാന തീരുമാനം ഗാന്ധിജി തന്റെ സംഘത്തെ അറിയിച്ചു. തന്റെ കൂടെയുള്ളവരെ പിരിച്ചുവിടാൻ അദ്ദേഹം ഉറച്ചിരിക്കുകയാണു്. സ്ത്രീകൾ ഉൾപ്പെടെ സംഘത്തിലെ ഓരോ അംഗവും ലഹള ബാധിച്ച ഒരു ഗ്രാമത്തിൽ താമസിച്ചു് ആ ഗ്രാമത്തിലെ ഹിന്ദു ന്യൂനപക്ഷത്തിന്റെ രക്ഷയ്ക്കും സുസ്ഥിതിക്കും ജാമ്യക്കാരനായി, അഥവാ ജാമ്യക്കാരിയായി നിൽക്കണം. ആ ഗ്രാമത്തിലെ ഹിന്ദുക്കളെ വേണ്ടിവന്നാൽ സ്വജീവൻ വെടിഞ്ഞും സംരക്ഷിക്കുമെന്നു അവർ പ്രതിജ്ഞചെയ്യണം. തന്റെ തീരുമാനം തന്റെ സംഘത്തിൽപ്പെട്ട ആരുംതന്നെ സ്വീകരിച്ചേ കഴിയൂ എന്നു നിർബന്ധമില്ലെന്നു ഗാന്ധിജി പറഞ്ഞു. ഇഷ്ടമുള്ളവർക്കു ഒഴിഞ്ഞുപോയി, തന്റെ മററു നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാം. മുസൽമാന്മാരോടോ ഇസ്ലാമിനോടോ വെറുപ്പുള്ളവരും കഴിഞ്ഞ സംഭവങ്ങളിൽ അമർഷമുള്ളവരും അകന്നുനിൽക്കണം. 'അവർ പദ്ധതിയിൻകീഴിൽ പ്രവർത്തിച്ചാൽ എന്നെപ്പററി അബദ്ധധാരണകളുണ്ടാക്കുകയേ ചെയ്യൂ.'

136. Harijan, 24-11-1946 (Communal Unity, p. 421)
137. Harijan, 24-11-1946 (Communal Unity, pp. 425-426)

digitized by www .sreyas.in

തന്നെ സംബന്ധിച്ചിടത്തോളം ഈ തീരുമാനം അവസാനത്തേതാണ്. അലംഘനീയമാണ്, വാദത്തിനിടമില്ലാത്തതാണ് എന്ന ഗാന്ധിജി പറഞ്ഞു. മുസ്ലീങ്ങളും ഹിന്ദുക്കളും രഞ്ജിപ്പിലും മൈത്രിയിലും ജീവിക്കാൻ പഠിക്കുന്നതുവരെ ബംഗാളിൽ താമസിക്കാൻ അദ്ദേഹം ഉറച്ചിരിക്കുന്നു. അതതു ദിക്കിൽനിന്നു കിട്ടുന്ന സഹായംകൊണ്ടു അദ്ദേഹം കഴിഞ്ഞുകൂടിക്കൊള്ളും.

അന്നു വൈകുന്നേരം ഈ ആശയം അദ്ദേഹം പിന്നെയും കൂട്ടുകാർക്കു വിശദീകരിച്ചു കൊടുത്തു. അതിനെത്തുടർന്നു ശ്രീ തക്കർബാപ്പയും ശ്രീമതി സുചേതാകൃപലാനിയും പങ്കെടുത്ത ഒരു ചർച്ചയുണ്ടായി. ഈ നടപടി കൈക്കൊണ്ടില്ലെങ്കിൽ തന്റെ അഹിംസ അപൂർണമാകും എന്നു ഗാന്ധിജി പറഞ്ഞു. ഒന്നുകിൽ അഹിംസ ജീവധർമമാണ്, അല്ലെങ്കിൽ അല്ല. പതഞ്ജലിയുടെ 'അഹിംസാ പ്രതിഷ്ഠായാം തത്സന്നിധൗ വൈരത്യാഗഃ' എന്ന അഹിംസാസൂത്രം' തെററാണെന്നും അവ തിരുത്തപ്പെടണമെന്നും 'അഹിംസാ പരമോ ധർമ്മഃ' എന്ന ചൊല്ല് 'ഹിംസാ പരമോ ധർമ്മഃ' എന്നാക്കി മാററണമെന്നും ഒരു സുഹൃത്തു പറയാറുണ്ട്. ഒരു വിഷമഘട്ടത്തിൽ തനിക്കു അഹിംസാവിശ്വാസം നഷ്ടപ്പെട്ടാൽ പരേതനായ ആ സുഹൃത്തിന്റെ നിരർത്ഥമെന്നു തനിക്കു തോന്നിയ ഭേദഗതി താൻ സ്വീകരിക്കേണ്ടതായിവരും എന്നദ്ദേഹം പ്രസ്താവിച്ചു.

'ബംഗാളിലെ സ്ത്രീകളെ ഒരുവേള ബംഗാളികൾക്ക് അറിയാവുന്നതിലേറെ എനിക്കറിയാം. ഇന്നു തങ്ങൾ മർദിതരും നിസ്സഹായരുമാണെന്ന് അവർക്കു തോന്നുന്നു. എന്റെയും എന്റെ സഹപ്രവർത്തകരുടെയും ബലി, ആത്മാഭിമാനത്തോടെ മരിക്കുകയെന്ന വിദ്യ അവരെ പഠിപ്പിക്കുകയെങ്കിലും ചെയ്യും. അതു മർദകരുടെ കണ്ണു തുറന്ന്, അവരുടെ ഹൃദയങ്ങൾ അലിയിച്ചെന്നും വരാം. എന്റെ കണ്ണടഞ്ഞ ഉടനെ അവരുടെ കണ്ണു തുറക്കുമെന്നു ഞാൻ പറയുന്നില്ല. എങ്കിലും അതായിരിക്കും അവസാനഫലം. എനിക്കു യാതൊരു സംശയവുമില്ല. അഹിംസ തിരോഭവിച്ചാൽ ഹിന്ദുമതം തിരോഭവിച്ചു.'

138

ശ്രീരാംപുരിയിലേക്കു പോകുന്നതിനു മുമ്പു ഗാന്ധിജി പത്രങ്ങൾക്ക് ഇപ്രകാരമൊരു പ്രസ്താവന നൽകി.

ഞാൻ അതിശയോക്തിയുടെയും അസത്യത്തിന്റെയും നടുവിൽപ്പെട്ടിരിക്കുന്നതായിത്തോന്നുന്നു. സത്യം കണ്ടെത്താൻ എനിക്കു സാധിക്കുന്നില്ല പരസ്പരം ഭയങ്കരമായ അവിശ്വാസമു

138. Harijan, 1-12-1946 (Communal Unity, pp. 432-433)

digitized by www .sreyas.in

ണ്ട്. ഏററവും പഴക്കമുള്ള സൗഹാർദങ്ങൾ തകർന്നിരിക്കുന്നു. ഞാനെന്തുകൊണ്ടു ശപഥംചെയ്യുന്നുവോ എനിക്കറിയാവുന്നേടത്തോളം കഴിഞ്ഞ അറുപതു കൊല്ലക്കാലം എന്നെ എന്തു സംരക്ഷിച്ചുപോന്നുവോ, ആ സത്യം അഹിംസയും ഞാൻ അവയിൽആരോപിച്ച ഗുണങ്ങൾ കാണിക്കുന്നില്ലെന്നു തോന്നുന്നു.

അവയെ പരീക്ഷിക്കാൻവേണ്ടി അഥവാ അധികം നന്നായിപ്പറഞ്ഞാൽ എന്നെത്തന്നെ പരീക്ഷിക്കാൻ വേണ്ടി ഇക്കാലമത്രയും എൻെറകൂടെ ഉണ്ടായിരുന്നവരിൽനിന്നും എൻെറ ജീവിതം സുഖാവഹമാക്കിത്തീർത്തിരുന്നവരിൽനിന്നും വേർപ്പെട്ടു ഞാൻ ശ്രീരാംപുർ എന്ന ഒരു ഗ്രാമത്തിലേക്കു പോവുകയാണ്. എൻെറ ബംഗാളി അദ്ധ്യാപകനും വിവർത്തകനുമായി പ്രൊഫസർ നിർമ്മൽകുമാർ ബോസിനെയും ഏററവുമധികം കൂറുള്ളവനും നിസ്വാർത്ഥനും നിശ്ശബ്ദനുമായ എൻെറ സ്റ്റെനൊഗ്രാഫർ ശ്രീ പരശുരാമനെയും ഞാൻ കൂടെക്കൊണ്ടുപോകുന്നുണ്ട്.

എൻെറ കൂടെക്കൊണ്ടുപോന്ന മററു പ്രവർത്തകരെല്ലാം സാധ്യമാണെങ്കിൽ ഇരുസമുദായങ്ങൾക്കും ഇടയിൽ സമാധാനജോലി ചെയ്യാനായി നവ്ഖാലിയിലെ ഗ്രാമങ്ങളിൽ ഓരോരുത്തരായി താമസിക്കുന്നതാണ്. ബാലികയായ ആഭയൊഴിച്ച്, ദൗർഭാഗ്യവശാൽ അവരെല്ലാം ബങ്കാളികളല്ലാത്തവരാണ്. അതിനാൽ എൻെറകൂടെ പ്രൊഫസർ എൻ. കെ. ബോസുള്ളതുപോലെ അവരുടെയെല്ലാംകൂടെ അദ്ധ്യാപകനും വിവർത്തകനുമായി ഒരു ബങ്കാളിപ്രവർത്തകനുണ്ടായിരിക്കും.

ഇവരെ തിരഞ്ഞെടുത്തയയ്ക്കുന്ന പണി ഖാദിപ്രതിഷ്ഠാനിലെ ശ്രീ സതീശ്ചന്ദ്രസ്ഗുപ്ത ചെയ്യും. അവിടെ മുസ്ലീംലീഗിൽപ്പെട്ട ഒരു കുടുംബത്തിൽ താമസിക്കുകയെന്നതാണു എൻെറ ആദർശം. എങ്കിലും ആ നല്ല ദിവസത്തിനുവേണ്ടി ഞാൻ കാത്തിരിക്കാൻ പാടില്ലെന്ന് എനിക്കറിയാം. അതുവരെ മുസ്ളീങ്ങളെ അവരുടെ ഗ്രാമങ്ങളിൽ ചെന്നു കണ്ട് അവരുമായി ഞാൻ സമ്പർക്കം പുലർത്തണം. ലഹളബാധിച്ച ഓരോ ഗ്രാമത്തിലേക്കും സത്യസന്ധനും ധീരനുമായ ഒരു ഹിന്ദുവിൻെറകൂടെ സഞ്ചരിക്കാൻ സത്യസന്ധനും ധീരനുമായ ഒരു മുസ്ളീമിനെ എനിക്കു തരണമെന്നാണു ലീഗ്മന്ത്രിമാരോടു ഞാൻ പറഞ്ഞിട്ടുള്ളത്. മടങ്ങിവരുന്ന ഹിന്ദുഅഭയാർത്ഥികളുടെ രക്ഷ വേണ്ടിവന്നാൽ സ്വജീവൻ കളഞ്ഞും അവർ ഉറപ്പിക്കണം. ഇങ്ങനെ എന്തെങ്കിലുമൊന്നില്ലാതെ സ്വന്തം ഗ്രാമങ്ങളിലേക്കു മടങ്ങിവരാൻ അവരെ പ്രേരിപ്പിക്കുക പ്രയാസമായിത്തോന്നുന്നുവെന്നു ഞാൻ സവ്യസനം സമ്മതിച്ചുകൊള്ളട്ടെ

ന്യൂനപക്ഷസമുദായത്തിനു ഗ്രാമങ്ങളിൽ ജീവിതം ഇനിയും സുകരമോ സുരക്ഷിതമോ ആയിട്ടില്ലെന്നാണു കിട്ടിയിടത്തോളം വി

digitized by www .sreyas.in

വരങ്ങളിൽനിന്നറിയുന്നതു്. തൽഫലമായി സ്വന്തം കുടുംബങ്ങളിൽനിന്നും കൃഷികളിൽനിന്നും തോട്ടങ്ങളിൽനിന്നും ചുററുപാടുകളിൽനിന്നും അകന്നു മതിയാകാത്തതും ഗുണം പോരാത്തതുമായ ഭിക്ഷാന്നംകൊണ്ടു ജീവിക്കാൻ അവരധികം ഇഷ്ടപ്പെടുന്നു.

സമാധാനജോലി ചെയ്യാൻവേണ്ടി ബങ്കാളിലേക്കു വരാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു വളരെ സുഹൃത്തുക്കൾ എനിക്കെഴുതിയിട്ടുണ്ടു്, എങ്കിലും അവരെ ഞാൻ കഠിനമായി വിലക്കിയിരിക്കുകയാണു്. ഈ നീരന്ധ്രമായ അന്ധകാരത്തിലൂടെ വെളിച്ചം കാണുമ്പോൾ കണ്ടെങ്കിൽ ഇങ്ങോട്ടുവരാൻ അവരോടു ഞാൻ സസന്തോഷം ആവശ്യപ്പെടുന്നതാണു്.

അതുവരെ 'ഹരിജ'ൻെറയും മററു വാരികകളുടെയും കനത്ത പണിയുൾപ്പെടെ കത്തിടപാടിൻെറ രൂപത്തിലുള്ള എല്ലാ ജോലികളും നിർത്തിവയ്ക്കുവാൻ പ്യാരെലാലും ഞാനു തീരുമാനിച്ചിരിക്കുന്നു. ഈ വാരികയുടെ പത്രാധിപജോലി കൂട്ടുചേർന്നും ഒററയ്ക്കും നടത്തുവാൻ ശ്രീ കിശോർലാലിനോടും ശ്രീ കാകാസാഹിബിനോടും ശ്രീ വിനോബയോടും ശ്രീ നരഹരിപരിഖിനോടും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ടു്. പ്യാരെലാലും ഞാനും സൗകര്യം കിട്ടിയെങ്കിൽ ഞങ്ങളുടെ ഗ്രാമങ്ങളിൽനിന്നു എന്തെങ്കിലും എഴുതി അയച്ചെന്നുവരാം. കത്തിടപാടുകൾ സേവാഗ്രാമിൽനിന്നു നടത്തപ്പെടുന്നതാണു്.

ഈ അനിശ്ചിതാവസ്ഥ എത്രനാളുണ്ടാകുമെന്നു് എന്നെക്കൊണ്ടു പറയാനാവില്ല. എങ്കിലും ഇതു പറയാം. രണ്ടു സമുദായങ്ങളും തമ്മിൽ വീണ്ടും പരസ്പരവിശ്വാസം ഉണ്ടായെന്നും രണ്ടുകൂട്ടരും വീണ്ടും അവരുടെ ഗ്രാമങ്ങളിൽ സാധാരണമട്ടിൽ ജീവിക്കാൻ തുടങ്ങിയെന്നും എനിക്കു ബോധ്യപ്പെടുന്നതുവരെ കിഴക്കൻബങ്കാൾ വിട്ടുപോകാൻ ഞാനുദ്ദേശിക്കുന്നില്ല. ഇതില്ലെങ്കിൽ പാക്കിസ്ഥാനുമില്ല. ഹിന്ദുസ്ഥാനുമില്ല; ഇന്ത്യയ്ക്കു് അടിമത്തം മാത്രമേയുള്ള —പരസ്പരകലഹംകൊണ്ടു ഛിന്നഭിന്നമായതും കാട്ടാളത്തത്തിൽ ദത്തശ്രദ്ധയുമായ ഇന്ത്യയ്ക്കു്.

എൻെറ ആഹാരക്രമത്തെപ്പററി ഇപ്പോൾ ആരുംതന്നെ അസ്വസ്ഥരാകേണ്ടതില്ല. 'എഴുത്തു കിട്ടി. ശാന്തമാണെന്നു കമ്പിയടിച്ചുകഴിഞ്ഞിട്ടുണ്ടു്. ഒരാഴ്ചയായി സംഭവങ്ങളൊന്നുമുണ്ടായിട്ടില്ല. സ്ഥിതി തൃപ്തികരം. പതിവുള്ള ആഹാരം വീണ്ടും കഴിച്ചുതുടങ്ങണമെന്നു ഏററവും ആത്മാർത്ഥമായി അപേക്ഷിക്കുന്നു. ഞാൻ 19—ാം തീയതി ഡൽഹിക്കു പോവുകയാണു്'' എന്ന കമ്പി ഡോ. രാജേന്ദ്രപ്രസാദിൽനിന്നു കിട്ടിയതിനെത്തുടർന്നു ഞാൻ ഇന്നലെ മുതൽ ആട്ടിൻപാൽ വീണ്ടും കഴിക്കാൻ തുടങ്ങി. ശരീരസ്ഥിതി

digitized by www .sreyas.in

സമ്മതിച്ചാൽ ഉടനെ പതിവുള്ള ആഹാരങ്ങൾതന്നെ കഴിക്കാൻ ഉദ്ദേശിക്കുന്നു. ഭാവി ഈശ്വരന്റെ കൈയിലാണു്.

## 139

സത്യഗ്രഹത്തിന്റെ മാർഗത്തിൽ വിരാമമില്ല. വിശ്രമസ്ഥാനമില്ല. എപ്പോഴും മുന്നോട്ടു മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കണം. അല്ലെങ്കിൽ പിന്നോട്ടു പോയേ തീരു. 'ഹരിജ'ന്റെ കഴിഞ്ഞ ലക്കത്തിൽ 'വിശ്വാസത്തിൽ ഒരു സാഹസയത്നം' എന്നു വർണിക്കപ്പെട്ട തീരുമാനം ഗാന്ധിജി ചെയ്തതു ദത്താപരയിൽ വച്ചാണു്. പക്ഷേ വേഗം അദ്ദേഹം മറെറാരടി വച്ചുകഴിഞ്ഞു. അദ്ദേഹത്തിനു ഒരു മുസ്ലീംകുടുംബത്തിൽ താമസിക്കണം. ബങ്കാൾമന്ത്രിസഭയ്ക്കിഷ്ടമുള്ള ഒരു മുസ്ലീംലീഗുകാർ തന്റെ കുടുംബത്തിലെ ഒരംഗമായി അദ്ദേഹത്തെ സ്വീകരിക്കുമെങ്കിൽ, 16–ാം തീയതി തന്നെ സന്ദർശിച്ച സിവിൽ സപ്ലൈസ്മന്ത്രി ഗൊഫ്രാൻ സാഹിബുമായി ഇക്കാര്യത്തെക്കുറിച്ചു അദ്ദേഹം സംസാരിക്കുകയും തന്നെ സ്വീകരിക്കാൻ ആരോടെങ്കിലും ശുപാർശചെയ്യുമോ എന്നു ചോദിക്കുകയും ചെയ്തു. എങ്ങനെയാണു അദ്ദേഹത്തെ സംരക്ഷിക്കേണ്ടതെന്നു് അറിയാത്തവരുടെ നടുക്കു്, സ്വന്തം കൂട്ടുകാരാരുമില്ലാതെ ഗാന്ധിജി ജീവിക്കുന്നതിൽ അദ്ദേഹം (മന്ത്രി) ആശ്ചര്യപ്പെട്ടു. 'എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം. എനിക്കാരുടെയും സേവനം ആവശ്യമില്ല. ഗാന്ധിജി പറഞ്ഞു. 'എന്നാൽ ഞാൻ പറയട്ടെ, താങ്കളെ സ്വീകരിക്കാൻ ഒരു മുസ്ലീംകുടുംബവും തയ്യാറില്ല,' ഗൊഫ്രാൻ സാഹിബ് ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു. എങ്കിലും ഗാന്ധിജിയെ എളുപ്പത്തിലങ്ങനെ ഒഴിച്ചുവിടാൻ കഴിഞ്ഞില്ല. വൈകുന്നേരത്തെ പ്രാർത്ഥനയ്ക്കുശേഷം അദ്ദേഹം അതിനെപ്പററി സവിസ്തരം സംസാരിച്ചു. അദ്ദേഹം നവ്ഖാലിയിൽ മുസ്ലീങ്ങളുടെ ഇടയിൽ വന്നിരിക്കുകയാണു്. ഹിന്ദുസുഹൃത്തുക്കളുടെകൂടെ താമസിക്കാൻ അദ്ദേഹത്തിനിഷ്ടമില്ല. ഒരു ലീഗ്മുസൽമാന്റെകൂടെ താമസിക്കാൻ കഴിയുമോ എന്നറിയണം. 'എന്റെ ആവശ്യങ്ങൾ കുറച്ചേയുള്ളു. ശുചിത്വം, ശുചിയായ ജലം, കഴിക്കാവുന്ന ഭക്ഷ്യങ്ങൾ, എന്റെ സ്വന്തം രീതിയിൽ പ്രാർത്ഥിക്കാനുള്ള സ്വാതന്ത്ര്യം ——ഇതേ എനിക്കു വേണ്ടു.' താനൊരു മുസ്ലീംലീഗു കുടുംബത്തിന്റെകൂടെ താമസിക്കുന്നതു ഹിന്ദുക്കൾ കണ്ടാൽ, വിശ്വാസം വീണ്ടുകിട്ടി, അവർ അധികം വേഗം തിരിച്ചുവരും——ഇതാണു അദ്ദേഹത്തിന്റെ വിചാരം. 'എന്നെ അടുത്തറിയാനും ഞാൻ ശത്രുവോ മിത്രമോ എന്നു മനസ്സിലാക്കുവാനും മുസ്ലീംസുഹൃത്തുക്കൾക്കു് ഒരവസരവും കിട്ടും.'

---

139. Harijan, 8–12–1946 (Communal Unity, pp. 452–453)

digitized by www .sreyas.in

എങ്കിലും ഒരു മുസ്ളീംകുടുംബം തന്നെ സ്വീകരിക്കുന്നതുവരെ 'വിശ്വാസത്തിലുള്ള ആ സാഹസയത്നം' നീട്ടിവയ്ക്കാൻ അദ്ദേഹം വിചാരിക്കുന്നില്ല.

## 140

'സുഖക്കേട് മാറിയാൽ വരു. 'പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക' എന്നതിന്റെ അർത്ഥം അപ്പോൾ ഞാൻ കൂടുതൽ വിശദീകരിച്ചു തരാം' എന്നു ഗാന്ധിജി എന്റെ* ആദ്യത്തെ സുഖക്കേട് കാലത്തയച്ച അവസാനത്തെ കുറിപ്പിൽ പറയുകയുണ്ടായി. ഇതനുസരിച്ചു സഞ്ചരിക്കാറായപ്പോൾ ഞാൻ ശ്രീരാംപുരിയിലേക്കു പോയി. അന്നു ഹൃദയം തുറന്നുള്ള ഒരു സംഭാഷണത്തിൽ—അതു സംഭാഷണത്തേക്കാളേറെ ഉറക്കെച്ചിന്തിക്കലായിരുന്നു—ഗാന്ധിജി തന്റെ വിചാരം മുഴുവൻ വെളിവാക്കി. കിഴക്കൻബങ്കാളിൽനിന്നുള്ള അഭയാർത്ഥികളുടെ ഒഴിഞ്ഞുപോക്ക് അരുതെന്നു പറഞ്ഞിട്ടും തുടർന്നുകൊണ്ടിരുന്നു. പട്ടാളത്തിന്റെയും പോലീസിന്റെയും രക്ഷ അധികമധികം വേണമെന്ന ആവശ്യം എല്ലായിടത്തുമുണ്ട്. നേരെമറിച്ചു സ്വാതന്ത്ര്യം കൊതിക്കുന്നുണ്ടെങ്കിൽ അവർ ആത്മരക്ഷയ്ക്കു പോലീസിനെയോ പട്ടാളത്തെയോ ആശ്രയിക്കരുതെന്നു അദ്ദേഹം ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പോലീസും പട്ടാളവും നൽകുന്ന രക്ഷയ്ക്കുപകരം എന്താണുള്ളത്?ബലവാന്റെ അഹിംസയെ അദ്ദേഹം അവർക്കു കാണിച്ചുകൊടുത്തിട്ടുണ്ട്. ഇതു തന്റെ ഒരു പുതിയ നിർദേശമാണ്. ഇതുവരെ പരിഭ്രമിപ്പിക്കുകമാത്രമാണുണ്ടായത്. അദ്ദേഹം അവരെ അതിനു കുററംപറയുന്നില്ല. കാരണം അദ്ദേഹംതന്നെ അതു പ്രയോഗിച്ചു ഫലിപ്പിക്കാൻ പോകുന്നതുള്ളൂ. 'വിശ്വാസവും കലുങ്ങാത്ത ഒരു ഹൃദയവും ഉണ്ടായിരിക്കട്ടെ എന്നാൽ പിന്നെ മലയോടു യേശു പറഞ്ഞതുപോലെ 'പോ സമുദ്രത്തിലേക്കു' എന്നു പറഞ്ഞാൽ അതു സംഭവിക്കും' എന്നു് ഒരു സുഹൃത്തു അദ്ദേഹത്തോടു ഇയ്യിടെ പറയുകയുണ്ടായി. തനിക്കു് ആ വിശ്വാസമുണ്ടോ എന്നദ്ദേഹം സ്വയം ചോദിച്ചു. നശിപ്പിക്കപ്പെട്ട ഒരു ഗ്രാമത്തിൽ ഒററയ്ക്കു താമസിക്കാൻ അദ്ദേഹം വന്നിരിക്കുകയാണ്. എന്നാലും അദ്ദേഹം ഇഷ്ടപ്പെടുന്നതുപോലെ കൂട്ടുകാരെയെല്ലാം ഉപേക്ഷിക്കുവാൻ സാധിച്ചിട്ടില്ല. അദ്ദേഹത്തിനു തന്റെ വിശ്വാസം ഈശ്വരനിൽ സമർപ്പിച്ചു പരീക്ഷിച്ചുനോക്കണമെന്നുണ്ട്. തന്നെക്കൊണ്ടു് എന്തെങ്കിലും ചെയ്യിക്കണമെന്നുണ്ട്. ഈശ്വരനെങ്കിൽ അദ്ദേഹംതന്നെ എല്ലാ ഭാഗ്യവിപര്യങ്ങളിൽനിന്നും രക്ഷിക്കും എന്നു് അദ്ദേഹം വിശ്വസിക്കുന്നു. പിന്നെ എന്തിനു മരണത്തെ ഭയപ്പെടുന്നു?

---

140. Harijan, 12–1–1947 (Communal Unity, pp. 479–480)
* പ്യാരേലാൽ

digitized by www .sreyas.in

തനിക്ക വേണ്ടത്ര ആരോഗ്യം ഉണ്ടായിക്കഴിഞ്ഞാൽ, അപ്പോഴേക്കും വയലുകളിലെ വെള്ളം വററിയാൽ നിർഭയത്വത്തിന്റെ സന്ദേശം ജനങ്ങഠംക്ക നല്കാൻവേണ്ടി, ഗ്രാമംതോറും നടന്നുചെന്നു്, ഓരോ വാതില്ക്കലും മുട്ടിനോക്കാൻ അദ്ദേഹം ഉദ്ദേശിക്കുന്നു. പുറപ്പെട്ട ഗ്രാമത്തിലേക്ക മടങ്ങിവരില്ല. അങ്ങനെ അദ്ദേഹം ഗ്രാമീണരുടെ ജീവിതത്തിൽ പങ്കുകൊള്ളും.

## 141

അവർ * പോയിട്ടുള്ളതു് എന്റെ ശുഭാശംസകളോടെയാണെങ്കിലും, സഹായകരമല്ലാത്ത ഒരന്തരീക്ഷത്തിലേക്കാണു്. അവർ പോകുന്നതു തെളിഞ്ഞ മാർഗത്തിലൂടെയല്ല, ആരും നടന്നിട്ടില്ലാത്ത വഴിയിലൂടെയാണു്. അവരുടെ ജോലി കിടക്കുന്നതു വിമുഖരായ ജനങ്ങഠംക്കിടയിലാണു്. അവർക്ക ഭാഷയറിഞ്ഞുകൂടാ, പ്രാദേശിക പ്രശ്നങ്ങളും അറിഞ്ഞുകൂടാ.

'അടുത്ത നടപടി എന്താണെന്നു് എനിക്കുതന്നെ അറിയില്ല. അതുകൊണ്ടു് അവരെ നയിക്കാൻ എനിക്ക വയ്യ. ഇപ്പോഠം റിപ്പോർട്ടുകളയയ്ക്കാൻ അവർക്ക നിവൃത്തിയില്ല. ഞാനൊരു പട്ടിക തയ്യാറാക്കിക്കൊടുത്താൽ നാഠം വഴിയെഴുതാൻ അവർക്ക കഴിയും. എന്നോളം പ്രായമുള്ളവനും തഴക്കംചെന്ന ഒരു പ്രവർത്തകനും തീരെ നിസ്വാർത്ഥനുമായ മഹാനായ തക്കർ ബാപ്പപോലും താൻ മുമ്പൊരിക്കലും ചെയ്തിട്ടില്ലാത്ത ഒരു പണി, താനെന്താണു ചെയ്യുന്നതെന്നറിയാതെ, ചെയ്തുകൊണ്ടിരിക്കുകയാണു്. എങ്കിലും ഇന്നത്തെ ഒഴിച്ചുകൂടാത്ത ബഹളത്തിൽനിന്നു സമാധാനം സംജാതമാകുമെന്നു് ഞാനാശിക്കുന്നു. അപ്പോഠം നിങ്ങളും ഞാനും ആഗ്രഹിക്കുന്നതുണ്ടാവും. ഭാവിപ്രവർത്തകർക്കു് അതേററവും വലിയ നേട്ടമാവുകയും ചെയ്യും....'

അവസാനം ഡോ. ചക്രവർത്തി പറഞ്ഞു: അവർണനീയങ്ങളായ ക്ലേശങ്ങഠം ജനങ്ങഠം അനുഭവിച്ചുവെങ്കിലും, ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും, ഈ മഹോദ്യമത്തിനു ബങ്കാഠം തിരഞ്ഞെടുക്കപ്പെട്ടതു്, അങ്ങു് ഈ സ്ഥലം അങ്ങയുടെ കേന്ദ്രമാക്കിയതു്, ഞങ്ങളുടെ പരമഭാഗ്യമാണു്. അങ്ങയുടെ വരവിനെക്കുറിച്ചും അങ്ങു് ഇവിടെ വന്നിട്ടുള്ളതു് ഈ സന്ദർഭത്തിൽ അങ്ങയെ അത്രയേറെ ആവശ്യമുള്ള ക്ലേശമഗ്നരായ സ്ത്രീപുരുഷന്മാരുടെകൂടെ ജീവിച്ചു് പ്രയത്നിക്കാനാണെന്നതിനെക്കുറിച്ചും ബങ്കാളിനുമുഴവനും അറിയാം.'

141. Harijan, 12–1–1947 (Communal Unity, pp. 481–482)
* ഗാന്ധിജിയുടെ നിർദേശമനുസരിച്ചു് ഒററതിരിഞ്ഞു വിവിധ ഗ്രാമങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സഹപ്രവർത്തകർ.

digitized by www .sreyas.in

ഗാന്ധിജി മറുപടി പറഞ്ഞു: 'ഇക്കാര്യം ശരിപ്പെടുത്തിയാൽ, അതെന്റെ ജീവിതത്തിലെ സർവോത്കൃഷ്ടമായ കർമമായിരിക്കും. കിഴക്കൻ ബങ്കാളിലെ മണ്ണിലേക്കും ജനങ്ങളിലേക്കും എനിക്ക കടന്നുവരേണ്ടതായിവന്നു. ഇക്കാര്യം ഞാനാദ്യം പറഞ്ഞതു് ജവഹർലാലിനോടായിരുന്നു. ഒരൊററ നിമിഷം ശങ്കിക്കാതെ അദ്ദേഹം മറുപടി പറഞ്ഞു: 'ശരി അങ്ങയുടെ സ്ഥാനം അവിടെയാണു്. അങ്ങയെക്കൊണ്ടു് ഞങ്ങൾക്കിവിടെ വളരെയധികം ആവശ്യമുണ്ടെങ്കിലും നവ്ഖാലിയിലാണു് ഞങ്ങൾക്ക കൂടുതൽ ആവശ്യം.'

ഞാൻ അദ്ദേഹത്തോടു ചോദിച്ചു: 'എപ്പോൾ?'

'അങ്ങേക്ക വേണമെന്നു തോന്നിയാലുടനെ.' അദ്ദേഹം മറുപടി പറഞ്ഞു. രണ്ടു ദിവസത്തിനുള്ളിൽ ഞാൻ പുറപ്പെട്ടു.

## ഡബ്ളിയു. തോല്പിക്കുന്ന പ്രശ്നം

### 142

തെങ്കനായികയിൽ താമസിക്കുന്ന ഒരു ഹിന്ദുവിന്റെ താഴെ ചേർക്കും പ്രകാരമുള്ള ഒരു സന്ദേശം പണ്ഡിത ബനാർസിദാസ് ചതുർവേദി കൊണ്ടുവരികയുണ്ടായി: 'മുൾക്കാനിലെ മുസ്ളീം അക്രമങ്ങൾക്ക് ഗാന്ധിയാണുത്തരവാദിയെന്നു് അദ്ദേഹത്തോടു പറയുക.' പ്രശ്നങ്ങളിൽവച്ചു് പ്രശ്നമായിട്ടുള്ളതിനെപ്പററി എഴുതാൻ ഞാൻ തയ്യാറായിക്കഴിഞ്ഞിട്ടില്ലാതിരുന്നതിനാൽ ഇതിനു മുമ്പു ഞാനിതു പ്രസിദ്ധീകരിക്കുകയുണ്ടായില്ല. എന്നാൽ മാപ്പിളമാർ ചെയ്തുവെന്നു പറയുന്ന അക്രമങ്ങൾക്കും എന്നുവേണ്ട, ഖിലാഫത്ത് പ്രക്ഷോഭത്തിനുശേഷം ഹിന്ദുക്കൾക്ക ദ്രോഹം സഹിക്കേണ്ടിവന്ന, അഥവാ സഹിക്കേണ്ടിവരുമെന്നു് പറയപ്പെടുന്ന, എല്ലാ ലഹളകൾക്കും ഞാനാണുത്തരവാദിയെന്നറിയിക്കുന്ന വളരെ എഴുത്തുകൾ—ഇവയിൽ ചിലതു പ്രശസ്ത സുഹൃത്തുക്കൾ എഴുതിയവയാണു്—എനിക്ക കിട്ടുകയുണ്ടായി. വാദം ഏതാണ്ടിങ്ങനെയാണു്: 'ഖിലാഫത്തു് കാര്യത്തിൽ മുസ്ളീങ്ങളോടു് സഹകരിക്കുവാൻ നിങ്ങൾ ഹിന്ദുക്കളോടാവശ്യപ്പെട്ടു. നിങ്ങളതിന്റെ ഭാഗത്തു ചേരുകയാൽ, മററുതരത്തിൽ ഒരിക്കലും കിട്ടാത്ത പ്രാധാന്യം അതിനു കിട്ടി. അതു മുസ്ളീങ്ങളെ ഏകീകരിച്ചു, പ്രബുദ്ധരാക്കി. പണ്ടൊരിക്കലും ഉണ്ടായിരുന്നില്ലാത്ത ഒരു പ്രാധാന്യം അതു മൗലവിമാർക്കുണ്ടാക്കിക്കൊടുത്തു. ഇപ്പോഴാകട്ടെ, ഖിലാഫത്തു് കാര്യം തീർന്നപ്പോൾ മുസൽമാന്മാർ ഹിന്ദുക്കളുടെ നേരെ ഒരുതരം ജഹാദ് പ്രഖ്യാപിച്ചിരിക്കുകയാണു്.' ആക്ഷേപങ്ങളുടെ സാരം ധ്വനിക്കാവുന്ന ഭാഷ

142. Young India, 29–5–1924 (Communal Unity, pp. 41-43)

digitized by www .sreyas.in

യിൽ ഞാനിവിടെ ചേർത്തിരിക്കുകയാണ്. ചില എഴുത്തുകളിൽ അച്ചടിക്കാൻ കൊള്ളരുതാത്ത ശകാരമുണ്ട്.

എൻെറ നേരേയുള്ള ഹിന്ദുക്കളുടെ കുററാരോപണം അങ്ങനെ. ഒരു മുസൽമാൻ സുഹൃത്തു് പറയുന്നു:

മുസ്ളീംസമുദായം വളരെ സാരള്യവും മതഭക്തിയുമുള്ള ഒന്നാക കൊണ്ട്, ഖിലാഫത്തു് അപകടത്തിലാണെന്നും മുസ്ളീങ്ങളുടെയും ഹിന്ദുക്കളുടെയും ഏകീകൃതമായ ശബ്ദംകൊണ്ട് അതിനെ രക്ഷിക്കാമെന്നും വിശ്വസിക്കാൻ അവർ പ്രേരിതരായി. നിരപരാധികളായ ഈ ആളുകൾ അങ്ങയുടെ വാഗ്വിലാസം കേട്ടു വിശ്വസിച്ചു്, വലിയ ഉത്സാഹം കാണിച്ചു. തത്ഫലമായി അവരാണ് ആദ്യം സ്കൂളുകളും കോടതികളും കൗൺസിലുകളും മററും ബഹിഷ്കരിച്ചതു്. തൻെറ ജീവകാലത്തെ മുഴുവൻ പരിശ്രമംകൊണ്ട് സർസയ്യദ് നിർമിച്ചതും യഥാർത്ഥത്തിൽ അത്തരത്തിൽപ്പെട്ട ആദ്യത്തെ സ്ഥാപനവുമായ അലിഗറിലെ ഏററവും പ്രശസ്തമായ ആ സ്ഥാപനം അപ്പടി താറുമാറാക്കപ്പെട്ടു. ഹിന്ദുസമുദായത്തിനു് ഇത്തരമൊരു സ്ഥാപനമുണ്ടായിരുന്നുവോ എന്നും അതിനിത്തരമൊരു യോഗമുണ്ടായോ എന്നും അങ്ങു സദയം കാണിച്ചുതന്നാൽകൊള്ളാം. തങ്ങൾക്കും തങ്ങളുടെ സമുദായത്തിനും അഭിമാനകരമാകുമാറു് സർവകലാശാലാബിരുദം നേടാൻ കഴിയുമായിരുന്ന വളരെ കുട്ടികളെ എനിക്കറിയാം. മതത്തിൻെറ പേരിൽ പഠിപ്പു് ഉപേക്ഷിക്കുവാൻ അവരെ പ്രേരിപ്പിച്ചു. തൽഫലമായി അവരാകെ നശിച്ചു. നേരെമറിച്ചു വളരെ കുറച്ചു ഹിന്ദു കുട്ടികളേ പഠിപ്പു് ഉപേക്ഷിച്ചുള്ളൂ. അങ്ങനെ ചെയ്തവർതന്നെ പ്രസ്ഥാനം തീരെ തകരുകയാണെന്നു കണ്ടപ്പോൾ, വീണ്ടും ഉടനെ പഠിപ്പു തുടർന്നു. വക്കീൽമാരുടെ കാര്യത്തിലും ഉണ്ടായതു് ഇതുതന്നെ. അന്നു് അങ്ങു് ഇരുസമുദായങ്ങൾക്കും തമ്മിൽ ഒരുവിധം ഐക്യമുണ്ടാക്കി. അതുറച്ചതാണെന്നു കൊട്ടിഘോഷിച്ചു. സരളമനസ്കരായ മുസൽമാന്മാർ പിന്നെയും അതു വിശ്വസിച്ചു. തൽഫലമായി അജ്മീർ, ലക്നോ, മീറത്തു്, ആഗ്രാ, സഹറാൻപുർ, ലാഹോർ മുതലായ സ്ഥലങ്ങളിൽ അവരോടു മൃഗീയമായി പെരുമാറി. വളരെ മേലേക്കിടയിലുള്ള ഒരു പത്രപ്രവർത്തകനായ മി. മുഹമ്മദാലിയെ—ഇദ്ദേഹത്തിൻെറ അത്ഭുതകരമായ പത്രം, 'കോംറേഡ്' മുസ്ളീംസമുദായത്തിനുവേണ്ടി കനത്ത ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു—അങ്ങു സ്വാധീനിച്ചു. ഇപ്പോൾ അദ്ദേഹം മുസ്ളീംസമുദായത്തിനു ചേതപ്പെട്ടിരിക്കുകയാണ്. അങ്ങയുടെ ഹിന്ദുനേതാക്കന്മാർ, ശുദ്ധിയുടേയും സംഘടനയുടെയും പേരിൽ മുസ്ളീംസമുദായത്തെ ദുർബലമാക്കാൻ ശ്രമിക്കുകയാണ്. ആളുകൾ കൗൺസിലുകളിൽ പ്രവേശിക്കുന്നതു തടയുവാൻ അങ്ങുചെയ്ത ദീർഘദൃഷ്ടിയില്ലാത്ത തീരുമാനം ഈ സമുദായത്തെ ഏററവും അന്യായമായി ബാധിച്ചി

digitized by www .sreyas.in

രിക്കുന്നു; കാരണം, ആ നിരോധംകൊണ്ട്, പ്രാപ്തിയുള്ളവരിൽ ഭൂരിപക്ഷവും കൗൺസിലുകളിൽ പ്രവേശിക്കാതിരുന്നു. ഈ സാഹചര്യങ്ങളിൽ മുഹമ്മദീയരെ കുറച്ചുപേരെയെങ്കിലും ഇപ്പോഴും സ്വന്തം ഭാഗത്തു നിർത്തുന്നതുകൊണ്ട് അങ്ങ് ഈ സമുദായത്തിനു വലിയ ദോഷമാണ് ചെയ്യുന്നതെന്ന് അങ്ങേയ്ക്ക് യഥാർത്ഥത്തിൽ തോന്നുന്നില്ലേ?'

ആ എഴുത്തു മുഴുവൻ ഞാനിവിടെ ചേർത്തിട്ടില്ല. എങ്കിലും ചേർത്ത ഭാഗം എന്റെ നേരെയുള്ള മുസ്ളീം കുററാരോപണത്തിന്റെ സാരം കുറിക്കുന്നുണ്ട്.

ഈ രണ്ടു കുററവും ഞാൻ ചെയ്തിട്ടില്ലെന്നു ഞാൻ വാദിച്ചേ തീരൂ. ഞാൻ പശ്ചാത്തപിക്കുന്നില്ലെന്നും പറഞ്ഞുകൊള്ളട്ടെ. ഞാനൊരു പ്രവാചകനായിരുന്നെങ്കിലും, സംഭവിച്ചതെല്ലാം കാലേക്കൂട്ടി കാണാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിലുംകൂടി ഖിലാഫത്തു് പ്രക്ഷോഭണത്തിലേക്കു തീർച്ചയായും ഞാൻ ഇറങ്ങിയേനെ. രണ്ടു സമുദായങ്ങളും തമ്മിൽ ഇന്നു് അസുഖബന്ധങ്ങളാണുള്ളതെന്നിരുന്നാലും രണ്ടിനും നേട്ടമുണ്ടായിട്ടുണ്ട്. ജനങ്ങൾക്കിടയിലുണ്ടായ ഉണർവു് പരിശീലനത്തിലെ ഒരൊഴിച്ചുകൂടാത്ത ഭാഗമായിരുന്നു. അതുതന്നെ മഹത്തായ ഒരു നേട്ടമാണ്. ജനങ്ങളെ വീണ്ടും ഉറക്കാൻതക്ക യാതൊന്നും ഞാൻ ചെയ്യുകയില്ല. ഈ ഉണർവിനെ ശരിയായ വഴിയിലൂടെ തിരിച്ചുവിടുന്നതിലാണ് നമ്മുടെ വിവേകം കിടക്കുന്നതു്. നമ്മുടെ മുമ്പിൽ ഇന്നു നാം എന്തു കാണുന്നുവോ അതു ദയനീയമാണ്, എന്നാലും നിരാശാജനകമല്ല——നമുക്കു് ആത്മവിശ്വാസമുണ്ടെങ്കിൽ. തളർച്ചയുടെയും നൈരാശ്യത്തിന്റെയുമായ മയക്കത്തിൽനിന്നല്ല, ശക്തിയുണ്ടെന്ന ബോധത്തിൽനിന്നു് ജനിക്കുന്ന ശാന്തിയുടെ മുൻഗാമിയാണ് ഇന്നത്തെ കൊടുങ്കാററു്.

പല ദിക്കിലുമുണ്ടായ ലഹളകളെപ്പററി ഞാൻ വിധി പറയണമെന്നു് പൊതുജനങ്ങൾ പ്രതീക്ഷിക്കരുതു്. വിധി പറയാൻ എനിക്കാഗ്രഹമില്ല. ഉണ്ടെങ്കിൽത്തന്നെ അതിനാവശ്യമായ തെളിവുകൾ എന്റെ മുമ്പിലില്ല.

143

ഈ പ്രശ്നം (ഹിന്ദുമുസ്ളീം ഐക്യം) മനുഷ്യന്റെ കൈയിൽനിന്നു വിട്ടിരിക്കുന്നുവെന്നും, ഈശ്വരൻ സ്വന്തം കൈയിൽ അതേറെറടുത്തിരിക്കുന്നുവെന്നും കോമില്ലയിൽവച്ചു ഞാൻ പറകയുണ്ടായി. ആ പ്രസ്താവന എന്റെ അഹന്തയിൽനിന്നു പുറപ്പെട്ടതാകാം. എങ്കിലും എനിക്കങ്ങനെ തോന്നുന്നില്ല. അതിന്നെനിക്കു ധാരാളം കാരണമുണ്ട്. എന്റെ കൈ മാററുവച്ചു് എനിക്കു പറ

143. Young India, 27-1-1927 (Communal Unity, pp. 136-137)

digitized by www .sreyas.in

യാൻ കഴിയും. ഒരു നിമിഷവും ഞാൻ ഈശ്വരനെ മറക്കാറില്ലെന്നു്. കഴിഞ്ഞ ഇരുപതുകൊല്ലമായി ഞാൻ ചെയ്തതെല്ലാം ഈശ്വരസാന്നിധ്യത്തിൽ ചെയ്തതുപോലെയാണു്. ഹിന്ദുമുസ്ലീം മൈത്രി ഞാനെന്റെ ജീവിത ലക്ഷ്യമാക്കിയിരിക്കുകയാണു്. തെക്കെ ആഫ്രിക്കയിൽ അതിനുവേണ്ടി ഞാൻ പ്രയത്നിച്ചു. ഇവിടെ അതിനുവേണ്ടി ഞാൻ ക്ലേശിച്ചു. ഞാൻ പ്രായശ്ചിത്തം ചെയ്തു. എങ്കിലും ഈശ്വരൻ സംതൃപ്തനായിട്ടില്ല, ആ പണിയിൽനിന്നു ഞാൻ അഭിമാനം നേടാൻ ഈശ്വരനിഷ്ടമില്ല. അങ്ങനെ ഞാനിപ്പോൾ കൈകഴുകിയിരിക്കുന്നു. ഞാൻ നിസ്സഹായനാണു്. ആവുന്നതെല്ലാം ഞാൻ ചെയ്തു. എങ്കിലും ഞാൻ ഈശ്വരനിൽ വിശ്വസിക്കുന്നവനാകകൊണ്ടു്, ഒരൊററ നിമിഷവും എനിക്കദ്ദേഹത്തിലുള്ള വിശ്വാസം ഛേദപ്പെടാത്തതുകൊണ്ടു്, അദ്ദേഹം തരുന്ന സുഖദുഃഖങ്ങൾകൊണ്ടു് ഞാൻ സംതൃപ്തനാകകൊണ്ടു്. എനിക്കു നിസ്സഹായാവസ്ഥ തോന്നാമെങ്കിലും, ഒരിക്കലും ഞാൻ ആശ വെടിയാറില്ല. ഹിന്ദുമുസ്ലീം മൈത്രി വന്നേ തീരുവെന്നും, നാം ആശിക്കാൻ ധൈര്യപ്പെടുന്നതിനെക്കാൾ വേഗം അതു വരുമെന്നും, നാം തടഞ്ഞാലും ഈശ്വരൻ ഒരു ദിവസം അതു നമ്മുടെമേൽ വച്ചുകെട്ടുമെന്നും, എന്റെ ഉള്ളിൽ നിന്നു് എന്തോ ഒന്നു് എന്നോടു പറയുന്നു. അതുകൊണ്ടാണു്, അതു ഈശ്വരന്റെ കൈകളിൽ ചെന്നെത്തിയിരിക്കുന്നുവെന്നു ഞാൻ പറഞ്ഞതു്. ഇതു് അഹംതയുടെ ജല്പനമായി കരുതപ്പെട്ടേക്കാമെന്നു ഞാൻ പറഞ്ഞു; എന്നെക്കാളേറെ മററാരും ഇതിനുവേണ്ടി പ്രയത്നിച്ചിട്ടില്ലാത്തതുകൊണ്ടു്, മററാർക്കും ഇക്കാര്യം നേടാൻ കഴികയില്ലെന്ന ഒരു ധ്വനി അതിലുള്ളതുകൊണ്ടാണു് അഹംതയുള്ളതു്. എന്നാലും ആ പ്രസ്താവനയിൽ അഹംതയുണ്ടായിരുന്നില്ല. പരശതം ആളുകൾ ഇത്രതന്നെ ശ്രദ്ധയോടും പ്രേമത്തോടും ശേഷിയോടുംകൂടി ഈ ജോലി ചെയ്തിട്ടുണ്ടാവാം; പക്ഷേ, ആരും ഇതിലേറെയില്ല. അവർക്കെല്ലാം എന്നെപ്പോലെ നിസ്സഹായവസ്ഥ തോന്നുന്നുണ്ടാകാമെന്നും ഞാൻ വിശ്വസിക്കുന്നു.

## 144

ഞാൻ മുസൽമാന്മാരോടു പക്ഷപാതമുള്ളവനാണെന്നു നിങ്ങൾക്കു പറയാം. അങ്ങനെയാവട്ടെ, മുസൽമാന്മാർ അതു സമ്മതിക്കുകയില്ലെങ്കിലും. പക്ഷപാതംകൊണ്ടു് എന്റെ മതത്തിനു് ഒരു കണികയോളവും കോട്ടം തട്ടുകയില്ല. ആർക്കെങ്കിലും അവരർഹിക്കുന്നതിലും കുറച്ചുകൊടുത്താൽ ഞാൻ ഈശ്വരന്റെമുമ്പാകെ സമാധാനം പറയേണ്ടിവരും. എന്നാൽ ഞാൻ ആർക്കെങ്കിലും അവർ അർഹിക്കുന്നതിലും അധികംകൊടുത്താൽ, അദ്ദേഹം എന്നെ അനുഗ്രഹിക്കുമെന്നു എനിക്കറിയാം. എന്നെ നിങ്ങൾ ശരിക്കു മനസ്സിലാക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ കൈയോ ഹൃദയമോ ആരെങ്കിലും

144. Young India, 10-3–1927 (Communal Unity, p. 138)

digitized by www .sreyas.in

അർഹിക്കുന്നതിലേറെ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ, അതിൽ ഖേദിക്കുന്നതിനുപകരം നിങ്ങൾ അഭിമാനം കൊള്ളണം. മുസൽമാന്മാരോടു നീതിചെയ്യുക മാത്രമല്ല, അർഹിക്കുന്നതിലേറെ അവർക്കു കൊടുക്കാൻ തുനിയുകപോലും ചെയ്ത ഒരൊററ ഭ്രാന്തൻ ഗാന്ധിയെങ്കിലും നിങ്ങളുടെ കൂട്ടത്തിലുണ്ടായതിൽ ഹിന്ദുക്കളായ നിങ്ങൾ അഭിമാനം കൊള്ളണം. സഹിഷ്ണുതയുടെയും ത്യാഗത്തിൻെറയും ക്ഷമയുടെയും ഉദാഹരണങ്ങൾ ഹിന്ദുമതത്തിൽ നിറയെയുണ്ട്. പാണ്ഡവന്മാരുടെ ത്യാഗത്തെക്കുറിച്ചും യുധിഷ്ഠിരൻെറ ക്ഷമയെക്കുറിച്ചും ആലോചിച്ചുനോക്കൂ. ഹിന്ദുമതത്തെ അക്ഷരംപ്രതി അനുസരിക്കുവാൻ ശ്രമിച്ച ഒരാളെങ്കിലും നിങ്ങളുടെ ഇടയിലുണ്ടായതു് വ്യസനിക്കത്തക്ക ഒരു സംഗതിയാണോ?

## 145

ഹിന്ദുമുസ്ലീം മൈത്രിയെപ്പററി ഈ ഏട്ടുകളിൽ ഞാൻ ഈയിടെയൊന്നും എഴുതാറില്ലെങ്കിൽ അതിനു കാരണം അവാച്യമായ അപമാനബോധമാണ്. ലജ്ജാവഹങ്ങളായ കർമങ്ങൾ ചെയ്യുന്നതു് ഹിന്ദുക്കളോ, മുസ്ലീങ്ങളോ എന്നു ഞാൻ നോക്കുന്നില്ല. ക്ഷമാശീലനായ ഈശ്വരനെ ചിലർ നിന്ദിക്കുന്നുണ്ടെന്നതും, മതത്തിൻെറ വിശുദ്ധമായ പേർപറഞ്ഞു മനുഷ്യോചിതമല്ലാത്ത പണികൾ ചെയ്യുന്നുണ്ടെന്നുള്ളതുംതന്നെ ധാരാളമാണ്. കൊലയ്ക്കോ സഹോദരഹത്യകൾക്കോ മതത്തെ രക്ഷിക്കാനാവില്ലെന്നും എനിക്കറിയാം. മതാനുയായികളുടെ പരിശുദ്ധികൊണ്ടും വിനയംകൊണ്ടും പരിപൂർണമായ നിർഭയത്വംകൊണ്ടും മാത്രമേ മതത്തെ—ആ പേരർഹിക്കുന്ന മതത്തെ—രക്ഷിക്കാനാവൂ. ഇതു മാത്രമാണ് ശുദ്ധി, ഇതു മാത്രമാണ് പ്രചാരണം.

## 146

സാമുദായിക പ്രശ്നം സംബന്ധിച്ചുള്ള എൻെറ നിലപാടിനെപ്പററി വളരെയേറെ അബദ്ധധാരണകൾ ഉണ്ടാക്കപ്പെട്ടുവരുന്നതുകൊണ്ട്, വാദങ്ങളിലേക്കൊന്നും കടക്കാതെ, എൻെറ ഭാഷാപരിചയംകൊണ്ട് കഴിയുന്നത്ര വ്യക്തമായി എൻെറ നില ഞാൻ വ്യക്തമാക്കാം.

1. കഴിഞ്ഞ നാല്പതുകൊല്ലമായി ഞാൻ പുലർത്തിപ്പോരുന്ന അഭിപ്രായങ്ങൾ മാററമില്ലാതെ നിൽക്കുന്നു.

2. ഞാൻ പല തവണ പറഞ്ഞ മററു കാര്യങ്ങളെന്നപോലെ സാമുദായികമൈത്രിയും കൂടിയില്ലാതെ സ്വരാജ്യമില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

---

145. Young India, 16-6-1929 (Communal Unity, p. 141)
146. Young India, 24-4-1930 (Communal Unity, p. 164)

digitized by www.sreyas.in

3. ഇപ്പോഴത്തെ സമരം സ്വാതന്ത്ര്യം സംസ്ഥാപിക്കുവാനുള്ളതല്ല. അതിനുവേണ്ട കരുത്തു് ജനങ്ങൾക്കുണ്ടാക്കുവാനുള്ളതാണു്.

4. ആ കരുത്തു് ഉൽപാദിപ്പിച്ചുകഴികയും സ്വാതന്ത്ര്യസംസ്ഥാപനത്തിനുള്ള സമയംവരുകയും ചെയ്താൽ മുസൽമാന്മാരെയും മററെല്ലാ ന്യൂനപക്ഷങ്ങളെയും തൃപ്തിപ്പെടുത്തേണ്ടതായി വരും. അവർ സംതൃപ്തരായില്ലെങ്കിൽ അഭ്യന്തരസമരം ഉണ്ടായേ തീരൂ. എങ്കിലും നാം ആ കരുത്തു ഉൽപാദിപ്പിച്ചാൽ ഭിന്നാഭിപ്രായങ്ങളും അവിശ്വാസവും തിരോഭവിക്കുമെന്ന ആശ എനിക്കുണ്ടു്. ഇതൊക്കെ നമ്മുടെ ദൗർബല്യംകൊണ്ടുണ്ടായവയാണു്. ഉൾക്കരുത്തുണ്ടായാൽ നാം നമ്മുടെ ദൗർബല്യം വെടിയും.

5. 'നെഹ്രുഭരണഘടന' പോയതുകൊണ്ടു സാമുദായികപരിഹാരവും സ്വാഭാവികമായി കാലഹരണപ്പെട്ടിരിക്കുന്നു. സാമുദായികപരിഹാരം സിക്കുകാർക്കോ മുസൽമാന്മാർക്കോ തൃപ്തികരമായിട്ടില്ലാത്തതുകൊണ്ടു ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും തൃപ്തി വരുമാറു് അക്കാര്യം പുനരാലോചിക്കപ്പെടണമെന്നു ലാഹോർ കോൺഗ്രസ്സു് പ്രമേയം വ്യക്തമാക്കിയിട്ടുണ്ടു്.

6. ഇഷ്ടമുള്ളതെടുക്കാൻ ന്യൂനപക്ഷങ്ങളെ ഹിന്ദുക്കൾ അനുവദിക്കുകയാണു എനിക്കറിയാവുന്ന അഹിംസാത്മകമായ ഏക പരിഹാരം. രാജ്യം ഭരിക്കാൻ ന്യൂനപക്ഷങ്ങളെ അനുവദിക്കുന്നതിനു ഞാൻ മടിക്കുകയില്ല. ഇതു വെറും താത്വിക വിശ്വാസമല്ല, ആ വഴിയിൽ ഒരപകടവുമില്ല. എന്തുകൊണ്ടെന്നാൽ ഒരു സ്വതന്ത്ര ഗവർമെൻറിൽ അധികാരം ജനങ്ങളുടെ കൈയിലായിരിക്കും.

## 147

സർദാർ വല്ലഭഭായിയും പണ്ഡിതജവഹർലാലുംകൂടി 8—ാം തീയതി ഉച്ചതിരിഞ്ഞു വന്നു് അന്നു വൈകുന്നേരത്തെ യോഗത്തിനു ഗാന്ധിജി വരുമോ എന്നു ചോദിച്ചപ്പോൾ——കാരണം തൻെറ ലണ്ടൻയാത്രയെപ്പററി അദ്ദേഹം ഒരു പ്രസ്താവന ചെയ്യുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നു——ഗാന്ധിജി ബോംബെയിലെ ചില റൗഡി സംഘങ്ങൾ പ്രസിദ്ധീകരിച്ച ഒരു ലഘുലേഖ വായിക്കുകയായിരുന്നു. അതിൽ നിറയെ കുററൻനുണകളും അക്രമപ്രേരണകളും ഉണ്ടായിരുന്നതിനാൽ ഗാന്ധിജിയുടെപോലും രക്തം തിളയ്ക്കാനിടയായി. കഠിനദുഃഖത്തോടുകൂടി അദ്ദേഹം പറഞ്ഞു: 'എനിക്കെങ്ങും പോകണമെന്നു തോന്നുന്നില്ല. ഇവിടെ അടച്ചുകിടന്നു നിലവിളിച്ചാൽ കൊള്ളാമെന്നാണു തോന്നുന്നതു്. അന്തരീക്ഷത്തിൽ അത്രയേറെ ഹിംസയും അത്രയേറെ വ്യാജവുമുള്ളതുകൊണ്ടു മററു ചുററുപാടുകൾ

147. Young India, 13-8-1931 (Communal Unity, p. 176)

digitized by www .sreyas.in

യാത്ര സാധ്യമാക്കിയാൽത്തന്നെ ഞാൻ പോയിട്ടെന്താണു പ്രയോജനമെന്നു തോന്നിപ്പോകുന്നു.'

'പക്ഷേ' പണ്ഡിതനെഹ്റു പറഞ്ഞു, 'വട്ടംകൂടി വരുന്നുണ്ടെന്നു കേൾക്കുന്ന സാമുദായികലഹള പൊട്ടിപ്പുറപ്പെടുകയാണെങ്കിൽത്തന്നെ തങ്ങളുടെ സാന്നിദ്ധ്യംകൊണ്ടെന്താണാവശ്യം? അതിനെ നേരിടാൻ ഞങ്ങളെക്കൊണ്ടാവില്ലേ?'

ഗാന്ധിജി ഒരു മങ്ങിയ ചിരി ചിരിച്ചു.

## 148

അകത്തു കൊടുങ്കാററടിച്ചുകൊണ്ടിരിക്കുമ്പോഴും പുറമേക്കു ചിരിക്കാൻ കഴിവുണ്ടാക്കുന്ന ഒരു ഹൃദയപരിശീലനം എനിക്കുണ്ടായിട്ടുണ്ട്. കൊടുങ്കാററു വിഷമസന്ധിയിലെത്തിയിരിക്കുന്നു; എനിക്കു ബലക്ഷയം അനുഭവപ്പെടുന്നു, എല്ലാ ശക്തിയും നശിച്ചതായി തോന്നുന്നു.

## 149

1920–22 കാലത്തു ഞാൻ മുസൽമാന്മാർക്കു എന്തായിരുന്നുവോ, അതുതന്നെയാണിന്നും. ഡൽഹിയിലായിരുന്നപ്പോഴെന്നപോലെ ഇപ്പോഴും, അവർ തമ്മിൽ സജീവമൈത്രിയും ശാശ്വതസമാധാനവും ഉണ്ടാകാൻവേണ്ടി ജീവൻവെടിയാൻ ഞാൻ സന്നദ്ധനായിരിക്കും. ഈ കലാപത്തിന്റെ ഫലമായി ഇതിനുവേണ്ടിയുള്ള ആത്മാർത്ഥമായ ഒരുദ്യമമുണ്ടാകുമെന്നു ഞാനാശിക്കുന്നു. ഉണ്ടാകുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇതുണ്ടായാൽ പിന്നെ മററു സമുദായങ്ങൾക്കു വേറിട്ടു നിൽക്കാൻ തീർച്ചയായും സാധിക്കാതെ വരും.

## 150

നിങ്ങളുടെ എഴുത്തിൽനിന്നുത്ഭവിക്കുന്ന ചോദ്യത്തിനു് ഒരു മറുപടി ആവശ്യമാണു്. ഞാനിപ്പോൾ വെളിച്ചം കാണുന്നുണ്ടോ എന്നു നിങ്ങൾ ചോദിക്കുന്നു. വ്യസനസമേതം ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു. കണ്ടിരുന്നെങ്കിൽ അക്കാര്യം ഞാൻ ഉറക്കെപ്പറയുമായിരുന്നു. എങ്കിലും ഇന്നത്തെ വിഷമാവസ്ഥയിൽനിന്നു പുറത്തു കടക്കാനുള്ള ഏതെളിയ അവസരവും ഉപയോഗപ്പെടുത്തുന്നതിനു് ഈ പരിധി എനിക്കു തടസ്സമായിത്തീരുന്നില്ല.

---

148. Young India, 13-8-1931 (Communal Unity, p. 178)
149. Young India, 26-9-1932 (Communal Unity, p. 201)
150. 1938 മാർച്ച് 8—ാം തീയതി ഗാന്ധിജി മി. ജിന്നയ്ക്കു് അയച്ച ഒരു കത്തിൽ നിന്നു് (Communal Unity, p. 210)

digitized by www .sreyas.in

## 151

ശ്രീ ജിന്നയും ഞാനും തമ്മിൽ നടക്കാൻപോകുന്ന അഭിമുഖസംഭാഷണം അനവധിപേരുടെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്നതായും കുറച്ചുപേരിൽ ആശകൂടി ഉളവാക്കുന്നതായും ഞാൻ കാണുന്നു. ഈ സന്ദർശനത്തിനെതിരായും അഭിമുഖസംഭാഷണത്തെ അടിസ്ഥാനമാക്കി എന്തെങ്കിലും ആശയുളവാക്കുന്നതിനെതിരായും എന്നെ താക്കീതുചെയ്യുന്ന സുഹൃത്തുക്കളുമുണ്ട്. തന്നിമിത്തം ഏപ്രിൽ 28–ാം തീയതി എങ്ങനെയാണ്, എന്തിനാണ്, ഞാൻ ശ്രീ ജിന്നയെ കാണുന്നതെന്നു പൊതുജനങ്ങളോടു തുറന്നു പറയുന്നതാണു അധികം നല്ലത്.

എനിക്കു ജീവനെപ്പോലെത്തന്നെ പ്രിയപ്പെട്ടതായ സാമുദായിക മൈത്രിയെക്കുറിച്ചുള്ള എന്റെ നിലപാടു കാണിക്കുന്ന എന്റെ ആദ്യത്തെ എഴുത്ത്— ഞാനദ്ദേഹത്തിനയച്ചത്—അദ്ദേഹംതന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ എഴുത്തിൽ ഞാൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്, എന്റെ മുമ്പിലുള്ളതു ഇരുട്ടുമാത്രമാണെന്നും ഞാൻ വെളിച്ചത്തിനുവേണ്ടി പ്രാർത്ഥിക്കുകയാണെന്നും, വല്ലതുമുണ്ടായിട്ടുണ്ടെങ്കിൽ അതു് ആ ഇരുട്ടിനു കട്ടികൂടുകയും എന്റെ പ്രാർത്ഥന തീവ്രതരമാവുകയും ചെയ്തിരിക്കുന്നുവെന്നതാണ്. ഇതിന്റെകൂടെ എനിക്കറിയാവുന്നവയും അറിയാത്തവയുമായ കാരണങ്ങൾ നിമിത്തം എന്റെ പൊതുജീവിതത്തിലും സ്വകാര്യജീവിതത്തിലും ഇദംപ്രഥമമായി ആത്മവിശ്വാസം നശിച്ചതായിത്തോന്നുള്ളവെന്നുള്ള വസ്തുതകൂടി ചേർക്കണം. സത്യത്തിന്റെയും അഹിംസയുടെയും ഭക്തനനുയോജ്യമല്ലാത്ത ഒരു ന്യൂനത ഞാനെന്നിൽ കണ്ടെത്തിയതായിത്തോന്നുന്നു. ഞാൻ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമെന്താകുമെന്നു് ഇപ്പോൾ പറയാൻ വയ്യ. കഴിഞ്ഞ 50 കൊല്ലത്തിനുള്ളിൽ ഇപ്പോഴാദ്യമായി ഒരു നൈരാശ്യഗർത്തത്തിൽപ്പെട്ടതായിത്തോന്നുന്നു. കൂടിയാലോചനകൾക്കോ അത്തരം മററെന്തെങ്കിലും കാര്യങ്ങൾക്കോ പററിയവനാണു ഞാനെന്നു് എനിക്കു തോന്നുന്നില്ല.

## 152

പിന്നീടു സാമുദായികസ്ഥിതിയെപ്പററി മി. സ്റ്റീൽ ചോദിച്ചു, ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഹിന്ദുമുസ്ലീംസ്ഥിതി അധികം വഷളായിക്കൊണ്ടിരിക്കുകയാണോ എന്നു്.

---

151. Harijan, 30–4–1938 (Communal Unity, p.216· 22–4–1938–ൽ ഗാന്ധിജി പത്രങ്ങൾക്കു നൽകിയ ഒരു പ്രസ്താവനയിൽനിന്നു്)
152. Harijan, 24–6–1939 (Communal Unity, p· 228)

digitized by www .sreyas.in

'പ്രത്യക്ഷത്തിൽ അതെ എന്നു തോന്നുന്നു', ഗാന്ധിജി മറുപടി പറഞ്ഞു. 'എങ്കിലും അവസാനം ഞങ്ങൾ ഒന്നായിത്തീരുമെന്ന എല്ലാ ആശയും എനിക്കുണ്ട്. ഞങ്ങളെ പരസ്പരം ബന്ധിക്കുന്ന താൽപര്യങ്ങൾ അത്രയേറെ വലുതാകകൊണ്ടു രണ്ടു വിഭാഗങ്ങളുടെയും നേതാക്കന്മാർ യോജിച്ചേ തീരൂ. ചുററുപാടുകളുടെ ശക്തി അവരെ അതിനു നിർബന്ധിക്കുന്നു. ഞങ്ങൾ ഇന്ന് ഏററവും അകന്നവരായിത്തോന്നുന്നുവെന്ന സംഗതി ഉണ്ടായിക്കഴിഞ്ഞ ഉണർവിന്റെ സ്വാഭാവികഫലമാണ്. ഭിന്നിപ്പിനു അതു ബലം കൂട്ടിയിരിക്കുന്നു. അവജ്ഞകൾക്കും സംശയങ്ങൾക്കും അസൂയകൾക്കും മൂർച്ചകൂട്ടിയിരിക്കുന്നു. പുതിയ നേതൃത്വം ദിവസേന കൊണ്ടുവരുന്ന പുത്തൻ ആവശ്യങ്ങൾ കുഴപ്പങ്ങളുടെ തകരാറു വർദ്ധിപ്പിച്ചിരിക്കുന്നു. എന്നാലും ഈ കലാപത്തിൽനിന്നു സമാധാനമുണ്ടാകുമെന്ന ആശ എനിക്കുണ്ട്.'

മി. സ്റ്റീൽ: 'മുസ്ളീംലീഗും കോൺഗ്രസ്സും തമ്മിലുള്ള വിടവുകൾ നികത്താൻ വയ്യാത്തവയല്ലേ?'

ഗാന്ധിജി. 'വിടവുകൾ അന്തസ്സാരശൂന്യങ്ങളാണ്.'

## 153

സാമുദായികമൈത്രിക്കു വിളംബം നേരിടുന്നതു ഞാൻ വേണ്ടത്ര പരിശ്രമിക്കാത്തതുകൊണ്ടാണെന്നും, ഞാൻ അക്കാര്യത്തിൽ മാത്രം ശ്രദ്ധിച്ചാൽ അതു ഇന്നു സാധിക്കാമെന്നും ഉള്ള പരാതി ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. ഞാനപ്രകാരം ചെയ്യുന്നതായി കാണുന്നില്ലെങ്കിൽ ഹിന്ദുമുസ്ളീംമൈത്രിക്കുള്ള എന്റെ തൃഷ്ണ കുറഞ്ഞതല്ല അതിനു കാരണമെന്നു ഞാൻ നിങ്ങൾക്കു ഉറപ്പുനൽകിക്കൊള്ളട്ടെയോ? പക്ഷേ, ഈ ശ്രേഷ്ഠപരിശ്രമത്തിനുള്ള ഉപകരണമെന്ന നിലയിൽ എനിക്കുള്ള ന്യൂനത പണ്ടൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം ഇന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു, എന്നല്ല, വമ്പിച്ച ലക്ഷ്യങ്ങളുടെ പ്രാപ്തിക്കു വെറും ബാഹ്യോപായങ്ങൾ പോരെന്നും. ഈശ്വരേച്ഛയ്ക്കു കൂടുതൽ കൂടുതൽ വഴങ്ങാൻ ഞാൻ പഠിച്ചു.

## 154

വളരെ മുസ്ളീംസുഹൃത്തുക്കൾ ആത്മാർത്ഥമായി പ്രകടിപ്പിക്കുന്ന ആശ നിറവേററാനുള്ള കരുത്ത് ഈശ്വരൻ എനിക്കു തന്നിരുന്നെങ്കിൽ. ഞാൻ ഐക്യത്തെപ്പററി ചിന്തിക്കാത്തതായും അതിനുവേണ്ടി പ്രാർത്ഥിക്കാത്തതായും ഒരൊററ ദിവസമില്ലെന്നു അവർക്കു

153. Harijan, 5-8-1939 ((Communal Unity, p. 229)
154. Harijan, 7-10-1939 (Communal Unity, p. 531)

digitized by www .sreyas.in

ഉറപ്പുനൽകിക്കൊള്ളുന്നു. രണ്ടു സമുദായങ്ങളും തമ്മിലുള്ള ഇത്രയേറെ വിദ്വേഷത്തിനും കലഹത്തിനും ഞാൻ ഗത്യന്തരമില്ലാത്ത സാക്ഷിയായി നിൽക്കേണ്ടിവരുന്നതു മൈത്രിവേണമെന്ന വിചാരമോ അതിനുള്ള പരിശ്രമമോ ഇല്ലാത്തതുകൊണ്ടല്ല. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ മാത്രമല്ല, ഇന്ത്യയെ ഒരു രാഷ്ട്രമാക്കിത്തീർത്ത എല്ലാ സമുദായങ്ങളും തമ്മിലും യഥാർത്ഥ മൈത്രിയുണ്ടാകുന്നതു കാണാൻ ഞാൻ ജീവിച്ചിരിക്കുമെന്ന ആശ ഞാൻ വെടിഞ്ഞിട്ടില്ല. അതു നേടാനുള്ള വഴി എനിക്കറിയാമായിരുന്നെങ്കിൽ അതെത്ര ദുർഘടംപിടിച്ചതോ മുള്ളുനിറഞ്ഞതോ ആയാലും അതിലെ പോകാനുള്ള മനസ്സും കരുത്തും എനിക്കുണ്ടെന്നു എനിക്കറിയാം.

## 155

തന്റെ അനുഭവത്തിൽപ്പെട്ട എന്തിനേക്കാളും ഭയങ്കരമാണു ഈ സഹോദരഹത്യയെന്നു അദ്ദേഹം പറഞ്ഞു. 20 കൊല്ലം തെക്കെ ആഫ്രിക്കയിലും കഴിഞ്ഞ 30 കൊല്ലം ഇന്ത്യയിലും അദ്ദേഹം കടുത്ത സമരം നടത്തിയിട്ടുണ്ടു്. പക്ഷേ ഈ പരസ്പരകശാപ്പു് അദ്ദേഹത്തെ അമ്പരപ്പിച്ചിരിക്കുന്നു. വീണ്ടും സമാധാനത്തിലും രഞ്ജിപ്പിലും ജീവിക്കാൻ എങ്ങനെയാണു ഈ സമുദായങ്ങളെയും പ്രേരിപ്പിക്കുകയെന്നു അദ്ദേഹത്തിനറിഞ്ഞു കൂടാ. ഈ പ്രശ്നത്തിനൊരു പരിഹാരം കാണാനാണു അദ്ദേഹം ബങ്കാളിലേക്കു വന്നിരിക്കുന്നതു്. ബങ്കാൾ വലിയൊരു സംസ്ഥാനമാണു്. സാമുദായികപ്രശ്നം ഇവിടെ പരിഹരിക്കാൻ സാധിച്ചാൽ മററു ദിക്കിലും സാധിക്കും. ഇവിടെ ജയിച്ചാൽ അദ്ദേഹം ഒരു പുതിയ ജീവനോടുകൂടി തിരിച്ചുപോകും. ഇല്ലെങ്കിൽ ഈശ്വരൻ തന്നെ ഈ ഭൂമിയിൽ നിന്നു നീക്കം ചെയ്യണമെന്നു അദ്ദേഹം ആഗ്രഹിക്കുന്നു. വെറുംകൈയായി ബങ്കാളിൽനിന്നു തിരിച്ചുപോകാൻ ഗാന്ധിജിക്കാഗ്രഹമില്ല. 'അശ്രുഭശങ്ക' എന്ന വാക്കു് അദ്ദേഹത്തിന്റെ നിഘണ്ടുവിലില്ല.

## 156

രാജ്യത്തിലെ സംഭവങ്ങൾ അദ്ദേഹത്തെ വല്ലാതെ അലട്ടുന്നുണ്ടു്. തന്റെയൊന്നിച്ചു പതിവായി ഉണ്ടാകാറുള്ള സഹപ്രവർത്തകരുടെ സഹായം ഉപേക്ഷിച്ചതുകൊണ്ടു്, അദ്ദേഹം ഇപ്പോൾ മെഴുകുതിരി രണ്ടററത്തും കത്തിക്കുകയാണു്. തന്റെ ആരോഗ്യത്തെക്കുറിച്ചും ജീവനെക്കുറിച്ചും അദ്ദേഹം ശ്രദ്ധിക്കാതായിരിക്കുന്നു, 'ഇന്നു രൂപംപൂണ്ടുവരുന്ന ഇന്ത്യയിൽ എനിക്കു സ്ഥാനമില്ല' അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ ശബ്ദത്തിൽ വികാരതീവ്രതയുണ്ടായി

155. Harijan, 1–12–1946 (Communal Unity, p. 441)
156. Harijan, 8–6–1947 (Communal Unity, pp. 628–629)

digitized by www .sreyas.in

ന്നു. അദ്ദേഹം തുടർന്നു: '125 കൊല്ലം ജീവിക്കാമെന്ന ആശ വെടിഞ്ഞിരിക്കുന്നു. ഞാനിനി ഒന്നോ രണ്ടോ കൊല്ലംകൂടി ജീവിച്ചേക്കാം. അതു മററൊരു കാര്യം. എങ്കിലും ഇന്നു ഭീഷണിപ്പെടുത്തുന്നതുപോലെ ഇന്ത്യ ഹിംസയിൽ കുളിക്കാനാണു ഭാവമെങ്കിൽ, ജീവിക്കാൻ എനിക്കാഗ്രഹമില്ല. സാമുദായികഭ്രാന്തുണ്ട്. പട്ടാളവും വൻകിട വ്യവസായങ്ങളും വർദ്ധിപ്പിക്കുന്നതിനെപ്പററി അവർ പറഞ്ഞുകൊണ്ടിരിക്കുന്നു. ഇന്ത്യ ഒരൊന്നാംകിട സൈന്യശക്തിയും വ്യവസായവൽകൃതരാജ്യവുമായിത്തീർന്നേക്കാം. പക്ഷേ, ഇത്തരം ഇന്ത്യയിൽ അഹിംസയുടെ ചിഹ്നങ്ങളായ ഖാദിക്കോ ഗ്രാമവ്യവസായങ്ങൾക്കൊ സ്ഥാനമെവിടെ?'

ആശ്രമത്തിലെ വൃദ്ധനായ ഒരന്തേവാസിക്കുള്ള എഴുത്തിൽ ഗാന്ധിജി ഇപ്രകാരമെഴുതി: 'ഞാൻ തീജ്വാലകളുടെ നടുവിലാണ്. ഈ ജ്വാലകൾ എന്നെ ഭക്ഷിക്കാത്തതു ഈശ്വരകാരുണ്യമോ അതോ അദ്ദേഹത്തിന്റെ ദുർവിലാസമോ?'

അദ്ദേഹത്തെ (ഗാന്ധിജിയെ) നിലനിർത്തുന്നതെന്താണ്? അദ്ദേഹത്തിന്റെ ഹിമാലയൻ വിശ്വാസമാണ്. ഇവിടെ കുറച്ചുനാൾ അദ്ദേഹമൊന്നിച്ചു ജീവിച്ച ഒരു യൂറോപ്യൻസുഹൃത്തു് അമേരിക്കയിൽനിന്നു് അദ്ദേഹത്തിനിപ്രകാരമെഴുതുന്നു: 'ആററമിക് ബോംബുണ്ടാക്കാൻ ഉപയോഗിക്കുന്ന സാധനമായ യു. 235 നിർമിക്കപ്പെടുന്ന സ്ഥലത്തിൽനിന്നു വളരെയകലെയല്ലാത്ത ഈ പ്രദേശത്തു താമസിക്കുമ്പോൾ പ്രാർത്ഥനാപുരസ്സരം ഞാൻ അങ്ങയെപ്പററി ആലോചിക്കാറുണ്ട്. അങ്ങയുടെ പ്രകാശമാനവും സൗഹാർദമയവുമായ മാർഗദീപത്തിലും വിവേകത്തിലും മാത്രമേ ഞാൻ പാശ്ചാത്യപരിഷ്കാരത്തിനു വല്ല ആശാനാളവും കാണുന്നുള്ളു.' മറുപടിയിൽ ഗാന്ധിജി എഴുതി: 'ഞാൻ, നിങ്ങളെന്നെ കണ്ട കാലത്തെ അതേ ആൾതന്നെയാണ്. വല്ല വ്യത്യാസവുമുണ്ടെങ്കിൽ എന്റെ വിശ്വാസം പണ്ടത്തേക്കാൾ തിളക്കത്തോടുകൂടിശോഭിക്കുന്നുവെന്നതുമാത്രം.

ചൈനീസ് അംബാസഡർ ഡോ. ലോ ച്യാ ലൂയൻ, പണ്ഡിതനെഹ്റുവൊന്നിച്ചു ഗാന്ധിജിയെ കാണാൻ വന്നു. 'കാര്യങ്ങൾ എങ്ങനെയൊക്കെയാകുമെന്നാണ് അങ്ങയുടെ വിചാരം? ഭാവിയെപ്പററി എന്താണ് അങ്ങേയ്ക്കു പറയാനുള്ളതു്?' അദ്ദേഹം ചോദിച്ചു.

'ഞാൻ അമർത്തപ്പെടാനാവാത്ത ഒരു ശുഭപ്രതീക്ഷകനാണ്', ഗാന്ധിജി മറുപടി പറഞ്ഞു, 'ബങ്കാളിലെയും ബീഹാറിലെയും പഞ്ചാബിലെയും രക്തച്ചൊരിച്ചൽ കണ്ടാൽ തോന്നുന്നമാതിരി കാടന്മാരായിത്തീരാൻവേണ്ടിയല്ല ഞങ്ങളിത്രകാലം ജീവിച്ചതും പ്രയത്നിച്ചതും. പക്ഷേ, ഞങ്ങൾ വിദേശീയരുടെ നുകം വലിച്ചെറിയു

digitized by www .sreyas.in

മ്പോഠം എല്ലാ പൊടിയും പതയും മുകളിലോട്ടു വരികയാണെന്നു എനിക്കു തോന്നുന്നു. വെള്ളപ്പൊക്കമുണ്ടാകുമ്പോഠം ഗംഗ കലങ്ങി മറിഞ്ഞതാണ്. വെള്ളപ്പൊക്കം തീർന്നാലോ, നയനാനന്ദകരമായ തെളിഞ്ഞ നീലജലം കാണാം. അതിനുവേണ്ടിയാണു ഞാനാശിക്കുന്നതും ജീവിക്കുന്നതും. ഇന്ത്യക്കാർ കാടന്മാരായിത്തീരുന്നതു കാണാൻവേണ്ടി ജീവിക്കാൻ എനിക്കാഗ്രഹമില്ല.

'പിന്നെ ഭാവിയെപ്പററി ആർക്കാണ് എന്തെങ്കിലും പറയാൻ കഴിയുക? കുറെ കൊല്ലംമുമ്പു ഞാൻ ബ്ടഌറുടെ 'Analogy' എന്ന ഗ്രന്ഥം വായിക്കുകയുണ്ടായി. അതിൽ ഞാൻ വായിച്ചു, ഭാവി ഏറെക്കുറെ ഭൂതകാലത്തിന്റെ ഫലമാണെന്ന്. ഈ വിശ്വാസം എന്നെ വിടാതെ കൂടിയിട്ടുണ്ട്, കാരണം, അതു ഇന്ത്യയിലെ വിശ്വാസത്തോടു യോജിക്കുന്ന ഒന്നാണ്. നമ്മുടെ ഭാഗധേയത്തിന്റെ ശില്പികഠം നാംതന്നെയാണ്. വർത്തമാനകാലത്തെ നന്നാക്കാനോ ചീത്തയാക്കാനോ നമുക്കു കഴിയും; ഇതിനെ ആശ്രയിച്ചാണു ഭാവി നിൽക്കുന്നതു്.'

## 157

ഇയ്യിടെ ഗാന്ധിജിക്കു കിട്ടുന്ന എഴുത്തുകളിൽ 95 ശതമാനവും ശകാരം നിറഞ്ഞതാണ്. മുസ്ളീങ്ങഠം അദ്ദേഹത്തെ പരമശത്രുവായി കരുതുന്നു. ഹിന്ദുക്കളാകട്ടെ, അദ്ദേഹം മുസ്ളീങ്ങളോടു പക്ഷപാതം കാണിക്കുകയാണെന്ന് ആക്ഷേപിക്കുന്നു. പാക്കിസ്ഥാനിൽ എന്തുതന്നെ നടന്നാലും ഇന്ത്യായൂണിയനിലെ മുസ്ലീങ്ങളോടു ഹിന്ദുക്കഠം ന്യായവും നീതിയും കാണിക്കണമെന്ന ഗാന്ധിജിയുടെ ഉപദേശം ഈ വെളിച്ചത്തിലാണു വീക്ഷിക്കപ്പെടുന്നതു്. ഈ കുററം അദ്ദേഹം സമ്മതിച്ചില്ല. ഓരോ വ്യക്തിയെപ്പററിയും ഓരോ സ്ഥാപനത്തെപ്പററിയും സർവ്വോപരി ഓരോ മതത്തെപ്പററിയും വിധി പറയുന്നതു്, അവരെത്ര അക്രമങ്ങളും അപരാധങ്ങളുംചെയ്തുവെന്നു നോക്കിയിട്ടല്ല, അവരുടെ സൽകർമ്മങ്ങഠം നോക്കിയിട്ടാണ്. താൻ അഭിപ്രായപ്പെട്ടതു ന്യായമല്ലെന്നു ആക്കു പറയാൻ കഴിയും? ബൃഹത്തരഭാരതത്തിലെ ഹിന്ദുക്കഠംക്കു ന്യായം ചെയ്യാൻ കഴിഞ്ഞില്ല, അഥവാ അവർ ന്യായം ചെയ്തില്ല, എന്നതു വേറെ കാര്യം. ഹിന്ദുക്കളായാലും മുസ്ളീങ്ങളായാലും മററാരായാലും ന്യായം ചെയ്തില്ലെങ്കിൽ അനർത്ഥമേയുള്ളൂ. നിയമം വ്യക്തികളെ മാനിക്കുന്നില്ല. തൽക്കാലം താൻ പറയുന്നതു ഹിന്ദുക്കളോടാണെന്നു മാത്രം. എന്തുകൊണ്ടെന്നാൽ അവരാണു സ്വകർമ്മംകൊണ്ടു ദ്വിരാഷ്ട്രവാദം ശരിയോ തെറേറാ എന്നു തെളിയിക്കേണ്ടവർ. തന്റെ ഉപദേശം ധീര

157. Harijan, 6–7–1947 (Communal Unity, p. 660)

ന്മാർക്കും നിസ്വാർത്ഥർക്കും ഈശ്വരവിശ്വാസികൾക്കുമുള്ളതാണെന്ന് ഈ ഘട്ടത്തിൽ പറയാതിരിക്കാൻ വയ്യ. വ്യക്തികളും ജനങ്ങളും നശിക്കുന്നതു സ്വകർമ്മംകൊണ്ടാണ്, മററുള്ളവരുടേതുകൊണ്ടല്ല. ഭയംകൊണ്ടും സ്വാർത്ഥംകൊണ്ടും ഭീരുത്വംകൊണ്ടും സ്വാതന്ത്ര്യം നഷ്ടപ്പെട്ടതിനു നമ്മുടെ ചരിത്രത്തിൽത്തന്നെ തെളിവു നിറയെയുണ്ട്.

## 158

തനിക്കു പഞ്ചാബിൽ നിൽക്കാൻ നിവൃത്തിയില്ലെങ്കിലും താൻ അവരെ മറന്നിട്ടില്ല എന്നു ഗാന്ധിജി പറഞ്ഞു. 15–ാം തീയതിക്കു മുമ്പ് അദ്ദേഹത്തിനു നവ്ഖാലിയിൽ എത്തണം. അതും ഒരു വാഗ്ദാനം നിറവേററാനാണ്. അദ്ദേഹം രാമഭക്തനാണ്. എന്തുസഹിച്ചും വാഗ്ദാനം നിറവേററണമെന്നു രാമൻ ഉപദേശിക്കുന്നു. അമൃത്സാർ റെയിൽവെസ്റ്റേഷനിൽ ഹിന്ദുയുവജനങ്ങൾ ഏർപ്പാടു ചെയ്തിരുന്ന കരിങ്കൊടിപ്രകടനത്തെപ്പററി അദ്ദേഹം പറഞ്ഞു. വണ്ടി അവിടെ നിന്നിടത്തോളം സമയം അവർ 'ഗാന്ധി മടങ്ങിപ്പോവുക' എന്ന് ഇംഗ്ലീഷിൽ വിളിച്ചുപറഞ്ഞിരുന്നു. ശബ്ദം ദുസ്സഹമായതുകൊണ്ട് അദ്ദേഹത്തിനു ചെവി പൊത്തേണ്ടതായി വന്നു. അദ്ദേഹം കണ്ണടയ്ക്കുകയും ഈശ്വരനാമം ജപിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അവർ വല്ലാതെ ശബ്ദമുണ്ടാക്കിയിരുന്നു, ക്ഷുബ്ധരും ആയിരുന്നു. അല്ലെങ്കിൽ അദ്ദേഹം വണ്ടിയിൽനിന്നിറങ്ങി താൻ എന്തു ദോഷമാണ് ഈ ശബ്ദായമാനമായ ശത്രുത അർഹിക്കാൻ തക്കവിധം അവർക്കു ചെയ്തതെന്നു ചോദിക്കുമായിരുന്നു. എങ്കിലും സ്തുതിയും നിന്ദയും സമചിത്തതയോടുകൂടി കൈക്കൊള്ളണമെന്ന് അദ്ദേഹത്തിനറിയാം. മററു സ്റ്റേഷനുകളിൽ ജനങ്ങളുടെ പെരുമാററം വളരെ നല്ലതും സ്നേഹപൂർവവുമായിരുന്നു. രാത്രി അദ്ദേഹത്തെ ആരും ശല്യപ്പെടുത്തുകയുണ്ടായില്ല; അതിന് അദ്ദേഹം കൃതജ്ഞനാണ്.

## 159

താൻ മുസ്ലീങ്ങളുടെ ഒരു സ്നേഹിതനും ഹിന്ദുക്കളുടെയും സിക്കുകാരുടെയും ശത്രുവുമാണെന്നു പറയപ്പെട്ടതായി ഗാന്ധിജി പറഞ്ഞു. പാഴ്സികളുടെയും മററുമെന്നപോലെ അദ്ദേഹം മുസ്ലീങ്ങളുടെയും സ്നേഹിതനാണെന്നതു ശരിയാണ്. ഇക്കാര്യത്തിൽ തന്റെ ഇന്നത്തെ നിലപാടു തനിക്കു പന്ത്രണ്ടു വയസ്സായകാലത്തുണ്ടായിരുന്നതു തന്നെയാണ് എന്നദ്ദേഹം പറഞ്ഞു. പക്ഷേ, അദ്ദേഹം ഹിന്ദുക്കളുടെയും സിക്കുകാരുടെയും ശത്രുവാണെന്നു പറയുന്നവർക്കു അദ്ദേഹത്തെ അറിഞ്ഞുകൂടാ. ആരുടെയും ശത്രുവാകാൻ അദ്ദേഹത്തെക്കൊ

158. Harijan, 24-8-1947 (Communal Unity, p. 708)
159. Harijan, 28-9-1947 (Communal Unity, pp. 771-772)

digitized by www .sreyas.in

ണ്ടാവില്ല, പിന്നെ ഹിന്ദുക്കളുടെയും സിക്കുകാരുടെയും കാര്യം പറയാനില്ല.

## 160

വിദേശ എമ്പസികളുടെ പ്രതിനിധികളും ലേഡി മൗണ്ട്ബാററനും ഉൾപ്പെടെ തന്നെ കാണാൻ വന്നിരുന്ന അസംഖ്യം സന്ദർശകരെപ്പററി ഗാന്ധിജി പറഞ്ഞു. അദ്ദേഹത്തെ അനുമോദിക്കാനാണു അവരെല്ലാം വന്നിരുന്നതു്. വിദേശങ്ങളിൽനിന്നും ഇന്ത്യയിൽനിന്നും വളരെ കമ്പികളും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടു്. ഇതിനൊക്കെ വേറെവേറെ മറുപടികൾ അയയ്ക്കുക സാധ്യമല്ല. പക്ഷേ, അദ്ദേഹം തന്നത്താൻ ചോദിച്ചു: 'ഈ അനുമോദനങ്ങൾക്കെല്ലാം എന്താണർത്ഥം? അനുശോചനങ്ങളല്ലേ കൂടുതൽ സമുചിതമാവുക?' അഭയാർത്ഥികൾ പുഷ്പങ്ങൾപോലും അയച്ചിരിക്കുന്നു. പണവും ശുഭാശംസകളും വേറെയുമുണ്ടു്. എങ്കിലും തന്റെ ഹൃദയത്തിൽ ദുഃഖമല്ലാതെ മറെറാന്നുമില്ലെന്നു ഗാന്ധിജി പറഞ്ഞു. അദ്ദേഹമെന്തു പറഞ്ഞാലും ജനങ്ങൾ അദ്ദേഹത്തെ പിന്തുടരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്നാകട്ടെ അദ്ദേഹത്തിന്റേതു വനരോദനമാണു്. മുസ്ളീങ്ങളെ ഇന്ത്യായൂണിയനിൽ പാക്കാൻ അനുവദിക്കുകയില്ലെന്നു മാത്രമാണു് അദ്ദേഹമിപ്പോൾ അവരിൽനിന്നു കേൾക്കുന്നതു്. ഇന്നത്തെ മുറവിളി മുസ്ളീങ്ങളുടെ നേരെയാണെങ്കിൽ, നാളെ പാഴ്സികളുടെയും ക്രിസ്ത്യാനികളുടെയും യൂറോപ്യന്മാരുടെപോലും വിധിയെന്താകും? താൻ 125 വയസ്സുവരെ ജീവിക്കുമെന്നു പല സുഹൃത്തുക്കളും പറയുന്നുണ്ടു്. പക്ഷേ, തനിക്കിനി ഏറെക്കാലം ജീവിക്കണമെന്നില്ല; 125—ന്റെ കാര്യം പറയുകയേ വേണ്ട എന്നദ്ദേഹം പറഞ്ഞു. തന്റെമേൽ വർഷിച്ച അനുമോദനങ്ങൾ ആസ്വദിക്കാൻ അദ്ദേഹത്തിനു തീരെ കഴിയുന്നില്ല. വിദ്വേഷവും കൊലയും അന്തരീക്ഷത്തെ അശുദ്ധമാക്കിക്കൊണ്ടിരിക്കെ അദ്ദേഹത്തിനു ജീവിക്കാൻ വയ്യ. തന്നിമിത്തം ഇന്നത്തെ ഈ ഭ്രാന്തു കൈവെടിയണമെന്നു് എല്ലാവരോടും അദ്ദേഹം അഭ്യർത്ഥിച്ചു.

## 161

125 കൊല്ലം ജീവിക്കണമെന്ന എന്റെ ആഗ്രഹം പരസ്യമായി പ്രഖ്യാപിക്കാനുള്ള ധിക്കാരം എനിക്കുണ്ടായെങ്കിൽ ഇന്നത്തെ മാറിയ ചുററുപാടുകളിൽ ആ ആഗ്രഹം ഉപേക്ഷിക്കാനുള്ള വിനയവും എനിക്കുണ്ടായിരിക്കണം. ഇതിലേറെയോ കുറച്ചോ ആക്കാനൊന്നും ചെയ്തിട്ടില്ല. നൈരാശ്യംകൊണ്ടല്ല ഇതു ചെയ്യുതും. ഒരുവേള ഇതിലും ശരിയായ വാക്കു നിസ്സഹായത എന്നതാണു്. ആ അവ

160. Harijan, 12–10–1947 (Communal Unity, p. 779)
161. Harijan, 11–1–1947 (Communal Unity, p. 801)

digitized by www .sreyas.in

സ്ഥയിൽ എന്നെ ഇവിടെനിന്നു കൊണ്ടുപോകാൻ സർവവ്യാപിയായ ശക്തിയുടെ സഹായം ഞാൻ തേടുന്നു. മനുഷ്യൻ തന്നെത്താൻ മുസ്ലീമെന്നോ ഹിന്ദുവെന്നോ മററുതന്നെയോ വിളിക്കാൻ ധൈര്യപ്പെട്ടാലും, കശാപ്പുപണികൊണ്ടു കാടനായിത്തീരുന്ന കാഴ്ചയു നിസ്സഹായനായ ഒരു സാക്ഷിയാക്കിത്തീർക്കുന്നതിനു പകരം എന്നെ ഈ 'കണ്ണുനീരിൻെറ തടാക'ത്തിൽനിന്നു കൊണ്ടുപോകാൻ സർവവ്യാപിയായ ശക്തിയുടെ സഹായം ഞാൻ തേടുന്നു. എന്നാലും ഞാൻ വിളിച്ചുപറയുന്നു: 'എൻെറ ഇച്ഛയല്ല, അങ്ങയുടേതുതന്നെ നടക്കട്ടെ.' അദ്ദേഹത്തിനാവശ്യമുണ്ടെങ്കിൽ കുറച്ചുകാലംകൂടി അദ്ദേഹം എന്നെ ഇവിടെ നിർത്തിയേക്കാം.

## 162

ഇന്ത്യയുടെ സൽക്കാരപ്രവണമായ തീരങ്ങൾ വിട്ടുപോകുന്നതിനു മുമ്പു ഡോ. ജോൺ ഹെയിൻസ് ഹോംസ് എനിക്കയച്ച ഒരെഴുത്തിൽ ഇപ്രകാരം പറഞ്ഞിരുന്നു:

'അടുത്ത മാസങ്ങളിലുണ്ടായ അത്യാഹിതങ്ങൾ നിമിത്തം അങ്ങു് ദുഃഖിതനാണ്, മിക്കവാറും ദുഃഖവിവശൻതന്നെയാണ്, എന്നതിനു സംശയമില്ല. എങ്കിലും അങ്ങയുടെ ജീവിതോദ്യമത്തിനു ഇതുകൊണ്ടു ഭംഗം തട്ടുമെന്നു് ഒരിക്കലും വിചാരിക്കരുതു്. ഏറെയൊന്നും സഹിക്കാൻ മനുഷ്യപ്രകൃതിക്കു കഴിവില്ല. ഭാരം അധികമാകയാൽ അതു തകരും. ഈ സംഗതിയിലാകട്ടെ ഭാരം ഭയങ്കരവും ആകസ്മികവുമായിരുന്നു. എങ്കിലും അങ്ങയുടെ ഉപദേശം എന്നത്തെപ്പോലെയും സത്യനിഷ്ഠവും, അങ്ങയുടെ നേതൃത്വം എന്നത്തെപ്പോലെയും നിർദോഷവുമായിരുന്നു. ഒററസ്റ്റുനിന്നു് അങ്ങു് അത്യാപത്തു് ഒഴിവാക്കുകയും തൽക്കാലം പരാജയമാണെന്നു തോന്നിയതിൽനിന്നു വിജയം നേടുകയും ചെയ്തു. കഴിഞ്ഞ ഏതാനും മാസങ്ങളെ അങ്ങയുടെ നിസ്തുലജീവിതത്തിൻെറ കിരീടവും കൊടുമുടിയുമായി ഞാൻ കണക്കാക്കുന്നു. ഈ ഇരുളടഞ്ഞ കാലത്തെന്നപോലെ മറെറാരിക്കലും അങ്ങു് അത്രയേറെ മഹാത്മാവായിട്ടില്ല.'

ഈ വാദം തെളിയിക്കാൻ കഴിയുമോ എന്നു ഞാൻ ആശ്ചര്യപ്പെടുകയാണ്. ഡോക്ടർ ഹോംസ് പറഞ്ഞതിലും എത്രയോ അധികം അഹിംസയെ സംബന്ധിച്ചു തെളിയിക്കാൻ കഴിയുമെന്നതിൽ എനിക്കു യാതൊരു സംശയവുമില്ല. എൻെറ ബുദ്ധിമുട്ടു് മൗലികമാണ്. ഡോക്ടർ ഹോംസ് പറഞ്ഞതുപോലെയെങ്കിലും അഹിംസയുടെ ഗുണങ്ങൾ തെളിയിക്കാൻ വേണ്ടത്ര യോഗ്യത

---

162. Harijan, 11-1-1948 (Communal Unity, p. 916)

digitized by www .sreyas.in

കരം ഞാൻ നേടിയിട്ടുണ്ടോ? അഹിംസയുടെ പ്രവർത്തനം തുലോം അപൂർണമായിട്ടെങ്കിലും എനിക്കറിയാവുന്നതിനാൽ നിസ്സംശയം തെളിയിക്കപ്പെടാനാവാത്ത അവകാശവാദങ്ങൾ ഉന്നയിക്കുന്നതു വളരെ മനസ്സിരുത്തിയിട്ടു വേണമെന്നുപറയാൻ സർവകാരണവും ഞാൻ കാണുന്നുണ്ട്.

## 163

ബുധനാഴ്ച വൈകുന്നേരത്തെ പ്രാർത്ഥനാനന്തരപ്രസംഗത്തിൽ ഗാന്ധിജി തലേനാളുണ്ടായ ബോമ്പപകടത്തെപ്പററി പറയുകയുണ്ടായി. ഉൽക്കണ്ഠയോടുകൂടിയ അന്വേഷണങ്ങളും ആ സംഭവത്തിൽ കുലുങ്ങാതിരുന്നതിനു പ്രശംസയും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. പട്ടാളക്കാർ നടത്തുന്ന എന്തോ പരിശീലനമാണതെന്നാണ് അദ്ദേഹം വിചാരിച്ചതു്. തന്മൂലം അസ്വസ്ഥനാവുകയുണ്ടായില്ല. ഒരു ബോംബു പൊട്ടിത്തെറിക്കുകയാണുണ്ടായതെന്നും ആ ബോംബു തന്റെ നേരെ പ്രയോഗിച്ചതാണെന്നും അദ്ദേഹം മനസ്സിലാക്കിയില്ല. തന്റെ നേരെ എറിഞ്ഞ ഒരു ബോംബു പൊട്ടിത്തെറിച്ചാൽ അദ്ദേഹം എങ്ങനെയാണു പെരുമാറുകയെന്നു ഈശ്വരനു മാത്രമേ അറിയാവൂ. അതിനാൽ പ്രശംസ അദ്ദേഹം അർഹിക്കുന്നില്ല. അത്തരമൊരു പൊട്ടിത്തെറിക്കലിന്റെ ഫലമായി താൻ നിലംപതിക്കുകയും, എന്നിട്ടും പുഞ്ചിരി തൂകുകയും, അതെറിഞ്ഞവന്റെ നേരെ വിദ്വേഷമില്ലാത്തവനായിരിക്കുകയും ചെയ്താലേ അദ്ദേഹം സർട്ടിഫിക്കററിനർഹനായിത്തീരുകയുള്ളു. അദ്ദേഹത്തിനു പറയാനുള്ളതു് ആ വഴിപിഴച്ച ചെറുപ്പക്കാരനെ ആരും അവജ്ഞയോടെ നോക്കരുതെന്നാണ്. അയാൾ ഗാന്ധിജിയെ ഹിന്ദുമതത്തിന്റെ ശത്രുവായി കരുതുന്നുണ്ടാവാം. ധർമത്തിനു ഗ്ലാനിവരുത്തുന്നവനുണ്ടാകുമ്പോൾ അവനെ നശിപ്പിക്കുവാൻ ഈശ്വരൻ അവതരിക്കുമെന്നു ഗീതയിൽ പറഞ്ഞിട്ടില്ലേ? ആ പ്രസിദ്ധ ശ്ലോകത്തിനു ഒരു പ്രത്യേകാർത്ഥമുണ്ട്. തന്റെ അഭിപ്രായത്തോടു യോജിക്കാത്തവരെല്ലാം ദുഷ്ടരായിക്കൊള്ളണമെന്നില്ലെന്നു ആ യുവാവു മനസ്സിലാക്കണം. സജ്ജനങ്ങൾ പൊറുപ്പിച്ചെങ്കിലേ തിന്മയ്ക്കു ആയുസ്സുള്ളു. ഈ കുററക്കാരൻ അഭിമാനിക്കുന്നുണ്ടെന്നു തോന്നുന്നതുപോലെ താൻ ദുഷ്ടരെ ശിക്ഷിക്കാൻ ഈശ്വരനാൽ അയയ്ക്കപ്പെട്ടവനോ അയയ്ക്കപ്പെട്ടവളോ ആകാൻതക്കവിധം അത്ര പരിപൂർണനോ പരിപൂർണയോ ആണെന്നു് ആരും വിശ്വസിക്കരുതു്.

ആ ചെറുപ്പക്കാരൻ വേറെ സ്ഥലം കിട്ടാത്തതുകൊണ്ടു് അനുവാദമില്ലാതെ ഒരു മുസ്ലീംപള്ളിയിൽ കയറി ഇരിക്കുകയായിരുന്നെന്നും പോലീസ് മുസ്ലീംപള്ളികളിൽനിന്നു് എല്ലാവരെയും

163. Harijan, 1-2-1948 (Communal Unity, p. 963)

പുറത്താക്കാൻ തുടങ്ങിയപ്പോരം അയാരം അതിൽ നീരസം പ്രകടിപ്പിച്ചുവെന്നും ഗാന്ധിജി കേരംക്കുകയുണ്ടായി. ഒന്നാമതു്, അയാരം ആ പള്ളിയിൽ കയറിയിരുന്നതു തെററാണു്; അധികൃതരെ ധിക്കരിച്ചതു് അതിലും ഇരട്ടി തെററായി.

## 164

കഴിഞ്ഞ രണ്ടു ദിവസമായി ഗാന്ധിജിയുടെ പ്രാർത്ഥനായോഗത്തിൽ ജനങ്ങരം വളരെയധികം എത്തിച്ചേരാറുണ്ടായിരുന്നു; ഇന്നു ഞായറാഴ്ച ആകകൊണ്ടു് അതു മൂർദ്ധന്യത്തിലെത്തി.

ഡൽഹിയിൽ സ്ഥിതിയെല്ലാം ശാന്തമാണെന്നും ഈ നഗരത്തിലെ സാമുദായികനിലയെപ്പററി യാതൊരുതരം ആധിക്കും ഇടയില്ലെന്നും ദിവസേന തനിക്കു ഉറപ്പു കിട്ടിക്കൊണ്ടിരിക്കുന്നുണ്ടെന്നു ഗാന്ധിജി പറഞ്ഞു. ഹൃദയങ്ങളുടേതായ ഒരു പുനരൈക്യം സംസ്ഥാപിതമാക്കിക്കൊണ്ടുവരികയാണെന്നും, പരസ്പരം കലഹിച്ചാൽ സാധാരണമട്ടിൽ തൊഴിലുകരം ചെയ്തു ജീവിക്കുക സാധ്യമല്ലെന്ന പരമാർത്ഥം ജനങ്ങരം മനസ്സിലാക്കിക്കൊണ്ടുവരുന്നുണ്ടെന്നും ഹിന്ദുസുഹൃത്തുക്കളും മുസ്ളീംസുഹൃത്തുക്കളും പറഞ്ഞപ്പോരം അദ്ദേഹത്തിനു വളരെ സന്തോഷം തോന്നി. മെച്ചപ്പെട്ട സ്ഥിതിയെപ്പററിയാകട്ടെ പ്രാർത്ഥനായോഗത്തിലേക്കു് ഒരു മുസ്ളീമിനെക്കൂടി കൊണ്ടുവരുന്നതു് ഓരോ ഹിന്ദുവും സിക്കുകാരനും പതിവാക്കണമെന്നും അങ്ങനെ അവർ ഒരടികൂടി പുരോഗമിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## 165

വാർദ്ധയിലേക്കു പോകാൻവേണ്ടി അവർ (പ്രാർത്ഥനായോഗത്തിൽ സന്നിഹിതരായവർ) തന്നെ വിട്ടയയ്ക്കുമെന്നു താൻ ആശിക്കുന്നതായി ഗാന്ധിജി പിന്നീടു പറഞ്ഞു. അവരുടെതന്നെ ജോലി ചെയ്യാനാണു് അദ്ദേഹം അങ്ങോട്ടു പോകുന്നതു്. തന്റെ അഭാവത്തിൽ കാര്യങ്ങരം ശുഭമായിരിക്കുമെന്ന ഉറപ്പും, അവരുടെ അനുഗ്രഹങ്ങളും കിട്ടിയാലേ തനിക്കു പോകാൻ കഴിയൂ. പാക്കിസ്ഥാനിലേക്കു പോകണമെന്നും തനിക്കാഗ്രഹമുണ്ടു്. പക്ഷേ, നിയമപ്രകാരം പാക്കിസ്ഥാൻ ഇപ്പോഴൊരു വിദേശമാകയാൽ, അവരുടെ അനുവാദവും സമ്മതവും പാക്കിസ്ഥാൻ ഗവർമെൻറിന്റെ ക്ഷണവും കിട്ടിയാലേ തനിക്കങ്ങോട്ടു പോകാൻ തരമുള്ളൂ.

---

164. Harijan, 1–2–1948 (Communal Unity, pp. 970–971)
165. Harijan, 1–2–1948 (Communal Unity, p. 972)

digitized by www .sreyas.in

## 166

അന്നു വൈകുന്നേരം തന്നെ സന്ദർശിച്ച, ബന്നുവിൽനിന്നു വന്ന, നാൽപ്പതു അഭയാർത്ഥികളെപ്പററി തന്റെ പ്രാർത്ഥനാനന്തര പ്രസംഗത്തിൽ ഗാന്ധിജി പറയുകയുണ്ടായി. ആ പാവങ്ങരം സന്താപനിമഗ്നരായിരുന്നു. അവരുടെ ദർശനം അദ്ദേഹത്തിനു വിലപ്പെട്ടതായിത്തോന്നി. മററു പണിത്തിരക്കുണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം അവർ അവർക്കു പറയാനുള്ളതു ശ്രീ വ്രജകൃഷ്ണനെക്കൊണ്ടു് എഴുതിച്ചു. എങ്കിലും അവരിലൊരാരം അവരുടെ സങ്കടങ്ങരംക്കു ഗാന്ധിജിയാണു കാരണമെന്നു പറയുകയും, അവരെ അവരുടെ പാട്ടിനുവിട്ടു് ഹിമാലയത്തിലേക്കു പോകാൻ അദ്ദേഹത്തോടു് ക്രുദ്ധനായി ആവശ്യപ്പെടുകയും ചെയ്തു. ആരുടെ ആജ്ഞപ്രകാരമാണു താൻ പോകേണ്ടതെന്നു ഗാന്ധിജി അയാളോടു ചോദിച്ചു. ചിലർക്കു പരിഭവമുണ്ടു്, കുറച്ചുപേർ തന്നെ ശകാരിക്കുകകൂടി ചെയ്യാറുണ്ടു്. എങ്കിലും വളരെപ്പേർ തന്റെ പരിശ്രമങ്ങളെ പ്രശംസിക്കുന്നു; തന്നിമിത്തം, മനുഷ്യരുടെ ഹൃദയാന്തർഭാഗത്തിരുന്നു മന്ത്രിക്കുന്ന ഈശ്വരന്റെ ശാസനകരം അനുസരിക്കാൻ മാത്രമേ തനിക്കു നിവൃത്തിയുള്ള എന്നദ്ദേഹം പറഞ്ഞു. അക്കൂട്ടത്തിൽ സ്ത്രീകളുമുണ്ടായിരുന്നു. അവരെയെല്ലാം അദ്ദേഹം സഹോദരീസഹോദരന്മാരായിട്ടാണു കരുതുന്നതു്. നമ്മുടെ ഏകബന്ധു ഈശ്വരനാണു്. നമ്മളെല്ലാം അദ്ദേഹത്തിന്റെ കൈകളിലാണു്. പർവതങ്ങളിൽ ചെന്നു സ്വൈരജീവിതം നയിക്കാൻ അദ്ദേഹത്തിനിഷ്ടമില്ല. ചുററുപാടുമുള്ള ബഹളത്തിൽനിന്നു എന്തു സ്വൈരം കിട്ടുമോ അതുകൊണ്ടു് അദ്ദേഹം സംതൃപ്തനാകും. അതിനാൽ അവരുടെ ഇടയിൽത്തന്നെ ജീവിക്കാനാണു് അദ്ദേഹത്തിനു കൂടുതൽ ഇഷ്ടമുള്ളതു്. അവരെല്ലാം ഹിമാലയത്തിലേക്കു പോയാൽ അവരുടെ സേവകനായി അദ്ദേഹവും അവരെ പിന്തുടരും.

166. Harijan, 8-2-1948 (Communal Unity, p. 976)

digitized by www .sreyas.in

## അദ്ധ്യായം രണ്ട്

# സ്ത്രീകളുടെ സ്ഥിതിയും, സ്ത്രീപുരുഷബന്ധം, വിവാഹം എന്നിവ സംബന്ധിച്ചുള്ള പ്രശ്നങ്ങളും

## I

## സ്ത്രീകളുടെ സ്ഥിതി

### എ. സ്ത്രീകളുടെ ഇന്നത്തെ സ്ഥിതിയും പുനരുജ്ജീവനത്തിന്റെ ആവശ്യകതയും

1

സ്ത്രീകളുടെ പുനരുജ്ജീവനത്തെപ്പററിപ്പറയുമ്പോൾ എന്താണു നാം ഉദ്ദേശിക്കുന്നതെന്നു മനസ്സിലാക്കേണ്ടതാണ്. അധഃപതനം സംഭവിച്ചുകഴിഞ്ഞിട്ടുണ്ടെന്നാണല്ലോ ഇതിനർത്ഥം. അങ്ങനെയാണെങ്കിൽ എന്താണ് അതിനു കാരണം, എങ്ങനെയാണ് അതു സംഭവിച്ചതു്, എന്നും നാം ആലോചിക്കേണ്ടതാണ്. ഈ കാര്യങ്ങളെക്കുറിച്ചു കഠിനമായി ചിന്തിക്കേണ്ടതു നമ്മുടെ പ്രഥമ കർത്തവ്യമാണ്. യഥാർത്ഥത്തിൽ വിശാലമായ ഈ പ്രപഞ്ചത്തിലെ ഒരു ബിന്ദു മാത്രമായ നമ്മുടെ ജനതയുടെ തുലോം ലഘുവായ ഒരു വിഭാഗത്തിൽ മാത്രമേ ഇന്നത്തെ ഈ പ്രക്ഷോഭണമൊക്കെയുള്ളുവെന്നു ഇന്ത്യയിൽ സർവത്ര സഞ്ചരിക്കുമ്പോൾ എനിക്കു കാണാൻ ഇടവന്നിട്ടുണ്ടു്. രണ്ടു ജാതിയിലും (സ്ത്രീയും പുരുഷനും) പെട്ട കോടാനുകോടി ജനങ്ങൾ ഈ പ്രക്ഷോഭണത്തെക്കുറിച്ചു യാതൊന്നും അറിയാതെ ജീവിക്കുന്നു. ഈ രാജ്യത്തിലെ ജനങ്ങളിൽ തികച്ചും എൺപത്തിയഞ്ചു ശതമാനവും തങ്ങളുടെ ദിവസങ്ങൾ കഴിക്കുന്നതു ചുററും നടക്കുന്ന കാര്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത മട്ടിലാണ്. അജ്ഞരാണെങ്കിലും ഈ സ്ത്രീപുരുഷന്മാർ അവരുടെ കർത്തവ്യം നന്നായും ഉചിതമായും നിറവേററുന്നു. രണ്ടുകൂട്ടരുടെയും വിദ്യാഭ്യാസം അഥവാ വിദ്യാഭ്യാസമില്ലായ്മ ഒരേ തരത്തിലാണ്.

1. 20-2-1918-ൽ, ബോംബെ ഭഗിനീസമാജത്തിന്റെ വാർഷികസമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽനിന്ന്. (Women and Social Injustice, pp. 3–4)

digitized by www .sreyas.in

രണ്ടുകൂട്ടരും അവർ ചെയ്യേണ്ടതുപോലെ പരസ്പരം സഹായിക്കുന്നുണ്ട്. അവരുടെ ജീവിതം ഏതെങ്കിലും അർത്ഥത്തിൽ അപൂർണമാണെങ്കിൽ അതിനു കാരണം ബാക്കിയുള്ള പതിനഞ്ചു ശതമാനത്തിന്റെ ജീവിതത്തിലെ അപൂർണതയാണെന്നു കാണാവുന്നതാണ്. ഭഗിനീസമാജത്തിലെ എന്റെ സഹോദരിമാർ നമ്മുടെ ജനങ്ങളിൽ 85 ശതമാനത്തിന്റെ ജീവിതം സശ്രദ്ധം പഠിക്കുമെങ്കിൽ ഈ സമാജത്തിനു് ഒരൊന്നാന്തരം പ്രവർത്തനപരിപാടിയുണ്ടാക്കാനാവശ്യമായ വിവരങ്ങൾ ലഭിക്കുന്നതാണ്.

ഇനി ഞാൻ പറയാൻപോകുന്ന അഭിപ്രായങ്ങൾ മുകളിൽ പറഞ്ഞ 15 ശതമാനത്തെക്കുറിച്ചു മാത്രമാണ്; എന്നാൽ പോലും, സ്ത്രീകൾക്കും പുരുഷന്മാർക്കും രണ്ടുകൂട്ടർക്കും പൊതുവിലുള്ള അവശതകളെപ്പററിപ്പറയുന്നതു് അപ്രസക്തമായിരിക്കും. പുരുഷന്മാരെ അപേക്ഷിച്ചു നമ്മുടെ സ്ത്രീകളെ എങ്ങനെ സമുദ്ധരിക്കണമെന്നതാണു നമ്മുടെ ആലോചനാവിഷയം. നിയമനിർമാണം മിക്കവാറും പുരുഷന്റെ പണിയായിരുന്നു. അയാളാകട്ടെ ആ സ്വയംവരിച്ച ജോലി ചെയ്യുന്നതിൽ എപ്പോഴും ന്യായവും ഗുണദോഷവിവേചനവും ഉള്ളവനായിരുന്നില്ല. സ്ത്രീകളുടെ സഹജങ്ങളും ഒഴിച്ചുകൂടാത്തവയുമായ സവിശേഷതകളായി ശാസ്ത്രങ്ങളിൽ കാണിച്ചിട്ടുള്ള കളങ്കങ്ങളെ നീക്കംചെയ്യാൻ വേണ്ടിയുള്ളതായിരിക്കണം അവരുടെ പുനരുജ്ജീവനത്തിനുവേണ്ടിയുള്ള നമ്മുടെ പരിശ്രമത്തിൽ ഭൂരിഭാഗവും. ആരാണ്, എങ്ങനെയാണ് ഇതിനു ശ്രമിക്കുക? എന്റെ വിനീതാഭിപ്രായത്തിൽ ഈ പരിശ്രമം നടത്തുവാൻ സീതയെയും ദമയന്തിയെയും ദ്രൗപതിയെയുംപോലെ വിശുദ്ധിയും സ്ഥൈര്യവും ആത്മസംയമനവുമുള്ള സ്ത്രീകൾ ഉണ്ടാകേണ്ടതായി വരും. അത്തരക്കാരുണ്ടായിത്തീർന്നാൽ സീത, ദമയന്തി, ദ്രൗപതി മുതലായവർക്ക് ഇന്നും നൽകിപ്പോരുന്ന അതേ ആരാധന ഹിന്ദുസമുദായത്തിൽനിന്നു് അവർക്കും കിട്ടും. ശാസ്ത്രങ്ങൾക്കുള്ള അതേ അധികാരം അവരുടെ വാക്കുകൾക്കും ഉണ്ടാകും. അവർക്കു് അപമാനകരങ്ങളായി സ്മൃതികളിൽ അങ്ങിങ്ങു കാണുന്ന സൂചനകളെക്കുറിച്ചു നമുക്കു ലജ്ജതോന്നും; അവ നാം ക്ഷണത്തിൽ വിസ്മരിക്കുകയും ചെയ്യും. നമ്മുടെ വിശ്വാസത്തിന്റെ അടിയുറപ്പിനു സഹായമായ ഇത്തരം വിപ്ളവങ്ങൾ ഹിന്ദുമതത്തിൽ മുമ്പുണ്ടായിട്ടുണ്ടു്, ഇനിയും ഉണ്ടാവുകയും ചെയ്യും. ഈ സമാജം അത്തരം സ്ത്രീകളെ സൃഷ്ടിക്കുമാറാകട്ടെ എന്നു ഞാൻ ഈശ്വരനോടു പ്രാർത്ഥിക്കുന്നു.

നമ്മുടെ സ്ത്രീകളുടെ അധഃപതനത്തിന്റെ അടിസ്ഥാനകാരണം നാം ഇപ്പോൾ ചർച്ചചെയ്തു; ഏതെല്ലാം ആദർശങ്ങൾ സാക്ഷാൽക്കരിച്ചാൽ അവരുടെ ഇന്നത്തെ നില മെച്ചപ്പെടുത്താമെന്നു് ആലോചിക്കുകയും ചെയ്തു. ഈ ആദർശങ്ങൾ സാക്ഷാൽക്കരിക്കാൻ കഴിയുന്ന സ്ത്രീകളുടെ എണ്ണം തീർച്ചയായും ചെറുതായിരിക്കും; അതി

digitized by www .sreyas.in

നാൽ, ശ്രമിച്ചാൽ സാധാരണസ്ത്രീകൾക്കു എന്തു നേടാൻ കഴിയുമെന്നു നമുക്കിനി നോക്കാം. അവരുടെ ഒന്നാമത്തെ ശ്രമം കഴിയുന്നത്ര സ്ത്രീകളിൽ തങ്ങളുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് ഒരു ബോധമുളവാക്കുവാനായിരിക്കണം.

## ബി. സ്ത്രീയെക്കുറിച്ചുള്ള പരമ്പരാഗതമായ ധാരണ

### 1. *സ്മൃതികളിൽ സ്ത്രീകളുടെ സ്ഥാനം*

2

ബസവാഡയിൽനിന്നു പ്രസിദ്ധീകരിക്കുന്ന 'ഇന്ത്യൻ സ്വരാജ്യ'യുടെ ഒരു ലക്കം ഒരു ലേഖകൻ എനിക്കയച്ചുതന്നിരിക്കുന്നു. സ്മൃതികളിൽ സ്ത്രീകളുടെ സ്ഥാനത്തെക്കുറിച്ചുള്ള ഒരു ലേഖനം അതിലുണ്ട്. അതിൽനിന്നു ചില ഭാഗങ്ങൾ യാതൊരു മാററവും വരുത്താതെ ഞാൻ ചുവടെ ചേർക്കുന്നു:

'ഭർത്താവു ദുഃസ്വഭാവിയും ലമ്പടനും സൽഗുണവിഹീനനുമാണെങ്കിലും ഭാര്യ എന്നും അദ്ദേഹത്തെ ഈശ്വരനെപ്പോലെ കരുതണം' (മനു. 5–154).

'സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരുടെ വാക്കുകൾ അനുസരിക്കണം. ഇതവരുടെ പരമധർമമാണ്' (യാജ്ഞവൽക്യൻ; 1–18).

'ഒരു സ്ത്രീക്കു പ്രത്യേകമായ യാഗമോ ക്രിയയോ ഉപവാസമോ ഇല്ല. ഭർത്താവിനെ സേവിക്കുന്നതുകൊണ്ടു അവൾ സ്വർഗത്തിൽ ഉന്നതപദവി നേടുന്നു' (മനു. 5–15).

'ഭർത്താവു ജീവിച്ചിരിക്കെ ഉപവസിക്കുകയും ക്രിയകൾ ചെയ്യുകയും ചെയ്യുന്നവൾ ഭർത്താവിൻെറ ആയുസ്സു കുറയ്ക്കുന്നു. അവൾ നരകം പൂകുന്നു. തീർത്ഥം കൊതിക്കുന്ന സ്ത്രീ തൻെറ ഭർത്താവിൻെറ കാലോ ശരീരമോ കഴുകി ആ വെള്ളം കുടിക്കണം, എന്നാൽ അവൾ പരമപദം പ്രാപിക്കുന്നു' (അത്രി, 136–37).

'ഭർത്താവിൻേറതിനെക്കാൾ ഉയർന്ന ലോകം സ്ത്രീക്കില്ല. ഭർത്താവിനു അപ്രിയം ചെയ്യുന്നവൾക്കു മരണശേഷം അദ്ദേഹത്തിൻെറ ലോകം പ്രാപിക്കാനാവില്ല അതിനാൽ അവൾ ഒരിക്കലും ഭർത്താവിനു അപ്രിയം ചെയ്യരുതു്'(വസിഷ്ഠൻ, 21–4).

'പിതൃഗൃഹത്തെക്കുറിച്ചു ഊററംകൊണ്ടു ഭർത്താവിനെ അനുസരിക്കാത്ത സ്ത്രീയെ രാജാവു് ഒരു മഹാസദസ്സിൻെറ മുമ്പാകെവച്ചു നായ്ക്കൾക്കു ഇരയാക്കണം' (മനു. 8–371).

2. Harijan, 28–11–1936 (Women and Social Injustice, pp. 14–15)

digitized by www .sreyas.in

'ഭർത്താവിനെ അനുസരിക്കാത്ത സ്ത്രീ നൽകുന്ന ഭക്ഷണം ആരും കഴിക്കരുത്. അത്തരം സ്ത്രീയെ ലമ്പടത്വമുള്ളവളായി അറിഞ്ഞുകൊള്ളണം' (അംഗിരസ്സ്, 69).

'ഭർത്താവിനു ദുശ്ശീലങ്ങളുള്ളതുകൊണ്ടോ, അദ്ദേഹം കുടിയനായതുകൊണ്ടോ, രോഗിയായതുകൊണ്ടോ അദ്ദേഹത്തെ ഭാര്യ അനുസരിക്കാതിരിക്കുന്നുവെങ്കിൽ വിലപ്പെട്ട ഉടുപ്പുകളും ആഭരണങ്ങളും കൊടുക്കാതെ മൂന്നുമാസക്കാലം അവളെ അകററിനിർത്തണം' (മനു. 10–78).

സ്വന്തം സ്വാതന്ത്ര്യമെന്നപോലെ സ്ത്രീയുടെ സ്വാതന്ത്ര്യവും കൊതിക്കുന്നവരുടെയും അവളെ മനുഷ്യജാതിയുടെ അമ്മയായി കരുതുന്നവരുടേയും ആദരം അർഹിക്കാത്ത വരികൾ സ്മൃതികളിലുണ്ടെന്നതു ഖേദകരമാണ്; അതിലുമേറെ ഖേദകരമാണു യാഥാസ്ഥിതികർക്കുവേണ്ടി നടത്തപ്പെടുന്ന ഒരു പത്രം മതത്തിൻെറ ഭാഗമെന്നോണം ഇത്തരം വരികൾ പ്രസിദ്ധീകരിക്കുന്നതു്. സ്ത്രീക്കു് അവൾ അർഹിക്കുന്ന സ്ഥാനം നൽകുന്നവയും അഗാധമായ ഭക്തിയോടുകൂടി അവളെ ബഹുമാനിക്കുന്നവയുമായ ശ്ലോകങ്ങൾ സ്മൃതികളിലുണ്ടെന്നതു ശരിതന്നെ. പരസ്പരവിരുദ്ധങ്ങളും ധർമബോധത്തിനു നിരക്കാത്തവയുമായ ശ്ലോകങ്ങളുള്ള സ്മൃതികളെ എന്തുചെയ്യണമെന്ന പ്രശ്നം ഉത്ഭവിക്കുന്നു. മതഗ്രന്ഥങ്ങളുടെ പേരിൽ അച്ചടിക്കപ്പെട്ടിട്ടുള്ളവയെല്ലാം ഈശ്വരൻെറ വാക്കായോ ഈശ്വരപ്രചോദിതമായ വാക്കായോ കരുതപ്പെടേണ്ടതില്ലെന്നു ഞാൻ ഈ പംക്തികളിൽ സൂചിപ്പിച്ചുകഴിഞ്ഞിട്ടുണ്ടു്. പക്ഷേ, ഏതാണു നല്ലതു ഏതാണു പ്രാമാണികം എന്നും, ഏതാണു ചീത്ത ഏതാണു പ്രക്ഷിപ്തം എന്നും തീരുമാനിക്കാൻ എല്ലാവർക്കും കഴികയില്ല. അതിനാൽ മതഗ്രന്ഥങ്ങൾ എന്നപേരിൽ അറിയപ്പെടുന്നവയെയെല്ലാം പുനഃപരിശോധന ചെയ്യാനും ധാർമികമൂല്യമില്ലാത്തവയോ മതത്തിൻെറയും സദാചാരത്തിൻെറയും മൗലികതത്വങ്ങൾക്കു വിരുദ്ധങ്ങളോ ആയ എല്ലാംതന്നെ നീക്കംചെയ്യാനും ഹിന്ദുക്കൾക്കു മാർഗദർശനത്തിനായി ഇത്തരമൊരു പതിപ്പു നൽകുവാനും ആധികാരികമായ ഒരു സംഘം വേണം. പൊതുവേ ഹിന്ദുസമുദായവും മതനേതാക്കന്മാരെന്ന നിലയിൽ അംഗീകരിക്കപ്പെട്ടവരും ഇത്തരമൊരു പ്രമാണത്തിൻെറ സാധുത സ്വീകരിക്കുകയില്ലെന്ന ഉറച്ചസംഗതി ഈ പുണ്യപരിശ്രമത്തിനു തടസ്സമാകരുതു്. ആത്മാർത്ഥമായും സേവനമനോഭാവത്തോടുകൂടിയും ചെയ്ത ജോലി കാലക്രമേണ എല്ലാവരിലും അതിൻെറ ഫലം ഉളവാക്കാതിരിക്കുകയില്ല; ഇത്തരം സഹായം അത്യാവശ്യമുള്ളവർക്കു തീർച്ചയായും അതു് ഉപകാരമാവുകയും ചെയ്യും.

digitized by www .sreyas.in

2. *സ്ത്രീകളും വർണവും*

3

ഒരു ബഹുമാന്യസുഹൃത്തു് എഴുതുന്നു:

'വർണത്തെക്കുറിച്ചു അങ്ങു് ഇയ്യിടെ 'ഹരിജനി'ൽ എഴുതിയതിൽനിന്നു്, അങ്ങു നിർവചിച്ച വർണം പുരുഷന്മാർക്കുമാത്രമായുള്ളതാണെന്നു തോന്നുന്നു. അപ്പോൾ സ്ത്രീകളുടെ കാര്യമോ? അങ്ങു ഒരുപക്ഷേ മറുപടി പറയും, വിവാഹത്തിനുമുമ്പു സ്ത്രീക്കു് ആവളുടെ പിതാവിൻെറയും വിവാഹശേഷം ഭർത്താവിൻെറയും വർണമാണെന്നു്. സ്ത്രീക്കു് അവളുടെ ജീവിതത്തിൻെറ യാതൊരു ഘട്ടത്തിലും സ്വാതന്ത്ര്യമില്ലെന്നും, വിവാഹത്തിനുമുമ്പു് മാതാപിതാക്കളുടെയും വിവാഹശേഷം സന്താനങ്ങളുടെയും രക്ഷയിൽ അവൾ ഇരുന്നുകൊള്ളണമെന്നുള്ളമുള്ള മനുവിൻെറ കുപ്രസിദ്ധസിദ്ധാന്തത്തെ അങ്ങു് അനുകൂലിക്കുന്നുവെന്നാണോ ധരിക്കേണ്ടതു്?

'അതെങ്ങനെയായാലും സ്ത്രീയ്ക്കു പൗരാവകാശങ്ങളുള്ള ഒരുകാലമാണിതെന്നും സ്വാതന്ത്ര്യജോലികൾ തേടുന്നതിൽ അവരും പുരുഷന്മാരുടെ ഒപ്പമെത്തിയിട്ടുണ്ടെന്നുമുള്ള വസ്തുത അവശേഷിക്കുന്നു. തന്മൂലം ഭർത്താവു പണമിടപാടുകാരനായി വ്യാപാരം നടത്തുമ്പോൾ സ്ത്രീ സ്കൂൾമിസ്ട്രസ്സിൻെറ പണിചെയ്യുന്നതു് ഇന്നു സർവസാധാരണ കാഴ്ചയാണു്. ഇത്തരം ചുററുപാടുകളിൽ സ്ത്രീ ഏതു വർണത്തിൽപ്പെട്ടവളാണു്? വർണാശ്രമവ്യവസ്ഥപ്രകാരം പുരുഷൻ സാധാരണമായി മാതാപിതാക്കളുടെ തൊഴിലും തന്നിമിത്തം അവരുടെ വർണവും സ്വീകരിക്കും; സ്ത്രീയാകട്ടെ അവളുടെ മാതാപിതാക്കന്മാരുടെതും, വിവാഹശേഷവും അവർ തങ്ങളുടെ പ്രത്യേക തൊഴിലുകൾതന്നെ തുടരുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നതു്. ഇവയിൽ ഏതു വർണത്തിലാണു് അവരുടെ കുട്ടികൾ ഉൾപ്പെടുക? ഇക്കാര്യം യഥേഷ്ടമായും സ്വാതന്ത്ര്യമായും തീരുമാനിക്കുവാൻ കുട്ടികൾക്കു തന്നെ താങ്കൾ വിട്ടുകൊടുക്കുമോ? അങ്ങനെയാണെങ്കിൽ താങ്കൾ വിവരിച്ച മട്ടിലുള്ള വർണധർമം നിർദേശിക്കുന്ന പാരമ്പര്യാടിസ്ഥാനത്തിനു് എന്തു സംഭവിക്കുന്നു?'

ഈ ചോദ്യം, എൻെറ അഭിപ്രായത്തിൽ ഇന്നത്തെ ചുററുപാടുകളിൽ അപ്രസക്തമാണു്. പ്രസ്തുത ലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ വർണസങ്കരം നിമിത്തം ഇന്നു് യഥാർത്ഥത്തിൽ വർണങ്ങളില്ല; വർണസിദ്ധാന്തം പ്രവർത്തനരഹിതമായിത്തീർന്നിരിക്കുന്നു. ഹിന്ദുസമുദായത്തിൻെറ ഇന്നത്തെ നില അരാജകത്വം ആണെന്നു പറയാം; നാലു വർണവും ഇന്നു പേരിലേ

3. Harijan, 12–10–1934 (Women and Social Injustice, pp. 15–16)

ച്ചുള്ളൂ. വർണ്ണത്തെ അടിസ്ഥാനമാക്കിപ്പറഞ്ഞേ കഴിയൂ എങ്കിൽ ഇന്നത്തെ ഹിന്ദുക്കൾക്കെല്ലാംകൂടി ഒരൊററ വർണ്ണമേയുള്ളൂ, സ്ത്രീകളായാലും പുരുഷന്മാരായാലും; നമ്മളെല്ലാം ശൂദ്രരാണ്.

ഞാൻ ഉദ്ദേശിക്കുന്നപോലെ വർണധർമം പുനരുജ്ജീവിപ്പിക്കപ്പെട്ടാൽ ഒരു ബാലിക വിവാഹത്തിനുമുമ്പ്, അവളുടെ സഹോദരനെപ്പോലെതന്നെ പിതാവിൻെറ വർണ്ണത്തിൽപ്പെട്ടവളായിരിക്കും. വ്യത്യസ്തവർണങ്ങൾ തമ്മിലുള്ള മിശ്രവിവാഹം ദുർല്ലഭമായിരിക്കും. അതിനാൽ വിവാഹശേഷവും ഒരു ബാലിക അവളുടെ ആദ്യത്തെ വർണം അന്യൂനം നിലനിർത്തും. എന്നാൽ ഭർത്താവു വ്യത്യസ്തവർണത്തിൽപ്പെട്ടവനാണെങ്കിൽ, അവൾ വിവാഹശേഷം സ്വാഭാവികമായി ഭർത്താവിൻെറ വർണം സ്വീകരിച്ചു മാതാപിതാക്കളുടെ വർണം ഉപേക്ഷിക്കും. ഇത്തരമൊരു വർണപരിവർത്തനം ആരുടെയെങ്കിലും അഭിമാനത്തിനു കളങ്കമേൽപ്പിക്കുമെന്നു കരുതേണ്ടതുമില്ല, എന്തുകൊണ്ടെന്നാൽ വർണവ്യവസ്ഥ അതിൻെറ പുനരുജ്ജീവനകാലത്തു നാലു വർണങ്ങളുടെയും പൂർണമായ സാമൂഹ്യസമത്വം ഉൾക്കൊണ്ടതായിരിക്കും.

### 3. *മനുവിൻെറ സങ്കല്പം*

4

ഇതിൽ സ്ത്രീയുടെ അവകാശങ്ങളെ ആക്രമിക്കലോ അവളുടെ സ്വാതന്ത്ര്യത്തെ അടിച്ചമർത്തലോ ഉള്ളതായി ഞാൻ കാണുന്നില്ല. മനുവിൻേറതാണെന്നു പറയപ്പെടുന്ന 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന വാക്യം അലംഘനീയമായി ഞാൻ കരുതുന്നില്ല. അതെഴുതപ്പെട്ടകാലത്തു സ്ത്രീകളെ ഒരുതരം അടിമത്തത്തിൽ നിലനിർത്തിപ്പോന്നിരുന്നുവെന്നു മാത്രമേ അതു കാണിക്കുന്നുള്ളൂ. ഭാര്യയെ വർണിക്കാൻ നമ്മുടെ സാഹിത്യത്തിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾ 'അർദ്ധാംഗന' എന്നും 'സഹധർമ്മിണി' എന്നും ആണ്. ഭർത്താവു ഭാര്യയെ 'ദേവി' എന്നു വിളിക്കുന്നതിൽ അപമാനമൊന്നുമില്ല. എങ്കിലും സ്ത്രീയുടെ അവകാശാധികാരങ്ങൾ അപഹരിച്ച് അവളെ താഴ്ന്നനിലയിലാക്കിത്തീർത്ത ഒരു കാലം വന്നു. എന്നാലും അവളുടെ വർണം താഴ്ത്തുന്ന പ്രശ്നം ഉണ്ടായില്ല. എന്തുകൊണ്ടെന്നാൽ വർണം ധനത്തെയോ അവകാശാധികാരങ്ങളെയോ സൂചിപ്പിക്കുന്നില്ല. കടമകളെയും കർത്തവ്യങ്ങളെയും മാത്രമേ അതു നിർദ്ദേശിക്കുന്നുള്ളൂ. നാം തന്നെ ഉപേക്ഷിക്കാഞ്ഞാൽ ആക്കും നമ്മുടെ കടമ ഇല്ലാതാക്കാനാവില്ല. സ്വന്തം കടമ അറിയുകയും, അതു നിറവേററുകയും ചെയ്യുന്ന സ്ത്രീ അന്തസ്സോടുകൂടിയ അവളുടെ പദവിയെ

4. Harijan, 12-10-1934 (Women and Social Injustice, p. 17)

digitized by www .sreyas.in

സാക്ഷാൽക്കരിക്കുന്നു. സ്ത്രീ അവളുടെ കുടുംബത്തിലെ രാജ്ഞിയാണ്, അടിമയല്ല.

## സി. സ്ത്രീപുരുഷസമത്വം

*1. സ്ഥാനസമത്വം*

### 5

പുരുഷൻെറ സഹചാരിണിയാണ് സ്ത്രീ—അവൻെറതിനോടു തുല്യമായ മാനസിക കഴിവുകളോടു കൂടിയവൾ. പുരുഷൻെറ കർമങ്ങളുടെ ഏതു സൂക്ഷ്മാംശങ്ങളിലും പങ്കുകൊള്ളാനുള്ള അവകാശം അവൾക്കുണ്ട്; അവനുള്ളത്രതന്നെ സ്വാതന്ത്ര്യത്തിനും സ്വാധികാരത്തിനും അവൾക്കും അവകാശമുണ്ട്. സ്വന്തം പ്രവർത്തനരംഗത്തിൽ, പുരുഷനെന്നപോലെ അവൾക്കും സമുന്നതമായ ഒരു സ്ഥാനത്തിന് അവകാശമുണ്ട്. ഇതു കാര്യങ്ങളുടെ സ്വാഭാവികനിലയിലായിരിക്കണം. എഴുതാനും വായിക്കാനും പഠിക്കുന്നതിൻെറ ഫലം മാത്രമായാൽ പോരാ. വെറുമൊരു ദുരാചാരത്തിൻെറ ഫലമായി. ഏററവും അജ്ഞനും കൊള്ളരുതാത്തവനുമായ പുരുഷൻപോലും അവൻ അർഹിക്കാത്തതും അവനുണ്ടായിക്കൂടാത്തതുമായ ഒരാധിപത്യം സ്ത്രീയുടെമേൽ പുലർത്തിപ്പോരുന്നുണ്ട്. നമ്മുടെ പ്രസ്ഥാനങ്ങളിൽ പലതും ഇടയ്ക്കുവച്ചു നിലയ്ക്കുന്നതു നമ്മുടെ സ്ത്രീകളുടെ സ്ഥിതിവിശേഷംകൊണ്ടാണ്. നമ്മുടെ മിക്ക പ്രയത്നത്തിനും വേണ്ടത്ര ഫലം ഉണ്ടാകുന്നില്ല. തൻെറ കച്ചവടത്തിൽ മതിയായ മൂലധനമിറക്കാത്ത പിശുക്കനായ വ്യാപാരിയുടേതുപോലെയാണ് നമ്മുടെ സ്ഥിതി.

### 6

സ്ത്രീകളുടെ അവകാശങ്ങളുടെ കാര്യത്തിൽ ഞാൻ വിട്ടുവീഴ്ചയില്ലാത്തവനാണ്, എൻെറ അഭിപ്രായത്തിൽ പുരുഷനില്ലാത്ത നിയമജന്യമായ യാതൊരുതരം അവശതകളും അവൾക്കുണ്ടായിരിക്കരുത്. പുത്രിമാരെയും പുത്രന്മാരെയും ഞാൻ പരിപൂർണ സമത്വമുള്ളവരായിക്കരുതും. സ്ത്രീകൾ തങ്ങളുടെ ശക്തി മനസ്സിലാക്കുന്തോറും—അവർക്കു ലഭിക്കുന്ന വിദ്യാഭ്യാസത്തിൻെറ തോതനുസരിച്ച് ഇതു സംഭവിക്കാതിരിക്കുകയില്ല—തങ്ങൾക്കുള്ള അസമത്വങ്ങളെ സ്വാഭാവികമായും അവർ ചെറുക്കും.

---

5. 20–2–1918–ൽ ബോംബെ ഭഗിനീസമാജത്തിൻെറ വാർഷികസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്ന് (Women and Social Injustice, pp. 4–5)
6. Young India, 17–10–1929 (Women and Social Injustice, p. 11)

digitized by www .sreyas.in

## 7

ഏതെങ്കിലുമൊരു തൊഴിൽ സ്ത്രീക്കോ പുരുഷനോ മാത്രമുള്ളതാണെന്നു പറയുന്നതു് അനുഭവത്തിനു ചേരാത്തതാണു്. പാചകജോലി മുഖ്യമായി സ്ത്രീകളുടേതാണു്. എങ്കിലും സ്വന്തം ഭക്ഷണം പാകം ചെയ്യാൻ കഴിയാത്ത ഭടൻ കൊള്ളരുതാത്തവനായിരിക്കും. ക്യാമ്പുകളിൽ വെപ്പുപണി മുഴുവൻ സ്വാഭാവികമായി പുരുഷന്മാർ തന്നെ ചെയ്യേ തീരൂ. കുടുംബത്തിലെ അടുക്കളപ്പണികൾ സ്ത്രീകൾ തന്നെയാണു് സ്വാഭാവികമായി നടത്താറുള്ളതെങ്കിലും, വൻതോതിലുള്ള സംഘടിതമായ പാചകജോലി ലോകത്തിൽ സർവത്ര പുരുഷന്മാർതന്നെയാണു് ചെയ്തുപോരുന്നതു്. യുദ്ധംചെയ്യൽ മുഖ്യമായി പുരുഷന്മാരുടെ പണിയാണെങ്കിലും, ഇസ്ലാമിന്റെ ആദ്യകാലസമരങ്ങളിൽ സ്ത്രീകൾ പുരുഷന്മാരോടൊപ്പംനിന്നു് പരാക്രമശാലിനികളെപ്പോലെ യുദ്ധം ചെയ്തു. ശിപായ് ലഹളക്കാലത്തു ജാൻസിറാണി വളരെ അപൂർവം പുരുഷന്മാർക്കുമാത്രം സാദ്ധ്യമായ രീതിയിൽ ശൗര്യപരാക്രമങ്ങൾക്കു കീർത്തിനേടി. ഇന്നാകട്ടെ, യൂറോപ്പിൽ സ്ത്രീകൾ വക്കീൽമാരെന്ന നിലയിലും ഡോക്ടർമാരെന്ന നിലയിലും ഭരണകർത്രികൾ എന്ന നിലയിലും ശോഭിക്കുന്നതു് നാം കാണുന്നു. ഗുമസ്തപ്പണി, മിക്കവാറും ഷോർട്ട്ഹാൻഡും ടൈപ്പ്റൈറ്റിങ്ങും പഠിച്ച സ്ത്രീകളുടെ കുത്തകയായി വരികയാണു്. നൂൽപ്പു് എന്തുകൊണ്ടു് പുരുഷന്റെ തൊഴിലല്ല? ഇന്ത്യയുടെ സാമ്പത്തികവും ആത്മീയവുമായ ഉന്നമനത്തിനു പര്യാപ്തമായ (ആ പ്രൊഫസറുടെ * അഭിപ്രായത്തിൽ നൂല്പ്പു് പര്യാപ്തമാകും). ഏതു പണിയും എന്തുകൊണ്ടു പുരുഷന്മാർക്കു വേണ്ടത്ര പുരുഷോചിതമായിത്തോന്നുന്നില്ല? സ്പിന്നിംഗ്ജെന്നി കണ്ടുപിടിച്ചതു് ഒരു പുരുഷനാണെന്നു് ആ പ്രൊഫസർക്കു അറിഞ്ഞുകൂടേ? അദ്ദേഹം അതു കണ്ടുപിടിച്ചില്ലെങ്കിൽ മനുഷ്യജാതിയുടെ ചരിത്രം മറ്റൊരു വിധത്തിൽ എഴുതപ്പെട്ടേനെ. തുന്നൽപ്പണി മുഖ്യമായി സ്ത്രീകളുടേതാണു്. എങ്കിലും ലോകത്തിലെ വിദഗ്ദ്ധരായ തുന്നൽക്കാർ പുരുഷന്മാരാണു്. തുന്നൽയന്ത്രം കണ്ടുപിടിച്ചതും ഒരു പുരുഷനായിരുന്നു. സിംഗർസൂചിയെ പുച്ഛിച്ചു തള്ളിക്കളഞ്ഞിരുന്നെങ്കിൽ മനുഷ്യജാതിക്കായി ഇത്തരമൊരു യന്ത്രം സംഭാവന ചെയ്തുപോകാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല.

---

7. Young India, 11–6–1925 (Women and Social Injustice, p. 165)

* ഖദർപരിപാടി അംഗീകരിക്കുകയും, അതേ സമയം, അതു് സ്ത്രീകൾക്കുമാത്രമായി നീക്കിവക്കണമെന്നു് അഭിപ്രായപ്പെടുകയും ചെയ്തുകൊണ്ടു് ഗാന്ധിജിക്കു് എഴുതിയ ഒരു പ്രൊഫസർക്കു് മറുപടിയായി എഴുതിയ ഒരു ലേഖനത്തിൽനിന്നു്

digitized by www .sreyas.in

8

സ്ത്രീയുടെ സമയം മിക്കവാറും ചെലവഴിക്കപ്പെടുന്നതു് ഒഴിച്ചുകൂടാത്ത കുടുംബജോലി ചെയ്യുന്നതിലല്ല, അവളുടെ നാഥനും യജമാനനുമായ ആളിന്റെ ഇഷ്ടാനുസരണമുള്ള സുഖങ്ങൾക്കു സ്വന്തം പത്രാസുകൾക്കും വട്ടംകൂട്ടുന്നതിലാണു്. സ്ത്രീയുടെ ഈ ഗാർഹികമായ അടിമത്തം നമ്മുടെ കാടത്തത്തിന്റെ ചിഹ്നമായി എനിക്കു തോന്നുന്നു. എന്റെ അഭിപ്രായത്തിൽ അടുക്കളയിലെ അടിമത്തം മുഖ്യമായി കാടത്തത്തിന്റെ അവശിഷ്ടമാണു്. ഈ ദ്രോഹത്തിൽനിന്നു നമ്മുടെ സ്ത്രീജാതിയെ മോചിപ്പിക്കുവാൻ കാലം വൈകി. സ്ത്രീയുടെ സമയം മുഴുവൻ കുടുംബജോലികൾക്കായി ചെലവാക്കാൻ ഇട വരരുതു്.

*2. അന്തരം*

9

സ്ത്രീപുരുഷന്മാർ പദവിയിൽ സമത്വമുള്ളവരാണെങ്കിലും അഭിന്നരല്ല. പരസ്പരപൂരകമായ ഒരു നിസ്തുല ജോടിയാണവർ. അവർ പരസ്പരം സഹായിക്കുന്നു; തന്മൂലം അവരിൽ ഒരാളില്ലാതെ മറ്റെയാളുടെ നിലനില്പിനെപ്പറ്റി ആലോചിക്കാനേ വയ്യ. അവരിൽ ഏതെങ്കിലും ഒരാളുടെ പദവിക്കു കോട്ടംതട്ടിക്കുന്ന എന്തും രണ്ടാളുടേയും തുല്യനാശത്തിനു് ഇടവരുത്തുമെന്നു് ഈ പരമാർത്ഥങ്ങളിൽനിന്നു സിദ്ധമത്രേ.

10

സ്ത്രീപുരുഷസമത്വമെന്നതിനു തൊഴിലുകളുടെ സമത്വം എന്നർത്ഥമില്ല. സ്ത്രീ നായാടുന്നതിനോ കുന്തം പ്രയോഗിക്കുന്നതിനോ നിയമപരമായ തടസ്സമൊന്നുമില്ലായിരിക്കാം. എങ്കിലും പുരുഷനു ചേർന്ന ജോലിയിൽനിന്നു് അവൾ സ്വാഭാവികമായി പിൻതിരിയുന്നു. പരസ്പരപൂരകങ്ങളെന്നനിലയ്ക്കാണു് സ്ത്രീപുരുഷജാതികളെ പ്രകൃതി സൃഷ്ടിച്ചിട്ടുള്ളതു്. ആകൃതികൾപോലെതന്നെ ഭിന്നങ്ങളാണവരുടെ ധർമ്മങ്ങളും.

എങ്കിലും ഈ ഭിന്ന ധർമ്മങ്ങളെക്കുറിച്ചുള്ള തെളിവു് എന്റെ വാദത്തിനു് ആവശ്യമില്ല. ഇന്ത്യയിലെങ്കിലും ലക്ഷോപലക്ഷം സ്ത്രീകൾ നൂല്പു് തങ്ങളുടെ സ്വാഭാവിക ജോലിയായി കരുതുന്നവെന്നതു് പരമാർത്ഥമാണു്. (കോൺഗ്രസ്) പ്രവർത്തകസമിതി

8. Harijan, 8-6-1940 (Women and Social Injustice, p. 78)
9. 20-2-1913 ബോംബെ ഭഗിനീസമാജത്തിന്റെ വാർഷികത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു് (Women and Social Injustice, p. 5-6)
10. Harijan, 2-12-1939 (Women and Social Injustice, p. 167)

digitized by www .sreyas.in

യുടെ പ്രമേയം ഈ ഭാരം പുരുഷന്മാരിൽനിന്നു് എടുത്തു് സ്ത്രീകളെ ഏൽപ്പിക്കുകയും സ്വന്തം സാമർത്ഥ്യം വെളിവാക്കാനുള്ള ഒരവസരം അവർക്കു നല്കുകയും ചെയ്യുന്നു. എന്റെ ഭാവിസൈന്യത്തിൽ പുരുഷന്മാരേക്കാൾ വളരെയധികം സ്ത്രീകളെ കണ്ടാൽകൊള്ളാമെന്നു് എനിക്കാഗ്രഹമുണ്ടു്. എന്നാൽ ഒരു സമരം വേണ്ടിവരികയാണെങ്കിൽ ആ സൈന്യത്തെ അതിൽ പുരുഷന്മാർ അധികമുണ്ടായാൽ കൈവരുന്നതിലുമധികം വിശ്വാസത്തോടുകൂടി സമീപിക്കുവാൻ സാധിക്കും. പുരുഷന്മാരുടെ ഹിംസയെ എനിക്കു ഭയമാണു്. അതുണ്ടാകാതിരിക്കുവാനുള്ള എന്റെ ഉറപ്പു് സ്ത്രീകളായിരിക്കും.

11

ഈ അഹിംസാസമരത്തിൽ അവരുടെ സംഭാവന പുരുഷന്മാരുടേതിനെക്കാൾ വളരെ മഹത്തരമായിരിക്കണം. സ്ത്രീയെ അബലയെന്നു വിളിക്കുന്നതു് ഒരപകീർത്തിയാണു്, പുരുഷൻ സ്ത്രീയോടു ചെയ്യുന്ന അനീതിയാണതു്. ബലം എന്നതുകൊണ്ടു് മൃഗീയശക്തിയാണു് ഉദ്ദേശിക്കുന്നതെങ്കിൽ, സ്ത്രീ തീർച്ചയായും പുരുഷനോളം മൃഗമല്ല. ബലം എന്നതുകൊണ്ടു് ആത്മീയശക്തിയാണു് ഉദ്ദേശിക്കുന്നതെങ്കിൽ, സ്ത്രീ പുരുഷനെക്കാൾ വളരെയേറെ ശ്രേഷ്ഠയാണു്. അന്തശ്ചോദനം അവൾക്കു കൂടുതലില്ലേ? കൂടുതൽ സ്വാർത്ഥത്യാഗം ചെയ്യുന്നതു് അവളല്ലേ? അവൾക്കു കൂടുതൽ ധൈര്യമില്ലേ? അവളില്ലെങ്കിൽ പുരുഷനില്ല. അഹിംസ മനുഷ്യജാതിയുടെ ധർമമാണെങ്കിൽ ഭാവി സ്ത്രീകളുടേതാണു്.

12

മൗലികമായി സ്ത്രീയും പുരുഷനും ഒന്നാകകൊണ്ടു്, അവരുടെ പ്രശ്നം സാരാംശത്തിൽ ഒന്നായിരിക്കണമെന്നാണു് എന്റെ അഭിപ്രായം. രണ്ടുപേരിലും ആത്മാവു് ഒന്നാണു്; രണ്ടുപേരും ഒരേ ജീവിതം നയിക്കുന്നു, രണ്ടുപേർക്കും ഒരേ വികാരങ്ങളാണുള്ളതു്. ഓരോ ആളും മറേറ ആൾക്കു പൂരകമാണു്. ഒരാൾക്കു മറേറയാളുടെ സജീവസഹായംകൂടാതെ ജീവിക്കാനാവില്ല.

പക്ഷേ, എങ്ങനെയോ ചിരകാലമായി പുരുഷൻ സ്ത്രീയുടെമേൽ ആധിപത്യം വഹിച്ചുപോന്നു. അങ്ങനെ സ്ത്രീക്കു് ഒരപകൃഷ്ടതാബോധം ഉണ്ടായിത്തീർന്നിട്ടുണ്ടു്. അവൾ അവന്റെ താഴെയാണു്. എങ്കിലും ദാർശനികന്മാർ അവളുടെ തുല്യപദവി അംഗീകരിച്ചിരിക്കുന്നു.

എന്നാലും ഏതോ ഘട്ടത്തിൽ രണ്ടായിത്തിരിയലുണ്ടെന്നതിനു സംശയമില്ല. മൗലികമായി രണ്ടുപേരും ഒന്നാണെങ്കിലും, ആകൃതിയിൽ രണ്ടുപേരും തമ്മിൽ പ്രധാന വ്യത്യാസമുണ്ടു്. അതി

11. Young India, 10-4-1930 (Women and Social Injustice, p. 156)
12. Harijan, 24-2-1940 (Women and Social Injustice, p. 25)

digitized by www .sreyas.in

നാൽ രണ്ടുപേരുടെയും തൊഴിലുകളും വ്യത്യസ്തങ്ങളായിരിക്കണം. ഭൂരിപക്ഷം സ്ത്രീകൾ ഏതുകാലത്തും ഏറ്റെടുക്കുന്ന മാതൃധർമത്തിനു പുരുഷൻ സമാർജിക്കേണ്ട ആവശ്യമില്ലാത്ത ഗുണങ്ങൾ ആവശ്യമാണു്. അവൾ നിഷ്ക്രിയയും അവൻ ക്രിയാവാനുമാണു്. അവൾ മുഖ്യമായി ഗൃഹത്തിന്റെ നാഥയാണു്. അവൻ ഭക്ഷണം സമ്പാദിക്കുന്നവനാണു്. അവൾ അതു സൂക്ഷിച്ചുവച്ചു പങ്കിടുന്നവളും. അവൾ സർവഥാ സംരക്ഷകയാണു്. ശിശുസംരക്ഷണം അവളുടെ പ്രത്യേകാവകാശമാണു്, അവളുടെ സംരക്ഷണമില്ലെങ്കിൽ മനുഷ്യവർഗം നശിച്ചുപോകും.

അടുക്കളവിട്ടു്, അടുക്കളയുടെ സംരക്ഷണത്തിനുവേണ്ടി തോക്കെടുക്കുവാൻ സ്ത്രീയോടാവശ്യപ്പെടുന്നതു്, അഥവാ സ്ത്രീയെ പ്രേരിപ്പിക്കുന്നതു് എന്റെ അഭിപ്രായത്തിൽ സ്ത്രീയ്ക്കും പുരുഷനും രണ്ടുപേർക്കും അധഃപതനഹേതുവാണു്. അതു കാടത്തത്തിലേക്കുള്ള മടങ്ങിപ്പോക്കും നാശത്തിന്റെ ആരംഭവുമാണു്. പുരുഷൻ സവാരി ചെയ്യുന്ന കുതിരപ്പുറത്തു കയറാൻ ശ്രമിക്കുന്നതുകൊണ്ടു സ്ത്രീ പുരുഷനെയും തന്നെയും നിലംപതിപ്പിക്കുന്നു. സ്ത്രീയുടെ പ്രത്യേക തൊഴിൽ ഉപേക്ഷിക്കുവാൻ അവളെ പ്രലോഭിപ്പിക്കുകയോ നിർബന്ധിക്കുകയോ ചെയ്യുന്നതിന്റെ പാപം പുരുഷന്റെ തലയിലായിരിക്കും. പുറമേനിന്നുണ്ടാകുന്ന ആക്രമണങ്ങളിൽനിന്നു സ്വന്തം ഗൃഹത്തെ രക്ഷിക്കുന്നതിൽ ഉള്ളേടത്തോളംതന്നെ ശൂരത, ആ ഗൃഹത്തെ നല്ല ചിട്ടയിലും വെടിപ്പിലും സൂക്ഷിച്ചുപോരുന്നതിലുമുണ്ടു്.

ലക്ഷോപലക്ഷം കർഷകരെ അവരുടെ സ്വാഭാവികമായ ചുറ്റുപാടുകളിൽ ഞാൻ നോക്കിക്കണ്ടിട്ടുള്ളതുകൊണ്ടും ഈ ചെറിയ സേവാഗ്രാമത്തിൽ ദിവസേന അവരെ നോക്കിക്കാണുമ്പോഴും, പ്രയത്നരംഗങ്ങളുടെ പ്രകൃത്യനുസൃതമായ വിഭജനം എന്റെ ശ്രദ്ധയിൽ പതിയുന്നു. സ്ത്രീകളായ കരുവാന്മാരും ആശാരിമാരുമില്ല. എന്നാൽ പുരുഷന്മാരും സ്ത്രീകളും പാടത്തു പണിചെയ്യുന്നുണ്ടു്; ഭാരം കൂടിയ പണിയൊക്കെ പുരുഷൻ എടുത്തുകൊണ്ടു് സ്ത്രീകൾ ഗൃഹഭരണം നടത്തുന്നു. കുടുംബത്തിന്റെ ലഘുവായ സമ്പത്തിലേക്കു സ്ത്രീകളും വല്ലതും കൂട്ടിച്ചേർക്കുന്നുണ്ടെങ്കിലും ഉപജീവനമാർഗം സമ്പാദിക്കുന്നതു മുഖ്യമായി പുരുഷൻതന്നെയാണു്.

പ്രയത്നരംഗങ്ങളുടെ വിഭജനം അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ സ്ത്രീയ്ക്കും പുരുഷനും ആവശ്യമുള്ള സാമാന്യഗുണങ്ങളും സംസ്കാരവും ഒന്നുതന്നെയാണു്.

## 13

സേവനമനോഭാവത്തിന്റെയും ത്യാഗത്തിന്റെയും സജീവമൂർത്തി എന്ന നിലയിൽ ഞാൻ സ്ത്രീയെ ആരാധിച്ചിട്ടുണ്ടു്. പ്രകൃതി

13. Harijan, 8-12-1939 (Women and Social Injustice, p. 174)

digitized by www .sreyas.in

നിങ്ങൾക്ക തന്നിട്ടുള്ള നിസ്വാർത്ഥസേവനമനോഭാവത്തിൻെറ കാര്യത്തിൽ പുരുഷനു് ഒരിക്കലും നിങ്ങളുടെ ഒപ്പമെത്താൻ കഴികയില്ല. ക്ലേശങ്ങൾ കാണമ്പോൾ ഉരുകുന്ന ദയാവായ്പുള്ള ഒരു ഹൃദയം സ്ത്രീയ്ക്കുണ്ടു്.

*3. സമത്വം—സാമ്പത്തികവും രാഷ്ട്രീയവും*

### 14

ചോദ്യം: സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം സ്ത്രീകളുടെ ഇടയിൽ ദുരാചാരം പരക്കുവാനും കുടുംബജീവിതം തകരാനും കാരണമാകുമെന്ന വാദത്തെ അടിസ്ഥാനമാക്കി ചിലർ വിവാഹം കഴിച്ച സ്ത്രീകളുടെ സ്വത്തവകാശം സംബന്ധിച്ചുള്ള നിയമങ്ങളിൽ മാററം വരുത്തുന്നതിനെ എതിർക്കുന്നു. ഇക്കാര്യത്തിൽ അങ്ങയുടെ നിലപാടെന്താണു്?

ഉത്തരം: ഈ ചോദ്യത്തിനു് ഒരു മറുചോദ്യംകൊണ്ടു ഞാൻ ഉത്തരം പറയാം. പുരുഷന്മാരുടെ സ്വാതന്ത്ര്യവും സ്വത്തവകാശവും പുരുഷന്മാരുടെ ഇടയിൽ ദുരാചാരം പരക്കുവാൻ കാരണമായിട്ടില്ലേ? 'ഉവ്വ്' എന്നാണു നിങ്ങളുടെ മറുപടിയെങ്കിൽ, സ്ത്രീകളുടെ സ്ഥിതിയും അങ്ങനെതന്നെയായിക്കൊള്ളട്ടെ. സ്വത്തവകാശവും മററും പുരുഷന്മാർക്കെന്നപോലെ സ്ത്രീകൾക്കും ഉണ്ടാകുമ്പോൾ കാണാം ഈവക അവകാശങ്ങളല്ല അവരുടെ ദുരാചാരത്തിനോ സദാചാരത്തിനോ കാരണമെന്നു്. സ്ത്രീയുടെയോ പുരുഷൻെറയോ നിസ്സഹായതയെ ആശ്രയിച്ചുനില്ക്കുന്ന സദാചാരംകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. സദാചാരത്തിൻെറ അടിസ്ഥാനം നമ്മുടെ ഹൃദയപരിശുദ്ധിയാണു്.

### 15

ചോദ്യം: തിരഞ്ഞെടുപ്പിനെ ആശ്രയിച്ചുനില്ക്കുന്ന സംഘടനകളിലേക്കു സ്ത്രീപ്രതിനിധികളെ നിർത്തുവാൻ കോൺഗ്രസ്സിനു വൈമനസ്യമുണ്ടെന്നു നാം കാണുന്നു. ഇത്തരം സംഘടനകളിലേക്കു കൂടുതൽ സ്ത്രീകളെ സ്വീകരിക്കുന്നതു ന്യായവും ആവശ്യവുമാണു്. ഇക്കാര്യത്തിൽ അങ്ങു് എന്താണു ചെയ്യുക?

ഉത്തരം: ഇത്തരം കാര്യങ്ങളിൽ അന്തർഭവിക്കുന്ന സമത്വത്തിലോ മറെറന്തെങ്കിലും അനുപാതത്തിലോ എനിക്കുവലിയ താല്പര്യമൊന്നുമില്ല. യോഗ്യതയായിരിക്കണം ഏക മാനദണ്ഡം. എങ്കിലും സ്ത്രീകൾ കൊള്ളരുതാത്തവരാണെന്നു പറയുന്നതു് ഒരു പതിവായിത്തീർന്നിരിക്കുന്നതുകൊണ്ടു് ഇതിനെതിരായ പതിവു്, യോഗ്യത

14. Harijan, 8-6-1940 (Women and Social Injustice, p. 184)
15. Harijan, 7-4-1946 (Women and Social Injustice, p. 186)

digitized by www .sreyas.in

തുല്യമാണെങ്കിൽ പുരുഷനു പകരം സ്ത്രീകളെ നിർത്തുകയെന്നതാകണം—ഇതിൻഫലമായി പുരുഷന്മാരുടെ സ്ഥാനങ്ങളെല്ലാം സ്ത്രീകൾ കൈവശപ്പെടുത്തുമെന്നുവന്നാൽപോലും. ലിംഗവ്യത്യാസത്തെ അടിസ്ഥാനമാക്കിമാത്രം അംഗത്വം അവകാശപ്പെടുന്നതു് ആപൽക്കരമായ ഒരു സംഗതിയാണു്. സ്ത്രീകൾ എന്നല്ല ഏതു വിഭാഗവും അനർഹമായി ലഭിക്കുന്ന ഔദാര്യം വർജിക്കണം. അവർ തേടേണ്ടതു നീതിയാണു്, സൗജന്യങ്ങളല്ല. അതിനാൽ സ്ത്രീകൾ അതുപോലെത്തന്നെ പുരുഷന്മാരും, ചെയ്യേണ്ട ഉചിതമായ കാര്യം ഇംഗ്ലീഷോ പാശ്ചാത്യവിദ്യാഭ്യാസമോ തങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കലല്ല, പൗരധർമങ്ങളുടെ നിർവഹണത്തിനു തങ്ങളെ സമർത്ഥരാക്കുന്ന സാമാന്യവിദ്യാഭ്യാസം പ്രാദേശികഭാഷകളിലൂടെ പ്രചരിപ്പിക്കലാണു്. അത്യാവശ്യമായ ഈ പരിഷ്കാരത്തിൽ പുരുഷന്മാർ നേതൃത്വം വഹിക്കുന്നതു് ഒരു സൗജന്യമല്ല, സ്ത്രീകൾക്കു എന്നോ ലഭിക്കേണ്ടിയിരുന്ന നീതി അവരോടു ചെയ്യൽമാത്രമാണു്.

## 16

'വേണ്ടത്ര സ്ത്രീകളെ തിരഞ്ഞെടുപ്പിനു നിർത്തിയില്ലെന്നോ, ഔദ്യോഗികസ്ഥാനങ്ങളിലേക്കു തിരഞ്ഞെടുത്തില്ലെന്നോ ഉള്ള പരാതിക്കു് അങ്ങു നൽകിയ മറുപടി ഞാൻ സസന്തോഷം വായിച്ചു. സ്ഥാനാർത്ഥികളെ നിർത്തുന്നതിൽ യോഗ്യത മാത്രമായിരിക്കണം മാനദണ്ഡമെന്നു് അങ്ങു പറയുന്നു. അങ്ങയുടെ വിധി തികച്ചും ശരിയാണു്; ചിന്താശീലമുള്ള ഓരോ സ്ത്രീയും പുരുഷനും അതിനോടു യോജിക്കും. 'പ്രായമോ ലിംഗമോ അല്ല യോഗ്യത മാത്രമാണു സമാരാദ്ധ്യം' എന്നൊരു ചൊല്ലുണ്ടു്. എങ്കിലും യാഥാർത്ഥ്യം ഇതിൽനിന്നു വളരെ ദൂരെയാണു്. ഈ ഉപദേശം സർവത്ര ലംഘിക്കപ്പെടുകയാണെന്നു് അങ്ങേയ്ക്കു് അറിയായ്കയില്ല. മന്ത്രിസഭകളിലോ നിയമസഭകളിലോ പ്രാദേശികസഭകളിലോ സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്ന സംഗതിയിൽ യോഗ്യതയ്ക്കു പ്രഥമസ്ഥാനം നൽകപ്പെടുന്നില്ല. ജാതി, സമുദായം, സംസ്ഥാനം മുതലായ കാര്യങ്ങൾ കടന്നുവരുന്നു; അവയാണു് അവസാനതീരുമാനം ചെയ്യുന്ന ഘടകങ്ങൾ. ഈ താൽപര്യങ്ങളൊന്നും അവഗണിക്കപ്പെട്ടുകൂടെന്നതാണു് ഇത്തരം നടപടിക്കു് അനുകൂലമായി പറയുന്ന വാദം. ഈ വാദം ശരിയാണെങ്കിൽ സ്ത്രീകളുടെ താൽപര്യങ്ങളെപ്പററി എന്തു പറയുന്നു? ഇങ്ങനെയൊരു തത്വമുള്ളതുകൊണ്ടു് തിരഞ്ഞെടുപ്പിൻെറ അടിസ്ഥാനം വിശദമാക്കപ്പെടേണ്ടതല്ലേ?'

മുകളിൽ ചേർത്ത ഭാഗം ഒരു ബഹുമാന്യസഹോദരിയുടെ എഴുത്തിൽനിന്നെടുത്തതാണു്. ആ സഹോദരിയുടെ വാദത്തിൻെറ

16. Harijan, 21-4-1946 (Women and Social Injustice, p. 186)

digitized by www .sreyas.in

ചുരുക്കം ഇതാണ്: എല്ലാം തെററായ അടിസ്ഥാനത്തിലാണെങ്കിൽ ഒരു തെററുകൂടി ചെയ്താൽ സാരമില്ല. പക്ഷേ, നാം ഈ നിലയ്ക്കു മുന്നോട്ടു പോയാൽ ഈ തിന്മ വളരും. ഗത്യന്തരമില്ലാതെ എല്ലാം ഒരു ദുഷ്ടവലയത്തിൽ ചെന്നു ചാടുകയും ചെയ്യും. അതിനാൽ സ്ത്രീകളോടുള്ള എന്റെ അഭ്യർത്ഥന അവർ ത്യാഗമൂർത്തികളായിത്തീരണമെന്നും, അങ്ങനെ സ്വവർഗത്തെ മാത്രമല്ല, രാഷ്ട്രത്തെക്കൂടി അലങ്കരിക്കുകയും ഉയർത്തുകയും ചെയ്യണമെന്നുമാണ്. പുരുഷന്മാരോട് എന്റെ അഭ്യർത്ഥന ഈ അശുദ്ധമായ അന്തരീക്ഷം എവിടെയുണ്ടോ അവിടെനിന്നു പുറത്തുകടക്കുകയെന്നത് അവർ സ്വന്തം കടമയായി കരുതണമെന്നത്രേ. സ്വന്തം മനസ്സിൽനിന്നു ജാതിയും സമുദായവും ബഹിഷ്കൃതമായാൽ പിന്നെ അവയെക്കുറിച്ചുള്ള ആലോചനയെ അടിസ്ഥാനമാക്കി അവർ പ്രവർത്തിക്കുകയില്ല. ഇതിനുള്ള ഏററവും നല്ലതും ഏററവും സുഗമവുമായ വഴി സ്ത്രീകളും പുരുഷന്മാരും ഹരിജനങ്ങളായിത്തീർന്ന്—അതും ഏററവും താണജാതിയായ ഭംഗികളോ മെഹ്ത്താർമാരോ ആയിത്തീർന്ന്—താഴ്മകൊണ്ട് ഉയരുവാൻ ശ്രമിക്കലാണ്.

പ്രാപ്തിയുള്ള സ്ത്രീകളെ പുറംതള്ളിയിട്ടുണ്ടെങ്കിൽ പുരുഷന്മാർ അതിനു പരിഹാരം ചെയ്യണം. പുരുഷന്മാരേക്കാൾ ശോഭിക്കാൻതക്ക പ്രോത്സാഹനം സ്ത്രീകൾക്കു നൽകേണ്ടത് അവരുടെ കടമയാണ്. നിർദിഷ്ടമായ രീതിയിൽ രണ്ടുകൂട്ടരും പെരുമാറിയാൽ അന്തരീക്ഷം ശുദ്ധമായിത്തീരും. പുരുഷന്മാർ അപ്രകാരം ചെയ്താലും ഇല്ലെങ്കിലും സ്ത്രീകളുടെ കടമയെന്താണെന്ന് എന്റെ മനസ്സിൽ സ്പഷ്ടമാണ്.

## ഡി. സ്ത്രീകളുടെ അന്തഃപുരവാസം

### 17

ഞാൻ ബങ്കാളിലോ ബീഹാറിലോ ഐക്യസംസ്ഥാനത്തിലോ ചെല്ലുമ്പോഴെല്ലാം പർദാസമ്പ്രദായം അവിടങ്ങളിൽ മററു സംസ്ഥാനങ്ങളിലേക്കാൾ കണിശമായി ആചരിച്ചുവരുന്നതായി കാണാറുണ്ട്. എങ്കിലും ഒരിക്കൽ രാത്രി വളരെ വൈകിയ സമയത്തു ലഹളയും ബഹളവും ഒതുക്കിനിർത്താൻ വയ്യാത്ത ജനക്കൂട്ടങ്ങളും ഇല്ലാത്ത ശാന്തമായ ചുററുപാടുകളിൽ ദർഭംഗയിൽവച്ചു ഞാൻ ഒരു സമ്മേളനത്തിൽ പ്രസംഗിച്ചപ്പോൾ മുമ്പിലൊക്കെ പുരുഷന്മാരെയാണു കണ്ടത്; പക്ഷേ, എന്റെ പിന്നിലും മറയുടെ പുറകിലും സ്ത്രീകളുണ്ടായിരുന്നു. എന്റെ ശ്രദ്ധ ക്ഷണിക്കപ്പെടുന്നതുവരെ അവരുടെ സാന്നിദ്ധ്യത്തെപ്പററി യാതൊന്നും ഞാൻ അറിഞ്ഞിരുന്നില്ല. ഒരനാഥമന്ദിരത്തിന്റെ ശിലാസ്ഥാപനം സംബന്ധിച്ചുള്ളതായി

17. Young India, 3–2–1957 (Women and Social Injustice, pp. 94-95)

digitized by www .sreyas.in

ടന്ന സമ്മേളനം; എങ്കിലും പട്ടയുടെ പുറകിലിരിക്കുന്ന സ്ത്രീകളോടു സംസാരിക്കുവാൻ എന്നോടാവശ്യപ്പെട്ടു. പർദയുടെ പിന്നിലിരിക്കുന്ന സ്ത്രീകളുടേതായ—അവരെത്രയുണ്ടെന്നു ഞാൻ അറിഞ്ഞില്ല—യൂ രംഗം എന്നെ ദുഃഖിതനാക്കി. അതെന്നിൽ അഗാധമായ വേദനയും അപമാനവും ഉളവാക്കി. ആദ്യം നടപ്പിലാക്കിയ കാലത്തു എന്തൊക്കെ പ്രയോജനമുണ്ടായിരുന്നുവെങ്കിലും ഇന്നു തീരെ ഉപയോഗശൂന്യവും രാജ്യത്തിനു് അളവററ ദോഷവും ചെയ്തുകൊണ്ടിരിക്കുന്നതുമായ അപരിഷ്കൃതമായ ഒരാചാരത്തെ മുറുകെപ്പിടിക്കുക കൊണ്ടു് ഇന്ത്യയിലെ സ്ത്രീകളോടു ചെയ്തുവരുന്ന തെററിനെക്കുറിച്ചു ഞാൻ ആലോചിച്ചു. കഴിഞ്ഞ 100 കൊല്ലമായി നമുക്കു ലഭിച്ചുപോന്ന വിദ്യാഭ്യാസം നമ്മിൽ പറയത്തക്ക ഫലമൊന്നും ഉളവാക്കിയിട്ടുള്ളതായിത്തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ അഭ്യസ്തവിദ്യരുടെ കുടുംബങ്ങളിൽപോലും—അവരതിൽ വിശ്വസിക്കുന്നുവെന്നതുകൊണ്ടല്ല, ഈ മൃഗീയമായ ആചാരത്തെ ചെറുത്തു് ഒരൊററ അടിക്കു നിർമ്മാർജനം ചെയ്യാത്തതുകൊണ്ടു്—പർദ്ദ ഇന്നും നിലനിർത്തപ്പെട്ടുവരുന്നതായി കാണുന്നു. അനേകായിരം സ്ത്രീകൾ പങ്കുകൊണ്ടിരുന്നുറുകണക്കിൽ സമ്മേളനങ്ങളിൽ പ്രസംഗിക്കാനുള്ള ഭാഗ്യം എനിക്കു ലഭിക്കുന്നുണ്ടു്. ഈ സമ്മേളനങ്ങളിൽ ഉണ്ടാകുന്ന തിരക്കും ബഹളവും അവയിൽ എത്തിച്ചേർന്ന സ്ത്രീകളോടു ഫലപ്രദമായി സംസാരിക്കുകയെന്നതു് അസാധ്യമാക്കിത്തീർക്കുന്നു. സ്വന്തം വീടുകളിലും ഇത്തിരിപോന്ന മുററങ്ങളിലുമായി അവരെ അടച്ചുപൂട്ടിയിട്ടിടത്തോളംകാലം ഇതിലും മെച്ചമായതൊന്നും പ്രതീക്ഷിക്കാൻ വയ്യ. അതിനാൽ ഒരു വിശാലമായ സ്ഥലത്തു കൂടിച്ചേർന്നു് ആരെങ്കിലും സംസാരിക്കുന്നതു പെട്ടെന്നു ശ്രദ്ധിക്കണമെന്നു വരുമ്പോൾ തങ്ങളെക്കൊണ്ടും പ്രസംഗകനെക്കൊണ്ടും എന്താണു ചെയ്യേണ്ടതെന്നു് അവർക്കറിഞ്ഞുകൂടാ. നിശ്ശബ്ദത പുനഃസ്ഥാപിതമായി കഴിഞ്ഞാലോ, ദൈനംദിനകാര്യങ്ങളിൽ പലതിലും അവർക്കു താൽപര്യമുണ്ടാക്കിത്തീർക്കുക പ്രയാസമായിത്തീരുന്നു; എന്തുകൊണ്ടെന്നാൽ സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കുവാൻ ഒരിക്കലും അനുവദിച്ചിട്ടില്ലാത്തതുകൊണ്ടു് അവർക്കു് അവയെപ്പററി യാതൊന്നും അറിഞ്ഞുകൂടാ. ഇതു കുറച്ചു അതിശയോക്തി കലർന്ന ചിത്രമാണെന്നു് എനിക്കറിയാം. ആരെ അഭിമുഖീകരിച്ചാണോ ഞാൻ സംസാരിക്കുന്നതു് ആ ആയിരക്കണക്കിലുള്ള സ്ത്രീകളുടെ ഉന്നതസംസ്കാരത്തെക്കുറിച്ചു് എനിക്കു തികച്ചും ബോധമുണ്ടു്. പുരുഷന്മാർക്കു എത്രത്തോളം ഉയരുവാൻ കഴിയുമോ അത്രത്തോളം തന്നെ ഉയരുവാൻ അവർക്കും കഴിയുമെന്നു് എനിക്കറിയാം. പുറത്തുകടക്കാൻ അവർക്കു സന്ദർഭങ്ങൾ ലഭിക്കാറുണ്ടെന്നും എനിക്കറിയാം. പക്ഷേ, ഇതു് അഭ്യസ്തവിദ്യരുടെ നേട്ടമായി കണക്കാക്കപ്പെടേണ്ട ഒന്നല്ല. എന്തുകൊണ്ടു് അവർ കൂടുതൽ മുന്നോട്ടു പോയില്ല എന്നതാണു ചോദ്യം. പുരുഷന്മാർക്കുള്ളിടത്തോളംതന്നെ സ്വാത

ന്ത്ര്യം എന്തുകൊണ്ട നമ്മുടെ സ്ത്രീകൾക്കമില്ല? പുറത്തിറങ്ങി നടക്കാനും ശുദ്ധവായു ശ്വസിക്കുവാനും അവർക്കെന്തുകൊണ്ട സാധിക്കുന്നില്ല?

ചാരിത്ര്യം അടച്ചുപൂട്ടിയ മുറിയിൽ വളരുന്ന ഒന്നല്ല. അതു മുകളിൽനിന്നു വച്ചുകെട്ടാനും വയ്യ. പുറമേയുള്ള പർദയുടേതായ ഭിത്തികൊണ്ട അതിനെ രക്ഷിക്കാനാവില്ല. അതു ഉള്ളിൽനിന്നു വളരണം; നല്ല വിലയമുള്ളതാകണമെങ്കിൽ അപ്രാർത്ഥിതങ്ങളായ പ്രലോഭനങ്ങളെ ചെറുത്തുനിൽക്കുവാൻ അതിനു കഴിവുണ്ടായിരിക്കുകയും വേണം. സീതയുടെ ചാരിത്ര്യംപോലെ ചെറുത്തുനിൽക്കാൻ കഴിവുള്ളതായിരിക്കണം അതു്. പുരുഷന്റെ നോട്ടമേല്ക്കാൻ ശേഷിയില്ലാത്ത ചാരിത്ര്യം വളരെ നിസ്സാരമായ ഒന്നേ ആകാൻ തരമുള്ളു.

പുരുഷന്മാർ പുരുഷന്മാരാകണമെങ്കിൽ തങ്ങളുടെ സ്ത്രീകളെ വിശ്വസിക്കാൻ കഴിവുള്ളവരാകണം—അവരെ വിശ്വസിക്കാൻ സ്ത്രീകൾ നിർബദ്ധരാകകൊണ്ട്. ഒരു കാൽ പൂർണമായോ ഭാഗികമായോ തളർന്നവരായി നാം ജീവിക്കാതിരിക്കുക. തന്നെപ്പോലെതന്നെ സ്വാതന്ത്ര്യം പരാശ്രയരഹിതയുമായ സീതയില്ലെങ്കിൽ രാമനു യാതൊരു സ്ഥാനവുമില്ല. എന്നാൽ ബലിഷ്ഠമായ സ്വാശ്രയത്തിനു ദ്രൗപതിയാണു കൂടുതൽ നല്ല മാതൃക. സീത സൗമ്യതയുടെ അവതാരമായിരുന്നു. അവൾ ഒരു മൃദുലകുസുമമായിരുന്നു. ദ്രൗപതിയാകട്ടെ ഒരു കൂറ്റൻ വടവൃക്ഷവും. തന്റെ ഉദ്ധതമായ ഇച്ഛയ്ക്കു കരുത്തനായ ഭീമനെപ്പോലും അവൾ കീഴ്പ്പെടുത്തി. എല്ലാവർക്കും ഭയങ്കരനായ ഭീമൻ അവളുടെ മുമ്പിൽ ഒരാട്ടിൻകുട്ടിയായിരുന്നു. പാണ്ഡവന്മാരിൽ ആരുടെയുംതന്നെ രക്ഷ അവൾക്കാവശ്യമുണ്ടായിരുന്നില്ല. ഇന്ത്യയിലെ സ്ത്രീജാതിയുടെ സ്വച്ഛന്ദമായ വികാസത്തിനു തടസ്സമുണ്ടാക്കുകകൊണ്ട നാം സ്വാതന്ത്ര്യരും സ്വാശ്രയശീലരുമായ പുരുഷന്മാരുടെ വളർച്ചയ്ക്കാണു തടസ്സമുണ്ടാക്കുന്നതു്. നമ്മുടെ സ്ത്രീകളോട നാം എന്തു ചെയ്യുന്നുവോ അതു 'അയിത്തക്കാ'രോട നാം എന്തു ചെയ്യുന്നുവോ അതു ആയിരം ഇരട്ടി ശക്തിയോടുകൂടി നമ്മുടെ തലയിൽത്തന്നെ പതിക്കുകയാണു്. നമ്മുടെ ദൗർബല്യത്തിനും അസ്ഥിരതയ്ക്കും സങ്കുചിതത്വത്തിനും നിസ്സഹായതയ്ക്കും കുറെയൊക്കെ ഇതാണു കാരണം. അതിനാൽ ആഞ്ഞൊരടിക്കു് ഈ പർദ നാം ചീന്തിക്കളയുക.

18

ഇന്ത്യയിൽ പർദ അടുത്തകാലത്തുണ്ടായ ഒരേർപ്പാടാണെന്നും ഹിന്ദുക്കൾ ക്ഷയിച്ചുതുടങ്ങിയ കാലത്താണു് അതു സ്വീകരിക്ക

18. Young India,24–3–1927 (Women and Social Injustice,pp.96–97)

digitized by www .sreyas.in

പ്പെട്ടതെന്നുമാണ് എന്റെ അഭിപ്രായം, മാനശാലിനിയായ ദ്രൗപതിയും നിഷ്കളങ്കയായ സീതയും ജീവിച്ചകാലത്തു് അതുണ്ടായിരിക്കാൻ തരമില്ല. ഗാർഗ്ഗി അവളുടെ പ്രഭാഷണങ്ങൾ നടത്തിയതു പർദയുടെ പിന്നിലിരുന്നുകൊണ്ടാകാൻ തരമില്ല. പർദ ഇന്ത്യയിൽ സാർവത്രികമല്ലതാനും. ഡക്കാനിലും ഗുജറാത്തിലും പഞ്ചാബിലും അതു അജ്ഞാതമാണ്. കൃഷിക്കാരുടെ ഇടയിൽ അതു് അജ്ഞാതമാണ്. ഈ സംസ്ഥാനങ്ങളിലും കൃഷിക്കാരുടെ ഇടയിലും സ്ത്രീകൾ കുറെയധികം സ്വാതന്ത്ര്യം അനുഭവിക്കുകകൊണ്ടു് എന്തെങ്കിലും തകരാറുകൾ ഉണ്ടായതായി കേട്ടിട്ടില്ല. പർദാസമ്പ്രദായമില്ലാത്തതുകൊണ്ടു ലോകത്തിലെ മററു ഭാഗങ്ങളിലെ സ്ത്രീപുരുഷന്മാർ സദാചാരം കുറഞ്ഞവരാണെന്നു പറയുന്നതും ന്യായമാവുകയില്ല. പ്രാചീനമായതെല്ലാം നീതീകരിക്കാൻ ഈ ലേഖകൻ ശ്രമിക്കുന്നു. നിരതിശയനീയമായ ഒരു സദാചാരനിയമസംഹിത പ്രാചീനർ നമുക്കു തന്നുവെന്നു ഞാൻ സമ്മതിക്കുന്നുവെങ്കിലും ഏതു സംഗതിയിലുംപിഴപററാത്തവരായിരുന്നു അവരെന്ന സിദ്ധാന്തത്തോടു യോജിക്കുവാൻ എന്നെക്കൊണ്ടാവില്ല. പിന്നെ ഏതാണു യഥാർത്ഥത്തിൽ പ്രാചീനം എന്നു പറയാൻ ആരുണ്ടു്? നൂററിയെട്ടു് ഉപനിഷത്തുക്കളും തുല്യവിശുദ്ധിയുള്ളവയാണോ? ബുദ്ധിയാകുന്ന ചാണയിന്മേലുരച്ചു മാററുനോക്കാവുന്നവയുടെയെല്ലാം മാററു നാം നോക്കണമെന്നും, ആ നോട്ടത്തിൽ ജയിക്കാത്തവയെയെല്ലാം അവ പ്രാചീനമായ ഉടുപ്പണിഞ്ഞുവന്നാലും നിരസിക്കണമെന്നും എനിക്കു തോന്നുന്നു

## 19

ബീഹാറിലെ ഏററവും സ്വാധീനശക്തിയുള്ള വളരെ പുരുഷന്മാരും അത്രതന്നെ സ്ത്രീകളും ഒപ്പുവച്ചതും പർദയെ നിഷ്കാസനം ചെയ്യണമെന്നാവശ്യപ്പെടുന്നതും യുക്തിയുക്തവും ആയ ഒരു അഭ്യർത്ഥന ഇതാ ബീഹാറിൽ പ്രസിദ്ധം ചെയ്യപ്പെട്ടിരിക്കുന്നു. ആ അഭ്യർത്ഥനയിൽ അമ്പതു മഹിളമാർ ഒപ്പിട്ടിട്ടുണ്ടെന്ന വസ്തുത, പ്രയത്നം ഊർജിതമായി നടത്തിയാൽ പർദ ബീഹാറിൽ നാമാവശേഷമാകുമെന്നു വ്യക്തമാക്കുന്നുണ്ടു്. അഭ്യർത്ഥനയിൽ ഒപ്പിട്ട സ്ത്രീകൾ പാശ്ചാത്യമോടികൾ സ്വീകരിച്ചവരല്ലെന്നും യാഥാസ്ഥിതിക ഹിന്ദുക്കളാണെന്നുമുള്ള സംഗതി ശ്രദ്ധേയമാണ്. അതിൽ വ്യക്തമായി പറയുന്നു:

'കർണാടകത്തിലെയും മഹാരാഷ്ട്രത്തിലെയും മദിരാശിയിലെയും സഹോദരികളെപ്പോലെയും പാശ്ചാത്യരീതികൾ സ്വീകരിക്കാനുള്ള യാതൊരു ശ്രമവും കൂടാതെ മുഖ്യമായും ഭാരതീയമായ ഒരു

19. Young India,28-6-1928(Women and Social Injustice,pp.97-98)

digitized by www .sreyas.in

സമ്പ്രദായത്തിലും, യഥേഷ്ടം സഞ്ചരിക്കുവാനും സാമൂഹ്യജീവിതത്തിന്റെ എല്ലാ വശങ്ങളിലും ന്യായമായ പങ്കു വഹിക്കുവാനും ഞങ്ങളുടെ സംസ്ഥാനത്തിലെ സ്ത്രീകൾക്കു സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അടിച്ചേൽപ്പിച്ച ഏകാന്തവാസത്തിൽനിന്നു തനി പാശ്ചാത്യരീതികളിലേക്കുള്ള ഒരു പരിവർത്തനം ചട്ടിയിൽനിന്നു തീയിലേക്കു വീഴുന്നതുപോലെയായിരിക്കുമെങ്കിലും ഭാരതീയാദർശങ്ങൾക്കനുസരിച്ചു നമ്മുടെ സ്ത്രീകൾ വളരണമെങ്കിൽ പർദ പോയേ തീരൂ എന്നു ഞങ്ങൾക്കു തോന്നുന്നു. സ്ത്രീകൾ നമ്മുടെ സാമൂഹ്യജീവിതത്തിന്റെ അഴകും ശ്രീയും വർദ്ധിപ്പിക്കുകയും അതിന്റെ ധാർമികനിലവാരം ഉയർത്തുകയും ചെയ്യണമെന്നു നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ ഒന്നാന്തരം ഗൃഹനായികമാരും ഭർത്താക്കന്മാരുടെ സഹധർമചാരിണികളും സമുദായത്തിലെ ഉപയോഗകാരികളായ അംഗങ്ങളുമായിത്തീരണമെന്നു നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇന്നു നിലനിൽക്കുന്നതുപോലുള്ള പർദ പോയേ തീരൂ. വാസ്തവത്തിൽ ഈ മൂടുപടം നീക്കം ചെയ്യാതിരുന്നാൽ അവരുടെ ക്ഷേമത്തിനുവേണ്ടി കാര്യമായി യാതൊന്നും ചെയ്യാനൊക്കുകയില്ല. കൃത്രിമമായി തടവിലാക്കപ്പെട്ട നമ്മുടെ ജനസംഖ്യയിലെ പകുതി ഭാഗത്തിന്റെ ശേഷി വിമുക്തമായാൽ വേണ്ടതുപോലെ നയിക്കപ്പെടുന്നപക്ഷം നമ്മുടെ സംസ്ഥാനത്തിനു് അളവററ നന്മ ചെയ്യുന്ന ഒരു ശക്തി അതു സൃഷ്ടിക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം.'

ബീഹാറിൽ പർദകൊണ്ടുള്ള ദോഷങ്ങൾ എനിക്കറിയാം. ഈ പ്രസ്ഥാനം ആരംഭിച്ചതു് ഒട്ടുംതന്നെ നേരത്തെയായിട്ടില്ല.

ഈ പ്രസ്ഥാനം ഉത്ഭവിച്ചതു രസാവഹമായ ഒരു രീതിയിലാണു്. തന്റെ ഭാര്യയെ പർദയുടെ ദ്രോഹത്തിൽനിന്നു മോചിപ്പിക്കണമെന്നു് ഒരു ഖാദിപ്രവർത്തകനായ ബാബു രാമാനന്ദമിശ്രയ്ക്കു് ആഗ്രഹമുണ്ടായിരുന്നു. ആ പെൺകുട്ടി ആശ്രമത്തിലേക്കു വരുന്നതു അദ്ദേഹത്തിന്റെ കുട്ടുകാർക്കു സമ്മതമല്ലാതിരുന്നതിനാൽ ആശ്രമത്തിൽനിന്നു രണ്ടു ബാലികമാരെ തന്റെ ഭാര്യയ്ക്കു ചങ്ങാതിമാരാകാൻ അദ്ദേഹം കൊണ്ടുപോയി. അവരിലൊരുവൾ—മഗൻലാൽ ഗാന്ധിയുടെ പുത്രിയായ രാധാബഹൻ—അദ്ധ്യാപികയാകാമെന്നു വച്ചിരുന്നു. പരേതനായ ദാൽബഹദൂർഗിരിയുടെ പുത്രി ദുർഗാദേവിയും അവളുടെകൂടെ പോയി. മിസ്സിസ് മിശ്രയെക്കൊണ്ടു പർദ ഉപേക്ഷിപ്പിക്കുവാനുള്ള ശ്രമങ്ങളെ ആ പെൺകുട്ടിയുടെ മാതാപിതാക്കൾ എതിർത്തു. ആ പെൺകുട്ടികൾ എല്ലാ ബുദ്ധിമുട്ടുകളും സഹിച്ചുനിന്നു. ഇങ്ങനെയിരിക്കെ തന്റെ മകളെ കാണാനും എല്ലാ വിഷമതകളേയും ചെറുത്തുനിന്നു പരിശ്രമങ്ങൾ തുടരാൻ അവളെ ഉപദേശിക്കുവാനുമായി മഗൻലാൽ ഗാന്ധി എത്തി. രാധാബെ

digitized by www .sreyas.in

ഹൻ ജോലി ചെയ്യുന്ന ഗ്രാമത്തിൽവച്ച് അദ്ദേഹം രോഗിയായി ത്തീരുകയും പാററ്നയിൽവച്ച് മരിക്കുകയും ചെയ്തു. അതിനാൽ പർദയ്ക്കെതിരായി പൊരുതേണ്ടതു തങ്ങളുടെ അഭിമാനം ആവശ്യപ്പെടുന്ന ഒരു കർത്തവ്യമായി ബീഹാർ സുഹൃത്തുക്കൾ കരുതി. രാധാബെഹൻ തൻെറ ശിഷ്യയെ ആശ്രമത്തിലേക്കു കൊണ്ടുപോന്നു. ആശ്രമത്തിലേക്കുള്ള അവളുടെ വരവു കൂടുതൽ കശപിശയ്ക്കു കാരണമാവുകയും കൂടുതൽ വീറോടുകൂടി ആ സമരത്തിൽ ഇറങ്ങുവാൻ മുമ്പു തന്നെ അതിനു സന്നദ്ധനായിക്കഴിഞ്ഞിരുന്ന ഭർത്താവിനെ നിർബന്ധിക്കുകയും ചെയ്തു. അങ്ങനെ വ്യക്തിപരമായ ചെറിയൊരു ബന്ധമുള്ള ഈ സമരം ശക്തിപൂർവ്വം നടത്തപ്പെടുമെന്ന് ഉറപ്പിക്കാം. അതിൻെറ തലപ്പത്തുള്ളതു ബീഹാറിലെ തഴക്കംചെന്ന ഭടനും അനവധി സമരങ്ങളുടെ നായകനുമായ ബ്രജകിശോർ പ്രസാദാണ്. അദ്ദേഹത്തിൻെറ നേതൃത്വത്തിലുള്ള ഒരു സമരവും തളരാൻ ഇടവന്നതായി ഞാൻ ഓർക്കുന്നില്ല.

ബീഹാറിലെ ജനങ്ങളിൽ പകുതിഭാഗം (സ്ത്രീകൾ) സാമൂഹ്യസേവനം ചെയ്യുന്നതിനെ ക്രൂരമായി വിലക്കുന്നതും, മിക്കപ്പോഴും അതിനു സ്വാതന്ത്ര്യവും വെളിച്ചത്തിൻെറയും ശുദ്ധവായുവിൻെറയും ഉപയോഗംപോലും നിഷേധിക്കുന്നതുമായ സമ്പ്രദായത്തിനെതിരെ കടുത്ത ഒരു സമരംആരംഭിക്കുവാനുള്ള ദിവസമായി വരുന്ന ജൂലൈ 8—ാം തീയതി പ്രസ്തുത അഭ്യർത്ഥനയിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ സാമൂഹ്യ ദോഷങ്ങളിൽ പലതും സ്വരാജ്യത്തിൻെറ നേർക്കുള്ള നമ്മുടെ പ്രയാണത്തെ തടസ്സപ്പെടുത്തുന്നുണ്ടെന്ന് എത്രയും വേഗം നാം മനസ്സിലാക്കുന്നുവോ അത്രയേറെയായിരിക്കും പ്രിയപ്പെട്ട ആ ലക്ഷ്യത്തിൻെറ നേർക്കുള്ള നമ്മുടെ പുരോഗതി. സ്വരാജ്യപ്രാപ്തി വരെ സാമൂഹ്യപരിഷ്കാരം നീട്ടിവയ്ക്കുകയെന്നുവച്ചാൽ സ്വരാജ്യം എന്താണെന്ന് അറിയാതിരിക്കലാണ്. നിശ്ശേഷമാകാൻ നമ്മുടെ ഉത്തമാർദ്ധത്തെ നാം അനുവദിച്ചാൽ ആത്മരക്ഷ ചെയ്യാനോ മററു രാജ്യങ്ങളുമായി ഉചിതമായി മത്സരിക്കുവാനോ തീർച്ചയായും നാം അസമർത്ഥരായിത്തീരും.

അതിനാൽ പർദയ്ക്കെതിരായ ഈ സമരം ഉത്സാഹപൂർവം ഏറെറടുത്തതിൽ ബീഹാറിലെ നേതാക്കന്മാരെ ഞാൻ അഭിനന്ദിക്കുന്നു. മൊത്തത്തിൽ എല്ലാ പരിഷ്കാരത്തിൻെറയും വിജയം—ഇതിൻേറതു വിശേഷിച്ചും—പ്രവർത്തകരുടെ പരിശുദ്ധിയെ ആശ്രയിച്ചാണു നിൽക്കുന്നതു്. വളരെയേറെ സംഗതികൾ ഈ അഭ്യർത്ഥനയിൽ ഒപ്പിട്ട സ്ത്രീകളെ ആശ്രയിച്ചു നിൽക്കുന്നു. പർദ ഉപേക്ഷിച്ചതിനുശേഷവും ഭാരതീയസ്ത്രീത്വത്തിൻേറതായ ആ പണ്ടത്തെ ശാലീനത അവർ നിലനിർത്തുകയും വമ്പിച്ച വിഷമഘട്ടങ്ങളിൽ പോലും ധൈര്യവും ദൃഢനിശ്ചയവും പ്രകടിപ്പിക്കുകയും ചെയ്താൽ

digitized by www .sreyas.in

സ്വന്തം പരിശ്രമത്തെ അചിരേണ വിജയം കാത്തുനിൽക്കുന്നതായി അവർക്കു കാണാം. വേണ്ടതുപോലെ നടത്തപ്പെട്ടാൽ പർദയ്ക്കെതിരായ ഈ സമരം ബീഹാറിലെ സ്ത്രീപുരുഷന്മാർക്കു ശരിയായ ഒരു ബഹുജനവിദ്യാഭ്യാസമായിരിക്കും.

## 20

ഈ മാസം 8–ാം തീയതി ബീഹാറിലെ പല പ്രധാന കേന്ദ്രങ്ങളിലും പർദയ്ക്കെതിരായി നടത്തപ്പെട്ട സംഘടിതമായ പ്രകടനങ്ങൾ അവ ഏർപ്പാടുചെയ്തവരുടെ പ്രതീക്ഷകളെ അതിശയിക്കുമാറു വിജയകരമായിരുന്നുവെന്നു് ഒരു ബീഹാറിസുഹൃത്തിന്റെ എഴുത്തിൽ കാണുന്നു. പാററ്നാസമ്മേളനത്തെക്കുറിച്ചു 'സർച്ചലൈററി'ൽ കൊടുത്ത റിപ്പോർട്ടു് ഇങ്ങനെ ആരംഭിക്കുന്നു:

'കഴിഞ്ഞ ഞായറാഴ്ച ജൂലൈ 8–ാം തീയതി പാററ്നയിലെ രാധികാസിൻഹാ ഇൻസ്റ്റിററ്യൂട്ടിൽവച്ചു നടത്തപ്പെട്ടതും സ്ത്രീകളും പുരുഷന്മാരും പങ്കുകൊണ്ടതുമായ സമ്മേളനത്തിൽ അദൃഷ്ടപൂർവമായ കാഴ്ച കാണപ്പെട്ടു. കനത്ത മഴയുണ്ടായിരുന്നിട്ടും—ഭാഗ്യവശാൽ സമ്മേളനസമയത്തു് ഇതു നിലച്ചു—ആ യോഗം അപ്രതീക്ഷിതമായവിധം വമ്പിച്ചതായിരുന്നു. വാസ്തവത്തിൽ രാധികാസിൻഹാ ഇൻസ്റ്റിററ്യൂട്ടിലെ വിശാലമായ ഹാളിന്റെ പകുതിഭാഗവും സ്ത്രീകളെക്കൊണ്ടു നിബിഡമായിരുന്നു. അവരിൽ മുക്കാൽപങ്കും ഒരുദിവസം മുമ്പുവരെ, അല്ലാ, ഒരുമണിക്കൂർ മുമ്പുവരെ പർദ ആചരിച്ചുപോന്നവരുമായിരുന്നു.'

ആ സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ട പ്രമേയത്തിന്റെ വിവർത്തനമാണു ചുവടെ ചേർക്കുന്നതു്:

'ഈ രാജ്യത്തിനു, വിശേഷിച്ചും സ്ത്രീകൾക്കു, നിസ്സീമമായ ദോഷം ചെയ്തിട്ടുള്ളതും ഇന്നും ചെയ്തുകൊണ്ടിരിക്കുന്നതുമായ പർദയെന്ന അനാചാരത്തെ ഇന്നു കൈവെടിഞ്ഞതായി ഇവിടെ സമ്മേളിച്ച പാററ്നയിലെ സ്ത്രീപുരുഷന്മാരായ ഞങ്ങൾ ഇതിനാൽ പ്രഖ്യാപിക്കുകയും കഴിയുന്നത്ര വേഗത്തിൽ ഈ സമ്പ്രദായം ഉപേക്ഷിച്ചു് സ്വന്തം ആരോഗ്യവും വിദ്യാഭ്യാസവും വർദ്ധിപ്പിക്കുവാനും ഈ സംസ്ഥാനത്തിലെ ഇനിയും ശങ്കവിടാത്ത മററു സ്ത്രീകളോടു് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.'

പർദയ്ക്കെതിരായി ഊർജ്ജിതമായി പ്രചാരവേല നടത്തുവാനും ബീഹാർ സംസ്ഥാനത്തിൽ സ്ത്രീവിദ്യാഭ്യാസം പ്രചരിപ്പിക്കുവാനുമായി ആ സമ്മേളനത്തിൽവച്ചു് ഒരു താൽക്കാലികക്കമ്മിററി രൂപ

20. Young India, 26–7–1928 (Women and Social Injustice, pp. 99–100)

digitized by www .sreyas.in

വൽക്കരിക്കപ്പെട്ടു. സംസ്ഥാനത്തിലെ ഓരോ പട്ടണത്തിലും ഓരോ ഗ്രാമത്തിലും മഹിളാസമിതികൾ രൂപവൽക്കരിക്കേണ്ടതാണെന്ന് മൂന്നാമതൊരു പ്രമേയം ഉപദേശിച്ചിരിക്കുന്നു. സ്ത്രീകൾക്ക കുറച്ചുകാലം താമസിക്കാവുന്നതും, 'നല്ല ഭാര്യ'മാരും 'യോഗ്യതയുള്ള'അമ്മമാരും രാജ്യത്തിന് 'ഉപകാരമുള്ള സേവികരു'മായിത്തീരാൻ തക്ക പരിശീലനം നേടാവുന്നതുമായ മഹിളാശ്രമങ്ങൾ പലയിടത്തും സ്ഥാപിക്കണമെന്ന് അത്ഥം വരുന്ന നാലാമതൊരു പ്രമേയവും പാസ്സാക്കപ്പെട്ടു ഈ ആവശ്യത്തിനായി അവിടെവച്ചുതന്നെ 5,000 രൂപയിലധികം വാഗ്ദാനം ചെയ്യപ്പെട്ടു. 25 രൂപ മുതൽ 250 രൂപ വരെ എന്തെങ്കിലും കൊടുത്തവരെയും ദാതാക്കളുടെ കൂട്ടത്തിൽ കാണുന്നു. ബീഹാറിന്റെ പല ഭാഗങ്ങളിലും ഇത്തരം സമ്മേളനങ്ങൾ ഉണ്ടായതായി പ്രസ്തുത പത്രത്തിൽ കാണുന്നു. ഈ പ്രസ്ഥാനം നല്ലപോലെ സംഘടിപ്പിക്കുകയും നിഷ്ഠയോടുകൂടി നടത്തുകയും ചെയ്താൽ പർദ നാമാവശേഷമായിത്തീരും. പാശ്ചാത്യമോടികൾ നടപ്പിൽ വരുത്താനുള്ള പ്രസ്ഥാനമല്ല ഇതെന്ന് അറിഞ്ഞിരിക്കേണ്ടതാണ്. പ്രകൃത്യാ യാഥാസ്ഥിതികന്മാരെങ്കിലും ഹിന്ദുസമുദായത്തിലേക്ക് ഇഴഞ്ഞുകയറിയ തിന്മകൾ തീണ്ടിയിട്ടില്ലാത്ത നേതാക്കന്മാർ നടത്തുന്ന സ്വദേശ്യമായ, യാഥാസ്ഥിതികമായ ഒരു പരിശ്രമമാണിത്. അകലെ ലണ്ടനിലിരുന്ന് ഈ പ്രസ്ഥാനത്തെ ഉററുനോക്കുകയും സഹായിക്കുകയും ചെയ്യുന്ന ബാബു ബ്രജകിശോർപ്രസാദും ബാബു രാജേന്ദ്രപ്രസാദും ഇന്ത്യക്കാരുടെ പാശ്ചാത്യമോടികൾ സ്വീകരിച്ച മാതൃകകളല്ല. അവർ യാഥാസ്ഥിതിക ഹിന്ദുക്കളും ഇന്ത്യൻസംസ്കാരത്തെയും പാരമ്പര്യത്തെയും സ്നേഹിക്കുന്നവരും ആണ്. അവർ പാശ്ചാത്യരെ അന്ധമായി അനുകരിക്കുന്നില്ലെങ്കിലും അവരിലുള്ള നന്മകളെ സ്വീകരിക്കുവാൻ മടിക്കുന്നില്ല. അതിനാൽ ഇന്ത്യൻസംസ്കാരത്തിൽ അമൂല്യമായുള്ളതെല്ലാം, വിശേഷിച്ചും ഇന്ത്യൻസ്ത്രീത്വത്തിന്റെ സവിശേഷതകളായ സ്ത്രൈണലാവണ്യവും വിനയവും എങ്ങനെയെങ്കിലും നശിപ്പിക്കുവാനുള്ളതാണ് ഈ പ്രസ്ഥാനമെന്ന് ഭീരുക്കളും സംശയാലുക്കളും ഭയപ്പെടേണ്ട ആവശ്യം തീരെയില്ല.

## ഇ. സ്ത്രീകളും ആഭരണങ്ങളും

### 21

മഹേന്ദ്രൻ സിലോണിൽ വന്ന കാലത്തു മാതൃഭൂമിയുടെ സന്താനങ്ങൾ ഭൗതികമായോ ആത്മീയമായോ പട്ടിണി കിടക്കുകയായിരുന്നില്ല; ഞങ്ങളുടെ ഗൃഹങ്ങൾ ഉച്ചങ്ങളായിരുന്നു; ആ ശ്രേയസ്സിൽ നിങ്ങളും പങ്കുകൊണ്ടു. ഇന്നവർ പട്ടിണികിടക്കുകയാണ്. അവ

21. Young India, 8–12-1927 (Women and Social Injustice,pp.90-91)

digitized by www .sreyas.in

ക്കവേണ്ടിയാണു പിച്ചപ്പാത്രവുമായി ഞാൻ വന്നിട്ടുള്ളതു്. അവരുമായുള്ള ബന്ധം നിങ്ങൾ നിഷേധിക്കുന്നില്ലെങ്കിൽ നിങ്ങൾ എനിക്കു നിങ്ങളുടെ പണം മാത്രം തന്നാൽപ്പോരാ, മററു പലേടങ്ങളിലെയും സഹോദരിമാർ ചെയ്തതുപോലെ നിങ്ങളുടെ ആഭരണങ്ങളും തരണം. സഹോദരിമാർ വല്ലാതെ ആഭരണം അണിഞ്ഞുകാണുമ്പോൾ എൻെറ കൊതിയുള്ള കണ്ണുകൾ അവരുടെ ആഭരണങ്ങളിൻമേൽ പതിയുന്നു. ആഭരണങ്ങൾ ചോദിക്കുന്നതിൽ ഒരു ഗൂഢോദ്ദേശ്യം കൂടിയുണ്ടു്; അതായതു് ആഭരണഭ്രാന്തിൽനിന്നു സ്ത്രീകളെ പിൻതിരിപ്പിക്കുക. മററു സഹോദരിമാരോടു കാണിക്കുന്ന സ്വാതന്ത്ര്യം എനിക്കു നിങ്ങളോടും കാണിക്കാമെങ്കിൽ, ഞാൻ ചോദിക്കട്ടെ, പുരുഷന്മാരേക്കാൾ അധികം ആഭരണം അണിയുവാൻ സ്ത്രീകളെ പ്രേരിപ്പിക്കുന്നതെന്താണെന്നു്? പുരുഷനെ സന്തോഷിപ്പിക്കുവാനാണു തങ്ങൾ അപ്രകാരം ചെയ്യുന്നതെന്നു് എൻെറ സ്ത്രീസുഹൃത്തുക്കൾ പറയുന്നു. ലോകകാര്യങ്ങളിൽ സ്വന്തം പങ്കു വഹിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പുരുഷനെ സന്തോഷിപ്പിക്കുവാൻവേണ്ടി ആഭരണങ്ങൾ അണിയുവാൻ നിങ്ങൾ കൂട്ടാക്കാതിരിക്കണമെന്നു ഞാൻ നിങ്ങളോടു പറയുന്നു. ഒരു സ്ത്രീയായിട്ടാണു ഞാൻ ജനിച്ചിരുന്നതെങ്കിൽ സ്ത്രീ തൻെറ കളിപ്പാട്ടമാകാൻവേണ്ടി പിറന്നവളാണെന്ന പുരുഷൻെറ നാട്യത്തെ ഞാൻ എതിർക്കും. സ്ത്രീയുടെ ഹൃദയത്തിലേക്കു നുഴഞ്ഞുകയറുവാൻവേണ്ടി ഞാൻ മനസാ സ്ത്രീയായിത്തീർന്നിരിക്കുന്നു. ഞാൻ ആദ്യം പെരുമാറിപ്പോന്നതിൽനിന്നു വ്യത്യസ്തമായ നിലയിൽ പെരുമാറുന്നതുവരെ എൻെറ ഭാര്യയുടെ ഹൃദയത്തിലേക്കു പ്രവേശിക്കുവാൻ എനിക്കു സാധിച്ചില്ല. അതിനാൽ ഭർത്താവെന്ന നിലയിലുള്ള എൻെറ അവകാശങ്ങളെല്ലാം ഉപേക്ഷിച്ചു് അവളുടെ അവകാശങ്ങളെല്ലാം ഞാൻ അവൾക്കു വീണ്ടെടുത്തുകൊടുത്തു. കണ്ഠാഭരണമോ, വിശേഷവസ്ത്രങ്ങളോ അവളുടെ ദേഹത്തിൽ നിങ്ങൾ കാണുന്നില്ല. നിങ്ങളും അതുപോലെയായിത്തീരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സ്വന്തം മോഹങ്ങളുടെയും പുരുഷന്മാരുടെയും അടിമകളാകാൻ കൂട്ടാക്കാതിരിക്കുക. വേഷഭൂഷകളണിയുവാൻ കൂട്ടാക്കാതിരിക്കുക. സെൻറു് മുതലായ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കാതിരിക്കുക. സുഗന്ധം കൂടിയേ കഴിയുവെങ്കിൽ അതു നിങ്ങളുടെ ഹൃദയത്തിൽനിന്നു വരണം. എന്നാൽ പുരുഷനെ മാത്രമല്ല, മനുഷ്യജാതിയെ മുഴുവൻ നിങ്ങൾ ആകർഷിക്കും. അതു നിങ്ങളുടെ ജന്മാവകാശമാണു്. സ്ത്രീയിൽനിന്നുണ്ടായതാണു പുരുഷൻ; അവൻെറ അസ്ഥിയും മാംസവും അവളുടേതാണു്. സ്വന്തം കാലുകളിൽ ഉറച്ചുനിന്നു്, വീണ്ടും നിങ്ങളുടെ സന്ദേശം പ്രചരിപ്പിക്കുക.

തോട്ടങ്ങളിൽ പണിചെയ്യുന്ന നിങ്ങളുടെ സഹോദരിമാരുടെ ഭയങ്കരസ്ഥിതി നിങ്ങൾക്കറിയാമോ? അവരെ സ്വന്തം സഹോദരിമാരായി കരുതുക. അവരുടെ ഇടയിലേക്കു ചെല്ലുക, ശുചീകര

digitized by www .sreyas.in

ണനത്തെക്കുറിച്ചുള്ള നിങ്ങളുടെ മേന്മകൂടിയ അറിവുകൊണ്ടും നിങ്ങളുടെ കഴിവുകൾകൊണ്ടും അവരെ സേവിക്കുക. അവരെ സേവിക്കുന്നതാകട്ടെ നിങ്ങളുടെ മാന്യത. സ്വന്തം വീടിനടുത്തുതന്നെ സേവനസൗകര്യമില്ലേ? തെമ്മാടികളും മദ്യപന്മാരും സമുദായദ്രോഹികളുമായ പുരുഷന്മാരുണ്ട്. കള്ളന്മാരുടെയും ചൂതുകളിക്കാരുടെയും കൊള്ളക്കാരുടെയും സങ്കേതങ്ങളിലേക്കു രക്ഷാസൈന്യത്തിലെ ബാലികമാർ പോകുന്നതുപോലെ അത്ര നിർഭയമായി അവരുടെ ഇടയിൽച്ചെന്നു തെമ്മാടിത്തത്തിൽനിന്നു് അവരെ പിൻതിരിപ്പിക്കുക, അവരുടെ കാൽക്കൽ നമസ്കരിച്ചു് അവരെ സ്വാധീനരാക്കുക. ആ സേവനം ഈ വിശേഷവസ്ത്രങ്ങളെക്കാൾ നിങ്ങൾക്കു ഭൂഷണമായിത്തീരും. നിങ്ങളെനിക്കു തരുന്ന പണത്തിന്റെ ട്രസ്റ്റിയായി പ്രവർത്തിച്ചു്, അതു ഞാൻ സാധുക്കൾക്കായി വിതരണം ചെയ്യും. ഞാനിപ്പോൾ നിങ്ങൾക്കു നൽകിയ ഈ സന്ദേശത്തിനു നിങ്ങളുടെ ഹൃദയത്തിൽ സ്ഥാനം ലഭിക്കുമാറാകട്ടെ!

## 22

തമിഴ്നാട്ടിൽനിന്നു് ഒരു ലേഡിഡോക്ടർ ഒരെഴുത്തും അതിൽ പറഞ്ഞ ആഭരണങ്ങളും അയയ്ക്കുന്നു. ആ എഴുത്തു് എന്റെ അഭിപ്രായത്തിൽ, ആ ദാനത്തിന്റെ വില വർദ്ധിപ്പിക്കുന്നതുകൊണ്ടും മററുള്ളവർക്കു് ഒരു മാതൃകയായിത്തീർന്നേക്കാമെന്നതുകൊണ്ടും, അതിന്റെ ചുരുക്കം, ദാതാവായ രാജാവിന്റെ പേരും സ്ഥലവും വിട്ടുകളഞ്ഞു് ഞാൻ ചുവടെ ചേർക്കുന്നു:

'12 കൊല്ലംമുമ്പു് രാജാവിനു് ഒരവകാശി ജനിച്ചപ്പോൾ..... കൊട്ടാരത്തിൽ ഞാൻ ചെയ്ത സേവനം സ്മരിച്ചുകൊണ്ടു് എനിക്കു നൽകിയ ഒരു വൈരമോതിരവും ഒരു ജോടി കർണ്ണാഭരണവും ഇന്നലെ ഞാൻ പാഴ്സലായി അങ്ങേയ്ക്കു് അയച്ചിട്ടുണ്ടെന്നു് അറിയാൻ മാത്രം രണ്ടുവരി. അങ്ങു് അടുത്തുകൂടെ കടന്നുപോയപ്പോൾ സ്വന്തം സ്ഥലത്തേക്കു് അങ്ങയെ ക്ഷണിക്കാനുള്ള ധൈര്യം രാജാവിനുണ്ടായില്ലെന്നു് അറിഞ്ഞപ്പോൾ എനിക്കു വലിയ വ്യസനം തോന്നി; ഗവർമെൻറിനെക്കുറിച്ചുള്ള പേടികൊണ്ടാണു് അങ്ങനെ സംഭവിച്ചതെന്നു് എന്നോടു പറഞ്ഞു. മുമ്പു ഞാൻ പോകുന്നിടത്തെല്ലാം എന്റെ കൂടെയുണ്ടാകാറുള്ള ഈ ആഭരണങ്ങൾ അങ്ങയുടെ സന്ദർശനത്തിനുശേഷം എന്നിലുളവാക്കിയ വികാരങ്ങൾ അങ്ങേയ്ക്കു ഊഹിക്കാൻ കഴിയും. ഇപ്പോൾ അവയുടെ നേരെ നോക്കിയപ്പോൾ എന്റെ മനസ്സിൽ വിദ്വേഷം ഉദിച്ചു; പിന്നീടതു് അങ്ങു പറഞ്ഞ പട്ടിണിക്കാരായ ജനകോടികളെക്കുറിച്ചുള്ള സഹതാപമായി മാറി. ഞാൻ തന്നത്താൻ പറഞ്ഞു: 'ഈ ആഭരണങ്ങൾ ജനങ്ങളുടെ പണംകൊണ്ടു് ഉണ്ടാക്കിയവയല്ലേ? അവ എന്റെ സ്വന്തമാക്കിവയ്ക്കു

22. Young India 5-4-1928 (Women and Social Injustice, pp.92-93).

digitized by www .sreyas.in

വാൻ എനിക്കെന്തവകാശമാണുള്ളതു്?' എന്നിട്ടു് അവ അങ്ങേക്കയച്ചുതരുവാൻ ഞാൻ തീരുമാനിച്ചു. ഖാദിസേവനത്തിനായി അങ്ങേയ്ക്കു് അവ ഉപയോഗിക്കാം; പട്ടിണിക്കാരിൽ ചിലരെ അങ്ങനെ സഹായിക്കാം. എൻെറ പെട്ടിയുടെ ഒരു മൂലയിൽ കിടക്കുന്നതിനേക്കാൾ ഇതാണു കൂടുതൽ പ്രയോജനകരമെന്നു് എനിക്കു തോന്നുന്നു. അവയ്ക്കു 500 രൂപ വിലകിട്ടുമെന്നു് ഒരു സ്നേഹിതൻ പറഞ്ഞു. തന്മൂലം ആ സംഖ്യയ്ക്കു അതു് ഇൻഷ്വർചെയ്തിരിക്കുന്നു. ഈ സാധനങ്ങൾ അങ്ങേയ്ക്കു് അയച്ചുതരുന്നതിൻെറ പരിതഃസ്ഥിതികൾ മനസ്സിലാക്കി ഉദാരനായ ആരെങ്കിലും അവയ്ക്കു് ആ യഥാൎത്ഥ വിലയെക്കാൾ കൂടുതൽ തരാനിടവരട്ടെ എന്നു മാത്രമേ എനിക്കു് ഇനി ആശിക്കാനുള്ളൂ. ഈ എഴുത്തു് അങ്ങേയ്ക്കു യഥേഷ്ടം ഉപയോഗിക്കാം.'

' ഭയത്തിനു കാരണമില്ലാത്തപ്പോഴും നാം അതു സങ്കൽപ്പിച്ചുണ്ടാക്കുന്നതു് ആശ്ചര്യകരമാണു്. ഖാദിയെയും തദ്വാരാ സാധുക്കളേയും—എന്തൊക്കെപ്പറഞ്ഞാലും അവരിൽനിന്നാണല്ലോ ഈ എഴുത്തിൻെറ ഉടമസ്ഥ ശരിക്കു് അഭിപ്രായപ്പെട്ടതുപോലെ രാജാക്കന്മാർ അവരുടെ ധനം സമ്പാദിക്കുന്നതു്—പരസ്യമായും സന്തോഷത്തോടുകൂടിയും സഹായിക്കുന്ന വളരെ രാജാക്കന്മാരുണ്ടു്. ഖാദിക്കു് ഒരു രാഷ്ട്രീയപ്രാധാന്യമുണ്ടെന്നതു ശരിതന്നെ. എങ്കിലും ഖാദിയെ സഹായിക്കുന്നതു കുററമാണെന്നു ഗവർമെൻറിനു നിർഭയം പ്രഖ്യാപിക്കാവുന്ന ഒരു ദശയിൽ നാമിനിയും എത്തിക്കഴിഞ്ഞിട്ടില്ല. മനുഷ്യോപകാരപ്രദമായ ഏതു പ്രസ്ഥാനത്തെയും രാഷ്ട്രീയാവശ്യത്തിനു പയോഗിക്കാം; എന്നാലും,ആ കാരണംകൊണ്ടു ലോകോപകാരപ്രദമായ വശത്തെ സംബന്ധിച്ചുപോലും അതു ബഹിഷ്കരിക്കപ്പെടുന്ന കാലം കഷ്ടകാലംതന്നെയാണു്. പക്ഷേ, ഖാദിയെ സഹായിക്കുന്നതിനും എന്നെപ്പോലുള്ള ഒരു പൊതുജനസേവകനോടു സാധാരണ മര്യാദപോലും കാണിക്കുന്നതിനുമുള്ള ഭയം ഈ ലേഡിഡോക്ടർ പറഞ്ഞ രാജാവിനുമാത്രമല്ല ഉള്ളതു്. എങ്കിലും രാജാവു് എന്നെ ബഹിഷ്കരിച്ചതു് ഈ ദാനത്തിനു പ്രേരകമായി എന്നതു നല്ല കാര്യംതന്നെ. പക്ഷേ, കോടിക്കണക്കിലുള്ള പട്ടിണിക്കാരോടു തനിക്കുള്ള കടമയെപ്പററിച്ചിന്തിക്കുവാൻ ഈ സഹോദരിയെ പ്രേരിപ്പിച്ചതുപോലുള്ള സന്ദർഭങ്ങൾ അവളെ അനുകരിക്കുവാൻ കഴിവുണ്ടാകുന്നതിനു് ആവശ്യമില്ലെന്നു് ഈ കുറിപ്പു വായിക്കാൻ ഇടവരുന്ന സഹോദരികൾ മനസ്സിലാക്കിയാൽ കൊള്ളാം. തൊഴിലില്ലായ്മ നിമിത്തം പട്ടിണികിടക്കുന്ന കോടാനുകോടി സ്ത്രീപുരുഷന്മാർ ഈ രാജ്യത്തിലുള്ളിടത്തോളം കാലം ശരീരാലങ്കാരത്തിനോ കൈവശംവയ്ക്കുന്നതിലുള്ള വെറും സന്തോഷത്തിനോവേണ്ടി വിലപിടിച്ച ആഭരണങ്ങൾ ശേഖരിക്കുന്നതിൽ യാതൊരു ന്യായവുമില്ലെന്നു മനസ്സിലാക്കുക തീർച്ചയായും എളുപ്പമാണു്. ഈ ഏടുക

digitized by www .sreyas.in

ളിൽ ഞാൻ ഇതിനുമുമ്പും പറഞ്ഞിട്ടുള്ളതുപോലെ ഇന്ത്യയിലെ പണക്കാരായ സ്ത്രീകൾ ആഡംബരങ്ങൾ വെടിയുകയും ഖാദി നൽകുന്ന അലങ്കാരംകൊണ്ടു മാത്രം സംതൃപ്തരാവുകയും ചെയ്യുമെങ്കിൽ ഖാദിപ്രസ്ഥാനത്തിനുവേണ്ട പണം മുഴുവൻ ഉണ്ടാക്കാൻ കഴിയും; ഇത്തരമൊരു നടപടി രാഷ്ട്രത്തിൽ വിശിഷ്യ പട്ടിണിപ്പാവങ്ങളിൽ ഉളവാക്കുന്ന അനൽപ്പമായ ഫലത്തെക്കുറിച്ചു പറയാനുമില്ല.

## 23

ഞാൻ സ്ത്രീകളോട് ആഭരണങ്ങൾ ആവശ്യപ്പെടുന്നതിനെയും സംഭാവനയായി കിട്ടുന്ന സാധനങ്ങൾ ലേലം വിളിക്കുന്നതിനെയും വിമർശിക്കുന്ന ഒരു ഖണ്ഡിക ഒരു വർത്തമാനപത്രത്തിൽ കാണുകയുണ്ടായി. എന്റെ സമ്മേളനങ്ങളിൽ പങ്കുകൊള്ളുന്ന ആയിരക്കണക്കിലുള്ള സ്ത്രീകൾ അവർ ധരിക്കുന്ന ആഭരണങ്ങൾ, മുഴുവനുമില്ലെങ്കിൽ, മിക്കവയും എനിക്കു തരണമെന്നു ഞാൻ ആവശ്യപ്പെടുക തന്നെ ചെയ്യും. കോടാനുകോടി ജനങ്ങൾ മുറിപ്പട്ടിണി കിടക്കുകയും എൺപതു ശതമാനം ജനങ്ങൾ വേണ്ടത്ര പോഷകാഹാരങ്ങളില്ലാതെ കഴിഞ്ഞുകൂട്ടുകയും ചെയ്യുന്ന ഈ രാജ്യത്തിൽ ആഭരണംധരിക്കൽ കണ്ണിനോട്ടു ചെയ്യുന്ന ഒരു ദ്രോഹമാണ്. സ്വന്തമെന്നു പറയാവുന്ന പണമൊന്നും ഇന്ത്യയിലെ സ്ത്രീകൾക്കില്ല. എങ്കിലും അവർ ധരിക്കുന്ന ആഭരണം അവളുടേതുതന്നെയാണ്—തന്റെ നാഥനും യജമാനനുംആയ ആളുടെ സമ്മതംകൂടാതെ അതു് അവൾ ആർക്കും കൊടുക്കുകയില്ലെങ്കിലും, കൊടുക്കാൻ ധൈര്യപ്പെടുകയില്ലെങ്കിലും, സ്വന്തമെന്നു വിളിക്കാവുന്ന എന്തെങ്കിലുമൊന്നു് ഒരു നല്ലകാര്യത്തിനുവേണ്ടി ഉപേക്ഷിക്കുന്നതു് അവൾക്കു ശ്രേയസ്കരമാണ്. എന്നല്ല മിക്ക ആഭരണങ്ങളും യാതൊരു കലാഭംഗിയുമില്ലാത്തവയാണ്; ചിലതു തികച്ചും വികൃതങ്ങളും വൃത്തികേടിന്റെ കലവറകളുമാണ്. പാദസരങ്ങൾ, കനത്ത കർണ്ണാഭരണങ്ങൾ, തലമുടി ഒതുക്കിവയ്ക്കാനല്ലാതെ, കഴുകാത്തതും ചീകിയൊതുക്കാത്തതും പലപ്പോഴും ദുർഗന്ധം വമിക്കുന്നതുമായ മുടിക്ക് അലങ്കാരമായി ധരിക്കുന്ന കൊളുത്തുകൾ, മണിക്കണ്ഠം മുതൽ കൈമുട്ടുവരെ കിടക്കുന്ന വളകൾ — ഇതെല്ലാം ഇത്തരത്തിൽപ്പെട്ടവയാണ്. എന്റെ അഭിപ്രായത്തിൽ വിലപ്പെട്ട ആഭരണങ്ങൾ ധരിക്കുന്നതു രാജ്യത്തിനു സ്പഷ്ടമായ ഒരു ചേതമാണ്. അതു മുങ്ങിക്കിടക്കുന്നതോ തേഞ്ഞുപോകാൻ വിട്ടതോ ആയ മൂലധനമാണ്. ആത്മശുദ്ധീകരണത്തിനുവേണ്ടിയുള്ള ഈ പ്രസ്ഥാനത്തിൽ സ്ത്രീകളോ പുരുഷന്മാരോ ആഭരണങ്ങൾ ഉപേക്ഷിക്കുന്നതു സമുദായത്തിനു വ്യക്തമായൊരു നേട്ടമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഉപേക്ഷിക്കുന്നവർ അപ്രകാരം ചെയ്യുന്നതു സന്തോഷപൂർവമാണ്. ഉപേക്ഷിച്ചതിനുപകരം വേറെ

---

23. Harijan, 22–12–1933(Women and Social Injustice, pp.93-94)

ആഭരണം ധരിക്കരുതെന്നതു ഞാൻ എപ്പോഴും നിശ്ചയിക്കാറുള്ള വ്യവസ്ഥയാണ്. തങ്ങളെ അടിമകളാക്കിത്തീർത്ത സാധനങ്ങൾ വെടിയുവാൻ പ്രേരിപ്പിച്ചതിനു സ്ത്രീകൾ എന്നെ അനുഗ്രഹിക്കുക തന്നെ ചെയ്തിട്ടുണ്ട്. തങ്ങളുടെ ഗൃഹങ്ങളിലേക്കു ലാളിത്യം കൊണ്ടുവരാൻ നിമിത്തമായതിന് എന്നോടു പലപ്പോഴും പുരുഷന്മാരും നന്ദി പറഞ്ഞിട്ടുണ്ട്.

## II

## സ്ത്രീപുരുഷബന്ധം, വിവാഹം എന്നിവ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ

### എ. ലൈംഗികാകർഷണം

1

വ്യക്തികൾക്കായാലും രാഷ്ട്രങ്ങൾക്കായാലും, ജീവിതത്തിലെ ഓരോ രംഗത്തിലും സ്വീകരിക്കുവാൻവേണ്ടി സത്യവും അഹിംസയും കാണിച്ചുകൊടുത്തതാണ് ഈ പ്രശ്നപരിഹാരത്തിലേക്കുള്ള എൻെറ മഹത്തായ സംഭാവന. ഇക്കാര്യത്തിൽ സ്ത്രീയായിരിക്കും ചോദ്യംചെയ്യപ്പെടാത്ത നേതാവ് എന്നും മനുഷ്യജാതിയുടെ വികാസത്തിൽ സ്വന്തം സ്ഥാനം കണ്ടെത്തിക്കഴിഞ്ഞശേഷം തൻെറ അപകൃഷ്ടതാബോധം അവൾ ഉപേക്ഷിക്കുമെന്നുള്ള ആശ ഞാൻ മുറുകെപ്പിടിച്ചുപോന്നിട്ടുണ്ട്. ഇതു വിജയപൂർവം ചെയ്യാൻ അവൾക്കു സാധിക്കുമെങ്കിൽ ലൈംഗികവികാരമാണു സർവകാര്യങ്ങളെയും നിർണയിക്കുന്നതും നിയന്ത്രിക്കുന്നതുമെന്ന ആധുനികസിദ്ധാന്തം വിശ്വസിക്കുവാൻ അവൾ തികച്ചും കൂട്ടാക്കാതിരിക്കണം. ഈ സംഗതി വികൃതമായിട്ടാണു ഞാൻ പറഞ്ഞതെന്നു ഞാൻ ഭയപ്പെടുന്നു. എങ്കിലും എൻെറ അർത്ഥം വ്യക്തമാണെന്നു ഞാൻ വിചാരിക്കുന്നു. യുദ്ധത്തിൽ സജീവമായ പങ്കു വഹിക്കുന്ന ലക്ഷോപലക്ഷം ഭടന്മാർ ലൈംഗികഭൂതാവേശം ബാധിച്ചവരാണെന്ന് എനിക്കറിവില്ല. പാടത്ത് ഒന്നിച്ചു പണിചെയ്യുന്ന കർഷകരും ആ ഭൂതാവേശത്താൽ അസ്വസ്ഥരാക്കപ്പെട്ടവരോ കീഴമർത്തപ്പെട്ടവരോ അല്ല. സ്ത്രീപുരുഷന്മാരിൽ സഹജമായ ഈ വാസനയിൽനിന്നു കർഷകർ മുക്തരാണെന്നു പറയുകയോ സൂചിപ്പിക്കുകയോ ഇവിടെ ചെയ്തിട്ടില്ല. എങ്കിലും ആ വാസന, ആധുനിക ലൈംഗികസാഹിത്യത്തിൽ കുതിർന്നവരുടെ ജീവിതത്തിൽ മികച്ചുനിൽക്കുന്നുണ്ടെന്നു തോന്നുന്നതുപോലെ അവരുടെ ജീവിതത്തിൽ തീർച്ചയായും മികച്ചു

1. Harijan, 24-2-1940 (Women and Social Injustice, p. 26)

digitized by www .sreyas.in

നിൽക്കുന്നില്ല. കടുത്ത യാഥാർത്ഥ്യത്തോടുകൂടിയ ജീവിതം നയിക്കുകയെന്ന ദുഷ്കരകാര്യത്തെ നേരിടുമ്പോൾ സ്ത്രീക്കോ പുരുഷനോ ഇത്തരം സംഗതികൾക്കു സമയമില്ല.

2

ബ്രഹ്മചര്യം അസാധ്യമായ ഒരാദർശമാണെന്നും സ്ത്രീപുരുഷന്മാരുടെ പ്രകൃതിസിദ്ധമായ പരസ്പരാകർഷണത്തെ ഞാൻ കണക്കിലെടുക്കുന്നില്ലെന്നും പറയുന്നു. ഇവിടെ പ്രസ്താവിച്ച ലൈംഗിക ബന്ധം പ്രകൃതിസിദ്ധമാണെന്നു തെല്ലെങ്കിലും കരുതപ്പെടാമെന്നു വിശ്വസിക്കാൻ ഞാൻ ഭാവമില്ല; അങ്ങനെയാണെങ്കിൽ പ്രളയം ഏറെത്താമസിയാതെ നമ്മെ മൂടും. സ്ത്രീയും പുരുഷനും തമ്മിലുള്ള പ്രകൃതിസിദ്ധമായ ബന്ധം, സഹോദരനും സഹോദരിയും എന്ന നിലയ്ക്കും, അമ്മയും മകനുമെന്ന നിലയ്ക്കും, പിതാവും പുത്രിയുമെന്ന നിലയ്ക്കുമുള്ള ആകർഷണമാണ്. പ്രകൃതി സിദ്ധമായ ഈ ആകർഷണമാണ് ലോകത്തെ നിലനിർത്തുന്നത്. സ്ത്രീജാതിയെ മുഴുവൻ സഹോദരിമാരായോ, പുത്രിമാരായോ, അമ്മമാരായോ ഞാൻ കരുതിയില്ലെങ്കിൽ, ജീവിക്കുവാനോ പണിയെടുക്കുവാനോ എനിക്കു സാധ്യമല്ലാതാകും. കാമം നിറഞ്ഞ കണ്ണുകൾകൊണ്ട് അവരെ ഞാൻ നോക്കിയെങ്കിൽ നാശത്തിലേക്കുള്ള ഉറപ്പു വഴി അതായിരിക്കും.

## ബി. ആത്മനിയന്ത്രണം (ബ്രഹ്മചര്യം)

3

ബ്രഹ്മചര്യത്തെപ്പററി ഏതാനും വാക്കുകൾ പറയാൻ എന്നോടാവശ്യപ്പെട്ടിരിക്കുന്നു. ഇടയ്ക്കു ഞാൻ 'നവജീവ'നിൽ പ്രതിപാദിക്കുന്നതായ ചില വിഷയങ്ങളുണ്ട്; എങ്കിലും അവയെക്കുറിച്ചു പ്രസംഗങ്ങളിൽ ഞാൻ സാധാരണ ഒന്നും പറയാറില്ല. ഇവയിൽ ഒന്നാണ് ബ്രഹ്മചര്യം. വാക്കുകൾകൊണ്ടു വെളിവാക്കാൻ വയ്യാത്തതും വളരെ വിഷമംപിടിച്ചതുമായ ഒരു വിഷയമാണെന്ന് അറിയാവുന്നതുകൊണ്ട്, ഞാൻ അതിനെപ്പററി സംസാരിക്കാറില്ല. സാമാന്യമായ പരിമിതാർത്ഥത്തിൽ, എല്ലാ ഇന്ദ്രിയങ്ങളുടെയും നിഗ്രഹമെന്ന വിശാലമായ അർത്ഥത്തിലല്ല, ബ്രഹ്മചര്യത്തെപ്പററി ഞാൻ എന്തെങ്കിലും പറയണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നു. സാധാരണ അർത്ഥത്തിലുള്ള ബ്രഹ്മചര്യാനുഷ്ഠാനംപോലും ദുഷ്കര

---

2. Young India, 29–4–1926 (Self-restraint V. Self-indulgence, p. 68)
3. മദ്രാസിലെ സേവാസമാജത്തിൽ ചെയ്ത ഒരു ഗുജറാത്തിപ്രസംഗത്തിൽ നിന്ന്. Navajivan, 26–2–1925 (Self-restraint V. Self-indulgence, p. 57)

digitized by www .sreyas.in

കർമമാണെന്നു ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നു. പരമാർത്ഥത്തിൽ ഇതു ശരിയാണ്. എങ്കിലും ഇതിൻെറ എതിർവശം കാണിക്കുന്ന ചിലതു ഞാൻ പറയട്ടെ. നാം മററിന്ദ്രിയങ്ങളെ നിയന്ത്രിക്കാത്തതുകൊണ്ടാണ് ബ്രഹ്മചര്യം ദുഷ്കരമായിത്തോന്നുന്നതു്. മററു ഇന്ദ്രിയങ്ങളെ നയിക്കുന്ന രസനേന്ദ്രിയത്തിൻെറ കാര്യമെടുക്കുക. രസനേന്ദ്രിയത്തെ നിയന്ത്രിക്കുന്നവർക്കു ബ്രഹ്മചര്യം സുകരമായിത്തീരും. താണജാതി ജന്തുക്കൾ, കന്നുകാലികൾ മുതലായവ, മനുഷ്യരേക്കാൾ അധികം ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവയാണെന്നു ജന്തുശാസ്ത്രജ്ഞർ പറയുന്നു; ഇതു വാസ്തവമാണുതാനും. കന്നുകാലികൾ, ഇച്ഛകൊണ്ടല്ല ജന്മവാസനകൊണ്ടു്, രസനേന്ദ്രിയത്തെ പൂർണമായി നിയന്ത്രിച്ചവയാണ് എന്നതത്രേ ഇതിനു കാരണം. വെറും പുല്ലുകൊണ്ടു് അവ തൃപ്തിപ്പെടുന്നു; ഇതുതന്നെയും വെറും പോഷണത്തിനുവേണ്ടതേ തിന്നുന്നുള്ളു. അവ ജീവിക്കാൻ തിന്നുന്നു. തിന്നാൻ ജീവിക്കുകയല്ല. നമ്മുടെ നില നേരെമറിച്ചാണ്. സ്വാദിഷ്ടങ്ങളായ ഭക്ഷണങ്ങളെല്ലാം കൊടുത്തു് അമ്മ കുട്ടിയെ ലാളിക്കുന്നു. ഏററവുമധികം തീററിയാലേ തൻെറ സ്നേഹം വെളിപ്പെട്ടു എന്നു് അവൾ കരുതുന്നു. ഇതുകൊണ്ടു് അവൾ കുട്ടിയുടെ രുചി വർദ്ധിപ്പിക്കുന്നില്ല, മറിച്ചു് അതിനെന്തും അരോചകവും വിരസവുമാക്കുകയാണ് ചെയ്യുന്നതു്. വിശപ്പിനെ ആശ്രയിച്ചാണ് രുചി നിൽക്കുന്നതു്. വിശപ്പില്ലാത്തവനു് മധുരസാധനങ്ങൾപോലും രുചിക്കുകയില്ല; യഥാർത്ഥത്തിൽ വിശപ്പുള്ളവനോ, വെറും റൊട്ടിക്കഷണംപോലും മതി. വയറു നിറയ്ക്കുവാൻവേണ്ടി പലതരം മസാലകളും ചേർത്തു് നാം പലജാതി വിഭവങ്ങൾ തയ്യാറാക്കുന്നു; എന്നിട്ടു ബ്രഹ്മചര്യം ദുഷ്കരമായിക്കാണുമ്പോൾ അമ്പരക്കുകയാണ്.

ഈശ്വരൻ തന്ന കണ്ണുകളെ നാം ദുരുപയോഗപ്പെടുത്തി ദുഷിപ്പിക്കുന്നു. വേണ്ട കാര്യങ്ങളുടെ നേരെ നാം അവയെ തിരിച്ചുവിടുന്നില്ല. അമ്മ എന്തുകൊണ്ടു് ഗായത്രി പഠിച്ചു് അതു കുട്ടിക്കു് ഉപദേശിക്കുന്നില്ല? ആ മന്ത്രത്തിൻെറ ആന്തരവും അഗാധവുമായ അർത്ഥത്തെക്കുറിച്ചു് അവൾ ക്ലേശിക്കേണ്ടതില്ല. അതു സൂര്യനോടു ഭക്തി കാണിക്കുന്ന ഒന്നാണെന്നു് അവൾ മനസ്സിലാക്കുകയും കുട്ടിയെ പഠിപ്പിക്കുകയും ചെയ്താൽ മതി. ഞാനിപ്പറഞ്ഞതു് ആ മന്ത്രത്തിൻെറ സ്ഥൂലവ്യാഖ്യാനമാണ്, സൂര്യനെ നാം എങ്ങനെയാണു വന്ദിക്കുക? സൂര്യൻെറ നേരെനോക്കി, കണ്ണുകൾകൊണ്ടു് തർപ്പണം ചെയ്തിട്ടു്. ഗായത്രിയുടെ കർത്താവു് ഒരു ഋഷിയായിരുന്നു. ദിവസേന സൂര്യോദയസമയത്തു് നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതുപോലെയുള്ള ഒരു മനോഹരദൃശ്യം മറെറങ്ങും കാണാൻ കഴികയില്ലെന്നു് അദ്ദേഹം നമ്മെ പഠിപ്പിച്ചു. ഈശ്വരനെക്കാൾ മഹാനോ സുന്ദരനോ ആയ ഒരു രംഗവിധായകനില്ല, ആകാശത്തെക്കാൾ കമനീയമായ രംഗവുമില്ല. എങ്കിലും തൻെറ കുട്ടിയുടെ കണ്ണു

കഴുകിച്ച്, ആകാശത്തിലേക്കു നോക്കാൻ അവനോടു പറയുന്ന അമ്മയെവിടെ? ദൗർഭാഗ്യവശാൽ, നമ്മുടെ നാട്ടിലെ അമ്മമാർക്കു വേറെയാണ് പണി. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഫലമായി, കുട്ടി ഒരു വലിയ ഉദ്യോഗസ്ഥനായിത്തീർന്നേക്കാം; എങ്കിലും അവന്റെ വിദ്യാഭ്യാസത്തിൽ കുടുംബാന്തരീക്ഷത്തിനുള്ള വളരെ വലിയ സ്ഥാനം വിസ്മരിക്കുന്ന പ്രവണതയാണ് നമുക്കുള്ളതു്. കുട്ടികളുടെ ചന്തം വർദ്ധിപ്പിക്കുകയാണെന്നു കരുതി, മാതാപിതാക്കൾ അവരെ ഉടുപ്പുകളിൽ പൊതിഞ്ഞു് ശ്വാസംമുട്ടിക്കുന്നു. ഉടുപ്പുകൾ ശരീരം മറയ്ക്കുവാനുള്ളതാണ്, ചൂടിൽനിന്നും തണുപ്പിൽനിന്നും അതിനെ രക്ഷിക്കുവാനുള്ളതാണ്, ചന്തം കൂട്ടാനുള്ളതല്ല. ഒരു കുട്ടി തണുത്തു വിറയ്ക്കുകയാണെങ്കിൽ, നാം അവനെ തീ കായാൻ അടുപ്പിന്റെ അടുത്തേക്കയയ്ക്കണം. അല്ലെങ്കിൽ ഒന്നോടാൻ തെരുവിലേക്ക് അയയ്ക്കണം, അല്ലെങ്കിൽ പണിയെടുക്കാൻ വയലിലേക്കു വിടണം. അസ്സൽ ദേഹമുണ്ടാകാൻ ഇങ്ങനെയൊക്കെ ചെയ്താലേ ഒക്കൂ. വീട്ടിനുള്ളിൽ അടച്ചിട്ടാൽ, കൃത്രിമമായ ഒരുതരം ചൂടാണ് അവന്നു നാം ഉണ്ടാക്കുന്നതു്. അമിതമായ ലാളനകൊണ്ടു് അവന്റെ ശരീരം കെടുത്തുകയാണ് നാം ചെയ്യുന്നതു്.

ഉടുപ്പുകളെക്കുറിച്ച് ഇത്രമാത്രം. ഇനി കുടുംബത്തിലെ സൊള്ളൽ കുട്ടിയുടെ മനസ്സിൽ വളരെ ചീത്ത ഫലങ്ങൾ ഉളവാക്കുന്നു. കാരണവന്മാർ അവന്റെ വിവാഹത്തെപ്പററി സംസാരിക്കുന്നു. തന്റെ ചുററുപാടും കാണുന്ന സംഗതികളും അവനെ ദൂഷിപ്പിക്കുന്നു. കാടത്തത്തിന്റെ പാതാളത്തിലേക്കു നാം വീണിട്ടില്ലല്ലോ എന്നതാണ് ആശ്ചര്യം. ആത്മസംയമനം മിക്കവാറും അസാദ്ധ്യമാക്കുന്ന ചുററുപാടുകളുണ്ടായിട്ടും അതു നിലനില്ക്കുന്നു. മനുഷ്യനെ അവന്റെ ഇഷ്ടത്തിനെതിരായിപ്പോലും രക്ഷിക്കുവാൻ ദയാലുവായ ദൈവം വ്യവസ്ഥകൾ ചെയ്തിരിക്കുന്നു. ബ്രഹ്മചര്യത്തിന്റെ വഴിയിലുള്ള ഈ തടസ്സങ്ങളെല്ലാം നീക്കംചെയ്താൽ, അതിന്റെ അനുഷ്ഠാനം സാധ്യംമാത്രമല്ല, സുകരവുമായിത്തീരുന്നു.

നമ്മൾ ദുർബലരാണ്. എന്നാലും നമ്മെക്കാൾ ശക്തിയുള്ള മനുഷ്യരുടെ ഒരു ലോകവുമായി നമുക്കു മത്സരിച്ചേ തീരൂ. ഇതിനു രണ്ടു വഴിയുണ്ട്: ഒന്നു ദൈവികം, മറേറതു് ആസുരം. ശരീരപോഷണത്തിനു ഗോമാംസഭക്ഷണം മുതലായ ഏതു നടപടിയും ശരിയോ തെറേറാ എന്നു നോക്കാതെ സ്വീകരിക്കലാണ് ആസുരമാർഗം. നാം മാംസം ഭക്ഷിക്കണമെന്നും അപ്രകാരം ചെയ്യാതിരുന്നാൽ ഇംഗ്ലീഷുകാരെ തുല്യനിലയിൽ നേരിടാൻ തക്കവണ്ണം ശരീരപുഷ്ടിയുണ്ടാക്കാൻ നമ്മെക്കൊണ്ടാവില്ലെന്നും എന്റെ ഒരു ബാല്യകാലസുഹൃത്തു് പറയാറുണ്ടായിരുന്നു. മററു രാജ്യങ്ങളെ നേരിടേണ്ട കാലം വന്നപ്പോഴാണ് ജപ്പാനിൽ ഗോമാംസഭക്ഷണം സാർവത്രികമായതു്. നമ്മുടെ ശരീരത്തെ ആസുരസമ്പ്രദായത്തിൽ പുഷ്ടിപ്പെ

digitized by www .sreyas.in

ദൃത്തണമെന്ന നമുക്കു് ആഗ്രഹമുണ്ടെങ്കിൽ, നാം ജപ്പാനെ അനുകരിക്കണം.

ശരീരത്തെ ദൈവികരീതിയിൽ പുഷ്ടിപ്പെടുത്തണമെന്നുണ്ടെങ്കിൽ ഏകമാർഗം ബ്രഹ്മചര്യമാണു്. നൈഷ്ഠിക ബ്രഹ്മചാരിയെന്നു് ആളുകൾ എന്നെപ്പററി പറയുമ്പോൾ, എനിക്കെന്നോടു് അനുതാപം തോന്നുന്നു. വിവാഹം ചെയ്തു്, സന്താനങ്ങളുള്ള എന്നെപ്പോലെ ഒരാൾക്കു് ആ പേർ എങ്ങനെ യോജിക്കും? നൈഷ്ഠികബ്രഹ്മചാരിക്കു് എനിക്കുണ്ടായതുപോലെ പനിയോ തലവേദനയോ ചുമയോ കടൽരോഗമോ (appendicitis) ഉണ്ടാവുകയില്ല. കുടലിൽ മധുരനാരങ്ങായുടെ കുരു കിടന്നാലും അപ്പെണ്ടിസൈററീസു് ഉണ്ടാകാമെന്നു് വൈദ്യന്മാർ പറയുന്നു. പക്ഷെ ശുദ്ധമായ ആരോഗ്യമുള്ള ശരീരത്തിൽ മധുരനാരങ്ങാക്കുരു എന്നും കിടക്കുകയില്ല, കുടലിനു ബലം കറയുമ്പോൾ ഇത്തരം സാധനങ്ങൾ പുറംതള്ളാൻ അതിനു സാധിക്കാത്തതായിത്തീരുന്നു. എൻെറ കുടലും ദുർബലമായിട്ടുണ്ടാകാം; അതാണു് അപ്പെണ്ടിസൈററിസു് തുടങ്ങാൻ കാരണം. കുട്ടികൾ കണ്ണിൽ കണ്ടതെല്ലാം എടുത്തുതിന്നുന്നു, അമ്മയ്ക്കു് എപ്പോഴും അവരെ നോക്കിക്കൊണ്ടിരിക്കാൻ പററുകയില്ല. എങ്കിലും അവരുടെ കുടലുകൾ സുശക്തമായി പ്രവർത്തിക്കുന്നതുകൊണ്ടു് അവർക്കു കേടൊന്നുമില്ല. അതിനാൽ ഞാനൊരു നൈഷ്ഠികബ്രഹ്മചാരിയാണെന്നു് ആരും തെററുധരിക്കരുതു്. അയാൾ ഇതിലും എത്രയോ അധികം ബലമുള്ള വസ്തുകൊണ്ടുണ്ടാക്കപ്പെട്ടവനായിരിക്കും. ഞാനൊരു മാതൃകാബ്രഹ്മചാരിയല്ല, അങ്ങനെയാകാൻ എനിക്കു് ആഗ്രഹമുണ്ടെങ്കിലും.

യാതൊരു ചുററുപാടിലും ഒരു സ്ത്രീയെ, സ്വന്തം സഹോദരിയെപ്പോലും, തൊട്ടുകൂടെന്നു് ബ്രഹ്മചര്യത്തിനർത്ഥമില്ല. എങ്കിലും ഇങ്ങനെ തൊടുമ്പോൾ ഒരു കടലാസുകഷണം തൊടുമ്പോഴെന്നപോലെ ഒരുവൻെറ മനസ്സു ശാന്തവും പതറിച്ചയില്ലാത്തതുമായിരിക്കണമെന്നു് അതിനർത്ഥമുണ്ടു്, തീർച്ച. രോഗംപിടിച്ച തൻെറ സഹോദരിയെ ശുശ്രൂഷിക്കാൻ ഒരുവൻ മടിക്കുന്നുവെങ്കിൽ, അവൻെറ ബ്രഹ്മചര്യം നിഷ്പ്രയോജനമാണു്. ഭൂമിയിലെ ഏററവും സുന്ദരിയായ സ്ത്രീയെ തൊടുമ്പോൾപോലും അവൻ ഒരു ശവത്തെ തൊടുമ്പോഴെന്നപോലെ നിർവികാരനായിരിക്കണം. ഇത്തരം ബ്രഹ്മചര്യം നിങ്ങളുടെ കുട്ടികൾക്കുണ്ടാകണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അവരുടെ പാഠ്യപദ്ധതി തയ്യാറാക്കുന്നതു് നിങ്ങളായിരിക്കരുതു്, അപൂർണനെങ്കിലും എന്നെപ്പോലുള്ള ഒരു ബ്രഹ്മചാരിയായിരിക്കണം.

ബ്രഹ്മചാരി പ്രകൃത്യാ സന്യാസിയാണു്. ബ്രഹ്മചര്യാശ്രമം സന്യാസത്തെക്കാൾ ഉയർന്നതാണു്. പക്ഷേ, നാം അതിനെ

digitized by www .sreyas.in

പാടെ അധഃപതിപ്പിച്ചിരിക്കുന്നു. അതാണ് ഗൃഹസ്ഥാശ്രമത്തിന്റെയും വാനപ്രസ്ഥാശ്രമത്തിന്റെയും അധഃപതനത്തിനും സന്യാസത്തിന്റെ തിരോഭാവത്തിനും കാരണം. ഇങ്ങനെയാണ് നമ്മുടെ ദയനീയാവസ്ഥ.

ഞാൻ വിവരിച്ച ആസുര രീതി നാം സ്വീകരിച്ചാൽ അഞ്ഞൂറു കൊല്ലം കഴിഞ്ഞാലും പഠാണികളെ നേരിടാൻ നമ്മെക്കൊണ്ടാവില്ല. എന്നാൽ ദൈവികരീതി കൈക്കൊണ്ടാൽ, അവനെ ഇന്നു നേരിടാം. എന്തുകൊണ്ടെന്നാൽ രണ്ടാമതു പറഞ്ഞ രീതി പിന്തുടരാൻ ആവശ്യമായ മാനസികപരിവർത്തനത്തിനു് ഒരു നിമിഷം മതി; ശരീരം നേരെയാക്കിക്കൊണ്ടു വരുവാനോ, യുഗങ്ങൾ വേണം. വളർന്നുവരുന്ന തലമുറയ്ക്കു ബ്രഹ്മചര്യം അനുഷ്ഠിക്കുവാൻ പററിയ ഒരന്തരീക്ഷം മാതാപിതാക്കൾ സൃഷ്ടിക്കുമെങ്കിൽ ഈശ്വരകൃപകൊണ്ടു് നമ്മുടെ രാഷ്ട്രത്തിനു് ദൈവികരീതി അനുസരിപ്പാൻ കഴിയും.

## സി. സന്താനനിയന്ത്രണം (ഗൃഹസ്ഥാശ്രമം)

4

ഒരു നല്ല പ്രവർത്തകയും കൂടുതൽ നന്നായി രാജ്യസേവനം ചെയ്യുന്നതിനുവേണ്ടി അവിവാഹിതയായിരിപ്പാൻ ആഗ്രഹിച്ചവളുമായ ഒരു സഹോദരി, തന്റെ സ്വപ്നങ്ങളിലെ വരനെ കണ്ടെത്തുകയാൽ ഈയിടെ വിവാഹം ചെയ്തിരിക്കുന്നു. എങ്കിലും, താൻ ചെയ്തതു് തെററാണെന്നും, താൻ സ്വീകരിച്ച ഉന്നതാദർശത്തിൽ നിന്നു തനിക്കു വീഴ്ചപററിപ്പോയെന്നും അവൾ വിചാരിക്കുന്നു. ഈ വ്യാമോഹത്തിൽനിന്നു് അവളെ മുക്തയാക്കുവാൻ ഞാൻ ശ്രമിച്ചു. സേവനം ചെയ്യുവാൻവേണ്ടി അവിവാഹിതകളായിരിക്കുന്നതു് പെൺകുട്ടികൾക്കു നല്ലതാണെങ്കിലും പത്തുലക്ഷത്തിൽ ഒരുത്തിക്കേ അങ്ങനെ ചെയ്യാൻ കഴിയുന്നുള്ളുവെന്നതാണു് വാസ്തവം. വിവാഹം ജീവിതത്തിൽ സ്വാഭാവികമായ ഒരു കാര്യമാണു്; അതു ഏതെങ്കിലും തരത്തിൽ അപകൃഷ്ടമാണെന്നു കരുതുന്നതു തീരെ അബദ്ധമത്രേ. ഏതെങ്കിലുമൊരു പ്രവൃത്തി അധഃപതനമാണെന്നു ഒരാൾ വിചാരിച്ചാൽ പിന്നെ എത്രതന്നെ ശ്രമിച്ചാലും തന്നെത്താൻ സമുദ്ധരിക്കുക പ്രയാസമാണു്. വിവാഹത്തെ ഒരു പുണ്യകർമ്മമായി കരുതുകയും, തന്നിമിത്തം വിവാഹിതാവസ്ഥയിലും ആത്മസംയമത്തോടുകൂടി ജീവിക്കുകയുമാണു് ആദർശം. വിവാഹം ഹിന്ദുമതത്തിൽ നാലാശ്രമങ്ങളിൽ ഒന്നത്രേ. വാസ്തവത്തിൽ മററു മൂന്നിന്റെയും ആസ്പദം അതാണു്. എങ്കിലും ആധുനിക കാലത്തു വിവാഹം വെറും ശരീരബന്ധമായി കരുതപ്പെട്ടുപോരുവാൻ

4. Harijan, 22-3-1942 (Women and Social Injustice, p. 180)

digitized by www .sreyas.in

ഇടയായിട്ടുണ്ട്. മററു മൂന്നാശ്രമങ്ങളും നഷ്ടപ്രായമാവുകയും ചെയ്തു.

അതിനാൽ മുകളിൽ പറഞ്ഞ സഹോദരിയുടെയും അവളെപ്പോലെ വിചാരിക്കുന്ന മററു സഹോദരിമാരുടെയും കർത്തവ്യം, വിവാഹത്തെ നിന്ദിക്കാതെ, അതർഹിക്കുന്ന സ്ഥാനം അതിനു നൽകുകയും അതിനെ ഒരു പുണ്യകർമ്മമാക്കിത്തീർക്കുകയുമാണ്. വേണ്ടത്ര ആത്മസംയമം ശീലിച്ചാൽ സേവനത്തിനു പൂർവാധികം ശക്തി തങ്ങളിൽ വളർന്നുവരുന്നതായി അവർക്കു കാണാം. സേവനം ചെയ്യാൻ ആഗ്രഹിക്കുന്നവർ അതേ വിചാരമുള്ള ഒരുവനെ ഭർത്താവായി സ്വീകരിക്കണം; അവരുടെ സംയുക്ത സേവനം രാജ്യത്തിനു നേട്ടമായിത്തീരും.

മാതൃത്വത്തിന്റെ കടമകൾ, സാമാന്യമായി പറഞ്ഞാൽ, നമ്മുടെ പെൺകുട്ടികളെ പഠിപ്പിക്കുന്നില്ലെന്നതു് മഹാകഷ്ടമാണ്. വിവാഹിതജീവിതം മതപരമായ ഒരു ധർമ്മമാണെങ്കിൽ, മാതൃത്വവും അങ്ങനെതന്നെയായിരിക്കണം. ഒരു മാതൃകാമാതാവായിരിക്കൽ എളുപ്പപ്പണിയല്ല. സന്താനോത്പാദനം തികഞ്ഞ ഉത്തരവാദിത്വബോധത്തോടുകൂടിച്ചെയ്യണം. ഗർഭധാരണം മുതൽ പ്രസവംവരെയുള്ള തന്റെ കടമയെന്താണെന്നു് അമ്മ അറിഞ്ഞിരിക്കണം. ബുദ്ധിയുള്ള, ആരോഗ്യമുള്ള, വേണ്ടതുപോലെ വളർത്തപ്പെട്ട കുട്ടികളെ രാജ്യത്തിനു നല്കുന്ന അമ്മമാർ തീർച്ചയായും സേവനമാണു ചെയ്യുന്നതു്. കുട്ടികൾ വളർന്നുവരുമ്പോൾ അവരും സേവനസന്നദ്ധരായിരിക്കും. സജീവമായ സേവനമനോഭാവമുള്ളവർ ജീവിതത്തിൽ അവരുടെ സ്ഥാനം എന്തായാലും, എന്നും സേവനമനുഷ്ഠിക്കുമെന്നതാണ് വാസ്തവം. സേവനത്തിനു പ്രതിബന്ധമായിത്തീരുന്ന യാതൊരു ജീവിതരീതിയും അവർ സ്വീകരിക്കുകയില്ല.

5

അങ്ങേയററത്തെ സങ്കോചവും വൈമനസ്യവും കൂടാതെയല്ല ഞാൻ ഈ വിഷയത്തെ സമീപിക്കുന്നതു്. സന്താനനിയന്ത്രണത്തിനു കൃത്രിമ മാർഗങ്ങൾ സ്വീകരിക്കുന്നതിനെപ്പററി ഞാൻ ഇന്ത്യയിൽ തിരിച്ചെത്തിയ കാലംമുതൽ ലേഖകന്മാർ എന്നോടു ചോദിക്കാറുണ്ട്. അവരോടു ഞാൻ നേരിട്ടു മറുപടി പറയാറുണ്ടെങ്കിലും ഇതുവരെ പരസ്യമായി ഈ വിഷയം ഞാൻ പ്രതിപാദിച്ചിട്ടില്ല. മുപ്പതുകൊല്ലംമുമ്പ് ഞാൻ ഇംഗ്ളണ്ടിൽ വിദ്യാർത്ഥിയായിരുന്ന കാലത്തു് ഈ വിഷയത്തിലേക്കു് എന്റെ ശ്രദ്ധ ആകർഷിക്കപ്പെടുകയുണ്ടായി. പ്രകൃത്യാനുസൃതമായ മാർഗങ്ങളല്ലാതെ മറെറാന്നും

5. Young India, 12-3-1925 (Self-restraint V. self-indulgence. p. 39)

digitized by www .sreyas.in

അനുവദിക്കാത്ത ഒരു യാഥാസ്ഥിതികനും കൃത്രിമമാർഗങ്ങൾ വേണമെന്നു പറയുന്ന ഒരു ഡോക്ടരും തമ്മിൽ അന്നു ഒരു ചൂട്ട വാദപ്രതിവാദം നടന്നുകൊണ്ടിരുന്നു. എന്റെ ജീവിതത്തിന്റെ ആ ആദ്യഘട്ടത്തിലാണു ഞാൻ, കുറച്ചുകാലം കൃത്രിമമാർഗങ്ങളെ അനുകൂലിച്ചശേഷം അവയുടെ ഉറച്ച എതിരാളിയായിത്തീർന്നതു്. ഹിന്ദുക്കളുടേതായ ചില പത്രങ്ങളിൽ സഭ്യതയ്ക്കു തീരെ നിരക്കാത്തതും അറപ്പുതോന്നിക്കുമാറു് പരസ്യവുമായ രീതിയിൽ ഈ മാർഗങ്ങൾ വിവരിക്കപ്പെട്ടുവരുന്നതായി കാണുന്നു. സന്താനനിയന്ത്രണത്തിനു് കൃത്രിമമാർഗങ്ങൾ ഉപയോഗിക്കുന്നതിനെ അനുകൂലിക്കുന്നവരുടെ കൂട്ടത്തിൽ എന്റെ പേരും ഒരു ലേഖകൻ ഉൾപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. ഇത്തരം മാർഗങ്ങൾക്കു് അനുകൂലമായി ഞാൻ സംസാരിക്കുകയോ എഴുതുകയോ ചെയ്ത ഒരൊററ സന്ദർഭവും എനിക്കു് ഓർക്കാൻ കഴിയുന്നില്ല. ഇതിനനുകൂലമായി പല യോഗ്യന്മാരുടേയും പേരുകൾ ഉപയോഗിച്ചിട്ടുള്ളതായും കാണുന്നു. അവരോടു ചോദിക്കാതെ അവ പ്രസിദ്ധീകരിക്കുവാൻ എനിക്കു സങ്കോചമുണ്ടു്.

സന്താനനിയന്ത്രണത്തിന്റെ ആവശ്യകതയെപ്പററി രണ്ടഭിപ്രായമുണ്ടാകാൻ തരമില്ല. പക്ഷേ, പ്രാചീനകാലംമുതൽ ശീലിച്ചുപോന്ന ഏകമാർഗം ബ്രഹ്മചര്യമാണു്. ശീലിക്കുന്നവർക്കു നന്മ ചെയ്യുന്ന പിഴയ്ക്കാത്ത ഒരു ഉത്തമമാർഗമാണതു്. ഡോക്ടർമാർ കൃത്രിമ മാർഗങ്ങൾ കണ്ടുപിടിക്കുന്നതിനുപകരം ബ്രഹ്മചര്യത്തിനു്—ആത്മനിയന്ത്രണത്തിനു—വേണ്ട വഴികൾ കണ്ടുപിടിക്കുമെങ്കിൽ, അവർ മനുഷ്യജാതിയുടെ കൃതജ്ഞത സമ്പാദിക്കും. സംയോഗം രസത്തിനുവേണ്ടിയല്ല, സന്താനോല്പാദനത്തിനുവേണ്ടിയുള്ളതാണു്. സന്താനാഭിലാഷം ഇല്ലാത്തപ്പോൾ ചെയ്യുന്ന സംയോഗം ഒരപരാധമാണു്. കൃത്രിമമാർഗങ്ങൾ ഈ ദുരാചാരത്തിനു ശക്തികൂട്ടുകയാണു്; അവ സ്ത്രീപുരുഷന്മാരെ നിരങ്കുശരാക്കുന്നു. ഈ മാർഗങ്ങൾക്കു നൽകിവരുന്ന മാന്യതയാകട്ടെ, പൊതുജനാഭിപ്രായം നിലനിർത്തുന്ന നിയന്ത്രണത്തിന്റെ നാശത്തെ ത്വരിതപ്പെടുത്താതിരിക്കുകയില്ല. കൃത്രിമമാർഗങ്ങളുടെ സ്വീകരണം ബലഹാനിക്കും നാഡീക്ഷയത്തിനും ഹേതുവായേ തീരൂ. ഔഷധം രോഗത്തെക്കാൾ ദോഷകരമാണെന്നു തെളിയും.

സ്വന്തം കർമങ്ങളുടെ ഫലത്തിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കുന്നതു തെററും ദുരാചാരവുമാണു്. അധികം ഭക്ഷിക്കുന്നവനു വയററിൽ വേദനയുണ്ടാകുന്നതും അയാൾ ഭക്ഷണം കഴിക്കാതിരിക്കുന്നതും നല്ലതാണു്. യഥേഷ്ടം ഭക്ഷിച്ചു്, ആസവമോ മററു മരുന്നുകളോ കഴിച്ചു് അതിന്റെ ഫലങ്ങളിൽനിന്നു രക്ഷ പ്രാപിക്കുന്നതു ചീത്തയാണു്. മൃഗീയവികാരങ്ങളിൽ മുഴുകി, തൽഫലങ്ങളിൽ

digitized by www .sreyas.in

നിന്നു രക്ഷപ്രാപിക്കുവാൻ ശ്രമിക്കുന്നതു് ഇതിലും ചീത്തയാണു്. പ്രകൃതി കൃപയില്ലാത്തവളാണു്; തന്റെ നിയമങ്ങൾ ലംഘിച്ചതിനുള്ള പ്രതികാരം മുഴുവൻ അവൾ ചെയ്യും. സന്മാർഗനിഷ്ഠമായ നിയന്ത്രണങ്ങൾകൊണ്ടേ സൽഫലങ്ങൾ ഉളവാകൂ. മറ്റേത്തരം നിയന്ത്രണങ്ങളും, അവകൊണ്ടെന്തുകാര്യമാണോ ഉദ്ദേശിച്ചതു് അതിനെത്തന്നെ നിഷ്ഫലമാക്കും. കൃത്രിമ മാർഗോപയോഗത്തിന്റെ അടിയിലുള്ള യുക്തിവാദം മൃഗീയസുഖങ്ങൾ ജീവിതത്തിലെ ഒരാവശ്യമാണെന്നത്രെ. ഇതിലേറെ യുക്തിഹീനമായി മറ്റൊന്നുണ്ടാകാൻ വയ്യ. സന്താനങ്ങളുടെ എണ്ണം കുറയ്ക്കണമെന്നാഗ്രഹമുള്ളവർ, പൂർവികന്മാർ കണ്ടുപിടിച്ച ന്യായമാർഗങ്ങൾ പരിശോധിച്ച് അവ എങ്ങനെ പരിഷ്കരിക്കാമെന്നു കണ്ടെത്താൻ ശ്രമിക്കട്ടെ. ഇതിനു വളരെയേറെ പ്രാരംഭജോലികൾ അവർ ചെയ്തുതീർക്കേണ്ടതായിട്ടുണ്ടു്. ശൈശവവിവാഹങ്ങൾ ജനസംഖ്യ വർദ്ധിപ്പിക്കുന്നതിനു് ഒരു പ്രധാന കാരണമാണു്. അനിയന്ത്രിതമായ സന്താനോൽപാദനത്തിനും, ഇന്നത്തെ ജീവിതരീതിക്കും തമ്മിൽ വളരേയേറെ ബന്ധമുണ്ടു്. ഈ കാരണങ്ങളെപ്പറ്റി അന്വേഷിച്ചു് അവയ്ക്കു പരിഹാരമുണ്ടാക്കിയാൽ സമുദായത്തിന്റെ ധാർമികനിലവാരം ഉയരും. അക്ഷമരായ ഉൽപതിഷ്ണുക്കൾ ഇവയെ അവഗണിക്കുകയും, അങ്ങനെ കൃത്രിമമാർഗങ്ങൾ സാർവത്രികമായിത്തീരുകയും ചെയ്താൽ, സദാചാരച്യുതിയില്ലാതെ മറ്റൊന്നുമാവുകയില്ല ഫലം.

ഇപ്പോൾത്തന്നെ പല കാരണങ്ങൾകൊണ്ടും ശക്തി ക്ഷയിച്ചിരിക്കുന്ന ഒരു സമുദായം, ഈ കൃത്രിമമാർഗങ്ങൾ സ്വീകരിക്കുന്നതുകൊണ്ടു് ഇപ്പോഴത്തേക്കാളും ക്ഷീണിച്ചതായിത്തീരുകയേയുള്ളൂ. ആ വിഷയം വീണ്ടും പഠിക്കുക, ആപൽക്കരമായ സ്വന്തം പ്രവർത്തനം നിർത്തിവയ്ക്കുക, വിവാഹിതർക്കും അവിവാഹിതർക്കും ഒരുപോലെ ബ്രഹ്മചര്യം സ്വീകാര്യമാക്കുക—ഇതിലും നല്ലതൊന്നും കൃത്രിമമാർഗങ്ങൾക്കുവേണ്ടി വാദിക്കുന്നവർക്കു ചെയ്യാനില്ല. സന്താനനിയന്ത്രണത്തിനുള്ള വിശിഷ്ടവും ഋജുവുമായ മാർഗം ഇതുമാത്രമാണു്.

## ഡി. നിഷിദ്ധവിവാഹങ്ങളും, വിവാഹവിലക്കുകളും

6

ഒരു സ്നേഹിതൻ എഴുതുന്നു:

'ഏതാണ്ടു് രണ്ടുകൊല്ലംമുമ്പു് ഒരു ദുരന്തസംഭവംകൊണ്ടു് ഈ നഗരം പ്രക്ഷുബ്ധമായി. വൈശ്യസമുദായത്തിൽപ്പെട്ട ഒരു

6. Harijan, 19-2-1937 (Women and Social Injustice, p. 52)

digitized by www .sreyas.in

ദമ്പതികൾക്ക് പതിനാറു വയസ്സായ ഒരു മകളുണ്ടായിരുന്നു. അവളുടെ 21 വയസ്സായ ഒരു മാതുലൻ ഇതേ നഗരത്തിലെ ഒരു കോളേജിൽ പഠിച്ചിരുന്നു. അവർ സ്വകാര്യമായി പ്രേമബദ്ധരായി. പെൺകുട്ടി ഗർഭിണിയായെന്നു പറയപ്പെടുന്നു. അവസാനം വാസ്തവസ്ഥിതി വെളിച്ചത്തായപ്പോൾ, ആ കാമുകീകാമുകന്മാർ വിഷം കുടിച്ച് ആത്മഹത്യ ചെയ്തു. പെൺകുട്ടി ഉടനെ മരിച്ചു, ആൺകുട്ടി രണ്ടുദിവസംകഴിഞ്ഞു് ആശുപത്രിയിൽവച്ചും. ഈ സംഭവം ഒരു കോലാഹലത്തെ ഇളക്കിവിട്ടു. എല്ലാ നാവും ചിലയ്ക്കാൻ തുടങ്ങി. ഇതിൻഫലമായി ആ ഭാഗ്യംകെട്ട പെൺകുട്ടിയുടെ മാതാപിതാക്കൾക്ക് ഈ നഗരവാസം ദുസ്സഹമായിത്തീർന്നു. ക്രമേണ കോലാഹലം നിലച്ചു. എങ്കിലും ആ സംഭവത്തെക്കുറിച്ചുള്ള ഓർമ ഇന്നും ജനങ്ങളുടെ മനസ്സിൽ തങ്ങിനില്ക്കുന്നു; ഇത്തരം വിഷയങ്ങൾ വരുമ്പോൾ അതു കുത്തിപ്പൊന്തിക്കപ്പെടുകയാണ്. ആ ബഹളം മൂത്തകാലത്തു്, മരിച്ചുപോയ ഭാഗ്യഹീനരായ ആ കാമുകീകാമുകന്മാരെക്കുറിച്ചു ദയാപുരസ്സരം ഒരൊററ വാക്കു പറയാൻ ആരും ഇല്ലാതിരുന്നപ്പോൾ പ്രസ്തുത ചുററുപാടുകളിൽ ചെറുപ്പക്കാരായ ആ കാമുകീകാമുകന്മാരെ യഥേഷ്ടം ജീവിക്കുവാൻ അനുവദിക്കേണ്ടതായിരുന്നുവെന്നു് ഞാൻ അഭിപ്രായപ്പെട്ടതു് എല്ലാവരേയും ശുണ്ഠിപിടിപ്പിച്ചു. എങ്കിലും എന്റെ ശബ്ദം വനരോദനമായി കലാശിച്ചു. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?'

പഴയ വാദപ്രതിവാദത്തിനു വീണ്ടും ജീവൻകൊടുത്തു് പഴക്കം ചെന്ന വ്രണങ്ങൾ വീണ്ടും കുത്തിമുറിക്കുവാൻ ലേഖകനു് ആഗ്രഹമില്ലാത്തതുകൊണ്ടു്, അദ്ദേഹത്തിന്റെ പേരും സ്ഥലവും അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം ഞാൻ മനഃപൂർവം പുറത്തുവിടാതിരിക്കുകയാണ്. എന്നാലും ഈ അപകടംപിടിച്ച വിഷയത്തെക്കുറിച്ചുള്ള പരസ്യമായ ചർച്ച ആവശ്യമാണെന്നു തോന്നുന്നു. എന്റെ അഭിപ്രായത്തിൽ, ഒരു പ്രത്യേക സമുദായത്തിൽ വിലക്കപ്പെട്ട ഇത്തരം വിവാഹങ്ങൾ പെട്ടെന്നോ ഒരു വ്യക്തിയുടെമാത്രം ഇഷ്ടമനുസരിച്ചോ അംഗീകരിക്കപ്പെടാവുന്നതല്ല. ഇത്തരം വിവാഹങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്ന ചെറുപ്പക്കാരുടെ സ്വാതന്ത്ര്യത്തെ ബലംപ്രയോഗിച്ചു നിയന്ത്രിക്കുവാൻ സമുദായത്തിനോ ബന്ധുക്കൾക്കോ യാതൊരവകാശവും ഇല്ലതാനും. ഈ ലേഖകൻ എടുത്തു കാണിച്ച സംഗതിയിൽ രണ്ടു കക്ഷികളും പ്രായം തികഞ്ഞവരായിരുന്നു. അവർക്കു സ്വയം ചിന്തിക്കുവാൻ കഴിയും. പരസ്പരം വിവാഹം ചെയ്യാൻ അവർക്ക് ആഗ്രഹമുണ്ടായിരുന്നെങ്കിൽ, അവരെ ബലംപ്രയോഗിച്ചു തടയുവാൻ ആർക്കും അവകാശമുണ്ടായിരുന്നില്ല. സമുദായത്തിനു ഇന്നു പരമാവധി ഇത്തരം വിവാഹങ്ങൾ അംഗീകരിക്കാതിരിക്കാം; എങ്കിലും അവരെ ആത്മഹത്യയിലേക്ക് ഉന്തിവിട്ടതു സ്വേച്ഛാപ്രമത്തതയുടെ പരമകാഷ്ഠയായിപ്പോയി

digitized by www .sreyas.in

വിവാഹവിലക്കുകൾ സാർവത്രികങ്ങളല്ല; മിക്കവാറും അവയുടെ അടിസ്ഥാനം കീഴ്നടപടികളാണ്. ഈ നടപടികൾ ഒരുസംസ്ഥാനത്തിലുള്ളതല്ല മറ്റൊന്നിൽ, ഒരു ജാതിയിലുള്ളതല്ല മറ്റൊന്നിൽ. ഉറച്ച സാമൂഹ്യാചാരങ്ങളെയും നിരോധനങ്ങളെയും യുവാക്കൾക്ക് യഥേഷ്ടം തകിടംമറിക്കാമെന്ന് ഇതിനർത്ഥമില്ല. അപ്രകാരം ചെയ്യുന്നതിനു മുമ്പു പൊതുജനാഭിപ്രായത്തെ അവർ തങ്ങളുടെ വശത്താക്കണം. ബന്ധപ്പെട്ട വ്യക്തികൾ അതുവരെ ക്ഷമിച്ചിരിക്കണം. അതു സാധ്യമല്ലെങ്കിൽ സാമൂഹ്യബഹിഷ്കരണത്തിന്റെ ഫലങ്ങളെ അവർ ശാന്തമായും സൗമ്യമായും നേരിടണം.

ഉറച്ച കീഴ്നടപടികളെ അവഗണിക്കുകയോ ലംഘിക്കുകയോ ചെയ്യുന്നവരുടെ നേരെ ഹൃദയശൂന്യമായ ചിററമ്മമനോഭാവം കാണിക്കാതിരിക്കേണ്ടതു് ഇതോടൊപ്പംതന്നെ, സമുദായത്തിന്റെയും കടമയാണ്. ലേഖകൻ വിവരിച്ച സംഗതിയിൽ എന്റെ മുമ്പിലുള്ള വിവരങ്ങൾ ശരിയാണെങ്കിൽ ആ ചെറുപ്പക്കാരെ ആത്മഹത്യയിലേക്കു തള്ളിവിട്ടതിന്റെ കുററം തീർച്ചയായും സമുദായത്തിന്റെ തോളിലാണു കിടക്കുന്നതു്.

## ഇ. സ്ത്രീകളുമായുള്ള സാമൂഹ്യസമ്പർക്കം

**7**

1891–ൽ ഞാൻ ഇംഗ്ലണ്ടിൽനിന്നു തിരിച്ചെത്തിയശേഷം കുടുംബത്തിലെ കുട്ടികളെ നോക്കുന്ന ഭാരം മുഴുവൻ ഞാനേറെറടുക്കുകയും കുട്ടികളുടെ ചുമലിൽ കൈവച്ച് അവരൊന്നിച്ച്—ആൺകുട്ടികളും പെൺകുട്ടികളുമൊന്നിച്ച്—നടക്കുന്ന പതിവ് ആരംഭിക്കുകയും ചെയ്തു. ഇവർ എന്റെ സഹോദരന്റെ കുട്ടികളായിരുന്നു. അവർക്കു പ്രായമായതിനുശേഷവും ഈ പതിവു തുടർന്നു. കുടുംബം വിപുലമായപ്പോൾ അതു ക്രമേണ ശ്രദ്ധയാകർഷിക്കുവാൻതക്കവണ്ണം വളർന്നുവന്നു.

എന്റെ ഈ പതിവു പ്രായംചെന്ന പെൺകുട്ടികളിലേക്കും സ്ത്രീകളിലേക്കും വ്യാപിപ്പിക്കുമ്പോൾ സത്യ്രയെക്കുറിച്ചുള്ള സ്വീകൃതധാരണകൾക്കു വിരുദ്ധമാകുന്നുണ്ടെന്ന് ഏതാനുംകൊല്ലം മുമ്പു സബർമതിയിൽവച്ചു ആശ്രമത്തിലെ ഒരന്തേവാസി എന്നോടു പറയുന്നതുവരെ എനിക്കു് ഓർക്കാൻ കഴിയുന്നിടത്തോളം, എന്തെങ്കിലും തെററു ഞാൻ ചെയ്യുന്നുണ്ടെന്ന ബോധം എനിക്കുണ്ടായിരുന്നില്ല. അന്തേവാസികളുമായി ചർച്ചചെയ്തശേഷം അതു തുടർന്നുപോന്നു. ഇയ്യിടെ വാർദ്ധയിൽ വന്ന രണ്ടു സഹപ്രവർത്തകർ പറഞ്ഞു,

7. Harijan, 21-9-1935 (Self-restraint V. Self-Indulgence, p. 156)

digitized by www .sreyas.in

ഈ പതിവു മററുള്ളവർക്ക് ഒരു ചീത്തമാതൃകയാകുമെന്നും ആ കാരണംകൊണ്ടു ഞാൻ അതു് ഉപേക്ഷിക്കണമെന്നും. അവരുടെ വാദം എനിക്കു സ്വീകാര്യമായില്ല. എന്നാലും ആ സുഹൃത്തുക്കളുടെ താക്കീതിനെ അവഗണിക്കുവാൻ ഞാനിഷ്ടപ്പെട്ടില്ല. അതിനാൽ, ആലോചനയ്ക്കും ഉപദേശത്തിനുമായി ഇക്കാര്യം ഞാൻ ആശ്രമത്തിലെ അഞ്ചു് അന്തേവാസികൾക്കു വിട്ടുകൊടുത്തു. ഇതു രൂപംപൂണ്ടുകൊണ്ടിരിക്കെ നിർണായകമായ ഒരു കാര്യം സംഭവിച്ചു. മിടുക്കനായ ഒരു സർവകലാശാലാവിദ്യാർത്ഥി അവൻെറ വശ്യശക്തിക്കു വിധേയയായ ഒരു പെൺകുട്ടിയോടു, അവളെ താൻ സ്വസഹോദരിയെപ്പോലെ സ്നേഹിക്കുന്നുണ്ടെന്നും, ഈ സ്നേഹത്തിൻെറ ശാരീരികമായ പ്രകടനത്തിൽനിന്നു സ്വയം നിയന്ത്രിക്കാൻ തനിക്കു കഴിയുന്നില്ലെന്നും ഉള്ള ന്യായംപറഞ്ഞു് കാര്യത്തിൽ സഭ്യേതരമായി പെരുമാറുന്നുണ്ടെന്നുള്ള സംഗതി എൻെറ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടു. കല്പഷത്തെക്കുറിച്ചുള്ള ഏററവും ലഘുവായ സൂചനയിൽപോലും അവൻ നീരസം കാണിച്ചു. ആ ചെറുപ്പക്കാരൻ എന്താണു ചെയ്തിരുന്നതെന്നു പറയാമായിരുന്നെങ്കിൽ, വായനക്കാരൻ നിർവിശങ്കം വിധിക്കും, അവൻെറ പ്രവൃത്തികൾ അശുദ്ധങ്ങളായിരുന്നെന്നു്. ആ കത്തെടപാടു ഞാൻ വായിച്ചപ്പോൾ ആ ചെറുപ്പക്കാരൻ ഒന്നുകിൽ തികഞ്ഞ വഞ്ചകനായിരിക്കണം, അല്ലെങ്കിൽ വ്യാമോഹത്തിൽപ്പെട്ടവനായിരിക്കണമെന്ന തീരുമാനത്തിൽ ഞാനും അതു കണ്ടവരും എത്തിച്ചേർന്നു.

എങ്ങനെയായാലും, ഈ കണ്ടുപിടുത്തം എന്നെക്കൊണ്ടു ചിന്തിപ്പിച്ചു. ആ സഹപ്രവർത്തകരുടെ താക്കീതു ഞാൻ ഓർത്തു. ആ ചെറുപ്പക്കാരൻ എൻെറ പതിവിനെ അവൻെറ വാദത്തിനു താങ്ങായി എടുത്തുകാണിച്ചതായി കണ്ടാൽ എനിക്കെന്തു തോന്നുമെന്നു ഞാൻ എന്നോടുതന്നെ ചോദിച്ചു. ആ യുവാവിൻെറ ശ്രദ്ധാവിഷയമായിത്തീർന്ന പെൺകുട്ടി അവൻ തികച്ചും നിഷ്കളങ്കനും സഹോദരതുല്യനുമാണെന്നു കരുതുന്നുണ്ടെങ്കിലും അവൻെറ പ്രവൃത്തികൾ ഇഷ്ടപ്പെടുന്നില്ല, അവയുടെ നേരെ പ്രതിഷേധിക്കുകപോലും ചെയ്യാറുണ്ടു്; പക്ഷേ, അവയെ ചെറുക്കാൻ അവൾക്കു ശേഷിപോരാ. ഈ സംഭവം ഉളവാക്കിയ ആത്മപരിശോധന, പ്രസ്തുത കത്തെടപാടു വായിച്ചശേഷം രണ്ടുമൂന്നു ദിവസത്തിനുള്ളിൽ എൻെറ ആ പതിവു വേണ്ടെന്നുവയ്ക്കുന്നതിൽ പരിണമിക്കുകയും, ഈ സംഗതി ഈ മാസം 12—ാം തീയതി വാർദ്ധാആശ്രമത്തിലെ അന്തേവാസികളോടു ഞാൻ പറയുകയും ചെയ്തു. വേദന കൂടാതെയല്ല ഞാൻ ഈ തീരുമാനത്തിൽ എത്തിയതു്. ഈ നടത്തസമയത്തോ അതു നിമിത്തമോ ഒരശുദ്ധവിചാരം ഒരിക്കലും എൻെറ മനസ്സിൽ കടന്നിട്ടില്ല. എൻെറ പ്രവൃത്തി എന്നും പരസ്യമായിട്ടായിരുന്നു. എൻെറ പ്രവൃത്തി ഒരു പിതാവിൻേറതായിരുന്നുവെന്നും, ഒരുപക്ഷേ, മററാ

digitized by www .sreyas.in

ശ്ചം ലഭിച്ചിട്ടില്ലാത്തത്ര വിശ്വാസം എന്റെ ശിക്ഷണത്തിലും സംരക്ഷണത്തിലുംപെട്ട അസംഖ്യം ബാലികമാർ എന്നിൽ അർപ്പിക്കുന്നതിനു് അതു സഹായിച്ചിട്ടുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. എതിർജാതിയുടെ സ്പർശം കൂടാതെ കഴിക്കാൻ ഒരു രക്ഷാഭിത്തി ആവശ്യമുള്ളതും ഏററവും ലഘുവായ പ്രലോഭനത്തിന്റെപോലും മുമ്പിൽപ്പെട്ടാൽ വാടിക്കൊഴിയുന്നതുമായ ഒരു ബ്രഹ്മചര്യത്തിൽ എനിക്കു വിശ്വാസമില്ലെങ്കിലും, ഞാൻ പ്രയോഗിച്ച സ്വാതന്ത്ര്യം കൊണ്ടു് ഉണ്ടായേക്കാവുന്ന അപകടങ്ങൾ എനിക്കു് അറിഞ്ഞുകൂടായ്കയില്ല.

അതിനാൽ പ്രസ്തുത കണ്ടുപിടിത്തം ആ പതിവു വേണ്ടെന്നുവയ്ക്കുവാൻ എന്നെ പ്രേരിപ്പിച്ചിരിക്കുന്നു—അതു സ്വയമേവ എത്രതന്നെ സംശുദ്ധമായിരുന്നുവെങ്കിലും. നിരന്തരമായ ജാഗരൂകതയാവശ്യമുള്ള ഒരു പരീക്ഷണം ഞാൻ നടത്തിക്കൊണ്ടിരിക്കയാകകൊണ്ടു് എന്റെ ഓരോ കർമത്തെയും ആയിരക്കണക്കിൽ സ്ത്രീപുരുഷന്മാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. നീതീകരണത്തിനു വളരെയേറെ വാദം ആവശ്യമുള്ള കർമങ്ങൾ ചെയ്യുന്നതു ഞാൻ കൂടാതെ കഴിക്കണം. എല്ലാവർക്കും അനുകരിക്കുവാനുള്ളതായിരുന്നില്ല എന്റെ മാതൃക. ഈ ചെറുപ്പക്കാരന്റെ കഥ എന്നിക്കൊരു താക്കീതായിത്തീർന്നിരിക്കുന്നു. എന്റെ മാതൃകയുടെ സ്വാധീനശക്തിയിൽപ്പെട്ടതോ അല്ലാതെയോ തെററുചെയ്യുവർ അതു തിരുത്തുമെന്ന ആശയോടുകൂടിയാണു് ആ താക്കീതു ഞാൻ കൈക്കൊണ്ടിട്ടുള്ളതു്. സുഖമെന്നു തെററായി വിളിക്കപ്പെടുന്ന ക്ഷണികവികാരത്തിനുവേണ്ടി ദുർവ്യയം ചെയ്യാൻപാടില്ലാത്ത അമൂല്യമായ ഒരു സമ്പത്താണു നിഷ്കളങ്കമായ യൗവനം. പതിയന്മാരോ തങ്ങൾ ചെയ്യുന്നതെന്താണെന്നു് അറിയാത്തവരോ ആയ ചെറുപ്പക്കാരുടെ സമീപനങ്ങളെ, അവ നിർദോഷങ്ങളെന്നു പറയപ്പെടുന്നവയാണെങ്കിലും ചെറുത്തുനിൽക്കുവാൻതക്കവണ്ണം ഈ കഥയിൽകണ്ടവളെപ്പോലുള്ള ബലഹീനകളായ പെൺകുട്ടികൾ കരുത്തുള്ളവരായിത്തീരുമാറാകട്ടെ!

8

'സ്ത്രീപുരുഷബന്ധങ്ങളെപ്പററി ഒരസാധാരണമനോഭാവമാണു ഞാൻ വളർത്തിക്കൊണ്ടു വന്നിട്ടുള്ളതു്. ഇവയ്ക്കു ചില നിയന്ത്രണങ്ങൾ വേണമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാലും എന്റെ സ്ഥിതി ആകാശത്തിൽ തൂക്കിയിട്ട ഒരാളുടേതുപോലെയാണു്. സ്ത്രീപുരുഷബന്ധങ്ങൾ ഇപ്പോഴത്തേക്കാൾ സ്വാഭാവികങ്ങളായിരുന്നെങ്കിൽ, പാപങ്ങൾ കുറയുമായിരുന്നെന്നു പലപ്പോഴും എനിക്കു തോന്നാറുണ്ടു്. എങ്കിലും എന്റെ പുറമേയുള്ള എന്തോ ഒന്നു് എന്നോടു

---

8. Harijan, 6-7-1947 (Self-restraint V. Self-indulgence, pp. 184-185)

digitized by www .sreyas.in

പറയുന്നു, ഓരോ സ്പർശവും, അത്രതന്നെ ലഘുവായിരുന്നാലും കാമവികാരം പൊട്ടിപ്പുറപ്പെടുവാൻ കാരണമാകാതിരിക്കുകയില്ലെന്നു്. സഹോദരനെയും സഹോദരിയെയും സംബന്ധിച്ചോ അച്ഛനെയും മകളെയും സംബന്ധിച്ചോ ഉള്ള കോർട്ടുകേസുകൾ ഈ ഘട്ടത്തിൽ പരിശോധിച്ചാൽ ആരംഭം വളരെ നിർദ്ദോഷമായിരുന്നെന്നു തോന്നും. എന്റെ അഭിപ്രായത്തിൽ വെറും സ്പർശനത്തിന്റെ ശക്തിപോലും ഒരു മാസംകൊണ്ടു്, ഒരാഴ്ചകൊണ്ടുതന്നെ അസാമാന്യ വിശുദ്ധിയില്ലാത്തവനെ തട്ടിയിടും. ഒരു നല്ല മനുഷ്യനു പത്തുകൊല്ലം വേണ്ടിവന്നേക്കാം, എന്നാലും ദുരാചാരത്തിലേക്കു് അയാൾ വഴുതിവീഴാതിരിക്കുകയില്ല. നമുക്കു കൈവന്ന ശീലവും നവീനഗ്രന്ഥങ്ങളിൽനിന്നു കിട്ടുന്ന അറിവും തമ്മിൽ സദാ സംഘട്ടനമുണ്ടു്. സ്ത്രീപുരുഷന്മാർക്കും കൂടാതെ സമുദായത്തിനു കഴിച്ചുകൂട്ടാനൊക്കുമോ എന്ന ചോദ്യം പലപ്പോഴും ഉത്ഭവിക്കുന്നു. ഒരു തീരുമാനത്തിൽ എത്താൻ എനിക്കു സാധിച്ചിട്ടില്ല. ഇതാണെന്റെ ദുരവസ്ഥ.'

ഇതാണു മിക്ക യുവതീയുവാക്കന്മാരുടെയും സാമാന്യനില. ഇത്തരക്കാർക്കു ഒരൊററ വഴിയേയുള്ളു, എതിർജാതിയുമായുള്ള എല്ലാ സമ്പർക്കവും അവർ ഉപേക്ഷിക്കണം. നമ്മുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ള നിരോധനങ്ങളും നിയന്ത്രണങ്ങളും ആ കാലത്തുണ്ടായ അനുഭവങ്ങളുടെ ഫലങ്ങളാണു്. അന്നും എഴുതിയവർക്കും അവരുടെ വായനക്കാർക്കും ആവശ്യമായിരുന്നുവെന്നതിനു സംശയമില്ല. ഇന്നു ഓരോ അന്വേഷകനും അവയിൽനിന്നു് ആവശ്യമുള്ള ഇനങ്ങൾ തിരഞ്ഞെടുക്കുകയും അനുഭവംകൊണ്ടു വേണമെന്നു തോന്നുന്ന പുതിയ ഇനങ്ങൾ കൂട്ടിച്ചേർക്കുകയും വേണം. പ്രാപിക്കപ്പെടേണ്ട ലക്ഷ്യത്തിനു ചുററും നാം ഒരു വൃത്തം വരച്ചാൽ ഓരോരുത്തരുടെയും ആവശ്യമനുസരിച്ചു പല വഴികളും അതിൽചെന്നു മുട്ടുന്നതായി കാണാം.

സ്വന്തം മനസ്സിനെത്തന്നെ അറിഞ്ഞിട്ടില്ലാത്ത ഒരാകാംക്ഷി അന്ധമായി മറെറാരുത്തനെ അനുകരിച്ചാൽ നിശ്ചയമായും പരാജയപ്പെടും.

മുൻകരുതലായി ഇത്രയും പറഞ്ഞശേഷം കോടതിക്കേസ്സുകളും കാമശാസ്ത്രപുസ്തകങ്ങളും പഠിച്ചു ബ്രഹ്മചര്യത്തിലേക്കുള്ള ശരിയായ വഴി കണ്ടുപിടിക്കാനുള്ള ശ്രമം, ആകാശകുസുമം കണ്ടെത്താനുള്ള ശ്രമംപോലെ നിഷ്ഫലമായിരിക്കുമെന്നുകൂടി പറയട്ടെ. ശരിയായവഴി ഇംഗ്ലണ്ടിലെ നിയമകോടതികളിലോ നോവലുകളിലോ കാണുകയില്ല. പരിമിതമായ രംഗത്തിൽ അവകൊണ്ടു പ്രയോജനമുണ്ടെങ്കിലും, ബ്രഹ്മചര്യം കൊതിക്കുന്നവനു് അവ നിഷ്പ്രയോജനങ്ങളാണു്. വിഷമമാർഗത്തിലൂടെ ചരിക്കുന്ന ഇംഗ്ലീഷ്കാരായ സ്ത്രീ പുരുഷന്മാരെ മുകളിൽ പറഞ്ഞ ലേഖകൻേറതുപോലുള്ള ശങ്ക

കാം അലട്ടുന്നില്ല. ഞാൻ ആരെ ഉദ്ദേശിച്ചാണോ പറയുന്നതു് അവർ സ്വഹൃദയങ്ങളിൽ ഈശ്വരനെ പ്രതിഷ്ഠിച്ചിട്ടുണ്ടു്. അവർ ആത്മവഞ്ചന ചെയ്യുന്നവരോ പരവഞ്ചന ചെയ്യുന്നവരോ അല്ല. അവർക്കു അവരുടെ സഹോദരിമാരും അമ്മമാരും എന്നും അതുതന്നെയാണു്; എല്ലാ സ്ത്രീകളും അവർക്കു സഹോദരിമാരും അമ്മമാരുമാണു്. അവരുടെ ഓരോ സ്പർശവും പാപമാണെന്നോ ആപന്മയമാണെന്നോ ഉള്ള തോന്നൽ ഒരിക്കലും അവർക്കുണ്ടാകുന്നില്ല. അവർ തങ്ങളിൽ കാണുന്ന ദൈവത്തെ എല്ലാ സ്ത്രീകളിലും കാണുന്നു. ഇത്തരക്കാരെ നാം കാണാത്തതുകൊണ്ടു് അങ്ങനെയുള്ളവരില്ലെന്നു പറയുന്നതു് അവിനയമാകും. അത്തരക്കാർ ഉണ്ടാകാം എന്ന സാധ്യതയെക്കുറിച്ചുള്ള വിശ്വാസക്കുറവു ബ്രഹ്മചര്യത്തിന്റെ തരംതാഴ്ത്തലായിത്തീരുകയും ചെയ്യും. സ്വാനുഭവം എതിരാകകൊണ്ടു ബ്രഹ്മചര്യത്തിന്റെ സാധ്യതകളെ നിഷേധിക്കുന്നതിൽ ഉള്ളിടത്തോളംതന്നെ അബദ്ധം നാം ഈശ്വരനെ കണ്ടിട്ടില്ലെന്നതുകൊണ്ടോ അല്ലെങ്കിൽ ആ അനുഭവം ഉണ്ടായവരെ കണ്ടിട്ടില്ലെന്നതുകൊണ്ടോ ഈശ്വരനില്ലെന്നു പറയുന്നതിലുമുണ്ടു്.

9

സമുദായക്ഷേമത്തിനുവേണ്ടി നാം പല കാര്യങ്ങളും ഉപേക്ഷിക്കേണ്ടതാണെന്നു ഞാൻ വിശ്വസിക്കുന്നുവെങ്കിലും ഇത്തരം സംയമങ്ങളുടെ അനുഷ്ഠാനത്തിൽപോലും യുക്തിയുക്തമായ വിവേചനത്തിനു് ഇടമുണ്ടെന്നു് എനിക്കു തോന്നുന്നു. തനി നഗ്നതയാണു വേണ്ടതെന്നു വാദിക്കുന്നവരുടെ ഒരു സംഘം യൂറോപ്പിലുണ്ടു്. അതിൽ അംഗമാകാൻ എന്നോടാവശ്യപ്പെട്ടു. ഞാൻ കൂട്ടാക്കിയില്ല. ഈ അഭിപ്രായം പൊറുത്തുകൂടാത്തതാണെന്നും, കുറെയേറെ ആത്മനിയന്ത്രണം ലബ്ധപ്രതിഷ്ഠമായിട്ടില്ലെങ്കിൽ നഗ്നതയുടെ പ്രകടനം അഭിലഷണീയമല്ലെന്നുമായിരുന്നു എന്റെ വാദം. താത്ത്വികമായി പറഞ്ഞാൽ സ്ത്രീയും പുരുഷനും തനി നഗ്നരായി നടക്കുന്നതിൽ യാതൊരപകടവുമില്ലെന്നു ഞാൻ വിശ്വസിക്കുന്നുവെങ്കിലും, ഞാനിങ്ങനെ അഭിപ്രായപ്പെട്ടു. കേവലം നിഷ്കളങ്കരായിരുന്ന കാലത്തു് ആഡമിന്റെയും ഈവിന്റെയും നഗ്നതമറയ്ക്കുവാൻ ഒരാലിലപോലുമുണ്ടായിരുന്നില്ലെന്നു പറയുന്നു. എന്നാൽ സ്വന്തം നഗ്നതയെക്കുറിച്ചു ബോധമുണ്ടായതോടുകൂടി അവർ ഉടുക്കാൻ തുടങ്ങുകയും സ്വർഗ്ഗത്തിൽനിന്നു പുറംതള്ളപ്പെടുകയും ചെയ്തു. പൈതൃകമായി ലഭിച്ച ആ പതിതാവസ്ഥയിലല്ലേ നാം ഇന്നു്? അതു വിസ്മരിച്ചാൽ തീർച്ചയായും നാം നമുക്കു് ആപത്തുവരുത്തും. സാമൂഹ്യക്ഷേമത്തിനുവേണ്ടി നിരോധനങ്ങൾ അനുസരിക്കുന്നതിന്റെ ഒരു ഉദാഹരണമാണിതെന്നു ഞാൻ കരുതുന്നു.

---

9. Harijan, 27-7-1947 (Self-restraint V. Self-indulgence, p. 187

digitized by www .sreyas.in

നേരെമറിച്ച്, സർവസമ്മതമായ യോഗ്യതയുള്ളവരുടെ ഇടയിൽ നടപ്പുള്ളതായിരുന്നുവെങ്കിലും, അയിത്തം സമുദായക്ഷേമത്തിനുവേണ്ടി നീക്കം ചെയ്യുന്നതു നീതിയും ന്യായവുമായിരുന്നു. ഒമ്പതു വയസ്സായ പെൺകുട്ടികളുടെ വിവാഹം സാമൂഹ്യക്ഷേമത്തിന്റെ പേരിൽ നീതീകരിക്കപ്പെട്ടിരുന്നു. ഇതുപോലെതന്നെ സമുദ്രം കടക്കാൻ പാടില്ലെന്ന നിബന്ധനയും. ഇത്തരം ഉദാഹരണങ്ങൾ ഇനിയും എടുത്തുകാണിക്കാവുന്നതാണ്. ഓരോ ആചാരവും അതിന്റെ ഗുണദോഷങ്ങളെ അടിസ്ഥാനമാക്കി പരിശോധിക്കപ്പെടണം.

സ്ത്രീപുരുഷബോധം എന്നെന്നും നിലനിർത്തുവാനുള്ളതായിരിക്കരുത് നിയന്ത്രണങ്ങൾ. നമ്മുടെ ദൈനംദിന വ്യാപാരങ്ങളിൽ മിക്കതിലും ഇത്തരം ബോധമില്ല. എനിക്കറിയാവുന്നിടത്തോളം ഇത്തരം സന്ദർഭം ഒന്നേയുള്ളൂ. അഹോരാത്രം നമുക്ക് ഈ ബോധമുണ്ടെങ്കിൽ, ദുഷിച്ച മനസ്സാണു നമ്മുടേതെന്നു കരുതണം. അത്തരം മനസ്സുകളുടെ സാമൂഹ്യക്ഷേമത്തിനു പററിയതല്ല. ഗ്രാമീണർ സദാ ലിംഗവ്യത്യാസത്തെക്കുറിച്ച് ബോധമുള്ളവരാണെങ്കിൽ, അവനവന്റെയും സമുദായത്തിന്റെയും പുരോഗതിക്കു കൊള്ളരുതാത്തവരായിരിക്കും അവർ.

## എഫ്. ശിശുവിവാഹം

1. *ശിശുവിവാഹത്തിന്റെ ഭയങ്കരത*

**10**

ശിശുവിവാഹമെന്ന ഈ ആചാരം ധാർമികവും കായികവുമായ ഒരു തിന്മയാണ്. എന്തുകൊണ്ടെന്നാൽ അതു നമ്മുടെ സദാചാരങ്ങളുടെ കടപുഴക്കുകയും ശാരീരികമായ അധഃപതനത്തിനു കാരണമാകുകയും ചെയ്യുന്നു. ഇത്തരം ആചാരങ്ങൾ പുലർത്തുന്നതുകൊണ്ടു നാം ഈശ്വരനിൽനിന്നും സ്വരാജിൽനിന്നും പിന്നോക്കം പോകുകയാണ്. ഒരു ബാലികയുടെ ഇളം പ്രായത്തെക്കുറിച്ച് ആലോചനയില്ലാത്ത ഒരാൾക്കു ഈശ്വരനെപ്പററിയും ആലോചനയില്ല. വളച്ചു പോരാത്ത മനുഷ്യർക്കു സ്വാതന്ത്ര്യസമരത്തിൽ പൊരുതുവാനോ, അതു കിട്ടിയാൽ നിലനിർത്തുവാനോ കഴിവുണ്ടാകയില്ല. സ്വരാജിനുവേണ്ടിയുള്ള സമരമെന്നുവച്ചാൽ വെറും രാഷ്ട്രീയപ്രബുദ്ധതയല്ല, സാമൂഹ്യവും വിദ്യാഭ്യാസപരവും ധാർമികവും ആർത്ഥികവും രാഷ്ട്രീയവുമായ സർവതോമുഖമായ പ്രബുദ്ധതയെന്നാണർത്ഥം.

10. Young India, 26-8-1926 (Women and Social Injustice, p. 32)

digitized by www .sreyas.in

11

ശിശുവിവാഹവിരുദ്ധസമിതി ശിശുവിവാഹത്തെക്കുറിച്ച് ഉപയോഗപ്രദവും വിജ്ഞേയവുമായ ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലെ പ്രധാന ഖണ്ഡികകൾ ഞാൻ ചുവടെ പകർത്തുന്നു.

15 വയസ്സിൽ കുറഞ്ഞ പ്രായത്തിൽ വിവാഹിതരായ പെൺകുട്ടികളുടെ സംഖ്യയെസ്സംബന്ധിച്ച്, 1931–ലെ ഇന്ത്യയുടെ കനേഷുമാരി റിപ്പോർട്ടിൽ വയോവിഭാഗത്തിൻെറ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കണക്കുകൾ ചേർത്തിരിക്കുന്നു:

| വയോവിഭാഗം | | വിവാഹിതരുടെ ശതമാനം |
|---|---|---|
| '0–1 | വയസ്സുവരെ | .8 |
| 1–2 | ,, | 1.2 |
| 2–3 | ,, | 2.0 |
| 3–4 | ,, | 4 2 |
| 4–5 | ,, | 6.6 |
| 5–10 | ,, | 19.3 |
| 10–15 | ,, | 38.1 |

'ഇങ്ങനെ, ഒരു വയസ്സിൽ താഴെ പ്രായമുള്ള 100 പെൺകുട്ടികളിൽ ഏതാണ്ട് ഒന്നുവീതം വിവാഹം കഴിഞ്ഞവരാണ്. ഇതേ ഭയങ്കര പരമാർത്ഥംതന്നെ 15 വയസ്സിനു താഴെയുള്ള എല്ലാ വയോവിഭാഗങ്ങളിലും ആവർത്തിക്കപ്പെട്ടിരിക്കുന്നു.

'ഇതിൻെറ ഒരു ഫലം രാജ്യത്തിലുള്ള ശിശുവിധവകളുടെ വിശ്വസിക്കാൻ വയ്യാത്തത്ര വലിയ സംഖ്യയാണ്'.

കണക്കുകൾ താഴെ കാണുന്നവയാണ്:

| വയോവിഭാഗം | | വിധവകളുടെ ശരിയായ എണ്ണം |
|---|---|---|
| 0–1 | വയസ്സുവരെ | 1,515 |
| 1–2 | ,, | 1,795 |
| 2–3 | ,, | 3,485 |
| 3–4 | ,, | 9,076 |
| 4–5 | ,, | 15,019 |
| 5–10 | ,, | 1,05,482 |
| 10–15 | ,, | 1,85,339 |

11. Harijan, 16-11-1935 Women and Social Injustiee, pp 40-41)

digitized by www .sreyas.in

എണ്ണംകൊണ്ടു നോക്കുമ്പോൾ ശിശുവിവാഹംകൊണ്ടുള്ള ദോഷം നിസ്സാരമാണെന്നും ഈ ആചാരം സാർവത്രികമല്ലെന്നും പറയാറുണ്ടു്; എന്നാൽ ഈ കണക്കുകൾ വെളിപ്പെടുത്തുന്ന ശിശുവിധവകളുടെ എണ്ണം ശരിയായ കണക്കിന്റെ നൂറിലൊന്നാണെങ്കിൽപോലും* ഈ ദുരിതാനുഭവത്തിന്റെ ഉറവിടം തടയുവാൻ മനുഷ്യക്ഷേമതാൽപര്യമുള്ള പൊതുജനങ്ങളോ ഗവർമെന്റോ ഒരുനിമിഷംപോലും കാത്തിരിക്കരുതു്. ഈ കുട്ടികളിൽ മിക്കവക്കും പുനർവിവാഹം സാധ്യമല്ലെന്നുകൂടി ഈ ഘട്ടത്തിൽ നാം ഓർക്കേണ്ടതാണു്.

'ശിശുവിവാഹത്തിന്റെ മറെറാരു ഫലം പ്രസവത്തിൽ മരിക്കുന്ന അമ്മമാരുടെ എണ്ണമാണു്. 2,00,000 മരണമാണു് ഇന്ത്യയിൽ കൊല്ലംതോറും ശരാശരി ഉണ്ടാകുന്നതു്. ഇതിന്നർത്ഥം മണിക്കൂറിൽ 20 മരണമെന്നാണു്. ഈ മരണങ്ങളിൽ അധികഭാഗവും സംഭവിക്കുന്നതു പതിമൂന്നിനും പത്തൊമ്പതിനുമിടയ്ക്കു പ്രായമുള്ള പെൺകുട്ടികൾക്കാണു്. സർ ജോൺ മെഗോവിന്റെ കണക്കനുസരിച്ചു് 'ചെറുപ്പക്കാരായ 1,000 അമ്മമാരിൽ 100 പേർക്കും പ്രസവസമയത്തു്, പ്രസവം കഴിയുന്നതിന്നു മുമ്പുതന്നെ മരിച്ചുപോകാനാണു വിധി.' പ്രസവസംബന്ധമായ മരണങ്ങളെക്കുറിച്ചു നമുക്കു ശരിയായ കണക്കുകളില്ല. ഇന്ത്യയിൽ ഇതു 24.5 വീതവും ഇംഗ്ലണ്ടിൽ 4.5 വീതവുമാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

'അവസാനമായി ശിശുവിവാഹം അമ്മയെ മാത്രമല്ല, കുട്ടിയെയും തന്നിമിത്തം വർഗത്തെയും ബാധിക്കുന്നു. ഇന്ത്യയിൽ ജനിക്കുന്ന 1,000 കുട്ടികളിൽ 181–ഉം മരിക്കുന്നു. ഇതു ശരാശരിയാണു്. ശരാശരി 1,000–നു് 400 വരെയെത്തുന്ന പ്രദേശങ്ങൾ ഇന്ത്യയിലുണ്ടു്. ഇംഗ്ളണ്ടിലെയും ജപ്പാനിലെയും ശിശുമരണങ്ങളുടെ കണക്കുകളുമായി––ഇതു ക്രമത്തിൽ 1,000–നു് 60, 124 എന്ന തോതിലാണു്––താരതമ്യപ്പെടുത്തിനോക്കിയാൽ ഇക്കാര്യത്തിൽ ഇന്ത്യയുടെ തനി പിന്നോക്കനില വ്യക്തമാകും. ഈ ദോഷം പരിഹരിക്കാവുന്ന ഒന്നാണെന്നും, അഭ്യസ്തവിദ്യമായ ഒരു സാമൂഹ്യമനസ്സാക്ഷിയില്ലാത്തതാണു് ഈ ദോഷം നിരങ്കുശമായി വളരാൻ കാരണമെന്നും ഓർക്കുമ്പോൾ ഇതിന്റെ ഭയങ്കരത വലുതുതന്നെയാണു്.

'എല്ലാററിലുംവച്ചു് ഏററവും പരിതാപകരമായ വസ്തുത ഇത്തരം സംഗതികളിൽ പുരോഗതിയുണ്ടെങ്കിൽത്തന്നെ അതു വളരെ മന്ദമാണു് എന്നുള്ളതത്രേ. ഉദാഹരണത്തിനു്, 1921–ൽ ഒരു വയസ്സിൽ താഴെ പ്രായമുള്ള 9,066 ഭാര്യമാരുണ്ടായിരുന്നു; 1931–ൽ 44,082 ഉണ്ടായിരുന്നു––ഏതാണ്ടു് അഞ്ചിരട്ടി; ജനസംഖ്യയാകട്ടെ

* ''എന്നാൽ, ഈ കണക്കുകൾ വെളിപ്പെടുത്തുന്ന ശിശുവിധവകളുടെ എണ്ണത്തിന്റെ നൂറിലൊരംശമേ ആകുന്നുള്ളു, ശരിയായ സംഖ്യയെങ്കിൽപോലും....'' എന്നായിരിക്കണം ഗാന്ധിജി ഉദ്ദേശിച്ചിട്ടുള്ളതെന്നു തോന്നുന്നു.

digitized by www .sreyas.in

പത്തിലൊന്നേ വർദ്ധിച്ചുള്ളൂ. പിന്നെ 1921—ൽ ഒരു വയസ്സിൽ താഴെ പ്രായമുള്ള 759 വിധവകളുണ്ടായിരുന്നു; 1931—ൽ ഈ സംഖ്യ 1,515 ആയി. പിന്നീടുള്ള കനേഷുമാരി കണക്കുകളിൽ സ്ഥിതി തുച്ഛമായി മെച്ചപ്പെട്ടതായിട്ടേ കാണുന്നുള്ളൂ. ഈ ദോഷങ്ങറം നിയന്ത്രിക്കാനുള്ള നടപടികളുടെ പുരോഗതിയേക്കാറം വളരെ വേഗത്തിലാണു ജനസംഖ്യ വർദ്ധിക്കുന്നതു്. അതിനാൽ ജനങ്ങറംക്കു വിദ്യാഭ്യാസം നൽകുവാൻ സത്വരനടപടികറം കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത എന്നത്തേക്കാളും അധികമാണു്. ഇക്കാര്യത്തിൽ ജനങ്ങളുടെയും ഗവർമെൻറിന്റെയും മനഃസാക്ഷിയെ ഉണർത്തുകയെന്നതിനേക്കാറം വല്യതോ അടിയന്തരമോ ആയ ഒരു കർത്തവ്യം ഇന്ത്യയിലെ മഹിളാപ്രസ്ഥാനത്തിന്നില്ല.

'നമുക്കു ലജ്ജിച്ചു തല താഴ്ത്തുവാൻ ഈ കണക്കുകറം ഇടയാക്കണം. എങ്കിലും അതുകൊണ്ടു ഈ ദോഷത്തിനു പരിഹാരമാവുകയില്ല. ശിശുവിവാഹമെന്ന ദുരാചാരം ഗ്രാമങ്ങളിലെന്നപോലെ നഗരങ്ങളിലും പരക്കെയുള്ളതാണു്. ഇതു മുഖ്യമായും സ്ത്രീകളുടെ ജോലിയാണു്. പുരുഷന്മാർക്കും പങ്കുണ്ടെന്നതിനു സംശയമില്ല. പക്ഷേ, പുരുഷൻ ഒന്നു ശീലിച്ചുകഴിഞ്ഞാൽ പിന്നെ ന്യായം കേറംക്കില്ല. തങ്ങളുടെ അധികാരങ്ങളും, അനുസരിക്കാതിരിക്കുക എന്ന കടമയും മനസ്സിലാക്കാൻ അമ്മമാരെയാണു പഠിപ്പിക്കേണ്ടതു്. ഇതുവരെ പഠിപ്പിക്കുവാൻ സ്ത്രീകറംക്കല്ലാതെ മററാർക്കാണു കഴിയുക? അതിനാൽ അഖിലേന്ത്യാ മഹിളാസമ്മേളനം ആ പേരർഹിക്കുന്നതായിത്തീരണമെങ്കിൽ ഗ്രാമങ്ങളിലേക്കു് ഇറങ്ങി വരണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ ലഘുലേഖകറം വിലപ്പെട്ടവയാണു്. ഇംഗ്ലീഷ് അറിയാവുന്ന കുറച്ചു നഗരവാസികളുടെ അടുത്തേ അവ എത്തുകയുള്ളൂ. ഗ്രാമീണസ്ത്രീകളുമായി നേരിട്ടു ബന്ധപ്പെടുകയാണു് ആവശ്യം. എന്നെങ്കിലും അതു സാധിച്ചാൽത്തന്നെ പണി എളുപ്പമല്ല. പക്ഷേ, അതെപ്പോഴെങ്കിലുമൊരിക്കൽ തുടങ്ങിവച്ചാലല്ലാതെ എന്തെങ്കിലും ഫലം ആശിക്കാൻ നിവൃത്തിയില്ല. അഖിലേന്ത്യാ മഹിളാസമ്മേളനം അഖിലേന്ത്യാ ഗ്രാമോദ്യോഗസംഘവുമായി ഇണങ്ങി പ്രവർത്തിക്കുമോ? എത്രതന്നെ പ്രാപ്തിയുള്ള ഗ്രാമീണസേവകനും സേവികയും സാമൂഹ്യപരിഷ്കാരത്തിനു മാത്രമായി ഗ്രാമീണരെ സമീപിക്കാമെന്നു പ്രതീക്ഷിച്ചിട്ടുകാര്യമില്ല. ഗ്രാമീണജീവിതത്തിലെ എല്ലാ രംഗങ്ങളും അവർ സ്പർശിക്കേണ്ടതായി വരും. ഞാൻ ആവർത്തിച്ചു പറയട്ടെ, ഗ്രാമസേവനമെന്നുവച്ചാൽ യഥാർത്ഥ വിദ്യാഭ്യാസമാണു്, എഴുത്തും വായനയും കണക്കും പഠിപ്പിക്കൽ മാത്രമല്ല. വിചാരശീലരായ മനുഷ്യർക്കു ചേർന്ന——മനുഷ്യർ ഇങ്ങനെയാണെന്നാണല്ലോ വെപ്പു്——യഥാർത്ഥ ജീവിതത്തിന്റെ ആവശ്യങ്ങളിലേക്കു ഗ്രാമീണരുടെ മനസ്സു തുറന്നുവിടൽകൂടിയുമാണതു്.

digitized by www .sreyas.in

## 12

ബങ്കാളിൽനിന്നു് ഒരു ഹിന്ദുസ്ത്രീ എഴുതുന്നു:

'ഹിന്ദുസമുദായത്തിലെ സാധുക്കളായ ബാലികാഭാര്യമാർക്കു വേണ്ടി അങ്ങു വാദിക്കുന്നതിനു് എങ്ങനെയാണു് അങ്ങയോടു നന്ദിപറയേണ്ടതെന്നു് എനിക്കറിഞ്ഞുകൂടാ. മദിരാശിയിലെ ആ സംഭവം ഒററപ്പെട്ട ഒന്നല്ല. ഒരുകൊല്ലം മുമ്പു കൽക്കത്തയിൽ അങ്ങനെയൊന്നുണ്ടായി. പെൺകുട്ടിക്കു 10 വയസ്സേ ആയിരുന്നുള്ളു. രണ്ടുരാത്രി അയാളുടെകൂടെ കഴിച്ചുകൂട്ടിയശേഷം പിന്നെ അയാളുടെ അടുത്തേക്കു പോകാൻ അവൾ തീരെ കൂട്ടാക്കിയില്ല. എന്നാലും ഒരു ദിവസം അവളുടെ അമ്മ കുറച്ചു മുറുക്കാൻ കൊടുക്കാൻ അവളെ അയാളുടെ അടുത്തേക്കയച്ചു. ഭർത്താവിനു് അതു കൊടുത്തശേഷം മടങ്ങിപ്പോരാമെന്നായിരിക്കാം ആ സാധുപെൺകുട്ടി വിചാരിച്ചതു്. പക്ഷേ അയാൾ വാതിലടച്ചു. അവൾ പുറത്തുകടക്കാൻ കഴിഞ്ഞില്ല. കുറച്ചു കഴിഞ്ഞപ്പോൾ ദയനീയമായ നിലവിളികേട്ടു. പെൺകുട്ടിയുടെ അമ്മ മുറിയിലേക്കു് ഓടിച്ചെന്നു. വാതിൽ തുറന്നപ്പോൾ ആ പെൺകുട്ടി മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. അത്ര കഠിനമായിട്ടാണു 'ഭർത്താവു്' അവളുടെ തലയ്ക്കു് അടിച്ചതു്.

'അയാളെ വിചാരണചെയ്തു മരണശിക്ഷയ്ക്കു വിധിച്ചു.

'പുറത്തുവരാത്ത ഇത്തരം എത്ര സംഭവങ്ങൾ സമുദായത്തിലുണ്ടാകുന്നുണ്ടെന്നു് ആക്കറിയാം? പ്രായം തികയുന്നതുവരെ ഭർത്താവിൽനിന്നു് അകന്നു താമസിക്കാൻ ബാലികാഭാര്യമാർ ശ്രമിച്ചതിന്റെ വിവരങ്ങൾ എനിക്കു നേരിട്ടറിയാം.

'എന്നാൽ അവർക്കുവേണ്ടി പറയാൻ ആരുണ്ടു്? നമ്മുടെ സ്ത്രീകൾ അവരുടെ ദുഃഖഭാരം നിശ്ശബ്ദമായി എന്നും ചുമക്കുന്നു, ദുർബലതകൊണ്ടു്. യാതൊരു ദുരാചാരത്തോടും പൊരുതുവാനുള്ള ശക്തി അവർക്കില്ല. നമ്മുടെ പുരുഷന്മാരാകട്ടെ അതിർകവിഞ്ഞ ശക്തിയും സ്വന്തം സുഖങ്ങളെക്കുറിച്ചേ ചിന്തിക്കുന്നുള്ളു, സാധുസ്ത്രീകളുടെ സുഖത്തെപ്പററി ആലോചിക്കാറില്ല.

'എന്റെ പരിചയത്തിൽപ്പെട്ട ഒരു ബ്രാഹ്മണസ്ത്രീയെ പത്താം വയസ്സിൽ കല്യാണം കഴിച്ചുകൊടുത്തു. ഭർത്തൃഗൃഹത്തിലേക്കു പോകാൻ അവൾ കൂട്ടാക്കിയില്ല. അതുകൊണ്ടു് അയാൾ വേറെ വിവാഹം കഴിച്ചു. യൗവനം തികഞ്ഞ ആ സാധുസ്ത്രീ ഇപ്പോൾ പിതൃഗൃഹത്തിൽ കഴിഞ്ഞുകൂടുകയാണു്.

ഗ്രാമങ്ങളിൽ താണജാതിക്കാരുടെ ഇടയിൽ ബാലികാഭാര്യമാർ ഭർത്താക്കന്മാരിൽനിന്നു് അകന്നുനിൽക്കാൻ ശ്രമിക്കുകകൊ

12. Young India, 7–10-1926 (Women and Social Injustce, pp. 38–39)

digitized by www .sreyas.in

ണ്ടും അവരെ രാത്രി ഭർത്താവിന്റെ മുറിയിലേക്ക തള്ളിവിടുക എളുപ്പമല്ലാത്തതുകൊണ്ടും ഭർത്താക്കന്മാർ അവരെ അടിക്കാറുണ്ടെന്നു് ഒരു സ്ത്രീ പറയുന്നു.

'സങ്കടം അനുഭവിക്കുന്നവർക്ക മിണ്ടാൻ അധികാരവും അവസരവും ഇല്ലാത്തപ്പോഠം പൈശാചികാചാരങ്ങളെ നീതീകരിക്കുക വളരെ എളുപ്പമാണു്.'

മുകളിൽ വരച്ച ചിത്രം ജീവിതയാഥാത്ഥ്യമായാലും ചായം കൂടുതൽ കലർത്തിയതായാലും സാരം ശരിയാണു്. പിൻബലത്തിനു ഞാൻ തെളിവുകഠം തേടേണ്ടതില്ല. വിഭാര്യനും വയസ്സനുമായ നല്ല പ്രാക്ടീസുള്ള ഒരു ഡോക്ടർ തന്റെ മകളാകാൻ മാത്രം പ്രായമുള്ള ഒരു പെൺകുട്ടിയെ വിവാഹം ചെയ്തതു് എനിക്കറിയാം. മറ്റൊരാഠം വിഭാര്യനും അറുപതുവയസ്സുകാരനുമായ ഒരു വിദ്യാഭ്യാസത്തലവൻ ഒമ്പതു വയസ്സായ ഒരു പെൺകുട്ടിയെ വിവാഹംചെയ്തു. ഈ അപവാദം എല്ലാവരും അറിയുകയും അതു് ആക്ഷേപാർഹമാണെന്നു സമ്മതിക്കപ്പെടുകയും ചെയ്തുവെങ്കിലും ഗവർമെൻറിനാലും ജനങ്ങളാലും ബഹുമാനിക്കപ്പെടുന്ന ഇൻസ്പെക്ടരായിത്തന്നെ അദ്ദേഹം വർത്തിച്ചു. ഇത്തരം സംഭവങ്ങഠം അനേകം സുഹൃത്തുകളെ സംബന്ധിച്ചുള്ളതു് ഇനിയും ഓർമയിൽനിന്നു എടുത്തുപറയാൻ എനിക്കു കഴിയും.

ഇന്ത്യയിലെ സ്ത്രീകഠംക്ക യാതൊരു ദുരാചാരത്തെയും ചെറുക്കുവാൻ ശക്തിയില്ലെന്നു് ഈ ലേഖനകർത്രി പറഞ്ഞതു ശരിയാണു്. ഈ സ്ഥിതിവിശേഷത്തിനു പുരുഷന്മാരാണു് ഉത്തരവാദികളെന്നതിൽ സംശയമില്ല. പക്ഷേ, എപ്പോഴും കുററം പുരുഷന്മാരുടെമേലെറിഞ്ഞു സ്ത്രീകഠംക്ക സ്വന്തം മനസ്സാക്ഷിയെ രക്ഷിക്കാമോ? പരിഷ്കാരത്തിന്റെ ചുമതല വഹിക്കുകയെന്ന കടമ അവരിൽ പ്രബുദ്ധകളായവർ സ്വജാതിയോടും അമ്മമാരെന്നനിലയിൽ പുരുഷന്മാരോടും നിറവേറേറണ്ടതായിട്ടില്ലേ? വിവാഹശേഷം സ്വഭർത്താക്കന്മാരുടെ വെറും പാവകളായിത്തീരുകയും, ഭാവിതലമുറയെ സൃഷ്ടിക്കുകയെന്ന പണിയിൽ അകാലികമായി ഏർപ്പെടുകയും ചെയ്യുകയാണെങ്കിൽ അവർക്കിന്നു കിട്ടുന്ന വിദ്യാഭ്യാസത്തിനൊക്കെ എന്തു വിലയാണുള്ളതു്? സ്ത്രീകളുടെ വോട്ടവകാശത്തിനുവേണ്ടി വേണമെങ്കിൽ അവർക്ക സമരം ചെയ്യാം. അതിനു സമയമോ ക്ലേശമോ വേണ്ട. അതവർക്ക നിർദോഷമായ വിനോദമാകും. എന്നാൽ ശിശുവിവാഹം അസാധ്യമായിത്തീരുന്നതുവരെയും പ്രായപൂർത്തി വരുമ്പോഴും വരനെ സംബന്ധിച്ചു് അവസാനതീരുമാനം ചെയ്യാൻ അവസരം ലഭിക്കുമ്പോഴമല്ലാതെ വിവാഹം കഴിക്കാൻ വിസമ്മതിക്കത്തക്കവണ്ണം ഓരോ പെൺകുട്ടിക്കും ഉശിരു തോന്നുന്നതുവരെയും ബാലികാഭാര്യമാരുടെയും ബാലികാവിധവകളുടെയും ഇടയിൽ

digitized by www .sreyas.in

അവിശ്രമം പ്രവർത്തിക്കുന്നവരും യാതൊരു ഭാരവും പുരുഷന്മാർക്കായി വിട്ടുകൊടുക്കാത്തവരുമായ ധീരവനിതകളെവിടെയുണ്ട്?

2. *വിവാഹസമ്മതപ്രായം സംബന്ധിച്ച നിയമനിർമാണം*

### 13

വിവാഹാനുമതി നൽകാവുന്ന പ്രായം 14 വയസ്സാക്കി ഉയർത്തുവാൻവേണ്ടി അസംബ്ളിയിൽ അവതരിപ്പിച്ചിട്ടുള്ള ഒരു ബില്ലിനെപ്പററി മിസ്സിസ് ഡോറോത്തി ജിനരാജദാസ ഒരു എഴുത്തു പലർക്കും അയച്ചിരിക്കുന്നു....ഈ ബില്ലിനെപ്പററി എനിക്കു യാതൊന്നും അറിഞ്ഞുകൂടെന്നു ഞാൻ സമ്മതിച്ചുകൊള്ളട്ടെ. എന്നാലും അനുമതി പ്രായം പതിനാലുമാത്രമല്ല, പതിനാറുവരെയാക്കി ഉയർത്തുന്നതിനെ ഞാൻ ശക്തിപൂർവം അനുകൂലിക്കുന്നുണ്ട്. അതിനാൽ ബില്ലിൻെറ ഉള്ളടക്കത്തെപ്പററി എനിക്കൊന്നും പറയാൻ കഴികയില്ലെങ്കിലും, ഇളംപ്രായത്തിലുള്ള സാധുപെൺകുട്ടികളെ പുരുഷൻെറ വിഷയാസക്തിയിൽനിന്നു രക്ഷിക്കുവാനുള്ള ഏതു പ്രസ്ഥാനത്തെയും ഞാൻ ഹൃദയപൂർവം പിൻതാങ്ങും. അധാർമികവും മനുഷ്യോചിതമല്ലാത്തതുമായ ഒരു കർമത്തിന്—എൻെറ വിനീതാഭിപ്രായത്തിൽ പതിന്നാലു വയസ്സിൽപ്പോലുമുള്ള സ്ത്രീപുരുഷസംയോഗം തീർച്ചയായും ഇങ്ങനെയാണ്—വിവാഹച്ചടങ്ങ് എന്നു വിളിക്കപ്പെടുന്ന ഒന്നിനു മേലിൽ നിയമസാധുത നൽകാൻപാടില്ല. സ്വതവേ അധാർമികമായ ഒരു കർമത്തെ വിശുദ്ധമാക്കാൻ സന്ദിഗ്ധപ്രാമാണ്യമുള്ള സംസ്കൃതശ്ലോകങ്ങൾ ഉദ്ധരിക്കപ്പെട്ടുകൂടാ. അസംഖ്യം ബാലികാമാതാക്കളുടെ ആരോഗ്യനാശം ഞാൻ കണ്ടിട്ടുണ്ട്. ഇളംപ്രായത്തിലുള്ള വിവാഹത്തിൻെറ ഭയങ്കരതകളിൽ നിർബന്ധമായ ബാലവൈധവ്യംകൂടി കൂട്ടിച്ചേർത്താൽ മനുഷ്യൻെറ ദുരന്തകഥ സംപൂർണമായി. അനുമതിപ്രായം ഉയർത്തുവാനുള്ള ബുദ്ധിപൂർവമായ ഏതു നിയമനിർമാണത്തിനും എൻെറ ആനുകൂല്യമുണ്ട്. എന്നാൽ, പിൻതാങ്ങാൻ പൊതുജനാഭിപ്രായമില്ലാത്തതുകൊണ്ട് ഇന്നുള്ള നിയമംതന്നെ നിഷ്ഫലമായിരിക്കയാണെന്ന പരമാർത്ഥം സവ്യസനം ഞാൻ അറിയുന്നുണ്ട്. മററു പലതിലുമെന്നപോലെ ഇക്കാര്യത്തിലും പരിഷ്കർത്താവിൻെറ പണി ഏററവും ദുഷ്കരമാണ്. ഹിന്ദുക്കളെ എന്തെങ്കിലും ബോദ്ധ്യപ്പെടുത്തണമെങ്കിൽ നിരന്തരവും നിർവിഘ്നവുമായ പ്രക്ഷോഭണം വേണം. അകാലവാർദ്ധക്യത്തിൽനിന്നും അകാലമരണത്തിൽനിന്നും ഇന്ത്യയിലെ ബാലികമാരെ രക്ഷിക്കുകയെന്ന വിശിഷ്ടോദ്യമത്തിൽ ഏർപ്പെട്ടവർക്കു ഞാൻ സർവിജയവും ആശംസിച്ചുകൊള്ളുന്നു.

13. Young India, 27-8-1925 (Women and Social Injustice, p. 31)

digitized by www .sreyas.in

## 14

അനുമതിപ്രായം ഉയർത്തുവാൻ നിയമനിർമാണം ആരംഭിച്ചിരിക്കുന്നു. ഒരു ന്യൂനപക്ഷത്തെ പിടികൂടാൻ അതു പററുമായിരിക്കാം. പക്ഷേ, പരക്കെയുള്ള ഒരു ദുരാചാരത്തെ നിയമമല്ല തടയുക, പ്രബുദ്ധമായ പൊതുജനാഭിപ്രായത്തിനേ അതു ചെയ്യാനൊക്കൂ. ഇത്തരം കാര്യങ്ങളിൽ നിയമനിർമാണത്തിനു ഞാൻ എതിരല്ല. എങ്കിലും ഞാൻ കൂടുതൽ പ്രാധാന്യം നൽകുന്നതു പൊതുജനാഭിപ്രായം വളർത്തുന്നതിനാണ്. സാമാന്യമായിപ്പറഞ്ഞാൽ 18 വയസ്സിൽ താഴെയുള്ള പെൺകുട്ടിയെ വിവാഹം കഴിച്ചുകൊടുക്കരുത്.

## 15

മൃഗീയമായൊരാചാരത്തിനു മതത്തിൻെറ പിന്തുണ നൽകുകയെന്നതു് അധർമമാണ്, ധർമമല്ല. സ്മൃതികളിൽ പരക്കെ പരസ്പരവിരുദ്ധതകളാണ്. ഈ വൈരുദ്ധ്യങ്ങളിൽനിന്നു സ്വീകരിക്കാവുന്ന യുക്തിയുക്തമായ ഏക അനുമാനം സുവിദിതവും സ്വീകൃതവുമായ സദാചാരത്തിനു്——വിശിഷ്യ, സ്മൃതികളിൽത്തന്നെ അനുശാസിച്ച സദാചാരതത്ത്വങ്ങൾക്കു——വിരുദ്ധമായ ശ്ലോകങ്ങൾ പ്രക്ഷിപ്തങ്ങളെന്ന നിലയിൽ നിരസിക്കപ്പെടണമെന്നുള്ളതത്രേ. മനുഷ്യനിലുള്ള മൃഗത്തിനു പ്രോത്സാഹനം നൽകുന്നതോടൊപ്പം തന്നെ, അതേ തൂലികകൊണ്ടു് ആത്മസംയമത്തെക്കുറിച്ചുള്ള ആവേശകരങ്ങളായ ശ്ലോകങ്ങളും എഴുതാൻതരമില്ല. ആർത്തവകാലം എത്തുന്നതിനു മുമ്പു പെൺകുട്ടിയെ വിവാഹംചെയ്തുകൊടുക്കാതിരിക്കുന്നതു പാപമാണെന്നു പറയാൻ ആത്മസംയമം എന്താണെന്നു് അറിയാത്തവനും ദുരാചാരനിമഗ്നനുമായ ഒരുത്തനേ കഴിയൂ. ആർത്തവകാലം ആരംഭിച്ചശേഷം കുറെ കൊല്ലങ്ങൾ കഴിയുന്നതിനുമുമ്പു പെൺകുട്ടികളെ വിവാഹംചെയ്യുന്നതാണു പാപമായി കരുതപ്പെടേണ്ടതു്. ആ കാലത്തിനു മുമ്പു വിവാഹത്തെക്കുറിച്ചുള്ള ആലോചനയേ അരുതു്. മീശമുളച്ച ഉടനെ ഒരാൺകുട്ടി സന്താനോത്പാദനത്തിനു് എത്രമാത്രം പററിയവനാകുന്നുവോ അതിലും ഒട്ടുമധികം ഒരു പെൺകുട്ടി ആർത്തവാരംഭത്തിൽ കുട്ടികളെ പ്രസവിക്കാൻ പററിയവളാകുന്നില്ല.

## 16

കവി ഉചിതമായി പറയുന്നു: 'മനുഷ്യൻെറ മനസ്സാക്ഷിയെ രഹസ്യമായി വേദനിപ്പിക്കുന്ന വസ്തുതകളുടെ പാരുഷ്യം കുറയ്ക്കുവാൻതക്ക ഒരു തത്ത്വചിന്തയ്ക്കു രൂപംനൽകാൻ ഏറെയൊന്നും ക്ലേശ

14. Young India, 26-8-1926 (Women and Social Injustice, pp. 32-33)
15. Young India, 26-8-1926 (Women and Social Injustice, p. 32)
16. Young India, 9-9-1926 (Women and Social Injustice, pp.36-37)

digitized by www .sreyas.in

മില്ല.' 'യങ്ഇന്ത്യ'യുടെ ഈ വായനക്കാരൻ ഒരടികൂടി മുന്നോട്ടു വച്ചിരിക്കുന്നു. അദ്ദേഹം തക്കതായ ഒരു തത്ത്വചിന്ത രൂപപ്പെടുത്തിയിട്ടുണ്ടെന്നു മാത്രമല്ല, വസ്തുതകളെ അവഗണിക്കുകയും പിൻബലമില്ലാത്ത പ്രസ്താവനകളിൻമേൽ തന്റെ തത്ത്വചിന്ത പടുത്തുയർത്തുകയും ചെയ്തിരിക്കുന്നു.

ദാതാക്കളെ ഞാൻ കുററപ്പെടുത്തിയിട്ടില്ല; എങ്കിൽത്തന്നെയും, മാതൃത്വത്തിന്റെ ക്ലേശം സഹിക്കത്തക്ക പ്രായമായിട്ടില്ലാത്തപ്പോൾ വിവാഹം നടത്തണമെന്നു വാശിപിടിക്കുന്നവരിൽ ഞാൻ ദുരാചാരം ആരോപിച്ചിട്ടുള്ളതുകൊണ്ട്, ദയയില്ല എന്ന ആക്ഷേപത്തെ ഞാൻ വിട്ടുകളയുകയാണ്. ജീവനുള്ള ഒരു മനുഷ്യനെ, ഒരു സാങ്കൽപ്പികജീവിയെയല്ല, അയാൾക്കു ദുരുദ്ദേശ്യമുണ്ടെന്നു പറഞ്ഞു കുററപ്പെടുത്തുമ്പോൾ, അതും തക്ക കാരണമില്ലാതെ ചെയ്യുമ്പോൾ, മാത്രമേ ദയയില്ലായ്മ കടന്നുവരുള്ളൂ. എന്നാൽ ആത്മസംയമം ഉപദേശിച്ച ആദ്യത്തെ സ്മൃതികർത്താക്കൾ കൊച്ചു പെൺകുട്ടിയുടെ വിവാഹം നിർബന്ധമാക്കുന്ന ശ്ലോകങ്ങൾ എഴുതിയെന്നു പറയുവാൻ ഈ ലേഖകനു വല്ല ന്യായവുമുണ്ടോ? ഋഷിമാർ മലിനരായിരുന്നിരിക്കാൻ തരമില്ലെന്ന് അഥവാ മനുഷ്യശരീരത്തെ സംബന്ധിച്ച മൗലികപരമാർത്ഥങ്ങൾ അറിയാത്തവരായിരുന്നിരിക്കാൻ ഇടയില്ലെന്നു കരുതുന്നതല്ലേ കൂടുതൽ സദയമായ നിലപാട്?

എന്നാൽ ശിശുവിവാഹം—ചെറുപ്പകാലവിവാഹമല്ല (ചെറുപ്പകാലവിവാഹമെന്നുവച്ചാൽ 25 വയസ്സിനു മുമ്പുള്ള വിവാഹമെന്നാണർത്ഥം)—നിർബന്ധമാക്കുന്ന ശ്ലോകങ്ങൾ പ്രാമാണികങ്ങളാണെന്നു തെളിഞ്ഞാൽതന്നെ വ്യക്തമായ അനുഭവത്തിന്റെയും ശാസ്ത്രീയജ്ഞാനത്തിന്റെയും വെളിച്ചത്തിൽ നാം അവയെ നിരസിക്കണം. ശിശുവിവാഹം ഹിന്ദുസമുദായത്തിൽ സാർവത്രികമാണെന്ന പ്രസ്താവനയുടെ സുബദ്ധതയെ ഞാൻ ചോദ്യംചെയ്യുന്നു. കുട്ടിക്കാലത്തുതന്നെ ലക്ഷോപലക്ഷം ബാലികമാർ വിവാഹിതരാണ്, ഭാര്യമാരായിക്കഴിയുന്നവരാണ് എന്നു കാണാനിടവരുന്നതു പരിതാപകരമാണ്. ലക്ഷോപലക്ഷം ബാലികമാരുടെ വിവാഹകർമം പതിനൊന്നാംവയസ്സിൽ പൂർത്തിയായിരുന്നെങ്കിൽ ഒരു വർഗമെന്നനിലയിൽ ഹിന്ദുക്കൾ പണ്ടേ നാമാവശേഷമായേനെ

മേലിലും തങ്ങളുടെ പുത്രിമാർക്കു ഭർത്താക്കന്മാരെ തെരഞ്ഞെടുക്കേണ്ടതു മാതാപിതാക്കളാണെങ്കിൽതന്നെ, വിവാഹം നന്നാകാലേ നിശ്ചയിക്കുകയും നടത്തുകയും ചെയ്യണമെന്ന് അർത്ഥമില്ല. തിരഞ്ഞെടുക്കേണ്ടതു ബാലികമാരാണെങ്കിൽ പ്രേമാർത്ഥനയും ശൃംഗരിക്കലുമുണ്ടാകുമെന്നു പറയുന്നതു ഇതിലുമേറെ തെററാണ് . എന്തൊക്കെപ്പറഞ്ഞാലും പ്രണയാർത്ഥന യൂറോപ്പിൽ സാർവത്രിക-

digitized by www .sreyas.in

മല്ല; അനേകായിരം ഹിന്ദുബാലികമാരുടെ വിവാഹം നടക്കുന്നതു 15 വയസ്സിനുശേഷമാണ്; എന്നാലും മാതാപിതാക്കന്മാർതന്നെയാണു ഭർത്താക്കന്മാരെ തിരഞ്ഞെടുക്കുന്നതും. എന്നും മുസ്ലീംമാതാപിതാക്കൾതന്നെയാണു തങ്ങളുടെ പ്രായപൂർത്തിവന്ന മക്കൾക്കു ഭർത്താക്കന്മാരെ തിരഞ്ഞെടുക്കുന്നതു്. തിരഞ്ഞെടുക്കുന്നതു ബാലികമാരോ അവരുടെ മാതാപിതാക്കളോ എന്നതു മറെറാരു കാര്യമാണ്: പതിവാണ് അതിനടിസ്ഥാനം.

പ്രായംതികഞ്ഞ ഭാര്യമാരുടെ കുട്ടികൾ ബാലികാഭാര്യമാരുടെ കുട്ടികളെക്കാൾ ദുർബലരാണെന്ന പ്രസ്താവനയ്ക്കു താങ്ങായി ലേഖകൻ തെളിവൊന്നും ഹാജരാക്കിയിട്ടില്ല. ഇന്ത്യൻസമുദായത്തെക്കുറിച്ചും യൂറോപ്യൻ സമുദായത്തെക്കുറിച്ചും എനിക്കറിയാമെങ്കിലും, അവയുടെ സദാചാരങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തുവാൻ ഞാൻ ഒരുക്കമില്ല. യൂറോപ്യൻ സമുദായത്തിന്റെ സദാചാരം ഹിന്ദുസമുദായത്തിന്റേതിനെക്കാൾ താണതാണെന്ന വാദത്തിനുവേണ്ടി സമ്മതിക്കുകയാണെങ്കിൽത്തന്നെ, പൂർണ യൗവനം പ്രാപിച്ചശേഷം വിവാഹം നടക്കുന്നതാണ് ഈ താഴ്ചയ്ക്കു കാരണമെന്നു സ്വാഭാവികമായി സിദ്ധിക്കുന്നുണ്ടോ?

എന്റെ ലേഖകൻ സമുദായത്തിൽ ഉയർന്ന സ്ഥാനമുള്ള ഒരാളാണ്. ധാരാളം വിദ്യാഭ്യാസം സിദ്ധിച്ചവരും, രാജ്യത്തിനുവേണ്ടി ചിന്തിക്കുകയും പ്രയത്നിക്കുകയും ചെയ്യണമെന്നു പ്രതീക്ഷിക്കപ്പെട്ടുന്നവരുമായ സ്ത്രീപുരുഷന്മാരിൽനിന്നു രാഷ്ട്രം ഇതിലും നല്ല കാര്യങ്ങളാണു പ്രതീക്ഷിക്കുന്നതു്. സദാചാരപരവും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ പല ദുർനടപടികളും നമ്മുടെ ഇടയിലുണ്ട്. ക്ഷമാപൂർവമായ പഠനം, ഉത്സാഹപൂർവമായ ഗവേഷണം, കരുതലോടുകൂടിയ കൈകാര്യംചെയ്യൽ, വാക്കിന്റെ സുബദ്ധത, വ്യക്തമായ വിചിന്തനം, സന്തോടത്തോടുകൂടിയതും നിഷ്പക്ഷവുമായ അഭിപ്രായപ്രകടനം—ഇതെല്ലാം അവശ്യാവശ്യമാണ്. അതിനാൽ നമുക്കു വേണമെങ്കിൽ ധ്രുവങ്ങളോളം അകന്നുനില്ക്കാം. പക്ഷേ, സത്യം കണ്ടെത്താനും എന്തു സഹിച്ചും അതിനെ മുറുകെപ്പിടിക്കുവാനും നാം പ്രയത്നിക്കാതിരുന്നാൽ, രാജ്യത്തിനും നമ്മുടെ ഓരോരുത്തരുടെയും മതത്തിനും ദേശീയതാൽപര്യത്തിനും നാം തീർച്ചയായും കോട്ടം തട്ടിക്കും.

digitized by www .sreyas.in

## ജി. വിധവാവിവാഹം

### 1. *വിധവകളുടെ ഗതി*

17

വിധവാവിവാഹം കുറെയൊക്കെ ആവശ്യമാണു്. നമ്മുടെ യുവാക്കന്മാർ സംശുദ്ധരായാലേ ഈ പരിഷ്കാരം നടപ്പിൽ വരുത്താൻ കഴിയൂ....നമ്മുടെ ഇടയിൽ അഭ്യസ്തവിദ്യരായ വളരെ യുവാക്കളുണ്ടു്. സ്വന്തം കുടുംബങ്ങളിലെ വിധവകളെപ്പറ്റി അവരിൽ എത്ര കുറച്ചുപേരേ ആലോചിച്ചിട്ടുള്ളൂ! എത്ര കുറച്ചുപേരേ പണത്തിന്റെ പ്രലോഭനത്തെ ചെറുത്തുനിന്നിട്ടുള്ളൂ! എത്ര കുറച്ചുപേർ മാത്രമാണു വിധവകളെ സ്വന്തം സഹോദരിമാരായും അമ്മമാരായും കരുതി, അവരുടെ അഭിമാനം രക്ഷിക്കുന്നതു്! സ്വപ്രത്യയസ്ഥൈര്യത്തോടുകൂടിനിന്നു്, സമുദായത്തിന്റെ ഏതു മുഷ്കിനെയും ധിക്കരിച്ചവർ എത്ര കുറച്ചാണു്! സാധുവിധവ ആരെയാണു സമീപിക്കുക? അവൾക്കെന്താശ്വാസം നൽകാനാണു് എന്നെക്കൊണ്ടു കഴിയുക? അവരിൽ എത്ര കുറച്ചുപേരാണു 'നവജീവൻ' വായിക്കുന്നതു്! അതു വായിക്കുന്നവരിൽത്തന്നെ സ്വന്തവിശ്വാസമനുസരിച്ചു പ്രവർത്തിപ്പാൻ കഴിയുന്നവർ എത്ര കുറച്ചാണു്! എങ്കിലും വിധവയുടെ വിലാപത്തിനായി ഇടയ്ക്കു 'നവജീവ'ന്റെ പംക്തികൾ ഞാൻ വിനിയോഗിക്കാറുണ്ടു്, സന്ദർഭം കിട്ടിയാൽ കൂടുതൽ എന്തെങ്കിലും ചെയ്യണമെന്നു ഞാൻ ആശിക്കുന്നു. അതുവരെ സ്വസംരക്ഷണത്തിൽ ശിശുവിധവകളുള്ളവരോടെല്ലാം ഞാൻ അഭ്യർത്ഥിക്കുന്നു, അവരെ വിവാഹം കഴിച്ചുകൊടുക്കുന്നതു സ്വധർമ്മമായി കരുതണമെന്നു്.

18

ഇന്ത്യയിൽ ഒട്ടാകെയുള്ള വിധവകളുടെ എണ്ണവും സംസ്ഥാനം തോറുമുള്ളവരുടെ എണ്ണവും കാണിക്കുന്ന വിലപ്പെട്ട കണക്കുകൾ സർ ഗംഗാറാം പ്രസിദ്ധീകരിച്ചിരിക്കുന്നു. ഈ കണക്കുകൾ ഓരോ പരിഷ്കർത്താവിന്റെയും പക്കൽ ഉണ്ടായിരിക്കേണ്ടതാണു്.

തന്റെ അഭിപ്രായത്തിൽ പരിഷ്കാരോദ്യമം ഇന്ന ക്രമത്തിലാണു വേണ്ടതെന്നു സർ ഗംഗാറാം പറഞ്ഞിട്ടുള്ളതിനോടു് അധികംപേർ യോജിക്കുകയില്ല. അദ്ദേഹം പറയുന്ന ക്രമം ഇതാണു്:

ഒന്നാമതു് സാമൂഹ്യപരിഷ്കാരം
രണ്ടാമതു സാമ്പത്തികപരിഷ്കാരം.
മൂന്നാമതു സ്വരാജ്യം അല്ലെങ്കിൽ രാഷ്ട്രീയമോചനം.

---

17. Young India, 4–2–1926 (Women and Social Injustsce, p. 101)
18. Young India, 5-8–1926 (Women and Social Injustice, pp. 102–103)

digitized by www .sreyas.in

സർ ഗംഗാറാമിനെപ്പോലെതന്നെ സമുദായപരിഷ്കരണൗത്സുക്യമുണ്ടായിരുന്ന അദ്ദേഹത്തിന്റെ മുൻഗാമികൾ ഇങ്ങനെയല്ല വിചാരിച്ചതു്. റാനഡേയും, ഗോഖലെയും, ചന്ദ്രവർക്കറും സമുദായപരിഷ്കാരത്തോളംതന്നെ പ്രാധാന്യമുള്ളതാണ സ്വരാജ്യമെന്നു കരുതി. ലോകമാന്യതിലകനും സമുദായപരിഷ്കാരത്തിൽ താൽപര്യംകുറഞ്ഞ ആളായിരുന്നില്ല, എങ്കിലും പരിഷ്കാരത്തിന്റെ എല്ലാ ശാഖകളും ഒന്നിച്ച് പുരോഗമിക്കണമെന്നു് അദ്ദേഹവും അദ്ദേഹത്തിന്റെ മുൻഗാമികളും ധരിക്കുകയും വിശ്വസിക്കുകയും ചെയ്തുപോന്നു. ലോകമാന്യന്റെയും ഗോഖലെയുടെയും അഭിപ്രായത്തിൽ മററെന്തിനെക്കാളും മുമ്പിൽ വേണ്ടതു രാഷ്ട്രീയപരിഷ്കാരമായിരുന്നു. രാഷ്ട്രീയപാരതന്ത്ര്യം ഏതു ജോലിക്കും നമ്മെ കൊള്ളരുതാത്തവരാക്കുകയാണെന്നു് അവർ വിശ്വസിച്ചിരുന്നു.

രാഷ്ട്രീയമോചനംകൊണ്ടു ജനകീയപ്രബുദ്ധത വർദ്ധിക്കുമെന്നതാണ പരമാർത്ഥം. അതുണ്ടായാൽ, ദേശീയപ്രവർത്തനങ്ങളുടെ എല്ലാ വിഭാഗങ്ങളെയും അതു ബാധിക്കാതിരിക്കുകയില്ല. ഓരോ പരിഷ്കാരത്തിനും അർത്ഥം ഉണർവെന്നാണു്. ഒരിക്കൽ ശരിക്കു് ഉണർന്നുകഴിഞ്ഞാൽ പിന്നെ ഒരു രംഗത്തിലെ പരിഷ്കാരം കൊണ്ടുമാത്രം ജനത കൃതാർത്ഥമാവുകയില്ല. അതിനാൽ എല്ലാ പ്രസ്ഥാനങ്ങളും പുരോഗമിക്കണം, ഒന്നിച്ചുതന്നെ.

എങ്കിലും ആവശ്യമായ പരിഷ്കാരങ്ങൾക്കു് ഒരു ക്രമം തയ്യാറാക്കിയതിനു് സർ ഗംഗാറാമിനോടു് ആരും ശണ്ഠ കൂട്ടേണ്ടതില്ല. അദ്ദേഹത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ 'സർവരോഗവിനാശിനി'കളോടു നമുക്കു യോജിക്കാൻ വയ്യെങ്കിലും സമുദായപരിഷ്കാരത്തിലുള്ള അദ്ദേഹത്തിന്റെ ഔത്സുക്യത്തെ ഗൗനിക്കാതെ തരമില്ല. അദ്ദേഹം ശേഖരിച്ച കണക്കുകൾ ഭയങ്കരങ്ങൾതന്നെയാണു്. അദ്ദേഹം ചോദിക്കുന്നു: 'ശിശുവിവാഹങ്ങൾകൊണ്ടും നിർബന്ധവൈധവ്യംകൊണ്ടും ഉണ്ടാകുന്ന ദുരിതാനുഭവത്തെക്കുറിച്ചു് ആർതന്നെ വിലപിക്കുകയില്ല?' 1921—ലെ കാനേഷുമാരിക്കണക്കനുസരിച്ച് ഹിന്ദുവിധവകളുടെ എണ്ണം ഇപ്രകാരമാണു്:

| | | |
|---|---|---|
| 5 വയസ്സുവരെ പ്രായമായ വിധവകൾ | | 11,892 |
| 5—10 ,, | ,, | 85,037 |
| 10—15 ,, | ,, | 2,32,147 |
| | | 3,29,076 |

ഇതിനു മുമ്പിലത്തെ രണ്ടു കാനേഷുമാരികളിലെ കണക്കുകളും കൊടുത്തിട്ടുണ്ടു്. 1921—ലെ ആകത്തുക രണ്ടു ശതാബ്ദങ്ങളിലേതിനേക്കാൾ കുറച്ചധികമാണു്. മററു ജാതിക്കാരായ വിധവകളുടെ

digitized by www .sreyas.in

കണക്കുകളും ചേർത്തിട്ടുണ്ട്. ഇവയും വെളിവാക്കുന്നതു ഹിന്ദു ബാലികാവിധവകളോടു കാണിക്കുന്ന അപരാധത്തിന്റെ ആധിക്യമാണ്. മതത്തിന്റെ പേരിൽ നാം പശുസംരക്ഷണത്തിനു മുറവിളികൂട്ടുന്നുണ്ട്; എങ്കിലും ബാലികാവിധവയുടെ രൂപത്തിലുള്ള മനുഷ്യപ്പശുവിനു സംരക്ഷണം നിഷേധിക്കുന്നു. മതകാര്യത്തിൽ നാം ബലം പ്രയോഗിക്കുകയില്ല. എങ്കിലും വിവാഹകർമത്തിന്റെ അർത്ഥമെന്താണെന്നു് അറിഞ്ഞുകൂടാത്ത മൂന്നുലക്ഷത്തിലധികം ബാലികാവിധവകളിൽ മതത്തിന്റെ പേരിൽ നിർബന്ധപൂർവം വൈധവ്യം വച്ചുകെട്ടുന്നു. ചെറിയ പെൺകുട്ടികളിൽ വൈധവ്യം വച്ചുകെട്ടുന്നതു മൃഗീയമായൊരു കുററമാണ്; ഇതിനുള്ള കഠിനശിക്ഷ ഹിന്ദുക്കൾ ദിവസേന അനുഭവിച്ചുപോരുന്നുണ്ട്. നമ്മുടെ മനഃസാക്ഷി ശരിക്കും പ്രബുദ്ധമായിരുന്നെങ്കിൽ, 15 വയസ്സിനുമുമ്പു വിവാഹം—വൈധവ്യത്തിന്റെ കാര്യം പറകയോ വേണ്ട—ഉണ്ടാകുമായിരുന്നില്ല; ഈ മൂന്നുലക്ഷം ബാലികമാർ ധർമാനുസരണം വിവാഹിതകളല്ലെന്നു നാം പ്രഖ്യാപിക്കുകയും ചെയ്യും. ഇത്തരം വൈധവ്യത്തിനു് ഒരു ശാസ്ത്രത്തിലും പ്രമാണമില്ല. ഭർതൃസുഖം അറിഞ്ഞ ഒരു സ്ത്രീ മനഃപൂർവം പരാപേക്ഷ കൂടാതെ സ്വീകരിച്ച വൈധവ്യം ജീവിതത്തിന്റെ മനോജ്ഞതയും അന്തസ്സും വർദ്ധിപ്പിക്കുകയും, കുടുംബത്തെ പവിത്രമാക്കുകയും മതത്തെത്തന്നെ സമുദ്ധരിക്കുകയും ചെയ്യും. മതമോ ആചാരമോ വച്ചുകെട്ടിയ വൈധവ്യം പൊറുക്കവയ്യാത്ത ഒരു നരകമാണ്. രഹസ്യദുരാചാരം കൊണ്ടു് അതു കുടുംബത്തെ പങ്കിലമാക്കുകയും മതത്തെ തരംതാഴ്ത്തുകയും ചെയ്യുന്നു.

50 കഴിഞ്ഞ വൃദ്ധരും രോഗികളുമായ പുരുഷന്മാർ ബാലികാഭാര്യമാരെ ചിലപ്പോൾ മീതെക്കുമീതെ സ്വീകരിക്കുന്നതിനെപ്പററി അല്ല വിലയ്ക്കു വാങ്ങുന്നതിനെപ്പററി ആലോചിക്കുമ്പോൾ, ഹിന്ദുക്കളുടെ ഈ വിധവാസമ്പ്രദായം ദുർഗന്ധം വമിക്കുന്നില്ലേ? നമ്മുടെ ഇടയിൽ അനേകായിരം വിധവകൾ ഉള്ളിടത്തോളംകാലം നാം ഇരിക്കുന്നതു് ഏതു നിമിഷവും പൊട്ടിത്തെറിച്ചേക്കാവുന്ന ഒരു മൈനിന്മേലാണ്. നമുക്കു വിശുദ്ധരാകണമെന്നുണ്ടെങ്കിൽ, ഹിന്ദുമതത്തെ രക്ഷിക്കണമെന്നുണ്ടെങ്കിൽ, നിർബന്ധവൈധവ്യമാകുന്ന ഈ വിഷത്തിൽനിന്നു നാം മുക്തരാകണം. സ്വസംരക്ഷണത്തിൽ ബാലികാവിധവകളുള്ളവർ ധൈര്യം അവലംബിച്ചു് അവരെ വിധിപോലെ നന്നായി വിവാഹംചെയ്തുകൊടുത്തുകൊണ്ടാണ്—ഇതു പുനർവിവാഹമല്ല—ഈ പരിഷ്കാരം ആരംഭിക്കേണ്ടതു്. അവർ യഥാർത്ഥത്തിൽ വിവാഹിതകളായിരുന്നില്ല.

digitized by www .sreyas.in

19

ഹിന്ദുവിധവകളെക്കുറിച്ചുള്ള സർ ഗംഗാറാമിൻെറ കണക്കുകൾ എല്ലാ ഹിന്ദുവിധവകളെയും സംബന്ധിച്ചുള്ളതാണോ എന്നും, അഥവാ അവ ആചാരമനുസരിച്ചു വിവാഹം ചെയ്യാൻ പാടില്ലാത്തവരെ സംബന്ധിച്ചു മാത്രമുള്ളവയാണോ എന്നും ഒരു ലേഖകൻ ഔചിത്യപൂർവം ചോദിക്കുന്നു. സർ ഗംഗാറാമിനോടു ചോദിച്ചപ്പോൾ, 'വിധവാപുനർവിവാഹം നിരോധിക്കപ്പെട്ട ജാതികളെസംബന്ധിച്ചമാത്രമുള്ളവയല്ല അവയെന്നും, എല്ലാത്തരം ഹിന്ദുവിധവകളും ഉൾപ്പെട്ടവയാണെന്നും' അറിയുന്നു. സർ ഗംഗാറാം തുടരുന്നു: 'എന്നല്ല, അത്തരം ജാതിക്കാരുടെ കണക്കുകൾ മാത്രം ചേർക്കുന്നതു പ്രയോജനകരമായിരുന്നില്ല. മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും പുനർവിവാഹം ചെയ്യാമെന്നു നമുക്കൊക്കെ അറിയാം; എന്നാലും ഇന്നല്ലെങ്കിൽ നാളെ പുനർവിവാഹം ചെയ്യുന്ന വിധവകൾ അവരുടെ ഇടയിലുണ്ട്. ഹിന്ദുവിധവകളുടെമേലുള്ള നിരോധനമാണു ഞാൻ നീക്കംചെയ്യാൻ ആഗ്രഹിക്കുന്നതു്. പുനർവിവാഹം ചെയ്യാൻ ഓരോ വിധവയെയും നിർബന്ധിക്കണമെന്നു് എനിക്കാഗ്രഹമില്ല.'

തീർച്ചയായും ഇതു നല്ലതുതന്നെ. എന്നാൽ ഹിന്ദുമതത്തിലെ നിരോധനം, ആ നിരോധിതമേഖലയിൽപ്പെട്ടവക്കു മാത്രമായുള്ളതാണു്. അതിൻെറ പുറത്തുള്ളവർക്കു മുസ്ലീംവിധവകളെപ്പോലെയും ക്രിസ്ത്യൻ വിധവകളെപ്പോലെയും യഥേഷ്ടം വിവാഹംചെയ്യാം. എല്ലാ മുസ്ളീംവിധവകളും ക്രിസ്ത്യൻവിധവകളും 'ഇന്നല്ലെങ്കിൽ നാളെ' പുനർവിവാഹം ചെയ്യുന്നില്ലെന്നും, അവരോടു നീതി ചെയ്യാൻവേണ്ടി പറഞ്ഞുകൊള്ളട്ടെ, സ്വന്തം ഇഷ്ടപ്രകാരം അങ്ങനെ ചെയ്യാത്തവർ വളരെയുണ്ട്. എന്നാലും ഉയർന്ന ജാതികളെ അന്ധമായി അനുകരിക്കുവാനും, ചെറുപ്പക്കാരായ വിധവകളെ വിവാഹം ചെയ്യാതെ നിർത്താനുമുള്ള ഒരു വാസന വിലക്കപ്പെട്ട വിഭാഗത്തിനു പുറത്തും ഉണ്ടെന്നതിനു സംശയമില്ല. പുനർവിവാഹംചെയ്യാൻ വിധവകളെ അനുവദിക്കാത്ത ആചാരം വരുത്തിത്തീർത്ത ദോഷത്തിൻെറ വലുപ്പം ശരിക്കു കണക്കാക്കുവാൻ കൂടുതൽ പൂർണമായ വിവരങ്ങൾ ലഭിക്കുന്നതുവരെ സാധ്യമല്ല. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്ന സർ ഗംഗാറാമിൻെറയുംമററും സംഘങ്ങൾ വേണ്ടത്ര വിവരങ്ങൾ ശേഖരിച്ചു പ്രസിദ്ധംചെയ്യുമെന്നാശിക്കുക. വിലക്കപ്പെട്ട ജാതിക്കാർക്കിടയിൽ 20 വയസ്സിനു താഴെ പ്രായമുള്ള വിധവകളുടെ എണ്ണം അറിയാൻ സാധിക്കേണ്ടതാണു്.

എൻെറ ലേഖകനും—അദ്ദേഹത്തിൻെറ ചോദ്യം ഒരുപക്ഷേ, ആ നിരോധനത്തെ നീതീകരിക്കാനുള്ള ആഗ്രഹംകൊണ്ടുണ്ടായ

19. Young India, 2-9-1926 (Women and Social Injustice, p. 106)

digitized by www .sreyas.in

നാകാം—അദ്ദേഹത്തെപ്പോലെ വിചാരിക്കുന്നവരും വിവാഹം ചെയ്യാൻ യുവവിധവകളെ അനുവദിക്കാത്തതുകൊണ്ടുള്ള ദോഷം അവഗണിക്കരുത്.

## 20

ഇളംപ്രായത്തിൽ പെൺമക്കളെ വിവാഹംചെയ്തുകൊടുക്കുകയെന്ന പാപംചെയ്ത മാതാപിതാക്കൾ, ആ മക്കൾ 20 തികയുന്നതിനു മുമ്പുതന്നെ വിധവകളായിത്തീർന്നെങ്കിൽ വീണ്ടും അവരുടെ വിവാഹം കഴിച്ചു പ്രസ്തുത പാപത്തിനു പ്രായശ്ചിത്തം ചെയ്യണമെന്നാണു ഞാൻ അഭ്യർത്ഥിച്ചത്. പ്രായപൂർത്തി വന്നശേഷമാണു ആ പെൺകുട്ടികൾ വിധവകളാകുന്നതെങ്കിൽ, പുനർവിവാഹം ചെയ്യണമോ വിധവയായിത്തന്നെയിരിക്കണമോ എന്നു തീരുമാനിക്കേണ്ടത് അവർതന്നെയാണ്. സാമാന്യനിയമം എന്തായിരിക്കണമെന്നു പറയാൻ എന്നോടാവശ്യപ്പെട്ടാൽ ഞാൻ പറയും, ഒരേ നിയമം സ്ത്രീകൾക്കും പുരുഷന്മാർക്കും ബാധകമായിരിക്കണമെന്ന്. അമ്പതു വയസ്സായ ഒരു വിഭാര്യന് ഒരു തകരാറും കൂടാതെ പുനർവിവാഹം ചെയ്യാമെങ്കിൽ, ആ പ്രായത്തിലുള്ള വിധവയ്ക്കും അപ്രകാരം ചെയ്യാം. എന്റെ അഭിപ്രായത്തിൽ രണ്ടുകൂട്ടരും പുനർവിവാഹംകൊണ്ടു പാപമാണു ചെയ്യുന്നതെന്ന സംഗതി തികച്ചും മറ്റൊരു കാര്യമത്രേ. പ്രായപൂർത്തി വന്നതിനുശേഷം സ്വമേധയാ വിവാഹം ചെയ്ത വിധവയോ വിഭാര്യനോ ആയിത്തീർന്നവർ വീണ്ടും വിവാഹംചെയ്യുന്നതു പാപമാണെന്നുവരാൻതക്കവണ്ണം ഹിന്ദുനിയമത്തിൽ പരിഷ്കാരം വരുത്തുന്നതിനെ എന്നും ഞാൻ അനുകൂലിക്കും.

## 21

ചോദ്യകർത്താവിനു ഞാൻ നൽകിയ ഉത്തരം നിയമനിർമാതാവായ മനുഷ്യനോടുള്ള ഒരു വെല്ലുവിളിയായിരുന്നു. സ്വന്തം സ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടുവാൻ നിയമനിർമാതാവു സമ്മതിക്കുകയില്ല. അതിനാൽ പുരുഷന് അഭിലഷണീയമായി കരുതപ്പെടുന്നതു സ്ത്രീക്കും അപ്രകാരംതന്നെയായിരിക്കണമെന്നും, തന്നിമിത്തം പുനർവിവാഹം സംബന്ധിച്ച് ഒരു വിഭാര്യനുള്ളിടത്തോളംതന്നെ വിവേചനസ്വാതന്ത്ര്യം വിധവയ്ക്കും ഉണ്ടായിരിക്കണമെന്നും കാണിക്കാനുള്ള ഒരു ശ്രമമായിരുന്നു എന്റെ മറുപടി. എന്നല്ല, ബ്രിട്ടീഷ് ഭരണഘടനയിൻകീഴിൽ ഉണ്ടാക്കപ്പെട്ട നിയമങ്ങൾപോലെ അയവില്ലാത്തതല്ല ഹിന്ദുനിയമം. 'പാപം' എന്ന വാക്കാണ് 'കുറ്റം' എന്നല്ല മനഃപൂർവം ഞാൻ ഉപയോഗിച്ചിട്ടുള്ളതെന്നും

20. Young India, 14-10-1926 (Women and Social Injustice, p. 107)
21. Young India, 18-11-1926 (Women and Social Injustice, p. 108)

digitized by www .sreyas.in

ശ്രദ്ധിക്കണം. കററത്തോടൊന്നിച്ച് മനുഷ്യൻ നടത്തുന്ന ഗവർമെൻറു വച്ചുകെട്ടിയ ശിക്ഷയുമുണ്ട്. പാപത്തിനു ശിക്ഷ നൽകാൻ ഈശ്വരനോ സ്വന്തം മനസ്സാക്ഷിക്കോ മാത്രമേ കഴിയൂ. എൻെറ മറുപടിയിൽ നിർദ്ദേശിച്ചിടത്തോളം ഹിന്ദുസമുദായം ഉയരുകയാണെങ്കിൽ അതിനും മനുഷ്യജാതിക്കും അതു വലിയൊരു നേട്ടമായിരിക്കും.

## 2. *ശിശുവിധവകളും പ്രായമായ വിധവകളും*

### 22

എൻെറ പര്യടനകാലത്ത് അസംഖ്യം ബാലികമാരെ ഞാൻ കണ്ടെങ്കിലും 13 വയസ്സു തികഞ്ഞിട്ടും അവിവാഹിതകളായ രണ്ടോ മൂന്നോ പേരേ മാത്രമേ കാണുകയുണ്ടായുള്ളൂ. മടിയിലിരുത്തിക്കളിപ്പിക്കാൻ മാത്രം പോന്ന ഒരു പെൺകുട്ടി ഭാര്യയായുണ്ടായിരിക്കുന്നതു ധർമമല്ല, അധർമത്തിൻെറ ഉച്ചകോടിയാണ്. 16 വയസ്സിൽ താഴെ പ്രായമായ പെൺകുട്ടികളെ വിവാഹം ചെയ്യുകയില്ലെന്നു തീരുമാനിക്കാൻ ഇന്ത്യയിലെ യുവാക്കളോടു ഞാൻ ആവശ്യപ്പെടുന്നു. വിധവയ്ക്കു ഹിന്ദുമതത്തിൽ പുണ്യമായൊരു സ്ഥാനമുണ്ട്. പക്ഷേ, ഇന്നത്തെ ഹിന്ദുവിധവയുടെ ഗതികേടു പണ്ടത്തെ ഹിന്ദുവിധവയ്ക്കുണ്ടായിരുന്നില്ല. ഒരു പെൺകുട്ടിയെ അവളുടെ സമ്മതമില്ലാതെയും സാമ്പത്തികമോ മററോ ആയ ലാഭത്തിനുവേണ്ടിയും മാതാപിതാക്കൾ വിവാഹം ചെയ്തു കൊടുക്കുന്നുവെങ്കിൽ അവളെ വിവാഹിതയായി ഞാൻ കരുതുകയില്ല. ഇത്തരമൊരു കുട്ടി വിധവയായിത്തീർന്നാൽ അവളെ വിവാഹംചെയ്തുകൊടുക്കേണ്ടതു മാതാപിതാക്കളുടെ കടമയാണെന്നു ഞാൻ കരുതുന്നു. മററുതരം വിധവകളെ സംബന്ധിച്ചിടത്തോളം തനിവിധവകളായി ജീവിക്കാൻ വയ്യെന്നു അവർക്കു തോന്നുകയാണെങ്കിൽ അതേ സ്ഥിതിയിലുള്ള വിഭാര്യന്മാർക്കു പുനർവിവാഹം ചെയ്യാനുള്ളിടത്തോളം അവകാശം പുനർവിവാഹത്തിനു് അവർക്കുമുണ്ട്. നിങ്ങളുടെ സമുദായം ഈ മൂന്നു പ്രശ്നങ്ങളും സ്വന്തമാക്കി അവയുടെ പരിഹാരത്തിനു പരിശ്രമിക്കട്ടെ.

## 3. *ആക്ഷേപങ്ങളും മറുപടികളും*

### 23

മനുഷ്യജാതിയിലെ മർദിതവിഭാഗം അയിത്തക്കാർ മാത്രമല്ല. ഹിന്ദുസമുദായത്തിലെ യുവവിധവയും അങ്ങനെതന്നെയാണ്. ബംഗാളിൽനിന്ന് ഒരു ലേഖകൻ എഴുതുന്നു:

22. Young India, 18-8-1927 (Women and Social Injustice, p. 110)
23 Young India, 19-8-1926 (Women and Social Injustice, p. 105)

digitized by www .sreyas.in

'മുസ്ളീങ്ങളുടെയിടയിൽ വിധവാപുനർവിവാഹത്തിനു തടസ്സങ്ങളൊന്നുമില്ല. പക്ഷേ, ഒരാൾക്കു നാലു ഭാര്യമാരെ വിവാഹം ചെയ്യാമെന്നുണ്ട്. വാസ്തവത്തിൽ വളരെ മുസ്ളീങ്ങൾക്കു ഒന്നിലേറെ ഭാര്യമാരുണ്ട്. അങ്ങനെ മുസ്ളീംപുരുഷന്മാരിൽ വിവാഹം കഴിക്കാത്തവരായി ആരുമില്ല. അതിനാൽ, വിധവാപുനർവിവാഹത്തിനു തടസ്സങ്ങളില്ലാത്തിടത്തു സ്ത്രീകളുടെ സംഖ്യ പുരുഷന്മാരുടേതിനേക്കാൽ വളരെയധികമാണെന്നതു നേരല്ലേ? മറ്റുതരത്തിൽ പറഞ്ഞാൽ, വിധവാപുനർവിവാഹം അനുവദിക്കുന്ന സമുദായങ്ങളിൽ ബഹുഭാര്യാത്വംകൂടി അനുവദിക്കണമെന്നതു നേരല്ലേ?

'വിധവാപുനർവിവാഹം ഹിന്ദുസമുദായത്തിൽ സാധാരണമാക്കിയാൽ യുവവിധവകൾ തങ്ങളെ വിവാഹം ചെയ്യാൻ യുവാക്കന്മാരെ പ്രേരിപ്പിക്കുകയും അവിവാഹിതബാലികമാർക്കു വരന്മാരെ കിട്ടുകയെന്നതു് ദുഷ്കരമെന്നല്ല, അസാധ്യംതന്നെയാക്കിത്തീർക്കുകയും ചെയ്യുകയില്ലേ?

'ഒരു ഹിന്ദുവിനു് ഒന്നിലധികം ഭാര്യമാരുണ്ടായിരിക്കുന്നതിനു വ്യവസ്ഥയില്ലെങ്കിൽ, വിധവകൾ ചെയ്യുന്ന അഥവാ ചെയ്യുന്നുണ്ടെന്നു കരുതപ്പെടുന്ന പാപങ്ങളെല്ലാം അവിവാഹിതബാലികമാരും ചെയ്യുകയില്ലേ?

'വിധവാപുനർവിവാഹമാകാമെന്നു പറയുമ്പോൾ ആലോചിക്കേണ്ട വിഷയങ്ങളായ പ്രേമം, ആർഷമായ ഗൃഹസ്ഥധർമം, പതിവ്രതാധർമം മുതലായവയൊന്നും ഞാൻ താങ്കളെ ഓർമപ്പെടുത്തുന്നില്ല.'

വിധവാപുനർവിവാഹം തടയാനുള്ള ഔത്സുക്യംകൊണ്ടു് ഈ ലേഖകൻ പല കാര്യങ്ങളും അവഗണിച്ചിരിക്കുന്നു. ഒന്നിലധികം ഭാര്യമാരെ സ്വീകരിപ്പാൻ മുസ്ളീങ്ങൾക്കു് അവകാശമുണ്ടെങ്കിലും അവരിൽ ഭൂരിപക്ഷത്തിനും ഒരു ഭാര്യവ്രതമേയുള്ളൂ. നിർഭാഗ്യവശാൽ ഹിന്ദുമതത്തിൽ ബഹുഭാര്യാത്വത്തിനു വിരോധമില്ലെന്നു് ഈ ലേഖകനു് അറിഞ്ഞുകൂടെന്നു തോന്നുന്നു. ഏററവും ഉയർന്നനിലയിലുള്ള ഹിന്ദുക്കൾ ഒന്നിലധികം ഭാര്യമാരെ വിവാഹം ചെയ്തതായി അറിയാം. വളരെ രാജാക്കന്മാർ അസംഖ്യം ഭാര്യമാരെ വിവാഹം ചെയ്യുന്നുണ്ട്. ഉയർന്ന ജാതികളിൽ മാത്രമേ വിധവാവിവാഹം തടയപ്പെട്ടിട്ടുള്ളൂവെന്നകാര്യവും ഈ ലേഖകൻ വിസ്മരിച്ചുകളയുന്നു. നാലാമത്തെ (ശൂദ്ര) ജാതിയിൽപ്പെട്ട വിധവകളിൽ ഭൂരിപക്ഷവും യഥേഷ്ടം പുനർവിവിഹം ചെയ്യുന്നുണ്ട്; അതുകൊണ്ടു ഒരു തകരാറും ഉണ്ടായിട്ടില്ല. ഒന്നിലധികം ഭാര്യമാരെ സ്വീകരി

digitized by www .sreyas.in

ക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിലും, സാമാന്യമായി പറഞ്ഞാൽ ഒരു ഭാര്യയെക്കൊണ്ടു സംതൃപ്തരാണവർ.

യുവവിധവകരം യുവാക്കന്മാരെയെല്ലാം കൈവശപ്പെടുത്തിക്കളയുമെന്നും, അവിവാഹിതബാലികമാർക്കായി ആരേയും ബാക്കിവച്ചേക്കുകയില്ലെന്നുമുള്ള അഭിപ്രായം ഔചിത്യബോധത്തിന്റെ ദയനീയമായ അഭാവത്തെയാണു കാണിക്കുന്നതു്. ചെറുബാലികമാരുടെ വിശുദ്ധിയെക്കുറിച്ചുള്ള അമിതമായ ഉൽക്കണ്ഠ അനാരോഗ്യകരമായ മനസ്സിന്റെ ലക്ഷണമാണു്. കുറച്ചു വിധവകരം പുനർവിവാഹം ചെയ്താൽ അസംഖ്യം ബാലികമാർ അവിവാഹിതരായിക്കിടക്കേണ്ടിവരില്ല. എങ്ങനെയായാലും, അങ്ങനെയൊരു പ്രശ്നം ഉത്ഭവിച്ചുവെങ്കിൽ അതിനു കാരണം ഇന്നു നടക്കുന്ന ഇളംപ്രായത്തിലുള്ള വിവാഹങ്ങളായിരിക്കും. ഇത്തരം വിവാഹങ്ങരം തടയുകയാണു കാലേക്കൂട്ടിചെയ്യേണ്ട പ്രതിവിധി.

പ്രേമം, ഗൃഹസ്ഥജീവിതത്തിന്റെ വിശുദ്ധി മുതലായവയെപ്പററിയൊക്കെ ചെറുപ്പക്കാരിയായ ഒരു വിധവയുള്ളപ്പോരം ഏറെപ്പറയാതിരിക്കുകയാണു നല്ലതു്.

പക്ഷേ, എന്റെ പ്രധാനവാദം ലേഖകന്റെ ശ്രദ്ധയിൽപ്പെടാതെ പോയിരിക്കുന്നു. പരക്കെ വിധവാപുനർവിവാഹം വേണമെന്നു ഞാനൊരിക്കലും ആവശ്യപ്പെട്ടിട്ടില്ല. സർ ഗംഗാറാം ശേഖരിച്ചതും, ഈ ഏടുകളിൽ ചുരുക്കിച്ചേർത്തതുമായ കണക്കുകരം 15 വയസ്സുവരെ പ്രായമായ വിധവകളെ സംബന്ധിച്ചുള്ളവമാത്രമാണു്. ഗതികെട്ട ഈ സാധുജീവികരംക്കു പതിവ്രതാധർമത്തെപ്പററി യാതൊന്നും അറിഞ്ഞുകൂടാ. അവർ പ്രേമമെന്തെന്നു് അറിയാത്തവരാണു്. ഈ ബാലികമാർ വിവാഹിതകളേ അല്ല, എന്നു പറയുന്നതാണു കൂടുതൽ സത്യം. വിവാഹം ഒരു പുണ്യകർമമാണെങ്കിൽ——അതങ്ങനെയാകണം——ഒരു പുതിയ ജീവിതത്തിലേക്കു പ്രവേശമാണെങ്കിൽ, വിവാഹം ചെയ്യപ്പെടുന്ന പെൺകുട്ടികരം പൂർണവളർച്ച പ്രാപിച്ചവരായിരിക്കണം, ജീവിതസഖിയെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ അവർക്കെന്തെങ്കിലും പങ്കുണ്ടായിരിക്കണം, സ്വന്തം പ്രവൃത്തികളുടെ അനന്തരഫലങ്ങരം അറിയാവുന്നവരായിരിക്കണം. കുട്ടികളുടെ സഹവാസത്തെ വിവാഹിതാവസ്ഥയെന്നു വിളിക്കുന്നതും പിന്നീടു തന്റെ ഭർത്താവെന്നു പറയപ്പെടുന്നയാരം മരിച്ചതുകൊണ്ടു പെൺകുട്ടിക്കു വൈധവ്യം വിധിക്കുന്നതും ഈശ്വരനോടും മനുഷ്യനോടും ചെയ്യുന്ന അപരാധമാണു്.

യഥാർത്ഥ ഹിന്ദുവിധവ ഒരു നിധിയാണെന്നു ഞാൻ തീർച്ചയായും വിശ്വസിക്കുന്നു. ഹിന്ദുമതം മനുഷ്യജാതിക്കു നൽകിയ സംഭാ

digitized by www .sreyas.in

വനകളിൽ ഒന്നാണതു്. രമാബായ് റാനഡേ ഇത്തരമൊരു സംഭാവനയായിരുന്നു. എന്നാൽ ബാലികാവിധവകളുടെ നിലനിൽപ്പ് ഹിന്ദുമതത്തിലെ ഒരു കളങ്കമാണു്; അതിനു് ഒരു രമാബായ് റാനഡേയുടെ ജീവിതം പ്രായശ്ചിത്തമാവുകയില്ല.

## 24

ബാലികാവിധവകളുടെ പുനർവിവാഹകാര്യത്തെപ്പററിയുള്ള ഒരെഴുത്തിൽനിന്നാണു് താഴെ ചേർത്ത ഭാഗം ഉദ്ധരിക്കുന്നതു്.

'സെപ്തംബർ 23–ാം തീയതിയിലത്തെ 'യങ്ഇന്ത്യ'യിൽ ബി. അഗ്രസ്സ നൽകിയ മറുപടിയിൽ അങ്ങു പറയുന്നു, ബാലികാവിധവകളെ അവരുടെ മാതാപിതാക്കൾ പുനർവിവാഹം ചെയ്തു കൊടുക്കണമെന്നു്. ശാസ്ത്രീയവിധികളനുസരിച്ച കന്യാദാനം നടത്തുന്ന മാതാപിതാക്കൾ ഇതെങ്ങനെയാണു ചെയ്യുക? തങ്ങളുടെ മകളിലുള്ള സർവ അധികാരങ്ങളും തികഞ്ഞ ഗൗരവബോധത്തോടുകൂടിയും മതപരമായ ചടങ്ങുകളനുസരിച്ചും ജാമാതാവിനായി വിട്ടുകൊടുത്ത മാതാപിതാക്കൾക്കു്, അയാളുടെ മരണശേഷം വീണ്ടും അവളെ വിവാഹംചെയ്തു മറെറാരാൾക്കു കൊടുക്കുകയെന്നതു സാധ്യമല്ല. അവൾക്കു വേണമെങ്കിൽ സ്വമേധയാ പുനർവിവാഹം ചെയ്യാം; എന്നാൽ അവൾ അവളുടെ ഭർത്താവിനു ദാനംചെയ്യപ്പെട്ടവളാകകൊണ്ടു്, അയാളുടെ മരണശേഷം അവളെ വീണ്ടും വിവാഹം കഴിച്ചുകൊടുക്കുവാൻ ലോകത്തിൽ യാതൊരാൾക്കും അധികാരമില്ല. ഇതേ കാരണംകൊണ്ടുതന്നെ പുനർവിവാഹം ചെയ്യാൻ അവൾക്കും അധികാരമില്ല. അതിനാൽ മരണസമയത്തു ഭർത്താവു നൽകിയ വ്യക്തമായ അനുവാദത്തോടുകൂടിയല്ലാതെ അവൾ പുനർവിവാഹം ചെയ്താൽ അവൾ ചാരിത്ര്യമില്ലാത്തവളും വഞ്ചകിയുമായിത്തീരും. ഇങ്ങനെ യുക്തിയെ അടിസ്ഥാനമാക്കി നോക്കുമ്പോൾ മിക്ക സനാതനികളുടെ ഇടയിലും പ്രചാരത്തിലിരിക്കുന്ന കന്യാദാനസമ്പ്രദായമനുസരിച്ച വിവാഹിതയായ ഒരു വിധവയ്ക്കു്, അവൾ കുട്ടിയായാലും യുവതിയായാലും വൃദ്ധയായാലും, ഭർത്താവിന്റെ അനുവാദമില്ലെങ്കിൽ, പുനർവിവാഹം ചെയ്യുക സാധ്യമല്ല. ഒരു യഥാർത്ഥ സനാതനി ഭർത്താവിനാകട്ടെ ഇങ്ങനെ അനുവദിക്കുന്ന കാര്യം പൊറുക്കാവുന്നതുമല്ല. കഴിയുമെങ്കിൽ തന്റെ ഭാര്യ ഉടന്തടി ചാടണമെന്നാണു് അയാൾ ആഗ്രഹിക്കുക; അല്ലെങ്കിൽ ബാക്കി ജീവകാലം അവൾ തന്റെ സ്മരണയോടു ഭക്തികാണിച്ചു്, അഥവാ ഈശ്വരനെ ഭജിച്ചു്—രണ്ടും ഒന്നുതന്നെ—കഴിഞ്ഞുകൂടണമെന്നെങ്കിലും അയാൾ ആഗ്രഹിക്കും. പരസ്പരം ഭൂഷണങ്ങളായ, ഭിന്നങ്ങളല്ലാത്ത, സമുൽകൃഷ്ടങ്ങളായ വിവാഹവൈധവ്യാദർശങ്ങളുടെ സംരക്ഷണത്തെ സഹായിക്കണമെന്ന ആഗ്രഹംകൊണ്ടു് അതിനു ചുമത

---

24. Young India, 11-11-1926 (Women and Social Injustice, pp. 108–109)

digitized by www .sreyas.in

ലയുണ്ടെന്ന ബോധംകൊണ്ടു്, മാത്രം പ്രേരിതനായിട്ടായിരിക്കം അയാഠം ഇപ്രകാരം വിചാരിക്കുന്നതു്.'

ഇത്തരം വാദം ഒരുന്നതാദർശത്തെ വ്യഭിചരിപ്പിക്കലായി ഞാൻ കരുതുന്നു. ലേഖകൻെറ ഉദ്ദേശ്യം നല്ലതാണെന്നതിനു സംശയമില്ല. എങ്കിലും സ്ത്രീകളുടെ വിശുദ്ധിയെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ അമിതമായ ഉൽക്കണ്ഠ പ്രാഥമിക നീതി എന്താണെന്നു കാണാൻ അദ്ദേഹത്തിനു കഴിവില്ലാതാക്കുന്നു. ചെറിയ കുട്ടികളുടെ കാര്യത്തിൽ കന്യാദാനത്തിനെന്താണർത്ഥം? ഒരു പിതാവിനു തൻെറ കുട്ടികളുടെമേൽ വല്ല ഉടമസ്ഥാവകാശവുമുണ്ടോ? അദ്ദേഹം അവരുടെ സംരക്ഷകനാണു് ഉടമസ്ഥനല്ല. തൻെറ രക്ഷയിൽപ്പെട്ടവരുടെ സ്വാതന്ത്ര്യം തുലച്ചുകളയുവാൻ ശ്രമിച്ചു് ആ രക്ഷാധികാരം ദുരുപയോഗപ്പെടുത്തുമ്പോഠം ആ അധികാരം അയാഠംക്കില്ലാതാകുന്നു. എന്നല്ല, സ്വീകരിക്കാൻ കഴിവില്ലാത്ത ഒരു കുട്ടിക്കു് എങ്ങനെയാണൊരു ദാനം നല്കുക? സ്വീകരിക്കാൻ കഴിവില്ലാത്തേടത്തു ദാനമില്ല. കന്യാദാനം നിഗൂഢാർത്ഥമുള്ള, മതപരമായ ആത്മീയ പ്രാധാന്യമുള്ള ഒരു ക്രിയയാണെന്നതിനു സംശയമില്ല. ഇത്തരം ശബ്ദങ്ങഠം അതിൻെറ യഥാതഥമായ അർത്ഥത്തിൽ ഉപയോഗിക്കുന്നതു ഭാഷയുടേയും മതത്തിൻെറയും ദുരുപയോഗമാണു്. ഇതുപോലെതന്നെ നമുക്കു വേണമെങ്കിൽ പുരാണങ്ങളിലെ നിഗൂഢഭാഷ യഥാതഥമായി സ്വീകരിച്ചു്, ആയിരം തലയുള്ള ഒരു സർപ്പത്തിൻെറ ഫണത്തിന്മേൽ നിർത്തിയ ഒരു പരന്ന പാത്രമാണു് ഭൂമിയെന്നും, ഈശ്വരൻ പാലാഴിയിലെ പള്ളിമെത്തയിൽ സുഖസുഷുപ്തി കൊള്ളുകയാണെന്നും വിശ്വസിക്കാം.

ജരാനരകഠം ബാധിച്ച ഒരു കിഴവനോ ഇരുപതു തികയാത്ത ഒരു കുട്ടിക്കോ ഒരു ശിശുവിനെ വിവാഹംകഴിച്ചുകൊടുക്കുവാൻ തക്കവണ്ണം അധികാര ദുർവിനിയോഗംചെയ്ത ഒരു പിതാവിനു പിന്നീടു ചെയ്യാവുന്ന ഏററവും ചുരുങ്ങിയ കാര്യം തൻെറ മകഠം വിധവയായിത്തീർന്നെങ്കിൽ അവളുടെ പുനർവിവാഹം നടത്തി ആ പാപം കഴുകിക്കളയുകയാണു്. ഞാൻ ഇതിനു മുമ്പൊരു കുറിപ്പിൽ പറഞ്ഞതുപോലെ ഇത്തരം വിവാഹങ്ങഠം ആദ്യം മുതൽക്കേ അസാധുവാണെന്നു പ്രഖ്യാപിക്കപ്പെടണം.

## 25

ഒരു ബങ്കാളിസ്കൂളിലെ ഹെഡ്മാസ്റ്റർ എഴുതുന്നു:

'വിധവകളായ ബാലികമാരെമാത്രം വിവാഹംചെയ്യാൻ വിദ്യാർത്ഥികളോടു് ആവശ്യപ്പെട്ടുകൊണ്ടു് മദിരാശിയിൽവച്ചു് അങ്ങു നല്കിയ ഉപദേശവും.* നടത്തിയ പ്രസംഗങ്ങളും എന്നെ

25. Young India, 6-10-1927 (Women and Social Injustice, pp. 114-115)

* 27–ാമത്തെ ഉദ്ധാരണം നോക്കുക.

digitized by www .sreyas.in

വല്ലാതെ വിഷണ്ണനാക്കിയിരിക്കുന്നു; അതിനാൽ എന്റെ വിനീതമെങ്കിലും കോപാകുലമായ പ്രതിഷേധം ഞാൻ അറിയിക്കുന്നു.

'ഇത്തരം ഉപദേശം, ഭാരതീയസ്ത്രീത്വത്തിനു ലോകത്തിൽ ഏററവും മഹത്തായ ഏററവും സമുന്നതമായ സ്ഥാനം നേടിക്കൊടുത്ത ആജീവനാന്ത ബ്രഹ്മചര്യം അനുഷ്ഠിക്കുവാനുള്ള വിധവകളുടെ മനോഗതി നശിപ്പിക്കുവാൻ ഇടവരുത്തുകയും, ഒരൊററ ജന്മംകൊണ്ടു ബ്രഹ്മചര്യത്തിലൂടെ മോക്ഷം പ്രാപിക്കാനുള്ള അവരുടെ സാദ്ധ്യതകളെ പ്രാപഞ്ചികസുഖത്തിന്റെ വൃത്തികെട്ട വഴിയിൽ വലിച്ചെറിഞ്ഞു നശിപ്പിക്കുകയും ചെയ്യും. അങ്ങനെ വിധവകളുടെ നേരെയുള്ള ഈ കഠിനമായ സഹതാപം അവർക്കുതന്നെ അപകാരമായിത്തീരുകയും, ആരുടെ വിവാഹപ്രശ്നം ഇന്നൊരു കുഴപ്പവും വൈഷമ്യവുമായിത്തീന്നിരിക്കുന്നുവോ ആ കന്യകമാരോടു അനീതി കാണിക്കുകയും ചെയ്യും. വിവാഹത്തെക്കുറിച്ചുള്ള അങ്ങയുടെ സിദ്ധാന്തം ദേഹാന്തരപ്രാപ്തിയേയും പുനർജന്മത്തേയും യുക്തിയേയും സംബന്ധിച്ചുള്ള ഹൈന്ദവസിദ്ധാന്തത്തെ തകിടംമറിക്കുകയും ഹിന്ദുസമുദായത്തെ മററു സമുദായങ്ങളുടെ നിലയിലേക്കു താഴ്ത്തുകയും ചെയ്യും. ഇതു ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ സമുദായത്തിന്റെ സദാചാരം ക്ഷയിച്ചിട്ടുണ്ടെന്നതിനു സംശയമില്ല; പക്ഷേ, നാം ഹൈന്ദവാദർശങ്ങളുടെ നേരെ കണ്ണുകൾ തുറന്നുവയ്ക്കുകയും, കഴിയുന്നത്ര ഉയരുവാൻ ശ്രമിക്കുകയും, മററു സമുദായങ്ങളുടെയും ആദർശങ്ങളുടെയും ഒഴുക്കിൽ പെട്ടുപോകാതിരിക്കുകയും വേണം. അഹല്യാബായ്, റാണിഭവാനി, ബെഹുല, സീത, സാവിത്രി, ദമയന്തി—ഇവരുടെയൊക്കെ ആദർശങ്ങൾ ഹിന്ദുസമുദായത്തെ നയിക്കണം. അവരുടെ ആദർശങ്ങളനുസരിച്ചു അതിനെ നാം തിരിച്ചുവിടുകയും വേണം. അതിനാൽ, കുഴപ്പംപിടിച്ച ഇത്തരം വിഷയങ്ങളെക്കുറിച്ചു അങ്ങു അഭിപ്രായം പറയാതിരിക്കണമെന്നും യഥേഷ്ടം പ്രവർത്തിക്കുവാൻ സമുദായത്തെ അനുവദിക്കണമെന്നും ഞാൻ സവിനയം അപേക്ഷിക്കുന്നു.'

കോപകലുഷമായ ഈ പ്രതിഷേധം എന്റെ അഭിപ്രായം മാററുവാനോ എന്നെക്കൊണ്ടു പശ്ചാത്തപിപ്പിക്കുവാനോ പര്യാപ്തമായിട്ടില്ല. സ്വന്തമായ ഒരു ഇച്ഛയുള്ളവളും, ബ്രഹ്മചര്യമെന്താണെന്നു അറിയുന്നവളും അതനുഷ്ഠിക്കാൻ ഉറച്ചവളുമായ ഒരൊററ വിധവയേയും എന്റെ ഉപദേശം അവളുടെ ഉദ്ദേശ്യത്തിൽനിന്നു പിൻതിരിപ്പിക്കുകയില്ല. എന്നാൽ എന്റെ ഉപദേശം അനുസരിക്കപ്പെട്ടുവെങ്കിൽ, അതു വിവാഹം നടത്തപ്പെട്ടപ്പോൾ അതിന്റെ അർത്ഥമെന്താണെന്നു മനസ്സിലാക്കാത്ത ഇളംപ്രായത്തിലുള്ള പെൺകുട്ടികൾക്കു തീർച്ചയായും വലിയ ആശ്വാസം നല്കും. അവരെ സംബന്ധിച്ച വിധവ എന്ന വാക്കു ഉപയോഗിക്കുന്നതു പാവന സാഹചര്യങ്ങളുള്ള ഒരു ശബ്ദത്തിന്റെ കടുത്ത ദുരുപയോഗമായി

digitized by www .sreyas.in

രിക്കം. എന്റെ ലേഖകന്റെ മുമ്പിലുള്ള അതേ ലക്ഷ്യത്തിനുവേണ്ടിത്തന്നെയാണ് ഈ രാജ്യത്തിലെ യുവാക്കൾ ഒന്നുകിൽ ഈ വിധവകളെന്നു വിളിക്കപ്പെട്ടുന്നവരെ വിവാഹം ചെയ്യണം, അല്ലെങ്കിൽ വിവാഹം ചെയ്യുകയേ അരുത് എന്നു ഞാൻ ഉപദേശിക്കുന്നതു്. ബാലികാവൈധവ്യമെന്ന ശാപം നീക്കംചെയ്യപ്പെട്ടാലേ വിവാഹമെന്ന ഏർപ്പാടിന്റെ പാവനത്വം നിലനിർത്താൻ കഴിയൂ.

ബ്രഹ്മചര്യം അനുഷ്ഠിച്ചാൽ വിധവകൾ മോക്ഷംപ്രാപിക്കുമെന്ന പ്രസ്താവനയ്ക്കു് അനുഭവത്തിൽ യാതൊരു തെളിവുമില്ല. പരമാനന്ദപ്രാപ്തിക്കു ബ്രഹ്മചര്യംമാത്രം പോരാ. ഒരാളുടെമേൽ വച്ചുകെട്ടിയ ബ്രഹ്മചര്യത്തിനു യാതൊരു പുണ്യവുമില്ല; സമുദായത്തിന്റെ സദാചാരങ്ങളെ നിഹനിക്കുന്ന രഹസ്യദുരാചാരത്തിനു് അതു വളമാവുകയും ചെയ്യും. സ്വന്തം നിരീക്ഷണത്തെ ആസ്പദമാക്കിയാണ് ഞാനിതെഴുതുന്നതെന്നു് ആ ലേഖകൻ അറിഞ്ഞിരിക്കട്ടെ.

കന്യാവിധവകളോടു പ്രാഥമിക നീതി ചെയ്യുന്നതിലും ആ കാരണംകൊണ്ടു് മററു കന്യകമാർ അകാലികമായി പുരുഷന്റെ കാമത്തിനു വിൽക്കപ്പെടുന്നതിനു പകരം പ്രായത്തിലും വിവേകത്തിലും പാകതവരുന്നതുവരെ കാത്തിരിക്കുവാൻ ഇടവരുന്നതിലും എന്റെ ഉപദേശം പരിണമിക്കുകയാണെങ്കിൽ ഞാൻ തീർച്ചയായും സന്തോഷിക്കും.

ദേഹാന്തരപ്രാപ്തിയിലോ പുനർജന്മത്തിലോ മുക്തിയിലോ ഉള്ള വിശ്വാസത്തിനു വിരുദ്ധമായ ഒരു വിവാഹസിദ്ധാന്തം എനിക്കില്ല. താണജാതിയിൽ പെട്ടവരെന്നു് നാം ധിക്കാരപൂർവം വിളിക്കുന്ന കോടാനുകോടി ഹിന്ദുക്കളുടെ ഇടയിൽ വിധവാപുനർവിവാഹത്തിനു തടസ്സമില്ലെന്നു വായനക്കാർക്കു വിവരമുണ്ടായിരിക്കും. വയസ്സന്മാരായ വിഭാര്യന്മാരുടെ പുനർവിവാഹം ആ വിശ്വാസത്തിനു് ഊനം തട്ടിക്കുന്നില്ലെങ്കിൽ, വിധവകളെന്നു തെററായി വിളിക്കപ്പെടുന്ന ബാലികമാരുടെ യഥാർത്ഥ വിവാഹം ശ്രേഷ്ഠമായ ആ വിശ്വാസത്തിനു് എങ്ങനെ കേടുവരുത്തുമെന്നു് എനിക്കു മനസ്സിലാകുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം ദേഹാന്തരപ്രാപ്തിയും പുനർജന്മവും വെറും സിദ്ധാന്തങ്ങളല്ലെന്നും, പ്രതിദിനമുണ്ടാകുന്ന സൂര്യോദയംപോലെ അത്ര തെളിഞ്ഞ പരമാർത്ഥങ്ങളാണെന്നും ആ ലേഖകന്റെ സന്തോഷത്തിനുവേണ്ടി പറഞ്ഞുകൊള്ളട്ടെ. മുക്തി ഒരു യാഥാർത്ഥ്യമാണ്; അതിന്റെ സാക്ഷാൽക്കാരത്തിനു് ഞാൻ യഥാശക്തി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. മുക്തിയെക്കുറിച്ചുള്ള ചിന്തയാണ് ഈ കന്യകാവിധവകളോടു ചെയ്തുവരുന്ന തെററിനെക്കുറിച്ചു സ്പഷ്ടമായ ബോധം എനിക്കു നല്കിയതു്. പൗരുഷംകെട്ട നാം ഒരേ ശ്വാസത്തിൽ ഈ കന്യകാ

വിധവകളെക്കുറിച്ചും ആ ലേഖകൻ പറഞ്ഞ സീത മുതലായവരുടെ അനശ്വരനാമങ്ങളെക്കുറിച്ചും ശബ്ദിക്കാതിരിക്കുക.

അവസാനമായി ഹിന്ദുമതത്തിൽ വൈധവ്യത്തെ ത്രൈലോക്യം സ്തുതിതമായി പുകഴ്ത്തിട്ടുണ്ടെങ്കിലും എനിക്കറിയാവുന്നിടത്തോളം വൈദിക കാലത്തു വിധവാപുനർവിവാഹം പാടേ നിരോധിക്കപ്പെട്ടിരുന്നുവെന്നു വിശ്വസിക്കുവാൻ ന്യായമില്ല. പക്ഷേ എന്റെ ധർമ്മസമരം യഥാർത്ഥമായ വൈധവ്യത്തിന്റെ നേരെയല്ല, അതിന്റെ ഘോരമായ വികൃതവേഷത്തോടാണ്. ഞാൻ ഉദ്ദേശിക്കുന്ന തരത്തിൽപ്പെട്ടവരും ധർമ്മധീരതയുടെ കണികപോലുമുള്ള ഓരോ പുരുഷനാലും മോചിപ്പിക്കപ്പെടേണ്ടവരുമായ ആ ബാലികമാരെ തീരെ വിധവകളായി കരുതാതിരിക്കുകയാണ് അധികം നല്ലതു്. അതിനാൽ വിധവകളെന്നു തെററായി വിളിക്കുന്ന ഈ കന്യകമാരെയല്ലാതെ മററാരെയും വിവാഹം ചെയ്യരുതെന്നു സവിനയമെങ്കിലും ശക്തിപൂർവം ഞാൻ വീണ്ടും ഉപദേശിക്കട്ടെ.

## 26

ഒരു ലേഖകൻ എഴുതുന്നു:

'ഒരു ലേഖനത്തിൽ ഒരിടത്തു് അങ്ങു പറയുന്നു: 'വിവാഹം പുണ്യകർമ്മമായേടത്തു് ഐക്യം ശരീരങ്ങളുടേതല്ല, ദമ്പതികളിൽ ഏതെങ്കിലും ഒരാളുടെ മരണംകൊണ്ടുപോലും നശിക്കാത്ത ആത്മാക്കളുടെ ഐക്യമാണ്. എവിടെ യഥാർത്ഥമായ ആത്മൈക്യമുണ്ടോ അവിടെ വിധവയുടേയോ വിഭാര്യന്റെയോ പുനർവിവാഹം അചിന്ത്യവും അനുചിതവും അബദ്ധവുമാണ്.'

'അതേ ലേഖനത്തിൽത്തന്നെ മറെറാരിടത്തു പറയുന്നു: 'കന്യകാവിധവകളുടെ പുനർവിവാഹം അഭിലഷണീയമെന്നു മാത്രമല്ല, അത്തരം വിവാഹിതപുത്രിമാരുള്ള മാതാപിതാക്കളുടെ ഒഴിച്ചുകൂടാത്ത കടമകൂടിയാണെന്നു ഞാൻ കരുതുന്നു.'

'ഈ രണ്ടഭിപ്രായങ്ങൾ തമ്മിൽ എങ്ങനെയാണ് പൊരുത്തപ്പെടുക?'

ഇവയെ തമ്മിൽ പൊരുത്തപ്പെടുത്തുവാൻ ഒരു പ്രയാസവും ഉള്ളതായി എനിക്കു തോന്നുന്നില്ല. ഒരു പെൺകുട്ടിയെ അവളുടെ അജ്ഞരോ ഹൃദയശൂന്യരോ ആയ മാതാപിതാക്കൾ അവളുടെ അറിവും അനുമതിയുംകൂടാതെ പിടിച്ചുകൊടുക്കുന്നതിൽ വിവാഹമെന്നൊന്നു തീരെയില്ല. അതൊരു പുണ്യകർമ്മമല്ല തീർച്ച; അതിനാൽ അത്തരമൊരു പെൺകുട്ടിയുടെ പുനർവിവാഹം ഒരു കടമയായിത്തീരുന്നു. ഈവിധം സംഗതികളിൽ 'പുനർവിവാഹ'മെന്ന വാക്കു നിരർത്ഥമാണ്. ആ കന്യക യഥാർത്ഥത്തിൽ വിവാഹി

26. Young India, 26–9–1929 (Women and Social Injustice, p. 116)

digitized by www .sreyas.in

ശയല്ല; തന്നിമിത്തം അവളുടെ ഭർത്താവെന്നു കരുതപ്പെട്ടവൻ മരിച്ചാൽ അവരംക്കു മറെറാരു ജീവിതസഖിയെ നേടിക്കൊടുക്കുകയെന്നതു് അവളുടെ മാതാപിതാക്കരം സ്വാഭാവികമായി ചെയ്യേണ്ടതാണു്, അതവരുടെ കടമയാണു്.

*4. പരിഷ്കർത്താക്കളുടെ കടമ*

27

വിധവയല്ലാത്ത പെൺകുട്ടിയെ വിവാഹംചെയ്യുകയില്ലെന്നു്, വിധവയായ പെൺകുട്ടിയെ തിരഞ്ഞുപിടിക്കുമെന്നു്, വിധവയായ പെൺകുട്ടിയെ കിട്ടിയില്ലെങ്കിൽ വിവാഹം ചെയ്യുകയില്ലെന്നു നിങ്ങരം പ്രതിജ്ഞചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുന്നു. ആ തീരുമാനം ചെയ്യുക, അതു ലോകത്തെ അറിയിക്കുക, നിങ്ങരംക്കു മാതാപിതാക്കളുണ്ടെങ്കിൽ അവരെ, ഇല്ലെങ്കിൽ നിങ്ങളുടെ സഹോദരിമാരെ, അറിയിക്കുക. വിധവകളായ പെൺകുട്ടികരം എന്നു ഞാൻ അവരെ വിളിക്കുന്നതു് ഒരു തെററു തിരുത്താനാണു്. എന്തു കൊണ്ടെന്നാൽ, ഭർത്തൃബന്ധത്തിനു സ്വമേധയാ അനുമതി നൽകിയവളല്ലാത്ത പത്തോ പതിനഞ്ചോ വയസ്സായ, ഒരു പെൺകുട്ടി പെട്ടെന്നൊരു ദിവസം വിധവയാണെന്നു പ്രഖ്യാപിക്കപ്പെട്ടാൽ, അവളൊരു വിധവയല്ലെന്നു ഞാൻ വിശ്വസിക്കുന്നു. അതു് ആ വാക്കിൻെറ ദുരുപയോഗമാണു്. ഭാഷയുടെ ദുരുപയോഗമാണു്, ധർമധ്വംസനമാണു്. 'വിധവ' എന്ന ശബ്ദത്തിനു ഹിന്ദുമതത്തിൽ ഒരു പുണ്യഗന്ധമുണ്ടു്. വിധവയാവുകയെന്നുവച്ചാൽ എന്താണെന്നറിഞ്ഞിരുന്ന പരേതയായ മിസ്സിസ് രമാബായ് റാനഡേയെപ്പോലെയുള്ള യഥാർത്ഥ വിധവകളെ ആരാധിക്കുന്നവനാണു് ഞാൻ. പക്ഷേ ഒമ്പതുവയസ്സായ ഒരു പെൺകുട്ടിക്കു ഭർത്താവെന്നു വച്ചാൽ എന്താണെന്നറിഞ്ഞുകൂടാ. ഇത്തരം വിധവകരം ഈ സംസ്ഥാനത്തിലുണ്ടെന്നു പറയുന്നതു നേരല്ലെങ്കിൽ എൻെറ വാദം തകരുന്നു. എന്നാൽ ഇത്തരം ബാലികാവിധവകളുണ്ടെങ്കിൽ അവരിൽ ഒരുവളെ വിവാഹം ചെയ്യുന്നതു നിങ്ങളുടെ പവിത്രധർമമാണു്. ഈ ശാപത്തിൽനിന്നു മോചനം വേണമെന്നു നിങ്ങരംക്കാഗ്രഹമുണ്ടെങ്കിൽ. ഒരു രാഷ്ട്രം ചെയ്യുന്ന ഇത്തരം പാപങ്ങരംക്കെല്ലാം അതിൻെറമേൽ ശാരീരികമായിത്തന്നെ പ്രതികരണമുണ്ടാകുമെന്നു വിശ്വസിക്കാൻ തക്കവണ്ണം അന്ധവിശ്വാസിയാണു് ഞാൻ. ഇത്തരം പാപങ്ങളെല്ലാം കൂടിച്ചേർന്നാണു് നമ്മെ അടിമത്തത്തിലേക്കു് ആഴ്ത്തിയതെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങരംക്കു സങ്കല്പിക്കാവുന്നതിൽവച്ചു് ഏററവും നല്ല ഭരണഘടന കോമൺസ്സഭയിൽനിന്നു താനെതന്നെ നിങ്ങരംക്കു കൈവന്നേക്കാം. എങ്കിലും ആ ഭരണഘടന നടപ്പിലാക്കാൻ പററിയ സ്ത്രീപുരുഷന്മാരില്ലെ

---

27. Young India, 15–9–1927 (Women and Social Injustice, p. 112)

digitized by www .sreyas.in

കിൽ അതു നിഷ്പ്രയോജനമായിത്തീരും. തൻെറ മൗലികാഭിലാഷങ്ങൾ നിറവേററാൻ കൊതിക്കുന്നവരും എന്നാൽ അതിൽനിന്നു ബലംപ്രയോഗിച്ചു തടയപ്പെടുന്നവരുമായ ഒരൊററ വിധവയുള്ളിടത്തോളംകാലം, നമ്മെത്തന്നെ ഭരിക്കുവാനോ, മററുള്ളവരെ ഭരിക്കുവാനോ, 30 കോടി ജനങ്ങളുള്ള ഒരു രാജ്യത്തിൻെറ ഭാഗധേയം രൂപപ്പെടുത്തുവാനോ പററിയവരാണു് നാമെന്നു പറയാമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അതു ധർമ്മമല്ല, അധർമ്മമാണു്, ഹിന്ദുമനോഭാവത്തിൽ കുതിർന്ന ഞാൻ പാശ്ചാത്യമനോഭാവംകൊണ്ടാണു് ഇങ്ങനെ പറയുന്നതെന്നു തെററുധരിക്കരുതു്. അശുദ്ധമാക്കപ്പെടാത്ത ഭാരതീയ മനോഭാവം എന്നിൽ നിറഞ്ഞുവഴിയുന്നുണ്ടു്. ഞാൻ പാശ്ചാത്യരാജ്യങ്ങളിൽനിന്നു പലതും ഗ്രഹിച്ചിട്ടുണ്ടു്. പക്ഷേ, ഇതല്ല. ഇത്തരം വൈധവ്യത്തിനു ഹിന്ദുമതത്തിൽ ന്യായമില്ല.

ബാലികാവിധവകളെപ്പററി ഞാൻ പറഞ്ഞതെല്ലാം ബാലികാഭാര്യമാർക്കും ബാധകമാണു്. 16 വയസ്സിൽ താഴെ പ്രായമുള്ള ഒരു ബാലികയെ വിവാഹം ചെയ്യാതിരിക്കത്തക്കവണ്ണമെങ്കിലും നിങ്ങളുടെ വിഷയാസക്തി നിയന്ത്രിക്കുവാൻ നിങ്ങൾക്കു കഴിയണം. എനിക്കു കഴിവുണ്ടെങ്കിൽ ഈ വയസ്സു് ഞാൻ 20 ആക്കി നിശ്ചയിക്കും. ഇന്ത്യയിൽപോലും 20 വയസ്സു് ഇളംപ്രായമാണു്. ബാലികമാരുടെ അകാല പക്വതയ്ക്കു നമ്മളാണു് ഉത്തരവാദികൾ, ഇന്ത്യൻ കാലാവസ്ഥയല്ല; എന്തുകൊണ്ടെന്നാൽ 20 വയസ്സായിട്ടും വിശുദ്ധകളും മാലിന്യം തീണ്ടാത്തവരും ചുററുപാടുമുള്ള കൊടുങ്കാററിനെ ചെറുത്തുനിൽക്കാൻ കഴിയുന്നവരുമായ ബാലികമാരെ എനിക്കറിയാം. ആ അകാലപക്വതയെ നാം ആശ്ലേഷിക്കാതിരിക്കുക. ഈ തത്ത്വമനുസരിക്കുവാൻ തങ്ങൾക്കു കഴികയില്ലെന്നും 16 വയസ്സായ ബ്രാഹ്മണബാലികമാരെ കിട്ടുക സാദ്ധ്യമല്ലെന്നും 10, 12, 13 വയസ്സിനുമുമ്പു് ബ്രാഹ്മണബാലികമാരുടെ വിവാഹം കഴിയുന്നുവെന്നും ചില ബ്രാഹ്മണവിദ്യാർത്ഥികൾ പറയുന്നു. എന്നാൽ ഞാൻ ബ്രാഹ്മണരോടു പറയുന്നു നിങ്ങൾക്കു സ്വയം നിയന്ത്രിക്കുവാൻ കഴികയില്ലെങ്കിൽ, ചെറുപ്പത്തിലെ വിധവയായ 16 വയസ്സു് പ്രായമുള്ള ഒരു പെൺകുട്ടിയെ നിങ്ങൾ തിരഞ്ഞെടുക്കുക. ആ പ്രായമെത്തിയ ഒരു ബ്രാഹ്മണവിധവയെ കിട്ടുകയില്ലെങ്കിൽ, ഇഷ്ടമുള്ള പെൺകുട്ടിയെ സ്വീകരിക്കുക. 12 വയസ്സായ ഒരു പെൺകുട്ടിയെ അക്രമിക്കുന്നതിനുപകരം സ്വജാതിയിൽനിന്നു പുറത്തുകടന്നു വിവാഹംചെയ്യുന്ന ആ ആൺകുട്ടിയോടു ഹിന്ദുക്കളുടെ ദൈവം ക്ഷമിക്കുമെന്നു ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളുടെ ഹൃദയം ശുദ്ധമല്ലാതിരിക്കുമ്പോൾ വികാരങ്ങളെ സ്വാധീനമാക്കാൻ നിങ്ങൾക്കു കഴിയുകയില്ല. അപ്പോൾ നിങ്ങൾ അഭ്യസ്തവിദ്യരല്ലാതായിത്തീരുന്നു. നിങ്ങളുടെ സ്ഥാപനം പ്രമുഖമായ ഒന്നാ

digitized by www .sreyas.in

ണെന്നു് നിങ്ങറം പറയുന്നു. ഈ പ്രമുഖസ്ഥാപനത്തിന്റെ കീർത്തിക്ക യോജിച്ചവിധം നിങ്ങറം ജീവിക്കണം. സ്വഭാവത്തിൽ ഒന്നാംകിടക്കാരായ കുട്ടികളെ സൃഷ്ടിക്കണം ഈ സ്ഥാപനം. സ്വഭാവശുദ്ധിയില്ലെങ്കിൽ പിന്നെ വിദ്യാഭ്യാസമെന്താണു്? ബ്രാഹ്മണ്യത്തെ ഞാൻ പൂജിക്കുന്നു. വർണാശ്രമധർമത്തെ ഞാൻ നീതീകരിച്ചിട്ടുണ്ടു്. പക്ഷേ അയിത്തത്തെയും കന്യകാവൈധവ്യത്തേയും കന്യകാദൂഷണത്തെയും പൊറുക്കുന്ന ബ്രാഹ്മണ്യം ദുർഗന്ധപൂരിതമായ ഒന്നാണു്. ബ്രാഹ്മണ്യത്തിന്റെ ഹാസ്യാനുകരണമാണതു്. അതിൽ ബ്രഹ്മജ്ഞാനമില്ല; അതിൽ ശരിയായ ശാസ്ത്രാർത്ഥമില്ല. അതു കൂട്ടക്കൂടാത്ത മൃഗീയതയാണു്. ബ്രാഹ്മണ്യം ഇതിലും ദാർഢ്യമുള്ള സാധനങ്ങറം ചേർന്നതാണു്. എന്റെ ഈ അഭിപ്രായങ്ങറം നിങ്ങളുടെ ഹൃദയത്തിൽ ആഴത്തിൽ ഇറങ്ങണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ സംസാരിക്കുമ്പോറം ഈ കുട്ടികളെ ഞാൻ ഉററുനോക്കുന്നുണ്ടു്. എന്റെ ഹൃദയം ഞാൻ പുറത്തേക്കു് ഒഴുക്കുമ്പോറം ഒരൊററ കിലുകിലുശബ്ദംപോലും കേറംക്കുന്നതു് എനിക്കു വേദനയാണു്. നിങ്ങളുടെ ഹൃദയത്തോടു് അഭ്യർത്ഥിക്കുവാനാണു്, തലച്ചോററിനോടു് അർത്ഥിക്കുവാനല്ല ഞാൻ വന്നിരിക്കുന്നതു്. രാജ്യത്തിന്റെ ആശ നിങ്ങളാണു്. ഞാൻ പറഞ്ഞതു നിങ്ങറംക്കു പ്രഥമ പ്രാധാന്യമുള്ളതാണു്.

## 28

ഇതെല്ലാം ഒരു സ്ഥാപനത്തിനു ചെയ്യാവുന്ന പണിയല്ല വിധവകളായ ബന്ധുക്കളുള്ള വ്യക്തികളുടെ പരിഷ്കർത്താക്കളുടെ പണിയാണിതു്. സ്വന്തം പ്രദേശങ്ങളിൽ ഊർജിതവും അന്തസ്സുററതും അടക്കത്തോടുകൂടിയതുമായ പ്രചാരവേല അവർ ചെയ്യണം. വിജയിക്കുമ്പോഴെല്ലാം ആ വിവരം പരക്കെ അറിയിക്കുകയും വേണം.

## 29

* പത്രത്തിൽ പ്രസിദ്ധീകരിച്ചതുപോലെയുള്ള ആ സംഭവം നടന്നിട്ടില്ലെന്നും അതിൽ പറഞ്ഞ സ്ത്രീ രോഗംകൊണ്ടോ അപകടംപിണഞ്ഞോ മരിച്ചതാണെന്നും, ആത്മഹത്യകൊണ്ടല്ലെന്നും ഞാൻ ആശിക്കുന്നു. ഭർത്താവിനോടുള്ള പ്രേമത്തിലും ഭക്തിയിലും

28. Harijan, 26-3-1935 (Women and Social Injustice, p. 117)
29. Young India, 21-5-1931 (Women and Social Injustice, pp. 119-120)

* ബോംബെയിൽനിന്നു പുറപ്പെടുന്ന ഒരു ഗുജറാത്തിപത്രത്തിൽ ഒരു ഉടന്തടി ചാട്ടത്തെപ്പററി ഒരു വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഘട്കോപറിൽനിന്നു് ഒരു സ്ത്രീ ആ സംഭവത്തെപ്പററിഗാന്ധിജിക്കുള്ള അഭിപ്രായംആരാഞ്ഞു. അതേപ്പററി ഗാന്ധിജി ഗുജറാത്തിയിൽ എഴുതിയ ഒരു ലേഖനത്തിന്റെ പരിഭാഷയാണിതു്.

digitized by www .sreyas.in

ഉറച്ചുനിന്നു് ഭർത്താവിന്റെ ജീവകാലത്തും അതിനുശേഷവും നി സ്വാർത്ഥസേവനംകൊണ്ടു് പ്രശസ്തയായിത്തീരുകയും വിചാരത്തി ലും വാക്കിലും പ്രവൃത്തിയിലും തികച്ചും സുചരിതയായി വർത്തി ക്കുകയും ചെയ്യുന്ന സ്ത്രീ, എന്നാണു് നമ്മുടെ പൂർവികർ സതിയെ വർണിച്ചിട്ടുള്ളതു്. ഈ വർണന ഇന്നും സാധുവത്രേ. ഭർത്താവി ന്റെ മരണശേഷം ചെയ്യുന്ന ആത്മബലി ആത്മാവിന്റെ സ്വഭാവ ത്തെ അടിസ്ഥാനമാക്കിപ്പറയുകയാണെങ്കിൽ പ്രബുദ്ധതയുടെ ചി ഹ്നമല്ല കനത്ത അജ്ഞതയുടെ ചിഹ്നമാണു്. ആത്മാവു് അനശ്വ രമാണു്, പരിവർത്തനരഹിതമാണു്, സർവവ്യാപകമാണു്. ശരീ രനാശത്തോടുകൂടി അതു നശിക്കുന്നില്ല, ഒരു നശ്വരശരീരത്തിൽനി ന്നു മറ്റൊന്നിലേക്കായി യാത്ര തുടരുകയാണു്—പ്രാപഞ്ചികബന്ധ ത്തിൽനിന്നു സ്വയം നിർമുക്തമാകുന്നതുവരെ. അസംഖ്യം ജ്ഞാ നികളുടെയും തപസ്വികളുടെയും അനുഭവം ഇതിന്റെ പരമാർത്ഥ ത്തിനു സാക്ഷ്യം വഹിക്കുന്നു; ഇന്നും ആഗ്രഹമുള്ളവർക്കു് അതു സാ ക്ഷാത്കരിക്കാം. പിന്നെ ഈ വസ്തുതകളുടെ വെളിച്ചത്തിൽ ആ ത്മഹത്യയെ എങ്ങനെ നീതീകരിക്കാം?

എന്നല്ല, യഥാർത്ഥവിവാഹത്തിനർത്ഥം ശരീരങ്ങളുടെ ഐ ക്യം എന്നു മാത്രമല്ലതാനും. രണ്ടാത്മാക്കളുടെ ഐക്യത്തേയുംകൂടി അതു സൂചിപ്പിക്കുന്നു. വിവാഹത്തിനു കായികബന്ധം എന്നതിൽ കവിഞ്ഞ അർത്ഥമൊന്നുമില്ലെങ്കിൽ ഭർത്താവു മരിച്ച ഒരു സ്ത്രീ അ ദ്ദേഹത്തിന്റെ ഒരു ചിത്രംകൊണ്ടോ ഒരു മെഴുപ്രതിമകൊണ്ടോ സം തൃപ്തയാകണം. എന്നാൽ തന്നത്താൻ നശിപ്പിക്കൽ നിഷ്ഫല കർമത്തെക്കാളും മോശമായ ഒന്നാണു്. മരിച്ചവരെ ജീവിപ്പിക്കു വാൻ അതു സഹായമാവുകയില്ല. നേരെമറിച്ചു് ജീവിക്കുന്നവരു ടെ ലോകത്തിൽനിന്നു് ഒരാളെക്കൂടി കൊണ്ടുപോവുകയാണു് അതു ചെയ്യുന്നതു്.

ശരീരൈക്യത്തിലൂടെ ആത്മീയൈക്യം പ്രാപിക്കുകയെന്നതി നെയാണു വിവാഹാദർശം ഉന്നംവയ്ക്കുന്നതു്. അതിന്റെ മൂർത്തി മദ്ഭാവമായ മനുഷ്യപ്രേമം ഈശ്വരപ്രേമത്തിലേക്കോ സാർവലൗ കികപ്രേമത്തിലേക്കോ ഉള്ള ഒരു സോപാനമാകാൻ ഉദ്ദേശിക്കപ്പെ ട്ടിട്ടുള്ളതാണു്. അതുകൊണ്ടാണു് അനശ്വരയായ മീറ ഇങ്ങനെ പാടിയതു്:

'ഈശ്വരൻ മാത്രമാണു്. മററാരുമല്ല, എന്റെ ഭർത്താവു്.'

ഗ്രാമ്യസുഖാസക്തിയെ തൃപ്തിപ്പെടുത്തുവാനുള്ള ഒരു ഉപായ മായിട്ടല്ല, തന്റെ വ്യക്തിത്വത്തെ ഭർത്താവിന്റേതിൽ പൂർണമായി ലയിപ്പിച്ചു നിസ്വാർത്ഥവും സ്വാർത്ഥനിർമാർജനകരവുമായ സേ വനം ചെയ്യുകയെന്ന ആദർശം സാക്ഷാത്കരിക്കുവാനുള്ള ഉപായ മായിട്ടാണു് ഒരു സതി വിവാഹത്തെ വീക്ഷിക്കുകയെന്നു് ഇത്രയും

digitized by www .sreyas.in

പറഞ്ഞതിൽനിന്നു വ്യക്തമാണല്ലൊ. ഭർത്താവു മരിച്ചാൽ അദ്ദേഹത്തിന്റെ ചിതയിൽ കയറീട്ടല്ല അവൾ തന്റെ സതീത്വം തെളിയിക്കുക; എന്നാൽ സപ്തപദീകർമസമയത്തു് ഭർത്താവിനു തന്റെ ക്രൂറു വാഗ്ദാനം ചെയ്യുന്ന നിമിഷംമുതൽ തന്റെ ഭർത്താവിനെയും അദ്ദേഹത്തിന്റെ കുടുംബത്തെയും രാജ്യത്തെയും സേവിക്കുന്നതിലുള്ള ത്യാഗംകൊണ്ടും യജ്ഞംകൊണ്ടും ആത്മനിഗ്രഹംകൊണ്ടും സമർപ്പണംകൊണ്ടും ശ്വസിക്കുന്ന ഓരോ ശ്വാസത്തിലും അവൾ അതു തെളിയിക്കണം. ഒരു ജീവിയെന്ന നിലയ്ക്കുള്ള സുഖങ്ങളും ഇന്ദ്രിയപ്രീതികളും അവൾ വർജിക്കണം. സങ്കുചിതങ്ങളായ കുടുംബക്ലേശങ്ങൾകൊണ്ടും താൽപര്യങ്ങൾകൊണ്ടും അടിമയാക്കപ്പെടുവാൻ കൂട്ടാക്കാതെ അവൾ ത്യാഗവും യമനിയമാദികളും അധികമധികം ശീലിച്ചു് സ്വന്തം അറിവും സേവനകുശലതയും വർദ്ധിപ്പിക്കുവാനുള്ള ഓരോ സന്ദർഭവും ഉപയോഗപ്പെടുത്തുകയും, ഭർത്താവുമായി താദാത്മ്യം പ്രാപിച്ചുകൊണ്ടു മുഴുവൻ ലോകവുമായി താദാത്മ്യം പ്രാപിക്കുവാൻ പഠിക്കുകയും ചെയ്യണം.

ഇത്തരമൊരു സതി ഭർത്തൃമരണംകൊണ്ടു നിലവിട്ടു ദുഃഖിക്കുകയില്ല; ഭർത്താവിന്റെ ആദർശങ്ങളും സത്കർമങ്ങളും തന്റെ കർമങ്ങളിലൂടെ വീണ്ടും ജീവിക്കുവാനും തദ്വാരാ അദ്ദേഹത്തിനു് അനശ്വരതയുടെ കിരീടം നേടിക്കൊടുക്കുവാനുംവേണ്ടി സദാ പ്രയത്നിച്ചുകൊണ്ടിരിക്കും. താൻ വിവാഹം ചെയ്തയാളുടെ ആത്മാവു നശിച്ചിട്ടില്ലെന്നും അപ്പോഴും ജീവിക്കുന്നുണ്ടെന്നും അറിയുന്നതുകൊണ്ടു്, പുനർവിവാഹത്തെപ്പററി ഒരിക്കലും അവൾ ചിന്തിക്കുകയില്ല.

ഇപ്പോൾ വായനക്കാരനു് ഇങ്ങനെ ചോദിക്കാൻ തോന്നിയേക്കാം: 'അങ്ങു ചിത്രീകരിച്ച സതി വികാരങ്ങളാലോ വിഷയാസക്തിയാലോ അസ്പൃഷ്ടയാണു്. അവൾക്കു സന്താനം വേണമെന്നു വിചാരം ഉണ്ടാകാൻ തരമില്ല. പിന്നെ അവളെന്തിനു വിവാഹം കഴിക്കുന്നു?' ഇതിനുള്ള മറുപടി നമ്മുടെ ഇന്നത്തെ ഹിന്ദുസമുദായത്തിൽ വിവാഹം ഇഷ്ടത്തിന്റെ കാര്യമല്ലെന്നാണു്. എന്നല്ല ഈ തലകീഴ്മറിഞ്ഞ കാലത്തു സദാചാരത്തിനു പരിചയായും ആത്മസംയമത്തിനു സഹായമായും വിവാഹം ആവശ്യമാണെന്നു വിശ്വസിക്കുന്നവരുണ്ടു്. വാസ്തവം പറഞ്ഞാൽ വിവാഹകാലത്തു വിഷയാസക്തിയിൽനിന്നു മുക്തരായിരുന്നില്ലെങ്കിലും പിന്നീടു ബ്രഹ്മചര്യമെന്ന ആദർശത്തിൽ തൽപരരായി ആ ആദർശപ്രാപ്തിക്കു പററിയ ശക്തിമത്തായ ഒരു ഉപായം വൈവാഹികജീവിതത്തിൽ കണ്ടെത്തിയ പലരേയും എനിക്കു നേരിട്ടറിയാം. ഞാൻ വിവരിച്ച സതിയുടേതായ ആദർശം സിദ്ധാന്തലോകത്തിനു പുറത്തു സ്ഥാനമില്ലാത്ത ഒരുതരം പരിപൂർണാവസ്ഥയല്ലെന്നും, ഈ പ്രാപഞ്ചികലോകത്തിൽവച്ചുതന്നെ പ്രവൃത്തിയിൽ വരുത്തേണ്ടതും പ്രാപിക്കപ്പെടേണ്ടതുമായ ഒന്നാണെന്നും കാണിക്കാൻവേണ്ടിയാണു് ഈ ആളുകളെപ്പററി ഞാനിവിടെപ്പറഞ്ഞതു്.

digitized by www .sreyas.in

എങ്കിലും സതിയുടെ ആദർശം പ്രാപിക്കാൻ ആഗ്രഹിക്കുന്ന സാധാരണഭാര്യമാർ അമ്മമാരുംകൂടിയായിരിക്കുമെന്നു ഞാൻ മടികൂടാതെ സമ്മതിച്ചുകൊള്ളുന്നു. തന്നിമിത്തം തന്റെ സന്താനങ്ങൾ രാജ്യത്തിന്റെ യഥാർത്ഥദാസരായിത്തീരുന്നതിനുവേണ്ടി തന്റെ മുകളിൽ പറഞ്ഞ ഗുണങ്ങൾക്കുപുറമെ, സന്താനങ്ങളെ രക്ഷിക്കുകയും നല്ലനിലയിൽ വളർത്തിക്കൊണ്ടുവരുകയും ചെയ്യുന്ന വിദ്യയും അവർ പഠിക്കണം.

ഭാര്യയെപ്പററി ഞാൻ മുകളിൽ പറഞ്ഞതെല്ലാം ഭർത്താവിനും ബാധകമാണു്. ഭർത്താവിനോടുള്ള തന്റെ കൂറും ഏകാന്തഭക്തിയും ഭാര്യ തെളിയിക്കേണ്ടതുണ്ടെങ്കിൽ ഭാര്യയോടുള്ള വിശ്വാസനിഷ്ഠയും ഭക്തിയും ഭർത്താവും തെളിയിക്കണം. രണ്ടാൾക്കു് ഒരുതരം അളവും തൂക്കങ്ങളും മറെറയാൾക്കു മറെറാന്നും ഉണ്ടായിക്കൂടാ. എന്നിട്ടും ഭാര്യയുടെ ചിതയിൽ ഭർത്താവു കയറിയതായി നാം ഇതുവരെ കേട്ടിട്ടില്ല. അതിനാൽ ഭർത്താവു മരിച്ചാൽ ഭാര്യ ആത്മബലി അർപ്പിക്കുന്ന സമ്പ്രദായം അന്ധവിശ്വാസജടിലമായ അജ്ഞതയിൽനിന്നും, പുരുഷന്റെ അന്ധമായ അഹന്തയിൽനിന്നും ഉത്ഭവിച്ചതാണെന്നു കരുതാവുന്നതാണു്. ഒരുകാലത്തു് അതിനർത്ഥമുണ്ടായിരുന്നെന്നു തെളിയിക്കുവാൻ കഴിഞ്ഞാൽത്തന്നെ ഇക്കാലത്തു് അതു കാടത്തമായി മാത്രമേ കരുതപ്പെട്ടുകൂടൂ. ഭാര്യ ഭർത്താവിന്റെ അടിമയല്ല, അയാളുടെ ഉത്തമാർദ്ധമെന്നു വിളിക്കപ്പെടുന്ന സഖിയും സഹപ്രവർത്തകയും സ്നേഹിതയുമാണു്. തുല്യാവകാശങ്ങളിലും തുല്യധർമങ്ങളിലും അവർ അയാളുടെ പങ്കാളിയാണു്. തന്മൂലം തമ്മിൽതമ്മിലും ലോകത്തോടുമുള്ള അവരുടെ ബാദ്ധ്യതകൾ ഒന്നുതന്നെയായിരിക്കണം. പരസ്പരം ബന്ധപ്പെട്ടവയുമായിരിക്കണം.

അതിനാൽ ഈ സഹോദരിയുടെ ആത്മബലി വ്യർത്ഥമായെന്നു ഞാൻ കരുതുന്നു. അനുകരിക്കപ്പെടാവുന്ന ഒരു മാതൃകയായി അതു വച്ചുകൂടാ. അവരുടെ മരിക്കാൻ കാണിച്ച ധൈര്യത്തെയെങ്കിലും ഞാൻ വിലമതിക്കുന്നില്ലേയെന്നു ചോദിച്ചേക്കാം. 'ഇല്ല' എന്നാണു സർവാത്മനാ എന്റെ മറുപടി. ഇത്തരം ധൈര്യം ദുഷ്കർമികൾപോലും പ്രകടിപ്പിക്കുന്നതു നാം കണ്ടിട്ടില്ലേ? എങ്കിലും അതിനു് അവരെ സ്തുതിക്കണമെന്നു് ആരും വിചാരിച്ചിട്ടില്ല. ആത്മഹത്യയെക്കുറിച്ചുള്ള എന്റെ വിവേകശൂന്യമായ പ്രശംസകൊണ്ടു് അറിവില്ലാത്ത ഏതെങ്കിലും സഹോദരിയെ മനഃപൂർവമല്ലാതെയെങ്കിലും വഴിപിഴപ്പിക്കുക എന്ന പാപം ഞാൻ ക്ഷണിച്ചുവരുത്തുന്നതെന്തിനു്? വിശുദ്ധിയുടെ പാരമ്യമാണു സതീത്വം. മൃത്യുകൊണ്ടു് ഈ വിശുദ്ധി പ്രാപിക്കുവാനോ സാക്ഷാൽക്കരിക്കുവാനോ സാധ്യമല്ല. നിരന്തരപ്രയത്നംകൊണ്ടും ദിവസംപ്രതി

digitized by www .sreyas.in

ചെയ്യുന്ന നിരന്തരമായ ആത്മബലികൊണ്ടും മാത്രമേ അതു പ്രാപിക്കവാനൊക്കു

## എഫ്. സ്ത്രീധനവും ക്രയാപരമായ വിവാഹവും

### 30

ഹൈദ്രബാദിൽ (സിന്ധ്) വരന്മാരെ കിട്ടാനുള്ള പ്രയാസം വല്ലാതെ വർദ്ധിച്ചുവരിയാണെന്നും, ഇംപീരിയൽ ടെലഗ്രാഫ് എഞ്ചിനിയറിങ്ങ് സർവീസിലെ ഒരു ജോലിക്കാരൻ വിവാഹനിശ്ചയസമയത്തു 20,000 രൂപയും വിവാഹസമയത്തും പിന്നീട വിശേഷാവസരങ്ങളിലും കനത്ത സംഖ്യകാം കൊടുക്കാമെന്ന വാഗ്ദാനവും പിടിച്ചുപററിയെന്നും കാണിക്കുന്ന ഒരു വർത്തമാനപ്പത്രക്കഷണം ഒരു ലേഖകൻ അയച്ചുതന്നിരിക്കുന്നു. സ്ത്രീധനം വിവാഹത്തിനു് ഉപാധിയാക്കുന്ന ഒരു ചെറുപ്പക്കാരൻ തൻെറ വിദ്യാഭ്യാസത്തെയും രാജ്യത്തെയും അപമാനിക്കുകയും സ്ത്രീത്വത്തെ നിന്ദിക്കുകയും ചെയ്യുന്നു. പല യുവജനപ്രസ്ഥാനങ്ങളും ഈ രാജ്യത്തിലുണ്ടു്. ഇത്തരം കാര്യങ്ങളിൽ ഈ പ്രസ്ഥാനങ്ങൾ ശ്രദ്ധിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം സംഘങ്ങൾ പലപ്പോഴും ഉള്ളിൽനിന്നു പുറപ്പെടുന്ന ഉറച്ച പരിഷ്കാരത്തിനു പ്രതിനിധീഭവിക്കുന്ന സംഘടനകളായിത്തീരുന്നതിനു പകരം, ആത്മസ്തുതിസമാജങ്ങളായി പരിണമിക്കുകയാണു്. പൊതുപ്രസ്ഥാനങ്ങളെ സഹായിക്കുന്ന ഈ സംഘങ്ങളുടെ പ്രവൃത്തി ചിലപ്പോഴെല്ലാം നന്നാകാറുണ്ടെങ്കിലും, രാജ്യത്തിലെ യുവജനങ്ങളുടെ പ്രതിഫലം പൊതുജനങ്ങളിൽനിന്നു ലഭിക്കുന്ന അഭിനന്ദനമാണെന്നു് ഓർക്കണം. ആഭ്യന്തരപരിഷ്കാരത്തിൻെറ പിൻബലമില്ലെങ്കിൽ ഇത്തരം പ്രവൃത്തി യുവാക്കളിൽ അനർഹമായ ചാരിതാർത്ഥ്യമുളവാക്കി, അവരുടെ ചുണ കെടുത്തും. അപമാനകരമായ സ്ത്രീധനസമ്പ്രദായത്തെ അധിക്ഷേപിക്കുന്ന പ്രബലമായ ഒരു പൊതുജനാഭിപ്രായം സൃഷ്ടിക്കപ്പെടണം; ഇങ്ങനെ കിട്ടിയ ചീത്തപ്പണംകൊണ്ടു കൈവിരലുകാം അശുദ്ധമാക്കുന്ന ചെറുപ്പക്കാരെ സമുദായഭ്രഷ്ടരാക്കുകയും വേണം. മാതാപിതാക്കാം ഇംഗ്ളീഷ് ഡിഗ്രികാം കണ്ടു മതിമറന്നുപോകാതിരിക്കുകയും തങ്ങളുടെ പുത്രിമാർക്കു നല്ല ധീരന്മാരായ ചെറുപ്പക്കാരെ കിട്ടുവാൻ ഇത്തിരിപോന്ന സ്വജാതികളും സ്വസംസ്ഥാനങ്ങളും വിട്ടു പുറത്തുപോകാൻ മടികാണിക്കാതിരിക്കുകയും വേണം.

### 31

ഏതാനും മാസം മുമ്പു് 'സ്റ്റേറ്റ്സ്മാൻ' ഇന്ത്യയിൽ എല്ലാ ജാതികളിലും നിലനിന്നുപോരുന്ന സ്ത്രീധനസമ്പ്രദായത്തെപ്പററി ഒരു

30. Young India, 21-6-1928 (Women and Social Injustice, p. 59)
31. Harijan, 23-5-1936 (Women and Social Injustice, p. 60)

digitized by www.sreyas.in

ചർച്ച നടത്താൻ അതിന്റെ പംക്തികളിൽ സ്ഥലമനുവദിക്കുകയും ആ വിഷയത്തെപ്പററി മുഖപ്രസംഗമെഴുതുകയും ചെയ്തു. ഈ ക്രൂരാചാരത്തെക്കുറിച്ച് ഞാൻ 'യങ്ങ് ഇന്ത്യ'യിൽ കൂടക്കൂടെ എഴുതാറുണ്ട്. 'സ്റ്റേറ്റ്സ്മാ'നിൽനിന്നു മുറിച്ചെടുത്തുകിട്ടിയ ഭാഗങ്ങൾ അക്കാലത്തു ഞാൻ അറിഞ്ഞ സംഗതികളെക്കുറിച്ചുള്ള നിഷ്ഠുരസ്മരണകളെ ഉണർത്തുന്നു. 'ദേതിലേതി'യെ (സിന്ധിൽ ഈ പേരിലാണ് ആ ആചാരം അറിയപ്പെടുന്നത്) ഉന്നംവച്ചുകൊണ്ടുള്ളവയായിരുന്നു അന്നത്തെ എന്റെ അഭിപ്രായങ്ങൾ. തങ്ങളുടെ പുത്രിമാരെ നല്ല നിലയിൽ വിവാഹംകഴിച്ചുകൊടുക്കണമെന്നാഗ്രഹിക്കുന്ന മാതാപിതാക്കളിൽനിന്നു വളരെ പണം പിടിച്ചുപററിയ ധാരാളം സിന്ധികൾ അന്നുണ്ടായിരുന്നു. 'സ്റ്റേറ്റ്സ്മാൻ' ഈ ആചാരത്തിനുനേരെ പൊതുവിൽ ഒരു കുരിശുയുദ്ധംതന്നെ നടത്തിയിരിക്കുന്നു. ഈ ആചാരം ഹൃദയശൂന്യമാണെന്നതിനു സംശയമില്ല. എങ്കിലും എനിക്കറിയാവുന്നിടത്തോളം അതു ജനകോടികളെ സ്പർശിച്ചിട്ടില്ല. ഹിന്ദുസമുദായത്തിലെ ഒരു തുള്ളി മാത്രമായ ഇടത്തരക്കാരിലേ ഈ ആചാരമുള്ളൂ. ദുരാചാരങ്ങളെപ്പററിപ്പറയുമ്പോഴെല്ലാം ഇടത്തരക്കാരെയാണു നാം സാധാരണ ഓർക്കുന്നത്. ഗ്രാമീണരായ കോടാനുകോടികൾക്ക് അവരുടേതായ ആചാരങ്ങളും സങ്കടങ്ങളുമുണ്ട്; അവയെപ്പററി ഇപ്പോഴും നമുക്കു വേണ്ടത്ര അറിവില്ല.

എങ്കിലും, ഈ രാജ്യത്തിലെ ജനങ്ങളിൽ താരതമ്യേന ചെറുതായ വിഭാഗത്തിൽ മാത്രമുള്ളതാകയാൽ സ്ത്രീധനമെന്ന ദുരാചാരത്തെ അവഗണിക്കാമെന്നു അർത്ഥമില്ല. ഈ സമ്പ്രദായം പോയേ തീരൂ. മാതാപിതാക്കൾക്കു പണത്തിനുവേണ്ടി ചെയ്യുന്ന ഒരേർപ്പാടല്ലാതായിത്തീരണം വിവാഹം. ഈ സമ്പ്രദായം ജാതിയുമായി വളരെ അടുത്തു ബന്ധപ്പെട്ടതാണ്. വധൂവരന്മാരെ തിരഞ്ഞെടുക്കുന്നതു കുറച്ചുമാത്രം യുവാക്കന്മാരിൽനിന്നോ യുവതികളിൽനിന്നോ വേണമെന്നു വരുന്നിടത്തോളംകാലം ഈ സമ്പ്രദായം നിലനിൽക്കും, അതിനെതിരായി എന്തുതന്നെ പറഞ്ഞാലും. ഈ തിന്മ നശിക്കണമെങ്കിൽ ആൺകുട്ടികളോ പെൺകുട്ടികളോ മാതാപിതാക്കളോ ജാതിബന്ധങ്ങൾ തകർക്കണം; പററിയ വരനെ കിട്ടിയില്ലെങ്കിൽ വേണ്ടിവന്നാൽ അവിവാഹിതകളായിത്തന്നെ കഴിയുവാൻ പെൺകുട്ടികൾ ധൈര്യപ്പെടുകയും വേണം. രാജ്യത്തിലെ യുവാക്കളുടെ മനസ്സിൽ വലിയൊരു വിപ്ലവമുണ്ടാകുന്നതരത്തിലുള്ള വിദ്യാഭ്യാസം വേണമെന്നാണ് ഇതിനൊക്കെ അർത്ഥം. നിർഭാഗ്യവശാൽ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിനു നമ്മുടെ ചുററുപാടുകളുമായി ബന്ധമില്ല. തന്നിമിത്തം രാജ്യത്തിലെ ബാലികാബാലന്മാരിൽ ലഘുവായ ഒരു വിഭാഗത്തിനു ലഭിക്കുന്ന വിദ്യാഭ്യാസം ഈ ചുററുപാടുകളെ സ്പർശിക്കുന്നില്ല. അതുകൊണ്ട്, ഈ ദോഷം കുറയ്ക്കുവാൻ ചെയ്യാവുന്നതെല്ലാം ചെയ്യേണ്ടതാണെങ്കിലും, രാജ്യത്തിലെ

digitized by www .sreyas.in

മാറിവരുന്ന സ്ഥിതിഗതികൾക്കു യോജിച്ച വിദ്യാഭ്യാസമുണ്ടെങ്കിൽ മാത്രമേ ഈ തിന്മയും ഇതുപോലുള്ള മററനേകം തിന്മകളും പരിഹരിക്കപ്പെടാൻ കഴിയൂ എന്നെനിക്കു വ്യക്തമാണു്. കോളേജുകളിൽക്കൂടി കടന്നുപോന്നിട്ടുള്ള ഇത്രവളരെ ആൺകുട്ടികളും പെൺകുട്ടികളുംകൂടി വിവാഹത്തോടൊപ്പംതന്നെ തങ്ങളുടെ ഭാവിയെ സാരമായി ബാധിക്കുന്ന വ്യക്തമായ ഒരു ദുരാചാരത്തെ ചെറുക്കുവാൻ കഴിവില്ലാത്തവരോ മനസ്സില്ലാത്തവരോ ആയി കാണപ്പെടുന്നതെന്തുകൊണ്ടാണു്? അഭ്യസ്തവിദ്യകളായ പെൺകുട്ടികൾ, തങ്ങൾ പ്രേമാർത്ഥനയ്ക്കു പാത്രമാകുന്നില്ലെന്ന കാരണത്താൽ എന്തിനു് ആത്മഹത്യ ചെയ്യുന്നു? തീരെ നീതീകരിക്കാൻ വയ്യാത്തതും സദാചാരബോധത്തിനു യോജിക്കാത്തതുമായ ഒരാചാരത്തെ ധിക്കരിക്കുവാൻ അവരെ സമർത്ഥരാക്കുന്നില്ലെങ്കിൽ അവരുടെ വിദ്യാഭ്യാസത്തിനു് എന്തു വിലയാണുള്ളതു്? ഉത്തരം സ്പഷ്ടമാണു്. സാമൂഹ്യമോ മററുതരത്തിലുള്ളതോ ആയ ദുരാചാരങ്ങളോടു പൊരുതുവാൻ ബാലികാബാലന്മാരെ സന്നദ്ധരാക്കാത്ത വിദ്യാഭ്യാസസമ്പ്രദായത്തിൽ മൌലികമായ എന്തോ പിഴവുണ്ടു്. ഓരോ ജീവിതരംഗത്തിലെയും പ്രശ്നങ്ങളെ വേണ്ടവിധത്തിൽ പരിഹരിക്കുവാൻ ഉതകുന്ന മട്ടിൽ വിദ്യാർത്ഥിയുടെ കഴിവുകളെ പ്രകാശിപ്പിക്കുന്ന വിദ്യാഭ്യാസം മാത്രമാണു വിലയുള്ളതു്.

## 32

ഒരു ലേഖകന്റെ വിലാപപൂർണ്ണമായ നീണ്ട എഴുത്തിൽനിന്നു എടുത്തതാണു താഴെ ചേർത്ത ഭാഗം:

‘വിദ്യാഭ്യാസരംഗത്തിൽ ഒരു ജീവകാലത്തെ മുഴുവൻ (46 കൊല്ലത്തെ) സവ്വീസുള്ള ബങ്കാളിലെ, നല്ലനിലയിൽ കഴിഞ്ഞുകൂടിയതെങ്കിലും ഇന്നു ദരിദ്രമായിത്തീർന്ന വളരെ മാന്യമായ ഒരു കായസ്ഥകുടുംബത്തിൽ ജനിച്ച, 67 വയസ്സു പ്രായമായ ഒരദ്ധ്യാപകനാണു് ഞാൻ. ഏഴു പുത്രിമാരെക്കൊണ്ടും രണ്ടു പുത്രന്മാരെക്കൊണ്ടും അനുഗൃഹീതനാണു് (?)* ഞാൻ. 20 വയസ്സായ മൂത്തമകൻ കഴിഞ്ഞ ഒക്ടോബർമാസത്തിൽ, പാവപ്പെട്ട നിസ്സഹായരായ മാതാപിതാക്കളെ ദുഃഖിക്കാൻ വിട്ടുകൊണ്ടു മരിച്ചുപോയി. അവൻ നന്നാവുന്ന ലക്ഷണമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു; എന്റെ ജീവിതത്തിന്റെ ആശാകേന്ദ്രം. എന്റെ ഏഴു പെൺമക്കളിൽ അഞ്ചുപേരെ വിവാഹം കഴിച്ചുകൊടുത്തു. ആറാമത്തെയും ഏഴാമത്തെയും പുത്രിമാർ (18-ം 20-ം വയസ്സു പ്രായം) ഇപ്പോഴും അവിവാഹിതകളാണു്. എന്റെ ഇളയമകൻ 11 വയസ്സായ ഒരു മൈനറാണു്.

32. Harijan, 25–7-1936 (Women and Social Injustice, pp. 61–62)

* ചോദ്യചിഹ്നം എഴുത്തെഴുതിയ ആൾ ഇട്ടതാണു്.

digitized by www .sreyas.in

എന്റെ ശമ്പളം 60 രൂപയാണ്. അതെന്റെ ചെലവിനു തികയുകയില്ല. എനിക്കു സമ്പാദ്യമൊന്നുമില്ല. കടക്കാരനാകകൊണ്ടു നിർദ്ധനനെക്കാൾ മോശക്കാരനാണു ഞാൻ. ആറാമത്തെ മകളുടെ കല്യാണം നിശ്ചയിച്ചിരിക്കുന്നു. വിവാഹച്ചെലവു 900 രൂപയിൽ കുറഞ്ഞാൽപോരാ—ആഭരണവും സ്ത്രീധനവുമായി 300 രൂപ. കാനഡായിലെ സൺലൈഫ് അഷ്വറൻസ് കമ്പനിയിൽ 2,000 രൂപയുടെ ഒരു പോളിസിയുണ്ടെനിക്ക്. 1914–ൽ എടുത്തതാണിത്. 400 രൂപ മാത്രം കടം തരാമെന്നു കമ്പനി സമ്മതിച്ചിട്ടുണ്ട്. ഇതുകൊണ്ട് ആവശ്യമുള്ളതിൽ പകുതിപോലുമായില്ല. ബാക്കി പകുതിക്കു ഞാൻ വിചാരിച്ചാൽ ഒരു നിവൃത്തിയുമില്ല. ഈ പകുതിതന്നു ദരിദ്രനായ ഈ പിതാവിനെ സഹായിക്കാൻ അങ്ങയേക്കൊണ്ടാവില്ലേ?'

ഇത്തരം അനവധി എഴുത്തുകളിൽ ഒന്നാണിത്. ഭൂരിപക്ഷം എഴുത്തുകളും ഹിന്ദുസ്ഥാനിയിൽ എഴുതിയതാണ്. എന്നാൽ ഇംഗ്ലീഷ്‌വിദ്യാഭ്യാസംപോലും, പെൺമക്കളുള്ള മാതാപിതാക്കളുടെ സ്ഥിതി മെച്ചപ്പെടുത്തിയിട്ടില്ലെന്നു നമുക്കറിയാം. ഇംഗ്ലീഷ് പഠിച്ച പിതാവിന്റെ ഇംഗ്ലീഷ് പഠിച്ച മക്കൾക്കു പററിയ ചെറുപ്പക്കാരുടെ കമ്പോളവില വളരെയധികമാകകൊണ്ട് അവരിൽ ചിലരുടെ സ്ഥിതി കൂടുതൽ മോശമായിത്തീർന്നിരിക്കുകയാണ്.

ഈ ബങ്കാളി പിതാവിന്റേതുപോലുള്ള ഒരു സംഗതിയിൽ ചെയ്യാവുന്ന ഏററവും നല്ല സഹായം ആവശ്യമുള്ള സംഖ്യ കടമായോ ദാനമായോ കൊടുക്കലല്ല, തന്റെ പുത്രിക്കുവേണ്ടി ഒരു വരനെ വിലകൊടുത്തു വാങ്ങാതിരിക്കുവാനും, പ്രേമത്തിനുവേണ്ടി, പണത്തിനുവേണ്ടിയല്ല, അവളെ വിവാഹം ചെയ്യുന്ന ഒരാളെ ,തെരഞ്ഞെടുക്കുവാനും അല്ലെങ്കിൽ തെരഞ്ഞെടുക്കുവാൻ മകളെ സമ്മതിക്കുവാനും പിതാവിനെ പ്രേരിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യലാണ്. തെരഞ്ഞെടുപ്പിന്റെ രംഗം സ്വമേധയാ വിപുലമാക്കുകയെന്നാണ് ഇതിനർത്ഥം. ജാതിയുടേതും സംസ്ഥാനത്തിന്റേതുമായ രണ്ടു ഭിത്തികളും പൊളിക്കണം. ഇന്ത്യ ഏകവും അവിഭാജ്യവുമാണെങ്കിൽ, മിശ്രഭോജനമോ മിശ്രവിവാഹമോ ചെയ്യാത്ത അസംഖ്യം ചെറിയ വിഭാഗങ്ങളെ സൃഷ്ടിച്ച കൃത്രിമവിഭജനങ്ങൾക്കു സ്ഥാനമുണ്ടായിരിക്കരുത്. ഈ ക്രൂരാചാരത്തിൽ മതമില്ല. ആരംഭം കുറിക്കാൻ വ്യക്തികളെക്കൊണ്ടാവുകയില്ലെന്നും പരിവർത്തനത്തിനു സമുദായം മുഴുവൻ സന്നദ്ധമാകുന്നതുവരെ കാത്തിരിക്കണമെന്നും പറഞ്ഞാൽപ്പോരാ. മനുഷ്യോചിതങ്ങളല്ലാത്ത ആചാരങ്ങളേയും നടപടികളെയും നിർഭയരായ വ്യക്തികൾ ലംഘിച്ചതുകൊണ്ടല്ലാതെ ഒരിക്കലും ഒരു പരിഷ്കാരവും സാധിച്ചിട്ടില്ല. ഒരു സ്ഥാനപ്രാപ്തിയോ പുണ്യകർമമോ ആയിട്ടല്ലാതെ (തീർച്ച

digitized by www .sreyas.in

യായും അതങ്ങനെയാണ്) ഒരു കമ്പോളക്കച്ചവടമായി വിവാഹത്തെ കരുതുവാൻ ഈ അദ്ധ്യാപകനും അദ്ദേഹത്തിന്റെ പുത്രിമാരും കൂട്ടാക്കാതിരുന്നാൽ എന്താപത്താണ് അവർക്കു സഹിക്കേണ്ടിവരിക? അതിനാൽ കടം വാങ്ങുകയോ യാചിക്കുകയോ ചെയ്യുകയെന്ന വിചാരം സധൈര്യം വെടിയുവാനും, തന്റെ പുത്രിയുമായാലോചിച്ചു പററിയ ഒരു ഭർത്താവിനെ—അയാൾ ഏതു ജാതിക്കാരനോ സംസ്ഥാനക്കാരനോ ആവട്ടെ—തെരഞ്ഞെടുത്ത്, പോളിസിയുടെ ഉറപ്പിന്മേൽ കിട്ടുന്ന 400 രൂപ ലഭിക്കുവാനും എന്റെ ലേഖകനെ ഞാൻ ഉപദേശിക്കുന്നു.

## 33

ഒരു സ്ത്രീ എഴുതുന്നു:

'ഒഴിവാക്കാവുന്ന ദുരിതം' എന്ന അങ്ങയുടെ ലേഖനം* എനിക്ക് അപൂർണമായി തോന്നുന്നു. പുത്രിമാരെ വിവാഹംകഴിച്ചുകൊടുക്കണമെന്നു മാതാപിതാക്കൾ വാശിപിടിക്കുന്നതും അതിനുവേണ്ടി തീരാത്ത ക്ലേശങ്ങൾ അനുഭവിക്കുന്നതും എന്തിനാണ്? പരാശ്രയം കൂടാതെ ജീവിക്കാൻ സാധിക്കുമാറു്, പുത്രന്മാരെ പഠിപ്പിച്ചതുപോലെ പുത്രിമാരെയും മാതാപിതാക്കൾ പഠിപ്പിക്കുമെങ്കിൽ, പുത്രിമാർക്കു ഭർത്താക്കന്മാരെ കണ്ടുപിടിക്കാൻവേണ്ടി അവർക്കു പാടുപെടേണ്ടതായി വരികയില്ല. മനസ്സ് വേണ്ടത്ര വികസിപ്പിക്കാൻ പെൺകുട്ടികൾക്ക് അവസരം ലഭിക്കുകയും മാന്യമായ നിലയിൽ തന്നത്താൻ പുലർത്തുവാൻ അവർക്കു സാധിക്കുകയും ചെയ്താൽ, വിവാഹം ചെയ്യണമെന്നു തോന്നുമ്പോൾ തക്ക ഒരു വരനെ കിട്ടാൻ അവർക്കു പ്രയാസമില്ലെന്നാണ് എന്റെ അനുഭവം. ഉന്നതവിദ്യാഭ്യാസം എന്നു പറയപ്പെടുന്നതു പെൺകുട്ടികൾക്കു നൽകണമെന്നാണു ഞാൻ പറയുന്നതെന്നു ധരിക്കരുത്. അനേകായിരം പെൺകുട്ടികൾക്ക് അതു സാധ്യമല്ലെന്ന് എനിക്കറിയാം. ലോകത്തെ നേരിടാനുള്ള സ്വന്തം കഴിവിനെക്കുറിച്ച് അവരെ തികച്ചും ആത്മവിശ്വാസമുള്ളവരാക്കിത്തീർക്കുന്നതും, മാതാപിതാക്കളെയോ ഭാവിവരന്മാരെയോ ആശ്രയിക്കണമെന്ന വിചാരം അവരിൽ ഉണ്ടാക്കിത്തീർക്കാത്തതുമായ എന്തെങ്കിലും ജോലിയും, ഉപയോഗപ്രദങ്ങളായ കാര്യങ്ങളും അവരെ പഠിപ്പിക്കണമെന്നാണു ഞാൻ ആവശ്യപ്പെടുന്നത്. ഭർത്താക്കന്മാർ ഉപേക്ഷിച്ച ചില പെൺകുട്ടികൾ ഇന്ന് അവരുടെ ഭർത്താക്കന്മാരോടുകൂടി മാന്യമായ നിലയിൽ കഴിഞ്ഞുകൂടുന്നതായി എനിക്കറിയാം; ഉപേക്ഷിച്ചതിനുശേഷം സ്വാവലംബമുള്ളവരായിത്തീരുവാനും, സാമാന്യജ്ഞാനം നേടുവാനും അവർക്കു സാധിച്ചതാണ് ഇതിനു കാരണം. വിവാഹപ്രായക്കാരായ പെൺകുട്ടികളുള്ള മാതാപിതാക്കളുടെ ബുദ്ധിമുട്ടുകളെപ്പററി

33. Harijan, 5–9–1939 (Women and Social Injustice, p. 63)
* 32-ാമത്തെ ഉദ്ധരണം.

digitized by www .sreyas.in

ആലോചിക്കുമ്പോൾ ഈ കാര്യം അങ്ങ് ഊന്നിപ്പറഞ്ഞെങ്കിൽ എന്നു ഞാൻ ആശിക്കുകയാണ്!'

ഈ സ്ത്രീ പറഞ്ഞ അഭിപ്രായങ്ങളോട് ഞാൻ ഹൃദയപൂർവ്വം യോജിക്കുന്നു. പ്രാപ്തിയില്ലാത്ത ഒരു മകളുണ്ടായതുകൊണ്ടല്ല; പിതാവും ഒരുപക്ഷേ, പുത്രിപോലും സ്വജാതിയിൽനിന്നേ ഭർത്താവിനെ തിരഞ്ഞെടുക്കൂ എന്നു നിശ്ചയിച്ചതുകൊണ്ട തന്നെത്താൻ ദുരിതത്തിലാഴ്ന്ന ഒരു പിതാവിന്റെ കാര്യമാണ് അന്നെനിക്കു പറയേണ്ടിവന്നതെന്നുമാത്രം. ഇക്കാര്യത്തിൽ പെൺകുട്ടിയുടെ 'പഠിപ്പ്'തന്നെ ഒരു പ്രതിബന്ധമായിത്തീരുകയാണുണ്ടായത്. പെൺകുട്ടി പഠിപ്പില്ലാത്തവളായിരുന്നെങ്കിൽ അവൾക്ക് ഏതു യുവാവിനെയും സ്വീകരിക്കാൻ കഴിഞ്ഞേനെ. അവൾ പഠിച്ചവളാകകൊണ്ട്, തന്നോളംതന്നെ 'പഠിച്ച' വരൻ സ്വാഭാവികമായി അവൾക്കു വേണം. ഒരു പെൺകുട്ടിയെ വിവാഹംചെയ്യാൻ പണം കിട്ടണമെന്നു നിർബന്ധിക്കുന്നതിലെ ചെററത്തം, ദൗർഭാഗ്യവശാൽ, ഒരു ഉറച്ച അയോഗ്യതയായി കരുതപ്പെടുന്നില്ല. കോളേജിലെ ഇംഗ്ളീഷ് വിദ്യാഭ്യാസത്തിനു പാടേ കൃത്രിമമായ ഒരു വില കല്പിച്ചിരിക്കുന്നു. അസംഖ്യം പാപങ്ങളെ അതു മൂടിവയ്ക്കുന്നുണ്ട്. പെൺകുട്ടികൾക്കുവേണ്ടി ചെയ്യുന്ന വിവാഹാർത്ഥനകൾ സ്വീകരിക്കുന്നതിനു ചെറുപ്പക്കാർ പ്രതിഫലം വാങ്ങുന്ന പതിവുള്ള ജാതിക്കാരുടെ ഇടയിൽ 'പഠിപ്പ്' എന്ന വാക്കിന്റെ നിർവചനം ഇന്നത്തേതിനേക്കാൾ അർത്ഥവത്തായിരുന്നെങ്കിൽ, പെൺകുട്ടികൾക്കു പററിയ വരന്മാരെ കണ്ടുപിടിക്കാനുള്ള പ്രയാസം തീരെ മാറിയില്ലെങ്കിൽ തന്നെ വളരെ കുറയുകയെങ്കിലും ചെയ്തേനെ. തന്നിമിത്തം ഈ ലേഖനകർത്രിയുടെ അഭിപ്രായം മാതാപിതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതോടുകൂടിത്തന്നെ അത്യന്തം ആപൽക്കരങ്ങളായ ജാതിമതിലുകൾ തകർക്കണമെന്നുകൂടി പറഞ്ഞേ തീരൂ. ഈ മതിലുകൾ തകർത്താൽ തിരഞ്ഞെടുപ്പിന്റെ രംഗം വിപുലമാകും, പണം പിടിച്ചുപററുന്നതിനെ അതു വളരെയേറെ തടയുകയും ചെയ്യും.

## 34

*ഇതേ സമുദായത്തിലെ ഒരംഗം അയച്ച മറെറാരെഴുത്ത് എന്റെ മുമ്പാകെയുണ്ട്. ഭാര്യമാരെ വാങ്ങണമെന്നുള്ളവർ അന്വേഷണാർത്ഥം ഗോവയിലേക്കാണു പോകാറുള്ളതെന്നു കാണുന്നു; അവിടെയാണത്രേ അവരുടെ പിതാക്കളോ പിതാമഹന്മാരോ ആകാൻ മതി നാണമില്ലാത്ത സാധുസാരസ്വതബ്രാഹ്മണരെ കാണുക. ഇതിനെ ആ സമുദായം ഒരിരട്ടപ്പാപം ചെയ്യുന്നു. ഏററവുമധികം

34. Young India, 6–10–1927 (Women and Social Injustice, p. 55)

* സ്ത്രീകളെ വിലകൊടുത്തു വാങ്ങുന്നതിന്റെയും സ്ത്രീധനത്തിന്റെയും ദോഷങ്ങളെക്കുറിച്ചുള്ള ഒരു കത്തിനു മറുപടിയായി ഗാന്ധിജി എഴുതിയത്.

digitized by www .sreyas.in

സംഖ്യ വിളിക്കുന്ന ആൾക്ക് അഭ്യസ്തവിദ്യനായ യുവാവിനെ വാങ്ങാം; ഏറ്റവുമധികം വിലകൊടുക്കാൻ തയ്യാറുള്ള വൃദ്ധന്മാരുമായി (ചിലപ്പോൾ അഭ്യസ്തവിദ്യരായിരിക്കും) 20 തികയാത്ത തങ്ങളുടെ പെൺമക്കളെ വിൽക്കുന്നതിനെക്കുറിച്ചു കൂടിയാലോചന നടത്തുവാൻ പണത്തിനു തിടുക്കമുള്ള മാതാപിതാക്കൾ അവിടെയുണ്ട്. എന്തെങ്കിലും ഒഴികഴിവു പറഞ്ഞ് ഈ പരിഷ്കാരം മാററിവെയ്ക്കണമെന്നു സാരസ്വതസമുദായത്തിന്നാഗ്രഹമുണ്ടെങ്കിൽ, അതിനു കിട്ടാവുന്ന ഏക ആശ്വാസം— ആശ്വാസം വേണമെന്നുണ്ടെങ്കിൽ—ഇതേ ദോഷത്തിൽനിന്നു സ്വതന്ത്രമല്ലാത്ത വേറെ സമുദായങ്ങളുണ്ടെന്നു സംഗതിയാണ്. വല്ല വ്യത്യാസവുമുണ്ടെങ്കിൽ അതു ഏറ്റക്കുറച്ചിലിൽ മാത്രമാണ്. എന്നാൽ ഈ പരിഷ്കാരത്തിന്റെ നേതൃത്വം വഹിക്കണമെന്നു സാരസ്വതസമുദായത്തിന് ആഗ്രഹമുണ്ടെങ്കിൽ സന്ദിഗ്ദ്ധാഭയം തേടാൻ അവർ കൂട്ടാക്കാതിരിക്കുകയും ഈ ദുരാചാരം വെളിച്ചത്താക്കപ്പെട്ടിരിക്കകൊണ്ട് ഈ ഇരട്ടപ്പാപത്തിൽനിന്നു മുക്തരാകാൻ ശ്രമിക്കുകയും വേണം.

## 35

*ഇത്തരം സംഗതികളിൽ ശരിക്കു വേണ്ടതു സത്യാഗ്രഹമാണെന്നതിനു സംശയമില്ല, എങ്ങനെയാണതു നടത്തുകയെന്നുള്ളതു മറെറാരു കാര്യം. സത്യാഗ്രഹത്തിന്റെ അതിർത്തികളെക്കുറിച്ചു ഞാൻ പല തവണ എന്റെ ലേഖനങ്ങളിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. ആത്മശിക്ഷണം, ആത്മനിയന്ത്രണം, ആത്മശുദ്ധി, സമുദായത്തിൽ മാന്യസ്ഥാനം ഇതെല്ലാം സത്യാഗ്രഹം അനുഷ്ഠിക്കുന്ന ആൾക്കുണ്ടായിരിക്കണം. ദുഷ്കർമ്മത്തിനും ദുഷ്കർമ്മിക്കും തമ്മിലുള്ള വ്യത്യാസം സത്യാഗ്രഹി ഒരിക്കലും മറക്കരുത്. ദുഷ്കർമ്മിയുടെ നേരേ അയാൾക്കു ദുഷ്ടവിചാരമോ വിദ്വേഷമോ ഉണ്ടായിരിക്കരുത്. ദുഷ്കർമ്മിയുടെ നേരെ അയാൾ അനാവശ്യമായി പരുഷഭാഷ പ്രയോഗിക്കുകപോലും ചെയ്യരുത്—അവന്റെ ദുഷ്കർമ്മം എത്രതന്നെ അപരിഹാര്യമാണെങ്കിലും. എന്തുകൊണ്ടെന്നാൽ സ്നേഹംകൊണ്ടു മനസ്സുമാററാൻ വയ്യാത്തവണ്ണം അത്ര അധഃപതിച്ചവനായി ഈ ലോകത്തിൽ ആരുംതന്നെയില്ലെന്നതു സത്യാഗ്രഹിയുടെ വിശ്വാസങ്ങളിൽ ഒന്നായിരിക്കണം. തിന്മയെ നന്മകൊണ്ടും, ക്രോധത്തെ സ്നേഹംകൊണ്ടും അസത്യത്തെ സത്യംകൊണ്ടും ഹിംസയെ അഹിംസകൊണ്ടും ജയിക്കാൻ സത്യാഗ്രഹി സദാ ശ്രമിക്കണം. ഈ ലോകത്തിൽനിന്നു തിന്മയെ അകററാൻ വേറെ വഴിയൊന്നു

35. Young India, 8-8-1929 (Women and Social Injustice, pp.57-58)

* ചെറിയ പെൺകുട്ടികളെ വയസ്സന്മാർ വിലയ്ക്കു വാങ്ങുന്നുവെന്നു പരാതി പറഞ്ഞുകൊണ്ടും, ഇത്തരം സംഗതികളിൽ സത്യാഗ്രഹം ആകാമോ എന്നന്വേഷിച്ചുകൊണ്ടും ഷോലാപുരിൽനിന്ന് ഒരു മഹേശ്വരിയുവാവയച്ച എഴുത്തിന്നു മറുപടിയായി ഗാന്ധിജി എഴുതിയതാണ് ഇതു്.

digitized by www .sreyas.in

അതിനാൽ, ക്രോധം, ദുർവിചാരം മുതലായ ദുർബലതകളിൽ നിന്നു താൻതന്നെ തികച്ചും മുക്തനാണോ എന്നു ഏതു ദുർഷ്കർമ്മം ഇല്ലാതാക്കാൻവേണ്ടിയാണോ താനൊരു ധർമസമരം നയിക്കാൻ പോകുന്നതു ആ ദുഷ്കർമം താനും ചെയ്യേക്കാനിടയില്ലയോ എന്നു്, സൂക്ഷ്മവും പ്രാർത്ഥനാമയവുമായ ആത്മപരിശോധനകൊണ്ടും ആത്മാപഗ്രഥനംകൊണ്ടും കണ്ടെത്തുവാൻ സത്യഗ്രഹിയെന്നു് അവകാശപ്പെടുന്നവൻ സർവദാ ശ്രമിച്ചുകൊണ്ടിരിക്കണം. സത്യഗ്രഹിയുടെ വിജയത്തിൽ പകുതിഭാഗം കിടക്കുന്നതു് ആത്മശുദ്ധീകരണത്തിലും തപസ്സിലുമാണു്. പ്രസംഗങ്ങൾകൊണ്ടും മററുതരം കാട്ടിക്കൂട്ടലുകൾകൊണ്ടും സാധിക്കുന്നതിലും എത്രയോ അധികം ശാശ്വതവും സ്ഥിരവുമായ ഫലങ്ങളുളവാക്കുവാൻ സത്യത്തിൻെറയും സ്നേഹത്തിൻെറയും നിശ്ശബ്ദവും അസ്പഷ്ടവുമായ പ്രവർത്തനത്തിനു കഴിയുമെന്നു സത്യഗ്രഹിക്കു വിശ്വാസമുണ്ടു്.

എന്നാൽ സത്യഗ്രഹത്തിനു നിശ്ശബ്ദമായി പ്രവർത്തിക്കുവാൻ കഴിയുമെങ്കിലും,സത്യഗ്രഹി ചിലതൊക്കെ ചെയ്യേണ്ടതായിട്ടുണ്ടു്. ഉദാഹരണത്തിനു്, സത്യഗ്രഹി, താൻ ഏതു ദുഷ്കർമത്തെയാണോ ഉന്മൂലനംചെയ്യാൻ മുതിന്നിട്ടുള്ളതു്, അതിനെതിരെ ഊർജിതമായ പ്രക്ഷോഭണം നടത്തി പൊതുജനാഭിപ്രായം സൃഷ്ടിക്കണം. ഒരു സാമൂഹ്യദുരാചാരത്തിനെതിരെ പൊതുജനാഭിപ്രായം വേണ്ടത്ര ഉണർത്തപ്പെട്ടു കഴിഞ്ഞാൽ അതാചരിക്കുവാനോ അതിനു് പിൻതുണ നൽകുവാനോ എത്ര കേമനും ധൈര്യപ്പെടുകയില്ല. പ്രബുദ്ധവും ബുദ്ധിപൂർവവുമായ പൊതുജനാഭിപ്രായം സത്യഗ്രഹിയുടെ ഏററവും ശക്തിമത്തായ ആയുധമാണു്. സർവസമ്മതമായ പൊതുജനാഭിപ്രായത്തെ തീരെ അവഗണിച്ചു് ഒരാൾ ഒരു സാമൂഹ്യദുരാചാരത്തെ അനുകൂലിക്കുകയാണെങ്കിൽ അതു് അയാളെ സമുദായഭ്രഷ്ടനാക്കാൻ തക്ക കാരണമാണു്. പക്ഷേ, സമുദായബഹിഷ്കരണത്തിൻെറ ഉദ്ദേശ്യം അതാരുടെ നേരെ പ്രയോഗിക്കുന്നുവോ അയാളെ ഉപദ്രവിക്കുകയായിരിക്കരുതു്. സമുദായബഹിഷ്കരണമെന്നുവച്ചാൽ, തെററു ചെയ്യുവനോടു സമുദായം പൂർണമായി നിസ്സഹകരിക്കുകയെന്നർത്ഥമാണു്—അതിൽ കുറഞ്ഞോ ഏറിയോ യാതൊരർത്ഥവുമില്ല; മനഃപൂർവം സമുദായത്തെ ധിക്കരിക്കുന്നവനു സമുദായത്തിൻെറ സേവനം ലഭിക്കുവാൻ യാതൊരവകാശവുമില്ലെന്നാണു് ഇതിന്നടിയിലെ ആശയം. പ്രായോഗികമായി എല്ലാ കാര്യങ്ങൾക്കും ഇതു മതി. പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേക നടപടി വേണ്ടിവന്നേക്കാം. ഓരോ പ്രത്യേക സംഗതിയുടെയും സ്വഭാവമനുസരിച്ചു നടപടിയിൽ മാററം വരുത്തേണ്ടതായിവരും.

പക്ഷേ, കിഴവനായിട്ടുപോലും തൻെറ വിഷയാസക്തിയെ തടുക്കാൻ കഴിയാത്ത ലമ്പടൻെറ കാര്യമോ? കാമം കണ്ണില്ലാത്ത

digitized by www .sreyas.in

താണു്. അതിനു തന്റേടമില്ല. എങ്ങനെയെങ്കിലും, എന്തുവന്നാലും, ഇഷ്ടം സാധിക്കാനാണു് അതിന്റെ ശ്രമം. ഇത്തരമൊരുത്തനോടു സമുദായം എന്തു ചെയ്യണം? നിസ്സഹായരായ ഇരകളെ അവർക്കു കൊടുക്കാതിരിക്കുക എന്നാണു മറുപടി. ഇരുപതു വയസ്സിൽ താഴെ പ്രായമുള്ള ഒരു പെൺകുട്ടിയേയും വിവാഹം ചെയ്തുകൊടുക്കരുതു്, അവളുടെ ഇഷ്ടത്തിനെതിരായും കൊടുക്കരുതു്—ഇതായിരിക്കണം നിയമം. സ്വമനസ്സാലെ ഒരു പെൺകുട്ടിയും തന്നെ വിവാഹം ചെയ്യാൻ കൂട്ടാക്കുന്നില്ലെങ്കിൽ, ആ വയസ്സൻ എന്തു ചെയ്യണമെന്ന ചോദ്യം സ്വാഭാവികമായും ഉത്ഭവിക്കുന്നു. ഇത്തരമൊരു ചോദ്യത്തിനു സമുദായത്തിന്റെ പക്കൽ മറുപടിയില്ല; ഒന്നും കൊടുക്കേണ്ട ബാദ്ധ്യത അതിന്നില്ല, അന്ധമായ കാമത്തിനു നിസ്സഹായരായ പെൺകുട്ടികൾ ഇരയായിത്തീരരുതു് എന്ന നിർബന്ധം മാത്രമേ അതിനുള്ളൂ. അന്ധമായ കാമസംതൃപ്തിക്കുവേണ്ട ഉപായം ഉണ്ടാക്കിക്കൊടുക്കേണ്ടതു് അതിന്റെ ചുമതലയല്ല. എങ്കിലും സാമൂഹ്യാന്തരീക്ഷത്തിൽ വിശുദ്ധിയുണ്ടെങ്കിൽ, ലമ്പടന്റെ ലമ്പടത്വം ഇല്ലാതാക്കാൻ അതു വളരെ സഹായിക്കുമെന്നു് അനുഭവംകൊണ്ടു കാണാം.

## ഐ. വ്യഭിചാരം

### 1. *ദേവദാസികളും വ്യഭിചാരവും*

36

പക്ഷേ, ഞാനിനി ആത്മവിക്ഷോഭകരമായ കണ്ടുപിടിത്തങ്ങളിൽനിന്നു് ആത്മസംഹാരകങ്ങളായവയിലേക്കു് ഇറങ്ങി വന്നേതീരൂ. കൊക്കനഡയിൽ ഒരു വമ്പിച്ച പൊതുയോഗത്തിനുശേഷം രാത്രി 9 മണിക്കു ഞാൻ ബങ്കളാവിലേക്കു മടങ്ങിയെത്തിയപ്പോൾ ഏതാനും സ്ത്രീകളും പെൺകുട്ടികളും എന്നെ വന്നു കാണുകയുണ്ടായി. ഞാൻ അകത്തു കടന്നപ്പോൾ വെളിച്ചം വളരെ മങ്ങിയതായിരുന്നു. അവരുടെ പെരുമാററത്തിലും ഭാവങ്ങളിലും വിലക്ഷണമായ എന്തോ ഉണ്ടായിരുന്നു. 'നിങ്ങൾ നൂൽക്കാറുണ്ടോ? തിലക്സ്വരാജ്ഫണ്ടിലേക്കു നിങ്ങളെന്താണു് എനിക്കു തരുക?' എന്ന സാധാരണ ചോദ്യം എന്തുകൊണ്ടോ എന്റെ നാവിന്മേൽ വരുന്നില്ല. ഇതിനു പകരം എന്റെ ആതിഥേയനോടു ഞാൻ ചോദിച്ചു, ഈ സ്ത്രീകൾ ആരാണെന്നു്. അദ്ദേഹം അന്വേഷിച്ചു. കുറച്ചുനേരം മടിച്ചുനിന്നശേഷം ഇതായിരുന്നു മറുപടി: 'ഞങ്ങൾ നർത്തകികളാണു്.' ഞാൻ ഭൂഗർഭത്തിലേക്കു് ആണ്ടുപോകുന്നതുപോലെ തോ

36. Young India, 13–4–1927 (Women and Social Injustice, p. 123)

digitized by www .sreyas.in

ന്നി എനിക്ക്. ജീവിതാരംഭത്തോട് അനുബന്ധിച്ച ഒരു ക്രിയയു ണ്ടെന്നു പറഞ്ഞ് ആതിഥേയൻ എന്നെ ആശ്വസിപ്പിക്കുവാൻ ശ്രമി ച്ചു. അതുകൊണ്ടു കാര്യങ്ങൾ കൂടുതൽ വഷളാവുകയാണുണ്ടായത്. ആ നശിച്ച ഏർപ്പാടിനു് അതൊരു മാന്യതയുടെ ഛായയുണ്ടാക്കി ത്തീർത്തു. ഞാൻ എതിർവിസ്താരം നടത്തി. ഏററവും മര്യാദ യോടുകൂടിയ സ്വരത്തിൽ അവർ പറഞ്ഞു, അവർ ദർശനത്തിനു നിന്നിരിക്കുകയാണെന്നു്. 'അവർ മറെറന്തെങ്കിലും തൊഴിൽ സ്വീ കരിക്കുമോ?' 'ഉവ്വ്'. നാം അവർക്കു ഉപജീവനമാർഗം ഉണ്ടാക്കി ക്കൊടുക്കുമെങ്കിൽ.' കാര്യം അവിടെവച്ചു പറഞ്ഞുതീർക്കാൻ എ നിക്കു മനസ്സുവന്നില്ല. ഞാൻ പുരുഷനായതിൽ എനിക്കു ലജ്ജ തോന്നി. പിറേറന്നു രാവിലെ ഞങ്ങളുടെ അടുത്ത താമസസ്ഥല മായ രാജമഹേന്ദ്രിയിൽ വച്ചു ഞാൻ തുറന്നുപറഞ്ഞു. ആന്ധ്രയിൽ എന്റെ ഏററവും വേദനാജനകമായ അനുഭവം ഇതായിരുന്നു. ഈ പാപം ഒരു രൂപത്തിലല്ലെങ്കിൽ മറെറാന്നിൽ ഇന്ത്യയിൽ സർവത്ര യുള്ളതാണെന്നു ഞാൻ കരുതുന്നു. ആത്മശുദ്ധീകരണത്തിലൂടെ നമു ക്കു സ്വരാജ്യം കിട്ടണമെങ്കിൽ സ്ത്രീകളെ നാം നമ്മുടെ കാമത്തിനിര യാക്കരുതെന്നുമാത്രമേ എനിക്കു പറയാനുള്ളൂ.

ബലഹീനരെ രക്ഷിക്കുക എന്ന നിയമം ഇവിടേയ്ക്കു വിശേഷി ച്ചും ബാധകമാണ്. എന്നെ സംബന്ധിച്ചിടത്തോളം ഗോസംരക്ഷ ണത്തിൽ നമ്മുടെ സ്ത്രീകളുടെ ചാരിത്ര്യസംരക്ഷണവും ഉൾപ്പെടും. നമ്മുടെ അമ്മമാരെയും സഹോദരിമാരെയും പുത്രിമാരെയും രക്ഷി ക്കുന്നതുപോലെ മററു സ്ത്രീകളെ രക്ഷിക്കുവാൻ നാം പഠിക്കാതി രുന്നാൽ, നവജീവൻ കൈവന്ന ഒരിന്ത്യ നമുക്കുണ്ടാവുകയില്ല. നമ്മ ളിലുള്ള മനുഷ്യനെ നശിപ്പിക്കുന്നതും നമ്മെ മൃഗങ്ങളാക്കിത്തീർക്കു ന്നതുമായ പാപങ്ങൾ നാം നമ്മളിൽനിന്നു കഴുകിക്കളയുക.

## 37

മാനംവിററു ഉപജീവനമാർഗം നേടുന്ന ആ സ്ത്രീകളെ ഞാൻ ആ ദ്യമായി കണ്ടതു് ആന്ധ്രസംസ്ഥാനത്തിൽ കൊക്കനഡയിൽവച്ചാ ണു്. അവരിൽ അരഡസൻപേരോടു് അൽപ്പം മിനിട്ടുനേരം അഭി മുഖസംഭാഷണം നടത്തുകയെന്നതാണു് അവിടെവച്ചുണ്ടായതു്. രണ്ടാമത്തെ അനുഭവം ബാരിസാളിൽവച്ചായിരുന്നു. നൂറിലധി കംപേർ കാലേക്കൂട്ടി സമയം നിശ്ചയിച്ചു് എന്നെ വന്നുകണ്ടു. അ ഭിമുഖസംഭാഷണം ആവശ്യപ്പെട്ടുകൊണ്ടും, തങ്ങൾ കോൺഗ്രസ്സ്മെ മ്പറായിത്തീർന്നിരിക്കുന്നുവെന്നും തിലക്സ്വരാജ് ഫണ്ടിലേക്കു സംഭാവന നൽകിയിട്ടുണ്ടെന്നും എങ്കിലും കോൺഗ്രസ്സ്കമ്മിററിക ളിൽ തങ്ങൾക്കു് ഉദ്യോഗം വഹിച്ചുകൂടെന്ന എന്റെ ഉപദേശത്തി

37. Young India, 15-9-1921 (Women and Social Injustice, pp. 128-130)

ന്റെ അർത്ഥം മനസ്സിലാകുന്നില്ലെന്നും എന്നെ അറിയിച്ചുകൊണ്ടുള്ള ഒരെഴുത്ത് അവർ നേരത്തെ അയച്ചിരുന്നു. തങ്ങളുടെ ഭാവിക്ഷേമത്തെപ്പററി എന്റെ ഉപദേശം ലഭിച്ചാൽകൊള്ളാമെന്നും അവർ എഴുതിയിരുന്നു. ആ എഴുത്തുകിട്ടിയാൽ എനിക്കു സന്തോഷമോ വെറുപ്പോ എന്താണുണ്ടാവുകയെന്നു നിശ്ചയമില്ലാത്തതുകൊണ്ട് അതു കൊണ്ടുവന്ന ആൾ വളരെ സങ്കോചത്തോടുകൂടിയാണ് അതെനിക്കു തന്നതു്. വല്ലതരത്തിലും കഴിയുമെങ്കിൽ ഈ സഹോദരികളെ സേവിക്കേണ്ടതു് എന്റെ കടമയാണെന്നു പറഞ്ഞു് അദ്ദേഹത്തെ ഞാൻ സമാശ്വസിപ്പിച്ചു.

ഈ സഹോദരികളുമായി കഴിച്ചുകൂട്ടിയ രണ്ടുമണിക്കൂർ എനിക്കു് അമൂല്യമായൊരനുഭവമാണു്. സ്ത്രീകളും പുരുഷന്മാരും കുട്ടികളും ഉൾപ്പെടെ 20,000 ജനങ്ങളുള്ള ആ സ്ഥലത്തു തങ്ങൾ 350 പേരിലധികമുണ്ടെന്നു് അവരെന്നോടു പറഞ്ഞു. ബാരിസാളിലെ പുരുഷന്മാരുടെ അപമാനത്തെ അവർ പ്രതിനിധാനം ചെയ്യുന്നു. എത്രവേഗം ബാരിസാൾ ഇതിൽനിന്നു വിമുക്തമാകുന്നുവോ അത്രയും അതിന്റെ കീർത്തിക്കു അതു നല്ലതാണു്. ബാരിസാളിനെപ്പററിപ്പറഞ്ഞതെല്ലാംഓരോ നഗരത്തെ സംബന്ധിച്ചുംശരിയാണെന്നു ഞാൻ ഭയപ്പെടുന്നു. അതുകൊണ്ടു്, ബാരിസാളിനെപ്പററി ഞാൻ പറയുന്നതു് ഒരു ഉദാഹരണമെന്ന നിലയ്ക്കാണു്. ഈ സഹോദരികളെ സഹായിക്കണമെന്നു ഞാൻ വിചാരിച്ചുവെന്നു ബാരിസാളിലെ യുവാക്കന്മാർക്കു് അഭിമാനിക്കാം. ഈ തിന്മയെ ഉന്മൂലനം ചെയ്യുവെന്നുകൂടി അഭിമാനിക്കുവാൻ ബാരിസാളിനു് അചിരേണ സാധിക്കുമെന്നു നമുക്കു് ആശിക്കുക.

മനുഷ്യജാതിയുടെ ഉത്തമാർദ്ധത്തെ—എന്റെ അഭിപ്രായത്തിൽ സ്ത്രീജാതി അബലകളുടെ ജാതിയല്ല—ദുരുപയോഗപ്പെടുത്തി എന്നതിനോളം അത്രയേറെ അധഃപതിക്കുന്നതോ വേദനിപ്പിക്കുന്നതോ മൃഗീയമോ ആയ മറെറാന്നില്ല പുരുഷൻ ചെയ്ത ദുഷ്കർമങ്ങളുടെ കൂട്ടത്തിൽ. രണ്ടു ജാതികളിൽവച്ചു ശ്രേഷ്ഠത കൂടിയതു സ്ത്രീജാതിയാണു്; എന്തുകൊണ്ടെന്നാൽ ഇന്നും അതു ത്യാഗത്തിന്റെയും നിശ്ശബ്ദസഹനത്തിന്റെയും വിനയത്തിന്റെയും വിശ്വാസത്തിന്റെയും അറിവിന്റെയും മൂർത്തിമത്ഭാവമാണു്. പുരുഷൻ തനിക്കുണ്ടെന്നു നടിക്കുന്ന കൂടുതൽ മികച്ച അറിവിനേക്കാൾ സുബദ്ധമാണു സ്ത്രീയുടെ സഹജജ്ഞാനമെന്നു പലപ്പോഴും തെളിഞ്ഞിട്ടുണ്ടു്. രാമന്റെ പേർ പറയുന്നതിനു മുമ്പു സീതയുടെയും, കൃഷ്ണന്റെ പേരിനുമുമ്പിൽ രാധയുടെയും പേർ പറയുന്നതിൽ യുക്തിയുണ്ടു്. ദുരാചാരംകൊണ്ടുള്ള ഈ ചൂതാട്ടം പരക്കെയുള്ളതാകകൊണ്ടും, പരിഷ്കരിച്ച യൂറോപ്പിൽ ചിലേടങ്ങളിൽ അതിനു ഗവർമെൻറു് വ്യവസ്ഥകൾ ചെയ്യുന്നുണ്ടെന്നുള്ളതുകൊണ്ടും മനുഷ്യന്റെ വളർച്ചയിൽ അതി

digitized by www .sreyas.in

നൊരു സ്ഥാനമുണ്ടെന്നു വിശ്വസിക്കാൻതക്കവിധം നാം സ്വയം വ്യാമോഹിപ്പിക്കാതിരിക്കുക. ഇന്ത്യയിൽ പണ്ടുമുണ്ടെന്ന വാദംകൊണ്ടു നാം ഇതിനെ എന്നെന്നും നിലനിർത്താതിരിക്കുക. നന്മയും തിന്മയും തമ്മിൽ തിരിച്ചറിയാതാവുകയും, നമുക്കു തികച്ചും അറിഞ്ഞുകൂടാത്ത ഭൂതകാലത്തെ അന്ധമായി അനുകരിക്കുകയും ചെയ്യുന്ന നിമിഷംമുതൽ നാം വളർച്ചമുട്ടിയവരാകും. കഴിഞ്ഞകാലത്തുണ്ടായിരുന്ന പ്രകൃഷ്ടതമങ്ങളും ഉത്തമങ്ങളുമായ എല്ലാററിന്റെയും അഭിമാനഭരിതരായ അവകാശികളാണു നാം. നമ്മുടെ തെററുകൾ വർദ്ധിപ്പിച്ച് ആ പൈതൃകത്തെ നാം അപമാനിക്കരുത്. ആത്മാഭിമാനമുള്ള ഒരിന്ത്യയിൽ ഓരോ സ്ത്രീയുടെയും സദാചാരം ഓരോ പുരുഷനും തന്റെ സ്വന്തം സഹോദരിയുടേതെന്നപോലെ വിലപ്പെട്ടതല്ലേ? ഇന്ത്യയിലെ ഓരോ മനുഷ്യനെയും നമ്മുടെ സഹോദരിയോ സഹോദരനോ ആയി കാണുകയെന്നാണു സ്വരാജ്യത്തിനർത്ഥം.

അതിനാൽ ഈ സഹോദരികളുടെ മുമ്പിൽ ലജ്ജകൊണ്ടു ഞാനെന്റെ തല കുനിച്ചു. ചിലർ പ്രായംചെന്നവരായിരുന്നു; മിക്കവരും ഇരുപതിനും മുപ്പതിനുമിടയ്ക്കു പ്രായമുള്ളവർ; പന്ത്രണ്ടിനു താഴെ പ്രായമുള്ള രണ്ടോ മൂന്നോ ബാലികമാരുമുണ്ടായിരുന്നു. അവരുടെ കൂട്ടത്തിൽ എല്ലാംകൂടി ആറു പെൺകുട്ടികളും നാലാൺകുട്ടികളുമുണ്ടെന്നും, ഇവരിൽ ഏററവും പ്രായംകൂടിയവളെ സ്വജാതിയിൽത്തന്നെ ഒരുത്തനു് കല്യാണംകഴിച്ചുകൊടുത്തിരിക്കയാണെന്നും അവർ പറഞ്ഞു. മറെറന്തെങ്കിലും പണി സാധ്യമല്ലെങ്കിൽ, പെൺകുട്ടികളെ അവരുടേതുപോലെയുള്ള ജീവിതത്തിനുതന്നെ പററിയവിധം വളർത്തിക്കൊണ്ടു വരുവാനാണു ഭാവം. തങ്ങളുടെ ജീവിതം നേരെയാക്കാൻ വയ്യാത്തതാണെന്നു് ഈ സ്ത്രീകൾ കരുതുന്നുവെന്നതു്, ജീവനുള്ള ശരീരത്തിൽ കൊള്ളുന്ന ഒരു വെട്ടുപോലെയായിരുന്നു. എന്നാലും അവർ ബുദ്ധിയുള്ളവരാണു്, വിനയമുള്ളവരാണു്. അവരുടെ സംഭാഷണം അന്തസ്സുള്ളതായിരുന്നു. അവരുടെ മറുപടികൾ വൃത്തികേടോ വക്രതയോ ഇല്ലാത്തവയും. അവരുടെ ദൃഢനിശ്ചയം തൽക്കാലമെങ്കിലും ഒരു സത്യഗ്രഹിയുടേതുപോലെ ദൃഢതയുള്ളതായിരുന്നു. ഇപ്പോഴത്തെ ജീവിതരീതി വേണ്ടെന്നു വയ്ക്കാമെന്നും, ആരെങ്കിലും സഹായിക്കുമെങ്കിൽ പിറേറന്നുമുതൽ തന്നെ നൂൽപ്പും നെയ്ത്തും തുടങ്ങാമെന്നും അവരിൽ പതിനൊന്നു പേർ ഏററു. മററുള്ളവർ പറഞ്ഞു, അവർക്കു് ആലോചിക്കാൻ സമയം വേണമെന്നു്; എന്തുകൊണ്ടെന്നാൽ, എന്നെ ചതിക്കണമെന്നു അവർക്കു വിചാരമില്ല.

ബാരിസാളിലെ പൗരന്മാർക്കു് ഇതാ ഒരു ജോലി; ഇന്ത്യയുടെ എല്ലാ യഥാർത്ഥ സേവകർക്കും, സ്ത്രീകൾക്കെന്നപോലെ പുരുഷന്മാർക്കും ഇതാ ഒരു ജോലി; 20,000 പേർക്കിടയിൽ ഭാഗ്യംകെട്ട 350

digitized by www .sreyas.in

സഹോദരികളുണ്ടെങ്കിൽ, ഇന്ത്യയിൽ ആകെ 52,50,000 ഉണ്ടായെന്നുവരാം. എങ്കിലും ഇന്ത്യയിലെ ജനസംഖ്യയിൽ ഗ്രാമവാസികളും കൃഷിക്കാരുമായ അഞ്ചിൽ നാലു ഭാഗത്തെ ഈ ദുരാചാരം തീണ്ടിയിട്ടില്ലെന്നു ഞാൻ അഭിമാനിക്കുന്നു. അതിനാൽ ഇന്ത്യയിൽ ഒട്ടാകെ മാനംവിററു ജീവിക്കുന്നവരായി ഏററവും ചുരുങ്ങിയതു 10,50,000 സ്ത്രീകളുണ്ടായിരിക്കും. ഇവരെ അവരുടെ പതിതാവസ്ഥയിൽനിന്നു കരകയററാൻ കഴിയണമെങ്കിൽ രണ്ടു കാര്യം ചെയ്യേണ്ടതുണ്ട്. പുരുഷന്മാരായ നാം നമ്മുടെ വികാരങ്ങൾ നിയന്ത്രിക്കുവാൻ പഠിക്കണം. മാന്യമായി ജീവിക്കാൻ സഹായിക്കുന്ന എന്തെങ്കിലും ജോലി ഈ സ്ത്രീകൾക്കു് ഉണ്ടാക്കിക്കൊടുക്കുകയും വേണം. നിസ്സഹകരണപ്രസ്ഥാനം നമ്മെ ശുദ്ധീകരിക്കുകയും നമ്മുടെ ദുർവികാരങ്ങളെ അടക്കി നിർത്തുകയും ചെയ്യുന്നില്ലെങ്കിൽ നിഷ്ഫലമാണു്. തിങ്ങിപ്പാർക്കാതെ എല്ലാവർക്കും ചെയ്യാവുന്നതായി നൂൽപും നെയ്ത്തുമല്ലാതെ വേറെ ജോലിയൊന്നുമില്ല. ഈ സഹോദരികളിൽ ഭൂരിപക്ഷവും വിവാഹത്തെക്കുറിച്ചു് ആലോചിക്കേണ്ട ആവശ്യമില്ല. അവർക്കതു സാധ്യമല്ലെന്നു് അവർ പറഞ്ഞു. അതിനാൽ അവർ ഇന്ത്യയിലെ യഥാർത്ഥ സന്യാസിനിമാരായിത്തീരണം. സേവനമല്ലാതെ ജീവിതത്തിൽ വേറെ ക്ലേശങ്ങളൊന്നുമില്ലാത്തതുകൊണ്ടു്, അവർക്കു മതിയാവോളം നൂല്ക്കാം, നെയ്യാം. 10,50,000 സ്ത്രീകൾ ദിവസേന എട്ടു മണിക്കൂർ ഉത്സാഹത്തോടുകൂടി നെയ്യുകയെന്നുവച്ചാൽ; ദരിദ്രമായ ഇന്ത്യയ്ക്കു് അത്രയും ഉറപ്പിക കിട്ടുകയെന്നാണർത്ഥം. ദിവസേന തങ്ങൾ രണ്ടു ഉറുപ്പികവരെ സമ്പാദിക്കുന്നുണ്ടെന്നു് ഈ സ്ത്രീകൾ എന്നോടു പറഞ്ഞു. പക്ഷേ, അവർ സമ്മതിച്ചു, പുരുഷൻെറ വിഷയാസക്തിയെ പ്രീണിപ്പിക്കുവാൻ പല സാധനങ്ങളും ആവശ്യമുണ്ടെന്നു്; സാധാരണ ജീവിതത്തിലേക്കു മടങ്ങിവന്നാൽ നൂൽപും നെയ്ത്തും ആരംഭിച്ചാൽ ഇതൊക്കെ കൂടാതെ കഴിക്കാവുന്നതാണു്. അഭിമുഖസംഭാഷണം കഴിഞ്ഞപ്പോഴേയ്ക്കും ഞാൻ പറയാതെതന്നെ അവർക്കു മനസ്സിലായി, സ്വന്തം പാപകർമം വെടിയാതെ അവർക്കു് എന്തുകൊണ്ടു കോൺഗ്രസ്സ്കമ്മിററികളിൽ ഉദ്യോഗസ്ഥരായിക്കൂടെന്നു്. വിശുദ്ധ ഹസ്തങ്ങളോടും വിശുദ്ധ ഹൃദയങ്ങളോടുംകൂടി സമീപിക്കാത്തവർക്കാർക്കുംതന്നെ സ്വരാജ്യത്തിൻെറ ബലിപീഠത്തിൽ അർപ്പണ നടത്തുവാൻ അർഹതയില്ല.

38

ദക്ഷിണേന്ത്യയിൽനിന്നു എനിക്കു ലഭിച്ച മംഗളപത്രങ്ങളിലെല്ലാംവച്ചു് ഏററവും ഹൃദയസ്പർശിയായതു ദേവദാസികളുടേതായിരുന്നു—വ്യഭിചാരിണികൾ എന്നതിനുപകരം ഉപയോഗിക്കുന്ന

38. Young India, 16–4–1925 (Women and Social Injustice, pp. 139–141)

digitized by www .sreyas.in

ഒരു സൗമ്യമായ പ്രയോഗമാണിതു്. ഭാഗ്യംകെട്ട ഈ സഹോദരികളുടെ സമുദായത്തിൽപ്പെട്ടവരായിരുന്നു അതെഴുതിയുണ്ടാക്കിയതും എനിക്കു കൊണ്ടുവന്നു തന്നതും. ഇവരുടെ ഇടയിൽത്തന്നെ പരിഷ്കാരങ്ങരം ആരംഭിച്ചിട്ടുണ്ടെന്നും എങ്കിലും പുരോഗതി വളരെ മന്ദമാണെന്നും ആ നിവേദകസംഘത്തിൽനിന്നു ഞാൻ മനസ്സിലാക്കി. പൊതുജനങ്ങരം സാമാന്യമായി ഈ പരിഷ്കാരങ്ങളിൽ വിമുഖരാണെന്നു നിവേദനസംഘത്തെ നയിച്ച മാന്യൻ പറഞ്ഞു. എനിക്കുണ്ടായ ആദ്യത്തെ നടുക്കം കൊക്കനെഡയിൽവച്ചായിരുന്നു. അവിടത്തുകാരോടു സംസാരിച്ചപ്പോരം ഞാൻ എല്ലാം തുറന്നു പറഞ്ഞു. രണ്ടാമത്തേതു ബാരിസാളിൽവച്ചായിരുന്നു; അവിടെവച്ചു ഈ ഭാഗ്യവിഹീനകളെ ഞാൻ കുറെയധികം കണ്ടു. പേർ ദേവദാസികളെന്നോ മറെറന്തോ ആയാലും, പ്രശ്നം ഒന്നുതന്നെ. മനുഷ്യൻെറ വിഷയാസക്തിക്കുവേണ്ടി കുറെ സ്ത്രീകരംക്കു് അവരുടെ ചാരിത്ര്യം വിൽക്കേണ്ടിവരുന്നുവെന്നതു കടുത്ത നാണക്കേടും ദുഃഖവും അഗാധമായ അപമാനവും ഉരംപ്പെട്ട ഒരു കാര്യമാണു്. അബലകളെന്നു വിളിക്കപ്പെടുന്നവരുടെമേൽ നിയമനിർമാതാവായ പുരുഷൻ വച്ചുകെട്ടിയ പാതിത്യത്തിനു് അവൻ ഭയങ്കരശിക്ഷ അനുഭവിക്കേണ്ടതായിവരും. പുരുഷൻെറ കെണികളിൽനിന്നു സ്വതന്ത്രയായി സ്ത്രീ അവളുടെ പൂർണൗന്നത്യത്തിലേക്കു് ഉയരുകയും പുരുഷൻെറ നിയമങ്ങളുടെയും അവനുണ്ടാക്കിയ സ്ഥാപനങ്ങളുടെയും നേരെ തിരിഞ്ഞടിക്കുകയും ചെയ്യുമ്പോരം അവളുടെ ആ തിരിച്ചടി തീർച്ചയായും അഹിംസാത്മകമാണെങ്കിലും, കുറിക്കുകൊള്ളുന്നതായിരിക്കും. പുരുഷന്മാരുടെ നിയമവിരുദ്ധവും സദാചാരവിരുദ്ധവുമായ സുഖത്തിനുവേണ്ടി ലജ്ജാവഹമായ ഒരു ജീവിതം നയിക്കേണ്ടിവരുന്ന അനേകായിരം സ്ത്രീകളുടെ സ്ഥിതിയെപ്പററി ഇന്ത്യയിലെ പുരുഷന്മാർ ആലോചിക്കട്ടെ. ഈ മലിനകേന്ദ്രങ്ങരം സന്ദർശിക്കുന്ന പുരുഷന്മാരിൽ ഭൂരിപക്ഷവും വിവാഹിതരാണെന്നുള്ളതും തന്നിമിത്തം ഇരട്ടപ്പാപംചെയ്യുന്നുവെന്നതുമാണു മഹാകഷ്ടം. തങ്ങളുടെ കൂട്ടു് ആർക്കു വാഗ്ദാനംചെയ്യപ്പെട്ടിരിക്കുന്നുവോ ആ ഭാര്യമാരോടു് അവർ പാപംചെയ്യുന്നു. തങ്ങളുടെ ഏകോദരസഹോദരിമാരുടെ വിശുദ്ധിയെ കാത്തുരക്ഷിക്കുന്ന അത്രതന്നെ ശ്രദ്ധയോടുകൂടി ആരുടെ വിശുദ്ധി കാത്തുരക്ഷിക്കുവാൻ അവർക്കു ബാദ്ധ്യതയുണ്ടോ ആ സഹോദരിമാരോടും അവർ പാപം ചെയ്യുന്നു. ഇന്ത്യയിലെ പുരുഷന്മാരായ നാം നമ്മുടെ മാന്യത ധരിച്ചാൽ പിന്നെ ഒരൊററ നിമിഷംപോലും നിലനിൽക്കാത്ത ഒരു ദുഷ്കർമമാണിതു്.

നമ്മുടെ കൂട്ടത്തിൽ ഏററവും ബഹുമാന്യരായ പലരും ഈ ദുഷ്കർമത്തിൽ മുഴുകിയവരായിരുന്നില്ലെങ്കിൽ വിശപ്പുള്ള ഒരുത്തൻ ഒരു പഴം കക്കുന്നതിനേക്കാളും കാശിനു മുട്ടുള്ള ഒരു ചെറുപ്പക്കാരൻ പോക്കററിൽനിന്നു പണം തട്ടിയെടുക്കുന്നതിനേക്കാളും വലിയ ഒരു

digitized by www .sreyas.in

കുററമായി ഇത്തരം സുഖഭോഗം കരുതപ്പെട്ടേനെ. പണം കക്കുന്നതോ ഒരു സ്ത്രീയുടെ മാനം കക്കുന്നതോ ഏതാണ് സമുദായത്തിനു കൂടുതൽ ദ്രോഹകരം? തന്റെ മാനം വില്ക്കുന്നതിൽ വ്യഭിചാരിണി പങ്കുകാരിയാണെന്നും പന്തയസ്ഥലത്തുള്ള കോടീശ്വരന്റെ പോക്കററിൽനിന്നു ഒരു പഠിച്ച കള്ളൻ പണം തട്ടിയെടുക്കുമ്പോൾ കോടീശ്വരൻ അതിൽ പങ്കാളിയല്ലെന്നും എന്നോടു പറയരുത്. ഒരു പോക്കററടിക്കാരൻചെക്കനോ, തന്റെ പിടിയിൽ കിട്ടിയവനെ ലഹരിസാധനംകൊടുത്തു മയക്കി അയാളെക്കൊണ്ടു സ്വത്തു മുഴുവൻ ഒപ്പിടുവിച്ചു വാങ്ങുന്നവനോ ആരാണധികം ദുഷ്ടൻ? പുരുഷൻ തന്റെ കൃത്രിമവും നിരങ്കുശവുമായ ചപ്പടാച്ചികൾകൊണ്ടു ആദ്യം സ്ത്രീയുടെ സദ്വാസനകൾ കെടുത്തിയശേഷമല്ലേ അവളോടു ചെയ്യുന്ന അപരാധത്തിൽ അവളെ പങ്കാളിയാക്കുന്നതു? അതോ, പഞ്ചമരെപ്പോലെ ചില സ്ത്രീകൾ പതിതജീവിതം നയിക്കാനായി ജനിച്ചു പോയവരാണെന്നാണോ? ഞാനെഴുതിയതിന്റെ ആന്തരാത്ഥങ്ങൾ ശരിക്കു മനസ്സിലാക്കുവാൻ വിവാഹിതനോ അവിവാഹിതനോ ആയ ഓരോ ചെറുപ്പക്കാരനോടും ഞാൻ ആവശ്യപ്പെടുന്നു. ഈ സാമൂഹ്യരോഗത്തെപ്പററി സദാചാരത്തിന്മേലുള്ള ഈ മഹാരോഗത്തെപ്പററി ഞാൻ പറഞ്ഞിട്ടുള്ളതെല്ലാം എനിക്കു എഴുതിക്കൂടാ. പോരാത്തതെല്ലാം അയാളുടെ ഭാവന ചേർക്കട്ടെ, അയാൾ ഈ കുററംചെയ്തിട്ടുള്ളവനാണെങ്കിൽ. പരിശുദ്ധനായ ഓരോ മനുഷ്യനും തന്റെ ചുററുപാടുകൾ പരിശുദ്ധമാക്കാൻ കഴിയുന്നതു ചെയ്യട്ടെ. ഇതു പറയുക എളുപ്പമാണ്, ചെയ്യൽ എളുപ്പമല്ല, എന്നെനിക്കറിയാം. ഇതൊരു വിഷമംപിടിച്ച സംഗതിയാണ്. എങ്കിലും ആ വൈഷമ്യമുള്ളതുകൊണ്ടുതന്നെ എല്ലാ ചിന്താശീലരുടെയും ശ്രദ്ധയെ അതു ക്ഷണിക്കുന്നു. ഈ ഭാഗ്യഹീനകളുടെ ഇടയിൽ ചെയ്യേണ്ട പണി എല്ലായിടത്തും വിദഗ്ദ്ധക്കു വിട്ടുകൊടുക്കണം. ദുഷ്കീർത്തിയുടെ ഈ ആവാസസ്ഥാനങ്ങൾ സന്ദർശിക്കുന്ന പുരുഷന്മാർക്കും എന്റെ ഈ അഭിപ്രായം ബാധകമാണ്.

2. *വ്യഭിചാരനിർമാർജനത്തിൽ വേണ്ട കരുതൽ*

39

മദരിപുരത്തു സ്വീകരണസംഘം പതിതസഹോദരികളുടേതായ ഒരു നൃത്തനൃത്തപ്രദർശനം ഏർപ്പാടുചെയ്തിരുന്നു. എനിക്കു അതു കണ്ടപ്പോൾ സന്തോഷം തോന്നി. എങ്കിലും ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിലുള്ള അപകടങ്ങളെപ്പററി അതിന്റെ ചുമതലക്കാരോടു ഞാൻ പറഞ്ഞു. അവരെ വീണ്ടെടുക്കുവാനുള്ള ഈ

39. Young India, 26-6-1925 (Women and Social Injustice, pp. 132–133).

digitized by www .sreyas.in

പ്രസ്ഥാനം ആദ്യം രൂപംകൊണ്ട സ്ഥലമായ ബാരിസാളിൽ, അതു വേണ്ടവിധം പുരോഗമിക്കുന്നതിനു പകരം, വികൃതമായിത്തീരുകയാണു ചെയ്തിട്ടുള്ളതു്. ഈ നിർഭാഗ്യവതികളെ അവിടെ സംഘടിപ്പിച്ചിരിക്കുന്നു. അവരുടെ സംഘടനയ്ക്കു തെററുധരിപ്പിക്കുന്ന ഒരു പേരാണിട്ടിട്ടുള്ളതു്. അതിന്റെ തൽക്കാലോദ്ദേശങ്ങളും ലക്ഷ്യങ്ങളും താഴെപ്പറയുംപ്രകാരമാണു്:

'ദരിദ്രരെ സഹായിക്കുക, രോഗികളെ ശുശ്രൂഷിക്കുക.

'അവരുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുക.

'നാരീശിൽപ്പാശ്രമങ്ങൾ സ്ഥാപിച്ചു നൂൽപ്പും നെയ്ത്തും യന്ത്രംകൊണ്ടും കൈകൊണ്ടുമുള്ള തുന്നൽപണിയും മററു കൈവേലകളും പഠിപ്പിക്കുക.

'ഉയർന്ന സംഗീതപരിശീലനം നൽകുക.

'സത്യഗ്രഹത്തിലും അഹിംസയിലും വിശ്വസിക്കുന്ന മററെല്ലാ സ്ഥാപനങ്ങളുമായും സഹകരിക്കുക.'

ചുരുക്കിപ്പറഞ്ഞാൽ, ഇതു കുതിരയുടെ മുമ്പിൽ വണ്ടികെട്ടലാണു്. സ്വയം പരിഷ്കരിക്കുന്നതിനുമുമ്പു ലോകോപകാരപ്രദമായ ജോലി ചെയ്യാൻ ഈ സഹോദരിമാരോടു് ആവശ്യപ്പെട്ടിരിക്കുന്നു. ഉയർന്ന സംഗീതപരിശീലനം നൽകുന്ന കാര്യം ഫലത്തിൽ ദുരന്തമായില്ലെങ്കിൽ, വലിയൊരു തമാശയായി കരുതപ്പെടുകയെങ്കിലും ചെയ്യും. എന്തുകൊണ്ടെന്നാൽ പാട്ടും ആട്ടവും ഇവർക്കിപ്പോൾത്തന്നെ അറിയാം. പിന്നെ സത്യഗ്രഹത്തിലും അഹിംസയിലും വിശ്വസിക്കുന്ന എല്ലാ സംഘടനകളിലും അവർക്കു ചേരാം! സ്വന്തം തൊഴിൽകൊണ്ടു് അവർ സത്യത്തെയും അഹിംസയെയും സദാ ഹിംസിച്ചുകൊണ്ടിരിക്കുകയാണു്.

അവരെയെല്ലാം കോൺഗ്രസ്സിൽ അംഗങ്ങളായി ചേർത്തിരിക്കുന്നു എന്നും, അവരുടെ എളിയ നിലയ്ക്കു യോജിച്ച മററു ദേശീയ സേവനമെല്ലാം ചെയ്യാൻ അവരെ അനുവദിച്ചിട്ടുണ്ടെന്നും എന്റെ മുമ്പിലുള്ള രേഖയിൽനിന്നു കാണുക. അവരെ പ്രതിനിധികളായി തെരഞ്ഞെടുക്കുകപോലും ചെയ്തിരിക്കുന്നു. അവരുടെ പേരിൽ എഴുതപ്പെട്ട അശ്ലീലമായ ഒരു വിജ്ഞാപനവും ഞാൻ കാണുകയുണ്ടായി.

ഉദ്ദേശ്യങ്ങൾ എന്തുതന്നെയായാലും ഈ പുറപ്പാടു മുഴുവൻ ഒരു ഭംഗിയില്ലാത്തതായി എന്നു കരുതാതിരിക്കാൻ എനിക്കു കഴിയുന്നില്ല. നൂൽപ്പിനെ ഞാൻ മാനിക്കുന്നു; പക്ഷേ, അതു ദുരാചാരത്തിനു പാസ്പോർട്ടായിക്കൂടാ. എല്ലാവരും സത്യഗ്രഹികളാക

digitized by www .sreyas.in

ണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എങ്കിലും പശ്ചാത്തപിക്കാത്ത ഒരു സ്ഥിരം കൊലപാതകി ആ പ്രമാണത്തിനുകീഴേ ഒപ്പുവയ്ക്കുന്നതിനെ എൻെറ സർവശക്തിയും ഉപയോഗിച്ചു ഞാൻ തടയും. എൻെറ ഹൃദയം മുഴുവൻ ഈ സഹോദരികളുടെ ഭാഗത്താണ്. എന്നാലും ബാരിസാളിലെ പ്രവർത്തനരീതികളോടു യോജിക്കാൻ എനിക്കു വയ്യ. സമുദായത്തിൻെറ സദാചാരപരമായ ക്ഷേമത്തെ മുൻനിർത്തി അവർക്കുണ്ടാകാൻ പാടില്ലാത്ത ഒരു പദവി ഈ സഹോദരിമാർ നേടിയിരിക്കുന്നു. ഈ സഹോദരികൾ അവരുടെ സംഘം ഉണ്ടാക്കിയിട്ടുള്ളത് എന്താവശ്യത്തിനാണോ ആ ആവശ്യത്തിനു വേണ്ടി അറിയപ്പെട്ട മോഷ്ടാക്കളുടെ ഒരു സംഘം നാം ഉണ്ടാക്കുകയില്ല. ഇവരുടെ സംഘത്തിന് അർത്ഥവും ന്യായമില്ല, എന്തുകൊണ്ടെന്നാൽ ഇവർ കള്ളന്മാരെക്കാൾ അപകടം പിടിച്ചവരാണ്. കള്ളന്മാർ ഭൗതികസമ്പത്ത് അപഹരിക്കുന്നു, ഇവരോ, സദ്വൃത്തിയും. സമുദായത്തിലെ ഈ നിർഭാഗ്യാംഗങ്ങളുടെ നിലനിൽപ്പിനു മുഖ്യമായി പുരുഷന്മാരാണ് ഉത്തരവാദികളെങ്കിലും, അനർത്ഥം വരുത്തിത്തീർക്കാനുള്ള അതിഭയങ്കരമായ കഴിവുകൾ ഇവർ സമ്പാദിച്ചിട്ടുണ്ടെന്നു വിസ്മരിക്കരുത്. ഈ സ്ത്രീകളുടെ സംഘടിതമായ പ്രവർത്തനം അവരെ വല്ലാതെ ഒരുമ്പെട്ടവരാക്കിത്തീർത്തിട്ടുണ്ടെന്നും, ബാരിസാളിലെ യുവാക്കളിൽ ഇവർ ദുഷിച്ച സ്വാധീനശക്തി ചെലുത്തിപ്പോരുന്നുണ്ടെന്നും ബാരിസാളിൽവച്ചു ചിലർ എന്നോടു പറയുകയുണ്ടായി. ഈ സംഘം പിരിച്ചുവിടപ്പെട്ടെങ്കിൽ എന്നാഗ്രഹിക്കുകയാണു ഞാൻ. അവർ നാണംകെട്ട ഈ ജീവിതം നയിക്കുന്നിടത്തോളംകാലം അവരിൽനിന്നു സംഭാവനകളോ സേവനങ്ങളോ സ്വീകരിക്കുന്നതും അവരെ പ്രതിനിധികളായി തെരഞ്ഞെടുക്കുന്നതും അല്ലെങ്കിൽ കോൺഗ്രസ്സിൽ അംഗങ്ങളാകാൻ അവരെ പ്രേരിപ്പിക്കുന്നതും തെററാണെന്നാണ് എൻെറ ഉറച്ച അഭിപ്രായം. കോൺഗ്രസ്സിൽ അവർ പ്രവേശിക്കുന്നതിനു നിയമപരമായ തടസ്സമൊന്നുമില്ലെങ്കിലും, പൊതുജനാഭിപ്രായം അവരെ കോൺഗ്രസ്സിൽനിന്ന് അകററിനിർത്തുമെന്നും കോൺഗ്രസ്സിൽ അംഗമാകാതിരിക്കുവാനുള്ള വകതിരിവ് അവർക്കുതന്നെ ഉണ്ടാകുമെന്നും ഞാൻ ആശിച്ചിരുന്നു.

എൻെറ വാക്കുകൾ അവരുടെ അടുത്തെത്തുമെന്നു ഞാൻ ആശിക്കുന്നു. കോൺഗ്രസ്സിൽനിന്നു സ്വന്തം പേരുകൾ പിൻവലിക്കുവാനും, തങ്ങൾക്ക് ഒരു സംഘടനയുണ്ടെന്ന കാര്യം വിസ്മരിക്കുവാനും, എങ്കിലും ഉറച്ചുനിന്നു ഉടൻതന്നെ ഈ ദുരാചാരക്കച്ചവടം ഉപേക്ഷിക്കുവാനും ഞാൻ ആവശ്യപ്പെടുന്നു. എന്നാൽ, എന്നാൽ മാത്രമേ ഒരു വ്രതമെന്നനിലയ്ക്കു നൂൽനൂല്പും, ഉപജീവനമാർഗമെന്ന നിലയ്ക്കു നെയ്ത്തും അല്ലെങ്കിൽ പ്രതിഫലം കിട്ടുന്ന മറെറന്തെങ്കിലും ശുദ്ധജോലിയും അവർ സ്വീകരിക്കാവൂ.

digitized by www .sreyas.in

3. *പരിഹാരമാർഗങ്ങൾ*

## 40

സമുദായത്തിൽനിന്നു് ഈ ദുരാചാരം നീക്കംചെയ്യുന്ന വിശിഷ്ടജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ അവരുടെ പണി ഒരു ചിട്ടയനുസരിച്ചു നടത്തേണ്ടതായി വരും; സ്വന്തം പരിശ്രമം ഉടനെ വിജയിച്ചില്ലെങ്കിൽ, അവർ നിരുത്സാഹരായിത്തീരുകയുമരുതു്. തങ്ങളുടെ തൊട്ടടുത്ത ദിക്കിലെ ജോലിയിൽ അവർ ശ്രദ്ധ കേന്ദ്രീകരിക്കട്ടെ. ഈ പ്രശ്നപരിഹാരത്തിനു രണ്ടു വഴിയുണ്ടു്. കച്ചവടത്തിനു ദേവദാസികളെ ഉപയോഗിക്കുന്നവരുടെ ഇടയിലും, ദേവദാസീസമുദായത്തിൽത്തന്നെയും പ്രവർത്തനംവേണം. സമുദായത്തിൻെറ ദുരാചാരത്തിനു ദേവദാസികൾ വഴങ്ങാതിരുന്നാൽ, ആ സമ്പ്രദായം ഉടൻ നശിച്ചു. എങ്കിലും ഈ സംഗതി അത്ര എളുപ്പമല്ല. വിശപ്പിനു പാപമറിഞ്ഞുകൂടാ. ദ്രോണരേയും ഭീഷ്മരേയും പോലെ ദേവദാസികൾ ഈ പാപം നീതീകരിക്കുവാൻ സ്വന്തം വയറിൻെറ നേരെ വിരൽ ചൂണ്ടുകയാണു്. തഴക്കംകൊണ്ടു് ഈ ജോലിയെക്കുറിച്ചുള്ള പാപബോധം അവർക്കില്ലാതായിരിക്കുന്നു. അതിനാൽ വ്യഭിചാരത്തിനു പകരം ശുദ്ധമായ മറെറന്തെങ്കിലും ഉപജീവനമാർഗം അവർക്കുണ്ടാക്കിക്കൊടുക്കേണ്ടതായി വരും. പിന്നെ സമുദായത്തിലും ജോലി ചെയ്യേണ്ടതുണ്ടു്. ദേവദാസികളെ ഏർപ്പെടുത്തുന്ന ഉത്സവങ്ങളും വിവാഹാഘോഷങ്ങളും കണ്ടുപിടിച്ചു് അവയുടെ ചുമതലക്കാരോടു ന്യായവാദം ചെയ്യണം. ഇന്നിന്നതു ചെയ്യണമെന്നു പരിഷ്കർത്താക്കൾ കൽപ്പിക്കരുതു്. അവർ ബുദ്ധിയോടും ഹൃദയത്തോടും അർത്ഥിക്കണം. ഒരു കണക്കിനു് എല്ലാ പരിഷ്കാരവും ഒരുതരം വിദ്യാഭ്യാസമാണു്—സാധാരണവിദ്യാഭ്യാസംപോലെതന്നെ സുപ്രധാനമായതു്. തന്നിമിത്തം അതുതന്നെ ഒരു ശാസ്ത്രമാണു്; ചിട്ടയോടുകൂടി അഭ്യസിച്ചാൽ മാത്രമേ അതു ഫലിക്കൂ.

## 41

രാജ്യത്തിലെ യുവാക്കളിലാണു് എൻെറ ആശ. ഈ ദുരാചാരത്തിനു് ഇരയായവർ പ്രകൃത്യാ ദുരാചാരതൽപരരല്ല. ഗത്യന്തരമില്ലാതെ, ആലോചനയില്ലാതെ അവർ അതിലേക്കു ആകർഷിക്കപ്പെടുകയാണു്. തങ്ങൾക്കും സമുദായത്തിനും ഇതു ചെയ്യു ദോഷം അവർ മനസ്സിലാക്കണം. സുശിക്ഷിതജീവിതമേ അവരേയും രാജ്യത്തെയും പൂർണവിനാശത്തിൽനിന്നു രക്ഷിക്കൂ എന്നും അവർ ധരിക്കണം. സർവോപരി, അവർ ഈശ്വരനെ ധ്യാനിക്കുകയും പ്രലോഭനത്തിൽനിന്നു അകന്നുനില്ക്കാൻ അദ്ദേഹത്തിൻെറ സഹായം

40. Harijan, 14-9-1934 (Women and Social Injustice, p. 145)
41. Young India, 9-7-1925 (Women and Social Injustice, p. 136)

തേടുകയും ചെയ്യാതിരുന്നാൽ, ശുഷ്കശിക്ഷണം എത്രയുണ്ടായിട്ടും പ്രയോജനമില്ല.

42

പതിതസഹോദരികൾ നൂല്ക്കുന്നുണ്ടെന്നു മാത്രമല്ല, നൂല്പുകൊണ്ടുതന്നെ ഉപജീവനമാർഗം സമ്പാദിക്കുന്നുണ്ടെന്നും എന്നോടു പറഞ്ഞു. ഇവർ പെൺകുട്ടികളല്ല, നാല്പതുകഴിഞ്ഞ സ്ത്രീകളാണു്. മേലിൽ അവർ തങ്ങളുടെ മാനം വില്ക്കുകയില്ല; എങ്കിലും നൂല്പില്ലെങ്കിൽ അവർക്കു് ഇരക്കേണ്ടിവന്നേനെ. തന്നിമിത്തം ശരിക്കു പറഞ്ഞാൽ, തങ്ങളുടെ ആദ്യത്തെ തൊഴിലിൽനിന്നല്ല, യാചകവൃത്തിയിൽനിന്നാണു് അവർ സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നതു്. എന്നാലും ഈ സഹോദരികളുമായി സമ്പർക്കം പുലർത്തിയതും അവരുടെ ക്ഷേമത്തിൽ താൽപര്യം കാണിച്ചതും നവ്ഖാലിയെ സംബന്ധിച്ചിടത്തോളം ഒരു വലിയ കാര്യംതന്നെയാണു്. അവരിൽ ചിലർ അവരുടെ പഴയ തൊഴിൽ വേണ്ടെന്നുവച്ചിട്ടില്ലെങ്കിലും, നൂല്പു തുടങ്ങിയിട്ടുണ്ടെന്നും എന്നോടു പറയുകയുണ്ടായി. ആ ജോലിവേണ്ടെന്നുവക്കാതെ നൂല്പു തുടങ്ങുന്നതു് ഈ സഹോദരിമാർക്കു് ഒരു നേട്ടമാകുമോ എന്നു് എനിക്കറിഞ്ഞുകൂടാ. അവരുടെ മാനക്കേടു് ഒളിച്ചുവയ്ക്കുവാൻ അതിനെ ഉപയോഗപ്പെടുത്തിയെന്നുവരാം. എന്നാൽ ഉപജീവനമാർഗമായി നൂല്പു് സ്വീകരിക്കുവാൻ അവരോടു് ഉപദേശിച്ചുകൂടെന്നതും ശരിയാണു്. ഒന്നുരണ്ടുറുപ്പികവരെ, അതിലധികമില്ലെങ്കിൽ, ദിവസേന സമ്പാദിച്ച, ശീലിച്ചവരാണവർ. സാമാന്യം നല്ല പ്രതിഫലം കിട്ടുന്ന നെയ്ത്തോ തയ്യൽവേലയോ മററെന്തെങ്കിലും വിചിത്രപ്പണികളോ അവർക്കുവേണം. ഇതും പുരുഷന്മാർക്കു ശരിപ്പെടുത്താവുന്ന പണിയല്ല. സന്ദർഭത്തിനു തക്കവണ്ണം ഉയരേണ്ട ഭാരം സ്ത്രീകൾക്കു വിട്ടുകൊടുക്കണം, അസാമാന്യവിശുദ്ധിയും സ്വഭാവദാർഢ്യവുമുള്ള ഒരു സ്ത്രീ ഈ പതിതസഹോദരികളെ വീണ്ടെടുക്കുന്ന ജോലിയിൽ മുഴുകുന്നതുവരെ ഈ വ്യഭിചാരപ്രശ്നം പരിഹരിക്കപ്പെടുകയില്ല. തങ്ങളുടെ വിഷയസംതൃപ്തിക്കുവേണ്ടി യുവതികളെ സ്വയം വില്ക്കുവാൻ പ്രേരിപ്പിച്ച തന്നത്താൻ അധഃപതിക്കുന്ന പുരുഷന്മാരുടെ ഇടയിൽ പുരുഷനു പലതും ചെയ്യുവാൻ കഴിയുമെന്നതിനു സംശയമില്ല. വ്യഭിചാരം ലോകത്തോളം പഴക്കമുള്ളതാണെങ്കിലും അതു് ഇന്നത്തെപ്പോലെ എന്നെങ്കിലും പട്ടണജീവിതത്തിൻെറ ഒരവശ്യഘടകമായിത്തീർന്നിട്ടുണ്ടോ എന്നു ഞാൻ ആശ്ചര്യപ്പെടുന്നു. എങ്ങനെയായാലും, ഈ ശാപത്തിനെതിരെ മനുഷ്യൻ പൊരുതി വ്യഭിചാരത്തെ കാലപ്പഴക്കം ചെന്ന മററു പല ദുരാചാരങ്ങളെയും ഇല്ലാതാക്കിയതുപോലെ നാമാവശേഷമാക്കുന്ന ഒരു കാലം വരണം.

42. Young India, 28–5–1925 (Women and Social Injustice, p. 131)

*4. നിയമനിർമാണം*

## 43

വ്യഭിചാരം വളർന്നുവരുന്ന ഒരു കുററൻ ദുരാചാരമാണെന്ന് എനിക്കറിയാമായിരുന്നു. ദുരാചാരത്തിൽ സദാചാരം കാണാനും കലയുടെയോ മറെറന്തെങ്കിലും പിഴച്ച മനോവൃത്തിയുടേയോ വിശുദ്ധമായ പേരിൽ ദുരാചാരത്തെ പൊറുക്കുവാനുമുള്ള പ്രവണത ഈ ഹീനമായ സുഖഭോഗത്തിനു് കൃത്രിമമായ മാന്യതയുടെ ഉടുപ്പ് ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു; ഇതാണ് എങ്ങും കാണാവുന്ന സദാചാരവിരുദ്ധമായ ഈ മഹാരോഗത്തിനു കാരണം. എന്നാലും നിലവിലുണ്ടെന്നു് ഈ ലേഖകൻ പറഞ്ഞ ഭയങ്കര സ്ഥിതിവിശേഷം എന്റെ അറിവിൽ പെടാത്തതാണ്. ഈ തിന്മയെ അദ്ദേഹം പെരുപ്പിച്ചു കാണിച്ചിട്ടില്ല എന്നാണെന്റെ ഭയം. എന്തുകൊണ്ടെന്നാൽ എന്റെ പര്യടനകാലത്തു് ഇതിനനുകൂലമായ തെളിവു് പലേടത്തുനിന്നും എനിക്കു ലഭിക്കുകയുണ്ടായി. ഈശ്വരനിൽ അവിശ്വാസമോ വെറും യാന്ത്രികവിശ്വാസമോ ഉള്ളതും, അധികാരത്തിന്റെ കൊടുമുടിയിൽ എത്തിയെന്നു തോന്നിയ കാലത്തു് റോമിനു സംഭവിച്ച അധഃപതനത്തെ അനുസ്മരിപ്പിക്കുമാറു് സുഖസൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ഇക്കാലത്തു്, ഈ ദുരാചാരം വമ്പിച്ചതാകകൊണ്ട് ഒരു പരിഹാരമാർഗം നിർദേശിക്കുക എളുപ്പമല്ല. നിയമംകൊണ്ടു് ഇതു പരിഹരിക്കാനാവില്ല. ലണ്ടൻ ഈ ദുരാചാരംകൊണ്ടു് തിളച്ചുമറിയുകയാണ്. പാരീസ് ഈ ദുരാചാരത്തിനു് കുപ്രസിദ്ധമാണ്; അവിടെ അതൊരു മോടിയായിത്തീന്നിരിക്കുകയാണ്. നിയമംകൊണ്ടു തടയാൻ കഴിഞ്ഞിരുന്നെങ്കിൽ ഈ സുസംഘടിതങ്ങളായ രാഷ്ട്രങ്ങൾ അവയുടെ തലസ്ഥാനങ്ങളിലെ ഈ ദുരാചാരം നിർത്തിയേനെ. എന്നെപ്പോലുള്ള പരിഷ്കർത്താക്കൾ എത്രതന്നെ എഴുതിയാലും ഈ ദുർവൃത്തി ഗണ്യമായ വിധം കുറയുകയില്ല.

## 44

*ഈ ലേഖികയുടെ അഭിപ്രായത്തെ ഞാൻ ഹൃദയപൂർവം അനുകൂലിക്കുന്നു. ഉദ്ദിഷ്ടമായ നിയമനിർമാണം പൊതുജനാഭിപ്രായത്തിന്റെ മുമ്പിൽ കടന്നതാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രകടവും പ്രബുദ്ധവുമായ പൊതുജനാഭിപ്രായം മുഴുവൻ ഈ സമ്പ്രദായം ഏതെങ്കിലും രൂപത്തിൽ നിലനിർത്തുന്നതിനെതിരാണ്. അവിൻ

---

43. Young India, 9-7-1925 (Women and Social Injustice, p. 136)
44. Young India, 29-8-1925 (Women and Social Injustice, p. 143)

* പെൺകുട്ടികളെ ദേവദാസികളായി ഉഴിഞ്ഞിടുന്നതു് തടയുവാൻ താൻ അവതരിപ്പിക്കുന്ന ബില്ലിനെപ്പററി ഗാന്ധിജിയുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ഡോ. മുത്തുലക്ഷ്മിറെഡ്ഡി എഴുതിയ ഒരു കത്തിനു് മറുപടിയായി എഴുതിയതു്.

digitized by www .sreyas.in

വില്പന നിലനിർത്തണമെന്ന അവീൻ കച്ചവടക്കാരുടെ അഭിപ്രായം, പൊതുജനാഭിപ്രായം അവക്കെതിരാണെങ്കിൽ ശ്രദ്ധേയമല്ലാത്തതുപോലെ, ഈ ദുരാചാരക്കച്ചവടത്തിലെ കക്ഷികളുടെ അഭിപ്രായവും ശ്രദ്ധേയമല്ല. ഈ ദേവദാസിസമ്പ്രദായം അതിനെ അനുകൂലിക്കുന്നവർക്കൊരു കളങ്കമാണ്. പൊതുജനാഭിപ്രായം അലസമല്ലായിരുന്നെങ്കിൽ അതെന്നേ നശിച്ചുപോയെനെ. ഈ രാജ്യത്തിൽ എന്തോ കാരണത്താൽ പൊതുജനാഭിപ്രായം ഉറങ്ങിക്കിടക്കുകയാണ്. പല തെററിന്റെയും ഭയങ്കരത അതിനു് ഇടയ്ക്കൊക്കെ അനുഭവപ്പെടാറുണ്ട്, എന്നാലും അനന്തരമാറ് അതു് ഉദാസീനമോ നിർജീവമോ ആണു്. എങ്കിലും ഡോക്ടർ റെഡ്ഡിയെപ്പോലെ ചുണയുള്ള ആരെങ്കിലും എന്തെങ്കിലും ചെയ്യുകയാണെങ്കിൽ അതിനു് ഈ ഉദാസീനതയ്ക്കിടയ്ക്കും നൽകാൻ കഴിയുന്നിടത്തോളം പിന്തുണ നൽകാൻ പൊതുജനമനസ്സാക്ഷി ഒരുക്കമാണ്. അതിനാൽ, ഡോക്ടർ റെഡ്ഡിയുടെ അഭിപ്രായം ആകാലികമല്ലെന്നാണ് എന്റെ പക്ഷം. ഇത്തരം നിയമനിർമാണം ഇതിനുമുമ്പുതന്നെ ആകാമായിരുന്നു. എങ്ങനെയായാലും മതങ്ങളിലും പൊതുവെ സാമൂഹ്യജീവിതത്തിലും വിശുദ്ധി വേണമെന്നു വിചാരിക്കുന്നവരുടെയെല്ലാം ഹൃദയപൂർവമായ പിൻതുണ അവർക്കു ലഭിക്കുമെന്നു് ഞാൻ ആശിക്കുന്നു.

## 45

കോൺഗ്രസ്സ് മന്ത്രിസഭകളെക്കുറിച്ചുള്ള വമ്പിച്ച പ്രതീക്ഷകൾക്ക് ഒരു തെളിവുകൂടിയാണ് ഡോ. മുത്തുലക്ഷ്മിറെഡ്ഡി തരുന്നതു്. ഇത്തരം പ്രതീക്ഷകൾ സൃഷ്ടിക്കുവാൻ ജനങ്ങൾക്കു് അവകാശമുണ്ട്. കോൺഗ്രസ്സിന്റെ എതിരാളികൾകൂടി സമ്മതിച്ചിരിക്കുന്നു, അവർ വേണ്ടതുചെയ്യുന്നുണ്ടെന്നു്. തങ്ങളുടെ ഭരണം ഇന്ത്യൻചുററുപാടുകൾക്കു യോജിച്ചതാക്കിത്തീർക്കുവാൻവേണ്ടി ജനക്ഷേമകരങ്ങളായ നടപടികൾ കൈക്കൊള്ളുന്നതിൽ കോൺഗ്രസ്സ് മന്ത്രിസഭകൾ പരസ്പരം മത്സരിക്കുകയാണ്. ദേവദാസികളെ നാണംകെട്ട ജീവിതത്തിനു് ഉഴിഞ്ഞിടുന്ന ദുരാചാരം നിർത്തുവാൻ വേണ്ടിയുള്ള തന്റെ ബിൽ പാസ്സാക്കണമെന്നു ഡോ. മുത്തുലക്ഷ്മി റെഡ്ഡി മദിരാശി മന്ത്രിസഭയോടു് അഭ്യർത്ഥിച്ചിരിക്കുന്നു. ആ ബിൽ ഞാൻ വായിച്ചുനോക്കിയിട്ടില്ല, എങ്കിലും അതിന്റെ പിന്നിലുള്ള ആശയം അത്രയേറെ നല്ലതാകകൊണ്ട്, ഇനിയും അതു ദക്ഷിണസംസ്ഥാനത്തിലെ നിയമമായി കഴിഞ്ഞിട്ടില്ലെന്നതു് ഒരാശ്ചര്യമാണ്. മദ്യനിരോധംപോലെ അത്ര അടിയന്തരമാണ് ഈ പരിഷ്കാരമെന്നു ഡോ. മുത്തുലക്ഷ്മിയുടെ അഭിപ്രായത്തോടു ഞാൻ പൂർണമായി യോജിക്കുന്നു. ഇപ്പോഴത്തെ മുഖ്യമന്ത്രി ഈ

45. Harijan, 25-9-1937 (Women and Social Injustice, p. 146)

digitized by www .sreyas.in

ദുരാചാരത്തിനെതിരെ വളരെക്കൊല്ലംമുമ്പ് പ്രസംഗിച്ചിട്ടുണ്ടെന്ന സംഗതി അവർ അനുസ്മരിക്കുന്നു. നിയമംകൊണ്ട് അതിനെ നേരിടുവാൻ അധികാരമുള്ള ഇന്ന് അദ്ദേഹത്തിന്റെ ഔത്സുക്യം കുറഞ്ഞിട്ടില്ലെന്ന് എനിക്കറിയാം. അധികം മാസങ്ങൾ കഴിയുന്നതിനുമുമ്പ് ദേവദാസിസമ്പ്രദായത്തിനു നിയമത്തിന്റെ പിൻബലമില്ലാതായിത്തീരുമെന്ന് അവരോടൊപ്പം ഞാനും ആശിക്കുന്നു.

## ജെ. ലൈംഗികവൈകൃതങ്ങൾ

### 46

ഏതാനും കൊല്ലംമുമ്പ് ബീഹാർഗവർമെന്റിലെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് അതിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ പ്രകൃതിവിരുദ്ധ ദുർനടപടികളെപ്പററി ഒരന്വേഷണം നടത്തുകയുണ്ടായി. അദ്ധ്യാപകരുടെ ഇടയിൽപോലും ഈ ദുരാചാരമുണ്ടെന്ന് ആ അന്വേഷണക്കമ്മിററി കണ്ടെത്തി. അദ്ധ്യാപകർ കുട്ടികളുടെ ഇടയിൽ തങ്ങൾക്കുള്ള സ്ഥാനത്തെ തങ്ങളുടെ പ്രകൃതിവിരുദ്ധമായ കാമസംതൃപ്തിക്ക് ഉപയോഗപ്പെടുത്തുകയായിരുന്നു. ഏതെങ്കിലും അദ്ധ്യാപകന് ഈ ദുർനടപടിയുണ്ടെന്നു കണ്ടാൽ ഡിപ്പാർട്ടുമെന്റു മുഖേന നടപടികളെടുക്കണമെന്നാവശ്യപ്പെടുന്ന ഒരു സർക്കുലർ വിദ്യാഭ്യാസ ഡയറക്ടർ അയച്ചിരുന്നു. ഈ സർക്കുലറിനു വല്ല ഫലവുമുണ്ടായെങ്കിൽ അതെന്താണെന്ന് അറിയുന്നതു് രസാവഹമായിരിക്കും.

ഇത്തരം ദുർന്നടപടികളിലേക്ക് എന്റെ ശ്രദ്ധ ക്ഷണിക്കുന്നതും, ഇന്ത്യയിൽ സർവത്ര സ്വകാര്യവിദ്യാലയങ്ങളിലെന്നപോലെ പൊതുവിദ്യാലയങ്ങളിലും ഈ ദുരാചാരം വർദ്ധിച്ചുവരികയാണെന്നു കാണിക്കുന്നതുമായ രേഖകൾ മററു സംസ്ഥാനങ്ങളിൽനിന്നും എനിക്കയച്ചുകിട്ടിയിട്ടുണ്ട്, ആൺകുട്ടികളിൽനിന്ന് എനിക്കു കിട്ടിയ എഴുത്തുകളും ഈ വിവരങ്ങളെ സ്ഥിരീകരിക്കുന്നു.

ഈ ദുർനടപടി പ്രകൃതിവിരുദ്ധമാണെങ്കിലും, അനാദികാലം മുതൽ നിലനിന്നുപോരുന്നതാണ്. സ്വകാര്യദുർവൃത്തികൾക്കുള്ള പരിഹാരമാർഗം കണ്ടുപിടിക്കുക വളരെ പ്രയാസമാണ്. കുട്ടികളുടെ രക്ഷിതാക്കളായ ടീച്ചർമാരെ ബാധിക്കുമ്പോൾ ഇതു കൂടുതൽ പ്രയാസമായിത്തീരുന്നു. 'ഉപ്പിനുതന്നെ അതിന്റെ രസമില്ലാതായാൽ പിന്നെ എന്തുകൊണ്ടാണ് അതിനെ ഉപ്പാക്കാൻ കഴിയുക?' എന്റെ അഭിപ്രായത്തിൽ ഡിപ്പാർട്ടുമെന്റു നടപടികൾ കുററം തെളിഞ്ഞ സംഗതികളിൽ ആവശ്യമാണെങ്കിലും അവ പോരാ ഈ ദോഷപ

46. Young India, 27–6–1929 (Self-restraint V. Self-indulgence, pp. 130–131)

digitized by www .sreyas.in

രിഹാരത്തിനു പൊതുജനാഭിപ്രായം ശരിയായാലേ ഈ ദുർവൃത്തി ശമിക്കൂ. എന്നാൽ ഈ രാജ്യത്തിൽ മിക്ക സംഗതികളിലും സുശക്തമായ പൊതുജനാഭിപ്രായമെന്നൊന്നില്ല. രാഷ്ട്രീയജീവിതത്തിൽ വ്യാപിച്ച നിസ്സഹായതാബോധം മററെല്ലാരംഗങ്ങളെയും ബാധിച്ചിരിക്കുന്നു. അതിനാൽ നമ്മുടെ മുമ്പിൽവച്ചു ചെയ്യുന്ന പല അപരാധങ്ങളും നാം കണ്ടില്ലെന്നു നടിക്കുകയാണ്.

ഭാഷാപാണ്ഡിത്യത്തിനുമാത്രം പ്രാധാന്യം നൽകുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായം ഈ ദുരാചാരത്തെ തടയുവാൻ പററിയതല്ലെന്നു മാത്രമല്ല, അതിനെ വളർത്തുവാൻ പര്യാപ്തമാവുകകൂടി ചെയ്യുന്നു. സ്കൂളിലേക്കു പോകുന്നതിനുമുമ്പു മലിനരല്ലാതിരുന്ന കുട്ടികൾ പഠിപ്പുകാലം കഴിയുമ്പോഴേക്കും മലിനരും ആണത്തംകെട്ടവരും വികലമതികളുമായിത്തീർന്നതായി കണ്ടിട്ടുണ്ട്. 'കുട്ടികളുടെ മനസ്സിൽ മതഭക്തി ചെലുത്തണ'മെന്നു ബീഹാർ കമ്മിററി ശുപാർശചെയ്തിട്ടുണ്ട്. പക്ഷേ പൂച്ചയ്ക്കു മണികെട്ടാനാരുണ്ട്? മതഭക്തി പഠിപ്പിക്കുവാൻ അദ്ധ്യാപകർക്കേ കഴിയൂ. പക്ഷേ അവർക്കു തന്നെ അതില്ല. അപ്പോൾ ഇതു് അദ്ധ്യാപകരെ വേണ്ടതുപോലെ തിരഞ്ഞെടുക്കുന്നതിന്റെ കാര്യമാണ്. പക്ഷേ അദ്ധ്യാപകരുടെ വേണ്ടതുപോലുള്ള തിരഞ്ഞെടുപ്പ് എന്നുവച്ചാൽ, ഇന്നു കൊടുക്കുന്നതിനേക്കാൾ അധികം ശമ്പളം കൊടുക്കുകയെന്നോ, ഒരു ഉദ്യോഗമെന്ന നിലയ്ക്കല്ലാതെ ഒരു പരിപാവനധർമത്തിനായി ജീവകാലം മുഴുവൻ സമർപ്പിക്കുകയെന്ന പണ്ടത്തെ സമ്പ്രദായത്തിലേക്കു മടങ്ങിപ്പോവുക എന്നോ ആണ് അർത്ഥം. റോമൻകത്തോലിക്കരുടെ ഇടയിൽ ഇന്നും ഇതു നടപ്പുണ്ട്. നമ്മുടേതുപോലുള്ള ഒരു ദരിദ്രരാജ്യത്തിൽ ആദ്യം പറഞ്ഞതു് സാധ്യമല്ല. രണ്ടാമത്തേതുമാത്രമാണ് പോംവഴി എന്നെനിക്കു തോന്നുന്നു. എന്നാൽ എന്തിനും പ്രതിഫലം കൊടുക്കുന്നതും ലോകത്തിൽവച്ച് ഏററവും ചെലവുകൂടിയതുമായ ഒരു ഭരണസമ്പ്രദായത്തിൻകീഴിൽ ആ വഴി അടഞ്ഞുകിടക്കുകയാണ്.

കുട്ടികളുടെ സദാചാരങ്ങളിൽ മാതാപിതാക്കൾ സാമാന്യമായി യാതൊരു താൽപര്യവും കാണിക്കാത്തതുകൊണ്ട്, ഈ തിന്മ പരിഹരിക്കാനുള്ള പ്രയാസം വർദ്ധിച്ചിരിക്കുകയാണ്. കുട്ടികളെ സ്കൂളിലേക്ക് അയച്ചതുകൊണ്ട് അവരുടെ കടമ അവസാനിക്കുന്നില്ല. നമ്മുടെ ഭാവി ഇരുളടഞ്ഞതുതന്നെയാണ്. പക്ഷേ, എല്ലാ ദുഷ്കർമത്തിനും ഒരൊററ പ്രതിവിധിയേയുള്ളവെന്ന വസ്തുതയിൽ ആശയ്ക്കു വഴിയുണ്ട്—ആ ഒററവഴി പരക്കെയുള്ള ശുദ്ധീകരണമാണ്. ഈ ദുർവൃത്തിയുടെ ആധിക്യംകൊണ്ടു ചകിതരായിത്തീരാതെ നമ്മളിൽ ഓരോരുത്തനും ഏററവും അടുത്ത ചുററുപാടുകളിൽ അത്യന്തം ശ്രദ്ധിച്ച്—ആദ്യം തന്നത്താൻ ശുദ്ധീകരിക്കാൻ മനസ്സിരുത്തി—നമ്മെക്കൊണ്ടു കഴിയുന്നതെല്ലാം ചെയ്യണം. നാം മററുള്ള

digitized by www .sreyas.in

വരെപ്പോലെയല്ലെന്നു വിചാരിച്ചു സമാശ്വസിക്കരുതു്. പ്രകൃതിവിരുദ്ധമായ ദുരാചാരം ഒററപ്പെട്ടുനില്ക്കുന്ന ഒന്നല്ല. ഒരേ രോഗത്തിന്റെ ഒരു ഉഗ്രചിഹ്നം മാത്രമാണതു്. നമ്മളിൽ അശുദ്ധിയുണ്ടെങ്കിൽ, ലൈംഗികകാര്യങ്ങളിൽ നാം ധർമഭ്രഷ്ടരാണെങ്കിൽ, അയൽവാസികളെ നേരെയാക്കാൻ വിചാരിക്കുന്നതിനുമുമ്പു നാം നമ്മെത്തന്നെ നേരെയാക്കണം. മററുള്ളവരെപ്പററി വളരെയധികം വിധിപറയലും, സ്വന്തം കാര്യത്തിൽ വളരെയധികം മതികാണിക്കലും ആണു് സാധാരണ കാണുന്നതു്. ഒരു ദുഷ്ടവൃത്തമാണു് ഇതിന്റെ ഫലം. ഇതിന്റെ പരമാർത്ഥം അറിയാവുന്നവർ ഇതിൽനിന്നു പുറത്തുകടക്കണം; എന്നാൽ പുരോഗതി ഒരിക്കലും സുഗമമല്ലെങ്കിലും ഒരുവിധം സാധ്യമെങ്കിലും ആണെന്നു കാണാം.

## 47

ലാഹോറിലെ സനാതനധർമകോളേജിന്റെ പ്രിൻസിപ്പാൾ എഴുതുന്നു: 'ഇതോടൊന്നിച്ചയയ്ക്കുന്ന വർത്തമാനപ്പത്രശകലവും നോട്ടീസും മററും വായിച്ചുനോക്കുവാൻ അപേക്ഷ. സംഗതികൾ അവയിൽനിന്നു വ്യക്തമാകുന്നതാണു്. യുവജനക്ഷേമസംഘം ഇവിടെ പഞ്ചാബിൽ വളരെ ഉപയോഗപ്രദമായ ജോലി ചെയ്യുന്നുണ്ടു്. വിദ്യാഭ്യാസാധികൃതന്മാരുടെയും ഭരണാധികൃതന്മാരുടെയും ശ്രദ്ധയെ അതു് ആകർഷിച്ചിരിക്കുന്നു. കുട്ടികളുടെ പ്രബുദ്ധരായ രക്ഷിതാക്കന്മാരുടെ സജീവ താൽപര്യവും അതിനു ലഭിച്ചിരിക്കുന്നു. ബീഹാറിലെ പണ്ഡിതസീതാറാംദാസാണു് ഈ പ്രസ്ഥാനത്തിന്റെ നായകൻ; ഇവിടത്തെ പല പ്രധാനരും അതിന്റെ രക്ഷാധികാരികളാണു്.

യുവജനവശീകരണം എന്ന ദുരാചാരം പഞ്ചാബിലും വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനങ്ങളിലും ഇന്ത്യയിലെ മററു ഭാഗങ്ങളിലുള്ളതിനെക്കാൾ അധികമാണെന്നതിനു സംശയമില്ല.

ഹരിജനിലോ മറേറതെങ്കിലും പത്രത്തിലോ ഒരു കുറിപ്പോ എഴുത്തോ മുഖേന ഈ പുഴക്കുത്തിലേക്കു രാജ്യത്തിന്റെ ശ്രദ്ധ താങ്കൾ ക്ഷണിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളട്ടെയോ?'

ഇതേ വിഷമംപിടിച്ച ഈ വിഷയത്തെക്കുറിച്ചു യൂത്തുലീഗിന്റെ സെക്രട്ടറി കുറെ മുമ്പു് എനിക്കെഴുതിയിരുന്നു. അദ്ദേഹത്തിന്റെ എഴുത്തുകിട്ടിയപ്പോൾ ഡോക്ടർ ഗോപിചന്ദുമായി ഞാൻ കത്തിടപാടു നടത്തി. ലീഗ് സെക്രട്ടറിയുടെ എഴുത്തിൽ പറഞ്ഞ കാര്യങ്ങളെ അദ്ദേഹം സ്ഥിരീകരിച്ചിരിക്കുന്നു. എങ്കിലും ഈ പ്രശ്നത്തെക്കുറിച്ചു് ഈ പംക്തികളിലോ മറെറവിടെയെങ്കി

47. Harijan, 27-4-1935 (Self-restraint V. Self-indulgence, pp, 132-133.

ലുമോ ചർച്ച ചെയ്യാനുള്ള വഴി ഞാൻ തെളിഞ്ഞുകണ്ടില്ല. ഈ ദുർവൃത്തിയെപ്പററി എനിക്കറിയാമായിരുന്നു; എങ്കിലും പത്രങ്ങളിൽ ചർച്ച ചെയ്യുതുകൊണ്ടു് എന്തെങ്കിലും ഗുണമുണ്ടാകുമെന്നു തോന്നിയില്ല. എന്നാൽ ഈ കോളജ്പ്രിൻസിപ്പാളിൻെറ അപേക്ഷ നാം നിരസിച്ചുകൂടാ.

ഈ ദുർവൃത്തി പുത്തനല്ല. അതു പരക്കെയുള്ളതാണ്. സ്വകാര്യമാക്കിവയ്ക്കപ്പെടുന്നതുകൊണ്ടു്, എളുപ്പത്തിൽ അതു കണ്ടുപിടിക്കുക സാധ്യമല്ല. സുഖലോലുപരുടെ ജീവിതത്തിൽ പെട്ടതാണതു്. പ്രിൻസിപ്പാൾ ചൂണ്ടിക്കാണിച്ച സംഗതിയിൽ ശിഷ്യരെ ചീത്തയാക്കുന്നതു ടീച്ചർമാരാണെന്നു പറയപ്പെടുന്നു. 'ഉപ്പിനു തന്നെ അതിൻെറ രസമില്ലാതായിത്തീർന്നാൽ പിന്നെയെന്തുകൊണ്ടാണു് അതിനെ ഉപ്പാക്കാൻ കഴിയുക?'

ഒരു കമ്മീഷനോ ഗവർമെൻറിനോ ശരിപ്പെടുത്താവുന്ന കാര്യമല്ലിതു്. സദാചാരപരിഷ്കർത്താവിൻെറ പണിയാണിതു്. മാതാപിതാക്കളെ അവരുടെ ചുമതലയെക്കുറിച്ചു പ്രബുദ്ധരാക്കണം. സംശുദ്ധജീവിതവുമായി വിദ്യാർത്ഥികൾക്കു് ഉററബന്ധമുണ്ടാക്കണം. നീതിയും സംശുദ്ധജീവിതവും യഥാർത്ഥവിദ്യാഭ്യാസത്തിൻെറ അടിത്തറയാണെന്നു് എല്ലാവരെയും സഗൗരവം ധരിപ്പിക്കണം. അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിൽ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ട്രസ്റ്റിമാർ പരമാവധി ശ്രദ്ധിക്കണം. അങ്ങനെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ, അവർ ഉചിതമായിത്തന്നെ പെരുമാറുന്നില്ലേ എന്നു നോക്കുകയും വേണം. ഈ ഘോരദുരാചാരത്തെ ഒതുക്കിനിർത്താനുള്ള—ഉന്മൂലനം ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും—ചില വഴികളാണു് ഇതെല്ലാം.

## 48

ലാഹോറിലെ സനാതനധർമകോളേജിൻെറ പ്രിൻസിപ്പാൾ അയച്ചുതന്ന ഈ എഴുത്തു് ഞാൻ സസന്തോഷം പ്രസിദ്ധീകരിക്കുന്നു.

'കുട്ടികളോടു ചെയ്യുന്ന പ്രകൃതിവിരുദ്ധമായ കുററങ്ങൾ സംബന്ധിച്ചുള്ള കടുംകൈകളുടെ ഉഗ്രതയിലേക്കു സഗൗരവം ഞാൻ അങ്ങയുടെ ശ്രദ്ധ ആകർഷിച്ചുകൊള്ളുന്നു.

അങ്ങേക്കറിയാവുന്നതുപോലെ ഈ കേസുകളിൽ നന്ന കുറച്ചേ പോലീസിൽ അറിയിക്കുകയോ, കോടതിയിൽ എത്തിക്കുകയോ പതിവുള്ളൂ. ഈയിടെ പഞ്ചാബിൽ ഇത്തരം കേസുകളുടെ ഒരു തേർവാഴ്ചതന്നെ ഉണ്ടായതായിത്തോന്നുന്നു. കോടതിയിൽ എത്തുന്ന വളരെ കുറച്ചു കേസുകളിൽവച്ചു് ഏററവും നീചമായ ഒന്നിൻെറ വിവരങ്ങൾ റിപ്പോർട്ടുചെയ്തിട്ടുള്ള ഇതോടൊന്നിച്ചയയ്ക്കുന്ന

48. Harijan, 19-10-1935 (Self-restraint V. Self-indulgence, pp, 133-134)

digitized by www .sreyas.in

വൃത്താന്തപത്രശകലം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സംഭവിക്കുന്ന ഈ കെടുതിയുടെ വൈപുല്യം അങ്ങേയറ്റു തികച്ചും വ്യക്തമാക്കിത്തരും. ഏതാനും മാസംമുമ്പ് ലാഹോറിൽ പട്ടാപ്പകൽ ചില സ്കൂളുകളുടെ പടിക്കൽവച്ചുതന്നെ ആൺകുട്ടികളെ തട്ടിക്കൊണ്ടുപോകാനുള്ള സാഹസിക ശ്രമങ്ങൾ നടക്കുകയുണ്ടായി. ഇപ്പോഴും അവർക്കു സ്കൂളിലേക്കു പോകുമ്പോഴും സ്കൂളിൽനിന്നു മടങ്ങുമ്പോഴും പ്രത്യേക കാവൽ വേണം. വിചാരണ ചെയ്ത കേസുകളുടെ റിപ്പോർട്ടുകളിൽ കാണുന്ന അക്രമങ്ങളുടെ പരിതഃസ്ഥിതികൾ അസാധാരണവും പൈശാചികവുമായ ക്രൂരതയും സാഹസവും ഉൾക്കൊണ്ടവയാണ്.

ഈ കുററങ്ങൾ ഇല്ലാതാക്കാൻ സംഘടിതശ്രമം നടത്തുന്ന കാര്യത്തിൽ പൊതുജനങ്ങളുടെ മനോഭാവം മൊത്തത്തിൽ അശ്രദ്ധയും നിസ്സഹായതയും ആത്മവിശ്വാസക്കുറവും നിറഞ്ഞതാണ്.

പൊതുജനങ്ങളുടെയും ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെയും അശ്രദ്ധനിമിത്തം ഗവർമെൻറിനു് എത്രമാത്രം നിസ്സഹായത തോന്നുന്നുണ്ടെന്നു് ഇതോടൊന്നിച്ചയയ്ക്കുന്ന ഒരു ഗവർമെൻറു് സർക്കുലറിൻെറ പകർപ്പു് വ്യക്തമാക്കും.

ഇത്തരം ലൈംഗികാപരാധങ്ങളെക്കുറിച്ചു പരസ്യമായി ചർച്ച നടത്തുവാൻ കാലമായിരിക്കുന്നുവെന്നും, രാജ്യത്തിൽ സർവത്ര പൊതുജനാഭിപ്രായം ഉയർത്തിവിട്ടാലേ ഈ ദുർവൃത്തി പരിഹരിക്കാൻ പററുകയുള്ളുവെന്നും 1926 സെപ്റ്റംബർ 9–ാം തീയതിയിലെയും 1929 ജൂൺ 27–ാം തീയതിയിലെയും 'യങ് ഇന്ത്യ'യിൽ അങ്ങു ശരിയായി അഭിപ്രായപ്പെടുകയുണ്ടായി. പൊതുജനാഭിപ്രായത്തെ ഉയർത്തിവിടാനുള്ള സഫലമായ ഏകമാർഗം പത്രങ്ങൾ മുഖേന ഈ വിവരങ്ങൾ പ്രസിദ്ധീകരിക്കുകതന്നെയാണ്,

ഭയങ്കരമായ ഈ സ്ഥിതിയെ നേരിടുവാൻ ഏററവും ചുരുങ്ങിയതു് ഇതെങ്കിലും ചെയ്യണമെന്നു ഞാൻ സബഹുമാനം അഭിപ്രായപ്പെടുന്നു; ഈ ഭയങ്കരതയ്ക്കുനേരെ തീവ്രമായ ഒരു സമരം പത്രങ്ങളിലൂടെ നടത്തുവാൻവേണ്ടി അങ്ങയുടെ സുശക്തമായ ശബ്ദം ഉയർത്തി നേതൃത്വം നൽകുവാൻ ഞാൻ അങ്ങയോടു് അഭ്യർത്ഥിക്കുന്നു.''

ഈ ദുരാചാരത്തിനുനേരെ നിർദയമായ സമരം നടത്തണമെന്നതിൽ സംശയമില്ല. ഈ എഴുത്തിൻെറകൂടെ അയച്ചുതന്ന ദാരുണങ്ങളായ റിപ്പോർട്ടുകൾ ഞാൻ വായിച്ചു. പ്രിൻസിപ്പാൾ പരാമർശിക്കുന്ന എൻെറ ലേഖനങ്ങളിൽ ഞാൻ പ്രതിപാദിച്ച സംഗതികളിൽനിന്നു വ്യത്യസ്തമായ തരത്തിൽ പെട്ടവയാണു് ഇവ. അദ്ധ്യാപകരുടെ വശീകരണത്തെക്കുറിച്ചുമാത്രമാണു് അവയിൽ പറഞ്ഞിരുന്നതു്. ഇളംപ്രായത്തിലുള്ള ആൺകുട്ടികളുടെമേൽ ഗുണ്ടകൾ പ്രകൃതിവിരുദ്ധമായ അക്രമങ്ങൾ നടത്തുകയും പിന്നീടു് അവരെ

digitized by www .sreyas.in

വധിക്കുകയും ചെയ്തതിന്റെ വിവരങ്ങളാണ് ഇപ്പോൾ കിട്ടിയ റിപ്പോർട്ടുകളിൽ മിക്കവാറും. പിന്നാലെ കൊലപാതകംകൂടിയുള്ള പ്രകൃതിവിരുദ്ധമായ അക്രമങ്ങൾ കൂടുതൽ ഭയാനകങ്ങളായി തോന്നാമെങ്കിലും, ആൺകുട്ടികൾ അദ്ധ്യാപകരുടെ എതിർപ്പില്ലാത്ത ഇരകളായിത്തീരുന്ന സംഗതികളെ അപേക്ഷിച്ച് ഇവയാണ കൂടുതൽ എളുപ്പത്തിൽ പരിഹരിക്കപ്പെടാവുന്നവ. പരിഷ്കർത്താവിന്റെ ജാഗരൂകതയും ഈ കുററം ചെയ്യുന്നതിനെതിനെ പൊതുജനാഭിപ്രായത്തെ ഉണർത്തലും രണ്ടിനും വേണം. വർഗവിശ്വാസ വ്യത്യാസങ്ങൾ നോക്കാതെ ഒരുമിച്ചുചേരേണ്ടതും വശീകരിക്കുന്നവരോ ബലാൽക്കാരത്തിനു മുതിരുന്നവരോ കൊലപാതകം നടത്തുന്നവരോ ആയ കുററവാളികളിൽനിന്ന് പഞ്ചാബിലെ യുവജനങ്ങളെ രക്ഷിക്കുവാൻ മാർഗങ്ങൾ കണ്ടുപിടിക്കേണ്ടതും ഈ കുററങ്ങൾ വർധിച്ചുവരുന്നതായിത്തോന്നുന്ന പഞ്ചാബിലെ നേതാക്കന്മാരുടെ കടമയാണ്. കുററവാളികളെ അധിക്ഷേപിക്കുന്ന പ്രമേയങ്ങൾ പാസ്സാക്കിയതുകൊണ്ട് പ്രയോജനമൊന്നുമില്ല. എല്ലാ കുററങ്ങളും പലതരം രോഗങ്ങളാണ്; ആ നിലയ്ക്ക് അവയ്ക്കുവേണ്ട ചികിത്സ പരിഷ്കർത്താക്കൾ ചെയ്യണം. ഇവ പൊതുജനങ്ങളോട് ചെയ്യുന്ന കുററങ്ങളാണെന്നു കരുതേണ്ട ചുമതല പോലീസ് തൽക്കാലം നിർത്തിവയ്ക്കണമെന്ന് ഇതിനർത്ഥമില്ല. പക്ഷേ, പോലീസ് നടപടികൾ ഈ സാമൂഹ്യാസ്വാസ്ഥ്യങ്ങളുടെ കാരണങ്ങൾ ഇല്ലാതാക്കാൻ ഉദ്ദേശിക്കപ്പെട്ടവയല്ല. ആ പണി പരിഷ്കർത്താവിന്റെ അവകാശമാണ്. വർത്തമാനപ്പത്രങ്ങളിൽ എന്തൊക്കെത്തന്നെ എഴുതിയാലും വേണ്ടതില്ല. സമുദായത്തിലെ ധാർമികനിലവാരം ഉയർത്തപ്പെടാതിരുന്നാൽ ഈ ദുർവൃത്തരുടെ സദാചാരബോധം മുരടിച്ചിരിക്കുന്നുവെന്നതുകൊണ്ടും അവർ വർത്തമാനപ്പത്രങ്ങൾ—വിശേഷിച്ചും ഇത്തരം ദുഷ്കർമങ്ങൾക്കെതിരായ തീക്ഷ്ണാഭ്യർത്ഥനകൾ—വായിക്കാറില്ലെന്നതുകൊണ്ടും ഇത്തരം കുററങ്ങൾ വളരുകയേയുള്ളൂ. അതിനാൽ സനാതനധർമകോളജിന്റെ പ്രിൻസിപ്പാളിനെപ്പോലെ ഉത്സാഹികളായ പരിഷ്കർത്താക്കൾ—അദ്ദേഹം അങ്ങനെയാണെങ്കിൽ—മററു പരിഷ്കർത്താക്കളുടെ കൂട്ടുപിടിച്ച് ഈ ദുരാചാരം തടയാൻ വേണ്ടതു ചെയ്യുകയെന്നതുമാത്രമാണ് എനിക്കാലോചിക്കാൻ കഴിയുന്ന സഫലമായ ഏക പരിഹാര മാർഗം.

digitized by www .sreyas.in

## കെ. സ്ത്രീകളെ അലട്ടൽ

*1. ദൃഷ്ടാന്തങ്ങൾ*

49

പഞ്ചാബിലെ ഒരു കോളേജ് വിദ്യാർത്ഥിനിയിൽനിന്നു കിട്ടിയ ഏററവും ദയനീയമായ ഒരെഴുത്ത് രണ്ടുമാസമായി എന്റെ ഫയലിൽ കിടപ്പുണ്ട്. ആ പെൺകുട്ടിയുടെ ചോദ്യത്തിനു മറുപടി പറയുന്ന ജോലിയിൽനിന്ന് ഒഴിഞ്ഞുമാറിയതിനു സമയദൗർലഭ്യം ഒരൊഴികഴിവു മാത്രമാണ്. ഉത്തരം എനിക്കറിയാമായിരുന്നുവെങ്കിലും ആ ജോലി എന്തുകൊണ്ടോ ഞാൻ ഒഴിച്ചുവിടുകയായിരുന്നു. ഇങ്ങനെയിരിക്കെ അനുഭവസമ്പന്നയായ ഒരു സഹോദരിയുടെ മറെറാരെഴുത്തു കിട്ടി. അപ്പോൾ ആ കോളേജ്ബാലികയുടെ ശല്യം യഥാർത്ഥമായ ബുദ്ധിമുട്ടിനെക്കുറിച്ച് എന്തെങ്കിലും ചെയ്യുന്ന കാര്യത്തിൽനിന്ന് പിന്നെയും ഒഴിഞ്ഞുമാറിക്കൂടെന്ന് എനിക്കു തോന്നി. ശുദ്ധമായ ഹിന്ദുസ്ഥാനിയിൽ എഴുതപ്പെട്ടതാണ് അവളുടെ എഴുത്ത്. അവളുടെ ഉള്ളിൽ തട്ടിയ വികാരത്തിന്റെ പൂർണമായ ഒരു രൂപം എനിക്കു നൽകുന്ന ആ എഴുത്തിനോടു ഞാൻ എന്നെക്കൊണ്ടാവുന്നിടത്തോളം നീതി ചെയ്യണം. അതിലെ ഒരു ഭാഗത്തിന് ഞാൻ തയ്യാറാക്കിയ വിവർത്തനം ചുവടെ ചേർക്കുന്നു:

'പെൺകുട്ടികൾക്കും മുതിർന്ന സ്ത്രീകൾക്കും മറിച്ച് എത്രതന്നെ വിചാരമുണ്ടെങ്കിലും, ഒരേ നഗരത്തിന്റെ തന്നെ പല ഭാഗത്തേക്കുമായോ, ഒരു പട്ടണത്തിൽനിന്നു മറെറാന്നിലേക്കായോ, പുറത്തിറങ്ങി സഞ്ചരിക്കേണ്ടിവരുന്ന ഒരു കാലം വരുന്നു. അവരെ ഇങ്ങനെ ഒററയ്ക്കു കാണുമ്പോൾ ദുഷ്ടവിചാരമുള്ളവർ അവരെ ശല്യപ്പെടുത്തുന്നു, അടുത്തുകൂടെ കടന്നുപോകുമ്പോൾ അവർ അനുചിതങ്ങളായ അസഭ്യങ്ങൾപോലുമായ വാക്കുകൾ പറയുന്നു. ഭയം അവരെ തടയുന്നില്ലെങ്കിൽ, കൂടുതൽ സ്വാതന്ത്ര്യം പ്രയോഗിക്കുവാനും അവർ മടിക്കുന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ അഹിംസയ്ക്ക് എന്തുചെയ്യാൻ കഴിയുമെന്ന് എനിക്ക് അറിഞ്ഞാൽകൊള്ളാമെന്നുണ്ട്. ഹിംസ പ്രയോഗിക്കാമെന്നതു ശരിതന്നെ. ആ പെൺകുട്ടിക്കോ സ്ത്രീക്കോ വേണ്ടത്ര ധൈര്യമുണ്ടെങ്കിൽ, തന്റെ കഴിവുകൾ ഉപയോഗിച്ച് അവൾ തെമ്മാടികളെ ഒരു പാഠം പഠിപ്പിക്കും. ചുററുപാടുമുള്ളവരുടെ ശ്രദ്ധയാകർഷിക്കുവാൻ അവർക്കു ബഹളം കൂട്ടുകയെങ്കിലും ചെയ്യാം; എന്നാൽ തെമ്മാടികൾക്കു നല്ല പെട കിട്ടും. പക്ഷേ, ഇത്തരം പെരുമാററം മറെറാരവസരത്തിലേക്കു യാതന നീട്ടിവെക്കുന്നതിലേ പരിണമിക്കൂ എന്ന് എനിക്കറിയാം; ശാശ്വതപരിഹാരമാവുകയില്ല. ചീത്തത്തം കാട്ടുന്നതു നമ്മുടെ അറി

49. Harijan, 31-12-1938 (Women and Social Injustice, pp. 66-69)

digitized by www .sreyas.in

വിൽപ്പെട്ടവരാണെങ്കിൽ, അവർ ന്യായം പറഞ്ഞാൽ കേൾക്കമെന്നു്, സ്നേഹത്തിനും വിനയത്തിനും വഴങ്ങുമെന്നു് എനിക്കുറപ്പുണ്ടു്. എന്നാൽ ഒന്നിച്ചു് ആണുങ്ങളില്ലാതെ പോകുന്ന ബാലികയുടേയോ സ്ത്രീയുടേയോ അടുത്തുകൂടി അസഭ്യവാക്കുകൾ പുലമ്പിക്കൊണ്ടു സൈക്കിളിന്മേൽ പോകുന്നവനെ എന്തുചെയ്യും? അവനോടു ന്യായവാദം ചെയ്യാൻ അവസരം കിട്ടുന്നില്ല. നാം പിന്നീടു് അവനെ കണ്ടുവെന്നും വരില്ല. കണ്ടാൽ തിരിച്ചറിഞ്ഞെന്നും വരില്ല, അയാളുടെ മേൽവിലാസം അറിഞ്ഞുകൂടാ. ഇത്തരം സംഗതികളിൽ ബാലികയോ സ്ത്രീയോ എന്താണു ചെയ്യേണ്ടതു്? ഉദാഹരണത്തിനു കഴിഞ്ഞ ഒക്ടോബർ 26—ാം തീയതി ഉണ്ടായ എന്റെ ഒരനുഭവം പറയാം. വൈകുന്നേരം 7.30-നു് ഞാൻ മറ്റൊരു പെൺകുട്ടിയോടുകൂടി ഒരടിയന്തരാവശ്യത്തിനു പോവുകയായിരുന്നു. അപ്പോൾ സഹായത്തിനു് ഒരു പുരുഷനെ കിട്ടിയില്ല. കാര്യം മാററിവയ്ക്കാൻ നിവൃത്തിയുണ്ടായിരുന്നുമില്ല. വഴിക്കു സൈക്കിളിന്മേൽപോകുന്ന ഒരു ചെറുപ്പക്കാരൻ ഞങ്ങൾ പറഞ്ഞാൽ കേൾക്കുന്ന ദൂരത്തെത്തുന്നതുവരെ എന്തോ പിറുപിറുത്തുകൊണ്ടിരുന്നു. ഞങ്ങളുടെ നേരെയാണു് അതൊക്കെയെന്നു ഞങ്ങൾക്കു മനസ്സിലായി. റോഡിൽ ആൾക്കൂട്ടമുണ്ടായിരുന്നില്ല. ഞങ്ങൾ കുറച്ചുടി മുന്നോട്ടു നീങ്ങിയപ്പോഴേക്കും അയാൾ തിരിച്ചുവന്നു. കുറച്ചുകലെവച്ചുതന്നെ ഞങ്ങൾ അയാളെ തിരിച്ചറിഞ്ഞു, അയാൾ ഞങ്ങളുടെ നേരേ വന്നു; സൈക്കിളിൽനിന്നു് ഇറങ്ങാൻ അയാൾ ഉദ്ദേശിച്ചിരുന്നുവോ അതോ അടുത്തുകൂടെ കടന്നുപോകാനേ ഉദ്ദേശ്യമുണ്ടായിരുന്നുള്ളുവോ എന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങൾ അപകടത്തിലാണെന്നു ഞങ്ങൾക്കു തോന്നി. ഞങ്ങളുടെ ശരീരശേഷിയിൽ ഞങ്ങൾക്കു വിശ്വാസമുണ്ടായിരുന്നില്ല. സാധാരണ പെൺകുട്ടികളെക്കാൾ ശേഷികറഞ്ഞവളാണു ഞാൻ. പക്ഷേ, എന്റെ കൈയിൽ വലിയൊരു പുസ്തകമുണ്ടായിരുന്നു. എങ്ങനെയോ പെട്ടെന്നു് എനിക്കു ധൈര്യം തോന്നി. ആ കനത്ത പുസ്തകം സൈക്കിളിന്റെ നേരേ വലിച്ചെറിഞ്ഞു് ഞാൻ അലറി: 'ഇനി കാട്ടോ തന്റെ ഈ വിളയാട്ടം?' സൈക്കിളിൽനിന്നു വീഴാതെ എങ്ങനെയോ അയാൾ വേഗം പറപറന്നു. ആ പുസ്തകം ഞാൻ അയാളുടെ നേരേ വലിച്ചെറിഞ്ഞില്ലെങ്കിൽ യാത്രയുടെ അവസാനംവരെ അയാൾ വൃത്തികെട്ട ഭാഷ ഉപയോഗിച്ചു ഞങ്ങളെ ദ്രോഹിച്ചുകൊണ്ടേ ഇരുന്നേനെ. ഇതൊരു സാധാരണ നിസ്സാര സംഭവമാണു്. പക്ഷേ, അങ്ങു ലാഹോറിൽവന്നു ഞങ്ങളുടെ ഭാഗ്യഹീനകളായ പെൺകുട്ടികളുടെ ബുദ്ധിമുട്ടുകൾ കേൾക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ശരിയായ ഒരു പരിഹാരം കണ്ടെത്തുവാൻ അങ്ങേക്കു തീർച്ചയായും സാധിക്കും. ഒന്നാമതായി, മുകളിൽ പറഞ്ഞ ചുററുപാടുകളിൽ, പെൺകുട്ടികൾക്കു് അഹിംസ പ്രയോഗിച്ചു് എങ്ങനെ സ്വയം രക്ഷിക്കാമെന്നു എന്നോടു പറയണം. രണ്ടാമതു്, യുവാക്കൾ സ്ത്രീകളെ അപമാനി

digitized by www .sreyas.in

ക്കുകയെന്ന നിന്ദ്യമായ ശീലം ഇല്ലാതാക്കാൻ എന്താണ് വഴി? സ്ത്രീകളോട് മര്യാദയോടുകൂടി പെരുമാറണമെന്നു ചെറുപ്പംമുതലേ പഠിപ്പിക്കപ്പെട്ട ഒരു പുതിയ തലമുറ വരുന്നതുവരെ ഞങ്ങൾ കാത്തിരിക്കണമെന്നു താങ്കൾ പറയുകയില്ലല്ലോ. ഈ സാമൂഹ്യദുരാചാരം മാററുവാൻ ഗവർമെൻറിനു മനസ്സില്ല, അല്ലെങ്കിൽ കഴിവില്ല. വലിയ നേതാക്കന്മാർക്കു് ഇത്തരം കാര്യങ്ങൾക്കു സമയമില്ല. തന്നിമിത്തം ചീത്തയായി പെരുമാറിയ ഒരു ചെറുപ്പക്കാരനെ ഒരു പെൺകുട്ടി സധൈര്യം പ്രഹരിച്ചുവെന്നു കേട്ടാൽ അവർ പറയും: 'അസ്സലായി. അങ്ങനെയാണു് എല്ലാ പെൺകുട്ടികളും ചെയ്യേണ്ടതു്.' ചിലപ്പോൾ ഒരു നേതാവു വിദ്യാർത്ഥികളോടു് ഇത്തരം ചീത്തത്തങ്ങളെ അധിക്ഷേപിച്ചുകൊണ്ടു പ്രസംഗിക്കുന്നതും കേട്ടെന്നുവരാം. എങ്കിലും ഗൗരവമുള്ള ഈ പ്രശ്നത്തിന്റെ പരിഹാരത്തിനു ആരും സ്ഥിരമായി ശ്രമിക്കുന്നില്ല. ദീപാളികാലത്തുംമററും ദീപക്കാഴ്ച കാണാൻപോലും സ്ത്രീകൾ പുറത്തിറങ്ങരുതെന്നു താക്കീതു ചെയ്യുന്ന നോട്ടീസുകളോടുകൂടി വർത്തമാനപത്രങ്ങൾ പുറത്തുവരാറുണ്ടെന്നു കേട്ടാൽ അങ്ങേക്കു് ആശ്ചര്യവും വേദനയും ഉണ്ടായേക്കാം. ലോകത്തിന്റെ ഈ ഭാഗം ഏതു നിലയിലെത്തിയിരിക്കുന്നുവെന്നു് അങ്ങേക്കു മനസ്സിലാവാൻ ഈ ഒരൊററ വസ്തുത മതി. ഇത്തരം പ്രസ്താവന ചെയ്യേണ്ടിവരുന്നതിൽ അതെഴുതിയവർക്കോ വായനക്കാർക്കോ ലജ്ജ തോന്നുന്നില്ല!'

ഞാൻ ഈ എഴുത്തു വായിക്കാൻ കൊടുത്ത മറെറാരു പഞ്ചാബി ബാലിക കോളേജ് വിദ്യാഭ്യാസകാലത്തെ സ്വാനുഭവത്തെ അടിസ്ഥാനമാക്കി ഈ വിവരണത്തെ സ്ഥിരീകരിച്ചിരിക്കുന്നു. അവൾ പറയുന്നു, ഈ എഴുത്തിൽ വിവരിച്ച സംഗതികൾ മിക്ക കോളേജ് ബാലികമാരുടെയും സാധാരണ അനുഭവമാണെന്നു്.

ധാരാളം അനുഭവങ്ങളുള്ള ഒരു സ്ത്രീ അയച്ച മറെറ എഴുത്തു് ലക്നോവിലെ ബാലികമാരുടെ അനുഭവങ്ങൾ വിവരിക്കുന്നു. സിനിമാശാലകളിൽ ബാലികമാരുടെ പിന്നിലിരിക്കുന്ന ആൺകുട്ടികൾ എല്ലാത്തരം അസഭ്യവാക്കുകളും ഉപയോഗിച്ചു് അവരെ ശല്യപ്പെടുത്തുന്നു. അവർ പല തമാശകളും ചെയ്യാറുണ്ടെന്നും പറയുന്നു; പക്ഷേ, അതൊന്നും ഇവിടെ ചേർത്തുകൂടാ.

## 2. *പ്രസിദ്ധീകരണത്തിന്റെ ആവശ്യകത*

തൽക്കാലം രക്ഷ കിട്ടുകമാത്രമാണു് ആവശ്യമെങ്കിൽ ശേഷി പോരാത്തവളെന്നു പറഞ്ഞ ആ പെൺകുട്ടി പ്രയോഗിച്ച വിദ്യ—സൈക്കിൾകാരന്റെ നേരെ പുസ്തകം എറിയുക—തികച്ചും ശരിയായിരുന്നു. അതു വളരെ പഴക്കമുള്ള ഒരു വിദ്യയാണു്. ഹിംസാ

digitized by www .sreyas.in

മാർഗം സ്വീകരിക്കണമെന്നു് ഒരാറക്ക തോന്നിയാൽ, ശക്തനായ എതിരാളായുടെ നേരെയാണെങ്കിൽപോലും ശരീരദൗർബല്യം അതിന്റെ സഫലമായ പ്രയോഗത്തിനു പ്രതിബന്ധമാകാറില്ലെന്നു ഞാൻ ഈ പംക്തികളിൽ പറഞ്ഞിട്ടുണ്ടു്. ഇക്കാലത്തു ശരീരബലം ഉപയോഗിക്കവാൻ പല മാർഗങ്ങളും കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു വേണ്ടത്ര ബുദ്ധിയുള്ള ഒരു ചെറിയ പെൺകുട്ടിക്കപോലും വധവും വിനാശവും വരുത്താൻ കഴിയുമെന്നു നമുക്കൊക്കെ അറിയാം. ആ എഴുത്തെഴുതിയവരം വർണിച്ചതുപോലുള്ള ചുററുപാടുകളിൽ ആത്മരക്ഷ ചെയ്യാൻ സ്ത്രീകളെ അഭ്യസിപ്പിക്കകയെന്നതു ഇന്നൊരു മോടിയായി വളർന്നുവരികയാണു്. എന്നാൽ ആത്മരക്ഷയ്ക്കുള്ള ആയുധമെന്നനിലയിൽ കൈവശമുണ്ടായിരുന്ന പുസ്തകം തൽക്കാലം വേണ്ടപോലെ ഉപയോഗിക്കവാൻ അവരംക്ക സാധിച്ചുവെങ്കിലും വളർന്നുവരുന്ന ഈ തിന്മയ്ക്കു് അതു പരിഹാരമല്ലെന്നു് അറിയുവാൻ തക്കവണ്ണം ബുദ്ധി അവരംക്കണ്ടായിരുന്നു. മര്യാദകെട്ട വാക്കകരം കേരംക്കമ്പോരം കേട്ടില്ലെന്നു നടിക്കാൻ പാടില്ലെങ്കിലും പരിഭ്രമിക്കേണ്ട ആവശ്യമില്ല. ഇത്തരം സംഗതികളെല്ലാം പത്രങ്ങളിൽ പ്രസിദ്ധീകരിക്കണം. കണ്ടുപിടിക്കാൻ കഴിഞ്ഞെങ്കിൽ കുററക്കാരുടെ പേരും പ്രസിദ്ധീകരിക്കണം. ഈ ദുർനടപടി വെളിപ്പെടുത്തുന്നതിനു വ്യാജവിനയം പ്രതിബന്ധമാകരുതു്. പരസ്യമായി ചെയ്യുന്ന ദുർനടപടികളെ ശിക്ഷിക്കവാൻ പൊതുജനാഭിപ്രായംപോലെ മറെറാന്നില്ല. ലേഖനകർത്രി പറഞ്ഞതുപോലെ ഇത്തരം കാര്യങ്ങളിൽ പൊതുജനങ്ങളുടെ അശ്രദ്ധ വളരെയധികമുണ്ടെന്നതിനു സംശയമില്ല. പക്ഷേ, പൊതുജനങ്ങളെ മാത്രം കുററപ്പെടുത്തിയാൽ പോരാ. നിർമ്മര്യാദ കാട്ടിയതിന്റെ ഉദാഹരണങ്ങരം അവരുടെ മുമ്പാകെ ഉണ്ടായിരിക്കണം. മോഷണക്കേസുകരം പരസ്യമാക്കകയും തുടർന്നന്വേഷിക്കകയും ചെയ്യാതിരുന്നാൽ മോഷണങ്ങരം തടയാൻ കഴിയാത്തതുപോലെ മര്യാദകെട്ട പെരുമാററത്തെ ഒളിച്ചുവച്ചാൽ അതില്ലാതാക്കാൻ പററില്ല. കുററത്തിനും ദുർവൃത്തിക്കും ഒളിച്ചുനടക്കാൻ സാധാരണമായി ഇരുട്ടുവേണം. വെളിച്ചം തട്ടിയാൽ അവ തിരോഭവിക്കുന്നു.

## 3. *സ്ത്രീകളുടെ മനോഭാവം—അഹിംസാമാർഗം*

പക്ഷേ, ഇന്നത്തെ പെൺകുട്ടി അരഡസൻ റോമിയോമാരുടെ ജൂലിയട്ടു് ആകാൻ ഇഷ്ടപ്പെടുന്നു എന്ന ഭയം എനിക്കുണ്ടു്. സാഹസങ്ങരം അവരംക്കിഷ്ടമാണു്; എനിക്കെഴുതിയവരം അസാധാരണതരത്തിൽപ്പെട്ടവളാണെന്നു തോന്നുന്നു. ഇന്നത്തെ പെൺകുട്ടികരം വസ്ത്രധാരണം ചെയ്യുന്നതു കാററിൽനിന്നും മഴയിൽനിന്നും വെയിലിൽനിന്നും രക്ഷകിട്ടുവാനല്ല, ശ്രദ്ധയാകർഷിക്കവാനാണു്. ചായംപൂശി വിശേഷവേഷമണിഞ്ഞു് അവരം തന്റെ ആകൃതിക്ക

സൗന്ദര്യം കൂട്ടുന്നു. അഹിംസാമാർഗം ഇത്തരം പെൺകുട്ടികൾക്കുള്ളതല്ല. നമ്മളിലുള്ള അഹിംസാചൈതന്യത്തെ വളർത്തിക്കൊണ്ടുവരുവാൻ ഉറച്ച നിയമങ്ങളുണ്ടെന്നു ഞാൻ പലപ്പോഴും ഈ പംക്തികളിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതു ശ്രമസാധ്യമായ കാര്യമാണ്. വിചാരരീതിയിലും ജീവിതരീതിയിലും അതു വിപ്ലവം കുറിക്കുന്നു. എനിക്കെഴുതിയവളും അവളെപ്പോലെ ചിന്തിക്കുന്ന മറ്റു പെൺകുട്ടികളും നിർദിഷ്ടരീതിയിൽ അവരുടെ ജീവിതത്തിൽ മാററങ്ങൾ വരുത്തിയാൽ, ചെറുപ്പക്കാർ അവരുമായി സമ്പർക്കത്തിനു വന്നെങ്കിൽതന്നെ അവരെ ബഹുമാനിക്കുവാനും അവരുടെ മുമ്പിൽവച്ച് ഏററവും നന്നായി പെരുമാറാനും പഠിക്കുമെന്ന് അവർക്കു കാണാം. എന്നാൽ വല്ലപ്പോഴും സംഭവിച്ചേക്കാവുന്നപോലെ അവരുടെ ചാരിത്ര്യംതന്നെ അപകടത്തിലാണെന്നു കാണാനിടവന്നാൽ, പുരുഷനിലെ മൃഗത്തിനു വഴങ്ങുന്നതിനു പകരം മരിക്കാൻ വേണ്ടത്ര ധൈര്യം അവർക്കുണ്ടാകണം. വായ് മൂടിക്കെട്ടുകയോ പൊരുതിനോക്കാൻപോലും വയ്യാത്തവിധം ബന്ധിക്കുകയോ ചെയ്യപ്പെട്ടാൽ ഞാൻ വിചാരിക്കുന്നപോലെ നിഷ്പ്രയാസം അവൾക്കു മരിക്കാൻ തരപ്പെടുകയില്ലെന്നു പറഞ്ഞേക്കാം. ഒരു പെൺകുട്ടിയേ അശക്തയാക്കാൻ ഉപയോഗിച്ച ബന്ധങ്ങളെയെല്ലാം തകർക്കുവാൻ, ചെറുക്കണമെന്ന് ഉറച്ച പെൺകുട്ടിക്കു കഴിയുമെന്നു ഞാൻ സധൈര്യം പ്രഖ്യാപിച്ചുകൊള്ളട്ടെ. ദാർഢ്യമുള്ള ഇച്ഛാശക്തി അവൾക്കു മരിക്കാനുള്ള കഴിവു നൽകുന്നു.

പക്ഷേ, ഈ ശൗര്യം അതിനുതക്ക പരിശീലനം ലഭിച്ചവർക്കേ ഉണ്ടാകൂ. അഹിംസയിൽ സജീവമായ വിശ്വാസമില്ലാത്തവർ ആത്മരക്ഷയ്ക്കുള്ള സാധാരണ വിദ്യ പഠിക്കുകയും മാനംകെട്ട യുവാക്കളുടെ സഭ്യേതരമായ പെരുമാററത്തിൽനിന്നു സ്വയം രക്ഷിക്കുകയും വേണം.

എങ്കിലും തങ്ങളിൽനിന്ന് ഉപദ്രവം ഉണ്ടായേക്കാമെന്നു മാനമുള്ള പെൺകുട്ടികൾക്കു സദാ ഭയം ജനിപ്പിക്കുമാറു പെരുമാറാൻതക്ക വിധം യുവാക്കൾ തുലോം സാധാരണമായ മര്യാദപോലുമില്ലാത്തവരായിത്തീരുന്നതെന്തുകൊണ്ട് എന്നതാണു പ്രധാനപ്രശ്നം. യുവാക്കന്മാരിൽ ഭൂരിപക്ഷത്തിൻെറയും അഭിമാനബോധം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് അറിയാനിടവരുന്നതു ഖേദകരമാണ്. എന്നാൽ പൊതുവേ അവർ സ്വന്തം പ്രശസ്തിയിൽ മനസ്സിരുത്തുകയും തങ്ങളുടെ കൂട്ടുകാർ കാണിക്കുന്ന ഓരോ അനുചിതകർമത്തെയും നേരിടുകയും വേണം. ഓരോ സ്ത്രീയുടെയും മാനം സ്വന്തം അമ്മയുടേയോ സഹോദരിയുടേയോ മാനംപോലെ തങ്ങൾക്കു വിലപ്പെട്ടതായി കരുതുവാൻ അവർ പഠിക്കണം. നല്ല ശീലങ്ങൾ പഠിക്കാഞ്ഞാൽ അവർക്കു കിട്ടിയ വിദ്യാഭ്യാസമൊക്കെ വ്യർത്ഥമായിത്തീരും.

digitized by www .sreyas.in

പിന്നെ, വിദ്യാർത്ഥികളിൽ മാന്യത നിലനിർത്തേണ്ടതു ക്ലാസ്സിലെ വിഷയങ്ങൾ അവരെ പഠിപ്പിക്കുന്നതുപോലെതന്നെ പ്രൊഫസർമാരുടെയും സ്കൂൾമാസ്റ്റർമാരുടെയും ചുമതലയല്ലേ?

## 50

തന്നാൽ രക്ഷിക്കപ്പെടേണ്ടവളുടെയും അക്രമിയുടെയും നടുക്കു സഹോദരനോ പിതാവോ സ്നേഹിതനോ നിൽക്കണം. അയാൾ ഒന്നുകിൽ അക്രമിയെ അവന്റെ ദുരുദ്ദേശ്യത്തിൽനിന്നു പിൻതിരിപ്പിക്കണം, അല്ലെങ്കിൽ അവനെ തടയുന്ന ശ്രമത്തിൽ കൊല്ലപ്പെടണം. അങ്ങനെ ജീവൻവെടിഞ്ഞാൽ അയാൾ സ്വധർമം അനുഷ്ഠിച്ചുവെന്നു മാത്രമല്ല, താൻ രക്ഷിക്കേണ്ടവൾക്കു പുതുതായൊരു ബലം പ്രദാനംചെയ്കയും ചെയ്തു; അവൾക്കിപ്പോൾ അറിയാം എങ്ങനെയാണു മാനം രക്ഷിക്കേണ്ടതെന്നു്.

## 51

പക്ഷേ, ഇത്തരം വിശ്വാസമോ ധൈര്യമോ ഒരു ദിവസംകൊണ്ടു നേടാനാവില്ല. അതു നേടുന്നതുവരെ വേറെ വഴി നോക്കണം. ഒരു സ്ത്രീ ആക്രമിക്കപ്പെട്ടാൽ ഹിംസയേതു് അഹിംസയേതു് എന്നാലോചിക്കാൻ അവൾ നിൽക്കരുതു്. അവരുടെ പ്രഥമ കർത്തവ്യം ആത്മരക്ഷയാണു്. തന്റെ മാനം രക്ഷിക്കാൻവേണ്ടി മനസ്സിൽ തോന്നുന്ന ഏതു മാർഗവും ഏതു ഉപായവും അവൾക്കു പ്രയോഗിക്കാം. ഈശ്വരൻ അവൾക്കു നഖവും പല്ലും കൊടുത്തിട്ടുണ്ടു്. സർവ്വശക്തിയോടുംകൂടി അവൾ അവ ഉപയോഗിക്കണം; വേണ്ടിവന്നാൽ ആ ശ്രമത്തിൽ മരിക്കുകയും വേണം. മരണഭയംവെടിഞ്ഞ ഒരു സ്ത്രീക്കോ പുരുഷനോ തന്നത്താൻ രക്ഷിക്കാൻ മാത്രമല്ല, സ്വജീവൻകളഞ്ഞു മററുള്ളവരെ രക്ഷിക്കുവാനും സാധിക്കും. വാസ്തവത്തിൽ നാം മരണത്തെ ഏററവുമധികം ഭയപ്പെടുന്നു; തന്മൂലം അവസാനം അധികം മികച്ച കായികശക്തിക്കു കീഴടങ്ങുകയാണു്. ചിലർ അക്രമിയുടെ മുമ്പിൽ മുട്ടുകുത്തും, ചിലർ കൈക്കൂലികൊടുക്കും, ചിലർ സാഷ്ടാംഗം നമസ്കരിക്കും, ചില സ്ത്രീകൾ മരിക്കുന്നതിനുപകരം തങ്ങളുടെ ശരീരം കൊടുക്കും. കുററവും കുറവും പറയാൻവേണ്ടിയല്ല ഞാനിതെഴുതുന്നതു്. മനുഷ്യപ്രകൃതിയുടെ ഉദാഹരണങ്ങൾ കാണിക്കുക മാത്രമാണു ഞാൻ ചെയ്യുന്നതു്. നാം സാഷ്ടാംഗം നമസ്കരിച്ചാലും അല്ലെങ്കിൽ ഒരു സ്ത്രീ പുരുഷന്റെ കാമത്തിനു വഴങ്ങിയാലും, അതൊക്കെ നമ്മെക്കൊണ്ടു് എന്തും ചെയ്യിക്കുന്ന ജീവനിലുള്ള കൊതിയുടെ ലക്ഷണമാണു്.

---

50. Harijan, 1–9–1940 (Women and Social Injustice, p. 189)
51. Harijan, 1–3–1942 (Women and Social Injustice, p. 198)

digitized by www .sreyas.in

ഒരു സ്ത്രീ എന്തുചെയ്യണമെന്നതിനെപ്പററി ഇത്രമാത്രം. പക്ഷേ ഇത്തരം കുററങ്ങൾക്കു സാക്ഷിയാകുന്ന പുരുഷൻെറ കഥയോ? മറുപടി മുകളിൽ പറഞ്ഞതിൽ ഉൾപ്പെട്ടിട്ടുണ്ട്. അയാൾ വെറുതെ മിഴിച്ചുനിൽക്കരുത്. സ്ത്രീയെ അയാൾ രക്ഷിക്കണം. അയാൾ പോലീസിൻെറ അടുത്തേക്ക് ഓടരുത്, തീവണ്ടിയിലെ അപായച്ചങ്ങല പിടിച്ചുവലിച്ചതുകൊണ്ടു മാത്രം അയാൾ കൃതാർത്ഥനാകരുത്. അഹിംസ ആചരിക്കുവാൻ അയാൾക്കു കഴിയുമെങ്കിൽ അപ്രകാരം ചെയ്ത് അയാൾ മരിക്കണം; ആപത്തിൽപ്പെട്ട സ്ത്രീയെ അങ്ങനെ രക്ഷിക്കുകയും വേണം. തൻെറ സർവകഴിവും പ്രയോഗിച്ച് അവളെ രക്ഷിക്കുവാൻ അയാൾ ശ്രമിക്കണം. രണ്ടായാലും ജീവൻ അടിയറവയ്ക്കുവാനുള്ള സന്നദ്ധത അയാൾക്കുണ്ടായിരിക്കണം.

ഞാൻ വയസ്സനും ജരാക്രാന്തനും പല്ലില്ലാത്തവനുമാണെങ്കിലും ഒരു സഹോദരിയുടെ മാനം ഒരാൾ കടന്നാക്രമിക്കുന്നത് അനങ്ങാതെ കണ്ടുനിന്നു അഹിംസയെപ്പററി മൊഴിഞ്ഞാൽ എനിക്കുണ്ടെന്നു പറയപ്പെടുന്ന മഹാത്മത്വം അവഹേളിക്കപ്പെട്ടും, അപമാനിക്കപ്പെട്ടും, നശിക്കും. ഞാനോ എന്നെപ്പോലുള്ളവരോ ഇടപെടുകയും, ഹിംസാപൂർവമോ, അഹിംസാപൂർവമോ ജീവൻവെടിയുകയും ചെയ്താൽ, ഇരയെ തീർച്ചയായും നാം രക്ഷിക്കും. എങ്ങനെയായാലും അവളുടെ മാനഭംഗത്തിന് ജീവനോടെ സാക്ഷിയായി നിന്നെന്നു വരുകയില്ല.

സാക്ഷികളെപ്പററി ഇത്രമാത്രം. എന്നാൽ, രാജ്യത്തിലെ അന്തരീക്ഷത്തിൽ സർവത്ര ധീരതയുടെ ചൈതന്യം പരക്കുകയാണെങ്കിൽ, സ്ത്രീകളെ ദ്രോഹിക്കുന്നതു ഒരൊററ ഇന്ത്യക്കാരനും സഹിക്കുകയില്ലെന്നു പരക്കെ അറിഞ്ഞാൽ അവരെ തൊടുവാൻ ഒരു പട്ടാളക്കാരനും ധൈര്യപ്പെടുകയില്ലെന്നു ഞാൻ പറയുന്നു. ഇത്തരമൊരു ചൈതന്യം ഇന്നില്ലെന്നതു നമുക്കു ലജ്ജാവഹമാണ്. എങ്കിലും ഈ കളങ്കം തുടച്ചുനീക്കാൻ സന്നദ്ധരായ ചെറുപ്പക്കാർ മുന്നോട്ടു വന്നാൽ അതു കുറച്ചെങ്കിലും കാര്യമായി.

## 52

ഭാരതീയസ്ത്രീകൾ എന്തിനിത്ര നിസ്സഹായകളായിത്തീരുന്നു? ധൈര്യം പുരുഷൻെറമാത്രം കുത്തകയാണോ? ജാൻസിറാണി വാളെടുക്കുകയും വാളുകൊണ്ടുള്ള പരാക്രമത്തിൽ തൻെറ സമകാലീനരെയെല്ലാം അതിശയിക്കുകയും ചെയ്തുവെങ്കിലും, സ്ത്രീകൾ സാധാരണമായി വാളെടുക്കാറില്ലെന്നതു ശരിതന്നെ. എല്ലാവർക്കും ജാൻസിറാണിമാരാകാനും സാധിക്കുകയില്ല. എങ്കിലും എല്ലാ സ്ത്രീകൾ

52. Harijan, 27-10-1946 (Women and Social Injustice, p. 194)

ക്കം സീതയെ അനുകരിക്കാം, കരുത്തനായ രാവണൻപോലും സീതയെ തൊടുവാൻ ധൈര്യപ്പെട്ടില്ല. ജാൻസിറാണിമാരെ കീഴമർത്താൻ കഴിയും.

## 53

ഒരു സ്ത്രീ കീഴടങ്ങുന്നതിനു പകരം തീർച്ചയായും ചെയ്യേണ്ടതു സ്വജീവൻ കളയുകയാണു്. മററുതരത്തിൽ പറഞ്ഞാൽ എൻെറ ജീവിതപരിപാടിയിൽ കീഴടങ്ങുന്നതിനു യാതൊരു സ്ഥാനവുമില്ല. പക്ഷേ, എങ്ങനെയാണു ജീവൻ കളയുകയെന്നു ചോദിക്കുകയുണ്ടായി. ഉപായം പറഞ്ഞുകൊടുക്കേണ്ടതു് എൻെറ പണിയല്ലെന്നും, ഇത്തരം ചുററുപാടുകളിൽ ആത്മഹത്യയെ അനുവദിക്കുന്നതിൻെറ പുറകിൽ ആത്മഹത്യയ്ക്കുപോലും സന്നദ്ധമായ മനസ്സുള്ള ഒരുവൾക്കു മാനസികമായ അത്തരം ചെറുക്കലിനു വേണ്ട ധൈര്യവും അവളുടെ അക്രമിയെ നിരായുധനാക്കാൻതക്ക അന്തഃശുദ്ധിയും ഉണ്ടാകുമെന്നുള്ള വിശ്വാസം ഉണ്ടായിരുന്നുവെന്നും, ഇപ്പോഴും ഉണ്ടെന്നും ഞാൻ ഉടനെ മറുപടി പറഞ്ഞു. ഈ വാദം ഇനിയും തുടരുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അതിനിയും വികസിപ്പിക്കുക സാധ്യമല്ല. ഇതിനു വ്യക്തമായ തെളിവുവേണം. അതില്ലെന്നു ഞാൻ സമ്മതിക്കുന്നു.

തന്നെത്തന്നെയോ അക്രമിയെയോ വധിക്കേണ്ടതു എന്ന ചോദ്യമാണുള്ളതെങ്കിൽ, ആദ്യത്തേതാണു വേണ്ടതു് എന്നുള്ളതിനെക്കുറിച്ചു് എൻെറ മനസ്സിൽ യാതൊരു സംശയവുമില്ല.

## എൽ. വിവാഹകർമ്മം ലഘൂകരിക്കൽ

## 54

കറാച്ചിയിലുണ്ടായ ഒരു വിവാഹകർമ്മത്തിൻെറ വിവരണം ഒരു ലേഖകൻ അയച്ചുതന്നിരിക്കുന്നു. ഒരു പണക്കാരനായ സേതു് ലംൽചന്ദിൻെറ 16 വയസ്സായ മകളുടെ വിവാഹസമയത്തു പിതാവു ചെലവുകൾ അങ്ങേയററം ചുരുക്കിയതായും, വിവാഹകർമ്മത്തിനു മതപരവും അന്തസ്സുററതുമായ ഒരു രൂപം നൽകിയതായും അതിൽ പറയുന്നു. സാധാരണ ഈ ചടങ്ങുകൾക്കു വളരെ ദിവസത്തെ അനാവശ്യച്ചെലവുകൾ വേണ്ടിവരാറുണ്ടെങ്കിലും, പ്രസ്തുത വിവാഹകർമ്മത്തിനു് ഒട്ടാകെ രണ്ടുമണിക്കൂറിലധികം വേണ്ടിവന്നില്ലെന്നു് എൻെറ മുമ്പാകെയുള്ള റിപ്പോർട്ടിൽനിന്നു കാണുന്നു. പണ്ഡിത

53. Harijan, 9–2–1947 (Women and Social Injustice, p. 198)
54. Young India, 26–9–1926 (Women and Social Injustice, pp. 64–65)

digitized by www .sreyas.in

നായ ഒരു ബ്രാഹ്മണനാണ ചടങ്ങുകൾ നടത്തിച്ചതു്. വധൂവരന്മാരോടു ചൊല്ലുവാൻ പറഞ്ഞ മന്ത്രങ്ങളുടെ അർത്ഥം അദ്ദേഹം വിവരിച്ചുകൊടുക്കുകയുണ്ടായി. സേത് ലാൽചന്ദിനെയും, വിളംബിതമായ ഈ പരിഷ്കാരം തുടങ്ങിവയ്ക്കുന്നതിൽ അദ്ദേഹത്തെ സസന്തോഷം അനുകൂലിച്ച അദ്ദേഹത്തിന്റെ ഭാര്യയെയും ഞാൻ അഭിനന്ദിക്കുകയും മററു പണക്കാരും ഇതനുകരിക്കുമെന്നു് ആശിക്കുകയും ചെയ്യുന്നു. സേത് ലാൽ ചന്ദും അദ്ദേഹത്തിന്റെ ഭാര്യയും ഖാദിയിൽ പൂർണമായി വിശ്വസിക്കുന്നവരാണെന്നും, വധൂവരന്മാർ ഖാദിയാണു ധരിച്ചിരുന്നതെന്നും, അവരും വിശ്വാസപൂർവം ഖാദി ധരിക്കുന്നവരാണെന്നും അറിയുന്നതു ഖാദിപ്രേമികൾക്കു സന്തോഷകരമായിരിക്കുമല്ലോ. ആഗ്രയിലെ വിദ്യാർത്ഥിസമ്മേളനത്തിൽ ഉണ്ടായ ഒരു രംഗമാണു് ഈ വിവാഹച്ചടങ്ങുകൾ എന്നെ അനുസ്മരിപ്പിക്കുന്നതു്. ഐക്യസംസ്ഥാനത്തിൽ കോളേജുകളിലും സ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾ നേരത്തെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവരാണെന്നും വിലപിടിച്ച സമ്മാനങ്ങളും അത്രതന്നെയോ അതിലേറെയോ ചെലവുള്ള സൽക്കാരങ്ങളും ഉൾപ്പെടെ മാതാപിതാക്കൾ വമ്പിച്ചതോതിൽ ചെലവുചെയ്യണമെന്നു് അവർ പ്രതീക്ഷിക്കുന്നുവെന്നും ഒരു സ്നേഹിതൻ പറഞ്ഞതിനെ അവസ്ഥിരീകരിച്ചു. ഉന്നതവിദ്യാഭ്യാസം ലഭിച്ച മാതാപിതാക്കൾപോലും ധനമദത്തിൽനിന്നു മുക്തരല്ലെന്നും, ചെലവിന്റെ കാര്യത്തിൽ താരതമ്യേന പഠിപ്പും പണവുമുള്ള കച്ചവടക്കാരെപ്പോലും അവർ തോൽപിക്കുകയാണെന്നും എനിക്കു വിവരംതന്ന ആൾ പറഞ്ഞു. ഇവർക്കെല്ലാം സേത് ലാൽചന്ദ് ഇയ്യിടെ കാണിച്ചുകൊടുത്ത മാതൃകയും അതിനു കുറച്ചു മുമ്പു സേത്ജമ്നലാൽ ബജാജ് കാണിച്ചുകൊടുത്ത മാതൃകയും ചെലവു കുറയ്ക്കുന്നതിൽ ഉത്തേജനമായിരിക്കേണ്ടതാണു്. എന്നാൽ തക്ക പ്രായമാകുന്നതിനുമുമ്പുള്ള വിവാഹത്തെ, വിശേഷിച്ചും വിദ്യാർത്ഥിജീവിതകാലത്തു നടത്തുന്ന വിവാഹത്തെശക്തിപൂർവം ചെറുക്കേണ്ടതും എന്തും സഹിച്ചു് എല്ലാ ചെലവുകളേയും എതിർക്കേണ്ടതും മാതാപിതാക്കളുടേതിനേക്കാളേറെ ചെറുപ്പക്കാരുടെ കടമയാണു്. മതപരമായ ചടങ്ങുകൾ 10 രൂപയിലധികം ചെലവു വരില്ല; ആ ചടങ്ങിലധികം ഒന്നും വിവാഹത്തിനു് ആവശ്യമായി കരുതുകയുമരുതു്. പണക്കാരും ദരിദ്രരും തമ്മിലും, ഉയർന്നവരും താണവരും തമ്മിലും ഉള്ള വ്യത്യാസങ്ങളെല്ലാം ഇല്ലാതാക്കാൻ ശ്രമിക്കുന്ന ജനകീയ സമത്വത്തിന്റേതായ ഇക്കാലത്തു് എല്ലാത്തരം സുഖാനുഭവങ്ങളിലും ആഘോഷങ്ങളിലും ഒതുക്കം കാണിച്ചു ദരിദ്രരെ സംതൃപ്തമായ ഒരു ജീവിതത്തിലേക്കു നയിക്കേണ്ടതു ധനികരുടെ കടമയാണു്. ഭഗവത്ഗീതയിലെ ഈ ശ്ലോകം അവർ ഓർക്കട്ടെ: 'ശ്രേഷ്ഠന്മാർ എന്തുചെയ്യുന്നുവോ അതുതന്നെ മററുള്ളവരും ചെയ്യും.'* ഇപ്പറഞ്ഞതിന്റെ പരമാർത്ഥം നിത്യാനു

* "യദ്യദാചരതി ശ്രേഷ്ഠസ്തത്തദേവേതരോ ജനഃ"

digitized by www .sreyas.in

വേത്തിൽ നാം കാണുന്ന——വിവാഹകർമങ്ങളിലും മരണാനന്തരച്ച ടങ്ങുകളിലും കാണുന്നതിലേറെ സ്പഷ്ടമായി മറെറങ്ങുമില്ല. അനേകായിരം ആളുകൾ ഈ ആവശ്യത്തിനുവേണ്ടി സ്വന്തം ജീവിതാവശ്യങ്ങൾ പലതും വേണ്ടെന്നുവയ്ക്കുകയും നാശകരമായ പലിശനിരക്കുള്ള ഋണഭാരം താങ്ങുകയും ചെയ്യുന്നു. ഇക്കാര്യത്തിനുവേണ്ടിയുള്ള സർവ ദുർവ്യയത്തെയും എതിർക്കുവാൻ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ വിശേഷിച്ചും പണക്കാരുടെ മക്കൾ ഉറച്ചാൽ രാജ്യത്തിലെ സമ്പത്തിൻെറ ഈ ദുർവിനിയോഗം എളുപ്പത്തിൽ നിർത്താവുന്നതാണ്.

## എം. ലൈംഗികവിദ്യാഭ്യാസം

### 55

ഇയ്യിടെ ഗുജറാത്ത് വിദ്യാപീഠത്തിൽനിന്നു് എ. എ.സ്സ തുല്യമായ ബിരുദം നേടിയ ശ്രീ മഗൻഭായ് ദേശായി ഒക്ടോബർ 8–ാം തീയതി എനിക്കു ഗുജറാത്തിയിൽ ഒരെഴുത്തയച്ചിട്ടുണ്ട്. അതിൽനിന്നെടുത്തതാണു താഴെ ചേർത്ത ഭാഗം:

'അങ്ങ് ഇതുവരെ ഏററവും സ്പർശിക്കാത്ത ഒരു വിഷയത്തെക്കുറിച്ചു നമ്മുടെ ചെറുപ്പക്കാർക്കു ലൈംഗികവിദ്യാഭ്യാസം നൽകുന്ന കാര്യത്തെക്കുറിച്ചു ഹരിജൻ ബന്ധുവിൻെറ പംക്തികളിൽ ചർച്ച ചെയ്യണമെന്നു ഞാൻ അങ്ങയോട് അഭ്യർത്ഥിച്ചുകൊള്ളട്ടെയോ? അങ്ങേയ്ക്കു് അറിയാവുന്നതുപോലെ ശ്രീ——ഗുജറാത്തിൽ ഇതിനെ വളരെയേറെ അനുകൂലിക്കുന്ന ഒരാളാണെന്നു കരുതപ്പെടുന്നു. സ്വന്തം സ്ഥിതി പറകയാണെങ്കിൽ ഞാനെന്നും ഇക്കാര്യത്തിൽ സംശയങ്ങളുള്ളവനാണ്. അക്കാര്യം നിൽക്കട്ടെ, എന്നാൽത്തന്നെയും ആ മനുഷ്യൻ ഈ പണിക്കു പററിയ ആളാണെന്നു് എനിക്കുറപ്പില്ല. ഇതുവരെയുണ്ടായ അനുഭവം എങ്ങനെയായാലും പ്രോത്സാഹജനകമല്ല തീർച്ച. നമ്മുടെ വിദ്യാഭ്യാസപരവും സാമൂഹ്യവുമായ കുഴപ്പങ്ങൾക്കെല്ലാം കാരണം ലൈംഗികവിദ്യാഭ്യാസമില്ലായ്കയാണെന്നാണു് ഈ മാന്യൻെറ അഭിപ്രായമെന്നു തോന്നുന്നു. ഉറങ്ങിക്കിടക്കുന്ന കാമവികാരമാണു മനുഷ്യപ്രയത്നത്തിൻെറയെല്ലാം ഉത്പത്തിസ്ഥാനമെന്ന ആധുനികമനഃശാസ്ത്രസിദ്ധാന്തത്തെ ചാടിപ്പിടിച്ചു് അദ്ദേഹവും അദ്ദേഹത്തെപ്പോലെ ചിന്തിക്കുന്നവരും യാതൊരുളുപ്പുംകൂടാതെ അതിനെ വാഴ്ത്താനും പൂജിക്കുവാനും പുറപ്പെട്ടിരിക്കുകയാണ്. ആശ്രമത്തിലെ ആ ചെകുത്താൻ ഇയ്യിടെ ഒരുദിവസം എന്നോടു ചോദിച്ചു: 'ഓരോ ഹൃദയത്തിലുമുള്ള കാമാസുരനെക്കുറിച്ചു നിങ്ങൾക്കെന്തറിയാം?' അയാളുടെ ഈ ചോദ്യം

55. Harijan, 21–11–1936 (Self-restraint V. Self-indulgence, pp. 151-154)

digitized by www .sreyas.in

അയാളുടെ സദാചാരബോധം മങ്ങിയതിന്റെ, തെളിഞ്ഞതിന്റെ യല്ല, തെളിവായിട്ടാണ എനിക്ക തോന്നിയതു്. ലൈംഗികവിദ്യാഭ്യാസത്തിന്റെ പേരിൽ ഇന്നു കാണിക്കുന്ന കുരുത്തക്കേടുകൾക്ക അററമില്ല. ആ വിഷയത്തെക്കുറിച്ചു പുസ്തകങ്ങൾ എഴുതപ്പെടുന്നു; മീതസ്സു മീതെ അവയുടെ പുതിയ പതിപ്പുകൾ പുറപ്പെടുകയാണു്. ഓരോ പതിപ്പിലും അനേകായിരം പ്രതികളും. ഈ വിഷയം വിജയപൂർവം കൈകാര്യം ചെയ്തിട്ടാണ പല വാരികകളും ജീവിക്കുന്നതു്. ചുട്ട അപ്പംപോലെ അവ വിററുതീരുന്നു. ഇതിന്റെ ഫലമായുണ്ടാകുന്ന അനർത്ഥം എളുപ്പത്തിൽ മനസ്സിലാക്കാം. സമുദായത്തിനു കിട്ടുക അതിനാവശ്യമുള്ളതും അതർഹിക്കുന്നതുമാണെന്നു പറയാമെന്നതു ശരിതന്നെ. കാമശാസ്ത്രം എന്ന പേരിൽ കപടവേഷം കെട്ടിയാടുന്ന കാമോദ്ദീപകങ്ങളായ പുസ്തകങ്ങളുടെ ആധിക്യംകൊണ്ടു സ്വാതന്ത്ര്യനിർവഹണം അത്യന്തം ദുഷ്കരമായിത്തീർന്ന പരിഷ്കർത്താവിനു്, പക്ഷേ ഇതൊരാശ്വാസമാകാൻ തരമില്ല.

അതിനാൽ ഈ വിഷയത്തെക്കുറിച്ചു പരസ്യമായി ചർച്ചചെയ്യണമെന്നു ഞാൻ താങ്കളോടു് അപേക്ഷിക്കുന്നു. കാമശാസ്ത്രപഠനം നമ്മുടെ വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമോ? ആരു പഠിപ്പിക്കണം അതു്? പഠിപ്പിക്കുന്നയാളുടെ യോഗ്യതകൾ എന്തെല്ലാമായിരിക്കണം? ഭൂമിശാസ്ത്രവും കണക്കുംപോലെ എല്ലാവരെയും ഒരുപോലെ ഈ വിഷയം പഠിപ്പിക്കണമോ? അതോ വല്ല അതിർത്തിയുമുണ്ടോ? ഉണ്ടെങ്കിൽ ആർ എവിടെ അതു നിശ്ചയിക്കും? പിന്നെ കാമശാസ്ത്രം പഠിപ്പിക്കുന്നതിന്റെ ഉന്നം കാമലോലുപതയെ ചെറുക്കുകയായിരിക്കണമോ അതോ സ്വീകരിക്കപ്പെടുകയും അനുവദിക്കപ്പെടുകയും ചെയ്യേണ്ടതായ അനിവാര്യമായ ഒരു പ്രാകൃതസത്യമെന്ന നിലയിൽ അതംഗീകരിക്കുകമാത്രമായിരിക്കണമോ?'

ലൈംഗികമനോഭാവം ഇന്നു് ഇന്ത്യയുടെ മററു ഭാഗങ്ങളിലെന്നപോലെ ഗുജറാത്തിലും മുറസ്സു കൂടിവരികയാണു്, എന്നു മാത്രമല്ല, അതിന്റെ പിടിയിൽപ്പെടുന്നവർക്കു് അതിലെന്തോ പുണ്യമുണ്ടെന്നു തോന്നുകയും ചെയ്യുന്നു. ഒരടിമ അവന്റെ ശൃംഖലകളിൽ അഭിമാനം കൊള്ളുകയും വിലപ്പെട്ട ആഭരണങ്ങളെന്നോണം അവയെ മുറുകെ പിടിക്കുകയും ചെയ്തുതുടങ്ങിയാൽ അടിമയുടെ ഉടമസ്ഥന്റെ വിജയം പൂർണമായി. എന്നാൽ കാമദേവന്റെ ഈ വിജയം തൽക്കാലം പകിട്ടുണ്ടെങ്കിലും ക്ഷണഭംഗുരവും ഹീനവുമായിത്തീരുമെന്നും അവസാനം വിഷംപോയ തേളിനെപ്പോലെ അതു ശൂന്യതയിൽ വിലയിക്കുമെന്നും എനിക്കുറപ്പുണ്ടു്. എങ്കിലും അതുവരെ നമുക്ക കൈകെട്ടിയും ഇരിക്കാമെന്നു് ഇപ്പറഞ്ഞതിനർത്ഥമില്ല. അതിന്റെ പരാജയത്തെക്കുറിച്ചുള്ള ഉറപ്പു നമ്മെ കപടമായ സമാധാനബോധത്തിലേക്കു വീഴ്ത്തരുതു്, വീഴ്ത്തേണ്ട ആവശ്യമില്ല.

digitized by www .sreyas.in

കാമജയമാണ പുരുഷൻെറയും സ്ത്രീയുടെയും പരമോൽകൃഷ്ട കർത്തവ്യം. കാമജയംകൂടാതെ ആത്മജയം നേടുവാൻ മനുഷ്യനാവില്ല. ആത്മജയം കൂടാതെ സ്വരാജ്യമോ രാമരാജ്യമോ ഇല്ലതാനും. ആത്മജയംകൂടാതെ സർവരുടെയും മേൽ ലഭിക്കുന്ന ജയം കളിപ്പണ്ടമായ ചായംപൂശിയ മാങ്ങപോലെ വഞ്ചകവും നിരാശാജനകവുമായിരിക്കും——പുറമേക്കു കാണാൻ ചന്തമുള്ളതു് അകത്തോ പൊള്ളയും ശൂന്യവും. കാമത്തെ ജയിക്കാത്ത ഒരൊററ പ്രവർത്തകനും ഹരിജനങ്ങൾക്കോ, സമുദായമൈത്രിക്കോ, ഖാദിക്കോ ഗോസംരക്ഷണത്തിനോ ഗ്രാമപുനരുദ്ധാരണത്തിനോവേണ്ടി യഥാർത്ഥമായ യാതൊരു സേവനവും ചെയ്യാൻ സാധിക്കുകയില്ല. മഹത്തായ ഇത്തരം കാര്യങ്ങളെ ബുദ്ധിശക്തികൊണ്ടുമാത്രം സേവിക്കാൻ പററുകയില്ല. അവക്കു് ആദ്ധ്യാത്മികപ്രയത്നവും ആത്മശക്തിയും വേണം. ആത്മശക്തി ഈശ്വരകാരുണ്യംകൊണ്ടു മാത്രമേ ഉണ്ടാകൂ; കാമത്തിന്നടിമയായവനിൽ ഈശ്വരകാരുണ്യം എത്താറില്ല.

അപ്പോൾ കാമശാസ്ത്രപഠനത്തിനു നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ എന്തു സ്ഥാനമുണ്ടായിരിക്കണം? അഥവാ അതിന്നതിൽ വല്ല സ്ഥാനവുമുണ്ടോ? കാമശാസ്ത്രം രണ്ടുതരമുണ്ടു്——കാമവികാരത്തെ നിയന്ത്രിക്കുവാനും ജയിക്കുവാനുമുള്ളതും, അതിനെ ഉണർത്തുവാനും പോഷിപ്പിക്കുവാനുമുള്ളതും. ഇതിൽ രണ്ടാമത്തേതിൻെറ അദ്ധ്യാപനം ദ്രോഹകരവും ആപൽക്കരവും തന്നിമിത്തം വർജിക്കപ്പെടുവാൻ മാത്രം യോഗ്യവുമാണെന്നതുപോലെ ആദ്യത്തേതു കുട്ടികളുടെ വിദ്യഭ്യാസത്തിൻെറ ഒരു ഭാഗമാണു്. കാമം മനുഷ്യൻെറ പരമശത്രുവാണെന്നു് എല്ലാ മതങ്ങളും ശരിക്കു കരുതിപ്പോന്നിട്ടുണ്ടു്. കോപത്തിനു് അഥവാ വെറുപ്പിനു രണ്ടാം സ്ഥാനമേയുള്ളു. രണ്ടാമത്തേതു് ആദ്യത്തേതിൻെറ സന്തതിയാണെന്നു ഗീതയിൽ പറയുന്നു. ഗീത കാമശബ്ദത്തെ ആഗ്രഹമെന്ന വിപുലാർത്ഥത്തിലാണ ഉപയോഗിച്ചിട്ടുള്ളതെന്നതിനു സംശയമില്ല. എന്നാൽ ഇവിടെ ഉപയോഗിച്ച പരിമിതാർത്ഥത്തിലും ആ പറഞ്ഞതു് ശരിയാണു്.

എന്നാൽ സന്താനോത്പാദകങ്ങളായ അവയവങ്ങളുടെ ഉപയോഗത്തെയും പ്രവർത്തനത്തെയും സംബന്ധിച്ചുള്ള അറിവു വിദ്യാർത്ഥികൾക്കു നൽകുന്നതു് അഭിലഷണീയമാണോ എന്ന ചോദ്യത്തിനു് ഇതും മറുപടിയായില്ല. ഈ അറിവു കുറെയൊക്കെ നൽകേണ്ടതു ആവശ്യമാണെന്നു് എനിക്കു തോന്നുന്നു. ഇന്നു് ഈ അറിവു് ഏങ്ങനെയെങ്കിലും സമ്പാദിക്കുവാൻ അവരെ വിട്ടിരിക്കുകയാണു്. തൽഫലമായി പല താറുമാറുകളും അവർ ചെയ്തുപോകുന്നുണ്ടു്. കാമവികാരത്തിനുനേരെ കണ്ണടച്ചതുകൊണ്ടു് അതിനെ വേണ്ടതുപോലെ നിയന്ത്രിക്കുവാനോ ജയിക്കുവാനോസാധിക്കുകയില്ല. അതിനാൽ സന്താനോത്പാദനേന്ദ്രിയങ്ങളുടെ പ്രാധാന്യവും

digitized by www .sreyas.in

ശരിയായ ഉപയോഗവും ബാലികാബാലന്മാരെ പഠിപ്പിക്കുന്നതിനെ ശക്തിപൂർവം അനുകൂലിക്കുന്നവനാണു ഞാൻ. എന്റെ ഉത്തരവാദിത്വത്തിൽ പരിശീലനം നൽകേണ്ടിവന്നിരുന്ന ബാലികാബാലന്മാർക്കു് ഈ അറിവു നൽകുവാൻ, എന്റെ സ്വന്തമായ ഒരു രീതിയിൽ, ഞാൻ ശ്രമിച്ചിട്ടുണ്ടു്.

പക്ഷേ, ഏതൊരുതരം ലൈംഗികവിദ്യാഭ്യാസത്തിനുവേണ്ടിയാണോ ഞാൻ വാദിക്കുന്നതു്, അതിന്റെ ഉദ്ദേശ്യം കാമവികാരത്തെ ജയിക്കലും ശുദ്ധീകരിക്കലുമായിരിക്കണം. മൃഗവും മനുഷ്യനും തമ്മിലുള്ള മുഖ്യവ്യത്യാസം കുട്ടികളെ മനസ്സിലാക്കുവാൻ——ബുദ്ധിയുടെയും ഹൃദയത്തിന്റെയും കഴിവുകൾകൊണ്ടു് അനുഗൃഹീതനാവുകയെന്നതു മനുഷ്യന്റെ സവിശേഷഭാഗ്യവും അഭിമാനവുമാണെന്നും, മനുഷ്യനെന്നപദത്തിന്റെ ഉത്പത്തിതന്നെ വ്യക്തമാക്കുന്നതുപോലെ അവൻ വികാരങ്ങളെന്നപോലെതന്നെ വിചാരശീലവും ഉള്ളവനാണെന്നും, തന്നിമിത്തം അന്ധവാസനകളുടെമേൽ ബുദ്ധിക്കുള്ള അധീശത്വം പരിത്യജിക്കുന്നതു മനുഷ്യത്വത്തെത്തന്നെ പരിത്യജിക്കലാണെന്നും അവരെക്കൊണ്ടു ധരിപ്പിക്കുവാൻ——ഇത്തരമൊരു വിദ്യാഭ്യാസം സാച്ഛന്ദം ഉപകരിക്കണം. മനുഷ്യനിൽ ബുദ്ധി വികാരത്തെ ഉത്തേജിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നു. മൃഗത്തിൽ ആത്മാവു സദാ സുപ്തമാണു്. ഹൃദയത്തെ ഉണർത്തുകയെന്നുവച്ചാൽ, സുപ്തമായ ആത്മാവിനെ ഉണർത്തലും നന്മതിന്മകൾ തിരിച്ചറിയാനുള്ള വിവേകം ഉണ്ടാക്കിത്തീർക്കലുമാണു്.

ഈ യഥാർത്ഥ ലൈംഗികശാസ്ത്രം ആർ പഠിപ്പിക്കും? വികാരങ്ങളെ ജയിച്ചവൻ എന്നു സ്പഷ്ടം. ജ്യോതിശാസ്ത്രവും മററും പഠിപ്പിക്കുവാൻ ആ ശാസ്ത്രങ്ങൾ പഠിച്ചവരും അദ്ധ്യാപനകലയിൽ സമർത്ഥരുമായ അദ്ധ്യാപകർ നമുക്കുണ്ടു്. അതുപോലെതന്നെ ലൈംഗികശാസ്ത്രം, അതായതു ലൈംഗികനിയന്ത്രണശാസ്ത്രം, പഠിപ്പിക്കുവാൻ അതു പഠിച്ചവരും ആത്മജയം നേടിയവരും ഉണ്ടാകണം. ആത്മാർത്ഥതയുടെയും അനുഭവത്തിന്റെയും പിൻബലമില്ലാത്ത പ്രഗത്ഭമായ പ്രഭാഷണംപോലും വിചേതനവും നിർജീവവുമാവുകയും ജനഹൃദയങ്ങളിൽ തുളഞ്ഞുകയറുവാനും അവയെ തട്ടിയുണർത്തുവാനും തീരെ കൊള്ളരുതാത്തതാവുകയും ചെയ്യും; എന്നാൽ ആത്മസാക്ഷാൽക്കാരത്തിൽനിന്നും യഥാർത്ഥമായ സ്വാനുഭവത്തിൽനിന്നും ഉത്ഭവിക്കുന്നതാകട്ടെ എന്നും ഫലപ്രദമാണു്.

ഇന്നു നമ്മുടെ ചുററുപാടുകൾ മുഴുവനും നമ്മുടെ വായനയും വിചാരവും സാമൂഹ്യനടപടികളുമൊക്കെ ലൈംഗികപ്രചോദനത്തിനു സഹായകവും വളവുമാണു്. അതിന്റെ വലയം മുറിച്ചുകടക്കുക എളുപ്പമല്ല. എങ്കിലും അത്യന്ത്യ തീവ്രമായ പരിശ്രമം അർഹിക്കുന്ന ഒരു കാര്യമാണതു്. പ്രായോഗികജ്ഞാനമുള്ളവരും മനുഷ്യന്റെ

digitized by www .sreyas.in

പരമധർമമെന്ന നിലയിൽ ബ്രഹ്മചര്യാദർശത്തെ സ്വീകരിക്കുന്നവരും സ്വന്തം ഉദ്യമത്തിൽ നിഷ്കപടവും അനശ്വരവുമായ വിശ്വാസമുള്ളവരും സ്വപ്തരഹിതമായ ജാഗരൂകതയും ഉത്സാഹശീലവും ഉള്ളവരുമായ ഒരു പിടി ഗുരുനാഥന്മാരെ ഉള്ളൂവെങ്കിൽപോലും അവരുടെ പ്രയത്നം ഗുജറാത്തിയിലെ കുട്ടികളുടെ വഴി തെളിക്കുകയും കാമലോലുപതയാകുന്ന ചളിക്കുഴിയിലേക്കു വീഴുന്നതിൽനിന്നു സൂക്ഷ്മദർശികളല്ലാത്തവരെ രക്ഷിക്കുകയും അതിൽ മുങ്ങിക്കഴിഞ്ഞവരെ കരകയററുകയും ചെയ്യും.

## എൻ. അശ്ലീലപരസ്യങ്ങൾ

### 56

ഏററവും അധിക്ഷേപാർഹമായ ഒരു പുസ്തകത്തെപ്പററി പേരുകേട്ട ഒരു പത്രത്തിൽ ചേർത്ത പരസ്യം ഒരു സഹോദരി എനിക്കയച്ചുതന്നിരിക്കുന്നു. കൂട്ടത്തിൽ അവരു എഴുതുകയാണ്:

'....പത്രത്തിൻെറ ഏടുകൾ വായിക്കുമ്പോഴാണ് ഇതോടൊന്നിച്ചയയ്ക്കുന്ന പരസ്യം എൻെറ കണ്ണിൽപ്പെട്ടത്. ഈ പത്രം അങ്ങേയ്ക്കു കിട്ടുന്നുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. അങ്ങേയ്ക്ക് അയയ്ക്കുന്നുണ്ടെങ്കിൽതന്നെ അതു മറിച്ചുനോക്കാനുള്ള സമയംപോലും അങ്ങേയ്ക്കുണ്ടോ എന്നും എനിക്കറിഞ്ഞുകൂടാ. മുമ്പൊരിക്കൽ അശ്ലീലപരസ്യങ്ങളെപ്പററി ഞാൻ അങ്ങയോടു പറകയുണ്ടായി. എന്നെങ്കിലും അങ്ങ് അവയെപ്പററി എഴുതണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ പരസ്യത്തിൽ പറഞ്ഞമാതിരി പുസ്തകങ്ങൾ ഇന്നു കമ്പോളത്തിൽ നിറയുകയാണെന്നതു വളരെ സത്യമാണ്. പക്ഷേ, ഉത്തരവാദപ്പെട്ട പത്രങ്ങൾ അവയുടെ വിൽപ്പന പ്രോത്സാഹിപ്പിക്കണമോ? ഇതൊക്കെ വായിക്കുമ്പോൾ എനിക്കു വല്ലാത്ത അറപ്പുതോന്നുന്നു. അങ്ങേക്കല്ലാതെ മററാർക്കും ഇതിനെപ്പററി എഴുതാൻ എനിക്കു വയ്യ. വ്യക്തമായ ഒരുദ്ദേശ്യത്തോടുകൂടി ഈശ്വരൻ സ്ത്രീക്കു എന്തൊന്നു കൊടുത്തുവോ, അതു ദുരുപയോഗത്തിനായി പരസ്യം ചെയ്യപ്പെടുന്നതു പറഞ്ഞാൽ ഒടുങ്ങാത്തവിധം അധോഗതിക്കു കാരണമാണ്....ഇക്കാര്യത്തിൽ ഇന്ത്യയിലെ ഉത്തരവാദപ്പെട്ട പത്രങ്ങളുടെ ചുമതലയെപ്പററി അങ്ങ് എഴുതുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങയുടെ വിമർശനത്തിനായി അയച്ചുതരുവാൻ എനിക്കു കഴിയുന്ന ആദ്യത്തെ പരസ്യമല്ലിത്.'

പരസ്യം ചെയ്യപ്പെട്ട പുസ്തകത്തിലെ വ്യംഗ്യംനിറഞ്ഞ ഉള്ളടക്കങ്ങളെ കഴിയുന്നത്ര അശ്ലീലമായി ആ പരസ്യത്തിൽ വിവരിച്ചി

56. Harijan, 14-11-1936 (Self-restraint V. Self-indulgence, pp.172-173)

digitized by www .sreyas.in

ടുണ്ടെന്നു പറയുകയല്ലാതെ അതിൽനിന്നൊന്നും ഞാനിവിടെ എടുത്തുചേർക്കുന്നില്ല. അതിന്റെ പേർ 'സ്ത്രീരൂപത്തിന്റെ ലൈംഗികസൗന്ദര്യം' എന്നാണ്. പരസ്യം ചെയ്യുന്ന കച്ചവടക്കാർ വായനക്കാരോടു പറയുന്നു, ഈ പുസ്തകം വാങ്ങുന്നവർക്കു രണ്ടു പുസ്തകം വെറുതെ കൊടുക്കുന്നുവെന്ന്. 'വധുവിനു നൂതനവിജ്ഞാനം,' 'ലൈംഗികാശ്ലേഷം അഥവാ നിങ്ങളുടെ പങ്കാളിയെ എങ്ങനെ സന്തോഷിപ്പിക്കാം'—ഇവയാണ് ആ പുസ്തകങ്ങളുടെ പേർ.

ഇത്തരം പുസ്തകങ്ങൾ പരസ്യം ചെയ്യുന്നവരെ നിയന്ത്രിക്കുവാനോ, സ്വന്തം ഉത്പന്നങ്ങളിൽനിന്നു ലാഭം ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തിൽനിന്നു പത്രാധിപന്മാരെയോ പ്രസാധകന്മാരെയോപിന്തിരിപ്പിക്കുവാനോ എനിക്കുകഴിയുമെന്നു വിശ്വസിച്ചപ്പോൾ,ഒരു പൊളിഞ്ഞ പുല്ലാങ്കുഴലിനെയാണ് അവിടം ആശ്രയിച്ചതെന്നു ഞാൻ ഭയപ്പെടുന്നു. അധിക്ഷേപാർഹങ്ങളായ പുസ്തകങ്ങളോ പരസ്യങ്ങളോ പ്രസിദ്ധീകരിക്കുന്നവരോടു ഞാൻ എത്രതന്നെ അഭ്യർത്ഥിച്ചിട്ടും പ്രയോജനമില്ല. എന്നാൽ ഈ എഴുത്തെഴുതിയ സഹോദരിയോടും പഠിപ്പുള്ള മററു സഹോദരിമാരോടും എനിക്കു പറയാനുള്ളതു അവർ വെളിയിൽ വന്നു പ്രത്യേകമായും സവിശേഷമായും അവരുടേതായ ഈ പണി ചെയ്യണമെന്നാണ്. പലപ്പോഴും ഒരാൾക്കു് ഒരു ചീത്തപ്പേർ നൽകപ്പെടുന്നു. ക്രമേണ അവളോ അവനോ ആ ചീത്തത്തിൽ വിശ്വസിക്കാൻ തുടങ്ങുന്നു. സ്ത്രീയെ അബലജാതിയിലെ അംഗമെന്നു വിളിക്കുന്നതു അപകീർത്തികരമാണ്. ഏതുതരത്തിലാണു സ്ത്രീ അബലയാകുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. പുരുഷന്റെ മൃഗീയസ്വഭാവം അവൾക്കില്ലെന്നോ, പുരുഷനുള്ളിടത്തോളമില്ലെന്നോ ആണ് അർത്ഥമെങ്കിൽ, ആ ആക്ഷേപം സമ്മതിക്കാം. പക്ഷേ, അപ്പോൾ അവൾ അധികം ഉത്ക്കർഷമുള്ളവളായിത്തീരുകയാണ്; അവൾ അങ്ങനെയാണുതാനും. അടിക്കാൻ അവൾക്കു കെൽപ്പില്ലെങ്കിൽ സഹിക്കാൻ കെൽപ്പുണ്ട്. ത്യാഗത്തിന്റെയും അഹിംസയുടെയും മൂർത്തിയാണു സ്ത്രീ എന്നു ഞാൻ പറഞ്ഞിട്ടുണ്ട്. തന്റെ സദാചാരമോ മാനമോ രക്ഷിക്കുന്നതിനു പുരുഷനെ ആശ്രയിക്കാതിരിക്കുവാൻ അവൾ പഠിക്കണം. സ്ത്രീയുടെ സദാചാരത്തെ പുരുഷൻ രക്ഷിച്ചതിന്റെ ഒരൊററ ഉദാഹരണമെങ്കിലും എന്റെ അറിവിലില്ല. ആഗ്രഹമുണ്ടെങ്കിൽത്തന്നെ അവന്നതു സാധ്യമല്ല. രാമൻ തീർച്ചയായും സീതയുടെ സദാചാരം രക്ഷിച്ചില്ല; പഞ്ചപാണ്ഡവന്മാർ ദ്രൗപതിയുടേതും. ഈ രണ്ടു ചാരിത്ര്യവതികളും അവരുടെ സദാചാരത്തെ സ്വന്തം വിശുദ്ധിയുടെ ബലംകൊണ്ടുതന്നെയാണു രക്ഷിച്ചതു്. സ്വന്തം സമ്മതത്തോടുകൂടിയല്ലാതെ ഒരാളുടെയും മാന്യതയോ ആത്മാഭിമാനമോ ചേതപ്പെടുന്നില്ല. ഒരു ദുഷ്ടസ്ത്രീ മയക്കുമരുന്നു കൊടുത്തു പുരുഷനെക്കൊണ്ടു തനിക്കിഷ്ടമുള്ളതെല്ലാം ചെയ്യിച്ചതുകൊണ്ടു പുരുഷന്റെ മാനമോ സദാചാരമോ

digitized by www .sreyas.in

നഷ്ടപ്പെടുന്നതിൽ ഒട്ടുമേറെ ഒരു സ്ത്രീയുടെ മാനവും സദാചാരവും നഷ്ടപ്പെടുന്നില്ല, ഒരു മൃഗം അവളെ ബോധംകെടുത്തി ബലാൽക്കാരത്തിനു ഇരയാക്കിയതുകൊണ്ടു്.

പുരുഷസൗന്ദര്യത്തെ പുകഴ്ത്തുന്നപുസ്തകങ്ങൾ എഴുതപ്പെടുന്നില്ലെന്നതു ആശ്ചര്യകരമാണു്. എന്നാൽ, പുരുഷന്റെ മൃഗീയവാസനയെ ഉണർത്താൻ എന്തിനാണെപ്പോഴും പുസ്തകങ്ങൾ നൽകിയ ഓമനപ്പേരുകൾക്കു ഒത്തവണ്ണം ജീവിക്കുവാൻ അവൾ ഇഷ്ടപ്പെടുകയാണെന്നു വരാമോ? തന്റെ രൂപസൗന്ദര്യത്തെ പുരുഷൻ ദൂഷണം ചെയ്യുന്നതു അവൾക്കിഷ്ടമായിരിക്കുമോ? പുരുഷന്റെ മുമ്പിൽ സുന്ദരിയായി നിൽക്കാൻ അവൾ ഇഷ്ടപ്പെടുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ടു്? അഭ്യസ്തവിദ്യരായ സഹോദരികൾ സ്വയം ചോദിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്ന ചോദ്യങ്ങളാണിവ. ഈ പരസ്യങ്ങളും പുസ്തകങ്ങളും അവൾക്കു വെറുപ്പുണ്ടാക്കുന്നുണ്ടെങ്കിൽ അവർ അവയ്ക്കെതിരായി നിർദയം പൊരുതണം, എന്നാൽ ഒരു നിമിഷം കൊണ്ടു് അവർക്കു അവ നിർത്താം. നമ്മെല്ലു് ഉപകരിക്കുമാറു തന്നിൽ ഉറങ്ങിക്കിടക്കുന്ന ശക്തി സ്ത്രീ മനസ്സിലാക്കിയെങ്കിൽ!—കുചേഷ്ടിതങ്ങൾക്കുള്ള ശക്തിയും അവളിലുണ്ടെങ്കിലും. താൻ ദുർബലയാണെന്നും പുരുഷനു കളിപ്പാവയാകാൻ മാത്രം പററിയവളാണെന്നുമുള്ള വിചാരം വെടിയുമെങ്കിൽ,ഈ ലോകം തനിക്കുംതന്റെ പങ്കാളിക്കും——അച്ഛനോ പുത്രനോ ഭർത്താവോ ആരായാലും——നിവാസയോഗ്യമാക്കാനുള്ള കഴിവു് അവൾക്കുണ്ടു്. രാഷ്ട്രങ്ങൾക്കെതിരെ രാഷ്ട്രങ്ങൾ നടത്തുന്ന ഭ്രാന്തുപിടിച്ച യുദ്ധങ്ങൾകൊണ്ടും അതിലുമേറെ ഭ്രാന്തുപിടിച്ച മട്ടിൽ ആത്മവീര്യത്തിന്റെ അടിത്തറകളിന്മേൽ നടത്തുന്ന യുദ്ധങ്ങൾകൊണ്ടും സമുദായം നശിപ്പിക്കപ്പെടാതിരിക്കണമെങ്കിൽ സ്ത്രീ അവളുടെ കടമ, ചിലർ ചെയ്യാൻ ശ്രമിക്കുന്നതുപോലെ പുരുഷത്വത്തോടു കൂടിയല്ല, സ്ത്രീത്വത്തോടുകൂടി നിർവഹിക്കേണ്ടതായി വരും. മിക്കവരും അനാവശ്യമായി ജീവൻ നശിപ്പിക്കുവാനുള്ള കഴിവിൽ പുരുഷനോടു മത്സരിച്ചതുകൊണ്ടു് അവൾ മനുഷ്യജാതിയെ ഇന്നത്തേക്കാൾ മെച്ചപ്പെടുത്തുകയില്ല. തന്നോടൊപ്പം സ്ത്രീയെയും നശിപ്പിക്കുന്ന തെററിൽനിന്നു നിവർത്തിപ്പാൻ തെററുചെയ്യുന്ന പുരുഷനു താക്കീതു നൽകുക എന്നതു് അവളുടെ അവകാശമായിരിക്കട്ടെ. ഈ വൃത്തികെട്ട പരസ്യം ഏതുവഴിക്കാണു കാററുവീശുന്നതു എന്നു കാണിക്കുന്ന ഒരു വൈക്കോൽകൊടിമാത്രമാണു്. അതു നിർല്ലജ്ജം സ്ത്രീയെ ദൂഷണം ചെയ്യലാണു്. ലോകത്തിലെ കാടവർഗത്തിൽപ്പെട്ട സ്ത്രീയുടെ രൂപസൗന്ദര്യത്തേപ്പോലും അതു വെറുതെ വിടുകയില്ല.

digitized by www .sreyas.in

## 57

അശ്ലീലപരസ്യങ്ങളെക്കുറിച്ചുള്ള എൻെറ ലേഖനം വായിച്ച് ഒരു ലേഖകൻ എഴുതുന്നു:

'അങ്ങു പറഞ്ഞതുപോലെയുള്ള ലജ്ജാവഹങ്ങളായ സംഗതികൾ പരസ്യം ചെയ്യുന്ന പത്രങ്ങളുടെ പേരുകൾ വെളിപ്പെടുത്തുന്നതുതന്നെ അശ്ലീലപരസ്യങ്ങൾ തടയുന്നതിനു വളരെ സഹായമാകും.'

ഈ ലേഖകൻ ഉപദേശിക്കുന്ന പരിശോധകൻെറ പണി ഏറെറടുക്കുവാൻ എന്നെക്കൊണ്ടാവില്ല. എന്നാൽ അതിലും നല്ലൊരു വഴി ഞാൻ പറയാം. പത്രങ്ങളിൽ ആക്ഷേപാർഹങ്ങളായ പരസ്യങ്ങളുണ്ടെങ്കിൽ വരിക്കാർതന്നെ, പൊതുജനമനസ്സാക്ഷി സജീവമാണെങ്കിൽ അവയിലേക്കു ശ്രദ്ധയാകർഷിച്ചുകൊണ്ട് എഴുതി അയയ്ക്കുകയും എന്നിട്ടും ആ അപരാധം നിർത്തിയില്ലെങ്കിൽ വരിസംഖ്യ കൊടുക്കുന്നതു നിർത്തുകയും ചെയ്യാം. അശ്ളീലപരസ്യത്തെപ്പററി എന്നോടു പരാതിപറഞ്ഞ സഹോദരി കുററംചെയ്ത ആ പത്രത്തിൻെറ പത്രാധിപർക്കും എഴുതിയെന്നും. അറപ്പുതോന്നിക്കുന്ന ആ പരസ്യം ആലോചിക്കാതെ ചേർത്തതിന് അദ്ദേഹം ഖേദംപ്രകടിപ്പിച്ചുവെന്നും, ഉടനെ അതു വേണ്ടെന്നുവയ്ക്കാമെന്ന് അദ്ദേഹം ഏററുവെന്നും അറിയുന്നതു വായനക്കാർക്കു സന്തോഷപ്രദമായിരിക്കും. എൻെറ താക്കീതിനു മററു പത്രങ്ങളുടെയും ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നു വായനക്കാരെ അറിയിക്കുവാൻ സാധിക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്. നാഗപ്പൂരിലെ 'നിസ്പൃഹ' എന്ന പത്രത്തിൻെറ പത്രാധിപർ എഴുതുന്നു:

'അശ്ളീലപരസ്യങ്ങളെപ്പററി അങ്ങ് 'ഹരിജ'നിൽ എഴുതിയ ലേഖനം ഞാൻ സശ്രദ്ധം വായിച്ചുവെന്നുമാത്രമല്ല, അതിൻെറ സവിസ്തരമായ വിവർത്തനം 'നിസ്പൃഹ'യിൽ ചേർക്കുകയും ചെയ്തു. ചെറിയൊരു പത്രാധിപക്കുറിപ്പും ഞാൻ കൂട്ടത്തിൽ ചേർത്തിട്ടുണ്ട്.

അത്തരത്തിൽപ്പെട്ട മറെറാരു പരസ്യംകൂടി ഞാനിതൊന്നിച്ചയയ്ക്കുന്നു. അതു അശ്ളീലമല്ലെങ്കിലും ഒരുതരത്തിൽ സദാചാരവിരുദ്ധമാണ്. ഈ പരസ്യം കള്ളപ്പരസ്യമാണെന്നു സ്പഷ്ടം. പൊതുവേ ഗ്രാമീണരാണ് ഇതിന്നിരയായിത്തീരുന്നതു്. ഇത്തരം പരസ്യങ്ങൾ ഞാൻ വേണ്ടെന്നു വച്ചുകഴിഞ്ഞിരിക്കുന്നു, ഈ കക്ഷിയെയും ആ വിവരം അറിയിക്കുന്നുണ്ട്. താൻ അനുവദിക്കുന്ന ലേഖനങ്ങളെയും മററും സംബന്ധിച്ച ഒരു പത്രാധിപർ മേലന്വേഷണം ചെയ്യേണ്ടതാണെങ്കിൽ പരസ്യങ്ങളുടെ മേലന്വേഷണം ചെയ്യേണ്ടതും അദ്ദേഹത്തിൻെറ കടമയാണ്. സാധുഗ്രാമീണരെ ചതിക്കുവാൻവേണ്ടി തൻെറ പത്രം ഉപയോഗപ്പെടുത്തുവാൻ ഒരു പത്രാധിപരും അനുവദിച്ചുകൂടാ.'

---

57. Harijan, 2-1-1937 (Self-restraint V. Self-indulgence, p. 174)

digitized by www .sreyas.in

## അദ്ധ്യായം മൂന്ന്

# ലഹരിവർജനം

## I

### മദ്യനിരോധനം എന്തിന്?

### എ. പരിപൂർണ മദ്യനിരോധനത്തിൻെറ ആവശ്യകത

1

*ഇത്തരം നീതീകരണത്തെ നേരിടാൻ ഞാൻ തയാറാകാതെയല്ല ഇരിക്കുന്നതു്, എങ്കിലും എനിക്കു പശ്ചാത്താപമില്ല. തിരുവിതാംകൂർ ഭരണാധികാരികൾക്കു നിർലോപമായ പ്രശംസ ഞാൻ നൽകിയിട്ടുണ്ടു്. എങ്കിലും അബ്കാരിനയം ഇത്തരം യാതൊരു നീതീകരണവും അനുവദിക്കുന്നില്ല. ഉദ്ധരിച്ച ഭാഗങ്ങൾ ബ്രിട്ടീഷ്ഭരണറിപ്പോർട്ടുകളിൽനിന്നെടുത്ത ഏടുകളാണോ എന്നു തോന്നിപ്പോകും. മദ്യം കളിക്കേണ്ട ഒരു കാര്യമല്ല. മൃദുലവും സുകരവുമായ നയമൊന്നും പോരാ ഈ കൊടിയ തിന്മയെ നേരിടാൻ. പൂർണമായ മദ്യനിരോധനത്തിൽ കുറഞ്ഞ യാതൊന്നിനും ജനങ്ങളെ ആ ശാപത്തിൽനിന്നു മോചിക്കാനാവില്ല.[1]

2

ചിഖ്ളി, ബുൽസാർ എന്നീ താലൂക്കുകളിലെയും ബൻസ്ദാസ്റ്റേററിലെയും 47 ഗ്രാമങ്ങളിൽനിന്നു വന്ന സാക്ഷികൾ കൊടുത്ത തെളിവുകൾ രേഖപ്പെടുത്തിക്കൊണ്ടു കമ്മിററി പതിനെട്ടു ഗ്രാമങ്ങൾ സന്ദർശിച്ചു. ബൻസ്ദായിലെ മഹാരാജാസാഹിബ് തൻെറ ജനങ്ങളിൽ കാണിച്ചുവരുന്ന താൽപര്യത്തെക്കുറിച്ചു് ഉജ്ജ്വലമായ ഒരു വിവരണം നൽകാൻ കമ്മിററിക്കു സാധിച്ചുവെന്നതു ബൻസ്ദാസ്റ്റേററിന് അഭിമാനകരമാണു്. എന്നാൽ മദ്യക്കച്ചവടത്തിൽ നിന്നു വരുമാനമുണ്ടാകേണ്ടതു് ആവശ്യമാണെന്നു മഹാരാജാവു വിചാരിക്കുന്നിടത്തോളംകാലം തൻെറ ജനങ്ങൾക്കായി അദ്ദേഹം നി

1. Young India, 16–4–1925 (Drink, Drugs and Gambling, p. 20)

* കുടിയാകുന്ന തിന്മ ചുരുക്കുവാൻ ഗവർമ്മെണ്ടു് വേണ്ടതെല്ലാം ചെയ്യുന്നുണ്ടെന്നു വാദിച്ചുകൊണ്ടു് ഒരു തിരുവിതാംകൂർകാരൻ അയച്ച എഴുത്തിനു മറുപടിയായി ഗാന്ധിജി എഴുതിയതു്.

2. Young India, 16–6–1927 (Drink, Drugs and Gambling, p. 23)

digitized by www .sreyas.in

സ്സംശയം ചെയ്തുകൊണ്ടിരിക്കുന്ന നന്മയെല്ലാം യഥാർത്ഥത്തിൽ നിഷ്ഫലമാവുകയാണ്. ബൻസ്ദാരാജ്യത്തോടു തൊട്ടുകിടക്കുന്ന മൂന്നു പ്രദേശങ്ങളിൽ—അതായത്, ബ്രിട്ടീഷ്, ഗെയ്ക്വാർ, ധർമപുർ—മദ്യനിരോധനമില്ലെന്ന വസ്തുത, വിജയകരമായ മദ്യനിരോധനനയം നടപ്പിൽവരുത്തുകയെന്ന കാര്യം ബൻസ്ദായ്ക്കു ദുഷ്കരമാക്കിത്തീർക്കുന്നുണ്ടെന്നതിനു സംശയമില്ല. പക്ഷേ, വമ്പിച്ച ത്യാഗവും വമ്പിച്ച നടപടികളും കൂടാതെ വമ്പിച്ച കാര്യങ്ങൾ ചെയ്യാനാവില്ല. പരിപൂർണമായ മദ്യനിരോധനം പ്രഖ്യാപിച്ചു ബൻസ്ദായ്ക്കു നേതൃത്വം വഹിക്കാമെന്നുമാത്രമല്ല, അടുത്ത സ്റ്റേറ്റുകളിൽ മദ്യനിരോധനത്തിനായി പ്രക്ഷോഭണം ആരംഭിക്കുകയുമാകാം. മുഖ്യസംഗതി കുടിയിൽനിന്നുള്ള വരുമാനം ത്യജിപ്പാൻ സന്നദ്ധമാകൽതന്നെയാണ്. കുടി ശീലിച്ച ഗോത്രക്കാരുടെ ഇടയിൽ കുടിക്കെതിരായ തീവ്രമായ പ്രചരണംനടത്താനല്ലാതെ എത്രതന്നെ സ്തുത്യർഹമായ മറ്റൊരാവശ്യത്തിനും ആ വരുമാനം ഉപയോഗിക്കുന്നതല്ലെന്നു തീരുമാനിച്ചുകൊണ്ടു് ഉടൻതന്നെ ഒരാരംഭം കുറിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ ജനങ്ങൾ ഈ ചീത്തശീലം വെടിയണമെന്നു സഗൗരവം ആഗ്രഹിക്കുന്ന ഒരു സ്റ്റേറ്റിനും ഈ ചീത്തത്തം കാട്ടൽ നിയമപ്രകാരം അസാധ്യമാക്കിത്തീർത്തതുകൊണ്ടുമാത്രം സംതൃപ്തമാകാൻ നിവൃത്തിയില്ലെന്നതിനു സംശയമില്ല; ഈ ശീലത്തിന്റെ കാരണങ്ങൾ കണ്ടെത്തുകയും അതു വെടിയുവാൻ അവരെ അഭ്യസിപ്പിക്കുകയുംകൂടി ചെയ്യണം. മദ്യനികുതി സ്വയം വേണ്ടെന്നുവച്ചതുകൊണ്ടു് അവസാനം ഒരു സ്റ്റേറ്റിനും ചേതമുണ്ടാകാൻ പോകുന്നില്ല. ഞാൻ അഭിപ്രായപ്പെട്ട തരത്തിലുള്ള നിർമാണപ്രവർത്തനത്തോടൊപ്പം നടപ്പിൽവരുത്തുന്ന ഏതു മദ്യനിരോധനനയത്തിന്റെയും അനിവാര്യഫലം ജനങ്ങളുടെയും തന്നിമിത്തം സ്റ്റേറ്റിന്റെയും വർദ്ധമാനമായ ഐശ്വര്യത്തിൽ പരിണമിച്ചേ തീരൂ.

## 3

സി. രാജഗോപാലാചാരിയുടെ ഗൃദ്ധ്രദൃഷ്ടി മദ്യമാകുന്ന തിന്മയെപ്പററി അച്ചടിയിൽ വരുന്ന എല്ലാം കാണുന്നു. മറോളീഗ്രാമ*ത്തിൽവച്ചു്—അവിടെ ഈയിടെ ഞാനൊരു നെയ്ത്തുശാലയുടെ ശിലാസ്ഥാപനം നടത്തുകയുണ്ടായി—ഞാൻചെയ്ത വളരെ നിർദോഷമായ ഒരു പ്രസംഗത്തിന്റെ റിപ്പോർട്ടു് അദ്ദേഹം കണ്ടു ഫാക്ടറിത്തൊഴിലാളികളും മദ്യപാനവും തമ്മിലുള്ള ബന്ധം വെളിവാക്കാൻ അവിടെ ഞാൻ ശ്രമിച്ചിരുന്നു; താൻ പിക്കററുചെയ്തിരുന്ന

3. Young India, 25–6–1931 (Drink, Drugs and Gambling, pp. 14–15)

* മറോളി ഗ്രാമം തെക്കു് സൂറത്തിൽനിന്നു് ഏതാണ്ടു് 12 നാഴിക അകലെയുള്ള ഒരു ചെറിയ ഗ്രാമമാണ്.

digitized by www .sreyas.in

മദ്യഷാപ്പുകളിൽ വരാതായ ആളുകളെ എന്നന്നേയ്ക്കുമായി കുടിയിൽനിന്നു പിൻതിരിപ്പിക്കണമെങ്കിൽ അവർക്കു ജീവിതത്തിൽ എന്തെങ്കിലും ഉൽക്കർഷേച്ഛ ഉണ്ടാകേണ്ടതാണെന്നു് അവരുടെ ഒഴിവുസമയത്തിലേക്കു എന്തെങ്കിലും ജോലി കണ്ടുപിടിക്കേണ്ടതാണെന്നു്, മദ്യനിരോധനജോലി ചെയ്യുന്നതിനിടയിൽ മിത്തുബഹൻപെററിററ് എങ്ങനെ കണ്ടെത്തിയെന്നു ഞാൻ പറയുകയുണ്ടായി. കൈകൊണ്ടുള്ള നൂൽപ്പും നെയ്ത്തും പററിയ പണിയാണെന്നു് അവർ (പെററിററ്) എങ്ങനെ മനസ്സിലാക്കിയെന്നും ഞാൻ വെളിവാക്കുകയുണ്ടായി. അമിതപ്രയത്നം ചെയ്യേണ്ടിവരികയാണെങ്കിൽ ആളുകൾക്കു എന്തെങ്കിലും ഉത്തേജകസാധനങ്ങൾ വേണ്ടിവരുമെന്നു കാണിക്കാനും ഞാൻ ശ്രമിച്ചു; ഇതിനു ഉദാഹരണമായി എന്റെ ജീവിതത്തിൽനിന്നു് ഒരനുഭവം ഞാൻ എടുത്തുകാട്ടി; ബോവർ യുദ്ധകാലത്തു കുടിശീലിച്ച ചുമട്ടുകാർക്കു പട്ടാളക്കലവറയിൽനിന്നു മദ്യറേഷൻ കൊടുക്കേണ്ട ചുമതല എനിക്കുണ്ടായിരുന്നു; ഇവർ മദ്യം കിട്ടാൻ എന്നോടു കെഞ്ചുക പതിവാണു്, ക്ഷീണം സഹിക്കാനും പിറേറന്നു യാത്ര തുടരുവാനും മദ്യം തങ്ങളെ സമർത്ഥരാക്കുമെന്നു് ഇവർ പറയാറുണ്ടായിരുന്നു. ഇതു് അന്ധവിശ്വാസമായിരുന്നുവെന്നതിനു സംശയമില്ല. പക്ഷേ, അന്ധവിശ്വാസങ്ങൾ എളുപ്പത്തിൽ നശിക്കില്ല.

താൻ വായിച്ച ആ റിപ്പോർട്ടു മദ്യനിരോധനത്തിന്റെ എതിരാളികൾക്കു അനുകൂലമായ എല്ലാത്തരം അർത്ഥങ്ങളും കിട്ടത്തക്കവണ്ണം ദുർവ്യാഖ്യാനം ചെയ്യപ്പെട്ടുമെന്നു രാജഗോപാലാചാരി ഭയപ്പെട്ടു. അദ്ദേഹത്തിന്റെ ഭയം നീതീകരിക്കപ്പെട്ടിരിക്കുന്നു. സ്വബോധത്തിലേക്കുള്ള എന്റെ പരിവർത്തനത്തിനു അമ്പരപ്പിക്കുന്ന അനുമോദനങ്ങൾ എനിക്കു ലഭിച്ചിരിക്കുന്നു. എന്നിൽ ആരോപിതമായ ആ പരിവർത്തനത്തെപ്പററി എനിക്കൊന്നുമറിഞ്ഞുകൂടാ എന്നതുകൊണ്ടാണു് അവ എന്നെ അമ്പരപ്പിക്കുന്നതു്. മരിച്ചുവെന്നു് അസത്യമായി റിപ്പോർട്ടു ചെയ്യപ്പെട്ടു സ്വന്തം മരണവൃത്താന്തം വായിക്കുകയും തനിക്കുണ്ടെന്നു താനറിഞ്ഞിട്ടില്ലാത്ത സൽഗുണങ്ങൾ ഉള്ളതായി അറിഞ്ഞു ലജ്ജിക്കുകയും ചെയ്യുന്ന ഒരാളെപ്പോലെ തോന്നുന്നു എനിക്കു്.

അതിനാൽ ഇനിയും വലിയ കുണ്ടിൽ ചെന്നുചാടുന്നതിനുമുമ്പു പരിപൂർണമായ മദ്യനിരോധനത്തിലുള്ള എന്റെ വിശ്വാസം ഞാൻ പുനഃപ്രഖ്യാപനം ചെയ്യട്ടെ. ഇന്ത്യയുടെ മുഴുവൻ ഏകാധിപതിയായി ഒരു മണിക്കൂർനേരത്തേക്കു ഞാൻ നിയമിക്കപ്പെട്ടെങ്കിൽ ഞാൻ ചെയ്യുന്ന ഒന്നാമത്തെ കാര്യം പ്രതിഫലംകൊടുക്കാതെ എല്ലാ മദ്യഷാപ്പുകളും അടച്ചിടുകയും, ഗുജറാത്തിൽ എനിക്കറിയാവുന്നമാതിരിയുള്ള എല്ലാ പനമരങ്ങളും നശിപ്പിക്കുകയും മനുഷ്യോചിത

digitized by www .sreyas.in

മായ ചുററുപാടുകൾ തങ്ങളുടെ തൊഴിലാളികൾക്കായി ഉണ്ടാക്കുവാനും അവക്കു നിർദ്ദോഷങ്ങളായ പാനീയങ്ങളും അത്രതന്നെ നിർദ്ദോഷങ്ങളായ വിനോദങ്ങളും കിട്ടുന്ന ഭക്ഷണശാലകളും വിനോദശാലകളും തുറക്കുവാനും ഫാക്ടറിഉടമകളെ നിർബന്ധിക്കുകയുമായിരിക്കും. ഫണ്ടില്ലെന്നു ഉടമകൾ വാദിച്ചാൽ ഞാൻ ഫാക്ടറികൾ പൂട്ടിയിടും. ഒരുമണിക്കൂർനേരത്തെ ഏകാധിപത്യം കിട്ടിയാലും ലഹരിസാധനങ്ങൾ വർജിച്ചവനാകകൊണ്ടു ഞാനെന്റെ തന്റേടം നിലനിർത്തും; തന്നിമിത്തം ബ്രാണ്ടിയുംമററും ഔഷധമായി ആവശ്യമുള്ള എന്റെ യൂറോപ്യൻ സ്നേഹിതന്മാരെയും രോഗികളെയും സ്റേററു ചെലവിൽ വൈദ്യവിദഗ്ദ്ധന്മാരെക്കൊണ്ടു പരിശോധിപ്പിക്കും; എന്നിട്ട് അധികാരപ്പെടുത്തിയ മരുന്നുവിൽപ്പനക്കാരിൽനിന്ന് ആ ആഗ്നേയദ്രാവകങ്ങളുടെ നിശ്ചിത അളവു ലഭിക്കുവാൻ അവകാശമുണ്ടാക്കുന്ന സർട്ടിഫിക്കററുകൾ ആവശ്യമുള്ളവർക്കു കൊടുക്കുകയും ചെയ്യും. ഈ ചട്ടം ആവശ്യമുള്ള മാററങ്ങളോടുകൂടി ലഹരിയുണ്ടാക്കുന്ന മരുന്നുകൾക്കും ബാധകമായിരിക്കും.

4

ബോംബെയിലെ ആർച്ച് ബിഷപ്പ് ഒരെഴുത്തും മദ്യനിരോധനത്തിനെതിരായി താൻ റോട്ടറിക്ലബ്ബിൽ ചെയ്ത പ്രസംഗത്തിന്റെ ഒരു പകർപ്പും സദയം എനിക്കയച്ചുതന്നിരിക്കുന്നു. അവയുടെ കർത്താവ് അർഹിക്കുന്ന ബഹുമാനത്തോടും ശ്രദ്ധയോടുംകൂടി രണ്ടും ഞാൻ വായിച്ചു.

അദ്ദേഹത്തിന്റെ എഴുത്തുംപ്രസംഗവും സശ്രദ്ധം പരിശോധിച്ചതിൻഫലമായി മുഖ്യമായി എനിക്കുതന്നെ ഉത്തരവാദിത്വമുള്ള ഒരു ന്യൂനത വെളിവായിരിക്കുന്നു. ബോംബെഗവർമെന്റും മന്ത്രിസഭകളെ കോൺഗ്രസ്സ് നിയന്ത്രിക്കുന്ന മററു സംസ്ഥാനഗവർമെന്റുകളും മദ്യവ്യാപാരത്തെ സംബന്ധിച്ചു ചെയ്യുന്നതിനെ അടിസ്ഥാനമാക്കി നോക്കുമ്പോൾ മദ്യനിരോധനമെന്ന വാക്കു നിരർത്ഥശബ്ദമാണ്. ഈ ഗവർമെന്റുകൾ യഥാർത്ഥത്തിൽ ചെയ്യുന്നതു മദ്യപാനം നിരോധിക്കലല്ല, പൂർണമായി ഗവർമെന്റിന്റെ നിയന്ത്രണത്തിലുള്ള മദ്യഷാപ്പുകൾ അടച്ചിടലാണ്. ഷാപ്പുടമകൾക്കു പ്രതിവർത്തം ലഭിക്കുന്നതൊഴിച്ചു വേറെ നിയമപരമായ സംരക്ഷണമൊന്നുമില്ല. ഓരോ മദ്യഷാപ്പുടമസ്ഥുമറിയാം തന്റെ ലൈസൻസ് അടുത്തകൊല്ലം പുതുക്കപ്പെട്ടേക്കാനിടയില്ലെന്ന്. നാടൻമദ്യത്തിന്റെ അഥവാ കള്ളിന്റെ ലൈസൻസാണ് അയാളുടെപക്കലുള്ളതെങ്കിൽ അവ ഓരോ കൊല്ലവും ലേലംവിളിക്കപ്പെടുന്നവയാകകൊണ്ടു ലേലത്തിൽ അയാൾ വിളിക്കുന്നതിൽ കവിഞ്ഞ സംഖ്യക്കു വിളി

4. Harijan, 17–6–1939 (Drink, Drungs and Gambling, pp. 45–46)

ക്കാൻ ആളുണ്ടായെന്നുപോലും വരാം. അതിനാൽ ലൈസൻസ് കിട്ടിയവർക്ക് അവരുടെ ലൈസൻസുകളിൽ അവയുടെ ആണ്ടിനപ്പുറമുള്ള കാലത്തേക്ക നീണ്ടുനില്ക്കുന്ന സ്ഥാപിതതാൽപര്യമൊന്നുമില്ല. ഇക്കാലത്തുള്ള താൽപര്യംപോലും അവരെ നിയന്ത്രിക്കാനായുണ്ടാക്കിയ കൎശവ്യവസ്ഥകൾക്ക വിധേയമായിരിക്കും. തന്നിമിത്തം മദ്യലൈസൻസുകൾ വേണ്ടെന്നുവയ്ക്കാനുള്ള നിയമം 'അധികാരമുള്ള അധികൃതന്മാർ സമുദായത്തിനുവേണ്ടി ഉണ്ടാക്കി നടപ്പിൽവരുത്തിയ പൊതുനന്മയ്ക്കുവേണ്ടിയുള്ള വിവേകപൂർവമായ ഓർഡിനൻസ്' ആണെന്നു ഞാൻ അവകാശപ്പെടുന്നു. കുടിയനു് ആപൽകരമാണെന്നു ഗവർമെൻറു കരുതുന്ന പ്രലോഭനം അഥവാ സൗകര്യം ഔഷധാവശ്യങ്ങൾക്കൊഴിച്ച് അവയിൽനിന്നു നീക്കംചെയ്യുക എന്നതുമാത്രമാണു ഗവർമെൻറു ചെയ്യുന്നതു്.

. ഈ (ലൈസൻസ്) നിർമൂലന നിയമനിർമാണം നടത്താൻ അധികൃതരെ പ്രേരിപ്പിക്കുന്നതിനു നിസ്സഹകരണത്തിൻെറ കാലത്തുപോലും ശ്രമങ്ങളുണ്ടായി. അവരെല്ലാം ഒരുപോലെ വാദിച്ചതു സാമ്പത്തികമായ കഴിവുകേടാണു്; ഗവർമെൻറിനാൽ മദ്യം നൽകപ്പെടുവാൻ ജനങ്ങൾക്കുള്ള അവകാശത്തിൽ ചെലുത്തുന്ന ഇടപെടൽ എന്നു പറയപ്പെടുന്നതിൻെറ അനൗചിത്യത്തെപ്പററി ആരും വാദിക്കുകയുണ്ടായില്ല. മദ്യനികുതിയിലുണ്ടാകുന്ന കുറവുകൊണ്ടുള്ള നഷ്ടം നികത്തുവാൻ മററു നികുതികൾ ചുമത്തുന്നതിനു ഞാൻ സഹായിക്കുമെങ്കിൽ താൻ ഉടനെ മദ്യനിരോധനം നടപ്പിൽ വരുത്താമെന്നുതന്നെ ഒരു മന്ത്രി എന്നോടു പറയുകയുണ്ടായി. നികുതിക്കുവേണ്ടി മാത്രമാണു് ഈ പരിഷ്കാരം വിളംബപ്പെടുത്തിയിട്ടുള്ളതെന്ന കാര്യം പരസ്യമായൊരു രഹസ്യമാണു്. മററു വാക്കുകളിൽ നികുതി കിട്ടാൻവേണ്ടി കുടിക്കാൻ ജനങ്ങൾ പ്രലോഭിപ്പിക്കപ്പെട്ടിരിക്കുന്നു. അവീൻകച്ചവടത്തിൻെറ ഇരുണ്ട ചരിത്രം ഈ പ്രസ്താവനയുടെ സത്യം തെളിയിക്കുന്നു.

വ്യക്തിസ്വാതന്ത്ര്യത്തിൻെറ പേരിൽ സംസാരിക്കുന്നവർക്കു് അവരുടെ ഇന്ത്യയെ അറിഞ്ഞുകൂടാ, കുടിക്കാനുള്ള സൗകര്യങ്ങൾ ഗവർമെൻറിൽനിന്നു് ആവശ്യപ്പെടുവാൻ ഉള്ളിടത്തോളംതന്നെ അവകാശം, ഒരാൾക്ക തൻെറ കാമവികാരത്തിൻെറ സംതൃപ്തിക്കു കുലടകളെ കൊടുക്കണമെന്നാവശ്യപ്പെടുവാനുമുണ്ടു്. കുടിയിൽ തങ്ങൾക്കുള്ള മിതശീലത്തെപ്പററി അഭിമാനിക്കുന്നവർ ഞാൻ എടുത്തുചേർത്ത ഉദാഹരണംകൊണ്ടു വേദനിച്ചതായി കരുതപ്പെടുന്നില്ലെന്നു ഞാൻ ആശിക്കുന്നു. ഈ രാജ്യത്തിൽ ദുർവൃത്തികൾ തടയുവാൻ നിയമനിർമാണം നടത്തുന്ന പതിവു നമുക്കില്ല. എന്നാൽ ജർമനിയെപ്പോലുള്ള രാജ്യങ്ങളിൽ തങ്ങളുടെ സദാചാരം വില്ക്കുന്ന സ്ത്രീകളുടെ പാർപ്പിടങ്ങൾക്ക ലൈസൻസ് നൽകപ്പെടുന്നുണ്ടു്. ആ ദുഷ്

കീർത്തിനിലയങ്ങൾക്കോ, മദ്യശാലകൾക്കോ ഏതിനു ലൈസൻസ് കൊടുക്കാതിരുന്നാലാണ് അധികം എതിർപ്പുണ്ടാവുകയെന്ന് എനിക്കറിഞ്ഞുകൂടാ. സ്ത്രീ സ്വന്തം അന്തസ്സ് മനസ്സിലാക്കുമ്പോൾ തന്റെ സദാചാരം വിൽക്കാൻ കൂട്ടാക്കാതാവും; സ്വജാതിയുടെ അഭിമാനത്തെക്കുറിച്ചു ശ്രദ്ധയുള്ള സ്ത്രീകൾ നിയമാനുസൃതമായ വ്യഭിചാരം നിഷ്കാസനം ചെയ്യപ്പെടുവാൻ സ്വർഗവും ഭൂമിയും പിടിച്ചുലക്കും. ആരുടെ ഏക ഉപജീവനമാർഗം ഈ തൊഴിലിനെ ആശ്രയിച്ചു നിൽക്കുന്നുവോ ആ കുലടകൾക്കും അവരുടെ ആശ്രിതർക്കും ഈ നിഷ്കാസനം കഷ്ടമാകുമെന്ന് അപ്പോൾ വാദിക്കപ്പെടുമോ?

## 5

*ഈ ലേഖകന്റെ വിമർശനം മനസ്സിലാക്കാനും സ്വീകരിക്കാനും മൊത്തത്തിൽ എനിക്കു പ്രയാസമില്ല. എന്നാൽ ആ എഴുത്തു ഞാൻ മൂന്നു തവണ വായിച്ചുവെങ്കിലും ആ വാദം മനസ്സിലാക്കാൻ എനിക്കു സാധിച്ചില്ലെന്നു ഞാൻ സമ്മതിച്ചുകൊള്ളട്ടെ.

ഉദ്ദിഷ്ടമായ ആ ഒഴിവാക്കൽ എന്തുകൊണ്ടാണ് അഹിംസയുടെയോ സത്യത്തിന്റെയോ സാരത്തിനു വിപരീതമാകുന്നത്? ലേഖകൻ അതിൽ കാണുന്ന മോശമായ യുക്തിപോലും ഞാൻ കാണുന്നില്ല. ജീവനുള്ള സത്തകളെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ ശുഷ്കമായ ന്യായവാദരീതി മോശമായ യുക്തിയിലേക്കു മാത്രമല്ല, ചിലപ്പോൾ വിനാശകരമായ യുക്തിയിലേക്കുകൂടി നയിക്കുന്നു. ലഘുവായ ഒരു ഘടകംപോലും വിട്ടുകളഞ്ഞാൽ,—മനുഷ്യരുടെ ഇടപാടുകളിലേക്കു കടന്നുകൂടുന്ന എല്ലാ ഘടകങ്ങളുടെമേലും നിങ്ങൾക്കു ഒരിക്കലും നിയന്ത്രണമില്ല—നിങ്ങളുടെ നിഗമനം തെററായെന്നു വരാം. തന്നിമിത്തം പരമസത്യത്തിൽ നിങ്ങൾ ഒരിക്കലും എത്തുന്നില്ല. സ്ഥൂലനിർണയത്തിലേ എത്തുന്നുള്ളൂ, അതു നിങ്ങളുടെ ഇടപാടുകളിൽ നിങ്ങൾ അതീവ ശ്രദ്ധാലുവാണെങ്കിൽ മാത്രം.

വാസ്തവത്തിൽ അഹിംസയിലും സത്യത്തിലുമുള്ള എന്റെ ബഹുമാനമാണു യൂറോപ്യന്മാരെ ഒഴിവാക്കുന്നതിനെക്കുറിച്ചു എന്നെക്കൊണ്ട് ആലോചിപ്പിച്ചതു്. എന്തുകൊണ്ടെന്നാൽ കുടി തിന്മയാണെന്ന ഒരു സാർവലൗകികനിയമം എല്ലാ മനുഷ്യർക്കും എല്ലാ കാലത്തേക്കുമായി നിശ്ചയിക്കുവാൻ ഞാൻ അപ്രാപ്തനാണ്

5. Harijan, 14–8–1937 (Drink, Drugs and Gambling, pp. 32–33)

* മദ്യനിരോധനത്തിൽനിന്നു യൂറോപ്യന്മാരെ ഒഴിവാക്കുന്നതു് അഹിംസയ്ക്കും സത്യത്തിനും എതിരാണെന്നു വാദിച്ചുകൊണ്ട് ഒരു സ്നേഹിതൻ അയച്ച എഴുത്തിനു മറുപടിയായി ഗാന്ധിജി എഴുതിയതു്.

digitized by www .sreyas.in

അതി ശീതമേഖലയിൽ അത്യാവശ്യമാണെന്നു കരുതാൻ എനിക്കു കഴിയും. തന്നിമിത്തം ഓരോ ഭക്ഷണസമയത്തും നിശ്ചിത അളവിൽ മദ്യം ദോഷമല്ലെന്നുമാത്രമല്ല ആവശ്യമാണെന്നുകൂടി വിചാരിക്കുന്ന യൂറോപ്യന്മാർക്കെതിരായി ഞാൻ മദ്യനിരോധനം വച്ചു കെട്ടുന്നതു മനസ്സിരുത്തിയിട്ടുവേണം. പൊതുവേ ഇന്ത്യയിൽ ചെയ്യുന്നതുപോലെ യൂറോപ്യൻ സമുദായത്തിൽ കുടി ഒരു ദുർവൃത്തിയായി കരുതപ്പെടുന്നില്ല. തന്മൂലം, മര്യാദയെ (അഹിംസയുടെ ഒരു ഭാവം) അടിസ്ഥാനമാക്കിപ്പോലും ഞാൻ തങ്ങൾ കുടിയേറിപ്പാർത്ത രാജ്യത്തിലെ ആചാരത്തെ മാനിക്കുന്ന കാര്യം അവരുടെ മാന്യതയ്ക്കു വിട്ടുകൊടുക്കും.

യൂറോപ്യന്മാർ അനുഭവിക്കുന്ന ഭേദഗതിചെയ്ത രൂപത്തിലുള്ള സ്വാതന്ത്ര്യം, ആവശ്യം തെളിയിക്കപ്പെട്ടാൽ, മററു രാജ്യക്കാർക്കും അനുവദിക്കുന്നതിന്റെ യുക്തി ഞാൻ സസന്തോഷം സ്വീകരിക്കും. മെഡിക്കൽ സർട്ടിഫിക്കററുവകുപ്പിന്റെ കീഴിൽ വളരെയേറെ ഇന്ത്യക്കാരെയും ഉൾപ്പെടുത്തേണ്ടതു് ആവശ്യമായിത്തീർന്നേക്കും.

എന്നെ സംബന്ധിച്ചിടത്തോളം മദ്യപാനപ്രശ്നം വളർന്നുവരുന്ന ഒരു സാമൂഹ്യദോഷത്തെ നേരിടുന്ന കാര്യമാണു്; അവസരം കിട്ടുമ്പോൾ അതിനെ തടയാൻ വേണ്ടതു ചെയ്യാൻ ഗവർമെൻറു നിർബന്ധമാണു്. ഉന്നം സ്പഷ്ടമത്രേ. തൊഴിലിളികളെയും ഹരിജനങ്ങളെയും ഈ ശാപത്തിൽനിന്നു മോചിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നു. ഇതൊരു ഗംഭീരപ്രശ്നമാണു്. മദ്യപാനശീലം തിരോഭവിക്കുന്നതിനുമുമ്പു് എല്ലാ സാമൂഹ്യപ്രവർത്തകരുടെയും ——വിശിഷ്യ സ്ത്രീകളുടെ——മികച്ചകഴിവുകൾ അങ്ങേയററം പരീക്ഷിക്കപ്പെടും. ഞാൻ സൂചിപ്പിച്ച മദ്യനിരോധനം (സിസ്സംശയം അനുപേക്ഷണീയമായ) സമുദായപരിഷ്കരണത്തിന്റെ പ്രാരംഭം മാത്രമാണു്. തന്നെ പ്രലോഭിപ്പിക്കുവാൻ സ്വന്തം പുരസ്കരിച്ചു മദ്യഷാപ്പുള്ളിടത്തോളംകാലം കുടിയനെ സമീപിക്കുവാൻ നമുക്കു കഴികയില്ല. തന്റെ മുമ്പിലുള്ള തുറന്നുവച്ച പലഹാരപ്പെട്ടി നീക്കം ചെയ്യാതെ മധുരപലഹാരങ്ങൾ ഒരു കുട്ടി——അല്ല, പ്രായം തികഞ്ഞവൻ തന്നെ——തൊടുന്നതു വേണമെങ്കിൽ നമുക്കു് ഇതുപോലെ തടഞ്ഞുനോക്കാം.

6

ഒരു ലേഖകൻ എഴുതുന്നു:

'ഇവിടെ നാസിക്കിൽ ഒരു പോലീസ് ട്രെയിനിംഗ് സ്കൂളുണ്ടു്. പോലീസ് ഉദ്യോഗസ്ഥന്മാർ സൃഷ്ടിക്കപ്പെടുന്നതു് ഈ

6. Harijan, 5-11-1938 (Drink, Drugs and Gambling, p. 42)

digitized by www .sreyas.in

സ്കൂളിലാണ്. പൊതുവായ ഒരടുക്കളയിൽനിന്ന് അവർ ഭക്ഷണം കഴിക്കണമെന്നു പ്രതീക്ഷിക്കപ്പെടുന്നു; ഇറച്ചിയും വീഞ്ഞും കഴിക്കുവാൻ അവർ നിർബദ്ധരാണ്. ഇറച്ചി തിന്നുന്ന കാര്യം പോകട്ടെ; പോലീസ് ഉദ്യോഗസ്ഥന്മാരെ വീഞ്ഞുകുടിക്കാൻ പരിശീലിപ്പിക്കുന്നതു ഗവർമെൻറിൻെറ മദ്യനിരോധനനയത്തിന് എത്രമാത്രം അനുയോജ്യമാണ്? മദ്യനിരോധനപ്രവർത്തനത്തിൽ പങ്കെടുക്കുവാൻ ഈ ഉദ്യോഗസ്ഥന്മാരോട് ആവശ്യപ്പെട്ടേക്കാം. ഇറച്ചിതിന്നലും വീഞ്ഞുകുടിക്കലും ഈ സ്കൂളിൽ നിർബന്ധമാണെന്ന് ഒരുപക്ഷേ, (അങ്ങ്) അറിയുന്നുപോലുമില്ല.'

ഈ നിർബന്ധത്തെക്കുറിച്ചുള്ള അജ്ഞത ഞാൻ സമ്മതിക്കുക തന്നെവേണം. എൻെറ ലേഖകൻെറ എഴുത്തിൽ കാണുന്ന ഉറപ്പുമാത്രമാണ് ഈ എഴുത്തു പ്രസിദ്ധീകരിക്കാൻ എന്നെ പ്രേരിപ്പിച്ചതു്. ഈ വിവരം ശരിയാണെങ്കിൽ ഇറച്ചിതിന്നലും വീഞ്ഞുകുടിക്കലും പോലീസ് ഉദ്യോഗസ്ഥൻെറ പരിശീലനത്തിൽ ആവശ്യമായി കരുതപ്പെടുന്നുവെന്നതു് പൈശാചികമാണ്. ഈ ചട്ടം സസ്യഭുക്കുകളേയും കുടിക്കാത്തവരേയും പോലീസ് ഉദ്യോഗസ്ഥന്മാർക്കുള്ള പരിശീലനത്തിൽനിന്നു പുറംതള്ളുന്നു. പതിനായിരക്കണക്കിൽ ആളുകൾ മതാനുശാസനംകൊണ്ടു സസ്യഭുക്കുകളായ ഒരു രാജ്യത്തിൽ ഇതു വല്ലാത്തൊരനീതിയാണ്. ഈ വിവരം ശരിയല്ലെന്നും ശരിയാണെങ്കിൽ ഈ രൂക്ഷമായ അബദ്ധം വിളംബമെന്നിയേ തിരുത്തപ്പെടുമെന്നും ആശിക്കാനേ എനിക്കു കഴിയൂ.

## 7

ചിലർ മനഃപൂർവമോ അല്ലാതെയോ, പുളിപ്പിച്ച കള്ള് ഞാൻ അംഗീകരിക്കുന്നുവെന്ന ആക്ഷേപം, എന്നിൽ ആരോപിക്കുന്നു. ലഹരിയുള്ള എല്ലാ പാനീയങ്ങൾക്കും മരുന്നുകൾക്കും നിരോധനം ഒരുപോലെ ബാധകമാണെന്നു ഞാൻ തികച്ചും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ,പുളിപ്പിച്ച കള്ളിനെ പൂർണമദ്യനിരോധനത്തിൻെറ യാതൊരു പദ്ധതിയിലും പൊറുപ്പിച്ചുകൂടാ. എന്നാൽ ഞാൻ പറഞ്ഞിട്ടുള്ളതും ആവർത്തിക്കുന്നതും 'നീര' എന്നു വിളിക്കപ്പെടുന്ന പുളിപ്പിക്കാത്ത മധുരക്കള്ള നിരോധിക്കരുതെന്നും, പുളിപ്പിച്ച കള്ളിനുപകരം അതു കുടിക്കുന്നതു പ്രോത്സാഹിപ്പിക്കപ്പെടണമെന്നുമാണ്. ഇതെങ്ങനെ ചെയ്യണമെന്നു മദ്യനിരോധനത്തിൻെറ ചുമതലയുള്ള മന്ത്രിമാരാണ് തീരുമാനിക്കേണ്ടതു്.

7. Harijan, 3-10-1937 (Drink, Drugs and Gambling, p. 39)

digitized by www .sreyas.in

8

മദ്യനിരോധനപ്രസ്ഥാനത്തിനെതിരെ പാഴ്സിസുഹൃത്തുക്കൾ ഉന്നയിച്ചിട്ടുള്ള പതിന്നാലു കാര്യങ്ങളിൽ അസാധാരണമായ ഈ ഖണ്ഡിക കാണുന്നു:

'നീര', പുളിപ്പിക്കാത്ത മധുരക്കള്ള്, കുടിക്കാൻ മഹാത്മജി പാഴ്സികളെ പ്രേരിപ്പിക്കുന്നു. പക്ഷേ, പാഴ്സികൾക്കറിയാം നീരയുടെ ഗുണങ്ങൾ എന്തെല്ലാമാണെന്ന്. മാത്രമല്ല, ഈ 'നീര' പാനപരീക്ഷണം, വൃക്ഷനികുതികൂടാതെ, ബ്രിട്ടീഷ്ഗവർമെൻറു നടത്തിനോക്കിക്കഴിഞ്ഞതാണ്; ജലദോഷം, വായുമുട്ട്, അതിസാരം മുതലായവയുണ്ടാക്കുന്നുവെന്ന കാരണത്താൽ അതു പരാജയപ്പെട്ടുപോയി, മഹാത്മജിയുടെ സെഗാവ് ആശ്രമത്തിലും അതു പരീക്ഷിച്ചുനോക്കിക്കഴിഞ്ഞു; ആപൽക്കരങ്ങളായ ഫലങ്ങളാണ് അവിടെ കണ്ടത്.'

ഗവർമെൻറ് എന്താണു പരീക്ഷിച്ചുനോക്കിയതെന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ നീര പരീക്ഷിച്ചുനോക്കുന്നവർക്ക് അതെന്താണു ചെയ്യുന്നതെന്ന്, ചെയ്തിട്ടുള്ളതെന്ന് എനിക്കറിയാം. സെഗാവ് ആശ്രമത്തിലെ പരീക്ഷണം പരാജയപ്പെട്ടുവെന്നും അതു ആപൽക്കരങ്ങളായ ഫലങ്ങളാണുളവാക്കിയതെന്നും പറയുന്നതു തീരെ തെററാണ്. ലേഖകൻ ആരോപിച്ച ചീത്തഫലങ്ങളിൽ ഏതെങ്കിലും അതുളവാക്കിയതായി ഒരിക്കലും അറിഞ്ഞിട്ടില്ല. നേരെമറിച്ച് ഇപ്പോഴും അതു സെഗാവ് ആശ്രമത്തിൽ കുടിച്ചുപോരുന്നുണ്ട്, അവരുടെ ആരോഗ്യത്തിനു നേട്ടമായിട്ടുതന്നെ. എന്നല്ല, അതു സിറപ്പോ ചക്കരയോ ആക്കി മാററപ്പെടുന്നു; ആ നിലയിൽ ഞാനും മററു വളരെപ്പേരും മിക്കവാറും ദിവസേന അതു് ഉപയോഗിക്കുന്നുണ്ട്. ചക്കരയായിട്ട് അതു വൻതോതിൽ വില്ക്കപ്പെടുന്നുമുണ്ട്. കരിമ്പുശർക്കരയെക്കാൾ മധുരക്കുറവു കാരണം അതാണ് അധികം ഇഷ്ടപ്പെടുന്നതു്. വാർദ്ധയിൽ, സെഗാവിലല്ല, ഉണ്ടായ മരണങ്ങളെക്കുറിച്ചാണെങ്കിൽ, നീര കുടിച്ചതുകൊണ്ടല്ല വിഷൂചികകൊണ്ടാണ് മരണങ്ങളുണ്ടായതെന്ന് അന്വേഷണങ്ങൾ വ്യക്തമായി തെളിയിച്ചിരിക്കുന്നു. ആ മരണങ്ങൾക്കും നീരയ്ക്കും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടെന്നു സ്ഥാപിക്കുവാൻ യാതൊന്നും തെളിയിക്കപ്പെട്ടിട്ടില്ല; നീര കുടിക്കാതെ ആ രോഗികൾക്കു വിഷൂചിക പിടിപെട്ടുവെന്നു വിചാരിക്കുക; എന്നാൽ അവർ കഴിച്ച സാധാരണഭക്ഷണമാണു വിഷൂചികയ്ക്കു ഹേതുവെന്നു പറയുന്നതു ശരിയാകുമോ? വാർദ്ധയിൽ കുടിച്ച അതേ നീരതന്നെ യാതൊരപായവും കൂടാതെ വളരെപ്പേർ സെഗാവിലും കുടിച്ചിരുന്നുവെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ.

8. Harijan, 13-5-1939 (Drink, Drugs and Gambling, p. 40)

മററു പതിമൂന്നു കാര്യങ്ങളും ഇതുപോലുള്ള (നമ്പർ 13) ദുർബലമായ അടിസ്ഥാനത്തിന്മേലാണ് ഉറപ്പിച്ചിട്ടുള്ളതെങ്കിൽ, തീർച്ചയായും മദ്യനിരോധനത്തിനെതിരായി വാദമൊന്നുമില്ല. മററുള്ളവക്ക് ഇതിനെക്കാളേറെ ഉറപ്പില്ലെന്നു പറയാനും ഞാൻ ധൈര്യപ്പെടുന്നു. പതിമൂന്നാമത്തേതു ഞാൻ തിരഞ്ഞെടുത്തതു് തെളിയിക്കാൻ വയ്യാത്ത പ്രസ്താവനകൾചെയ്യാതിരിക്കാൻ എന്റെ സ്വന്തം തെളിവു് എതിരാളികളെ പ്രേരിപ്പിച്ചേക്കാമെന്ന ആശയോടുകൂടിയാണു്. ന്യായത്തെ അടിസ്ഥാനമാക്കിയ എതിർപ്പു് ഇപ്പോഴും ബഹുമാനാർഹമായേ തീരു. ഈ ഒന്നിനു് ആ പ്രധാന ഗുണം കുറവാണെന്നു് എനിക്കു തോന്നുന്നു.

## ബി. സാമാന്യകാരണങ്ങൾ

### 9

ഈ കുടിയാകുന്ന ശാപംകൊണ്ടു രാജ്യം പൊതുവിൽ ആതുരമായിരിക്കുന്നുവെന്നു ഞാൻ നൽകുന്ന തെളിവു സ്വീകരിക്കുവാൻ ഞാൻ നിങ്ങളോടു് ആവശ്യപ്പെടുന്നു. ഈ ശീലത്തിന്റെ അടിമകളായിത്തീർന്ന നിർഭാഗ്യവാന്മാരെ അവരുടെ ഇഷ്ടത്തിനെതിരായിത്തന്നെ സഹായിക്കേണ്ടതു് ആവശ്യമായിരിക്കുന്നു. ചിലർ സഹായം ആവശ്യപ്പെടുകതന്നെ ചെയ്യുന്നു. മദ്യക്കച്ചവടത്തിനെതിരായി ഉണർത്തിവിട്ട വികാരവീചിയെ പ്രയോജനപ്പെടുത്തുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ഈ പ്രക്ഷോഭം സ്വാഭാവികമായി ഉയർന്നുവന്നതാണു്. ഞാൻ പറയുന്നതു വിശ്വസിക്കൂ, ഗവർമെൻറിനു മദ്യനികുതി കിട്ടാതാകുന്നുവെന്നതു് ഈ പ്രസ്ഥാനത്തിൽ ഏററവും കുറഞ്ഞ പ്രാധാന്യമുള്ള കാര്യമാണു്. ഈ തിന്മ അതേപടി രാജ്യത്തിനു സഹിച്ചുകൂടാതായിരിക്കുന്നു. ഇന്ത്യയിൽ ഇന്നു കാണുന്നതുപോലെ ഒരു ജനതയുടെ ഏകീകൃതവും പ്രബുദ്ധവുമായ എതിർപ്പിനെ ധിക്കരിച്ചു് ഈ കച്ചവടം നടത്താൻ ലോകത്തിൽ ഒരു രാജ്യത്തിലും സാദ്ധ്യമാവുകയില്ല. നാഗപ്പൂരിൽ ജനക്കൂട്ടം ചെയ്ത തെററുകളും അക്രമങ്ങളും എന്തൊക്കെത്തന്നെയായാലും ഈ കാര്യം ന്യായമാണു്. തങ്ങളുടെ പ്രാണനെ ഊററിക്കുടിക്കുന്ന ഈ മദ്യശാപം കൈവെടിയുവാൻ ജനങ്ങൾ ഉറച്ചിരുന്നു. ഇന്ത്യ നിർബന്ധംകൊണ്ടു മദ്യമുക്തമായിത്തീരരുതെന്നും കുടിക്കണമെന്നുള്ളവക്കു് അതിനു സൗകര്യങ്ങൾ നൽകണമെന്നുമുള്ള പകിട്ടേറിയ വാദംകൊണ്ടു നിങ്ങൾ വഞ്ചിതരാകരുതു്. ജനങ്ങളുടെ ദുരാചാരങ്ങൾക്കു വേണ്ട വട്ടങ്ങളൊക്കെ ഗവർമെൻറു് ഉണ്ടാക്കിക്കൊടുക്കുന്നില്ല. വ്യഭിചാരശാലകൾ നാം നിയന്ത്രിക്കുകയോ അവർക്കു ലൈസൻസു് കൊടുക്കുകയോ ചെയ്യുന്നില്ല. കക്കാനുള്ള വാസനയനുസ

9. Young India, 8–6–1921 (Drink, Drugs and Gambling, p. 3)

digitized by www .sreyas.in

രിച്ചു പ്രവർത്തിക്കുന്ന കള്ളന്മാർക്കു നാം സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുന്നില്ല. കുടി കളവിനേക്കാളും ഒരുപക്ഷേ, വ്യഭിചാരത്തെക്കാൾപോലും അഭിശപ്തമാണെന്നു ഞാൻ കരുതുന്നു. അതല്ലേ പലപ്പോഴും മററു രണ്ടിൻെറയും ജനയിതാവ്? മദ്യനികുതിയുടെ നിലനില്പു തുടച്ചുമാച്ചു കളയുന്നതിലും മദ്യഷാപ്പുകൾ നിർമ്മൂലനം ചെയ്യുന്നതിലും രാജ്യത്തിൻെറകൂടെ ചേരുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു.

## സി. മാനുഷികാടിസ്ഥാനം

10

എൻെറ പതിവുള്ള പ്രതിവാരക്കുറിപ്പുകളിൽ കാളിപരാജിനെക്കുറിച്ചു ചിലതു വായനക്കാരൻ കാണും. ഗുജറാത്തിനു പുറത്തുള്ള പലർക്കും കാളിപരാജിൻെറ അർത്ഥം അറിഞ്ഞില്ലെന്നുവരാം. അതിൻെറ വാച്യാർത്ഥം കറുത്ത ജനങ്ങൾ എന്നാണ്. ഗുജറാത്തിലെ ഒരു വിഭാഗം ജനങ്ങൾക്ക് അവരേക്കാൾ ഉയർന്നവരെന്നു സ്വയം കരുതിയവർ നല്കിയതാണ് ഈ പേരെന്നു തോന്നുന്നു. നിറത്തെ സംബന്ധിച്ചിടത്തോളം കാളിപരാജ് മററുള്ളവരെക്കാൾ കറുത്തവരോ മററുള്ളവരിൽനിന്നു വ്യത്യസ്തരോ അല്ല. പക്ഷേ, ഇന്നവർ ചവിട്ടിയരയ്ക്കപ്പെട്ടവരും നിസ്സഹായരും അന്ധവിശ്വാസികളും ഭീരുക്കളുമാണ്. അവരുടെ വലിയ ദുശ്ശീലം കുടിയാണ്. അവരിൽ ഭൂരിപക്ഷം ബറോഡ സ്റ്റേററുകാരാണ്.

ഇവരുടെ ഇടയിലാണ് മൂന്നുകൊല്ലംമുമ്പ് വലിയ ഒരു ഉണർവ്വുണ്ടായതു്. ആയിരക്കണക്കിൽ ആളുകൾ കുടിയും മാംസഭക്ഷണംപോലും ഉപേക്ഷിച്ചു. ഇതു മദ്യക്കച്ചവടക്കാർക്കു സഹിക്കവയ്യാതായി. ഇവരിൽ മിക്കവരും പാഴ്സികളായിരുന്നു. മദ്യം വർജിച്ചവരെ വീണ്ടും കുടിക്കുവാൻ പ്രേരിപ്പിക്കുന്നതിനു കച്ചവടക്കാർ സാദ്ധ്യമായ എല്ലാ ഉപായങ്ങളും പരീക്ഷിച്ചുനോക്കിയെന്നും അവർ അതിൽ വളരെയേറെ വിജയിച്ചുവെന്നും പറയപ്പെടുന്നു. ഉദ്യോഗസ്ഥന്മാരും പരിഷ്കർത്താക്കൾക്കെതിരായി ഗൂഢാലോചന നടത്തിയെന്നു പറയുന്നു. ഇപ്പോഴാകട്ടെ ഈ പരിശ്രമങ്ങളുടെ ഫലമായിട്ടോ അല്ലാതെയോ, മദ്യവർജനം പാപമാണെന്നു കരുതാൻ ഈ ജനങ്ങളെ പഠിപ്പിക്കുന്നതും, തങ്ങൾക്കെതിരായും തലമുറകളിലൂടെ കൈവന്ന ഒരു തിന്മക്കെതിരായും പൊരുതുന്നവരുടെ ആത്മവീര്യത്തെയും ഉത്സാഹത്തെയും സമുദായബഹിഷ്കരണംകൊണ്ടും മററും തകർക്കാൻ ശ്രമിക്കുന്നതുമായ ഒരു കക്ഷി അവരുടെ ഇടയിൽ പൊന്തിവന്നിരിക്കുന്നു.

---

10. Young India, 22-1-1925(Drink,Drugs and Gambling, pp.16-17)

digitized by www .sreyas.in

ആ യോഗത്തിൽ പാസ്സാക്കിയ പ്രമേയങ്ങളിൽ ഒന്ന്—ഇതിനെക്കുറിച്ച് അന്യത്ര ഞാൻ സാമാന്യ ദീർഘമായി പറഞ്ഞിട്ടുണ്ട്—ബറോഡ, ധർമപുർ, ബൻസ്ദാ എന്നീ സ്റ്റേററുകളോടും ബ്രിട്ടീഷ് ഗവർമെൻറിനോടും എല്ലാ മദ്യഷാപ്പുകളും പൂട്ടിയിടാൻ ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ്. ഇതു വലിയൊരു കൽപനയാണെന്നു പറയപ്പെട്ടേക്കാം. പരിപൂർണ്ണമദ്യനിരോധനം നടപ്പിൽവരുത്താനുള്ള ഒരു രാജ്യത്തിൻെറ മുഴുവനും ശ്രമം ദയനീയമാംവണ്ണം പരാജയമടഞ്ഞുവെന്നും പറഞ്ഞേക്കാം. പിന്നെ എങ്ങനെയാണ് നിസ്സഹായരായ ഒരുപിടി സ്ത്രീപുരുഷന്മാരുടെ അശക്തമായ അഭ്യർത്ഥന വിജയിക്കുക? ഈ വാദത്തിൽ വളരെയേറെ ശക്തിയുണ്ട്. എന്നാലും ഈ രണ്ടു ശ്രമങ്ങളും വ്യത്യസ്തങ്ങളാണ്. 1921—ലെ ശ്രമം ഗവർമെൻറിൽനിന്ന് അധികാരംപിടിച്ചുപററാൻ മുതിർന്ന നിസ്സഹകരണക്കാരാൽ ബ്രിട്ടീഷ് ഗവർമെൻറിനുനേരെ നടത്തപ്പെട്ടതായിരുന്നു. മാത്രമല്ല അതു നടത്തിയതു മദ്യഷാപ്പുകളുടെ നിലനിൽപ്പുകൊണ്ടു സ്വയം ക്ലേശങ്ങരം അനുഭവിച്ചിട്ടില്ലാത്തവരുമായിരുന്നു. ഇപ്പോഠം അഭ്യർത്ഥന വരുന്നത് ആ തിന്മയുടെ ഇരയായിട്ടുള്ളവരിൽനിന്നാണ്, അശക്തൻ ശക്തനോടു ചെയ്യുന്ന ഒരർത്ഥനയാണതു്. അതു ബന്ധപ്പെട്ട എല്ലാ ഗവർമെൻറുകളോടുമുള്ളതാണ്. ബ്രിട്ടീഷ് ഗവർമെൻറിനോടു മാത്രമല്ല. ഈ ആളുകരം നിസ്സഹകരണക്കാരല്ല. സഹകരണവും നിസ്സഹകരണവും തമ്മിലുള്ള വ്യത്യാസം അവർക്കറിഞ്ഞുകൂടാ. അവർ മററുള്ളവർക്കുവേണ്ടി ഇഷ്ടമില്ലാതെ, മിക്കവാറും അറിവില്ലാതെ, മിക്കപ്പോഴും മർദന ഭയത്തോടുകൂടി അടിമപ്പണി ചെയ്യുകയാണ്. സ്വരാജ് എന്താണെന്ന് അവർക്കറിഞ്ഞുകൂടാ. അവർക്കു കുടി ഉപേക്ഷിക്കലും മദ്യഷാപ്പുകളുടെ രൂപത്തിലുള്ള പ്രലോഭനം നീക്കംചെയ്യലുമാണ് സ്വരാജ്. തന്നിമിത്തം അവരുടെ അർത്ഥന മാനുഷിക കാരണങ്ങളെ അടിസ്ഥാനമാക്കിയുള്ളതും തട്ടിത്തുകൂടാത്തതായി അനുഭവപ്പെടേണ്ടതുമാണ്.

ബന്ധപ്പെട്ട ഗവർമെൻറുകളെ അറിയിക്കാൻ ഉദ്ദേശിക്കപ്പെട്ട ആ പ്രമേയം ഫലത്തിൽ വരുത്തുവാൻ അദ്ധ്യക്ഷനെന്നനിലയിൽ ഞാൻ ബാദ്ധ്യസ്ഥനാണ്. ബ്രിട്ടീഷ് ഗവർമെൻറിനോടുള്ള അഭ്യർത്ഥന നിയമസഭാംഗങ്ങരംമുഖേന നടത്താനേ തരമുള്ളു. വിദ്യാഭ്യാസവകുപ്പിനെ പട്ടിണിയിടുകയെന്ന അപകടം വരിക്കേണ്ടിവന്നാൽപോലും കൗൺസിലറന്മാർക്കു മദ്യനികുതി വേണ്ടെന്നുവയ്ക്കാവുന്നതാണ്. തങ്ങരംതന്നെ നേരിട്ടു ചെന്ന് ആ ജനങ്ങളെ കാണുവാനും, സ്ത്രീപുരുഷന്മാരുടേതായ ഒരു വർഗത്തെ മുഴുവൻ ദുഷിപ്പിക്കുന്ന ആ തിന്മയുടെ പ്രത്യക്ഷാനുഭവം നേടാനും അവരെ ഞാൻ ക്ഷണിക്കുന്നു. സ്വന്തം രാജ്യക്കാരെ രക്ഷിക്കണമെങ്കിൽ ശരിയായ കാര്യം ചെയ്യാൻ അവർ ധൈര്യപ്പെടണം.

digitized by www .sreyas.in

ബറോഡ, ധർമപൂർ, ബൻസ്ദാ എന്നീ സ്റ്റേററുകളെ സംബന്ധിച്ചിടത്തോളം സ്ഥിതി ഭിന്നമാണ്. അവർക്കു വേണമെന്നുണ്ടെങ്കിൽ മദ്യഷാപ്പുകൾ അടച്ചിടുകയും, ജനങ്ങളേയും തങ്ങളെത്തന്നെയും നാശത്തിൽനിന്നു രക്ഷിക്കുകയും ചെയ്യാം. 'തങ്ങളെത്തന്നെയും' എന്നു ഞാൻ പറഞ്ഞതു മനഃപൂർവമാണ്; ചെറിയ സ്റ്റേററുകളിൽ വളരെയധികം ആളുകളെ നശിപ്പിക്കുക എന്നുവച്ചാൽ തങ്ങളെത്തന്നെ നശിപ്പിക്കുകക എന്നാണർത്ഥം. സ്വന്തം ഇഷ്ടത്തിനെതിരായിത്തന്നെ സഹായിക്കപ്പെടേണ്ടവരുടെ അഭ്യർത്ഥന അവർ ചെവിക്കൊള്ളുകയില്ലേ?

## ഡി. ധാർമികാടിസ്ഥാനം

11

സ്വന്തം മുതലെടുപ്പു വർദ്ധിപ്പിക്കുവാൻ നാട്ടുരാജാക്കന്മാർ ബ്രിട്ടീഷ് അബ്കാരി ഡിപ്പാർട്ടുമെൻറിനെ അനുകരിക്കുന്നതു വേദനാജനകമാണ്. അബ്കാരി ഇന്ത്യയിൽ ഒരു പ്രാചീനശാപമാണെന്നു പറയപ്പെടുന്നു. ആ പറഞ്ഞ അർത്ഥത്തിൽ അങ്ങനെയായിരിക്കണമെന്നു ഞാൻ വിശ്വസിക്കുന്നില്ല. രാജാക്കന്മാർ പണ്ടു മദ്യക്കച്ചവടത്തിൽനിന്ന് എന്തെങ്കിലും മുതലെടുപ്പ് ഉണ്ടാക്കിയിരുന്നു എന്നു വരാം; എങ്കിലും അവർ ജനങ്ങളെ ഇന്നത്തെപ്പോലെ ഒരിക്കലും കുടിയുടെ അടിമകളാക്കിയിരുന്നില്ല. ഞാൻ പറയുന്നതു തെററാണെന്നും അബ്കാരി അതിൻെറ ഇന്നത്തെ രൂപത്തിൽ അനാദികാലം മുതൽ നിലനിന്നിരുന്നുവെന്നും വിചാരിക്കുക; എന്നാൽപ്പോലും പഴയതാകകൊണ്ട് എല്ലാം നല്ലതാണെന്ന അന്ധവിശ്വാസത്തോട് ഞാൻ യോജിക്കുന്നില്ല. ഭാരതീയമാകകൊണ്ട് എന്തും നല്ലതാണെന്നും ഞാൻ വിശ്വസിക്കുന്നില്ല. അവീനും അത്തരം മററു ലഹരിസാധനങ്ങളും മയക്കുമരുന്നുകളും മനുഷ്യൻെറ ആത്മാവിനെ കെടുത്തുകയും മൃഗങ്ങളുടേതിനെക്കാൾ താഴ്ന്നനിലയിലേക്ക് അവനെ അധഃപതിപ്പിക്കുകയും ചെയ്യുന്നുവെന്നു കണ്ണുള്ളവക്കെല്ലാം കാണാം. അവകൊണ്ടുള്ള കച്ചവടം പ്രത്യക്ഷത്തിൽത്തന്നെ പാപമയമാണ്. ഇന്ത്യയിലെ സ്റ്റേററുകൾ എല്ലാ മദ്യഷാപ്പുകളും പൂട്ടി, ബ്രിട്ടീഷ് ഭരണകർത്താക്കൾക്ക് അനുകരിക്കുവാൻ നല്ലൊരു മാതൃക സൃഷ്ടിക്കേണ്ടതാണ്.

11. Young India, 8-1-1925 (Drink, Drugs and Gambling, p. 16)

digitized by www .sreyas.in

## ഇ. സാമ്പത്തികവും ധാർമികവുമായ ആവശ്യം

12

മദിരാശിയിലെ സ്വരാജ്പാർട്ടി പരിപൂർണമദ്യനിരോധനം അതിന്റെ പരിപാടിയിൽ ഉൾപ്പെടുത്തിയതിനു പാവപ്പെട്ടവരുടെ സുഹൃത്തുക്കളുടെയെല്ലാം അഭിനന്ദനങ്ങൾ അർഹിക്കുന്നു. ആലസ്യത്തിന്റെ അത്യന്തതീക്ഷ്ണത ഉണ്ടായിരുന്നില്ലെങ്കിൽ നാം എത്രയോ മുമ്പു് ഈ തിന്മയ്ക്കു് അറുതിവരുത്തുമായിരുന്നു. സ്വന്തം ഇഷ്ടത്തിനെതിരായിത്തന്നെ സഹായിക്കപ്പെടേണ്ടവരായ തൊഴിലാളികളുടെ വീര്യത്തെ അതു് ഊററിക്കുടിക്കുകയാണു്. ഉടനെ മദ്യനിരോധനം നടപ്പാക്കാൻ ഇന്ത്യയെപ്പോലെ അത്ര പററിയ രാജ്യം ലോകത്തിൽവേറെയില്ല. പൊതുജനാഭിപ്രായം എന്നും നേർവഴിക്കായിരുന്നു. യൂറോപ്യൻരാജ്യങ്ങളിലെന്നപോലെ ഇന്ത്യയിൽ ബുദ്ധിജീവികൾ കുടിക്കുന്നില്ലെന്ന ഏകകാരണംകൊണ്ടു്, യൂറോപ്യൻരാജ്യങ്ങളിലെന്നപോലെ ഇവിടെ ഹിതപരിശോധന ആവശ്യമില്ല. മദിരാശിയിലെ റെവറണ്ടു ഡബ്ളിയൂ. എൽ. ഫെർഗൂസൻ മദ്യനിരോധനത്തിന്റെ ആവശ്യം വ്യക്തമായി തെളിയിച്ചുകൊണ്ടു് ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. സാമ്പത്തികക്ലേശങ്ങളെപ്പററി ആ മാന്യൻ പറയുന്നു.

എത്രതന്നെ സമ്പത്തും സമൃദ്ധിയുമുള്ള രാജ്യത്തിനും യഥാർത്ഥത്തിൽ കുടിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ കുടി രാഷ്ട്രങ്ങളെ നാശത്തിന്റെ വക്കുവരെ എത്തിക്കുന്നു. ചിലപ്പോൾ ആ വാക്കിനു് അപ്പുറത്തേക്കു തട്ടിയിടുകയും ചെയ്യുന്നു. ഇന്ത്യ ഇപ്പോഴും ഒരു ദരിദ്രരാജ്യമാണു്. മൂലധനത്തിൽ അവൾ ദരിദ്രയാണു്; വിദ്യാഭ്യാസത്തിൽ അവൾ ദരിദ്രയാണു്; ശുചീകരണത്തിലും പൊതുജനാരോഗ്യത്തിലും അവൾ ദരിദ്രയാണു്; പാർപ്പിടസൗകര്യങ്ങളിൽ അവൾ ദരിദ്രയാണു്; കൃഷിയിലും വ്യവസായത്തിലും അവൾ ദരിദ്രയാണു്; നാട്ടിൻപുറങ്ങളിലെ ഗതാഗതസൗകര്യങ്ങളിൽ ദരിദ്രയാണു്. ഇന്നുള്ളതിലുമധികം നന്മ അവൾക്കാവശ്യമില്ലാത്ത ജീവിതരംഗം വല്ലതുമുണ്ടെങ്കിൽ വിവരമുള്ളവർ ഞങ്ങളെ അറിയിക്കട്ടെ; എന്തുകൊണ്ടെന്നാൽ, അതു് ഏതാണെന്നും എവിടെയാണെന്നുംഞങ്ങൾക്കറിഞ്ഞുകൂടാ. ലഹരിസാധനങ്ങൾ ഉപയോഗിക്കുവാൻ ഇന്ത്യയ്ക്കു നിവൃത്തിയില്ല. സാമ്പത്തികമായി ഈ വ്യയം താങ്ങാനാവാത്തതാണു്. ഉറപ്പിക്കക്കണക്കിൽ കണിശമായി എന്തു ചെലവുവരുമെന്നു പറയാൻ ഞങ്ങളെക്കൊണ്ടാവില്ല; എങ്കിലും എക്സൈസ് വകുപ്പിൽ ഗവർമെന്റിനുണ്ടാകുന്ന മുതലെടുപ്പുകളിൽനിന്നു് അതിന്റെ ഏതാണ്ടൊരു രൂപം കിട്ടും. ഇതു പ്രതിവർഷം സുമാർ 20,00,00,00 രൂപയാണു്. ഗവർമെന്റിനു കിട്ടുന്ന ഈ സംഖ്യയുടെ

12. Young India, 4-2-1926 (Drink, Drugs and Gambling, pp. 9-10)

digitized by www .sreyas.in

അഞ്ചിരട്ടിവരും കുടിക്കും ലഹരിസാധനങ്ങൾക്കും കൂടിയുള്ള ഇന്ത്യയുടെ ഒരുകൊല്ലത്തെ ചെലവെന്നു ചിലർ കണക്കാക്കുന്നു; ആ സംഖ്യയുടെ മൂന്നിരട്ടിയായിരിക്കുമെന്നാണ് മററു ചിലരുടെ അഭിപ്രായം. ഈ രണ്ടിന്റെയും ഇടയ്ക്കുള്ള ഒരു കണക്കുകണ്ടുപിടിച്ചു സംഖ്യ 80,00,00,000 രൂപയാണെന്നുവച്ചാൽ വലിയ തെററുണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. ഈ വൻപിച്ച തുകയിൽ ഭൂരിഭാഗവും വരുന്നതു തൊഴിലാളികളുടെ സമ്പാദ്യത്തിൽ നിന്നാണ്——തങ്ങളുടെയും തങ്ങളുടെ കുടുംബങ്ങളുടെ കുടുംബങ്ങളുടെയും തങ്ങളുടെ സമുദായത്തിന്റെയും ക്ഷേമം വളർത്തുവാൻ ആക്കാണോ ഇതേററവുമധികം ആവശ്യമുള്ളത് അവരിൽനിന്നുതന്നെ. കുടിക്കും, ലഹരിസാധനങ്ങൾക്കും വേണ്ടി ഇന്ത്യ ചെലവാക്കുന്ന സംഖ്യയിൽ മുക്കാൽ ഭാഗം ദരിദ്രരും തൊഴിലാളികളും കൊടുക്കുന്നതാണെന്നു കരുതുകയാണെങ്കിൽ ഏതാണ്ട് 60,00,00,000 രൂപയാണ് അവർ വഹിക്കുന്ന ഭാരം. കൊല്ലംതോറും ഈ സംഖ്യ ലഹരിപദാർത്ഥങ്ങളിൽ നിന്നു രക്ഷിച്ച്, കുടുംബനിർമാണപരവും രാഷ്ട്രനിർമാണപരവുമായ പരിശ്രമങ്ങൾക്കു വിനിയോഗിക്കുകയാണെങ്കിൽ ഇന്ത്യയിലെ ദരിദ്രരെ സ്വന്തം കാലുകളിൽ നിർത്താനായി എന്തൊക്കെച്ചെയ്യാം! നമ്മുടെ മഹാനഗരങ്ങളിൽ മാലിന്യത്തിന്റെ സ്ഥാനത്തു ഐശ്വര്യം വരാനും, ഗ്രാമങ്ങളിലെ എളിയ കുടുംബങ്ങളിൽ സമൃദ്ധി എത്താനും പിന്നെ ഏറെ താമസമുണ്ടാകയില്ല.'

ധാർമികമായ നഷ്ടം സാമ്പത്തികനഷ്ടത്തിനെക്കാൾ വലുതാണ്. കുടിയും ലഹരിസാധനങ്ങളും അവ ശീലിച്ചവരേയും അവ കൊണ്ടു കച്ചവടം നടത്തുന്നവരേയും അധഃപതിപ്പിക്കുന്നു. കുടിയൻ, ഭാര്യയും അമ്മയും സഹോദരിയും തമ്മിലുള്ള വ്യത്യാസം വിസ്മരിക്കുകയും തന്റേടമുള്ളപ്പോൾ താൻ ചെയ്യാൻ ലജ്ജിക്കുന്നതരം കർമങ്ങൾ ചെയ്തുപോകയും ചെയ്യുന്നു. തൊഴിലാളികളുമായി എന്തെങ്കിലും ബന്ധമുള്ളവക്കറിയാം, കുടിയുടെ പൈശാചികമായ വശ്യശക്തിയിൽ പെട്ടാൽ ഏതവസ്ഥയിലേക്കു അവർ താഴ്ത്തപ്പെടുന്നുവെന്ന്. തൊഴിലാളികളല്ലാത്തവരുടെ സ്ഥിതിയും ഇതിലും മെച്ചപ്പെട്ടതൊന്നുമല്ല. ഒരു കപ്പലിലെ ക്യാപ്ററൻ കുടിച്ചു ബോധംകെട്ടവനായി ത്തീർന്നതു് എനിക്കറിയാം. ആ കപ്പൽ ചീഫ് ഓഫീസറുടെ നോട്ടത്തിനേൽപ്പിച്ചുകൊടുക്കേണ്ടതായിവന്നു. ബാരിസ്റ്റർമാർ കുടിച്ചു ഓവുചാലിൽ കിടന്നുരുണ്ടതായി കേട്ടിട്ടുണ്ട്. ഈ പ്രമാണിമാർ ലോകത്തിൽ സർവത്ര പോലീസിനാൽ സംരക്ഷിക്കപ്പെടുന്നുവെന്നുമാത്രം; അതേസമയം ദരിദ്രനായ കുടിയനാകട്ടെ, അവന്റെ ദാരിദ്ര്യം ദാരിദ്ര്യത്തിനു ശിക്ഷിക്കപ്പെടുന്നു.

digitized by www .sreyas.in

## എഫ്. ഇന്ത്യക്കു മദ്യനിരോധനം ആവശ്യമോ?

13

ഒരുകൊല്ലം മുമ്പ് പഞ്ചാബിൽ പാസ്സാക്കിയ പ്രാദേശിക ഇച്ഛാനിയമം (Local Option Act) തികഞ്ഞ പരാജയമായിരുന്നുവെന്നു അഭിപ്രായപ്പെട്ട പഞ്ചാബിലെ ഫിനാൻഷ്യൽ കമ്മീഷണർ മി. മിങ്ങിന്റെ പ്രസംഗം പരിപൂർണ്ണ മദ്യനിരോധനത്തിന്റെ എതിരാളികൾ വലിയ നേട്ടമായി കാണിച്ചിരിക്കുന്നു. കമ്മീഷണർ തന്റെ പ്രസ്താവനക്കു താങ്ങായി താഴെ പറയുന്ന വസ്തുതകൾ എടുത്തു കാണിക്കുന്നു.

മുനിസിപ്പാലിററികൾ, ഡിസ്ട്രിക്ട് ബോർഡുകൾ മുതലായവ ഉൾപ്പെടെ ഏതാണ്ട 200 എണ്ണമുള്ളതിൽ 19 എണ്ണം മാത്രമേ ആ നിയമപ്രകാരം അധികാരം നൽകപ്പെടുവാൻ ആവശ്യപ്പെട്ടിട്ടുള്ളു; ഈ 19-ൽ ആറെണ്ണംമാത്രമേ കൂടുതൽ നടപടികൾ കൈക്കൊണ്ടിട്ടുള്ളൂ. ഈ ആറെണ്ണത്തിൽ നടത്തപ്പെട്ട ഹിതപരിശോധനക്കു അതീവ തുച്ഛമായ ആനുകൂല്യമേ ലഭിച്ചുള്ളു. ഉദാഹരണത്തിന്, റാവൽപിണ്ടിയിലെ 7,000 വോട്ടർമാരിൽ ആറുപേരേ വോട്ടുചെയ്തുള്ളൂ. ലൂധിയാനയിലെ 12,5000 വോട്ടർമാരിൽ ഒരൊററയാളും ആദ്യത്തെ ഹിതപരിശോധനക്കു വന്നില്ല. രണ്ടാമതൊരു തീയതി നിശ്ചയിച്ചു. അന്നു നാലാൾ മാത്രമേ എത്തിയുള്ളൂ. ബാക്കി നാലുള്ളതിൽ ഒരു ചെറിയ പട്ടണത്തിൽ—തൊഹാനിൽ—മാത്രം 1,052 വോട്ടർമാരിൽ 802 പേർ പരിപൂർണ്ണ മദ്യനിരോധനത്തിനു വേണ്ടി വോട്ടുചെയ്തു.

ഇന്ത്യയെക്കുറിച്ചും ഇന്ത്യയിലെ ചുററുപാടുകളെക്കുറിച്ചും പരിചയമില്ലാത്തവനായിരുന്നെങ്കിൽ എങ്ങനെ വാദിക്കാൻ മി. കിങ്ങിനു അവകാശമുണ്ടാകുമായിരുന്നുവോ, അങ്ങനെ അദ്ദേഹം വാദിച്ചു. പഞ്ചാബിൽ പരിപൂർണ്ണ മദ്യനിരോധനം ആവശ്യമില്ലെന്നു. ഇന്ത്യയുടെ നിർഭാഗ്യംകൊണ്ടു ഒരു സമുദായമെന്നനിലക്കു തങ്ങളെ ബാധിക്കുന്ന കാര്യങ്ങൾ സംബന്ധിച്ചുപോലും ജനങ്ങൾ അശ്രദ്ധരാണെന്നതാണു നില. ഹിതപരിശോധനക്കു സ്വീകരിച്ച നടപടിക്രമങ്ങൾ അവർക്കു പുത്തനാണ്. പരിപൂർണ്ണ മദ്യനിരോധനത്തെക്കുറിച്ചു ഒരു ഹിതപരിശോധന നടത്തിവരുന്നുണ്ടെന്ന വസ്തുത വോട്ടർമാർ അറിഞ്ഞിരുന്നില്ലെന്നും വരാം. ഇന്ത്യയിലെ ജനങ്ങളിൽ വമ്പിച്ചഭൂരിപക്ഷം കുടിക്കുന്നില്ലെന്നും മദ്യപാനം ഇസ്ലാമിനും ഹിന്ദുമതത്തിനും വിരുദ്ധമാണെന്നുമുള്ള, ഇന്ത്യയെപ്പററി എന്തെങ്കിലും അറിയാവുന്നവർക്കെല്ലാം അറിവുള്ള, വസ്തുത മി.കിങ്ങ് മറി

---

13. Young India, 8-4-1926 (Drink, Drugs and Gambling, pp.10-11)

digitized by www .sreyas.in

യേണ്ടതായിരുന്നു. തന്നിമിത്തം മി. കിങ്ങ് എടുത്തുകാണിച്ചു, പരാജയപ്പെടുന്ന സംഭവത്തിൽനിന്നു് ഉണ്ടാക്കേണ്ട അനുമാനം പഞ്ചാബ്ബ് പരിപൂർണ്ണ മദ്യനിരോധനത്തിനു എതിരാണെന്നല്ല, പൊതുവേ മദ്യം വർജിച്ചവരാകകൊണ്ടു പഞ്ചാബികൾ കുടിയാകുന്ന ശാപത്തിലൂടെ സ്വയം നശിപ്പിക്കുന്നവരെക്കുറിച്ച് ആലോചിച്ചു തലപുകയ്ക്കുന്നില്ലെന്നാണു്. മുനിസിപ്പൽ കമ്മീഷണർമാരും ലോക്കൽ ബോർഡുകളിലെ മെമ്പർമാരും വലിയ സാമൂഹ്യപ്രാധാന്യമുള്ള ഇക്കാര്യത്തിൽ വോട്ടർമാരോടുള്ള തങ്ങളുടെ കടമയെ സംബന്ധിച്ചു കുററകരമാംവണ്ണം അശ്രദ്ധരായിരുന്നുവെന്ന അനുമാനം സ്വീകരിപ്പാനും അദ്ദേഹത്തിനു് അവകാശമുണ്ടു്. എന്നാൽ ഉന്നയിച്ച വസ്തുതകളെ അടിസ്ഥാനമാക്കി പഞ്ചാബു പരിപൂർണ്ണ മദ്യനിരോധനത്തിനെതിരാണെന്നു വാദിക്കുന്നതു് അപരിചിതരുടെയോ അറിവില്ലാത്തവരുടെയോ കണ്ണിൽ പൊടിയിടലാണു്. നിർഭാഗ്യവശാൽ അതാണു് ഉദ്യോഗസ്ഥന്മാരുടെ മട്ടു്. നിഷ്പക്ഷമായോ ജനങ്ങളുടെ നിലപാടിലൂടെയോ കാര്യങ്ങൾ നോക്കിക്കാണുന്നതിനുപകരം, അവർ, ഗവർമെൻറു് എന്തിനുവേണ്ടി നിലകൊള്ളുന്നുവോ അതിൻെറ, അല്ലെങ്കിൽ എന്തുചെയ്യും നീതീകരിക്കാൻ ഗവർമെൻറു് ആഗ്രഹിക്കുന്ന സമ്പ്രദായങ്ങളുടെ വാദികളാക്കി തങ്ങളെത്തന്നെ നിയമിക്കുന്നു. പശുവിനെയും അതിൻെറ സന്തതികളെയും കശാപ്പുചെയ്യുന്നതിനു ഹിന്ദുക്കൾ എതിരാണെന്നതു സുവിദിതമായൊരു പരമാർത്ഥമാണു്. മദ്യപാനം സംബന്ധിച്ചു പഞ്ചാബിൽ നടത്തിയതുപോലെതന്നെയുള്ള ഒരു ഹിതപരിശോധന (ഗോവധത്തെപ്പററി) നടത്തിയെന്നും ലക്ഷോപലക്ഷം ഹിന്ദുക്കൾ വോട്ടുചെയ്യുന്നതിൽ വീഴ്ചവരുത്തിയെന്നും വിചാരിക്കുക: ഇന്ത്യയിലെ സ്ഥിതിഗതികൾ അറിയുന്ന ആരെങ്കിലും ഇതിൻഫലമായി പുണ്യജീവിയായ പശുവിനെ വധിക്കുന്ന കശാപ്പുപുരകൾ ഹിന്ദുക്കൾക്കാവശ്യമാണെന്നു് ഒരുനിമിഷനേരമെങ്കിലും വാദിക്കുമോ? സാമൂഹ്യാകൃത്യങ്ങളെപ്പററി പൊറുതികേടു കാട്ടുന്ന ആ ബോധം ജനങ്ങളിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്നതാണു പരമാർത്ഥം. ഈ ശോചനീയമായ ഒരു സംഗതിയാണെന്നതിനു സംശയമില്ല. ക്രമേണ ഇതു ശരിപ്പെടുത്തിവരുന്നു. എങ്കിലും ഏതു വസ്തുതകളുടെ അഭാവത്തിൽ മറെറാരുക്കൂട്ടം വസ്തുതകളെ അടിസ്ഥാനമാക്കി ഒരനുമാനം ഉണ്ടാക്കിയേക്കാമോ, അതിൽനിന്നും പാടെ ഭിന്നമായ ഒരനുമാനത്തെ ന്യായീകരിക്കുന്ന വസ്തുതകളെ പൂഴ്ത്തിവയ്ക്കുന്നതു് ഒരു ദുഷ്കർമമാണു്.

## ജി. കുടിയും രാഷ്ട്രങ്ങളുടെ നാശവും

### 14

മദ്യപാനശീലത്തിന് ഇരയായ ഒരു രാഷ്ട്രത്തിന്റെ മുഖത്തു തുറിച്ചു നോക്കുന്നതു നാശമല്ലാതെ മറ്റൊന്നുമല്ല. ആ ശീലംകൊണ്ടു സാമ്രാജ്യങ്ങൾ നശിപ്പിക്കപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തുന്നു. ശ്രീകൃഷ്ണൻ പിറന്ന വംശം ആ ശീലത്താൽ നശിപ്പിക്കപ്പെട്ട കഥ നമുക്കു ഇന്ത്യയിലുണ്ടു്. റോമിന്റെ നാശത്തിനു സഹായിച്ച കാരണങ്ങളിലൊന്നു് ഈ രാക്ഷസീയ ദുർവൃത്തിയായിരുന്നു. അതിനാൽ നിങ്ങൾക്കു മാന്യമായി ജീവിക്കണമെന്നുണ്ടെങ്കിൽ, ഈ തിന്മയെ നിങ്ങൾ വർജിക്കണം––ഇനിയും സമയമുള്ളതുകൊണ്ടു്.

## എച്ച്. കുടിയും ഉഷ്ണകാലാവസ്ഥയും

### 15

ഗാന്ധിജി മൗംമൗനിൽ*വച്ചു പറഞ്ഞു: 'മദ്യപാനമാകുന്ന തിന്മ വർദ്ധിച്ചുവരികയാണെന്നും മദ്യനികുതി നിലനികുതിയുടെമൂന്നിലൊന്നായിട്ടുണ്ടെന്നും ഇന്നലെ കേട്ടപ്പോൾ എനിക്കു കഠിനമായ വേദന തോന്നി. ഇതു ലോകത്തിലെ ഏതു രാജ്യത്തിനും ആലോചിച്ചാൽ ഭയം തോന്നുന്ന ഒരു സ്ഥിതിയാണു്; എന്നാൽ കാലാവസ്ഥ മദ്യപാനശീലത്തിനു പാടെ വിരുദ്ധമായ ബർമ്മയെപ്പോലുള്ള ഒരു രാജ്യത്തിനു് ആത്മഹത്യയേക്കാൾ കുറഞ്ഞ യാതൊന്നുമല്ല ഇതു്. ഈ ശീലം ഇന്ത്യയിൽ എന്താണു ചെയ്തുകൊണ്ടിരിക്കുന്നതെന്നു് എനിക്കറിയാം. പട്ടണങ്ങളിൽ ജീവിക്കുന്നവർക്കു ഗുരുതരമായ ഒരു ഉത്തരവാദിത്വമുണ്ടു്. ബർമ്മയിലെ പൊതുജനാഭിപ്രായത്തിന്റെ നേതാക്കന്മാർ ഈ കാര്യത്തെക്കുറിച്ചു സഗൗരവം ചിന്തിക്കണമെന്നും ഈ ശീലം അവർ ഉന്മൂലനം ചെയ്യണമെന്നും ഞാനാവശ്യപ്പെടുന്നു. തണുപ്പുകാലാവസ്ഥയുള്ള രാജ്യങ്ങളെ സംബന്ധിച്ച് എന്തൊക്കെത്തന്നെ സത്യമായാലും, നമ്മുടേതുപോലുള്ള കാലാവസ്ഥയിൽ മദ്യപാനത്തിന്റെ യാതൊരാവശ്യവുമില്ല '

## ഐ. കുടിയും തണുപ്പുകാലാവസ്ഥയും

### 16

അതിശീതകാലാവസ്ഥയിൽ മദ്യം ആവശ്യമായി വന്നേക്കാമെന്ന എന്റെ അഭിപ്രായം സംബന്ധിച്ച് ഒരു സുഹൃത്തു ജി.ഇ.ജി.

14. Young India, 11-4-1929 (Drink, Drugs and Gambling, p. 24)
15. Young India, 11-4-1929 (Drink, Drugs and Gambling, p. 24)
* ബർമ്മയിൽ ഒരു സ്ഥലം.
16. Harijan, 28-8-1937 (Drink, Drugs and Gambling, p. 34)

digitized by www .sreyas.in

കാററ്ലിൻെറ 'മദ്യനിയന്ത്രണം' എന്ന പുസ്തകത്തിൽനിന്നു താഴെ ച്ചേർത്ത രസാവഹമായ ഒരു ഖണ്ഡിക അയച്ചുതന്നിരിക്കുന്നു. ചൂടു നൽകാനുള്ള മദ്യത്തിൻെറ ശക്തിയെപ്പററി ചർച്ചചെയ്തുകൊണ്ടു് അദ്ദേഹം (കാററ്ലിൻ) പറയുന്നു:

'എങ്കിലും വെറും യാന്ത്രികമായൊരു പരിഗണന ഈ ഫലങ്ങളെക്കുറിച്ചുള്ള ഒരു ദുർവ്യാഖ്യാനത്തിനെതിരായി നമ്മെ താക്കീതു ചെയ്യേണ്ടതാണ്. ശരീരത്തിൻെറ ഉഷ്ണത്തിൽ മാററമൊന്നും വരുത്തപ്പെട്ടിട്ടില്ല, ചൂടധികമുള്ള രക്തം ഉപരിതലത്തിലേക്കു് അയയ്ക്കപ്പെട്ടിരിക്കുകയാണ്; അതു തണുത്താൽ മടങ്ങിവരുന്നതു ശരീരത്തിൻെറ മുഴുവൻ ഉഷ്ണം കുറയ്ക്കുവാനാണ്. ശൈത്യത്തിനെതിരെ രക്ഷനൽകേണ്ട കഠിനാവശ്യമുള്ളിടത്തു മദ്യം ഉപയോഗശൂന്യമാണെന്നുമാത്രമല്ല, ആപൽക്കരംകൂടിയാണ്. എഫ്. നാൻസൻ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി. 'ഉത്തരധ്രുവയാത്രകളിൽ ഉത്തേജകങ്ങളും മയക്കമരുന്നുകളും ഉപയോഗിക്കുന്നതിനെതിരെ ഉറച്ച ഒരു നിലപാടു കൈക്കൊള്ളുവാൻ സ്വാനുഭവം എന്നോടാവശ്യപ്പെടുന്നു ——കോച്ചൽകൊണ്ടു മരണം സംഭവിക്കാമെന്ന അപകടം അധികമുള്ളതുകൊണ്ടു്, മദ്യത്തിനെതിരെയും.'

എങ്ങനെയായാലും ഇന്ത്യാക്കാരായ നമുക്കു് ഇത്തരം തെളിവു് ആവശ്യമില്ല. ആവശ്യമുള്ള ചൂടൊക്കെ സൂര്യൻ തരുന്ന, മിതശീതോഷ്ണമേഖലയിലുള്ള നമുക്കു മദ്യങ്ങൾ കഴിക്കാൻ സ്പഷ്ടമോ യഥാർത്ഥമോ ആയ യാതൊരു ന്യായവുമില്ല.

## ജെ. മതത്തിൻെറ സമ്മതി

1. *യഹൂദന്മാർ*

17

യഹൂദന്മാർക്കുവേണ്ടി മദ്യങ്ങൾ ഉപയോഗിക്കുന്നതിനനുകൂലമായി ഒരവകാശം പ്രഖ്യാപിക്കുകയും ഡോക്ടർ ഗിൽഡർ അതു സ്വീകരിക്കുകയും ചെയ്തതായിക്കണ്ടപ്പോൾ എനിക്കു വളരെ അസ്വാസ്ഥ്യം തോന്നി. എന്തുകൊണ്ടെന്നാൽ യഹൂദന്മാരെക്കുറിച്ചുള്ള എൻെറ അനുഭവം——ജോഹനസ്ബർഗിൽ എനിക്കു വളരെ യഹൂദസുഹൃത്തുക്കളുണ്ടായിരുന്നു——ബോംബെയിൽ പ്രകടിപ്പിക്കപ്പെട്ട ഈ അവകാശവാദത്തിനു പാടെ വിപരീതമായിരുന്നു. അതിനാൽ ജോഹനസ്ബർഗിലെ ചീഫ് റബ്ബിയുടെ ആധികാരികമായ അഭിപ്രായം അറിയിച്ചുതരുവാൻ ഞാൻ എൻെറ സുഹൃത്തായ ഹെർ

17. Harijan, 16–9–1939 (Drink, Drugs and Gambling, p. 72)

digitized by www .sreyas.in

എച്ച്. കല്ലൻബാച്ചിനെഴുതി. ഇതാ ഡോക്ടർ ലാൻഡോവിൻെറ അഭിപ്രായം:

'പള്ളിയിൽ ആരാധനസ്ലശേഷം പുണ്യദിനത്തിൻെറയോ വിശേഷദിവസങ്ങടെയോ വിശുദ്ധിക്കുവേണ്ടിയും, വീട്ടിൽ ഭക്ഷണത്തിനു മുമ്പും പാസ്സ്ഓവർ പെരുന്നാളിനു മുമ്പുള്ള രണ്ടു രാത്രികളിലും പ്രത്യേകമായി തയ്യാറാക്കിയ (കാഷർ) വീഞ്ഞുമാത്രമേ യാഥാസ്ഥിതിക യഹൂദനു കഴിക്കാൻ പാടുള്ളവെന്നു ഞാൻ അറിയിച്ചുകൊള്ളട്ടെ.

ഈ വീഞ്ഞു പുളിപ്പിക്കണമെന്നില്ല.

വീഞ്ഞിൻെറ ഉപയോഗം ഒരു ധർമാനുശാസനമല്ലെന്നും, ഥാൽമുട്ടിലും യഹൂദസ്മൃതികളിലും പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു യാഥാസ്ഥിതികയഹൂദൻ പുലർത്തിപ്പോന്ന ഒരു പാരമ്പര്യമാണെന്നും ഞാൻ അറിയിക്കുന്നു.'

ബോംബെയിലെ യഹൂദർ ഈ അഭിപ്രായം ആധികാരികമെന്ന നിലയിൽ സ്വീകരിക്കുന്നുണ്ടെങ്കിൽ അവർ തങ്ങളുടെ അവകാശവാദം പിൻവലിക്കുകയും പുതുമുന്തിരിങ്ങായുടെ നീരുകൊണ്ട്—വീഞ്ഞ് എന്ന ശബ്ദത്തിൻെറ ആദ്യകാലത്തെ അർത്ഥം ഇതായിരുന്നവെന്നാണു ഞാൻ മനസ്സിലാക്കിയിട്ടുള്ളത്—സംതൃപ്തരാവുകയും വേണം. ഈ പരിമിതമായ ഉപയോഗത്തിനുപോലും യഹൂദമതഗ്രന്ഥങ്ങളുടെ അനുവാദമില്ലെന്നും പാരമ്പര്യത്തിൻെറതുമാത്രമേയുള്ളവെന്നും കൂടി ശ്രദ്ധിക്കേണ്ടതാണ്.

2. *ക്രിസ്ത്യാനികൾ*

18

ക്രിസ്ത്യൻ ലേഖകന്മാരിൽനിന്നു മദ്യനിരോധനത്തിനെതിരായ പ്രതിഷേധങ്ങൾ കിട്ടിയതുകൊണ്ട്, ഈ പ്രശ്നം സംബന്ധിച്ച പ്രാതിനിദ്ധ്യമുള്ള ക്രിസ്ത്യൻ സുഹൃത്തുക്കളുടെ അഭിപ്രായം അറിയുന്നതിനുവേണ്ടി അവരിൽ കുറച്ചുപേർക്കു എഴുതുവാൻ ഞാൻ മഹാദേവ് ദേശായിയോട് ആവശ്യപ്പെട്ടു. ഇതാ രണ്ടു മറുപടികൾ. ഇന്ത്യയിലെ നാഷണൽ ക്രിസ്ത്യൻ കൗൺസിൻെറ ഇന്ത്യൻ സെക്രട്ടറി ശ്രീ പി. ഒ. ഫിലിപ്പ് എഴുതുന്നു:

'മദ്യനിരോധനനയം കുടിക്കാനുള്ള തങ്ങളുടെ അവകാശത്തിന്മേൽ കൈയേററം നടത്തുകയാണെന്നു കറെ ക്രിസ്ത്യൻ സുഹൃത്തുക്കൾ അങ്ങേയ്ക്കു എഴുതിക്കൊണ്ടിരിക്കയാണെന്നു കേട്ടതിൽ എനിക്കു

18. Harijan, 11–9–1937 (Drink, Drugs and Gambling, pp. 69–70)

digitized by www .sreyas.in

ആശ്ചര്യമില്ല. ആ മട്ടിൽ അങ്ങേക്കെഴുതുന്നവരിൽ മിക്കവരും റോമൻകത്തോലിക്കരോ ആംഗ്ലോഇന്ത്യൻ പാരമ്പര്യങ്ങളനുസരിച്ചു വളർത്തപ്പെട്ടവരോ ആണെന്നു വിചാരിച്ചാൽ എനിക്കു വലിയ തെററുപററുമെന്നു തോന്നുന്നില്ല. റോമൻകത്തോലിക്കാ ക്രിസ്തുമതം ഇന്ത്യയിലേക്കു വന്നതു ലാററിൻരാജ്യങ്ങളിൽനിന്നാണ്; ഇന്നും ലാററിൻസംസ്കാരമാണ് അതിന്റെമേൽ ആധിപത്യം വഹിക്കുന്നതു്. പണ്ടു വെറും വെള്ളം കുടിക്കുന്നതു് അനപായമല്ലാതിരുന്നതുകൊണ്ടു്, ലാററിൻരാജ്യങ്ങളിലെ ജനങ്ങൾ സാധാരണ വീഞ്ഞു കുടിച്ചിരുന്നു. ഇന്ത്യയിലേക്കു വന്ന റോമൻകത്തോലിക്ക് മിഷനറിമാർ ബ്രഹ്മചാരികളും ലഘുജീവിതം നയിക്കുന്നവരുമായിരുന്നുവെങ്കിലും, സ്വന്തം രാജ്യക്കാരുടെ ഈ ശീലവും കൂടെ കൊണ്ടുപോന്നു. അവരുടെ മതം സ്വീകരിച്ചവർ സ്വാഭാവികമായി തങ്ങളുടെ പുരോഹിതന്മാരുടെ മാതൃക അനുകരിക്കുകയും ചെയ്തു. അതിനാൽ മിതമായി മദ്യപാനം ചെയ്യുന്നതു സംബന്ധിച്ചു മുസ്ലീങ്ങളുടെയും ഉയർന്നജാതി ഹിന്ദുക്കളുടെയും ഇടയിൽ ഉള്ളതുപോലെ ഇന്ത്യയിലെ റോമൻകത്തോലിക്കരുടെയും ഇടയിൽ സാമൂഹ്യമോ മതപരമോ ആയ വിരോധമില്ല. പുത്തൻകൂററുകാരായ ക്രിസ്ത്യാനികൾക്കിടയിൽ മദ്യപാനത്തിന്റെ നേരെയുള്ള മനോഭാവം ഇതിൽനിന്നു ഭിന്നമാണ്.

പുത്തൻകൂററുകാരായ മിഷനറിമാർ ഇന്ത്യയിലേക്കു വന്നതു മിക്കവാറും ടൃട്ടോണിക്ക് രാജ്യങ്ങളിൽനിന്നാണെങ്കിലും—ഇവിടങ്ങളിൽ ബീർ സർവസാധാരണമായൊരു പാനീയമാണ്, വീഞ്ഞു കുടിക്കുന്നതു നിഷിദ്ധവുമല്ല—പൊതുവിൽ അവർ തീരെ കുടിക്കാത്തവരാണ്, തന്നിമിത്തം തങ്ങൾ മതംമാററിയവരെ തീരെ കുടിക്കാത്തവരായിരിപ്പാൻ അവർ പഠിപ്പിച്ചിരിക്കുന്നു. ഇതിൻഫലമായി മിതമായ മദ്യപാനംപോലും പുത്തൻകൂററുകാരായ ക്രിസ്ത്യൻ സമുദായങ്ങളിൽ സാമൂഹ്യവും മതപരവുമായ പ്രാതികൂല്യത്തോടു കൂടിയാണു വീക്ഷിക്കപ്പെടുന്നതു്.

റോമൻകത്തോലിക്കരുടെ ഇടയിൽപോലും കുടിയുടെ ദോഷങ്ങളെപ്പററി ഉണർവുണ്ടായിട്ടുണ്ടു്. മിതമായി കുടിക്കുന്നതിൽ തെററായി യാതൊന്നുമില്ലെന്നു കത്തോലിക്കാസഭയുടെ അധികൃതർ ഔദ്യോഗികമായി വാദിച്ചേക്കാമെങ്കിലും, സ്വന്തം ജനങ്ങളുടെ ഇടയിൽ കുടി വരുത്തിത്തീർക്കുന്ന സദാചാരപരവും സാമ്പത്തികവുമായ നാശത്തിനുനേരെ കണ്ണടയ്ക്കുവാൻ അവർക്കു സാധ്യമല്ല. മിതമായ കുടിക്കുപോലും, അതു തുടങ്ങിക്കഴിഞ്ഞാൽ പലരിലും—വിശ അറിവില്ലാത്തവരിലും പിന്നണിയിൽ പെട്ടവരിലും—അമിതശീലമായി വളരുകയെന്ന ആപൽക്കരമായ പ്രവണതയുണ്ടു്.

കോൺഗ്രസ്സ്മന്ത്രിസഭകൾ അവയുടെ പരിപാടിയുടെ മുൻപന്തിയിൽത്തന്നെ മദ്യനിരോധനത്തിനു സ്ഥാനം നൽകിയതിൽ,

digitized by www .sreyas.in

ക്രിസ്ത്യാനിയായ ഒരിന്ത്യക്കാരനെന്നനിലയിൽ ഞാൻ സന്തോഷിക്കുന്നു. ബ്രിട്ടീഷ്ഗവർമെൻറിനെ ദ്രോഹിക്കാൻവേണ്ടി സ്വീകരിച്ചതാണ്, സമുദായപരിഷ്കരണത്തിനുള്ള നിർവ്യാജാഭിലാഷംകൊണ്ടല്ല എന്ന അബദ്ധധാരണ നിമിത്തം മുമ്പു ബ്രിട്ടീഷ്മിഷനറിമാരിലും അമേരിക്കൻമിഷനറിമാരിലും അധികമാരും മദ്യനിരോധനപ്രസ്ഥാനത്തെ സഹായിച്ചിരുന്നില്ല. നിർഭാഗ്യവശാൽ ഇന്ത്യൻ ക്രിസ്ത്യാനികളും ആ മിഷനറിമാരെ അനുകരിക്കുകയും ഈ പ്രസ്ഥാനത്തിൽനിന്നു് അകന്നു നിൽക്കുകയും ചെയ്തു. എങ്കിലും മദ്യനിരോധനത്തിനുവേണ്ടി വാദിക്കുന്നതിൽ കോൺഗ്രസ്സ് നേതാക്കന്മാർക്കുള്ള ഹൃദയശുദ്ധി സംശയാതീതമാണ്. അതിൻെറ അംഗീകരണം കോൺഗ്രസ്സ് മന്ത്രിസഭകളുടെ ചുമതലയിലുള്ള ഗവർമെൻറുകൾക്കു ഗുരുതരമായ വരുമാനക്കുറവു് ഉണ്ടാക്കിത്തീർക്കാൻ പോകയാണ്.

മദ്യനിരോധനം നടപ്പിൽവരുത്തുന്നതിനുള്ള വിഷമതകൾ ഭീമങ്ങളാണ്. എങ്കിലും സുദൃഢവും അവിശ്രാന്തവുമായ പരിശ്രമംകൊണ്ടു് തരണം ചെയ്യപ്പെടേണ്ടവ മാത്രമാണ് ആ വിഷമതകൾ. പരിപൂർണമായ മദ്യനിരോധനത്തിനു്ഇന്ത്യയിലുള്ള അസന്ദിഗ്ദ്ധമായ പൊതുജനാനുകൂല്യം—ഭൂരിപക്ഷം ഇന്ത്യൻ ക്രിസ്ത്യാനികളുടെ ആനുകൂല്യം ഇതിൽ ഉൾപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു—ഈ വിഷമതകൾ തരണംചെയ്യുവാൻ കോൺഗ്രസ്സ്മന്ത്രിസഭകളെ സമർത്ഥങ്ങളാക്കും. ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള ദരിദ്രഗ്രാമീണർക്കു് അവരുടെ മുമ്പാകെ വയ്ക്കപ്പെട്ടിട്ടുള്ള മദ്യത്തിൻേറതായ ഈ പ്രലോഭനങ്ങളിൽനിന്നു മറേറതു ജനവിഭാഗത്തെക്കാളുമേറെ രക്ഷ ആവശ്യമാണ്. കടി വേണ്ടെന്നുവച്ചാൽ ഇന്ത്യൻഗ്രാമങ്ങൾക്കു നവജീവനും ഐശ്വര്യവും കൈവരും. മററു സമുദായങ്ങളോടൊന്നിച്ചു ഇന്ത്യൻക്രിസ്ത്യൻസമുദായത്തിനും ഈ നടപടികൊണ്ടു അനല്പമായ നേട്ടമേ ഉണ്ടാതാനുള്ളൂ.

പാശ്ചാത്യരാജ്യങ്ങളിൽനിന്നു വന്ന മിഷനറിമാരുടെ ദേശീയശീലങ്ങളും പാരമ്പര്യങ്ങളും എന്തൊക്കെത്തന്നെയായാലും, മദ്യനിരോധനത്തിനു് ഊർജിതമായ പിൻതുണ നൽകുവാൻ അവർക്കു കഴികയില്ലെങ്കിൽ ഇക്കാര്യം സംബന്ധിച്ച നിഷ്പക്ഷമായ ഒരു നിലപാടു കൈക്കൊള്ളുവാനും പ്രായോഗികവിവേകം അവരെ പ്രേരിപ്പിക്കുമെന്നു നമുക്കു വിശ്വസിക്കാം. എന്തായാലും ഇന്ത്യയെ സ്നേഹിക്കുന്നവരും ഗ്രാമീണരുടെ ക്ഷേമത്തിൽ യഥാർത്ഥ താൽപര്യമുള്ളവരുമായ ഇന്ത്യൻക്രിസ്ത്യാനികൾക്കു് ആറു സംസ്ഥാനങ്ങളിൽ മദ്യനിരോധനം വരാൻപോകുന്നതിനെക്കുറിച്ചു സന്തോഷിക്കാതിരിക്കാൻ നിവൃത്തിയില്ല. മദ്യനിരോധനം പരിപൂർണവിജയമാക്കിത്തീർക്കുന്നതിനുവേണ്ടി സ്വന്തം. നാട്ടുകാരോടു് സർവാ

digitized by www .sreyas.in

ത്തനാ സഹകരിക്കുവാൻ അവർക്കു യാതൊരു പ്രയാസവുമുണ്ടാക രുതു്.'

ഇന്ത്യയിലെയും ബർമയിലെയും സിലോണിലെയും ക്രി സ്ത്യൻ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറി റവ. റല്ലാറാം എഴുതുന്നു:

'രാജ്യത്തിൽ പരിപൂർണമദ്യനിരോധനം നടപ്പിൽവരുത്തുക യെന്ന കോൺഗ്രസ്സ് ലക്ഷ്യത്തിനോടും, മിതമായ മദ്യപാനശീലം കൊണ്ടു നാം സംതൃപ്തരാകണമെന്ന് പറയുന്നതുവരെ ശ്രദ്ധിക്കരു തു് എന്നതിനോടും ഞാൻ പൂർണമായി യോജിക്കുന്നു. ഈ രാജ്യ ത്തിലേക്കു വരുന്ന യൂറോപ്യന്മാർ എന്റെ അഭിപ്രായത്തിൽ നമ്മു ടെ അഭിലാഷങ്ങളോടു യോജിക്കേണ്ടതാണ്. ഇക്കാര്യത്തിൽ അ വരുടെ വികാരങ്ങളെ നാം മാനിച്ചാൽ മററു പലർക്കു പഴുതുകൊടു ക്കലായിരിക്കും നാം ചെയ്യുന്നതെന്നു ഞാൻ ഭയപ്പെടുന്നു.'

ഞാൻ മുമ്പു പറഞ്ഞതുപോലെ സ്വന്തം ഇഷ്ടം ശീലമാനിക്കേ ണ്ടതു യൂറോപ്യന്മാരാണ്. ഒരു ജീവകാലത്തെ മുഴുവൻ ശീലം—— അതും മാന്യമെന്നു കരുതപ്പെട്ടതു്——ഉപേക്ഷിക്കുക അവർക്കേറ്റു ദുഷ്കരമാണെന്നു് എനിക്കറിയാം. എങ്കിലും മഹത്തായ ഈ ദേ ശീയപരിഷ്കരണപ്രസ്ഥാനത്തോടു് ഇണങ്ങണമെന്നു് അവർക്കു ആഗ്രഹമുണ്ടെങ്കിൽ പ്രസ്തുത ശീലത്തിൽനിന്നു് അവരെ പിന്തിരി പ്പിക്കുവാൻ ആ പ്രേരണ മതിയാകണം. എങ്ങനെയായാലും അവ സാനം സുനിർവചിതങ്ങളായ പരിധികളോടുകൂടി അവരെ ഒഴിവാ ക്കേണ്ടി വന്നാൽപ്പോലും സൽക്കാരങ്ങളിലും സദ്യകളിലും മദ്യം വർജിക്കാൻതക്ക സൗമനസ്യം അവർക്കുണ്ടാകുമെന്നു നമുക്കു് ആശി ക്കുക. ഒഴിവാക്കൽ വേണ്ടിവരികയാണെങ്കിൽത്തന്നെ അതു ദൗർ ബല്യത്തോടോ ധാരാളിത്തത്തോടോ അല്ല, ഒരു ജീവകാലത്തെ മുഴു വൻ ശീലത്തോടു കാണിക്കുന്ന ഒരു വിട്ടുവീഴ്ചയായിരിക്കും.

3. *കത്തോലിക്കർ*

19

ഈ പംക്തികളിൽ ഈയിടെ റോമൻകത്തോലിക്കരെപ്പററി പ്രസിദ്ധീകരിച്ച ശ്രീ ഫിലിപ്പിന്റെ അഭിപ്രായങ്ങളെക്കുറിച്ചു മി. എഫ്. എ. പ്ലെയർ ലാഹോറിൽനിന്നയച്ച ഒരെഴുത്തിൽ നീരസം പ്രകടിപ്പിക്കുകയും, റോമൻകത്തോലിക്ക്പുരോഹിതന്മാർ അതി പുരാതനകാലംമുതൽ മദ്യനിരോധനം ഉപദേശിച്ചുകൊണ്ടിരിക്കുന്നു വെന്നു വാദിക്കുകയും ചെയ്തിരിക്കുന്നു. 'റോമൻകത്തോലിക്കരായ

19. Harijan, 16-10-1937 (Drink, Drugs and Gambling, p. 71)

digitized by www .sreyas.in

ഞങ്ങളെല്ലാം താങ്കളുടെ മദ്യനിരോധനപ്രസ്ഥാനത്തോടു യോജിക്കുകയും ഹൃദയപൂർവം അതിൽ ചേരുകയും ചെയ്യുന്നു' എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം തൻെറ എഴുത്ത് ഉപസംഹരിക്കുന്നത്.

4. *ഹരിജനങ്ങൾ*

## 20

വിവാഹസമയത്തും മരണസമയത്തും തങ്ങൾക്കു മദ്യപാനം അനുവദിച്ചിട്ടുണ്ടെന്നു ഹരിജനങ്ങൾ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. ഇതു പിശാചിൻെറ നിർദ്ദേശമാണെന്നു പ്രത്യാഖ്യാനഭയംകൂടാതെ എനിക്കു നിങ്ങളോടു പറയാൻ കഴിയും. മതഗ്രന്ഥങ്ങളിൽ ഒരിടത്തും അങ്ങനെ എഴുതിയിട്ടില്ല. സഹോദരീസഹോദരന്മാരെ, നിങ്ങൾ പിശാചിൻെറ അടുത്തു പോകരുതെന്നു ഞാൻ ആവശ്യപ്പെടുന്നു. എൻെറ ഉപദേശം നിങ്ങൾ ഹൃദയപൂർവം സ്വീകരിക്കുമെന്നു ഞാൻ ആശിക്കുന്നു. കുടി ഉപേക്ഷിച്ചു എന്നു നിങ്ങൾ എന്നോടു പറയാൻ കഴിഞ്ഞാൽ അതെനിക്ക് അനൽപ്പമായ സന്തോഷം നൽകും.

5. *മുസ്ലീങ്ങൾ*

## 21

നാം പറയാറുള്ളതുപോലെ മദ്യം പിശാചിൻെറ ഒരു കണ്ടുപിടിത്തമാണ്. ഇബ്ലിസ് സ്ത്രീപുരുഷന്മാരെ വഞ്ചിക്കാൻ തുടങ്ങിയപ്പോൾ അവൻ അവരുടെ മുമ്പാകെ 'ചെന്നീരു്' കെട്ടിത്തൂക്കിയെന്ന് ഇസ്ലാമിൽ പറഞ്ഞിരിക്കുന്നു.

6. *പാഴ്സികൾ*

## 22

മദ്യവർജനത്തിൻേറതായ ഒരു തരംഗം ഇന്ത്യയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. പരപ്രേരണകൂടാതെ ലഹരിസാധനങ്ങൾ വർജിച്ചവരായിത്തീരുവാൻ ജനങ്ങൾ ആഗ്രഹിക്കുന്നു. മദ്യപാനം അക്ഷന്തവ്യമായ ഒരു ദുശ്ശീലമായി കരുതുന്ന ഒരു പൊതുജനാഭിപ്രായത്തെ സമുദായം അതിവേഗത്തിൽ വളർത്തിക്കൊണ്ടുവരുകയാണ്. വളരെ പാഴ്സികൾ മദ്യഷാപ്പുകൾ നടത്തി ഉപജീവനമാർഗമുണ്ടാക്കുന്നുണ്ട്. നിങ്ങളുടെ സർവാത്മനാ ഉള്ള സഹകരണ

20. Harijan, 12-1-1934 (Drink, Drugs and Gambling, p. 71)
21. Young India, 14-12-1932 (Drink, Drugs and Gambling, p. 71)
22. Young India, 23-3-1921 (Drink, Drugs and Gambling, p. 73)

digitized by www .sreyas.in

ത്തിനു ബോംബെസംസ്ഥാനത്തിലെ ഈ മഹാമാരികേന്ദ്രങ്ങളെ തുടച്ചുമാററാൻ കഴിയും. അബ്കാരിനീകുതിയെ മുഴവൻ നശിപ്പിക്കാൻതക്കവണ്ണംപോലും വിജയിക്കാൻപോകുന്ന ഒരു പ്രസ്ഥാനത്തെ തകർക്കുവാൻ ഇന്ത്യയിലെ മുഴവൻ പ്രാദേശികഗവർമെൻറുകളം അയശസ്കരമായ ഒരു ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ ഗവർമെൻറുകളെയോ ജനങ്ങളെയോ ആരെയാണു സഹായിക്കുക? ബോംബെ ഗവർമെൻറിനെ പരിഭ്രമം പിടികൂടിയിട്ടില്ല. എന്നാലും മദ്യനികുതി ബലികഴിക്കാനുള്ള ധൈര്യവും വിവേകവും അതിനുണ്ടാകുമെന്ന് എനിക്കു വിചാരിക്കാൻ കഴിയുന്നില്ല. രണ്ടിലൊന്നു നിങ്ങൾ ഉടനെ തീരുമാനിക്കണം. മദ്യപാനത്തെപ്പററി നിങ്ങളുടെ മതഗ്രന്ഥങ്ങൾ എന്താണു പറയുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. തിന്മയിൽനിന്നു നന്മയെ വേർതിരിച്ച്, തിന്മയുടെമേൽ നന്മയ്ക്കുണ്ടായ വിജയം പാടിപ്പുകഴ്ത്തിയ പ്രവാചകൻ എന്താണു പറഞ്ഞിരിക്കുക എന്ന് എനിക്ക് ഊഹിക്കാൻ കഴിയും. എന്നാൽ നിങ്ങളുടെ മതപരമായ വിശ്വാസം എന്തുമാകട്ടെ, നിങ്ങൾ സർവാത്മനാ മദ്യവർജനത്തെ പുരോഗമിപ്പിക്കുകയോ അലസമായും നിസ്സംഗമായും സംഭവവികാസങ്ങൾ നോക്കിക്കാണുകയോ ഏതാണു ചെയ്യുകയെന്നു നിശ്ചയിച്ചേതീരൂ. ലോകത്തിലെ ഇത്തരത്തിൽപ്പെട്ട എല്ലാ പ്രസ്ഥാനങ്ങളെയും കവച്ചുവയ്ക്കാൻപോകുന്ന ഈ മഹാപ്രസ്ഥാനത്തിൽ ഇന്ത്യയിലെ പ്രായോഗികബുദ്ധിയുള്ള ഒരു സമുദായമെന്ന നിലയിൽ നിങ്ങൾ പങ്കുകൊള്ളുമെന്നു ഞാൻ ആശിക്കുന്നു.[1]

## II

### പ്രവർത്തനസമ്പ്രദായങ്ങൾ

### എ. നിയമത്തിൻെറ ആവശ്യകത

1

*പട്ടിണിക്കാരായ സ്ത്രീപുരുഷന്മാർ ചെയ്യുന്ന നിസ്സാരകളവുകളേക്കാൾ—ഇതിന്നവർ പ്രോസിക്യൂട്ട്ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നുണ്ട്—മദ്യപാനമാണ് ഇന്ത്യയിൽ കൂടുതൽ കുററകരമെന്നു ഞാൻ വിശ്വസിക്കുന്നു. സ്നേഹധർമം പൂർണമായി

1. Young India, 8-8-1929 (Drink, Drugs and Gambling, p. 14)

* നിയമംമുഖേനയുള്ള മദ്യനിരോധനം ബലപ്രയോഗമാണെന്നും തന്നിമിത്തം അഹിംസയ്ക്കു വിരുദ്ധമാണെന്നും വാദിച്ചുകൊണ്ട് ജെ. ബി. പെന്നിംടൺ അയച്ച എഴുത്തിനു മറുപടിയായി ഗാന്ധിജി എഴുതിയതു്.

digitized by www .sreyas.in

സാക്ഷാൽക്കരിക്കാത്തതുകൊണ്ട് ഇഷ്ടത്തിനെതിരായും ഗത്യന്തരമില്ലാതെയും ശിക്ഷാനിയമത്തിന്റെ പരിമിതമായ ഒരു വ്യവസ്ഥയെ ഞാൻ പൊറുപ്പിക്കുന്നുവെന്നതു നേരാണ്. ഞാൻ അങ്ങനെ ചെയ്യുന്നിടത്തോളംകാലം ഈ ആഗ്നേയദ്രാവകം ഉണ്ടാക്കുന്നവരെയും, ആവർത്തിക്കപ്പെട്ട താക്കീതുകളുണ്ടായിട്ടും അതു കുടിക്കുന്നതിൽ വാശി പിടിക്കുന്നവരെയും ഉടൻ ശിക്ഷിക്കണമെന്നു ഞാൻ വാദിച്ചേതീരൂ. എന്റെ കുട്ടികൾ തീയിലേക്കോ ആഴമേറിയ ജലാശയങ്ങളിലേക്കോ പായുന്നതു തടയുവാൻ ഞാൻ മടിക്കാറില്ല. ചെന്നീരിലേക്കു കുതിച്ചുപായുന്നത് ആളിക്കത്തുന്ന ചൂളയിലേക്കോ വെള്ളപ്പൊക്കമുള്ള നദിയിലേക്കോ കുതിച്ചുപായുന്നതിനെക്കാൾ ആപൽക്കരമാണ്. രണ്ടാമതു പറഞ്ഞതു ശരീരത്തെ മാത്രമേ നശിപ്പിക്കുന്നുള്ളൂ. ആദ്യത്തേതു ശരീരത്തെയും ആത്മാവിനെയും നശിപ്പിക്കുന്നു.

## ബി. പഠിക്കുന്നതിനുമുമ്പു നിയമനിർമാണം

2

ബർമയിലെ സ്ത്രീകളുടെ ക്രിസ്ത്യൻ മദ്യവർജനയൂണിയൻ ഗാന്ധിജിയുടെ റങ്കൂണിലെ സാന്നിദ്ധ്യത്തെ പ്രസ്തുത യൂണിയന്റെ ഒരു സമ്മേളനത്തിൽ പ്രസംഗിക്കുവാൻ ഉപയോഗപ്പെടുത്തി. മദ്യവർജനനിയമനിർമാണം സുഫലമായിത്തീരുവാൻ മദ്യവർജനനിയമനിർമാണത്തിനുമുമ്പ് മദ്യവർജനത്തെപ്പററി പഠിപ്പിക്കണമെന്ന വസ്തുത തങ്ങളുടെ സംഘടന അധികമധികം മനസ്സിലാക്കിക്കൊണ്ടുവരികയാണെന്ന് അദ്ധ്യക്ഷത വഹിച്ച മിസ് മേമാക്ക്, ഗാന്ധിജിയെ സ്വാഗതംചെയ്യുമ്പോൾ അഭിപ്രായപ്പെട്ടു. അതിനാൽ ബർമയിൽ ആവശ്യമായിട്ടുള്ളതു വ്യക്തികൾ മദ്യം വർജിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ട് എല്ലാവർഗത്തിലുംപെട്ടവരായ പ്രായപൂർത്തിവന്നവരുടെ ഇടയിൽ നടത്തുന്ന സുശക്തമായ ഒരു വിദ്യാഭ്യാസപ്രസ്ഥാനമാണെന്ന് അവർ അഭിപ്രായപ്പെട്ടു. എന്തുകൊണ്ടെന്നാൽ ആവശ്യക്കാർ ചെല്ലാതായാൽ ഒരു ഷാപ്പും ഏറെനാൾ തുറന്നുകിടക്കുകയില്ല.

മറുപടിയായി ഗാന്ധിജി പറഞ്ഞു:

'ജനങ്ങളുടെ ഇടയിൽ ഒരു വിദ്യാഭ്യാസപ്രസ്ഥാനം നടത്തുകയും ആ പ്രചാരവേലയുടെ ഫലമായി കുടിക്കുന്നശീലമുള്ളവർ മദ്യഷാപ്പുകളിൽ ചെല്ലാതാവുകയും ചെയ്താൽ, മദ്യഷാപ്പുകൾ ഇല്ലാതായിത്തീരുമെന്നു നിങ്ങൾ അഭിപ്രായപ്പെട്ടിരിക്കുന്നു. നിങ്ങളുടെ

2. Young India, 18-4-1929 (Drink, Drugs and Gambling, pp.25-28)

digitized by www .sreyas.in

അഭിപ്രായത്തെ എതിർക്കാതെ എന്റെ അനുഭവം നിങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

'മദ്യവർജനം സംബന്ധിച്ചുള്ള എന്റെ ജോലി തെക്കേ ആഫ്രിക്കയിലേക്കു ഞാൻ പോയകാലമായ 1893 മുതൽക്കേ ആരംഭിച്ചു. എന്റെ സ്വന്തം ആളുകൾ, എന്റെ സ്വന്തം രാജ്യക്കാർ, കുടിക്കുന്നതു്, ഇന്ത്യയിലുള്ളപ്പോൾ കുടിക്കുന്നതിനെപ്പററി ഒരിക്കലും ആലോചിക്കാത്ത സ്ത്രീകൾപോലും കുടിക്കുന്നതു്, എന്നിട്ടു ഗതികെട്ട ജീവിതം നയിക്കുന്നതു് കണ്ടപ്പോൾ ഈ പണി വിഷമംപിടിച്ച ഒന്നാണെന്നു ഞാൻ മനസ്സിലാക്കി. മദ്യവർജനത്തെക്കുറിച്ചുള്ള യാതൊരു പ്രസംഗവും കേൾക്കുവാൻ ഈ സ്ത്രീപുരുഷന്മാർ തയ്യാറുണ്ടായിരുന്നില്ല. വ്യക്തിപരമായ ഉപദേശം കേൾക്കാൻ അത്രയുമില്ല. അവരിൽ ചിലർ തികച്ചും നിസ്സഹായരാണെന്നു് അല്ലെങ്കിൽ തങ്ങൾ നിസ്സഹായരാണെന്നു വിചാരിച്ചിരുന്നുവെന്നുംകൂടി ഞാൻ കണ്ടു. പല നടപടികളും, യാതൊരധികാരവുമില്ലാത്ത ഒരാളുടെ കഴിവിൽപ്പെട്ട നടപടികളെല്ലാം ഞാൻ കൈക്കൊണ്ടു. എങ്കിലും ഈ പരിശ്രമങ്ങൾക്കു കാണത്തക്ക എന്തെങ്കിലും വിജയമുണ്ടായതായി അവകാശപ്പെടുവാൻ എനിക്കു നിവൃത്തിയില്ല. തെക്കെ ആഫ്രിക്ക ഒരു യൂണിയനായിത്തീർന്നശേഷം യൂണിയൻഗവർമെൻറു് ഒരുതരം 'മദ്യകമ്മീഷ'നെ നിയമിക്കുകയുണ്ടായി. ആ കമ്മീഷനു ഞാൻ തെളിവുകൊടുത്തു, അഥവാ ശരിക്കു പറഞ്ഞാൽ ഒരെഴുത്തയച്ചു. എങ്കിലും അതിൻഫലമായി യാതൊന്നുമുണ്ടായില്ലെന്നു നിങ്ങളെ അറിയിക്കേണ്ടിവന്നതിലും എനിക്കു വ്യസനമുണ്ടു്. തെക്കെ ആഫ്രിക്കയിലെ സ്ഥിതി കുറെയൊക്കെ അസാധാരണവും പന്തികെട്ടതുമായിരുന്നു. മദ്യം കൈവശം വയ്ക്കുന്നതിനെയും കുടിക്കുന്നതിനെയും സംബന്ധിച്ച നിയന്ത്രണത്തിൽ മൂന്നു വ്യത്യസ്ത പതനങ്ങൾ ഉണ്ടായിരുന്നു. ബന്തുകൾക്കും സുലുകൾക്കും കുപ്പികൾ കൊണ്ടുനടക്കാനോ കൻടീനുകളിൽനിന്നു മദ്യം കൊടുക്കാനോ പാടില്ല, എന്നാലും അവർ കുടിക്കുന്നു. ഇന്ത്യാക്കാർക്കു കുപ്പികൾ കൈവശം വയ്ക്കാൻ പാടില്ല, എങ്കിലും കൻടീനുകളിൽനിന്നു യഥേഷ്ടം കുടിക്കാം; അതിന്റെ ഫലമായിരുന്നു ഞാൻ മുകളിൽ വിവരിച്ച (ഗതികെട്ട) ജീവിതം—വിശേഷിച്ചും സ്ത്രീകൾക്കു്. വെള്ളക്കാരനു് ഇഷ്ടംപോലെയാവാമെന്നു പറയാനില്ലല്ലോ. അയാളെ സംബന്ധിച്ച നിയമനിർമാണമൊന്നുമില്ല. എങ്കിലും ഇനിയെന്താണു ഞാൻ പറയാൻ വിചാരിക്കുന്നതെന്നു നിങ്ങൾക്കു് ഊഹിക്കാം. അതു് ഈ തിന്മയുടെയെല്ലാം ഉറവിടം തെക്കെ ആഫ്രിക്കയിലെ വെള്ളക്കാരുടെ ഈ സ്വാതന്ത്ര്യത്തിൽനിന്നുണ്ടാകുന്നതാണു് എന്നത്രേ. ബന്തുകളുടെയും ഇന്ത്യക്കാരുടെയും ഈ മദ്യപാനശീലത്തെ ചൂഷണം ചെയ്തു അവരിൽ ചിലർ അളവററ ധനം സമ്പാദിച്ചിട്ടുണ്ടു്.

digitized by www .sreyas.in

'പിന്നീട ഞാൻ ഇന്ത്യയിലേക്ക വന്നപ്പോഠം, അവിടെ സ്ഥിതി ഒരു സംഗതിയിൽ തെക്കെ ആഫ്റിക്കയിലേതിൽനിന്ന വളരെ വ്യത്യസ്തമാണെങ്കിലും പ്രശ്നം സാരാംശത്തിൽ ഒന്നുതന്നെയാണെന്ന കണ്ടു. 1920–1921 കാലത്തു അവിടെ നിങ്ങഠംക്കറിയാവുന്നപോലെ, കൊടുങ്കാററുപോലുള്ള ഒരു മദ്യവർജനപ്രസ്ഥാനമുണ്ടായി. അന്ന് ഇന്ത്യയിൽ ഉടനീളമുള്ള മദ്യവർജനസംഘടനകളിൽനിന്ന ഹൃദയപൂർവകമായ ആനുകൂല്യം ലഭിച്ചിരുന്നുവെങ്കിൽ പൂർണവിജയം ഞങ്ങഠം നേടുമായിരുന്നുവെന്ന ഞാൻ പറയുന്നതിൽ നിങ്ങഠംക്ക നീരസം തോന്നരുത്. ഇന്ത്യയിലെ മദ്യവർജനപ്രസ്ഥാനത്തെ സശ്രദ്ധം പഠിക്കുന്നവരാണ നിങ്ങളെങ്കിൽ, ഞങ്ങഠം ചില സംസ്ഥാനങ്ങളിലെങ്കിലും പൂർണവിജയത്തിന്റെ തൊട്ടടുത്തെത്തിയെന്ന വിവരം ഗവർമെൻറു റിപ്പോർട്ടുകളിൽനിന്ന നിങ്ങഠംക്ക കിട്ടും. വളരെയേറെ മദ്യമാളങ്ങഠം പൂട്ടിയിട്ടു. ആസ്സാമിൽ നൂറു കണക്കിൽ അവീൻകടകളിൽ മനുഷ്യർ ചെല്ലാതായി. അങ്ങനെയിരിക്കെ ഒരത്യാഹിതം സംഭവിച്ചു. ഗവർമെൻറിന്റെ മർദനമായിരുന്ന അതു്. ലജ്ജാവഹവും ദയനീയവുമായ ഒരു സംഗതി. ആ പ്രസ്ഥാനത്തിന് ഒരു രാഷ്ട്രീയനിറമുണ്ടായിരുന്നുവെന്ന ഞാൻ സമ്മതിക്കുന്നു. ആ രാഷ്ട്രീയനിറം ഉണ്ടാകാതെ തരമില്ല. എങ്കിലും ആ രാഷ്ട്രീയ ഉദ്ദേശ്യം, സാരാംശത്തിൽ ധാർമികമായ ഒരു പ്രസ്ഥാനത്തെ സഹായിക്കുന്നതിൽനിന്ന മദ്യവർജനസംഘടനകളെ പിൻതിരിപ്പിക്കുവാൻ പാടില്ലായിരുന്നു. ശോകാത്മകമെങ്കിലും, അത്യന്തം രസാവഹംകൂടിയായ ഈ ചരിത്രത്തിലൂടെ നിങ്ങളെ കൊണ്ടുപോകുന്നതിന് എനിക്ക മാപ്പുതരണം. ആ മർദനം ഈ രൂപത്തിലാണ വന്നതു്. ബീഹാറിലും ആസ്സാമിലും മദ്ധ്യസംസ്ഥാനങ്ങളിലും ഗവർമെൻറിന്റെ മുതലെടുപ്പ് ഉടനെ കുറഞ്ഞു. ആത്മശുദ്ധീകരണത്തിനുവേണ്ടിയുള്ള ഒരു വികാരത്തള്ളിച്ച, ഒരാഗ്രഹം, ഒരു തൃഷ്ണ ഉണ്ടായിരുന്നു. ആ തൃഷ്ണ വന്നു, എങ്ങനെയോ—ഈശ്വരൻ പണിയെടുക്കുന്നതിന്റെ നിഗൂഢരീതികഠം എപ്പോഴും നമുക്കറിഞ്ഞുകൂടാ. എങ്കിലും ആ രാഷ്ട്രീയപ്രസ്ഥാനം ഒരു ആത്മശുദ്ധീകരണപ്രസ്ഥാനംകൂടിയായിത്തീരുകയും, ആ തള്ളിക്കയററത്തിൽ അനേകായിരം പ്രവർത്തകർ മദ്യഷാപ്പുകളും, അവീൻകടകളും പിക്കററു ചെയ്യുന്ന വാളണ്ടിയർമാരായി മാറുകയും, മദ്യഷാപ്പുകഠം ബഹിഷ്കരിക്കേണ്ടതു സ്വന്തം കടമയാണെന്നു ജനങ്ങളും വിചാരിച്ചുതുടങ്ങുകയും ചെയ്തുവെന്നതു പരമാർത്ഥമാണ്. ഗവർമെൻറു മർദനം ആരംഭിക്കുകയും മദ്യഷാപ്പുകളും ലഹരിസാധനഷാപ്പുകളും പിക്കററുചെയ്തുവെന്ന കുററത്തിന് അനേകായിരം വാളണ്ടിയർമാരെ ജയിലുകളിലാക്കുകയും ചെയ്തു; ഇതിൻഫലമായി നിർജനങ്ങളായിത്തീർന്ന ആ കൻടീനുകളും അടച്ചുപൂട്ടിയ ആ അവീൻകടകളും ഇന്ന് ഒരുപക്ഷേ, 1920–1921 കാലത്തിനുമുമ്പ്

ചെയ്തിരുന്നിടത്തോളംതന്നെ കച്ചവടം ചെയ്തുകൊണ്ടിരിക്കയായിരുന്നെന്നു ഞാൻ ഭയപ്പെടുന്നു.

ഈ കഥയിൽനിന്നു ഞാൻ പഠിക്കാൻ ആഗ്രഹിക്കുന്ന പാഠം ഇക്കാര്യം സംബന്ധിച്ചു ഇന്ത്യയിലും ബർമയിലും—നമ്മുടെ വാദത്തിനുവേണ്ടി ബർമയെ ഇന്ത്യയിൽനിന്നു വേറിട്ട ഒരു പ്രദേശമായി കരുതുകയാണു്—വിദ്യാഭ്യാസപരമായ പ്രചാരവേലയോടൊന്നിച്ചുതന്നെ അതിന്റെ മുമ്പല്ലെങ്കിൽ നിയമനിർമാണവും യഥാർത്ഥത്തിൽ ഉണ്ടായേ തീരൂ എന്നതാണു്. ബർമക്കാരുടെ മദ്യപാനശീലത്തെപ്പററി ഞാൻ ആഗ്രഹിക്കുന്നത്ര ശ്രദ്ധയോടുകൂടി പഠിക്കുവാൻ എനിക്കു സാധിച്ചിട്ടില്ല. ബർമക്കാരുടെ അഭിപ്രായവുമായി ഞാൻ ബന്ധപ്പെട്ട കാലംമുതൽ അവരുടെ മദ്യപാനശീലത്തെപ്പററി ബർമീസ് സുഹൃത്തുക്കളിൽനിന്നു പഠിക്കുവാൻ ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നു നിങ്ങൾക്കു ഉറപ്പുതരുന്നു; എന്നാലും അതിനെക്കുറിച്ചു നേരിട്ടല്ലാതെയുള്ള തെളിവിനെ ആസ്പദമാക്കി മാത്രമേ എനിക്കു സംസാരിക്കാൻ കഴിയൂ—ഇന്ത്യയെക്കുറിച്ചാകട്ടെ നേരിട്ടുള്ള തെളിവിനെ അടിസ്ഥാനമാക്കി എനിക്കു പറയാം. കുടി പ്രഭുവർഗത്തിന്റെ ശീലമല്ലെന്നു, തീർച്ചയായും ഇടത്തരക്കാരുടെ ശീലമല്ലെന്ന എന്റെ സ്വന്തം തെളിവു നൽകുവാനാണു് ഇന്നിവിടെ ഞാൻ നിങ്ങളുടെ മുമ്പിൽ നിൽക്കുന്നതു്; അതു തൊഴിലാളികളുടെ ഇടയിൽ മാത്രമുള്ള—വിശിഷ്യ, ഫാക്ടറിത്തൊഴിലാളികളുടെ ഇടയിൽ—ഒരു ശീലമാണു്. ഞാൻ നിങ്ങളുടെ മുമ്പാകെ വയ്ക്കുന്ന ഈ തെളിവു രസാവഹമായ ഒന്നുമാണു്. തെക്കെ ആഫ്രിക്കയിലേക്കു പോയ സ്ത്രീപുരുഷന്മാർ അങ്ങോട്ടു പോകുന്നതിനുമുമ്പു കുടിച്ചിരുന്നില്ലാത്തതുപോലെതന്നെ ഫാക്ടറികളിൽ പണിയെടുക്കാൻ വരുന്നതിനുമുമ്പു കുടിച്ചിരുന്നില്ലാത്ത ഈ ഫാക്ടറിത്തൊഴിലാളികൾ കുടിക്കുന്നതു് എന്തുകൊണ്ടാണു്? അവിടത്തെ സ്ഥിതികളും അവരുടെ മുമ്പാകെ വയ്ക്കപ്പെടുന്ന പ്രലോഭനങ്ങളും അവർ മദ്യപാനാസക്തരാകാൻ പററിയ മട്ടിലുള്ളവയാണു് എന്നത്രേ മറുപടി. മദ്യാസക്തരായിത്തീരുന്ന ഈ ആളുകൾപോലും അതിനെ നീതീകരിക്കുന്നില്ല. അവർക്കു് അതിനെപ്പററി ഒരു ലജ്ജാബോധമുണ്ടു്. അതിനെപ്പററി നിങ്ങൾ അവരോടു സംസാരിച്ചാൽ അവർ പറയും തങ്ങൾക്കു ഗത്യന്തരമില്ല, തങ്ങൾ തൊഴിലാളികളാണു് എന്നു്, എല്ലാത്തരം ന്യായങ്ങളും പറഞ്ഞു നിങ്ങളെ വഞ്ചിക്കുവാൻ അവർ ശ്രമിക്കും; പക്ഷേ, ഈ ശീലത്തെപ്പററി അവർക്കു ലജ്ജയുണ്ടു്. നിങ്ങൾ എന്നെ കാണാനാൻ വരുമ്പോൾ ഞാൻ കുടിക്കാൻ വട്ടംകൂട്ടിയില്ലെങ്കിൽ യൂറോപ്പിൽ അതെന്റെ മാന്യതയ്ക്കു നിരക്കാത്തതാണു്. ഇംഗ്ലണ്ടിൽ ഞാനൊരു വിദ്യാർത്ഥിയായിരുന്ന കാലത്തു എന്റെ സുഹൃത്തുക്കൾക്കു കുടിക്കാൻ വട്ടംകൂട്ടാത്തതുകൊണ്ടു ഞാൻ അത്യന്തം ദുർഘടംപിടിച്ച നിലയിൽപ്പെട്ടിട്ടുണ്ടു്.

digitized by www .sreyas.in

എന്നാൽ ഇന്ത്യയിലെ സ്ഥിതി അതല്ല, അതുകൊണ്ട ഞാൻ അഭിപ്രായപ്പെടുന്നു, നിയമനിർമാണത്തിനുമുമ്പ വിദ്യാഭ്യാസം വേണമെന്നു നിങ്ങൾ പറയുന്നതു തെററായ കാര്യമാകുമെന്ന്. ഈ തിന്മയെ നേരിടാൻ വിദ്യാഭ്യാസത്തെക്കൊണ്ട് ഒരുകാലത്തുമാവില്ല. കുടി കൊണ്ട വമ്പിച്ച മുതലെടുപ്പ് ഉണ്ടാകുന്നു. തന്മൂലം മദ്യനിരോധനമില്ല. ഇന്ത്യൻ മന്ത്രിമാർപോലും പറയുന്നു: 'ഈ മുതലെടുപ്പു കൈവെടിയാൻ ഞങ്ങൾക്കു വയ്യ. നിങ്ങൾ പഠിപ്പിക്കൽ തുടർന്നു കൊണ്ടേയിരിക്കണം.'

'അതിനാൽ മദ്യവർജനജോലിയുമായി ബന്ധപ്പെട്ട നിങ്ങളോട്, പ്രത്യേകിച്ചും സ്ത്രീകളോട് ധൈര്യം അവലംബിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ നിങ്ങളോടു പറഞ്ഞതു വേദസത്യം എന്ന നിലയ്ക്കു സ്വീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. സത്യത്തെ നിങ്ങൾതന്നെ പരിശോധിച്ചുനോക്കൂ, എന്നിട്ട് ആ അന്വേഷണങ്ങളുടെ ഫലമായി ഞാൻ പറഞ്ഞതു ധാരാളത്തിലധികം ദൃഢീകരിക്കപ്പെട്ടുവെന്നു കാണുകയാണെങ്കിൽ, പരിപൂർണമദ്യനിരോധനത്തിനുവേണ്ടി ശക്തിയേറിയ ഒരു പ്രസ്ഥാനം നടത്തുന്നതു നിങ്ങളുടെ പുണ്യധർമമായി കരുതണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. കുടിമൂലേന സൃഷ്ടിക്കപ്പെട്ട അവകാശങ്ങൾ ഭരണാധിപവർഗത്തിന്റേതാണെന്നതുകൊണ്ടുമാത്രമാണ് ഈ പണി ദുഷ്കരമായിത്തീർന്നിട്ടുള്ളതു്.

## സി. കോൺഗ്രസ്സ് സംസ്ഥാനഗവർമെൻറുകൾക്കു സമഗ്രമായ ഒരു പരിപാടി

3

ഈ പ്രമേയം (മദ്യനിരോധനത്തെ സംബന്ധിച്ചുള്ളതു്) പ്രവർത്തകസമിതി അതിന്റെ ദീർഘടപൂർണമായ പ്രവർത്തനകാലത്തു എന്നു ചെയ്തതിലുംവച്ച് ഏററവും മഹത്തായ പ്രവൃത്തിയായി ഞാൻ കരുതുന്നു. മദ്യനിരോധനത്തിനുവേണ്ടിയുള്ള മുറവിളി എന്നും കാലോചിതമായിരുന്നു. 1920—ൽ അതു കോൺഗ്രസ്സിന്റെ നിർമ്മാണപരിപാടിയിലെ മുഖ്യയിനമായിത്തീർന്നു. തന്നിമിത്തം കോൺഗ്രസ്സ് ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് അധികാരത്തിൽവന്ന ഉടൻ പരിപൂർണമദ്യനിരോധനത്തിനുവേണ്ടി ശ്രമിക്കാതിരിപ്പാൻ നിർവാഹമില്ലായിരുന്നു. മന്ത്രിക്കു് ആറു സംസ്ഥാനങ്ങളിലായി നികുതിയിൽ പതിനൊന്നുകോടി ഉറുപ്പികയോളം ബലികഴിക്കാനുള്ള ധൈര്യം ഉണ്ടാകേണ്ടതായി വന്നു. പ്രവർത്തകസമിതി ഈ

3. Harijan, 28-8-1937 (Drink, Drugs and Gambling, pp. 34–36)

അപകടം വരിച്ചിട്ടുള്ളതു് അതിന്റെ പ്രതിജ്ഞ നിറവേററാൻവേണ്ടിയും ലഹരിസാധനങ്ങളിലും മയക്കമരുന്നുകളിലും ആസക്തരായവരുടെ ധാർമികവും ഭൗതികവുമായ ക്ഷേമം സംരക്ഷിക്കുവാൻ വേണ്ടിയുമാണു്. കോൺഗ്രസ്സിന്റേതല്ലാത്ത ഭൂരിപക്ഷമുള്ള അഞ്ചു സംസ്ഥാനങ്ങളും മററു് ആറു സംസ്ഥാനങ്ങളുടെ മാതൃക അനുസരിക്കുവാൻ മടിക്കുകയില്ലെന്നാണു് എന്റെ തീവ്രമായ ആശ. മദ്യനിരോധനം നടപ്പിലാക്കുവാൻ അവർക്കു് ആറു സംസ്ഥാനങ്ങൾക്കുള്ളിടത്തോളംതന്നെ പ്രയാസമില്ല. നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് ഇന്ത്യയുടെ കൂട്ടത്തിൽ ചേരുമെന്നു പ്രതീക്ഷിക്കുന്നതു് അമിതമാണോ?

മദ്യനിരോധനം സാധിക്കുന്നതിനെക്കുറിച്ചും പലരും സംശയഗ്രസ്തരാണെന്നു് എനിക്കറിയാം. പണത്തിന്റെ പ്രലോഭനം തങ്ങൾക്കു ചെറുക്കാൻ വയ്യാത്തവണ്ണം അത്ര പ്രബലമായിരിക്കുമെന്നു് അവർ കരുതുന്നു. ആസക്തിയുള്ളവർ അവരുടെ മദ്യവും മരുന്നുകളും എങ്ങനെയെങ്കിലും കൈക്കലാക്കുമെന്നും, മദ്യനിരോധനമെന്നുവച്ചാൽ, മദ്യങ്ങളുടെയും മരുന്നുകളുടെയും ചെലവിൽ—നിയമവിരുദ്ധമാണെങ്കിലും—പറയത്തക്ക കുറവൊന്നും വരാതെ വെറുതെ നികുതി നഷ്ടപ്പെടലാണെന്നു മന്ത്രിമാർ കാണുമ്പോൾ അവർ ഈ അശുദ്ധമായ നികുതിയിലേക്കു മടങ്ങിവരുമെന്നും അപ്പോൾ സ്ഥിതി ഇന്നത്തെക്കാൾ വഷളാകുമെന്നും അവർ വാദിക്കുന്നു.

ഇത്തരം ഭയത്തിലൊന്നും ഞാൻ പങ്കുചേരുന്നില്ല. ഉൽകൃഷ്ടമായ ആ ലക്ഷ്യം പ്രാപിക്കാൻ വേണ്ടത്ര ധാർമികാവേശം രാജ്യത്തിലുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. മദ്യനിരോധനം ഒരു യാഥാർത്ഥ്യമായിത്തീരണമെന്നുണ്ടെങ്കിൽ, മൂന്നുകൊല്ലത്തിന്റെ അവസാനത്തോടുകൂടിയല്ല ആറുമാസത്തിനുള്ളിൽ ആ ലക്ഷ്യം നാം കണ്ടുതുടങ്ങണം. ആ യാഥാർത്ഥ്യം ഇന്ത്യയിൽ ഉദിച്ചുവരുമ്പോൾ പിന്നിൽ തങ്ങിയ സംസ്ഥാനങ്ങളും നാട്ടുരാജ്യങ്ങളും അനിവാര്യമായതിന്റെ മുമ്പിൽ തലകുനിക്കാതിരിക്കുകയില്ല.

അതിനാൽ ഒരുപക്ഷേ, ഈ നൂററാണ്ടിലെ ഏററവും മികച്ച ധാർമികപ്രസ്ഥാനമായ ഇതിൽ യൂറോപ്യന്മാരുൾപ്പെടെ ഇന്ത്യയിലെ എല്ലാ കക്ഷികളുടെയും മാത്രമല്ല, ലോകത്തിലെ മുഴുവൻ വിശിഷ്ടമനസ്കരുടെ സഹാനുഭൂതിയും പിന്തുണയും പ്രതീക്ഷിക്കുവാൻ നമുക്കു് അവകാശമുണ്ടു്.

അപ്പോൾ മദ്യനിരോധനം ഇന്ത്യയിൽ മഹത്തായ ഒരു ധാർമികപ്രബുദ്ധതയായിത്തീരണമെങ്കിൽ മദ്യശാലകൾ അടയ്ക്കുന്നതിനർത്ഥം, ആരുടെ ശരീരത്തെയും ആത്മാവിനെയും ഈ ശീലം നശിപ്പിച്ചിരിക്കുന്നുവോ ആ ദരിദ്രരേയും കുറച്ചു പണക്കാരേയും മദ്യത്തിൽനിന്നും മയക്കമരുന്നുകളിൽനിന്നും പൂർണമായി പിൻതിരിപ്പിക്കു

digitized by www .sreyas.in

ന്നതിൽ പര്യവസാനിക്കുന്ന ഒരു പ്രസ്ഥാനത്തിൻെറ അനുപേക്ഷണീയമായ ആരംഭം, എന്നതന്നെയായിരിക്കണം. ഗവർമെൻറിൻെറ ശ്രമംകൊണ്ടുമാത്രം ഈ പരമകാഷ്ഠ വരുത്തിത്തീർക്കാനാവില്ല. മഹാദേവ്ദേശായി അദ്ദേഹത്തിൻെറ കുറിപ്പുകളിൽ പറഞ്ഞിട്ടുള്ളതിൻെറ ആവർത്തനമാണെന്ന അപകടമുണ്ടെങ്കിലും, എൻെറ അഭിപ്രായത്തിൽ സമഗ്രപരിപാടി എന്തായിരിക്കണമെന്നു് ഞാൻ ചുരുക്കിപ്പറയട്ടെ:

1. ഓരോ സംസ്ഥാനത്തിലെയും മദ്യഷാപ്പുകളുടെയും അവീൻഷാപ്പുകളുടെയും സ്ഥാനം കാണിക്കുന്ന ഒരു മദ്യ—അവീൻ ഭൂപടം.

2. ലൈസൻസിൻെറ കാലം കഴിഞ്ഞാൽ, മദ്യഷാപ്പുകളെന്ന നിലയിൽ അവ അടച്ചിടുക.

3. മദ്യനികുതി അതിപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നതിനാൽ, ഉടനെ മദ്യനിരോധനാവശ്യങ്ങൾക്കുമാത്രമായി നീക്കിവയ്ക്കുക.

4. സാധിക്കുന്നിടങ്ങളിലെല്ലാം മദ്യഷാപ്പുകളെ, ആദ്യം വന്നിരുന്നവർ മേലിലും അവയെ ഉപയോഗിക്കുമെന്ന ആശയോടുകൂടി ലഘുഭക്ഷണസ്ഥലങ്ങളും വിനോദസ്ഥലങ്ങളുമാക്കി മാററുക—മദ്യകൺട്രാക്ടർമാരെത്തന്നെ അവർക്കിഷ്ടമാണെങ്കിൽ അവ നടത്തുവാൻ പ്രേരിപ്പിച്ചിട്ടു്.

5 നിയമവിരുദ്ധമായ മദ്യംവാററലും കുടിയും കണ്ടുപിടിക്കുവാൻ ഇന്നുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുക.

6. അദ്ധ്യാപകന്മാരുടെയും വിദ്യാർത്ഥികളുടേയും സമയത്തിൽ ഒരുഭാഗം മദ്യവർജനജോലിക്കായി വിനിയോഗിക്കുവാൻ വിദ്യാഭ്യാസസ്ഥാപനങ്ങളോടു് അഭ്യർത്ഥിക്കുക.

7. മദ്യപാനശീലവും അവീൻതീററ ശീലവുമുള്ളവരെ സന്ദർശിക്കുവാൻ ഏർപ്പാടുകൾ ചെയ്യുന്നതിനു് സ്ത്രീകളോടു് അഭ്യർത്ഥിക്കുക.

8. സമകാലീനമദ്യനിരോധനം ഏറെറടുക്കുവാൻ അടുത്തുള്ള നാട്ടുരാജ്യങ്ങളുമായി കൂടിയാലോചനകൾ നടത്തുക.

9. മദ്യം കലരാത്ത പാനീയങ്ങളും ലഹരിസാധനങ്ങൾക്കു പകരം ഉപയോഗിക്കാവുന്ന മററു സാധനങ്ങളും മദ്യാസക്തരെ അവരുടെ ശീലത്തിൽനിന്നു പിൻതിരിപ്പിക്കാനുള്ള മാർഗങ്ങളും നിർദേശിക്കുവാൻ ഡോക്ടർമാരുടെ സ്വമേധയാ ഉള്ളതോ, ആവശ്യമാണെങ്കിൽ പ്രതിഫലം കൊടുത്തുള്ളതോ ആയ സേവനം ഏർപ്പെടുത്തുക.

digitized by www .sreyas.in

10. മദ്യവർജനസംഘങ്ങളുടെ പരിശ്രമങ്ങളും മദ്യപാനത്തിനെതിരായ പ്രസ്ഥാനത്തിനു പിൻതുണയായി പുനരുജ്ജീവിപ്പിക്കുക.

11. തങ്ങളുടെ തൊഴിലാളികളുടെ ഉപയോഗത്തിനായി ലഘുഭക്ഷണത്തിനും വിനോദത്തിനും വിദ്യാഭ്യാസത്തിനുമുള്ള സ്ഥലങ്ങൾ ഒന്നാംതരം മാനേജ്മെൻറിൻകീഴിൽ ആരംഭിക്കാനും നടത്താനും തൊഴിലുടമകളോട് ആവശ്യപ്പെടുക.

12. മധുരക്കള്ള് അതേരൂപത്തിൽത്തന്നെ വിൽക്കാനോ ചക്കരയാക്കാനോവേണ്ടി ചെത്തുവാൻ ചെത്തുകാരെ ഉപയോഗിക്കുക. അതേ രൂപത്തിൽത്തന്നെ കുടിക്കുവാനോ ചക്കരയുണ്ടാക്കാനോ വേണ്ടി മധുരക്കള്ളുണ്ടാക്കുന്ന പ്രക്രിയ പുളിപ്പിച്ച കള്ളുണ്ടാക്കുന്നതിൻേറതിൽനിന്നു വ്യത്യസ്തമാണെന്നറിയുന്നു.

മദ്യത്തിനും ലഹരിസാധനങ്ങൾക്കും എതിരായ പ്രസ്ഥാനത്തെപ്പററി ഇത്രമാത്രം.

4

ബാബുസാഹെബ് ലവാത്തെ അദ്ദേഹത്തിനും എനിക്കും ഒരുപോലെ പ്രിയപ്പെട്ട മദ്യനിരോധനക്കാര്യം സംബന്ധിച്ചുള്ള ഒരു സന്ദർശനംകൊണ്ട് എന്നെ ബഹുമാനിക്കുകയുണ്ടായി. താഴെചേർക്കുന്ന തീരുമാനങ്ങളിൽ ഞങ്ങൾ എത്തി:

1. മേലിൽ എക്സൈസ് നികുതി മുഴുവൻ മദ്യനിരോധനാവശ്യങ്ങൾക്കല്ലാതെ മറെറാന്നിനും തീരെ ഉപയോഗിക്കാതിരിക്കുക.

2. കാലാവധി കഴിഞ്ഞാൽ ലൈസൻസുകളൊന്നും പുതുക്കാതിരിക്കുക; ഈ മദ്യഷാപ്പുകൾ സന്ദർശിച്ചുകൊണ്ടിരുന്നവരിൽ ചുരുങ്ങിയതു് 75 ശതമാനം അവ പൂട്ടണമെന്നു വ്യക്തമായി ആവശ്യപ്പെടുന്നിടങ്ങളിൽ ഉടനെ അവ പൂട്ടിയിടുക.

3. മദ്യം വിൽക്കേണ്ടതു് ആവശ്യമായി വരുമ്പോൾ നേരിട്ടു ഗവർമെൻറു ഏജൻസി മുഖേനയേ വിൽക്കാവൂ.

4. നിലവിലുള്ള മദ്യഷാപ്പുകളെല്ലാം സാധിക്കുന്നിടങ്ങളിൽ ലഘുഭക്ഷണസ്ഥലമായും വിനോദസ്ഥലമായും മാററണം.

5. കുടിമൂത്ത പ്രദേശങ്ങളിൽ അതിൻെറ കാരണങ്ങളെപ്പററി സശ്രദ്ധം അന്വേഷിച്ചു് വേണ്ടതു ചെയ്യണം.

6. മദ്യാസക്തരുമായി അടുത്ത വ്യക്തിപരമായ ബന്ധം പുലർത്തി ആ ശീലം കൈവെടിയുവാൻ അവരെ സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി സുസമ്മതരായ വ്യക്തികളോ ഗ്രൂപ്പുകളോ നട

4. Harijan, 9-10-1937 (Drink, Drugs and Gambling, p. 39)

digitized by www .sreyas.in

ത്തുന്ന തികച്ചും ശാന്തമായ, നിശ്ശബ്ദമായ, വിദ്യാഭ്യാസപരമായ പിക്കററിങ്ങിനു് ഏർപ്പാടു ചെയ്യണം. മദ്യാസക്തരെ അവരുടെ വീടുകളിൽ ചെന്നു് നേരിട്ടു കാണുന്നതു് ശാസ്ത്രീയപിക്കററിങ്ങിൻെറ ഒരു സവിശേഷതയായിരിക്കും. ഈ ജോലിക്കു് സ്വേച്ഛാനുസൃതം തയ്യാറാകുന്നവരെ ഗവർമെൻറു ക്ഷണിക്കുകയും ലോകോപകാരപ്രദമായ ഈ പണി ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും വേണം.

## ഡി. മദ്യമുക്തമായ ഇന്ത്യയെ സൃഷ്ടിക്കാൻ പററിയ ഉപാധികൾ

### 5

'ഇന്നുള്ള എക്സൈസ് ജോലിക്കാരെ (ഈ പ്രസ്ഥാനത്തിനു്) ഗുണകരമായനിലയിൽ ഉപയോഗപ്പെടുത്താമെന്നു ഞാൻ ഇതിനുമുമ്പുതന്നെ പറഞ്ഞിട്ടുണ്ടു്. വിദൂരകാലത്തെങ്കിലും മദ്യനിരോധനം കൈവരുത്താനുള്ള ഗവർമെൻറിൻെറ ഉത്തമവിശ്വാസത്തിൽ ഇതുവരെ അവർക്കു വിശ്വാസമുണ്ടായിരുന്നില്ല. ഇപ്പോൾ അവർക്കു വേണ്ടതുപോലെ അറിയാം. മദ്യനിരോധനം സാധിക്കുന്നതുവരെ കോൺഗ്രസ്സ് അടങ്ങിയിരിക്കുകയില്ലെന്നും അടങ്ങിയിരിക്കുവാൻ മററുള്ളവരെ അനുവദിക്കുകയില്ലെന്നും;തന്മൂലം പുതിയ നയത്തോടും പരിപാടിയോടും അവർ ഇണങ്ങിച്ചേരും. എങ്കിലും സ്വമേധയാ പ്രതിഫലേച്ഛകൂടാതെ പ്രവർത്തിക്കുന്ന ഏജൻസികളാണു് അധികം ഫലപ്രദങ്ങളാവുക. നമ്മുടെ പ്രൊഫസർമാരും അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും കോളേജുകളുമുണ്ടു്. ദിവസേന ഈരണ്ടു മണിക്കൂർ ഈ ജോലിക്കായി നീക്കിവയ്ക്കുവാൻ അവരോടാവശ്യപ്പെടാവുന്നതാണു്. കുടിക്കുന്നവർ സാധാരണ എത്തുന്ന സ്ഥലത്തുചെന്നു് അവരുമായി പരിചയപ്പെട്ടു് അവരോടു സംസാരിച്ചു ന്യായവാദംചെയ്തു് ഒരുതരം വിദ്യാഭ്യാസത്തിൻെറ മട്ടിലുള്ള പിക്കററിങ്ങു് അവർ നടത്തണം. ആളുകൾ എന്തുകൊണ്ടാണു് കുടിക്കുന്നതെന്നും കുടിയിൽനിന്നു് അവരെ എങ്ങനെ പിൻതിരിപ്പിക്കാമെന്നും കുടിക്കുപകരമുള്ള സഫലങ്ങളും ഹിതങ്ങളും ആരോഗ്യകരങ്ങളുമായ സാധനങ്ങൾ എന്തെല്ലാമാണെന്നും കണ്ടുപിടിക്കുവാൻ വേണ്ടി ഡോക്ടർമാർ കൂടിയാലോചനകൾ നടത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. പിന്നെ നമ്മുടെ സഹോദരിമാരുണ്ടു്. നിസ്സഹകരണകാലത്തു് അവർ മഹത്തായ ജോലി ചെയ്തു. ഇപ്പോൾ കൂടുതൽ ശുഭോദർക്കങ്ങളായ ചുററുപാടുകളിൽ പ്രവർത്തനം പുനരാരംഭിക്കുവാൻ വീണ്ടും അവരെ സംഘടിപ്പിക്കണം. അവരുടെ സാന്നിദ്ധ്യം ഒരുറച്ച തടസ്സമാകും. പറയത്തക്ക പ്രയാസങ്ങളൊന്നും

5. Harijan, 18-8-1937 (Drink, Drugs and Gambling, pp. 55-56)

digitized by www .sreyas.in

പ്രതിബന്ധമായി അവർക്കുണ്ടാവുകയുമില്ല. മുമ്പ് പോലീസ് ഉദാസീനമായി നോക്കിനിൽക്കുകയായിരുന്നു പതിവ്. അന്നൊക്കെ അവർ അക്രമികളെ സഹായിക്കുകപോലും ചെയ്തിരുന്നു. ഇന്നു പാവനമായ ഈ ധർമസമരത്തിൽ അവർക്കു പോലീസിന്റെ സഹായം പ്രതീക്ഷിക്കാം. പിന്നെ മദ്യവർജനസംഘടനകളുണ്ട്. അവയിൽ മിക്കതും ഇതുവരെ നിർജീവങ്ങളും നിശ്ചേഷ്ടങ്ങളുമായിരുന്നു. കഴിവുകൾ ശേഖരിച്ച് ഈ ധർമസമരത്തിൽ സജീവമായി ഏർപ്പെടുവാൻ ഇപ്പോൾ നാം അവയോട് ആവശ്യപ്പെടണം. ഒരു മദ്യനിരോധനലീഗും നമുക്കുണ്ടായിരിക്കുന്നതു നല്ലതാണ്. അതിന്റെ കീഴിൽ ഏജൻസികൾക്കെല്ലാം ചിട്ടയോടുകൂടിയും മുറപ്രകാരവും പ്രവർത്തിക്കാം. എക്സൈസിൽനിന്നു കിട്ടുന്ന നികുതി മദ്യനിരോധനപ്രസ്ഥാനത്തിനുവേണ്ടി ന്യായമായും ഉപയോഗിക്കാവുന്നതാണ്, അതു് അശുദ്ധമായ പണത്തിന്റെ നിഷിദ്ധോപയോഗമാവുകയില്ല; വൃത്തികെട്ട വെള്ളച്ചാൽ പുണ്യഗംഗയിലേക്കു തിരിച്ചുവിട്ട് അതിനെ സംശുദ്ധമാക്കുന്നതുപോലെ എന്തെങ്കിലുമൊന്നാകും.

'സർവോപരി ഈ മഹാമാരീകേന്ദ്രങ്ങൾ കണ്ടുപിടിക്കുക. അവയിൽ നിങ്ങളുടെ ശക്തികൾ സമാഹരിക്കുക. മദ്യകൺട്രാക്ടർമാരുടെയും മദ്യവ്യാപാരികളുടെയും യോഗങ്ങൾ വിളിച്ചുകൂട്ടുക, മദ്യഷാപ്പുകൾ വിനോദകേന്ദ്രങ്ങളാക്കി മാററി നല്ല പണം എങ്ങനെ ഉപയോഗിക്കാമെന്ന് അവരെ പഠിപ്പിക്കുക ഈ സ്ഥലങ്ങളെ എങ്ങനെ നിർദോഷമായ വിഹാരത്തിന്റെയും വിദ്യാഭ്യാസപരമായ വിനോദത്തിന്റെയും കേന്ദ്രങ്ങളാക്കാമെന്ന് ഇതിനുമുമ്പു തന്നെ ഞാൻ വിവരിച്ചിട്ടുണ്ട്.

6

മദ്യപന്റെ കുടുംബത്തെ നാം ഗാഢമായി സ്പർശിക്കുന്നതുവരെ യഥാർത്ഥപുരോഗതി നാം നേടുകയില്ല. അവൻ എന്തുകൊണ്ടാണ് കുടിക്കുന്നതെന്നു നാം അറിയണം; അതിനുപകരം എന്തു കൊടുക്കണമെന്നും. ഇന്ത്യയിലെ എല്ലാ മദ്യപന്മാരുടെയും ഒരു കാനേഷുമാരി നാം നടത്തണം.

## ഇ. നിർമാണപരിപാടി

7

അക്രമരഹിതമായ പരിശ്രമത്തിലൂടെ നമ്മുടെ ലക്ഷ്യം പ്രാപിക്കണമെങ്കിൽ, ലഹരിസാധനങ്ങളുടെയും മയക്കുമരുന്നുകളുടെയും

---

6. Young India, 2-3-1922 (Drink, Drugs and Gambling, p. 54)
7. Constructive Programme, (1941) pp. 10–11. (Drink, Drugs and Gambling, p. 54)

digitized by www .sreyas.in

ശാപത്തിൽപ്പെട്ട് ഉഴലുന്ന ലക്ഷോപലക്ഷം സ്ത്രീപുരുഷന്മാരുടെ ഭാഗധേയം നാം ഭാവി ഗവർമെൻറിനു വിട്ടുകൊടുക്കാൻ പാടില്ല.

ഈ തിന്മയുടെ നിർമാർജനത്തിനുസഫലമായ സഹായം ചെയ്യാൻ ഡോക്ടർമാർക്കു സാധിക്കും. മദ്യപനെയും അവീൻ തീററക്കാരനേയും ആ ശാപത്തിൽനിന്നു മോചിപ്പിക്കുവാനുള്ള വഴികൾ അവർ കണ്ടുപിടിക്കണം.

ഈ പരിഷ്കരണത്തെ പുരോഗമിപ്പിക്കുവാൻ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും ഒരു സവിശേഷാവസരം കൈവന്നിരിക്കുകയാണ്. സ്നേഹപൂർവമായ സേവനം ഉൾക്കൊണ്ട പല പ്രവൃത്തികൾകൊണ്ടും ഈ ദുശ്ശീലം വെടിയാനുള്ള അർത്ഥന ചെവിക്കൊള്ളുവാൻ മദ്യപന്മാരെ നിർബന്ധിക്കുന്ന പ്രേരണ അവരിൽ ചുമത്തുവാൻ ഇവർക്കു കഴിയും.

തൊഴിലാളികൾക്കു വിശ്രമിക്കാനും, ആരോഗ്യകരവും ആദായകരവുമായ ലഘുഭക്ഷണസാധനങ്ങൾ കിട്ടാനും, പററിയ കളികളിലേർപ്പെടുവാനും സൗകര്യമുള്ള വിനോദശാലകൾ തുറക്കാൻ കോൺഗ്രസ്സിനു കഴിയും. ഈ (സേവന)ജോലിയൊക്കെ രസാവഹവും ഉൽക്കർഷഹേതുകവുമാണ്. സ്വരാജിലേക്കുള്ള അഹിംസാത്മകമായ ഈ സമീപനം നൂതനമായ ഒരു സമീപനമാണ്. അതിൽ പഴയ മൂല്യങ്ങൾ പുതിയവസ്തു് വഴിമാറിക്കൊടുക്കുന്നു. ഹിംസാത്മകമായ രീതിയിൽ ഇത്തരം പരിഷ്കരണങ്ങൾക്കു സ്ഥാനമുണ്ടായില്ലെന്നു വരാം. ആ രീതിയിൽ വിശ്വസിക്കുന്നവർ അവരുടെ അക്ഷമകൊണ്ട്—അജ്ഞതകൊണ്ടെന്നും ഞാൻ പറയട്ടെ—ഇത്തരം കാര്യങ്ങൾ മോചനദിനത്തിലേക്കു നീട്ടിവയ്ക്കുന്നു. ശാശ്വതവും ആരോഗ്യകരവുമായ മോചനം ഉള്ളിൽനിന്നാണ്, അതായതു് ആത്മശുദ്ധീകരണത്തിൽനിന്നാണ് വരുന്നതെന്ന് അവർ വിസ്മരിക്കുന്നു. നിർമാണപ്രവർത്തകർ നിയമാനുസൃതമായ മദ്യനിരോധനം സുകരവും വിജയകരവുമാക്കിത്തീർക്കുന്നു—അതിൻെറ വഴി തയ്യാറാക്കുന്നതു് അവരല്ലെങ്കിലും.

## എഫ്. തിരുവിതാംകൂറിലെ മദ്യപാനശാപവും പൊതുജനങ്ങളുടെ കടമയും

8

അയിത്തം കഴിഞ്ഞാൽ പിന്നെ ഏററവും ശോചനീയം മദ്യ(പാനമാകുന്ന) ശാപമാണ്. ആ സ്റ്റേററിൽ 1922—ൽ ഒട്ടാകെ മുതലെടുപ്പ് 1,96,70,130 രൂപയായിരുന്നതിൽ 46,94,300 രൂപ

8. Young India, 26-3-1925 (Drink, Drugs and Gambling, pp. 18-19)

digitized by www .sreyas.in

എക്സൈസ് നികുതിയായിരുന്നു. നിലനികുതിയോ 38,18,652 രൂപയും. ഇതു് ആ രണ്ടത്തിനു ഗുരുതരമായ ഒരു കളങ്കമാണെന്നു ഞാൻ കരുതുന്നു. അതിൻെറ നികുതിയിൽ ഇത്രയധികം ലഹരി സാധനങ്ങളിൽനിന്നും കിട്ടുന്നു എന്ന സംഗതി സഗൗരവമായ പര്യാലോചനയ്ക്കു വകനൽകുന്നു. എക്സൈസ് നികുതി വിഭജിക്കപ്പെട്ടിട്ടുള്ളതു് ഇപ്രകാരമാണു്:

| | | |
|---|---|---|
| അബ്കാരി | രൂപ. | 26,82,367 |
| അവീനും കഞ്ചാവും | രൂപ. | 3,11,635 |
| പുകയില | രൂപ. | 17,00,298 |
| ആകെ | രൂപ. | 46,94,300 |

ഇങ്ങനെ മദ്യനികുതി ഭയങ്കരമായ ഒരിനമാണു്. മദ്യപാനം ഏററവുമധികമുള്ളതു് ക്രിസ്ത്യാനികളുടെ ഇടയിലാണെന്നും അതു നൂറുകണക്കിൽ കുടുംബങ്ങളെ നശിപ്പിക്കുകയും, മററുതരത്തിൽ പ്രാപ്തരും ബുദ്ധിമാന്മാരുമായ അനേകായിരംപേർക്കു ദാരിദ്ര്യവും അപമാനവും വരുത്തിത്തീർക്കുകയും ചെയ്യുന്നുണ്ടെന്നും എന്നോടു പറയുകയുണ്ടായി. അറിഞ്ഞിടത്തോളം വർദ്ധിച്ചുവരുന്ന ഈ വരുമാനത്തെ ആ സ്റ്റേററു് തത്ത്വജ്ഞാനിയുടെ അക്ഷോഭ്യതയോടുകൂടി—രസത്തോടുകൂടിയല്ലെങ്കിൽ — ഉററുനോക്കിക്കൊണ്ടിരിക്കുകയാണു്. ആ സമുദായങ്ങൾ ഈ തിന്മകൊണ്ടു കളിക്കുകയാണു്. മദ്യവർജനത്തിൻെറ നേരെയും കളിക്കുകയാണു്. കാലം വല്ലാതെ വൈകുന്നതിനുമുമ്പു് ഈ തിന്മ തുടച്ചുമാച്ചുകളയേണ്ടതാണു്. ഡോക്ടറുടെ കുറിപ്പുകൂടാതെ മദ്യം കിട്ടുക അസാധ്യമാക്കിത്തീർക്കുകയാണു് ഏററവും സഫലമായ മാർഗമെന്നതിനു സംശയമില്ല. നികുതിയുടെ ഏററവും വലിയ ഈ ഉറവിടം എങ്ങനെ ഉപേക്ഷിക്കുമെന്നതാണു് പ്രശ്നം. തിരുവിതാംകൂറിൻെറമേൽ എൻെറ ഇച്ഛ അടിച്ചേൽപിക്കുവാൻ ത്രാണിയുള്ള ഏകാധിപതിയായിരുന്നു ഞാനെങ്കിൽ, ഞാൻ നികുതിയുടെ ആ ഉറവിടം നിശേഷം നീക്കംചെയ്യും; ഓരോ മദ്യഷാപ്പും അടച്ചുപൂട്ടും; ഈ ശീലത്തിൽ ആസക്തരായവരുടെ ഒരു കണക്കെടുക്കും; അവർക്കു് ആരോഗ്യകരമായ ലഘുഭക്ഷണങ്ങളും ആരോഗ്യകരമായ വിനോദങ്ങളും— അല്ലെങ്കിൽ ജോലി, ഏതാണോ ആവശ്യം അതു്—കൊടുക്കാനുള്ള വഴികണ്ടുപിടിക്കും; കുടികൊണ്ടല്ല, വർദ്ധിച്ച കാര്യക്ഷമതകൊണ്ടു്, കൂടുതൽ നികുതി കൊടുക്കാൻ കുടി നിർത്തിയവരെ സമർത്ഥരാക്കുകയും ചെയ്യും. പക്ഷേ, ഏകാധിപത്യത്തിൻെറ കാലം കഴിഞ്ഞു. ജനകീയഭരണമാണു് ആ ഏകാധിപതി. ഈ കാര്യം മുഴവൻ നിയമനിർമാണകൗൺസിലിനും ജനപ്രാതിനിദ്ധ്യമുള്ള അസംബ്ളിക്കുംകൂടി ചെയ്യാം. ഒരു കല്പു് മഹാറാണി റീജൻറിൻെറയും മറെറാന്നു് ദിവാൻെറയും നേരെ എറിഞ്ഞു് പണികഴിഞ്ഞുവെന്നു പറയുന്നതു തെററായിരിക്കും. ദിനംപ്രതി വർദ്ധിച്ചുവരുന്ന പങ്കു് സ്റ്റേററു ഭരണത്തിൽ ജനങ്ങൾക്കു

digitized by www .sreyas.in

ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അവർ അത്യധികം അഭ്യസ്തവിദ്യരാണ്. നികുതി കിട്ടിക്കൊണ്ടിരിക്കെ അതു മുഴുവൻ ഈ തിന്മയുടെ ഉന്മൂലനത്തിനായി ഉപയോഗിക്കുവാൻ അവർക്കു സ്റ്റേററിനെ നിർബന്ധിക്കാം. ഈ ഹീനമായ വ്യാപാരം ഒരു കൊല്ലത്തിനുള്ളിൽ നിർത്തണമെന്നു നിഷ്കർഷിക്കുകയുമാകാം. എന്നാൽ ഇതു് ഒരു കൊല്ലത്തിനുള്ളിൽ ചെയ്യാൻ കഴിയുമോ അതോ അതിലധികം കാലം ആവശ്യമാണോ എന്നു തീരുമാനിക്കേണ്ടതു ജനങ്ങളാണ്. പുല്ലിനിടയ്ക്കു് ഒരു പാമ്പുണ്ടെന്നു് അവർ അറിഞ്ഞിരിക്കട്ടെ. ഞാൻ ബഹുമാനപൂർവം ഒരിക്കൽകൂടി ചോദിക്കട്ടെ: ക്രിസ്ത്യാനികൾക്കല്ലാതെ മററാർക്കാണ് ഇതിൽ നേതൃത്വം വഹിക്കാൻ കഴിയുക? ക്രിസ്ത്യാനികളോടുള്ള എൻെറ കെഞ്ചൽ ഹിന്ദുക്കളെയോ മുസ്ലീങ്ങളെയോ ഒഴിവാക്കുന്നില്ല. പക്ഷേ ഇത്തരം കാര്യങ്ങളിൽ ഒന്നാമത്തെ അഭ്യർത്ഥന ശക്തി അധികമുള്ള കക്ഷിയോടായിരിക്കണം.

9

മദ്യപാനശീലം സംബന്ധിച്ചുള്ള പണി പ്രാഥമികമായി നാം തന്നെ ചെയ്യേ ഒള്ളു. ഇക്കാര്യത്തിൽ ഗവർമെൻറിനു പരമാവധി ചെയ്യാൻ കഴിയുന്നതു് അല്ലെങ്കിൽ ഗവർമെൻറിനെക്കൊണ്ടു ചെയ്യിക്കാവുന്നതു് കള്ളച്ചെത്തു ലൈസൻസുകൾ കൊടുക്കുന്നതു നിത്തുകയാണ്; പക്ഷേ മദ്യപനെ അവൻെറ ദുശ്ശീലത്തിൽനിന്നു പിൻതിരിപ്പിക്കുവാൻ അതുകൊണ്ടാവില്ല. പ്രവൃത്തിയുടെ ആ ഭാഗം പിന്നെയും സ്വകാര്യപരിശ്രമംകൊണ്ടു നിർവഹിക്കേണ്ടതായിവരും.

## ജി. സ്ത്രീകളുടെ കടമ

10

മദ്യവർജനപ്രസ്ഥാനം സംബന്ധിച്ചു മി. ഗാന്ധി ഗുജറാത്തിലെ സ്ത്രീകളോട് ഈ സംരംഭത്തിൽ സഹായിക്കുവാൻ അഭ്യർത്ഥിക്കുന്നു. അവർ മദ്യഷാപ്പുകളുള്ള സ്ഥലങ്ങൾ സന്ദർശിച്ചു മദ്യവില്പനക്കാരോടു കെഞ്ചിയപേക്ഷിക്കണം. അവിടെ വിജയിക്കുന്നില്ലെങ്കിൽ മദ്യപന്മാരെ സമീപിക്കണം. അവർ മനസ്സിരുത്തി പരുഷമായ ഭാഷകൂടാതെ കഴിക്കണം. 'നിങ്ങൾ ഞങ്ങളുടെ സഹോദരന്മാരാണ്; ഞങ്ങളുടെ സഹോദരന്മാർ കുടിക്കില്ല. ഈശ്വരൻെറ പേരിൽ കുടി ഉപേക്ഷിക്കുക.' ഇതു്, ഇത്രമാത്രം, മതി അവരുടെ പ്രസംഗത്തിനു്. 'എനിക്കുറപ്പുണ്ടു്' മി. ഗാന്ധി തുടരുന്നു, ഷാപ്പുകൾ വിട്ടുപോകാൻതക്കവണ്ണം മദ്യപന്മാരെ ലജ്ജിപ്പി

9. Young India, 13-9-1928 (Drink, Drugs and Gambling, p. 54)
10. Young India, 30-3-1921 (Drink, Drugs and Gambling, p. 64)

digitized by www .sreyas.in

കുന്നതിൽ അവർ വിജയിക്കുമെന്നു്, അവരങ്ങനെ ചെയ്യാതിരിക്കുകയും അനുചിതമായി (സ്ത്രീകളോടു്) പെരുമാറുകയും അവരെ ശകാരിക്കുകയും ചെയ്താൽത്തന്നെ, രാജ്യത്തിന്റെ ഗുണത്തിനുവേണ്ടി ആ ശകാരം സഹിക്കുവാൻ ഞാൻ അവരോടു് (സ്ത്രീകളോടു്) ആവശ്യപ്പെടും.'*

## എച്ച്. പുരുഷന്മാരുടെ പങ്കു്

11

മദ്യഷാപ്പുകളും വിദേശവസ്ത്രഷാപ്പുകളും സ്ത്രീകൾ പിക്കററു ചെയ്യുന്നതിൽ പുരുഷന്മാരായ നാം ഇടപെടരുതു്, നാം ഇടപെട്ടാൽ, അതാകെ നാം കശപിശയാക്കും, 1921—ൽ ചെയ്തതുപോലെ. പല തരത്തിലും നമുക്കു് അവരെ സഹായിക്കാൻ കഴിയും. ആ രണ്ടുതരം പിക്കററിങ്ങു് ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളതു് അവർക്കു പ്രത്യേകവും അവർക്കു മാത്രവുമായ ഒരു പ്രവർത്തനരംഗം നൽകുവാൻവേണ്ടിയാണു്. മദ്യവും കള്ളും വിൽക്കുന്നവരുടെ പരിചയം നേടിയും അവരുമായി നേരിട്ടു സംഭാഷണം നടത്തിയും, രാഷ്ട്രം ഇപ്പോൾ ഒരു പുതുപ്പിറവിയുടെ യാതനകളിലൂടെ കടന്നുപോവുകയായതുകൊണ്ടു്, ഈ വ്യാപാരം ഉപേക്ഷിക്കുവാൻ അവരോടാവശ്യപ്പെട്ടുകൊണ്ടും നമുക്കു സഹായിക്കാം; നമ്മുടെ സ്ത്രീകളോടു കൂടുതൽ ഉദാരമായ ആദരം കാണിച്ചും നമുക്കു സഹായിക്കാം. അന്തരീക്ഷത്തെ ഇങ്ങനെ ഉൽകൃഷ്ടതരമാക്കിത്തീർത്താൽ, മദ്യവ്യാപാരിയുടെയും വിദേശവസ്ത്രവ്യാപാരിയുടെയും ക്രേതാവിന്റെയും മദ്യപന്റെയുംമേൽ അതു പ്രേരണ ചെലുത്തും—അബലമാർ ഹൃദയത്തോടുചെയ്യുന്ന അഭ്യർത്ഥന തടുക്കുവാൻ അപ്പോൾ ഇവരിൽ ആർക്കും സാധിക്കാതെ വരുന്നതുകൊണ്ടു്. എന്റെ അഭിപ്രായത്തിൽ സദ്ഗുണങ്ങൾകൊണ്ടാണു് സ്ത്രീകൾ പുരുഷന്മാരെ അതിശയിക്കുന്നതു്. അഹിംസ മുഖ്യമായ ഇത്തരമൊരു സദ്ഗുണമാണു്. പുരുഷൻ ക്ലേശഭൂയിഷ്ഠവും അപഗ്രഥനാത്മകവുമായ ഒരു പ്രക്രിയയിലൂടെ ഇതിലെത്തുന്നു. സ്ത്രീയാകട്ടെ, സ്വാഭാവികമായും വാസനാവിശേഷംകൊണ്ടും. പുരുഷന്മാരായ നാം സ്ത്രീകളുടെ പിക്കററിങ്ങിൽ ഇടപെട്ടാൽ സാധിക്കുന്നതിലും അധികം വേഗത്തിൽ അവരെ തനിയെ വിട്ടാൽ അവർ ലക്ഷ്യം പ്രാപിക്കാനിടയുണ്ടു്—അവർക്കാവശ്യമുള്ളപ്പോൾ ഉപദേശംകൊണ്ടും മാർഗദർശനംകൊണ്ടും നമുക്കു് അവരെ സഹായിക്കാമെങ്കിലും.

---

* ഒരു പത്രറിപ്പോർട്ടിൽനിന്നു്.

11. Young India, 17-4-1930 (Drink, Drugs and Gambling, p. 65)

digitized by www .sreyas.in

## ഐ. വിദ്യാർത്ഥികളുടെ കടമ

12

സ്ത്രീകളുടെ ക്രിസ്ത്യൻമദ്യവർജനസംഘം (ഫൈസാബാദ് റോഡ്, ലഖ്നൗ) പത്രങ്ങൾക്കയച്ച ഒരു എഴുത്തിലെ താഴെ ചേർത്ത ഖണ്ഡിക മനസ്സിൽ ഉളവാക്കിയവയാണ് ഈ ചിന്തകൾ. 'യുവാക്കൾക്ക് എന്തുചെയ്യാൻ കഴിയും?' എന്ന തലക്കെട്ടിൽ വിദ്യാർത്ഥികളെ ഉദ്ദേശിച്ചെഴുതിയ ഇനങ്ങൾ അതിൽനിന്നു ഞാൻ എടുക്കുന്നു:

1. എല്ലാ ലഹരിപദാർത്ഥങ്ങളും ശീലമായിത്തീരാവുന്ന മരുന്നുകളും—ഇതിൽ പുകയിലയും ഉൾപ്പെടും—പൂർണമായി വർജിക്കുമെന്നു സ്വയം പ്രതിജ്ഞചെയ്യുക. പ്രതിജ്ഞാപത്രത്തിൽ ഒപ്പുവക്കാൻ അതു സഹായമാകും.

2. മദ്യത്തെയും മയക്കുമരുന്നുകളെയും കുറിച്ചുള്ള സവിസ്തരമായ അദ്ധ്യാപനവും സ്കൂളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുക.

3. പരിശീലനകാലത്തു് സാമൂഹ്യസേവനത്തിൽ ഒരു പങ്കാവശ്യപ്പെടുക; ലഹരിസാധനങ്ങളുടെ ഉപയോഗംകൊണ്ടുണ്ടാകുന്ന ആപത്തിനെപ്പററി പൊതുജനങ്ങളെ പഠിപ്പിക്കുന്ന മദ്യവർജനജോലിയും ഇതിൽ ഉൾപ്പെടണം.

4. ഗ്രാമീണക്കുവേണ്ടിയുള്ള ലഘുസമ്പാദ്യപദ്ധതിയിൽ എല്ലാ ലഹരിസാധനങ്ങളുടെ വർജനവും ഊന്നിപ്പറയാവുന്നതാണെന്നു ശുപാർശ ചെയ്യുക.

5. രാഷ്ട്രത്തിന്റെ ഭക്ഷണത്തിനുള്ള വിലപ്പെട്ട ഭക്ഷ്യസാധനങ്ങൾ മദ്യം കാച്ചുന്നിടങ്ങളിലും വാററിയെടുക്കുന്നിടങ്ങളിലും ഭയങ്കരമാംവണ്ണം ദുർവ്യയം ചെയ്യുന്നതിനെതിരെ സ്വയം സംഘടിപ്പിക്കുക.

6. ഒരു മദ്യവർജനസംഘത്തിൽ ചേരുക. ക്രിസ്ത്യൻസ്ത്രീകളുടെ മദ്യവർജനസംഘം കഴിഞ്ഞ 59 കൊല്ലമായി ഇന്ത്യയിൽ ഈ സമരത്തിൽ പ്രവർത്തിച്ചുപോരുന്നുണ്ട്. അതിനു നിങ്ങളുടെ പ്രോത്സാഹനവും പിൻതുണയും വേണം. അവരുടെ മുദ്രാവാക്യം ഇതാണ്: 'ഈശ്വരനുവേണ്ടി, കുടുംബത്തിനുവേണ്ടി, ഓരോ രാജ്യത്തിനുംവേണ്ടി.'

7. മദ്യവർജനസാഹിത്യം ഉപയോഗപ്പെടുത്തുക. കൊല്ലംതോറും 2 രൂപ ചെലവാക്കിയാൽ വിതരണം ചെയ്യാനായി

12. Harijan, 19-5-1946 (Drink, Drugs and Gambling, p. 53)

digitized by www .sreyas.in

ഹിന്ദിയിലോ ഉർദുവിലോ മറേറതെങ്കിലുംനാടൻഭാഷയിലോ ഉള്ള 100 ലഘുലേഖകറം പ്രതിമാസം നിങ്ങറംക്കു കിട്ടും. 'ഇന്ത്യൻ ടെംപറൻസ് ന്യൂസ്' (ഭാരതീയ ലഹരിവർജനവാർത്തകറം) എന്ന ഇംഗ്ലീഷ് മാസിക പ്രതിവർഷം 1 രൂപ അടച്ചാൽ ഏതു ലൈബ്രറിയിലും (സ്വകാര്യലൈബ്രറിയല്ല) വരുത്തും. ഇതിനു വരിക്കാരാകാൻ വിദ്യാർത്ഥികറം ആഗ്രഹിക്കുന്നപക്ഷം ഇതേ ചുരുങ്ങിയ വരിസംഖ്യാനിരക്കു് അവക്കും അനുവദിക്കും.

8. ഒഴിവുദിവസങ്ങറം ഈ സേവനത്തിനു പററിയ സമയമാണു്.

9. രാജ്യത്തിനു് എന്തുമാത്രം കൊടുക്കാൻ തങ്ങറംക്കു കഴിയുമെന്നു്—എന്തുമാത്രം രാജ്യത്തിൽനിന്നു് ഇങ്ങോട്ടു കിട്ടാൻ കഴിയുമെന്നല്ല—യഥാർത്ഥ രാജ്യസ്നേഹികളുടെ നിലയ്ക്കു പഠിക്കുക.

## ജെ. വർത്തമാനപ്പത്രങ്ങളുടെ കടമ

### 13

ലാഹോറിൽ കൂടിയ മദ്യവർജനസമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയങ്ങളിൽ ഒന്നു് താഴെ ചേക്കുംപ്രകാരമായിരുന്നു:

'മദ്യങ്ങളെക്കുറിച്ചുള്ള പരസ്യങ്ങളും പരസ്യപ്പത്രങ്ങളും പൊതുസ്ഥലങ്ങളിലും വർത്തമാനപ്പത്രങ്ങളിലും അനുവദിക്കുന്നതിനു യാതൊരു ന്യായവുമില്ലെന്നു് ഈ സമ്മേളനം അഭിപ്രായപ്പെടുന്നു; മദ്യവിൽപ്പന എന്തെങ്കിലും കാരണംകൊണ്ടു് ഉടൻ നിർത്തിക്കൂടെന്നാണു് കരുതപ്പെടുന്നതെങ്കിൽപ്പോലും ഈ പ്രലോഭനങ്ങറം പെട്ടെന്നു നിർത്തണമെന്നാണു് ഈ സമ്മേളനത്തിൻെറ ശക്തിമത്തായ അഭിപ്രായം. ജനങ്ങളുടെ താൽപര്യത്തിൽ ശ്രദ്ധയുള്ള എല്ലാ വർത്തമാനപ്പത്രങ്ങളോടും,അവയ്ക്കു സഹിക്കേണ്ടിവരുന്ന സാമ്പത്തികമായ ത്യാഗം എന്തുതന്നെയായാലും ഇത്തരം പരസ്യങ്ങറം പ്രസിദ്ധീകരിക്കാതിരിക്കുവാൻ ഈ സമ്മേളനം അഭ്യർത്ഥിക്കുന്നു.'

മദ്യപാനം ഒരു ദുർവൃത്തിയാണെന്നു സാർവത്രികമായി സമ്മതിക്കപ്പെടുന്ന ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്തിൽ പത്രാധിപപംക്തികറം പരിപൂർണമദ്യനിരോധനത്തെ അനുകൂലിക്കുന്നതോടൊപ്പം മദ്യത്തിനുവേണ്ടിയുള്ള പരസ്യങ്ങറം സ്വീകരിക്കുന്ന ബഹുമാന്യങ്ങളായ വർത്തമാനപ്പത്രങ്ങളെ കാണുമെന്നതു് ഖേദിക്കത്തക്ക ഒരു സംഗതിയാണു്. വേദനിപ്പിക്കുന്ന ഈ പരസ്യങ്ങറം സ്വീകരിക്കുന്നതു് നിർത്തുവാൻ ആ കോൺഫറൻസിലെ ഈ പ്രമേയം ബന്ധപ്പെട്ട വർത്തമാനപ്പത്രങ്ങളെ പ്രേരിപ്പിക്കുമെന്നു ഞാൻ

13. Young India, 9–1–1930 (Drink, Drugs and Gambling, p. 57)

digitized by www .sreyas.in

ആശിക്കുന്നു. പരസ്യക്കാരുമായിട്ടുള്ള കരാറുകളുടെ കാര്യമുണ്ടാവാം. വർത്തമാനപത്രങ്ങളുടെ ഉടമകൾ പരസ്യങ്ങൾ സ്വീകരിച്ചുകൊണ്ടു രാജ്യത്തോട് അപരാധം ചെയ്തിരിക്കുകയാൽ നല്ല നിലയ്ക്കല്ലാതെ നേടിയ ആ ലാഭത്തിന്റെ ഒരംശം കാലംകഴിയുന്നതിനുമുമ്പു കരാറുകൾ അവസാനിപ്പിക്കുന്നതിനു കൊടുക്കേണ്ടിവരുന്ന നഷ്ടപരിഹാരം കൊടുക്കുവാൻവേണ്ടി അവർ ത്യജിക്കുമെന്നു പ്രതീക്ഷിക്കുന്നത് അധികമൊന്നുമല്ല.

## കെ. സാഹചര്യങ്ങൾ മാറേറണ്ടതിന്റെ ആവശ്യകത

**14**

'മദ്യം മുതലായവ ഉണ്ടാക്കുന്നതും സംസ്കരിക്കുന്നതും കൈവശംവയ്ക്കുന്നതും സംബന്ധിച്ച ഇന്നത്തെ അബ്കാരിനിയമം മാററുന്നതു ജനങ്ങളെ വളരെയധികം ദ്രോഹിക്കുന്നതിന് ഇടയാക്കിയേതീരൂ എന്ന വസ്തുത മനസ്സിലാക്കുവാൻ ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു. മദ്യനിരോധനനയത്തിന്റെ അനിവാര്യഫലമായ അനന്തരഫലം സഹിക്കാൻ നിങ്ങൾ സന്നദ്ധരാകണം. അപ്പോൾ നിങ്ങളുടെ നിർലോപമായ പിൻതുണ ഞാൻ കണക്കിലെടുത്തേ പററൂ. ഷാപ്പുകൾ പിക്കററു ചെയ്യുവാനും മദ്യപാനത്തിന്റെ ദോഷങ്ങളെപ്പററി പ്രസംഗിക്കുവാനും അതുപോലുള്ള മററു പ്രവൃത്തികൾക്കും നിങ്ങളുടെ പിൻതുണ എനിക്കാവശ്യമില്ല. എങ്കിലും നിയമവിരുദ്ധമായ മദ്യനിർമാണവും അതുപോലുള്ള കുററങ്ങളും ഇല്ലാതാക്കാൻ നിങ്ങളുടെ പിൻതുണ എനിക്കുവേണം.'

മദിരാശിയിലെ പൊതുജനാരോഗ്യത്തിന്റെയും എക്സൈസിന്റെയും ചുമതല വഹിക്കുന്ന മന്ത്രി ചെയ്ത പ്രസംഗം 'ഹിന്ദു'വിൽ റിപ്പോർട്ടുചെയ്തിട്ടുള്ളതിൽനിന്നെടുത്തതാണ് ഈ ഖണ്ഡിക. പൊതുജനങ്ങൾ ചെയ്യണമെന്നു മന്ത്രി ആവശ്യപ്പെട്ട ഒരു സഹായംകൂടിയുണ്ട്—കൂടുതൽ നികുതിക്കു വഴങ്ങുക. ജനങ്ങൾക്കു കഴിവുള്ളിടത്ത് അവർ ആവശ്യം തെളിഞ്ഞാൽ കൂടുതൽ നികുതിക്കു വഴങ്ങണമെന്നല്ലാതെ ഇതിനെപ്പററി തൽക്കാലം ഞാനൊന്നും പറയുവാൻ ഉദ്ദേശിക്കുന്നില്ല. പരിപൂർണമദ്യനിരോധനം നേടുന്നതിനുവേണ്ടി സഹിക്കുന്ന ഏതു പണച്ചെലവും അമിതമല്ല.

എന്നാൽ തൽക്കാലം ഞാൻ മുകളിലുദ്ധരിച്ച ഖണ്ഡികയെപ്പററിമാത്രം പറയാം. മദ്യനിരോധനത്തെപ്പററി തെററായ ഒരഭിപ്രായമാണു മന്ത്രി സ്വീകരിച്ചിട്ടുള്ളതെന്നു ഞാൻ ഭയപ്പെടുന്നു. എന്റെ അഭിപ്രായത്തിൽ, അതു (മദ്യനിരോധനം) കുറേശ്ശെക്കുറേശ്ശെ

14. Young India, 8-9-1927 (Drink, Drugs and Gambling, pp. 12–13)

digitized by www .sreyas.in

യായ സ്വീകരിക്കപ്പെടേണ്ടതില്ല. വിജയകരമാകണമെങ്കിൽ മുഴുവനായി സ്വീകരിക്കപ്പെടണം. അതൊരു ജില്ലയുടെ പ്രശ്നമല്ല, അഖിലേന്ത്യാപ്രശ്നമാണ്.

ഈ മന്ത്രിയുടെ പ്രസംഗത്തിൽ എന്നെ വേദനിപ്പിക്കുന്നതു ജനങ്ങളുടെ ക്ഷേമത്തെ ബാധിക്കുന്ന ഒരു കാര്യത്തെ അദ്ദേഹം ബഹിഃസ്പർശിയായിമാത്രം പ്രതിപാദിച്ചിരിക്കുന്നുവെന്നതാണ്. പോലീസ് ചെയ്യേണ്ട പണി ജനങ്ങൾ ചെയ്യണമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ തീർച്ചയായും തന്റെ പദ്ധതി അദ്ദേഹം കാര്യമായെടുത്തിട്ടില്ല. മദ്യനിരോധനം പരീക്ഷിച്ചുനോക്കിയാൽ ജനദ്രോഹമുണ്ടാകുമെന്നു പറഞ്ഞ് അദ്ദേഹം ജനങ്ങളെ ഭയപ്പെടുത്തുന്നതെന്തിനാണ്? കളവോ വെടിമരുന്നിന്റെ നിർമാണമോ കുററങ്ങളായി കണക്കാക്കിയതുകൊണ്ടു ജനദ്രോഹമുണ്ടോ? ലൈസൻസില്ലാതെ മദ്യം വാററുന്നതു് ഇപ്പോഴും കുററമല്ലേ? അതിനാൽ മന്ത്രി വിവരിക്കുന്ന മദ്യം നിർമിക്കാനോ വിൽക്കാനോ ഇന്നു ലൈസൻസ് കിട്ടിയിട്ടുള്ളവർ മദ്യനിരോധനത്തിനുശേഷം വ്യാജമായി അതു നിർമിക്കുമെന്നും തന്മൂലം അവർ ഉപദ്രവിക്കപ്പെടുമെന്നുമാണ്. ഇതിൽ ജനദ്രോഹമുണ്ടാകേണ്ട ആവശ്യമില്ല.

മദ്യനിരോധനം പ്രഖ്യാപിക്കുകയും തന്റെ നിയമങ്ങൾ ലംഘിക്കുന്നവരെ പ്രോസിക്യൂട്ട്ചെയ്യുകയുമല്ലാതെ ഒരു മദ്യനിരോധനവാദിയെന്ന നിലയിൽ തനിക്കു മറെറാന്നും ചെയ്യാനില്ലെന്നു മന്ത്രി വിശ്വസിക്കുന്നുവെങ്കിൽ, ഭാവനാശൂന്യതയും സഹതാപക്കുറവുമാണ് അതു വെളിവാക്കുന്നതു്. പ്രോസിക്യൂഷനുകൾ മദ്യനിരോധനത്തിന്റെ ഏററവും ചെറുതും നാശകരവുമായ ഭാഗമാണെന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു. അതിലും വലുതും നിർമാണാത്മകവുമായ ഒരു വശം മദ്യനിരോധനത്തിനുണ്ടെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ജനങ്ങൾ ചെന്നെത്തിയിട്ടുള്ള അധഃപതിച്ച സ്ഥിതിവിശേഷംകൊണ്ടാണ് അവർ കുടിക്കാൻ ഇടയാകുന്നതു്. ഫാക്ടറിത്തൊഴിലാളികളുംമററുമാണു കുടിക്കുന്നതു്. അവർ അനാഥരാണ്, അരക്ഷിതരാണ്. അതുകൊണ്ടു കുടിക്കുന്നു. മദ്യം വർജിച്ചവർ പ്രകൃത്യാ താപസരല്ല, അതിലുമേറെ ഇവർ പ്രകൃത്യാ ദുർവൃത്തരുമല്ല. ഭൂരിപക്ഷം ജനങ്ങൾ അവരുടെ പരിസരങ്ങളാൽ നിയന്ത്രിക്കപ്പെടുന്നവരാണ്. മദ്യനിരോധനം ഒരു വിജയമാക്കാൻ ആത്മാർത്ഥമായ ഉൽക്കണ്ഠയുള്ള ഏതു മന്ത്രിയും ഒരു പരിഷ്കർത്താവിന്റെ നിഷ്ഠയും ഗുണങ്ങളും വളർത്തിക്കൊണ്ടുവരേണ്ടതായിവരും. മദിരാശി മന്ത്രി പുച്ഛിച്ചുതള്ളിയതായി റിപ്പോർട്ടുചെയ്യപ്പെട്ട അതേ സഹായം അപ്പോൾ അദ്ദേഹത്തിനാവശ്യമായിവരും. എന്റെ വിനീതാഭിപ്രായത്തിൽ, പിക്കററ്ചെയ്യുന്നവരെയും 'കുടിയുടെ ദോഷങ്ങളെപ്പററി പ്രസംഗിക്കുന്ന'വരെയും 'അതുപോലുള്ള മററു പണി' ചെയ്യുന്നവരെയും അദ്ദേഹത്തിനു ആവശ്യമുണ്ട്. മദ്യപന്റെ

digitized by www .sreyas.in

ജീവിതം പരിഷ്കരിക്കുന്നതിൽ തന്നോടു സഹകരിക്കുന്ന വാളണ്ടിയർമാരുടെ ഒരു സൈന്യത്തെ ഇതേ കാര്യങ്ങൾക്കുതന്നെയാണു് അദ്ദേഹത്തിനു് ആവശ്യമായിത്തീരുക. ഓരോ മദ്യശാലയും അദ്ദേഹം ലഘുഭക്ഷണശാലയും സംഗീതശാലയും കൂടിച്ചേർന്നതാക്കി മാറ്റേണ്ടിവരും. തങ്ങൾക്കു ഒന്നിച്ചുചേരാവുന്നതും, ആരോഗ്യകരവും, ആദായകരവും, വിശ്രാന്തികരവും, നിർമ്മാദകവുമായ പാനീയങ്ങൾ കിട്ടുന്നതുമായ ഏതെങ്കിലും സ്ഥലം സാധുതൊഴിലാളികൾക്കു് ആവശ്യമാണു്; ഇതോടൊന്നിച്ചു കുറച്ചു നല്ല പാട്ടും ഉണ്ടാകുമെങ്കിൽ അതവർക്കു ഒരു രസായനമായിത്തീരും, അവരെ ആകർഷിക്കുകയും ചെയ്യും. വകതിരിവോടുകൂടിയ നടത്തിപ്പുകൊണ്ടും ജനങ്ങളുടെ സമ്പർക്കംകൊണ്ടും സ്റ്റേറ്റിനു ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങളായിത്തീരാൻ ഇവയ്ക്കു കഴിയും. മദ്യവർജനപ്രശ്നം കൈകാര്യം ചെയ്യുന്ന ആൾ അതിനെപ്പററി മദിരാശിമന്ത്രി ചെയ്തിട്ടുണ്ടെന്നു തോന്നുന്നതിലേറെ നിഷ്കർഷിച്ചു പഠിക്കേണ്ടതാണു്.

## എൽ. സംപൂർണപഠനത്തിൻെറ ആവശ്യകത

### 15

കുടിയുടെ സ്ഥിതിവിവരക്കണക്കുകളും ആ ശീലത്തെ പ്രോത്സാഹിപ്പിക്കുന്ന കാരണങ്ങളും അതിൻെറ പരിഹാരമാർഗങ്ങളും പഠിക്കുവാൻ തക്ക കഴിവുകളുള്ള സ്ത്രീകൾ വേണ്ടത്ര ഉണ്ടായിരിക്കണം. ഭൂതകാലത്തിൽനിന്നു പഠിക്കാനുള്ള പാഠം അവർ പഠിക്കുകയും, കുടി ഉപേക്ഷിക്കുവാൻ മദ്യപന്മാരോടു് അഭ്യർത്ഥിക്കുകമാത്രം ചെയ്താൽ ശാശ്വതഫലമുണ്ടാവുകയില്ലെന്നു മനസ്സിലാക്കുകയും വേണം. ഈ ശീലം ഒരു രോഗമായി കരുതപ്പെടുകയും ആ നിലയ്ക്കു ചികിത്സിക്കപ്പെടുകയും വേണം. മററു വാക്കുകളിൽ, കുറെ സ്ത്രീകൾ ഗവേഷണവിദ്യാർത്ഥിനികളായിത്തീരുകയും പലതരത്തിലും ഗവേഷണങ്ങൾ നടത്തുകയും വേണം. പരിഷ്കരണത്തിൻെറ ഓരോ ശാഖയിലും സ്വന്തം വിഷയത്തിൽ പ്രാവീണ്യം നൽകുന്ന സന്തതപഠനം ആവശ്യമാണു്. സുസമ്മതങ്ങളായ ഗുണങ്ങളോടുകൂടിയ എല്ലാ പരിഷ്കരണപ്രസ്ഥാനങ്ങളുടെയും ഭാഗികമോ പൂർണ്ണമോ ആയ പരാജയങ്ങൾക്കു ഹേതു അജ്ഞതയാണു്. എന്തുകൊണ്ടെന്നാൽ പരിഷ്കരണത്തിൻെറ പേരിൽ കപടവേഷമണിഞ്ഞു നടക്കുന്ന ഓരോ ഉദ്യമവും ആ പേരിൽ വിളിക്കപ്പെടുവാൻ അർഹതയുള്ളതായിക്കൊള്ളണമെന്നില്ല.

15. Harijan, 24–4–1937 (Drink, Drugs and Gambling, p. 63)

digitized by www .sreyas.in

## എം. പിക്കററിങ്ങിന്റെ ആവശ്യകത

16

പിക്കററിങ്ങ് പ്രകൃത്യാ താൽക്കാലികമായിരിക്കണം. എങ്കിലും അതു ഔഷധത്തിലെ ഉത്തേജകാംശംപോലെയാണ്. കുടി ഒരു ദുരാചാരത്തേക്കാളേറെ ഒരു രോഗമാണ്. നിവൃത്തിയുണ്ടെങ്കിൽ മദ്യപാനം സസന്തോഷം വെടിയുന്ന കോടാനുകോടി ആളുകളെ എനിക്കറിയാം. ഈ പ്രലോഭനം തങ്ങളിൽനിന്ന് അകററണമെന്ന് ആവശ്യപ്പെട്ട ചിലരെ എനിക്കറിയാം. സ്വന്തം ആവശ്യപ്രകാരം ഈ പ്രലോഭനം അകററിക്കളഞ്ഞിട്ടും അവർ ഒളിവിൽ കുടിക്കുന്നതു ഞാൻ അറിഞ്ഞിട്ടുണ്ട്. എന്നാലും ആ പ്രലോഭനം നീക്കംചെയ്യപ്പെട്ടതു തെററായിരുന്നുവെന്നു ഞാൻ കരുതുന്നില്ല. രോഗം ബാധിച്ചവരെ അവരുടെ ഇഷ്ടത്തിനെതിരായിപ്പോലും സഹായിച്ചേ തീരൂ.

ഉദാഹരണത്തിനു ചൂതുകളിയിൽ ആസക്തനായ ഒരു മകൻ എനിക്കുണ്ടെന്നും ഒരു ചൂതുകളിസ്സംഘം എന്റെ കുട്ടിയെ പ്രലോഭിപ്പിക്കുവാൻവേണ്ടി അടുത്തുകൂടുന്നുവെന്നും വിചാരിക്കുക; ഒന്നുകിൽ ആ സംഘത്തെ ഞാൻ ബലംപ്രയോഗിച്ചു അകററണം, അല്ലെങ്കിൽ അങ്ങോട്ടു പോകാതിരിക്കുവാൻതക്കവണ്ണം എന്റെ മകനെ ലജ്ജിപ്പിക്കുവാൻ കഴിയുമെങ്കിൽ അതിനായി അതിന്റെ ആഫീസിൽ കാവൽക്കാരെ നിർത്തണം. കുറച്ചകലെ മററു ചൂതുകളിസ്സംഘങ്ങളുണ്ടെന്നതു നേരാണ്. എന്നാലും ആ സംഘത്തിന്റെ വാതില്ക്കൽ ഒരു കാവൽക്കാരനെ നിർത്തിയാൽ ഞാൻ ചെയ്യുന്നതു ശരിയായി കരുതപ്പെടുമെന്നു ഞാൻ വിചാരിക്കുന്നു. ഞാൻ എന്റെ മകനു ചൂതുകളി ദുഷ്കരമാക്കിത്തീർക്കണം. മദ്യനിരോധനം ഗവർമെൻറു നടപ്പിൽവരുത്തണമെന്ന സിദ്ധാന്തം 'റിഫോർമർ' സ്വീകരിക്കുന്നുണ്ടെങ്കിൽ പിക്കററിങ്ങാകുന്ന ഉപസിദ്ധാന്തത്തെയും അതു സ്വീകരിക്കണം—സ്റ്റേററ്, പൊതുജനാഭിപ്രായത്തിനെതിരെ അടിച്ചേല്പിക്കപ്പെടുന്ന ഒരു സ്വേച്ഛാധിപത്യമായിരിക്കുന്നിടത്തോളംകാലം. ഉദാഹരണത്തിന്, ഗവർമെൻറു കുലടകൾക്കുവേണ്ടി ഓരോ തെരുവിലും കൊട്ടാരങ്ങൾ നിർമിച്ചു സ്വന്തം കച്ചവടം നടത്തുവാൻ അവർക്കു ലൈസൻസുകൾ കൊടുക്കുകയാണെങ്കിൽ ജനങ്ങൾ എന്തു ചെയ്യണം? ദുരാചാരം കുടികൊള്ളുന്ന ഈ കൊട്ടാരങ്ങളെ അവർ നശിപ്പിക്കുന്നില്ലെങ്കിൽ അവയെ വളഞ്ഞുവച്ചു തങ്ങളുടെമേൽ വച്ചുകെട്ടിയ പ്രലോഭനത്തിനു നിർബാധം ഇരയായിത്തീരുന്നതിനെതിരെ ജനങ്ങളെ താക്കീതു ചെയ്യേണ്ടതു് അവരുടെ കടമയായിരിക്കുകയില്ലേ? സ്വഭാവശുദ്ധിയുള്ള സ്ത്രീപുരുഷന്മാരെമാത്രം പിക്ക

---

16. Young India, 6–7–1921 (Drink, Drugs and Gambling, pp. 58-59)

digitized by www .sreyas.in

റുകാരായി ഉപയോഗപ്പെടുത്തുന്നതിന്റെയും പൊതുജനാഭിപ്രായത്തിനെതിരായി കുടിക്കുവാൻ വാശിപിടിക്കുന്നവരുടെ നേരെ ഹിംസ പ്രയോഗിക്കാതിരിക്കാൻ മനസ്സിരുത്തേണ്ടതിന്റെയും ആവശ്യകത ഞാൻ അംഗീകരിക്കുന്നു. സ്റ്റേറ്റിനാൽ സഹായിക്കപ്പെടാതിരിക്കുമ്പോൾ ഒരു പൗരൻ നിർവഹിക്കേണ്ട കർത്തവ്യമാണു പിക്കറ്റിങ്ങ്. കള്ളന്മാർക്കെതിരെ പിക്കറ്റിങ്ങ് നടത്തുകയല്ലാതെ മറെറന്താണ് ഒരു പോലീസ്കാവൽസംഘം ചെയ്യുന്നത്? കള്ളൻ മറെറാരാളുടെ വീട് തുരന്നു കടക്കാനുള്ള വാസന കാണിക്കുമ്പോൾ പോലീസ് തോക്ക് ഉപയോഗിക്കുന്നു. പിക്കററു ചെയ്യുന്നവൻ ദുർബലനായ ഒരു സഹോദരനെ കുടിയുടെ ആപത്തുകളെപ്പററി താക്കീതുചെയ്യുമ്പോൾ ലജ്ജയുടെ—അതായതു പ്രേമത്തിന്റെ—സമ്മർദം പ്രയോഗിക്കുന്നു.

17

പിക്കററിങ്ങ് നടത്തേണ്ട വിധം:

1. ഒരു മദ്യശാലയോ വിദേശവസ്ത്രക്കടയോ പിക്കററു ചെയ്യുവാൻ ചുരുങ്ങിയതു പത്തു സ്ത്രീകളെങ്കിലും വേണം. അവർ തങ്ങളിൽനിന്ന് ഒരു നേതാവിനെ തെരഞ്ഞെടുക്കണം.

2. അവർ ആദ്യം വ്യാപാരിയുടെ അടുക്കൽ ഒരുനിവേദകസംഘമായിച്ചെന്ന് ഈ കച്ചവടം നടത്തുന്നതിൽനിന്നു പിൻതിരിയുവാൻ അയാളോട് അഭ്യർത്ഥിക്കുകയും, കുടിയെയോ വിദേശവസ്ത്രത്തെയോ സംബന്ധിച്ചുള്ള—ഏതാവശ്യമോ അതു്—വസ്തുതകളും കണക്കുകളും വിവരിക്കുന്ന ലഘുലേഖകൾ അയാൾക്കു കൊടുക്കുകയും വേണം. വ്യാപാരിക്കു മനസ്സിലാകുന്ന ഭാഷയിലുള്ളതായിരിക്കണം ലഘുലേഖകളെന്നു പറയേണ്ട ആവശ്യമില്ലല്ലോ.

3. കച്ചവടം നിർത്തിവയ്ക്കുവാൻ വ്യാപാരി കൂട്ടാക്കാതിരിക്കുകയാണെങ്കിൽ മാർഗതടസ്സമുണ്ടാക്കാതെ വാളണ്ടിയർ ഷാപ്പിൽ കാവൽ നിൽക്കുകയും, ചരക്കു വാങ്ങാൻ വരുന്നവരോടു നേരിട്ട് അഭ്യർത്ഥിക്കുകയും വേണം.

4. വിദേശവസ്ത്രം വാങ്ങുന്നതിനെതിരായോ മദ്യപാനം ചെയ്യുന്നതിനെതിരായോ—ഏതാവശ്യമോ അതു്——വലിയ അക്ഷരങ്ങളിൽ എഴുതിയ മുന്നറിയിപ്പുകളുള്ള കൊടികളോ കനംകുറഞ്ഞ ബോർഡുകളോ വാളണ്ടിയർമാരുടെ കൈയിലുണ്ടായിരിക്കണം.

5. വാളണ്ടിയർമാർ നിവൃത്തിയുണ്ടെങ്കിൽ യൂണിഫോറം ധരിച്ചവരായിരിക്കണം.

17. Young India, 24-4-1930 (Drink, Drugs and Gambling, p. 66)

digitized by www .sreyas.in

6. നിർബന്ധമോ പുരുഷന്മാരുടെ ഇടപെടലോ വാളണ്ടിയർമാർ കൂടാതെ കഴിക്കണം.

7. വാളണ്ടിയർമാർ ഇടയ്ക്കിടയ്ക്ക് ഈ വിഷയത്തെക്കുറിച്ച് അനുയോജ്യമായ ഭജനഗാനങ്ങൾ പാടണം.

8. അശ്ലീലതയോ, ശകാരമോ, ഭീഷണിയോ, സഭ്യേതര ഭാഷയോ ഒരു കാരണവശാലും ഉപയോഗിക്കരുത്.

9. അർത്ഥന എപ്പോഴും തലയോടും ഹൃദയത്തിനോടുമായിരിക്കണം; ഒരിക്കലും ബലപ്രയോഗത്തെക്കുറിച്ചുള്ള ഭയത്തിനോടാകരുത്.

10. പിക്കററിങ്ങിൻെറ സ്ഥലത്തു പുരുഷന്മാർ ഒരുകാരണവശാലും തടിച്ചുകൂടുകയോ ഗതാഗതം മുടക്കുകയോ ചെയ്യരുത്. എങ്കിലും ആ പ്രദേശത്തു് പൊതുവേ വിദേശവസ്ത്രത്തിനെതിരായും മദ്യത്തിനെതിരായും അവർ പ്രചാരവേല നടത്തണം. മദ്യവർജനത്തിൻെറയും ഖാദിയുടെയും മദ്യവും വിദേശവസ്ത്രവും ബഹിഷ്കരിക്കുന്നതിൻെറ ആവശ്യകതയുടെയും സന്ദേശം വഹിച്ചുകൊണ്ടുള്ള സ്ത്രീകളുടെ ഘോഷയാത്രകൾ ആ പ്രദേശത്തുകൂടി നടത്തുവാൻ അവർ സഹായിക്കുകയും, അവ സംഘടിപ്പിക്കുകയും വേണം.

11. തക്ളിയുടെയും ചർക്കയുടെയും സന്ദേശം പരത്തുവാനും പുതിയ ലഘുലേഖകളെയും പുതിയ പ്രചാരണസമ്പ്രദായങ്ങളെയും പററി ആലോചിക്കുവാനും ഈ പിക്കററിങ്ങ്സംഘങ്ങളുടെ പുറകിൽ അനേകം സംഘടനകളുണ്ടായിരിക്കണം.

12. എല്ലാ വരവുചെലവുകളുടെയും തികച്ചും ശരിയായ, ക്രമപ്രകാരമുള്ള കണക്കുണ്ടായിരിക്കണം. ഇടയ്ക്കിടയ്ക്ക് ഇതു് ഓഡിററു ചെയ്യണം, ഇതും സ്ത്രീകളുടെ മേൽനോട്ടത്തിൽ പുരുഷന്മാർ ചെയ്യണം. ഈ പദ്ധതിയുടെ മുഴുവൻ അടിയിലായി പുരുഷന്മാർക്ക് സ്ത്രീകളുടെ നേരെ യഥാർത്ഥമായ ബഹുമാനവും അവരുടെ അഭ്യുദയത്തിനു് ആത്മാർത്ഥമായ അഭിലാഷവും ഉണ്ടായിരിക്കണം.

18

*ഈ എഴുത്തുകാരൻ പറയുന്നതു ശരിയാണെന്നു തോന്നും, എങ്കിലും വിശ്വാസജനകമല്ല. പിക്കററിങ്ങ്, കാലത്തോളം പഴക്കമുള്ളതാണെന്നു് അദ്ദേഹം വിസ്മരിക്കുന്നു. അതു നിയമപരമാ

18. Young India, 23-4-1931 (Drink, Drugs and Gambling, pp. 63-64)

* പിക്കററിങ്ങ് അനുവദിക്കുന്നതു് ആപൽക്കരമാണെന്നു വാദിച്ചുകൊണ്ടു് ദക്ഷിണേന്ത്യയിൽനിന്നു് ഒരു റിട്ടയാർഡ് ഗവർമെൻറുദ്യോഗസ്ഥൻ അയച്ച എഴുത്തിനു മറുപടിയായി ഗാന്ധിജി എഴുതിയതു്.

digitized by www .sreyas.in

ക്കണ്ട ആവശ്യമില്ല. ആ സന്ധി (ഗാന്ധി—ഇർവിൻ സന്ധി, 1931) അതിനുമുമ്പു നിയമവിരുദ്ധമായിരുന്നതിനെ നിയമാനുസൃതമാക്കുന്നില്ല. പിക്കറ്റിങ്ങ് ഒരു പരിഷ്കർത്താവിന്റെ അവകാശമാണ്; താനേറ്റെടുത്ത കാര്യം ഉപേക്ഷിക്കാതെ അയാൾ അതു കൈവെടിയാൻ പററില്ല.

തെററുചെയ്യാനോ പാപംചെയ്യാനോ ഉള്ള സ്വാതന്ത്ര്യം മനുഷ്യനുള്ളതുകൊണ്ടു പാപത്തിനെതിരെ ചെയ്യുന്ന ഏതു താക്കീതും ആ സ്വാതന്ത്ര്യത്തിൽ നടത്തുന്ന അക്ഷന്തവ്യമായ ഇടപെടലായിരിക്കുമെന്നു വിചാരിക്കുന്ന അബദ്ധം എഴുത്തുകാരനു പററിയിരിക്കുന്നു. പാപം ചെയ്യാനുള്ള വ്യക്തിപരമായ സ്വാതന്ത്ര്യത്തോടൊന്നിച്ചു തന്നെ പാപിയെ പാപത്തിൽനിന്നു പിൻതിരിപ്പിക്കുവാനും അതിനെതിരെ നിയമനിർമാണം ചെയ്യാൻപോലുമുള്ള സ്വാതന്ത്ര്യം പൊതുജനങ്ങൾക്കുണ്ടെന്നതാണു പരമാർത്ഥം. 'പാപത്തിന്റെ കൂലി മരണമാണ്.' ശിക്ഷ കൂടാതെ ആർക്കും പാപം ചെയ്യാനോ തെററു ചെയ്യാനോ പററില്ല. നല്ലവരായിരിക്കാനുള്ള ഇഷ്ടത്തിനെതിരെ ജനങ്ങളെ നിർബന്ധിക്കുവാനും നന്മയെന്താണു തിന്മയെന്താണ് എന്നതിനെ സംബന്ധിച്ചുള്ള സ്വന്തം മാനദണ്ഡത്തെപ്പററി അപ്രമാദത അവകാശപ്പെടുവാനും അധികൃതർ ധിക്കാരത്തോടുകൂടിയും കുസലില്ലാതെയും മുതിർന്നതിനെതിരെയാണു ഞാൻ പ്രതിഷേധിച്ചിട്ടുള്ളത്, ലോകം എന്നും അമർഷം കൊണ്ടിട്ടുള്ളതും നേരെമറിച്ച്, ചീത്തയാണെന്നു പരിഷ്കർത്താവു വിചാരിക്കുന്ന ഒരു സമ്പ്രദായത്തിനെതിരെ സ്നേഹപൂർവം നൽകുന്ന താക്കീതാണു പിക്കററിങ്ങ്. അതു്, ആ നിലവിട്ടു് ഹിംസാത്മകമായിത്തീരുമ്പോൾ നിയമം കടന്നുവന്നു മനുഷ്യസ്വാതന്ത്ര്യത്തിൽ കൈയിടുന്നതിൽനിന്നു് അയാളെ തടയുന്നു. ചില ചുററുപാടുകളിൽ പിക്കററിങ്ങുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ എഴുത്തുകാരൻ വിവരിച്ചിട്ടുണ്ട്. അദ്ദേഹം കാണിച്ച ഉദാഹരണങ്ങളിൽ പുതുമപോലുമില്ല. ക്ഷേത്രങ്ങൾ മുമ്പും പിക്കററുചെയ്യപ്പെട്ടിട്ടുണ്ട്. ആദ്യം ഉദ്യമം നിഷ്ഫലമായിക്കണ്ടപ്പോൾ ഉപേക്ഷിക്കപ്പെട്ടു എന്നുമാത്രം. ആരെങ്കിലും ഇത്തരം പിക്കററിങ്ങ് വീണ്ടും ആരംഭിക്കുകയാണെങ്കിൽ അതിനെ തടയുവാൻ യാതൊന്നുമില്ല——അയാൾ ആ വിദ്യയുടെ മുറകൾ പാലിക്കുകയും പൊതുജനാധിക്ഷേപത്തെ സാരമാക്കാതിരിക്കയും ചെയ്യുന്നിടത്തോളം കാലം. മദ്യ—മയക്കുമരുന്നുകടകളും വിദേശവസ്ത്രഷാപ്പുകളും പിക്കററുചെയ്യുന്നതു സാധ്യമായതും കുറേയൊക്കെ വിജയിച്ചതും ഈ ഷാപ്പുകൾക്കെതിരായി പൊതുജനമനോഭാവമുണ്ടായിരുന്നതുകൊണ്ടാണ്. തന്നിമിത്തം കോൺഗ്രസ്സ് 'കാററു വിതച്ച് കൊടുങ്കാററു കൊയ്യുക' എന്ന അപകടമില്ല. ബോധനപരമായ രീതിയിലുള്ള പിക്കററിങ്ങ് നിലനിൽക്കുമെന്നു വന്നിരിക്കുന്നു; എന്തുകൊണ്ടെന്നാൽ അതിന്റെ ഉപയോഗപരത തെളിഞ്ഞുകഴിഞ്ഞു.

digitized by www .sreyas.in

## എൻ. പിക്കററിങ്ങും അഹിംസയും

### 19

അഹമ്മദബാദിലെ മദ്യവർജ്ജനപ്രവർത്തനത്തെക്കുറിച്ചും, അതിൽ പ്രകടമായ വലിയ ആത്മനിയന്ത്രണത്തെക്കുറിച്ചും ഈ പംക്തികളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ആരോ എറിഞ്ഞ ഒരു കല്ലുകൊണ്ട ഡോക്ടർ കനുഗയുടെ കണ്ണിനു്, അതു നഷ്ടപ്പെട്ടേക്കാമെന്നുവരുമാറു് അത്ര കഠിനമായ കേടുപററി. അതിനാൽ അദ്ദേഹത്തിനു കുറച്ചു ദിവസം കിടപ്പിലാകേണ്ടതായി വന്നു. ഈ പരിക്കുപററിയിട്ടും അദ്ദേഹം പകരം മറെറാരാരാം വരുന്നതുവരെ സ്വസ്ഥാനത്തുനിന്നു. പിക്കററുചെയ്യുന്ന മററു പ്രവർത്തകരും സ്വസ്ഥാനത്തുനിന്നു. പരിഭ്രമമുണ്ടായില്ല. സ്വാഭാവികമായി പരാതിയുമുണ്ടായില്ല. ഫലം രോമാഞ്ചജനകമായിരുന്നു. മദ്യപസംഘം അമ്പരന്നു. പ്രതികാരമില്ലാത്തതുകൊണ്ട കല്ലേറിന്റെ ശക്തി കുറഞ്ഞു. ആ സംഭവത്തിനുശേഷം കല്ലേറു തീരെ ഉണ്ടായിട്ടില്ലെന്നാണു് എന്റെ അറിവു്. കുടിക്കാൻ വന്നവരിലുണ്ടായ പ്രതികരണം ഇത്രതന്നെ മഹത്തായിരുന്നു. അഹിംസയുടെയും അതിന്റെ പെട്ടെന്നുള്ള ഫലത്തിന്റെയും ഉത്തമോദാഹരണങ്ങളിലൊന്നായി ഇതു ഞാൻ കരുതുന്നു. ഡോക്ടർ കനുഗ പോലീസിനോടു പരാതി പറയുകയോ, അദ്ദേഹത്തിന്റെ കൂടെയുള്ളവർ പ്രതികാരം ചെയ്യുകയോ ചെയ്തിരുന്നെങ്കിൽ വാദമുഖങ്ങൾ കുഴഞ്ഞുമറിഞ്ഞേനെ. എല്ലാത്തരം അപ്രധാനവാദങ്ങളും ഉന്നയിക്കപ്പെടുകയും സാധാരണപോലെ പാർട്ടികൾക്കിടയിൽ വികാരം തിളച്ചുപൊന്തുകയും ചെയ്യുമായിരുന്നു; എന്നല്ല, അതിലുമേറെ മോശമായി മദ്യവർജനകാര്യത്തിനു് ഇടിവു പററുകയും ചെയ്യുമായിരുന്നു. ഡോക്ടർ കനുഗയുടെ ധൈര്യവും ത്യാഗവും ആത്മനിയന്ത്രണവും ഏതൊരു കാര്യത്തിനുവേണ്ടിയാണോ അദ്ദേഹം രക്തമൊഴുക്കിയതു ആ കാര്യത്തെ പുരോഗമിപ്പിച്ചിരിക്കുന്നു; മദ്യവ്യാപാരികളും അവരുടെ സുഹൃത്തുക്കളും കൂടുതൽ ശ്രദ്ധിച്ചെടുക്കുന്നതിനെ അതു തടയുകയും മദ്യവർജനസമരത്തെ ഉന്നതമായ ഒരു നിലയിലേക്കു് ഉയർത്തുകയും ചെയ്തിരിക്കുന്നു.

### 20

അഹമ്മദബാദിൽ പിക്കററുചെയ്യുന്ന രണ്ടുപേരെ ഏതോ തെമ്മാടികൾ അടിച്ചുവെന്നും അവരുടെ തല പൊളിഞ്ഞുവെന്നും അറിയുന്നു. ഈ ധീരന്മാർ ഇപ്പോൾ നിത്യവും മരുന്നുവച്ചുകെട്ടിയ തലയുമായി സ്വസ്ഥാനങ്ങളിൽ വന്നു നിൽക്കുന്നുണ്ടു്. ബോംബെ

---

19. Young India, 20–4–1921 (Drink, Drugs and Gambling, p. 59)
20. Young India, 29–6–1921 (Drink, Drugs and Gambling, p. 60)

digitized by www .sreyas.in

യിൽ ഒരു വാളണ്ടിയറെ ജനക്കൂട്ടത്തിന്റെ മുമ്പാകെവച്ച് അടിച്ചു. അയാൾ സ്വസ്ഥാനത്തു് ഉറച്ചുനിന്നു, പ്രതികാരംചെയ്യാതെ. പിക്കറ്റിങ്ങിന്റെ ശക്തി മദ്യവില്പനക്കാർക്കു് അനുഭവപ്പെടുംതോറും, ഇത്തരം സംഭവങ്ങൾ വർദ്ധിച്ചേ തീരൂ. ഈ പരിഷ്കരണം നിർത്തുക അസാധ്യമാണു്, പിക്കറ്റുചെയ്യുന്നവർക്ക സ്വധർമാനുഷ്ഠാനത്തിൽ ജീവൻ നഷ്ടപ്പെടേണ്ടിവന്നാൽപ്പോലും. പിക്കറ്റുചെയ്യാൻ സന്നദ്ധരായ യുവതീയുവാക്കന്മാർ വേണ്ടത്ര ഉള്ളേടത്തോളം കാലവും പ്രതികാരംചെയ്യാതെ ജീവൻവെടിയുവാൻ അവർ തയ്യാറുള്ളിടത്തോളംകാലവും ഈ ജോലി തുടരണം. ഈ അപകടത്തെക്കറിച്ചു് എനിക്കു് അറിയാമായിരുന്നതുകൊണ്ടാണു് ഒരൊററ അടിക്കു് എല്ലാ മദ്യഷാപ്പുകളും വേണ്ടെന്നുവയ്ക്കുവാനും അങ്ങനെ ജീവനും അവയവങ്ങൾക്കും അപകടം പററുന്നതിൽനിന്നു യുവതീയുവാക്കന്മാരെ രക്ഷിക്കവാനും വേണ്ടി മിതവാദികളുടെ സ്വരാജ്യസ്നേഹത്തോടു് ഞാൻ അഭ്യർത്ഥിച്ചതു്.

## 21

എവിടെ മദ്യവ്യാപാരിയുടെയോ മദ്യപന്റെയോ നേരെ ഹിംസയും ദുഷ്ടവിചാരവുംകൂടാതെ പിക്കറ്റിങ്ങ് നടത്താൻ സാധിക്കമോ അവിടെ അതൊരു ധാർമികകർത്തവ്യമാണു്. മറെറന്തിനെക്കാളുമേറെ അതു മദ്യവർജനകാര്യത്തെ പുരോഗമിപ്പിച്ചിട്ടുണ്ടെന്ന സംഗതി ആർക്കും നിഷേധിക്കാനാവില്ല. ഈയിടെമാത്രമാണ കറാംസാദിൽവച്ചു ക്രിസ്ത്യൻ ധേധ്മാരും ഹിന്ദു ധേധ്മാരും കൃതജ്ഞതാപുരസ്സരം എന്നെ അറിയിച്ചതു്, പിക്കറ്റിങ്ങിന്റെ ഫലമായി അവർ തങ്ങളുടെ ഇടയിൽനിന്നു് കടി ബഹിഷ്കരിച്ചിരിക്കുന്നുവെന്നു്. വിധിനിർണായകദിനങ്ങളായിരുന്ന നവംബർ 17–ാം തീയതിയും അതിനെത്തുടർന്നുള്ള രണ്ടുദിവസവും അനാവശ്യമായും വൈരബുദ്ധിയോടുകൂടിയും പാഴ്സിമദ്യഷാപ്പുകൾ നശിപ്പിച്ചതുകൊണ്ടും പാഴ്സികളോടും ക്രിസ്ത്യാനികളോടും അപമാനകരമായവിധം പെരുമാറിയതുകൊണ്ടും, ബോംബെ അതിന്റെ (പിക്കറ്റുചെയ്യാനുള്ള)അവകാശം തൽക്കാലത്തേക്ക നഷ്ടപ്പെടുത്തിയിരിക്കുന്നു. എങ്കിലും പിക്കറ്റിങ്ങ് നടത്തുന്നിടങ്ങളിൽ അതു് ആക്ഷേപാർഹമല്ലാത്ത സ്വഭാവമുള്ള സ്ത്രീപുരുഷന്മാരെ ഏൽപ്പിക്കുമെന്നും ഏററവും സൗഹാർദമുള്ള മനോഭാവത്തോടുകൂടി അതു നടത്തപ്പെടുമെന്നും ഞാൻ ആശിക്കുന്നു. ബലംപ്രയോഗിച്ചു ജനങ്ങളെ സത്തുക്കളാക്കാൻ നാം ആഗ്രഹിക്കുന്നില്ല.

## 22

മദ്യപാനമാകുന്ന ദോഷത്തെ എങ്ങനെയാണു് എതിർക്കേണ്ട

21. Young India, 22-12-1921 (Drink, Drugs and Gambling, p. 60)
22. Young India, 17–4–1924 (Drink, Drugs and Gambling, p. 62)

digitized by www .sreyas.in

തെന്ന ബങ്കാളംസേവക്സംഘസെക്രട്ടറിയുടെ ചോദ്യത്തിനു് ഉത്തരംപറയാൻ മി. ആൻഡ്രൂസ് ശ്രമിച്ചിട്ടുണ്ടു്. പ്രസിഡന്റ് ജോൺസന്റെ കാലടികളെ അനുഗമിക്കുകയെന്നാണു് അദ്ദേഹത്തിന്റെ ഉത്തരം. ഏതാനും ഇംഗ്ലീഷ്‌വിദ്യാർത്ഥികളുടെ അഭിപ്രായം മാററാൻ ശ്രമിച്ചുകൊണ്ടിരിക്കെ അദ്ദേഹം കല്ലെറിയപ്പെട്ടു. അവസാനം ഒരു കണ്ണു നഷ്ടപ്പെടുന്നതിൽ പരിണമിച്ചു ആ ഏറു്. അപരാധം ചെയ്തവർക്കു് അദ്ദേഹം മാപ്പുകൊടുത്തു. അവരെ അദ്ദേഹം പ്രോസിക്യൂട്ടുചെയ്തില്ല. ബ്രിട്ടീഷ്ഗവർമെന്റു കൊടുക്കാമെന്നു പറഞ്ഞ നഷ്ടപരിഹാരം സ്വീകരിച്ചതുമില്ല. വിചാരത്തിലും വാക്കിലും പ്രവൃത്തിയിലുമുള്ള അഹിംസയുടെ ഒരു ഉദാഹരണമായിരുന്നു അതു്. ഇത്തരം അഹിംസ ഇവിടെയുണ്ടാകുമെന്നു് ഉറപ്പിക്കാമെങ്കിൽ, വീണ്ടും മദ്യഷാപ്പുകൾ പിക്കററുചെയ്യുകയെന്ന ആശയം പുനരുജ്ജീവിപ്പിക്കുവാൻ ഞാൻ മടിക്കുകയില്ല. പക്ഷേ, നാം അപമാനിതരായിരിക്കുകയാണു്. 1921–ൽ പലയിടത്തും നമ്മുടെ പിക്കററിങ്ങ് അഹിംസാത്മകമായിരുന്നില്ല. ഗവർമെന്റിനെ വിഷമിപ്പിക്കുകയെന്ന രാഷ്ട്രീയാശയമായിരുന്നു നമ്മളിൽ പൊന്തിനിന്നിരുന്നതു്. മദ്യപനെ പരിഷ്കരിക്കുകയെന്നതു് തുലോം അപ്രധാനമായ ഒരു പരിഗണനയായിരുന്നു. നിസ്സഹകരണസമരത്തിൽ 'രാഷ്ട്രീയം' ധാർമികലക്ഷ്യത്തെ ഉപസേവിക്കാനുള്ളതാക്കപ്പെടുന്നു. മദ്യപനെ പരിഷ്കരിക്കാൻ നമുക്കു സാധിച്ചാൽ, ഭരണത്തെയും ഭരണാധികാരികളെയുംകൂടി നാം പരിഷ്കരിക്കുന്നു. എന്നാൽ ബലംകൊണ്ടു മദ്യപനെ അമർത്തിയാൽ മദ്യനികുതിയോ മയക്കുമരുന്നുനികുതിയോ കുറച്ചുകാലത്തേക്കു നാം ഗവർമെന്റിനു നഷ്ടപ്പെടുത്തിയെന്നുവരാം; എങ്കിലും അവസാനം അമർത്തപ്പെട്ട കുടിയനും പുകവലിക്കാരനും അവന്റെ തല പൊക്കുകയും വർദ്ധിച്ച നികുതി ഗവർമെന്റു പിരിച്ചെടുക്കുകയും ചെയ്യും. മദ്യപനോടുള്ള സ്നേഹം നിമിത്തം സ്വജീവൻ ചേതപ്പെടുത്തിയും പിക്കററിങ്ങ് നടത്തുന്ന സ്ത്രീപുരുഷന്മാർ വേണ്ടത്ര ഉണ്ടാകുന്നതുവരെ പിക്കററിങ്ങ് വീണ്ടും തുടങ്ങുന്നതിനെപ്പററി നമുക്കു സ്വപ്നം കണ്ടുകൂടാ.

## 23

പിക്കററിങ്ങിൽ ഹിംസയുടേതായ ആപത്തുണ്ടെന്നതിനു സംശയമില്ല. അതുകൊണ്ടാണു് അതേറെറടുക്കണമെന്നു് ഇന്ത്യയിലെ സഹോദരിമാരോടു ഞാൻ അഭ്യർത്ഥിച്ചതു്. അഭ്യസ്തവിദ്യരായ കുറച്ചുപേർ അവരുടെ ഭയവും വിശ്വാസവും വെടിയുമെങ്കിൽ മററു സഹോദരിമാർ അവരെ പിന്തുടരാതിരിക്കുകയില്ല.

---

23. Young India, 24–4-1930 (Drink. Drugs and Gambling, p. 65)

digitized by www .sreyas.in

24

ഒരു രോഗിയുടെ ശരീരത്തിൽ പുരട്ടാൻവേണ്ടി ആഗ്രയിലെ ഒരു മദ്യഷാപ്പിൽനിന്ന് ബ്രാണ്ടി വാങ്ങുമ്പോൾ തനിക്കും തന്റെ സ്നേഹിതനും എന്തു സംഭവിച്ചുവെന്ന് ഏററവും നിർവികാരമായ രീതിയിൽ വർണിച്ചുകൊണ്ട് പണ്ഡിത ഗോപിനാഥ്കൻസ്രു അയച്ച ഒരെഴുത്ത് ഉൾപ്പെട്ട 'ലീഡർ' പത്രത്തിന്റെ ഒരു കഷണം ഞാൻ ഈ കുറിപ്പുകൾ എഴുതിക്കൊണ്ടിരിക്കുമ്പോൾ എന്റെ അസിസ്റ്റൻറ് എനിക്കു തരുകയുണ്ടായി. പണ്ഡിത കൻസ്രു തന്റെ ഉത്തമവിശ്വാസത്തെക്കുറിച്ചു നൽകിയ വാഗ്ദാനങ്ങളൊക്കെയുണ്ടായിരുന്നിട്ടും, ബ്രാണ്ടി കൊണ്ടുപോകാൻ വാളണ്ടിയർമാരെ സമ്മതിച്ചില്ല. ഇതു് അഹിംസയല്ലെന്നു മാത്രമല്ല; കലർപ്പററ ഹിംസകൂടിയാണ്. കായികമായ ഹിംസ ഉപയോഗിക്കാത്തിടത്തോളംകാലം ഏതുതരം സമ്മർദവും പ്രയോഗിക്കാമെന്നു സമാധാനപരമായ പിക്കററിങ്ങിനു് അർത്ഥമില്ല. വാളണ്ടിയർമാർ അവരുടെ പ്രതിജ്ഞയ്ക്കനുസരിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ പണ്ഡിത ഗോപിനാഥനും അദ്ദേഹത്തിന്റെ സ്നേഹിതനും നിർബാധമായി കടന്നുപോകാൻ അനുവാദം നൽകുമായിരുന്നു. പിക്കററുചെയ്യുന്നവരുടെ കടമ മദ്യത്തിന്റെ ദോഷത്തെക്കുറിച്ചു മദ്യപന്മാർക്കു മുന്നറിയിപ്പു നൽകുകമാത്രമാണ്: അവരെ ഉപദ്രവിക്കുകയോ അവർ ശ്രദ്ധിക്കുന്നില്ലെങ്കിൽ മററുവിധത്തിൽ അവരെ തടയുകയോ അല്ല, ജനങ്ങൾക്കു നല്ലതാണെന്നു വിശ്വസിച്ചുകൊണ്ടു് അവരുടെമേൽ മദ്യവർജനം നമുക്കു വച്ചുകെട്ടാമെങ്കിൽ, ഇംഗ്ലീഷ് ഭരണാധികാരികളും അവരുടെ ഇന്ത്യൻ അനുകൂലികളും തീർച്ചയായും അത്തരമൊരു പണിതന്നെയാണു ചെയ്തുകൊണ്ടിരിക്കുന്നതു്. അവരും ഇന്നത്തെ സമ്പ്രദായം നമ്മുടെമേൽ വച്ചുകെട്ടുന്നതു് അതു നമുക്കു നല്ലതാണെന്നു നല്ലപോലെ വിശ്വസിച്ചുകൊണ്ടാണ്. അതിനാൽ സ്വരാജ് വാളണ്ടിയർമാർക്കു് അവർ പണ്ഡിത ഗോപിനാഥ് കൻസ്രുവിനെ സംബന്ധിച്ചു പ്രയോഗിച്ചമാതിരി സ്വാതന്ത്ര്യങ്ങൾ പ്രയോഗിക്കാമെങ്കിൽ ഇന്നത്തെ സമ്പ്രദായം മാററുവാനല്ല യജമാനന്മാരെ മാത്രം മാററുവാനാണ് അവർ തുനിയുന്നതു്. സ്വബോധംവാങ്ങുവാൻ സ്വാതന്ത്ര്യം വിറേറകഴിയു എങ്കിൽ,ഇന്ത്യ സ്വബോധമുള്ളതായിരിക്കുന്നതിനെക്കാൾ സ്വതന്ത്രമായിരിക്കുവാനാണ് ഞാൻ ഇഷ്ടപ്പെടുക.

24. Young India, 22-2-1922 (Drink, Drugs and Gambling, p. 61)

digitized by www .sreyas.in

# III

## പ്രയാസങ്ങളും പരിഹാരങ്ങളും

### എ. തൊഴിലില്ലായ്മ—മററു ജോലികൾ ഏർപ്പാടുചെയ്യൽ

1

ഈ കാര്യത്തെക്കുറിച്ച് എഴുതുമ്പോഴും ശ്രീ സി. രാജഗോപാലാചാരി ഈ പരിഷ്കരണത്തിൽ തനിക്കുള്ള ഔത്സുക്യം നിമിത്തം ജോലിയില്ലാതാക്കപ്പെടുന്ന ചെത്തുകാരുടെ തൊഴിലില്ലായ്മപ്രശ്നത്തെ തട്ടിനീക്കിയിരിക്കുന്നുവെന്നു സുഹൃത്തുക്കൾ എനിക്കയച്ചുതരുന്ന വർത്തമാനപത്രശകലങ്ങളിൽ കാണുന്ന ഒരു വാദത്തിനു മറുപടി പറയുവാൻ എനിക്കാഗ്രഹമുണ്ട്. അവരെപ്പററി അദ്ദേഹത്തിന്റെ മനസ്സിൽ ഉള്ളതെന്താണെന്ന് എനിക്കറിഞ്ഞുകൂടാ. പനഞ്ചക്കരനിർമ്മാണത്തിൽ ഒരു വിദഗ്ദ്ധനായിത്തീർന്നുകൊണ്ടിരിക്കുന്ന ശ്രീ ഗജാനനൻ എന്നോടു പറയുന്നു, ദക്ഷിണസംസ്ഥാനത്തിൽ ഈ ഹീനമായ വ്യാപാരത്തിൽ* ഏർപ്പെട്ട ചെത്തുകാരുണ്ടെന്ന്. അദ്ദേഹം തുടർന്നുപറയുന്നു, ചെത്തുനിർത്തേണ്ട ആവശ്യം തീരെയില്ലെന്ന്. മദ്യനിരോധനഭരണത്തിൻകീഴിൽ അവർ ചെത്തുന്നതു മധുരക്കള്ളായിരിക്കണമെന്നുമാത്രം; ഇതു് ആ ആഗ്നേയദ്രാവകത്തിനുപകരം ചക്കരയാക്കി മാററണം. ആന്ധ്രപ്രദേശിലെ ചെത്തുകാർ ചെത്തിയെടുക്കുന്ന കള്ള് വിൽക്കുന്നില്ലെന്നും ചക്കരയാക്കി മാററുകയാണെന്നും ഈ ചക്കര അവർ ചാരായമുണ്ടാക്കുന്നവർക്കു വിൽക്കുകയാണെന്നും അതുകൊണ്ടു ചാരായമുണ്ടാക്കപ്പെടുകയാണെന്നും അറിയുന്നു. ഇത്തരം സംഗതികളിൽ, ഈ ചക്കര ഒത്തുതീർപ്പനുസരിച്ചുള്ള ന്യായവിലയ്ക്കു ഗവർമെൻറു വാങ്ങുകയല്ലാതെ മറെറാന്നും ചെയ്യേണ്ട ആവശ്യമില്ല. ചെത്തുകാരെപ്പററി എനിക്കറിയാവുന്നിടത്തോളം സംഗതികളിൽനിന്ന് ആസന്നമായ മദ്യനിരോധനംകൊണ്ട് അവർക്കു നഷ്ടമൊന്നും വരാനിടയില്ലെന്നു ഞാൻ മനസ്സിലാക്കുന്നു; ദരിദ്രർക്കാകട്ടെ, നല്ല ശുദ്ധമായ ചക്കരയുടെ രൂപത്തിൽ ഗുണസമ്പന്നവും ആദായകരവുമായ ഭക്ഷണം, ശരീരത്തിനും ആത്മാവിനും ദ്രോഹകരമായ ദ്രാവകത്തിനുപകരം, കിട്ടും.

2

എന്നെ അതിർത്തിസംസ്ഥാനത്തിലേക്കു കൊണ്ടുപോകുന്ന തീവണ്ടി സ്റ്റേഷനിൽനിന്നു പുറത്തേക്കു നീങ്ങിക്കൊണ്ടിരിക്കെ

1. Harijan, 14-8-1937 (Drink, Drugs and Gambling, p. 33)
* കള്ളുചെത്താണ് ഇവിടെ ഉദ്ദേശിക്കുന്നത്.
2. Harijan, 15-7-1939 (Drink, Drugs and Gambling, pp. 48-49)

digitized by www .sreyas.in

ബോംബെയിലെ ഭണ്ഡാരികൾ പ്രധാനമന്ത്രിക്കു് അയച്ച ഒരു ഹർജിയുടെ പകർപ്പ് റാവുബഹദൂർ ബോൾ എനിക്കു തന്നു. അതു വായിച്ചുനോക്കി തനിക്കൊരു മറുപടി അയയ്ക്കണമെന്നു് അദ്ദേഹം നിർബന്ധിച്ചു. തളർന്ന ശരീരാവയവങ്ങൾക്കു വിശ്രമം നൽകിയ ശേഷം ഞാനതു വായിച്ചു് അദ്ദേഹത്തിനു മറുപടി അയച്ചു.

ആ ഹർജി രസാവഹമായ ഒരു രേഖയാണു്; പൊതുജനശ്രദ്ധ അതു അർഹിക്കുന്നു. ആ രേഖപ്രകാരം ഭണ്ഡാരികൾക്കു കള്ളു ചെത്തുവാനുള്ള സൗജന്യം അന്നത്തെ ബ്രിട്ടീഷ്ഭരണാധികാരികൾക്കു സൈന്യസേവനങ്ങൾ ചെയ്തതിനുള്ള പ്രതിഫലമെന്ന നിലയിൽ 1672 കാലത്തു തന്നേ ലഭിച്ചിരിക്കുന്നു. പിന്നീടു് ഈ സൗജന്യം അവർക്കു നഷ്ടപ്പെട്ടു. എങ്കിലും ആ ജോലി തുടരുവാൻ അവർക്കു സാധിച്ചു; പിന്നെ ഇന്നുവരെ അതേതാണ്ടു് 8,000 ആളുകളുടെ തൊഴിലാണു്.

ഹർജിക്കാർ പറയുന്നു അവർ മദ്യനിരോധനത്തിനെതിരല്ലെന്നു്; പക്ഷേ, ക്രമേണ കുറച്ചുകൊള്ളുംകൊണ്ടേ അതു നടപ്പിൽ വരുത്താവൂ എന്നാണു് അവരുടെ വാദം....ഓരോ ചെത്തുകാരനെയും അവൻ ശീലിച്ചുപോന്ന അതേ ജോലിയിൽത്തന്നെ നിലനിർത്തുന്നതിൽ മന്ത്രിമാർ വ്യാപൃതരായിരിക്കുകയാണെന്നു പൊതുജനങ്ങളെ അറിയിക്കുവാൻ എനിക്കു സന്തോഷമുണ്ടു്. പരിഹാരമാർഗം പ്രയോഗിക്കുവാൻ ചെത്തുകാർ മന്ത്രിമാരെ സഹായിക്കണമെന്നുമാത്രം. ചെത്തുകാർ 'നീര'യുണ്ടാകുന്ന കാലത്തു 'നീര' ചെത്തിയെടുത്തു ചക്കരയാക്കണമെന്നുള്ളതാണു് ആ സഹായം. ഇതിനു നിഷ്കപടമായ മനസ്സിരുത്തലും ശ്രദ്ധയും വേണം. ഈ പംക്തികളിൽ ചൂണ്ടിക്കാണിച്ചതുപോലെതന്നെ പാത്രങ്ങൾ ശരിപ്പെടുത്തണം. നീര കുടിച്ചുകൊള്ളണമെന്നില്ല. ഏതാനും ശതമാനം മദ്യാംശം കലർത്തുന്നതും തന്നിമിത്തം ഗുണവ്യത്യാസമുള്ളതുമായ കള്ളിന്റെ സ്ഥാനം നീരയ്ക്കു കിട്ടുകയില്ല. ശുദ്ധമായ നീര ചക്കരപോലെതന്നെ ഭക്ഷ്യസാധനമാണു്. മധുരക്കള്ളുപോലും നീരയെപ്പോലെയോ നീരയോളമോ ഭക്ഷ്യപദാർത്ഥമല്ല. അതുകൊണ്ടു നീര ചക്കരയാക്കി മാറ്റപ്പെടണം; മിക്കപ്പോഴും വൃത്തികെട്ടതും കലർപ്പുചേർന്നതും കരടുനിറഞ്ഞതുമായ സാധാരണ ശർക്കരയോടു അതിനു മത്സരിക്കാൻ കഴിയും. പനഞ്ചക്കര എന്നും കരിമ്പുശർക്കരയേക്കാൾ സ്വാദുള്ളതാണു്. അതു പാകംചെയ്യാതെതന്നെ ഭക്ഷിക്കാം. കരിമ്പുശർക്കരയാകട്ടെ, മധുരം അധികമുള്ളതുകൊണ്ടു് അതേപടി തിന്നാൻവയ്യ. ഗവർമെന്റിന്റെ മേൽനോട്ടത്തിൽ നിർമിക്കപ്പെടുന്നതാകുമ്പോൾ പനഞ്ചക്കര ശുദ്ധമാകുമെന്നു് ഉറപ്പിക്കാം. ഈ പനഞ്ചക്കരകൊണ്ടു പലതരം മധുരപലഹാരങ്ങൾ ഉണ്ടാക്കാം. പക്ഷേ, വമ്പിച്ച ഈ കാര്യം നേടുന്നതിനു ഭണ്ഡാരികളുടെ ഹൃദയപൂർണമായ സഹകരണം വേണം. ആത്മാർത്ഥതയുണ്ടെങ്കിൽ അവർ ഗവർമെന്റിനെ സഹാ

digitized by www .sreyas.in

യിക്കും. തങ്ങളെത്തന്നെയും സഹായിക്കും. ചെത്തില്ലാത്ത കാലത്തു് എന്തുചെയ്യണമെന്നതു് ഒരു പ്രശ്നമായിരിക്കും. കള്ളു ചെത്തിയെടുക്കുന്നതിൻെറ വ്യവസ്ഥകൾ പഠിക്കുവാൻ എനിക്കു സാധിച്ചിട്ടില്ല. എങ്കിലും ഈ വിശദാംശത്തെ സംബന്ധിക്കുന്ന ഒരു കാര്യമാണു്; ശരിപ്പെടുത്താവുന്നതുമാണു്.

## ബി. കുടി നിർത്തിയവർക്കു തൊഴിലിൻെറ ആവശ്യകത

### 3

*ലബാനിസമുദായം ചെയ്ത മഹത്തായ കൃത്യത്തിനു ഞാൻ അവരെ അനുമോദിക്കയും 1921—ലെ ആഹ്ലാദപ്രകടനത്തിനുശേഷം പലരും ചെയ്തതുപോലെ അവർ പിന്മാറുകയില്ലെന്നു പ്രത്യാശിക്കുകയും ചെയ്യുന്നു. ഈ പംക്തികളിൽ ചേർത്തിരിക്കുന്ന റാണി പരാജ്കാരുടെ കഥയിലേക്കു സമുദായനേതാക്കന്മാരുടെ ശ്രദ്ധ ഞാൻ ക്ഷണിക്കട്ടെ. റാണി പരാജ്കാരുടെ കൂട്ടത്തിൽ കുടി നിർത്തി, സ്വന്തം സമയവും ശ്രദ്ധയും ഉപയോഗപ്പെടുത്താനുള്ള ഒരു മാർഗമെന്ന നിലയിൽ ചർക്ക സ്വീകരിച്ചവർക്കു പിന്നീടു കുടിക്കണമെന്ന മോഹമുണ്ടായില്ലെന്നു മാത്രമല്ല, അവരുടെ സമ്പാദ്യം ഇരട്ടിപ്പിക്കുവാൻ സാധിക്കുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ കുടിക്കുവേണ്ടി ചെലവാക്കിയിരുന്നതു് അവർ ലാഭിച്ചുവെന്നുമാത്രമല്ല, വസ്ത്രത്തിനുള്ള ചെലവിൽ ലാഭിച്ചു്, വരുമാനം കൂട്ടുകയും ചെയ്തു. പ്രതിജ്ഞ ചെയ്യുന്നവർ അവരുടെ സമയം ഉപയോഗപ്രദമായവിധം ചെലവാക്കാതിരുന്നാൽ, കുടിക്കാനുള്ള മോഹം വീണ്ടും വരുകയും ആ പ്രലോഭനം തടുക്കവയ്യാതായിത്തീരുകയും ചെയ്യുമെന്നാണു മദ്യവർജനപരിഷ്കർത്താക്കളുടെ സർവത്രികമായ അനുഭവം. ഹൊലാക്കർ ഗ്രാമത്തിൻെറ മാതൃക മററു ഗ്രാമങ്ങളും അനുകരിക്കുമെന്നും മൈസൂറിൽ പര്യടനം ആരംഭിക്കുവാൻ എനിക്കു സാധിക്കുമ്പോൾ ഖാദിയുടെ പുരോഗതിയെക്കുറിച്ചു എനിക്കു തരാമെന്നേററിട്ടുള്ള ഉജ്ജ്വല വിവരണങ്ങളോടൊന്നിച്ചു മദ്യപാനശീലം ഉന്മൂലനം ചെയ്തതിനെക്കുറിച്ചുള്ള വിവരങ്ങളും എനിക്കു കിട്ടുമെന്നാണു് എൻെറ ആശ.

3. Young India, 16–6–1927 (Drink, Drugs and Gambling, p. 22)

* ലബാനി സമുദായം കുടി നിർത്തിയിരിക്കുന്നുവെന്നറിയിച്ചുകൊണ്ടു് മൈസൂരിലെ ഹൊലാകർ എന്ന സ്ഥലത്തുനിന്നു് ഒരു ലേഖകൻ അയച്ച എഴുത്തിനെപ്പററി അഭിപ്രായം പറഞ്ഞുകൊണ്ടു് ഗാന്ധിജി എഴുതിയതു്.

digitized by www .sreyas.in

## സി. സാമ്പത്തികനഷ്ടം

4

അധാർമികമായ ഈ മാററത്തിൽനിന്നു കിട്ടിയ നികുതികൊണ്ടാണു നമ്മുടെ കുട്ടികളുടെ പഠിപ്പിൻെറ ചെലവു നടത്തിവരുന്നതെന്ന കാര്യം നമുക്കു് അഭിമാനിക്കത്തക്ക ഒന്നല്ല. വിദ്യാഭ്യാസത്തെ പട്ടിണിയിടേണ്ടിവന്നാൽപോലും കോൺഗ്രസ്സുകാർ ഈ നികുതി തുടച്ചുമാച്ചു കളയുമെങ്കിൽ അവരുടെ നിയമസഭാപ്രവേശം ഞാൻ മിക്കാറും ക്ഷമിക്കും. പട്ടാളച്ചെലവിൽ തത്തുല്യമായ കുറവു വരുത്തണമെന്നു് അവർ നിർബന്ധിക്കുകയാണെങ്കിൽ അങ്ങനെ യാതൊന്നും (സാമ്പത്തികനഷ്ടം) സംഭവിക്കാൻ പോകുന്നില്ല.

5

മദ്യനികുതിയിൽ സംഭവിക്കുന്ന കുറവു നികത്തുവാൻ പട്ടാളച്ചെലവു ഞാൻ നിസ്സങ്കോചം വെട്ടിക്കുറയ്ക്കുകയും പുതിയ പരിതഃസ്ഥിതിയോടു സൈന്യാധിപൻ ആവുംവിധം ഇണങ്ങിച്ചേരണമെന്നു പ്രതീക്ഷിക്കുകയും ചെയ്യും. യന്ത്രശാലകഠം പൂട്ടുന്നതുകൊണ്ടു തൊഴിലില്ലാതായിത്തീരുന്ന തൊഴിലാളികളെ കഴിയുന്നതും യന്ത്രശാലകളുടെ അടുത്തായി ഉടൻ ആരംഭിക്കുന്ന മാതൃകാകൃഷികേന്ദ്രങ്ങളിലേക്കു ഞാൻ അയയ്ക്കും—നിശ്ചിത വ്യവസ്ഥകളനുസരിച്ചു ലാഭകരമായ നിലയിൽ യന്ത്രശാലകഠം നടത്തുവാനും അങ്ങനെ അവയെ ഉടമകളിൽനിന്നു് ഏറെറടുക്കാനും ഗവർമെൻറിനു കഴിയുമെന്നു് ആചുരങ്ങിയ സമയത്തിനുള്ളിൽ എന്നെ അറിയിക്കാതിരുന്നാൽ.

6

ബോംബെഗവർണർ ബ്രോച്ചിലെ 'അൻജൂമാ'നോടു തുറന്നു പറഞ്ഞിരിക്കുന്നു, മദ്യനിരോധനം അവർക്കു വേണമെന്നുണ്ടെങ്കിൽ മദ്യനികുതിയിൽ വരുന്ന കുറവു നികത്തുവാൻ നികുതിയുടെ പുതിയ ഉറവിടങ്ങഠം അവർ കണ്ടുപിടിക്കണമെന്നു്. മററു വാക്കുകളിൽ മദ്യപാനമാകുന്ന തിന്മ തടയേണ്ടതു ഗവർമെൻറിൻെറ ചുമതലയല്ലെന്നർത്ഥം. സ്വബോധത്തിലേക്കു മടങ്ങിവരുന്നതുകൊണ്ടു നഷ്ടപ്പെട്ട നികുതി കൊടുക്കേണ്ടതു പരിഷ്കർത്താവിൻെറ കടമയാണു്. അതിനാൽ ഇക്കാര്യത്തിൽ ഇന്ത്യാഗവർമെൻറിൻെറ നയത്തെ പ്രതിനിധാനംചെയ്യുന്ന ബോംബെഗവർണർക്കു എന്തു മറുപടിയാണു നൽകേണ്ടതെന്നു മദ്യനിരോധനവാദികഠം അവർക്കു് അടുത്തകാലത്തു മദ്യനിരോധനം വേണമെന്നുണ്ടെങ്കിൽ, തീരുമാനിക്കേണ്ടതായിവരും.

---

4. Young India, 26-12-1924 (Drink, Drugs and Gambling, p. 4)
5. Young India, 25-6-1931 (Drik, Drugs and Gambling, p. 15)
6. Young India, 11-2-1926 (Drink, Drugs and Gambling, p.4)

digitized by www .sreyas.in

## 7

ചില സംസ്ഥാനങ്ങളിൽ മുതലെടുപ്പിന്റെ മൂന്നിലൊന്നോളം വരുന്ന നികുതിനഷ്ടം നികത്തുന്ന കാര്യമോ? വിദ്യാഭ്യാസച്ചെലവ്—അതിനുവേണ്ടിയാണല്ലോ എക്സൈസ്നികുതി മിക്കവാറും ഉപയോഗിക്കുന്നത്—വെട്ടിച്ചുരുക്കണമെന്നു ഞാൻ നിസ്സങ്കോചം അഭിപ്രായപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസത്തെ സ്വന്തം കാലിന്മേൽ നിൽക്കുന്നതാക്കാമെന്നു ഞാൻ ഇപ്പോഴും വാദിക്കുന്നു ഇതിനെപ്പറ്റി ഞാൻ അന്യത്ര പറയാം. അതിനെ സ്വന്തം കാലിന്മേൽ നിർത്താമെന്ന വാദം സ്വീകരിക്കുകയാണെങ്കിൽത്തന്നെ ഒരൊററദിവസംകൊണ്ടു അതു സാധ്യമല്ല. നിലവിലുള്ള ബാദ്ധ്യതകൾ നിറവേററപ്പെടണം. തന്മൂലം നികുതിയുടെ പുതിയ ഉറവിടങ്ങൾ പരീക്ഷിച്ചുനോക്കുകതന്നെ വേണ്ടിവരും. മരണനികുതികൾ, ബീഡിഉൾപ്പെടെ പുകയിലയ്ക്കു നികുതി—ഇതൊക്കെ അഭിപ്രായപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇവയെല്ലാം പെട്ടെന്നു നേടാവുന്നവയല്ലെങ്കിൽ കമ്മിനികത്താൻ ഹ്രസ്വകാലവായ്പകൾ ഏർപ്പാടുചെയ്യാവുന്നതാണ്; ഇതും ശരിയാകുന്നില്ലെങ്കിൽ പട്ടാളച്ചെലവു കുറയ്ക്കാനും സംസ്ഥാനങ്ങൾ വീതപ്രകാരം ഗ്രാൻറ് നൽകാനുംവേണ്ടി കേന്ദ്രഗവർമെൻറിനെ സമീപിക്കണം. ആഭ്യന്തരസമാധാനത്തിനും ശാന്തിക്കും എങ്ങനെയായാലും തങ്ങൾക്കു പട്ടാളം ആവശ്യമില്ലെന്നു സംസ്ഥാനഗവർമെൻറുകൾ തെളിയിക്കുകയാണെങ്കിൽ വിശേഷിച്ചും ഈ ആവശ്യം തട്ടുത്തുക്കൂടാത്തതായിരിക്കും.

## 8

കോൺഗ്രസ്സ് സംസ്ഥാനങ്ങളിൽ മദ്യനിരോധനം നടപ്പാക്കുന്നതു് അതു വിഭജനം ചെയ്യപ്പെട്ട മട്ടിലല്ല. ഇതു മന്ത്രിമാരുടെ കുററമല്ലെന്നു വരാം. പൊതുജനാഭിപ്രായത്തിനു ശക്തിപോരാ. കോൺഗ്രസ്സിന്റെ അഭിപ്രായവും ഇത്രതന്നെ ഉറക്കംതൂങ്ങിയാണ്. മദ്യനിരോധനമെന്നുവച്ചാൽ ലക്ഷോപലക്ഷംപേർക്കു നവമായൊരു ജീവൻ എന്നാണർത്ഥമെന്നു കോൺഗ്രസ്സുകാർ ധരിച്ചിട്ടുള്ളതായി തോന്നുന്നില്ല. ധാർമികവും ഭൗതികവുമായ ബലത്തിന്റെ നൂതനവും ഗണ്യവുമായ വർദ്ധന എന്നാണ് അതിനർത്ഥം. നിഷ്കപടമായ മദ്യനിരോധനം മറെറാരു നടപടിക്കും കഴിയാത്തവിധം കോൺഗ്രസ്സിനു് അന്തസ്സും പ്രശസ്തിയും നൽകുമെന്നു അവർ മനസ്സിലാക്കുന്നില്ല. മദ്യനിരോധനം തുടർന്നു നടത്തുകയെന്നുവച്ചാൽ ജനങ്ങളുമായി താദാത്മ്യം പ്രാപിക്കുകയെന്നും മദ്യനികുതിയോടുള്ള സർവബന്ധവും വെടിയുവാൻ ദൃഢനിശ്ചയം ചെയ്യുകയെന്നും അർത്ഥമാണെന്നു അവർ അറിയുന്നില്ല. രാജാജിയെപ്പോലുള്ള ഒരു ഉറച്ച

---

7. Harijan, 28-8-1937 (Drink, Drugs and Gambling, p. 36)
8. Harijan, 24-12-1938 (Drink, Drugs and Gambling, p. 44)

digitized by www .sreyas.in

മദ്യനിരോധനവാദികൾപോലും മദ്യനികുതി മദ്യപാനമാകുന്ന തിന്മയെ ചെറുക്കാൻ മാത്രമായി നീക്കിവയ്ക്കാനുള്ള ധൈര്യമുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ അദ്ദേഹം വല്ലാത്ത കരുതലുള്ളവനായിട്ടാണ് എനിക്കു തോന്നിയത്. സ്വാതന്ത്ര്യം നേടുവാൻ സഹിക്കുന്ന ഏതു ത്യാഗവും അമിതമല്ലെന്നു കണക്കാക്കാൻ കോൺഗ്രസ്സുകാർ പഠിച്ചിട്ടുണ്ട്. മദ്യത്തിൻെറയും ലഹരിപദാർത്ഥങ്ങളുടെയും ഇരകളായി നാം തുടരുകയാണെങ്കിൽ നമ്മുടെ സ്വാതന്ത്ര്യം അടിമകളുടെ സ്വാതന്ത്ര്യമായിരിക്കും. എല്ലാ സംസ്ഥാനങ്ങളിലും മദ്യനിരോധനം സ്ഥിരമാക്കാൻ ചെയ്യുന്ന ഏതു വലിയ ചെലവും അമിതമാണോ?

എന്നാലും മന്ത്രിമാർ തനിക്കുച്ചുവടക്കാരൻെറ മനോഭാവത്തോടുകൂടി മദ്യനിരോധനപരിപാടികൾ തയ്യാറാക്കുന്നതു നാം കാണുന്നു. അവർക്കു അവരുടെ കമ്മികളെപ്പററിയാണ് ആലോചന. വീണ്ടു കുടിക്കാരും അവീൻതീററക്കാരും പെട്ടെന്നു അവരുടെ മദ്യങ്ങളും മയക്കമരുന്നുകളും വേണ്ടെന്നുവച്ചാൽ ഈ മന്ത്രിമാർ എന്തുചെയ്യുമെന്ന് ആശ്ചര്യപ്പെടുകയാണു ഞാൻ. അവരെങ്ങനെയെങ്കിലും കഴിച്ചുകൂട്ടും എന്നു മറുപടി പറഞ്ഞേക്കാം. എന്തുകൊണ്ടു സ്വമേധയാ അവർ അപ്രകാരം ചെയ്യുന്നില്ല? തീർച്ചയായും യോഗ്യതകിടക്കുന്നതു ശരിയായ കാര്യം സ്വമേധയാ ചെയ്യുന്നതിലാണ്, നിർബന്ധം കൊണ്ടു ചെയ്യുന്നതിലല്ല. ഭൂകമ്പം അവരുടെ വാർഷികവരുമാനത്തെക്കാൾ ഏറെ വിഴുങ്ങിയപ്പോൾ ബീഹാർ ഗവർമെൻറിൻെറ പ്രവർത്തനം നിലച്ചില്ല. ക്ഷാമവും വെള്ളപ്പൊക്കങ്ങളും ജനങ്ങളെ നശിപ്പിക്കുകയും ഗവർമെൻറിൻെറ മുതലെടുപ്പു ചുരുങ്ങുകയും ചെയ്യുമ്പോൾ, ഇന്ത്യയിലെ ഗവർമെൻറുകളെല്ലാം എന്താണു ചെയ്യുന്നത്? നികുതികുറവേണ്ടി മദ്യനിരോധനത്തിനു കാലതാമസം വരുത്തുമ്പോൾ കോൺഗ്രസ്സ് ഗവർമെൻറ് അവരുടെ പ്രതിജ്ഞയുടെ അക്ഷരങ്ങളെ ലംഘിക്കുന്നില്ലെങ്കിൽ അർത്ഥത്തെയെങ്കിലും ലംഘിക്കുന്നുണ്ടെന്നു ഞാൻ വാദിക്കുന്നു.

പുതിയ നികുതി ചുമത്തി പണമുണ്ടാക്കാൻ അവർ നിർവ്യാജമായ ഒരു ശ്രമം നടത്തണം; അവർക്കു കഴിയും. കുടിയാകുന്ന തിന്മ നഗരപ്രദേശങ്ങളിലാണ് ഏററവുമധികമുള്ളത്. ഈ പ്രദേശങ്ങളിലാണ് അവർ പുതിയ നികുതി ചുമത്തേണ്ടത്. മദ്യനിരോധനം തൊഴിലുടമകൾക്കു ഗുണകരമാണ്. മദ്യനിരോധനംകൊണ്ടു സംഭവിക്കുന്ന നികുതിനഷ്ടം സഹിക്കുവാൻ തീർച്ചയായും അവർക്കു കഴിയും. അഹമ്മദബാദിലെ ഏതാനും മാസക്കാലത്തെ മദ്യനിരോധനം മുതലാളിമാരുടെയും തൊഴിലാളികളുടെയും രണ്ടുകൂട്ടരുടെയും കീശ നിറച്ചിരിക്കുന്നു. അനർഘമായ ഈ സേവനത്തിനു മുതലാളിമാർ പ്രതിഫലം നൽകിക്കൂടന്നുവരാൻ യാതൊരു ന്യായ

വുമില്ല. ഇതുപോലുള്ള മററു പല നികുതിമാർഗങ്ങളും ആലോചിച്ചു കണ്ടെത്താവുന്നതാണ്.

പുതിയ നികുതിചുമത്തൽ പ്രായോഗികകാര്യമല്ലെന്നു തെളിയിക്കപ്പെടുവാൻ കഴിഞ്ഞാൽ ഇന്ത്യാഗവർമെൻറു ഗ്രാൻേറാ പലിശകൂടാതെയുള്ള വായ്പയെങ്കിലുമോ കൊടുക്കണമെന്നു് അഭിപ്രായപ്പെടുവാൻ ഞാൻ മടിച്ചിട്ടില്ല.

മുൻപരിചയമില്ല, അതുകൊണ്ടു മനസ്സിരുത്തണം എന്നതു മാത്രമാണ് ഉടനെ മദ്യനിരോധനം നടപ്പിൽവരുത്താതിരിക്കുന്നതിനുള്ള യുക്തമായ ഏക ന്യായം. സേലത്തെ പരീക്ഷണത്തെ ഞാൻ വീക്ഷിച്ചതു് ആ നിലയ്ക്കാണ്. ആദ്യത്തെ കാൽവയ്പു് വളരെ ആലോചിച്ചുവേണമെന്നു മദിരാശിഗവർമെൻറു വിചാരിച്ചു, പരാജയത്തിൻെറ ഒരുതരം സാധ്യതയുണ്ടാകാൻ അവർ ഇഷ്ടപ്പെട്ടില്ല. സേലത്തെ പരീക്ഷണത്തിൻെറ വിജയം പദ്ധതി മുഴുവനും നടപ്പിൽ വരുത്തുവാൻ മതിയായ പ്രോത്സാഹനമാണ്. എങ്കിലും പ്രാദേശിക പരിചയം നേടുന്നതിനുവേണ്ടി മദ്യനിരോധനം ക്രമേണ പല ഘട്ടങ്ങളായി നടപ്പാക്കാനുള്ള ഓരോ ഗവർമെൻറിൻെറയും ആഗ്രഹം മനസ്സിലാക്കുവാൻ പ്രയാസമില്ല. ഈ കാരണംകൊണ്ടാണു പൂർണമദ്യനിരോധനത്തിനു പ്രവർത്തകസമിതി മൂന്നുകൊല്ലത്തെ കാലാവധി നിശ്ചയിച്ചതു്. ആ കാലം അതിവേഗം കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. നിശ്ചിതകാലത്തിനുള്ളിൽ ഈ ശാപത്തിൽനിന്നു് ഇന്ത്യയ്ക്കു മോചനംവേണമെന്നുണ്ടെങ്കിൽ, പണമില്ലാത്തതുകൊണ്ടോ നികുതി കമ്മിയാകുമെന്ന ഭയംകൊണ്ടോ, കാലവിളംബം പാടില്ല. ഏകാഗ്രനിഷ്ഠയോടുകൂടി ഈ പരിപാടി നടപ്പിൽ വരുത്തുകയാണെങ്കിൽ മററു സംസ്ഥാനങ്ങളും സ്റ്റേററുകളും അതനുകരിക്കുമെന്നതിനു സംശയമില്ല.

9

ബോംബെയിൽ മദ്യനിരോധനംമൂലം നികുതി വല്ലാതെ കുറയും. ധനകാര്യമന്ത്രിക്കു വരവുചെലവു സമീകരിക്കേണ്ടിയിരിക്കുന്നു; അതിനു് അദ്ദേഹത്തിനു പണം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനു പുതിയ നികുതികൾ ചുമത്തേണ്ടിവരും. ഭാരം വഹിക്കേണ്ടിവരുന്നവർ പരാതി പറയാതിരിക്കട്ടെ. നികുതികൾ എത്രതന്നെ ന്യായങ്ങളായാലും അവയോടുള്ള അനിഷ്ടം സുവിദിതമാണ്. നീതിപൂർവകങ്ങളായ എതിർപ്പുകൾക്കെല്ലാം ധനകാര്യമന്ത്രി പരിഹാരമുണ്ടാക്കിയിട്ടുണ്ടെന്നറിയുന്നു. ഭാരം താങ്ങേണ്ടിവരുന്നവർ ഈ മഹത്തായ പരീക്ഷണത്തിനു സംഭാവന നൽകാൻ ഭാഗ്യമുണ്ടായി

9. Harijan, 1-4-1939 (Drink, Drugs and Gambling, p. 47)

digitized by www .sreyas.in

എന്നതിൽ അഭിമാനംകൊള്ളാത്തതെന്തുകൊണ്ടാണു്? മുഴുവൻ ജനങ്ങളുടെയും ആഹ്ലാദപ്രകടനങ്ങൾക്കിടയിൽ മദ്യനിരോധനം ആരംഭിക്കാൻ സാധിച്ചാൽ ബോംബെയ്ക്കു് അഭിമാനിക്കാവുന്ന ഒരു സന്ദർഭമാകും അതു്. ഈ മദ്യനിരോധനം മുകളിൽനിന്നു വച്ചുകെട്ടുന്ന ഒന്നല്ലെന്നു് ഓർക്കണം. ജനങ്ങളോടു് ഉത്തരവാദിത്വമുള്ള ഗവർമെൻറുകളാണു് അതു നടപ്പിൽ വരുത്തുന്നതു്. 1920–നു ശേഷം രാഷ്ട്രത്തിൻെറ പരിപാടിയിൽ ഒരിനമാണതു്. തന്നിമിത്തം ഏകദേശം ഇരുപതുകൊല്ലം മുമ്പു സ്പഷ്ടമായി പ്രഖ്യാപിച്ച ഒരു ദേശീയാഭിലാഷത്തിൻെറ യഥോചിതമായ പൂർത്തീകരണമായിട്ടാണു് അതു വരുന്നതു്.

## ഡി. മദ്യത്തിനു പകരം

### 10

ഫാക്ടറിസമ്പ്രദായത്തിൻെറ അദ്ധ്വാനമേറിയതും രസമില്ലാത്തതുമായ എല്ലാ ജോലിയുടേയും, ഒരൊഴിച്ചുകൂടാത്ത അകമ്പടിയാണു മദ്യപാനമെന്നു അഭിപ്രായമുണ്ടു്. മഴക്കാലത്തു്, അല്ലെങ്കിൽ നനവുള്ള പാടത്തു്, പണിയെടുക്കുന്ന കൃഷിക്കാർക്കു സ്വയം ചൂടുപിടിപ്പിക്കുവാൻ വല്ലതും വേണമെന്നു പറയുന്നു. ഈ ബുദ്ധിമുട്ടുകളെ നേരിടാനുള്ള മാർഗങ്ങളെപ്പററി ആലോചിച്ചുകൊണ്ടിരിക്കുന്ന വൈദ്യസുഹൃത്തുക്കൾക്കും മററുപലർക്കും കനത്ത ഭാരമാണുള്ളതു്, എങ്കിലും അതു നിർവഹിക്കുക പ്രയാസമാകരുതു്. മദ്യം നിരോധിക്കപ്പെട്ട ദിക്കുകളിൽ കൃഷിപ്പണിക്കാരുടെ ഇടയിൽപ്പോലും തണുപ്പുകാലത്തു കാൽ റാത്തൽ ചക്കരയും അത്രതന്നെ ഉള്ളിയും ഒന്നാംതരം ഭക്ഷണമായി കരുതിപ്പോരുന്നതു സ്വന്തം കണ്ണുകൊണ്ടു ഞാൻ കണ്ടിട്ടുണ്ടു്. പിന്നെ മാഹുരാപുഷ്പമുണ്ടു്; മറെറാന്നും ചേർക്കാതെ ഇതുതന്നെ ഉന്മേഷകരമായ ഒരസ്സൽ ഭക്ഷ്യപദാർത്ഥമാണു്. കള്ളക്കാച്ചിനു പ്രേരിപ്പിക്കാതെ എങ്ങനെ ജനങ്ങൾക്കു് ഈ പുഷ്പം സുലഭമാക്കാം എന്നു കണ്ടുപിടിക്കാനും നമുക്കു കഴിയണം.

### 11

*'മദ്യത്തിനു പകരം 'പാനകം' കുടിക്കുന്ന പണ്ടത്തെ സമ്പ്രദായം വീണ്ടും നടപ്പിലാക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. തണുത്ത വെള്ളം, ശർക്കര, ചെറുനാരങ്ങനീരു്, സബ്ജാവിത്തു് (ജീരകം?) ഇവകൊണ്ടാണു് അതുണ്ടാക്കുന്നതു്. ഇതു് ഓജസ്സുണ്ടാക്കുകയും ശരീരത്തെ തണുപ്പിക്കുകയും ചെയ്യും. പുളിച്ച മോരും അഭിപ്രായപ്പെടാവുന്നതാണു്.'

---

10. Harijan, 28–8–1937 (Drink, Drugs and Gambling, p. 56)
11. Harijan, 28-8-1937 (Drink, Drugs and Gambling, p. 57)
* ഒരാൾ അയച്ച ഒരു കത്തിൽനിന്നു ഗാന്ധിജി ഉദ്ധരിച്ചിട്ടുള്ളതാണിതു്.

digitized by www .sreyas.in

## ഇ. തൊഴിൽവ്യവസ്ഥകളിൽ മാററങ്ങൾ

12

നഗരത്തിലെയും ഗ്രാമത്തിലെയും തൊഴിലാളിയുടെ തൊഴിൽ വ്യവസ്ഥകളിലും സമയങ്ങളിലും മാററങ്ങാം വരുത്തണമെന്ന് ഒരു ലേഖകൻ അഭിപ്രായപ്പെട്ടിരിക്കുന്നു. അവ ശ്രദ്ധേയങ്ങളാണ്.

'നഗരങ്ങളിൽ (1) കഠിനപ്രയത്നത്തിൻെറ സമയം കുറയ്ക്കണം, (2) സാമാനവണ്ടി വലിക്കുന്നവരുടെയും റിക്ഷാക്കാരുടെയും ചുമട്ടു ഭാരം പരിമിതപ്പെടുത്തണം. (3) കനത്ത ഭാരം വഹിക്കുന്നതു രാവിലെയോ വൈകുന്നേരമോ ആയിരിക്കണം, (4) വേനൽക്കാലത്തെങ്കിലും ഉച്ചയ്ക്കു 12 മണിമുതൽ 2 മണിവരെ വിശ്രമമോ ലഘുവായ ജോലിയോ വേണം.

'ഗ്രാമങ്ങളിൽ കൊയ്ത്തുകാലത്തു ചുട്ട വെയിലത്തു പണിയെടുക്കുന്ന കൃഷിക്കാർ വേഗത്തിൽ ക്ഷീണിക്കുകയും ഉത്തേജകസാധനങ്ങാംക്ക വെമ്പുകയും ചെയ്യുന്നു. അവരുടെ ജോലിസമയം രാവിലെ 5.30 മുതൽ 10.30 വരെയും വൈകുന്നേരം 3 മുതൽ 6 വരെയും രണ്ടു ഘട്ടമായി എട്ടു മണിക്കൂറാക്കി ക്ലപ്തപ്പെടുത്തണം. മലയയിൽ ഈ സമ്പ്രദായമാണുള്ളതെന്നു കോംക്കുന്നു. നാമക്കലിൽ ജനങ്ങാം രാത്രി തണുപ്പുള്ളപ്പോാം കൊയ്യാൻപോകുന്നതു ഞാൻ കണ്ടിട്ടുണ്ട്. വൈക്കോൽ തല്ലുമ്പോാം അവർ വെയിൽകൊള്ളുന്നു. കളത്തിൽ—വൈക്കോൽ തല്ലി നെല്ലെടുക്കുന്നിടത്തു്—ഒരു പന്തൽ ഉണ്ടായിരിക്കുന്നതു നല്ലതാണ്. ചൊറിച്ചിലുണ്ടാകുന്ന പൊടിയും തരിയും നഗ്നമായ ദേഹത്തിൽ പററുമ്പോാം ഒന്നു കുടിച്ച് ആ ചൊറിച്ചിൽ മാററാൻ പണിക്കാർ ആഗ്രഹിക്കുന്നു. ഷർട്ടു ധരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം.'

## എഫ്. മദ്യനിരോധനവും സാമൂഹ്യപ്രശ്നങ്ങളും

13

മദ്യനിരോധനത്തെപ്പോലെ കേവലം ധാർമികമായ ഒരു പരിഷ്കാരത്തിൽ സാമുദായികപ്രശ്നം കൂട്ടിക്കലർത്തിയതുകൊണ്ട്, സുഭാസ്ബാബു ഏററവും അപകടംപിടിച്ച ഒരു കളിയാണു കളിച്ചിട്ടുള്ളതു്. തൊഴിലാളിയായിത്തീർന്നു കുടിയുടെ ഇരയായിഭവിച്ച നിർഭാഗ്യവാന്മാരായ സ്വന്തം നാട്ടുകാരെ രക്ഷിക്കേണ്ടതു ഹിന്ദുവിൻേറതെന്നപോലെ മുസ്ലീമിൻെറയും പാഴ്സിയുടെയും

12. Harijan, 28-8-1937 (Drink, Drugs and Gambling, p. 56–57)
13. Harijan, 22-7-1939 (Drink, Drugs and Gambling, p. 51)

digitized by www .sreyas.in

ക്രിസ്ത്യാനിയുടേയും താൽപര്യമാണ്. ബോംബെയിലെ സ്വത്തുടമകൾ ഒരുകോടി ഉറുപ്പിക അധികം നികുതികൊടുക്കുന്നതു് അവർ പാഴ്സികളോ മുസ്ലീങ്ങളോ ആയതുകൊണ്ടല്ല, സ്വത്തുടമകളായതുകൊണ്ടാണ്. സ്വയം കുടിക്കാത്തവനായ നികുതിദായകൻ കുടിയനെ രക്ഷിക്കുവാനാണ നികുതികൊടുക്കുന്നതെന്ന പറയുന്നതു തീരെ അബദ്ധമായ ഒരു ധാരണയുണ്ടാക്കലാണ്——അയാൾ നികുതികൊടുക്കുന്നതു അയാളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനാണ്; ഇതുവരെയാകട്ടെ, ആ വിദ്യാഭ്യാസത്തിൻെറ ചെലവു വഹിക്കാൻ അയാൾ കുടിയനെ നിർബന്ധിക്കുകയായിരുന്നു. വദ്ധിപ്പിച്ച നികുതി പണക്കാർ ദരിദ്രരോടു ചെയ്ത അപരാധത്തിൻെറ മന്ദഗതിയിലും വളരെ ചെറിയ തോതിലുമുള്ള പരിഹാരമാണ്. ദരിദ്രർക്കു വർഗമൊന്നുമില്ല. ജാതിയോ മതമോ എന്തായാലും അവരെല്ലാം മർദിതവർഗത്തിൽപ്പെട്ടവരാണ്. ഗത്യന്തരമില്ലാതെ അവർ സ്വീകരിച്ചിട്ടുള്ള മതം ഗതികെട്ട ദാരിദ്ര്യമാണ്.

ലോകത്തിലെ പരോപകാരതൽപരരാണ പാഴ്സികൾ. ഏററവും മികച്ച ഈ ലോകോപകാരത്തിൽ അവരെന്തിന പിന്നിൽപ്പെടണം? ഏററവും വലിയ സംഭാവന അവരുടേതാണെങ്കിൽ, അവരുടെ ഏററവും നല്ല പാരമ്പര്യത്തിനു യോജിച്ചതുമാത്രമാണ്. അവർ മൂന്നുവട്ടം അനുഗൃഹീതരായിത്തീരും. തങ്ങളെ അപേക്ഷിച്ച ഭാഗ്യഹീനരായ സ്വന്തം രാജ്യക്കാരുടെ സദാചാരങ്ങളെ ദുഷിപ്പിക്കുന്ന ഒരു വ്യാപാരത്തിൽനിന്നു് അവരിൽ പലരും പിൻതിരിപ്പിക്കപ്പെടും. മദ്യപാനശീലത്തിൽനിന്നു് അവർതന്നെ പിൻതിരിപ്പിക്കപ്പെടും. അവരുടെ കുടി എത്രതന്നെ ചുരുങ്ങിയതോതിലാണെങ്കിലും അവരുമായി അടുത്ത പരിചയമുള്ളതുകൊണ്ടു് എനിക്കറിയാം, അതവരിൽ മായാത്ത ഒരു മുദ്ര പതിപ്പിക്കുന്നുണ്ടെന്നു്. മൂന്നാമത്തു്, കാലം വൈകിയ ഈ പരിഷ്കാരത്തിനു് അവരുടെ ഇടയിലെ പണക്കാർ സംഭാവന ചെയ്തുവെന്നുമാകും. ന്യൂനപക്ഷങ്ങളെക്കുറിച്ചുള്ള മുറവിളി ഒരപഖ്യാതിയാണ്. മദ്യനിരോധനം നടപ്പിൽ വരുത്തുകയെന്ന ഭാഗ്യം കൈവന്നിട്ടുള്ളതു് ഒരു പാഴ്സി മന്ത്രിക്കാണ്. ഡോക്ടർ ഗിൽഡറുടെ ജോലി ധനലാഭമുണ്ടാക്കാത്തതും കഠിനാദ്ധ്വാനവും രാജോചിതമായ തൻെറ മെഡിക്കൽപ്രാക്ടീസിൻെറ ചേതവും ഉണ്ടാക്കിത്തീർക്കുന്നതുമായ ഒന്നാണ്. ഇതുതന്നെ നിസ്വാർത്ഥനായ മറെറാരു വൈദ്യൻ ബോംബെയിലെ ഷെറീഫാണ്. പണ്ഡിതനായ മൂന്നാമതൊരു പാഴ്സി സർവകലാശാലയുടെ വൈസ്ചാൻസലറാണ്. നാലാമതൊരു വർത്തകൻ ബോംബെ മേയറും. ബോംബെയുടെ ചരിത്രത്തിൽ ഇത്ര സമഞ്ജസമായ ഒരൊത്തുചേരൽ ഇതിനുമുമ്പുണ്ടായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ബോംബെയിലെ കോൺഗ്രസ്സുകാരും കോൺഗ്രസ്സ് മന്ത്രിസഭയും സാമുദായികമനോഭാവമുള്ളവരും ന്യൂനപക്ഷങ്ങളു

ടെനേരെ ഉദാസീനരുമായിരുന്നെങ്കിൽ,ഈ നിസ്തുലാവസ്ഥ കൈവരുമായിരുന്നില്ല.

ബോംബെയിലെ മുസ്ലീങ്ങളുടെ സൗമനസ്സാലെയുള്ള സഹകരണം കൂടാതെ ബോംബെയിൽ മദ്യനിരോധനം നടപ്പാക്കാൻ കഴിയുമായിരുന്നില്ലെന്നും ഞാൻ അഭിപ്രായപ്പെടുന്നു. ഇന്ത്യയിൽ എല്ലായിടത്തും വിശിഷ്ടമനസ്കരായ മുസ്ലീങ്ങളെല്ലാം ഈ ബോംബെ സംരംഭത്തിൽ കോൺഗ്രസ്സിന്റെ ഭാഗത്താണെന്ന് എനിക്കുറപ്പുണ്ട്

## ജി. പാഴ്സികളുടെ എതിർപ്പ്

14

തിലക്സ്വരാജ് ഫണ്ടിലേക്കു 10 രൂ. അയച്ച ഒരു പാഴ്സി സുഹൃത്തു ബോംബെയിൽനിന്നെഴുതുന്നു: 'പാഴ്സികളോട് അങ്ങു ചെയ്ത അഭ്യർത്ഥന വളരെ വൈകിപ്പോയി. അങ്ങ് ഒരു പ്രസ്ഥാനമാരംഭിക്കുന്നുണ്ടെന്നു ഭയന്നു് ബോംബെഗവർമെൻറ് ഇത്തവണ കാലേകൂട്ടി 23 ലക്ഷം ഉറുപ്പിക പോക്കററിലാക്കിക്കഴിഞ്ഞു. മററൊരു സമുദായവും അവരുടെ സ്ഥാനം കൈക്കലാക്കുകയില്ലെന്നും ഈ തിന്മ എന്നന്നേക്കുമായി നശിപ്പിക്കുവാൻ താങ്കൾക്കു കഴിയുമെന്നും പാഴ്സികൾക്കു ഉറപ്പുകൊടുക്കാമെങ്കിൽ, പ്രബുദ്ധ പാഴ്സി സമുദായത്തിന്റെ ഹൃദയപൂർവകമായസഹകരണമുണ്ടാകുമെന്നു ഞാൻ ഏററുപറയുന്നു '

ഒരുകൊല്ലത്തേക്കുള്ള നികുതി ഗവർമെൻറു മുൻകൂറായി വസൂലാക്കിയിരിക്കുന്നുവെങ്കിൽ മദ്യവർജനം പുരോഗമിപ്പിക്കുന്നതിനു വേണ്ടി ഷാപ്പുകൾ പൂട്ടുന്നവർക്കു, കൂടുതൽ നല്ലകാലം വരുമ്പോൾ സംഖ്യ മടക്കിക്കിട്ടേണ്ടതാണ്. മദ്യവ്യാപാരികൾ നിസ്സഹകരണക്കാരല്ലെന്നതു സ്പഷ്ടമാണല്ലോ; പണം മടക്കിക്കിട്ടാൻ അവർക്കു ഗവർമെൻറിനോട് അപേക്ഷിച്ചുകൂടെന്നു വരുന്നതിനു ന്യായമൊന്നുമില്ല. ആ സ്നേഹിതൻ ആവശ്യപ്പെട്ട ഉറപ്പിനേപ്പററിയാണെങ്കിൽ അദ്ദേഹത്തിന്റെ വ്യവസ്ഥകളോടുകൂടി യാതൊരു സമുദായ പരിഷ്കരണവും ഇന്നേവരെ നടപ്പിലാക്കപ്പെട്ടിട്ടില്ലെന്നുമാത്രമേ എനിക്കു പറയാനുള്ളു. അദ്ദേഹത്തിന്റെ വാദത്തിന്റർത്ഥം എല്ലാവരും നന്നായില്ലെങ്കിൽ ആരും നന്നാകേണ്ട ആവശ്യമില്ലെന്നാണ്; എന്നാൽ പരിഷ്കർത്താക്കളാകട്ടെ, ഒററയ്ക്കുനിന്നു മാതൃകകാണിച്ചുകൊടുക്കുകയാണു പതിവ്. പാഴ്സികളോടുള്ള എന്റെ അഭ്യർത്ഥന മററുള്ളവർ ചേർന്നാലും ഇല്ലെങ്കിലും അവർ ഈ മദ്യവർജനപ്രസ്ഥാന

14. Young India, 27-2-1921 (Drink, Drugs and Gambling, p. 74)

digitized by www .sreyas.in

ത്തിൽ ചേരണമെന്നാണ്. വാസ്തവംപറഞ്ഞാൽ, പാഴ്സികളല്ലാത്ത വളരെപ്പേർ മദ്യക്കച്ചവടം ഉപേക്ഷിച്ചിരിക്കുന്നു.

## 15

മദ്യഷാപ്പു പിക്കറ്റിങ്ങിന് പാഴ്സികളുമായി ഉററബന്ധമുണ്ട്. നമ്മുടെ രാജ്യക്കാരായ പാഴ്സികളോടു നാം വലിയ ക്ഷമ കാണിക്കേണ്ടതായിവരും. പിക്കററിങ്ങു പാടേ നിർത്തുവാൻ നമുക്കു നിവൃത്തിയില്ലെങ്കിലും, നാം മദ്യവ്യാപാരികളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി അവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കുകയും നമ്മുടേതു അവർക്കു വിവരിച്ചുകൊടുക്കുകയും വേണം. മി.ഗോഡ്രേജ് തൻെറ സംഭാവന മദ്യനിരോധനത്തിനും മർദിതജനസമുദ്ധാരണത്തിനുമായി നീക്കിവച്ചിരിക്കുന്നു. അതിനാൽ എല്ലാ പാഴ്സികളും മഹത്തായ ഈ മദ്യവർജനപ്രസ്ഥാനത്തിൻെറ എതിരാളികളാണെന്നു കരുതാതിരിക്കുക. മിതവാദിമന്ത്രിമാർ ധൈര്യം കൈക്കൊണ്ടു ലേലപ്പണമൊക്കെ മടക്കിക്കൊടുക്കുകയും എല്ലാ മദ്യഷാപ്പുകളും പൂട്ടുകയും ചെയ്യുന്നില്ലെങ്കിൽ, തൽക്കാലം ഏററവുമധികം ഭയപ്പെടാനുള്ളതു് മദ്യവർജനപ്രസ്ഥാനത്തിൽനിന്നുതന്നെ ഹിംസ പൊട്ടിപ്പുറപ്പെട്ടേക്കാമെന്ന സംഗതിയേയാണ്. ഈ പ്രസ്ഥാനത്തെ ക്രമപ്പെടുത്താനേ പററൂ, തടയാൻ പററില്ലെന്നു ഞാൻ അവർക്ക് ഉറപ്പു നല്കിക്കൊള്ളുന്നു. മദ്യഷാപ്പുകൾ ഇല്ലാതാകുവാനും മരുന്നുകച്ചവടക്കാർ മരുന്നായി കൊടുക്കുന്നതൊഴിച്ചു മറെറല്ലാ മദ്യവിക്രയവും കുററമായി കരുതുവാനും ജനങ്ങൾ ഉറച്ചിരിക്കുന്നു. യാതൊരു കാലവിളംബത്തെയും പൊറുക്കാത്ത ഒരു കാര്യമാണിതു്.

## 16

മദ്യഷാപ്പു പിക്കററിങ്ങ് പാഴ്സിമദ്യഷാപ്പുകളിൽ മാത്രമേയുള്ളു എന്ന ഭയം വളരെ പാഴ്സി സുഹൃത്തുക്കൾക്കുള്ളതായി തോന്നുന്നു. ഇതു തികച്ചും അബദ്ധ ധാരണയാണ്. ഏറക്കുറെ സംഘടിതമായ രൂപത്തിൽ ഇന്ത്യയിൽ സർവത്ര ഇപ്പോൾ പിക്കററിങ്ങു നടന്നുവരുന്നുണ്ട്. ഗുജറാത്തിനു പുറത്തുള്ള സ്ഥലങ്ങളിൽ പാഴ്സികളേക്കാൾ ഹിന്ദു വ്യാപാരികളാണധികം. ഗുജറാത്തിൽപ്പോലും വെട്ടിമുറിച്ചിടുന്ന അനേകായിരം ചെത്തുമരങ്ങളിൽ ഭൂരിഭാഗവും ഹിന്ദുക്കളുടേതാണ്. ഹിന്ദുക്കളുടെ കള്ളുഷാപ്പുകളും വിപുലമായ തോതിൽ തീർച്ചയായും പിക്കററു ചെയ്യപ്പെടുന്നതാണ്. സംഘടിതമായ പിക്കററിങ്ങ് ഇപ്പോൾ തുടങ്ങിക്കഴിഞ്ഞിട്ടേയുള്ളുവെന്ന് ഓർക്കണം. എൻെറ പ്രസംഗങ്ങളിൽ ഞാൻ പാഴ്സികളോടു പ്രത്യേകിച്ചും അഭ്യർത്ഥിച്ചിട്ടുള്ളതു്, അവരും ഞാനും തമ്മിൽ

15. Young India, 29–6–1921 (Drink, Drugs and Gambling, p. 74)
16. Young India, 1–5–1930 (Drink, Drugs and Gambling, p. 75)

അമേദ്യമായ ഒരു ബന്ധമുള്ളതുകൊണ്ടും, അവർ ഇന്ത്യയിലെ ഏററവും പുരോഗമിച്ചതും ഏററവും നന്നായി സംഘടിപ്പിക്കപ്പെട്ടതുമായ സമുദായമാകകൊണ്ടും തന്മൂലം അധികം എളുപ്പത്തിൽ ന്യായത്തിനു വഴങ്ങുന്നവരാകകൊണ്ടും ആണ്. അവർ വർത്തമാനപ്പത്രങ്ങൾ വായിക്കുന്നുണ്ട്. പാഴ്സിമദ്യവ്യാപാരികൾ എൻെറ സമ്മേളനങ്ങളിൽ ഹാജരാകാറുണ്ട്. ഹിന്ദുക്കളാകട്ടെ, അങ്ങനെ ചെയ്യാതിരിക്കത്തക്കവണ്ണം അത്ര വിവരമില്ലാത്തവരാണ്. ഈ രണ്ടാമതു പറഞ്ഞവരെ (ഹിന്ദുക്കളെ) സമീപിക്കാൻ അവരുടെ ഷാപ്പിലോ വീട്ടിലോ പോയാലേ പററൂ. വാസ്തവത്തിൽ പാഴ്സിസുഹൃത്തുക്കളിൽനിന്നു് എനിക്കു കിട്ടിക്കൊണ്ടിരിക്കുന്ന സഹായം വളരെ പ്രോത്സാഹജനകമാണ്, ഇപ്പോഴും അപര്യാപ്തമാണെങ്കിലും. ഒരു പാഴ്സി സഹോദരിയായ മിത്തുബായ് പെററിററാണ് ഒരു പാഴ്സി വക്കീൽ ഉൾപ്പെടെയുള്ള സഹായികളോടുകൂടി സൂറത്ത് ജില്ലയിൽ പിക്കററിങ്ങു സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ബെഹ്റാം മേത്തയും ധൻജിഷാദർ ബാറിയും ഇതേ കാര്യത്തിനുവേണ്ടി ജയിൽവാസം വരിച്ചിരിക്കുന്നു. പ്രത്യക്ഷത്തിൽ ഉപ്പുനിയമം ലംഘിച്ചതിനാണ് അവർ അറസ്റ്റു ചെയ്യപ്പെട്ടതെങ്കിലും, മദ്യവ്യാപാരികളുടെ ഇടയിൽ അവരുടെ അസന്ദിഗ്ദ്ധമായ സ്വാധീനശക്തി വ്യാപിച്ചുക്കാനിടയുള്ളതുകൊണ്ടല്ലേ, അവരെ അറസ്റ്റുചെയ്തതെന്ന ഒരു ശങ്ക എനിക്കുണ്ട്. എങ്ങനെയായാലും ഉപ്പുസത്യഗ്രഹത്തിലെന്നപോലെ മദ്യനിരോധനപ്രവൃത്തിയിലും അവർ ഏർപ്പെട്ടിരുന്നു. ചാരായക്കടകളെന്നപോലെ കള്ളുഷാപ്പുകളും പിക്കററുചെയ്യാൻ എനിക്കു തികച്ചും ഉദ്ദേശ്യമുണ്ടെന്ന പൂർണബോധ്യത്തോടുകൂടിയാണ് ഈയിടെ എന്നെ കാണാൻവന്ന പാഴ്സിമദ്യവ്യാപാരികൾ തിരിച്ചുപോയതെന്ന സംഗതി എനിക്കു തുലോം സന്തോഷപ്രദമായ ഒന്നായിരുന്നു. അടുത്തുകിടക്കുന്ന ബറോഡാ സ്റ്റേററിലെ മദ്യഷാപ്പുകളെ ഞങ്ങൾ ഒഴിച്ചുവിടുകയാണെന്നായിരുന്നു ഒരു പരാതി. ഈ ആരോപണം ശരിയാണ്. എങ്കിലും ബറോഡാ സ്റ്റേററുകാർ അവിടത്തെ കൻറീനുകളെ പിക്കററുചെയ്യാൻ ഏർപ്പാടു ചെയ്യുമെന്നു പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ് ഞാൻ. മദ്യനിരോധനം പ്രഥമമായും പ്രധാനമായും ഒരു ധാർമിക പരിഷ്കരണമാണ്. ഇന്ത്യയുടെ ബാക്കി ഭാഗങ്ങളെപ്പോലെ ഇന്ത്യൻ സ്റ്റേററുകളും അതിൽ താൽപര്യമുള്ളവയാണ്. നാട്ടുരാജ്യങ്ങളിലെ ജനങ്ങൾക്കു് ഈ സംരംഭം ഏറെറടുക്കാവുന്നതാണ്, അവരങ്ങനെ ചെയ്യേണ്ടതാണ്.

എന്നെ കണ്ട സ്നേഹിതന്മാർ അവരുടെ ജീവിതമാർഗത്തെപ്പററിയും സംസാരിക്കുകയുണ്ടായി. ഇവിടെയാണ് പാഴ്സികൾ ഒരു സമുദായമെന്ന നിലയിൽ ഒരു പരിഹാരം കണ്ടെത്താൻ ഇറങ്ങിവരേണ്ടതു്. തങ്ങളുടെ ഏക വരുമാനമാർഗം ഇല്ലാതാകുമ്പോൾ—വളരെമുമ്പ് വേണ്ടതായിരുന്ന ഇതു്—ആശ്വാസം ആവശ്യമുള്ളവർക്കു

digitized by www .sreyas.in

തൊഴിൽ കൊടുക്കാൻവേണ്ടി പാഴ്സിസംഘടനകൾക്കു സ്ഥിതി വിവരക്കണക്കുകൾ തയ്യാറാക്കുകയും ബ്യൂറോകൾ തുറക്കുകയും ചെയ്യാവുന്നതാണ്. മഹത്തായ ഈ സമുദായത്തിലെ ഇത്രയേറെ അംഗങ്ങൾ അധാർമ്മികമായ ഒരു കച്ചവടംകൊണ്ടു ജീവിക്കുന്നുവെന്നതു് അഭിമാനിക്കത്തക്ക സംഗതിയല്ല.

## 17

ശ്രീ അബിദ് അലി ഉൾപ്പെടെയുള്ള കോൺഗ്രസ്സുകാരായ പിക്കററിങ്ങുകാരുടെ നേരേ കഴിഞ്ഞ ആഗസ്റ്റ് 10–ാം തീയതി നടത്തിയ അക്രമത്തെക്കുറിച്ചുള്ള പ്രതിഷേധത്തിൽ ഏതാണ്ടു 175 പാഴ്സികൾ ഒപ്പുവച്ചിരിക്കുന്നു. പ്രതിഷേധത്തിൽ ഒപ്പുവച്ചവരിൽ ബാരിസ്റ്റർമാരും ഡോക്ടർമാരും സോളിസിററർമാരും പ്രൊഫസർമാരുമുണ്ട്. ഒപ്പുവച്ചവരെ അവരുടെ പ്രതിഷേധത്തിനു് ഞാൻ അഭിനന്ദിക്കുന്നു. എങ്കിലും വെറും പ്രതിഷേധം ആ തെമ്മാടിത്തം സംഘടിപ്പിച്ചവരിൽ പറയത്തക്ക ഫലമൊന്നുമുളവാക്കുകയില്ലെന്നു ഞാൻ അവരോടു് അഭിപ്രായപ്പെട്ടുകൊള്ളട്ടെയോ? മദ്യവ്യാപാരികളുമായി നേരിട്ടു ബന്ധം പുലർത്തുക, മാന്യമായ മറെറന്തെങ്കിലും പണി അവർക്കുണ്ടാക്കിക്കൊടുക്കുവാൻ ഒരു പദ്ധതി തയ്യാറാക്കുക, ഈ കച്ചവടത്തിനെതിരായ ശക്തിയേറിയ പൊതുജനാഭിപ്രായം പാഴ്സികൾക്കിടയിൽ സൃഷ്ടിക്കുക—ഇതൊക്കെയാണ് യഥാർത്ഥത്തിൽ ആവശ്യം. ഈ മദ്യവ്യാപാരികൾ കൊണ്ടുവന്നിട്ടുള്ള വാദം അവർ ഈ കച്ചവടം വേണ്ടെന്നുവച്ചാൽ മററുള്ളവർ അതേറെറടുക്കുമെന്നാണ്. അവരുടെ ഒഴിഞ്ഞുനിൽപ് പാഴ്സിസമുദായത്തിനു പുറത്തും ഒരു പൊതുജനാഭിപ്രായം സൃഷ്ടിക്കുമെന്നും, മററുള്ളവർ ഈ അധാർമ്മികവ്യാപാരം നടത്തുന്നതിനെ അതു് (ഒഴിഞ്ഞുനില്പ്) അസാദ്ധ്യമാക്കിത്തീർക്കുമെന്നും ഞാൻ അവരോടു് അഭിപ്രായപ്പെടുകയുണ്ടായി. സ്വന്തം കുലത്തൊഴിലായിരുന്ന ഈ വ്യാപാരം വെടിഞ്ഞു് മററുള്ളവർക്കു നേതൃത്വം നൽകിയ രത്നഗിരിജില്ലയിലെ ഭണ്ഡാരികളുടെ ഉദാഹരണം ഈ പംക്തികളിൽ ഞാൻ വിവരിക്കുകയുണ്ടായി. കോലി വർഗത്തിൽപ്പെട്ട വളരെപ്പേരും ഇതുപോലെതന്നെ ചെയ്തു. അതിനാൽ പാഴ്സികൾ ഈ പരിഷ്കാരം നടപ്പിൽവരുത്തിയാൽ അവർ മാർഗദർശികളാകുമെന്നുമാത്രമല്ല, ഒരു നല്ല മാതൃകയെ അനുവർത്തിക്കുകയും തൊഴിലാളികൾക്കു അപരിഹാര്യമായ ദ്രോഹംചെയ്തുകൊണ്ടിരിക്കുന്ന ഒരു കച്ചവടത്തിന്റെ ഉന്മൂലനത്തിനു ദേശാഭിമാനപൂർവം സഹായിക്കുകയും കൂടിയാവും.

17. Young India, 24–9–1931 (Drink, Drugs and Gambling, p. 76)

digitized by www .sreyas.in

18

ബോംബെയിലെ മദ്യനിരോധനത്തിനുനേരെ പ്രതിഷേധിച്ചു കൊണ്ട് ബോംബെയിൽ നടത്തിയ ഒരു പാഴ്സിസമ്മേളനത്തിന്റെ നീണ്ട വിവരണം ഞാൻ വായിക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ പാഴ്സി മഹിളമാരും പങ്കുകൊണ്ടു എന്നു കാണുന്നു. കോൺഗ്രസ് പരിപാടിയിലെ മുഖ്യയിനമായ മദ്യനിരോധനത്തിന്റെ കർത്താവ് എന്ന നിലയിൽ, മദ്യനിരോധനനയത്തിൽനിന്നു വിരമിക്കുവാൻ ബോംബെമന്ത്രിസഭയോട് ആവശ്യപ്പെടണമെന്ന് എന്നോട് അപേക്ഷിക്കുന്ന ഏതാനും എഴുത്തുകൾ പാഴ്സിസുഹൃത്തുക്കളിൽനിന്ന് എനിക്കു കിട്ടിയിട്ടുമുണ്ട്.

വിരോധം മദ്യനിരോധനത്തിനോടുതന്നെയോ, അതോ പുതിയ നികുതി ചുമത്തലിനോടോ എന്നു വ്യക്തമല്ല. പാഴ്സികളും ഞാനും തമ്മിലുള്ള ഉററ ബന്ധം ഇന്ത്യയ്ക്കു മുഴുവൻ അറിയാം. ഏതൊരു കാര്യത്തിന്റെ അടിസ്ഥാനം തനി ലോകോപകാരമാണോ അതിനെതിരെ ലോകത്തിലെ ഏററവും മികച്ച ലോകോപകാരികളുടെ വർഗം അണിനിരക്കുന്നതിനെപ്പററി ആലോചിക്കുമ്പോൾ എനിക്കു വേദന തോന്നുന്നു. പാഴ്സി മഹിളമാരും ഈ സമരത്തിൽ അണിനിരന്നിരിക്കുന്നുവെന്ന അറിവ് ആ വേദനയെ ദുസ്സഹതരമാക്കുന്നു. കൊള്ളരുതാത്ത ഭീഷണികൾ ആ സമ്മേളനത്തിൽ പ്രയോഗിക്കപ്പെട്ടുവെന്നും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വാദമുണ്ടായെന്നും കാണുന്നു. ആ സമ്മേളനത്തിൽ പ്രകടിപ്പിക്കപ്പെട്ട കോപമൊക്കെ താൽക്കാലിക വികാരം നിമിത്തമായിരുന്നെന്നും പാഴ്സികളുടെ സഹജമായ ലോകഹിതാഭിലാഷം വീണ്ടും പ്രകടമാകുമെന്നും ആശിക്കാനേ എനിക്കു കഴിയൂ. മദ്യനിരോധനനിയമംകൊണ്ട് ആദ്യം ഗുണമുണ്ടാകുന്നത് പാഴ്സികൾക്കായിരിക്കുമെന്ന് അഭിപ്രായപ്പെടുവാൻ ഞാൻ ധൈര്യപ്പെടുന്നു. കുടി പാഴ്സികൾക്കു ദോഷമൊന്നും ചെയ്തിട്ടില്ലെന്നോ ചെയ്യുന്നില്ലെന്നോ പറയുന്നതു തെററാണ്. പാഴ്സികളായ മദ്യക്കച്ചവടക്കാരെ മറേറതെങ്കിലും ജീവനമാർഗത്തിലേക്കു തിരിച്ചുവിട്ടാൽ പാഴ്സികൾക്കുതന്നെയാവും അതുകൊണ്ടുള്ള മെച്ചം.

'നീര'യെന്ന പേരിൽ അറിയപ്പെടുന്ന പുളിപ്പിക്കാത്ത കള്ളിന് മദ്യനിരോധനം ബാധകമല്ലെന്ന് ഈ എതിർപ്പുകാരെ ഞാൻ ഓർമപ്പെടുത്തട്ടെ. അതിനാൽ, ഒരൊററ പാഴ്സിക്കും നീര ഇല്ലാതാക്കാൻ പോകുന്നില്ല. നീര കരിമ്പിൻനീരിനോളംതന്നെ ആരോഗ്യകരവും ഒരുപക്ഷേ, അതിനെക്കാൾ വിലകുറഞ്ഞതുമാണ്; എങ്കിലും അതു വേഗം പുളിക്കാതിരിക്കാൻ വല്ല വഴിയും കണ്ടുപിടി

18. Harijan, 8-4-1939 (Drink, Drugs and Gambling, p. 77)

digitized by www.sreyas.in

ക്കണം; മററു് ഏതു മധുരനീരിനെക്കാളും വേഗം പുളിക്കുമെന്ന ഒരു ദോഷം നീരയ്ക്കുണ്ടു്.

19

പാഴ്സികൾ അവരുടെ ഭയംവെടിഞ്ഞു കോൺഗ്രസ്സിന്റെ മദ്യനയത്തെ സധൈര്യം നേരിടണമെന്നു് എനിക്കേറ്റു ആഗ്രഹമുണ്ടു്! മദ്യലൈസൻസുകൾ ലേലം ചെയ്യാനോ വിൽക്കാനോ കൂട്ടാക്കാതിരിക്കുവാൻ ഗവർമെൻറിനുള്ള അസന്ദിഗ്ദ്ധാവകാശത്തെ എന്തുചെയ്തും എതിർക്കൽ അവർ ഒരു തത്വമാക്കിയിരിക്കുകയാണെങ്കിൽ, പിന്നെ വാദിക്കാനൊന്നുമില്ല. ഒരു തത്വത്തിന്റെനേരെ മറെറാരു തത്വം പ്രഖ്യാപിക്കലാണു് അതു്. എന്നാൽ വിട്ടുവീഴ്ചയില്ലാത്ത ഇത്തരമൊരു മനോഭാവം അവർ കൈക്കൊണ്ടിട്ടില്ലെന്നു ഞാൻ ആശിക്കുന്നു. ലൈസൻസുകാരുടെയും ചെത്തുകാരുടെയും നിവേദകസംഘം അത്തരമൊരു നിലപാടു് സ്വീകരിക്കുകയുണ്ടായില്ല.

എന്നാൽ തത്വത്തിന്റെ കാര്യമല്ലാതെതന്നെ, ആ നയം നടപ്പിൽ വരുത്തുന്ന രീതിയെക്കുറിച്ചു് ആക്ഷേപങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടു്.

അവ താഴെപ്പറയുന്നവയെപ്പററിയാണു്:

എ. മതപരമായ ആവശ്യങ്ങൾക്കു വീഞ്ഞു് ഉപയോഗിക്കുവാനുള്ള അവകാശം.

ബി. വൈദ്യാവശ്യങ്ങൾക്കു്, അതായതു് ആരോഗ്യപരമായ ആവശ്യങ്ങൾക്കു്, മദ്യം ഉപയോഗിക്കുവാനുള്ള അവകാശം.

സി. വർഗീയ വിവേചനം.

ഡി. ജോലിയില്ലാതാക്കപ്പെടുന്നവർക്കു്, അതായതു ചെത്തുകാർക്കും കോൺട്രാക്ടർമാർക്കും മദ്യവ്യാപാരികൾക്കും മററും നഷ്ടപരിഹാരം നൽകൽ.

ഇ. സ്വത്തുനികുതി ധർമസ്ഥാപനങ്ങളിൽ ഉണ്ടാക്കുന്ന ഫലം.

ഇവയെല്ലാം വ്യക്തമായ ഉത്തരങ്ങൾ ആവശ്യപ്പെടുന്ന സമുചിത ചോദ്യങ്ങളാണു്. ആ നയം നടപ്പിൽ വരുത്തുന്നതിനുനേരെ ഉന്നയിക്കാവുന്ന ന്യായമായ ആക്ഷേപങ്ങളെയെല്ലാം മന്ത്രിമാർ ഇല്ലാതാക്കിയേ തീരൂ.

മതാവശ്യങ്ങൾക്കോ ആരോഗ്യാവശ്യങ്ങൾക്കോ വീഞ്ഞു് ഉപയോഗിക്കാനുള്ള അവകാശം ഡോ. ഗിൽഡർ എന്നും സമ്മതിച്ചിട്ടുണ്ടു്

19. Harijan, 8-7-1939 (Drink, Drugs and Gambling, p. 79)

digitized by www .sreyas.in

നിയമപ്രകാരം വർഗീയവിവേചനമൊന്നും ഉണ്ടാകയില്ലെന്നു അറിയുന്നു. നിയമം നടപ്പിൽവരുത്തുന്നതിലാണു് അതു പ്രത്യക്ഷപ്പെടുക. ആക്ടം, യൂറോപ്യന്മാർക്കുപോലും, ചോദിച്ചതുകൊണ്ടുമാത്രം പെർമിററു കിട്ടുകയില്ല—നിയമത്തിൽനിന്നു് ഒഴിഞ്ഞുമാറുന്നതു കൂടാതെ കഴിക്കാൻ മാത്രമാണെങ്കിൽപ്പോലും, ഗുണദോഷങ്ങൾ നോക്കിയാണു് ഓരോ അപേക്ഷ സംബന്ധിച്ചും തീർപ്പു ചെയ്യുക. യൂറോപ്യന്മാർപോലും ഈ രാജ്യത്തിലെ മദ്യനയത്തെ മാനിക്കണമെന്നും കഴിയുമെങ്കിൽ പെർമിററുകൾ ആവശ്യപ്പെടാതിരിക്കണമെന്നും പ്രതീക്ഷിക്കപ്പെട്ടു. ബോംബെയിലെ ആർച്ചു ബിഷപ്പു് മദ്യഷാപ്പുകൾ പൂട്ടുന്നതിനെതിരെ തൃപ്തികരമല്ലാത്ത എതിർപ്പുകൾ ഉന്നയിച്ചുവെങ്കിൽപ്പോലും, സന്തോഷത്തോടുകൂടി പ്രഖ്യാപിച്ചിരിക്കുന്നു, താനും തന്റെ കീഴിലുള്ള വളരെപ്പേരും സ്വന്താവശ്യത്തിനു പെർമിററുകൾ ആവശ്യപ്പെടാൻപോകുന്നില്ലെന്നു്. വളരെ പ്രൊട്ടസ്റ്റന്റു പുരോഹിതന്മാരും ഇതുപോലെ ത്യാഗസന്നദ്ധത വെളിപ്പെടുത്തിക്കഴിഞ്ഞിട്ടുള്ളതായി അറിയുന്നു. യൂറോപ്യൻ പുരോഹിതന്മാരുടെ മാതൃക സാധാരണ യൂറോപ്യന്മാർ അനുകരിച്ചെങ്കിൽ അതൊരാശ്ചര്യമായി എനിക്കു തോന്നുകയില്ല. എന്നാലും നിയമം നടപ്പിൽ വരുത്തുമ്പോൾ യൂറോപ്യന്മാരോടു്, വളരെ നൂററാണ്ടുകളായി ഇന്ത്യയെ സ്വരാജ്യമാക്കിയ പാഴ്സികളോടും മററും കാണിക്കുന്നതിലേറെ ഔദാര്യം കാണിക്കുമെന്നതിനു സംശയമില്ല. എങ്കിലും നിഷ്കപടമായ ഓരോ അപേക്ഷയും അനുഭാവപൂർവം പര്യാലോചിക്കപ്പെടുമെന്നതിൽ എനിക്കു യാതൊരു സംശയവുമില്ല. പരക്കെയുള്ള അഭിപ്രായത്തോടു പാഴ്സികൾ യോജിക്കുമെന്നു പ്രതീക്ഷിച്ചുകൂടേ—വിശേഷിച്ചും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ ക്ഷേമം സംരക്ഷിക്കുവാൻ അതു സഹായിക്കുമ്പോൾ? ഇനിയും സമയമുള്ളതുകൊണ്ടു്, മദ്യപാനദോഷം തടയേണ്ടതിന്റെ ആവശ്യകത പ്രബുദ്ധരായ പാഴ്സികൾ തീർച്ചയായും അംഗീകരിക്കണം.

ബന്ധപ്പെട്ട കക്ഷികളുടെ ഹൃദയപൂർവ്വകമായ സഹകരണം ഇല്ലാതെ, ഡി.,ഇ. ഇനങ്ങൾ തൃപ്തികരമായ വിധം കൈകാര്യം ചെയ്യാൻ തീരെ സാധ്യമല്ല. ധർമസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, അവയുടെ ട്രസ്റ്റിമാർ തങ്ങളുടെ വാദം കണക്കുകൾകൊണ്ടും വസ്തുതകൾകൊണ്ടും തെളിയിക്കണം. കുറച്ചു ബുദ്ധിമുട്ടൊക്കെ ഉണ്ടാകുമെന്നതിനു സംശയമില്ല. ഓരോ നികുതിയും ബുദ്ധിമുട്ടാണു്. എങ്കിലും ഒരൊററ ധർമസ്ഥാപനത്തിനുപോലും കാര്യമായ കോട്ടം തട്ടുകയില്ലെന്നാണു് എന്റെ വിശ്വാസം. എന്തൊക്കെപ്പറഞ്ഞാലും ബോംബെനഗരത്തിൽനിന്നു കിട്ടുമെന്നു കണക്കാക്കീട്ടുള്ള ഏതാണ്ടു് ഒരുകോടി ഉറുപ്പിക അസംഖ്യം ആളുകളുടെ പക്കൽനിന്നാകകൊണ്ടു്, ഒരൊററ വ്യക്തിക്കും സ്ഥാപനത്തിനും ദുസ്സഹമായ

digitized by www .sreyas.in

ഭാരം ഉണ്ടാകാനിടയില്ല. എങ്കിലും മറിച്ചാണ് സ്ഥിതിയെന്നു വാദിക്കുന്നവരാണ് അവരുടെ വാദം തെളിയിക്കേണ്ടതു്.

ഗവർമെൻറിനു ശരിയായ തീരുമാനമെടുക്കാൻ സാധിക്കുന്നതിനുവേണ്ടി മദ്യവ്യാപാരികൾ അവരുടെ വാദങ്ങൾ എല്ലാ വിശദവിവരങ്ങളോടുംകൂടി സമർപ്പിക്കണം. വീഞ്ഞു സ്റ്റോക്ക ചെയ്തിട്ടുള്ളവരിൽ മിക്കവരും ഗവർമെൻറ് ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിച്ചിട്ടുപോലുമില്ലെന്നാണ് അറിയുന്നതു്. അവർ പരിഭവം കാരണം, തങ്ങളെ സഹായിക്കാൻ ഗവർമെൻറിനെ സഹായിക്കാതായാൽ, ഗവർമെൻറ് എങ്ങനെയാണ് അവരുമായി ഇടപെടുക? തെളിയിക്കപ്പെട്ടതും കൂടാതെ കഴിക്കാവുന്നതുമായ ഓരോ ബുദ്ധിമുട്ടും പരിഹരിക്കുവാൻ ഗവർമെൻറ് അങ്ങേയററം ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നു് അറിയുന്നു. 'കൂടാതെ കഴിക്കാവുന്ന' എന്നു ഞാൻ പറയുന്നതു് മനഃപൂർവമാണ്. താജി*നു് ബുദ്ധിമുട്ടുകൾ നേരിടും, പക്ഷേ, അതു മദ്യഷാപ്പുടമകൾക്കു ബുദ്ധിമുട്ടുകളുണ്ടാകുമെന്നു പറയുന്നതുപോലെയാണ്. താജ് വമ്പിച്ച മദ്യവ്യാപാരിയാണ്. വളരെ ധർമസ്ഥാപനങ്ങളെ സഹായിക്കുന്നതിനു പ്രസിദ്ധിയാർജിച്ച ടാററാകുടുംബം ഈ ആവശ്യത്തിനു് അധികം നല്ല മററു മാർഗങ്ങൾ കണ്ടുപിടിക്കാൻ സമർത്ഥരാണ്. മദ്യക്കച്ചവടത്തിൽനിന്നു കിട്ടുന്ന അശുദ്ധമായ വരുമാനം കളഞ്ഞുകുളിച്ചാൽ ഈ ധാർമസ്ഥാപനങ്ങൾ കൂടുതൽ ധന്യങ്ങളായിത്തീരുമെന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു.

## എച്ച്. മതപരമായ ചടങ്ങുകൾക്കു മദ്യം ഉപയോഗിക്കൽ

### 20

മതത്തിന്മേൽ കൈയേററം നടത്തുകയാണെന്നു് മുറവിളികൂട്ടിയപ്പോൾ എതിർപ്പുകാർ സത്യത്തിൽനിന്നു വ്യതിചലിച്ചു. യഥാർത്ഥ മതചടങ്ങുകൾക്കു മദ്യങ്ങൾ ഉപയോഗിക്കുന്നതിനു പ്രത്യേക പെർമിററു കിട്ടാൻ വ്യവസ്ഥ ചെയ്യുന്ന, സശ്രദ്ധം തയ്യാറാക്കപ്പെട്ട മദ്യനിരോധനച്ചട്ടങ്ങൾ ഞാൻ വായിക്കുകയുണ്ടായി. മരുന്നാവശ്യങ്ങൾക്കു് അവ ഉപയോഗിക്കാൻവേണ്ട വ്യവസ്ഥകളും ചട്ടങ്ങളിലുണ്ടു്. നികുതി ചുമത്തലിനെക്കുറിച്ചാണെങ്കിൽ, അജ്ഞരായ ജനകോടികളുടെ ക്ഷേമത്തിനു് ഉതകുന്ന മദ്യനിരോധനത്തെപ്പോലുള്ള ശ്രേഷ്ഠമായ ഒരു കാര്യത്തിനുവേണ്ടി നികുതി ചുമത്തുന്നതിൽ പിറുപിറുക്കുന്നതു് ലോകഹിതൈഷികൾക്കു ഭൂഷണമല്ല. അതിനാൽ ഉദാരമതികൾ—പാഴ്സികളുടെ കൂട്ടത്തിൽ ഇവർ ധാരാളമുണ്ടു്—

---

* ബോംബെയിലെ താജ്ഹോട്ടൽ.

20. Harijan, 8-4-1939 (Drink, Drugs and Gambling, p. 77)

digitized by www .sreyas.in

മുന്നോട്ടുവരുമെന്നും, സ്വന്തം ശരീരത്തെയും ആത്മാവിനെയും നശിപ്പിക്കുന്ന ഒരു ശാപത്തിൽനിന്നു് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ മോചിപ്പിക്കുമെന്നു വാഗ്ദാനംചെയ്യുന്ന ശ്രേയസ്കരമായ ഒരു പ്രസ്ഥാനത്തെ സഹായിക്കുമെന്നും ഞാൻ ആശിക്കുന്നു.

## ഐ. മാഹുരയെ ഒഴിവാക്കൽ

21

മാഹുരാപൂക്കളെപ്പററി ഒരു ലേഖകൻ നീണ്ട ഒരു കത്തയച്ചിരിക്കുന്നു. മദ്യം വാററിയെടുക്കാനല്ലാതെ മററാവശ്യങ്ങൾക്കു മാഹുരാപൂക്കൾ ഉപയോഗിക്കുന്നതിന്മേലുള്ള എല്ലാ നിയന്ത്രണവും നീക്കംചെയ്യപ്പെടേണ്ടതാണെന്നു് അദ്ദേഹം ആഗ്രഹിക്കുന്നു. ഒരു തികഞ്ഞ മദ്യനിരോധനവാദിയെന്ന നിലയിൽ ഈ അഭിപ്രായത്തോടു യോജിക്കാൻ എനിക്കു മടിയില്ല. ഈ മദ്യനിരോധനത്തിന്റെ സങ്കൽപ്പം മുഴുവനും ശിക്ഷാപരമല്ല, വിദ്യാഭ്യാസപരമാണു്. മദ്യങ്ങൾക്കും മയക്കുമരുന്നുകൾക്കും ഇവയുടെ വിൽപ്പന നടത്തുവാൻ ലൈസൻസുള്ള ഷാപ്പുകൾക്കും ഗവർമെൻറു നൽകിയ അംഗീകാരം പിൻവലിച്ചാൽ, വിദ്യാഭ്യാസത്തിന്റെ വഴി സുഗമമായി. മദ്യനിരോധനനിയമപ്രകാരമുള്ള ശിക്ഷാവ്യവസ്ഥകൾ ഇന്നുവരെ നിലവിലുള്ള മററു ശിക്ഷാവ്യവസ്ഥകളിൽനിന്നു തീരെ വ്യത്യസ്തമായിരിക്കണം. തന്നിമിത്തം എന്റെ പദ്ധതി സ്വീകരിക്കപ്പെട്ടെങ്കിൽ മാഹുരാ വേണ്ടതുപോലെ ഉപയോഗിക്കുന്ന കാര്യത്തിൽ ജനങ്ങളെ വിശ്വസിക്കാം; തെററായവിധം അതു് ഉപയോഗിച്ചെങ്കിലോ എന്നു ഭയന്നു് അവരതു തീരെ ഉപയോഗിച്ചുകൂടെന്നു നിശ്ചയിക്കേണ്ടതില്ല. അതിനാൽ മാഹുര വേണ്ടതുപോലെ ഉപയോഗിക്കുന്നതിനു മദ്യനിരോധനനിയമപ്രകാരം തടസ്സമൊന്നുമുണ്ടാവുകയില്ല, കള്ളു് വേണ്ടതുപോലെ ഉപയോഗിക്കുന്നതിനു തടസ്സമുണ്ടാകാത്തതുപോലെ. മാഹുരാപൂക്കൾകൊണ്ടും മാഹുരാഎണ്ണകൊണ്ടും മാഹുരാമരംകൊണ്ടുമുള്ള ചില ഉപയോഗങ്ങളാണു ചുവടേ ചേർക്കുന്നതു്; ഇതു ഞാൻ ആ എഴുത്തിൽനിന്നു പകർത്തുകയാണു്:

1. പുതിയ മാഹുരാപൂക്കൾ തിന്നാൻ മധുരമുള്ളതാണു്

2. ഉണങ്ങിയ മാഹുരാപൂക്കൾകൊണ്ടു പലതരം ഭക്ഷ്യസാധനങ്ങളും ഉണ്ടാക്കുന്നുണ്ടു്. ഇവ ദരിദ്രരുടെ മധുരപലഹാരമാണു്

3. മാഹുരാപൂക്കൾകൊണ്ടുള്ള കഷായം മലബന്ധം മാററാൻ പററിയ ഔഷധമാണു്

21. Harijan, 25–9–1937 (Drink, Drugs and Gambling, p.41)

digitized by www .sreyas.in

4. ഇതിന്റെ കുരുവിൽനിന്നു കിട്ടുന്ന എണ്ണ ഭക്ഷ്യസാധനമായി ഉപയോഗിച്ചുവരുന്നു. ഇതു് ദരിദ്രന്റെ നെയ്യാണു്. ഡോളിയ എന്ന പേരിലാണു് ഇതറിയപ്പെടുന്നതു്.

5. മാഹുരാപൂക്കൾ മനുഷ്യർക്കും കന്നുകാലികൾക്കും രണ്ടുകൂട്ടർക്കും രസായനമായി കരുതിപ്പോരുന്നു.

6. ഭക്ഷ്യദൗർലഭ്യവും ക്ഷാമവും ഉണ്ടാകുന്ന കാലത്തു്—ഇവ ഖേദാ ജില്ലയിൽ വളരെ സാധാരണമാണു്—ദരിദ്രരെ തനിപ്പട്ടിണിയിൽനിന്നു രക്ഷിക്കാൻ മാഹുരാപൂക്കൾ വളരെയധികം ഉപയോഗിക്കുന്നു.

7. ഡോളിയ എണ്ണ, അലക്കുന്നതിനുള്ള സോപ്പുണ്ടാക്കാൻ പ്രത്യേകിച്ചു പററിയതാണു്.

8. മാഹുരാമരം വിറകായും മരത്തടിയായും ഉപയോഗിക്കപ്പെടുന്നു.

## ജെ. ഗവർമെൻറിന്റെ മനോഭാവം

### 22

'ക്രോണിക്കളി'നു് കോൺഗ്രസ്സ്കമ്മിററി അയച്ച കമ്പി വിശ്വസിക്കാമെങ്കിൽ അധികാരം നഷ്ടപ്പെടാത്ത ഏതോ പോലീസ് ഉദ്യോഗസ്ഥൻ പരിഭ്രമിച്ചു നിരായുധരായ ഒരു ജനക്കൂട്ടത്തിന്റെ നേരെ വെടിവയ്ക്കാൻ കൽപ്പനകൊടുത്തുവെന്നതിനു സംശയമില്ല. ഗവർമെൻറിൽനിന്നു മദ്യം ലഭിക്കുകയെന്നതു പൊതുജനങ്ങളുടെ അവകാശമാണോ എന്നു തോന്നുമാറു് മദ്യഷാപ്പുകൾ നിർബന്ധപൂർവം തുറന്നുവയ്ക്കുന്നതു പൊതുജനാഭിപ്രായത്തെ പരസ്യമായും അധാർമികമായും ധിക്കരിക്കലാണു്. മരിച്ചുപോയവരുടെ കുടുംബങ്ങളെ ഞാൻ അനുമോദിക്കുകയേയുള്ളൂ. ജനക്കൂട്ടം കാട്ടിയിട്ടുണ്ടായേക്കാവുന്ന എത്രതന്നെ ലഘുവായ അക്രമത്തെക്കുറിച്ചും എനിക്കു പരിതപിക്കാൻ കഴിയുമെങ്കിലും, വിട്ടുകൊടുത്ത ഡിപ്പാർട്ടുമെൻറുകളുടെ ചുമതല വഹിക്കുന്ന ഇന്ത്യൻ മന്ത്രിമാർ രാജ്യത്തെ ബാധിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ ആപത്തിനെ ധൈര്യപൂർവം നേരിടുകയും, എല്ലാ മദ്യഷാപ്പുകളും ഉടനെ അടച്ചുപൂട്ടുകയും, ദരിദ്രരായ ലൈസൻസുകാർ മുൻകൂർ അടച്ച പണം മടക്കിക്കൊടുക്കുകയും ചെയ്യാതിരുന്നാൽ തങ്ങളുടെ മഹത്തായ കക്ഷിയുടെ പാരമ്പര്യങ്ങളെ വഞ്ചിക്കുകയായിരിക്കും ചെയ്യുന്നതെന്നു അവരെ ഞാൻ ബഹുമാനപുരസ്സരം താക്കീതുചെയ്തുകൊള്ളുന്നു. രണ്ടുവിധത്തിൽ അഭിശപ്തമായ ഈ കച്ചവടത്തിൽനിന്നു അധാർമികമായി കിട്ടുന്ന നികുതി നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചു അവർ ഭയപ്പെടരുതു്. പ്രബുദ്ധവും കുപിതവുമായ പൊതുജനമനസ്സാക്ഷിയുടെ മുമ്പിൽ അതിനു നില്ക്കാ

22. Young India, 6-7-1921 (Drink, Drugs and Gambling, pp. 4-5)

digitized by www .sreyas.in

നാവില്ല. ഇന്നത്തെ നിലയ്ക്കു് അശുദ്ധമായ ഉറവിടത്തിൽനിന്നു കിട്ടിയ നികുതികൊണ്ടു നടത്തപ്പെടുന്ന ഒരു വിദ്യാഭ്യാസം മോശം തന്നെയാണു്. നിരപരാധികളുടെ രക്തംകൊണ്ടു മലിനമാക്കപ്പെട്ടാൽ അതു താമസിയാതെ ദുർഗന്ധപൂരിതംകൂടിയായിത്തീരും. വളരെ വൈകുന്നതിനുമുമ്പു താക്കീതു കേൾപ്പാൻ മന്ത്രിമാരോടു ഞാൻ അപേക്ഷിക്കുന്നു. നികുതിക്കുവേണ്ടി അവർ, ഹൃദയശൂന്യരായി, കാലത്തിന്റെ ആവശ്യങ്ങൾ ചെവിക്കൊണ്ടില്ല എന്നു പറയാൻ ഇടവരാതിരിക്കട്ടെ. ഏതാനും മണിക്കൂർപോലും അവർ കാത്തിരിക്കരുതു്; ആഴ്ചകളുടെ കാര്യം പറകയേവേണ്ട. കുടിയിൽനിന്നു കിട്ടുന്ന നികുതി ഉപേക്ഷിക്കുന്നതിനുമുമ്പു മററു നികുതിമാർഗങ്ങൾ കണ്ടുപിടിക്കുന്നതിനെപ്പററി ആലോചിക്കാൻ അവർ കാത്തിരിക്കരുതു്. മറെറാരു വീടു കിട്ടുന്നതുവരെ പ്ലേഗു ബാധിച്ച വീട്ടിൽനിന്നു് ഒഴിയാൻ കൂട്ടാക്കാത്തതുപോലെയാകും അതു്. ഇത്തരം ചുററുപാടുകളിൽ മിക്ക ആളുകളും ചെയ്യുക ആദ്യം ഒഴിഞ്ഞുമാറി, പിന്നീടു രോഗബാധയില്ലാത്ത മറെറാരു വീടു അന്വേഷിക്കുകയാണു്.

## 23

'ഷാപ്പു നടത്താതിരുന്നതിനും ഷാപ്പിലേക്കുവേണ്ടി മരം ചെത്തി കള്ളെടുക്കാതിരുന്നതിനും പാട്ടക്കാരൻ പറഞ്ഞ സമാധാനം അതൃപ്തികരമാണു്. അവനു 50 രൂപ പിഴ വിധിച്ചിരിക്കുന്നു.'

ഇങ്ങനെയാണു മദിരാശിസംസ്ഥാനത്തിൽ നാമക്കലിലെ റവന്യു ഡിവിഷനൽ ഓഫീസറുടെ പ്രൊസീഡിംഗ്സിൽ എഴുതിയിട്ടുള്ളതു്. ആ ഷാപ്പു ഒരു മദ്യഷാപ്പാണെന്നു വായനക്കാരനറിയാം. കുടിക്കുന്നവർ കുടിക്കരുതെന്നു തീരുമാനിച്ചിരിക്കുന്നുവെന്നും അതിനാൽ ഷാപ്പു തുറന്നു വച്ചതുകൊണ്ടു പ്രയോജനമുണ്ടെന്നു തനിക്കു തോന്നിയില്ലെന്നുമായിരുന്നു പാട്ടക്കാരന്റെ സമാധാനം. എന്നാലും പാട്ടംകൊടുക്കാൻ അയാൾ ഒരുക്കമായിരുന്നു. ഈ സമാധാനം തൃപ്തികരമായിരുന്നില്ല. മദ്യപാനവർജനമെന്ന പുതുതായി സ്വീകരിച്ച സൽക്കർമം അനുഷ്ഠിക്കുന്ന സുഖം അനുഭവിക്കാൻവേണ്ടി മദ്യപാനത്തിൽനിന്നുണ്ടാകുന്ന ഒരു കൊള്ളത്തെ നിശ്ചിതലാഭം മുഴുവൻ ഗവർമെൻറിനു കൊടുക്കുവാൻ കുടിനിർത്തിയ ഗ്രാമീണർ തയ്യാറായിരുന്നുവെന്നതും മതിയായില്ല. അതു പാടില്ല, എന്തുകൊണ്ടെന്നാൽ നിയമം അവർക്കെതിരാണു്. ആ പ്രൊസീഡിംഗ്സ് മുഴുവൻ നിയമദൃഷ്ട്യാ പരിശോധിച്ചാൽ മറെറാരു തീരുമാനവുംചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു ഒരുപക്ഷേ നിവൃത്തിയുണ്ടായിരുന്നില്ലെന്നു കാണാം. അവർ തെററുകാരല്ല. ദുഷ്ടമായിട്ടുള്ളതു ഭരണസമ്പ്രദായമാണു്; എന്തുകൊണ്ടെന്നാൽ ആ സമ്പ്രദായത്തിൽ

23. Young India, 22–5–1924 (Drink, Drugs and Gambling, p. 5)

digitized by www .sreyas.in

നികുതിയാണ് ഒന്നാമത്തെ ആവശ്യം. ആത്മാവിന്റെയോ ശരീരത്തിന്റെയോ ആരോഗ്യമല്ല. മറിച്ചായിരുന്നെങ്കിൽ മദ്യക്കച്ചവടവും അവീൻകച്ചവടവും പണ്ടേന്നോ ഇല്ലാതായേനെ. തങ്ങൾ തുടങ്ങിവച്ച പരിഷ്കരണത്തിനുവേണ്ടി എല്ലാ പിഴശിക്ഷകളും മറ്റുതരം ശിക്ഷകളും സഹിക്കാനുള്ള കരുത്ത് ആ ഗ്രാമീണർക്കും, ദരിദ്രനായ പാട്ടക്കാരനുമുണ്ടാകുമെന്നു ഞാൻ ആശിക്കുന്നു.

## 24

സർവഥാ ലളിതമാണെങ്കിലും അപാരമായ അർത്ഥമുള്ള ഒരു ഗവർമെൻറുകൽപ്പന ശ്രീ സി. രാജഗോപാലാചാരി പുറത്തു കൊണ്ടുവന്നിരിക്കുന്നു. ആ കൽപ്പനയുടെ കോപ്പിയൊന്നിച്ച ശ്രീ രാജഗോപാലാചാരി പത്രങ്ങൾക്കയച്ച ഒരു കുറിപ്പിൽ ഇങ്ങനെ പറയുന്നു:

'ഭരണപരിഷ്കാരത്തിനുശേഷം നമ്മുടെ ദൈനംദിനച്ചെലവുകൾ വർദ്ധിപ്പിക്കുവാൻ വന്നുകൂടിയ പല ഇനങ്ങളിൽ ഒന്നു ഹെൽത്ത് ഓഫീസർമാരും അവരുടെ കീഴിലുള്ള ജോലിക്കാരുമാണ്. വിഷൂചിക, മലമ്പനി മുതലായവയെപ്പററി ജനങ്ങൾക്കുവേണ്ടുന്ന ഉപദേശങ്ങൾ അവർ നൽകണമെന്നാണു പ്രതീക്ഷിക്കപ്പെടുന്നതു്.'

മദ്യപാനശീലത്തെക്കുറിച്ചും തങ്ങൾക്കു പ്രചാരണംനടത്താമോ എന്നു് അവരിൽ ചിലർ ചോദിച്ചതായി അറിയുന്നു. അതിനു കിട്ടിയ സംക്ഷിപ്തമായ മറുപടി ഇങ്ങനെയായിരുന്നു:

'പൊതുജനാരോഗ്യോദ്യോഗസ്ഥന്മാർ മദ്യപാനവിരുദ്ധപ്രചാരണം നടത്തരുതെന്നു ഗവർമെൻറു കരുതുന്നു.'

മദ്യപാനവിരുദ്ധപ്രചാരണം തടഞ്ഞതിനു കാരണമൊന്നും പറഞ്ഞിട്ടില്ലെന്നതു ശ്രദ്ധേയമാണ്. നേരേമറിച്ച മദ്യപാനം ശരീരത്തിൽ ഉളവാക്കുന്ന ദൂഷ്യഫലങ്ങളെപ്പററി ജനങ്ങളെ ഉപദേശിക്കണമെന്നു ഒരു ജനകീയഗവർമെൻറു വ്യക്തമായ നിർദേശങ്ങൾ ഈ ആരോഗ്യസംരക്ഷകന്മാർക്കു നൽകുമെന്നാണ് ആരും പ്രതീക്ഷിക്കുക. മദ്യം മനുഷ്യശരീരത്തിലുളവാക്കുന്ന ഫലം എത്ര മാരകമാണെന്നു ജനങ്ങളോടു പറയണമെന്നും മദ്യം കടന്നുകൂടുന്നിടത്തെല്ലാം അതുവരുത്തുന്ന നാശം മായാദീപച്ചിത്രങ്ങൾമുഖേന വിശദമായി കാണിച്ചുകൊടുക്കണമെന്നും അവരോടു് ആവശ്യപ്പെടേണ്ടതാണ്. പക്ഷേ, ഇന്നത്തെ ഗവർമെൻറ് അങ്ങനെ എന്തെങ്കിലും ചെയ്യുമെന്നു പ്രതീക്ഷിക്കുന്നതു ഭ്രാന്താണ്. മദ്യഷാപ്പിന്റെ ഉടമസ്ഥൻ അവിടെ വരുന്നവരോടു് ആ മരണക്കെണിയിൽ പെടരുതെന്നു താക്കീതുചെയ്യുമെന്നു പ്രതീക്ഷിക്കുന്നതുപോലെയാണിതു്. ഇന്ത്യ

24. Young India, 6-8-1926 (Drink, Drugs and Gambling, p. 8)

digitized by www .sreyas.in

യിലെ എല്ലാ മദ്യഷാപ്പുകളുടെയും ഉടമസ്ഥൻ ഗവർമെൻറല്ലേ? ആ 25 കോടി ഉറുപ്പികയുള്ളതുകൊണ്ടാണു നമ്മുടെ കുട്ടികൾക്കു സർവ കലാശാലാവിദ്യാഭ്യാസം നൽകുവാൻ നമുക്കു സാധിക്കുന്നതു്. നമ്മുടെമേൽ ബ്രിട്ടീഷ്സമാധാനം വച്ചുകെട്ടാൻ ഗവർമെൻറിനെ സമ്രദ്ധമാക്കുന്നതും അതാണു്. ജനങ്ങൾ അവരുടെ കർത്തവ്യം മന സ്സിലാക്കുകയും ഗവർമെൻറിൻെറ മദ്യാനുകൂലനയത്തെ ചെറുക്കു വാൻ തക്ക ശക്തി വളർത്തിക്കൊണ്ടുവരുകയും ചെയ്യുന്നതുവരെ മദ്യ വിഹീനമായ ഇന്ത്യ ഉണ്ടാവുക സാധ്യമല്ല.

## 25

പ്രവർത്തകസമിതിയാൽ മദ്യനിരോധനപ്രചരണത്തിൻെറ ചുമതല ഏൽപിക്കപ്പെട്ടിട്ടുള്ള ശ്രീജിത് സി. രാജഗോപാലാചാ രി ഇന്ത്യയിലെ മദ്യനിരോധനലീഗിൻെറ ഔദ്യോഗികമുഖപത്ര മായ Prohibition എന്ന മാസികയുടെ ഒന്നാമത്തെ ലക്കം പ്രസിദ്ധീ കരിച്ചിരിക്കുന്നു. അതിൻെറ വില 2അണയാണു്; തപാൽച്ചെലവു പുറമേ. തിരുച്ചെംകോടിലെ ഗാന്ധി ആശ്രമത്തിൽനിന്നു് അതു കിട്ടും. ഉള്ളടക്കങ്ങൾ രസാവഹങ്ങളാണു്. സ്വാധീനങ്ങളായ സർവവിദ്യകൾകൊണ്ടു ഗവർമെൻറു മദ്യനിരോധനത്തെ എങ്ങ നെ തകർക്കുന്നുവെന്നു് അവ വെളിവാക്കുന്നു. മധ്യസംസ്ഥാന ത്തിലെ ഒരു ജില്ലയാണു ദമോഹ്. പ്രാതികൂല്യം വകവയ്ക്കാതെ അതു മദ്യനിരോധനം നടപ്പിൽ വരുത്തി. ആ പ്രസ്ഥാനത്തിൻെറ ചരിത്രം പ്രസ്തുത മാസികയുടെ ഏടുകളിൽനിന്നു വായിക്കാൻ ജി ജ്ഞാസുക്കളോടു ഞാൻ ആവശ്യപ്പെടുന്നു. എങ്കിലും ഒരു മദ്യവിൽ പ്പനക്കാരൻ നഷ്ടപരിഹാരം അവകാശപ്പെട്ടതിൻെറ ഭയങ്കരകഥ ഇവിടെ എടുത്തുചേർക്കാതിരിക്കാൻ മനസ്സുവരുന്നില്ല:

'സിംഗാരപ്പെട്ടയിലെ (സേലംജില്ല, മദിരാശി) വില്ലേജ് മുൻസിപ്പായ പെരുമാൾ നായ്ഡുവിനെ ഡിവിഷനൽ റെവന്യൂ ഓഫീസർ താഴെപ്പറയുന്ന കുററങ്ങൾക്കു വിചാരണ ചെയ്തു:

1. ആ ഗ്രാമത്തിൽ ആരും മദ്യം കുടിക്കരുതെന്നു് അദ്ദേഹം ചെണ്ടകൊട്ടി അറിയിച്ചു. 2. കുടിക്കുകയില്ലെന്നു് ആദിദ്രാവിഡ രെക്കൊണ്ടു പ്രതിജ്ഞ ചെയ്യിച്ചു. 3. കുടിക്കുന്നതിനെതിരെ അ ദ്ദേഹം ജാതിമുറകളുണ്ടാക്കുകയും ആ മുറകൾ ലംഘിച്ചവരിൽനിന്നു പിഴ വസൂലാക്കുകയും ചെയ്തു. 4. കുടിച്ചതിനു് ഒരു നല്ലയുനെ അദ്ദേഹം അടിച്ചു

'പെരുമാൾ നായ്ഡു ഈ കുററങ്ങൾ സമ്മതിച്ചില്ല താനെ ന്നും ഗവർമെൻറിനെ സഹായിച്ചുപോന്നുവെന്നു അദ്ദേഹം വാദിച്ചു.

25. Young India, 11–7–1929 (Drink, Drugs and Gambling, p.7)

digitized by www .sreyas.in

അദ്ദേഹത്തിന്റെ സ്വന്തം വിചിത്രമായ ഭാഷയിൽ പറഞ്ഞാൽ 'ഗവർമെൻറിനെ അനുകൂലിക്കുകയും ഇത്തരം കാര്യങ്ങളിൽ നല്ല നികുതി പിരിച്ചെടുക്കുവാൻ ഗവർമെൻറിനെ സഹായിക്കുകയും ചെയ്യുകയെന്നതു തന്റെ ലക്ഷ്യവും ഉന്നവും കർത്തവ്യവുമാണ്. താൻ എന്നും അങ്ങനെ ചെയ്തുപോന്നിട്ടുണ്ട്, ഒരിക്കലും വീഴ്ച വരുത്തിയിട്ടില്ല.'

'എങ്കിലും അയാളുടെ ഈ വാദം സ്വീകരിക്കാതെ ഡിവിഷനൽ ഓഫീസർ ഒരു കൊല്ലത്തേക്കു് അയാളെ സസ്പൻറുചെയ്തു. തന്റെ കൽപ്പനയുടെ അവസാനഖണ്ഡികയിൽ— അതു മാത്രമേ പുറത്തുവിട്ടുള്ളു, മറെറാക്കെ 'രഹസ്യ'മാണ്—ഈ ഉദ്യോഗസ്ഥൻ പറഞ്ഞു:

'ആ ഗ്രാമത്തിൽ മദ്യപാനത്തിനെതിരെ ഒരു സമരമുണ്ടായിരുന്നുവെന്നും ആരും കള്ളുകുടിക്കരുതെന്നു് ആ ഗ്രാമത്തിൽ ചെണ്ടകൊട്ടി അറിയിച്ചിരുന്നുവെന്നും സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും, ഇതു് അധികൃതർക്കു റിപ്പോർട്ടു ചെയ്യാത്തതിൽ വില്ലേജ് മുൻസിപ്പു കൃത്യവിലോപം വരുത്തിയെന്നും ഞാൻ വിശ്വസിക്കുന്നു. ഈ സമരത്തിൽ അദ്ദേഹം സജീവമായി പങ്കെടുത്തില്ലെങ്കിലും, അതിനുനേരെ കണ്ണടച്ചുവെന്നു തോന്നുവാൻ ബലമേറിയ കാരണങ്ങളുണ്ട്. കടുംകൈകൾ പലതും ചെയ്യക്കാവുന്നവനാണ് അയാളെന്നു് അയാളുടെ പൂർവചരിത്രം തെളിയിക്കുന്നു. എന്നാലും 25 കൊല്ലത്തെ അയാളുടെ സർവീസിനെ പരിഗണിച്ച് അയാൾക്കു നന്നാകാൻ ഒരവസരം ഞാൻ നൽകുന്നു. അയാളെ ഒഴിവാക്കിയ ദിവസം മുതൽ ഒരു കൊല്ലത്തേക്കു ഞാൻ അയാളെ സസ്പണ്ടുചെയ്യുന്നു—മേലിൽ ഇത്തരം പരാതികൾക്കു പഴുതുണ്ടാക്കിയാൽ സർവീസിൽനിന്നു ഡിസ്മിസ്ചെയ്യുമെന്ന കർശനമായ താക്കീതോടുകൂടി' (D. No. 3469 of 26. 5th April 1927).

ഡിപ്പാർട്ടുമെൻറു മുഖേന കൊടുത്ത ഈ ശിക്ഷ പോരാഞ്ഞിട്ട് ആ ഷാപ്പ് ലേലത്തിൽക്കൊണ്ടവൻ 300 രൂപ നഷ്ടപരിഹാരം കിട്ടാൻ ഒരു കേസുകൊടുത്തു—പ്രതിയുടെ തടസ്സംനിമിത്തം 1926 ജനുവരി മുതൽ മാർച്ചു വരെ മൂന്നുമാസം മുഴുവൻ തനിക്കു വിൽപ്പനയില്ലാതായെന്നും ആ നഷ്ടം നികത്താൻ പ്രതി ബാദ്ധ്യസ്ഥനാണെന്നും പറഞ്ഞുകൊണ്ട് മുൻസിപ്പു താഴെപ്പറയുന്ന വാദമുഖങ്ങൾ തയ്യാറാക്കി:

(1) അന്യായകാരണം ഉണ്ടായതിനുശേഷം ഒരു കൊല്ലത്തിനുള്ളിൽ ഈ കേസ് കൊണ്ടുവരേണ്ടതായിരുന്നില്ലേ? (2) പ്രതി അയാളിൽ ആരോപിതമായ പ്രവൃത്തികൾ ചെയ്യുകയും നിയമപ്രകാരമുള്ള എന്തെങ്കിലും നഷ്ടം അന്യായക്കാരനു് ഉണ്ടാക്കിത്തീർക്കു

കയും ചെയ്യുവോ? (3) അങ്ങനെയാണെങ്കിൽ പ്രതി എന്തുമാത്രം നഷ്ടപരിഹാരം കൊടുക്കാൻ ബാദ്ധ്യസ്ഥനാണ്?

'കേസ് നിലവിലാണ്?' '

ഇത്തരം സംഗതികൾ നടക്കാവുന്ന ഒരു ഭരണത്തെ ഞാൻ പൈശാചികമെന്നു വിളിച്ചാൽ അത്ഭുതമുണ്ടോ? ഇതിനെക്കാൾ പൈശാചികമായ മററു ഭരണങ്ങളും ഉണ്ടായിരിക്കാമെന്ന് എന്നോടു പറയേണ്ട ആവശ്യമില്ല. കുറെ പൈശാചികഭരണങ്ങളിൽനിന്ന് ഏതെങ്കിലുമൊന്നു തെരഞ്ഞെടുക്കേണ്ടതായി വരുമ്പോൾ ഇത്തരമൊരു മറുപടിയെപ്പററി ആലോചിക്കുവാൻ ധാരാളം സമയം കിട്ടും. പൊതുജനാഭിപ്രായത്തെ നയിക്കുന്ന അഭ്യസ്തവിദ്യരായ വളരെ ഇന്ത്യക്കാർ ഈ പൈശാചികജാലത്തിലേക്കു ആകർഷിക്കപ്പെടുന്നുവെന്നതാണു കഷ്ടം; ഉദാഹരണത്തിന്, ഈയിടെ ചെംസ്ഫോർഡ് ക്ളബ്ബിൽവച്ചു വൈസ്രോയിക്കു നൽകിയ വിരുന്നുസൽക്കാരത്തെപ്പററി മഹാദേവ്ദേശായി പറഞ്ഞതു നോക്കുക. ഒന്നോ രണ്ടോ ഇന്ത്യക്കാരൊഴിച്ചു മറെറല്ലാവരും മൂക്കററം ഷാമ്പെയിൻ കുടിച്ചു. സ്വാതന്ത്ര്യം, പരിഷ്കാരം, സംസ്കാരം മുതലായവയുടെ സംരക്ഷകൻെറ വേഷംകെട്ടി പിശാചു വരുമ്പോൾ അവൻ മിക്കവാറും അധൃഷ്യനാണ്. അതിനാൽ മദ്യനിരോധനം കോൺഗ്രസ്സ്പരിപാടിയുടെ അവിഭാജ്യഘടകമായതു നന്നായി.

## 26

കുറച്ചുകാലമായി തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ മദ്യപാനശീലം ഉപേക്ഷിക്കുവാൻ ഉള്ളിൽനിന്നുകൊണ്ടുതന്നെ—അതായതു്, ആ ശീലമുള്ളവരെ ആരാഞ്ഞും അവരോടു സംസാരിച്ചും—ഉത്സാഹപൂർവം ശ്രമിച്ചുപോരുന്നുണ്ട്. മദ്യഷാപ്പുകളിലേക്കു വരുന്നവർക്കു മുന്നറിയിപ്പു നൽകാനുള്ള ഉദ്ദേശ്യത്തോടുകൂടി പിക്കററിങ് സംഘടിപ്പിക്കുവാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ലഘുവായ നടപടി തിരുവിതാംകൂർ അധികൃതരെ ഭയവിഹ്വലരാക്കിയിട്ടുള്ളതായിത്തോന്നുന്നു. കോട്ടയത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് തിരുവിതാംകൂറിലെ ഒരു പ്രശസ്ത ക്രിസ്ത്യനും എനിക്കറിയാവുന്നിടത്തോളം അവിതർക്കിതമായ അഹിംസാമനോഭാവത്തോടുകൂടിയവനുമായ ഡോക്ടർ ഇസഡ്. എം. പാറേട്ടിൻെറ പേരിൽ, അദ്ദേഹത്തിൻെറ വായ് മൂടിക്കെട്ടുന്ന ഒരു നോട്ടീസ് നടത്തിയിരിക്കുന്നു. ഇതാണ് ആ നോട്ടീസ്:

'കോട്ടയത്തെ പോലീസ്സൂപ്രണ്ടിൽനിന്നു എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ടുകളിൽനിന്നു നിങ്ങൾ മദ്യഷാപ്പുകൾ പിക്കററുചെയ്യു

26. Young India, 8-11-1926 (Drink, Drugs and Gambling, p. 21)

digitized by www .sreyas.in

വാനും മററുതരം അതിക്രമങ്ങൾ കാണിക്കുവാനും ജനങ്ങളെ പ്രേരിപ്പിക്കുന്ന പ്രസംഗങ്ങൾ ചെയ്യുന്നുണ്ടെന്നും ആ പ്രസംഗങ്ങൾ സമാധാനലംഘനമുണ്ടാക്കുവാനും ഗവർമെൻറിൻെറ അധികാരത്തെപ്പററി അവജ്ഞയുണ്ടാക്കുവാനും ഇടയാക്കിയേക്കാമെന്നും എനിക്കു തോന്നിയിട്ടുള്ളതുകൊണ്ടു്, ഇന്നു മുതൽ നിങ്ങൾ കോട്ടയംജില്ലയുടെ യാതൊരുഭാഗത്തും പ്രസംഗമോ പ്രബോധനമോ പ്രഭാഷണമോ നടത്തരുതെന്നു 1095–ലെ IV–ാം റഗുലേഷനിലെ 26–ാം വകുപ്പുപ്രകാരം ഞാൻ ഇതുമൂലം കർശനമായി ഉത്തരവിടുകയും നിങ്ങളോടു് ആജ്ഞാപിക്കുകയും ചെയ്യുന്നു.'

പിക്കററുചെയ്യാൻ ഉപദേശിച്ചുകൊണ്ടുള്ള ഓരോ പ്രസംഗവും പ്രേരണയാണെന്നു പറഞ്ഞുകൊണ്ടു് ആ നോട്ടീസ് ഒരു ചോദ്യം ഉത്ഭവിപ്പിക്കുകയാണു ചെയ്യുന്നതു്. 'മററുതരം അതിക്രമങ്ങൾ' എന്തൊക്കെയാണെന്നു കൽപ്പനയിൽ വെളിവാക്കിയിട്ടില്ല. ഇങ്ങനെ തിരുവിതാംകൂറിൽ ആ മജിസ്ട്രേട്ടിൻെറ കൽപ്പന നിയമത്തെ ശരിക്കു വ്യാഖ്യാനിക്കുന്നുണ്ടെങ്കിൽ കുടിയാകുന്ന ദുരാചാരത്തിനു സമ്മാനം ഏർപ്പെടുത്തിയിരിക്കുകയാണു്. ആ സ്റ്റേററ് കുടിക്കാൻ സൗകര്യങ്ങൾ ഉണ്ടാക്കിയിരിക്കുന്നുവെന്നുമാത്രമല്ല, കുടിയന്മാരെ സമീപിക്കുവാനും ഈ പ്രലോഭനത്തിനു വിധേയരാകരുതെന്നു് അപേക്ഷിക്കുവാനുമുള്ള സഫലവും സമാധാനപരവുമായ ഏകമാർഗം പരിഷ്കർത്താക്കൾ അവലംബിക്കുന്നതിനെ തടയുകകൂടി ചെയ്തിരിക്കുന്നു. തിരുവിതാംകൂറിലെ നിയമം സുബദ്ധമാണെന്നും അതിൻെറ വ്യാഖ്യാനത്തിൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനു തെററുപററിയിരിക്കുകയാണെന്നും ഞാൻ വിചാരിക്കുന്നു. ഈ വ്യാഖ്യാനം ശരിയാണോ എന്നു് ഒരു മേൽക്കോടതിയിൽ പരീക്ഷിച്ചുനോക്കണം. എന്തായാലും പരിഷ്കർത്താവിൻെറ കടമ സ്പഷ്ടമാണു്. നിയമം തെററാണെങ്കിൽ അതു പിൻവലിക്കാൻ വേണ്ടതു ചെയ്യണം. അതു ശരിപ്പെടുത്താനുള്ള ശ്രമമെല്ലാം വിഫലമാവുകയാണെങ്കിൽ ജയിലിലാക്കപ്പെട്ടേക്കാമെന്ന അപകടമുണ്ടെങ്കിൽപ്പോലും സമാധാനപരമായ പിക്കററിങ്ങു് തുടരണം—പ്രകോപനമുണ്ടാകുമ്പോൾ സ്വയം നിയന്ത്രിക്കാൻ കഴിയാത്തവരെ വാളണ്ടിയർമാരായി ചേർക്കാതിരിക്കുവാൻ മനസ്സിരുത്തിക്കൊണ്ടു്. ഈ വായ്മൂടൽകൽപ്പന എന്നന്നേക്കുമുള്ളതാണെന്ന സംഗതി ശ്രദ്ധേയമാണു്.

digitized by www .sreyas.in

## IV

## മയക്കമരുന്നുകളുടെ നിരോധനം

### 1. *അവീൻ (കറുപ്പ്)*

1

ഇന്ത്യാഗവർമെൻറിൻെറ അവീൻനയത്തെപ്പററി താൻ 'യങ് ഇന്ത്യ'യിൽ എഴുതിയിരുന്നതിൽനിന്നു് ഒരു ഖണ്ഡിക മി. സി. എഫ്. ആൻഡ്രൂസ് എനിക്ക കാണിച്ചുതന്നിരിക്കുന്നു. 1923 മെയ്മാസത്തിൽ നടത്തിയ ജനീവാ സമ്മേളനത്തിൽ ഗവർമെൻറിൻെറ പ്രതിനിധിയായിരുന്ന മി. ക്യാമ്പൽ പറഞ്ഞ വാക്കുകൾ ആ ഖണ്ഡികയിൽ അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നു. മി. ക്യാമ്പൽ ഇങ്ങനെ പറഞ്ഞതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു: 'ആദ്യംമുതൽക്കേ ഇന്ത്യ ഈ അവീൻകാര്യത്തെ തികഞ്ഞ ഉദ്ദേശ്യശുദ്ധിയോടെയാണു കൈകാര്യം ചെയ്തുപോന്നിട്ടുള്ളതു്. മി ഗാന്ധി ഉൾപ്പെടെ അതിൻെറ കടുത്ത എതിരാളികൾപോലും അക്കാര്യത്തിൽ ഒരാക്ഷേപവും പറഞ്ഞിട്ടില്ല.' മി. ആൻഡ്രൂസ് എനിക്ക കാണിച്ചുതന്ന പ്രസ്താവന ഞാൻ യറവ്ദാ ജയിലിലായിരുന്ന കാലത്തു് എഴുതിയതാണു്. അവീൻകാര്യത്തിൽ എൻെറ അഭിപ്രായങ്ങൾ അറിയാമായിരുന്നതുകൊണ്ടു്, എനിക്കെതിരായ മി. ക്യാമ്പലിൻെറ ആരോപണം നിഷേധിക്കുവാൻ മടിച്ചില്ലെന്നു മി.ആൻഡ്രൂസ് പറയുന്നു. എങ്കിലും കാര്യത്തിൻെറ പ്രാധാന്യംനിമിത്തം ഞാൻതന്നെ ഇന്ത്യാഗവർമെൻറിൻെറ അവീൻനയത്തെക്കുറിച്ചുള്ള എൻെറ നില വ്യക്തമായി പ്രസ്താവിക്കണമെന്നു് അദ്ദേഹം ആവശ്യപ്പെടുന്നു. ഞാൻ സസന്തോഷം അപ്രകാരം ചെയ്യുകയാണു്.

അവീൻകാര്യത്തെക്കുറിച്ചുള്ള എൻെറ പഠനം തീരെ അഗാധമല്ലെന്നു ഞാൻ സമ്മതിച്ചുകൊള്ളുന്നു. എങ്കിലും 1921—ൽ അത്രയേറെ ഉത്സാഹത്തോടും ഭയങ്കരതയോടുകൂടിപ്പോലും മദ്യത്തിനെതിരെ ആരംഭിച്ച പ്രസ്ഥാനം മദ്യശാപത്തിനെതിരെ മാത്രമുള്ളതല്ലായിരുന്നു. ലഹരി പിടിപ്പിക്കുന്ന എല്ലാ മരുന്നുകൾക്കെതിരായുംകൂടിയുള്ളതായിരുന്നു. അവീൻ പ്രത്യേകം എടുത്തുപറയപ്പെട്ടിരുന്നില്ലെന്നതും ഒരുപക്ഷേ, ആസ്സാമിലൊഴിച്ചു മററെങ്ങും അവീൻകടകൾ പിക്കററുചെയ്യപ്പെട്ടില്ലെന്നതും നേരാണു്; എങ്കിലും മദ്യനിരോധനപ്രസ്ഥാനത്തിൻെറ ചരിത്രത്തെപ്പററി എന്തെങ്കിലും അറിയാവുന്നവർക്കു് അറിയാം ചായയെപ്പോലും ഒഴിവാക്കാതെ എല്ലാ ലഹരിപരിഹാരങ്ങൾക്കെതിരായും അശ്രാന്തമായ പ്രക്ഷോഭണമുണ്ടായിരുന്നു

1. Young India, 20-3-1924 (Drink, Drugs and Gambling, p. 107)

digitized by www .sreyas.in

എന്നു്. ആസ്സാമിൽ ഞാൻ സഞ്ചരിച്ചിരുന്ന കാലത്തു് അവിടത്തെ നിസ്സഹകരണനേതാവായ മി. ഫൂക്കൻ എന്നോടു പറയുകയുണ്ടായി, ആ പ്രസ്ഥാനം ആസ്സാംകാർക്കു് ഒരനുഗ്രഹമായിത്തീർന്നിരിക്കുകയാണെന്നു്; എന്തുകൊണ്ടെന്നാൽ പലതരത്തിലും അവീനിൽ ആസക്തരായവർ ആസ്സാമിൽ ഇന്ത്യയുടെ മറേറതുഭാഗത്തുള്ളതിലും വളരെയധികമുണ്ടു്. ആ പ്രസ്ഥാനം ഒരു വമ്പിച്ച പരിവർത്തനം ഉളവാക്കിയിട്ടുണ്ടെന്നും ഇനിയൊരിക്കലും അവീൻ തൊടുകയില്ലെന്നു് അനേകായിരംപേർ പ്രതിജ്ഞ ചെയ്തിട്ടുണ്ടെന്നും മി. ഫൂക്കൻ പറഞ്ഞു. ഗവർമെൻറിൻെറ മദ്യനയത്തെക്കുറിച്ചു ഞാൻ പലവുരു പ്രകടിപ്പിച്ചിട്ടുള്ള അധിക്ഷേപത്തിൽ ലഹരിയുണ്ടാക്കുന്ന എല്ലാ പാനീയങ്ങളെയും മരുന്നുകളെയും സംബന്ധിച്ചുള്ള അധിക്ഷേപവും ഉൾപ്പെടുമെന്നും അവീനിനെയും കഞ്ചാവിനെയും മററും സംബന്ധിച്ചു വേറെ അധിക്ഷേപം ആവശ്യമില്ലെന്നുമായിരുന്നു എൻെറ വിചാരം. പുറമേനിന്നുണ്ടാകുന്ന ആക്രമണങ്ങൾ തടയുവാനല്ല, ബ്രിട്ടനുവേണ്ടി ഇന്ത്യയെ ചൂഷണം ചെയ്യുന്നതിൽ ഇന്ത്യയ്ക്കുള്ള അമർഷത്തെ അമർത്തുവാൻവേണ്ടി നിലനിർത്തുന്ന ഒരു സൈന്യത്തിനുവേണ്ടി നാശകരവും വർദ്ധമാനവുമായ ചെലവു് ചെയ്യേണ്ടിവരുന്നില്ലെങ്കിൽ അധാർമികമായ ഉറവിടങ്ങളിൽനിന്നുള്ള നികുതി ആവശ്യമായിത്തീരുമായിരുന്നില്ല. ഇന്ത്യ (ഇന്ത്യാഗവർമെൻറന്നർത്ഥം) അവീൻപ്രശ്നം കൈകാര്യം ചെയ്തിട്ടുള്ളതു തികഞ്ഞ ഉദ്ദേശ്യശുദ്ധിയോടുകൂടിയാണെന്നു പറയുമ്പോൾ നികുതിക്കുവേണ്ടി ചൈനയുടെമേൽ അവീൻ ബലംപ്രയോഗിച്ചു വച്ചുകെട്ടിയ വസ്തുത മി. ക്യാമ്പൽ പ്രത്യക്ഷത്തിൽ മറന്നുകളയുന്നു.

2

വൈററ്ക്രോസ്സിനു് അതിൻെറ വരിഷ്ഠമായ സമരത്തിൽ ഇന്ത്യയുടെ സഹകരണം പ്രതീക്ഷിക്കാം. ഇന്ത്യാഗവർമെൻറിൻെറ അവീൻനയത്തെക്കുറിച്ചുള്ള ശക്തിമത്തായ അധിക്ഷേപം രേഖപ്പെടുത്തുന്ന പ്രമേയം ഈയിടെ മാത്രമാണു എ. ഐ. സി. സി. ഐകകണ്ഠ്യേന പാസ്സാക്കിയതു്. ഓരോ അവീൻചെടിയും വേരോടെ നശിപ്പിക്കപ്പെട്ടെങ്കിൽ ആ പ്രവൃത്തിക്കെതിരെ ഈ രാജ്യത്തിൽ പ്രതിഷേധമുണ്ടാവുകയില്ല. ലഹരിയുണ്ടാക്കുന്ന പാനീയങ്ങളിൽനിന്നും മരുന്നുകളിൽനിന്നും കിട്ടുന്ന നികുതി പാടേ നിർത്തിക്കളയുകയും ഔഷധമെന്ന നിലയ്ക്കു് അംഗീകൃതവ്യാപാരികൾ കൊടുക്കുന്നതൊഴിച്ചു മറെറല്ലാത്തരത്തിലുമുള്ള അതിൻെറ വിൽപ്പന തീരെ നിരോധിക്കുകയും ചെയ്താൽ ജനങ്ങൾ തീർച്ചയായും ആഹ്ലാദിക്കും.

എന്നാൽ നമ്മുടെയും ലോകത്തിൻെറയും നിർഭാഗ്യംകൊണ്ടു് ഇന്ത്യയുടെ അഭിപ്രായം ഇന്നു പറയുന്നതു ജനങ്ങളുടെ പ്രാതിനിധ്യ

2. Young India, 24-7-1924 (Drink, Drugs and Gambling, p. 108)

മില്ലാത്ത ഒരു ഗവർമെൻറാണ്. അതിനാൽ അടുത്തു കൂടാൻപോകുന്ന കൺവെൻഷനിൽ പ്രാതിനിധ്യമുണ്ടായിരിക്കുക ഇന്ത്യയിലെ ജനങ്ങൾക്കല്ല; ഇന്ത്യയിലെ വിദേശ്യഭരണത്തിനായിരിക്കും; അതു (ആ പ്രാതിനിധ്യം) തന്നെയും മനുഷ്യക്ഷേമത്തിനുവേണ്ടിയാവില്ല, മുഖ്യമായി സ്വന്തം നികുതിയുടെ ഗുണത്തിനുവേണ്ടിയാവും. മി. ആൻഡ്രൂസിനെപ്പോലെ ശരിക്കും ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്ന ഒരനൗദ്യോഗികപ്രതിനിധിയെ അയയ്ക്കുന്നതുകൊണ്ടു വല്ല പ്രയോജനവുമുണ്ടാകുമോ എന്നതു എ. ഐ. സി. സി. തീരുമാനിക്കേണ്ട കാര്യമാണ്.

എങ്കിലും മനുഷ്യസ്നേഹപരമായ ഈ ധർമസമരത്തിൻെറ ലക്ഷ്യമെന്താണെന്നു നാം നോക്കുക. ലോകത്തിലെ അവീൻ ഉത്പാദനം ഔഷധാവശ്യങ്ങൾക്ക വേണ്ടതിലും വളരെയധികമാണെന്നും അതു തുടരുന്നിടത്തോളംകാലം മറിച്ച് എന്തൊക്കെ ശ്രമമുണ്ടായാലും അധാർമികവും ആത്മവിനാശകരവുമായ ഈ കച്ചവടം തുടരുമെന്നും മിസ് ലാമോട്ട് അനിഷേദ്ധ്യമായ കണക്കുകൾ മുഖേന തെളിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഏററവും വലിയ കുററവാളി ഇന്ത്യാഗവർമെൻറാണെന്നും അവർ തെളിയിച്ചിട്ടുണ്ട്. ലോകത്തിലെ ഉത്തമമനസ്കരുടെ അഭിലാഷം——സ്വന്തം അധികാരാതിർത്തിയിൽപ്പെട്ട അവീൻ ഉത്പാദനം, നഷ്ടം കണക്കാക്കാതെ ഉടനെ ആവുന്നതും കുറയ്ക്കൽ——നിർവ്യാജമായി നടപ്പാക്കാത്തിടത്തോളംകാലം ലക്ഷ്യം പ്രാപിക്കാനാവില്ല. ഇന്ത്യാഗവർമെൻറു മാത്രമാണു വഴി തടഞ്ഞിട്ടുള്ളതു്. അവർ ഇനിയും അങ്ങനെ ചെയ്യുമെന്നു കരുതണം; അപ്രകാരം ചെയ്യുക ഇന്ത്യ ആഗ്രഹിക്കുന്നതുകൊണ്ടല്ല, ഇന്ത്യ നിസ്സഹായയാകകൊണ്ടാണ്.

3

ആസ്സാം പി. സി. സി. നിയമിച്ച അവീൻ അന്വേഷണക്കമ്മിററി പ്രവൃത്തി ആരംഭിക്കുകയും ശിബ്സാഗറിൽവച്ചു വളരെ സാക്ഷികളെ വിസ്തരിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. സാക്ഷികളിൽ പലരും ആ ജില്ലയിലെ പ്രധാനരും എല്ലാ കക്ഷികളിൽനിന്നുമായി തിരഞ്ഞെടുക്കപ്പെട്ടവരുമാണ്. പൂർണ നിരോധനം വേണമെന്ന് അവരെല്ലാവരും ഐകകണ്ഠ്യേന വാദിച്ചിരിക്കുന്നു. കാലാ അസാറിനെയോ മലേറിയയേയോ തടയുവാൻ അവീനിനു കഴിവുണ്ടെന്ന അഭിപ്രായം അസംബന്ധമാണെന്നു പരിചയസമ്പന്നനായ ഒരു സാക്ഷി പറഞ്ഞു. ശിബ്സാഗർജില്ലയിലെ ഒരു ഗ്രാമമായ അംഗേറാ ഖോവയിൽ അവീൻ തീററക്കാരുടെ ഇടയിലാണ് ഏററവുമധികം മരണമുണ്ടാകുന്നതെന്നും ആ സാക്ഷി പറയുന്നു.

3. **Young India, 24-7-1924 (Drink Drugs and Gambling, p. 109)**

digitized by www .sreyas.in

‘അവീൻപുക വലിക്കുകയോ അവീൻ തിന്നുകയോ ചെയ്യരുതെന്നു ജനങ്ങളോട്’ ആവശ്യപ്പെട്ടു എന്ന കുററത്തിനു്’ മദ്യവർജനപ്രവത്തകരെ ഉപദ്രവിക്കുകയും പ്രോസിക്യൂട്ടുചെയ്യുകയും ഉണ്ടായെന്ന ശ്രദ്ധേയമായ വിവരം ചില സാക്ഷികൾ നൽകി. സാധാരണ പ്രസ്താവനകൾകൊണ്ടു മാത്രം കമ്മിററി സംതൃപ്തമാവുകയില്ലെന്നും അവീൻകൃഷിയെയും അവീൻ ഷാപ്പുകളെയും അവീൻ തീററസ്ഥലങ്ങളെയും സംബന്ധിച്ചുള്ള താരതമ്യപഠനം നടത്താൻപററിയ സ്ഥിതിവിവരക്കണക്കുകൾകൂടി കമ്മിററി ശേഖരിക്കുമെന്നും ഞാൻ ആശിക്കുന്നു. ആസ്സാമിലെ ജനങ്ങളിൽ അവീൻ ഉളവാക്കുന്ന ഫലങ്ങളെപ്പററി ഡോക്ടർമാരുടെ തെളിവുകളും ശേഖരിക്കണം. അവീൻ പാടേ നിരോധിച്ചാൽ ഉണ്ടാകാവുന്ന ഫലത്തെപ്പററിയും തെളിവു വേണം. റിപ്പോർട്ടു പ്രയോജനകരമാകണമെങ്കിൽ വിവരങ്ങളുടെ ഒരു ഖനിതന്നെയായിരിക്കണം അതു്.

## 2. *മയക്കുമരുന്നുകളും മദ്യവും പിശാചും*

4

മയക്കുമരുന്നുകളും കുടിയും പിശാചിൻെറ രണ്ടു കൈകളാണു്; ഇവകൊണ്ടാണു് അവ തൻെറ അടിമകളെ ബുദ്ധിശൂന്യതയിലേക്കും ലഹരിയിലേക്കും അടിച്ചുവീഴ്ത്തുന്നതു. ജനീവയിലെ രണ്ടു് അവീൻ കോൺഫ്രൻസുകളെപ്പററി ‘സർവ്’യിലുള്ള വിജ്ഞാനപ്രദമായ ഒരു ലേഖനമനുസരിച്ചു്, മയക്കുമരുന്നുകളിൽ തലവനായ അവീൻ ‘വിജയിച്ചിരിക്കുന്നു.’ ആ ലേഖകൻ പറയുന്നു, ‘രണയാത്ര എതിർയാത്ര, വാളൂരൽ വീണ്ടും ഉറയിലിടൽ; പരാജയങ്ങളെയും പ്രശസ്തവിജയങ്ങളെയും കുറിച്ചുള്ള കിംവദന്തികൾ—ഇവയുടെയെല്ലാം ഫലമായി അവസാനം അവീനിൻെറയും മററു മയക്കുമരുന്നുകളുടെയും കച്ചവടത്തിനു് കുറച്ചുകൂടി ആയുസ്സു് കൈവന്നിരിക്കുന്നു.’ ആ ലേഖകൻ തുടരുന്നു: പല രാഷ്ട്രങ്ങളെ സംബന്ധിച്ചുമുണ്ടായ സംഭ്രമജനകങ്ങളായ റിപ്പോർട്ടുകൾ ഉളവാക്കിയ കുഴപ്പത്തിൻെറയും കലാപത്തിൻെറയും നടുക്കു് ‘ഉൾപ്പെട്ട ഏക തൽപരകക്ഷി ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ മയക്കുമരുന്നു കച്ചവടംകൊണ്ടു ലാഭമുണ്ടാക്കുന്നവരായിരുന്നു; എന്താണു തങ്ങൾക്കു വേണ്ടതെന്നും വേണ്ടാത്തതെന്നും അവർക്കറിയാമായിരുന്നു; എന്താണു തങ്ങൾക്കു കിട്ടിയിട്ടുള്ളതെന്നും അവർക്കറിയാം; അവർ അതുകൊണ്ടു സംതൃപ്തരുമായിരുന്നു.’ ലേഖകൻ തുടരുന്നു: ‘വിശേഷിച്ചും ലോകയുദ്ധകാലത്തു് ഈ പ്രസ്ഥാനം മിക്കവാറും നാമാവശേഷമായിരുന്നു. കലക്കം നിറഞ്ഞ ആ അഞ്ചുകൊല്ലക്കാലം അന്താരാഷ്ട്രീയതാൽപര്യ

4. Young India, 22–4–1926 (Drink, Drugs and Gambling, pp.110–112)

digitized by www .sreyas.in

ത്തെയോ പ്രവർത്തനത്തെയോ സംബന്ധിച്ചിടത്തോളം മയക്കമരുന്നുകളുടെ നേരെയുള്ള യുദ്ധം മൗലികമായ പാപത്തിന്റെ നേരെയുള്ള യുദ്ധത്തിന്റെ കൂട്ടത്തിലായി. യഥാർത്ഥത്തിൽ യുദ്ധംതന്നെ ആ തിന്മയെ വർദ്ധിപ്പിക്കുകയാണുണ്ടായതു്. മനുഷ്യന്റെ വേദനകളെ സംഹരിക്കുന്നവയെന്ന നിലയ്ക്കും യുദ്ധമുണ്ടാക്കുന്ന ഭയങ്കര നിരാശകളിൽനിന്നും ഭയങ്ങളിൽനിന്നും അറപ്പുകളിൽനിന്നും വിരസതകളിൽനിന്നും മനസ്സിനു പൊറുതികിട്ടാനുള്ള ഉപായമെന്ന നിലയ്ക്കും ഉണ്ടായ മോർഫൈനിന്റെയും കൊക്കെയിനിന്റെയും സാർവത്രികമായ ഉപയോഗം അവസാനം പല രാജ്യങ്ങളിലും പരിഹരിക്കപ്പെടാത്തതും ഏറക്കുറെ പരിഹരിക്കാൻ കഴിയാത്തതുമായ ആസക്തിയോടുകൂടിയ അസംഖ്യംപേരെ അവരുടെ ആസക്തി തുടരാനും പ്രചരിപ്പിക്കുവാനുമായി അഴിച്ചുവിട്ടു എന്തുകൊണ്ടെന്നാൽ ഈ ദുശ്ശീലമൊന്നിച്ചുള്ള മറെറാരു ഭയങ്കര ശീലം പുതിയ ആസക്തരെ സൃഷ്ടിച്ചു സ്വയം പ്രചരിപ്പിക്കുവാനുള്ള ഒരു തലതിരിഞ്ഞ വാസനയാണു്.

കഴിഞ്ഞ യുദ്ധത്തിന്റെ ഏററവും വിനാശകരമായ ഉപഫലങ്ങളിൽ ഒന്നാണിതു്. ലക്ഷോപലക്ഷം ജീവിതങ്ങളെ നശിപ്പിച്ചതിനു പുറമേ അതു് ആത്മജഡീകരണപ്രക്രിയയ്ക്കു വേഗം കൂട്ടിയിട്ടുമുണ്ടു്. ഹേഗ് കൺവെൻഷനിൽ അന്താരാഷ്ട്രീയക്കരാറു് രേഖപ്പെടുത്തിയതിനുശേഷം കഴിഞ്ഞ പതിമ്മൂന്നുകൊല്ലംകൊണ്ടു 'പ്രശ്നത്തിന്റെ സ്വഭാവം വല്ലാതെ മാറിയിട്ടു'ണ്ടെന്നു് ആ ലേഖകൻ മി. ഗാവിററ് പറയുന്നു. യൂറോപ്യൻ നിലപാടിൽനിന്നു മാത്രമേ മി. ഗാവിററിനു സംസാരിക്കാൻ കഴിയൂ. അതിനാൽ അദ്ദേഹം പറയുന്നു: 'ഇന്ത്യയിലെയും ചൈനയിലെയും മററു പൗരസ്ത്യപ്രദേശങ്ങളിലെയും ചിരപുരാതനരീതിയിൽ അസംസ്കൃതവും സംസ്കൃതവുമായ അവീൻ തിന്നുകയും കുടിക്കുകയും വലിക്കുകയും ഉൾപ്പെട്ട ഒരു വെറും മറുനാടൻ കാര്യം മാത്രമല്ലാതായിത്തീർന്നിരിക്കുന്നു ഈ തിന്മ.' പരിഷ്കാരങ്ങളെന്നു സ്വയം വിളിക്കുന്ന രാജ്യങ്ങളിൽ വമ്പിച്ച ചെലവുചെയ്തു സജ്ജീകരിക്കപ്പെടുന്നതും ശാസ്ത്രീയമായി നടത്തപ്പെടുന്നതുമായ ഔഷധനിർമാണസ്ഥാപനങ്ങളിൽ നിർമിച്ച അതിവീര്യമുള്ള ഔഷധങ്ങളുടെ കൂടുതൽ സാന്ദ്രവും കൂടുതൽ ഉപദ്രവകരവുമായ രൂപത്തിലാണു് ഇന്നു് അതു് ഉപയോഗിച്ചുവരുന്നതു്. പണ്ടു പൗരസ്ത്യരാജ്യങ്ങളിലെ അവീനും അവീൻതീററശ്ശീലവും മെല്ലെ പടിഞ്ഞാറോട്ടു് ഇഴയുകയായിരുന്നെങ്കിൽ ഇന്നു് ആ ഗതി നേരേ വിപരീതമായിരിക്കുന്നു. അതും പോരാ; ഈ മരുന്നുകൾ മുൻപറഞ്ഞവയോടൊപ്പംതന്നെ മാരകങ്ങളാണു്; അവ ഉണ്ടാക്കപ്പെടുന്ന രാജ്യങ്ങളിലും, അവയുടെ അതിർത്തി കടന്നു അയൽരാജ്യങ്ങളിലും സംഭ്രമജനകമായവിധം അവ പ്രചരിക്കുകയും ചെയ്യുന്നു. ഈ ഭീഷണി മനുഷ്യജാതിക്കു മുഴുവനുമുള്ളതാണു്. ഈ പിശാചിനു വെളുത്ത

digitized by www .sreyas.in

തൊലിയുള്ള ആസക്തൻ, കറുത്ത തൊലിയോ മഞ്ഞത്തൊലിയോ ഉള്ളവനെപ്പോലെതന്നെ ആവശ്യമാണ്. അവന്റെ സാമ്രാജ്യം സൂര്യൻ അസ്തമിക്കാത്ത ഒന്നാണ്.'

പിന്നെ ആ ലേഖകൻ 'ഈ തിന്മയുടെ ഹൃദയം' സ്പർശിക്കുന്നു; ഔഷധത്തിന്റെയും ശാസ്ത്രത്തിന്റെയും ന്യായമായ ആവശ്യങ്ങളിൽ കവിഞ്ഞുള്ള ഉത്പാദനമാണത്. ഈ ആവശ്യങ്ങൾ ശരാശരി ഒരാൾക്ക ഇങ്ങനെയാണ്:

അസംസ്കൃത അവീൻ, 450 മില്ലിഗ്രാം (ഏതാണ്ട് 7 ഗ്രെയിൻ)
കൊക്കെയിൻ, 7 മില്ലിഗ്രാം (ഏതാണ്ട് 0.11 ഗ്രെയിൻ)

ഇതുപ്രകാരം, (ലോകത്തിലെ ആകെ ജനസംഖ്യയായി കരുതപ്പെട്ടിരിക്കുന്ന 174,70,00,000—ത്തിൽ) 74,40,00,000 ആളുകൾക്ക്——പാശ്ചാത്യരീതിയിൽ പരിശീലനം സിദ്ധിച്ച വൈദ്യന്മാരുടെ സേവനം ഇത്രയും പേർക്കാണു ലഭ്യമാകുന്നത്—ആകെ 'വൈദ്യപരവും ശാസ്ത്രീയവുമായ' ആവശ്യം (ടൺ കണക്കിൽ) ഏകദേശം താഴെ ചേർക്കുംപ്രകാരമാണ്:

| | |
|---|---|
| ഔഷധാവശ്യങ്ങൾക്കുള്ള അവീൻ | 100 ടൺ |
| മോർഫൈൻ | 136 ,, |
| കൊഡെയിൻ | 84 ,, |
| ഹെറോയിൻ | 15 ,, |
| ലോകത്തിന്റെ ഒട്ടാകെ ആവശ്യം | 335 ,, |

മുകളിൽ പറഞ്ഞ തോതനുസരിച്ച് കൊക്കെയിനിന്റെ ആവശ്യം 12 ടണ്ണിൽ കുറച്ചധികമായിരിക്കും. എന്നാൽ ഇവ ഒട്ടാകെ ഉത്പാദനം ഏററവും ചുരുങ്ങിയതു 8,6000 ടണ്ണാണ്. കൊക്കെയിൻ എത്രയാണെന്നറിയാൻ കണക്കുകളില്ല. എന്നാലും 100 ടണ്ണിൽ കുറയില്ല, തീർച്ച. അപ്പോൾ ലോകത്തിന്റെ ന്യായമായ ആവശ്യം ഏററവും ധാരാളിത്തത്തോടുകൂടി കണക്കാക്കിയാലും അതിന്റെ പത്തിരട്ടിയിലധികമാണ് ഉത്പാദനം.

അമേരിക്കയും ബ്രിട്ടനും ഉൾപ്പെടെയുള്ള വൻകിട രാജ്യങ്ങളിലൊന്നുംതന്നെ ഈ പ്രശ്നത്തെ സഗൗരവം കൈകാര്യം ചെയ്തിട്ടില്ലെന്നു ലേഖകൻ പറയുന്നു. ഹേഗ്കൺവെൻഷനിലെ 9—ാം വകുപ്പനുസരിച്ച് 'ഈ സാധനങ്ങളുടെ നിർമാണം മരുന്നിന്റെയും ശാസ്ത്രത്തിന്റെയും യഥാർത്ഥാവശ്യങ്ങൾക്ക മാത്രമാക്കിക്കുറയ്ക്കുവാൻ' ചെയ്ത വാഗ്ദാനം ലംഘിച്ചുവെന്ന കുററം അദ്ദേഹം അവയുടെമേൽ ചുമത്തുന്നു. അസംസ്കൃതവും സംസ്കൃതവുമായ അവീനിന്റെ അമിതോത്പാദനം തടയുന്നതിൽ മാത്രമല്ല, ലൈസൻസിനും പരിശോ

digitized by www .sreyas.in

ധനസ്ഥം വിധേയമായ, വേണമെന്നുണ്ടെങ്കിൽ നിഷ്പ്രയാസം നിയന്ത്രിക്കപ്പെടാവുന്ന ക്രൂരൻ ലബോറട്ടറികളിൽ നടക്കുന്ന ഈ മാരകൗഷധങ്ങളുടെ നിർമ്മാണംപോലും തടയുന്നതിൽ ഈ പരിഷ്കൃത രാജ്യങ്ങൾ പരാജയപ്പെട്ടതിനെക്കുറിച്ചു അദ്ദേഹം ഖേദിക്കുന്നു.

കോൺഗ്രസ്സിൻെറ ആവശ്യമനുസരിച്ചു മി. ആൻഡ്രൂസിൻെറ അത്യദ്ധ്വാനംകൊണ്ടു തയ്യാറാക്കപ്പെട്ട ആസ്സാം അവീൻ റിപ്പോർട്ടു പഠിച്ചിട്ടുള്ള വായനക്കാർക്കു അവീൻശീലം വരുത്തിയ ദോഷത്തെപ്പററി അറിയാം. വളർന്നുവരുന്ന ഈ തിന്മയെ നേരിടുന്നതിൽ ഗവർമെൻറ് എങ്ങനെ അമ്പേ തോററുവെന്നും അതിനെ നേരിടാൻ മുതിർന്ന പരിഷ്കർത്താക്കളുടെ പരിശ്രമങ്ങളെ ഗവർമെൻറു് എങ്ങനെ നിഷ്ഫലമാക്കിയെന്നും അവർക്കറിയാം. അതിനാൽ ദേശീയവാരക്കാലത്തു പൊതുയോഗങ്ങളിൽ പ്രസംഗിച്ചവർ ലഹരിയുണ്ടാക്കുന്ന പാനീയങ്ങളും മരുന്നുകളും പൂർണമായി നിരോധിക്കണമെന്നു് ആവശ്യപ്പെട്ടതായി കണ്ടതു് ആത്മനിർവൃതികരമായിരുന്നു. എത്രയോ മുമ്പു സംഭവിക്കേണ്ട ഒരു പരിവർത്തനമാണതു്. നിയമസഭാപ്രവേശം തെല്ലെങ്കിലും ഉപയോഗപ്രദമാകണമെങ്കിൽ തിരഞ്ഞെടുപ്പുപ്രചരണത്തിൽ പൂർണനിരോധനം ഒരു മുഖ്യ ഇനമാക്കപ്പെടണം. പൂർണനിരോധനപ്രസ്ഥാനത്തെ അനുകൂലിക്കുമെന്നു മാത്രമല്ല, അതു തുടങ്ങിവയ്ക്കുമെന്നും തുടർന്നുപോകുമെന്നുംകൂടി ഓരോ മെമ്പറും പ്രതിജ്ഞചെയ്യിരിക്കണം; പൂർണനിരോധനം കൈവരുത്താനുള്ള ഏകമാർഗം, അധാർമികമായ ഈ ഉറവിടത്തിൽനിന്നു കിട്ടുന്നതുതന്നെ പണം പട്ടാളച്ചെലവിൽനിന്നു വെട്ടിക്കുറയ്ക്കുകയാണല്ലോ. അതിനാൽ പൂർണനിരോധനം ആവശ്യപ്പെടുന്നതോടൊന്നിച്ചു പട്ടാളച്ചെലവു ചുരുക്കുവാനും ആവശ്യപ്പെടണം. റെഫറണ്ടം നടത്താനുള്ള ഒരുക്കങ്ങൾകൊണ്ടു ഈ പരിഹാരത്തിനു കാലതാമസം വരുത്തുകയുമരുതു്. ഇന്ത്യയിൽ കുടിയും മയക്കുമരുന്നുതീററയും ദുശ്ശീലമാണെന്നു പരക്കെ സമ്മതിച്ചിട്ടുള്ളതുകൊണ്ടു് യാതൊരു റെഫറണ്ടത്തിനും ആവശ്യമുണ്ടാകാൻ തരമില്ല.

## 5

ഒരു ലേഖകൻ ഇപ്രകാരം എഴുതുന്നു:

'രജപുത്താനയിൽ (മാർവാർ) ജനങ്ങൾ ഭയങ്കര അവീൻ തീററക്കാരാണെന്നു അങ്ങേയ്ക്കു് അറിയാമോ എന്നു എനിക്കറിഞ്ഞുകൂടാ. വിവാഹമോ, മരണമോ മറെറന്തെങ്കിലും വിശേഷമോ ഉണ്ടായാൽ സന്ദർശകർക്കു അവീൻ കൊടുക്കണം. സാമാനങ്ങൾ പണയംവച്ചാലും വേണ്ടതില്ല, സ്വത്തു പണയം കൊടുത്താലും വേണ്ടതില്ല.

5. Harijan, 10–5–1942 (Drink, Drugs and Gambling, p. 113)

digitized by www .sreyas.in

അവീൻ കൊടുക്കണം. ഒന്നരയോ രണ്ടോതോല അവീൻ ചിലപ്പോൾ അതിലുമധികം, ഒരാൾ ഒരു ദിവസം തിന്നുന്നതു വളരെ സാധാരണമായ ഒരു സംഗതിയാണ്. അഞ്ചു തോലവരെ തിന്നാവുന്നവരെ എനിക്കു് അറിയാം. എന്റെ അച്ഛൻ മരിച്ചപ്പോൾ ഞാൻ വീട്ടിൽ പോയി. ഒരു ബ്രാഹ്മണസുഹൃത്തു് അനുശോചനത്തിനു വന്നു, ആദ്യം ചെയ്തതു് അയാൾക്കു അവീൻ കൊടുക്കലാണ്; അതൊരു പ്രത്യേക പെട്ടിയിൽ വച്ചിരിക്കും. അതിൽ മൂന്നു തോലയുണ്ടായിരുന്നു. ആ ബ്രാഹ്മണൻ പറഞ്ഞു താൻ തന്നെ എടുത്തുകൊള്ളാമെന്നു്. അയാൾ അതെടുത്തു കൈയിൽകൊട്ടി ഒരൊററ ഇറക്കിനു വിഴുങ്ങിയപ്പോൾ എനിക്കു ആശ്ചര്യം തോന്നി. എന്നിട്ടയാൾ പറഞ്ഞു, തനിക്കു മതിയായില്ലെന്നു്. എത്രയാവാമെന്നു ചോദിച്ചപ്പോൾ മറുപടി 'നാലു തോല' എന്നായിരുന്നു. അവീൻ തീററക്കാർക്കു് ആ മരുന്നു വേണ്ട സമയത്തു കിട്ടിയില്ലെങ്കിൽ അവർ ഒന്നിനും കൊള്ളരുതാത്ത മാംസപിണ്ഡമായിത്തീരും. ഈ അവീൻശീലം ഒരു പുഴക്കുത്തെന്നോണം നമ്മുടെ സമുദായത്തെ കെടുത്തിക്കൊണ്ടിരിക്കുകയാണ്.

ദീനബന്ധു ആൻഡ്രൂസും പിയേഴ്സനും ഈ ആസക്തക്കുവേണ്ടി പ്രയത്നിച്ചു. മദ്യപന്മാർക്കുവേണ്ടി ചെയ്തതിൽ പകുതിപോലും നാം ഇവർക്കുവേണ്ടി ചെയ്തിട്ടില്ല സമുദായത്തെ സംബന്ധിച്ചിടത്തോളം അവീന്റെ ദോഷം മദ്യത്തിന്റേതുപോലെ അത്ര സുസ്പഷ്ടമല്ല. എന്നാൽ ഈ രണ്ടു ദുശ്ശീലങ്ങളിൽ ഒന്നു മറേറതിനെക്കാൾ സ്വീകാര്യമെന്നു പറയാനില്ല അവീൻതീററക്കാരുടെ ബുദ്ധി ക്ഷയിക്കുന്നു. അവീനിലൊഴിച്ചു മററൊന്നിലും താൽപര്യമില്ലാത്ത തനി ജീവച്ഛവങ്ങളായിത്തീരുന്നു അവർ. എങ്ങനെ അവരോടിടപെടുമെന്നതു് ഒരു ഗംഭീരപ്രശ്നമാണ്. സുശിക്ഷിതരും പരിചയസമ്പന്നരുമായ പ്രവർത്തകരുടെ വലിയൊരു സംഘം ഉണ്ടാകുന്നതുവരെ സമുദായത്തിലെ ഈ നിസ്സഹായർക്കുവേണ്ടി ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ നമ്മേക്കൊണ്ടാവില്ല. ഗവേഷണം നടത്തി ഈ സാമൂഹ്യരോഗത്തിനു നിവൃത്തിമാർഗം കണ്ടുപിടിച്ചു്, വിലപ്പെട്ട സഹായം നൽകാൻ ഡോക്ടർമാർക്കു കഴിയും.

3. *ചായയും കാപ്പിയും പുകയിലയും*

6

കോഴിക്കോട്ടെ ഒരു പ്രൊഫസറുടെ അപേക്ഷയനുസരിച്ചു ഞാനിപ്പോൾ സിഗരററ്വലിയേയും, ചായയും കാപ്പിയും കുടിക്കുന്ന

6. Young India, 15–9–1927 (Drink, Drugs and Gambling, pp. 131-132)

digitized by www .sreyas.in

തിനേയും സംബന്ധിച്ച് ചിലതു പറയാം. ഇവ ജീവിതത്തിൽ കൂടിയേ കഴിയൂ എന്നുള്ളവയല്ല. ദിവസം പത്തുകോപ്പ കാപ്പി കുടിക്കാൻ തരപ്പെടുത്തുന്നവരുണ്ട്. അവരുടെ ആരോഗ്യകരമായ വളർച്ചയും കർത്തവ്യാനുഷ്ഠാനത്തിൽ അവരെ ജാഗരൂകരാക്കുവാനും ഇതാവശ്യമാണോ? അവരെ ജാഗ്രതയുള്ളവരാക്കാൻ കാപ്പിയും ചായയും കഴിച്ചേ തീരുവെങ്കിൽ അവർ കാപ്പിയും ചായയും കഴിക്കുകയല്ല, കിടന്നുറങ്ങുകയാണു വേണ്ടതു്. നാം ഈ സാധനങ്ങളുടെ അടിമകളാകരുതു്. എന്നാൽ കാപ്പിയും ചായയും കഴിക്കുന്നവരിൽ ഭൂരിപക്ഷവും അവയുടെ അടിമകളാണു്. ചുരുട്ടും സിഗരററും, വിദേശ്യമായാലും സ്വദേശ്യമായാലും കൂടാതെ കഴിക്കണം. സിഗരററുവലി ഒരുറക്കുമരുന്നുപോലെയാണു്. നിങ്ങൾ വലിക്കുന്ന സിഗരററിൽ അവീനിന്റെ ഒരു ശകലമുണ്ടു്. അവ നിങ്ങളുടെ സിരകളിൽ പിടികൂടുന്നു, പിന്നെ നിങ്ങൾക്കു് അവയെ വിടാൻ പററില്ല. വായ പുകക്കുഴൽപോലെയാക്കി മലീമസമാക്കാൻ ഒരൊററ വിദ്യാർത്ഥിക്കുപോലും എങ്ങനെ കഴിയും? ചുരുട്ടും സിഗരററും വലിക്കുന്നതിന്റെയും കാപ്പിയും ചായയും കുടിക്കുന്നതിന്റെയും ഈ ശീലം നിങ്ങൾ ഉപേക്ഷിച്ചാൽ എത്രപണം ലാഭിക്കാമെന്നു നിങ്ങൾക്കുതന്നെ അറിയാറാകും. ടോംസ്റ്റോയിയുടെ കഥയിലെ ഒരു കുടിയൻ തന്റെ ചുരുട്ടു വലിക്കുന്നതുവരെ കൊലനടത്താനുള്ള തന്റെ ശ്രമത്തിൽ സങ്കോചംപൂണ്ടിരിക്കുകയാണു്. എന്നാൽ അയാൾ പുകവലിക്കുന്നു, എന്നിട്ടു പുഞ്ചിരിച്ചുകൊണ്ടു എഴുന്നേററു്, 'എന്തൊരു ഭീരുവാണു് ഞാൻ!' എന്നു പറഞ്ഞു് കഠാരിയെടുത്തു പണികഴിക്കുന്നു. അനുഭവത്തിൽനിന്നാണു ടോംസ്റ്റോയ് പറഞ്ഞതു്. നേരിട്ടനുഭവമില്ലാതെ യാതൊന്നും അദ്ദേഹം എഴുതിയിട്ടില്ല. മദ്യത്തേക്കാളേറെ ചുരുട്ടിനെയും സിഗരററിനെയുമാണു് അദ്ദേഹം എതിർക്കുന്നതു്. എങ്കിലും തെററുധരിക്കരുതു്, പുകയിലയെക്കാൾ ദോഷംകുറഞ്ഞ തിന്മയാണു കുടിയെന്നു്. അല്ല, സിഗരററ് ബീൽസിബബ് ആണെങ്കിൽ മദ്യം സാത്താൻതന്നെയാണു്.

## 7

ഈയിടെ ഒരു ദിവസം സഭ്യേതരമായ ഒരു പരസ്യത്തിലേക്കു ഞാൻ ശ്രദ്ധ തിരിക്കുകയുണ്ടായി. ഇപ്പോൾ കൽക്കത്തയിൽനിന്നൊരു ലേഖകൻ പ്രശസ്ത വർത്തമാനപത്രങ്ങളിൽനിന്നു പരസ്യങ്ങൾ മുറിച്ചെടുത്തു് അയച്ചുതന്നിരിക്കുന്നു. ഇവ അസത്യപൂർണങ്ങളാണെന്നു ഞാൻ പറയും. ഇന്ത്യൻ ചായ കുടിക്കാനുള്ള വളരെ ഊർജിതമായ ഒരു പ്രചരണം ഇപ്പോൾ ബങ്കാളിലും ഒരുപക്ഷേ, ററു സംസ്ഥാനങ്ങളിലും നടത്തിവരുന്നുണ്ടെന്നു തോന്നുന്നു. ബങ്കാ

7. Harijan, 24-8-1935 (Drink, Drugs and Gambling p. 132)

digitized by www .sreyas.in

ളിയിലുള്ള ഒരു പരസ്യത്തിന്റെ വിവർത്തനം ആ ലേഖകൻ അയച്ചുതന്നതാണു ചുവടേ ചേർക്കുന്നതു്:

'ചായകുടിയും യൗവനപൂർണമായ രൂപസൗഭാഗ്യവും'

ജൽപായ്ഗുരി, മെയ് 15.

യൗവനപൂർണമായ രൂപസൗഭാഗ്യവും, ശേഷിയും നീണാൾ നിലനിർത്തുവാൻ ചായ സഹായിക്കുമെന്നു ശ്രീ നേപാൾ ചന്ദ്രഭട്ടാചാര്യയുടെ അനുഭവം തെളിയിച്ചിരിക്കുന്നുവത്രേ. അയാൾക്കിപ്പോൾ 48 വയസ്സാണു്, കണ്ടാൽ മുപ്പത്തിനാലിലേറെ തോന്നില്ല. ചായ കുടിക്കുന്നതുകൊണ്ടാണു് ഇങ്ങനെ ചെറുപ്പം തോന്നുന്നതെന്നു് അദ്ദേഹം സമർത്ഥിക്കുന്നു. പതിന്നാലുവയസ്സുകാലത്താണു് ആദ്യം അയാൾ ചായ കുടിച്ചതു്, പിന്നെ മുടങ്ങാതെ ചായകുടിക്കാരനാണു്. കഴിഞ്ഞതിന്റെ മുമ്പിലത്തെ കൊല്ലംമുതൽ അയാൾ ദിവസേന മുപ്പതു കപ്പിൽ കുറയാതെ ചായ കുടിക്കുന്നുണ്ടു്. ഇക്കാര്യത്തിൽ അയാൾക്കു സ്വന്തമായ ചില പ്രത്യേകതകളുണ്ടു്. ഉണർന്നാക്കിയ ഉടനെ അയാൾ ചായ കുടിക്കില്ല, മുഴുവൻ ഊററിക്കുടിക്കുകയുമില്ല, അടിയാകുമ്പോൾ കുറച്ചു കളയും. ആറു മുതൽ പത്തുവരെ കപ്പു ചായ ഒന്നിച്ചാണു കുടിക്കുക.'

ഇങ്ങനെ വളരെയുള്ളതിന്റെ ഒരു മാതൃകയാണിതു്; പത്രത്തിന്റെ സ്വന്തം ലേഖകൻ അയച്ച റിപ്പോർട്ടാണെന്നാണു വായിച്ചാൽ തോന്നുക. ചായകുടിക്കുവേണ്ടി ഉന്നയിച്ച ഈ അവകാശവാദത്തിനു് ഒരിടത്തെയും മനുഷ്യാനുഭവത്തിന്റെ പിൻബലമില്ല. നേരേമറിച്ചു ചായകുടിക്കണമെന്നു പറയുന്നവർപോലും വളരെ മിതമായിട്ടുവേണമെന്നു് ഉപദേശിക്കാറുണ്ടു്. ഇന്ത്യയിൽ ചായകുടിയുണ്ടായിരുന്നെങ്കിൽ നമ്മുടെ സ്ഥിതി ഇപ്പോഴത്തെക്കാൾ ഒട്ടുംതന്നെ മോശമാവില്ല. എന്നാൽ നിർഭാഗ്യവശാൽ ചായയും നിർദോഷങ്ങളെന്നു പറയപ്പെടുന്ന മററു പല പാനീയങ്ങളും നമ്മുടെ ഇടയിൽ ഉറച്ചിരിക്കുന്നു. പരസ്യം ചെയ്യുമ്പോൾ സത്യത്തെ വേണ്ടത്രേ മാനിക്കണമെന്നാണു് എന്റെ അപേക്ഷ. പുസ്തകത്തിലെയോ വർത്തമാനപത്രത്തിലെയോ അച്ചടിച്ച വാക്കു വേദസത്യമായി കരുതുകയാണു ജനങ്ങളുടെ ഒരു പതിവാണു്, വിശേഷിച്ചും ഇന്ത്യയിൽ. തന്നിമിത്തം പരസ്യങ്ങൾ തയ്യാറാക്കുമ്പോൾ അത്യന്തം ശ്രദ്ധിക്കണം. എന്റെ ലേഖകന്റെ ശ്രദ്ധയാകർഷിച്ചമട്ടിലുള്ള നുണകൾ ഏററവും ആപൽക്കരങ്ങളാണു്. ദിവസേന മുപ്പതുകോപ്പ ചായ കുടിച്ചാൽ ശരീരത്തിനോ മനസ്സിനോ ഉണർവ്വു കിട്ടില്ലെന്നുമാത്രമല്ല, ദഹനം കുറഞ്ഞു ക്ഷീണം വർദ്ധിക്കുകയും ചെയ്യും. ഒരുപക്ഷേ, ദോഷം കൂടാതെ മനുഷ്യശരീരത്തിനു പൊറുപ്പിക്കാവുന്നതു ദിവസേന ഒന്നോ രണ്ടോ കോപ്പ കടുപ്പമില്ലാത്ത ചായയാണു്. ഇന്ത്യയിൽ കറ മുഴുവൻ കിട്ടാൻവേണ്ടി ചായയില ശരിക്കും വേവിച്ചുവരുന്നുണ്ടു്. ചായക്കറ വയററിനു നന്നല്ലെന്നു് ഏതു ഡോക്ടറും സമ്മതിക്കും.

digitized by www .sreyas.in

ചൈനക്കാർക്കറിയാം എങ്ങനെയാണു ചായ കുടിക്കുകയെന്നു്. അവർ അരിപ്പയിൽ ചായയില ഇട്ടു മീതെ തിളച്ച വെള്ളം ഒഴിക്കുകയാണു്; ഇല ഒരിക്കലും ചായപ്പാത്രത്തിൽ ഇടാറില്ല. വെള്ളത്തിനു വൈക്കോലിന്റെ നിറമേ വരാവൂ. അതു് ഇളംമഞ്ഞനിറമാണു്. ഇന്ത്യയിൽ പതിവുള്ളപോലെ, ചുവപ്പിന്റെ അടുത്തെത്തില്ല. കടുംചായ വിഷമാണു്.

8

എന്റെ പേരുകൊണ്ടു ചെയ്തിട്ടുള്ള ദുരുപയോഗങ്ങളിൽ, മനഃപൂർവം എന്റെ പേർ സിഗരററുമായി ബന്ധിപ്പിച്ചതിനോളം അപമാനകരമായി മറെറാന്നും എനിക്കറിഞ്ഞുകൂടാ. എന്റെ ചിത്രം ചേർത്തിട്ടുണ്ടെന്നു പറയുന്ന ഒരു നറുക്കു് ഒരു സ്നേഹിതൻ എനിക്കയച്ചുതന്നിരിക്കുന്നു. ആ സിഗരററുകൾക്കു് 'മഹാത്മാഗാന്ധി സിഗരററു്' എന്നാണു പേർ. വീഞ്ഞെന്നപോലെ പുകവലിയും എനിക്കു് അറപ്പാണു്. പുകവലി ഒരു ദുരാചാരമായി ഞാൻ കരുതുന്നു. അതു മനസ്സാക്ഷിയെ ജഡീകരിക്കുന്നു, അദൃശ്യമായി ദോഷം ചെയ്യുന്നതുകൊണ്ടു്, പലപ്പോഴും മദ്യപാനത്തെക്കാൾ ദുഷിച്ചതുമാണു്. അതു് ഒരുത്തനെ പിടികൂടിയാൽ പിന്നെ അതിൽനിന്നു മോചനം കിട്ടുക പ്രയാസമാണു്. ചെലവധികമുള്ള ഒരു ദുശ്ശീലമാണതു്, അതു ശ്വാസത്തെ അശുദ്ധമാക്കും; പല്ലിന്റെ നിറം മാററും; ചിലപ്പോൾ അർബുദത്തിനു കാരണവുമാകും. അതു വൃത്തികെട്ട ഒരു ശീലമാണു്. സിഗരററുമായി എന്റെ പേർ കൂട്ടിച്ചേർക്കുവാൻ ആർക്കും അനുവാദം കൊടുത്തിട്ടില്ല. അജ്ഞാതമായ ആ കച്ചവടസ്ഥാപനം ആ ലേബലുകൾ കമ്പോളത്തിൽനിന്നു പിൻവലിക്കുമെങ്കിൽ, അല്ലെങ്കിൽ അത്തരം ലേബലുകളുള്ള പാക്കററുകൾ ജനങ്ങൾ വാങ്ങാതിരിക്കുമെങ്കിൽ ഞാൻ കൃതജ്ഞനായിരിക്കും.

9

പലതരം പരിഷ്കരണങ്ങളിലും താൽപര്യമുള്ള ഒരു ലേഖകൻ ചോദിക്കുന്നു: ഈ രാജ്യം പുകയിലയ്ക്കുവേണ്ടി എത്ര പണം ചെലവാക്കുന്നുണ്ടെന്നു്. കെട്ടുപുകയിലയ്ക്കും സിഗരററിനുംകൂടി പ്രതിവർഷം നാം 213 ലക്ഷം ഉറുപ്പിക ചെലവാക്കുന്നുണ്ടെന്നു കാണുന്നു. ഈ ചെലവു കൊല്ലംതോറും വർദ്ധിച്ചുവരികയാണു്. 1923–ൽ കെട്ടുപുകയിലയുടെ ഇറക്കുമതി $12\frac{1}{2}$ ലക്ഷം റാത്തലായിരുന്നു. 1927–ൽ ഇതു 50 ലക്ഷമായി വർദ്ധിച്ചു. സിഗരററിന്റെ ഇറക്കുമതിയിലും ഇതുപോലെ വർദ്ധനയുണ്ടായിരുന്നു. ഞാൻ നോക്കിയ കണക്കുകൾ ശരിയാണെങ്കിൽ, നാം നമ്മുടെ പുകയില

8. Young India, 12–1–1921 (Drink, Drugs and Gambling p. 133)
9. Young India, 5–7–1928 (Drink, Drugs and Gambling, p. 134)

digitized by www .sreyas.in

യൊന്നും കയററി അയക്കുന്നില്ല. അതിനാൽ ഗണ്യമായ ആ വിളയുടെ വിലയും മുകളിൽ കാണിച്ചതിൽ ചേർക്കണം. ഓരോ പുകവലിക്കാരനും വൃത്തികെട്ട ഈ ശീലം നിർത്തുകയും, ശ്വാസം മലിനമാക്കാൻവേണ്ടി വായ് പുകക്കുഴലാക്കാതിരിക്കുകയും, പല്ലുകൾക്ക കേടും സൂക്ഷ്മവിവേചനശക്തിയുടെ മൂർച്ചയ്ക്കു കുറവും വരുത്താതിരിക്കുകയും ഇതുകൊണ്ടുണ്ടാകുന്ന ലാഭം രാജ്യത്തിനു നൽകുകയും ചെയ്താൽ, അതയാൾക്കും രാജ്യത്തിനും നന്മയാകും.

## 10

ചോദ്യം: അങ്ങ് മദ്യനിരോധനത്തിനനുകൂലമായി എന്നും വളരെ ശക്തമായി എഴുതിപ്പോന്നിട്ടുണ്ടെങ്കിലും, അത്രതന്നെ സാധാരണമായോ അത്രതന്നെ ശക്തിയോടുകൂടിയോ പുകവലിയെപ്പററി എഴുതിയിട്ടില്ല. ഈ തിന്മ ഭയാനകമായ വേഗത്തിൽ വർദ്ധിച്ചുവരികയാണ്; കുട്ടികൾപോലും അധികമധികം അതിൽ ആസക്തരായിത്തീർന്നുവരികയാണ്. പുകവലിക്കാൻവേണ്ടി കത്തിച്ചുകളയുന്ന കോടിക്കണക്കിലുള്ള പണം ഈ ദരിദ്രരാജ്യത്തു വിവേകപൂർവം പല നല്ല കാര്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

ഉത്തരം: ഈ ആക്ഷേപം നേരാണ്, എങ്കിലും പുത്തനല്ല. അത്രതന്നെ ശക്തിയില്ലാത്തതിന്റെ കാരണം പുകവലി വല്ലാത്ത ബഹുമാന്യത നേടിയിരിക്കുന്നുവെന്നതാണ്. ഒരു ദുരാചാരം ആ നിലയിലെത്തിയാൽ, അതു നശിപ്പിക്കാൻ പ്രയാസമായിത്തീരും. ഈ ദ്രോഹം കുറയ്ക്കുവാൻ നാം പ്രക്ഷോഭം നടത്തേണ്ട ആവശ്യമില്ലെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. എങ്ങനെയാണതുവേണ്ടത്, എപ്പോഴാണു വേണ്ടത് എന്നേ ചോദ്യമുള്ളൂ. ഇതിനു മറുപടി പറയാൻ എനിക്കുള്ള അപ്രാപ്തി ഞാൻ സമ്മതിച്ചുകൊള്ളുന്നു.

10. Harijan, 20-10-1946 (Drink, Drugs and Gambling, p. 134)

digitized by www .sreyas.in

## അധ്യായം നാല്

# സാമൂഹ്യസമത്വവും അയിത്തോച്ചാടനവും

## I

### സാമൂഹ്യസമത്വമെന്ന ആദർശം

### എ. അയിത്തക്കോട്ട് തകർക്കൽ

1

എല്ലാവരും ഒരേ തേജസ്സിന്റെ സ്ഫുലിംഗങ്ങളാകയാൽ, ആരും ജന്മനാ അയിത്തക്കാരാവുക സാധ്യമല്ല. ചിലരെ ജന്മനാ അയിത്തക്കാരായി കരുതുന്നതു തെററാണ്.

അയിത്തക്കാരെ സുഹൃത്തുക്കളാക്കിയതുകൊണ്ടുമാത്രം ഈ അനുഷ്ഠാനം പൂർത്തിയാകുന്നില്ല. അതിനു് എല്ലാ ജീവികളെയും ആത്മസമം സ്നേഹിക്കുകകൂടി വേണം. അയിത്തോച്ചാടനമെന്നുവച്ചാൽ, ലോകത്തെ മുഴുവൻ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക എന്നർത്ഥമാണ്; ഇങ്ങനെ അതു് അഹിംസയിൽ ലയിക്കുന്നു. അയിത്തോച്ചാടനമെന്നുവച്ചാൽ മനുഷ്യനും മനുഷ്യനും തമ്മിലും വ്യത്യസ്ത ജന്തുവർഗങ്ങൾ തമ്മിലുമുള്ള മതിൽക്കെട്ടുകൾ നീക്കംചെയ്യലാണ്. ലോകത്തിൽ സർവത്ര ഇത്തരം മതിൽക്കെട്ടുകൾ പടുത്തുയർത്തിയിട്ടുള്ളതായി നാം കാണുന്നു.

2

നാം ചെയ്ത തെററുകളെക്കുറിച്ചു പശ്ചാത്തപിക്കേണ്ടതും, ഇന്ത്യാഗവർമെൻറിന്റെ ഇംഗ്ലീഷ്സമ്പ്രദായം എത്ര പൈശാചികമെന്നു നാം കരുതുന്നുവോ അത്രതന്നെ പൈശാചികമായ സമ്പ്രദായത്തിൽ നാം അടിച്ചമർത്തിയവരുടെ നേരെയുള്ള നമ്മുടെ പെരുമാററത്തിൽ മാററങ്ങൾ വരുത്തേണ്ടതും, ഹിന്ദുക്കളായ നമ്മുടെ കടമയാണ്. കുഴപ്പംപിടിച്ച കുറേ വിദ്യാലയങ്ങൾ നാം അവരുടെനേരെ വലിച്ചെറിഞ്ഞതുകൊണ്ടായില്ല, അവരുടെ നേരെ നാം ആസ്പൃശ്യത്വം നടിക്കരുത്. നാം അവരെ ഏകോദരസഹോദരങ്ങളെപ്പോലെ കരുതണം—പരമാർത്ഥത്തിൽ അവർ അങ്ങനെയാണ്. നാം അവരിൽനിന്നു് അപഹരിച്ച പൈതൃകം അവർക്കു മടക്കിക്കൊടുക്കണം. ഇംഗ്ലീഷ് അറിയാവുന്ന അല്പം പരിഷ്കർത്താക്കൾ

---

1. From Yaravda Mandir, (Sarvodaya, p. 28)
2. Young India, 19-1-1921 (The Removal of Untouchability, p.6)

digitized by www .sreyas.in

മാത്രം ഇങ്ങനെ ചെയ്താൽ പോരാ; ജനങ്ങൾ മുഴുവൻ ബോധപൂർവം സ്വമനസ്സാലേ അതിനു ശ്രമിക്കണം. വളരെ വൈകിയ ഈ പരിഷ്കരണത്തിനു കാലാവസാനംവരെ കാത്തിരിക്കരുത്. പരിശീലനത്തിനും സജ്ജീകരണത്തിനും തപസ്സിനുമായി അനുവദിക്കപ്പെട്ട ഈ കൊല്ലത്തിൽത്തന്നെ നാം അതു കൈവരുത്താൻ ശ്രമിക്കണം.

3

*അയിത്തക്കാരുടെ മോചനവും ഗോസംരക്ഷണവുമാണ് എന്റെ ജീവനെ നിലനിർത്തുന്ന ഏററവും ശക്തമായ ആഗ്രഹങ്ങളിൽ രണ്ടെണ്ണം. ഈ രണ്ടാഗ്രഹങ്ങളും സാധിച്ചാൽ സ്വരാജ്യമായി, അതിലാണ് എന്റെ മോക്ഷവും.

ഏപ്രിൽ 6–ാം തീയതി ഞാൻ നെല്ലൂരിലായിരുന്നു. അവിടെ ഞാൻ അയിത്തക്കാരെ കാണുകയുണ്ടായി; ഇന്നു ചെയ്തുപോലെ അന്നും ഞാൻ പ്രാർത്ഥിച്ചു, എനിക്ക് ഇനിയും ജന്മമുണ്ടെങ്കിൽ ഞാൻ ഒരു അയിത്തക്കാരനായി ജനിക്കണമേ എന്ന്—അവരുടെ ദുഃഖങ്ങളിലും ക്ലേശങ്ങളിലും അപമാനങ്ങളിലും പങ്കുകൊള്ളാൻവേണ്ടി, ആ ദുരവസ്ഥയിൽനിന്ന് എന്നെയും അവരെയും മോചിപ്പിക്കുവാൻ ശ്രമിക്കുന്നതിന് എനിക്കു സാധിക്കുവാൻവേണ്ടി. എന്റെ ആഗ്രഹങ്ങളിൽ ഏതെങ്കിലും ഒന്നു സാധിക്കാതെ, അയിത്തക്കാർക്കു വേണ്ടിയുള്ള എന്റെ സേവനം മുഴമിക്കാതെ, എന്റെ ഹിന്ദുമതം സഫലമാക്കപ്പെടാതെ, എനിക്കു മരിക്കേണ്ടിവരികയാണെങ്കിൽ, ഹിന്ദുമതത്തെ സാഫല്യത്തിൽ എത്തിക്കാൻവേണ്ടി ഞാൻ അയിത്തക്കാരുടെ ഇടയിൽ ജനിക്കുമാറാകണമെന്നു ഞാൻ പ്രാർത്ഥിക്കുകയുണ്ടായി.'

## ബി. എന്റെ ആശയങ്ങളുടെ ഉറവിടം

4

* അയിത്തം ഹിന്ദുമതത്തിലെ ഏററവും വലിയ കളങ്കമാണെന്നു ഞാൻ കരുതുന്നു. തെക്കെ ആഫ്രിക്കൻ സമരകാലത്തെ തിക്താനുഭവങ്ങൾ കൊണ്ടല്ല എനിക്കിതു ബോദ്ധ്യംവന്നത്. ഒരു കാലത്തു ഞാനൊരു നിരീശ്വരവാദിയായിരുന്നു എന്നതുകൊണ്ടുണ്ടായതുമല്ല ഈ വിചാരം. ക്രിസ്ത്യൻ മതഗ്രന്ഥങ്ങളിൽനിന്നു കൈക്കൊണ്ട

3. Young India, 4-5-1921 (The Removal of Untouchability, p. 3)
* അഹമ്മദാബാദിൽവച്ചു നടന്ന മർദിതജാതിക്കാരുടെ സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്ന്.

4. Young India, 27-4-1921 (The Removal of Untouchability, p. 5)
* അഹമ്മദാബാദിൽവച്ചു നടന്ന മർദ്ദിതജാതിക്കാരുടെ സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്ന്.

digitized by www .sreyas.in

വയാണ് എൻെറ അഭിപ്രായങ്ങളെന്ന്, ചിലർ ധരിക്കുന്നതുപോലെ, വിചാരിക്കുന്നതും ഇത്രതന്നെ തെററാണ്. ബൈബിളിലോ അതിൻെറ അനുയായികളിലോ എനിക്കു കമ്പം തോന്നുന്നതിനും ബൈബിളുമായും തദനുയായികളുമായും ഞാൻ പരിചയപ്പെടുന്നതിനും മുമ്പ് ഉണ്ടായവയാണ് ഈ അഭിപ്രായങ്ങൾ.

ഈ ആശയം എന്നിൽ ഉദിച്ച കാലത്ത് എനിക്കു കഷ്ടിച്ചു പന്ത്രണ്ടു വയസ്സേ പ്രായമായിരുന്നുള്ളു. ഉകാ എന്നു പേരായ ഒരു തോട്ടി, ഒരയിത്തക്കാരൻ കക്കൂസുകൾ വൃത്തിയാക്കാൻ ഞങ്ങളുടെ വീട്ടിൽ വന്നിരുന്നു. അവനെ തൊടുന്നതിൽ എന്താണു തെററ്, ഞാൻ അവനെ തൊടാൻ പാടില്ലെന്ന്, എന്തുകൊണ്ടു പറയുന്നു എന്നു അമ്മയോടു പലപ്പോഴും ചോദിക്കാറുണ്ട്. യാദൃച്ഛയാ ഞാൻ അവനെ തൊട്ടുപോയെങ്കിൽ, കുളിച്ചു ശുദ്ധമാകാൻ എന്നോടാവശ്യപ്പെട്ടിരുന്നു; സ്വാഭാവികമായി ഞാൻ അനുസരിച്ചിരുന്നെങ്കിലും അയിത്തത്തിനു മതത്തിൻെറ പിൻബലമില്ലെന്നും ഉണ്ടാകാൻ നിവൃത്തിയില്ലെന്നും ഒരു പുഞ്ചിരിയോടുകൂടി ഊന്നിപ്പറയാതെയല്ല അപ്രകാരം ചെയ്തിരുന്നത്. ഞാൻ വളരെ വണക്കവും അനുസരണവുമുള്ള ഒരു കുട്ടിയായിരുന്നു; മാതാപിതാക്കന്മാരോടുള്ള വണക്കത്തിനു നിരക്കാവുന്നിടത്തോളം, പലപ്പോഴും ഇക്കാര്യത്തിൽ ഞാനവരുമായി വഴക്കടിക്കാറുണ്ട്. ഉകായെ തൊടുന്നതു പാപമാണെന്നു കരുതുന്നതു തെററാണെന്നു ഞാൻ അമ്മയോടു പറയാറുണ്ട്. സ്കൂളിലാകുമ്പോൾ ഇടയ്ക്കൊക്കെ ഞാൻ അയിത്തക്കാരെ തൊടാറുണ്ട്; ഈ വസ്തുത ഒരിക്കലും ഞാൻ മാതാപിതാക്കന്മാരിൽനിന്നു മറച്ചുവയ്ക്കാത്തതുകൊണ്ട്, എൻെറ അമ്മ പറയും, ആ അയിത്തം പോക്കാനുള്ള ഏററവും എളുപ്പമായ മാർഗം വഴിയേപോകുന്ന ഒരു മുസൽമാനെ തൊടുകയാണെന്ന്. അമ്മയോടുള്ള ഭക്തിബഹുമാനങ്ങൾകൊണ്ടുമാത്രം പലപ്പോഴും ഞാൻ അപ്രകാരം ചെയ്തു, എങ്കിലും അതൊരു മതപരമായ ബാദ്ധ്യതയാണെന്ന് ഒരിക്കലും വിശ്വസിച്ചിരുന്നില്ല. കുറച്ചുകാലം കഴിഞ്ഞ് ഞങ്ങൾ പോർബന്തറിലേക്കു മാറിത്താമസിച്ചു; അവിടെവച്ചാണ് ആദ്യമായി ഞാൻ സംസ്കൃതവുമായി പരിചയപ്പെട്ടത്. അന്നും എന്നെ ഇംഗ്ലീഷ് സ്കൂളിൽ ചേർത്തുകഴിഞ്ഞിരുന്നില്ല. എൻെറ സഹോദരനെയും എന്നെയും ഒരു ബ്രാഹ്മണൻെറ ശിക്ഷണത്തിൽ നിർത്തിയിരിക്കുകയായിരുന്നു. അദ്ദേഹം രാമരക്ഷയും വിഷ്ണുപൂജയും ഞങ്ങളെ പഠിപ്പിച്ചു. 'ജലേ വിഷ്ണുഃ, സ്ഥലേ വിഷ്ണുഃ' (ഈശ്വരൻ ജലത്തിലുണ്ട്, ഈശ്വരൻ കരയിലുമുണ്ട്) എന്ന വരി ഒരിക്കലും ഞാൻ മറന്നിട്ടില്ല. അമ്മയെപ്പോലെ ഒരു കിഴവി അടുത്തു താമസിച്ചിരുന്നു. ഞാൻ ഒരു പേടിത്തൊണ്ടനായിരുന്നു; വിളക്കു കെടുത്തി ഇരുട്ടായാൽ ഇമ്പാച്ചിയേയും ചെകുത്താനെയും മററും കണ്ടുവെന്ന് എനിക്കു തോന്നും. എൻെറ പേടി തീർക്കാൻവേണ്ടി ആ വൃദ്ധ പറഞ്ഞു

digitized by www .sreyas.in

പേടി തോന്നുമ്പോഴെല്ലാം ഞാൻ രാമരക്ഷ ജപിക്കണമെന്നും എന്നാൽ എല്ലാ ദുർഭൂതങ്ങളും ഓടിപ്പോകുമെന്നും. ഇതു ഞാൻ ചെയ്തു; ഉദ്ദിഷ്ടഫലം അതുകൊണ്ടുണ്ടായെന്നാണ് എനിക്കു തോന്നിയതു്. അയിത്തക്കാരെ തൊടുന്നതു പാപമാണെന്നു സൂചിപ്പിക്കുന്ന എന്തെങ്കിലും വരികൾ 'രാമരക്ഷ'യിലുണ്ടെന്ന് എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. അതിന്റെ അർത്ഥം അന്നെനിക്ക് അറിഞ്ഞുകൂടായിരുന്നു, അല്ലെങ്കിൽ വളരെ അപൂർണമായിട്ടേ അറിയാമായിരുന്നുള്ളു. എങ്കിലും എല്ലാ ഭൂതപ്രേതഭയത്തെയും ഉച്ചാടനം ചെയ്യുന്ന 'രാമരക്ഷ', അയിത്തക്കാരെ തൊടാനുള്ള പേടിപോലെ എന്തിനെയെങ്കിലും അനുവദിക്കുകയില്ലെന്ന് എനിക്കുറപ്പുണ്ടായിരുന്നു.

ഞങ്ങളുടെ കുടുംബത്തിൽ ദിവസേന രാമായണം വായിക്കാറുണ്ട്. ലാധാമഹാരാജ് എന്നു പേരായ ഒരു ബ്രാഹ്മണനാണ് അതു വായിക്കുക പതിവ്. അദ്ദേഹം കുഷ്ഠരോഗിയായിരുന്നു. ദിവസേന രാമായണം വായിച്ചാൽ കുഷ്ഠരോഗം മാറുമെന്ന് അദ്ദേഹത്തിനു വിശ്വാസമുണ്ടായിരുന്നു; ശരിക്കും അതു മാറുകയും ചെയ്തു. ഞാൻ ആലോചിച്ചു: 'ഇന്നത്തെ കാലത്തു് അയിത്തക്കാരനായി കരുതപ്പെടുന്ന ഒരുത്തൻ തന്റെ തോണിയിൽ രാമനെ ഗംഗാനദി കടത്തിയെന്നു പറയുന്ന രാമായണം ഏതെങ്കിലും മനുഷ്യരെ, അവർ അശുദ്ധാത്മാക്കളാണെന്ന കാരണത്താൽ, അയിത്തക്കാരായി കരുതുന്നതിനെ എങ്ങനെ അനുകൂലിക്കും?' ഹിന്ദുമതത്തിൽ ജനിച്ച ആരെയെങ്കിലും അശുദ്ധരായോ അയിത്തക്കാരായോ കരുതുന്നതു പാപമാണെന്ന്, പൈശാചികമാണെന്ന്, ഈശ്വരനെ നാം 'പതിതഃപാവനൻ' എന്ന പേരിലും തത്തുല്യമായ മററു പേരുകളിലും വിളിക്കുന്നുവെന്ന വസ്തുത സ്പഷ്ടമാക്കുന്നു. തന്നിമിത്തം അതൊരു മഹാപാപമാണെന്ന് എത്ര ആവർത്തിച്ചുപറഞ്ഞിട്ടും എനിക്കു മതിവന്നിട്ടില്ല. ഈ കാര്യം ഒരു വിശ്വാസമെന്ന നിലയിൽ പന്ത്രണ്ടു വയസ്സു കാലത്തു് എന്നിൽ ഉറച്ചിരുന്നുവെന്നു ഞാൻ നടിക്കുന്നില്ല; എങ്കിലും അന്നും അയിത്തം ഞാൻ പാപമായി കരുതിയിരുന്നുവെന്ന് നിസ്സംശയം പറയും. വൈഷ്ണവന്മാരും യാഥാസ്ഥിതികഹിന്ദുക്കളും അറിയാൻവേണ്ടിയാണ് ഈ കഥ ഞാൻ പറഞ്ഞതു്.

## സി. അയിത്തവും സ്വരാജും തമ്മിലുള്ള പൊരുത്തക്കേട് 5

*ഹിന്ദുക്കൾ അയിത്തത്തെ മനഃപൂർവം സ്വന്തം മതത്തിന്റെ ഒരു ഭാഗമായി കരുതുന്നിടത്തോളം കാലം ബഹുഭൂരിപക്ഷം ഹിന്ദു

5. Young India, 4-5-1921 (The Removal of Untouchability, p. 10)
* അഹമ്മദാബാദിൽവച്ചു നടന്ന മർദിതജാതിക്കാരുടെ സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്ന്.

digitized by www .sreyas.in

ക്കൾ സ്വന്തം സഹോദരന്മാരിൽ ഒരു വിഭാഗത്തെ തൊടുന്നതു് പാപമായി കരുതുന്നിടത്തോളം കാലം, സ്വരാജ് അപ്രാപ്യമാണു്. യുധിഷ്ഠിരൻ തന്റെ നായയെക്കൂടാതെ സ്വർഗം പൂകാൻ കൂട്ടാക്കിയില്ല. പിന്നെയെങ്ങനെയാണു് ആ യുധിഷ്ഠിരന്റെ പിന്തുടർച്ചക്കാർ അയിത്തക്കാരെക്കൂടാതെ സ്വരാജ് നേടാമെന്നു പ്രതീക്ഷിക്കുക?

സ്വസഹോദരരെ അടിച്ചമർത്തിയെന്ന കുററം ചെയ്തവരാണു് നാം; നിലത്തുകിടന്നിഴയുവാൻ നാം അവരെ നിർബന്ധിച്ചിരിക്കുന്നു. മൂക്കു് നിലത്തിട്ടുരയ്ക്കുവാൻ അവരെ നിർബന്ധിച്ചിരിക്കുന്നു; കോപകലുഷിതമായ കണ്ണുകളോടുകൂടി നാം അവരെ തീവണ്ടിമുറികളിൽനിന്നു പിടിച്ചു പുറത്താക്കുന്നു; ഇതിലുമേറെ എന്തൊന്നാണു് ബ്രിട്ടീഷ്ഭരണം ചെയ്തിട്ടുള്ളതു്? ഡയറുടേയും ഒ' ഡയറുടേയും നേരെ നാം ചുമത്തുന്ന ഏതു പരാതിയാണു മററുള്ളവർക്കും നമ്മുടെ ആളുകൾക്കുതന്നെയും നമ്മുടെനേരെ ചുമത്തിക്കൂടാത്തതു്? ഈ അശുദ്ധി നാം കളഞ്ഞുകളിക്കണം. ഏതെങ്കിലുമൊരു വ്യക്തിയുടെ വികാരങ്ങളെ വ്രണപ്പെടുത്തുവാൻ ഒരൊററ സ്വരാജ്യവാദിക്കു പോലും സാധിക്കുന്നിടത്തോളംകാലം സ്വരാജിനെപ്പററി സംസാരിക്കുന്നതു നിരർത്ഥകമാണു്. പാവങ്ങളായ ഹിന്ദുക്കളെയോ മുസ്ലീങ്ങളെയോ ശിക്ഷാഭയംകൂടാതെ ചതച്ചരയ്ക്കാമെന്നു് ഒരൊററ ഹിന്ദുവോ മുസ്ലീമോ ധിക്കാരപൂർവം ഒരു നിമിഷമെങ്കിലും വിചാരിക്കരുതെന്നാണു് സ്വരാജിനർത്ഥം. ഈ വ്യവസ്ഥ നിറവേററപ്പെടാതെ നാം സ്വരാജ് നേടുന്നതു് അടുത്ത നിമിഷത്തിൽ അതു നഷ്ടപ്പെടാൻ മാത്രമാകും. ദുർബലരായ നമ്മുടെ സഹോദരരോടു ചെയ്ത പാപങ്ങളിൽനിന്നു മുക്തരാകുന്നതുവരെ നാം മൃഗങ്ങളെക്കാൾ മെച്ചപ്പെട്ടവരല്ല.

എങ്കിലും ഇപ്പോഴും എനിക്കു വിശ്വാസമുണ്ടു്, ഏതൊന്നിനെ തുളസീദാസ് കവി അത്രയേറെ വാഗ്വിലാസത്തോടുകൂടി പാടിപ്പുകഴ്ത്തിയിട്ടുണ്ടോ, ഏതൊന്നു ജൈനമതത്തിന്റെയും വൈഷ്ണവമതത്തിന്റെയും അടിക്കല്ലാണോ, ഏതൊന്നു് ഭാഗവതത്തിന്റെ സാരസർവസ്വമാണോ, ഏതൊന്നുകൊണ്ടു് ഗീതയിലെ ഓരോ ശ്ലോകവും പരിപൂരിതമാണോ, ആ ദയ, ആ പ്രേമം, ആ കാരുണ്യം മെല്ലെയാണെങ്കിലും ദൃഢമായി, ഈ രാജ്യത്തിലെ ജനഹൃദയങ്ങളിൽ ഉറച്ചുവരികയാണെന്നു്, ഇന്ത്യയിലെ എന്റെ പര്യടനകാലത്തു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്.

6

അയിത്തത്തിന്റെ നിലനിൽപ്പ് നമ്മുടെ പുരോഗതിയുടെ വഴിയിൽ ദുസ്തരമായ ഒരു തടസ്സമായി നിൽക്കുകതന്നെ ചെയ്യും; കഠിനപ്രയത്നംകൊണ്ടു നാം അതു തകർത്തേ തീരൂ.

6. Young India, 22–9–1921 (The Removal of Untouchability, p.11)

digitized by www .sreyas.in

നമുക്കു സ്വരാജ് നേടുകയും, അയിത്തം നിലനിർത്തുകയും ചെയ്യാമെന്ന ഒരു ഗൂഢവിചാരം നമ്മളിൽ പലർക്കും ഉള്ളതായി തോന്നുന്നു. ആ വിചാരത്തിൽ സഹജമായുള്ള വൈരുദ്ധ്യം അവർ കാണുന്നുപോലുമില്ല. സ്വരാജ് 'തൊടാവുന്ന'വർക്കെന്നപോലെ തന്നെ 'തൊട്ടുകൂടാത്തവർക്കും' ഉള്ളതാണു്.

നാരായണവാരത്തിൽനിന്നു് ഒരു ലേഖകൻ എഴുതുന്നു:

'ഞങ്ങളുടെ ദിക്കിൽ പഞ്ചമന്മാരോടു ഹിന്ദുക്കൾ, വിശേഷിച്ചും ബ്രാഹ്മണർ, വളരെ ഹീനമായിട്ടാണു പെരുമാറുന്നതു്. ഗ്രാമങ്ങളിൽ ബ്രാഹ്മണർ പാർക്കുന്ന തെരുവുകളിലൂടെ സഞ്ചരിക്കാൻ അവരെ അനുവദിക്കുന്നില്ല. ബ്രാഹ്മണരോടു സംസാരിക്കുമ്പോൾ അവർ കുറെ അകന്നുനിൽക്കണം.' ബ്രാഹ്മണർ എന്നതിനു പകരം സായിപ്പന്മാർ എന്നും പഞ്ചമർ എന്നതിനുപകരം ഇന്ത്യക്കാരെന്നും ചേർത്തു വായിക്കുക, എന്നിട്ടു് എന്തു തോന്നുന്നുവെന്നു നോക്കുക. എന്നാലും ചില സായിപ്പന്മാർ ചില ബ്രാഹ്മണരേക്കാൾ വളരെയേറെ നല്ലവരാണെന്നതിൽ എനിക്കു സംശയമില്ല.

ജന്മംനിമിത്തം ഒരു സഹോദരനെ നാം ഭ്രഷ്ടനായി കരുതുന്നിടത്തോളംകാലം സ്വരാജ് നേടാൻ ഈശ്വരൻ നമ്മെ സമ്മതിക്കുകയില്ല.

7

അയിത്തമാകുന്ന ശാപം നമ്മുടെ ഇടയിൽനിന്നു നീക്കംചെയ്യാത്തിടത്തോളംകാലം സ്വരാജ് ഉണ്ടാകാൻ തരമില്ലെന്നു് അസന്ദിഗ്ദ്ധമായ വാക്കുകളിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്.

മിക്കവാറും ലോകം മുഴുവൻ നമ്മെ സമുദായത്തിലെ മഹാരോഗികളെന്നു കരുതുന്നതു്, നമ്മുടെ വർഗത്തിൽ അഞ്ചിലൊരു ഭാഗത്തെ നാം ആ നിലയിൽ കരുതിയതുകൊണ്ടാണു്. നിസ്സഹകരണം ഹൃദയപരിവർത്തനത്തിനുള്ള ഒരഭ്യർത്ഥനയാണു്, ഇംഗ്ലീഷുകാരുടെ മാത്രമല്ല, അത്രതന്നെ നമ്മുടേയും. വാസ്തവത്തിൽ ആദ്യം നമ്മളിലാണു് ഞാൻ ഈ മാററം പ്രതീക്ഷിക്കുന്നതു്, പിന്നെ ക്രമേണ ഇംഗ്ലീഷുകാരിലും.

പ്രാക്തനമായ ഒരു ശാപത്തെ ഒരൊററക്കൊല്ലംകൊണ്ടു വലിച്ചെറിയാൻ കഴിയുന്ന ഒരു രാഷ്ട്രം, വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നതുപോലെ മദ്യപാനശീലം ഉപേക്ഷിക്കുവാൻ കഴിയുന്ന രാഷ്ട്രം, ആദിമവ്യവസായത്തിലേക്കു മടങ്ങിവന്നു് അറുപതുകോടി ഉറുപ്പികവിലയ്ക്കുള്ള വസ്ത്രം ഒരൊററക്കൊല്ലംകൊണ്ടുണ്ടാക്കുവാൻവേണ്ടി പൊടുന്നനെ ഒഴിവുസമയം ഉപയോഗപ്പെടുത്തുന്ന ഒരു രാഷ്ട്രം, രൂപാന്തരം

7. Young India, 29–9–1921 (The Removal of Untouchability, p. 12)

digitized by www .sreyas.in

പൂണ്ണ ഒരു രാഷ്ട്രമാണ്. അതിന്റെ രൂപാന്തരീകരണം ലോകത്തിൽ പ്രതികരണമുണ്ടാക്കാതിരിക്കുകയില്ല. പരിഹസിക്കുന്നവക്കുപോലും അതു ഈശ്വരസത്തയുടെയും ഈശ്വരാനുഗ്രഹത്തിന്റെയും വിശ്വാസജനകമായ ഒരു പ്രകടനമായിത്തീരും;. അതുകൊണ്ട് ഞാൻ പറയുന്നു ഇന്ത്യക്കു ഇപ്രകാരം രൂപാന്തരം പ്രാപിക്കാൻ കഴിയുമെങ്കിൽ, സ്വരാജ് സ്ഥാപിക്കുവാനുള്ള ഇന്ത്യയുടെ അവകാശം നിഷേധിക്കുവാൻ ലോകത്തിൽ ഒരു ശക്തിക്കും സാദ്ധ്യമല്ലെന്ന്.

ഇന്ത്യൻ ചക്രവാളത്തിൽ തടിച്ചുകൂടുന്ന കാർമേഘങ്ങളുണ്ടെങ്കിലും ഞാൻ സധൈര്യം പ്രവചിക്കുന്നു ഇന്ത്യ അയിത്തക്കാരോടു ചെയ്ത തെററുകൾക്കു പശ്ചാത്തപിക്കുകയും വിദേശ്യവസ്ത്രം ബഹിഷ്കരിക്കുകയും ചെയ്യുന്ന അതേ നിമിഷത്തിൽ, കഠിനഹൃദയരെന്നു നമുക്കു തോന്നുന്ന അതേ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാർതന്നെ, ഇന്ത്യയെ സ്വതന്ത്രവും ധീരവുമായ ഒരു രാഷ്ട്രമെന്ന നിലയിൽ സ്വാഗതം ചെയ്യുമെന്ന്.

8

നമ്മുടെ വർഗത്തിൽ ആറിലൊരുഭാഗത്തെ നാം ചൂഷണം ചെയ്തതിനും മതത്തിന്റെ പുണ്യമായ പേരിൽ കരുതിക്കൂട്ടി അവരെ അധഃപതിപ്പിച്ചതിനുമുള്ള ഏററവും ന്യായമായ ഈശ്വരശിക്ഷയാണ് വിദേശാധിപത്യമെന്ന ശാപവും അതോടൊന്നിച്ചുള്ള ചൂഷണവും. അതുകൊണ്ടാണ് സ്വരാജ്യപ്രാപ്തിക്കുള്ള അനപേക്ഷണീയ ഉപാധിയായി ഞാൻ അയിത്തോച്ചാടനം ചേർത്തിട്ടുള്ളതു്. സ്വന്തം അടിമകൾക്കു നിരുപാധികം സ്വാതന്ത്ര്യം നൽകുവാൻ നാം തയ്യാറില്ലെങ്കിൽ അടിമകളുടെ ഉടമകളായ നമുക്കു നമ്മുടെ അടിമത്തത്തെപ്പററി വഴക്കുപറയാൻ കാര്യമില്ല. നമ്മുടെ യജമാനന്മാരുടെ കണ്ണിലെ കരടു നീക്കംചെയ്യാൻ നാം ശ്രമിക്കുന്നതിനുമുമ്പു നമ്മുടെ കണ്ണിലെ അയിത്തമാകുന്ന മുട്ടി നാം എടുത്തുമാററണം.

9

സ്വരാജ് എന്നുവച്ചാൽ നമ്മുടെ രാജ്യക്കാരിൽ ഏററവും എളിയവരുടെ സ്വാതന്ത്ര്യം എന്നാണ് എന്നെ സംബന്ധിച്ചിടത്തോളം അർത്ഥം. നമ്മളെല്ലാവരും കഷ്ടപ്പെടുന്ന കാലത്തു പഞ്ചമന്റെ സ്ഥിതി മെച്ചപ്പെടുത്തിയില്ലെങ്കിൽ, സ്വരാജിന്റെ ലഹരിയിൽ അതു മെച്ചപ്പെടാനിടയില്ല. സ്വരാജിനുള്ള ഒരു വ്യവസ്ഥയെന്ന നിലയിൽ മുസ്ലീങ്ങളുമായുള്ള സൈ്വരജീവിതം നാം വിലകൊടുത്തു വാങ്ങിയേ തീരുവെങ്കിൽ പഞ്ചമന്മാർക്കു നാം സൈ്വരജീവിതം

8. Young India, 13-10-1921 (The Removal of Untouchability, p 13)
9. Young India, 12-6-1924 (The Removal of Untouchability, p. 13)

digitized by www .sreyas.in

നൽകേണ്ടതും അത്രതന്നെ ആവശ്യമാണ്—നീതിയോടോ ആത്മാഭിമാനത്തോടോ കൂടി സ്വരാജ്യത്തെപ്പററി സംസാരിക്കുവാൻ നമുക്കു സാധിക്കണമെങ്കിൽ. ഇംഗ്ലീഷ്നുകത്തിൽനിന്നുമാത്രം ഇന്ത്യ മോചിപ്പിക്കുന്നതിൽ എനിക്കു താൽപര്യമില്ല. എല്ലാത്തരം നുകങ്ങളിൽനിന്നും ഇന്ത്യയെ മോചിപ്പിക്കുവാൻ ഞാൻ ഉറച്ചിരിക്കുന്നു. നിഷ്ക്രിയനായ രാജാവിനെ കൊടുത്തു മൂർഖനായ രാജാവിനെ വാങ്ങാൻ എനിക്കാഗ്രഹമില്ല. അതുകൊണ്ടാണു സ്വരാജ്യപ്രസ്ഥാനം എനിക്ക് ഒരു ആത്മശുദ്ധീകരണപ്രസ്ഥാനമായിത്തീർന്നിട്ടുള്ളതു്.

## ഡി. അയിത്തോച്ചാടനവും കോൺഗ്രസ്സ് പരിപാടിയും

### 10

നാം ഈ നിർഭാഗ്യരായ സഹോദരരോടു പെരുമാറിയിട്ടുള്ളതു രാക്ഷസനായിത്തീർന്ന ഒരുവൻ തന്റെ സഹോദരനോടു പെരുമാറുന്നതിനേക്കാളും ഒട്ടുംതന്നെ ഭേദപ്പെട്ട നിലയിലല്ല. നാം നമ്മുടെ മുമ്പാകെ വച്ചിട്ടുള്ള ഈ അയിത്തോച്ചാടനപരിപാടി രാക്ഷസീയമായ ആ അപരാധത്തിനുള്ള ചുരുങ്ങിയ ഒരു പ്രായശ്ചിത്തം മാത്രമാണു്.

കോൺഗ്രസ്സ് പരിപാടിയുടെ മുൻപന്തിയിലേക്ക് ഈ ഇനം തള്ളിക്കയററിയതു ഞാനാണെന്നു ഞാൻ സമ്മതിക്കുന്നു. അതിനാൽ എന്നെ ശകാരിക്കാൻ പുറപ്പെട്ട ആക്കം പറയാം, ഇതു ഞാൻ അയിത്തക്കാർക്കു സൂത്രത്തിൽ എറിഞ്ഞുകൊടുത്ത ഒരു പ്രലോഭനമാണെന്നു്. ആ ആക്ഷേപം നിരർത്ഥകമാണെന്നു ഞാൻ ഇതാ പറഞ്ഞുകൊള്ളട്ടെ; ഹിന്ദുക്കളെന്നു സ്വയം വിശ്വസിക്കുന്നവർക്കു ഹിന്ദുമതത്തെപ്പററി അഭിമാനിക്കുവാൻ കഴിയണമെങ്കിൽ ഈ കളങ്കം തീർക്കുകയെന്ന പ്രായശ്ചിത്തം അവർ ചെയ്യണമെന്നു ചെറുപ്പത്തിലേ എനിക്കു തോന്നിയിട്ടുണ്ടു്; കോൺഗ്രസ്സുകാരിൽ ഭൂരിപക്ഷവും ഹിന്ദുക്കളായതുകൊണ്ടും, അന്നു രാജ്യത്തിന്റെ മുമ്പാകെ വച്ച പരിപാടി ആത്മശുദ്ധീകരണത്തിനുവേണ്ടിയുള്ള ഒന്നല്ലാതിരുന്നതുകൊണ്ടും ഞാൻ അതു കോൺഗ്രസ്സ്പരിപാടിയുടെ മുൻപന്തിയിൽവച്ചു—ഈ കളങ്കം നീക്കംചെയ്യാൻ ഹിന്ദുക്കൾ സന്നദ്ധരല്ലെങ്കിൽ സ്വരാജിനു അർഹരായി തങ്ങളെ കരുതുവാൻ അവർക്കു നിവൃത്തിയില്ലെന്ന വിശ്വാസംകൊണ്ടു്. ആ വിശ്വാസം എന്നിൽ ഉദിച്ചതു് സ്വയം വ്യക്തമായ ഒരു പ്രമേയമെന്ന നിലയ്ക്കാണു്.

അയിത്തം നീക്കംചെയ്യപ്പെടാതെ നാം അധികാരത്തിൽവന്നാൽ അയിത്തക്കാരുടെ നില ആ സ്വരാജ്യത്തിൻകീഴിൽ ഇന്ന

10. Young India, 6-8-1931 (The Removal of Untouchability, p. 14)

digitized by www .sreyas.in

ത്തെക്കാരം വളരെയധികം മോശമാകുമെന്നു് എനിക്കുറപ്പുണ്ടു്—അധികാരപ്രാപ്തികൊണ്ടു നമ്മുടെ കഴിവുകേടും കൊള്ളരുതായ്മകളും സുരക്ഷിതങ്ങളായിത്തീരുമെന്നതുതന്നെ കാരണം. ചുരുക്കത്തിൽ അതാണു് എന്റെ നില. അതിനാൽ ഈ ആത്മശുദ്ധീകരണം സ്വരാജ്യത്തിന്റെ അനുപേക്ഷണീയമായ ഒരു ഉപാധിയാണെന്നു് എന്നും ഞാൻ വാദിച്ചുപോന്നിട്ടുണ്ടു്. ഇതു ഞാൻ ഇന്നു് എത്തിച്ചേർന്ന ഒരു നിലപാടല്ല. സ്വരാജ്യത്തെപ്പററി ഞാൻ ആലോചിക്കാൻ തുടങ്ങിയകാലത്തോളം പഴക്കമുണ്ടു് അതിനു്.

11

അയിത്തത്തെക്കുറിച്ചുള്ള കോൺഗ്രസ്സ്പ്രമേയത്തിന്റെ വ്യാഖ്യാനം എന്തായിരിക്കുമെന്നതിനെപ്പററിയുള്ള എന്റെ അഭിപ്രായം ഞാൻ സസന്തോഷം ഇവിടെ പറയാം. അയിത്തം ഉണ്ടായിരിക്കുകയില്ല. അയിത്തക്കാർക്കു മററാരെപ്പോലെയും അവകാശങ്ങളുണ്ടായിരിക്കും. എങ്കിലും ആരെയെങ്കിലും തൊട്ടുവാൻ ഒരു ബ്രാഹ്മണനെയും നിർബന്ധിക്കുകയില്ല. തന്നെ മററാരും തൊട്ടുകൂടെന്നുവയ്ക്കാൻ അയാൾക്കു സ്വാതന്ത്ര്യമുണ്ടായിരിക്കും; സ്വന്തം കിണറും സ്വന്തം ക്ഷേത്രവും സ്വന്തം സ്കൂളും സാധിക്കാവുന്ന മററെന്തും അയാൾക്കു് ഉണ്ടാകാം—ഇതൊന്നും അയൽവാസികൾക്കു ദ്രോഹമാകാത്തിടത്തോളംകാലം. എങ്കിലും പൊതുതെരുവുകളിൽക്കൂടി നടന്നതിനോ, പൊതുകിണർ ഉപയോഗിച്ചതിനോ അയിത്തക്കാരെ ശിക്ഷിക്കുവാൻ ഇന്നത്തെപ്പോലെ അയാൾക്കു സാധിക്കുകയില്ല. പൊതുക്ഷേത്രങ്ങളുടെ ഉപയോഗം മറെറല്ലാവർക്കും അനുവദിക്കുമ്പോൾ അയിത്തക്കാർക്കുമാത്രം അതു നിഷേധിക്കുകയെന്ന അപകീർത്തി സ്വരാജിൻകീഴിലുണ്ടാവുകയില്ല. വേദങ്ങളുടെയോ മററു ശാസ്ത്രങ്ങളുടെയോ അധികാരം നിഷേധിക്കപ്പെടുന്നതല്ല; എങ്കിലും അവയുടെ വ്യാഖ്യാനം, പൊതുജനങ്ങളുടെ നടപടി ക്രമപ്പെടുത്തുവാൻ ഈ മതഗ്രന്ഥങ്ങളെ ഉപയോഗപ്പെടുത്തുന്നിടത്തോളം, വ്യക്തികളല്ല കോടതികളാണു ചെയ്യുക. മനസ്സാക്ഷിയെ സ്പർശിക്കുന്ന 'ശുദ്ധാശുദ്ധങ്ങൾ' മാനിക്കപ്പെടും, പക്ഷേ,പൊതുജനങ്ങളുടെ സദാചാരത്തെയോ മററുള്ളവരുടെ അവകാശങ്ങളെയോ ഹനിച്ചുകൊണ്ടാവില്ല. അസാധാരണങ്ങളായ 'ശുദ്ധാശുദ്ധങ്ങൾ' ഉള്ളവർ അസൗകര്യം സഹിക്കുകയും ആ പ്രത്യേക സുഖത്തിന്റെ വില കൊടുക്കുകയും ചെയ്യേണ്ടതായിവരും. ആചാരത്തിന്റെയോ മതത്തിന്റെ പേരിൽ ഏതെങ്കിലും വ്യക്തിയോ വർഗമോ ഔന്നത്യം പിടിച്ചുപററുന്നതിനെ നിയമം പൊറുക്കുകയില്ല. പക്ഷേ, ഇതൊക്കെ എന്റെ സ്വപ്നംകാണലാണു്. ഞാനല്ല കോൺഗ്രസ്സ്. കോൺ

11. Young India, 11–6–1931 (The Removal of Untouchability, p.15)

digitized by www .sreyas.in

ഗ്രസ്സ് മററുതരത്തിൽ ചെയ്യണമെന്നാഗ്രഹിക്കുന്നവർ വേഗം കോൺഗ്രസ്സിൽ ചേരുകയും തങ്ങളുടേതുപോലെയുള്ള അഭിപ്രായമുള്ളവരെ അതിൽ ചേർക്കുകയുമാണു നല്ലതു്. കോൺഗ്രസ്സ് ജനങ്ങളുടെ ഇച്ഛയെ പ്രതിനിധാനം ചെയ്യുന്നു. അല്ലെങ്കിൽ അങ്ങനെ പ്രതിനിധാനം ചെയ്യാൻ പററിയ വിശാലമായ ഒരു ഭരണഘടന അതിനുണ്ടു്.

12

മിശ്രഭോജനത്തെയോ മിശ്രവിവാഹത്തെയോ സംബന്ധിച്ചുള്ള ഒരു കാര്യമല്ല ഇതെന്നു നാം ധരിക്കണം. ജാതി എന്നു തെററായി വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള വർണധർമങ്ങൾ വേണ്ടെന്നു വയ്ക്കുന്നതിൻെറ കാര്യവുമല്ല ഇതു്. വെറും അയിത്തം നീക്കംചെയ്യുന്നതിനെ, അനാവശ്യമായ പഞ്ചമവിഭാഗം വേണ്ടെന്നുവയ്ക്കുന്നതിനെ മാത്രം സംബന്ധിച്ചുള്ള കാര്യമാണിതു്. വർണധർമങ്ങളെ പാടേ വിപാടനംചെയ്യാൻ ശ്രമിക്കുന്ന പരിഷ്കർത്താക്കളുടെ ഒരു വിഭാഗം നമ്മുടെ ഇടയിലുണ്ടു്. ആ കാര്യത്തിൻെറ ഗുണദോഷങ്ങൾ പരിശോധിക്കുവാൻ പററിയ സന്ദർഭം ഇതല്ല. ഒരുവൻെറ സ്പർശം, അവൻ ഒരു പ്രത്യേക ജാതിയിൽ ജനിച്ചവനാണെന്നതുകൊണ്ടുമാത്രം പ്രായശ്ചിത്തം ചെയ്യപ്പെടേണ്ട അശുദ്ധിയാണെന്ന പാപപൂർണമായ അന്ധവിശ്വാസം നീക്കംചെയ്യാൻവേണ്ടി മാത്രമുള്ളതാണു് അയിത്തോച്ചാടനപ്രസ്ഥാനം. ഈ പ്രസ്ഥാനത്തിൻെറ വ്യാപ്തിയും ശക്തിയും വർദ്ധിക്കുന്തോറും അതിൻെറ അതിർത്തികളെ അറിയേണ്ടതും സനിഷ്കർഷം മാനിക്കേണ്ടതും അധികമധികം ആവശ്യമായിത്തീരും. അതിനാൽ നാം യാഥാസ്ഥിതികത്വത്തെ വെല്ലുവിളിക്കുന്നുണ്ടെങ്കിലും, അതോടൊന്നിച്ചുതന്നെ നാം പറയുന്നതിലേറെ ഉദ്ദേശിക്കുന്നില്ലെന്നു് അതിനു് ഉറപ്പു കൊടുക്കുകയും വേണം. ഈ പ്രസ്ഥാനത്തിൻെറ മുഴുവൻ വ്യാപ്തിയും മനസ്സിലാക്കുവാൻ അതിനെ സഹായിക്കണം. ഏററവും ചുരുങ്ങിയ ഉദ്ദേശ്യം എന്താണെന്നു സർവദാ ഓർമിക്കുന്നില്ലെന്നു ആഴ്ചതോറും എനിക്കു കിട്ടുന്ന എഴുത്തുകൾ തെളിയിക്കുന്നു. യാഥാസ്ഥിതികർ സ്വാഭാവികമായി പരിഭ്രമിച്ചിരിക്കുകയാണു്. ഇതു പരിഷ്കർത്താക്കളുടെ ജോലി ആവശ്യത്തിലധികം ദുഷ്കരമാക്കിത്തീർക്കുന്നു.

## ഇ. അയിത്തവും ജാതിയും വർണവും

13

ചോദ്യം: അങ്ങു് ഈ പ്രസ്ഥാനത്തെ അയിത്തോച്ചാടനത്തിനു മാത്രമുള്ളതാക്കി ചുരുക്കുന്നതെന്തിനാണു്? എന്തുകൊണ്ടു ജാതി

12. Young India, 21–8–1924 (The Removal of Untouchability, p. 72)
13. Harijan, 11-2–1933 (The Removal of Untouchability, p. 56–

digitized by www .sreyas.in

വ്യവസ്ഥ ആകമാനം വേണ്ടെന്നു വച്ചുകൂടാ? ജാതിയും ജാതിയും തമ്മിലും, ജാതിയും അയിത്തവും തമ്മിലും വ്യത്യാസമുണ്ടെങ്കിൽ അതു് ഏററക്കുറച്ചിലിനെമാത്രം സംബന്ധിച്ചുള്ള ഒന്നല്ലേ?

ഉത്തരം: ഇന്ത്യയിൽ അസംഖ്യം ജാതികളുണ്ടു്. അവ ഒരു സാമൂഹ്യസ്ഥാപനമാണു്. പരേതനായ സർ വില്യം വിൽസൻ ഹണ്ടർ ഭംഗിയായി അഭിപ്രായപ്പെട്ടതുപോലെ, അവയെല്ലാം തൊഴിൽസംഘടനകളാണു്. ഒരുകാലത്തു് അവ വളരെ പ്രയോജനകരങ്ങളായിരുന്നു——ഇന്നും ഒരുവേള കുറെയൊക്കെയാണെന്നതുപോലെ. ഈ സ്ഥാപനത്തിൽ നിയന്ത്രണങ്ങൾ വന്നുചേർന്നിട്ടുണ്ടു്; അവ എന്റെ അഭിപ്രായത്തിൽ അനഭിലഷണീയങ്ങളും ക്രമേണ നശിച്ചുപോകേണ്ടവയുമാണു്. അവയിൽ പാപാത്മകമായി യാതൊന്നുംതന്നെയില്ല. അവയുൾപ്പെട്ടവരുടെ ഭൗതികപുരോഗതിയെ അവ വിളംബപ്പെടുത്തുന്നു. അവ അവരുടെ ആത്മീയപുരോഗതിക്കു തടസ്സമല്ല. അതിനാൽ, ജാതിവ്യവസ്ഥയും അയിത്തവും തമ്മിലുള്ള വ്യത്യാസം ഏററക്കുറച്ചിലിനെ സംബന്ധിച്ചുള്ളതല്ല, ഇനത്തെ സംബന്ധിച്ചുള്ളതാണു്. അയിത്തക്കാരൻ മാന്യസമുദായത്തിന്റെ പരിധിക്കു പുറത്താണു്. അവൻ മനുഷ്യനായി കരുതപ്പെടുന്നില്ല. ഒരേ പദവിയിൽ നില്ക്കുന്ന സഹോദരരാൽ പാതാളത്തിലേക്കു് എറിയപ്പെട്ട ഒരു ജാതിഭ്രഷ്ടനാണവൻ. തന്നിമിത്തം ആ വ്യത്യാസം ഏതാണ്ടു സ്വർഗനരകവ്യത്യാസംപോലുള്ള ഒന്നാണു്.

ജാതിവ്യവസ്ഥയെപ്പററി ഓർക്കേണ്ടതായ മറെറാരു സംഗതി കൂടി ഉണ്ടു്. എന്നെ സംബന്ധിച്ചിടത്തോളം അതും വർണാശ്രമധർമവും ഒന്നല്ല. ജാതിവ്യവസ്ഥ സാമൂഹ്യാവശ്യമനുസരിച്ചു് ഉണ്ടായതാണു്, വർണാശ്രമമാകട്ടെ, ഹിന്ദുമതഗ്രന്ഥങ്ങളിൽ അടിയുറപ്പിക്കപ്പെട്ടതാണു്. ജാതിവ്യവസ്ഥ അങ്ങനെയല്ല. ജാതികൾ അസംഖ്യമുണ്ടെങ്കിലും (ചിലതു നശിച്ചുപോകുന്നു, പുതുതായി ചിലതു ഉണ്ടായിക്കൊണ്ടിരിക്കുന്നു) വർണങ്ങൾ എന്നും നാലേയുള്ളു. ഞാൻ ഒരു ഉറച്ച വർണാശ്രമവിശ്വാസിയാണു്. ഹിന്ദുമതം മനുഷ്യജാതിക്കു നൽകിയ ഒരനുഗ്രഹമാണു് അതെന്നു കരുതുവാൻ ഇതിനു മുമ്പും ഞാൻ മടിച്ചിട്ടില്ല. എനിക്കു കാണാൻ കഴിഞ്ഞിടത്തോളം, ആ ധർമസ്വീകരണം ആത്മീയപുരോഗതിയുടെ ഒരു ഉപാധിയാണു്. ആ നാലു വിഭാഗങ്ങൾ കൂത്തനെയല്ല, വിലങ്ങനെയാണു്; അവിടെ എല്ലാവരും സമനിലയിലാണു നിൽക്കുന്നതു്, ഓരോരുത്തർക്കും നീക്കിവച്ച സേവനങ്ങൾ ചെയ്തുകൊണ്ടു്. സ്വധർമം സമുചിതമായി അനുഷ്ഠിച്ച ബ്രാഹ്മണനും അപ്രകാരം തന്നെ ചെയ്ത തോട്ടിക്കും ഈശ്വരന്റെ പുസ്തകത്തിൽ മാർക്കു് ഒപ്പമാണു്.

14

അയിത്തം ജാതിവ്യവസ്ഥയുടെ ഫലമല്ല, ഹിന്ദുമതത്തിലേക്ക് ഇഴഞ്ഞുവന്ന് അതിനെ കാർന്നുതിന്നുന്ന ഉച്ചനീചവ്യത്യാസത്തിന്റെ ഫലമാണ്. അതിനാൽ അയിത്തത്തെ എതിർക്കൽ ഈ ഉച്ചനീചത്വത്തെ എതിർക്കലാണ്. അയിത്തംപോയാൽ ആ നിമിഷത്തിൽ ജാതിവ്യവസ്ഥ സംശുദ്ധമായിത്തീരും; അതായത്, എന്റെ മനോരാജ്യമനുസരിച്ച് അതു വർണാശ്രമധർമമായി, പരസ്പരം ഉപകരിക്കുന്നതും ഒന്നും മറ്റൊന്നിനു മീതെയോ താഴെയോ അല്ലാത്തതും ഓരോന്നും മറ്റ് ഏതിനെപ്പോലെയും ഹിന്ദുസമുദായത്തിനു മുഴുവൻ ആവശ്യമുള്ളതുമായ നാലു വിഭാഗങ്ങളായി പരിണമിക്കും.

15

ഇന്നത്തെ ജാതിവ്യവസ്ഥ വർണാശ്രമത്തിന്റെ തനി വിപര്യയമാണ്. പൊതുജനാഭിപ്രായം എത്രവേഗം അതു നശിപ്പിക്കുന്നുവോ അത്രയും നല്ലത്.

വർണാശ്രമത്തിൽ മിശ്രവിവാഹത്തിനും മിശ്രഭോജനത്തിനും വിരോധമുണ്ടായിരുന്നില്ല, ഉണ്ടായിരിക്കരുത്. ലാഭത്തിനുവേണ്ടി കുലധർമം മാറ്റുന്നതിൽ വിരോധം തീർച്ചയായുമുണ്ട്. മിശ്രഭോജനത്തെയും മിശ്രവിവാഹത്തെയും സംബന്ധിച്ച ക്രൂരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ടും, തൊഴിൽ സ്വീകരിക്കുന്നതു സംബന്ധിച്ച അരാജകത്വത്തെ പൊറുപ്പിക്കുന്നുഎന്നതുകൊണ്ടും ഇന്നു നിലവിലുള്ള സമ്പ്രദായം രണ്ടുവിധത്തിൽ അബദ്ധമാണ്.

വർണാശ്രമത്തിൽ മിശ്രവിവാഹത്തെയും മിശ്രഭോജനത്തെയും സംബന്ധിച്ച വിരോധമില്ലെങ്കിലും നിർബന്ധമുണ്ടായിക്കൂടാ. എവിടെ ഭക്ഷണം കഴിക്കണം, എവിടെ വിവാഹം ചെയ്യണം എന്ന കാര്യം വ്യക്തിയുടെ സ്വാതന്ത്ര്യമായ ഇഷ്ടത്തിനു വിട്ടുകൊടുക്കണം. വർണാശ്രമധർമം അനുഷ്ഠിച്ചാൽ വിവാഹബന്ധങ്ങൾ സ്വന്തം വർണത്തിൽ ഒതുക്കിനിർത്താനുള്ള ഒരു പ്രവണത സ്വാഭാവികമായി ജനങ്ങൾക്കുണ്ടാകും.

അതിനാൽ ജാതിനശിപ്പിക്കുവാനുള്ള ഏറ്റവും സഫലവും ഏറ്റവും ത്വരിതവും ഏറ്റവും നിശ്ശബ്ദവുമായ വഴി പരിഷ്കർത്താക്കൾതന്നെ ആ സമ്പ്രദായം തുടങ്ങിവയ്ക്കുകയും വേണ്ടിവന്നാൽ സാമുദായികബഹിഷ്കരണമെന്ന അനന്തരഫലം അനുഭവിക്കുകയു

14. Harijan, 11-2-1933 (The Removal of Untouchability, p. 57)
15. Harijan, 16-11-1935 (The Removal of Untouchability, p. 82)

digitized by www .sreyas.in

മാണ്. യാഥാസ്ഥിതികരെ ചീത്തപറഞ്ഞതുകൊണ്ടു ഈ പരിഷ്കാരം നടപ്പിൽ വരുകയില്ല. പരിവർത്തനം അനുക്രമവും അദൃശ്യവുമായിരിക്കും. ഉയർന്ന ജാതികൾ എന്നു വിളിക്കപ്പെടുന്നവർ താണ ജാതികളെന്നു വിളിക്കപ്പെടുന്നവർക്കു തെല്ലെങ്കിലും അഭിമതരായിത്തീരണമെങ്കിൽ അവർ (ഉയർന്ന ജാതിക്കാർ) തങ്ങളുടെ ഉത്തുംഗ പീഠത്തിൽനിന്നു താഴോട്ടിറങ്ങിവരുകതന്നെ വേണം. നഗരവാസികളും ഗ്രാമീണരും തമ്മിലും ഉയർന്ന ജാതിക്കാരും താണജാതിക്കാരും തമ്മിലും ഉള്ള വിടവ് അടയ്ക്കുക എത്ര പ്രയാസമുള്ള പണിയാണെന്നു ഗ്രാമങ്ങളിൽ ജോലിചെയ്യുമ്പോഴുണ്ടാകുന്ന ദൈനംദിനാനുഭവം വെളിവാക്കുന്നുണ്ടു്.

16

'ജാതി പോകണം' എന്ന പേരിലുള്ള ലേഖനത്തിൽ* ഞാൻ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ മററു തലക്കെട്ടുകളിൽ പലതവണ ഈ പംക്തികളിൽ പ്രകടിപ്പിക്കപ്പെട്ടവയാണ്. എന്നുതന്നെയല്ല, ആ ലേഖനം സവർണഹിന്ദുക്കളും ഹരിജൻ ഹിന്ദുക്കളും തമ്മിലുള്ള ബന്ധത്തെപ്പററി പ്രതിപാദിക്കുന്നുമില്ല. സവർണർക്കിടയിൽ മാത്രം ആവശ്യമായ പരിഷ്കാരത്തെപ്പററിയാണ് അതിൽ പറയുന്നതു്. അയിത്തം പോയാൽ സവർണർക്കുള്ള അതേ സ്ഥാനം തന്നെ അയിത്തക്കാർക്കുമുണ്ടാകും. അന്നു സവർണർക്ക് എന്തെല്ലാം ചട്ടമോ ആചാരമോ ബാധകമാണോ അതൊക്കെ ഹരിജനങ്ങളല്ലാതായിത്തീർന്ന ഹരിജനങ്ങൾക്കും ബാധകമായിരിക്കും. തന്നിമിത്തം സവർണർ ഇന്നത്തെപ്പോലെതന്നെ വർത്തിക്കുകയാണെങ്കിൽ, ഹരിജനങ്ങളും സവർണരും തമ്മിൽ മിശ്രവിവാഹമോ മിശ്രഭോജനമോ ഉണ്ടായിരിക്കുന്നതല്ല. എങ്കിലും ഇന്നത്തെ രൂപത്തിലുള്ള ജാതി ഇല്ലാതാവുകയാണെങ്കിൽ—എന്നെങ്കിലും അതില്ലാതാവുകതന്നെ ചെയ്യും—അന്നു സവർണരും സവർണരും തമ്മിലെന്നപോലെ ഹരിജനങ്ങളും സവർണരും തമ്മിലും മിശ്രവിവാഹവും മിശ്രഭോജനവും തീർച്ചയായും ഉണ്ടാകും. ഞാൻ ആശിക്കുന്നതുപോലെ വർണം നിലനിൽക്കുന്നുവെങ്കിൽ പണ്ടു ചെയ്തിരുന്നതുപോലെ തൊഴിലുകൾ നിയന്ത്രിക്കപ്പെടും, പണ്ടു നിയന്ത്രിച്ചിരുന്നില്ലാത്തതുപോലെതന്നെ മിശ്രവിവാഹവും മിശ്രഭോജനവും നിയന്ത്രിക്കപ്പെടാതിരിക്കുകയും ചെയ്യും. എന്തു സംഭവിച്ചാലും അതു സംഭവിക്കുന്നതു ഒരു സംഘമെന്ന നിലയിൽ ഹരിജൻ സേവാസംഘം ചെയ്യുന്ന പ്രവർത്തനത്തിന്റെ ഫലമായിട്ടാവുകയില്ല, സംഘത്തിനു ക്രമപ്പെടുത്തുവാനോ നിയന്ത്രിക്കുവാനോ കഴിയാത്ത ശക്തികളുടെ ഫലമായിട്ടായിരിക്കും. അതിലെ അംഗങ്ങൾ വ്യക്തികളെന്ന നില

16. Harijan, 30-11-1935 (The Removal of Untouchability, pp. 82-83)

* ഇതിനു തൊട്ടുമുമ്പിലത്തെ ഉദ്ധരണം

digitized by www .sreyas.in

യിൽ സ്വന്തം അഭിരുചിയനുസരിച്ച് പ്രസ്തുത ശക്തികളെ കരുപ്പിടിപ്പിക്കുന്നതിൽ യഥോചിതമായ പങ്ക് വഹിക്കുമെന്നതിനു സംശയമില്ല.

17

ചോദ്യം: ശ്രീ ശ്യാംലാലുമായി ഈയിടെ നടത്തിയ കത്തിടപാടിൽ അങ്ങു പറയുകയുണ്ടായി, അയിത്തം പാടേ ഉന്മൂലനംചെയ്യപ്പെടണമെങ്കിൽ, ജാതി സമൂലം നശിച്ചേ തീരൂ എന്ന്. എന്നാൽ എന്തുകൊണ്ട് അങ്ങ് അയിത്തോച്ചാടനപ്രവർത്തനത്തെ ജാതിവ്യവസ്ഥയുടെ നേരെയുള്ള വിപുലമായ ഒരു ധർമസമരത്തിന്റെ ഭാഗമാക്കുന്നില്ല? വേരു പറിച്ചുകളഞ്ഞാൽ ശാഖകൾ തനിയേ കൊഴിഞ്ഞുവീഴും.

ഉത്തരം: ഞാൻ ചില അഭിപ്രായങ്ങൾ പുലർത്തുക എന്നതൊരു കാര്യം; എന്റെ അഭിപ്രായങ്ങൾ മുഴുവൻ സമുദായത്തിനു പൊതുവേ സ്വീകാര്യമാക്കുക എന്നതാകട്ടെ തികച്ചും മറെറാരു കാര്യമാണ്. എന്റെ മനസ്സ് സദാ വളരുകയാണെന്ന്, സദാ പുരോഗമിക്കുകയാണെന്നു ഞാൻ ആശിക്കുന്നു. എല്ലാവരും എന്റെ ഒപ്പം എത്തിയില്ലെന്നു വരാം. അതുകൊണ്ടു ഞാൻ പരമാവധി ക്ഷമ കാണിക്കുകയും സാവധാനം ത്വരിതപ്പെടുത്തുന്നതുകൊണ്ടു തൃപ്തിയടയുകയും വേണം. വർണവ്യവസ്ഥയെപ്പററിയുള്ള എന്റെ ലേഖനങ്ങൾ ചേർത്തു നവജീവൻ ഈയിടെ പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിനു ഞാൻ എഴുതിയിട്ടുള്ള മുഖവുരയിൽനിന്നു താങ്കൾ മനസ്സിലാക്കിയിട്ടുണ്ടാകണം, താങ്കളോടു താത്ത്വികമായി ഞാൻ തികച്ചും യോജിക്കുന്നുണ്ടെന്ന്. 125 വയസ്സുവരെ ജീവിക്കാൻ സാധിച്ചാൽ ഹിന്ദുസമുദായത്തെ മുഴുവൻ എന്റെ അഭിപ്രായത്തിലേക്കു പരിവർത്തനം ചെയ്യിക്കുവാൻ സാധിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

# II

## അയിത്തക്കാരുടെ ഗതി

## എ. അയിത്തമനോഭാവത്തിന്റെ രണ്ടു വശങ്ങൾ

1

വളരെയേറെ ഹിന്ദുക്കളെ മൃഗങ്ങളുടേതിനേക്കാൾ മോശമായ നിലയിലേക്ക് അധഃപതിപ്പിച്ച ആ വ്യവസ്ഥിതിയെ ഞാൻ

17. Harijan, 28-7-1946 (The Removal of Untouchability, p. 60)
1. Young India, 12-6-1924 (The Removal of Untouchability, p. 6)

digitized by www .sreyas.in

സർവാത്മനാ വെറുക്കുന്നു. സാധുവായ പഞ്ചമനെ—'അയിത്തക്കാരൻ' എന്നു വിളിക്കാതിരിക്കുക––അവൻെറ പാട്ടിനു വിട്ടാൽ, അല്ലട്ടുന്ന ഈ പ്രശ്നം പരിഹരിക്കപ്പെടും. നിർഭാഗ്യവശാൽ അവനു സ്വന്തമെന്നു പറയാവുന്ന മനസ്സോ കാര്യമോ ഇല്ല. ഒരു മൃഗത്തിനു, അതിൻെറ യജമാനൻേറതല്ലാതെ സ്വന്തമെന്നു പറയാവുന്ന മനസ്സോ കാര്യമോ ഉണ്ടോ? പഞ്ചമനു സ്വന്തമെന്നു പറയാവുന്ന ഒരു സ്ഥലമുണ്ടോ? താൻതന്നെ വൃത്തിയാക്കുന്നതും തൻെറ സ്വന്തം വിയർപ്പുകൊണ്ടു നിർമിച്ചതുമായ റോഡിന്മേൽ അവനു നടന്നുകൂടാ. മററുള്ളവരെപ്പോലെ അവനു വസ്ത്രധാരണം ചെയ്യാൻപോലും പാടില്ല. പഞ്ചമസഹോദരരുടെ നേരെ നാം എന്തെങ്കിലും സഹിഷ്ണുത കാണിക്കുന്നുണ്ടെന്നു പറയുന്നതു ഭാഷയുടെ ദുരുപയോഗമാണ്. നാം അവരെ അധഃപതിപ്പിച്ചിരിക്കുന്നു; എന്നിട്ട് ആ അധഃപതനം അവരുടെ അഭ്യുദയത്തിനു വിഘാതമാക്കാനുള്ള ധിക്കാരം നാം കാണിക്കയും ചെയ്യുന്നു.

## 2

*ഈ ലേഖകൻ കണ്ടെത്തിയ അയിത്തത്തിൻെറ ഘോരഫലം എനിക്കറിഞ്ഞുകൂടായ്കയില്ല. അയിത്തക്കാരെ എൻെറ അടുത്തു വരാൻ പ്രേരിപ്പിക്കുന്നതിന് ചിലപ്പോൾ എനിക്കു പ്രയാസമുണ്ടാകാറുണ്ട്, തൊടുവാൻ പ്രേരിപ്പിക്കുന്നതിനോ അതിലേറെയും. 'അയിത്തമില്ലാത്ത'വരെ തൊടാൻ പാടില്ലെന്നതു് അയിത്തക്കാരെ സംബന്ധിച്ചിടത്തോളം ഒരു മതകാര്യമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. തങ്ങളെ ഇതുവരെ അയിത്തക്കാരായി കരുതിപ്പോന്നവരെ തൊടാൻ കഴിയുമെന്ന് അവർ തീരെ മനസ്സിലാക്കുന്നില്ല. തന്നിമിത്തം അനുവാദമുണ്ടായാലും 'അയിത്തമില്ലാത്ത'വരെ തൊടുന്നതിൽനിന്നു അയിത്തക്കാരെ വിലക്കുന്നതു മിക്കവാറും ഭയമാണ്. ബാസ്റ്റിലിലെ കല്ലറകളിൽ വളരെക്കാലം അടച്ചിട്ടശേഷം വിമുക്തനായപ്പോൾ പകൽവെളിച്ചം ദുസ്സഹമായിത്തോന്നിയ ഫ്രഞ്ച്തടവുകാരൻെറ സ്ഥിതിയോടു തുല്യമാണിതു്. വെളിച്ചവും ഇരുട്ടും അയാൾക്കു സമമായിക്കഴിഞ്ഞിരുന്നു.

---

2. Young India, 21–5-1925 (The Removal of Untouchability, pp. 172–173)

* അയിത്തത്തിനെതിരായി പ്രവർത്തിക്കുന്നതു് പാപമായി വളരെ അയിത്തക്കാർ കരുതുന്നുവെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു ലേഖകൻ അയച്ച എഴുത്തിനു മറുപടിയായി ഗാന്ധിജി എഴുതിയതു്.

digitized by www .sreyas.in

## ബി. അയിത്തസങ്കൽപ്പത്തിലെ യുക്തിരാഹിത്യം

3

*ഇന്നു വൈകുന്നേരം ഈഴവനേതാക്കന്മാരിൽ പലരുമായും ഞാൻ ദീർഘനേരം ചർച്ചനടത്തുകയുണ്ടായി. എന്നെ അറിയിച്ചില്ലെങ്കിൽ അവർ ഈഴവരാണെന്നു ഞാൻ അറിയുമായിരുന്നില്ല. അവർക്കും സ്വയം സവർണരെന്നു വിളിക്കുന്നവർക്കും തമ്മിൽ ലേശമെങ്കിലും വ്യത്യാസമുള്ളതായി എനിക്കു കാണാൻ കഴിഞ്ഞില്ല. അവരുടെ ധനസ്ഥിതി സവർണരിൽ വളരെപ്പേരുടേതിനേക്കാളും എത്രയോ മെച്ചപ്പെട്ടതാണ്. അവരുടെ വിദ്യാഭ്യാസപരമായ യോഗ്യതകളാകട്ടെ, തികച്ചും തൃപ്തികരമാണ്; രാജ്യത്തിന്റെ ഒരററംമുതൽ മറേറ അററംവരെയുള്ള എന്റെ യാത്രകൾക്കിടയിൽ ഞാൻ കണ്ട ബ്രാഹ്മണരുടേതിനേക്കാളും മററും എത്രയോ മികച്ചതാണ് അവരുടെ ശുചിത്വം. തന്മൂലം ഞാൻ ഈ സ്നേഹിതന്മാരെ നേരിടുകയും അവരുടെ മംഗളപത്രം വായിക്കുകയും ചെയ്തപ്പോൾ ഈ സുഹൃത്തുക്കൾ അയിത്തക്കാരായും തിരുവിതാംകൂറിലെ ചില പൊതുനിരത്തുകളിൽക്കൂടി നടക്കുവാൻ അനർഹരായും കരുതപ്പെട്ടുവെന്നോർത്ത്, ഈ സുഹൃത്തുക്കളുടെ ക്ഷേത്രസാന്നിദ്ധ്യമാണ് ക്ഷേത്രപരിസരങ്ങളെ അശുദ്ധമാക്കുകയെന്നോർത്ത് ഈ സദസ്സിലെ ഏററവും വമ്പനായ ആരേയുംപോലെ നികുതി കൊടുക്കുന്നവരാണെങ്കിലും ഇവർക്കാണ് തങ്ങളുടെ ബാലികാബാലന്മാരെ ചില ഗവർമെൻറു വിദ്യാലയങ്ങളിലേക്കു് അയയ്ക്കാൻ പാടില്ലാത്തത് എന്നോർത്ത്, എന്റെ ഹിന്ദുശീർഷം ലജ്ജകൊണ്ടു താണുപോയി. എന്തുകൊണ്ടെന്നാൽ മനുഷ്യരെന്ന നിലയ്ക്ക് ഈ അവശതകളെല്ലാമുണ്ടെങ്കിലും സവർണർ കൊടുക്കുന്ന അതേ തോതിൽ സ്റ്റേററിനു നികുതികൊടുക്കുന്ന കാര്യത്തിൽ ഇവരെ ഒഴിവാക്കിയിട്ടില്ലെന്നു ഓക്കണം. അതിനാൽ, എന്റെ അഭിപ്രായത്തിൽ സ്വന്തം മതത്തെപ്പററി അൽപ്പമെങ്കിലും ശ്രദ്ധയുള്ള ഹിന്ദുക്കളെല്ലാവരും ജീവിതാർപ്പണം ചെയ്യേണ്ടതായ ഒരു കാര്യമാണിത്.

## സി. മനുഷ്യനെ മൃഗമാക്കുന്ന അയിത്തം

4

ഏറെനാളായി നീട്ടിവച്ചുകൊണ്ടിരുന്ന ഒറീസ്സാ സന്ദർശനം കടുത്ത ദുഃഖത്തിന്റെയും അപമാനത്തിന്റെയും ചഷകം നിറയ്ക്കു

3. Young India, 20–10–1927 (The Removal of Untouchability, p. 174)

* ആലപ്പുഴയിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽനിന്ന്.

4. Young India, 22–12–1927 (The Removal of Untouchability, pp. 197-198)

digitized by www .sreyas.in

വാൻ ഇടയാക്കിയിരിക്കുന്നു. ഏററവും അടുത്ത തീവണ്ടിയാപ്പീസിൽനിന്നു മുപ്പത്തിയൊന്നു നാഴിക അകലെ കിടക്കുന്ന ബോറംഗാറിൽ ഈ മാസം 11—ാം തീയതി ഞാൻ ദീനബന്ധു ആൻഡ്രൂസൊന്നിച്ചിരുന്നു സംസാരിക്കുമ്പോഴാണ് നടു പ്രകൃതിവളഞ്ഞ ഒരു മനുഷ്യൻ വൃത്തികെട്ട ഒരു തുണിക്കഷണം മാത്രം ചുററി ഞങ്ങളുടെ മുമ്പിൽ ഇഴഞ്ഞുകൊണ്ടെത്തിയത്. അയാറം ഒരു വൈക്കോൽ കൊടിയെടുത്തു വായിലിട്ട്, കൈകറം നീട്ടി കമിഴ്ന്നുകിടന്നു, വീണ്ടും എഴുന്നേററു്, കൈകറംകൂപ്പി നമസ്കരിച്ച്, വൈക്കോൽകൊടിയെടുത്തു തലയിൽ തിരുകി പോകാനുള്ള ഭാവമായി. ഈ രംഗം കണ്ടുകൊണ്ടിരിക്കെ വേദനകൊണ്ടു ഞാൻ പിടയുകയായിരുന്നു. അയാളുടെ ആ വിദ്യകറം കഴിഞ്ഞ ഉടനെ ഞാൻ അയാളെ അടുത്തുവരുത്തി ഒരു തർജ്ജമക്കാരനെ വിളിച്ച് അയാളോടു സംസാരിക്കാൻ തുടങ്ങി. അയാറം ആറുനാഴിക അകലെ താമസിക്കുന്ന ഒരയിത്തക്കാരനാണ്. ബോറംഗാറിൽ വിറകുവിൽക്കാൻ വന്നപ്പോറം ഞാനിവിടെയുണ്ടെന്നു കേട്ട് എന്നെ കാണാൻ വന്നതാണ്. എന്തിനാണ് വായിൽ വൈക്കോലിട്ടതെന്നു ചോദിച്ചപ്പോറം, എന്നെ ബഹുമാനിക്കാനാണെന്നു പറഞ്ഞു. ലജ്ജകൊണ്ടു ഞാൻ തല താഴ്ത്തി. ആ ബഹുമതിയുടെ വില എനിക്കു ദുർവഹമായിത്തോന്നി. എൻെറ ഹിന്ദുത്വം വല്ലാതെ വ്രണിതമായി. ഞാൻ അവനോട് എന്തെങ്കിലും സംഭാവന ആവശ്യപ്പെട്ടു. അരയിൽ ചെമ്പുനാണ്യം വല്ലതുമുണ്ടോ എന്ന് അവൻ തപ്പിനോക്കി. 'നിങ്ങളുടെ കാശെനിക്കു വേണ്ട. അതിലും നല്ലതെന്തെങ്കിലും വേണം' ഞാൻ പറഞ്ഞു. 'ഞാൻ തരാം' അവൻ മറുപടി പറഞ്ഞു. അവൻ കുടിക്കാറുണ്ടെന്നും ചത്ത ജന്തുക്കളുടെ ഇറച്ചി ആചാരമനുസരിച്ചു തിന്നാറുണ്ടെന്നും ഞാൻ ചോദിച്ചറിഞ്ഞു.

'നിങ്ങറം എനിക്കു തരണമെന്നു ഞാൻ ആഗ്രഹിക്കുന്ന സംഭാവന ഈ ഭൂമിയിൽ ആക്കുവേണ്ടിയും വായിൽ വൈക്കോലിടുകയില്ലെന്ന വാഗ്ദാനമാണ്; അതു മനുഷ്യൻെറ അന്തസ്സിനു ചേർന്നതല്ല; ഇനിയൊരിക്കലും കുടിക്കുകയില്ലെന്നു വാഗ്ദാനംചെയ്യണം. കുടി മനുഷ്യനെ മൃഗത്തിൻെറ നിലയിലേക്കു താഴ്ത്തുന്നു; ചത്ത ജന്തുക്കളുടെ ഇറച്ചി തിന്നുകയില്ലെന്നും വാഗ്ദാനംചെയ്യണം; അതു ഹിന്ദുമതത്തിനു വിരുദ്ധമാണ്; പരിഷ്കൃതനായ ഒരൊററ മനുഷ്യനും ചത്ത ജന്തുവിൻെറ ഇറച്ചി തിന്നുകയില്ല.'

'എന്നാൽ ഞാൻ കുടിക്കാതിരിക്കുകയും ചത്ത ജന്തുവിൻെറ ഇറച്ചി തിന്നാതിരിക്കുകയും ചെയ്താൽ എൻെറ ജാതിക്കാർ എന്നെ സമുദായത്തിൽനിന്നു പുറത്താക്കും' ആ സാധു പറഞ്ഞു.

'അങ്ങനെയാണെങ്കിൽ ആ സമുദായബഹിഷ്കരണം സഹിക്കു, വേണ്ടിവന്നാൽ ആ ഗ്രാമം വിട്ടു പോകു.'

digitized by www .sreyas.in

മർദിതനായ ആ സാധു ആ വാഗ്ദാനം ചെയ്യു. അവൻ അതനു സരിച്ചു പ്രവർത്തിച്ചാൽ ആ മൂന്നു ദാനങ്ങൾ ഉദാരശീലരായ ഈ രാജ്യക്കാർ എന്നെ ഏൽപ്പിക്കുന്ന പണത്തേക്കാൾ വിലപ്പെട്ടതായിരിക്കും.

ഈ അയിത്തം നമ്മുടെ ഏററവും വലിയ അപമാനമാണ്. അതുകൊണ്ടുള്ള മാനഹാനിഅധികമധികം വേരൂന്നിവരികയാണ്.

## 5

ഹരിജനങ്ങളുടെ ഭാഗ്യംകെട്ട തലയിൽ എന്തൊക്കെ അപരാധമാണു നാം വാരിക്കൂട്ടിയിട്ടുള്ളതെന്ന് ഓർക്കുന്നതു നന്ന്. സമുദായദൃഷ്ട്യാ അവർ മഹാരോഗികളാണ്. സാമ്പത്തികമായി അവർ അടിമകളേക്കാൾ പാവങ്ങളാണ്. മതപരമായിട്ടാകട്ടെ നാം 'ഈശ്വരമന്ദിരങ്ങൾ' എന്നു തെററായി വിളിക്കുന്ന സ്ഥലങ്ങളിൽ അവർക്കു പ്രവേശനം നിഷേധിച്ചിരിക്കുന്നു. പൊതുറോഡുകളും, പൊതു വിദ്യാലയങ്ങളും, പൊതുവായ ആശുപത്രികളും, പൊതു കിണറുകളും, പൊതുടാപ്പുകളും, പൊതുസ്ഥലങ്ങളും മററും സവർണ ഹിന്ദുക്കൾ ഉപയോഗിക്കുന്ന രീതിയിൽ അവർക്ക് ഉപയോഗിക്കാൻ പാടില്ല. ചില ദിക്കിൽ അവർ നിശ്ചിത അകലംവിട്ട് അടുത്തുവരുന്നതു സമുദായദൃഷ്ട്യാ കുററകരമാണ്, മററു ചുരുക്കം ചിലയിടത്ത് അവരെ കാണുന്നതുപോലും പാപമാണ്. താമസത്തിനു നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഏററവും ചീത്ത ഭാഗങ്ങളിലേക്കാണു അവരെതള്ളിവിട്ടിരിക്കുന്നത്; അവിടെ യാതൊരു ജീവിതസൗകര്യങ്ങളും അവക്കില്ല. സവർണ്ണഹിന്ദുവക്കീൽമാരും ഡോക്ടർമാരും സമുദായത്തിലെ മററംഗങ്ങളെയെന്നപോലെ അവരെ സേവിക്കുകയില്ല. അവരുടെ മതകർമങ്ങളിൽ ബ്രാഹ്മണർ പൗരോഹിത്യം നടത്തുകയില്ല. അവർ വല്ലപാടും ജീവിക്കുന്നുവെന്നതാണ് അഥവാ അവരിപ്പോഴും ഹിന്ദുസമുദായത്തിൽത്തന്നെ നിലനില്ക്കുന്നുവെന്നതാണ് ആശ്ചര്യം. തങ്ങളെ മർദിക്കുന്നവരുടെ നേരെ അക്രമത്തിനു മുതിരാൻ കഴിയാത്തവണ്ണം അത്രയേറെ ചവിട്ടിമെതിക്കപ്പെട്ടവരാണ് അവർ. സങ്കടകരങ്ങളും ലജ്ജാവഹങ്ങളുമായ ഈ പരമാർത്ഥങ്ങളെല്ലാമൊക്കെ ഞാനിവിടെ പറഞ്ഞതു യറവ്ദാസന്ധിയുടെ ആന്തരാർത്ഥങ്ങൾ പ്രവർത്തകർ വ്യക്തമായി മനസ്സിലാക്കാൻ വേണ്ടിയാണ്. അശ്രാന്തപരിശ്രമത്തിനുമാത്രമേ ഈ മർദിതസഹോദരരെ അധഃപതനത്തിൽനിന്നു സമുദ്ധരിക്കുവാനും ഹിന്ദുമതത്തെ ശുദ്ധീകരിക്കുവാനും ഹിന്ദുസമുദായത്തെ മുഴുവനും അതോടൊന്നിച്ച് ഇന്ത്യയെയും ഉദ്ധരിക്കുവാനും കഴിയൂ.

---

5. My Soul's Agony, 5-11-1932 (The Removal of Untouchability, p. 176)

digitized by www .sreyas.in

## ഡി. നഗരപ്രാന്തങ്ങളിലെ തോട്ടികൾ

6

ബോംബെയുടെ നഗരോപാന്തമായ വിലെപാർളിയിൽ മററു പലക്കം പുറമേ പണക്കാരായ ഹിന്ദുക്കളും താമസിക്കുന്നുണ്ട്. ആ നഗരോപാന്തത്തിൽ ഏതാണ്ട 1,700 വീടുകളുണ്ട്. മുനിസിപ്പാലിററിയുടെ വരുമാനം 70,000 രൂപയാണു്. ഇതിൽ 31,000 രൂ. ശുചീകരണത്തിനാണു ചെലവാകുന്നതു്. തോട്ടികൾ താമസിക്കുന്നതു റോഡുകളും വെള്ളംകിട്ടാനുള്ള ഏർപ്പാടുകളും ശുചീകരണസൗകര്യങ്ങളും ഇല്ലാത്ത ദിക്കുകളിലാണു്. ആ പ്രദേശംതന്നെ താണനിരപ്പിലുള്ളതാണു്. ഒരുകാലത്തു ശുചീകരണപ്പണികൾക്കു് ഉപയോഗിച്ചിരുന്ന കീറിപ്പൊളിഞ്ഞ തകരപ്പലകകൾകൊണ്ടുണ്ടാക്കിയ ചെററപ്പുരകളാണു് അവരുടെ കുടിലുകൾ. വിളക്കു കത്തിക്കലില്ല. തൊട്ടടുത്താണു നഗരത്തിലെ മലിനവസ്തുക്കൾ കൊണ്ടുവന്നിടുന്ന സ്ഥലം; ദുർഗന്ധമാണു് ഇവിടെനിന്നു സദാ വരുന്നതു്. അതിനടുത്തുള്ളതു മലം കയററുന്ന ലോറികൾ സൂക്ഷിക്കാനുള്ള സ്ഥലമാണു്. ഇതിനോടു ചേർന്നു വൃത്തികെട്ട ടിന്നുകൾ കഴുകാനുള്ള ഒരു പൈപ്പുണ്ടു്; ഓവർസിയർക്കു സന്മനസ്സുണ്ടെങ്കിൽ, ഈ പൈപ്പിൽനിന്നു വെള്ളമെടുക്കാൻ അദ്ദേഹം തോട്ടികളെ അനുവദിക്കും. വീട്ടുടമകളുടെ കക്കൂസുകളിൽനിന്നെടുത്ത പാട്ടകൾ നിറച്ച വണ്ടികളുടെ ഒരു വരിയാണു മറുവശത്തു്. ഈ ചുററുപാടുകളിലാണു തോട്ടികൾ കഴിഞ്ഞുകൂടേണ്ടതു്. പലപ്പോഴും വെള്ളം കെട്ടിനിൽക്കുന്നതും കൊതുകുകൾ നിറഞ്ഞതും തേളുകളുടെയും പാമ്പുകളുടെയും എലികളുടെയും താവളവുമായ വയലുകളാണു ഈ സ്ഥലത്തിനു ചുററും. മുപ്പത്തൊന്നു കുടുംബങ്ങൾ ഈ ചുററുപാടിൽ ജീവിക്കുന്നുണ്ടു്. മുപ്പത്തിയഞ്ചു പുരുഷന്മാർ, ഇരുപത്തിയഞ്ചു സ്ത്രീകൾ, മുപ്പത്തിനാലു ആൺകുട്ടികൾ, പതിനഞ്ചു പെൺകുട്ടികൾ—ഇത്രയും അവരുടെ കൂട്ടത്തിലുണ്ടു്. ഈ നൂററിയൊമ്പതുപേരിൽ ഒമ്പതു കുട്ടികൾക്കേ കഷ്ടിച്ചു എഴുതാനും വായിക്കാനും അറിയാവൂ. മററുള്ളവർ തീരെ അക്ഷരജ്ഞാനവിഹീനരാണു്.

ആ നഗരോപാന്തത്തിൽ താമസിക്കുന്നവർക്കു തങ്ങളുടെ ഈ സഹോദരന്മാരെപ്പററി വല്ല ആലോചനയുമുണ്ടായിരുന്നെങ്കിൽ, വെള്ളവും വെളിച്ചവും നഗരജീവിതത്തിലെ മറെറല്ലാ സൗകര്യങ്ങളുമുള്ള അന്തസ്സുററ പ്രദേശത്തു അന്തസ്സുററ വീടുകൾ ഇവക്കു ഉണ്ടാക്കിക്കൊടുക്കാൻ അവക്കു കഴിയും. സനാതനികൾക്കും പരിഷ്കൃത്താക്കൾക്കും പററിയ പണി ഇവിടെയുണ്ടു്. വിലെപാർളി മുനിസിപ്പാലിററിക്കു 70,000 രൂപ വരുമാനമേയുള്ളുവെന്നും ഇതിൽ നല്ലൊരു

6. My Soul's Agony, 17–11–1932 (The Removal of Untouchability. p. 180)

digitized by www .sreyas.in

ഭാഗം, 31,000 രൂപ, ശുചീകരണാവശ്യത്തിനുവേണ്ടി ചെലവാക്കുന്നുണ്ടെന്നും പറഞ്ഞാൽ എന്റെ പരാതിക്ക് ഉത്തരമായില്ല. സമുദായത്തിന് ഉപയോഗപ്രദമായ സേവനം ചെയ്യുന്ന ഇവർക്കുവേണ്ടി പ്രത്യേക നികുതി കൊടുക്കാൻതക്ക ധനസ്ഥിതിയുള്ളവരാണു വിലെപാർളി നിവാസികളെന്നു എനിക്കറിയാം; പക്ഷേ, അതിനു കാലതാമസം വരുമെന്നാണു തോന്നുന്നത്. ഒരൊററ ദിവസംകൊണ്ടു വേണ്ടത്ര പണം പിരിച്ചുണ്ടാക്കി ഈ തോട്ടികൾക്കു നല്ല വീടുകളും മററു സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതു് അവിടെ താമസിക്കുന്ന ഹിന്ദുക്കളുടെ കർത്തവ്യമാണ്. അവർ അപ്രകാരം ചെയ്യുകിൽ അതു തങ്ങളുടെ സഹോദരന്മാർക്കുവേണ്ടി നിറവേററപ്പെട്ട ലഘുവായ ഒരു കടമയുടെ വിളംബിതമായ നിർവഹണമേ ആവുകയുള്ളൂ. അവർ ഇതു ചെയ്തുകഴിഞ്ഞാൽ തോട്ടികൾക്കു താരതമ്യേന സുഖമായി ജീവിക്കാൻ കഴിവുണ്ടാക്കുന്നതിനു കൊല്ലംതോറും തീർച്ചയായും വേണ്ടിവരുന്ന അധികച്ചെലവിന്റെ ഭാരം വഹിക്കാൻ മുനിസിപ്പാലിററിയോടു് ആവശ്യപ്പെടുന്നതിൽ അർത്ഥമുണ്ടാകും.

## 7

വാല്മീകി എന്നതു ഭംഗി(തോട്ടി)ക്കു പകരം ഉപയോഗിക്കുന്ന ഒരു വാക്കാണെന്നു വായനക്കാർ അറിഞ്ഞിരിക്കേണ്ടതാണ്. സിംലയിലെ അവരുടെ പാർപ്പിടങ്ങൾ ശോചനീയങ്ങളാണ്. അവരെപ്പററി ആർക്കും ഒരു ചിന്തയുമില്ല. അവിടത്തെ സ്ഥിതി നേരിട്ടു കാണുവാൻ എനിക്കു കഴിവില്ല; എങ്കിലും എന്നോടുകൂടെ താമസിക്കുന്ന ബാദ്ഷാഖാനോടു് അങ്ങോട്ടുപോകാൻ ഞാൻ അപേക്ഷിച്ചു. അവരുടെ കടിലുകളെപ്പററി ദയനീയമായ ഒരു റിപ്പോർട്ടാണു് അദ്ദേഹം എനിക്കു തന്നിരിക്കുന്നതു്. ചില വാല്മീകിമാർ എന്നെ കാണാൻ വന്നു; മററു പരാതികളും അവർ എന്റെ മുമ്പാകെ വച്ചിട്ടുണ്ട്. ആദ്യം അവരുടെ പാർപ്പിടങ്ങൾ മാററിപ്പണിചെയ്താൽ അവരുടെ മററു പരാതികൾ തീരുമെന്നാണു് എനിക്കു തോന്നുന്നതു്. കഴിയുന്നതുംവേഗം തങ്ങളുടെ ഇടയിൽനിന്നു് ഈ ദുഃസ്ഥിതി നീക്കംചെയ്യേണ്ടതു സിംലയിലെ പൊതുജനങ്ങളുടെയും മുനിസിപ്പാലിററിയുടെയും ഒഴിച്ചുകൂടാത്ത കടമയാണ്. തങ്ങളുടെ കൂട്ടത്തിൽവച്ചു ശുചിത്വം ഏററവും കുറഞ്ഞവരേക്കാൾ കൂടുതൽ ശുചിത്വമുള്ളവരാവാൻ അവർക്കു സാധ്യമല്ല.

---

7. Harijan, 19-5-1946 (The Removal of Untouchability, p. 224)

digitized by www .sreyas.in

# III

## മതസമ്മതി

### എ. ശാസ്ത്രങ്ങളുടെ സാരം

1

അയിത്തം മതത്തിന്റെ ഒരു ശാസനയല്ല, പിശാചിന്റെ തന്ത്രമാണ്. പിശാച് എന്നും വേദവാക്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. പക്ഷേ, മതഗ്രന്ഥങ്ങൾ യുക്തിയെയും സത്യത്തെയും ഉല്ലംഘിച്ചുകൂടാ. അവ യുക്തിയെ ശുദ്ധമാക്കാനും സത്യത്തെ പ്രശോഭിപ്പിക്കുവാനുമുള്ളവയാണ്. വേദങ്ങൾ ഉപദേശിക്കുകയോ, അനുവദിക്കയോ, അനുശാസിക്കുകയോ ചെയ്തിട്ടുണ്ടെന്ന കാരണത്താൽ കളങ്കമില്ലാത്ത ഒരു കുതിരയെപ്പിടിച്ചു ഹോമിക്കാൻ ഞാൻ ഒരുക്കമില്ല. എന്നെ സംബന്ധിച്ചിടത്തോളം വേദങ്ങൾ ദൈവികങ്ങളും അലിഖിതങ്ങളുമാണ്; 'അക്ഷരം കൊല്ലുന്നു.' ആന്തരാർത്ഥമാണു പ്രകാശം നൽകുന്നതു്. ശുദ്ധിയും സത്യവും നിഷ്കളങ്കതയും ചാരിത്ര്യശുദ്ധിയും വിനയവും ശാലീനതയും ക്ഷമയും ഈശ്വരവിചാരവും സ്ത്രീയെയോ പുരുഷനെയോ വിശിഷ്ടനും ധീരനുമാക്കുന്ന മറെറാക്കെയുമാണു വേദസാരം. ഈ രാജ്യത്തിലെ നല്ലവരും മിണ്ടാപ്രാണികളുമായ തോട്ടികളെ, നാം ആട്ടിയോടിച്ചു മുഖത്തു തുപ്പുന്ന പട്ടികളേക്കാൾ മോശമായ നിലയിൽ കരുതുന്നതിൽ ശ്രേഷ്ഠതയോ ധീരതയോ ഇല്ല.

2

ശാസ്ത്രങ്ങളുടെ വ്യാഖ്യാനത്തെക്കുറിച്ചു വാദപ്രതിവാദത്തിൽ ഏർപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഭാഗവതത്തിൽനിന്നോ മനുസ്മൃതിയിൽനിന്നോ പ്രമാണങ്ങൾ ഉദ്ധരിച്ച് എന്റെ വാദം സ്ഥാപിക്കുവാൻ എനിക്കു പ്രയാസമാണ്. എങ്കിലും ഹിന്ദുമതത്തിന്റെ സാരം ഞാൻ ധരിച്ചിട്ടുണ്ടെന്നു് ഞാൻ അവകാശപ്പെടുന്നു.

3

മനുഷ്യന്റെ 'കർമ്മമാണ്' അവന്റെ സ്ഥിതിക്കു കാരണമെന്നു പറയപ്പെടുന്നു. പക്ഷേ, എന്റെ കർമ്മം പാപിയുടെ നേരെ കല്ലെറിയുവാൻ എന്നെ നിർബന്ധിക്കുന്നില്ല. മതം മനുഷ്യനെ സമുദ്ധരിക്കുവാനുള്ളതാണ്, അവനെ സ്വന്തം കർമ്മത്തിന്റെ ചുവട്ടിലിട്ടു

1. Young India, 19-1-1921 (The Removal of Untouchability, p. 19)
2. Young India, 27-4-1921 (The Removal of Untouehability, p.19)
3. Young India, 22-9-1921 (The Removal of Untouchability, p.21)

digitized by www .sreyas.in

ചതയ്ക്കുവാനുള്ളതല്ല. താണജാതിയിൽ ജനിച്ച ഒരുവനെ നരകത്തിലേക്കു തള്ളിവിടുന്നതു മഹത്തായ കർമസിദ്ധാന്തത്തെ വ്യഭിചരിപ്പിക്കലാണ്. ഒരു മുക്കുവനാൽ സൽക്കരിക്കപ്പെടുന്നതു ഭാഗ്യമായി രാമൻ കരുതി.

4

അയിത്തത്തോട് ഇണങ്ങുവാൻ എനിക്കൊരിക്കലും സാധിച്ചിട്ടില്ല. അതു ഹിന്ദുമതത്തിലെ ഇത്തിക്കണ്ണിയാണെന്നാണു ഞാൻ എന്നും കരുതിപ്പോന്നിട്ടുള്ളതു്. അതു വളരെ തലമുറകളിലൂടെ കൈവന്നതാണെന്നതു ശരിതന്നെ; പക്ഷേ, ഇന്നുമുള്ള പല ദുരാചാരങ്ങളും അങ്ങനെതന്നെയാണ്.

എന്റെ ഈ സിദ്ധാന്തം ശരിയാണെങ്കിലാകട്ടെ; അല്ലെങ്കിലാകട്ടെ അയിത്തം യുക്തിക്കും, ദയ, അനുതാപം അഥവാ പ്രേമം എന്നീ ജന്മസിദ്ധവാസനകൾക്കും യോജിക്കാത്തതാണ്. പശുവിനെ പൂജിക്കണമെന്നു നിശ്ചയിക്കുന്ന ഒരു മതം മനുഷ്യനെ മനുഷ്യോചിതമല്ലാത്ത വിധം ബഹിഷ്കരിക്കുന്നതിനെ അനുവദിക്കുകയോ, അങ്ങനെ ചെയ്യണമെന്നാവശ്യപ്പെടുകയോ ചെയ്യാൻ തരമില്ല. മർദിതജാതികളെ വെടിയുന്നതിനേക്കാൾ ഞാൻ പിച്ചിച്ചീന്തപ്പെടുന്നതാണ് എനിക്കിഷ്ടം.

## ബി. അയിത്തവും ശുചിത്വവും

5

എല്ലാ വർഗവ്യത്യാസങ്ങളും നശിപ്പിക്കപ്പെടാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. കൃഷ്ണഭഗവാൻ ഗീതയിൽ ഉപദേശിച്ചതരത്തിലുള്ള സമത്വസിദ്ധാന്തത്തിൽ ഞാൻ വിശ്വസിക്കുന്നു. നാലു വർണങ്ങളിലെ അംഗങ്ങളെയും തുല്യനിലയിൽ കരുതണമെന്നു ഗീത ഉപദേശിക്കുന്നു, ഭംഗി(തോട്ടി)ക്കെന്നപോലെ ബ്രാഹ്മണനും ഒരേ ധർമ്മമല്ല അതു വിധിച്ചിട്ടുള്ളതു്. എങ്കിലും മികച്ച ജ്ഞാനമുള്ള ബ്രാഹ്മണനു കിട്ടുന്ന അതേ ദാക്ഷിണ്യത്തിനും ബഹുമാനത്തിനും, ഭംഗിക്കും അവകാശമുണ്ടായിരിക്കണമെന്ന് അതു് ഊന്നിപ്പറയുന്നു.

എന്റെ നില ഞാൻ തികച്ചും വ്യക്തമാക്കട്ടെ. ഇന്നു നിലനില്ക്കുന്ന മട്ടിലുള്ള അയിത്തസമ്പ്രദായത്തിനു ഹിന്ദുമതത്തിന്റെ പിൻബലമില്ലെന്നു ഞാൻ വിശ്വസിക്കുന്നുവെങ്കിലും, ഹിന്ദുമതം പരിമിതാർത്ഥത്തിലും ചില ചുററുപാടുകളിലും അയിത്തം അനുവദി

4. Young India, 6-10-1921(The Removal of Untouchability, p. 22)
5. Young India, 22-1--1925 (The Removal of Untouchability, p. 26)

digitized by www .sreyas.in

കകതന്നെ ചെയ്യുന്നുണ്ട്. ഉദാഹരണത്തിനു്, എന്റെ അമ്മ മലിന സാധനങ്ങളെടുത്തു പെരുമാറുന്ന ഓരോ അവസരത്തിലും തൽക്കാലത്തേക്ക അവർ അയിത്തക്കാരിയായിത്തീരുന്നു; അപ്പോഴൊക്കെ കുളിച്ചു ശുദ്ധമാവുകയും വേണം. ജന്മംകൊണ്ടു് ഏതെങ്കിലും സ്ത്രീയോ പുരുഷനോ അയിത്തമുള്ളവരായി കരുതപ്പെടാമെന്നു വിശ്വസിക്കുവാൻ ഒരു വൈഷ്ണവനെന്ന നിലയിൽ ഞാൻ തയ്യാറില്ല. മതം അനുവദിക്കുന്ന അയിത്തമാകട്ടെ താൽക്കാലികവും എളുപ്പത്തിൽ തീർക്കാവുന്നതുമാണു്; അതിനു ബന്ധം കർത്താവിനോടല്ല കർമ്മത്തോടാണു്. അതും പോരാ. നാം കുട്ടികളായിരിക്കുന്നകാലത്തു് അമ്മ ചെയ്തുതരുന്ന ശുചീകരണസേവനങ്ങൾക്ക നാം അവരെ വന്ദിക്കുന്നതുപോലെ—അവരുടെ സേവനം എത്ര അധികമാണോ അത്രയധികമാണു നമ്മുടെ വന്ദനം—സമുദായത്തിനുവേണ്ടി ഭംഗികൂടം ചെയ്യുന്ന ശുചീകരണസേവനം മുൻനിർത്തി, നമ്മുടെ ഏറ്റവും ഉൽകൃഷ്ടമായ വന്ദനം ലഭിക്കുവാൻ അവർക്കവകാശമുണ്ടു്.

6

ഞാൻ അക്ഷരത്തിന്മേൽ പിടിച്ചുതൂങ്ങുന്ന ഒരുവനല്ല. അതിനാൽ ലോകത്തിലെ വിവിധ മതഗ്രന്ഥങ്ങളുടെ സാരം ഗ്രഹിക്കുവാൻ ഞാൻ ശ്രമിക്കുന്നു. ഇതേ മതഗ്രന്ഥങ്ങൾ വിധിച്ച സത്യത്തെയും അഹിംസയെയും അടിസ്ഥാനമാക്കിയാണു ഞാൻ വ്യാഖ്യാനിക്കുന്നതു്. അവയോടു യോജിക്കാത്തതെല്ലാം ഞാൻ നിരസിക്കുന്നു; യോജിക്കുന്നതെല്ലാം സ്വീകരിക്കുകയും ചെയ്യുന്നു. വേദങ്ങൾ പഠിക്കാൻ ധൈര്യപ്പെട്ടതിനു് ഒരു ശൂദ്രനെ രാമചന്ദ്രൻ ശിക്ഷിച്ചുവെന്ന കഥ പ്രക്ഷിപ്തമെന്ന നിലയിൽ ഞാൻ നിരസിക്കുന്നു. ശൂദ്രർ വേദം പഠിക്കാൻ പാടില്ലെന്ന നിശ്ചയത്തോടു യോജിക്കുവാൻ എനിക്ക സാധ്യമല്ല. എന്റെ അഭിപ്രായത്തിൽ ഇന്നു നമ്മളെല്ലാം മിക്കവാറും ശൂദ്രരാണു്, അടിമകളാകകൊണ്ടു്.

7

*എന്നാൽ ഞാൻ മററുപലയിടത്തും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ ഹിന്ദുമതം യഥാർത്ഥത്തിൽ അയിത്തം അനുവദിക്കുന്നുണ്ടെന്നു കണ്ടാൽ ഹിന്ദുമതത്തെത്തന്നെ നിരാകരിക്കുവാൻ ഞാൻ മടിക്കില്ല. എന്തുകൊണ്ടെന്നാൽ മതം ആ പേർ അർഹിക്കുന്നതാകണമെങ്കിൽ നീതിയുടെയും സദാചാരത്തിന്റെയും മൗലികതത്ത്വങ്ങൾക്ക യോജിച്ചതായിരിക്കണമെന്നു ഞാൻ വിശ്വസിക്കുന്നു.

---

6. Young India, 27-8-1925 (The Removal of Untouchability, p.27)
7. Young India, 20-10-1927 (The Removal of Untouchability, p,18)
* തിരുവനന്തപുരത്തുവച്ചു ചെയ്ത ഒരു പ്രസംഗത്തിൽനിന്നു്.

digitized by www .sreyas.in

എന്നാൽ അയിത്തം ഹിന്ദുമതത്തിന്റെ ഭാഗമല്ലെന്നു വിശ്വസിക്കുന്നതുകൊണ്ടു ഞാൻ ഹിന്ദുമതത്തെ മുറുകെപ്പിടിക്കുന്നു; എങ്കിലും ഈ ഘോരാപരാധം ദിവസേന എനിക്കു് അധികമധികം അസഹ്യമായിത്തീർന്നുകൊണ്ടിരിക്കുകയാണു്.

8

എങ്കിലും കാലധർമ്മത്തിന്റെ പ്രവർത്തനം നിമിത്തം നമ്മുടെ ഇഷ്ടത്തിനെതിരായി കാര്യങ്ങൾ ചെയ്യാൻ നാം നിർബന്ധരായിത്തീരുകയും ഹരിജനങ്ങൾ സ്വശക്തികൊണ്ടുമാത്രം സ്വന്തംകാലിൽ നിൽക്കാൻ പ്രാപ്തരാകേണ്ടിവരികയും ചെയ്താൽ അതു ഹിന്ദുമതത്തിനോ ഹിന്ദുക്കൾക്കോ ഭൂഷണമാവുകയില്ല. ഒരിക്കൂടി മുന്നോട്ടുവച്ചു ഞാൻ പറയുന്നു, ഈ പരീക്ഷയിൽ നാം തോററാൽ ഹിന്ദുമതവും ഹിന്ദുക്കളും നശിക്കുമെന്നു്.

## സി. സ്മൃതികളുടെ സാധുത

9

ഒരു ലേഖകൻ എഴുതുന്നു:

'....അയിത്തക്കാർ ഹിന്ദുക്കളുടെ ഒരു വിഭാഗമാണെന്നു് അങ്ങു യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ, ഹിന്ദുക്കൾ പാവനമായി കരുതുന്ന മനുസ്മൃതിയിലെ താഴെച്ചേർക്കുന്ന ശ്ലോകങ്ങളുടെ അർത്ഥമൊന്നു വ്യക്തമാക്കാമോ?

'ഒരു മാന്യൻ ചെയ്യുന്ന എന്തെങ്കിലും തൊഴിൽ ഏതെങ്കിലും പഞ്ചമൻ ചെയ്തു ധനവാനായാൽ, അവന്റെ ധനം അപഹരിച്ചു അവനെ രാജ്യത്തിൽനിന്നു ഓടിക്കണം. മനുസ്മൃതി, 10–96.

ശൂദ്രനെ വിദ്യ അഭ്യസിപ്പിക്കുന്നവൻ ശൂദ്രനോടുകൂടി നരകം പ്രാപിക്കും. ഒരു ബ്രാഹ്മണനു വേദോപദേശം ചെയ്യുന്ന ശൂദ്രന്റെ വായിലും ചെവിയിലും തിളച്ച എണ്ണ ഒഴിക്കണം. മനുസ്മൃതി, 14–89.

ഉറക്കെ സംസാരിക്കുന്ന ശൂദ്രനെ ചുട്ടുപഴുത്ത ഇരുമ്പുകമ്പികൊണ്ടു ചുട്ടുവയ്ക്കണം. ബ്രാഹ്മണന്റെയോ ക്ഷത്രിയന്റെയോ വൈശ്യന്റെനോ ഒപ്പമിരിക്കുന്ന ശൂദ്രനെ ചുട്ടുപഴുത്ത ഇരുമ്പുകൊണ്ടു പൊള്ളിക്കണം. മനുസ്മൃതി, 8–276, 8–271.'

ഈ ഗ്രന്ഥം പുണ്യമായി കരുതുവാനും അതിലെ വിധികളനുസരിച്ചു പ്രവർത്തിക്കാനും ഹിന്ദുക്കൾ നിയുക്തരാണു്. ഈ

8. Harijan, 5–1–1934 (The Removal of Untouchability, p. 35)
9. Harijan, 6–4–1934 (The Removal of Untouchability, pp.35–37)

digitized by www .sreyas.in

ഗ്രന്ഥം പുണ്യമല്ലെന്ന അങ്ങ് കരുതുന്നവെങ്കിൽ എന്തുകൊണ്ട് ആ കാര്യം തുറന്നു പറഞ്ഞ്, ഗാന്ധിസ്മൃതി എന്ന പേരിൽ ഒരു പുതിയ വിധി പുറപ്പെടുവിക്കുന്നില്ല?....'

മറുപടിയായി ഗാന്ധിജി എഴുതി:

'ഈ ലേഖകൻെറ ചോദ്യം വളരെ ഉചിതമാണ്. മുടങ്ങാതെ 'ഹരിജൻ' വായിക്കുന്ന ആളായിരുന്നുവെങ്കിൽ അങ്ങനെ ശാസ്ത്രങ്ങളെക്കുറിച്ചുള്ള എൻെറ നിർവചനം അറിഞ്ഞിരുന്നുവെങ്കിൽ അദ്ദേഹം എന്നോട് ഇതു ചോദിക്കുമായിരുന്നില്ലെന്നുമാത്രം. മനസ്മൃതി എന്ന ഗ്രന്ഥത്തിൽ അച്ചടിച്ച ഓരോ ശ്ലോകവുംപിടിച്ച ഞാൻ ശപഥംചെയ്യുന്നു എന്ന് അതിനർത്ഥമില്ല. അച്ചടിച്ച പുസ്തകത്തിൽ പരസ്പരവിരുദ്ധങ്ങളായ ഭാഗങ്ങൾ വളരെയുണ്ട്; തന്നിമിത്തം, ഒരു ഭാഗം സ്വീകരിച്ചാൽ അതിനോട് തീരെ യോജിക്കാത്ത മററു ഭാഗങ്ങൾ ഉപേക്ഷിക്കേണ്ടതായിവരും. മനസ്മൃതി ഒരു മതഗ്രന്ഥമായി ഞാൻ കരുതുന്നതു് അതിൽ ശ്രേഷ്ഠോപദേശങ്ങൾ ഉള്ളതുകൊണ്ടാണ്. ലേഖകൻ ഉദ്ധരിച്ച ശ്ലോകങ്ങൾ അതിലെ പ്രധാന ആശയത്തിൻെറ സാരത്തിനു പാടേ വിരുദ്ധമാണ്. ആദ്യത്തെ രൂപത്തിലുള്ള ഗ്രന്ഥം ഇന്ന് ആരുടെയും പക്കലില്ലെന്നു ലേഖകൻ അറിഞ്ഞിരിക്കേണ്ടതാണ്. മനു എന്നു പേരായ ഒരു ഋഷി എന്നെങ്കിലും ഉണ്ടായിരുന്നുവെന്നതിനുതന്നെ തെളിവില്ല. ഹിന്ദുമതത്തിൻെറ ആന്തരപ്രഭാവം, മഹത്തരങ്ങളായ സത്യങ്ങൾ എഴുതിയവരെ അഥവാ പ്രവചിച്ചവരെ സ്വയം മറഞ്ഞുനിൽക്കാൻ എങ്ങനെയോ പ്രേരിപ്പിച്ചിരിക്കുന്നു. അതുകൊണ്ട ശാസ്ത്രാഭ്യസനത്തിൽ സഹായകമായ പിഴസ്സാത്ത ഏക പ്രമാണം സത്യാന്വേഷകർക്ക ഞാൻ പറഞ്ഞുകൊടുത്തിട്ടുണ്ട്—അതായതു് എല്ലാ മതങ്ങളുടെയും അസ്തിവാരമായ സത്യത്തിനും അഹിംസയ്ക്കും നിരക്കാത്തതെന്തും അവർ തള്ളിക്കളയണം.

## 10

വൈക്കംസത്യഗ്രഹം സംബന്ധിച്ച ഞാൻ ഇവിടെ* വന്നപ്പോൾ ഉണ്ടായ ചരിത്രപ്രധാനമായ ഒരു വസ്തുത എടുത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ക്ഷേത്രപരിസരങ്ങളിൽ താമസിച്ചിരുന്നവരും എൻെറ ഓർമ ശരിയാണെങ്കിൽ ഏതെങ്കിലുംതരത്തിൽ ക്ഷേത്രവുമായിബന്ധപ്പെട്ടവരുമായ ചില ശാസ്ത്രികളുമായി ഞാൻ ഒന്നിലധികംതവണ ചർച്ചകൾ നടത്തിയിരുന്നുവെന്നു നിങ്ങളിൽ ചിലർ ഓർക്കുന്നുണ്ടാവാം. എനിക്കിപ്പോൾ ഓർക്കാൻ കഴിയുന്നിട

10. Harijan, 6—2–1937 (The Removal of Untouchability, p. 43)

* ക്ഷേത്രപ്രവേശന വിളംബരത്തെത്തുടർന്ന് വീണ്ടും വൈക്കത്തു വന്നഘട്ടത്തിൽ ചെയ്ത പ്രസംഗത്തിൽനിന്ന്.

digitized by www .sreyas.in

ത്തോളം ശരിയായ ഒരു വിവരണം ആ ചർച്ചയെക്കുറിച്ചു തരുവാൻ ശ്രമിക്കുകയാണു ഞാൻ. ക്ഷേത്രനടയിലേക്കു വരുന്ന റോഡുക ളിൽപ്പോലും അഹിന്ദുക്കൾക്കു പ്രവേശിക്കാമെങ്കിലും അവർണക്കു പ്രവേശിക്കാൻ പാടില്ലെന്ന വാദത്തിനു താങ്ങായി അവർ ശാങ്കര സ്മൃതി എന്നു പേരായ ഒരു പുസ്തകം ഹാജരാക്കി. വൈക്കത്തേ ക്കു വരുന്നതിനു മുമ്പു ഇത്തരമൊരു സ്മൃതിയെപ്പററി ഞാനൊരു കാലത്തും കേട്ടിരുന്നില്ല, അതിലെ ശ്ലോകങ്ങളും കേട്ടിരുന്നില്ല. ആ സ്മൃതി തർജമചെയ്തു കേട്ടപ്പോൾ, റോഡുകൾ നിരോധിക്കാ നുള്ള യാതൊരു പ്രമാണവും അതിൽ കണ്ടില്ലെന്നു ഞാൻ പറഞ്ഞാൽ നിങ്ങൾക്കു് ആശ്ചര്യം തോന്നും. എങ്കിലും ശാങ്കരസ്മൃതി തങ്ങ ളുടെ വാദത്തെ അനുകൂലിക്കുന്നുണ്ടെന്ന അവരുടെ വിശ്വാസംതന്നെ അവർക്കു ധാരാളമായിരുന്നു. പിന്നെ അന്നത്തെ പോലീസ് കമ്മീഷണരോടും സീനിയർ മഹാറാണിയോടും കൂടിയാലോചന കൾ നടത്തിക്കൊണ്ടിരിക്കെ, ഞാൻ വെറുതെ ഒരു ചോദ്യം ചോദി ച്ചു, ആ കൂടിയാലോചനകളുടെ ഫലമായി അവർണഹിന്ദുക്കൾക്കു റോഡുകൾ തുറന്നുകൊടുക്കുവാൻ മഹാറാണി കൽപ്പന പുറപ്പെടുവി ക്കുകയാണെങ്കിൽ അവരുടെ നിലപാടെന്തായിരിക്കുമെന്നു്. അ പ്പോൾ യാതൊരു സങ്കോചവുമില്ലാതെ അവർ പറഞ്ഞു: 'ഓ, അ തപ്പടി മറെറാരു കാര്യമാണു്. സ്മൃതിയുടെ പിൻബലമുള്ള എന്തു കൽപ്പനയും പുറപ്പെടുവിക്കുവാൻ ഹിന്ദുരാജാക്കന്മാർക്കും രാജ്ഞി മാർക്കും സർവാധികാരവുമുണ്ടു്.' ഹിന്ദുരാജാക്കന്മാർ ഹിന്ദു ധർമത്തിൻെറ സംരക്ഷകരാകകൊണ്ടു ഹിന്ദുമതത്തിൽ അതു് അ ന്തർഭവിച്ചിട്ടുണ്ടെന്നും സ്മൃതിക്കു വിരുദ്ധമല്ലാത്ത കൽപ്പനകൾ പുറപ്പെടുവിക്കുവാൻ അവർക്കു അധികാരമുണ്ടെന്നും അവർ പറഞ്ഞു. ക്ഷേത്രം തുറന്നുകൊടുക്കുന്നതിനും ഇതൊക്കെ ബാധകമാണോ എന്നു ഞാൻ ചോദിച്ചു. അവർ പറഞ്ഞു: 'തീർച്ചയായിട്ടും.' ഇങ്ങനെ മറുപടി പറഞ്ഞതു് ഈ ശാസ്ത്രിമാർ മാത്രമായിരുന്നില്ലെന്നു ഞാൻ പറയട്ടെ. കൊച്ചിയിലെയും തമിഴ്നാട്ടിലെയും ശാസ്ത്രി മാരോടു് ഞാൻ ഇതേ ചോദ്യം ചോദിച്ചു. ഇതുതന്നെയായിരുന്നു അവരുടെയും മറുപടി. വാസ്തവംപറഞ്ഞാൽ സ്മൃതികളുടെയും അതുപോലെ പതിനെട്ടു പുരാണങ്ങളുടെയും വളർച്ച അങ്ങനെയാ ണു്. അതതുകാലത്തെ ആവശ്യമനുസരിച്ചു് എഴുതിയവയോ എ ഴുതിക്കപ്പെട്ടവയോ ആണവ.

digitized by www .sreyas.in

# IV

## അയിത്തോച്ചാടനത്തിനുള്ള മാർഗങ്ങൾ

## എ. അഹിംസാമാർഗം

### 1

*അയിത്തമില്ലാത്തവർ നിങ്ങളെ നിന്ദിക്കരുതെന്നു ഞാൻ ആഗ്രഹിക്കുന്നതുപോലെ, നിങ്ങൾക്കു അവരുടെ (സവർണ്ണരുടെ)നേരെ വെറുപ്പോ വിദ്വേഷമോ ഉണ്ടാകരുതെന്നും ഞാൻ ആഗ്രഹിക്കുന്നു. ഹിംസകൊണ്ടു നിങ്ങൾ അവകാശങ്ങൾ പിടിച്ചുപററണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. ലോകാഭിപ്രായഗതി ഇത്തരം ഹിംസയ്ക്കെതിരാണ്. ബലപ്രയോഗംകൊണ്ട് അവകാശങ്ങൾ നേടുന്നതു തീരെ അസാധ്യമായിത്തീരുന്ന ഒരു കാലം സമാഗതമാകുന്നത് എനിക്കു വ്യക്തമായി കാണാൻ കഴിയും. അതുകൊണ്ടു ഇന്നു ഞാൻ നിങ്ങളോടു പറയുന്നു, ഉദ്ദേശ്യസാധ്യത്തിനു ബലപ്രയോഗത്തെ ആശ്രയിച്ചാൽ നിങ്ങൾ തീർച്ചയായും തോററുപോകുമെന്ന്. നിങ്ങളോടുള്ള പെരുമാററത്തിൽ അഥവാ ആരോടെങ്കിലുമുള്ള പെരുമാററത്തിൽ, കപടതന്ത്രം പ്രയോഗിക്കണമെന്ന് എനിക്കാഗ്രഹമില്ല. നിങ്ങളെ വ്യാമോഹിപ്പിക്കുവാനോ, പ്രലോഭനംകൊണ്ടു നിങ്ങളുടെ ആനുകൂല്യം നേടുവാനോ എനിക്കാഗ്രഹമില്ല. സ്വന്തമായ എന്തെങ്കിലും രാഷ്ട്രീയലക്ഷ്യങ്ങൾ നേടുവാൻ ഞാൻ നിങ്ങളെ ചൂഷണം ചെയ്യുകയില്ല. എനിക്കു ഇക്കാര്യം സ്വരാജ്യത്തെക്കാൾ വലുതാണ്. അയിത്തത്തിന് അറുതിവരുത്തിക്കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു; കാരണം എന്നെ സംബന്ധിച്ചിടത്തോളം അതൊരു പ്രായശ്ചിത്തവും തപസ്സുമാണ്. ഈ തിന്മയ്ക്കു അനുവാദം നൽകിയതുകൊണ്ടു ഹിന്ദുമതം ഒരു മഹാപാപം ചെയ്തിരിക്കുന്നു. അതിനു പ്രായശ്ചിത്തംചെയ്യാൻ, പരാർത്ഥമായ തപസ്സ് എന്നൊന്നു സാധ്യമാണെങ്കിൽ ഞാൻതന്നെ ഇതു ചെയ്യണമെന്ന് എനിക്കാഗ്രഹമുണ്ട്.

ഇങ്ങനെയിരിക്കെ, എനിക്കു സ്വീകാര്യങ്ങളായ മാർഗങ്ങൾ അഹിംസയും സത്യവും മാത്രമാണ്. അയിത്തമുള്ള ഒരു കുട്ടിയെ ഞാൻ ദത്തെടുത്തിട്ടുണ്ട്. എന്റെ ഭാര്യയെക്കൊണ്ട് എന്റെ അഭിപ്രായം പൂർണ്ണമായി സ്വീകരിപ്പിക്കുവാൻ എനിക്കു സാധിച്ചിട്ടില്ലെന്നു ഞാൻ സമ്മതിക്കുന്നു. ആ കുട്ടിയെ ഞാൻ സ്നേഹിക്കുന്നതുപോലെ

---

1. Young India, 22-1-1925 (The Removal of Untouchability, p. 61)
* ബൽഗാമിലെ അയിത്തോച്ചാടനസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്

digitized by www .sreyas.in

സ്നേഹിക്കാൻ അവർക്കു കഴിയുന്നില്ല. എങ്കിലും കോപംകൊണ്ടു എന്റെ ഭാര്യയെ മാനസാന്തരപ്പെടുത്താൻ എനിക്കു വയ്യ; സ്നേഹംകൊണ്ടേ എനിക്കതു ചെയ്യാൻ കഴിയൂ. എന്റെ ആളുകൾ നിങ്ങളോട് എന്തെങ്കിലും തെറ്റുചെയ്തിട്ടുണ്ടെങ്കിൽ ഞാൻ അതിനു ക്ഷമായാചനം ചെയ്തിട്ടുണ്ട്. ഞാൻ പൂനയിലായിരുന്നകാലത്ത് അയിത്തജാതിയിൽപ്പെട്ട ചിലർ എന്നോടു പറയുകയുണ്ടായി, തങ്ങളുടെ നേരെയുള്ള മനോഭാവം ഹിന്ദുക്കൾ മാററിയില്ലെങ്കിൽ അവർ അക്രമത്തിനൊരുങ്ങുമെന്ന്. ബലപ്രയോഗംകൊണ്ട് അയിത്തം ഇല്ലാതാക്കുവാൻ കഴിയുമോ? അയിത്തക്കാരുടെ സമുദ്ധാരണം ഈ മാർഗങ്ങളിലൂടെ സാധിക്കുമോ? മതഭ്രാന്തിൽനിന്നു യാഥാസ്ഥിതിക ഹിന്ദുക്കളെ പിൻതിരിപ്പിക്കുവാൻ നിങ്ങൾക്കും എനിക്കും പററിയ ഏകമാർഗം ക്ഷമയോടുകൂടിയ ന്യായവാദവും ശരിയായ പെരുമാററവുമാണ്. അവർ മാനസാന്തരപ്പെടാത്തിടത്തോളംകാലം നിങ്ങളുടെ ദുര്യോഗം ക്ഷമാപൂർവം പൊറുക്കണമെന്നു പറയാനേ എനിക്കു കഴിയൂ. നിങ്ങളുടെ ക്ലേശങ്ങളിൽ പങ്കുകൊള്ളുവാൻവേണ്ടി നിങ്ങളുടെ കൂടെ നിൽക്കാൻ ഞാനൊരുക്കമാണ്. മററു ജാതിക്കാർക്കു പ്രവേശമുള്ള ഏതു ക്ഷേത്രത്തിലും ആരാധന നടത്തുവാൻ നിങ്ങൾക്ക് അവകാശമുണ്ടായിരിക്കണം. മററു ജാതിക്കാരുടെ കുട്ടികൾക്കെന്നപോലെ യാതൊരു വ്യത്യാസവുംകൂടാതെ നിങ്ങളുടെ കുട്ടികൾക്കും വിദ്യാലയങ്ങളിൽ പ്രവേശം ലഭിക്കണം. വൈസ്രോയിയുടേതുൾപ്പെടെ ഈ രാജ്യത്തിലെ ഏററവും ഉയർന്ന ഉദ്യോഗത്തിനു നിങ്ങൾക്ക് അർഹതയുണ്ടായിരിക്കണം. അയിത്തോച്ചാടനമെന്നതിന് എന്റെ നിർവചനം അതാണ്.

എങ്കിലും എന്റെ മതം കാണിച്ചുതന്ന വഴിയിലൂടെ മാത്രമേ ഇക്കാര്യത്തിൽ എനിക്കു നിങ്ങളെ സഹായിക്കാൻ പററൂ, പാശ്ചാത്യമാർഗങ്ങളിലൂടെ പററില്ല. ആ വഴിയിലൂടെ ഹിന്ദുമതത്തെ രക്ഷിക്കുവാൻ എന്നെക്കൊണ്ടാവില്ല. നിങ്ങളുടേത് ഒരു പുണ്യകാര്യമാണ്. പിശാചിന്റെ മാർഗങ്ങളിലൂടെ പുണ്യകാര്യങ്ങൾ നേടാൻ ഒരുക്കമോ? അതിനാൽ നിങ്ങളുടെ സ്ഥിതി മൃഗീയശക്തികൊണ്ടു മെച്ചപ്പെടുത്താമെന്ന വിചാരം മനസ്സിൽനിന്നു കളയുവാൻ ഞാൻ അപേക്ഷിക്കുന്നു. ഗീത പറയുന്നു, ഹൃദയപൂർവകമായ ഈശ്വരധ്യാനംകൊണ്ടു മോക്ഷം പ്രാപിക്കാമെന്ന്. ധ്യാനമെൻവച്ചാൽ ഈശ്വരനെ ആശ്രയിക്കലാണ്. ഈശ്വരനെ ആശ്രയിക്കുന്നതുകൊണ്ടു മോക്ഷംപ്രാപിക്കാമെങ്കിൽ അയിത്തോച്ചാടനം അതിലും എത്രയേറെ വേഗത്തിൽ സാധിക്കാം! ഈശ്വരനെ ആശ്രയിക്കുകയെന്നുവച്ചാൽ പരിശുദ്ധി വർദ്ധിപ്പിക്കലാണ്. പ്രാർത്ഥനകൊണ്ടു നാം ആത്മശുദ്ധി നേടുക, എന്നാൽ അയിത്തം ഇല്ലാതാക്കാമെന്നു മാത്രമല്ല, സ്വരാജ്യപ്രാപ്തി ത്വരിതപ്പെടുത്തുകയും ചെയ്യാം.

digitized by www .sreyas.in

## 2

'....അതൊരു നീണ്ട നടപടിയായിരിക്കാം, എന്നാലും ഉറപ്പു താണ്. ചില കട്ടംകൈകൾകൊണ്ടു ചിലപ്പോൾ അവരെ മുട്ടുകുത്തിക്കുവാൻ നിങ്ങൾക്കു കഴിയുമെന്ന് എനിക്കറിയാം. ഉദാഹരണത്തിനു കൽക്കത്തയെപ്പോലുള്ള നഗരങ്ങളിൽ തങ്ങളുടെ അവശതകൾ പരിഹരിക്കാതെ പണി തുടരുകയില്ലെന്നു പറഞ്ഞു തൂപ്പുജോലിക്കാർ പണിമുടക്കിയാൽ അവർ ജയിക്കുമെന്നു എനിക്കുറപ്പുണ്ട്. പക്ഷേ, എതിർകക്ഷിയുടെ മനസ്സു മാറുകയില്ല. അവരുടെ വെറുപ്പു പൂർവാധികം വർദ്ധിക്കുകയേയുള്ളു. ഏകമാർഗം നിങ്ങൾ സ്വയം അധിക്ഷേപാതീതരായിനിന്ന്, മററു കാര്യങ്ങൾ പരിഷ്കർത്താക്കൾക്കു വിട്ടുകൊടുക്കുകയാണ്. എൻെറ സർവശക്തിയും ഉപയോഗിച്ചു ഞാൻ ഈ തിന്മയോടു പൊരുതുകയാണെന്നു നിങ്ങൾക്കറിയാം. എനിക്കു് ഇതു തികച്ചും ഒരു മതകാര്യമാണ്. ഞാൻ പരിഷ്കർത്താക്കളെ വിശ്വസിക്കണമെന്നു നിങ്ങൾ പറയുന്നു. ഞങ്ങൾ നിങ്ങളെ വിശ്വസിക്കുന്നു, മററുള്ളവരെ എങ്ങനെയാണു ഞങ്ങൾ വിശ്വസിക്കുക? അവർ ഇന്നു അയിത്തത്തെപ്പററി പ്രസംഗിക്കുന്നതു നാം അവരുടെ രാഷ്ട്രീയചതുരംഗത്തിലെ പററിയ കരുക്കളാകകൊണ്ടാണ്; രാഷ്ട്രീയലക്ഷ്യം നേടിക്കഴിഞ്ഞാൽ അവർ നമ്മെ പററിച്ചുകളയും. ഇതൊരു ആത്മശുദ്ധീകരണകാര്യമാണെന്നോ, അയിത്തോച്ചാടനമില്ലെങ്കിൽ സ്വരാജ്യം നിഷ്പ്രയോജനമാണെന്നോ അവർ ഉള്ളിൽത്തട്ടി വിശ്വസിക്കുന്നുണ്ടെന്നു നാം വിചാരിക്കുന്നില്ല.'

അയിത്തക്കാർ അയിത്തമില്ലാത്തവരുമായി അവക്കുള്ള എല്ലാ സാമൂഹ്യബന്ധങ്ങളും ഉപേക്ഷിക്കണമോ എന്ന ചോദ്യത്തിനു മറുപടിയായി ഗാന്ധിജി പറഞ്ഞു:

'അതൊന്നും ചെയ്യരുതു്. സവർണഹിന്ദുക്കളെ നിങ്ങൾ പൂർവാധികം ശത്രുക്കളാക്കുകയേയുള്ളൂ. അവരോടു നിങ്ങൾക്കു യാതൊരു സ്നേഹവും തോന്നുന്നില്ലായിരിക്കാം. എങ്കിലും അവരുടെ നേരെയുള്ള വെറുപ്പു നിങ്ങൾക്കു് ഉപേക്ഷിക്കാമെന്നു ഞാൻ തീർച്ചയായും കരുതുന്നു. അന്തസ്സുള്ള ഒരു മനോഭാവം നിലനിർത്തുക. അന്തസ്സുള്ള മനോഭാവം,— പ്രതികാരേച്ഛയല്ല.'

## 3

മതകാര്യങ്ങളിൽ നിർബന്ധം പാടില്ല. ഒരു കാര്യത്തിലും പാടില്ല എന്നു ഞാൻ പറയും. ആരുടെയെങ്കിലും നേരെ—അയാ

2. Young India, 14–5–1925 (The Removal of Untouchability. p.171)
3. My Soul's Agony, 7–11–1932 (The Removal of Untouchability, p. 68)

digitized by www .sreyas.in

ളുടെ ജാതിയോ വിശ്വാസമോ രാജ്യമോ ഏതുമാകട്ടെ—ഏതെങ്കിലും രൂപത്തിലുള്ള ഹിംസ പ്രയോഗിക്കുന്നതുസംബന്ധിച്ച എന്റെ ദൃഢാഭിപ്രായങ്ങൾ പൊതുജനങ്ങൾക്കറിയാം. അതിനാൽ ഈ പ്രസ്ഥാനത്തിന്റെ ചുമതല വഹിക്കുന്നവർ അറിഞ്ഞിരിക്കട്ടെ, ആസന്നമായ ഉപവാസത്തിൽനിന്നു എന്നെ രക്ഷിക്കാനുള്ള വെമ്പൽകൊണ്ടുപോലും അവർ സന്ദിഗ്ദ്ധമാർഗങ്ങൾ കൈക്കൊണ്ടു കൂടാ എന്നതായിരിക്കും. അങ്ങനെ ചെയ്താൽ അവരെന്റെ അറുതി ത്വരിതമാക്കുകയേയുള്ളു. എന്റെ വിശ്വാസമനുസരിച്ച ഏതൊരു പ്രസ്ഥാനത്തിനുവേണ്ടിയാണോ ഈശ്വരൻ ആ ചെറിയ ഉപവാസത്തിനു പ്രേരണ നൽകിയതു് അതിന്റെ അധഃപതം കണ്ടുകൊണ്ടിരിക്കൽ എനിക്കു മരണതുല്യമാണു്. പ്രാകൃതജനങ്ങളുടെ സമ്പ്രദായങ്ങൾകൊണ്ടു ഹരിജനങ്ങളുടെയോ ഹിന്ദുമതത്തിന്റെയോ കാര്യം ശരിപ്പെടുകയില്ല. അടിമത്തത്തിൽ കഴിഞ്ഞുകൂടുന്ന ഏതാണ്ടു് 400 ലക്ഷം ജനങ്ങളുടെ ക്ഷേമം ഉൾക്കൊണ്ടതാകകൊണ്ടു് ഇതു് ഇന്ത്യയിലെ—ലോകത്തിലെയല്ലെങ്കിൽ—ഏററവും വലിയ മതപരിഷ്കരണപ്രസ്ഥാനമാണു്. ഇതിനെ അനുകൂലിക്കാത്ത യാഥാസ്ഥിതികവിഭാഗം എല്ലാ മര്യാദയും ദാക്ഷിണ്യവും അർഹിക്കുന്നുണ്ടു്. നാം സ്നേഹംകൊണ്ടും, അന്യൂനമായ ആത്മസംയമംകൊണ്ടും അവരുടെ ഹൃദയങ്ങളിൽ നിശ്ശബ്ദപരിവർത്തനമുളവാക്കാൻ നമ്മുടെ ജീവിതശുദ്ധിയെ വിട്ടുകൊണ്ടും നാം അവരെ സ്വാധീനമാക്കണം. നമ്മുടെ സത്യവും സ്നേഹവും എതിരാളികളെ നമ്മുടെ മാർഗത്തിലേക്കു കൊണ്ടുവരുമെന്ന വിശ്വാസം നമുക്കു വേണം.

നാനൂറുലക്ഷം മനുഷ്യരെ ചിരകാലപഴക്കമുള്ള മർദനത്തിൽനിന്നു മോചിപ്പിക്കുവാൻ വെറും കാട്ടിക്കൂട്ടലുകൾക്കു സാധ്യമല്ലെന്നതിനു യാതൊരു സംശയവുമില്ല. എല്ലാ രംഗങ്ങളിലും ആക്രമണം നടത്തുവാനുള്ള കനത്ത ഒരു നിർമാണപരിപാടി കൂടിയേ കഴിയൂ. ഏററവും ഉൽകൃഷ്ടങ്ങളായ ധാർമികോദ്ദേശ്യങ്ങളോടുകൂടിയ അനേകായിരം സ്ത്രീപുരുഷന്മാരുടെയും ബാലികാബാലന്മാരുടെയും ഏകാഗ്രമായ പ്രയത്നം ഈ പരിശ്രമത്തിനാവശ്യമാണു്. അതിനാൽ ഈ പ്രസ്ഥാനത്തിന്റെ തനി ധാർമികസ്വഭാവം മനസ്സിലാക്കാൻ കഴിയാത്തവർ അതിൽനിന്നു വിരമിക്കണമെന്നു ഞാൻ സബഹുമാനം ഉപദേശിച്ചുകൊള്ളുന്നു. ആ വിശ്വാസവും അഭിനിവേശവുമുള്ളവർ അവരെത്ര കുറച്ചായാലും ഏറെയായാലും, ഈ പ്രസ്ഥാനം കൊണ്ടുനടത്തട്ടെ. അയിത്തോച്ചാടനം മഹത്തായ രാഷ്ട്രീയഫലങ്ങൾ ഉളവാക്കിയെന്നു വരാം, ഉളവാക്കുകതന്നെ ചെയ്യും, എങ്കിലും അതൊരു രാഷ്ട്രീയപ്രസ്ഥാനമല്ല. അതു ഹിന്ദുമതം ശുദ്ധീകരിക്കാനുള്ള ഒരു പ്രസ്ഥാനംമാത്രമാണു്. ആ ശുദ്ധീകരണമാകട്ടെ അത്യന്തം ശുദ്ധങ്ങളായ ഉപകരണങ്ങളിലൂടെ മാത്രമേ കൈവരൂ. ഈശ്വരാധീനംകൊണ്ടു ആയിരക്കണക്കിലല്ലെങ്കിൽ നൂറുകണക്കിൽ

digitized by www .sreyas.in

ഇത്തരം ഉപകരണങ്ങൾ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ക്ഷമകെട്ട സംശയാലുക്കൾ ക്ഷമിച്ചിരുന്നു ഉററുനോക്കിക്കൊണ്ടെ. എന്നാൽ ധൃതിപിടിച്ചു, വഴിപിഴച്ച ഇടപെടൽകൊണ്ട്——ആ ഇടപെടലിൻെറ ഉദ്ദേശ്യം എത്രതന്നെ പ്രശംസനീയമാണെങ്കിലും——അവർ ഈ പ്രസ്ഥാനത്തിനു കോട്ടം തട്ടിക്കാതിരിക്കട്ടെ.

## ബി. ഗ്രാമങ്ങളിലെ സവർണഹിന്ദുക്കളുടെ വിദ്യാഭ്യാസം

4

ഒരു വിധത്തിൽ നോക്കുമ്പോൾ അയിത്തത്തിൻെറ ഭാരം ഗുജറാത്തിലെപ്പോലെ അത്ര കഠിനമായി, ഒരുപക്ഷേ, മറെറങ്ങും ഹരിജനങ്ങളുടെമേൽ പതിക്കുന്നില്ല. ധോൾക്കയിൽ ഒരു ഹരിജൻ ഒരു സവർണഹിന്ദുവിനാൽ കൊല്ലപ്പെട്ടു; ആ കൊലയാളി 300 രൂപയുടെ പിഴകൊണ്ടു രക്ഷപ്പെട്ടു. കവിതായിൽ ഒരു പൊതുവിദ്യാലയത്തിലേക്കു കുട്ടികളെ അയയ്ക്കാൻ ധൈര്യപ്പെട്ടതിന്, നിസ്സഹായരായ ഹരിജനങ്ങൾ രജപുത്രന്മാർ എന്നു വിളിക്കപ്പെടുന്നവരാൽ നിർദയം ആക്രമിക്കപ്പെട്ടു. കത്തിയവാറിൽ കന്നുകാലികളുടെ ഇടയിൽ ഒരുതരം മഹാമാരി പരന്നിട്ടുള്ളതിനാൽ അവിടത്തെ മിക്ക ഗ്രാമങ്ങളിലും ഹരിജനങ്ങളെ ഇപ്പോൾ സവർണർ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. ഹരിജനങ്ങളുടെ മന്ത്രവാദപ്രയോഗങ്ങളോ മററു വിക്രിയകളോ ആണ് ഈ രോഗത്തിനു കാരണമെന്ന അന്ധവിശ്വാസംകൊണ്ടാണ് അവരങ്ങനെ ചെയ്യുന്നതു്. ശരീരത്തിനോ സ്വത്തിനോ ഉപദ്രവം തട്ടിയേക്കാമെന്ന നിത്യഭയത്തിലാണു ഹരിജനങ്ങൾ കഴിഞ്ഞുകൂടുന്നതു്. പരിഷ്കർത്താവിനു താൻ നിസ്സഹായനാണെന്നു തോന്നുന്നു; ഗവർമെൻറു് ഉദാസീനമാണ്; അഥവാ കരുത്തേറിയ സവർണരുടെ മുമ്പിൽ ഗവർമെൻറുപോലും നിസ്സഹായമാണ്. കാരണം വ്യക്തമത്രേ. എങ്ങനെയാണു പരിഹാരം നേടുകയെന്നു ഹരിജനങ്ങൾക്കറിഞ്ഞുകൂടാ. ആത്മരക്ഷയ്ക്കു വേണ്ടത്ര മനശ്ശക്തി അവനില്ല. മനുഷ്യനെന്ന നിലയ്ക്കുള്ള തൻെറ അന്തസ്സിനെപ്പററിയോ അല്ലെങ്കിൽ തന്നെപ്പോലുള്ള മനുഷ്യരുടെ ധിക്കാരത്തിൽനിന്നു സ്വയം രക്ഷിക്കാനുള്ള സഹജമായ കഴിവിനെപ്പററിയോ അവനു തീരെ ബോധമില്ല. പരിഷ്കർത്താവു് ആ മർദകരുടെ ഇടയിൽ ജ്ഞാനദീപം കൊണ്ടുചെല്ലണം; എന്തുകൊണ്ടെന്നാൽ തങ്ങൾ എന്താണു ചെയ്യുന്നതെന്നു് അവർക്കറിഞ്ഞുകൂടാ. അവരുടെ ഇടയിൽ ലഘുലേഖകൾ വിതരണം ചെയ്യപ്പെടാവുന്നു

4. Harijan, 31-8-1935 (The Removal of Untouchability, pp.246-247)

digitized by www .sreyas.in

തനാണ്. പക്ഷേ, സവർണരായ ദ്രോഹികൾ വർത്തമാനപത്രങ്ങളോ, ലഘുലേഖകളോ സാധാരണ വായിക്കാറില്ല. അവർ എല്ലാം തികഞ്ഞവരും ചരിതാർത്ഥരുമാണ്. അവരെ സമീപിക്കാനുള്ള ഏക മാർഗം നേരിട്ട സമ്പർക്കം പുലർത്തൽതന്നെയാണ്. ആവശ്യമെന്നു തോന്നിയാൽ വീട്ടിൽ ചെന്നു അവരെ കാണണം. ഗ്രാമങ്ങളിൽ സമ്മേളനങ്ങൾ വിളിച്ചുകൂട്ടി പ്രസംഗിക്കണം. ക്രോധമോ വാഗ്വൈഭവമോ എത്രതന്നെ പ്രകടിപ്പിച്ചാലും അവരുടെ അജ്ഞത നീങ്ങുകയില്ല. കന്നുകാലികൾക്കു രോഗമുണ്ടാകുന്നതു് എങ്ങനെയാണെന്നും സശ്രദ്ധമായ ചികിത്സകൊണ്ടു് അതെങ്ങനെ തടയാമെന്നും അഥവാ മാററാമെന്നും അവരെ ധരിപ്പിക്കുകയാണ് അജ്ഞത പോക്കാനുള്ള ഏററവും എളുപ്പമായ വഴി.

ഇതിനൊക്കെ അർത്ഥം പ്രചാരണം നടത്തുന്നവർ ക്ഷമയോടുകൂടി പണിയെടുക്കണമെന്നാണ്. ഉപദ്രവിക്കപ്പെടുന്ന സാധുഹരിജനങ്ങളെ രക്ഷിക്കുവാൻ ബന്ധപ്പെട്ട ഗവർമെൻറുകളെയും പ്രേരിപ്പിക്കണം. പരിഷ്കർത്താക്കൾ ഒരുവിധം ധാരാളമുള്ളിടത്തു അവർ ഹരിജനങ്ങളുടെ ഇടയിൽ താമസിച്ചു് അവരുടെ കഷ്ടപ്പാടുകളിൽ പങ്കുകൊള്ളണം, അവരുടെ സാന്നിദ്ധ്യംകൊണ്ടുതന്നെ ഉപദ്രവങ്ങൾ നിലയ്ക്കുന്നില്ലെങ്കിൽ അജ്ഞതയ്ക്കെതിരായ ഈ സമരത്തിൽ സനാതനികളുടെ സഹായവും തേടണം. അജ്ഞരും ദുരഭിമാനികളുമായ സവർണർ തീരെ നിരപരാധരായ ഹരിജനങ്ങളെ ക്രൂരമായി ദ്രോഹിക്കുന്നതിനെ തന്റേടമുള്ള ഒരൊററ സനാതനിയും സാധൂകരിക്കുകയില്ലെന്നും എനിക്കുറപ്പുണ്ടു്.

## 5

ശ്രീ പരിക്ഷിത്ലാൽ മജുംദാർ എഴുതുന്നു:

'കത്തിയവാറിലെ വാധ്വാൻസ്റ്റേററിൽ എന്തോ പകർച്ചവ്യാധി നിമിത്തം വളരെ മരണമുണ്ടായി. ഗ്രാമീണരുടെ അന്ധവിശ്വാസം ഈ ദൗർഭാഗ്യത്തിനു ഹരിജനങ്ങളാണു കാരണമെന്നു പറഞ്ഞുണ്ടാക്കി; എന്നിട്ട്, അവർ ഭംഗികുടുംബങ്ങളെ ഭീഷണിപ്പെടുത്തുവാനും തുടങ്ങി. ഈ കുടുംബങ്ങൾ ഭയന്നു് നാടുവിട്ടു. ഈ സംഭവം അറിഞ്ഞ ഉടനെ ഹരിജൻപ്രവർത്തകർ ഭംഗികളെ രക്ഷിക്കാൻ നടപടികളെടുക്കുന്നതിനു സ്റ്റേററ് അധികൃതരെ സമീപിച്ചു; അജ്ഞരായ ഗ്രാമീണരുടെ അന്ധവിശ്വാസം നശിപ്പിക്കുവാനും അവർ ആവുന്നതെല്ലാം ചെയ്തു. ഗവർമെൻറ് ഉടനെ വേണ്ടതു ചെയ്തു; ആ കുടുംബങ്ങൾ തിരിച്ചുവന്നു. ഇക്കൊല്ലം കന്നുകാലികൾക്കു രോഗങ്ങൾ പിടിപെട്ടതുകൊണ്ടു കത്തിയവാറിലെ ഹരിജനങ്ങൾക്കു

---

5. Harijan, 17-3-1946 (The Removal of Untouchability, p. 188)

digitized by www .sreyas.in

പതിവിലേറെ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നു. ഗ്രാമീണരുടെ അന്ധവിശ്വാസങ്ങൾ നിമിത്തം ഈ സാധുക്കൾക്കു വല്ലാതെ ബുദ്ധിമുട്ടേണ്ടിവരുന്നുണ്ടു്.'

ഇത്തരം അന്ധവിശ്വാസത്തിനുള്ള ഏക പ്രതിവിധി ശരിയായ അറിവു പ്രചരിപ്പിക്കലാണു്. കത്തിയവാറിൽ അന്ധവിശ്വാസം നിലനിൽക്കാൻ കാരണം പരിഷ്കരണപ്രസ്ഥാനം ഇനിയും അവിടത്തെ ഗ്രാമങ്ങളെ സ്പർശിച്ചിട്ടില്ലെന്നതാണെന്നു തോന്നുന്നു. ഈ ന്യൂനത പരിഹരിക്കുവാൻ പ്രവർത്തകർ ഭഗീരഥപ്രയത്നം ചെയ്യണം. പക്ഷേ എവിടെനിന്നാണു ഇത്തരം പ്രവർത്തകരെ കിട്ടുക? കത്തിയവാറിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർക്കുപോലും ഗ്രാമങ്ങളിലേക്കു പോകാൻ മടിയാണു്. അവർ പോയാൽത്തന്നെ അവരെ നേരിടുന്ന വമ്പിച്ച വൈഷമ്യങ്ങൾ നമുക്കു് ആലോചിക്കാൻ കഴിയും. വിഷമങ്ങൾകൊണ്ടു കുലുങ്ങാതെ സ്വധർമ്മാനുഷ്ഠാനം തുടരുകയാണു മനുഷ്യന്റെ പരമകർത്തവ്യം. കത്തിയവാർ സംഭവത്തെപ്പററി സഗൗരവം ചിന്തിക്കേണ്ടതുണ്ടു്. ഗവർമെൻറും ജനങ്ങളും രണ്ടുകൂട്ടരും തങ്ങളുടെ കർത്തവ്യം മനസ്സിലാക്കുകയും പ്രസ്തുതകാര്യത്തിൽ ഉറച്ച സത്വരനടപടികൾ കൈക്കൊള്ളുകയും ചെയ്തു; അതുകൊണ്ടു വൈഷമ്യം തൽക്കാലം തരണംചെയ്യപ്പെട്ടു. ഈ മാതൃക പരക്കെ അനുവർത്തിക്കപ്പെട്ടാൽ അന്ധവിശ്വാസത്തിന്റെ വേരററുപോകും. അതായിരിക്കും ശരിയായ വിദ്യാഭ്യാസം.

## സി. സവർണഹിന്ദുക്കളുടെ ഹൃദയപരിവർത്തനം

6

സവർണഹിന്ദുക്കൾ ഹിന്ദുമതത്തിനുവേണ്ടിയും തങ്ങൾക്കുവേണ്ടിത്തന്നെയുംചെയ്യേണ്ട ഒരു പ്രായശ്ചിത്തമാണു അയിത്തോച്ചാടനം. ശുദ്ധീകരിക്കേണ്ടതു് അയിത്തക്കാരെയല്ല, ഉയർന്നജാതികളെന്നു പറയപ്പെടുന്നവരെയാണു്. അയിത്തക്കാർക്കുമാത്രമായുള്ള ഒരു ദുരാചാരവുമില്ല, അഴുക്കും വൃത്തിഹീനതയുംപോലും. സ്വന്തം ദോഷങ്ങൾ കാണാൻ നമ്മെ, ഉയർന്നജാതി ഹിന്ദുക്കളെ,കണ്ണില്ലാത്തവരാക്കുന്നതും,നാം മർദിച്ചവരും ഇപ്പോഴും നാം മർദിച്ചുകൊണ്ടിരിക്കുന്നവരുമായ പതിതസഹോദരരുടെ ദോഷങ്ങളെ വലുതാക്കിക്കാണിക്കുന്നതും നമ്മുടെ ധൃഷ്ടതയാണു്. രാഷ്ട്രങ്ങളെന്നോണം മതങ്ങളും തുലാസ്സിൽ തൂക്കിനോക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാലമാണിതു്. ഈശ്വരന്റെ കാരുണ്യവും വെളിപ്പാടും ഏതെങ്കിലും ഒരു

6. Young India, 26-12-1924 (The Removal of Untouchability, p. 7)

digitized by www .sreyas.in

വർഗത്തിന്റെയോ രാഷ്ട്രത്തിന്റെയോ മാത്രം കുത്തകയല്ല. ഈശ്വരനെ ആശ്രയിക്കുന്നവർക്കെല്ലാം അവ കൈവരും. അനീതിയിലോ അസത്യത്തിലോ ഹിംസയിലോ വിശ്വാസം ഉറപ്പിക്കുന്ന മതവും രാജ്യവും ഭൂമുഖത്തുനിന്നു തുടച്ചു മാററപ്പെടും. ഈശ്വരൻ വെളിച്ചമാണ്, ഇരുട്ടല്ല; ഈശ്വരൻ സ്നേഹമാണ്, വിദ്വേഷമല്ല; ഈശ്വരൻ സത്യമാണ്, അസത്യമല്ല. ഈശ്വരൻ മാത്രമാണു മഹാൻ. അദ്ദേഹത്തിന്റെ സൃഷ്ടികളായ നാം വെറും പൊടിയാണ്. നാം വിനീതരായി അദ്ദേഹത്തിന്റെ സൃഷ്ടികളിൽ ഏററവും എളിയവരുടെപോലും അവയുടെ സ്ഥാനം വകവച്ചുകൊടുക്കുക. കുചേലനായ സുദാമാവിനെ കൃഷ്ണൻ ബഹുമാനിച്ചു, മററാരേക്കാളും. മതത്തിന്റെ വേരു് സ്നേഹമാണ്.

7

ഒരാന്ധ്രാലേഖകൻ തന്റെ ബുദ്ധിമുട്ടുകളിലേക്കു താഴെ ചേക്കും പ്രകാരം ശ്രദ്ധ ക്ഷണിക്കുന്നു:

'കഴിഞ്ഞയാഴ്ചത്തെ 'യങ്ങ് ഇന്ത്യ'യിൽ, അയിത്തത്തെപ്പററി ഒരു ബംഗാളി ലേഖകൻ ചോദിച്ച ചോദ്യത്തിനു് അങ്ങു് ഇപ്രകാരം മറുപടി പറഞ്ഞിരിക്കുന്നു: 'ശൂദ്രരുടെ കൈയിൽനിന്നു് 'നാം' വെള്ളം വാങ്ങാറുള്ളതുകൊണ്ടു്, അതു അയിത്തക്കാരുടെ കൈയിൽനിന്നു സ്വീകരിക്കാനും നാം മടിക്കരുതു്;' 'നാം' എന്നുവച്ചാൽ ഉയർന്നജാതി ഹിന്ദുക്കൾ. ഉത്തരേന്ത്യയിൽ നിലവിലുള്ള ആചാരം എന്താണെന്നു് എനിക്കറിഞ്ഞുകൂടാ. എന്നാൽ ആന്ധ്രയിലും അതിനു തെക്കുള്ള ദക്ഷിണേന്ത്യൻ പ്രദേശങ്ങളിലും ബ്രാഹ്മണർ അബ്രാഹ്മണരുടെ (മററു മൂന്നു ജാതികളിൽ ഏതും) കൈയിൽനിന്നു വെള്ളം സ്വീകരിക്കയില്ലെന്നുമാത്രമല്ല, യാഥാസ്ഥിതികരും കൂടിയവർ അബ്രാഹ്മണരെ തൊട്ടുകൂടില്ലെന്നു പരമാർത്ഥം അങ്ങേക്കറിയാമോ?

'ജാതികളുടെ ഔന്നത്യത്തെക്കുറിച്ചുള്ള പിഴച്ച ധാരണകൾ നീക്കം ചെയ്യാൻ മിശ്രഭോജനം വേണമെന്നു് അങ്ങു വാദിക്കുന്നില്ലെന്നു് അങ്ങു് പലതവണ പറഞ്ഞിട്ടുണ്ടു്. മാളവ്യജിയും അങ്ങും പരസ്പരബഹുമാനത്തോടും പരസ്പരാദരത്തോടുംകൂടി കഴിയുന്നവരാകകൊണ്ടു്, മാളവ്യജി അങ്ങയുടെ കൈയിൽനിന്നു വെള്ളമോ മററെന്തെങ്കിലുമോ സ്വീകരിക്കാൻ കൂട്ടാക്കാതിരുന്നാൽ, അദ്ദേഹം അങ്ങയെ നിന്ദിക്കണമെന്നു് ഉദ്ദേശിച്ചതായി കരുതുകയില്ലെന്നു കാണിക്കുവാൻവേണ്ടി മാളവ്യജിയെ സംബന്ധിച്ചുള്ള ഒരു സംഭവം അങ്ങു് ഒരിക്കൽ എടുത്തുപറയുകയുണ്ടായി. അദ്ദേഹം നിന്ദ ഉദ്ദേശിച്ചിരിക്കയില്ലെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ, അങ്ങേക്കറിഞ്ഞുകൂടാ ഞങ്ങളുടെ ദിക്കിലെ ബ്രാഹ്മണർ അബ്രാഹ്മണർ കാൺകെ—അവർ നിൽക്കുന്നതു് നൂറുവാര അകലെയായാലും—ഭക്ഷണം കഴിക്കുകയി

7. Young India, 19–3–1925 (The Removal of Untouchability, pp. 75–77)

digitized by www .sreyas.in

ല്ലെന്നു്. അബ്രാഹ്മണർ അതു തൊടുന്ന കാര്യം പോകട്ടെ. വഴിയേ പോകുന്ന ശൂദ്രന്റെ ഒച്ച കേട്ടാൽമതി ഭക്ഷണം കഴിക്കുന്ന ബ്രാഹ്മണനു ശുണ്ഠിപിടിക്കാനെന്നും, അന്നു മുഴുവൻ അയാൾ പിന്നെ ഭക്ഷണം കഴിക്കുകയില്ലെന്നുകൂടി ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെയോ? ഇതിൽ നിന്ദയില്ലെങ്കിൽ, മറ്റേതു തരത്തിലാണു് ഇതു വ്യാഖ്യാനിക്കേണ്ടതു്? താൻ ഉയർന്നവനാണെന്ന ഭാവം ബ്രാഹ്മണനില്ലേ? ഈ സംഗതികൾ അങ്ങു സദയം എനിക്കു വിശദമാക്കിത്തരുമോ? ഞാൻ തന്നെ ഒരു ബ്രാഹ്മണനാണു്, അതുകൊണ്ടു നേരിട്ടുള്ള അറിവോടുകൂടിയാണു് ഞാൻ എഴുതുന്നതു്.'

അയിത്തം അനവധി തലയുള്ള ഒരു വ്യാളമാണു്. അതു് അത്യന്തം സദാചാരപരവും മതപരവുമായ ഒരു കാര്യമാണു്. മിശ്രഭോജനം എന്നെ സംബന്ധിച്ചിടത്തോളം, ഒരു സാമൂഹ്യകാര്യമാണു്. ഇന്നത്തെ അയിത്തത്തിന്റെ പുറകിൽ സ്വജാതിയിലെ ഒരു വിഭാഗത്തിനുനേരെ നിന്ദയുണ്ടെന്നതിനു യാതൊരു സംശയവുമില്ല. സമുദായത്തിന്റെ മർമ്മങ്ങൾ കാർന്നുതിന്നുന്ന ഒരു പുഴുക്കുത്താണതു്. മനുഷ്യാവകാശങ്ങളുടെ നിഷേധമാണതു്. അതിന്റെയും മിശ്രഭോജനത്തിന്റെയും സ്ഥാനം തുല്യമല്ല. രണ്ടും കൂട്ടിക്കലർത്തരുതെന്നു പരിഷ്കർത്താക്കളോടു ഞാൻ ശക്തിപൂർവം ആവശ്യപ്പെടുന്നു. അപ്രകാരം ചെയ്യുന്നതു തൊട്ടുകൂടാത്തവരുടെയും തീണ്ടിക്കൂടാത്തവരുടെയും പാവനപ്രശ്നത്തിനു ദ്രോഹമാകും. ഈ ബ്രാഹ്മണലേഖകന്റെ ബുദ്ധിമുട്ടു യഥാർത്ഥമാണു്. ഈ തിന്മ എവിടെയെത്തിയിരിക്കുന്നുവെന്നു് അതു വ്യക്തമാക്കുന്നുണ്ടു്. തികഞ്ഞ വിനയം, ആത്മദമനം, ത്യാഗം, വിശുദ്ധി, ധൈര്യം, ക്ഷമ, യഥാർത്ഥജ്ഞാനം ഇവയുടെ പര്യായമായിരിക്കണം ബ്രാഹ്മണനാമം, പണ്ടത്തെപ്പോലെ. പക്ഷേ, ഇന്നു് ഈ പുണ്യഭൂമി ബ്രാഹ്മണാബ്രാഹ്മണ ഭിന്നിപ്പുകളാൽ അഭിശപ്തമാണു്. താൻ തീരെ അവകാശപ്പെടാത്തതെങ്കിലും സേവനാധികാരംകൊണ്ടു തനിക്കു കൈവന്നിരുന്ന ഔന്നത്യം പല തുറകളിലും ബ്രാഹ്മണനു നഷ്ടപ്പെട്ടിരിക്കുന്നു. തനിക്കു് അവകാശപ്പെടാൻ തരമില്ലാത്തതെന്തോ അതിനുവേണ്ടി അയാളിപ്പോൾ വീറോടുകൂടി വാദിക്കുകയാണു്; തന്നിമിത്തം ഇന്ത്യയിൽ ചിലയിടങ്ങളിൽ അബ്രാഹ്മണരുടെ അസൂയയ്ക്കു് അവർ പാത്രമായിത്തീർന്നിരിക്കുന്നു ഹിന്ദുമതത്തിന്റെ ഭാഗ്യംകൊണ്ടു്, ഈ രാജ്യത്തിന്റെ ഭാഗ്യംകൊണ്ടു്, അശുഭോദർക്കമായ ആ പ്രവണതയെ സർവശക്തിയും ഉപയോഗിച്ചു ചെറുക്കുന്നവരും സ്വന്തം പാരമ്പര്യത്തിനു ചേർന്ന മട്ടിൽ നിസ്വാർത്ഥനിഷ്ഠയോടുകൂടി അബ്രാഹ്മണരെ സേവിക്കുന്നവരുമായ, പ്രസ്തുത ലേഖകനെപ്പോലുള്ള, ബ്രാഹ്മണർ ഇന്നുണ്ടു്. എല്ലായിടത്തും ബ്രാഹ്മണൻ മുന്നണിയിൽ നിന്നു് അയിത്തത്തോടു പൊരുതുന്നതും, മതഗ്രന്ഥങ്ങളിൽനിന്നു പ്രമാണങ്ങൾ ഉദ്ധരിച്ചു സ്വന്തം വാദത്തിനു പിൻബല

digitized by www .sreyas.in

മുണ്ടാക്കുന്നതും കാണാം. കാലത്തിന്റെ പോക്കു കണ്ടറിഞ്ഞു്, ഔന്നത്യധാരണകളും അബ്രാഹ്മണൻ അടുത്തുവരുന്നതിൽ പാപം മണക്കുന്നതോ അബ്രാഹ്മണന്റെ ഒച്ചകേട്ടാൽ ഭക്ഷണം അശുദ്ധമായെന്നു കരുതുന്നതോ ആയ അന്ധവിശ്വാസവും കൈവെടിയുവാൻ ഈ ആസ്ത്രേലേഖകൻ പറഞ്ഞതരത്തിൽപ്പെട്ട ദക്ഷിണദേശബ്രാഹ്മണരോടു ഞാൻ ആവശ്യപ്പെടുന്നു. സർവത്തിലും ബ്രഹ്മത്തെ കാണുവാൻ ലോകത്തെ പഠിപ്പിച്ചതു ബ്രാഹ്മണരാണു്. തീർച്ചയായും അശുദ്ധി പുറമേനിന്നു വരാൻ തരമില്ല. അതു് ഉള്ളിൽനിന്നുണ്ടാകുന്നതാണു്. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും നമ്മുടെ അകത്തു നാം കുടിയിരുത്തിയ ദുഷ്ടവിചാരങ്ങളാണെന്ന സന്ദേശം ബ്രാഹ്മണർ വീണ്ടും പ്രചരിപ്പിക്കട്ടെ. മനുഷ്യന്റെ അശുദ്ധി കർത്താവും ബന്ധനകർത്താവുമെന്നപോലെ മോക്ഷകർത്താവും മനുഷ്യൻതന്നെയാണെന്നു വിശ്വസിക്കുവാൻ ലോകത്തെ പഠിപ്പിച്ചതു ബ്രാഹ്മണനാണു്.

ഈ ആസ്ത്രേലേഖകൻ പറഞ്ഞ സംഗതികൾ കേട്ടു് അബ്രാഹ്മണൻ ക്ഷോഭിക്കരുതു്. ആസ്ത്രേലേഖകനെപ്പോലുള്ള ബ്രാഹ്മണൻ അയാൾക്കുവേണ്ടി പൊരുതും, ഇപ്പോൾ പൊരുതുന്നതുപോലെ. കുറച്ചു ബ്രാഹ്മണർ ചെയ്ത പാപങ്ങൾക്കു് അയാൾ ബ്രാഹ്മണവർഗത്തെ മുഴുവൻ വെറുക്കരുതു്—ആ വെറുക്കുന്ന പ്രവണതയാണു് ഇന്നു വളർന്നുവരുന്നതെന്നു ഞാൻ ഭയപ്പെടുന്നു. ചീത്തയായി പെരുമാറുന്നവർ തന്നോടു നന്നായിപ്പെരുമാറണമെന്നു് അവകാശപ്പെടാതിരിക്കുവാൻ തക്കവണ്ണം അയാൾ അന്തസ്സുള്ളവനായിരിക്കട്ടെ. വഴിയേ പോയവൻ എന്നെ മാനിക്കാത്തതുകൊണ്ടോ, എന്റെ സ്പർശനമോ സാന്നിദ്ധ്യമോ ശബ്ദമോ നിമിത്തം താൻ അശുദ്ധനായി എന്നു് അയാൾ കരുതുന്നതുകൊണ്ടോ, ഞാൻ അപമാനിതനായി എന്നു വിചാരിക്കേണ്ടതില്ല. അയാളുടെ കല്പനയനുസരിച്ചു ഞാൻ വഴിയിൽനിന്നു മാറാതിരിക്കുകയോ, അയാൾ എന്റെ ശബ്ദം കേട്ടെങ്കിലോ എന്നു ഭയന്നു സംസാരിക്കാതിരിക്കുകയോ ചെയ്യാതിരുന്നാൽ മതി. അജ്ഞതാജന്യമായ അയാളുടെ ഔന്നത്യഭാവത്തെക്കുറിച്ചോ അയാളുടെ അന്ധവിശ്വാസത്തെക്കുറിച്ചോ എനിക്കു പരിതപിക്കാം; എങ്കിലും ഞാൻ ശുണ്ഠിയെടുക്കുകയും, എന്റെനേരെ പ്രയോഗിക്കപ്പെടുമ്പോൾ ഞാൻ നിസ്സംശയം വെറുക്കുമായിരുന്ന നിന്ദ ഞാൻതന്നെ പ്രകടിപ്പിക്കുകയും ചെയ്യരുതു്. ആത്മസംയമം നഷ്ടപ്പെട്ടതുകൊണ്ടു വിധി അബ്രാഹ്മണനെതിരായിത്തീരും. സർവോപരി, അതിർകടന്നു പ്രവർത്തിച്ചു് അയാൾ തന്റെ ബ്രാഹ്മണസഹായികളെ വിഷമിപ്പിക്കരുതു്. ഹിന്ദുമതത്തിലെയും മനുഷ്യജാതിയിലെയും അത്യുത്തമപുഷ്പമാണു ബ്രാഹ്മണൻ. അതു കൊഴിഞ്ഞുവീഴാൻ തക്കതൊന്നും ഞാൻ ചെയ്യുകയില്ല. സ്വന്തം കാര്യം നോക്കാൻ അതിനു നല്ല കഴിവുണ്ടെന്നു് എനിക്കറിയാം.

digitized by www .sreyas.in

ഇതിനു മുമ്പും വളരെ കൊടുങ്കാററുകളെ അതു തരണം ചെയ്തിരിക്കുന്നു. ആ പുഷ്പത്തിന്റെ സൗരഭ്യവും ശോഭയും കെടുത്താൻ അബ്രാഹ്മണർ ശ്രമിച്ചുവെന്നു പറയാൻ ഇടവരാതിരിക്കട്ടെ. ബ്രാഹ്മണൻ നശിച്ച് അബ്രാഹ്മണർ ഉയരണമെന്ന് എനിക്കാഗ്രഹമില്ല. മറിച്ചു ബ്രാഹ്മണർക്കു പണ്ടുണ്ടായിരുന്ന ഉന്നത സ്ഥാനത്തേക്ക് അബ്രാഹ്മണർ ഉയർന്നുവരണമെന്നാണ് എന്റെ ആഗ്രഹം. ജന്മംകൊണ്ടാണു ബ്രാഹ്മണരുണ്ടാകുന്നത്; ബ്രാഹ്മണ്യം അങ്ങനെയല്ല. നമ്മളിൽ ഏററവും എളിയവർക്കോ താണവക്കോ വളർത്തിക്കൊണ്ടു വരാവുന്ന ഒരു ഗുണമാണത്.

8

അയിത്തക്കാരായ സുഹൃത്തുക്കൾ എല്ലായിടത്തുവച്ചും ഗാന്ധിജിയെ കാണാറുണ്ട്—അതൊരു പിഴയ്ക്കാത്ത പതിവാണ്. വൃക്ഷങ്ങളില്ലാത്ത കത്തിയവാർ റോഡുകളിലെ ചുട്ടുപഴുത്ത പൊടിയിൽ കേവലം നഗ്നപാദരായി ഒരുക്കൂട്ടം ആളുകൾ നിശ്ചലരായി നിൽക്കുന്നതു കേവലം അസാധാരണമല്ലാത്ത കാഴ്ചയാണ്. 'അവിടെ അവർ വെള്ളംകോരുന്ന കിണററിന്റെ നേരെ നോക്കൂ. ആ കിണർ ഞങ്ങൾക്കു തൊടാൻ പാടില്ല, സ്വന്തമായി ഒന്നുണ്ടാക്കാൻ ഞങ്ങൾക്കു വകയുമില്ല. കിണററിനടുത്തു കന്നുകാലികൾക്കായുള്ള തൊട്ടിമാത്രം ഞങ്ങൾക്ക് ഉപയോഗിക്കാം, അതും വെള്ളം നിറച്ചുതന്നെങ്കിൽമാത്രം!' ഇതാണ് എപ്പോഴും പരാതി. കുടിക്കാൻ തന്നെ വെള്ളമില്ലെങ്കിൽ, കുളിക്കാനും അലക്കാനും പിന്നെ എവിടെ? ഇങ്ങനെ വൃത്തിഹീനരായി ഇരിക്കണമെന്നതുകൊണ്ട്, അയിത്തക്കാരാവുകയേ തരമുള്ളൂ.

ഏതാണ്ട് എട്ടുമണിക്കാണു പൊതുയോഗം കൂടിയത്. യോഗത്തിന്റെ ഒരററത്ത് അയിത്തക്കാരെ കയർകെട്ടി അകററിയിരുത്തിയ ഒരു ചെറിയ മൂലയുണ്ടായിരുന്നു. ഗാന്ധിജിയെ പ്രശംസിച്ച സ്ഥലത്തെ ഒരു കുകവി എഴുതിയ നിമിഷകവിത വായിച്ചുകൊണ്ടാണ് നടപടികൾ ആരംഭിച്ചത്. പിന്നെ വിദ്യാർത്ഥികളുടേതായ ഒരു സംവാദമുണ്ടായി; അവസാനം നൃത്തനൃത്യപ്രകടനവും. ഇതൊക്കെ വളരെ നീണ്ട ഇനങ്ങളായിരുന്നു; പത്തുമണിയിൽ കുറയില്ല ഞങ്ങൾ അന്നത്തെ പ്രധാനവിഷയത്തിലേക്കു കടന്നപ്പോൾ അവർ നടപടികൾ ആരംഭിക്കുവാൻ ഗാന്ധിജിയോട് ആവശ്യപ്പെടാൻ ഭാവിക്കുമ്പോൾ, അയിത്തക്കാരുടെ ഗാനമില്ലെങ്കിൽ സ്വാഗതം പൂർണമാവുകയില്ലെന്നു കരുതി, ഭാരവാഹികളിൽ ഒരാൾ മൂക്കിലിരിക്കുന്ന അയിത്തബാലികമാരുടെ ഗാനം വേണമെന്നു നിർബന്ധിച്ചു.

8. Young India, 16-4-1925 (The Removal of Untouchability, pp.166-168)

digitized by www .sreyas.in

'നിൽക്കൂ,' ഗാന്ധിജി പറഞ്ഞു 'അവരോടു പാടാൻ പറയുന്നതിനുമുമ്പ് എനിക്കു നിങ്ങളോട് ഒരു വാക്കു പറയാനുണ്ട്. ആമുക്കിലെ 'അയിത്തക്കാരായ' സുഹൃത്തുക്കളുടെ നേരെയാണ് ഇത്രനേരവും ഞാൻഉററുനോക്കിയിരുന്നതെന്നു നിങ്ങൾ കണ്ടിരിക്കണം. 'അയിത്ത'ബാലികമാരുടെ ഗാനം അകലെനിന്നു കേൾക്കാൻ ഞാൻ ഒരുങ്ങിയാൽ കോൺഗ്രസ്സ്കമ്മിററിക്കുവേണ്ടി നിങ്ങൾ എനിക്കു തന്ന മംഗളപത്രത്തിനു യാതൊരർത്ഥവുമുണ്ടാവുകയില്ല; ഒരു തോട്ടിയെന്നും ദരിദ്രരുടെയും അയിത്തക്കാരുടെയും സുഹൃത്തെന്നും, ഞാനെന്നെ വിളിക്കുന്നതിലുള്ള അഭിമാനം മുഴുവൻ വെറും കൊട്ടിപ്പാടിസേവയുമാകും. എന്നല്ല, എന്നെ സ്തുതിക്കുന്ന നിങ്ങളുടെ ഗാനങ്ങളിലൂടെ ഗീതയിലെ ശ്ലോകങ്ങൾ, അവയിലെ ഒരൊററ വാക്കും നിങ്ങൾ വിശ്വസിക്കാതിരിക്കെ എന്റെ നേരെ വലിച്ചെറിയുന്നതിനെന്താണർത്ഥം? നിങ്ങളുടെ ഈ സ്തുതിയൊക്കെ അർത്ഥവത്താണെങ്കിൽ അവിടെ ഇരിക്കുന്ന ആ 'അയിത്തക്കാരെ' നിങ്ങളുടെ ഇടയിൽ വന്നിരിക്കുന്നതിനു ക്ഷണിക്കുവാൻ നിങ്ങൾ എന്നെ അനുവദിക്കണം. അപ്രകാരം ചെയ്യാൻ തരമില്ലെന്നും നിങ്ങൾ നല്കിയ ഈ സ്വാഗതമൊക്കെ കേവലം പതിവനുസരിച്ചുള്ളതാണെന്നും യഥാർത്ഥമല്ലെന്നും നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ സധൈര്യം അതു തുറന്നുപറയുകയും അയിത്തക്കാരെ നിങ്ങൾക്കാവശ്യമില്ലെന്നു പ്രസ്താവിക്കുകയും വേണം. അങ്ങനെയാണെങ്കിൽ ഞാൻ സസന്തോഷം അവരുടെ കൂട്ടത്തിൽ ചെന്നിരുന്ന്, അവിടെനിന്നു നിങ്ങളോടു പ്രസംഗിക്കാം. അതാണ് എനിക്കു പററിയ സ്ഥലം. 'അയിത്തക്കാ'രുടെ ഇടയിൽ ചെന്നിരിക്കുവാൻ എന്നോടു പറഞ്ഞാൽ അതെനിക്കു ഉപദ്രവമോ അപമാനമോ ആകുമെന്നു നിങ്ങൾ തീരെ വിചാരിക്കരുത്.'

അതിനുശേഷം വോട്ടെടുത്തു; ആയിരത്തിലധികം പേർ അയിത്തക്കാർക്കു പ്രവേശം അനുവദിക്കുന്നതിനനുകൂലമായും ഏതാണ്ടു മുപ്പതുപേർ എതിരായും വോട്ടുചെയ്തു. (ഈ മുപ്പതിൽ ഒരൊററ സ്ത്രീ ഉൾപ്പെടുകയില്ല) ഗാന്ധിജി പറഞ്ഞു: 'ഇപ്പോൾ ഞാൻ പാറക്കെട്ടിനും കടലിച്ചുഴിക്കും ഇടയ്ക്കായി. ബഹുഭൂരിപക്ഷം എനിക്കനുകൂലമാണ്. ഒരു ചെറിയന്യൂനപക്ഷം എതിരും. ന്യൂനപക്ഷത്തോടു ഇവിടെനിന്നു മാറി, അയിത്തം തട്ടാത്ത സ്ഥലത്തുചെന്നിരിക്കാൻ സവിനയം ഞാൻ ആവശ്യപ്പെടുന്നു; എന്റെ അഭിപ്രായത്തെക്കുറിച്ച് അവർക്കു നീരസം തോന്നുകയാണെങ്കിൽ എന്റെ ആദ്യത്തെ അഭിപ്രായപ്രകാരം 'അയിത്തക്കാ'രുടെഇടയിൽ ചെന്നിരിക്കാൻ ഞാൻ തികച്ചും ഒരുക്കമാണ്.' ഈ ഘട്ടത്തിൽ യാഥാസ്ഥിതികരുടെ വക്താവായി ഒരാൾ എഴുന്നേററു. അയാളോ ഗാന്ധിജിയെ സ്തുതിച്ചുകൊണ്ടു കർണമധുരമായി പാടിയ ആ കുകവിയല്ലാതെ മററാരുമല്ല.

'സർ, ഞാൻ ബ്രാഹ്മണനാണ്. അങ്ങയുടെ അഭിപ്രായംകേട്ട് എനിക്ക വല്ലാത്ത വേദന തോന്നുന്നു. അങ്ങു ചെന്ന് അയിത്തക്കാരുടെ ഇടയിൽ ഇരിക്കണമെന്നു ഞാൻ പറയുമ്പോൾ ഇവിടെ എന്റെ ഒന്നിച്ചുള്ളവരുടെ മുഴുവൻ ആവശ്യമാണു ഞാൻ അറിയിക്കുന്നതെന്ന് എനിക്ക് ഉറപ്പുണ്ട്. അങ്ങയുടെ പ്രസംഗം ഞങ്ങൾ അകലെനിന്നു കേട്ടുകൊള്ളാം.'

'ശരി.' ഗാന്ധിജി പറഞ്ഞു 'ഞാൻ പോകാം. എനിക്കനുകൂലമായി വോട്ടുചെയ്തവരോടു ഒരുവാക്കു പറയാനുണ്ട്. മനസ്സിനു തൃപ്തി ചെയ്യേണ്ടതായ അത്തരമൊരു കാര്യത്തിൽ നമുക്ക് ആരെയും വേദനിപ്പിച്ചുകൂടാ——ഇപ്പോൾ ചെയ്യാൻപോകുന്നതുപോലെ ചെയ്യാൻ നമുക്ക് അവകാശമുണ്ടെങ്കിലും. അതിനാൽ, ഭൂരിപക്ഷത്തിന്റെ അവകാശത്തിനു വാശിപിടിക്കാതിരിക്കുവാനും അയിത്തക്കാരുടെ ഇടയിൽ ചെന്നിരിക്കാൻ എന്നെ അനുവദിക്കുവാനും നിങ്ങളോടു ഞാൻ ആവശ്യപ്പെടുന്നു ' 'നിൽക്കൂ, സർ,' ഇടറിയ ഒച്ചയിൽ ഒരാൾ പറഞ്ഞു 'ആക്ഷേപാർഹമായ ആ രീതിയിൽ ഈ യോഗം ഏർപ്പാടുചെയ്തതുതന്നെ വേണ്ടത്ര ലജ്ജാവഹമാണ്. എങ്കിലും അയിത്തക്കാരുടെ ഇടയിൽ ചെന്നിരിക്കാൻ താങ്കളെ അനുവദിച്ച് ആ ലജ്ജ വർദ്ധിപ്പിക്കുവാൻ ഞങ്ങളോട് ആവശ്യപ്പെടരുത്.'

ഗാന്ധിജി പറഞ്ഞു: 'എനിക്കറിയാം നിങ്ങൾക്കു വലിയ വേദന ഉണ്ടെന്ന്. പക്ഷേ, അതിനു നിങ്ങൾതന്നെയാണ് ഉത്തരവാദി. നിങ്ങളുടെ ഇടയിൽ വന്നിരിക്കുവാൻ അയിത്തക്കാരോടു ആദ്യംതന്നെ നിങ്ങൾ ആവശ്യപ്പെട്ടിരുന്നെങ്കിൽ നിങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞേനെ. പക്ഷേ, അവരെ അകററിയിരുത്തുവാൻ നിങ്ങൾ അനുവദിച്ചു; ഞാൻ ആവശ്യപ്പെട്ടപ്പോഴേ നിങ്ങൾക്കു സ്വധർമ്മബോധമുണ്ടായുള്ളൂ. അതിനാൽ പരിഭവിക്കാതെ എന്നെ അനുവദിക്കൂ അങ്ങോട്ടു പോകാൻ.'

എന്നിട്ട്, ഈ അസാധാരണ സംഭവവികാസങ്ങൾ കണ്ടു ആശ്ചര്യപ്പെട്ട് അകലെ ഇരുട്ടിൽ നിൽക്കുന്ന, ഈ ശോകരംഗത്തിനു വിഷയീഭവിച്ചവരുടെ അടുത്തേക്ക് അദ്ദേഹം പുറപ്പെട്ടു. പക്ഷേ, പ്രബുദ്ധരായ യാഥാസ്ഥിതികരുടെ ഇടയിൽനിന്നു മററൊരു മാന്യൻ എഴുന്നേററുനിന്നു ദുർവിനീതനായ ആ ബ്രാഹ്മണവക്താവിനെ അഭിസംബോധനചെയ്തു പറഞ്ഞു: 'ഇവിടെ നിൽക്കണമെന്നു നിങ്ങൾ വാശിപിടിക്കുന്നതു ശരിയല്ല. മഹാത്മജി സ്വസ്ഥാനംവിട്ട് അയിത്തക്കാരുടെ ഇടയിലേക്കു പോയാൽ ഞങ്ങളെല്ലാം അദ്ദേഹത്തിന്റെകൂടെ പോകുമെന്നും, നിങ്ങൾ ഒററപ്പെടുമെന്നും മനസ്സിലാക്കണം. രണ്ടായാലും നിങ്ങൾക്കു ഞങ്ങളുടെ കൂട്ടത്തിൽ സ്ഥാനമില്ല. പിന്നെ എന്തിനു കുറച്ചുപേർക്കുവേണ്ടി ഈ യോഗം

digitized by www .sreyas.in

[illegible]ർക്കുവാൻ ശാഠ്യംപിടിക്കുന്നു? അതിനാൽ, സ്ഥലംവിട്ടുപോകാൻ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു.'

ഈ അപേക്ഷ വെറുതെയായില്ല, ആ ബ്രാഹ്മണസുഹൃത്ത് അരഡസൻ ചങ്ങാതിമാരോടുകൂടി സ്ഥലംവിട്ടു; ബാക്കിയുള്ളവർ പറഞ്ഞു, അവർ പോയി കുളിച്ചു ശുദ്ധമായിക്കൊള്ളാമെന്ന്! ആ അയിത്തബാലികമാരെ അടുത്തേക്കു കൊണ്ടുവന്നു, വിജയാഘോഷത്തോടുകൂടിയല്ല, എന്തുകൊണ്ടെന്നാൽ എല്ലാ ജയാരവവും ഗാന്ധിജി വിലക്കിയിരുന്നു! പതിനൊന്നുമണിയോടുകൂടി അവർ ആ പാട്ടു പാടി! അവസാനം ഗാന്ധിജി പ്രസംഗിച്ചു, അഗാധമായ ശോകവും തീക്ഷ്ണതയും നിറഞ്ഞ സ്വരത്തിൽ.

9

മൃഗീയബലംകൊണ്ട് അയിത്തം നിലനിർത്താനാവില്ല. മർദിതവർഗങ്ങൾക്കെതിരായ ഒരു വികാരപരിവർത്തനമാണ് അതുകൊണ്ടുണ്ടാവുക. സാധുക്കളായ അയിത്തക്കാരെ രക്ഷിക്കുവാൻ അയിത്തമില്ലാത്ത കുറച്ചു പേരെങ്കിലും ഉണ്ടായി എന്നതു കാലധർമമാണ്. അങ്ങനെ വളരെപ്പേർ മഹാദിൽ ഉണ്ടാകേണ്ടതായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ നിശ്ശബ്ദമായ സഹതാപംകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. അയിത്തോച്ചാടനം പരമപ്രധാനമായി കരുതുന്ന ഓരോ ഹിന്ദുവും ഇത്തരം സന്ദർഭങ്ങളിൽ മർദിതവർഗങ്ങളെ പരസ്യമായി രക്ഷിക്കാൻ ശ്രമിച്ചും, നിസ്സഹായരേയും മർദിതരേയും രക്ഷിക്കുമ്പോൾ സ്വന്തം തല പൊളിയേണ്ടിവന്നാൽ അതു സഹിച്ചും തന്റെ സഹതാപം തെളിയിക്കണം.

10

മതത്തിന്റെ യഥാർത്ഥ സംരക്ഷകരായിരിക്കേണ്ട പുരോഹിതന്മാർ അവർ ഏതു മതത്തിന്റെ പുരോഹിതന്മാരായിരുന്നുവോ അതിനെ നശിപ്പിക്കുവാൻ ഹേതുഭൂതരായി എന്നതു വേദനാജനകമായ വസ്തുതയാണെങ്കിലും ചരിത്രസത്യമാണ്. തിരുവിതാംകൂറിലെയും മറ്റും ബ്രാഹ്മണർ അവർ ഏതു മതത്തിന്റെ സംരക്ഷകരാണെന്നു കരുതപ്പെടുന്നുവോ അതേ മതം സ്വന്തം അജ്ഞതകൊണ്ട് അല്ലെങ്കിൽ അതിലുംമോശമായ എന്തെങ്കിലുംകൊണ്ടു നശിപ്പിക്കുന്നതു ഞാനെന്റെ കൺമുന്നിൽ കാണുന്നു. ഘോരമായ ഒരന്ധവിശ്വാസത്തെ, ഭയങ്കരമായ ഒരപരാധത്തെ നിലനിർത്താൻ ഉപ

---

9. Young India, 28–4–1927 (The Removal of Untouchability, p. 63)
10. Young India, 20–10–1927 (The Removal of Untouchability, p. 63 നാഗർകോവിലിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽനിന്ന്)

digitized by www .sreyas.in

യോഗപ്പെടുത്തുമ്പോൾ അവരുടെ സർവ്വപാണ്ഡിത്യവും ചാമ്പലായി മാറുന്നു. അതിനാൽ നന്നെ വൈകുന്നതിനു മുമ്പ് അവർ കാലഗതി കണ്ടറിയുമെന്നും, അവരേയും നമ്മളേയും സ്വമനസ്സാലെയോ അല്ലാതെയോ നേർവഴിയിലൂടെ നയിക്കുന്ന സംഭവങ്ങളുടെ ഒപ്പം അവർ എത്തുമെന്നും ഞാൻ ആശിക്കുന്നു.

11

അയിത്തമാകുന്ന ഈ വിഷപ്പാമ്പിനെ തടഞ്ഞുവച്ചിട്ടേയുള്ളു, കൊന്നിട്ടില്ല. നാം തീരെ പ്രതീക്ഷിക്കാത്തപ്പോഴൊക്കെ അതു അതിന്റെ വിഷപ്പല്ലുകൾ കാണിക്കുന്നു. താഴെ പറയുന്നമാതിരി ഒരെഴുത്തു കിട്ടുമെന്നു തീരെ വിചാരിച്ചില്ല.

'ഈ മാസം 22–ാം തീയതി തനകുവിൽ കൂടിയ മഹിളാസമ്മേളനത്തിനുശേഷം ഉണ്ടായ താഴെച്ചേർക്കുന്ന സംഭവം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടിവന്നതിൽ എനിക്കു വളരെ ഖേദമുണ്ട്. ഉച്ചതിരിഞ്ഞു അഞ്ചു മണിയായപ്പോൾ, ആ സമ്മേളനത്തിൽ ഏതാണ്ടു മുന്നൂറു നാന്നൂറു സ്ത്രീകളുണ്ടായിരുന്നു. ആരോ അവിടെവച്ചു മന്ത്രിച്ചു അങ്ങയുടെ അടുത്തിരുന്ന സ്ത്രീ ഒരു പഞ്ചമബാലികയാണെന്നു്.

'സമ്മേളനം കഴിഞ്ഞ ഉടനെ അതിൽ പങ്കുകൊണ്ട സ്ത്രീകളെല്ലാം നേരിട്ടു തോട്ടിൽപോയി കുളിച്ചു—വെറുതെ അവളെ തൊട്ടുവെന്ന മഹാപാപത്തിൽനിന്നു മോചനം കിട്ടാൻ. ഈ പാപം തീരാൻവേണ്ടി ചെറിയ കുട്ടികളെപ്പോലും, മുലകുടിമാറാത്ത പിഞ്ചുപൈതങ്ങളെപ്പോലും പുണ്യാഹം തളിക്കുന്നതു ഞാനെന്റെ സ്വന്തം കണ്ണുകൊണ്ടു കണ്ടു. ഞങ്ങൾ അങ്ങയെ വഞ്ചിക്കുകയും അതോടൊന്നിച്ചു മാനിക്കുകയും ചെയ്യുകയാണു്. ഇതു ഞങ്ങളുടെ ഒരു പഴയ അടവാണു്.

'ജനങ്ങൾ അജ്ഞതയിലും അന്ധവിശ്വാസത്തിലും മുങ്ങിയിരിക്കുകയാണു്. ഉയർന്ന ജാതിയുടേതായ ഗർവോടു കൂടിച്ചേർന്നു് ഇവ നമ്മെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണു്. നമ്മുടെ ഇന്നത്തെ ഗവർമെൻറിനേക്കാൾ കരുത്തുകൂടിയവയാണു് ഇവയെന്നു തോന്നിപ്പോകുന്നു.'

എന്റെ അടുത്തിരുന്ന സ്ത്രീ ശ്രീമതി പ്രഭാവതീദേവിയായിരുന്നു—ബീഹാറിലെ പ്രശസ്ത നേതാവായ ബ്രജകിശോർബാബുവിന്റെ പുത്രി. കുറച്ചുകാലമായി അവർ എന്റെകൂടെ ആശ്രമത്തിൽ

11. Young India, 16–5–1929 (The Removal of Untouchability, pp. 174–176)

digitized by www .sreyas.in

പാർത്തുവരികയാണ്, ആന്ധ്രാപര്യടനകാലത്ത് എന്നോടൊന്നിച്ച് അവർ സഞ്ചരിച്ചിരുന്നു. വളരെപ്പേർ അവരെന്റെ പുത്രിയാണെന്നു വിചാരിക്കുന്നുണ്ട്—മകന്റെ ഭാര്യയാണെന്നു ചിലരും. എന്നാൽ അവൾ ലക്ഷ്മിയാണെന്നും എന്റെ പ്രത്യേകരീതിയിൽ ഞാൻ ദത്തെടുത്ത എന്റെ പുത്രിയായ അന്ത്യജബാലിക—തെററുധരിക്കാൻ തരപ്പെട്ടതു തനുകുവിലെ മഹിളമാർക്കാണ്. അങ്ങനെ സങ്കല്പത്തിലുള്ള ആ അന്ത്യജബാലികയുടെ എന്നിലൂടെ സംക്രമിപ്പിക്കപ്പെട്ട സ്പർശംകൊണ്ടു അശുദ്ധകളായിത്തീർന്ന നല്ലവരായ ആ മഹിളമാർ പുണ്യസ്നാനംകൊണ്ടോ പുണ്യാഹംകൊണ്ടോ സ്വയം ശുദ്ധീകരിച്ചും. ശോകാത്മകമായ ഈ പ്രഹസനത്തിൽനിന്നു നമുക്ക് ഒരു പാഠം പഠിക്കാനുണ്ട്. അന്ധവിശ്വാസികളായ പുരുഷന്മാർ സ്ത്രീകളെ അവഗണിച്ചതുകൊണ്ട്, സ്ത്രീകൾ കൂടുതൽ അന്ധവിശ്വാസികളായിത്തീരാൻ ഇടയായിരിക്കുന്നു. ഈ എഴുത്തു കിട്ടിയശേഷം ഞാൻ സൂക്ഷിച്ചു നോക്കി, പിന്നീടുള്ള സദസ്സുകളുടെ ഘടന എങ്ങനെയാണെന്നു പരിശോധിക്കുവാൻ തുടങ്ങി. മിക്ക സമ്മേളനങ്ങളിലും അയിത്തമില്ലാത്തവരുടെ കൂട്ടത്തിൽ അയിത്തക്കാരും കലർന്നിരിക്കുന്നുണ്ടെന്നു ഞാൻ കണ്ടു. അവർക്കു വല്ല വിരോധവുമുണ്ടോ എന്നു ഞാൻ പരസ്യമായി ചോദിച്ചു. ഒരു വിരോധവുമില്ലെന്ന് അവർ പറഞ്ഞു. രാജമുന്ദ്രിക്കടുത്തുള്ള ഒരു ഗ്രാമത്തിൽ കൂടിയ ചിട്ടയോടുകൂടിയ ഒരു യോഗത്തിൽ അയിത്തമില്ലാത്തവരും അയിത്തമുള്ളവരും സ്ത്രീകളും അവരവരുടെ പ്രത്യേക സ്ഥാനങ്ങളിൽ ഇരിക്കുന്നതു ചൂണ്ടിക്കാട്ടി വാളണ്ടിയർമാർ അഭിമാനംകൊള്ളുന്നതു ഞാൻ കണ്ടു. ഞാൻ അവർക്കൊരു കെണിവച്ചു. 'അയിത്തക്കാരെ അകററിനിർത്താനാണ്, അല്ലേ, നിങ്ങൾ ഈ പ്രത്യേക ഏർപ്പാടുകൾ ചെയ്തിട്ടുള്ളതു്?' എന്റെ ചോദ്യത്തിന് ഉത്തരം നൽകിയ സാധു വാളണ്ടിയർ ശരിക്ക് ആ കെണിയിൽ കുടുങ്ങിപ്പറഞ്ഞു, 'അതേ സർ.' പിന്നീടു ഞാൻ കണ്ടുപിടിച്ചു, അയാൾക്കു നന്നേകുറച്ചു ഇംഗ്ലീഷേ അറിയാവൂ എന്നും, എന്റെ ചോദ്യം അയാൾക്കു മനസ്സിലായില്ലെന്നും. എന്തുകൊണ്ടെന്നാൽ ഞാൻ സദസ്യരോടുതന്നെ ചോദിച്ചു, അയിത്തക്കാർ തങ്ങളുടെ കൂട്ടത്തിൽ ഇരിക്കുന്നതിന് അവർക്കു വല്ല വിരോധവുമുണ്ടോ എന്ന്. വിരോധമില്ലെന്ന് അവർ കരഘോഷംകൊണ്ടു വെളിവാക്കി. എന്നിട്ടും എനിക്കു തൃപ്തിവന്നില്ല. അതുകൊണ്ടു ഞാൻ ചോദിച്ചു, അയിത്തക്കാരെ അവരുടെ കൂട്ടത്തിലേക്ക് അയയ്ക്കാൻ അവരെന്നെ അനുവദിക്കുമോ എന്ന്. സമ്മതം സൂചിപ്പിച്ചുകൊണ്ട് അവർ വീണ്ടും കൈപൊക്കി. സമ്മതം വാക്കുകളെക്കൊണ്ടു വെളിവാക്കാൻ ഞാൻ അവരോട് ആവശ്യപ്പെട്ടു. അവർ അപ്രകാരം ചെയ്തു, ആദ്യം മെല്ലെ. ഉറക്കെ വിളിച്ചു പറയാൻ ഞാൻ ആവശ്യപ്പെട്ടു. 'ശരി, ശരി' എന്ന് അവരെല്ലാം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. പിന്നെ ഞാൻ അയിത്തക്കാരോട് അവരുടെ കൂട്ടത്തിൽ ചെന്നിരിക്കാൻ പറഞ്ഞു. സങ്കോചമോ ഭയ

digitized by www .sreyas.in

മോ കൂടാതെ അവർ അപ്രകാരം ചെയ്തു. പിന്നെ ഞാൻ ആ യോഗത്തിൽ പ്രസംഗിച്ചതു് അയിത്തത്തെക്കുറിച്ചായിരുന്നു. അയിത്തക്കാരായ സഹോദരരെ തങ്ങളുടെ കൂട്ടത്തിൽ ഇരുത്തിയതുകൊണ്ടു് ഒരു പുണ്യകർമമാണു് അവർ ചെയ്തതെന്നും ഏതു മനുഷ്യനെയും അയിത്തക്കാരനായി കരുതുന്നതു പാപമാണെന്നും ഞാൻ പറഞ്ഞു. എന്റെ വിശദീകരണംകൊണ്ടു ബലംകൂട്ടിയ ഈ പ്രത്യക്ഷമായ തെളിവിനെ മാനിക്കാതെ സ്ത്രീകളോ മററാരെങ്കിലുമോ തീണ്ടൽപോക്കാൻ കുളിച്ചെങ്കിൽ, ഒരു മനഃശാസ്ത്രജ്ഞൻ പരിശോധിച്ചു തീരുമാനിക്കേണ്ട കാര്യമാണതു്. അയിത്തക്കാർ ഇടയിൽ വന്നിരിക്കുന്നതിനു സമ്മതം മൂളുന്നതിൽ സ്ത്രീകളും പങ്കുകൊണ്ടിരുന്നുവെന്നും, അയിത്തക്കാരെന്നു വിളിക്കപ്പെടുന്നവർ സവർണസ്ത്രീപുരുഷന്മാരെ തൊട്ടുകൊണ്ടുതന്നെയാണു് ഇരുന്നിരുന്നതെന്നും, അവർ തൊടുന്നതു കൂടാതെ കഴിക്കാൻ ആരെങ്കിലും മാറിയിരിക്കുന്നതു ഞാൻ കാണുകയുണ്ടായില്ലെന്നുംകൂടിപ്പറഞ്ഞു് ഈ കഥ അവസാനിപ്പിക്കട്ടെ. അടുത്തൊരു ഗ്രാമത്തിൽ ഒരു വിദ്യാലയം നടത്തപ്പെടുന്നുണ്ടു്. അവിടെ അയിത്തക്കാരുടെയും അല്ലാത്തവരുടെയും കുട്ടികൾ യാതൊരു കുഴപ്പവുംകൂടാതെ പരസ്പരസമ്പർക്കം ചെയ്തുപോരുന്നു. അതിനാൽ തനുകവിൽ ഉണ്ടായതുപോലുള്ള സംഭവങ്ങളെക്കുറിച്ചു ഞാൻ ഖേദിക്കുന്നുണ്ടെങ്കിലും, അയിത്തം തളർന്നു ചത്തുപോകയാണെന്ന വസ്തുത നിഷേധിക്കപ്പെട്ടുകൂടാ

## 12

തിരുനൽവേലിയിൽവച്ചു ആദ്യമായി ഞാൻ ഭൂകമ്പവും അയിത്തവും തമ്മിൽ ബന്ധമുണ്ടെന്നു പറഞ്ഞതു് ഏററവുമധികം ആലോചനയോടുകൂടിയും ആത്മാർത്ഥതയോടുകൂടിയുമായിരുന്നു. എന്റെ വിശ്വാസമനുസരിച്ചാണു ഞാൻ പറഞ്ഞതു്. ഭൗതികപ്രതിഭാസങ്ങൾ ഭൗതികങ്ങളും ആത്മീയങ്ങളുമായ രണ്ടുതരം ഫലങ്ങളെയും ഉളവാക്കുമെന്നു വളരെക്കാലമായി ഞാൻവിശ്വസിച്ചുപോരുന്നുണ്ടു്. ഇതിന്റെ എതിർവശവും ഇതുതന്നെ നേരാണെന്നു ഞാൻ വിശ്വസിക്കുന്നു.

എന്നെ സംബന്ധിച്ചിടത്തോളം ആ ഭൂകമ്പം ഈശ്വരന്റെ ഒരു വികൃതിയോ രണ്ടു് അന്ധശക്തികൾ കൂട്ടിമുട്ടിയതിന്റെ ഫലമോ ആയിരുന്നില്ല.

....മഴ പെയ്യായ്ക, വെള്ളപ്പൊക്കങ്ങൾ, ഭൂകമ്പങ്ങൾ മുതലായ ബാധകൾ ആദിയായവയുടെ ഉത്പത്തി കേവലം ഭൗതികമാണെന്നു തോന്നാമെങ്കിലും എന്റെ അഭിപ്രായത്തിൽ എങ്ങനെയോ

---

12. Harijan, 16-2-1934 (The Removal of Untouchability, pp. 7-9)

digitized by www .sreyas.in

മനുഷ്യന്റെ സദാചാരങ്ങളുമായി ബന്ധപ്പെട്ടവയാണ്. അതു കൊണ്ട് വാസനാവിശേഷത്താൽ എനിക്കു തോന്നി ആ ഭൂകമ്പം അയിത്തമാകുന്ന പാപത്തിനുള്ള ഈശ്വരശിക്ഷയാണെന്ന്. തീർച്ചയായും സനാതനികൾക്കു പറയാം, അയിത്തത്തിനെതിരെ പ്രസംഗിക്കുകയെന്ന എന്റെ അപരാധമാണ് അതിനു കാരണമെന്ന്. എന്റെ വിശ്വാസം പ്രായശ്ചിത്തത്തിനും ആത്മശുദ്ധീകരണത്തിനും വേണ്ടിയുള്ള ഒരാഹ്വാനമാണ്. പ്രകൃതിനിയമങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള എന്റെ തികഞ്ഞ അജ്ഞത ഞാൻ സമ്മതിച്ചു കൊള്ളുന്നു. എന്നാൽ ഈശ്വരനുണ്ടെന്നു സംശയാത്മാക്കൾക്കു തെളിയിച്ചുകൊടുക്കാൻ എനിക്കു കഴിവില്ലെങ്കിലും ഈശ്വരനിൽ വിശ്വസിക്കാതിരിക്കുവാൻ എനിക്കു നിവൃത്തിയില്ലാത്തതുപോലെ തന്നെ അയിത്തമാകുന്ന പാപവും ബിഹാർഭൂകമ്പവും തമ്മിലുള്ള ബന്ധം സഹജാവബോധംകൊണ്ട് എനിക്ക് അനുഭവപ്പെടുന്നുണ്ടെങ്കിലും അതു തെളിയിക്കാൻ എന്നെക്കൊണ്ടാവില്ല. എന്റെ വിശ്വാസം അടിസ്ഥാനരഹിതമാണെന്നു വന്നാൽത്തന്നെയും അതുകൊണ്ട് എനിക്കും എന്നെപ്പോലെ വിശ്വസിക്കുന്നവർക്കും ഗുണമേ ഉണ്ടാകൂ. എന്തുകൊണ്ടെന്നാൽ ആത്മശുദ്ധീകരണത്തിനുള്ള പൂർവാധികം ശക്തിമത്തായ പരിശ്രമങ്ങൾക്കു നാം പ്രേരിതരായിത്തീരും ——അയിത്തം ഒരു ഭയങ്കരപാപമാണെന്നു കരുതുന്നുണ്ടെങ്കിൽ, എന്നു പറയാനില്ലല്ലോ. ഇത്തരം വ്യാമോഹംകൊണ്ടുള്ള അപകടം എനിക്ക് അസ്സലായി അറിയാം. എങ്കിലും എനിക്കേറെറവും അടുത്തവരും പ്രിയപ്പെട്ടവരും കിടന്നു ക്ലേശിക്കുമ്പോൾ, എന്റെ വിശ്വാസം ഞാൻ പരിഹാസഭയം നിമിത്തം ഉറക്കെ പ്രഖ്യാപിച്ചില്ലെങ്കിൽ ഞാൻ സത്യമല്ലാത്തവനും ഭീരുവുമായിത്തീരും. ആ ഭൂകമ്പത്തിന്റെ ഭൗതികഫലം വേഗം വിസ്മൃതമാകും, അതിനു കുറെയൊക്കെ പരിഹാരം ചെയ്യെന്നും വരാം. എന്നാൽ അതു് അയിത്തമാകുന്ന പാപം ചെയ്തതിനുള്ള ഈശ്വരകോപത്തിന്റെ പ്രകടനമാണെങ്കിൽ അതിൽനിന്നു പഠിക്കാനുള്ള സദാചാരപാഠം നാം പഠിക്കുകയും ആ പാപത്തെക്കുറിച്ചു പശ്ചാത്തപിക്കുകയും ചെയ്യാതിരുന്നാൽ അതു മഹാകഷ്ടമാകും. നമ്മുടെ എത്രതന്നെ വലുതായ പാപങ്ങൾക്കും തെററുകൾക്കും പ്രപഞ്ചസൗധത്തെ വിനാശത്തിലേക്കു പിടിച്ചുവലിക്കാൻതക്ക ശക്തിയില്ലെന്ന ഗുരുദേവന്റെ വിശ്വാസം എനിക്കില്ല. നേരെമറിച്ച്, ആ സൗധം തകർക്കാൻ ഏതു ഭൗതികപ്രതിഭാസത്തിനുള്ളതിലുമധികം ശക്തി നമ്മുടെ പാപങ്ങൾക്കുണ്ടെന്ന വിശ്വാസം എനിക്കുണ്ട്. പദാർത്ഥത്തിനും ചൈതന്യത്തിനും തമ്മിൽ വേർപെടുത്താനാവാത്ത ഒരു ബന്ധമുണ്ട്. ആ ബന്ധത്തിന്റെ ഫലങ്ങളെക്കുറിച്ചുള്ള നമ്മുടെ അജ്ഞത അതിനെ ഒരഗാധരഹസ്യമാക്കുകയും നമ്മിൽ ഭയം ജനിപ്പിക്കുകയും ചെയ്യുന്നു; എങ്കിലും പ്രസ്തുത ഫലങ്ങളില്ലാതാക്കാൻ ആ അജ്ഞതയ്ക്കാവില്ല. എന്നാൽ ആ ബന്ധത്തെക്കുറിച്ചുള്ള സജീവബോധം ഓരോ

digitized by www .sreyas.in

ഭൗതികവിപത്തിനെയും സ്വന്തം ധാർമികാഭ്യുദയത്തിനായി ഉപയോഗപ്പെടുത്തുവാൻ വളരെപ്പേർക്ക് കഴിവുണ്ടാക്കിത്തീർത്തിരിക്കുന്നു.

## 13

ഹരിജനങ്ങളെക്കൊണ്ടും പിന്നണിക്കാർ എന്നു വിളിക്കപ്പെടുന്ന മററുതരക്കാരെക്കൊണ്ടും ചെറിയ ഭൂവുടമകൾ നിർബന്ധിച്ചു പണിയെടുപ്പിക്കുന്ന സമ്പ്രദായം ഇന്ത്യയിൽ മിക്കവാറും സാർവത്രികമാണു്. ഈ ചെറിയ ഭൂവുടമകൾ മിക്കവാറും ഹിന്ദുക്കളാണു്. നിർബന്ധിച്ചു പണിയെടുപ്പിക്കുന്നതിനെ ഹരിജനങ്ങൾക്കും മററും നിയമപ്രകാരം ചെറുക്കാം. സ്വന്തം അവകാശങ്ങളെക്കുറിച്ചുള്ള ബോധം സാവധാനമെങ്കിലും അവർക്കുണ്ടായിക്കൊണ്ടിരിക്കയാണെന്നതിനു സംശയമില്ല. അവകാശങ്ങൾ അനുഭവത്തിൽ വരുത്തത്തക്ക സംഖ്യാബലം അവർക്കുണ്ടു്. എന്നാൽ സവർണഹിന്ദുക്കൾ അവരർഹിക്കുന്ന വിധി അനുഭവിക്കാൻ ചുണയില്ലാതെ കാത്തിരിക്കുകയാണെങ്കിൽ എല്ലാ ഭംഗിയും പോകും. മനുഷ്യനു് അവകാശപ്പെട്ട ബഹുമതിക്കു് അർഹരായ ഏകോദരസഹോദരരെന്ന നിലയിൽ ഹരിജനങ്ങളോടുള്ള കടമ അവർ മനസ്സിലാക്കുകയും സ്വമനസ്സാലെ ചെയ്ത സേവനങ്ങൾക്കു കിട്ടാവുന്ന പ്രതിഫലം സ്വീകരിക്കുകയുമാണു് അധികം അഭിലഷണീയം.

# ഡി. ഹരിജനങ്ങളുടെ ശീലങ്ങൾ പരിഷ്കരിക്കൽ

## 14

നിങ്ങൾ ഹിന്ദുസമുദായത്തെ ശുചീകരിക്കുകയാണെന്നു മനസ്സിലാക്കണം. അതിനാൽ സ്വജീവിതം നിങ്ങൾ ശുദ്ധമാക്കണം. ആർക്കും നിങ്ങളെ കുററംപറയാൻ കഴിയാത്തവണ്ണം നിങ്ങൾ ശുചിത്വമുള്ളവരായിത്തീരണം. ശുചീകരണത്തിനു സോപ്പു് ഉപയോഗിക്കുവാൻ മാർഗമില്ലെങ്കിൽ ചാരമോ മണ്ണോ ഉപയോഗിക്കുക. നിങ്ങളിൽ ചിലർക്കു കുടിയും ചൂതുകളിയുമുണ്ടു്; ഇതു നിങ്ങൾ ഉപേക്ഷിക്കണം. ബ്രാഹ്മണരുടെ നേരേ വിരൽ ചൂണ്ടി നിങ്ങൾ പറയും അവർക്കു ദുശ്ശീലങ്ങളുണ്ടെന്നു്. എങ്കിലും അവർ അയിത്തക്കാരായി കരുതപ്പെടുന്നില്ല, നിങ്ങൾ കരുതപ്പെടുന്നു. ഒരു സൗജന്യമെന്ന നിലയിൽ നിങ്ങളെ മോചിപ്പിക്കുവാൻ സവർണഹിന്ദുക്കളോടു നിങ്ങൾ ആവശ്യപ്പെടരുതു്. ഇഷ്ടമുണ്ടെങ്കിൽ സ്വന്തം ഗുണത്തിനുവേണ്ടി അവരതു ചെയ്യണം. അതിനാൽ സ്വന്തം ശുചിത്വംകൊണ്ടും ശുദ്ധികൊണ്ടും നിങ്ങൾ അവരെ ലജ്ജിപ്പിക്കണം.

---

13. Harijan, 1–5–1937 (The Removal of Untouchability, p. 184)
14. Young India, 4–2–1921 (The Removal of Untouchability, p. 194. അഹമ്മദാബാദിലെ മർദിതജാതിക്കാരുടെ സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു്.

digitized by www .sreyas.in

എത്ര വൃത്തിയുള്ളതാണെന്നുപറഞ്ഞാലും എച്ചിൽസ്വീകരിക്കരുതു്. നല്ല ധാന്യംമാത്രം, കേടു വന്നതു വേണ്ട, സ്വീകരിച്ചോളൂ; അതും മര്യാദയോടുകൂടി തന്നെങ്കിൽ മാത്രം. നിങ്ങളോടു ഞാൻ ആവശ്യപ്പെട്ടതെല്ലാം ചെയ്യാൻ സാധിച്ചാൽ നാലോ അഞ്ചോ മാസംകൊണ്ടല്ല, നാലോ അഞ്ചോ ദിവസംകൊണ്ടു നിങ്ങൾക്ക മോചനം നേടാം.

## 15

....ഹരിജൻകുട്ടികളെ നല്ല ആചാരങ്ങളും നല്ല സംഭാഷണവും നല്ല പെരുമാററവും പഠിപ്പിക്കുകയാണ പ്രാരംഭപരിശീലനം. ഹരിജനബാലൻ തോന്നിയപോലെ ഇരിക്കുന്നു, തോന്നിയപോലെ വസ്ത്രധാരണം ചെയ്യുന്നു; അവൻെറ കണ്ണു്, ചെവി, പല്ലു്, തലമുടി, നഖം, മൂക്കു്—ഇതൊക്കെ മിക്കപ്പോഴും ചെളിനിറഞ്ഞതാണു്. പലർക്കും കുളി എന്താണെന്നു് അറിഞ്ഞുകൂടാ. 1915—ൽ ഞാൻ ചെയ്തതു് എനിക്കോർമയുണ്ടു്. ടാൻക്യൂബാറിൽനിന്നു ഒരു ഹരിജനബാലനെപ്പിടിച്ചു ഞാൻ കോഛരു്റാബിലേക്കു കൊണ്ടുപോയി. അന്നവിടെയായിരുന്നു ആശ്രമം. ഞാൻ അവനെ ക്ഷൗരം ചെയ്യിച്ചു. പിന്നെ കുളിപ്പിച്ചു് ഒരു വെറും ധോത്തിയും തൊപ്പിയുംകൊടുത്തു. അൽപ്പം മിനിററുകൾക്കുള്ളിൽ കാഴ്ചയിൽ അവനും ഏതു കുലീനകുടുംബത്തിലെ കുട്ടിയും തമ്മിൽ വ്യത്യാസമില്ലാതായി. അവൻെറ തലയും കണ്ണും ചെവിയും മൂക്കും അസ്സലായി വൃത്തിയാക്കി. ചെളിയുടെ കലവറയായിരുന്ന അവൻെറ നഖങ്ങൾ മുറിച്ചു വൃത്തിയാക്കി. പൊടിനിറഞ്ഞ അവൻെറ കാൽ തുടച്ചുകഴുകി വൃത്തിയാക്കി. വിദ്യാലയങ്ങളിൽ വരുന്ന ഹരിജൻകുട്ടികളെ സംബന്ധിച്ചു് ആവശ്യമാണെങ്കിൽ ഇതൊക്കെ ദിവസേന വേണം. ആദ്യത്തെ മൂന്നുമാസക്കാലത്തേക്കു് അവരുടെ പഠിപ്പു് ശുചീകരണമായിരിക്കണം. സാമാന്യംപോലെ ഭക്ഷിക്കുക എങ്ങനെയാണെന്നു് അവരെ പഠിപ്പിക്കണം—ഈ വാചകമെഴുതുമ്പോൾ ഒറീസ്സയിലെ പദയാത്രക്കാലത്തു കണ്ടതു് എനിക്കോർമവരുന്നുണ്ടെങ്കിലും അവിടെ ചിലദിക്കിൽവച്ചു ഭക്ഷണം നൽകപ്പെട്ട ഹരിജൻകുട്ടികളും മുതിർന്ന ഹരിജനങ്ങളും മററുള്ളവരേക്കാൾ അധികം വൃത്തിയായി ഭക്ഷണം കഴിച്ചു. ഹരിജനങ്ങളല്ലാത്തവരാകട്ടെ, വാരിത്തിന്നു കൈയെച്ചിലാക്കി ഉച്ഛിഷ്ടം നാലുപാടും വിതറി കശപിശയാക്കിയിട്ടാണ പോയതു്. ഹരിജനങ്ങൾ ഒന്നും ബാക്കിവച്ചില്ല, അവരുടെ ഇല വെടിപ്പായിക്കിടന്നിരുന്നു. ഓരോ ഉരുള ഉണ്ടാൽ അവർ വിരലുകൾ നക്കി വൃത്തിയാക്കും. ഇവിടെ പറഞ്ഞവരെപ്പോലെ എല്ലാ ഹരിജൻകുട്ടികളും അത്ര വൃത്തിയായി ഭക്ഷിക്കാറില്ലെന്നു് എനിക്കറിയാം.

---

15. Harijan, 18–9–1935 (The Removal of Untouchability, p.206)

digitized by www .sreyas.in

എല്ലാ ഹരിജൻവിദ്യാലയങ്ങളിലും ഈ പ്രാരംഭപരിശീലനം നൽകണമെങ്കിൽ അദ്ധ്യാപകർക്ക സവിസ്തരമായ ഉപദേശങ്ങാം നൽകുന്ന ലഘുലേഖകാം അവരുടെ ഭാഷകളിൽ അച്ചടിച്ച വിതരണം ചെയ്യുകയും, ഇവരെ അടിസ്ഥാനമാക്കി അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പരിശോധിക്കവാനും ഈ മാർഗങ്ങളിലുണ്ടായ പുരോഗതിയുടെ പൂർണ റിപ്പോർട്ടുകാം അയയ്ക്കവാനും ഇൻസ്പെക്ടർമാരോട് ആവശ്യപ്പെടുകയും വേണം.

ഈ പരിപാടിക്ക പുതിയ അദ്ധ്യാപകരെ ശ്രദ്ധിച്ച തിരഞ്ഞെടുക്കുകയും ഇന്നുള്ളവർക്ക പരിശീലനം നൽകുകയും ചെയ്യേണ്ടതാവശ്യമാണ്. എന്നാൽ സംഘത്തിന്റെ ചുമതലയിൽപ്പെട്ട അനേകായിരം കുട്ടികളോടുള്ള കർത്തവ്യം നിർവഹിക്കണമെങ്കിൽ ഇതെല്ലാം സർവഥാ ശ്രദ്ധേയങ്ങളായ കാര്യങ്ങളാണ്.

## 16

ഈ സമ്മേളനത്തിൽ ഉണ്ടായേക്കാവുന്ന ഹരിജൻ സഹോദരീസഹോദരന്മാരോട് ഒരു വാക്ക്: ഈ ആത്മശുദ്ധീകരണത്തിൽ നിന്ന നിങ്ങാം അകന്ന നിന്നുകൂടാ. ഈ പീഠത്തിന്മേൽ നിങ്ങളും ബലിയർപ്പിക്കണം. ബാഹ്യവും ആഭ്യന്തരവുമായ ശുചീകരണനിയമങ്ങാം കണിശമായി അനുഷ്ഠിക്കുക; രണ്ടാമത്, ചത്ത ജന്തുക്കളുടെ മാംസവും ഗോമാംസവും—ഇവ തിന്നുന്ന ശീലമുള്ളവർ—ഉപേക്ഷിക്കുക, ഇതാണ് ആ ബലി. പരിഷ്കൃതലോകത്തിൽ സർവത്ര ചത്ത ജന്തുവിന്റെ ഇറച്ചി വെറുക്കപ്പെടുന്നു. അതു മനുഷ്യനു തിന്നാൻ പററാത്തതായിട്ടാണു കരുതപ്പെടുന്നതു്. താൻ ഹിന്ദുവാണെന്നു പറയുന്ന ഒരുത്തനും ഗോമാംസം തിന്നുകൂടാ. പശുവിന്റെ പാവനത്വവും പശുവിനെ ആരാധിക്കലും ഹിന്ദുമതത്തിന്റെ അവിഭാജ്യഘടകമാണ്. മൂന്നാമത്, ഇവിടെയുള്ള ഓരോ ഹരിജനോടും —സ്ത്രീയോടും പുരുഷനോടും—കൂടി ഉപേക്ഷിക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു. സവർണഹിന്ദുക്കളും കൂടിക്കുന്നുണ്ടെന്നു് ഒരൊററ ഹരിജനും തന്നോടുതന്നെയോ എന്നോടോ പറയരുതു്. സ്വമേധയാ ഹരിജനായിത്തീർന്ന ഒരുവൻ എന്ന നിലയിൽ ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു, സവർണഹിന്ദുക്കളുടെ ദുശ്ശീലങ്ങാം നിങ്ങാം കൈക്കൊള്ളരുതെന്നു്. ഹിന്ദുക്കാം നിങ്ങാംക്കുവേണ്ടി എന്തൊക്കെത്തന്നെ നഷ്ടപരിഹാരം ചെയ്താലും ഈശ്വരന്റെ മുമ്പാകെ അവരെത്രതന്നെ പശ്ചാത്തപിച്ചാലും, അവസാനം എന്തൊക്കെപ്പറഞ്ഞാലും നിങ്ങളുടെ മോചനം നിങ്ങളെ ആശ്രയിച്ചുതന്നെയാണു നിൽക്കുക.

16. Harijan, 19–1–1934 (The Removal of Untouchability, p. 201)

digitized by www .sreyas.in

## 17

ശുചിത്വം വേണം, ചത്ത ജന്തുക്കളുടെ മാംസം തിന്നരുതു്, മദ്യവും ലഹരിസാധനങ്ങളും ഉപയോഗിക്കരുതു്, വിദ്യാഭ്യാസം ചെയ്യണം, കുട്ടികളെ പഠിപ്പിക്കണം, സവർണഹിന്ദുക്കളുടെ എച്ചിൽ തിന്നരുതു് എന്നൊക്കെ ഞാൻ ഹരിജനങ്ങളെ ഉപദേശിക്കാറുണ്ടു്. ഇതൊക്കെ അയിത്തോച്ചാടനത്തിനു മുമ്പു കൂടിയേ കഴിയൂ എന്നു ഞാൻ അവരോടു പറയാറില്ലെന്നു മാത്രം. നേരെമറിച്ചു്, ഞാൻ സവർണഹിന്ദുക്കളോടു പറയുന്നു, ഈ ദോഷങ്ങൾ ഹരിജനങ്ങളിൽ സഹജങ്ങളല്ലെന്നു്; നമ്മുടെ ഈ സഹോദരരെ നാം അവഗണിച്ചുകൊണ്ടു മനഃപൂർവം മർദിച്ചുകൊണ്ടുപോലും വന്നുചേർന്നവയാണവ. അതിനാൽ ഇന്നത്തെ നിലയ്ക്കുതന്നെ നാം ഭംഗവരുമായി കൂടിക്കഴിയുകയും കൂടുതൽ നല്ല സ്ത്രീപുരുഷന്മാരായിത്തീരാൻ അവരെ സഹായിക്കുകയും ചെയ്താൽ ഈ ദോഷങ്ങൾ അധികംവേഗം തിരോഭവിക്കും. പണ്ടു ചെയ്ത തെററുകൾക്കു സവർണർ ചെയ്യേണ്ട ഏററവും ചുരുങ്ങിയ പ്രായശ്ചിത്തം ഇതാണു്. നാം ഹരിജനങ്ങളെ സമീപിക്കേണ്ടതു പശ്ചാത്തപിക്കുന്നവരോ അധമർണരോ എന്ന നിലയ്ക്കാണു്, അനർഹരോടു് ഔദാര്യം കാണിക്കുന്ന രക്ഷാധികാരികളോ ഉത്തമർണരോ ആണെന്ന ഭാവത്തിലല്ല.

## 18

ഒരാൾ കുടിക്കുകയും പശുവിനെ കൊല്ലുകയും ചത്ത ജന്തുവിന്റെ ഇറച്ചി തിന്നുകയും ചെയ്താലെന്താ? അയാൾ ദുഷ്കർമിയാണു് തീർച്ച—രഹസ്യവും കൂടുതൽ കൂടുതൽ ഭയാനകവുമായ പാപം ചെയ്യുന്നവനേക്കാൾ വലിയ ദുഷ്കർമിയല്ലെങ്കിലും. എങ്കിലും അയാൾ അയിത്തക്കാരനായി കരുതപ്പെട്ടുകൂടാ—രഹസ്യപാപം ചെയ്യുന്നവനെ സമുദായം അയിത്തക്കാരനായി കരുതാത്തതുപോലെ. പാപികളെ നിന്ദിക്കുകയല്ല, പാപിത്വം തീർക്കാൻ സഹതാപപൂർവം സഹായിക്കുകയാണു വേണ്ടതു്. അയിത്തത്തിന്റെ നിലനില്പു്, നാം ഏതിനെക്കുറിച്ചു് അഭിമാനംകൊള്ളുന്നുവോ, ആ അഹിംസയുടെ നിഷേധമാണു്. അയിത്തക്കാരുടെ ഇടയിലുള്ള തിന്മകൾക്കു നാമാണു് ഉത്തരവാദികൾ. അവരുടെ ദുശ്ശീലങ്ങളിൽനിന്നു അവരെ പിന്തിരിപ്പിക്കുവാൻ നാം എന്തു ചെയ്തു? സ്വകുടുംബാംഗങ്ങളെ നേരെയാക്കാൻ നാം അനവധി ധനം ചെലവാക്കാറില്ലേ? അയിത്തക്കാർ ഹിന്ദുകുടുംബത്തിലെ അംഗങ്ങളല്ലേ? വാസ്തവത്തിൽ മനുഷ്യജാതിയെ മുഴുവൻ അവിഭാജ്യവും അവിഭക്തവുമായ ഒരൊററ കുടുംബമായി കരുതുവാൻ ഹിന്ദുമതം നമ്മെ പഠിപ്പിക്കുന്നു; എല്ലാവരുടെ ദുഷ്കർമങ്ങൾക്കും നമ്മളിൽ ഓരോരുത്ത

17. Harijan, 28-9-1934 (The Removal of Untouchability, p. 202)
18. Young India, 13–5–1926 (The Removal of Untouchability, p. 196)

digitized by www .sreyas.in

രേയും ഉത്തരവാദിയാക്കുകയും ചെയ്യുന്നു. എന്നാൽ വൈപുല്യം നിമിത്തം ഈ മഹാസിദ്ധാന്തമനുസരിച്ച് പ്രവർത്തിപ്പാൻ സാധ്യമല്ലെങ്കിൽ, അയിത്തക്കാരെ നാം ഹിന്ദുക്കളായി കരുതുന്നതുകൊണ്ട്, അവരും നമ്മളും ഒന്നാണെന്നു മനസ്സിലാക്കുകയെങ്കിലും നാം ചെയ്യുക.

പിന്നെ, ഏതാണ് അധികം ചീത്ത, ചത്ത ജീവിയുടെ ഇറച്ചി തിന്നലോ, കെട്ട വിചാരങ്ങളോ? ദിവസേന നാം ലക്ഷോപലക്ഷം മലിനവിചാരങ്ങൾ സൃഷ്ടിക്കുകയും പുലർത്തുകയും താലോലിക്കുകയും ചെയ്യുന്നു. അവയെ നാം വെടിയുക; എന്തുകൊണ്ടെന്നാൽ, വെറുക്കപ്പെടാനും വർജിക്കപ്പെടാനും പററിയ തനി 'അയിത്തക്കാർ' അവയാണ്. അയിത്തക്കാരോട് പണ്ടുചെയ്ത അനീതിക്കു നാം പ്രായശ്ചിത്തം ചെയ്യുക—അവരെ സ്നേഹപൂർവം സമാശ്ലേഷിച്ചിട്ട്. അയിത്തക്കാരെ സേവിക്കുക നമ്മുടെ കർത്തവ്യമാണെന്നതിൽ ലേഖകനു സംശയമില്ല. അവരെ കാണുന്നതുപോലും നമുക്ക് അപ്രീതികരവും അശുദ്ധികരവുമാണെങ്കിൽ പിന്നെ നാമെങ്ങനെയാണ് അവരെ സേവിക്കുക?

## 19

ഒന്നാമതു്, ബ്ഗാഹ്മണർ സസ്യഭുക്കുകളാണെന്ന വാദം മുഴുവൻ ശരിയല്ല. ദക്ഷിണേന്ത്യയിലെ ബ്റാഹ്മണരെ സംബന്ധിച്ചു മാത്രമാണ് അതു ശരി. മററു ദിക്കിൽ അവർ യഥേഷ്ടം മത്സ്യം ഭക്ഷിക്കുന്നുണ്ട്. ബങ്കാളിലും കാശ്മീരിലും മററും മാംസവും. എന്നല്ല, ദക്ഷിണേന്ത്യയിൽ മത്സ്യമാംസങ്ങൾ ഭക്ഷിക്കുന്നവരെല്ലാം തീണ്ടലുള്ളവരല്ല. കലശലായ ശുദ്ധിയുള്ള അയിത്തക്കാരൻപോലും ബഹിഷ്കൃതനാണ്—അയിത്തക്കാരുടേതെന്നു മുദ്ര കുത്തിവരുന്ന ഒരു കുടുംബത്തിൽ ജനിച്ചുപോയതുകൊണ്ട്. മാംസം തിന്നുന്ന അബ്റാഹ്മണർ അധികാരസ്ഥരാണെങ്കിൽ, ബ്റാഹ്മണർ അവരുടെ പാദസേവയ്ക്കു നിൽക്കുന്നില്ലേ? മാംസം ഭക്ഷിക്കുന്ന ഹിന്ദുരാജാക്കന്മാരെ അവർ വന്ദിക്കാറില്ലേ?

ഈ ലേഖകനെപ്പോലുള്ള സംസ്കൃതമതികൾ സ്വന്തം വാദത്തിൻെറ വ്യക്തമായ ആന്തരാർത്ഥങ്ങൾ ധരിക്കാതെ, നീരെ നീതീകരിക്കാൻ വയ്യാത്തതും തകർന്നുകൊണ്ടിരിക്കുന്നതുമായ ഒരു വ്യവസ്ഥയെ അന്ധമായ അഭിനിവേശംകൊണ്ടു സാധൂകരിക്കുന്നതായി കാണുന്നതു് ആശ്ചര്യകരവും വേദനാജനകവുമാണ്. ഈ ലേഖകൻ മാംസഭക്ഷണത്തിലെ നിസ്സാരഹിംസയാകുന്ന ഈച്ചയെ പെരുപ്പിച്ചു കാണിക്കുകയും, സാങ്കല്പികമായ ഒരു പരിശുദ്ധി നിലനിർത്തുവാൻവേണ്ടി ലക്ഷോപലക്ഷം സഹോദരരെ കരുതിക്കൂട്ടി മർദിക്കുന്നതിലെ ത്രിഗുണഹിംസയാകുന്ന ഒട്ടകത്തെ വിഴുങ്ങുകയുമാണ്

19. Young India, 21-1-1926 (The Removal of Untouchability, p.30)

digitized by www.sreyas.in

ചെയ്യുന്നതു്. സ്വന്തം രക്ഷയ്ക്കുവേണ്ടി മററുള്ളവരെ തരംതാഴ്ത്തി ജാതിഭ്രഷ്ടരാക്കണമെന്നു് അനുശാസിക്കുന്ന സസ്യഭക്ഷണശീലം, നിലനിർത്താൻ കൊള്ളാവുന്ന ഒന്നല്ലെന്നു് ആ ലേഖകനോടു് ഞാൻ പറയുന്നു. അങ്ങനെ നിലനിർത്തിയാൽ ആദ്യത്തെ തണുത്ത കാററിനുതന്നെ മറിഞ്ഞുവീഴുന്ന ഒരു വേനൽക്കാല സസ്യമായി ത്തീരും അതു്. സസ്യഭക്ഷണശീലത്തെ ഞാൻ വിലമതിക്കുന്നു. സസ്യഭക്ഷണശീലംകൊണ്ടും സ്വയം വരിച്ച അത്തരം മററു യമ നിയമാദികൾകൊണ്ടും ബ്രാഹ്മണർക്കു് ആത്മീയപുരോഗതി ഉണ്ടായിട്ടുണ്ടെന്നു് എനിക്കു ബോദ്ധ്യമാണു്. പക്ഷേ, അവരുടെ ഔന്നത്യകാലത്തു്, അവർക്കു തങ്ങളുടെ വിശുദ്ധിക്കു പുറമേ നിന്നുള്ള സംരക്ഷണം ആവശ്യമുണ്ടായിരുന്നില്ല. പുറമേനിന്നു് ഉണ്ടാകുന്ന സ്വാധീനശക്തികളെ ചെറുത്തുനിൽക്കാൻ വയ്യാതാകുമ്പോൾ, ഓരോ സദാചാരത്തിന്റെയും അന്തശ്ശക്തി ക്ഷയിക്കും.

എന്നുതന്നെയല്ല, ആ ലേഖകൻ പറഞ്ഞ മട്ടിലുള്ള രക്ഷ ബ്രാഹ്മണർക്കു് അവകാശപ്പെടാവുന്ന കാലം കഴിഞ്ഞുപോയി. ഇത്തരം സംരക്ഷണം നിരസിക്കുക മാത്രമല്ല, ഉപദ്രവിക്കപ്പെട്ടേക്കാമെന്ന അപകടമുണ്ടായിട്ടും ഈ പരിഷ്കരണപ്രസ്ഥാനത്തെ നയിക്കുകകൂടി ചെയ്യുന്ന ബ്രാഹ്മണരുടെ എണ്ണം, ഭാഗ്യവശാൽ കൂടിക്കൊണ്ടിരിക്കുകയാണു്. പരിഷ്കരണം വേഗം പുരോഗമിക്കുന്നതിന്റെ ഏററവും നല്ല ലക്ഷണം അതാണു്.

## ഈ. സത്യഗ്രഹം

### 20

ഒരു നീണ്ട എഴുത്തിൽ ഒരു ലേഖകൻ എഴുതിയതിന്റെ ചുരുക്കമാണിതു്:

'ബീഹാർ ഗ്രാമങ്ങളിലെ ചില കിണറുകൾ ഹരിജനങ്ങൾക്കും തൊടാവുന്നതാക്കാൻ സവർണരായ ഞങ്ങളിൽ ചിലർ ശ്രമിച്ചു, ഞങ്ങൾ വിജയിക്കുകയും ചെയ്തു. പക്ഷേ, ഇതിനു പ്രതികാരമെന്നോണം അടുത്തുള്ള ബ്രാഹ്മണപൂജാരികൾ ഗ്രാമത്തിലെ പൂജമുടക്കി; ശ്രാദ്ധം, വിവാഹം മുതലായ ക്രിയകളിൽ ചടങ്ങിനു വരുന്നതല്ലെന്നു ചില ബ്രാഹ്മണർ ഭീഷണിപ്പെടുത്തുകയും ചെയ്തു. സാധു ഗ്രാമീണർ ഇതുകേട്ടു പേടിച്ചു. സത്യഗ്രഹം അനുഷ്ഠിക്കണമെന്നു് എനിക്കു തോന്നുന്നു. എങ്കിലും കോപംകൊണ്ടാണോ അങ്ങനെ ചെയ്യുന്നതെന്നു സംശയിച്ചു് ഞാൻ ചെയ്യാതിരിക്കുകയാണു്. ഇത്തരം സംഗതികളിൽ താങ്കളുടെ ഉപദേശമെന്താണു്?'

ഈയിടെ തൃശ്ശിനാപ്പള്ളിയിൽ ഇത്തരമൊരു സംഭവമുണ്ടായി. ഡോക്ടർ രാജൻ ഉറച്ച നില കൈക്കൊണ്ടു. ജന്മംകൊണ്ടു ബ്രാഹ്മണനും

---

20. Harijan, 4–3–1933 (The Removal of Untouchability, p. 280)

digitized by www .sreyas.in

സേവനസിദ്ധമായ അവകാശംകൊണ്ടു ശ്രുദ്ധനമായ അദ്ദേഹം ഒരു പരിഷ്കർത്താവിൻെറ കുടുംബത്തിൽ ശവദാഹക്രിയകൾക്കപോലും വരാതിരുന്ന യാഥാസ്ഥിതിക ബ്രാഹ്മണരെ ധിക്കരിച്ചു പ്രവർത്തിച്ചു.

അതിനാൽ എൻെറ ഉപദേശം ഇത്തരം സംഗതികളിൽ സത്യാഗ്രഹം ആവശ്യമില്ലെന്നാണു്. അയിത്തം ഒരു പാപമായി കരുതുന്നവർ ശുദ്ധീകരണത്തിൻെറയും പ്രായശ്ചിത്തത്തിൻെറയും ഭാഗമെന്ന നിലയിൽ, ബഹിഷ്കരണം തുടങ്ങിയ എല്ലാത്തരം ബുദ്ധിമുട്ടുകളും സഹിക്കാൻ സന്നദ്ധരാകണം. ബാഹ്യാചാരങ്ങൾ വേണ്ടെന്നു വയ്ക്കുവാൻ അവർ സവിനയം പഠിക്കണം. മരണമായാലും വിവാഹമായാലും ശ്രാദ്ധമായാലും ഈശ്വരൻെറ പേരിലും ഈശ്വരനുവേണ്ടിയും ചെയ്യുന്ന എന്തിനും പുരോഹിതൻെറ പിന്തുണ ആവശ്യമില്ല. മന്ത്രങ്ങൾ ചൊല്ലി—അതു രാമനാമമായാലും കൊള്ളാം പാരമ്പര്യപ്രകാരം ശീലിച്ച മറെറന്തു മന്ത്രമായാലും കൊള്ളാം— ആർക്കും ദമ്പതികളുടെ വിവാഹം നടത്തിക്കാം. ഈശ്വരനു സഹസ്രനാമങ്ങളല്ല ഉള്ളൂ, ലക്ഷോപലക്ഷം നാമങ്ങളുണ്ടു്. ഏതു നാമമാണോ ഹൃദയത്തിൽനിന്നു വരുന്നതു്, ഏതു നാമംകൊണ്ടാണോ നമുക്കു് അദ്ദേഹത്തെ അറിയാൻ കഴിയുന്നതു്, അതു മററു് ഏതു നാമംപോലെയും നല്ലതാണു്, അഥവാ അതാണു നമുക്കേററവും നല്ല നാമം. പക്ഷേ, സ്വപ്രത്യയസ്ഥൈര്യവും ആത്മവിശ്വാസവും തൻെറ കാര്യത്തിൽ വിശ്വാസവും സർവശക്തനായ ഈശ്വരനിൽ വിശ്വാസവും ഉള്ളവർക്കേ ഇതൊക്കെ ചെയ്യാനൊക്കൂ. ദുർബലമനസ്കതകൊണ്ടു എന്തെങ്കിലും ഉപയോഗമുണ്ടാകാവുന്ന ഒരു പ്രസ്ഥാനമല്ല ഇതു്.[20] ധീരഹൃദയവും കറയററ സ്വഭാവവുമുള്ള പ്രവർത്തകർക്കേ സ്വന്തം വിശ്വാസങ്ങൾ ഗ്രാമീണരിൽ കുത്തിച്ചെലുത്തുവാനും ബഹിഷ്കരണമോ അതിലും കഠിനമായ മർദനമോ സഹിക്കാൻ അവരെ പ്രാപ്തരാക്കുവാനും കഴിയൂ.

## 21

അടുത്തകാലംവരെ തിരുവിതാംകൂറിലോ ഏറിയതു മദിരാശി സംസ്ഥാനത്തിനോ പുറത്തു് ആരും കേട്ടിട്ടില്ലാത്ത വൈക്കം, അതൊരു സത്യഗ്രഹരംഗമായതുകൊണ്ടു്, പെട്ടെന്നു സുപ്രസിദ്ധമായിത്തീർന്നിരിക്കുന്നു. ആ പ്രസ്ഥാനത്തിൻെറ പുരോഗതിയെക്കുറിച്ചുള്ള ദൈനംദിന റിപ്പോർട്ടുകൾ പത്രങ്ങളിൽ കാണാം. തിരുവിതാംകൂറിലെ അയിത്തക്കാർക്കുവേണ്ടിയാണു് അതാരംഭിച്ചിരിക്കുന്നതു്. മർദിതവർഗങ്ങളുടെ നില വിവരിക്കുന്ന മറെറാരു വാക്കുകൂടി ആ പ്രസ്ഥാനം നമുക്കു തന്നിരിക്കുന്നു: തീണ്ടൽ. നമ്മുടെ നാട്ടുകാരായ ഈ സാധുക്കൾക്കു സവർണരെ തൊടാൻ പാടില്ലെന്നു മാത്രമല്ല, ഒരു നിശ്ചിതദൂരം വിട്ടു് അവരെ സമീപിക്കാനും പാടില്ല.

21. Young India, 17-4-1924 (The Removal of Untouchability, p. 117)

ആ പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ ഈ തിന്മ പരിഹരിക്കാൻ വേണ്ടി അതിന്റെ ഒരു ശകലത്തെ മാത്രം പിടികൂടിയിരിക്കുകയാണ്—ആ ശകലത്തിന്റെ കഥ കഴിക്കാൻ സാധിച്ചാൽ ഇപ്പോൾ പ്രത്യക്ഷസമരം നടക്കുന്ന പ്രദേശത്തെങ്കിലും ആ തിന്മയില്ലാതാക്കാമെന്ന ആശയോടുകൂടി ആ സമരത്തിൽ ഏർപ്പെട്ട മലബാറിലെ ധീരപ്രവർത്തകരിൽ ചിലർ ജയിലിലാക്കപ്പെട്ടിരിക്കുന്നു. ഇനി പിൻമടങ്ങലില്ല. യാഥാസ്ഥിതിക ഹിന്ദുക്കളുടെ അഭിപ്രായം പ്രസ്ഥാനത്തിനു തീരെ എതിരാണെങ്കിൽ, ആ സമരം നീണ്ടാൽ നീണ്ടുനിന്നേക്കാം. ആ അയിത്തമതിൽ, അതെത്രതന്നെ ഉറപ്പും കട്ടിയുമുള്ളതായാലും, സത്യഗ്രഹികൾ തകർക്കുമെന്നതു തീർച്ചയാണ്—അചഞ്ചലരെങ്കിലും വിനീതരായും സത്യസന്ധരായും അക്രമരഹിതരായും തുടരുകയാണെങ്കിൽ ഏതു കഠിനഹൃദയത്തേയും അലിയിക്കുവാൻ ഈ ഗുണങ്ങൾക്കു കഴിയുമെന്ന് അറിയാൻ തക്കവണ്ണം അവർക്ക് അവയിൽ വിശ്വാസമുണ്ടായിരിക്കണം.

## 22

....പക്ഷേ, എന്റെ ചില ലേഖകന്മാർ പറയുന്നു, ന്യായമായ സത്യഗ്രഹത്തിനുവേണ്ട ഉപാധികൾ വൈക്കത്തില്ലെന്ന്. അവർ ചോദിക്കുന്നു:

അയിത്തം വൈക്കത്തു മാത്രമാണോ ആചരിക്കപ്പെടുന്നത്, അതോ കേരളത്തിൽ പരക്കെയുണ്ടോ?

പരക്കെയുണ്ടെങ്കിൽ, കേരളത്തിലെ ബ്രിട്ടീഷ്പ്രദേശങ്ങളിലെ സ്ഥലങ്ങൾവിട്ട് വൈക്കം തിരഞ്ഞെടുക്കാനുള്ള പ്രത്യേക കാരണങ്ങൾ എന്താണ്?

സത്യഗ്രഹികൾ മഹാരാജാവിനോടോ അവിടത്തെ നിയമസഭയോടോ അപേക്ഷിച്ചുനോക്കിയോ?

യാഥാസ്ഥിതികവിഭാഗങ്ങളോട് അവർ കൂടിയാലോചന നടത്തിയോ?

റോഡിന്റെ ഉപയോഗം പൂളിന്റെ നേരിയ അററം മാത്രമല്ലേ? ജാതി ആകമാനം നശിപ്പിക്കാനുള്ള ശ്രമമല്ലേ ഇത്?

റോഡ് ഒരു സ്വകാര്യ റോഡല്ലേ?

ആദ്യത്തെ രണ്ടു ചോദ്യങ്ങളും അപ്രസക്തങ്ങളാണ്. തീണ്ടിക്കൂടായ്മയും തൊട്ടുകൂടായ്മയും എവിടെയുണ്ടോ അവിടെയെല്ലാം അവയെ എതിർക്കണം. ഒരു സ്ഥലമോ സമയമോ പററിയതാണെന്ന് എവിടെ പ്രവർത്തകർക്കു തോന്നുന്നുവോ, അവിടെ സത്യാ

22. Young India, 1-5-1924 (The Removal of Untouchability, p. 124)

ഗ്രഹം മുഖേനയോ ന്യായമായ മററു മാർഗങ്ങൾ മുഖേനയോ പ്രവൃത്തി ആരംഭിക്കേണ്ടതു് അവരുടെ കടമയാണു്.

അപേക്ഷയുടെയും മററും വഴി ഒരിക്കലല്ല, പലതവണ പരീക്ഷിച്ചു നോക്കിയെന്നാണു് എന്റെ അറിവു്.

അവർ യാഥാസ്ഥിതികരുമായി ആലോചിച്ചു, യാഥാസ്ഥിതികരുടെ ആനുകൂല്യമുണ്ടെന്നാണു് അവർക്കു തോന്നിയതു്.

റോഡിന്റെ ഉപയോഗമാണു് സത്യഗ്രഹികളുടെ പരമലക്ഷ്യമെന്നു് എനിക്കു് ഉറപ്പുകിട്ടിയിരിക്കുന്നു. എങ്കിലും അബ്രാഹ്മണർക്കു പ്രവേശനമുള്ള എല്ലാ പൊതു റോഡുകളും പൊതു വിദ്യാലയങ്ങളും പൊതു കിണറുകളും പൊതു ക്ഷേത്രങ്ങളും മർദിതവർഗങ്ങൾക്കു തുറന്നുകൊടുക്കുവാനുള്ളതാണു് ഇപ്പോൾ ഇന്ത്യയിൽ ഉടനീളമുള്ള പ്രസ്ഥാനമെന്ന സംഗതി നിഷേധിക്കപ്പെട്ടുകൂടാ. ജാതിയുടെ ഏററവും ദുഷിച്ച ഫലങ്ങൾ നീക്കംചെയ്തു് അതിനെ ശുദ്ധീകരിക്കുവാനുള്ളതാണു് യഥാർത്ഥത്തിൽ ഈ പ്രസ്ഥാനം.

തർക്കത്തിൽപ്പെട്ട റോഡു് പൊതുറോഡാണെന്നു ശക്തിപൂർവം വാദിക്കുന്ന എഴുത്തുകൾ എനിക്കു കിട്ടിയിട്ടുണ്ടു്. വാസ്തവത്തിൽ കുറച്ചുകൊല്ലംമുമ്പു മററു് അബ്രാഹ്മണർക്കെന്നപോലെ തീണ്ടൽജാതിക്കാർക്കുപോലും പ്രവേശനമുള്ളതായിരുന്നു അതെന്നു് എന്റെ പക്കലുള്ള വിവരങ്ങൾ തെളിയിക്കുന്നു.

അതിനാൽ, എന്റെ അഭിപ്രായത്തിൽ, വൈക്കം സത്യഗ്രഹത്തിനു ന്യായമായ കാരണമുണ്ടു്. അതു സമുചിതപരിധികളിൽ നിർത്തപ്പെടുകയും സത്യാഹിംസകളെ കണിശമായി മാനിച്ചു നടത്തപ്പെടുകയും ചെയ്യുന്നിടത്തോളംകാലം പൊതുജനങ്ങളുടെ പൂർണമായ ആനുകൂല്യം അതർഹിക്കുന്നു.

## 23

ആരംഭംമുതൽ തന്നെ വൈക്കം സത്യഗ്രഹം ഉദ്ദേശിക്കപ്പെട്ടതു് വിദ്യാഭ്യാസപരമായ ഒരു ശക്തിയായിരിക്കാനാണെന്നും, ഒരിക്കലും യാഥാസ്ഥിതികരെ ശാസിക്കാനുള്ള ഒരു ഉപകരണമാകാനല്ലെന്നും പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു. അതുകൊണ്ടാണു് യാഥാസ്ഥിതികർക്കെതിരായ ഉപവാസം വേണ്ടെന്നുവച്ചതു്. വിഷമങ്ങളുണ്ടാക്കി ഗവർമെണ്ടിനെ പരിഭ്രമിപ്പിക്കാതിരിക്കാൻവേണ്ടിയാണു് മുതിൽക്കെട്ടുകൾ കണിശമായി മാനിക്കപ്പെട്ടുപോന്നതു്. അതുകൊണ്ടുതന്നെയാണു് പോലീസിനെ വഞ്ചിക്കാൻ യാതൊരു ശ്രമവും ചെയ്യാതിരുന്നതും. ഭീമവും പാപാത്മകവുമായ അന്ധ

---

23. Young India, 19-3-1925 (The Removal of Untouchability, p. 126)

digitized by www .sreyas.in

വിശ്വാസമെന്നു പരിഷ്കർത്താക്കൾക്കു തോന്നുന്നതെന്തോ അതു യാഥാസ്ഥിതികർക്ക് അവരുടെ വിശ്വാസത്തിന്റെ ഒരു ഭാഗമാണെന്നു സമ്മതിച്ചിരിക്കുന്നു. അതിനാൽ സത്യഗ്രഹിയുടെ അഭ്യർത്ഥന യാഥാസ്ഥിതികരുടെ ന്യായബോധത്തോടായിരുന്നു. എങ്കിലും ഉറച്ച വിശ്വാസങ്ങളുള്ളവരുടെ ന്യായബോധത്തോട് അഭ്യർത്ഥിച്ചതുകൊണ്ടു ഫലമില്ലെന്ന് അനുഭവം തെളിയിച്ചിരിക്കുന്നു. അവരുടെ ജ്ഞാനദൃഷ്ടികൾ തുറക്കപ്പെടുക വാദംകൊണ്ടല്ല, സത്യഗ്രഹിയുടെ ക്ലേശസഹനംകൊണ്ടാണ്. സത്യഗ്രഹി ന്യായബോധത്തിൽ എത്താൻ ശ്രമിക്കുന്നതു് ഹൃദയത്തിലൂടെയാണ്. ഹൃദയത്തിലെത്താനുള്ള വഴി പൊതുജനാഭിപ്രായം പ്രബുദ്ധമാക്കുകയാണ്. ശ്രദ്ധിക്കപ്പെടുന്ന പൊതുജനാഭിപ്രായം വെടിമരുന്നിനെക്കാൾ ശക്തിയുള്ളതാണ്. ഇന്ത്യയുടെ മുഴുവൻ ശ്രദ്ധയെ ഈ കാര്യത്തിലേക്ക് ആകർഷിച്ചതിനാലും, ഉദ്ദിഷ്ടമായ പരിഷ്കാരത്തെ അനുകൂലിക്കുന്ന ഒരു പ്രമേയത്തെപ്പററി തിരുവിതാംകൂർ അസംബ്ളിയിൽവച്ച് പ്രശംസനീയമായ ഒരു ചർച്ച നടത്തുന്നതിനും അവസാനം തിരുവിതാംകൂർ ദിവാന്റെ സുചിന്തിതമായ ഒരു മറുപടി നേടുന്നതിനും ഹേതുവായിത്തീർന്നുവെന്നതിനാലും വൈക്കം സത്യഗ്രഹം സ്വയം സാധൂകരിച്ചിരിക്കുന്നു. സത്യഗ്രഹികൾ അവരുടെ ക്ഷമാശീലവും സഹനമനോഭാവവും നിലനിർത്തുമെങ്കിൽ, വിജയം തീർച്ചയാണെന്ന് എനിക്കുറപ്പുണ്ട്.

## 24

വൈക്കം സത്യഗ്രഹത്തിന്റെ നടത്തിപ്പുകാരോട് ഒരു വാക്ക്. തെമ്മാടികളുടെ വെല്ലുവിളിയെ നേരിടുകതന്നെ വേണം; പക്ഷേ, സത്യഗ്രഹികൾ തന്റേടം കൈവെടിയരുതു്. വാളണ്ടിയർമാരുടെ ഖദറുടുപ്പുകൾ വലിച്ചുകീറി തീയിട്ടുവത്രേ. ഇതൊക്കെ തുലോം ശുണ്ഠി പിടിപ്പിക്കുന്നവയാണ്. പ്രകോപനമുണ്ടാകുമ്പോഴെല്ലാം അവർ ശാന്തരായി നിൽക്കണം. രൂക്ഷമായ വെടിവെപ്പുണ്ടായാലും ധീരരായി നിലകൊള്ളണം. പരശതം ജീവൻ നഷ്ടപ്പെടുന്നതുപോലും തീണ്ടൽകാരുടെ മോചനത്തിനു നൽകുന്ന അമിതമായ വിലയാവുകയില്ല. രക്തസാക്ഷികൾ ശുദ്ധരായി മരിക്കണമെന്നുമാത്രം. സീസറുടെ ഭാര്യയെപ്പോലെ സത്യഗ്രഹികൾ സംശയാതീതരായിരിക്കണം.

## 25

പൊതുജനാനുകൂല്യത്തിനു പുറമേ, തിരുവിതാംകൂറിന്റെ പുറത്തുനിന്നു സഹായം അയയ്ക്കുന്നതിനെതിരായ വാദം കുറെക്കൂടി വിശദമാക്കുവാൻ എന്നോടാവശ്യപ്പെട്ടിരിക്കുന്നു. അതിന്റെ പ്രയോജനക്ഷമതയെപ്പററി ഒരഭിമുഖസംഭാഷണത്തിൽ ഞാൻ പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരം സഹായം കിട്ടുന്നതിന്—സ്വീകരി

24. Young India, 3-7-1924 (The Removal of Untouchability, p. 126)
25. Young India, 24-4-1924 (The Removal of Untouchability, p. 118)

digitized by www .sreyas.in

ക്കുന്നതിനുപോലും—മൗലികമായ ഒരു വിരോധമുണ്ട്. സത്യഗ്രഹം ഒന്നുകിൽ ദുർബലരായ വളരെപ്പേർക്കുവേണ്ടി ത്യാഗസന്നദ്ധരായ കുറച്ചുപേർ ചേർന്നു നടത്തുകയാണ്; അല്ലെങ്കിൽ, കുറച്ചുപേർ ചേർന്നു കുററൻ വിഷമതകൾക്കെതിരെ നടത്തുകയാണ്. ആദ്യത്തെ സംഗതിയിൽ—വൈക്കത്തു് അതാണു സ്ഥിതി. വളരെപ്പേർക്കു മനസ്സുണ്ടെങ്കിലും ബലം പോരാ; കുറച്ചുപേർ അയിത്തക്കാരുടെ കാര്യത്തിനുവേണ്ടി ത്യാഗംചെയ്യാൻ മനസ്സും കഴിവും ഉള്ളവരാണ്. ഇത്തരം സംഗതിയിൽ അവർക്കു യാതൊരു സഹായവും ആവശ്യമില്ലെന്നതു സ്പഷ്ടമാണ്. എന്നാൽ അവർ പുറമേനിന്നു സഹായം സ്വീകരിച്ചുവെന്നു വിചാരിക്കുക; അയിത്തക്കാർക്കു് അതെങ്ങനെയാണു ഗുണകരമാവുക? ദുർബലരായ് ഹിന്ദുക്കൾ, അവരുടെ ഇടയിൽ ബലവാന്മാർ ഉണ്ടാകുന്നതുവരെ, ബലവാന്മാരായ എതിരാളികളെ ജയിക്കുകയില്ല. ഇന്ത്യയിലെ മററു ഭാഗങ്ങളിലെ സഹായികളുടെ ത്യാഗം എതിരാളികളുടെ അഭിപ്രായം മാററുകയില്ല. അതിനാൽ അയിത്തക്കാരുടെ അവസാനത്തെ നില ആദ്യത്തേതിനെക്കാൾ മോശമായിത്തീർന്നെന്നു വരാം. മാനസിക പരിവർത്തനത്തിനുള്ള ഏററവും ശക്തിമത്തായ ഒരു നടപടിയാണ് സത്യഗ്രഹമെന്ന് ഓർക്കണം. അതു ഹൃദയത്തോടുള്ള ഒരർത്ഥനയാണ്. മററു ദിക്കുകളിൽനിന്നു വന്ന് വൈക്കത്തു തടിച്ചുകൂടുന്നവർക്കു് ഈ അർത്ഥന വിജയപൂർവം നടത്താനാവില്ല.

അന്തശ്ശക്തികൊണ്ടു നടത്തപ്പെടുന്ന ഒരു സമരത്തിനു പുറമേനിന്നുള്ള ധനസഹായം ആവശ്യമായി വരരുത്. തിരുവിതാംകൂറിലെ ദുർബലരെങ്കിലും ഹൃദയാലുക്കളായ ഹിന്ദുക്കളെല്ലാം അറസ്റ്റോ മററു ക്ലേശങ്ങളോ വരിച്ചില്ലെന്നുവരാം. എങ്കിലും ആവശ്യമുള്ള ധനസഹായം അവർക്കു ചെയ്യാൻ കഴിയും, അവർ ചെയ്യണം. ഇത്തരം സഹായമില്ലെങ്കിൽ, അവരുടെ സഹതാപത്തിൻെറ അർത്ഥം എനിക്കു മനസ്സിലാക്കാനാവില്ല.

## 26

കേരളത്തിൽനിന്നുവന്ന പ്രതിനിധികൾ എന്നോടു ചോദിക്കുകയുണ്ടായി, ഈ പ്രസ്ഥാനത്തെ പിന്താങ്ങുന്ന ഒരു പ്രമേയം കോൺഗ്രസ്സിനു പാസ്സാക്കിക്കൂടേയെന്ന്. ആ ആശയം എനിക്കു പിടിച്ചില്ലെന്നു ഞാനവരോടു പറഞ്ഞു. അവർക്കാവശ്യം ധാർമികമായ പിന്തുണയാണ്. അവർ പ്രസിഡണ്ടിനു് ഒരു പ്രമേയം അയച്ചുകൊടുത്തിരുന്നെങ്കിൽ നിഷ്പ്രയാസം ആ പിന്തുണ നൽകപ്പെട്ടേനെ. അതിനാൽ അതിനവരെ പ്രേരിപ്പിക്കാതിരുന്നതിലുള്ള എൻെറ ഉത്തരവാദിത്തം ഗുരുതരമാണ്. എങ്കിലും പ്രാദേശിക സമരങ്ങളെല്ലാം സ്വയം ആശ്രയിക്കുന്നവയായിരിക്കണമെന്നും എ. ഐ. സി. സി. അസാധാരണസംഗതികളിലേ അതിൻെറ ധാർമിക പിന്തുണ നൽകാവൂ എന്നും എനിക്കു ബോദ്ധ്യംവന്നിരിക്കുന്നു.

26. Young India, 3–7–1924 (The Removal of Untouchability, p.126)

digitized by www .sreyas.in

എങ്കിലും തിരുവിതാംകൂറിലെ അധികൃതന്മാരോട് ബഹുമാനപുരസ്സരംപറയാം,തികഞ്ഞ നിസ്സംഗതയോടുകൂടി കാട്ടാളത്തം കണ്ടുകൊണ്ടിരിക്കാൻ കോൺഗ്രസ്സിനാവില്ലെന്ന്. സ്റ്റേറ്റിലെ സാധാരണ നടപടികൾകൊണ്ട സത്യഗ്രഹത്തെ നേരിടുന്നിടത്തോളംകാലം ഈ പ്രസ്ഥാനം പ്രാദേശികമായിരിക്കണം. എന്നാൽ സത്യഗ്രഹികളുടെ സന്നതശീർഷങ്ങളുടെനേരെ ഗൈമ്മാടികളെ അഴിച്ചുവിടുകയാണെങ്കിൽ, ഇന്ത്യയിലെ മുഴവൻ പൊതുജനാഭിപ്രായത്തിൻെറ ശക്തി സത്യഗ്രഹികളുടെ ചുററുമെത്തും.

## 27

സത്യഗ്രഹികളുടെ ആശ്രമജീവിതം അതിർത്തിരേഖയിലെ അവരുടെ നിലപാടിനു ചേർന്നതായിരിക്കണം. ആശ്രമം ഓരോ അംഗവും സദാ സ്വകൃത്യത്തിൽ വ്യാപൃതരായിക്കാണുന്ന ഒരു തേനീച്ചക്കൂടുപോലിരിക്കണം. അതു ശാലീനതയുടെയും ശുചിത്വത്തിൻെറയും മാതൃകയായിരിക്കണം. ഒഴിവുസമയത്തു മുഴവനും ചർക്കയിൽ നൂലുണ്ടാക്കാൻ പ്രതിജ്ഞചെയ്തവരാണ് അംഗങ്ങൾ. നൂലുണ്ടാക്കുന്നതും പരുത്തിത്തിരിയുണ്ടാക്കുന്നതും നെയ്യുന്നതുമായ വിഭാഗങ്ങളിൽ ഇനിയും പല പരിഷ്കാരങ്ങളും ആവശ്യമാണ്. എല്ലാവക്കും നല്ല നെയ്ത്തുകാരാകാൻ കഴിയുകയില്ലെങ്കിലും, ഓരോ അന്തേവാസിയും തിരിയുണ്ടാക്കുന്നതിലും നൂലുണ്ടാക്കുന്നതിലും വിദഗ്ദ്ധനായിരിക്കണം. തങ്ങൾക്കുവേണ്ട വസ്ത്രങ്ങൾക്കാവശ്യമായ നൂലുണ്ടാക്കുവാനും അതു നെയ്യുവാനുമെങ്കിലും അംഗങ്ങൾ ശ്രദ്ധിക്കണം. അവർ ഹിന്ദി നന്നായി പഠിക്കയും വേണം. ഹിന്ദുമതത്തിൻെറ പ്രശസ്തിയുടെയും അന്തസ്സിൻെറയും ട്രസ്റ്റികളാണവർ, അല്ലെങ്കിൽ സ്വയം അങ്ങനെ കരുതണം. ക്ഷേത്രത്തിനു ചുററുമുള്ള റോഡുകൾ തുറന്നുകിട്ടുന്നതുകൊണ്ടുമാത്രം അവസാനിക്കുന്ന ഒന്നല്ല അവരുടെ സമരം; ഹിന്ദുമതത്തിൻെറ വിശുദ്ധിക്കു അതിൽ കടന്നുകൂടിയ ദുരാചാരങ്ങളുടെ ദൂരീകരണത്തിനുമുള്ള ശ്രേയസ്കരമായ ഒരു സമരത്തിൻെറ നാന്ദിയായി അതു കരുതപ്പെടണം. എതിർകക്ഷിയെ തീരെ ശ്രദ്ധിക്കാത്തവരോ, യാഥാസ്ഥിതികരുടെ ഓരോ ഇംഗിതത്തെയും ലംഘിക്കുന്നവരോ ആയ പരിഷ്കർത്താക്കളല്ല അവർ. കർമശുദ്ധിയിലും ശാസ്ത്രങ്ങളിൽ പറഞ്ഞ വിശിഷ്ടതത്ത്വങ്ങളെ ആദരിക്കുന്നതിലും അവർ ഏററവും ഉന്നതനായ യാഥാസ്ഥിതികനോടുപോലും കിടനിൽക്കണം. ഗാഢമായ വിചിന്തനംകൂടാതെ വേദപ്രമാണങ്ങളെ അവഗണിക്കരുത്; ഇതിനുവേണ്ടി അവരിൽ ചിലർ സംസ്കൃതം പഠിക്കുകയും മതഗ്രന്ഥങ്ങളുടെ നാലതിരുകളിൽ നിന്നുകൊണ്ടുതന്നെ പരിഷ്കരണം സാധ്യമാണോ എന്നു പരീക്ഷിച്ചുനോക്കുകയും വേണം. അവർ ധൃതികൂട്ടരുത്. സത്യത്തിനും അഹിംസയ്ക്കും യോജിച്ചമട്ടിൽ ചെയ്യാവുന്നതെല്ലാം നിർഭ

27. Young India, 2–4–1925 (The Removal of Untouchability, p. 130)

digitized by www .sreyas.in

യം ചെയ്തുകഴിഞ്ഞാൽ, പിന്നെ പണ്ടത്തെ ഋഷിമാരുടെ ക്ഷമയും വിശ്വാസദാർഢ്യവും അവർക്കുണ്ടാകണം.

പരിഷ്കാരസോപാനത്തിന്റെ അവസാനത്തെ പടിയല്ല, ആദ്യത്തെ പടിയാണ് റോഡുകൾ തുറക്കൽ. പൊതുക്ഷേത്രങ്ങളും പൊതുകിണറുകളും പൊതുവിദ്യാലയങ്ങളും സവർണർക്കെന്നപോലെതന്നെ അയിത്തക്കാർക്കും അഭിഗമ്യങ്ങളായിരിക്കണം. എങ്കിലും സത്യാഗ്രഹികളുടെ ഇന്നത്തെ ലക്ഷ്യം അതല്ല. നാം ബദ്ധപ്പെടരുത്. വിദ്യാലയങ്ങൾ മിക്കവാറും അയിത്തക്കാർക്കു തുറന്നുകൊടുത്തുകഴിഞ്ഞിരിക്കുന്നു. ക്ഷേത്രങ്ങളും പൊതുകിണറുകളും കുളങ്ങളും തുറന്നുകൊടുത്തിട്ടില്ല. ഈ പരിഷ്കാരം വിജയപൂർവം നടപ്പിൽവരുത്തുന്നതിനുമുമ്പു പൊതുജനാഭിപ്രായം സശ്രദ്ധം വളർത്തിക്കൊണ്ടുവരികയും ഭൂരിപക്ഷത്തിന്റെ അഭിപ്രായം മാററിത്തീർക്കുകയും വേണം. അതിനിടയ്ക്ക് അയിത്തക്കാർക്കും മററു ഹിന്ദുക്കൾക്കും ഒരുപോലെ ഉപയോഗിക്കാവുന്ന ക്ഷേത്രങ്ങൾ സ്ഥാപിക്കുന്നതും കിണറുകളും കുളങ്ങളും കുഴിക്കുന്നതും ഒരു നല്ല പ്രതിവിധിയാണ്. അയിത്തോച്ചാടനപ്രസ്ഥാനം വളരെയേറെ പുരോഗമിച്ചിട്ടുണ്ടെന്നതിൽ എനിക്കു സംശയമില്ല. അവിവേകംകൊണ്ടോ അത്യുത്സാഹംകൊണ്ടോ നാം അതിനെ തടസ്സപ്പെടുത്താതിരിക്കുക. ഒരുവന്റെ സ്പർശം അവന്റെ ജന്മംനിമിത്തം അശുദ്ധകരമാണെന്ന ധാരണ പോയാൽ, മറെറാക്കെ എളുപ്പമാണ്; അവ ക്രമേണ വന്നുകൊള്ളും.

## എഫ്. ഉപവാസം

28

ദുർലഭം ചിലതൊഴിച്ചാൽ, നൂറുകണക്കിൽ ഇത്തരം മഹായോഗങ്ങളിലും സ്വകാര്യയോഗങ്ങളിലും അയിത്തത്തിനെതിരായ എന്റെ വാദങ്ങളെക്കുറിച്ചു യാതൊരു പ്രതിഷേധവുമുണ്ടായിട്ടില്ല. തങ്ങളുടെ ഇടയിൽനിന്ന് അയിത്തം നീക്കം ചെയ്യുമെന്നു പ്രതിജ്ഞ ചെയ്യുന്ന പ്രമേയങ്ങൾ ജനക്കൂട്ടങ്ങൾ പാസ്സാക്കിയിട്ടുണ്ട്. അസംഖ്യംതവണ അവർ തങ്ങളുടെ പ്രതിജ്ഞയ്ക്ക് ഈശ്വരനെ സാക്ഷിയാക്കുകയും തങ്ങളുടെ പ്രതിജ്ഞ നിറവേററാനുള്ള ശക്തിയുണ്ടാകാൻ അദ്ദേഹത്തിന്റെ അനുഗ്രഹത്തിനു പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

ഈ ലക്ഷോപലക്ഷങ്ങൾക്കെതിരായിട്ടാണ് ഞാൻ ഉപവാസമാരംഭിച്ചത്; അവരുടെ സ്വാഭാവികമായ സ്നേഹമാണ് അഞ്ചുദിവസത്തിനുള്ളിൽ വലിയൊരു പരിവർത്തനമുളവാക്കിയതും 'യറവ്ദാസന്ധി'* സാധ്യമാക്കിത്തീർത്തതും. ആ സന്ധി പൂർണ

28. My Soul's Agony, 4-11-1932 (The Removal of Untouchability, pp. 65-67)

* അയിത്തക്കാരുടെ നിയമസഭാപ്രാതിനിദ്ധ്യത്തെക്കുറിച്ചും അവരുടെ ക്ഷേമം സംബന്ധിച്ച മററു ചില കാര്യങ്ങളെക്കുറിച്ചും അയിത്തക്കാരുടെ പ്രതിനിധി

digitized by www .sreyas.in

മായി നടപ്പിൽ വരുത്തിയില്ലെങ്കിൽ, അവക്കെതിരായിത്തന്നെയാണു് ഇനിയും ഉപവാസമുണ്ടാവുക. ഗവർമെൻറിപ്പോൾ അതിൽനിന്നു പുറത്തുകടന്നിരിക്കുന്നു. അവരുടെ ഭാഗം ബാദ്ധ്യത അവർ ഉടനെ നിറവേററി. യറവ്ദാസന്ധി സംബന്ധിച്ചുള്ള നിശ്ചയങ്ങളിൽ ഭൂരിഭാഗവും നടപ്പിൽവരുത്തേണ്ടതു് ഞാൻ മുകളിൽ പറഞ്ഞ യോഗങ്ങളിൽ തടിച്ചുകൂടിയ ലക്ഷോപലക്ഷം ജനങ്ങളാണു്— സവർണഹിന്ദുക്കളെന്നു വിളിക്കപ്പെടുന്നവർ. മർദിതസഹോദരീസഹോദരരെ സ്വജനങ്ങളെന്നോണം സമാശ്ലേഷിക്കേണ്ടതു്, സ്വന്തം ക്ഷേത്രങ്ങളിലേക്കും വീടുകളിലേക്കും വിദ്യാലയങ്ങളിലേക്കും ക്ഷണിക്കേണ്ടതു് അവരാണു്. തങ്ങളുടെ ശൃംഖലകൾ അറുക്കപ്പെട്ടിരിക്കുന്നുവെന്നും, മററു ഗ്രാമീണരെക്കാൾ തങ്ങൾ ഒരുവിധത്തിലും താഴെയല്ലെന്നും, മററു ഗ്രാമീണർ ആരാധിക്കുന്ന ഈശ്വരനെയാണു് തങ്ങളും ആരാധിക്കുന്നതെന്നും, മററുള്ളവർ അനുഭവിക്കുന്ന എല്ലാ അവകാശാധികാരങ്ങളും തങ്ങൾക്കുമുണ്ടെന്നും ഗ്രാമങ്ങളിലെ അയിത്തക്കാർക്കു തോന്നുമാറാക്കണം. സന്ധിയിലെ ഈ പ്രധാന വ്യവസ്ഥകൾ സവർണഹിന്ദുക്കൾ നടപ്പിൽവരുത്തിയില്ലെങ്കിൽ ഈശ്വരൻെറയും മനുഷ്യൻെറയും മുഖത്തു നോക്കാൻ ഞാനെങ്ങനെ ജീവനോടുകൂടിയിരിക്കും? സന്ധിയിലെ ഈ വ്യവസ്ഥകൾ സവർണഹിന്ദുക്കൾ നിറവേററുമെന്നതിനു് ഉറപ്പായി എന്നെ ഒരു ജാമ്യക്കാരനായി കരുതാമെന്നു ഡോക്ടർ അംബേദ്കറോടും റാവുബഹദ്ദൂർ രാജയോടും മർദിതവിഭാഗത്തിൽപ്പെട്ട മററു സ്നേഹിതന്മാരോടും പറയാൻപോലും ഞാൻ ധൈര്യപ്പെട്ടു.

(ആസന്നമായ) ഉപവാസം ഉണ്ടാവുകയാണെങ്കിൽ അതു പരിഷ്കർത്താക്കളുടെ എതിരാളികളെ നിർബന്ധിക്കാനുള്ളതാവില്ല, എൻെറ സഹപ്രവർത്തകരെ, അഥവാ അയിത്തോച്ചാടനത്തിനു പ്രതിജ്ഞ ചെയ്തവരെ പ്രയത്നോത്സുകരാക്കാൻവേണ്ടിയുള്ളതായിരിക്കും.

---

കളായ നേതാക്കളും ബാക്കി ഹിന്ദുസമുദായത്തിൻെറ പ്രതിനിധികളായ നേതാക്കളും തമ്മിൽ 1932 സെപ്റ്റംബറിൽ ചെയ്ത ഒരൊത്തുതീർപ്പ്. അയിത്തക്കാരെ ഹിന്ദുസമുദായത്തിൽപ്പെടാത്ത ഒരു സമുദായമായി കരുതിക്കൊണ്ടും അവർക്കു പ്രത്യേക നിയോജകമണ്ഡലങ്ങൾ നൽകിക്കൊണ്ടും ബ്രിട്ടീഷ് പ്രധാനമന്ത്രി ചെയ്ത തീരുമാനം റദ്ദാക്കാൻവേണ്ടിയായിരുന്നു ഈ സന്ധിയുണ്ടായതു്. അവരെ ഇങ്ങനെ ഹിന്ദുസമുദായത്തിൽനിന്നു വേർപെടുത്തുന്നതിനെതിരായി ഗാന്ധിജി മരണപര്യന്തമുള്ള ഒരു ഉപവാസം ആരംഭിച്ചു. തൽഫലമായി ഹിന്ദുസമുദായനേതാക്കന്മാരും അയിത്തക്കാരുടെ നേതാക്കന്മാരും അന്നു യറവ്ദാജയിലിൽ ബന്ധനസ്ഥനാക്കപ്പെട്ടിരുന്ന ഗാന്ധിജിയുമായി കൂടിയാലോചനകൾ നടത്തുകയും സന്ധിയിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ബന്ധപ്പെട്ട ജനങ്ങളുടെ സംയുക്താവശ്യമായിരുന്നതുകൊണ്ടു്, ഈ സന്ധി ബ്രിട്ടീഷ് പ്രധാനമന്ത്രിക്കു സ്വീകരിക്കേണ്ടതായി വന്നു. അയിത്തക്കാരുടെ അവശതകൾ പരിഹരിക്കുവാനും അയിത്തം ഇല്ലാതാക്കുവാനും വേണ്ടി പ്രവർത്തിപ്പാൻ നിശ്ചയിക്കുന്ന ഒരു പ്രമേയം പാസ്സാക്കുന്നതിനും ആ ഉപവാസം ഹേതുവായി. ആ പ്രമേയത്തിൻെറ പ്രത്യക്ഷഫലമാണു് ഹരിജൻസേവക്സംഘം.

digitized by www .sreyas.in

അവർ പ്രതിജ്ഞ ലംഘിക്കുന്നുവെങ്കിൽ, അഥവാ അതു ന ടപ്പിൽ വരുത്തണമെന്നു തീരെ ഉദ്ദേശിച്ചിട്ടില്ലെങ്കിൽ അവരുടെ ഹിന്ദുമതവിശ്വാസം വെറും തട്ടിപ്പാണെങ്കിൽ, എനിക്കു ജീവിത ത്തിൽ യാതൊരു താൽപര്യവുമുണ്ടാവില്ല. അതിനാൽ എന്റെ ഉപവാസം ഈ പരിഷ്കാരത്തിന്റെ എതിരാളികളെ ബാധിക്ക രുതു്, അയിത്തത്തിനെതിരായ ഈ സമരത്തിൽ എന്റെയും കോൺഗ്രസിന്റെയും കൂടെയുണ്ടെന്നു് എന്നെ വിശ്വസിപ്പിച്ച സ ഹപ്രവർത്തകരെയും ലക്ഷോപലക്ഷം ആളുകളെയും ബാധിക്കരുതു് —പിന്നീടുണ്ടായ ആലോചനയുടെ ഫലമായി അയിത്തം, എന്തൊ ക്കെപ്പറഞ്ഞാലും, ഈശ്വരനോ മനുഷ്യജാതിക്കോ എതിരായ ഒരു പരാധമല്ലെന്ന തീരുമാനത്തിൽ അവരെത്തിയിട്ടുണ്ടെങ്കിൽ. തന്റെ യും മററുള്ളവരുടെയും ശുദ്ധീകരണത്തിനുവേണ്ടിയുള്ള ഉപവാസം എന്റെ അഭിപ്രായത്തിൽ ചിരപുരാതനമായ ഒരേർപ്പാടാണു്. മനു ഷ്യൻ ഈശ്വരനിൽ വിശ്വസിക്കുന്നിടത്തോളംകാലം അതു നില നിൽക്കുകയും ചെയ്യും. സന്തപ്തമായ ഹൃദയം സർവശക്തനോടു ചെയ്യുന്ന പ്രാർത്ഥനയാണതു്. എന്നാൽ എന്റെ വാദം യുക്തിയു ക്തമോ യുക്തിഹീനമോ ആവട്ടെ, അതിലെ തെററോ വിഡ്ഢിത്ത മോ ഞാൻ കാണാത്തിടത്തോളംകാലം എന്റെ നില ഇളക്കാൻ ക ഴികയില്ല. അന്തശ്ചോദനയനുസരിച്ചുമാത്രമേ, സവർണഹിന്ദു ക്കൾ കററകരമായ അശുദ്ധമൂലം വ്യവസ്ഥകൾ നടപ്പിൽവരുത്താ ത്തതുകൊണ്ടു് യറവ്ഡാസന്ധി സ്പഷ്ടമായി തകർന്നെങ്കിൽമാത്ര മേ, ഉപവാസം ആവർത്തിക്കുകയുള്ളൂ. ഇത്തരം അശുദ്ധസ്സു് ഹി ന്ദുമതത്തെ വഞ്ചിക്കലെന്നാണർത്ഥം. ജീവനോടുകൂടി അതിനു സാക്ഷിയായി നിൽക്കാൻ ഞാൻ തയ്യാറില്ല.

## ജി. നാടുവിട്ടുപോകൽ

### 29

*സ്വസഹായംപോലെ മറെറാരു സഹായമില്ല. സ്വയം സ ഹായിക്കുന്നവരെ ഈശ്വരൻ സഹായിക്കുന്നു. കവിതാഗ്രാമത്തിൽ നിന്നു് ഇറങ്ങിപ്പോകാനുള്ള തീരുമാനം പ്രസ്തുത ഹരിജനങ്ങൾ നട പ്പിൽവരുത്തുകയാണെങ്കിൽ അവർ സ്വയം കൃതാർത്ഥരാകാമെന്നു

29. Harijan, 5–10–1935 (The Removal of Untouchability, pp. 181–182)

* ഹരിജനങ്ങൾ തങ്ങളുടെ കുട്ടികളെ സ്കൂളിലേക്കു് അയയ്ക്കാൻ ധൈര്യ പ്പെട്ടതിനാൽ, അവരുടെ നേരെ ഗരസിയമാർ കാണിച്ച അക്രമങ്ങൾ നിമി ത്തം കവിതാഗ്രാമത്തിലെ ഹരിജനങ്ങൾ നാടുവിട്ടുപോകാൻ ആലോചിക്കുക യാണെന്നു് ഒരു നീണ്ട കത്തുമുഖേന എ. വി. താക്കർ ഗാന്ധിജിയെ അറിയി ച്ചു. അതിനെക്കുറിച്ചു് ഗാന്ധിജി എഴുതിയതാണിതു്.

digitized by www .sreyas.in

മാത്രമല്ല, ഇത്തരം ദ്രോഹമേൽക്കുന്ന മററുള്ളവർക്കു മാർഗദർശികളാകയും ചെയ്യാം. ഉദ്യോഗം തേടി ആളുകൾക്കു നാടുവിട്ടുപോകാമെങ്കിൽ, ആത്മാഭിമാനത്തിനുവേണ്ടി എന്തുകൊണ്ടു് അതിലേറെ ചെയ്തുകൂടാ? ഔദാര്യമില്ലാത്ത കവിതാഗ്രാമം വിട്ടുപോകാൻ ഹരിജനങ്ങളുടെ ഗുണകാംക്ഷികൾ ഈ സാധു കുടുംബങ്ങളെ സഹായിക്കുമെന്നു് ഞാനാശിക്കുന്നു.

### 30

ചോദ്യം: സ്വന്തം ഗ്രാമം വിട്ടുപോവുക ഹരിജനങ്ങൾക്കു് എളുപ്പമല്ല—കവിതാഗ്രാമക്കാരെപ്പോലെ അവർക്കങ്ങനെ ചെയ്താൽ കൊള്ളാമെന്നു തോന്നിയാലും അവർക്കെങ്ങനെ ജോലി കിട്ടും?

ഉത്തരം: എന്റെ ഉപദേശത്തെ ഞാനിപ്പോഴും മുറുകെപ്പിടിക്കുന്നു. ആ ഗ്രാമത്തിൽത്തന്നെ താമസിച്ചു പിന്നെയും മർദനം സഹിക്കണമെന്നു് അവരോടു പറയാൻ നമുക്കു നാണം വേണം. അവർക്കു ജോലിയുണ്ടാക്കിക്കൊടുക്കുക നമുക്കു് അസാദ്ധ്യമായിത്തീരരുതു്. നാടുവിട്ടുപോകുന്നവർ ഒരിക്കലും അധികമുണ്ടാവില്ല.

## എച്ച്. ഹരിജനങ്ങളും പട്ടാളപരിശീലനവും

### 31

ചോദ്യം: ഞാനൊരു ഹരിജൻസേവകനാണു്. പട്ടാളപരിശീലനത്തിൽ ഞാൻ വിശ്വസിക്കുന്നു. പട്ടാളത്തിൽ ചേരാൻ ഞാൻ ഹരിജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. പട്ടാളത്തിൽ ചേരുന്നവർക്കു ഭയവും അയിത്തവും ഇല്ലാതാകുന്നു, ആത്മാഭിമാനം ഉണ്ടാകുന്നു. അങ്ങയുടെ ഉപദേശമെന്താണു്?

ഉത്തരം: നിങ്ങൾ എന്നോടു് ഈ ചോദ്യം ചോദിച്ചതു് ശരിയായില്ല. ഞാൻ പട്ടാളപരിശീലനത്തിൽ വിശ്വസിക്കുന്നില്ലെന്നു നിങ്ങൾക്കറിയാം. പട്ടാളത്തിൽ ചേരുന്ന ഹരിജനങ്ങൾ പെട്ടെന്നു രൂപാന്തരപ്പെടുമെന്നും നിങ്ങൾ വിശ്വസിക്കുന്നതുപോലെ ഞാൻ വിശ്വസിക്കുന്നില്ല. എങ്കിലും പട്ടാളത്തിൽ ചേരാൻ സ്വമേധയാ ആഗ്രഹിക്കുന്നവരെ തടയാൻ ഞാൻ ശ്രമിക്കരുതു്. പണക്കാരുടെ മക്കൾ പട്ടാളത്തിൽ ചേരുകയും ഹരിജനങ്ങൾ അവരെ അനുകരിക്കയും ചെയ്താൽ, ഞാൻ എങ്ങനെ അവരെ തടയും? അഹിംസാപാഠം പഠിപ്പിക്കുക എന്നും ദുഷ്കരമാണു്. മീതെയ്ക്കുമീതെ മർദിക്കപ്പെട്ടവരോടു് എങ്ങനെയാണു് അഹിംസ ഉപദേശിക്കുക? അഹിംസയുടെ പാഠം ശരിക്കു പഠിച്ച ചില ഹരിജനങ്ങൾ മർദിതരുടെ കൂട്ടത്തിൽപ്പോലുമുണ്ടെന്നതാണു് എനിക്കു് ആശ്ചര്യം.

---

30. Harijan, 28-11-1936 (The Removal of Untouchability, p. 251)
31. Harijan, 28-7-1940 (The Removal of Untouchability, p. 282)

digitized by www .sreyas.in

## ഐ. ഹരിജനങ്ങളുടെ വിദ്യാഭ്യാസം

### 32

ഇവരുടെ മാനസികപരിശീലനത്തെ—സാഹിത്യപരമായ പരിശീലനമാണ് ഞാൻ ഉദ്ദേശിക്കുന്നത്—അവഗണിക്കാൻ ആ സ്റ്റേറ്റ് (തിരുവിതാംകൂർ) എങ്ങനെ ധൈര്യപ്പെടും? ജീവിതത്തിലെ നിസ്സാരകാര്യങ്ങളെ സംബന്ധിച്ചുപോലും ശരിയായ ഉത്തരം കിട്ടാൻതക്കവണ്ണം പുലയരോടും പറയരോടും സംഭാഷണം നടത്തുക എത്രയേറെ പ്രയാസമാണെന്ന് എനിക്കിപ്പോഠം അറിയാം, അതുകൊണ്ടുള്ള കോട്ടവും.

### 33

ഹരിജൻകുട്ടികഠംക്കുവേണ്ടി പ്രിപ്പറേററി സ്കൂളുകഠം എന്നു വിളിക്കപ്പെടുന്നവ ആരംഭിക്കുന്നതിനനുകൂലമായി ഒരു പ്രത്യേക സംഗതിയുണ്ട്. അവരുടെ ഇടയിൽ താമസിക്കാൻപോയ ഒരു സഹപ്രവർത്തകൻെറ വാക്കുകളിൽത്തന്നെ ആ കാരണം ഇവിടെ കാണിക്കുന്നതായിരിക്കും അധികം നല്ലത്. അദ്ദേഹം എഴുതുന്നു:

'എൻെറ സ്കൂഠം ഒരു ഹരിജൻെറ കോലായിലാണു നടത്തുന്നത് എൻെറ വിദ്യാർത്ഥികളിൽ ചിലരുടെ മൂക്കിൽ നിറയെ മൂക്കിളയാണ്, കണ്ണിൽ നിറയെ പൊററയും. ഇരിക്കുന്നിടത്ത് അവർ തുപ്പും. അവരുടെ കണ്ണും മൂക്കും പോലെതന്നെ അവരുടെ ശരീരവും. ഉടുപ്പിൻെറ കാര്യം പറയാൻവയ്യാ. ചിലർ റൊട്ടിക്കഷണമോ മധുരപലഹാരമോ കൊണ്ടുവരും; ക്ളാസ്സിലിരുന്ന് അതൊക്കെത്തിന്നും, അതിനാൽ എങ്ങനെയാണ് ശുചിയായിരിക്കുക, എങ്ങനെയാണ് നന്നായി പെരുമാറുക എന്നു പറഞ്ഞുകൊടുത്തുകൊണ്ടാണ് എൻെറ ക്ളാസ് ആരംഭിക്കുന്നത്. ക്ളാസ് നടത്തുമ്പോഠം ശുചീകരണവും ഞാൻതന്നെ ചെയ്യുന്നു. മടിയന്മാരും വായാടികളും വികൃതികളുമായ അവർ എന്നെ നല്ല ക്ഷമ പഠിപ്പിക്കുകയാണ്. അസ്സൽ തണയന്മാരുമാണവർ. അവരിൽ ചിലർ ഉത്സാഹികളും ബുദ്ധിമാന്മാരുമാണ്. ഞാൻ അവരൊന്നിച്ചു കളിക്കും; അവരെ പഠിപ്പിക്കുകയക്കാഠം അവരിൽനിന്നു പഠിക്കുകയാണ് ഞാൻ ചെയ്യുന്നത്. ക്ളാസിൽ ഹാജർ ഓരോ ദിവസവും ഓരോ തരത്തിലാണ്. ചിലപ്പോഠം ഒരൊററക്കുട്ടിയെ ഉണ്ടാകു. പതിനഞ്ചിലേറെ ഒരു ദിവസവും ഉണ്ടായിട്ടില്ല. 10 ദിവസമേ ആയിട്ടുള്ളൂ സ്കൂഠം തുടങ്ങിയിട്ട് എന്നും എനിക്ക് ഈ ജോലി പുത്തനാണെന്നും ഓർക്കണം. രാവിലെ നേരത്തെ ക്ളാസ് തുടങ്ങും. ഒരു ഫർലാങ്ങ് അകലെയുള്ള ഒരു ഹരിജൻധർമശാലയിലാണ്

32. Harijan, 6–2–1937 (The Removal of Untouchability, p. 110)
33. Harijan, 4–3–1933 (The Removal of Untouchability, p. 204)

digitized by www .sreyas.in

ഞാൻ കിടപ്പ്. അതിനാൽ ഞാൻ ഉറക്കറയിൽനിന്നു പുറപ്പെട്ടാൽ ക്ലാസ്സ് തുടങ്ങുകയായി. കണ്ണുകൾ മിഴിച്ച്, കൈയിൽ ചൂലുമായി, മനുഷ്യന്റെ മലം നിറഞ്ഞ വഴി വൃത്തിയാക്കിക്കൊണ്ടുവേണം ദിവസേന രാവിലെ നടക്കാൻ. ചിലപ്പോൾ കുട്ടികളോ അവരുടെ അമ്മമാരോ എന്റെ കൈയിൽനിന്നു ചൂൽ തട്ടിപ്പറിച്ചു റോഡെന്നു പറയുന്ന ആ വഴി വൃത്തിയാക്കാൻ സഹായിക്കുമെന്നതു വളരെ അത്ഭുതകരമാണ്. അവർക്കു വിരോധമില്ലെങ്കിൽ ചിലപ്പോൾ ഞാൻ വീട്ടിനുള്ളിൽ കടന്നു നോക്കും, തീപ്പെട്ടിക്കോലുകൾപോലെ മനുഷ്യർ നിറഞ്ഞ ഇരുണ്ട ഗുഹകളാണ് അവയിൽ മിക്കതും. ഇതൊക്കെയും മററു പലതും ഞാൻ കാണാറുണ്ടെങ്കിലും, തൽക്കാലം മിണ്ടാതിരിക്കുകയാണ്. എന്തുകൊണ്ടെന്നാൽ അധികാരപൂർവം അവരോടു സംസാരിക്കാൻതക്കവണ്ണം നിസ്വാർത്ഥസേവനംകൊണ്ടും പ്രേമംകൊണ്ടും ഇനിയും ഞാനെന്നെ യോഗ്യനാക്കിയിട്ടില്ല. സത്യംപറഞ്ഞാൽ, സൂര്യനാണു നമ്മുടെ രാജ്യത്തിലെ ഏററവും നല്ല തൂപ്പുജോലിക്കാരൻ, അല്ലെങ്കിൽ ഹരിജനങ്ങളുടേതായാലും വേണ്ടതില്ല, ഉയർന്ന ജാതിക്കാരെന്നു വിളിക്കപ്പെടുന്നവരുടേതായാലും വേണ്ടതില്ല, ചില സ്ഥലങ്ങൾ വൃത്തികേടുകൾ ശീലിച്ചവർക്കുപോലും വാസയോഗ്യങ്ങളല്ലാതാകും. ഇപ്പോഴത്തെ ഈ ജോലിയിൽ ഞാൻ ആനന്ദംകൊള്ളുന്നുവെന്നും എന്നെ അതിൽ നിയമിച്ചതിനു് ഈശ്വരനോടു ഞാൻ നന്ദിപറയുന്നുവെന്നും തൽക്കാലം പറയട്ടെ. പക്ഷേ, ഞാൻ പരിചയമില്ലാത്തവനാണ്. എന്റെ പരിമിതികൾ എനിക്കറിയാം. അവയെ തരണം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ 'നിങ്ങൾ....വരെ ഒരു യഥാർത്ഥ വൈഷ്ണവൻ, ഈശ്വരന്റെ ആൾ ആയിട്ടില്ല' എന്ന മനോഹരമായ ആശ്രമഭജന* ഞാൻ പലപ്പോഴും പാടാറുണ്ട്. യഥാർത്ഥ വൈഷ്ണവനായിത്തീരാനുള്ള വ്യവസ്ഥകൾ നിറവേററാൻ ഞാൻ ആഗ്രഹിക്കുന്നു.'

അശിക്ഷിതരായ ഹരിജൻകുട്ടികളുടെ സ്ഥിതിയുടെ ഒരു മാതൃകയാണിതു്. ശുചിയായും മാന്യമായും ജീവിക്കാൻ ഈ കുട്ടികളൊക്കെ പഠിക്കണമെന്നാണു നമ്മുടെ ആഗ്രഹം. പൊതുവിദ്യാലയങ്ങളിൽ അവരൊക്കെ ഹാജരാകണം. അതിനാൽ പറയുന്നതു ചെയ്യണമെന്നു നമുക്കു വിചാരമുണ്ടെങ്കിൽ പ്രിപ്പറേററി സ്കൂളുകൾ അവർക്കു തീർച്ചയായും കൂടിയേ കഴിയൂ.

## 34

ഹരിജൻ സേവികാസംഘത്തിന്റെ പ്രസിഡൻറ് ഘനശ്യാംദാസ് ബിർള എഴുതുന്നു:

---

* 'വൈഷ്ണവ നഥി ഥയോ തും രേ.'

34. Harijan, 22-2-1942 (The Removal of Untouchability, pp. 207-209)

'മിക്കവാറും ഹരിജനങ്ങൾക്കുവേണ്ടി എങ്കിലും അവർക്കു മാത്രമായിട്ടല്ല, കുറച്ചു താമസസൗകര്യമുള്ള സ്കൂളുകൾ സ്ഥാപിക്കുവാൻ ഞങ്ങൾ ആലോചിക്കുന്നു. ഇതുവരെ ഹരിജൻഹോസ്റ്റലുകളെപ്പററിയോ ഹരിജൻസ്കൂളുകളെപ്പററിയോ പറയുമ്പോഴെല്ലാം നാം ഉദ്ദേശിച്ചിട്ടുള്ളതു്, പഠിപ്പു കുറഞ്ഞവരും ശമ്പളം കുറഞ്ഞവരുമായ അദ്ധ്യാപകരും വാർഡന്മാരും കൂടി മുറിപ്പെട്ടിണിക്കാരായ കുട്ടികൾക്കു വേണ്ടി നടത്തുന്ന ചെലവുകുറഞ്ഞ ഹോസ്റ്റലുകളെന്നും ചെലവുകുറഞ്ഞ സ്കൂളുകളെന്നുമാണു്. ഹരിജനങ്ങളെയോ പാവപ്പെട്ട മാതാപിതാക്കളുടെ കുട്ടികളെയോ നാം ഈ ചെലവുകുറഞ്ഞ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നിടത്തോളംകാലം ഈ കുട്ടികളെ പലപ്പോഴും ക്ലേശിപ്പിക്കുന്ന അധർമ്മമനോഭാവം കൈവെടിയുവാൻ അവർക്കു തീരെ സാധിക്കുകയില്ല. യോഗ്യതയില്ലാത്തവരും കുറഞ്ഞ ശമ്പളക്കാരുമായ ഈ അദ്ധ്യാപകരിൽനിന്നു് അവരെന്തു പഠിക്കും? മററു കുട്ടികളുമായി സമ്പർക്കംചെയ്യാനുള്ള അവസരം ഈ കുട്ടികൾക്കു കിട്ടുന്നില്ല. ദരിദ്രരും ധനികരും തമ്മിൽ അഥവാ ഹരിജനങ്ങളും സവർണരും തമ്മിൽ സമ്പർക്കം പോരാത്തതുകൊണ്ടുള്ള ദോഷം രണ്ടുകൂട്ടർക്കുമുണ്ടു്, അതിനാൽ മനോഹരങ്ങളായ ചുററുപാടുകളിൽ കുറച്ചു താമസസൗകര്യമുള്ള സ്കൂളുകൾ നാം സ്ഥാപിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു, വേണ്ടതുപോലെ നടത്തപ്പെടുന്ന പബ്ളിക്സ്കൂൾപോലെ തന്നെയിരിക്കണം അവ. എല്ലാംകൊണ്ടും ആദ്യം ഒരു പരീക്ഷണമെന്ന നിലയിൽ ഇത്തരം കുറച്ചു സ്കൂളുകൾ സ്ഥാപിക്കണം.

അവയിൽ മെട്രിക്കുലേഷൻക്ളാസ്സുവരെ വേണം. ഒരു സർവകലാശാലയോടു് അഫിലിയററു ചെയ്യുതുമായിരിക്കണം അവ. മിക്കവാറും താമസസൗകര്യമുള്ളവ ആയിരിക്കണം അവയെന്നു പറയേണ്ടതില്ലല്ലോ. ഓരോ കുട്ടിയുടെയും കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതു് ഒരു സവിശേഷതയായിരിക്കണം. വിദ്യാഭ്യാസം മാതൃഭാഷയിൽക്കൂടിയായിരിക്കണം. രണ്ടാം ഭാഷയായി ഇംഗ്ലീഷ് പഠിക്കണം. ഈ വിദ്യാഭ്യാസകാലത്തു വിദ്യാഭ്യാസമൂല്യത്തെ ആസ്പദമാക്കി തിരഞ്ഞെടുത്ത ഉപയോഗപ്രദങ്ങളായ കൈവേലകൾ കുട്ടികളെ പഠിപ്പിക്കണം.

ഈ വിദ്യാഭ്യാസം പൂർണവും സ്വയംപര്യാപ്തവുമാക്കിത്തീർക്കാൻവേണ്ടി, മെട്രിക്കുലേഷൻ പരീക്ഷയ്ക്കു് ആവശ്യമുള്ളതിലും രണ്ടുകൊല്ലം അധികം പഠിപ്പു നടത്തണം, മെട്രിക്കുലേഷൻ കോഴ്സിനു ആവശ്യമുള്ളതിനു പുറമേ മററു പരിശീലനങ്ങൾ നൽകാൻ ഈ രണ്ടുകൊല്ലം ഉപയോഗപ്പെടുത്തണം.

മൂന്നു കൈവേലകൾ വേണമെന്നു ഞങ്ങൾ ഉദ്ദേശിക്കുന്നു. ഇഷ്ടമനുസരിച്ചു് ഇവയിലൊന്നു് ഓരോ വിദ്യാർത്ഥിയും പഠിക്കണം. അവ താഴെ പറയുന്നവയാണു്:

digitized by www .sreyas.in

(1) പരുത്തിത്തിരിയുണ്ടാക്കൽ; നൂൽപ്പ്, നെയ്ത്ത്, ചായംമുക്കൽ, അലക്കു് അല്ലെങ്കിൽ, (2) ആശാരിപ്പണിയും കരുവാൻ പണിയും, അല്ലെങ്കിൽ, (3) കടലാസ്സുനിർമാണവും ബുക്ക്ബൈൻറിങ്ങും സാധാരണ അച്ചനിരത്തലും.

വേണ്ടത്ര വൈദഗ്ദ്ധ്യം ലഭിക്കാൻവേണ്ടി തക്ക ശമ്പളംകൊടുത്തു മികച്ച അദ്ധ്യാപകരെ നിയമിക്കണമെന്നുദ്ദേശിക്കുന്നു. കോളേജുവിദ്യാഭ്യാസം കിട്ടിയില്ലെന്ന തോന്നൽ കുട്ടികൾക്കുണ്ടാകരുതു് എന്നതാണു് ഇതിന്റെയൊക്കെ അടിയിലുള്ള ആശയം. കോളേജുവിദ്യാഭ്യാസത്തിനു തടസ്സമൊന്നുമുണ്ടായിരിക്കുകയില്ല. ഈ പഠിപ്പു പൂർത്തിയാക്കിയാൽ ന്യായമായ ഉപജീവനമാർഗം സമ്പാദിക്കുക ദുഷ്കരമാവുകയില്ലെന്നു് ആശിക്കുന്നു. ജോലി വേണമെന്നുള്ള കുട്ടികൾക്കു് അതു കൊടുക്കേണ്ടതു ബോർഡിന്റെ കടമയായിരിക്കും.

ഈ സർവകലാശാലാകോഴ്സിനും കൈവേലക്കും പുറമേ, സാമാന്യ അറിവും ആരോഗ്യശാസ്ത്രജ്ഞാനവും വർദ്ധിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കും. സംഗീതം; കളികൾ, വ്യായാമങ്ങൾ, കുതിരസവാരി, നീന്തൽ മുതലായവ പഠിപ്പിക്കണം. മതവും സദാചാരവും പഠിപ്പിക്കാനും വിട്ടുപോകരുതു്. ഹിന്ദുമതതത്വങ്ങളും നമ്മുടെ പ്രത്യേക സംസ്കാരത്തിന്റെ മഹിമയും നല്ലവണ്ണം പഠിപ്പിക്കുന്നതിന്റെ കൂട്ടത്തിൽ എല്ലാ മതങ്ങളെയും തുല്യനിലയിൽ ബഹുമാനിക്കാനും പഠിപ്പിക്കണം.

കുട്ടികളിൽ പകുതിപ്പേർ ഹരിജനങ്ങളായിരിക്കണം; ഇവരുടെ പഠിപ്പിനോ താമസത്തിനോ ഭക്ഷണത്തിനോ പണം ചോദിക്കരുതു്. മറേറപ്പകുതിയിൽനിന്നു്, സവർണരിൽനിന്നു ഫീസുകൾ വാങ്ങണം.

ഒരു നല്ല ഹൈസ്കൂളിനെക്കുറിച്ചുള്ള എന്റെ അഭിപ്രായങ്ങൾ മൊത്തത്തിൽ ചുരുക്കിപ്പറഞ്ഞതാണിതു്.

പക്ഷേ, ഇതിനെപ്പററി ഞങ്ങളുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടു്. ചിലർ ചോദിക്കുന്നു, എന്തിനാണു മെട്രിക്കുലേഷൻകോഴ്സെന്നു്. മററു ചിലർ പറയുന്നു, ഇതൊക്കെ ചീത്ത മാതൃക സൃഷ്ടിക്കലാകകൊണ്ടു ചെലവുകൂടിയ വിദ്യാഭ്യാസം പാടില്ലെന്നു്. ഏററവും യോഗ്യതയുള്ളവരെ നിയമിക്കാൻ വിരോധമില്ലെന്നും, പക്ഷേ അവർ വെറും നിത്യച്ചെലവിനുള്ളതുമാത്രം സ്വീകരിച്ചു ത്യാഗമനോഭാവത്തോടുകൂടി വന്നെങ്കിൽമാത്രമേ അങ്ങനെ ചെയ്യാവൂ എന്നും ചിലർ വാദിക്കുന്നു. മററു വാക്കുകളിൽ, അവരുടെ അഭിപ്രായപ്രകാരം, ത്യാഗനിരതമായ ലഘുജീവിതം നയിക്കുവാൻ തയ്യാറുള്ള അദ്ധ്യാപകർക്കേ ഈ സ്കൂളിൽ സ്ഥാനമുണ്ടാകാവൂ.

digitized by www .sreyas.in

മികച്ച ത്യാഗസന്നദ്ധതയുള്ള അദ്ധ്യാപകരെ കിട്ടിയില്ലെങ്കിൽ, സ്കൂൾനടത്താതിരിക്കുകയാണു ഭേദം എന്നുപോലും പറയുന്നവരുണ്ടു്.

ഇതു് അപ്രായോഗികമാണെന്നു് എനിക്കു തോന്നുന്നു. അതിന്റെ കാരണങ്ങളൊന്നും ഞാൻ പറയേണ്ട ആവശ്യമില്ല. അവ സ്പഷ്ടമാണു്.

ഈ കാര്യത്തെക്കുറിച്ചു് അങ്ങയുടെ അഭിപ്രായം എന്താണെന്നു പറയാമോ?

സേതു് ഘനശ്യാംദാസിന്റെ ഈ പദ്ധതിയെ ഞാൻ സർവാത്മനാ അനുകൂലിക്കുന്നു. എതിരായി പറഞ്ഞ വാദങ്ങളുടെ ആസ്പദം തത്വങ്ങളേക്കാളേറെ മുൻകരുതലാണെന്നു തോന്നുന്നു. ഹരിജൻ ബോർഡിന്റെ തുച്ഛഫണ്ടിൽനിന്നെടുത്തുവേണം ഈ പദ്ധതിക്കു ചെലവു നടത്താനെങ്കിൽ ഞാനും എതിർപക്ഷത്തിന്റെകൂടെയാണു്. എങ്കിലും ഈ മോഡൽ സ്കൂളുകൾ വേണ്ടവിധം നടത്താനാവശ്യമുള്ളത്രപണം സംഭാവനയായി പിരിച്ചുണ്ടാക്കുമെന്നു ഞാൻ കരുതുന്നു. ഓരോ ഇന്ത്യക്കാരനെയും പറയനെപ്പോലെ കരുതുന്ന തെക്കേ ആഫ്രിക്കയിൽ ഇരുപതുകൊല്ലം പാർത്തതുകൊണ്ടു എനിക്കറിയാം, സ്നേഹശൂന്യമായ പെരുമാററത്തിനു വിധേയമായാൽ മനസ്സു് എത്രയേറെ വികാരതരളിതമായിത്തീരുമെന്നു്. എന്റെ സ്വസ്ഥത വീണ്ടുകിട്ടാൻ കുറച്ചുകാലം വേണ്ടിവന്നു, ആ വികാരതരളത എന്നെ ഒരിക്കലും കൈവെടിഞ്ഞില്ലെങ്കിലും. യൂറോപ്യരുടെ ഇടയിൽ ഞാനൊരപൂർവജന്തുവാണെന്നു് എനിക്കു തോന്നി. ഇന്ത്യയിൽ ഹരിജനങ്ങളുടെ സ്ഥിതി അതിലും വളരെ മോശമാണു്—അജ്ഞതയും ദാരിദ്ര്യവും അവർക്കധികമാകകൊണ്ടു്. അതിനാൽ ഈ രണ്ടുതരം ന്യൂനതയും നാം ഇല്ലാതാക്കണമെങ്കിൽ പണക്കാരായ സ്കൂൾകുട്ടികൾക്കു ലഭിക്കുന്നവയേക്കാൾ ഒരുതരത്തിലും മോശമല്ലാത്ത ചുററുപാടുകളിൽ കുറെയധികം ഹരിജൻകുട്ടികളെ വളർത്തിക്കൊണ്ടുവരണം. ആലോചനാവിഷയമായ ഈ പദ്ധതി ഗൃഹസ്ഥന്മാരെ ഉത്പാദിപ്പിക്കുന്നതിനുദ്ദേശിച്ചിട്ടുള്ളതല്ല. അവർ ആ സ്ഥാനത്തിനു വേണ്ടതിൽ വളരെ കവിഞ്ഞവരായിരിക്കും; ഗൃഹസ്ഥന്മാരായി തങ്ങളെ സ്വീകരിക്കാൻ ആരും ഒരുക്കമില്ലാത്തതുകൊണ്ടു് അവർ സ്വാഭാവികമായി അസംതൃപ്തരാകേണ്ടിയും വരും. ഈ പദ്ധതിയനുസരിച്ചു പരിശീലിപ്പിക്കപ്പെടുന്നവർ മററു മെട്രിക്കുലേററുകളെ അപേക്ഷിച്ചു് ഒരുതരത്തിലും അറിവിൽ താഴെയായിരിക്കുകയില്ല. എന്നല്ല ഇവർക്കു ചില മെച്ചങ്ങളുണ്ടാകും—ശരീരത്തിനു സവിശേഷസംരക്ഷണം ലഭിച്ചതുകൊണ്ടും കൈകളുടെ കൗശലം പൂർണമായി വികസിപ്പിക്കപ്പെട്ടതുകൊണ്ടും. ഇത്തരം കുട്ടികളുടെ ഭാവി സുരക്ഷിതമാണു്. അവർക്കു ആത്മവിശ്വാസമുണ്ടായിരിക്കും. ഉററവരിൽനിന്നും ഉടയവരിൽനിന്നും അവർ അകററപ്പെ

digitized by www .sreyas.in

ടുകയില്ല. നേരെമറിച്ച് അവർ സ്വജനങ്ങളായ ഹരിജനങ്ങളെ സേവിക്കണമെന്നും തങ്ങൾക്കു കിട്ടിയ വിദ്യയുടെ ഗുണം അവക്കും നൽകണമെന്നുമാണു പ്രതീക്ഷിക്കപ്പെടുന്നത്.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിനെതിരായി ഞാൻ എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ട് എനിക്കു് അഭിപ്രായസ്ഥിരതയില്ലെന്ന് ആക്ഷേപിച്ചേക്കാം. ആ ആക്ഷേപം കാമ്പില്ലാത്തതാണ്, ഒന്നാമത്, അദ്ധ്യാപനം മാതൃഭാഷമുഖേനയാകകൊണ്ടും സ്വാതന്ത്ര്യവും മാന്യവുമായ ഉപജീവനമാർഗം നേടുവാൻ കുട്ടികളെ സമർത്ഥരാക്കുന്ന കൈവേലകൾ അവരെ പഠിപ്പിക്കുന്നതുകൊണ്ടും ഇന്നത്തെ സമ്പ്രദായത്തിന്റെ ദുഷ്ടവശങ്ങൾ നീക്കംചെയ്യപ്പെടും. രണ്ടാമത്, പണക്കാരായ കുട്ടികൾക്കു ബാധകമായ എന്തെങ്കിലും എതിർവാദം, ഗത്യന്തരമില്ലാത്തവരും ഹരിജനങ്ങളല്ലാത്തതുകൊണ്ടുമാത്രം മററനേകായിരം കുട്ടികൾക്കു ലഭിക്കുന്ന വിദ്യാഭ്യാസം തങ്ങൾക്കു കിട്ടാത്തതുകൊണ്ടു സങ്കടപ്പെടുന്നവരുമായ കുട്ടികൾക്കു ബാധകമല്ല. ഹരിജനങ്ങളല്ലാത്ത അനേകായിരം കുട്ടികൾ ചെയ്യുന്നതു തെററാണെന്നും, തന്നിമിത്തം സേത്ഘൻശ്യാംദാസ് അദ്ദേഹത്തിന്റെ എഴുത്തിൽ പറഞ്ഞ ചെററപ്പുരകൾകൊണ്ടു സംതൃപ്തരാകയാണു നല്ലതെന്നും പറഞ്ഞു ഹരിജൻകുട്ടികളെ ഞാൻ അപമാനിക്കുകയില്ല.

ഈ പദ്ധതിയോടു ഞാൻ പരിപൂർണമായി യോജിക്കുന്നു. അതിനു സർവവിജയവും ഞാൻ നേരുന്നു. അതെത്രവേഗം നടപ്പിൽ വരുത്തുന്നുവോ അത്രയും നല്ലതാണ്, ഹരിജനങ്ങൾക്കും ഇന്ത്യയ്ക്കും. അയിത്തരാക്ഷസന്റെ ബാധയൊഴിക്കാൻ പററിയ സ്ഥാപനങ്ങളായിരിക്കും ഈ സ്കൂളുകൾ.

## 35

സവർണരുടെ വിദ്യാഭ്യാസം പലപ്പോഴും അവരെ മനുഷ്യവർഗത്തിനു കൂടുതൽ ഉപയോഗശൂന്യരാക്കുകയാണു ചെയ്തിട്ടുള്ളതെന്ന് എനിക്കറിയാം. അതിനു കാരണം അവരുടെ വിദ്യാഭ്യാസം പ്രയത്നത്തെ നിന്ദിക്കാൻ ഇടയാക്കിയെന്നതാണ്. ഇനി കുറച്ചു കാലത്തേക്കെങ്കിലും ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം മൊത്തത്തിൽ ഇത്തരമൊരനർത്ഥത്തിന്റെ അപകടമില്ല. സാങ്കേതികവശത്തെ മുഴുവനുമില്ലെങ്കിൽ മിക്കവാറുമെങ്കിലും അവഗണിക്കുന്ന ഇന്നത്തെ സമ്പ്രദായത്തിന്റെ ദോഷങ്ങൾ ഹരിജൻവിദ്യാഭ്യാസത്തിനില്ലാതാക്കാൻ ഈ പ്രസ്ഥാനത്തിന്റെ ചുമതല വഹിക്കുന്നവർ മനസ്സിരുത്തുമെങ്കിൽ പ്രസ്തുത അപകടം തീരെ കൂടാതെ കഴിക്കാം.

35. Harijan, 16–3–1934 (The Removal of Untouchability, p. 207)

digitized by www .sreyas.in

## 36

തിരഞ്ഞെടുത്ത ഏതാനും ഹരിജനങ്ങളുടെ വിദ്യാഭ്യാസം സവർണ്ണഹിന്ദുക്കൾ നടത്താൻ മി. ഡേവിഡ് തയ്യാറാക്കിയ പദ്ധതി അയിത്തോച്ചാടനത്തിൽ താൽപര്യമുള്ളവർക്കെല്ലാം സുപരിചിതമാണെന്നു ഞാൻ ആശിക്കുന്നു. മി. ഡേവിഡിന്റെ വാക്കുകളിൽ 'ഈ രാജ്യത്തിൽ സാധ്യമായതിൽവച്ചു ഏററവും നല്ല ഉപരിവിദ്യാഭ്യാസത്തിന്റെ ഗുണങ്ങൾ (സാങ്കേതികപരിശീലനമുൾപ്പെടെ) വളരെയധികം അയിത്തക്കാർക്കു ലഭിക്കുമാറാക്കുകയാണു് അതിന്റെ ഉന്നം.' ഈ പദ്ധതിയനുസരിച്ചു്, ഇന്ത്യയിലെ പണക്കാരായ സവർണഹിന്ദുക്കൾ ഓരോരുത്തനും ഒരു ഹരിജൻവിദ്യാർത്ഥിയുടെയെങ്കിലും അഞ്ചുകൊല്ലത്തെ വിദ്യാഭ്യാസച്ചെലവു വഹിക്കണമെന്നാണു പ്രതീക്ഷിക്കപ്പെടുന്നതു്. തെരഞ്ഞെടുത്ത ചില വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പുകൾ നൽകപ്പെടണം. ഓരോ ഹരിജൻവിദ്യാർത്ഥിക്കും കോളേജ്‌വിദ്യാഭ്യാസത്തിനു ഫീസും പുസ്തകച്ചെലവും ഉൾപ്പെടെ 500 രൂപ വേണ്ടിവരും; ഇതിൽ പകുതി ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും വേണം. സാധിക്കുമെങ്കിൽ സംഭാവന ചെയ്യുന്നവർ അഞ്ചുകൊല്ലത്തെ ചെലവു് ഒന്നിച്ചു കൊടുക്കണമെന്നാണു് അദ്ദേഹം പറയുന്നതു്.

മി. ഡേവിഡ് പറയുന്നു: 'ഹരിജൻവിദ്യാർത്ഥികളുടെ ആത്മാഭിമാനം വളർത്തിക്കൊണ്ടുവരുവാൻവേണ്ടി വിദ്യാഭ്യാസച്ചെലവിനു കൊടുത്ത സംഖ്യ ഓരോ വിദ്യാർത്ഥിയും അയാൾക്കു സാധിക്കുന്ന കാലത്തു മടക്കിക്കൊടുക്കണമെന്നു നിശ്ചയിക്കണം. അതിനാൽ ഓരോ വിദ്യാർത്ഥിക്കും കൊടുക്കുന്നതു കടമാണു്, ദാനമല്ല.' വിശ്വാസത്തിന്മേൽ കൊടുക്കുന്ന ഈ കടം കുറെയധികം വിദ്യാർത്ഥികൾ വീട്ടുകയാണെങ്കിൽ ഒരു സ്ഥിരം ഫണ്ടുണ്ടായിത്തീരുമെന്നു് മി. ഡേവിഡ് പ്രതീക്ഷിക്കുന്നു. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുവാൻ ഓരോ സംസ്ഥാനത്തിലും കമ്മിററിയോ കമ്മിററികളോ ഉണ്ടായിരിക്കണമെന്നു മി. ഡേവിഡ് ഉപദേശിക്കുന്നു. പിരിച്ചെടുത്ത സംഖ്യ ഈ കമ്മിററിയുടെയോ കമ്മിററികളുടെയോ ശുപാർശയനുസരിച്ചായിരിക്കണം ചെലവാക്കുന്നതു്. ഈ പദ്ധതി നടപ്പിൽ വരുത്തിയാൽ 'സുപ്രധാനവും സുസ്ഥിരവുമായ ഫലങ്ങൾ' ഉണ്ടാകുമെന്നു് അദ്ദേഹം ഊന്നിപ്പറയുന്നു. ഹരിജനങ്ങളുടെ ഇടയിൽനിന്നു വളരെ വക്കീൽമാരെയും അദ്ധ്യാപകരെയും ഡോക്ടർമാരെയും എഞ്ചിനീയർമാരെയും ലഭിക്കാൻ താരതമ്യേന കുറഞ്ഞ കാലത്തിനുള്ളിൽ ഇതുകൊണ്ടു സാധ്യമാകുമെന്നും അദ്ദേഹത്തിനു് ഉറച്ച അഭിപ്രായമുണ്ടു്. ഹരിജനങ്ങളുടെ സാമൂഹ്യനില ഉയർത്തുവാൻ ഇത്തരം കുറേപ്പേരുടെ സാന്നിദ്ധ്യം സഹായിക്കും. അദ്ദേഹം

36. Harijan, 25-2-1933 (The Removal of Untouchability, pp. 210-211)

തുടരുന്നു: 'വിവാദത്തിനു തീരെ പഴുതില്ലാത്ത മട്ടിലാണ് ഇതു തയ്യാറാക്കപ്പെട്ടിരിക്കുന്നതു്; അതിനാൽ, ലഭിക്കാവുന്ന ആനുകൂല്യത്തിന്റെ പരിധി ആവുന്നത്ര വർദ്ധിപ്പിച്ചുകൊണ്ടും. കടുത്ത സനാതനിയുടെപോലും ആനുകൂല്യം അതിനു ലഭിക്കും. 'അയിത്തക്കാ'രോടു തങ്ങൾക്കുള്ള വികാരങ്ങൾ വ്യക്തമായി പ്രകടിപ്പിക്കുവാൻ സവർണ്ണഹിന്ദുക്കളുടെ കൈക്കൽ വന്നിട്ടുള്ള ഒരവസരമാണിതു്.'

'കടുത്ത സനാതനികൾ'പോലും ഈ പദ്ധതി രുചിക്കുമെന്നും എങ്ങനെയായാലും അതിനു് ഉദാരമായ പിന്തുണ ലഭിക്കുമെന്നും മി. ഡേവിഡൊന്നിച്ചു ഞാനും ആശിക്കട്ടെ.

37

ബിരുദധാരികളുടെ ഇടയിൽ തൊഴിലില്ലായ്മ കലശലായി ഉണ്ടായിരിക്കെ ബി. എ.ക്കാരും എം. എ.ക്കാരുമാകാൻ ഹരിജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതു ശരിയാണോ എന്നും, അവർ സാങ്കേതികവിദ്യാഭ്യാസം ചെയ്യുന്നതല്ലേ അധികം നന്നായിരിക്കുക എന്നും ഒരു ഹരിജൻ ചോദിച്ചു. സവർണ്ണർക്കുതന്നെ ധാരാളം പ്രീതികരമായിത്തീരുന്നതിനുമുമ്പു ഹരിജനങ്ങൾ വ്യവസായപരിശീലനത്തിനു പോകുമെന്നു പ്രതീക്ഷിച്ചുകൂടെന്നു ഗാന്ധിജി മറുപടി പറഞ്ഞു. ഇപ്പോൾ വെറും സാമാന്യവിദ്യാഭ്യാസം സവർണ്ണക്കു ഗുണകരമല്ലെങ്കിൽ ഹരിജനങ്ങൾക്കു അതു ഗുണകരമായിത്തീർന്നെന്നും വരാം. ഉദാഹരണത്തിനു്, വളരെക്കാലമായി ഡോക്ടർ അംബേദ്കരെ ഒരു ബ്രാഹ്മണനായിട്ടാണു അദ്ദേഹം കരുതിപ്പോരുന്നതു്. ബുദ്ധിയിലും പ്രാപ്തിയിലും അദ്ദേഹം (അംബേദ്ക്കർ) നമ്മളിൽ ഏററവും മികച്ചവർക്കു സമനാണ്. ഇത്തരം യോഗ്യതകൊണ്ടു ഹരിജനങ്ങൾക്കു തീർച്ചയായും പ്രയോജനമുണ്ടു്. ഗാന്ധിജിക്കു വിശ്വാസം വ്യവസായപരിശീലനത്തിലാണു്; ഹരിജൻവിദ്യാർത്ഥികൾ അതിലേക്കു ശ്രദ്ധ തിരിച്ചുവിടണമെന്നു അദ്ദേഹത്തിനു് ആഗ്രഹമുണ്ടു്. എങ്കിലും ഹരിജൻ സേവക്സംഘം ഇത്തരം വിദ്യാഭ്യാസത്തിനു ഹരിജനങ്ങളെ നിർബന്ധിക്കരുതു്. വ്യവസായപരിശീലനത്തോടൊന്നിച്ചു സാമാന്യവിദ്യാഭ്യാസവും അവർ പ്രോത്സാഹിപ്പിക്കണം. വ്യവസായപരിശീലനത്തിന്റെ ഗുണങ്ങൾ വാഴ്ത്തേണ്ടതു ഹരിജനങ്ങളാണു്.

## ജെ. സാമ്പത്തികനില ഉയർത്തൽ

38

ചർച്ചചെയ്യപ്പെട്ട മറെറാരു വിഷയം ഇതായിരുന്നു: 'ഹരിജനസേവനത്തേക്കാൾ കൂടുതൽ പ്രധാനം പട്ടിണികിടക്കുന്ന കൃഷ്ക-

37. Harijan, 6–7–1934 (The Removal of Untouchability, p. 212)
38. Harijan, 15–6–1934 (The Removal of Untouchability, p. 281)

digitized by www .sreyas.in

ത്തൊഴിലാളികളുടെ സാമ്പത്തികനില ഉയർത്തലാണെന്നു് അങ്ങു കരുതുന്നില്ലേ? അതിനാൽ അങ്ങേയ്ക്കു കർഷകത്തൊഴിലാളികളുടെ സംഘടനകാം രൂപവൽക്കരിച്ചുകൂടേ? സാമ്പത്തികനിലയെ അടിസ്ഥാനമാക്കി ഇവയിൽ ഹരിജനങ്ങളെയും ഉംപ്പെടുത്താമല്ലോ.'

ഈ ചോദ്യകർത്താവു പറഞ്ഞതു സത്യമായിരുന്നെങ്കിൽ എന്നാലോചിക്കുകയാണു ഞാൻ. നിർഭാഗ്യവശാൽ കർഷകത്തൊഴിലാളികളുടെ സാമ്പത്തികനില ഉയർത്തലിൽ ഹരിജനങ്ങളുടെ സാമ്പത്തികനില ഉയർത്തൽ ഉംപ്പെട്ടുകൊള്ളണമെന്നില്ല. ഹരിജനല്ലാത്ത കർഷകത്തൊഴിലാളിക്കു് ഇഷ്ടമുള്ളിടത്തോളം അഥവാ സൗകര്യം കിട്ടുന്നിടത്തോളം ഉയരാം. ഹരിജനങ്ങാംക്കു സവർണരായ കർഷകത്തൊഴിലാളിയെപ്പോലെ യഥേഷ്ടം ഭൂമി വാങ്ങാനോ ഉപയോഗിക്കാനോ നിവൃത്തിയില്ല. ആവശ്യമുള്ളത്ര തൊഴിലാളികളെ നേടാൻ അയാളെക്കൊണ്ടാവില്ല. പലദിക്കിലും വേണ്ടത്ര വിത്തുവാങ്ങാൻപോലും അയാാംക്കു കഴിവില്ല. ഹരിജനങ്ങളല്ലാത്തവരെപ്പോലെ സ്വന്തം സാമ്പത്തികനില ഉയർത്താൻ ഹരിജനായ കർഷകത്തൊഴിലാളിക്കു കഴിയുമെന്നുതന്നെ വിചാരിക്കുക. എന്നാലും പണ്ടുണ്ടായിരുന്ന സാമൂഹ്യാവശതകളിൽ പലതും പിന്നെയും അയാാംക്കു ബാക്കിയാവും. താൻ നിസ്വനായിരുന്ന കാലത്തേക്കാം അധികം അയാാംക്കു അവയെക്കുറിച്ചു വേദന തോന്നുമെന്നുമാത്രം. അതിനാൽ ഹരിജനങ്ങളുടെ അസാധാരണങ്ങളും സവിശേഷങ്ങളുമായ അവശതകാം പരിഹരിക്കുവാൻ ഒരു പ്രത്യേക ഹരിജനസേവാസംഘം കൂടിയേ കഴിയൂ. സമുദായത്തിലെ ഏററവും താണ ഈ ഘടകങ്ങളുടെ സമുദ്ധരണത്തിൽ സമുദായത്തിൻെറ മുഴവൻ അഭ്യുദയവും ഉംപ്പെടും. എന്നല്ല, സാധാരണകർഷകത്തൊഴിലാളികാം അവഗണിക്കപ്പെട്ടിട്ടില്ല. ഉദാഹരണത്തിനു്, കൃഷിയിൽ ഒരു കൈവേലകൂടി കൂട്ടിച്ചേർക്കാൻ പഠിപ്പിച്ചും, തദ്വാരാ ക്ഷാമകാലത്തേക്കു തക്ക മുൻകരുതലുകാം ചെയ്തും (സ്വയംപ്രവർത്തകമായ ഇൻഷ്വറൻസ് ഏർപ്പെടുത്തിയും) തുച്ഛമായ വരുമാനത്തിൽ ഗണനീയമായ വർദ്ധനയുണ്ടാക്കിയും അഖിലഭാരതചർക്കാസംഘം കർഷകത്തൊഴിലാളികളുടെ സാമ്പത്തികനില പൂർവാധികം നന്നാക്കുന്നതിൽ മാത്രം വ്യാപൃതമായിരിക്കുകയാണു്.

## 39

അനേകായിരം ഹരിജനങ്ങളെ സഹായിക്കുന്ന വ്യവസായങ്ങളിൽ തുൽപം നെയ്ത്തും ഉംപ്പെടുന്നുണ്ടെന്നും വേണ്ടതുപോലെ സംഘടിപ്പിക്കപ്പെട്ടാൽ അവയ്ക്കു് ഇനിയും വളരെപ്പേരെ സഹായി

39. Harijan, 27–4–1934 (The Removal of Untouchability, p. 226)

ക്കാൻ കഴിയുമെന്നും എന്റെ പര്യടനകാലത്തു ഞാൻ കാണുകയുണ്ടായി. മാത്രമല്ല, ചില ദിക്കിൽ നെയ്ത്തുകാരെ അവരുടെ തൊഴിൽനിമിത്തം അയിത്തക്കാരായി കരുതുന്നതും കാണാനിടയായി. യാതൊരു ഭംഗിയുമില്ലാത്ത ഏററവും പരുത്ത ഖാദിയുണ്ടാക്കുന്ന നെയ്ത്തുകാരാണ് അവരിൽ മിക്കവരും. ഇവരുടെ വർഗം വേഗം നശിച്ചുവരികയായിരുന്നു. അപ്പോഴാണു ഖാദി അവരുടെ രക്ഷയ്ക്കെത്തിയത്. അതോടെ അവരുടെ പരുത്ത ഖാദിക്ക് ആവശ്യക്കാരുണ്ടാവുകയും ചെയ്തു. അപ്പോൾ മനസ്സിലായി, നൂൽപുകൊണ്ടു കഴിഞ്ഞുകൂടുന്ന ഹരിജൻകുടുംബങ്ങൾ വളരെയുണ്ടെന്ന്. ഇങ്ങനെ ഖാദി രണ്ടുതരത്തിൽ ദരിദ്രന്റെ ഊന്നുവടിയാണ്. ദരിദ്രരിൽവച്ചു ഏററവും നിസ്സഹായരായ ഹരിജനങ്ങൾ ഉൾപ്പെടെയുള്ള ദരിദ്രരെ അതു സഹായിക്കുന്നു. അവർ അങ്ങനെയായിത്തീർന്നതു ഹരിജനങ്ങളല്ലാത്തവർക്കു കിട്ടാവുന്ന തൊഴിലുകളിൽ പലതും അവർക്കു കിട്ടാത്തതുകൊണ്ടാണ്.

## 40

ഹരിജന്റെ സാമ്പത്തികജീവിതം അതിന്റെ ഇന്നത്തെ ദയനീയ നിലയിൽനിന്നു സമുദ്ധരിക്കപ്പെടുകതന്നെ വേണം. ചക്കിതിരിക്കാൻ പഠിപ്പിച്ച് ഹരിജനങ്ങളെ സ്വന്തം കാലിന്മേൽ നിൽക്കാൻ സമർത്ഥരാക്കി കുറച്ചുകാലംകൊണ്ടു് അധികം പണച്ചെലവു കൂടാതെ ഇതു സാധിക്കാമെന്നു വിചാരിക്കാൻ ഞാൻ ധൈര്യപ്പെടുന്നു—ഈ പരിപാടി ആലോചനയോടും വിവേകത്തോടുംകൂടി നടപ്പിൽ വരുത്തുമെങ്കിൽ.

## കെ. നിയമസഹായവും അവകാശസ്ഥാപനവും

## 41

നിയമത്തിന്റെപോലും ബലംകൊണ്ടു് അയിത്തം നശിപ്പിക്കപ്പെടുകയില്ല. ഈശ്വരനോടും മനുഷ്യനോടും ചെയ്യുന്ന ഒരപരാധമാണ് അതെന്നു ഭൂരിപക്ഷം ഹിന്ദുക്കൾ മനസ്സിലാക്കി, അതിനെക്കുറിച്ചു ലജ്ജിക്കാൻ തുടങ്ങിയാലേ അതു നശിക്കൂ. മററു വാക്കുകളിൽ അതൊരു പരിവർത്തനകർമമാണ്, അതായതു ഹിന്ദുഹൃദയം ശുദ്ധീകരിക്കൽ. ഈ പരിഷ്കാരത്തിന്റെ പുരോഗതിയെ നിയമം തടയുകയോ നിയമം അതിൽ കൈയിടുകയോ ചെയ്യുമ്പോൾ മാത്രമേ നിയമസഹായം തേടാവൂ—അതായത്, ഏതെങ്കിലുമൊരു ക്ഷേത്രം തുറന്നുകൊടുക്കുന്നതിനെ, ട്രസ്റ്റിമാരുടെയും ക്ഷേത്രത്തിൽ പോകുന്ന പൊതുജനങ്ങളുടെയും ഇഷ്ടത്തെ വകവയ്ക്കാതെ, നിയമം നിരോധിക്കുമ്പോൾ.

40. Harijan, 6–2–1937 (The Removal of Untouchability, p. 110)
41. Harijan, 23–9-1939 (The Removal of Untouchability, p. 65)

digitized by www .sreyas.in

## 42

തങ്ങളുടെ കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കുവാനും പൊതുകിണറുകളിൽനിന്നു വെള്ളം കോരുവാനും ഹരിജനങ്ങൾക്കു നിയമപ്രകാരം അവകാശമുണ്ട്. എങ്കിലും ഇതു നടപ്പിൽ വരുത്തുന്നതിനെ പൊതുജനാഭിപ്രായം ഇപ്പോഴും എതിർക്കുന്നു. ഇത്തരം കാര്യങ്ങളിൽ നീതി കിട്ടാൻ ഹരിജനങ്ങൾ കോടതികളെ ആശ്രയിക്കണമോ, അതോ സവർണ്ണഹിന്ദുക്കളുടെ മനസ്സു മാറുന്നതുവരെ ക്ഷമയോടുകൂടി കാത്തിരിക്കണമോ?

ഹരിജനങ്ങളെ ദേഹോപദ്രവമേൽപ്പിക്കുമെന്ന അപകടമില്ലാത്തിടത്ത് അവർ നിയമപ്രകാരമുള്ള അവകാശമനുസരിച്ചു പ്രവർത്തിക്കുകയും വേണ്ടിവന്നാൽ കോടതിയെ ആശ്രയിക്കുകയും ചെയ്യണം. ഹരിജൻപ്രവർത്തകർ സവർണ്ണഹിന്ദുക്കളുടെ ഇടയിൽ പ്രക്ഷോഭണം തുടരണം, നിയമപ്രകാരമുള്ള അവകാശങ്ങൾകൊണ്ടു മാത്രം സംതൃപ്തരാകരുത്.

## 43

ഗാർവാളിൽ ഒരു ഹരിജൻവധുവിനെ യാതൊരു തടസ്സവും കൂടാതെ മഞ്ചലിലോ പല്ലക്കിലോ കൊണ്ടുപോയ സംഗതി പ്രസിദ്ധീകരിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായതു് അടുത്തദിവസമാണ്. എന്നാൽ, ഹരിജൻ സേവക്സംഘത്തിലെ ശ്യാംലാൽ എന്നെ അറിയിക്കുന്നു, ആ സംഭവം അസാധാരണമായ ഒന്നാണെന്നു തെളിഞ്ഞിരിക്കുന്നുവെന്നും, മഞ്ചൽ ഉപയോഗിക്കുന്നതു തടയൽ പണ്ടത്തെപ്പോലെ ഇപ്പോഴും ധാരാളമാണെന്നും. ഇത്തരം രണ്ടു സംഭവങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടതു് ഈയിടെ മാത്രമാണ്. മഞ്ചൽ ഉപയോഗിച്ച ഹരിജനങ്ങളെ നിർദയം അടിച്ചുവിട്ടു. ഹരിജനങ്ങളുടെ ഇടയിൽ ഒരുണർവുണ്ടായിട്ടുണ്ട്. രക്ഷയ്ക്കു് അവർ കമ്മീഷണരെ സമീപിച്ചു. രണ്ടാഴ്ച മുമ്പു വിവരം അറിയിക്കാമെങ്കിൽ രക്ഷ നൽകാമെന്നു് അദ്ദേഹം ഏററിരിക്കുന്നു. പക്ഷേ, ഇതിനർത്ഥം വിദ്വേഷം വർദ്ധിക്കുകയെന്നാണ്. യഥാർത്ഥത്തിൽ വേണ്ടതു സവർണ്ണഹിന്ദുക്കളുടെ മനഃപരിവർത്തനമാണ്, പരിഷ്കർത്താക്കളുടെ പ്രയത്നം സഫലമാകുമെന്നും, ഹരിജനങ്ങൾക്കു പോലീസിന്റെ രക്ഷ ആവശ്യമായിവരികയില്ലെന്നും നമുക്കു് ആശിക്കുക. എങ്കിലും പരിഷ്കർത്താക്കളുടെ പ്രയത്നം വിജയിക്കുന്നതുവരെ അവർ കാത്തിരിക്കേണ്ടതില്ല. പോലീസ് നൽകുന്ന രക്ഷ തേടിയിട്ടായാലും അവർ തങ്ങളുടെ അവകാശം സ്ഥാപിക്കണം.

---

42. Harijan, 10-5-1942 (The Removal of Untouchability, p. 267)
43. Harijan, 15-6-1940 (The Removal of Untouchability, p. 186)

digitized by www .sreyas.in

## എൽ. ഗവർമെൻറിൻെറ പങ്ക്

### 44

സമുദായപരിഷ്കരണകാര്യങ്ങളിൽ നേതൃത്വം വഹിക്കുവാൻ ഗവർമെൻറുകൾക്കു സാധ്യമല്ല. പ്രകൃത്യാതന്നെ ഗവർമെൻറുകൾ അവർ ഭരിക്കുന്ന ജനങ്ങളുടെ പ്രകടിതാഭിലാഷത്തിൻെറ വ്യാഖ്യാതാക്കളും നിർവഹാകരുമാണ്. ജനങ്ങൾക്കു സ്വീകാര്യമല്ലാത്ത പരിഷ്കാരം വച്ചുകെട്ടാൻ ഏററവും സ്വേച്ഛാപ്രഭുത്വമുള്ള ഗവർമെൻറിനുപോലും സാധ്യമല്ലെന്നവരും. അതിനാൽ ഞാൻ തിരുവിതാംകൂർ സ്റ്റേററിലെ ഒരു പ്രജയായിരുന്നെങ്കിൽ, ജനങ്ങൾ എത്ര വേഗത്തിൽ സ്വീകരിക്കുമോ അത്രയും വേഗത്തിൽ ഈ പരിഷ്കാരം നടപ്പിൽ വരുത്തുവാൻ ഗവർമെൻറു സന്നദ്ധമാണെന്ന് അറിഞ്ഞതുകൊണ്ടു ഞാൻ തികച്ചും സംതൃപ്തനാകും. എങ്കിലും ഈ ഒരു കാര്യം ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ പിന്നെ പരിഷ്കാരസന്ദേശം ഓരോ ആളേയും ഓരോ ഗ്രാമത്തേയും ധരിപ്പിക്കുന്നതുവരെ ഞാൻ അടങ്ങിയിരിക്കുകയില്ല. നല്ല ചിട്ടയോടുകൂടിയും തുടർച്ചയായും നടത്തപ്പെടുന്ന പ്രക്ഷോഭണമാണ് ആരോഗ്യകരമായ പുരോഗതിയുടെ ജീവൻ; അതിനാൽ ഞാൻ നിങ്ങളായിരുന്നെങ്കിൽ ഈ പരിഷ്കാരം നടപ്പിൽവരുത്തുന്നതുവരെ അടങ്ങിയിരിക്കുവാൻ ഗവർമെൻറിനെ ഞാൻ അനുവദിക്കുകയില്ല. അടങ്ങിയിരിക്കാൻ ഗവർമെൻറിനെ അനുവദിക്കുകയില്ലെന്നതിനു ഗവർമെൻറിനെ അമ്പരപ്പിക്കുക എന്നർത്ഥമില്ല. ഇത്തരമൊരു പ്രക്ഷോഭണത്തിൻെറ പിന്തുണയും ചൂടും പ്രോത്സാഹനവും വിവേകമുള്ള ഒരു ഗവർമെൻറിനാവശ്യമാണ്, അവസ്ഥ് അതു സ്വാഗതമരുളുകയും ചെയ്യുന്നു—സ്വയം ആഗ്രഹിക്കുന്ന ഒരു പരിഷ്കാരം നടപ്പിൽ വരുത്തുന്ന കാര്യത്തിൽ സവർണഹിന്ദുക്കൾ ഐകകണ്ഠ്യേന അവരുടെ ആഗ്രഹം വെളിവാക്കുമെങ്കിൽ ഈ അയിത്തരാക്ഷസൻ പോകുമെന്നതിൽ എനിക്കു തീരെ സംശയമില്ല. അതിനാൽ സ്വന്തം ജാഡ്യവും ആലസ്യവും ഗവർമെൻറിൽ ആരോപിക്കുന്നതു തെററാണ്.

### 45

*ഏററവും താണപടിയിൽപ്പെട്ട പോലീസുകാരെ പഠിപ്പിക്കണം, അവർ മററുള്ളവരെയെന്നപോലെ ഹരിജനങ്ങളെയും സേവിക്കണമെന്ന്. കോൺഗ്രസ്സിൻെറ വാഴ്ചകാലത്തു തങ്ങൾക്കു നീതി

---

44. Young India, 20–10–1927 (The Removal of Untouchability, p. 64. തിരുവനന്തപുരത്തുവച്ചു ചെയ്ത ഒരു പ്രസംഗത്തിൽനിന്ന്).

45. Harijan, 9–9–1939 (The Removal of Untouchability, p. 184)

* നല്ലത്തൂരിലെ ഹരിജനങ്ങളെ സവർണഹിന്ദുക്കൾ കഠിനമായി ഉപദ്രവിച്ചു എന്നും അപ്പോൾ പോലീസ് ഉദാസീനരായും സഹതാപശൂന്യരായും നിന്നേയുള്ളൂ എന്നുമുള്ള റിപ്പോർട്ടിനെപ്പററി ഗാന്ധിജി എഴുതിയതു്.

digitized by www .sreyas.in

ലഭിക്കാനെങ്കിലും തരപ്പെടുമെന്നു ഹരിജനങ്ങൾക്കു തോന്നാൻ സാധിക്കണം.

46

ജനങ്ങളുടെ മജ്ജയിൽപ്പോലും കടന്നുകൂടിയ—അതും മതത്തിന്റെ പേരിൽ—അയിത്തംപോലുള്ള ഒരു തിന്മ ബലംകൊണ്ടു നീക്കംചെയ്യപ്പെടാനാവില്ല. കോൺഗ്രസ്സ് അതിന്റെ സ്ഥാനമുറപ്പിച്ചതു ബലംകൊണ്ടല്ല. അതു തികച്ചും ഒരു ജനകീയസംഘടയാണ്. അതിനാൽ കോൺഗ്രസ്സ്മന്ത്രിമാർ പൊതുജനാഭിപ്രായത്തെ പ്രബുദ്ധമാക്കുമെന്നും പുരോഗമനപരങ്ങളായ അതിന്റെ എല്ലാ നടപടികൾക്കും ജനങ്ങളുടെ പിന്തുണ നേടുമെന്നും ആശിക്കപ്പെടുന്നു; അവരുടെ സംസ്ഥാനത്തിലെ ഹരിജനപ്രവർത്തനംപോലുള്ള പരിഷ്കാരങ്ങൾക്ക് ഇതൊരു പ്രചോദനമാകും: ഇത്തരം പരിഷ്കാരങ്ങൾക്കു പ്രതിബന്ധമായി നിൽക്കുന്ന ശക്തികൾ തനിയെ തിരോഭവിക്കുകയും ചെയ്യും. മാത്രമല്ല, ഒരു ചുരുങ്ങിയ സ്ഥലത്തു നടക്കുന്ന ഊർജിതപ്രവർത്തനം വളരെ സഫലമാകാനിടയുണ്ട്. ഒരേ സമയത്ത് അവർക്ക് ഇന്ത്യയിൽ മുഴുവൻ എത്താനാവില്ല. പ്രവർത്തകർക്ക് എവിടെയെല്ലാം വേണ്ടത്ര പ്രാപ്തിയുംസ്വാധീനശക്തിയുമുണ്ടോ അവിടെ പ്രവൃത്തി അധികം വേഗത്തിൽ പുരോഗമിക്കും. ചെറിയൊരു പ്രദേശത്തു ചെയ്യുന്ന ഉറച്ച പണി മററുള്ളവരാൽ അനുകരിക്കപ്പെടുകയും അചിരേണ വിജയംപ്രാപിക്കുകയും ചെയ്യും.

## എം. അഹിന്ദുക്കളുടെ പങ്ക്

47

വൈക്കം സത്യഗ്രഹം അത്രയേറെ പൊതുജനശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതിനാലും, ഒരു ചുരുങ്ങിയ ദിക്കിൽ മാത്രം നടത്തപ്പെടുന്നതാണെങ്കിലും വളരെയേറെ പ്രശ്നങ്ങളുടെ പരിഹാരം ആവശ്യപ്പെടുന്നതിനാലും, കൂടക്കൂടെ വായനക്കാരുടെ ശ്രദ്ധയ്ക്കു അതു വിഷയമാക്കുന്നതിനു ഞാൻ ക്ഷമായാചനം ചെയ്യുന്നില്ല.

ഞാനതിനെ ഏതെങ്കിലും തരത്തിൽ അനുവദിക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ടു സുപ്രധാനങ്ങളും സുചിന്തിതങ്ങളുമായ വളരെയേറെ എഴുത്തുകൾ എനിക്കു കിട്ടീട്ടുണ്ട്. ഇത്തരം എഴുത്തുകളിലൊന്ന് എനിക്കുള്ള ശക്തി മുഴുവൻ അതു പാടേ നിർത്തിക്കളയാൻ ഉപയോഗിക്കണമെന്നുപോലും ആവശ്യപ്പെടുന്നു. ഈ എഴുത്തുകളെല്ലാം പ്രസിദ്ധീകരിക്കാൻ സാധിക്കാത്തതിൽ ഞാൻ വ്യസനിക്കുന്നു. എങ്കിലും ഈ എഴുത്തുകൾ മുഖേനയോ അല്ലാതെയോ എന്റെ ശ്രദ്ധയിൽപ്പെടുത്തിയ വാദങ്ങൾക്കെല്ലാം മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നു.

---

46. Harijan, 9–6–1946 (The Removal of Untouchability, p. 189)
47. Young India, 1–5–1924(The Removal of Untouchability,p. 120)

digitized by www .sreyas.in

ആദ്യത്തെ സംശയം ഉടനെ തീർക്കാം. നേതാവെന്നനിലയ്ക്കും ത്തിപ്പ്രകാരനെന്ന നിലയ്ക്കും മി. മേനോന്നു പകരം ശ്രീ ജോർജ്ജ് ജോസഫിനെ—ഒരു—ക്രിസ്ത്യനെ നിയമിക്കാൻ അനുവദിച്ചതിൽ ആക്ഷേപമുണ്ട്. എന്റെ അഭിപ്രായത്തിൽ ഈ ആക്ഷേപം തികച്ചും ന്യായമാണ്. 'നേതൃത്വം വഹിക്കാൻ' ശ്രീ ജോസഫ് ക്ഷണിക്കപ്പെട്ടുവെന്നും, അതേറ്റെടുക്കുവാൻ അദ്ദേഹം ഉദ്ദേശിക്കുന്നുവെന്നും, കേട്ട ഉടനെ, ഏപ്രിൽ 6—ാം തീയതി ഞാൻ അദ്ദേഹത്തിന്ന് ഇപ്രകാരമെഴുതി:

'വൈക്കത്തെ സംബന്ധിച്ച ഈ പണി ഹിന്ദുക്കൾക്കു വിട്ടുകൊടുക്കണമെന്ന് എനിക്കു തോന്നുന്നു. അവരാണ് സ്വയം ശുദ്ധീകരിക്കേണ്ടത്. നിങ്ങളുടെ സഹതാപംകൊണ്ടും തൂലികകൊണ്ടും നിങ്ങൾക്കു സഹായിക്കാം; എങ്കിലും അതു സംഘടിപ്പിച്ചുകൊണ്ട് അരുത്; സത്യഗ്രഹമനുഷ്ഠിച്ചുകൊണ്ട് തീർച്ചയായും അരുത്. കോൺഗ്രസ്സിന്റെ നാഗപ്പൂർ പ്രമേയം നോക്കിയാൽ കാണാം, അയിത്തമാകുന്ന ശാപം ദൂരീകരിക്കാൻ ഹിന്ദുമെമ്പർമാരോടാണ് അതാവശ്യപ്പെടുന്നതെന്ന്. ഈ രോഗം സിറിയൻ ക്രിസ്ത്യാനികളെയും ബാധിച്ചിട്ടുണ്ടെന്ന് മി. ആൻഡ്രൂസ് പറഞ്ഞ് അറിഞ്ഞപ്പോൾ എനിക്കാശ്ചര്യം തോന്നി.'

നിർഭാഗ്യവശാൽ ഈ എഴുത്തു കിട്ടുന്നതിന്നുമുമ്പ് ശ്രീ. മേനോൻ അറസ്റ്റുചെയ്യപ്പെടുകയും ശ്രീ. ജോർജ്ജ് ജോസഫ് അദ്ദേഹത്തിന്റെ സ്ഥാനത്തെത്തുകയും ചെയ്തുകഴിഞ്ഞിരുന്നു. എന്നാൽ, ഹിന്ദുക്കൾ അനുവദിച്ച അയിത്തത്തിന്റെ കാര്യത്തിൽ ഓരോ ഹിന്ദുവിനെയുംപോലെ അദ്ദേഹം പ്രായശ്ചിത്തം ചെയ്യേണ്ടതായിട്ടില്ല. അദ്ദേഹത്തിന്റെ ത്യാഗത്തെ ഹിന്ദുക്കൾ പൊതുവിൽ തങ്ങളുടേതായി സ്വീകരിച്ചുകൂടാ—ഉദാഹരണത്തിന്ന്, മാളവ്യജി ചെയ്ത പ്രായശ്ചിത്തം സ്വീകരിക്കപ്പെടാവുന്നതുപോലെ. അയിത്തം ഹിന്ദുക്കളുടെ പാപമാണ്. അതിന്ന് അവർ ക്ലേശം സഹിക്കണം. അവർ തങ്ങളെത്തന്നെ ശുദ്ധീകരിക്കണം. മർദിതരായ സഹോദരീസഹോദരന്മാരോടുള്ള കടപ്പാട് അവർതന്നെ വീട്ടണം. അപമാനം അവരുടേതാണ്. ഈ കൊടുംപാപത്തിൽനിന്നു മുക്തരായാൽ അതിന്റെ ശ്രേയസ്സും അവരുടേതായിരിക്കണം. ഒരൊറ്റ ഹിന്ദു, ഹിന്ദുവെന്നനിലയ്ക്ക്, നിശ്ശബ്ദമായും സ്നേഹപൂർവമായും സഹിക്കുന്ന ക്ലേശം ലക്ഷോപലക്ഷം ഹിന്ദുക്കളുടെ ഹൃദയം അലിയിക്കുവാൻ മതിയാകും. എങ്കിലും 'അയിത്തക്കാർ'ക്കുവേണ്ടി അനേകായിരം അഹിന്ദുക്കൾ സഹിക്കുന്ന ക്ലേശങ്ങൾ ഹിന്ദുക്കളിൽ യാതൊരു ഭാവഭേദവും വരുത്തുകയില്ല. പുറമെനിന്നുള്ള ഇടപെടൽകൊണ്ട്, അതെത്രതന്നെ സദുദ്ദേശ്യപൂർവവും ഉദാരവുമായാലും, അവരുടെ അന്ധദൃഷ്ടികൾ തുറക്കുകയില്ല; എന്തുകൊണ്ടെന്നാൽ, അപരാധബോധം അതവരിൽ ഉളവാക്കുകയില്ല. നേരേ

digitized by www .sreyas.in

മറിച്ച്, ഇത്തരം ഇടപെടലുണ്ടായാൽ, ഈ പാപത്തെ അവർ പൂർവ്വാധികം കെട്ടിപ്പുണരുകയേയുള്ളൂ. എല്ലാ പരിഷ്കാരങ്ങളും, ഉള്ളിൽ തട്ടിയതും നീണ്ടുനിൽക്കുന്നതുമാകണമെങ്കിൽ, ഉള്ളിൽനിന്നു വരുന്നതാവണം.

## 48

വൈക്കം സത്യഗ്രഹം അതിർകടന്നുപോകുയാണെന്നു ഞാൻ ഭയപ്പെടുന്നു. സൗജന്യഭക്ഷണം നൽകുന്ന സിക്കുകാരുടെ അടുക്കളെ പിൻവലിക്കപ്പെടുമെന്നും ആ പ്രസ്ഥാനം ഹിന്ദുക്കളുടേതു മാത്രമായിരിക്കുമെന്നും ഞാൻ ദൃഢമായി ആശിക്കുന്നു. അഹിന്ദുക്കളുടെ സഹതാപമല്ലാതെ ഇടപെടലോ സഹായമോ മലബാറിലെ ഹിന്ദുപരിഷ്കർത്താക്കൾ സ്വീകരിക്കുകയോ അവസ്ഥ് പ്രോത്സാഹനം നൽകുകയോ ചെയ്താൽ, ഹിന്ദുക്കളുടെ മുഴുവൻ സഹതാപം അവർക്കില്ലാതാകും. വൈക്കം സമരം നയിക്കുന്ന പരിഷ്കർത്താക്കൾ നിർബന്ധംകൊണ്ട് യാഥാസ്ഥിതിക സഹോദരരുടെ മനസ്സുമാററാൻ ആഗ്രഹിക്കുന്നില്ലെന്ന് എനിക്കുറപ്പുണ്ട്. എങ്ങനെയായാലും ഒരു സത്യഗ്രഹി ലംഘിക്കാൻ പാടില്ലാത്ത അതിർത്തിരേഖ അവർ മനസ്സിലാക്കണം. യാഥാസ്ഥിതികരെ ബലാധിക്യംകൊണ്ട് ഭീഷണിപ്പെടുത്തരുതെന്ന് പരിഷ്കർത്താക്കളോട് ഞാൻ ബഹുമാനപൂർവം ആവശ്യപ്പെടുന്നു. വൈക്കത്തെ തർക്കവിഷയമായ റോഡ് തുറന്നാൽ, മലബാറിൽപ്പോലും അയിത്തപ്രശ്നം പരിഹരിക്കപ്പെടുമെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. വൈക്കത്തെ വിജയം, അഹിംസാത്മകമാണെങ്കിൽ, പൗരോഹിത്യപരമായ അന്ധവിശ്വാസത്തിൻെറ കോട്ടയെ പൊതുവേ ഇളക്കുമെന്നതിനു സംശയമില്ല. എങ്കിലും ഈ പ്രശ്നം എവിടെയെല്ലാം തലപൊക്കുന്നുവോ അവിടെയെല്ലാം പ്രത്യേകം പ്രത്യേകം പരിഹരിക്കപ്പെടേണ്ടതായി വരും. ഗുജറാത്തിലെവിടെയോ ഒരു കിണർ അയിത്തക്കാരുടെ ഉപയോഗത്തിനു വിട്ടുകൊടുത്തുവെന്നതുകൊണ്ട്, ഗുജറാത്തിലെ എല്ലാ കിണറുകളും വിട്ടുകൊടുത്തുകൊള്ളണമെന്നില്ല. ക്രിസ്ത്യാനികളും മുസ്ളീങ്ങളും അകാലികളും ഹിന്ദുപരിഷ്കർത്താക്കളുടെ മററെല്ലാ അഹിന്ദുസുഹൃത്തുക്കളും ചേർന്ന് യാഥാസ്ഥിതികരുടെനേരെ പ്രകടനം നടത്തുകയും പരിഷ്കർത്താക്കൾക്ക്, ധനസഹായം നൽകുകയും, അവസാനം യാഥാസ്ഥിതികരെ ഭീഷണികൊണ്ടു കീഴടക്കുകയും ചെയ്താൽ, ഹിന്ദുമതത്തിന് അതുകൊണ്ട് എന്തു ഗുണം കിട്ടും? അതു സത്യഗ്രഹമാകുമോ? ആ കീഴടങ്ങൽ സ്വമേധയാ ചെയ്തതാകുമോ? അതു ഹിന്ദുമതപരിഷ്കരണമാകുമോ?

---

48. Young India, 8–5–1924 (The Removal of Untouchability, p. 125)

digitized by www .sreyas.in

## എൻ. മതപരിവർത്തനസമ്പ്രദായങ്ങൾ

### 1. *മതംമാററത്തിനുള്ള ആഗ്രഹം സ്വാഭാവികം*

**49**

മർദനംകൊണ്ടു പൊറുതിമുട്ടുകയാലും മററു സവർണഹിന്ദുക്കളിൽനിന്നു് എപ്പോഴെങ്കിലും സഹായം ലഭിക്കുമെന്ന ആശ നഷ്ടപ്പെടുകയാലും സാധുക്കളായ ഹരിജനങ്ങൾ ക്രിസ്തുമതത്തിൻെറ രക്ഷതേടുകയാണെങ്കിൽ. നമുക്കതിൽ ആശ്ചര്യപ്പെട്ടുകൂടാ. നമ്മുടെ ദുഃഖത്തെ തീവ്രമായ ശേഷിയാക്കി മാററാൻ കഴിഞ്ഞില്ലെങ്കിൽ, അതു തീരെ നിഷ്പ്രയോജനമാണു്. ശാരീരിക ക്ലേശത്തിൻെറ ശല്യംകൊണ്ടു ചെയ്യുന്ന മതംമാററം ആത്മീയമായ മതംമാററമല്ല. എന്നാൽ ഭൗതികജീവിതം മെച്ചപ്പെടുത്താൻവേണ്ടിയും മർദനത്തിൽനിന്നു രക്ഷകിട്ടാൻവേണ്ടിയും ഹരിജനങ്ങൾ മതംമാറുകയാണെങ്കിൽ, നാം പിറുപിറുത്തുകൂടാ.

ഈ മതംമാററത്തിൻെറ കാരണത്തെക്കുറിച്ചാണു് നാം ഖേദിക്കേണ്ടതു്. സവർണഹിന്ദുക്കളാണു കാരണമെന്നു് നമുക്കു മനസ്സിലാക്കുക, സമ്മതിക്കുക. അവർ ഈ ഉപദേശം ചെവിക്കൊള്ളുമോ? ഈ രോഗത്തിൻെറ ലഘുവായൊരു ഫലമാണു് മതംമാററം. കാരണമില്ലാതാക്കുക. എന്നാൽ മതംമാററങ്ങൾ നിലയ്ക്കും; അതിനേക്കാൾ ചീത്തയായ മററുപല ഫലങ്ങളും.

### 2. *മതപരിവർത്തനമല്ല പരിഹാരം*

**50**

'അയിത്തക്കാർക്കു്' കാണിച്ചുകൊടുത്തിട്ടുള്ള ഒരു പോംവഴി ഹിന്ദുമതം ഉപേക്ഷിച്ചു് കൂട്ടത്തോടെ ഇസ്ലാമിലോ ക്രിസ്തുമതത്തിലോ ചേരലാണു്. ലൗകിക സൗകര്യങ്ങൾക്കുവേണ്ടി ചെയ്യുന്ന മതംമാററം നീതീകരിക്കപ്പെടാവുന്നതാണെങ്കിൽ, ഞാൻ നിസ്സങ്കോചം അതു് ഉപദേശിക്കും. പക്ഷേ, മതം ഹൃദയത്തിൻെറ ഒരു കാര്യമാണു്. ശാരീരികാസൗകര്യങ്ങൾ നിമിത്തം സ്വന്തം മതം ഉപേക്ഷിക്കുന്നതു് ന്യായീകരിച്ചുകൂടാ. പഞ്ചമന്മാരോടുള്ള മനുഷ്യോചിതമല്ലാത്ത പെരുമാററം ഹിന്ദുമതത്തിൻെറ ഭാഗമായിരുന്നെങ്കിൽ, അതുപേക്ഷിക്കാൻ അവരുടെയും, മതത്തെ ഒരു കാമധേനുവായി കരുതി അതിൻെറ പുണ്യനാമത്തിൽ ചെയ്യുന്ന ഓരോ തിന്മയേയും പൊറുക്കാൻ തയ്യാറില്ലാത്ത എന്നെപ്പോലുള്ളവരുടേയും പരമധർമമായിരിക്കും. പക്ഷേ, അയിത്തം ഹിന്ദുമതത്തിൻെറ ഒരു ഭാഗമല്ലെന്നു് ഞാൻ വിശ്വസിക്കുന്നു. അതു് സർവശ്രമവും

49. Harijan, 22-3-1935 (The Removal of Untouchability, p. 136)
50. Young India, 27-10-1920 (The Removal of Untouchability, p. 135)

digitized by www .sreyas.in

ചെയ്യ് നശിപ്പിക്കപ്പെടേണ്ട ഒരിത്തിക്കണ്ണിയാണ്. ഹിന്ദുമതത്തിനു് ഈ കളങ്കമില്ലാതാക്കാൻ ഉറച്ചിറങ്ങിയ അസംഖ്യം പരിഷ്കർത്താക്കളം ഇന്നുണ്ട്. അതിനാൽ, മതംമാററം ഒരുതരത്തിലും ഒരു പോംവഴിയല്ലെന്നു് ഞാൻ വിശ്വസിക്കുന്നു

## 51

മതംമാററമെന്ന ഭീഷണി പ്രയോഗിക്കുന്നവർക്കു്, എന്റെ വിനീതാഭിപ്രായത്തിൽ, മതത്തിന്റെ അർത്ഥം അറിഞ്ഞുകൂടാ. മതം ഒരു ജീവന്മരണകാര്യമാണു്. വസ്ത്രങ്ങളും മാററുന്നപോലെ ഒരാളും മതം മാററാറില്ല. അയാളതിനെ ശ്മശാനത്തിനപ്പുറത്തേക്കും കൊണ്ടു പോകുന്നു. മറെറാരാളെ സന്തോഷിപ്പിക്കാൻവേണ്ടിയും ഒരുവൻ മതവിശ്വാസിയാകാറില്ല. അയാൾ ഒരു മതത്തിൽ വിശ്വസിക്കുന്നതു് മറിച്ചാകാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു്. കുററമുള്ള ഒരു ഭർത്താവു് തന്റെ ഭാര്യയെ മറേറതു സ്ത്രീയെക്കാളുമേറെ സ്നേഹിക്കുന്നു. അവളുടെ വഞ്ചനപോലും അയാളെ കുററില്ലാത്തവനാക്കിത്തീർക്കുകയില്ല. ആ ബന്ധം രക്തബന്ധത്തെക്കാൾ കവിഞ്ഞതാണു്. അതുപോലെതന്നെയാണു് മതത്തോടുള്ള ബന്ധവും—അതിനു വല്ല വിലയുമുണ്ടെങ്കിൽ അതു് ഹൃദയത്തിന്റെ കാര്യമാണു്. കൂടുതൽ ഉന്നതമായ ഒരു സ്ഥാനം പിടിച്ചടക്കിയ ഹിന്ദുക്കൾ ചെയ്യുന്ന ദ്രോഹത്തെ വകവയ്ക്കാതെ, സ്വന്തം ഹിന്ദുമതമനുസരിച്ചു ജീവിക്കുന്ന 'അയിത്തക്കാരൻ,' കൂടുതൽ ഔന്നത്യം അവകാശപ്പെട്ടുകൊണ്ടുതന്നെ തന്റെ ഹിന്ദുമതത്തെ നിഷേധിച്ചു ആധ്യാത്മ്യം നടിക്കുന്ന ഹിന്ദുവിനേക്കാൾ, ശ്രേഷ്ഠനായ ഹിന്ദുവാണു്. അതിനാൽ ഹിന്ദുമതം ഉപേക്ഷിക്കുമെന്നു ഭീഷണിപ്പെടുത്തുന്നവർ, എന്റെ അഭിപ്രായത്തിൽ, സ്വന്തം മതത്തെ വഞ്ചിക്കുന്നവരാണു്.

## 52

തങ്ങളുടെതന്നെ മതത്തിൽപ്പെട്ടവരെന്നു നടിക്കുന്ന മററുചിലർ തങ്ങളെ ക്ഷേത്രത്തിൽ കടക്കാൻ സമ്മതിക്കാത്തതുകൊണ്ടു്; സ്വന്തം മതം ഉപേക്ഷിക്കുമെന്നു ഭീഷണിപ്പെടുത്തുന്നവർക്കു പറയത്തക്ക മതവിശ്വാസമൊന്നുമില്ല....മതം മുഖ്യമായി വ്യക്തിപരമായ ഒരു കാര്യമാണു്. നമ്മളും നമ്മുടെ ഈശ്വരനും തമ്മിലുള്ള ഒരു കാര്യമാണതു്. അതു വിലപേശാനുള്ള ഒരു സാധനമാക്കിക്കൂടാ.

## 53

മതത്തിന്റെ സഹജമായ അപര്യാപ്തതകൊണ്ടല്ലാതെ; അതിന്റെ അനുയായികളിൽ പലരുടെയും യുക്തിരഹിതമായ പക്ഷ-

51. Young India, 4-6-1925 (The Removal of Untouchability, p. 135)

52. Harijan, 29-3-1935 (The Removal of Untouchability, p. 136)

53. Harijan, 26-10-1935 (The Removal of Untouchability, p. 137)

digitized by www .sreyas.in

പാതംകൊണ്ട്, മതം മാറുന്നതു സാധൂകരിക്കാമെങ്കിൽത്തന്നെ, ഇപ്പോഴത്തെ ചുറ്റുപാടുകളിൽ അങ്ങനെ ചെയ്യുന്നതു് ഉദ്ദിഷ്ടകാര്യത്തെ പരാജയപ്പെടുത്തുകയേയുള്ളൂ. ഡോക്ടർ അംബേദ്കരെപ്പോലുള്ള ധീരന്മാർ വിട്ടുപോകുന്നതു് ഹരിജനസംരക്ഷണത്തിനു ഹാനികരമേ ആവൂ.

## 54

'ക്രിസ്ത്യൻ ഹരിജനങ്ങൾ' എന്നതു പരസ്പരവിരുദ്ധങ്ങളായ ശബ്ദങ്ങളാകാതെ തരമില്ല. എന്തുകൊണ്ടെന്നാൽ, ഇന്ത്യയിൽനിന്ന് അകററാൻ ശ്രമിക്കുന്ന അയിത്തം ഹിന്ദുമതത്തിലെ ഒരു പ്രത്യേക ശാപമാണ് (പരിഷ്കർത്താക്കളുടെ അഭിപ്രായപ്രകാരം); അല്ലെങ്കിൽ ഒരു ഭാഗ്യമാണ് (സനാതനികളുടെ അഭിപ്രായപ്രകാരം). പക്ഷേ, ഹിന്ദുസമ്പർക്കം ക്രിസ്ത്യാനികളിലും ഈ ശാപം സംക്രമിപ്പിച്ചിരിക്കുകൊണ്ട്, അതിപ്പോൾ മലബാറിലെങ്കിലും ഹിന്ദുക്കളുടെ ഇടയിലെന്നപോലെ ക്രിസ്ത്യാനികളുടെ ഇടയിലും പ്രകടമാകാൻ തുടങ്ങിയിരിക്കുന്നു.

## 55

ഹരിജൻ പേരിനു ക്രിസ്ത്യാനിയോ, മുസ്ളീമോ, ഹിന്ദുവോ ഈയിടെയായി സിക്കുകാരനോ ആയാലും, അയാൾ ഹരിജൻ തന്നെയാണ്. ഹിന്ദുമതമെന്നു പറയപ്പെടുന്നതിൽനിന്നു കിട്ടിയ കളങ്കങ്ങൾ ഇല്ലാതാക്കാൻ അയാളെക്കൊണ്ടാവില്ല. അയാൾക്കു വേഷംമാററി, കത്തോലിക്കാ ഹരിജനെന്നോ, മുസ്ളീംഹരിജനെന്നോ, പുതുമുസ്ളീമെന്നോ, പുതുസിക്കുകാരനെന്നോ സ്വയം വിളിക്കാം. എന്നാലും ആയുഷ്കാലം മുഴുവനു അയിത്തം അയാളെ വിടില്ല. അഞ്ചിനുശേഷമുള്ള അക്കത്തെ ആറെന്നോ അരഡസനെന്നോ എന്തു വിളിച്ചാലും സംഗതി ഒന്നുതന്നെ. ഹിന്ദുമതത്തിൽനിന്നു് അയിത്തം നീക്കംചെയ്യപ്പെടുന്നതുവരെ ഹരിജനങ്ങളുടെ അശുദ്ധി നീങ്ങില്ല, അവരെന്തുപേർ സ്വീകരിച്ചാലും.

## 56

ഡോക്ടർ മോട്ടുമായി സംസാരിക്കുന്നതിനിടക്കു് ഗാന്ധിജി അദ്ദേഹത്തോടു ചോദിച്ചു: 'ഡോക്ടർ മോട്ടു്, താങ്കൾ ഒരു പശുവിനോടു സുവിശേഷം പ്രസംഗിക്കുമോ? ശരിക്കും അയിത്തക്കാരിൽ ചിലർ ബുദ്ധിയിൽ പശുക്കളെക്കാൾ മോശമാണ്. ഇസ്ലാമിന്റെയും ഹിന്ദുമതത്തിന്റെയും ക്രിസ്തുമതത്തിന്റെയും താരതമ്യേനയുള്ള ഗുണദോഷങ്ങൾ ഒരു പശുവിനു മനസ്സിലാക്കാൻ കഴിയുന്ന

---

54. Harijan, 18-3-1933 (The Removal of Untouchability, p. 151)
55. Harijan, 26-12-1936 (The Removal of Untouchability, p. 153)
56. Harijan, 19-12-1936 (The Removal of Untouchability, p. 149)

digitized by www .sreyas.in

തിലേറെ അവർക്കും കഴിയുകയില്ല. സ്വജീവിതത്തിലൂടെ മാത്രമേ നിങ്ങാംക്ക് ഉപദേശിക്കാനൊക്കൂ. പനിനീർപ്പൂവ് പറയാറില്ല: 'വരൂ, എന്നെ മണത്തുനോക്കൂ' എന്ന്.'

*3. ഡോക്ടർ അംബേദ്കറുടെ പ്രസ്താവനയെപ്പററി*

## 57

മതംമാററഭീഷണിയാകുന്ന ബോംബ് ഡോക്ടർ അംബേദ്കർ ഹിന്ദുസമുദായമദ്ധ്യത്തിൽ എറിഞ്ഞതുമുതൽ ആ നടപടിയിൽനിന്ന് അദ്ദേഹത്തെ പിൻതിരിപ്പിക്കവാൻ മത്തുപിടിച്ച ശ്രമങ്ങാം നടത്തിവരുന്നുണ്ട്. അക്ഷരജ്ഞാനമുള്ളവരും വർത്തമാനപ്പത്രങ്ങാം വായിക്കാൻ കഴിയുന്നവരുമായ ഹരിജനങ്ങളുടെ ഇടയിലും ഡോ. അംബേദ്കറുടെ പ്രസ്താവന പ്രത്യാഘാതങ്ങാം ഉളവാക്കിയിട്ടുണ്ട്. അവർ ഉദ്യോഗം, സ്കോളർഷിപ്പ് മുതലായവ ആവശ്യപ്പെട്ടുകൊണ്ട് ഹിന്ദുസ്ഥാപനങ്ങളെയും നേതാക്കന്മാരെയും സമീപിക്കാൻ തുടങ്ങിയിരിക്കുന്നു; അപേക്ഷ നിരസിക്കപ്പെട്ടാൽ മററൊരു മതം സ്വീകരിക്കാൻ ഹർജിക്കാരൻ നിർബദ്ധനാകുമെന്ന ഒരു പ്രസ്താവനയും കൂട്ടത്തിലുണ്ടാവും—മററു മതപ്രതിനിധികാം സഹായം നൽകാമെന്നു പറഞ്ഞിട്ടുള്ളതുകൊണ്ട്.

സ്വന്തം പൂർവപിതാക്കളുടെ മതത്തെക്കുറിച്ച് അല്പമെങ്കിലും താൽപര്യമുള്ളവർക്ക് ഈ ഭീഷണികാം ഒരു സൂചനയും കനത്ത ഉൽക്കണ്ഠാവിഷയവുമാണെന്നതിനു സംശയമില്ല. ഹിന്ദുമതത്തിൽ അഥവാ മറേറതു മതത്തിലും വിശ്വാസമില്ലാതായിത്തീർന്നവരുമായി ഒത്തുതീർപ്പു ചെയ്യുതുകൊണ്ട്, ഹിന്ദുമതത്തിനു ഗുണമൊന്നുമുണ്ടാകാൻപോകുന്നില്ല. മതം കച്ചവടത്തിനുള്ള ഒരു സാധനമല്ല. ഏതു മതത്തിലാണ് താൻ നിലകൊള്ളുക എന്നു തീരുമാനിക്കേണ്ടതു് ഓരോ വ്യക്തിയുടെയും പ്രത്യേക കാര്യമാണ്. അതൊരു തരത്തിലും വിലയ്ക്കുവാങ്ങാൻ പററിയതല്ല; അല്ലെങ്കിൽ സ്വന്തം രക്തംകൊണ്ടു മാത്രമേ ഒരുത്തനു വാങ്ങാനൊക്കൂ—ആത്മാവിനെ സംബന്ധിച്ച കാര്യങ്ങളിൽ ഇത്തരം വാക്ക് ഉപയോഗിക്കാമെങ്കിൽ. അതിനാൽ ഹിന്ദുമതം ഉപേക്ഷിക്കണമെന്ന് ഏതെങ്കിലും ഹരിജനന് ആഗ്രഹമുണ്ടെങ്കിൽ അപ്രകാരം ചെയ്യാൻ അയാാംക്കു പരിപൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കണം.

പരിഷ്കർത്താവ് ആത്മപരിശോധന നടത്തേണ്ടതാണ്. അയാളുടെയോ, അയാളുടെ അയൽവാസിയുടെയോ പെരുമാററമാണോ ഈ തിരിച്ചടിക്കു കാരണം? ആ പെരുമാററം അനുചിതമാണെങ്കിൽ, അനുചിതമാകാൻ വഴിയുണ്ടെങ്കിൽ, അതു മാററണം. സനാ

57. Harijan, 21-3-1936 (The Removal of Untouchability, pp. 138-139)

digitized by www .sreyas.in

തനികളെന്നു സ്വയം വിളിക്കുന്ന വളരെയേറെ ഹിന്ദുക്കളുടെ നടപടി ഇന്ത്യയിലെങ്ങുമുള്ള ഹരിജനങ്ങൾക്കു് ഏററവും വലിയ അസൗകര്യവും ക്ഷോഭവുമുണ്ടാക്കാൻ തക്ക തരത്തിലാണെന്ന വസ്തുത പരക്കെ സമ്മതിക്കപ്പെട്ട ഒന്നാണു്. കൂടുതൽ ഹരിജനങ്ങൾ ഹിന്ദുമതം വിട്ടുപോയില്ലല്ലോ എന്നതാണു് ആശ്ചര്യം. ഹിന്ദുമതത്തിന്റെ പേരിൽ ഹരിജനങ്ങളോടു് ഇത്രയൊക്കെ ക്രൂരതകൾ കാണിച്ചിട്ടും, അവർ ആ മതത്തെ പിടിച്ചുനിന്നുവെന്നതു് അവരുടെ കൂറിനും ഹിന്ദുമതത്തിന്റെ സഹജമായ സൽഗുണത്തിനും ധാരാളം തെളിവാണു്.

ഹരിജനങ്ങളുടെ ആശ്ചര്യകരമായ ഈ കൂറും നിരുപമമായ ക്ഷമയും മറേറാരോ സവർണ്ണഹിന്ദുവിനും കിട്ടുന്ന അതേ പെരുമാററം ഹരിജനങ്ങൾക്കും കിട്ടുമാറാക്കുന്നതിനു ശ്രമിക്കേണ്ടതു് ഓരോ ഹിന്ദുവിന്റെയും കടമയാക്കിത്തീർക്കുന്നു. അതിനാൽ സവർണ്ണർ ചെയ്യേണ്ടതു്, ഒന്നാമതു് ഹിന്ദുമതം വിട്ടുപോകാൻ ആഗ്രഹിക്കുന്ന ഹരിജനങ്ങളെ ഉദ്യോഗത്തിന്റെയോ സ്കോളർഷിപ്പിന്റെയോ രൂപത്തിലുള്ള കൈക്കൂലി കൊടുത്തു് ഹിന്ദുമതത്തിൽത്തന്നെ നിർത്താൻ ശ്രമിക്കാതിരിക്കുകയും, രണ്ടാമതു്, എല്ലാ ജീവിതരംഗത്തിലും ഹരിജനങ്ങളോടു തികഞ്ഞ നീതി ചെയ്യണമെന്നു നിശ്ചയിക്കുകയുമാണു്. പരിഷ്കർത്താക്കൾ ഹരിജനങ്ങളുടെ ആവശ്യങ്ങൾ കാലേക്കൂട്ടി കണ്ടറിയുകതന്നെ വേണം. അവർ പരാതി പറയാൻ തുടങ്ങുന്നതുവരെ കാത്തിരിക്കരുതു്. അയിത്തോച്ചാടനത്തിനുള്ള ഏററവും വലിയ സ്ഥാപനമാണു് ഹരിജൻസേവക്സംഘം. അർഹതയുള്ള വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പു നൽകാനുള്ള ഉദാരമായ ഒരു നയം അതു സ്വീകരിച്ചിട്ടുണ്ടു്. കഴിയുന്നത്ര ഹരിജനങ്ങൾക്കു് അതു ജോലി ഉണ്ടാക്കിക്കൊടുക്കുന്നുണ്ടു്. എങ്കിലും തൊഴിലില്ലാത്ത ഹരിജനങ്ങൾക്കു തൊഴിൽ നല്ലാനുള്ള ഒരാപ്പീസല്ല അതു്. മൊത്തത്തിൽ പറഞ്ഞാൽ അപേക്ഷിക്കുന്ന ജോലിക്കു് അർഹരാണെങ്കിൽ, ഹരിജനങ്ങൾക്കു കിട്ടാൻ ധാരാളം ജോലികളുണ്ടു്. കുടിക്കാനും കുടുംബോപയോഗത്തിനും ശുദ്ധജലം കിട്ടായ്ക, പൊതു വിദ്യാലയങ്ങളിലേക്കും മററു പൊതുസ്ഥാപനങ്ങളിലേക്കും പ്രവേശമില്ലായ്ക, ഗ്രാമങ്ങളിൽ എന്നുമുള്ള സ്വൈരക്കേടുകൾ, സർവോപരി ക്ഷേത്രാരാധനയ്ക്കു് അനുവാദമില്ലായ്ക—ഇതൊക്കെയാണു് ഹരിജനങ്ങളുടെ ഏററവും വലിയ ബുദ്ധിമുട്ടുകൾ. ഈ അവശതകൾ ഭൂരിപക്ഷം ഹരിജനങ്ങളുടെ ജീവിതത്തിൽ കടുത്ത യാഥാർത്ഥ്യങ്ങളാണു്. അവർ കൂട്ടത്തോടെ ഹിന്ദുമതം ഉപേക്ഷിക്കുന്നുവെങ്കിൽ, അതിനു കാരണം അവരെ ഹിന്ദുസമുദായത്തിലെ കുഷ്ഠരോഗികളാക്കിത്തീർത്ത സാർവത്രികമായ ഈ അവശതകളായിരിക്കും. ഹിന്ദുമതം ഒരഗ്നിപരീക്ഷയിൽക്കൂടി കടന്നുപോവുകയാണു്. അതു നശിക്കുക വ്യക്തികളുടെ മതംമാററംകൊണ്ടാവില്ല. കൂട്ടത്തോടെയുള്ള മതംമാററംകൊണ്ടുമാവില്ല, സവർണ്ണഹിന്ദുക്കളെന്നു വിളിക്ക

digitized by www .sreyas.in

പ്പെടുന്നവർ ഹരിജനങ്ങളുടെ പ്രാഥമികാവകാശങ്ങളെ പാപകരമായ നിലയിൽ നിഷേധിക്കുന്നതുകൊണ്ടാണു് അതു നശിക്കുക. തന്നിമിത്തം സവർണർ തക്ക സമയത്തു് ഉണർന്നില്ലെങ്കിൽ, സമയം തെററിപ്പോയേക്കാമെന്ന ഒരു താക്കീതാണു്, മതം മാറുന്നതിനെക്കുറിച്ചുള്ള ഓരോ ഭീഷണിയും.

ക്ഷമകെട്ടവരും പാവങ്ങളുമായ ഹരിജനങ്ങളോടു് ഒരു വാക്കു്. സഹായത്തിനുവേണ്ടി ഹിന്ദുവ്യക്തികളെയോ ഹിന്ദുസ്ഥാപനങ്ങളെയോ സമീപിക്കുമ്പോൾ അവർ ഭീഷണി പ്രയോഗിക്കരുതു്; ശ്രദ്ധാർഹമായ തങ്ങളുടെ കാര്യത്തിന്റെ ബലത്തെത്തന്നെ അവർ ആശ്രയിക്കണം. മതംമാറലെന്നുവച്ചാൽ എന്താണർത്ഥമെന്നു് ഭൂരിപക്ഷം ഹരിജനങ്ങൾക്കും അറിഞ്ഞുകൂടാ. അനുസ്യൂതമായ ഏതൊരധോഗതിയിലേക്കാണോ സ്വാർത്ഥപ്രേരിതരായ സവർണർ അവരെ തള്ളിവിട്ടതു് അതിൽ കിടന്നു ക്ലേശിക്കുകയാണവർ. അവർ പരാതി പറഞ്ഞാലും ഇല്ലെങ്കിലും, അവരായിരിക്കണം ഹിന്ദുപരിഷ്കർത്താക്കളുടെ ഒന്നാമത്തെ ശ്രദ്ധാവിഷയം. ഈ അധോഗതിയെപ്പററി അറിയാനും അതിൽ വേദന തോന്നാനും മതം മാറൽ എന്നുവച്ചാൽ എന്താണെന്നുകൂടി ധരിക്കുവാനും തക്കവണ്ണം പ്രബുദ്ധരായവർ, ഒന്നുകിൽ തങ്ങളുടെ പുരാതനമായ വിശ്വാസം കൈവെടിഞ്ഞു് ആവശ്യമുള്ള എല്ലാ സഹായത്തിനും അർഹരായിത്തീരാൻ മുതിരാത്തവണ്ണം അത്ര നല്ല ഹിന്ദുക്കളാണു്; അല്ലെങ്കിൽ മതത്തെക്കുറിച്ചു് ഉദാസീനരാകകൊണ്ടു്, ഹിന്ദുസമുദായത്തിൽത്തന്നെ നില്ക്കുന്നതിനു പ്രതിഫലമായി സവർണർ കനിഞ്ഞു നല്കുന്ന സഹായം അവകാശപ്പെടാത്തവരാണു്, അതിനാൽ പ്രബുദ്ധരായ ഹരിജനങ്ങളോടു് അവരുടെതന്നെ ഗുണത്തിനായി ഞാൻ പറയുന്നു, മതം മാറുമെന്ന ഭീഷണികൊണ്ടു് ഭൗതികാഭിവൃദ്ധി നേടാൻ ശ്രമിക്കരുതെന്നു്. പരിഷ്കർത്താക്കൾ ഒരു കാരണവശാലും ഭീഷണിക്കു വഴങ്ങാൻ പാടില്ലെങ്കിലും, അവർ സവർണഹിന്ദുക്കളിൽനിന്നു ഹരിജനങ്ങൾക്കു നീതി ലഭിക്കാൻവേണ്ടി അനവരതം പ്രയത്നിക്കേണ്ടതാണു്.

## 58

ഡോക്ടർ അംബേദ്കർ, തനിക്കു് അങ്ങനെ ചെയ്യാൻ എല്ലാ അവകാശവുമുള്ളതുകൊണ്ടു് സവർണഹിന്ദുക്കളെ ചമ്മട്ടികൊണ്ടടിക്കുവാൻ ആഗ്രഹിക്കുന്നു; പക്ഷേ അവരതിൽ സഹകരിക്കണമെന്നു് അദ്ദേഹം പ്രതീക്ഷിക്കരുതു്. അരിശംകൊള്ളാൻ അദ്ദേഹത്തിനു് എല്ലാ അവകാശവുമുണ്ടു്, എങ്കിലും നൂററാണ്ടുകൾ പഴക്കംചെന്ന പക്ഷപാതങ്ങളും അന്ധവിശ്വാസങ്ങളും ഒരു നിമിഷംകൊണ്ടു്

58. Harijan, 22–8–1936 (The Removal of Untouchability, pp. 140–141)

digitized by www .sreyas.in

നശിക്കുകയില്ല. അയിത്തോച്ചാടനപ്രസ്ഥാനത്തിന്റെ സന്ദേശം സവർണരെ ഗ്രഹിപ്പിക്കുവാൻ മനുഷ്യസാധ്യമായ എല്ലാ ശ്രമവും ചെയ്തിട്ടുണ്ടെന്നും ചെയ്തുപോരുന്നുണ്ടെന്നും ഉള്ള വസ്തുത ഈ പരിഷ്കാരപ്രസ്ഥാനത്തെപ്പററിപ്പഠിക്കാൻ മെനക്കെട്ടിട്ടുള്ളവരാരുംതന്നെ നിഷേധിക്കുകയില്ല. ഡോ. അംബേദ്കരുടെ നിർദേശം സ്വീകരിക്കപ്പെട്ടാൽ, ഈ പരിഷ്കാരപ്രസ്ഥാനത്തിന് ഒരിടിവു സംഭവിക്കും; തത്ഫലമായി അവസാനം അതു നാമാവശേഷമായെന്നുംവരാം. എന്തുകൊണ്ടെന്നാൽ, നിയമപ്രകാരമെങ്കിലും ഒരു വെറും കടലാസുകഷണംകൊണ്ടു് ഹരിജനങ്ങളെ ഹിന്ദുസമുദായത്തിൽനിന്നു മറെറാന്നിലേക്കു മാററംചെയ്യാനുള്ളതാണ് ആ നിർദേശം; ആ മറെറാന്നിന്റെ പേർ എന്തുതന്നെയായാലും, സഹോദരഹത്യയെന്നാണ് ഇതിനു പേർ. ഹരിജനങ്ങൾതന്നെ പരസ്പരം എതിർക്കുന്ന രണ്ടു വിഭാഗങ്ങളായി കൊത്തിമുറിക്കപ്പെട്ടും; ഒത്തുതീർപ്പിലെ നിശ്ചയങ്ങളനുസരിച്ച് അവ രണ്ടും ഹരിജനങ്ങളായി പരിഗണിക്കപ്പെട്ടുമെങ്കിൽ, അവരുടെ അന്നത്തെ സ്ഥിതി ഇന്നത്തേതിനെക്കാൾ മോശമാകും; ഇത്തരം ഒരാപത്തു് സംഭവിക്കുകയാണെങ്കിൽ, ഹതഭാഗ്യയായ ഇന്ത്യയുടെ ദുർദശയുമാകുമതു്.

ഹരിജനങ്ങളുടെ മതസ്വാതന്ത്ര്യം ഇങ്ങനെ തുലച്ചുകളയുവാൻ നേതാക്കളായി സ്വയം ചമയുന്ന നമുക്കെന്തധികാരം? എത്രതന്നെ ബുദ്ധിയില്ലാത്തവനും വങ്കനുമായാലും, ഓരോ ഹരിജനുമില്ലേ അധികാരം, തന്റെ ഇഷ്ടംപോലെ ചെയ്യാൻ? ഡോക്ടർ അംബേദ്കരും മററു മതത്തിലേക്കു മാറിപ്പോകാൻ ആഗ്രഹിക്കുന്നവരും അങ്ങനെ ചെയ്യുന്നതു് ഒരു കാര്യം; ഭൂരിപക്ഷം ഹരിജനങ്ങൾക്കു് ഇത്തരം മാററമാകാമെന്നു കരുതുകയും അതിനെ അടിസ്ഥാനമാക്കി നിയമപരവും മററുമായ ദൂരവ്യാപകമായ ഭവിഷ്യത്തുകൾക്കു് ഇടവരുത്തുകയും ചെയ്യുന്ന രാഷ്ട്രീയകക്ഷികൾ മുതലായവയെ സംബന്ധിച്ചാകട്ടെ, അതു പാടെ ഭിന്നമായ മറെറാരു കാര്യം. ഇന്ത്യയിലെ വിവിധ മതങ്ങളുടെ നേതാക്കന്മാർ ഹരിജനങ്ങളെ തങ്ങളുടെ കൂട്ടത്തിലേക്കു വശീകരിക്കുന്ന കാര്യത്തിൽ മത്സരിക്കാതിരിക്കുമെങ്കിൽ, ഭാഗ്യവിഹീനമായ ഈ രാജ്യത്തിനു് അതു ശ്രേയസ്സാണു്. ഈ മത്സരത്തിൽ ഏർപ്പെട്ടവർ മതത്തിനു നന്മയല്ല ചെയ്യുന്നതെന്നു എനിക്കു ഉറച്ച വിശ്വാസമുണ്ടു്. രാഷ്ട്രതന്ത്രത്തെയും അർത്ഥശാസ്ത്രത്തെയും ആസ്പദമാക്കി ഈ കാര്യത്തെ വീക്ഷിക്കുകയാൽ അവർ മതത്തിന്റെ വില കെടുത്തുകയാണു്; നേരേമറിച്ചു്, അവർ ചെയ്യേണ്ടതു് രാഷ്ട്രതന്ത്രത്തിനും മറെറല്ലാററിനും മതത്തെ അടിസ്ഥാനമാക്കി വിലയിരുത്തുകയാണു്. മതം പ്രതിപാദിക്കുന്നതു് ആത്മാവിന്റെ ശാസ്ത്രമാണു്. ലോകത്തിലെ മററു ശക്തികൾ മഹനീയങ്ങളാണെങ്കിലും, ഈശ്വരൻ എന്നൊന്നുണ്ടെങ്കിൽ ആത്മശക്തിയാണു് എല്ലാററിലുംവച്ചു മഹിമയേറിയതു്. ശക്തി എത്രയേറെ മഹത്തരമാണോ, അത്രയേറെ അതു സൂക്ഷ്മതരമായിരിക്കു

മെന്നു നമുക്കറിയാം. സൂക്ഷ്മതരങ്ങളായ ഭൗതികശക്തികളിൽ ഇതുവരെ മികച്ചുനിന്നതു വിദ്യുച്ഛക്തിയാണ്. എങ്കിലും ആരും ഇതു വരെ അതു കണ്ടിട്ടില്ല—അതിന്റെ ആശ്ചര്യകരമായ ഫലങ്ങളിലൂടെയല്ലാതെ. വിദ്യുച്ഛക്തിയെക്കാൾ സൂക്ഷ്മതരമായ മറെറാരു ശക്തിയെപ്പററി പ്രസ്താവിക്കാൻ ശാസ്ത്രീയാനുമാനം ധൈര്യപ്പെട്ടിരിക്കുന്നു. എങ്കിലും ആത്മാവിന്റെ ശക്തിയെപ്പററിയോ ആത്മീയ ശക്തിയെപ്പററിയോ വ്യക്തമായി എന്തെങ്കിലും മനസ്സിലാക്കുവാൻ മനുഷ്യൻ ഇന്നുവരെയുണ്ടാക്കിയ ഒരു ഉപകരണത്തിനും സാധിച്ചിട്ടില്ല. ആശക്തിയെയാണു മതപരിഷ്കർത്താക്കൾ ഇന്നുവരെ ആശ്രയിച്ചുപോന്നിട്ടുള്ളതു്—ഒരിക്കലും പ്രതീക്ഷ നിഷ്ഫലമാകാതെ. ആ ശക്തിയാണ് അവസാനം ഹരിജനങ്ങളുടെയും മറെറല്ലാവരുടെയും ക്ഷേമം കൈവരുത്തുക; അതുതന്നെയാണ്, എത്രതന്നെ മുന്തിയ ബുദ്ധിശക്തിയുള്ളവന്റെയും കണക്കുകൂട്ടലുകളെ തകിടം മറിക്കുക. ഹിന്ദുമതത്തിലെ അയിത്തവ്യാധി മാററുകയെന്ന കർത്തവ്യാനുഷ്ഠാനത്തിനിറങ്ങിയ പരിഷ്കർത്താവ് എല്ലാററിലും ആ ശക്തിയെ, മറെറാന്നിനെയുമല്ല, ആശ്രയിക്കണം.

### 4. *ക്രിസ്ത്യൻ മതപ്രചരണസംഘടനയുടെ മനോഭാവം*

59

അധികം നല്ല പെരുമാററം, വിശേഷിച്ച് സവർണർ ചെയ്യിക്കുന്ന നിർബന്ധസേവനത്തിൽനിന്നുള്ള മോചനം, വാഗ്ദാനം ചെയ്തു ഹരിജനങ്ങളെ ഹിന്ദുമതത്തിൽനിന്ന് അകററിക്കൊണ്ടു പോകാൻ ശ്രമിക്കുന്ന ക്രിസ്ത്യൻ മിഷനുകളിലേക്കു കൂറു മാറുമെന്ന ചില ഗ്രാമങ്ങളിലെ ചില ഹരിജനങ്ങളുടെ ഭീഷണിക്കു പത്രങ്ങൾ പ്രസിദ്ധീകരണം നൽകിയിരിക്കുന്നു. ഹിന്ദുമിഷന്റെയും ഹരിജൻസേവാസംഘത്തിന്റെയും പ്രതിനിധികൾ പരാതിക്കാരായ ഹരിജനങ്ങളെക്കണ്ടു്, സവർണഹിന്ദുക്കളെക്കൊണ്ടു് അവർക്കു നല്ല പെരുമാററം നൽകാമെന്നു വാഗ്ദാനം ചെയ്യിച്ചുവെന്നു തോന്നുന്നു. ആ കൊടുങ്കാററു തൽക്കാലം ശമിച്ചിരിക്കുന്നു. ഹരിജനങ്ങൾ അവരുടെ കൂട്ടത്തിലേക്കു ചെന്നെങ്കിൽ പ്രസ്തുത മിഷനുകൾക്കു എന്തു ലാഭമാണുണ്ടാവുകയെന്നും, യഥാർത്ഥത്തിൽ മതംമാറിയവരായി ആ ഹരിജനങ്ങളെ എത്രമാത്രം കരുതാമെന്നും എനിക്കറിഞ്ഞുകൂടാ. ഇതെനിക്കറിയാം: ഈ മതമാററശ്രമങ്ങൾ സമുദായത്തിനു ധർമച്യുതി വരുത്തും, ശങ്കയും വിദ്വേഷവും ഉളവാക്കും, സമുദായത്തിന്റെ സർവതോന്മുഖമായ പുരോഗതിക്കു വിളംബമുണ്ടാക്കും. അധികം നല്ല പെരുമാററത്തിനു കൊടുക്കുന്ന വിലയായി ഈ മതപരിവർത്തനാഭാസം ആവശ്യപ്പെടുന്നതിനുപകരം ക്രിസ്ത്യൻ മിഷനുകൾ ഹരിജനങ്ങളുടെ ക്ലേശഭാരം കുറയ്ക്കാനുള്ള ശ്രമത്തിൽ

59. Harijan, 1–5–1937 (The Removal of Untouchability, p. 162)

digitized by www .sreyas.in

ഹരിജൻസേവക്സംഘത്തോട് സഹകരിച്ചിരുന്നെങ്കിൽ, അവരുടെ സഹായം സ്വാഗതംചെയ്യപ്പെടും, സമുദായാഭ്യുദയം ത്വരിതമാകയും ചെയ്യും.

60

ഹരിജൻസേവകരുടെ യോഗത്തിൽവച്ചു ഗാന്ധിജിയോട് ചോദിച്ച അടുത്ത ചോദ്യം, കുട്ടികളെ അവസാനം മതംമാററം ചെയ്യിക്കാൻവേണ്ടി മിഷനറിമാർ അവർക്കു പുസ്തകം, ഫീസ് മുതലായവയുടെ രൂപത്തിൽ പ്രലോഭനങ്ങൾ പ്രയോഗിക്കുന്നതിനെപ്പററിയായിരുന്നു. ഇവയെ എങ്ങനെയാണു നേരിടേണ്ടതു്? ഗാന്ധിജി മറുപടി പറഞ്ഞു:

'ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുവാനും ക്രിസ്തുമതം സ്വീകരിപ്പാൻ ക്രിസ്ത്യരല്ലാത്തവരെക്ഷണിക്കുവാനും മിഷനറിമാക്കു തീർച്ചയായും അവകാശമുണ്ടു്. എങ്കിലും മതംമാററാൻവേണ്ടി ഭൗതികനന്മകളും ആകർഷണങ്ങളും ഉപയോഗിക്കുന്നതിന്റെ കള്ളി നിർബാധം പുറത്താക്കുകയും ഈ പ്രലോഭനങ്ങളെ ചെറുക്കാൻ ഹരിജനങ്ങളെ പഠിപ്പിക്കുകയും വേണം.'

61

കഴിഞ്ഞ ഒക്ടോബർ 9—ാം തീയതിയോടുകൂടി ഭിന്നവിഭാഗക്കാരായ ക്രിസ്ത്യാനികളുടെ ഒരു സമ്മേളനം ലണ്ടനിൽവച്ചു കൂടുകയുണ്ടായി. ദിവ്യശ്രീ കാൻറർബറി ആർച്ചുബിഷപ്പ് അദ്ധ്യക്ഷത വഹിച്ചു. ആ സമ്മേളനത്തിന്റെ റിപ്പോർട്ടു് 'ചർച്ച്ടൈംസ്'ൽ ഒക്ടോബർ 16—ാം തീയതി പ്രസിദ്ധീകരിച്ചതിൽ താഴെ ചേർക്കുന്നതും കാണുന്നു:

'അമേരിക്കയിലെ മെത്തോഡിസ്റ്റ് എപ്പിസ്കോപ്പൽ ചർച്ചിലെ ഒരു ബിഷപ്പായ ഡോക്ടർ ജെ. ഡബ്ലിയു. പിക്കററാണു് താനെന്നു സൂചിപ്പിക്കുവാൻ ഒരു കഷണം കരിംചുവപ്പു വസ്ത്രംപോലും ഇല്ലാതെ ഒരു സാധാരണക്കാരനെപ്പോലെ വസ്ത്രധാരണം ചെയ്ത, ആളായിരുന്നു അടുത്ത പ്രസംഗകൻ. ഡോക്ടർ പിക്കററ് കുറച്ചുകാലമായി ഇന്ത്യയിൽത്തന്നെ താമസിച്ചു് അവിടത്തെ ജനകീയ പ്രസ്ഥാനങ്ങളെക്കുറിച്ചു പഠിക്കുകയായിരുന്നു. ക്രിസ്ത്യൻ ജനകീയപ്രസ്ഥാനങ്ങളെ താൻ നിരീക്ഷിച്ചതിന്റെ ഫലങ്ങൾ അദ്ദേഹം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. സ്തുത്യർഹവും വിലപ്പെട്ടതുമായ ഒരു ഗ്രന്ഥം എന്നാണു് അതിനെപ്പററി കാൻറർ

60. Harijan, 1-2-1942 (The Removal of Untouchability, p. 163)
61. Harijan, 19-12-1936 (The Removal of Untouchability, pp. 144-145)

digitized by www.sreyas.in

ബറി ആർച്ച് ബിഷപ്പ് പറഞ്ഞിരിക്കുന്നതു്. ആ പ്രസ്ഥാനത്തിൻെറ ആത്മീയപ്രാധാന്യത്തെപ്പററി ഡോക്ടർ പിക്കററിനു വലിയ മതിപ്പാണുള്ളതു്. ഇന്ത്യയിലെ നാൽപ്പത്തിയഞ്ചുലക്ഷം അധഃകൃതർ നമ്മുടെ കർത്താവിൻെറ അനുയായികളായിത്തീർന്നിരിക്കുന്നുവെന്നും, അവർ സ്വജീവിതത്തിൽ അദ്ദേഹത്തിനായി വഹിക്കുന്ന സാക്ഷ്യം ഇന്ത്യയിലെ ജനതതിയെ അത്ഭുതഭരിതരാക്കിയിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. മതപരമായ വികാരങ്ങൾ ഉൾക്കൊള്ളാൻ കഴിവില്ലാത്തവരെന്നു് ആരെപ്പററി ബ്രാഹ്മണർ ഒരുകാലത്തു വിചാരിച്ചുവോ, ആർക്കു് അവർ ഹിന്ദുക്ഷേത്രങ്ങളിൽ പ്രവേശാവകാശം നിഷേധിച്ചുവോ, ആ ജനങ്ങളുടെ സ്വഭാവവും ജീവിതവും മാററാൻ ക്രിസ്തുമതത്തിനുള്ള ശക്തി ആ ബ്രാഹ്മണർപോലും—മനസ്സില്ലാമനസ്സോടെയാണെങ്കിലും— സമ്മതിച്ചിരിക്കുന്നു. ഇത്തരം ആളുകളാണു് ഇപ്പോൾ പാശ്ചാത്യരാജ്യങ്ങളിലെ ക്രിസ്ത്യാനികൾക്കുപോലും ദുഷ്കരമായ രീതിയിൽ പള്ളിയിൽ വരാനും ആരാധിക്കാനും തുടങ്ങിയിട്ടുള്ളതെന്നു ഡോക്ടർ പിക്കററു് പറഞ്ഞു. ഇപ്പോൾ ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നവരായ ഒമ്പതുലക്ഷം ആളുകളുള്ള തെലുങ്ക്പ്രദേശത്തിൻെറ മാതൃക അദ്ദേഹം എടുത്തുപറഞ്ഞു. 1026 ഗ്രാമങ്ങളിൽ 1002–ം ദിവസേന വൈകുന്നേരം ഈശ്വരാരാധന നടത്തുന്നുണ്ടു്, ഇരുനൂറിലധികം ഗ്രാമങ്ങൾ, ഇതിനുപുറമെ രാവിലെയും ആരാധന നടത്തുന്നു. അവരിൽ വളരെയധികം പേർ ഈശ്വരസാത്മ്യബോധത്തെപ്പററിയും തങ്ങളുടെ ജീവിതത്തിലേക്കു് ഈശ്വരൻ വന്നുവെന്ന വിശ്വാസത്തെപ്പററിയും പറഞ്ഞുകേട്ടപ്പോൾ, മതയാഥാർത്ഥ്യത്തിൻെറ ലക്ഷണമെന്നനിലയിൽ അതു ഡോക്ടർ പിക്കററിനെ തികച്ചും സംതൃപ്തനാക്കുന്നതായിത്തോന്നി. അവരുടെ ഹിന്ദു അയൽവാസികൾപോലും സമ്മതിച്ചു, യേശുക്രിസ്തുവിൻെറ മതം അവരുടെ ശരീരത്തിൻെറയും ഗൃഹത്തിൻെറയും ശുചിത്വം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അവരെ കൂടുതൽ വിശ്വാസയോഗ്യരാക്കിത്തീർത്തിട്ടുണ്ടെന്നും. അയിത്തക്കാരുടെ ഇടയിൽ ഈ രൂപാന്തരം സംഭവിച്ച ദിക്കിൽ ഉയർന്നജാതി ഹിന്ദുക്കൾപോലും ഡസൻകണക്കിലും ശതക്കണക്കിലും പള്ളിയിലേക്കു വരുന്നുണ്ടെന്നതാണു് ഇതിനേക്കാളും വമ്പിച്ച നേട്ടം. 'ഇതൊരത്ഭുതമാണു്,' അദ്ദേഹം പ്രസ്താവിച്ചു, 'ക്രിസ്ത്യൻ ചരിത്രത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നു്.''

ഇത്ര കുറച്ചു വാക്കുകൊണ്ടു് ഇത്രയേറെ അതിശയോക്തി പ്രയോഗിക്കുന്നതു് അപൂർവമായിട്ടേ ഞാൻ കണ്ടിട്ടുള്ളൂ. ഇന്ത്യയിലെ സ്ഥിതികൾ അറിയാത്ത വായനക്കാരൻ നിശ്ചയിക്കും, ഡോക്ടർ അംബേദ്കരുടെ നേതൃത്വത്തിലുള്ള പ്രസ്ഥാനത്തിൻെറ ഫലമാണു ഈ മതംമാററം മുഴുക്കെയെന്നു്. ഡോക്ടർ പിക്കററു് അങ്ങനെ പറഞ്ഞിരിക്കാനിടയില്ലെന്നു് എനിക്കു വിശ്വാസമുണ്ടു്. പരശ്ശതം

digitized by www .sreyas.in

കൊല്ലങ്ങൾക്കുമുമ്പ് ഇന്ത്യയിൽ ഒന്നാമത്തെ പള്ളി സ്ഥാപിച്ചതുമുതൽ ഇന്നുവരെയുള്ള കണക്കുകൾ അദ്ദേഹത്തിന്റെ മനസ്സിലുണ്ട്. എങ്കിലും ആ ബിഷപ്പ് ഉന്നയിച്ച വിപുലമായ വാദത്തിനും ഈ കണക്കുകൾക്കും തമ്മിൽ ബന്ധമൊന്നുമില്ല. 'നാൽപ്പത്തിയഞ്ചുലക്ഷം അധഃകൃതരുടെ' ജീവിതത്തിൽ വരുന്ന രൂപാന്തരം കണ്ട് 'അത്ഭുതപരതന്ത്രരായിത്തീർന്ന ജനതതി' എവിടെ ഇന്ത്യയിൽ? അഞ്ചുപത്തു തവണയിലധികം ഇന്ത്യയിൽ സർവത്ര സഞ്ചരിച്ച ഒരുവനാണു ഞാൻ, ആ ജനതതിയിൽപ്പെട്ട ഒരുവൻതന്നെ; ഡോക്ടർ പിക്കററ് വർണിച്ച തോതിൽ യാതൊരു രൂപാന്തരവും ഞാൻ കണ്ടിട്ടില്ല, അടുത്തകാലത്തെങ്ങുമില്ല തീർച്ച. ഇന്ത്യൻ ക്രിസ്ത്യാനികളുടെ സമ്മേളനങ്ങളിൽ പ്രസംഗിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്; അവർ അവരുടെ സഹോദരരേക്കാൾ മെച്ചപ്പെട്ടവരായി എനിക്കു തോന്നിയിട്ടില്ല. പേരിനു മതം മാറിയെങ്കിലും സമുദായത്തിലെ സ്ഥിതിയെ സംബന്ധിച്ചിടത്തോളം അയിത്തം പിന്നെയും തുടരുകയാണ്. ഞാൻ മൊത്തത്തിലാണു പറയുന്നത്, വ്യക്തികളെക്കുറിച്ചല്ല എന്നു പറയേണ്ടതില്ലല്ലോ. 'മതപരമായ വികാരങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്തവരെന്ന് ആരെപ്പററി ബ്രാഹ്മണർ ഒരുകാലത്തു വിചാരിച്ചുവോ....അവരുടെ സ്വഭാവവും ജീവിതവും മാററാൻ ക്രിസ്തുമതത്തിനുള്ള ശക്തി സമ്മതിക്കുന്ന' ബ്രാഹ്മണർ ആരാണെന്നു് അറിഞ്ഞാൽ കൊള്ളാം. സവർണഹിന്ദുക്കളാൽ അവഗണിക്കപ്പെട്ടവരായിരുന്ന ഹരിജനങ്ങളുടെ ജീവിതത്തിലും മനോഭാവത്തിലും മൗലികമായ പരിവർത്തനമുളവാക്കാൻ ഈ പരിഷ്കരണപ്രസ്ഥാന*ത്തിനുള്ള ശക്തിക്കു സാക്ഷ്യംവഹിക്കുന്ന വളരെ ബ്രാഹ്മണരെ കാണിച്ചുകൊടുക്കാൻ എനിക്കു കഴിയും; അതുകൊണ്ടു വല്ല പ്രയോജനവുമുണ്ടെങ്കിൽ.

## V

## എല്ലാ രംഗങ്ങളിലും സമത്വം പ്രാപിക്കൽ

### എ. പേരിന്റെ കളങ്കം

1

'അയിത്തക്കാർക്കു'വേണ്ടി ഉപയോഗിച്ചുവരുന്ന അന്ത്യജൻ എന്ന വാക്കിനുപകരം 'ഹരിജൻ' എന്ന വാക്കു് ഉപയോഗിച്ചാൽ

* കോൺഗ്രസ്സിന്റെയും മററും ഹരിജനോദ്ധാരണപ്രവർത്തനമാണ് ഇവിടെ സൂചിപ്പിക്കുന്നതു്.

1. Young India, 6-8-1931 (The Removal of Untouchability, p. 16)

digitized by www .sreyas.in

തരക്കേടില്ലെന്നു് ഈയിടെ ഒരു സ്നേഹിതൻ എന്നോടു് അഭിപ്രായപ്പെടുകയുണ്ടായി. നാഗർ ബ്രാഹ്മണസമുദായത്തിൽ പിറന്നവനെങ്കിലും, 'അയിത്തക്കാ'രെ സ്വജനമായി കരുതി സ്വസമുദായത്തെ മുഴുവൻ ധിക്കരിച്ച മഹർഷി നരസിംഹമേത്ത ഉപയോഗിച്ച ഒരു വാക്കായിരുന്നു അതു്. ഇത്തരമൊരു മഹർഷി ഉപയോഗിച്ചതുകൊണ്ടു പാവനമായിത്തീർന്ന ആ വാക്കു സ്വീകരിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടു്. പക്ഷേ, ആ വാക്കിനു നിങ്ങൾ വിചാരിക്കുന്നില്ലും അഗാധമായ ഒരർത്ഥം എന്നെ സംബന്ധിച്ചിടത്തോളമുണ്ടു്. നമ്മളോടു താരതമ്യപ്പെടുത്തുമ്പോൾ അയിത്തക്കാരൻ എന്റെ ദൃഷ്ടിയിൽ യഥാർത്ഥത്തിൽ 'ഹരിജൻ'—ഈശ്വരന്റെ മനുഷ്യൻ—തന്നെയാണു്; നാം ദുർജനവും. എന്തുകൊണ്ടെന്നാൽ, നാം സുഖത്തിലും ശുചിത്വത്തിലും കഴിയാൻവേണ്ടി 'അയിത്തക്കാരൻ' അദ്ധ്വാനിക്കുകയും പാടുപെടുകയും ചെയ്തപ്പോൾ നാം ചെയ്തതു് അവനെ മർദിക്കുന്നതിൽ രസംകൊള്ളുകയാണു്. ഈ അയിത്തക്കാർക്കുണ്ടെന്നു നാം പറയുന്ന തെറ്റുകൾക്കും കുറ്റങ്ങൾക്കും നാംതന്നെയാണു് ഉത്തരവാദികൾ. നമുക്കു് ഇപ്പോഴും ഹരിജനമായിത്തീരാവുന്നതാണു്; പക്ഷേ, നാം അവരോടു ചെയ്ത പാപത്തിനു ഹൃദയപൂർവം പശ്ചാത്തപിച്ചാലേ അതു സാധിക്കൂ.

2

ഹരിജൻ എന്നതിനു് 'ഈശ്വരന്റെ ആൾ' എന്നാണർത്ഥം. സുഹൃത്തുക്കളില്ലാത്തവന്റെ സുഹൃത്തു്, നിസ്സഹായന്റെ സഹായം, നിർബലന്റെ രക്ഷിതാവു് എന്നൊക്കെയാണു ലോകത്തിലെ എല്ലാ മതങ്ങളും മുഖ്യമായി ഈശ്വരനെ വിശേഷിപ്പിച്ചിരിക്കുന്നതു്. ലോകത്തിലെ മറ്റു ഭാഗങ്ങളിലെ സ്ഥിതി എന്തുമാകട്ടെ, അയിത്തക്കാരനായി കരുതപ്പെടുന്ന നാന്നൂറുലക്ഷം ഹിന്ദുക്കളെക്കാൾ ബന്ധുരഹിതരും നിസ്സഹായരും നിർബലരുമായി മറ്റാരാണുള്ളതു്? അതിനാൽ, ആരെയെങ്കിലും ശരിക്കു് ഈശ്വരന്റെ ആൾ എന്നു വിളിക്കാമെങ്കിൽ അതു നിസ്സഹായരും ബന്ധുരഹിതരും നിന്ദിതരുമായ ഇവരെയാണു്. അതുകൊണ്ടാണു ഞാൻ എന്നും 'നവജീവ'നിൽ അയിത്തക്കാരെക്കുറിക്കാൻ ഹരിജൻ എന്ന വാക്കു് ഉപയോഗിച്ചുപോന്നിട്ടുള്ളതു്. പേർ മാറിയതുകൊണ്ടു സ്ഥിതിയിൽ എന്തെങ്കിലും മാറ്റം വരുമെന്നുള്ളതുകൊണ്ടല്ല; ശകാരപ്പേരു് ഉപയോഗിക്കുന്നതെങ്കിലും കൂടാതെ കഴിക്കാമല്ലോ.

3

ഹരിജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന ഒരാൾ അയച്ച

2. Harijan, 11–2–1933 (The Removal of Untouchability, p. 17)
3. Harijan, 31–10-1936 (The Removal of Untouchability, pp. 142–143)

digitized by www .sreyas.in

നീണ്ട ഒരെഴുത്തിൽനിന്നു താഴെ ചേർത്ത ഖണ്ഡിക ഞാൻ ഉദ്ധരിക്കുന്നു:

'അഭ്യസ്തവിദ്യരായ ഹരിജനങ്ങൾക്കു തങ്ങളെ ഹിന്ദുക്കളെന്നു വിളിക്കാൻ വലിയ വൈമനസ്യമുള്ളതായി കാണുന്നു. എന്തുകൊണ്ടെന്നാൽ തങ്ങൾ ഹിന്ദുക്കളാണെന്നു പറഞ്ഞാൽ തങ്ങളുടെ ജാതിയും പറയണം; അപ്പോഴുണ്ടാകുന്ന അധമബോധം അരോചകമാണ്. ഹിന്ദുക്കളെന്നു പറഞ്ഞു് അപമാനം സഹിക്കുകയേക്കാൾ ക്രിസ്ത്യാനികളാണെന്നു പറയാനാണ് അവർക്കിഷ്ടം.'

'അയിത്തക്കാരെ'ന്നു് ഒരു ജാതിയില്ല. അതിനാൽ താൻ അയിത്തക്കാരനാണെന്നു് ഒരയിത്തക്കാരൻ പറഞ്ഞുകൊള്ളണമെന്നില്ല. വേണമെങ്കിൽ അയാൾക്കു പറയാം, തന്നെ ഹിന്ദുസമുദായം അയിത്തക്കാരനായി കരുതുന്നുവെങ്കിലും താൻ ആ വ്യത്യാസം മാനിക്കുന്നില്ലെന്നു്. ഞാൻ ബനിയജാതിയിൽപ്പെട്ടവനാണെന്നു ഹിന്ദുസമുദായം കരുതുന്നുണ്ടെങ്കിലും ഞാൻ ജാതിയിൽ വിശ്വസിക്കുന്നവനല്ലാത്തതുകൊണ്ടു് എനിക്കു പറയാം ഞാൻ ബനിയനല്ലെന്നു്. എന്നാൽ ഞാൻ വെറും ഹിന്ദുവാണെന്നു മാത്രം പറഞ്ഞാൽ പോരെങ്കിൽ ഞാൻ സ്വേച്ഛയാ ഹരിജനാണ്—എന്നെക്കൊണ്ടു കഴിയുന്നിടത്തോളം ഹരിജനങ്ങളുമായി ഞാൻ ഇണങ്ങിച്ചേർന്നിരിക്കുകകൊണ്ടു്.

എന്നാൽ ഹിന്ദുസമുദായം ചെയ്ത ജാതിവിഭജനം വെളിവാക്കുന്നതിൽ ഒരു ഹരിജനു് അപമാനം തോന്നുന്നതെന്തിനു്? സ്വസമുദായാംഗങ്ങളെ അടിമകളാക്കി, അകററി നിർത്തി ബഹിഷ്കരിച്ച സമുദായത്തിനാണു തീർച്ചയായും അപമാനമുള്ളതു്. യഥാർത്ഥത്തിൽ തന്നെ ഹിന്ദുവെന്നു വിളിക്കാമെന്നതിൽ ഹരിജനു് അഭിമാനം തോന്നുന്ന ഒരു സ്ഥിതി അവൻെറ വിദ്യാഭ്യാസംതന്നെ അവനിലുണ്ടാക്കിത്തീർക്കണം—ഉയർന്ന ജാതിക്കാരെന്നു പറയപ്പെടുന്നവർ സ്വജീവിതത്തിൽ സ്വധർമം വെടിയുകയും അവർണനീയമാംവണ്ണം ഹരിജനങ്ങളെ ദ്രോഹിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും. അയിത്തം സമൂലം നശിപ്പിക്കപ്പെടുകയും ഹിന്ദുമതം നിലനിൽക്കുകയും ചെയ്യെങ്കിൽ, സഹോദരരുടെ ഹൃദയശൂന്യമായ മർദനമുണ്ടായിട്ടും സ്വന്തം വിശ്വാസത്തെ മുറുകെപ്പിടിച്ചുനിന്ന ഹരിജനങ്ങൾക്കു ഭാവി ചരിത്രകാരൻ മാന്യസ്ഥാനം നൽകും. അതിനാൽ താൻ ഹിന്ദുസമുദായത്തിൽപ്പെട്ടവനാണെന്നു് ഒരു ഹരിജനു പറയേണ്ടിവരുന്ന ഓരോ സന്ദർഭത്തിലും അപമാനം അവൻേറതല്ല, അവനെ ദ്രോഹിച്ചവരുടേതാണ്, സവർണഹിന്ദുക്കളെന്നു പറയപ്പെടുന്നവരുടേതു്.

digitized by www .sreyas.in

4

തോട്ടിജോലിക്കാരുടെ പണിമുടക്കത്തെപ്പററി ഞാൻ എഴുതിയ ലേഖനത്തെക്കുറിച്ചു ഒരു ഹരിജൻസുഹൃത്തു വല്ലാതെ പരാതി പറഞ്ഞിരിക്കുന്നു.

അയാളുടെ ഒന്നാമത്തെ പരാതി, ഞാൻ 'ഹരിജൻ' എന്ന മധുരശബ്ദം വിട്ടുകളഞ്ഞു്, 'ഭംഗി' എന്ന പേർ ഉപയോഗിച്ചു എന്നാണു്. ലേഖകന്റെ വികാരാധീനമായ പ്രകൃതിയേയാണു് ഈ വിമർശനം വെളിവാക്കുന്നതു്. 'ഹരിജൻ' എന്ന പേർ ആദ്യം എനിക്കു പറഞ്ഞുതന്നതു് ഒരു ഗുജറാത്തി 'അയിത്തക്കാര'നായിരുന്നു; സന്തോഷപൂർവം ഞാൻ അതു സ്വീകരിച്ചു. എങ്കിലും ഏതെങ്കിലും അവാന്തരജാതിയുടെ നിലവിലുള്ള പേർ ഒരിക്കലും ഉപയോഗിച്ചുകൂടെന്നു് ഇതിനർത്ഥമില്ല. ഞാൻ എന്നെ ഒരു ഹരിജനായിട്ടാണു കണക്കാക്കുന്നതു്; ഭംഗി ഹരിജനങ്ങളിൽ ഏററവും താണജാതിയാകകൊണ്ടു, ഞാൻ എന്നെ ഭംഗി എന്നു വിളിക്കുന്നതു് എനിക്കിഷ്ടമാണു്. ഈയിടെ ഞാൻ ഡൽഹിയിൽ തോട്ടിജോലിക്കാരുടെ കൂട്ടത്തിൽ താമസിച്ചപ്പോൾ അവിടത്തെ ഹരിജനങ്ങളും പരാതി പറഞ്ഞു, ഞാൻ ഭംഗി എന്ന വാക്കു് ഉപയോഗിക്കുന്നതിനെപ്പററി. 'മെഹ്താർ' എന്ന വാക്കു് അവർ അഭിപ്രായപ്പെട്ടു. ഒരേ ജോലിക്കു നിലവിലുള്ള ഏതു പേർ ഉപയോഗിച്ചാലും തരക്കേടില്ലെന്നു് അവരെ ധരിപ്പിക്കുവാൻ ഞാൻ ശ്രമിച്ചു. ഏററവും താണപടിയായി കരുതപ്പെടുന്നുണ്ടെങ്കിലും ഏററവും ശ്രേഷ്ഠം അതാണു്—അതു് ആരോഗ്യസംരക്ഷണം ചെയ്യുന്നതുകൊണ്ടു്. അതിനാൽ, പേരിനെക്കുറിച്ചു് അവർ ശ്രദ്ധിക്കരുതു്. 'ഭംഗി' എന്ന വാക്കിന്റെ ഉത്പത്തി എന്തായിരുന്നാലും, എന്റെ അഭിപ്രായത്തിൽ അതു 'ശിവ്ജി'യുടെ മറെറാരു പേരാണു്. തോട്ടിജോലിക്കാരനെ നിങ്ങൾ ഭംഗി എന്നു വിളിച്ചാലും മെഹ്താർ എന്നു വിളിച്ചാലും, ശിവ്ജിയെപ്പോലെ അയാൾ മനുഷ്യനു് ആരോഗ്യം നൽകുന്നു—ഒരാൾ വീടു വൃത്തിയാക്കിയിട്ടു്, മറെറാരാൾ മനസ്സു ശുദ്ധമാക്കിയിട്ടു്.

## ബി. തൊഴിൽമൂലമുള്ള കളങ്കം

5

തോട്ടിജോലി എനിക്കിഷ്ടമാണു്. എന്റെ ആശ്രമത്തിൽ പതിനെട്ടു വയസ്സായ ഒരു ബ്രാഹ്മണബാലൻ തോട്ടിജോലിയുടെ ശുചിത്വം ആശ്രമവാസികളെ പഠിപ്പിക്കുവാൻവേണ്ടി ആ ജോലി ചെയ്തുപോരുന്നുണ്ടു്. ആ ബാലൻ പരിഷ്കർത്താവല്ല. അവൻ യാഥാസ്ഥിതികരുടെ ഇടയിൽ ജനിച്ചുവളർന്നവനാണു്. അവൻ മുട

4. Harijan, 12-5-1946 (The Removal of Untouchability, p. 221)
5. Young India, 4-5-1921 (The Removal of Untouchability, p. 213)

digitized by www .sreyas.in

ങ്ങാതെ ഗീതാപാരായണം ചെയ്യുന്നുണ്ട്, ശ്രദ്ധയോടുകൂടി സന്ധ്യാവന്ദനവും. അവന്റെ സംസ്കൃതശ്ലോകോച്ചാരണം എന്റേതിനേക്കാൾ സുബദ്ധമാണ്. അവൻ ഭജന നടത്തുമ്പോൾ മധുരകോമളമായ സ്വരം ശ്രോതാവിനെ പ്രേമത്തിൽ അലിയിക്കുന്നു. എങ്കിലും അവനു തോന്നി താനൊരു ഒന്നാന്തരം തൂപ്പുകാരൻകൂടിആയില്ലെങ്കിൽ തന്റെ വിദ്യ പൂർണമാവുകയില്ലെന്ന്; ആശ്രമം തൂപ്പുജോലിക്കാരനെക്കൊണ്ട് അവന്റെ പണി വേണ്ടതുപോലെ ചെയ്യിക്കണമെങ്കിൽ, താൻതന്നെ അതു ചെയ്തു മാതൃക കാണിച്ചുകൊടുക്കണമെന്നും.

6

അയിത്തം തീരെ പോയിക്കഴിഞ്ഞാൽ, ഭംഗികൾ ശുചീകരണജോലി ചെയ്യാൻ കൂട്ടാക്കുകയില്ലെന്നു ഭയപ്പെടേണ്ടതില്ല—അവർക്കു തക്കകൂലി കൊടുക്കുകയും അവരോടു നന്നായി പെരുമാറുകയും ചെയ്യുമെങ്കിൽ. ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും ശുചീകരണജോലി വേണ്ടത്ര നന്നായി—ഇവിടത്തേക്കാളും നന്നായിട്ടെന്നുതന്നെപറയാം—ചെയ്യപ്പെടുന്നുണ്ട്. എങ്കിലും ദുഷ്ടമായ ഈ നിരോധം നീക്കം ചെയ്യപ്പെട്ടാൽ ഭംഗികൾ നമ്മുടെ തൂപ്പുജോലി ചെയ്യാൻ കൂട്ടാക്കുകയില്ലെന്നു വിചാരിക്കുക; എന്നാൽ നാം തന്നെ അതു ചെയ്യാൻ സന്നദ്ധരാകണം. മറ്റുള്ളവർക്കുവേണ്ടി തൂപ്പുജോലി ചെയ്യുന്നതിൽ പാപമില്ലെന്നാണ് അയിത്തോച്ചാടനത്തിന്റെ ആന്തരാർത്ഥം——അമ്മ തന്റെ കുട്ടിയെ ശുചിയാക്കുന്നതിലോ, ഒരു നേഴ്സ് തന്റെ രോഗിയെ ശുദ്ധിയാക്കുന്നതിലോ പാപമില്ലാത്തതുപോലെ തന്നെ.

7

ചോദ്യം: ഏതു ജോലി ചെയ്യുകകൊണ്ടാണോ 'അയിത്തക്കാർ' ഇന്ന് 'അയിത്തക്കാ'രായി കരുതപ്പെടുന്നത്, ആ ജോലി അവർ ഉപേക്ഷിക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ഉത്തരം: അയിത്തക്കാർ അവരുടെ തൊഴിലുകളും ഉദ്യോഗങ്ങളും ഉപേക്ഷിക്കണമെന്നു ഞാൻ ഉപദേശിക്കുന്നില്ല.

8

ആരംഭകാലത്ത് അയിത്തം ഒരു ശുചീകരണനിയമമായിരുന്നു; ഇന്നും ഇന്ത്യയ്ക്കുപുറമേ ലോകത്തിൽ എല്ലായിടത്തും അങ്ങനെ

6. Young India, 22-6-1921 (The Removal of Untouchability, p. 214
7. My Soul's Agony, 1933 (The Removal of Untouchability, p. 213)
8. Harijan, 11-2-1933 (The Removal of Untouchability, p. 214)

digitized by www .sreyas.in

യാണു്. ഇതിനർത്ഥം ശുചിത്വമില്ലാത്ത ആളെയോ സാധനത്തെയോ തൊട്ടുകൂടെന്നാണു്; പക്ഷേ, അവന്റെ അല്ലെങ്കിൽ അതിന്റെ അശുദ്ധി നീങ്ങിയാൽ ഉടനെ അവനോ അതോ തൊടാവുന്നതായിത്തീരുന്നു. അതിനാൽ തൂപ്പുജോലി ചെയ്യുന്നവർ, കൂലിക്കുനിൽക്കുന്ന ഭംഗിയോ, കൂലി വാങ്ങാത്ത അമ്മയോ ആരായാലും, ശുചിത്വമില്ലാത്തവരാണു്––കുളിച്ചു ശുദ്ധമായിത്തീരുന്നതുവരെ. അതിനാൽ എന്നെന്നും അയിത്തക്കാരനായി കരുതപ്പെടുന്നതിനുപകരം, സമുദായത്തിനുവേണ്ടി അശുദ്ധകർമം ചെയ്യു ഭംഗി ഒരു സഹോദരനെപ്പോലെ കരുതപ്പെടുകയും ശുദ്ധനാകാൻ അവനു് അവസരം നൽകുകയും അതിനവനെ നിർബന്ധിക്കുകയുംകൂടി ചെയ്തിരുന്നെങ്കിൽ സമുദായത്തിലെ മറേറതൊരംഗത്തെയുംപോലെ അവൻ സ്വീകാര്യനായിരിക്കണം. തന്നിമിത്തം കോർപ്പറേഷനുകൾക്കു് ഇക്കാര്യത്തിൽ നേതൃത്വം വഹിക്കാവുന്നതാണു്; പക്ഷേ, പൗരന്മാർ നിർബന്ധിക്കാഞ്ഞാൽ അതുണ്ടാവില്ല.

## 9

ഈ ലേഖനത്തിന്റെ തലക്കെട്ടിനു് ഉപയോഗിച്ച വാക്കുകൾ* ഞാൻ റസ്കിന്റെ പക്കൽനിന്നു് അപഹരിച്ചതാണു്; അദ്ദേഹമാകട്ടെ; അവ ബൈബിളിൽനിന്നും. ഞാൻ പറയാൻ ആഗ്രഹിക്കുന്നതിന്റെ അർത്ഥം മുഴുവൻ വ്യക്തമാക്കാൻവേണ്ടി, 'പോലും' (Even) കൂട്ടിച്ചേർക്കുകയും, 'ഇതു്' (This) 'ഇവ' (These) യാക്കുകയും ചെയ്തിട്ടുണ്ടു്. ഹരിജനങ്ങളുടെ ഇടയിൽ സാധുവായ തോട്ടി അഥവാ ഭംഗി അവസാനത്തെ കള്ളിയിലാണെന്നു തോന്നുന്നു––കുട്ടികൾക്കു അമ്മ ഒരു സംഗതിയിൽ എത്രമാത്രം അനുപേക്ഷണീയയാണോ അത്രമാത്രം സമുദായത്തിനു് അനുപേക്ഷണീയനും പ്രധാനനുമായ അംഗം അവനാണെങ്കിലും. കുട്ടികളുടെ ശുചീകരണത്തിനു് അമ്മയെന്നോണം സമുദായത്തിന്റെ ശുചീകരണത്തിനു് ഭംഗി പ്രവർത്തിക്കുന്നു. സവർണർക്കു സ്വന്തം ശുചീകരണജോലി ചെയ്യേണ്ടിവന്നിരുന്നെങ്കിൽ, ഭംഗിക്കു തന്റെ ജോലിചെയ്യാൻ ഇന്നു പേറേണ്ടിവരുന്ന സമ്പ്രദായങ്ങളിൽ പലതും എന്നേ ഉപേക്ഷിക്കപ്പെട്ടേനെ. മഥുരയിലെ അയിത്തോച്ചാടനബോർഡു് അവിടത്തെ മുനിസിപ്പൽ ബോർഡിനയച്ച എഴുത്തിൽനിന്നാണു് താഴെ ചേർത്ത ഭാഗം ഞാൻ എടുത്തിട്ടുള്ളതു്:

'അധഃകൃതജാതികളെ നാം മാനഭംഗത്തിന്റെയും ദുരിതത്തിന്റെയും എന്തെന്തഗാധതലങ്ങളിലേക്കാണു തള്ളിവിട്ടിട്ടുള്ളതെന്നു നമുക്കറിഞ്ഞുകൂടാ.

---

9. Harijan, 18-3-1933 (The Removal of Untouchability, pp. 215-216)
* "Even Unto These Last."

digitized by www .sreyas.in

'ചുക്കിച്ചുളിഞ്ഞു കൃശഗാത്രിയായ ഒരു കിഴവി മലം നിറച്ച പാട്ടയുടെ ഭാരിച്ച കനം തലയിൽ പേറി, ദിവസേന രാവിലെ നഗരത്തിലെ ഇടവഴിയിലൂടെ മലം നിക്ഷേപിക്കുന്ന പറമ്പിലേക്കോ, അതിടാനുള്ള കുഴിയിലേക്കോ ഇഴഞ്ഞുപോകുന്ന ദയനീയമായ കാഴ്ചകണ്ട് വികാരഭരിതനാകാത്തവൻ ഹൃദയശൂന്യനായിരിക്കണം. ഈ സമ്പ്രദായം പഴക്കമുള്ളതാണെങ്കിലും മനുഷ്യോചിതമല്ലാത്തതും ക്രൂരവും അപരിഷ്കൃതകാലത്തിൻെറ അവശിഷ്ടവുമാണ്. അതു് അനാരോഗ്യകരമാണ്. മൂടാത്ത അഥവാ മുഴുവനും മൂടാത്ത ഈ പാട്ടകളിന്മേൽ കാററടിച്ച് മലം വഴിയാത്രക്കാരുടെമേലും ഭക്ഷ്യപദാർത്ഥങ്ങൾ വില്ക്കുന്ന ഷാപ്പുകളിലും ചെന്നെത്തുന്നതായി പലപ്പോഴും കാണാറുണ്ട്. ബുദ്ധിയുടെയും വിവേകത്തിൻെറയും ഇരിപ്പിടമായ ഈശ്വരനിദർശനമായ മനുഷ്യൻെറ ഉത്തമാംഗം ഒരിക്കലും ഈ മലിനഭാരം ചുമക്കാൻ ഉദ്ദേശിക്കപ്പെട്ടതല്ല. അതു വഹിക്കുന്ന മനുഷ്യൻെറ എല്ലാ ആത്മാഭിമാനവും അന്തസ്സും നശിക്കുന്നു. എന്നാലോ, ആർക്കുവേണ്ടിയുള്ളതാണ് ഈ സേവനം? നഗരത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളേ, ഭവാന്മാർ ഇക്കാര്യത്തെക്കുറിച്ചും ഈ ക്രൂരതയിൽ നിങ്ങൾക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും ആലോചിക്കണം. പരിഹാരം ലഘുവാണ്. കൈകൊണ്ട് വലിക്കാവുന്ന വണ്ടികൾ വാങ്ങൂ. മിണ്ടാപ്രാണികളായ നിങ്ങളുടെ പണിക്കാർ മലം കൊണ്ടുപോകാൻ തലയ്ക്കുപകരം അവ ഉപയോഗിക്കട്ടെ. നിങ്ങളുടെ പര്യാലോചനയ്ക്കു മറെറാരു കാര്യം കൂടി; ഓരോ ക്ലാസിലും ലോഹംകൊണ്ടോ മണ്ണുകൊണ്ടോ ഉള്ള പാത്രം വച്ചിരിക്കണം, മലം നീക്കംചെയ്യുന്ന പണിയുടെ വൃത്തികേട് കുറയ്ക്കാൻ.'

ഈ ലേഖകൻെറ ഇത്തിരി ചമൽക്കാരമുള്ള ഭാഷ കണ്ട് വായനക്കാരൻ ചിരിക്കരുത്. അദ്ദേഹം പറഞ്ഞതു പരമസത്യമാണ്. ഭംഗികൾ ഇതുവരെ പരാതിപറയാതെ അവരുടെ പണി ചെയ്തുപോന്നു. അതിനാൽ ഇവരെങ്ങനെ നൂററാണ്ടുകളായി സമുദായത്തെ സേവിച്ചുകൊണ്ടിരുന്നുവെന്നറിയാൻ സവർണഹിന്ദുക്കൾ മെനക്കെട്ടിട്ടില്ല. ഈ സമുദായസേവകരെ നാം അയിത്തക്കാരായി കരുതിയിരുന്നില്ലെങ്കിൽ അവരുടെനേരെയോ അവരുടെ പണിയുടെനേരെയോ നാം കണ്ണടയ്ക്കുമായിരുന്നില്ല. യഥേഷ്ടം അങ്ങനെ കണ്ണടച്ചിട്ടും അവരെ നരകത്തിലേക്കു തള്ളിവിട്ടിട്ടും, കക്കൂസുകൾ എന്നു വിളിക്കപ്പെടുന്ന അവരുടെ നഗരങ്ങളിലേക്കു നാംതന്നെ ഇറങ്ങിച്ചെല്ലുന്നു, നമ്മുടെ ചുററുപാടുമുള്ള വൃത്തികേടുകൾ കാണാനോ അവിടെയുള്ള ദുർഗന്ധം ശ്രദ്ധിക്കാനോ മെനക്കെടാറുമില്ല. മഥുരയിലെ ഭംഗികളേയും മുനിസിപ്പാലിററിയെയും സംബന്ധിച്ച് എന്തൊക്കെ സത്യമാണോ അതൊക്കെ ഇന്ത്യയിലെ എല്ലാ ഭംഗികളെയും മുനിസിപ്പാലിററികളെയും സംബന്ധിച്ചും സത്യമാണ്. മഥുര

യിലെ അയിത്തോച്ചാടനബോർഡ് നിർദേശിച്ച പരിഷ്കാരം ഏററവും അഭിലഷണീയമാണ്, വലിയ ചെലവുകൂടാതെ ഓരോ മുനിസിപ്പാലിററിക്കും നടപ്പിൽ വരുത്താവുന്നതും.

ഒരു ജെമിന്ദാർ അലഹബാദിലെ തെരുവുകളിൽ ആരംഭിച്ച തൂപ്പുജോലിയെപ്പററിയുള്ള വാർത്ത ഈയിടെ അലഹബാദിലെ 'ലീഡർ' പത്രത്തിൽ ഞാൻ വായിക്കുകയുണ്ടായി. രണ്ടുദിവസം ആ പണി തുടർന്നപ്പോഴേയ്ക്കും ആ ശ്രേഷ്ഠസേവനം ആരംഭിച്ച ഉത്സാഹശീലരായ ചെറുപ്പക്കാർ പാട്ടയ്ക്കുപകരം അതിലും നല്ല മറെറാരു ഉപായം കണ്ടുപിടിച്ചു. ഫെബ്രുവരി 27–ാം തീയതിയിലത്തെ 'ലീഡറി'ൽ നിന്നെടുത്തതാണ് ഈ വരികൾ: 'കക്കൂസുകളിൽ നിന്നു മലം നീക്കംചെയ്യാൻ തോട്ടികൾ ഇപ്പോൾ ഉപയോഗിക്കുന്ന പാട്ടകൾക്കു പകരം എടുത്തുമാററാവുന്ന ബക്കററുകളോടുകൂടിയ ഇരുമ്പുകൊണ്ടുള്ള ഭാരംകുറഞ്ഞ കൈവണ്ടികൾ ഏർപ്പെടുത്താൻ ഒരു ശ്രമം നടന്നുവരുന്നു. ഈ പദ്ധതിയനുസരിച്ചു കൈവണ്ടികളുടെ ചെലവു വഹിക്കുക തോട്ടികളെ നിയമിക്കുന്നവരാണ്. പ്രചരണത്തിനായി ഇത്തരമൊരു ചെറിയ വണ്ടി സ്വയം ചെലവിൽ നിർമിക്കുവാൻ അലഹബാദ് ലാജർണൽ കമ്പനിയുടെ മാനേജർ ഔദാര്യപൂർവ്വം ഏററിട്ടുള്ളതായി അറിയുന്നു. ഈ പദ്ധതിയനുസരിച്ച് ഓരോ സ്വകാര്യകക്കൂസിലും രണ്ടു പാത്രങ്ങൾ വച്ചിരിക്കണം. കാളിമാണികാ ആസ്ഥാനത്തിലോ അതിനു സമീപത്തോ ഒരു പബ്ളിക് കുളിമുറി പണിചെയ്യാൻ സ്വന്തം പേർ വെളിപ്പെടുത്താതെ ഒരു ബ്രാഹ്മണസ്ത്രീ കുറെ പണം സംഭാവന ചെയ്തിരിക്കുന്നു. പ്രസ്തുത സ്ഥലത്തു മുനിസിപ്പാലിററി ഓവുചാലും വെള്ളം കിട്ടാനുള്ള സൗകര്യവും ഉണ്ടാക്കിയാൽ ഈ പണി ആരംഭിക്കും.'

ഈ റിപ്പോർട്ടിൻെറ തീയതിക്കുശേഷം ഇന്നുവരെയുള്ള ദിവസത്തിനിടയ്ക്ക് ആ ഉത്സാഹവായ്പു നശിച്ചിട്ടില്ലെന്നു ഞാൻ ആശിക്കുന്നു. ഉത്സുകരായ കുറച്ചു പ്രവർത്തകർ തുടർന്നു പണിയെടുക്കുകയേ വേണ്ടൂ; എന്നാൽ അത്യാവശ്യമായ ഈ പരിഷ്കാരം ഓരോ പട്ടണങ്ങളിലും നഗരത്തിലും നടപ്പാക്കാം.

കുറച്ചു മുൻകരുതലും വളരെ കുറച്ചു പണച്ചെലവുംകൊണ്ട് ഇന്ത്യയിൽ സർവത്ര ആരംഭിക്കാവുന്നതും ഹരിജനങ്ങളുടെ സുഖത്തിനും ശുചിത്വത്തിനും പൊതുവിൽ സമുദായത്തിൻെറ ആരോഗ്യവർദ്ധനയ്ക്കും ഇടയാക്കുന്നതുമായ മൂന്നു പരിഷ്കാരങ്ങളാണ് ഇവ. സമുദായത്തിലെ ഈ പാവങ്ങളോടു നാം നമ്മോടെന്നപോലെതന്നെ പെരുമാറണമെന്നു മാത്രം.

digitized by www .sreyas.in

## 10

മലം കൈകൊണ്ടു തൊടുന്നതു കൂടാതെ കഴിക്കാൻവേണ്ടി അംഗീകൃതരൂപത്തിലുള്ള പാത്രങ്ങളും ചൂലുകളും പണിയെടുക്കുന്ന സമയത്തേക്കു പ്രത്യേകം ഉടുപ്പും വേണമെന്നു് നിശ്ചയിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കണമെന്നു ഞാൻ പറയും. ഇൻസ്പെക്ടർമാർക്കും ഓവർസിയർമാർക്കും ഇത്തരം മനുഷ്യസ്നേഹപരമായ ശുചീകരണജോലിയിൽ പരിശീലനം നൽകണം; അവർ എങ്ങനെയെങ്കിലും പണിയെടുപ്പിക്കണമെന്നു വിചാരിച്ചാൽ പോരാ. ഏററവും അധികം അശുചി, ഏററവും കുറച്ചു പണി, അതോടുകൂടി കൈക്കൂലി, അഴിമതി, ദുഷിച്ച പെരുമാററം ഇതൊക്കെയാണു് ഇന്നത്തെ സമ്പ്രദായത്തിന്റെ ഫലങ്ങൾ.

## 11

ചോദ്യം: ഫ്ളഷ്സമ്പ്രദായം സ്വീകരിക്കുന്നതു് അയിത്തം നീക്കംചെയ്യാനുള്ള ഒരു വഴിയായി അങ്ങു് കരുതുന്നുണ്ടോ? അങ്ങനെയാണെങ്കിൽ യന്ത്രങ്ങൾ ഇഷ്ടമല്ലെന്ന കാരണത്താൽ ആ സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനെ താങ്കൾ എതിർക്കുകയില്ലെന്നു വിചാരിക്കുന്നു.

ഉത്തരം. ധാരാളം വെള്ളം കിട്ടാനുള്ളിടത്തും സാധുക്കൾക്കു ബുദ്ധിമുട്ടിനു് ഇടയാക്കാതെ നവീനശുചീകരണരീതി നടപ്പിൽ വരുത്താവുന്നിടത്തും എനിക്കതിനു വിരോധമില്ല. വാസ്തവത്തിൽ നഗരത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്താനുള്ള ഒരു മാർഗമെന്ന നിലയിൽ അതിനെ സ്വാഗതംചെയ്യുകയാണു വേണ്ടതു്. തൽക്കാലം പട്ടണങ്ങളിലേ അതു നടപ്പാക്കാൻ കഴിയൂ. യന്ത്രത്തോടുള്ള എന്റെ എതിർപ്പ് വളരെ തെററുധരിക്കപ്പെട്ടിരിക്കുന്നു. യന്ത്രത്തോടു്, അതു യന്ത്രമാണെന്നതുകൊണ്ടുമാത്രം എനിക്കു വിരോധമില്ല, ശരീരപ്രയത്നം ആവശ്യമില്ലാതാക്കുകയും തൊഴിലാളികൾക്കു തൊഴിലില്ലാതാക്കുകയും ചെയ്യുന്ന യന്ത്രത്തിനു ഞാനെതിരാണു്. ഫ്ളഷ്സമ്പ്രദായം അയിത്തമില്ലാതാക്കുമോ എന്ന കാര്യം വളരെ സന്ദിഗ്ദ്ധമാണു്. അയിത്തം നമ്മുടെ ഹൃദയങ്ങളിൽനിന്നു പോകണം. മുകളിൽ പറഞ്ഞ മാതിരി ഉപായംകൊണ്ടൊന്നും അതു തിരോഭവിക്കുകയില്ല. നാമെല്ലാം ഭംഗികളായിത്തീരുകയും തൂപ്പുജോലിയുടെയും കക്കൂസ് വൃത്തിയാക്കുന്ന പണിയുടെയും അന്തസ്സ് മനസ്സിലാക്കുകയും ചെയ്യുന്നതുവരെ അയിത്തം ഉച്ചാടനംചെയ്യപ്പെടുകയില്ല.

---

10. Harijan, 6–10–1946 (The Removal of Untouchability, p. 224)
11. Harijan, 15-9–1946 (The Removal of Untouchability, p. 225)

digitized by www .sreyas.in

## സി. കുടുംബരംഗം—മിശ്രഭോജനം മിശ്രവിവാഹം മുതലായവ

12

....സർവ്വശക്തന്റെ സിംഹാസനത്തിന്റെ മുമ്പിൽ നമ്മെപ്പററി വിധി പറയുക നാം എന്തു ഭക്ഷിച്ചുവെന്നോ, നമ്മെ ആരൊക്കെ തൊട്ടുവെന്നോ നോക്കിയിട്ടല്ല; നാം ആരെ എങ്ങനെ സേവിച്ചു എന്നു നോക്കിയിട്ടാണ്. കഷ്ടപ്പാടിൽപ്പെട്ട ഒരൊററയാളെ നാം സേവിച്ചിട്ടുണ്ടെങ്കിൽ, ഈശ്വരനു നാം ഇഷ്ടരായിത്തീരും. ദുസ്സംസർഗമെന്നപോലെ ചീത്ത ഭക്ഷണവും ലഹരിയുണ്ടാക്കുന്ന ഭക്ഷണവും വൃത്തികെട്ട ഭക്ഷണവും നാം വർജിക്കണം. എങ്കിലും അവയുടെ പ്രാധാന്യവുമായി യാതൊരു പൊരുത്തവുമില്ലാത്ത ഒരു സ്ഥാനം നാം അവയ്ക്കു നൽകരുത്. വഞ്ചന, കാപട്യം മുതലായ ദുർവൃത്തികൾക്കു മറയായി നാം ചില ഭക്ഷണങ്ങളുടെ കാര്യത്തിലുള്ള വർജനത്തെ ഉപയോഗിക്കരുത്. നമ്മുടെ ആത്മീയാഭ്യുദയത്തിനു കോട്ടംതട്ടിക്കുമെന്നു ഭയന്നു നാം ഒരു പതിതസഹോദരനെയോ മലിനസഹോദരനെയോ സേവിക്കാതിരിക്കരുത്.

13

അയിത്തോച്ചാടനത്തിനു മിശ്രഭോജനവും മിശ്രവിവാഹവും കൂടിയേ കഴിയൂ എന്നു ഞാൻ കരുതുന്നില്ല. വർണാശ്രമധർമത്തിൽ ഞാൻ വിശ്വസിക്കുന്നു. എങ്കിലും ഭംഗികളുടെയൊന്നിച്ചിരുന്നു ഞാൻ ഭക്ഷിക്കാറുണ്ട്. ഞാൻ ഒരു സന്യാസിയാണോ എന്ന് എനിക്കറിഞ്ഞുകൂടാ; എന്തുകൊണ്ടെന്നാൽ, സന്യാസിക്കു വിധിച്ച നിയമങ്ങൾ അനുഷ്ഠിക്കുക ഈ കലിയുഗത്തിൽ ആർക്കെങ്കിലും സാധ്യമാണോ എന്നു ഞാൻ സഗൗരവം സംശയിക്കുന്നു. എങ്കിലും സന്യാസമാർഗത്തിലൂടെയാണു ഞാൻ മനഃപൂർവം ചരിക്കുന്നത്. അതിനാൽ ഈ നിയന്ത്രണങ്ങൾ അനുസരിക്കുക എനിക്കാവശ്യമല്ലെന്നു മാത്രമല്ല, അവയെ അനുസരിക്കൽ എനിക്കു ദോഷകരമായെന്നും വരാം. മിശ്രവിവാഹത്തിന്റെ പ്രശ്നമാകട്ടെ, എന്നെപ്പോലുള്ളവർക്കില്ല. എന്റെ പരിപാടിയിൽ മിശ്രവിവാഹം ഉൾപ്പെടുകയില്ലെന്നുമാത്രം പറഞ്ഞാൽ മതിയല്ലോ.

എന്റെ ഗോത്രത്തിൽത്തന്നെ എല്ലാ അംഗങ്ങളും ഒന്നിച്ചിരുന്നു ഭക്ഷിക്കാറില്ലെന്നു ഞാൻ നിങ്ങളോടു പറയട്ടെ. ഞങ്ങളുടെ വൈഷ്ണവകുടുംബങ്ങളിൽ ചിലതിൽ മററുള്ളവരുടെ അടുക്കളപ്പാത്രങ്ങൾ ഉപയോഗിക്കുകയോ, മററുള്ളവരുടെ അടുക്കളയിൽനിന്നു

12. Young India, 5-1-1922 (The Removal of Untouchability, p.71)
13. Young India, 22-1-1925 (The Removal of Untouchability, pp. 72-74)

digitized by www .sreyas.in

കൊണ്ടുവന്ന തീകൊണ്ടു ഭക്ഷണം പാകംചെയ്കയോ പതിവില്ല. ഇതു് അന്ധവിശ്വാസമാണെന്നു നിങ്ങൾക്കു പറയാം. പക്ഷേ, ഞാൻ അതങ്ങനെയാണെന്നു കരുതുന്നില്ല. തീർച്ചയായും ഹിന്ദുമതത്തിനു് ഇതുകൊണ്ടു യാതൊരു ദോഷവുമില്ല. എന്റെ ആശ്രമത്തിൽ ഒരയിത്തക്കാരനായ ദുധാഭായ് യാതൊരു വ്യത്യാസവും കൂടാതെ മററുള്ളവരുടെ കൂട്ടത്തിലിരുന്നു ഭക്ഷണംകഴിക്കുന്നു. എങ്കിലും ആശ്രമത്തിനു പുറത്തു് ഇങ്ങനെ ചെയ്യാൻ ഞാൻ ആരേയും ശാസിക്കാറില്ല. പിന്നെ, നിങ്ങൾക്കറിയാം, മാളവ്യജിയോടു് എനിക്കെത്രയേറെ ബഹുമാനമുണ്ടെന്നു്. ഞാൻ അദ്ദേഹത്തിന്റെ കാൽ കഴുകും. എങ്കിലും ഞാൻ തൊട്ട ഭക്ഷണം അദ്ദേഹം കഴിക്കുകയില്ല. ഇതു നിന്ദയുടെ ലക്ഷണമായി കരുതി ഞാൻ ക്ഷോഭിക്കണമോ? തീർച്ചയായും പാടില്ല; എന്തുകൊണ്ടെന്നാൽ എനിക്കറിയാം യാതൊരു നിന്ദയും ഉദ്ദേശിച്ചിട്ടില്ലെന്നു്.

മര്യാദധർമം അനുഷ്ഠിക്കണമെന്നു് എന്റെ മതം അനുശാസിക്കുന്നു. പണ്ടത്തെ ഋഷിമാർ ധ്യാനത്തിലൂടെ വിപുലമായ ഗവേഷണങ്ങൾ നടത്തി; അവയുടെ ഫലമായി അവർ ചില സത്യങ്ങൾ കണ്ടെത്തി; ഒരുപക്ഷേ, മററൊരു മതത്തിലും കാണാത്തവ. ഇവയിലൊന്നു്, ചില ജാതി ഭക്ഷണങ്ങൾ മനുഷ്യന്റെ ആത്മീയസൗഖ്യത്തിനു ഹാനികരങ്ങളാണെന്നതായിരുന്നു. അതിനാൽ, അവ കഴിക്കരുതെന്നു് അവർ വിധിച്ചു. ഒരാൾക്കു വിദേശസഞ്ചാരം ചെയ്യേണ്ടിവന്നുവെന്നും, ഭക്ഷണത്തെ സംബന്ധിച്ച് തന്റേതിൽനിന്നു ഭിന്നമായ ആചാരസമ്പ്രദായങ്ങളുള്ളവരുടെ കൂടെ താമസിക്കേണ്ടിവന്നുവെന്നും വിചാരിക്കുക. നമ്മുടെ ചുററുപാടുമുള്ളവരുടെ സാമൂഹ്യാചാരങ്ങളുടെ പിടി ചിലപ്പോൾ എത്ര മുറുക്കമുള്ളതായിരിക്കുമെന്നു് അറിഞ്ഞിരുന്നതുകൊണ്ടു് ഇത്തരം ഘട്ടങ്ങളിൽ സഹായമാകാൻവേണ്ടി അവർ മര്യാദധർമം നിശ്ചയിച്ചു.

എന്നാൽ, മര്യാദധർമത്തിൽ ഞാൻ വിശ്വസിക്കുന്നുവെങ്കിലും അതു ഹിന്ദുമതത്തിന്റെ ഒഴിച്ചുകൂടാത്ത അംശമാണെന്നു ഞാൻ കരുതുന്നില്ല. ദോഷമൊന്നും സംഭവിക്കാതെ ഈ നിയന്ത്രണങ്ങൾ ചിലപ്പോൾ ഉപേക്ഷിക്കാമെന്നുകൂടി എനിക്കു തോന്നുന്നുണ്ടു്. എങ്കിലും അയിത്തോച്ചാടനംകൊണ്ടു് ഉദ്ദേശിച്ച പരിഷ്കാരത്തിൽ മിശ്രഭോജനവും മിശ്രവിവാഹവും അരുതെന്ന നിശ്ചയം ഇല്ലാതാക്കാൻ വ്യവസ്ഥയില്ല. പൊതുജനങ്ങൾ ഈ നിയന്ത്രണങ്ങൾ പാടേ ഉപേക്ഷിക്കണമെന്നു ശുപാർശ ചെയ്യാൻ എന്നെക്കൊണ്ടാവില്ല——കാപട്യവും അഭിപ്രായസ്ഥിരതയില്ലായ്മയും എന്റെ മേൽ ആരോപിച്ചാൽപ്പോലും. ഉദാഹരണത്തിനു്, മുസ്ലീംഗൃഹങ്ങളിൽനിന്നു യഥേഷ്ടം ഭക്ഷണംകഴിക്കാൻ എന്റെ പുത്രനെ ഞാൻ അനുവദിച്ചു; കാരണം, എന്തു കഴിക്കാം; എന്തു കഴിക്കാൻ പാടില്ലാ

എന്നു് അവനറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. മുസ്ലീംഗൃഹങ്ങളിൽനിന്നു ഭക്ഷണംകഴിക്കാൻ എനിക്കുതന്നെ യാതൊരു വിരോധവുമില്ല——ഭക്ഷണത്തെക്കുറിച്ചു കണിശമായ ചില നിശ്ചയങ്ങൾ എനിക്കുള്ളതുകൊണ്ടു്. അലിഗറിൽവച്ചുണ്ടായ ഒരു സംഭവം ഞാൻ പറയാം. സ്വാമി സത്യദേവും ഞാനും ഖ്വാജാസാഹിബിന്റെ അതിഥികളായിരുന്നു. സ്വാമി സത്യദേവ് എന്റെ അഭിപ്രായങ്ങളോടു യോജിക്കുന്നവനല്ല. ഞങ്ങൾ അവയെപ്പററി വാദിച്ചു. ഒരു മുസൽമാൻ തന്ന ഭക്ഷണം ഞാൻ കഴിക്കാതിരിക്കുന്നതു്, എന്റെ അഭിപ്രായപ്രകാരം തെററായിരിക്കുമെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു——സ്വന്തം മര്യാദ അദ്ദേഹം ലംഘിക്കുന്നതു് അദ്ദേഹത്തെ സംബന്ധിച്ചു തെററായിരിക്കുന്നതുപോലെതന്നെ. അതിനാൽ സ്വാമി സത്യദേവിനു ഭക്ഷണം പാകംചെയ്യാൻ വേറെ ഏർപ്പാടുകൾ ചെയ്തു. ഇതുപോലെതന്നെ ഞാൻ ബാറിസാഹിബിന്റെ അതിഥിയായിരുന്നപ്പോൾ ഞങ്ങൾക്കു വേണ്ട സാധനങ്ങളെല്ലാം അങ്ങാടിയിൽനിന്നു പുത്തനായി വാങ്ങിക്കൊണ്ടുവരണമെന്ന കർശനമായ ഉപദേശത്തോടുകൂടി അദ്ദേഹം ഒരു ബ്രാഹ്മണനെ ഞങ്ങളുടെ വെപ്പുകാരനായി ഏർപ്പെടുത്തി. എന്തിനാണു് ഈ അസൗകര്യമൊക്കെ സഹിക്കുന്നതെന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു എന്നെയോ എന്റെ കൂട്ടുകാരനെയോ മതംമാററാനുള്ള എന്തെങ്കിലും ഗൂഢോദ്ദേശ്യം തനിക്കുണ്ടെന്നു പൊതുജനങ്ങൾ തീരെ സംശയിക്കാനിടവരരുതെന്നു്. ആ ഒരൊററ സംഭവം ബാറിസാഹിബിനോടു് എനിക്കുള്ള ബഹുമാനം വർദ്ധിപ്പിച്ചു

14

മിശ്രഭോജനം ഒരത്യാവശ്യപരിഷ്കാരമാണെന്നു സ്വന്തം നിലയ്ക്കു് എനിക്കു വിശ്വാസമില്ല. എങ്കിലും ആ നിയന്ത്രണം ആകെ വേണ്ടെന്നു വയ്ക്കാനുള്ള പ്രവണതയെ ഞാൻ അംഗീകരിക്കുന്നു. ആ നിയന്ത്രണത്തിനു് അനുകൂലവും പ്രതികൂലവുമായ കാരണങ്ങൾ എനിക്കറിയാം. ഞാൻ ധൃതികൂട്ടുകയില്ല. മറെറാരാളൊന്നിച്ചിരുന്നു താൻ ഭക്ഷിക്കുകയില്ലെന്നു് ആരെങ്കിലും പറയുന്നതു പാപമാണെന്നു ഞാൻ കരുതുന്നില്ല. ഒരാൾ മിശ്രഭോജനം വേണമെന്നു വാദിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നതു പാപമാണെന്നും ഞാൻ കരുതുന്നില്ല. എങ്കിലും മററുള്ളവരുടെ വികാരങ്ങളെ മാനിക്കാതെ ആ നിയന്ത്രണം ഇല്ലാതാക്കാനുള്ള ശ്രമത്തെ ഞാൻ ചെറുക്കും. നേരെമറിച്ചു്, ഇക്കാര്യത്തിൽ അവരുടെ 'ശുദ്ധാശുദ്ധങ്ങ'ളെ ഞാൻ മാനിക്കും.

14. Young India, 19-3-1925 (The Removal of Untouchability, p. 74)

digitized by www .sreyas.in

## 15

അയിത്തോച്ചാടനത്തിനു മിശ്രഭോജനവും മിശ്രവിവാഹവും ആവശ്യമാണോ?

അല്ല എന്നും അതെ എന്നുമാണ് എന്റെ ഉത്തരം. 'അല്ല,' കാരണം, അതു ഹരിജൻസേവക്സംഘത്തിന്റെ പരിപാടിയിൽ പ്പെട്ടതല്ല. മൊത്തത്തിൽ പറഞ്ഞാൽ, വിവാഹവും ഭക്ഷണവും വ്യക്തിയുടെ കാര്യങ്ങളുമാണ്. ഒരാളോട് അയാളുടെ ഇഷ്ടത്തിനെ തിരായി ഒരു പെൺകുട്ടിയെ സ്വീകരിക്കാനോ, ആരുടെയെങ്കിലു മൊപ്പമിരുന്നു ഭക്ഷിക്കുവാനോ പറയാൻ ആർക്കും അധികാരമില്ല. എന്നാൽ ഇതോടൊന്നിച്ചുതന്നെ എന്റെ ഉത്തരം 'അതെ' എന്നുമാ ണു്; കാരണം, അയിത്തത്തെയോ അധമത്വത്തെയോ അടിസ്ഥാ നമാക്കി ഒരാളും മറ്റൊരാളും തൊട്ട ഭക്ഷണം സ്വീകരിക്കാതിരു ന്നാൽ അയാളും അയിത്തം ആചരിക്കുകയാണ്. മറുവാക്കുകളിൽ, മിശ്രഭോജനത്തെയോ മിശ്രവിവാഹത്തെയോ തടയാൻ അയിത്തം കാരണമാകരുത്.

## 16

ചോദ്യം: ഹരിജൻസേവക്സംഘം അംഗങ്ങൾക്ക് അയി ത്തക്കാരൊന്നിച്ചിരുന്നു ഭക്ഷണം കഴിക്കാൻ കൂട്ടാക്കാതിരിക്കാമോ? ഈ വിഷയത്തെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായത്തിൽ വല്ല മാററ വും വന്നിട്ടുണ്ടോ?

ഉത്തരം: ഒരു കാലത്തു ഞാൻ പറയുകതന്നെ ചെയ്തു, മിശ്ര ഭോജനം അയിത്തോച്ചാടനത്തിനു കൂടിയേ കഴിയൂ എന്നില്ലെന്നു്. സ്വന്തം നിലയ്ക്ക് ഇന്നു ഞാനതിനനുകൂലമാണ്. ഞാനതു പ്രോ ത്സാഹിപ്പിക്കുന്നുണ്ട്. വാസ്തവത്തിൽ ഇന്നു ഞാൻ ഇതിനപ്പുറവും പോകാറുണ്ട്.

## 17

പടിദാർ ആശ്രമത്തിലെ (സൂറത്ത്) ഒരു സുഹൃത്തു ശ്രീ നരഹ രീപരീഖിനു ഇപ്രകാരം എഴുതുന്നു:

'ഇന്ത്യയിൽ ഗാന്ധിജി രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശി ച്ചതു മുതൽ ഈ അയിത്തോച്ചാടനപ്രസ്ഥാനത്തിനു വളരെ ശക്തി കൂടിയിരിക്കുന്നു. ഒരു സവർണഹിന്ദുവിനു വിവാഹം ചെയ്യാൻ അ ഭ്യസ്തവിദ്യയായ ഒരു ഹരിജൻബാലികയെ കണ്ടുപിടിക്കാൻ അദ്ദേ

15. Harijan, 23–3–1934 (The Removal of Untouchability, p. 81)
16. Harijan, 28–7–1946 (The Removal of Untouchability, p. 83)
17. Harijan, 7–7–1946 (The Removal of Untouchability, pp. 84–85)

digitized by www .sreyas.in

ഹത്തിനു കഴിയുമെങ്കിൽ അതു ഈ പ്രസ്ഥാനത്തിനു ഒരുതരത്തിൽ സഹായമാകും. പക്ഷേ, മറെറാരുതരത്തിലും ഈ കാര്യത്തെപ്പററി ആലോചിക്കേണ്ടതുണ്ട്. സ്ത്രീവിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ നമ്മുടെ രാജ്യം ഇന്നും പിന്നണിയിലാണ്. സർവഥാ പിന്നണിയിൽപ്പെട്ട ഹരിജനങ്ങളുടെ ഇടയിലാകട്ടെ, പഠിപ്പുള്ള പെൺകുട്ടികളെ വിരൽകൊണ്ടെണ്ണാം. സവർണഹിന്ദുക്കളെ വിവാഹം ചെയ്താൽ അവർ സ്വസമുദായംവിട്ട സവർണഹിന്ദുക്കളിൽ ലയിക്കും. സ്വസമുദായത്തിൽത്തന്നെനിന്നു ഹരിജൻസഹോദരികളെ സേവിക്കാൻ അവർക്കു സാധിക്കാതാവും. ഇത്തരം ഒന്നോ രണ്ടോ സംഗതികൾ എനിക്കറിയാം.

'ഇത്തരം വിവാഹങ്ങൾ ഒരുതരത്തിൽ ഹരിജനങ്ങളെ അജ്ഞതയിൽത്തന്നെ നിലനിർത്താൻ സഹായിക്കുമെന്നും പറയാം. ഒരു സമുദായത്തിൻെറ പുരോഗതി അതിലെ സ്ത്രീകളെ ആശ്രയിച്ചാണു നിൽക്കുന്നതു്. അവരിൽ ഏററവും നല്ല സ്ത്രീകളെ സവർണർക്കു കൊടുത്തു ബാപ്പു ഹരിജനങ്ങൾക്കു് ഇന്നത്തെ അവരുടെ കഠിനമായ അജ്ഞതയിൽനിന്നു പുറത്തുകടക്കാനുള്ള വാതിൽ കൊട്ടിയടയ്ക്കുകയാണു്. ഇതു നിർത്തണമെന്നു് എനിക്കു തോന്നുന്നു. ഹരിജൻ ബാലികമാർ സവർണഹിന്ദുക്കളെ വിവാഹം ചെയ്യുകയാണെങ്കിൽ അതു് ആ ദമ്പതികൾ ഹരിജൻസേവനത്തിനു സ്വജീവിതം ഉഴിഞ്ഞുവയ്ക്കുമെന്ന വ്യവസ്ഥയോടുകൂടിയായിരിക്കണം. അല്ലെങ്കിൽ സ്വസമുദായത്തിലെ യുവാക്കളെത്തന്നെ വിവാഹം ചെയ്യാൻ പഠിപ്പുള്ള ഹരിജൻബാലികമാരെ പ്രേരിപ്പിക്കണം. ശരിയായ അർത്ഥത്തിൽ അഭ്യസ്തവിദ്യരാണെങ്കിൽ അവർ മററുള്ളവർക്കു അനുകരിക്കാവുന്ന മാതൃകകളായിത്തീരും.

'ഞങ്ങളുടെ ആശ്രമത്തിൽ ഹരിജൻവിദ്യാർത്ഥികളും മററു വിദ്യാത്ഥികളും യാതൊരു വ്യത്യാസവും കൂടാതെയാണു് ഒരുമിച്ചു താമസിക്കുന്നതെന്നു താങ്കൾ അറിഞ്ഞിരിക്കണം. ഒന്നോ രണ്ടോ ഹരിജൻവിദ്യാർത്ഥികളെ പരീക്ഷിച്ചാൽ ഓരോ കൊല്ലവും ഞങ്ങൾക്കു് അയച്ചുതരുന്നു. ഇക്കൊല്ലം രണ്ടുപേരുണ്ടായിരുന്നു. അവരിലൊരാൾ എന്നോടു പറഞ്ഞു: 'ബാപ്പു എന്തുകൊണ്ടു പഠിപ്പുള്ള സവർണഹിന്ദുബാലികമാർ പഠിപ്പുള്ള ഹരിജൻബാലന്മാരെ വിവാഹം ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല? ഇതാണു് അദ്ദേഹം ശരിക്കു ചെയ്യേണ്ടതു്. സവർണഹിന്ദുബാലികമാർ ഹരിജനങ്ങളുടെ ഇടയിൽ ഹരിജനങ്ങളെപ്പോലെ ജീവിക്കുകയാണെങ്കിൽ, ഹരിജൻസഹോദരികൾക്കു് അവരിൽനിന്നു പലതും പഠിക്കാൻ കഴിയും; ഹരിജനോദ്ധാരണത്തിനു ശക്തികൂട്ടുകയും ചെയ്യും.' ഈ ചോദ്യത്തിനു മറുപടി പറയാൻ എനിക്കു കഴിയും. എങ്കിലും ബാപ്പുതന്നെ മറുപടി പറയുന്നതാണു് എനിക്കിഷ്ടം. ഇതു സഗൗരവമായ പര്യാലോചന അർഹിക്കുന്നു.'

digitized by www .sreyas.in

പഠിപ്പുള്ള ഹരിജൻബാലിക സവർണ്ണഹിന്ദുവിനെ വിവാഹം ചെയ്യുകയാണെങ്കിൽ ആ ദമ്പതികൾ സ്വജീവിതം ഹരിജൻസേവനത്തിനു വിനിയോഗിക്കേണ്ടതാണ്. ഇത്തരം വിവാഹങ്ങളുടെ ഉദ്ദേശ്യം ഒരിക്കലും സുഖാനുഭോഗമാകരുത്. അങ്ങനെയാകുന്നത് അനുചിതമാണ്. ഞാൻ അതൊരിക്കലും പ്രോത്സാഹിപ്പിക്കുകയില്ല. ഏററവും നല്ല ഉദ്ദേശ്യങ്ങളോടുകൂടി നടത്തപ്പെട്ട വിവാഹം പരാജയമായെന്നും വരാം. അത്തരം അനിഷ്ടസംഭവം ആർക്കും തടുക്കാനാവില്ല. ഒരൊററ ഹരിജൻബാലികയെങ്കിലും ഉൽകൃഷ്ട സ്വഭാവമുള്ള ഒരു സവർണ്ണഹിന്ദുവിനെ വിവാഹംകഴിച്ചാൽ അതുകൊണ്ട് ഹരിജനങ്ങൾക്കും സവർണ്ണഹിന്ദുക്കൾക്കും രണ്ടുകൂട്ടർക്കും ഗുണമുണ്ടാകും. അവർ നല്ലൊരു കീഴ്വഴക്കം സൃഷ്ടിക്കും. ഹരിജൻബാലിക യഥാർത്ഥത്തിൽ ഗുണവതിയാണെങ്കിൽ അവളുടെ സൌരഭ്യം സർവത്ര പരക്കുകയും തന്റെ മാതൃക അനുകരിപ്പാൻ മററുള്ളവരെ അവൾ പ്രേരിപ്പിക്കുകയും ചെയ്യും. ഇത്തരം വിവാഹങ്ങൾകൊണ്ട് സമുദായം പരിഭ്രാന്തമാകുന്നതു നിലയ്ക്കും. അതിൽ യാതൊരു തെററുമില്ലെന്ന് അവർക്കു ബോദ്ധ്യം വരും. ഇത്തരം വിവാഹത്തിൽനിന്നു ജനിക്കുന്ന കുട്ടികൾ നല്ലവരാണെങ്കിൽ അവരും അയിത്തോച്ചാടനത്തിനു സഹായമാകും. ഓരോ പരിഷ്കാരവും ഒച്ചിനെപ്പോലെ വളരെ മെല്ലെയോ പുരോഗമിക്കൂ. ഈ മന്ദഗതിയെക്കുറിച്ചുള്ള അസംതൃപ്തി പരിഷ്കാരത്തിന്റെ പ്രവർത്തനരീതിയെപ്പററിയുള്ള അജ്ഞതയെയാണു വെളിവാക്കുന്നത്. സവർണ്ണഹിന്ദുബാലികമാർ ഹരിജൻഭർത്താക്കന്മാരെ തിരഞ്ഞെടുക്കുന്നതു തീർച്ചയായും അഭിലഷണീയമാണ്. അതാണു അധികം നല്ലതെന്നു പറയാൻ എനിക്കു സങ്കോചമുണ്ട്. സ്ത്രീകൾ പുരുഷന്മാരേക്കാൾ മോശക്കാരാണെന്ന് അതിനർത്ഥം വരും. ഇത്തരം അധമബോധം ഉണ്ടെന്നു എനിക്കറിയാം. അതുകൊണ്ടു ഞാൻ പറയുന്നു, സവർണ്ണഹിന്ദുബാലിക ഹരിജനെ വിവാഹം ചെയ്യുന്നതാണു ഹരിജൻബാലിക സവർണ്ണഹിന്ദുവിനെ വിവാഹംചെയ്യുന്നതിനെക്കാൾ നല്ലതെന്ന്. എനിക്കു കഴിവുണ്ടായിരുന്നെങ്കിൽ എന്റെ അധീനതയിൽവരുന്ന സവർണ്ണഹിന്ദു ബാലികമാരെയെല്ലാം ഞാൻ പ്രേരിപ്പിക്കും, ഹരിജൻഭർത്താക്കന്മാരെ തിരഞ്ഞെടുക്കുവാൻ. ഇതു ഏററവും ദുഷ്കരമാണെന്ന് അനുഭവംകൊണ്ട് എനിക്കറിയാം.

പഴക്കംചെന്ന അബദ്ധധാരണകൾ നീക്കംചെയ്യാൻ പ്രയാസമുണ്ട്. ഈ അബദ്ധധാരണകളെ കളിയാക്കാനും പാടില്ല. ക്ഷമയോടുകൂടെ അവയെ തരണംചെയ്യണം. ഹരിജനെ വിവാഹം ചെയ്യുന്നതോടുകൂടി തന്റെ ചുമതലയവസാനിച്ചുവെന്നു വിചാരിച്ച് ഒരു പെൺകുട്ടി സുഖലോലുപയായിത്തീരുകയാണെങ്കിൽ, അവസാനത്തെ നില ആദ്യത്തേതിനെക്കാൾ വഷളാകും. ഓരോ വിവാഹത്തിന്റെയും അവസാനപരീക്ഷ ദമ്പതികളുടെ സേവനമനോഭാവത്തെ അതെത്രമാത്രം വികസിച്ചുവെന്നു നോക്കലാണ്. ഓരോ

digitized by www .sreyas.in

മിശ്രവിവാഹവും അത്തരം വിവാഹങ്ങളെക്കുറിച്ചുള്ള അവമതി കുറയ്ക്കുവാൻ സഹായിക്കും. അവസാനം ഭംഗിയെന്ന മനോഹരശബ്ദത്താൽ അറിയപ്പെടുന്ന ഒരൊററ ജാതിയേ ഉണ്ടാവുകയുള്ളു; അതായത്, പരിഷ്കർത്താവ് അഥവാ മാലിന്യം നീക്കംചെയ്യുന്നവൻ. ഇത്തരമൊരു നല്ല കാലം വരട്ടെ എന്നു നമ്മളെല്ലാം പ്രാർത്ഥിക്കുക.

എന്റെ ഏററവും നല്ല ആഗ്രഹങ്ങൾപോലും അവ പ്രകടിപ്പിക്കപ്പെട്ടതുകൊണ്ടുമാത്രം സഫലമാവുകയില്ലെന്ന് ആ ലേഖകൻ മനസ്സിലാക്കണം. എന്റെ പ്രഖ്യാപനത്തിനുശേഷം ഒരൊററ ഹരിജൻബാലികയെയെങ്കിലും സവർണഹിന്ദുവിനു വിവാഹംചെയ്തുകൊടുക്കാൻ ഇതുവരെ എനിക്കു സാധിച്ചിട്ടില്ല. തന്റെ അച്ഛൻ തിരഞ്ഞെടുത്ത ഹരിജൻബാലനെ വിവാഹംചെയ്യാൻ അച്ഛന്റെ ആഗ്രഹമനുസരിച്ചു സമ്മതിച്ച ഒരു സവർണഹിന്ദുബാലികയുണ്ട് ഇവിടെ. ആ ആൺകുട്ടി ഇപ്പോൾ സേവാഗ്രാമത്തിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഈശ്വരൻ തുണച്ചാൽ ആ വിവാഹം കുറച്ചു കാലം കഴിഞ്ഞാൽ നടക്കും.

18

ഹരിജനങ്ങൾ അടുക്കളപ്പണി ചെയ്യുന്നതിൽ എനിക്കു വിരോധമില്ല. അവരോടുള്ള മനോഭാവം ക്രമേണ സ്വകുടുംബാംഗങ്ങളോടുള്ളതുപോലെയായിത്തീരണമെന്നു പറയേണ്ടതില്ലല്ലോ. ആ മനോഭാവമുണ്ടെന്ന് എനിക്കു ബോദ്ധ്യമായിരിക്കുന്നു. അതിന്നിനി ശക്തികൂട്ടുകയേ വേണ്ടു.

19

ചോദ്യം: ഹിന്ദുകുടുംബങ്ങളിൽ നിയമിക്കാൻ പററിയ നല്ല പാചകരായിത്തീരാൻ ഹരിജനങ്ങൾക്കു പരിശീലനം നൽകാൻ കോൺഗ്രസ്സ് ഒരു പദ്ധതി ആരംഭിക്കുകയും ഓരോ ആശ്രമത്തിലും കോൺഗ്രസ്സ്പ്രവർത്തകർക്കായുള്ള ഓരോ അടുക്കളയിലും ഹരിജൻ പാചകരെ നിയമിക്കുകയും ചെയ്താൽ, അത് അയിത്തോച്ചാടനത്തിന് ഒരെളുപ്പവഴിയാകുമെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

ഉത്തരം: ഏററവും ഉയർന്ന നിലയിലെത്തുവാൻ ഹരിജനങ്ങളെ സമർത്ഥരാക്കുകയെന്നതായിരിക്കണം നമ്മുടെ അഭിലാഷം. ആദർശം അതായിരിക്കണമെങ്കിലും നല്ല പാചകരായിത്തീരാൻ കുറച്ചു ഹരിജനങ്ങൾക്കു പരിശീലനം നൽകുന്നതു നല്ലകാര്യമാണ്. അവരെ കുടുംബാംഗത്തിലേക്കു നാം എത്രയേറെ ആകർഷിക്കുന്നുവോ അത്രയേറെ വേഗത്തിൽ പരിഷ്കാരം നടപ്പിലാകുമെന്നു

18. 20–1–1937 (Bapu's Letters to Mira, p. 315)
19. Harijan, 25–5–1940 (The Removal of Untouchability, p, 226)

digitized by www .sreyas.in

ഞാൻ പറഞ്ഞിട്ടുണ്ട്. നമ്മുടെ കുടുംബങ്ങളിൽ അലിഞ്ഞുചേരുന്ന ഹരിജനങ്ങൾ അധമബോധം ഇല്ലാത്തവരായിത്തീരും, മററു ഹരിജനങ്ങളെയും സവർണഹിന്ദുക്കളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സജീവഘടകമായി പരിണമിക്കുകയും ചെയ്യും.

20

അടുത്ത കോൺഗ്രസ്സ് സമ്മേളനത്തിൽ എല്ലാ പാചകരും ഹരിജനങ്ങളായിരിക്കണമെന്നും, ഇതിനുവേണ്ടി ശുചിത്വവും ഒരു ദരിദ്ര രാജ്യത്തിനു യോജിച്ച മട്ടിലുള്ള ശാസ്ത്രീയമായ പാചകജോലിയും കുറെ ഹരിജനങ്ങളെ പഠിപ്പിക്കണമെന്നും ഒരു ലേഖകൻ അഭിപ്രായപ്പെടുന്നു. ഇതിനുള്ള ചുമതലയും ഭാഗ്യവും, ഏതു സംസ്ഥാനത്തിലാണോ സമ്മേളനം നടത്തുന്നതു് ആ സംസ്ഥാനത്തിനു നൽകണമെന്നും അദ്ദേഹം പറയുന്നു. സമ്മേളനം കഴിഞ്ഞാൽ ഈ പാചകരെ കഴിവുള്ള കോൺഗ്രസ്സുകാർ സ്വീകരിച്ചു വെപ്പുകാരായി നിയമിക്കണം. അയിത്തം പ്രവൃത്തിയിൽ നാമാവശേഷമായെന്നു തെളിയിക്കുന്ന ഇത്തരം ഏതഭിപ്രായവും സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. ഈ അഭിപ്രായത്തോടു യോജിക്കുന്ന കോൺഗ്രസ്സുകാർ സമ്മേളനം വരെ കാത്തിരിക്കേണ്ടതില്ലെന്നു മാത്രമേ എനിക്കു പറയാനുള്ളു. ഇന്നുമുതൽ അവർ ഹരിജനങ്ങളെ പാചകരെന്ന നിലയിൽ മാത്രമല്ല മററെല്ലാ നിലകളിലും സ്വീകരിക്കണം. എന്നല്ല, കഴിവുള്ളവർ ഹരിജനങ്ങളെ സ്വന്തം കുട്ടികളെയെന്നോണം കുടുംബത്തിൽ നിർത്തി, അവർക്കു വേണ്ട പരിശീലനം നൽകട്ടെ. സ്ത്രീകളും പുരുഷന്മാരും പറയുന്നതു് ആത്മാർത്ഥതയോടുകൂടിയാണെങ്കിൽ മാത്രമേ, ഹിന്ദുസമുദായം മതത്തിന്റെപേരിൽ സ്വന്തം ഉററവരേയും ഉടയവരേയും അയിത്തക്കാരാക്കിത്തീർത്തതു് അവരുടെ (അയിത്തക്കാരുടെ) തെററുകൊണ്ടല്ല എന്ന സത്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രമേ ഇതൊക്കെ സംഭവിക്കു.

## ഡി. സ്കൂളുകളും ഹോസ്റ്റലുകളും

21

ഏതൊന്നു പ്രാപിക്കാൻവേണ്ടിയാണോ ദേശീയവിദ്യാലയങ്ങൾ ആരംഭിച്ചതു്, ആ സ്വരാജിനു ചേന്ന മട്ടിൽ അവ അനാഥങ്ങളായിത്തീരണമെങ്കിൽ ദേശീയപരിപാടിയെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രായോഗികമാക്കാവുന്നിടത്തോളം പുരോഗമിപ്പിക്കുവാൻ പററിയ വിധത്തിൽ അവ നടത്തപ്പെടണം. ഉദാഹര

20. Harijan, 19–5–1946 (The Removal of Untouchability, p. 227).
21. Young India, 7–8–1924 (The Removal of Untouchability, p. 203. ഒരദ്ധ്യാപകസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു്).

digitized by www .sreyas.in

ണത്തിനു്, ദേശീയവിദ്യാലയങ്ങൾ അയിത്തക്കാരുടെ വിദ്യാഭ്യാസത്തിനും വിദ്യാലയങ്ങളിൽനിന്നു അയിത്തം നീക്കംചെയ്യാനും ഏററവുമധികം കഴിവുള്ള സ്ഥാപനങ്ങളായിരിക്കണം. തത്ത്വത്തിൽ (ഇന്നത്തെ ദേശീയ) വിദ്യാലയങ്ങളിൽ 'അയിത്തക്കാർക്കു്' പ്രവേശിക്കാമെങ്കിലും, അനുഭവത്തിൽ അവയിൽ നന്നേ കുറച്ചു് അയിത്തക്കാരായ കുട്ടികളേയുള്ളൂ. സ്വന്തം കുട്ടികൾ അയിത്തക്കാരായ കുട്ടികളുമായി ഇടപഴകുന്നതു് ഇഷ്ടമല്ലാത്ത മാതാപിതാക്കൾക്ക സ്വന്തം കുട്ടികളെ പിൻവലിക്കാവുന്നതാണു്. അയിത്തക്കാരെ പുറംതള്ളിയേ ഈ വിദ്യാലയങ്ങൾ നടത്താൻ കഴികയുള്ളുവെങ്കിൽ അദ്ധ്യാപകർ വിദ്യാലയങ്ങൾ പൂട്ടിക്കളയണമെന്നു് ഉപദേശിക്കാൻ എനിക്ക യാതൊരു മടിയുമില്ല. അയിത്തക്കാരായ കുട്ടികൾ കടന്നുകൂടുന്നെങ്കിൽ അവരെ പൊറുപ്പിച്ചാൽമാത്രംപോരാ, സ്നേഹൗദാര്യങ്ങൾകൊണ്ടു് അവരെ നമ്മുടെ വിദ്യാലയങ്ങളിലേക്കു് ആകർഷിക്കതന്നെ വേണം. മാതാപിതാക്കൾ കുട്ടികളെ അയയ്ക്കുന്നതുവരെ അദ്ധ്യാപകർ കാത്തിരിക്കരുതു്. കുട്ടികളെ അയയ്ക്കാൻ അവർ മാതാപിതാക്കളോടാവശ്യപ്പെടണം. ഒരു ദേശീയ അദ്ധ്യാപകൻ സ്വന്തം രംഗത്തിൽ ഒരു സ്വരാജ്പ്രചാരകൻ ആയിരിക്കണം. തന്റെ ചുമതലയിലുള്ള എല്ലാ കുട്ടികളുടെ ചരിത്രവും അയാൾ അറിഞ്ഞിരിക്കണം. തന്റെ വിദ്യാലയത്തിൽപ്പെടാത്ത കുട്ടികളേയും അയാൾ അറിഞ്ഞിരിക്കണം. അയാൾ അവരുടെ മാതാപിതാക്കളെമായി പരിചയപ്പെട്ടു എന്തുകൊണ്ടാണു് അവർ കുട്ടികളെ സ്കൂളിലേക്കു് അയയ്ക്കാത്തതെന്നു മനസ്സിലാക്കണം. സഹിഷ്ണതയില്ലാതെയല്ല, സ്നേഹപൂർവമാണു അയാൾ ഇതെല്ലാം ചെയ്യേണ്ടതു്. ഇങ്ങനെയായാൽ മാത്രമേ ദേശീയവിദ്യാലയങ്ങൾ കോൺഗ്രസ്സ്പ്രമേയമനുസരിച്ച യഥാർത്ഥ ദേശീയവിദ്യാലയങ്ങളായിത്തീരുകയുള്ളൂ.

## 22

അയൽപക്കക്കാരുടെ അക്രമപരവും വിജയകരവുമായ എതിർപ്പുകൊണ്ടോ ഒഴിച്ചുകൂടാത്ത മറെറന്തെങ്കിലും കാരണംകൊണ്ടോ ഇന്നുള്ള സ്കൂളുകളും കിണറുകളും ഹരിജനങ്ങൾക്കു് ഉപയോഗിക്കാൻ കിട്ടുന്നില്ലെങ്കിൽ, പരക്കെ ഉപയോഗിക്കാവുന്ന വിദ്യാലയങ്ങളും കിണറുകളും ഉണ്ടാക്കണം. പൊതുജനാഭിപ്രായം പാകമാകുന്നതുവരെ അത്യാവശ്യകാര്യങ്ങളിൽ ഹരിജനങ്ങൾക്ക വേണ്ടതെല്ലാം ചെയ്തുകൊടുക്കാതിരിക്കരുതു്. ഹരിജനങ്ങളെ സ്വന്തജനങ്ങളായി കരുതുന്ന പ്രബുദ്ധരായ കുറെ ഹിന്ദുക്കളുണ്ടെങ്കിൽ ആവശ്യമുള്ളതു ചെയ്യാൻ അവർ പൊതുജനാഭിപ്രായം ശക്തിപ്പെടുന്നതുവരെ കാത്തിരിക്കുകയില്ല. പുതുതായി കണ്ടെത്തിയ ഈ സ്വജനങ്ങൾക്ക ശുദ്ധജലവും നല്ല വിദ്യാഭ്യാസവും നൽകുവാൻ അവർ പരമാവധി പരിശ്രമിക്കണം.

22. Harijan, 4-3-1933 (The Removal of Untouchability, p. 204)

digitized by www .sreyas.in

23

ചോദ്യം: ഹരിജനങ്ങളല്ലാത്ത ഹിന്ദുകുട്ടികൾക്കെല്ലാം പ്രവേശം അനുവദിക്കുന്ന ഹോസ്റ്റലുകളിൽ ഹരിജൻകുട്ടികൾക്ക പ്രവേശം അനുവദിക്കണമെന്നു നമുക്ക നിർബന്ധിച്ചുകൂടേ?

ഉത്തരം: തീർച്ചയായും; എങ്കിലും ഹോസ്റ്റൽ ഏതെങ്കിലുമൊരു പ്രത്യേക ഹിന്ദുസമുദായത്തിനോ വിഭാഗത്തിനോ മാത്രമായുള്ളതാണോ എന്നു നോക്കണം. മറ്റെല്ലാ വിഭാഗങ്ങൾക്കും പ്രവേശം അനുവദിച്ചു ഹരിജനങ്ങളെമാത്രം പുറംതള്ളുകയാണെങ്കിൽ ഹരിജനങ്ങൾക്കും പ്രവേശം ലഭിക്കാൻ പ്രവർത്തകർ സർവശ്രമവും ചെയ്യണം.

## ഇ. ക്ഷേത്രങ്ങൾ

1. ***ക്ഷേത്രപ്രവേശാവകാശം***

24

നിയമക്കോടതികളുടെ സഹായം തേടാതെ, ആത്മസംയമത്തോടുകൂടി ക്ഷേത്രഭാരവാഹികൾ ഏൽപ്പിച്ചേക്കാവുന്ന അപമാനങ്ങൾ സഹിക്കാമെങ്കിൽ, അവർക്ക തനിച്ചുനിന്നു ക്ഷേത്രപ്രവേശാവകാശം ആവശ്യപ്പെടാമെന്ന തിരുവിതാംകൂറിലെ സംസ്കൃതമതികളായ 'അയിത്തക്കാ'രോടു ഞാൻ പറയുകയുണ്ടായി. അയിത്തമാകുന്ന തിന്മ മറ്റു തരത്തിൽ നിലവിലിരിക്കെ ക്ഷേത്രപ്രവേശാവകാശം തരപ്പെടുമോ എന്നു പരീക്ഷിച്ചു നോക്കരുതെന്നാണു പൊതുവിൽ അയിത്തക്കാരോടുള്ള എന്റെ ഉപദേശം. ശ്രീകോവിലിൽ കടക്കാമെന്നു് ആരോടും ഞാൻ ഉപദേശിച്ചിട്ടില്ല. മറ്റു ജാതിക്കാക്ക പ്രവേശമുള്ള സ്ഥലങ്ങൾ അയിത്തക്കാർക്കും ക്ഷേത്രാങ്കണങ്ങൾ തുറന്നുകൊടുക്കണമെന്നു താത്വികമായി ഞാൻ അവകാശപ്പെടുന്നു.

25

....ഇതു വല്ലാത്തൊരു സ്ഥിതിവിശേഷമാണു്. തെക്കെ ആഫ്രിക്കയിൽ നമ്മുടെ നാട്ടുകാരോടുള്ള പെരുമാററത്തിൽ നമുക്ക നീരസം തോന്നുന്നു; വേണ്ടതുതന്നെ. സ്വരാജ്യം സ്ഥാപിക്കാൻ നാം അക്ഷമരായിരിക്കുകയാണു്. എങ്കിലും നമ്മുടെ സ്വന്തം മതാനുയായികളിൽ അഞ്ചിലൊരു ഭാഗത്തെ പട്ടികളേക്കാൾ മോശമായി കരുതുന്നതിലുള്ള പൊരുത്തക്കേടു കാണാൻ നാം ഒരുക്കമില്ല. പട്ടികൾക്കു് അയിത്തമില്ല. നമ്മളിൽ ചിലർ ഈയിടെയായി അവയെ വീട്ടിനകത്തു് ഓമനകളെപ്പോലെ വളർത്തുന്നുണ്ടു്.

23. Harijan, 1-2-1942 (The Removal of Untouchability, p. 186)
24. Young India, 8-12-1921 (The Removal of Untouchability, p.87)
25. Young India, 14-1-1926 (The Removal of Untouchability, p.88)

digitized by www .sreyas.in

ഈ തിന്മ നീക്കംചെയ്യാൻ പലതും ചെയ്തിട്ടുണ്ടെന്നതിനു സംശയമില്ല. എങ്കിലും ക്ഷേത്രത്തിൽ കടന്നതിനു ക്രിമിനൽ പ്രോസിക്യൂഷൻ സാധ്യമാകുന്നിടത്തോളംകാലം ക്ഷേത്രപ്രവേശാവകാശവും, പൊതുക്കിണറുകൾ ഉപയോഗിക്കാനും കുട്ടികളെ യഥേഷ്ടം ദേശീയവിദ്യാലയങ്ങളിലേക്ക് അയയ്ക്കുവാനും ഉള്ള അവകാശവും മർദിതജാതികൾക്കു നിഷേധിക്കുന്നിടത്തോളം കാലം നാം ചെയ്തതൊക്കെ തുച്ഛമാണ്. തെക്കെ ആഫ്രിക്കയിൽ യൂറോപ്യന്മാർ നമ്മുടെ രാജ്യക്കാർക്ക് എന്തൊക്കെ അവകാശങ്ങൾ അനുവദിക്കണമെന്നു നാം ആഗ്രഹിക്കുന്നുവോ അതൊക്കെ ഇവർക്കു നാം അനുവദിക്കണം....പഞ്ചമന്റെ ക്ഷേത്രപ്രവേശമല്ല, അതു നിരോധിക്കുകയെന്ന കളങ്കമാണു മതത്തോടും മനുഷ്യത്വത്തോടും കാട്ടുന്ന ധിക്കാരം.

## 26

....ഹരിജനങ്ങൾതന്നെ ക്ഷേത്രപ്രവേശം ആവശ്യപ്പെടുന്നില്ലെന്നും അവർക്കാവശ്യം സാമ്പത്തികവും രാഷ്ട്രീയവുമായ നിലമെച്ചപ്പെടുത്തലാണെന്നും പറയുന്നു. രണ്ടാമതു പറഞ്ഞ കാര്യം പരിഷ്കർത്താവും ആഗ്രഹിക്കുന്നുണ്ട്; എങ്കിലും മതപരമായ സമത്വം പ്രാപിച്ചുകഴിഞ്ഞാൽ ഈ മെച്ചപ്പെടുത്തൽ കൂടുതൽ വേഗത്തിൽ സാധിക്കുമെന്ന് അയാൾ വിശ്വസിക്കുന്നു. ഹരിജനങ്ങൾ ക്ഷേത്രപ്രവേശം ആഗ്രഹിക്കുന്നില്ലെന്ന വാദത്തെ പരിഷ്കർത്താവു നിഷേധിക്കുന്നു. എങ്കിലും സവർണഹിന്ദുക്കളോടും ഹിന്ദുമതത്തോടുതന്നെയും അറപ്പുതോന്നുകകൊണ്ട്, അവരിൽനിന്നു കിട്ടുന്ന യാതൊന്നും ഹരിജനങ്ങൾ ആഗ്രഹിക്കുന്നില്ലെന്നു വരാം. നിരാശാജനകമായ അതൃപ്തി നിമിത്തം ഹിന്ദുസമുദായത്തിനു പുറത്തുനിൽക്കാൻ അവർ ഇഷ്ടപ്പെട്ടെന്നു വരാം. സവർണഹിന്ദുക്കളുടെ ഏതു പ്രായശ്ചിത്തവും വൈകിപ്പോയേക്കും.

## 27

എന്റെ പുരാതന കുടുംബത്തിനടുത്തുള്ള രാംജിക്ഷേത്രത്തിൽ ഞാൻ ദിവസേന പോയിക്കൊണ്ടിരുന്ന ആ കുട്ടിക്കാലത്തെ ഓർമകൾ വീണ്ടും തളിർക്കുകയാണ്. എന്റെ രാമൻ അന്നവിടെയായിരുന്നു. അദ്ദേഹം എന്നെ പല പേടികളിൽനിന്നും പാപങ്ങളിൽനിന്നും രക്ഷിച്ചു. എനിക്ക് അതന്ധവിശ്വാസമായിരുന്നില്ല. ആ വിഗ്രഹത്തിന്റെ പൂജാരി കൊള്ളരുതാത്തവനായിരുന്നിരിക്കാം. അയാളുടെ ചീത്തത്തമൊന്നും എനിക്കറിഞ്ഞുകൂടാ. ക്ഷേത്രത്തിൽ ദുഷ്കർമങ്ങൾ നടന്നിട്ടുണ്ടാവാം. അവയെപ്പററിയും എനിക്കു യാ-

26. Harijan, 11-2-1933 (The Removal of Untouchability, p. 93)
27. Harijan, 18-3-1933 (The Removal of Untouchability, p. 96)

digitized by www .sreyas.in

തൊന്നും അറിഞ്ഞുകൂടാ. അതിനാൽ അവ എന്നെ ബാധിക്കുകയില്ല. എന്നെ സംബന്ധിച്ച എന്തു നേരായിരുന്നുവോ, നേരാണോ അതു ലക്ഷോപലക്ഷം ഹിന്ദുക്കളെ സംബന്ധിച്ചും നേരാണ്. ഈ ക്ഷേത്രാരാധനാസൗകര്യം ലക്ഷോപലക്ഷം സവർണഹിന്ദുക്കൾക്കെന്നപോലെ എന്റെ ഹരിജൻസഹോദരർക്കും ലഭിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ക്ഷേത്രം ഹരിജൻസഹോദരർക്കു വേണമെന്നുണ്ടെങ്കിൽ തുറന്നുകൊടുക്കേണ്ടതു സവർണഹിന്ദുക്കളുടെ കടമയാണ്. മനുഷ്യവർഗത്തിന്റെ ഉള്ളിൽ തട്ടിയ ഒരാത്മീയാവശ്യമാണ് ക്ഷേത്രാരാധന. അതിലിനിയും പരിഷ്കാരങ്ങൾ ആവശ്യമായിരിക്കാം. എങ്കിലും മനുഷ്യനുള്ളിടത്തോളം കാലം അതു നിലനിൽക്കും.

## 28

....ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശത്തേക്കാളുപരി ഇന്നത്തെ ആവശ്യം ഹരിജനങ്ങൾക്കു ക്ഷേത്രപ്രവേശം നിഷേധിക്കുന്നതു തെററാണെന്ന വിശ്വാസം യാഥാസ്ഥിതികരിൽ ഉണ്ടാക്കിത്തീർക്കലാണ്....

## 29

....ഹരിജനങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സമുദ്ധരണം മതി അവരെ ഹിന്ദുസമുദായത്തിൽത്തന്നെ നിലനിർത്താനെന്നു എനിക്കു തൃപ്തിവരുമാറു തെളിയിച്ചു തരാൻ സാധിച്ചാൽത്തന്നെ, ക്ഷേത്രങ്ങൾ അവർക്കു തുറന്നുകൊടുക്കണമെന്നും അസമത്വത്തിന്റെ എല്ലാ ചിഹ്നവും നീക്കംചെയ്യണമെന്നും ഞാൻ പിന്നെയും ആവശ്യപ്പെടും; എന്തുകൊണ്ടെന്നാൽ, എന്നെസംബന്ധിച്ചിടത്തോളം ഇതു നാം നമ്മുടെ സഹോദരരോടു ചെയ്ത തെററിനു ചെയ്യേണ്ട പശ്ചാത്താപത്തിന്റെയും പരിഹാരത്തിന്റെയും കാര്യമാണ്, നിങ്ങളെ സംബന്ധിച്ചും ഇതങ്ങനെയായിരിക്കണം.

## 30

നിങ്ങൾ ക്ഷേത്രത്തിൽ പോകുന്ന പതിവുള്ളവനാണെങ്കിൽ, ആദ്യം ചെയ്യേണ്ടതു ഹരിജനങ്ങളെ നിങ്ങളുടെകൂടെ ക്ഷേത്രത്തിലേക്കു കൊണ്ടുപോവുകയാണ്. പക്ഷേ, ഹരിജനങ്ങളോടുകൂടെയല്ലെന്നാൽ ക്ഷേത്രത്തിൽ കടത്തുകയില്ലെന്നു കാണുകയാണെങ്കിൽ അയിത്തം തെററാണെന്ന് എന്നെപ്പോലെ നിങ്ങൾ ആത്മാർത്ഥമായി

---

28. Harijan, 15–4–1933 (The Removal of Untouchability, p. 95)
29. Harijan, 20–6–1936 (The Removal of Untouchability, pp. 103-104. കേംഗേരി കോൺഫറൻസിൽ ചെയ്ത പ്രസംഗത്തിൽനിന്ന്)
30. Harijan, 20–6–1936 (Removal of Untouchability, p. 103)

digitized by www .sreyas.in

വിശ്വസിക്കുന്നുണ്ടെങ്കിൽ തേളിനെയോ തീയെയോ പോലെ ആ ക്ഷേത്രത്തെ നിങ്ങൾ വർജിക്കണം. അപ്പോൾ നിങ്ങൾ ഞാൻ വിശ്വസിക്കുന്നതുപോലെ വിശ്വസിക്കണം, അത്തരം ക്ഷേത്രങ്ങളിൽ ഈശ്വരൻ അധിവസിക്കുന്നില്ലെന്നു്. ഉദാഹരണത്തിനു്, ലോകത്തിൽ സർവത്ര അറിയപ്പെടുന്ന മഹാക്ഷേത്രമായ വാരാണസിയിലെ 'കാശി വിശ്വനാഥ'ക്ഷേത്രത്തെപ്പററി പറയാം. അവിടെ അധിവസിക്കുന്നുണ്ടെന്നു കരുതപ്പെടുന്ന ഈശ്വരൻ വിശ്വനാഥനാണു് —വിശ്വത്തിന്റെ മുഴുവൻ അധിപതി. എന്നിട്ടും, ആ വിശ്വനാഥന്റെ പേരിൽ ഹരിജനങ്ങളോടു 'നിങ്ങൾ ഈ ക്ഷേത്രത്തിൽ കടന്നുകൂടാ' എന്നു പറയാനുള്ള ധിക്കാരം സവർണ്ണഹിന്ദുക്കൾക്കുണ്ടു്.

ഏതു യാഥാസ്ഥിതികഹിന്ദുവിനെയുംപോലെ നല്ലവനായ ഒരു ഹിന്ദുവാണു ഞാനെന്നു് ഞാൻ അവകാശപ്പെടുന്നു. ഹിന്ദുമതതത്ത്വങ്ങളെല്ലാം എന്റെ ജീവിതത്തിൽ പ്രയോഗിക്കാൻ എന്റെ സർവകഴിവും ഉപയോഗിച്ചു ഞാൻ പരിശ്രമിച്ചിട്ടുണ്ടു്. എന്റെ കഴിവു നിസ്സാരമാണെന്നു ഞാൻ സമ്മതിക്കുന്നു. എങ്കിലും ഹിന്ദുമതത്തോടുള്ള എന്റെ മനോഭാവത്തെയോ പ്രേമത്തെയോ അതു ബാധിക്കുന്നില്ല. വേണ്ടത്ര ചുമതലബോധത്തോടുകൂടി ഞാനിതു വെച്ചു നിങ്ങളോടു പറയുന്നു, വാരാണസി ക്ഷേത്രത്തിന്റെ കവാടങ്ങൾ ഒരൊററ ഹരിജന്റെ നേരേ കൊട്ടിയടയ്ക്കുന്നിടത്തോളം കാലം ആ ക്ഷേത്രത്തിൽ കാശി വിശ്വനാഥൻ കുടികൊള്ളുന്നില്ലെന്നും, ആ ക്ഷേത്രത്തിന്റെ വിശുദ്ധിയിലുള്ള വിശ്വാസത്തോടുകൂടിയോ അവിടെ ആരാധിച്ചാൽ എന്റെ പാപങ്ങൾ തീരുമെന്ന വിശ്വാസത്തോടുകൂടിയോ ആ ക്ഷേത്രത്തെ സമീപിക്കുവാൻ എനിക്കു സാധ്യമല്ലെന്നും. ഇത്തരമൊരു ക്ഷേത്രത്തെക്കുറിച്ചു് എനിക്കു യാതൊരു ഭക്തിയും തോന്നാൻ തരമില്ല. കാശി വിശ്വനാഥക്ഷേത്രത്തെപ്പററി ഇപ്പോൾ പറഞ്ഞതൊക്കെ ഹരിജനങ്ങൾക്കു പ്രവേശം നിഷേധിക്കുന്ന ഇന്ത്യയിലെ മറെറല്ലാ ക്ഷേത്രങ്ങൾക്കും ബാധകമാണു്.

## 31

ക്ഷേത്രത്തിലെ അയിത്താചാരം നശിപ്പിക്കപ്പെട്ടില്ലെങ്കിൽ, ക്ഷേത്രങ്ങൾ നശിപ്പിക്കപ്പെടേണ്ടിവരുമെന്നു ശ്രീ ഹരദയാൽനാഗ് പറയുന്നതു ശരിയാണു്. ക്ഷേത്രങ്ങൾ പോയാൽ അവയോന്നിച്ചു നാമിന്നു് അറിയുന്ന മട്ടിലുള്ള ഹിന്ദുമതവും പോകും.

## 32

അയിത്തോച്ചാടനത്തിനുവേണ്ടി, അയിത്തക്കാർക്കു പ്രത്യേക

---

31. Harijan, 8-5-1937 (The Removal of Untouchability, p. 113)
32. Youug India, 28-11-1929 (The Removal of Untouchability, 91)

digitized by www .sreyas.in

ക്ഷേത്രങ്ങളും സ്കൂളുകളും വേറെ നിർമിക്കുന്നതു് ഈ പ്രസ്ഥാനത്തിനു യോജിച്ചതല്ലെന്നായിരുന്നു, 1915—ൽ ഞാൻ തെക്കെ ആഫ്രിക്കയിൽനിന്നു മടങ്ങിവന്ന കാലത്തു്, ഈ പ്രസ്ഥാനം ആരംഭിച്ചപ്പോൾ എന്റെ വിചാരം. എങ്കിലും കേവലം യുക്തിയെ മാത്രം ആധാരമാക്കി ഈ പ്രസ്ഥാനത്തിനു മുന്നോട്ടു നീങ്ങാൻ കഴികയില്ലെന്നും, ഹിന്ദുക്കളായ നാം നമ്മളിൽ മൂന്നിലൊരു ഭാഗത്തെ അത്രയേറെ മർദിച്ചിരിക്കകൊണ്ടു കാര്യം പറയാൻ ശേഷിയുള്ള ഹിന്ദുക്കൾ ഏകസ്വരത്തിൽ അയിത്തോച്ചാടനം ആവശ്യപ്പെട്ടാൽപ്പോലും മർദിതസഹോദരർക്കു വളരെക്കാലത്തേക്കു പലതരത്തിലും സഹായം ആവശ്യമായിരിക്കുമെന്നും അനുഭവം എന്നെ പഠിപ്പിച്ചു. താത്ത്വികമായി വാക്കുകൊണ്ടു് അയിത്തം നീക്കംചെയ്തശേഷവും, പ്രത്യേക പരിശ്രമമുണ്ടായില്ലെങ്കിൽ അവരിൽ ഭൂരിപക്ഷവും അയിത്തോച്ചാടനംകൊണ്ടുള്ള ഗുണം ഉപയോഗപ്പെടുത്തുകയില്ല; അറിവില്ലാത്ത ഭൂരിപക്ഷം ജനങ്ങൾ അയിത്തക്കാരെ പൊറുപ്പിക്കുകയുമില്ല—വിശേഷിച്ചും ഇവരുടെ പെരുമാററം സ്വാഭാവികമായി വികൃതമായി കാണുമ്പോൾ, അല്ലെങ്കിൽ ചിരകാലമായി തടഞ്ഞുവച്ച സ്വാതന്ത്ര്യം അനുഭവിക്കുന്നതിനു്, ക്ഷന്തവ്യമാംവണ്ണമാണെങ്കിലും, അവർ വെമ്പൽകൊള്ളുമ്പോൾ. അതിനാൽ രണ്ടുകാര്യം ഒരുമിച്ചുതന്നെ വേണമെന്നു് എനിക്കു ബോധ്യമായിരിക്കുന്നു——സാധാരണ ക്ഷേത്രങ്ങളിലും സ്കൂളുകളിലും പ്രവേശിക്കുവാനും കിണറുകൾ ഉപയോഗിക്കുവാനുമുള്ള പൂർണ സ്വാതന്ത്ര്യവും അയിത്തക്കാരുടെ സൗകര്യത്തിനു പ്രത്യേകമായുള്ളതും അവരുടെ ആവശ്യത്തിനു മുൻഗണന നല്കിക്കൊണ്ടു മററുള്ളവർക്കും പ്രവേശമുള്ളതുമായ മാതൃകാവിദ്യാലയങ്ങളുടെയും മാതൃകാക്ഷേത്രങ്ങളുടെയും നിർമാണവും. ഇങ്ങനെയൊക്കെ ആലോചിച്ചുകൊണ്ടാണ് 'കൽക്കത്താ മുനിസിപ്പൽ ഗസററി'നു ഞാൻ നൽകിയ ചെറിയൊരു കുറിപ്പിൽ മർദിതജാതികൾക്കായി ക്ഷേത്രങ്ങളും മാതൃകാവിദ്യാലയങ്ങളും നിർമിച്ചും അതോടൊപ്പം തന്നെ ഇന്നുള്ള ക്ഷേത്രങ്ങൾ നമ്മുടെ ഈ നാട്ടുകാർക്കു തുറന്നുകൊടുക്കുവാൻ ശ്രമിച്ചും മുനിസിപ്പാലിററികൾക്കു് അയിത്തോച്ചാടനത്തെ സഹായിക്കാമെന്നു ഞാൻ അഭിപ്രായപ്പെട്ടതു്. അതിനാൽ ക്ഷേത്രങ്ങളിലേക്കും മററും പ്രവേശം നിഷേധിക്കുന്നതു പൊറുക്കുവാനുള്ള ഒരൊഴികഴിവായി എന്റെ ആ കുറിപ്പു് ഒരുതരത്തിലും വ്യാഖ്യാനിക്കപ്പെടരുതു്.

## 33

*'ഞാൻ നൽകിയ നിർദേശം ഇതാണു്. ദിവസേന ഏതാനും മണിക്കൂർ സമയം ക്ഷേത്രം ഹരിജനങ്ങൾക്കും ഹരിജനങ്ങളുടെ

33. My Soul's Agony, pp. 114–115(The Removal of Untouchability, pp. 91–92)

* ഗുരുവായൂർ ക്ഷേത്രപ്രവേശനകാര്യം സംബന്ധിച്ചു് ഒരൊത്തുതീർപ്പു് എന്നു

digitized by www .sreyas.in

സാന്നിദ്ധ്യത്തെക്കുറിച്ച് എതിർപ്പില്ലാത്ത മററു ഹിന്ദുക്കൾക്കുമായി തുറന്നു കൊടുക്കണം, പിന്നെ കുറെ സമയം ഹരിജനങ്ങളുടെ പ്രവേശത്തിൽ വിരോധമുള്ളവർക്കുമാത്രമായി ക്ഷേത്രം തുറന്നുവയ്ക്കണം. വൃശ്ചികമാസത്തിലെ ഏകാദശിദിവസം ഗുരുവായൂർക്ഷേത്രത്തിൽ മററു ഹിന്ദുക്കൾക്കെന്നപോലെ ഹരിജനങ്ങൾക്കും പ്രവേശം അനുവദിക്കുന്നതുകൊണ്ടും പിന്നെ പുണ്യാഹം കഴിക്കുന്നതുകൊണ്ടും എന്റെ നിർദ്ദേശം സ്വീകരിക്കുവാൻ പ്രയാസമുണ്ടാവുകയില്ല.'

ഹരിജനങ്ങൾ ക്ഷേത്രത്തിൽ വന്നുപോയിക്കഴിഞ്ഞാൽ ദിവസേന പുണ്യാഹം വേണമെന്നാണോ അദ്ദേഹത്തിന്റെ അഭിപ്രായമെന്നു ചോദിച്ചപ്പോൾ ഗാന്ധിജി പറഞ്ഞു: 'സ്വന്തംനിലയ്ക്കു ഞാൻ പുണ്യാഹത്തിനു തീരെ എതിരാണ്. എങ്കിലും അതുകൊണ്ട് എതിർപ്പുകാരുടെ മനസ്സാക്ഷി സ്വസ്ഥമാകുമെങ്കിൽ സ്വന്തം നിലയ്ക്കു പുണ്യാഹത്തിനു ഞാൻ വിരോധം പറയുകയില്ല. പുണ്യാഹത്തിനു വല്ല വിലയുമുണ്ടെങ്കിൽ ഹരിജനങ്ങളെ പ്രവേശിക്കാൻ അനുവദിച്ചാലും ഇല്ലെങ്കിലും ദിവസേന പുണ്യാഹംആവശ്യമായിത്തീരുമാറു ദിവസേന പല കാരണങ്ങൾകൊണ്ടും അശുദ്ധി സംഭവിക്കാവുന്നതാണ്.' ഗാന്ധിജി നിർദ്ദേശിച്ച ഒത്തുതീർപ്പുപ്രകാരം ഹരിജനങ്ങളും ഉയർന്നജാതികളും തമ്മിലുള്ള വ്യത്യാസം പിന്നെയും നിലനിൽക്കുകയില്ലേ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ഹരിജനങ്ങളുടെ നിലപാട് ഇപ്രകാരമായിരിക്കണമെന്ന്: 'എന്റെ സാന്നിദ്ധ്യത്തിൽ എതിർപ്പുള്ള ഒരാളുണ്ടെങ്കിൽ അയാളുടെ എതിർപ്പിനെ ഞാൻ മാനിക്കണം——അയാൾ എന്റെ അവകാശം അപഹരിക്കാത്തിടത്തോളം കാലം. എന്റെ സാന്നിദ്ധ്യത്തിൽ എതിർപ്പില്ലാത്തവരുടെ ഒപ്പം നിന്ന് ദിവസേന കുറെ സമയം ആരാധന നടത്താൻ എനിക്കുള്ള ന്യായമായ അവകാശം അനുവദിക്കുന്നിടത്തോളംകാലം ഞാൻ സംതൃപ്തനാകണം.'

ഭൂരിപക്ഷമാളുകൾ ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശം അനുവദിക്കുന്നിടത്തു, ചിലപ്പോൾ ക്ഷേത്രം തങ്ങൾക്കുമാത്രമായി കിട്ടണമെന്നാഗ്രഹിക്കുന്ന സവർണഹിന്ദുക്കളുടെ എണ്ണം അവഗണനാർഹമാകുമാറു് ചെറുതായിരിക്കുമെന്നും ഗാന്ധിജി പറഞ്ഞു.

---

നിലയിൽ, യാഥാസ്ഥിതികപക്ഷക്കാരനായ പണ്ഡിത പഞ്ചാനനതർക്കരത്നത്തിന്ന് താൻ നല്കിയ നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ ഗാന്ധിജി, 1933 ജനുവരി 2-ാംനു- അസോഷ്യേറ്റഡ് പ്രസ്സ് ലേഖകനുമായി നടത്തിയ ഒരഭിമുഖസംഭാഷണമദ്ധ്യേ വെളിവാക്കിയതാണിതു്.

digitized by www .sreyas.in

## 34

ഹരിജനങ്ങളിൽ ചിലർ പറയുന്നു: 'ഞങ്ങൾക്ക ക്ഷേത്രപ്രവേശം ആവശ്യമില്ല. ക്ഷേത്രങ്ങൾ നിർമിക്കേണ്ട. അങ്ങേയ്ക്കു കിട്ടുന്ന പണമൊക്കെ ഞങ്ങളുടെ സാമ്പത്തികോന്നമനത്തിനായി ഉപയോഗിച്ചാലും.'

സാമ്പത്തികോന്നമനത്തെക്കുറിച്ചു പറയുകയാണെങ്കിൽ, അതു ക്ഷേത്രപ്രവേശത്തിനു പകരമുള്ള ഒന്നാണെന്നു കരുതുന്നതു തീരെ തെററാണ്. ക്ഷേത്രപ്രവേശം ഇത്തരം ഉന്നമനത്തെ സഹായിക്കുകയേയുള്ളു, എന്തുകൊണ്ടെന്നാൽ ഹരിജനങ്ങൾ നിർബാധം ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ടാൽ, സാമ്പത്തികോന്നമനത്തിനുള്ള എല്ലാ മാർഗങ്ങളും മററുള്ളവർക്കെന്നപോലെ ഹരിജനങ്ങൾക്കും തനിയെ തുറന്നുകിട്ടും. എനിക്കു കിട്ടുന്ന പണത്തെക്കുറിച്ചാണെങ്കിൽ പഠിച്ച ഹരിജൻ ജീവിതപന്തയത്തിനു കൂടുതൽ സമർത്ഥനായിത്തീരുമെന്നതുകൊണ്ട് വിദ്യാഭ്യാസോന്നതി സാമ്പത്തികോന്നതിയാണെന്നു സമ്മതിക്കുന്നപക്ഷം ആ പണമൊക്കെ സാമ്പത്തികോന്നതിക്കേ ഉപയോഗിക്കുകയുള്ളു.

2 *ക്ഷേത്രപ്രവേശബില്ലിന്റെ ആവശ്യകത*

## 35

എന്റെ പര്യടനകാലത്തു്, യാതൊരെതിർശബ്ദവും കൂടാതെ, അനേകായിരംപേരുടെ അനുമോദനങ്ങൾക്കിടയിൽ വളരെ ക്ഷേത്രങ്ങൾ തുറന്നുകൊടുക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. ഉൽഘാടനത്തെ എതിർക്കുന്ന ഗണനീയമായ ഒരു ന്യൂനപക്ഷമുണ്ടായിരുന്ന ഒരിടത്തു്, ന്യൂനപക്ഷത്തെ സ്വാധീനമാക്കുന്നതുവരെ അഥവാ ഭൂരിപക്ഷത്തെ സ്വാധീനമാക്കാൻ ന്യൂനപക്ഷത്തിനു വേണ്ടത്ര സമയം അനുവദിക്കുന്നതുവരെ, ക്ഷേത്രം തുറക്കാൻ ഞാൻ കൂട്ടാക്കിയില്ല. ഇത്തരം അനുമതി കൂടാതെ അഥവാ ഏതെങ്കിലും തരത്തിലുള്ള നിർബന്ധംകൊണ്ട് ഒരൊററ ക്ഷേത്രം തുറന്നുവെന്ന് ഞാൻ കണ്ടെത്തിയാൽ അതു വീണ്ടും അടയ്ക്കുവാൻ ഞാൻ സർവകഴിവും ഉപയോഗിക്കും. ഇനി ക്ഷേത്രപ്രവേശബിൽ എടുക്കുക. ഭൂരിപക്ഷത്തിന്റെ ഇഷ്ടം സാധിക്കണമെങ്കിൽ, ക്ഷേത്രപ്രവേശബില്ലോ അതുപോലെ മറെറന്തെങ്കിലുമോ അവശ്യം ആവശ്യമാണ്. ഇന്നു് നിയമങ്ങളുടെ അഭിപ്രായപ്രകാരം ഒരൊററയാൾ എതിർത്താൽ മതി ഒരു ക്ഷേത്രം ഹരിജനങ്ങളുടെ നേരെ അടച്ചിടുവാൻ. എന്നാലും സവർണ്ണഹിന്ദുക്കളുടെ വ്യക്തമായ ഒരു ഭൂരിപക്ഷം അനുകൂലമായിട്ടില്ലെ

34. Harijan, 16-3-1934 (The Removal of Untouchability, pp. 99-100)
35. Harijan, 4-5-1934 (Removal of Untouchability, p. 101)

digitized by www .sreyas.in

ങ്കിൽ തടസ്സം നിൽക്കുന്ന ഇത്തരം നിയമനിർമാണത്തിൽ ഞാൻ പങ്കാളിയാവുകയില്ല.

36

താഴെ ചേർക്കുന്ന വിളംബരം നിമിത്തം തിരുവിതാംകൂർ രാജകുടുംബം ഹിന്ദുസമുദായത്തിന്റെയും ചിന്താശീലരായ സർവമനുഷ്യരുടെയും അഭിനന്ദനങ്ങൾ നേടിയിരിക്കുന്നു:

'നമ്മുടെ മതത്തിന്റെ പരമാർത്ഥത്തെക്കുറിച്ചും സാധുതയെക്കുറിച്ചും ഗാഢമായ ബോധമുണ്ടാവുകകൊണ്ട് അതു ദൈവികോപദേശത്തിന്മേലും സർവവ്യാപകമായ സഹിഷ്ണുതയിന്മേലും അടിയുറപ്പിക്കപ്പെട്ടതാണെന്നു വിശ്വസിച്ചുകൊണ്ട് നൂററാണ്ടുകളിലുടനീളം മാറിവരുന്ന കാലങ്ങളുടെ ആവശ്യവുമായി അതു് അതിന്റെ പ്രയോഗത്തിൽ ഇണങ്ങിപ്പോന്നിട്ടുണ്ടെന്നു് അറിഞ്ഞുകൊണ്ടു്, നമ്മുടെ ഹിന്ദുപ്രജകളിൽ ഒരൊററയാൾക്കും അയാളുടെ ജന്മമോ ജാതിയോ സമുദായമോ നിമിത്തം ഹിന്ദുമതത്തിലെ സമാധാനവും സാന്ത്വനവും നിഷേധിക്കപ്പെട്ടുകൂടെന്ന ഉൽക്കണ്ഠയുള്ളതുകൊണ്ടു്, ക്ഷേത്രങ്ങളുടെ ശരിയായ അന്തരീക്ഷം നിലനിർത്തുവാനും പൂജാനുഷ്ഠാനങ്ങൾ നടത്തിക്കൊണ്ടുപോകുവാനുംവേണ്ടി നാം നിശ്ചയിക്കുകയും നടപ്പിൽവരുത്തുകയും ചെയ്യുന്ന ചട്ടങ്ങൾക്കും ഉപാധികൾക്കും വിധേയമായ നിലയിൽ, നാമോ നമ്മുടെ ഗവർമെൻറോ നിയന്ത്രിക്കുന്ന ക്ഷേത്രങ്ങളിൽ കടക്കുന്നതിലോ ആരാധിക്കുന്നതിലോ ഏതൊരു ഹിന്ദുവിന്റെമേലും, ജന്മത്തിന്റെ പേരിലോ മതത്തിത്തിന്റെ പേരിലോ യാതൊരു തടസ്സവും ചെയ്തുകൂടെന്നു നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപിക്കുകയും കല്പിക്കുകയും ശാസിക്കുകയും ചെയ്യുന്നു.'

ആ സ്റേററിന്റെ സംരക്ഷണത്തിൽ ഉൾപ്പെട്ട ക്ഷേത്രങ്ങളിൽ ഏററവും ഉയർന്ന സവർണഹിന്ദുക്കളെന്നു വിളിക്കപ്പെടുന്നവരെപ്പോലെതന്നെ ഹരിജനങ്ങളും ആരാധന നടത്തുമെന്നാണു് ഈ വിളംബരത്തിനു വല്ല അർത്ഥവുമുണ്ടെങ്കിൽ ആ അർത്ഥം. മററു വാക്കുകളിൽ തിരുവിതാംകൂറിലെ ദേവാലയങ്ങളിൽ മേലിൽ മനുഷ്യനും മനുഷ്യനും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കുകയില്ല, ഹരിജനും ഉയർന്നജാതിക്കാരനും ഉണ്ടായിരിക്കുകയില്ല. എല്ലാവരും ഹരിജനങ്ങളായിരിക്കും, ഈശ്വരസന്താനങ്ങളായിരിക്കും. മഹത്തായ ആ വിളംബരത്തിന്റെ അർത്ഥം ഇതൊന്നുമല്ലെങ്കിൽ, അതു വെറുമൊരു കടലാസു തുണ്ടാണു്. പക്ഷേ, അതിന്റെ ആത്മാർത്ഥതയെ സംശയിക്കുവാനോ, മനസ്സിൽ എന്തെങ്കിലും കലവറയുണ്ടെന്നു ശങ്കിക്കുവാനോ കാരണമില്ല. ആ വിളംബരത്തിനു യാതൊരു രാഷ്ട്രീയ പ്രാധാന്യവുമുണ്ടാകാൻ തരമില്ല, ഒന്നുമില്ല

36. Harijan, 21–11–1936 (The Removal of Untouchability, pp 103–104)

digitized by www .sreyas.in

താനും. ആ സ്റ്റേററിന്റെ മതപരമായ കടമയുടെ നിർവഹണം മാത്രമാണതെന്നു ഞാൻ കരുതുന്നു. ആ സ്റ്റേററിലെ ഹിന്ദുക്കളെല്ലാം ആ നിലയ്ക്കു് അതു സ്വീകരിക്കുകയും അതിനോടു പെരുമാറുകയും വേണം. അതിനു മറെറന്തെങ്കിലും നിറം കൊടുക്കുന്നതു് അതിന്റെ മഹത്തായ ആദ്ധ്യാത്മികോദ്ദേശ്യത്തെയും ഫലത്തെയും നശിപ്പിക്കലായിരിക്കും.

തിരുവിതാംകൂറിന്റെ മാതൃക സാംക്രമികമാകുമെന്നും മറെറല്ലാ ഹിന്ദുസ്റ്റേററുകളും അതിനെ അനുഗമിക്കുമെന്നും നമുക്കു ആശിക്കാം. അവ അങ്ങനെ ചെയ്യാതിരിക്കുന്നതിനു യാതൊരു ന്യായവുമില്ല. വേദങ്ങളിൽനിന്നു് ഉപലബ്ധമായ ഹിന്ദുമതത്തിലെ മൗലികതത്ത്വങ്ങൾക്കു വിരുദ്ധമല്ലാത്തവയും കാലസ്വഭാവം ആവശ്യപ്പെടുന്നവയുമായ ധർമശാസനങ്ങൾ നടപ്പിൽ വരുത്തുകയെന്നതു് ഹിന്ദുരാജാവിന്റെ അവകാശവും കർത്തവ്യവുമാണു്. പുരോഗമിച്ചുകൊണ്ടിരിക്കുന്നതും സജീവവുമായ എല്ലാ മതങ്ങളെ സംബന്ധിച്ചും ഇതുതന്നെയാണു വാസ്തവം. വളരെയധികം മനസ്സിരുത്താത്ത ഒരാൾക്കുപോലും സ്മൃതികളിൽത്തന്നെയും കാണാവുന്ന വൈരുദ്ധ്യങ്ങൾക്കും മൂലപ്രമാണവ്യതിയാനങ്ങൾക്കും ഇതാണു കാരണം. ഹിന്ദുരാജാക്കന്മാർ ഈ പ്രാഥമിക ധർമം അനുഷ്ഠിക്കുന്നില്ലെങ്കിൽ അതവരുടെ കുററമല്ല, നഷ്ടപ്പെട്ട ബ്രാഹ്മണ്യത്തിന്റെതാണു്. ബ്രാഹ്മണ്യം പുനരുദ്ധരിക്കപ്പെട്ടാൽ, രാജാക്കന്മാർ കർഷകർക്കുവേണ്ടി ചെയ്യുന്ന പ്രയത്നങ്ങൾക്കുള്ള കമ്മീഷനെന്ന നിലയിൽ തങ്ങളെ നിലനിർത്താനാവശ്യമായ ഏററവും ചുരുങ്ങിയ സംഖ്യമാത്രം മുതലെടുപ്പിൽനിന്നു സ്വീകരിക്കുവാനും മുതലെടുപ്പു കർഷകർക്കുവേണ്ടി ന്യാസമെന്ന നിലയിൽ കൈവശം വയ്ക്കുന്നവരുമായ ഋഷിമാരായിത്തീരും. ഇന്നത്തേപ്പോലെ അവർക്കു സ്വകാര്യസ്വത്തു് ഉണ്ടായിരിക്കുകയില്ല. കർഷകരോടോ അവരുടെ അഭിലാഷങ്ങളോടോ തങ്ങൾക്കു യാതൊരു ബന്ധവുമില്ലെന്നു് അവരൊട്ടു കരുതുകയുമില്ല.

എന്നാൽ ഇവിടെ വിവരിച്ച മാതൃകാവസ്ഥയിൽ നാം ഈ തലമുറക്കാലത്തോ എന്നെങ്കിലുമോ എത്തുമെങ്കിലാകട്ടെ, ഇല്ലെങ്കിലാകട്ടെ, തിരുവിതാംകൂറിൽ കാണിച്ച മാതൃക പിന്തുടരുന്നതിൽ നിന്നു ഹിന്ദുരാജാക്കന്മാരെ തടയുവാൻ യാതൊന്നുംതന്നേയില്ല— അങ്ങനെ ഹിന്ദുമതത്തിൽനിന്നു് അയിത്തം പൂർണമായി നീക്കം ചെയ്യുന്ന ദിവസത്തെ കൂടുതൽ വേഗം സമാഗതമാക്കുന്നതിൽനിന്നും ഉറച്ച നാശത്തിൽനിന്നു് അതിനെ രക്ഷിക്കാൻ സഹായിക്കുന്നതിൽനിന്നും. ഇപ്പോൾത്തന്നെ വൈകിപ്പോയ ഈ പരിഷ്കാരം നടപ്പിൽവരുത്തുവാൻവേണ്ടി തങ്ങളുടെ ഹിന്ദുരാജാക്കന്മാരെ സമീപിക്കുവാൻ ഓരോ ഹിന്ദുസ്റ്റേററിലെയും ഉത്തരവാദപ്പെട്ട ഹിന്ദുക്കളെ ഞാൻ ഉപദേശിക്കുന്നു.

digitized by www .sreyas.in

37

ക്ഷേത്രപ്രവേശവിളംബരം പ്രഖ്യാപിച്ച കാലത്തു് എനിക്ക ശങ്കകളുണ്ടായിരുന്നു, അവയെ ഒളിച്ചുവയ്ക്കാൻ എനിക്ക കഴിഞ്ഞില്ല. ഞാൻ ഒളിച്ചുവച്ചുമില്ല. എന്നാൽ യാഥാർത്ഥ്യം എല്ലാ പ്രതീക്ഷകളേയും കവച്ചുവച്ചിരിക്കുന്നു. ഹരിജനങ്ങളുടെ ഉത്സാഹവും, ഏററവും ഉയർന്ന ജാതിക്കാർക്ക ചെയ്യാവുന്ന അതിർത്തിവരെ അവർ ചെയ്യുന്നതിലുള്ള എതിർപ്പില്ലായ്മയും, പൂജ നടത്തുന്നവരുടെ ഇഷ്ടത്തോടുകൂടിയ, പോരാ, ഹൃദയപൂർവമായ സഹകരണവും മഹത്തും വ്യാപകവുമായ ആ പരിഷ്കാരത്തിന്റെ പരിപൂർണ്ണമായ ഉദ്ദേശ്യശുദ്ധിയെ വെളിവാക്കിയിരിക്കുന്നു. എന്തൊന്നു് മനുഷ്യനു് അസാധ്യമായിത്തോന്നിയോ അതു് ഈശ്വരൻ സാധിപ്പിച്ചിരിക്കുന്നു.

വൈക്കംക്ഷേത്രത്തിലേക്കുള്ള ചില റോഡുകൾ ഹരിജനങ്ങൾ മുറിച്ചുകടന്നാൽ ഹിംസിക്കുമെന്നു് വൈക്കത്തെ സവർണഹിന്ദുക്കൾ ഭീഷണിപ്പെടുത്തിയതു് കുറച്ചുകൊല്ലംമുമ്പു മാത്രമാണു്. ഇപ്പോൾ അതേ ക്ഷേത്രം മററു സവർണർക്കുമെന്നപോലെതന്നെ ഹരിജനങ്ങൾക്കും തുറന്നുകൊടുത്തിരിക്കുന്നു. ഇതൊക്കെയോ, ആരുടെയും യാതൊരു നിർബന്ധവുംകൂടാതെ. ശാങ്കരസ്മൃതിയെന്ന പേരിൽ എനിക്ക ചൊല്ലിക്കേൾപ്പിച്ചതിന്റെ സ്ഥാനത്തു് മഹാരാജസ്മൃതി എത്തിയിരിക്കുന്നു; അതിന്റെ സാധുതയാകട്ടെ, സവർണഹിന്ദുക്കളുടെ അസന്ദിഗ്ദ്ധമായ ആനുകൂല്യംകൊണ്ടും, മറെറാരർത്ഥത്തിൽ അത്രതന്നെ അസന്ദിഗ്ദ്ധമായ ഹരിജനങ്ങളുടെ ആനുകൂല്യം കൊണ്ടും തെളിയിക്കപ്പെട്ടിരിക്കുന്നു. സത്യമായിട്ടും ഈശ്വരൻ വലിയവനാണു്, നമ്മുടെ വിവേകത്തിന്റെ കണ്ണു നാം തുറക്കുകമാത്രം ചെയ്യുമെങ്കിൽ. മഹാരാജാവിനും അദ്ദേഹത്തിന്റെ മനസ്വിനിയായ അമ്മയ്ക്കും അദ്ദേഹത്തിന്റെ മഹാനായ ദിവാനും അതുപോലെ തിരുവിതാംകൂറിലെ ഹിന്ദുക്കൾക്കും എന്റെ അഭിനന്ദനങ്ങൾ. ഉയർന്ന നിലയെയും താണനിലയേയും സൂചിപ്പിക്കുന്ന എല്ലാ ജാതിവ്യത്യാസങ്ങളും തിരുവിതാംകൂറിൽ നാമാവശേഷങ്ങളായെന്നു നമുക്കു് ആശിക്കുക. തിരുവിതാംകൂറിലെ ഉത്സാഹവായ്പു് നാം കളയാതെ സൂക്ഷിച്ചാൽ, അധികം താമസിക്കുന്നതിനുമുമ്പു് ഇന്ത്യ മുഴുവനും തിരുവിതാംകൂർ പ്രഭാവം ഉൾക്കൊള്ളും.

## എഫ്. രാഷ്ട്രീയരംഗം

38

നിങ്ങൾ യാതൊരു രാഷ്ട്രീയകക്ഷിയിലും പെടരുതു്. ഇന്നത്തെ ഭരണസമ്പ്രദായത്തെക്കുറിച്ചുള്ള എന്റെ അഭിപ്രായങ്ങൾ മാറിയിട്ടില്ല. എങ്കിലും വളരെക്കാലമായി നിങ്ങൾ അനുഭവിച്ച

37. Harijan, 12–12-1936 (The Removal of Untouchability, pp. 133–134)
38. Harijan, 28–3–1936 (The Removal of Untouchability, p. 230)

digitized by www .sreyas.in

പോരുന്ന പ്രത്യേകാവശതകൾ നിമിത്തം നിങ്ങൾ ഇന്ത്യയിലെ ഏറ്റവും പുരോഗമനപരമായ കക്ഷിയിൽപ്പോലും പെടരുതെന്നാണ് എന്റെ അഭിപ്രായം. ഗവർമെന്റു തരുന്നതെന്തും നിങ്ങൾ സ്വീകരിക്കണം. എങ്കിലും നിങ്ങളുടെ ആത്മാഭിമാനം നിങ്ങൾ ബലികഴിക്കരുത്. ഇതുപോലെതന്നെ, കോൺഗ്രസ് പരിപാടിയിലെ നല്ല ഇനങ്ങളോടെല്ലാം—അതായതു്, മദ്യനിരോധം, ഉപ്പുനികുതി വേണ്ടെന്നുവയ്ക്കൽ മുതലായവയോടു്, നിങ്ങൾ യോജിക്കയും, ആരുടെ താത്പര്യങ്ങളും നിങ്ങളുടേതും ഒന്നാണോ ആ ഇന്ത്യയിലെ ദരിദ്രരിൽനിന്നു നിങ്ങൾ അകന്നുനിൽക്കുകയില്ലെന്നു ലോകത്തോടു പറയുകയും വേണം. ഒരു കക്ഷിയിലും നിങ്ങൾ ചേരാൻ പാടില്ലെങ്കിലും നിങ്ങൾ യാതൊരു ചുററുപാടുകളിലും രാജ്യത്തെ വിൽക്കരുതു്. നിങ്ങൾക്കു ഇത്രയും ചെയ്യാൻ കഴിയുമെങ്കിൽ, ഹരിജനങ്ങൾ ഇന്ത്യയിലെ ഏററവും പ്രമുഖ ഘടകമായിത്തീരും. ഈ ഹരിജനങ്ങൾ ഉണരുമ്പോൾ അവർ തട്ടിനീക്കാൻ വയ്യാത്തൊരു ശക്തിയായിത്തീരും.

## 39

ചോദ്യം: കോൺഗ്രസ്സ് അയിത്തക്കാരെ ഒരു ന്യൂനപക്ഷമായി കരുതുന്നുണ്ടോ?

ഉത്തരം: പാഴ്സികൾക്കും യെഹൂദന്മാർക്കും ക്രിസ്ത്യാനികൾക്കും തങ്ങളെ ന്യൂനപക്ഷങ്ങളെന്നു വിളിക്കാമെങ്കിലും, ആ അർത്ഥത്തിൽ അയിത്തക്കാർ ഒരു ന്യൂനപക്ഷമല്ലാത്തതുകൊണ്ടു്, അവരെ കോൺഗ്രസ്സ് ന്യൂനപക്ഷമായി കരുതാൻ പാടില്ല. ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ന്യൂനപക്ഷങ്ങളും, ശൂദ്രർ ഭൂരിപക്ഷവുമാണെങ്കിൽ, ഹരിജനങ്ങൾ ന്യൂനപക്ഷമാണ്. നാം പരിചയിച്ച അർത്ഥത്തിൽ ഇവരൊന്നും ന്യൂനപക്ഷങ്ങളോ ഭൂരിപക്ഷങ്ങളോ അല്ല. ഭാഗ്യവശാൽ ആ ഘട്ടത്തിൽ നാം എത്തിയിട്ടില്ല. എത്തിയാൽ ഏതു തരത്തിലുള്ള സ്വരാജ്യത്തോടും വിടവാങ്ങലായിരിക്കും അതു്. ഇംഗ്ലീഷുകാർ ഇന്നു പോയേക്കാം, എന്നെങ്കിലും അവർ പോകും; എന്നാൽ നാം പരസ്പരം കഴുത്തറുക്കുന്ന കാടന്മാരായിത്തീരുകയാണെങ്കിൽ കാടന്മാരുടെ സ്വാതന്ത്ര്യമാണു നമുക്കുണ്ടാവുക.

## 40

മററു ന്യൂനപക്ഷങ്ങൾ ഉന്നയിച്ച വാദങ്ങൾ എനിക്കു മനസ്സിലാക്കാൻ കഴിയും. എന്നാൽ അയിത്തക്കാർക്കുവേണ്ടി ഉന്നയിക്കപ്പെട്ട വാദങ്ങൾ 'ഏററവും നിർദയമായ പ്രഹര'മായി എനിക്കു

---

39. Harijan, 28-7-1946 (The Removal of Untouchability, p. 234)
40. Young India, 26-11-1931 (The Removal of Untouchability, p. 229)

digitized by www .sreyas.in

തോന്നുന്നു. ആ 'ദുഷ്ടമായ പ്രതിബന്ധം' ശാശ്വതമാവുകയെന്നാണു് അതിനർത്ഥം. ഇന്ത്യയുടെ സ്വാതന്ത്ര്യം നേടാൻവേണ്ടിപ്പോലും അയിത്തക്കാരുടെ സുപ്രധാന താത്പര്യങ്ങൾ ഞാൻ വിററുകളകയില്ല. അയിത്തക്കാരിൽ ഭൂരിപക്ഷത്തെ ഞാൻ പ്രതിനിധാനം ചെയ്യുന്നു എന്നു ഞാൻ അവകാശപ്പെടുന്നു. ഇപ്പോൾ കോൺഗ്രസ്സിനുവേണ്ടി മാത്രമല്ല ഞാൻ സംസാരിക്കുന്നതു്, എനിക്കുതന്നെവേണ്ടിയുമാണു്; അയിത്തക്കാരുടെ ഒരു റെഫറണ്ടം ഉണ്ടായെങ്കിൽ അവരുടെ വോട്ടു് എനിക്കു കിട്ടുമെന്നും, എനിക്കാണു് ഏററവുമധികം വോട്ടുകൾ കിട്ടുകയെന്നും ഞാൻ അവകാശപ്പെടുന്നു. യാഥാസ്ഥിതിക ഹിന്ദുക്കളുടെ—അയിത്തക്കാരുടെയല്ല—അവമാനമായ ആ 'ദുഷ്ടമായ പ്രതിബന്ധം' നീക്കം ചെയ്യാനുള്ള വഴി, പ്രത്യേക നിയോജകമണ്ഡലങ്ങളും പ്രത്യേക സംവരണവുമല്ലെന്നു് അയിത്തക്കാരോടു പറയാൻവേണ്ടി ഇന്ത്യയിൽ ഒരററംമുതൽ മറേറ അററംവരെ സഞ്ചരിച്ചു് ഞാൻ പണിയെടുക്കും. അയിത്തമാകുന്ന ഈ കളങ്കം നീക്കം ചെയ്യാൻ പ്രതിജ്ഞചെയ്ത ഹിന്ദുപരിഷ്കർത്താക്കളുടെ ഒരു സംഘം ഇന്നുണ്ടെന്നു് ഈ കമ്മിററിയും ലോകം മുഴുവൻതന്നെയും അറിഞ്ഞിരിക്കട്ടെ. ഞങ്ങളുടെ റജിസ്റ്ററിലും കാനേഷുമാരിയിലും അയിത്തക്കാരെ ഒരു പ്രത്യേക വർഗമായി കാണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. സിക്കുകാർക്കു് എന്നും സിക്കുകാരായിത്തന്നെ നിൽക്കാം, അതുപോലെതന്നെ മുസ്ലീങ്ങൾക്കും അങ്ങനെതന്നെ യൂറോപ്യന്മാർക്കും. അയിത്തക്കാർ എന്നെന്നും അയിത്തക്കാരായിത്തന്നെ വർത്തിക്കുമോ? അയിത്തം ജീവിക്കുന്നതിനെക്കാൾ ഹിന്ദുമതം നശിക്കുന്നതാണു് എനിക്കു കൂടുതൽ ഇഷ്ടം.

അയിത്തക്കാരെ ഇസ്ലാമിലേക്കോ ക്രിസ്തുമതത്തിലേക്കോ മതം മാററുന്നതിൽ എനിക്കു വിരോധമില്ല. അതു ഞാൻ സഹിക്കും; എന്നാൽ ഗ്രാമങ്ങളിൽ രണ്ടു വിഭാഗങ്ങളെ സൃഷ്ടിക്കുകയാണെങ്കിൽ അതുകൊണ്ടു ഹിന്ദുമതത്തിനു് എന്തു സംഭവിക്കുമോ അതു സഹിക്കാൻ എന്നെക്കൊണ്ടാവില്ല. അയിത്തക്കാരുടെ രാഷ്ട്രീയാവകാശങ്ങളെപ്പററിപ്പറയുന്നവർക്കു് ഇന്ത്യയെ അറിഞ്ഞുകൂടാ, ഇന്ത്യൻസമുദായം എങ്ങനെയാണു സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതെന്നു് അറിഞ്ഞുകൂടാ. അതിനാൽ ഇക്കാര്യത്തെ ചെറുക്കുവാൻ ഞാൻ ഒരുത്തനേ ഉള്ളവെങ്കിൽപ്പോലും എന്റെ ജീവൻകൊണ്ടു് ഞാൻ അതിനെ ചെറുക്കുമെന്നു് എന്റെ സർവശക്തിയും ഉപയോഗിച്ചു ഞാൻ പറഞ്ഞുകൊള്ളട്ടെ.

41

അങ്ങു് സാമുദായിക പ്രാതിനിധ്യം വേണമെന്ന പക്ഷക്കാരനാണോ? എല്ലാ ഭരണസമിതികളിലും അയിത്തക്കാർക്കു പ്രാതിനിധ്യം വേണമെന്നു് അങ്ങേയ്ക്കു് അഭിപ്രായമുണ്ടോ?

41. Young India, 5-2-1925 (The Removal of Untouchability, p. 275)

digitized by www .sreyas.in

അല്ല. എങ്കിലും സ്വാധീനശക്തി കൂടിയ ജാതിക്കാർ അയിത്തക്കാരെ മനഃപൂർവം പുറംതള്ളുകയാണെങ്കിൽ, അതു സ്വരാജ്യത്തിലേക്കുള്ള വഴിതടയുന്ന ഒരനുചിത കർമമായിരിക്കും. സാമുദായിക പ്രാതിനിധ്യത്തെ ഞാൻ അനുകൂലിക്കാത്തതിന്ന് പ്രാതിനിധ്യത്തിൽനിന്ന് ഏതെങ്കിലും സമുദായത്തെ പുറംതള്ളുകയെന്നർത്ഥമില്ല; നേരേമറിച്ച്, പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്കും പ്രാതിനിധ്യം പോരാത്ത സമുദായങ്ങൾക്കും ശരിയായ പ്രാതിനിധ്യം നൽകേണ്ട ഭാരം പ്രാതിനിധ്യമുള്ള സമുദായങ്ങളെ ഏൽപ്പിക്കുകയാണ് അതു ചെയ്യുന്നത്.

## 42

ചോദ്യം: 1. നിർമ്മിക്കപ്പെടാൻപോകുന്ന ഭാവിഭരണഘടനയിൽ ഹരിജനങ്ങളുടെ നിലയെന്തായിരിക്കും?

2. പഞ്ചായത്തുബോർഡ് മുതൽ സ്റ്റേററ്കൗൺസിൽവരെയുള്ള സീററുകളുടെ എണ്ണം ജനസംഖ്യാടിസ്ഥാനത്തിൽ നിശ്ചയിക്കുവാൻ അങ്ങ് ഗവർമെൻറിനേയും കോൺഗ്രസ്സിനേയും ഉപദേശിക്കുമോ?

3. പട്ടികജാതി മെമ്പർമാരുടെ ഭൂരിപക്ഷത്തിൻെറ വിശ്വാസമർഹിക്കുന്നവരായ പട്ടികജാതി നിയമസഭാംഗങ്ങളിൽനിന്നു ചിലരെ മന്ത്രിസഭാംഗങ്ങളായി നോമിനേററുചെയ്യുവാൻ കോൺഗ്രസ്സിനേയും നിയമസഭകളിലെ വിവിധ ഭൂരിപക്ഷനേതാക്കന്മാരേയും അങ്ങ് ഉപദേശിക്കുമോ?

4. ഹരിജനങ്ങൾ പിന്നണിയിൽപ്പെട്ടവരാകകൊണ്ട്, അവർക്കു പ്രസിഡണ്ടുമാരും ചെയർമാന്മാരുമായിത്തീരാൻ കഴിയുന്നതിനുവേണ്ടി, ലോക്കൽബോർഡുകളിലും മുൻസിപ്പൽ കൗൺസിലുകളിലും എക്സിക്യൂട്ടീവ് സ്ഥാനങ്ങൾ വഹിക്കുന്നതു സാമുദായികമായ ഊഴം അനുസരിച്ചായിരിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥചെയ്‌വാൻ അങ്ങ് ഗവർമെൻറിനെ ഉപദേശിക്കുമോ?

5. കോൺഗ്രസ്സിലെ ജില്ലാക്കമ്മിററികൾ മുതൽ പ്രവർത്തകസമിതിവരെ ഹരിജനങ്ങൾക്ക് ഇത്രശതമാനം സീററുകൾ ഉണ്ടായിരിക്കണമെന്ന് അങ്ങു നിശ്ചയിക്കാത്തതെന്തുകൊണ്ടാണ്?

ഉത്തരം: 1. എൻെറ അഭിപ്രായപ്രകാരം ഉണ്ടാകുന്ന ഭരണഘടനയിൽ ഏതുരൂപത്തിലുള്ള അയിത്താചരണവും കുററമാക്കുന്ന വകുപ്പുണ്ടായിരിക്കും. അതതു നിയോജകമണ്ഡലത്തിലെ ജനസംഖ്യയനുസരിച്ച്, എല്ലാ തെരഞ്ഞെടുക്കപ്പെട്ട സഭകളിലും അയി

42. Harijan, 2-8-1942 (The Removal of Untouchability, pp. 230-231)

ത്തക്കാരെന്നു വിളിക്കപ്പെടുന്നവർക്കു് സ്ഥാനങ്ങൾ സംവരണം ചെയ്തിട്ടുണ്ടായിരിക്കും.

2. ഉത്തരം, മുകളിൽ പറഞ്ഞതിൽ ഉൾപ്പെട്ടുവെന്നു കാണാം.

3. എന്നെക്കൊണ്ടാവില്ല. ഈ തത്ത്വം ആപൽക്കരമാണു്. അവഗണിക്കപ്പെട്ട വർഗങ്ങളുടെ സംരക്ഷണം അവർക്കും രാജ്യത്തിനും ഹാനികരമാകുമാറു് അത്യധികമാകരുതു്. പരക്കെ സമ്മതനായ ഒരു മികച്ച വ്യക്തിയായിരിക്കണം ക്യാബിനററു് മന്ത്രി. തിരഞ്ഞെടുക്കപ്പെട്ട സഭയിൽ സ്ഥാനം കിട്ടിയ ഒരാൾ മർമസ്ഥാനങ്ങളിൽ എത്തിച്ചേരാൻ തന്റെ നൈസർഗികയോഗ്യതകളേയും ജനസമ്മതിയേയുംതന്നെ ആശ്രയിക്കണം.

4. ഒന്നാമതു്, ചത്തതുപോലെയായിത്തീർന്ന ഇന്നത്തെ നിയമത്തിൽ എനിക്കു താൽപര്യമില്ല. എന്നാൽ, പറഞ്ഞുകഴിഞ്ഞ കാരണംകൊണ്ടുതന്നെ ഞാൻ നിങ്ങളുടെ അഭിപ്രായത്തിന്നെതിരാണു്.

5. മുകളിൽ പറഞ്ഞ കാരണങ്ങൾകൊണ്ടു ഞാനെതിരാണു്. എന്നാലും ഹരിജൻ അംഗങ്ങളെ കോൺഗ്രസ്സ് രജിസ്റ്ററിലെ അവരുടെ അംഗസംഖ്യയനുസരിച്ചു തിരഞ്ഞെടുക്കുവാൻ തിരഞ്ഞെടുത്തുണ്ടാക്കുന്ന വലിയ കോൺഗ്രസ്സ് സംഘടനകളെ നിർബന്ധിച്ചാൽ ക്കൊള്ളാമെന്നു് എനിക്കാഗ്രഹമുണ്ടു്. നാലണ മെമ്പർമാരാകാൻ തക്കവണ്ണം ഹരിജനങ്ങൾക്കു കോൺഗ്രസ്സിൽ താൽപര്യമില്ലെങ്കിൽ, തിരഞ്ഞെടുത്ത സഭകളിൽ തങ്ങളുടെ പേർ കാണുമെന്നു് അവർ പ്രതീക്ഷിക്കരുതു്. എങ്കിലും ഹരിജനങ്ങളെ സമീപിച്ചു കോൺഗ്രസ്സ് മെമ്പർമാരാകാൻ അവരെ പ്രേരിപ്പിക്കണമെന്നു ഞാൻ കോൺഗ്രസ്സ് പ്രവർത്തകരോടു ശക്തിപൂർവം ആവശ്യപ്പെട്ടുകൊള്ളുന്നു.

## 43

ചോദ്യം: ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും നിയമസഭകളിലും ഹരിജനങ്ങൾക്കു് അർഹമായ പ്രാതിനിധ്യം ആവശ്യപ്പെട്ടു് അവർക്കു രാഷ്ട്രീയശക്തി നേടിക്കൊടുക്കുവാൻ ഹരിജൻസേവക് സംഘം ശ്രമിക്കേണ്ടതല്ലേ?

ഉത്തരം: തീർച്ചയായും അതു ശ്രമിക്കണം. അതിനുവേണ്ടി എത്ര ശ്രമിച്ചാലും അധികമാവുകയില്ല.

---

43. Harijan, 28-7-1946 (The Removal of Untouchability, p. 269)

digitized by www .sreyas.in

## 44

* അദ്ദേഹം കോൺസ്റ്റിററുവൻറ് അസംബ്ളിയെയോ മററ് അസംബ്ളികളെയോ കുറിച്ച് ആലോചിക്കരുതെന്നു പറഞ്ഞു് അദ്ദേഹത്തിൻെറ നീരസം ഞാൻ സമ്പാദിക്കുകതന്നെവേണം. അവിടെ ആവശ്യമുള്ളവർ അവയിലേക്കു പോകട്ടെ. നശിച്ച ജാതി മനോഭാവം കളയുന്നതിനു പകരം അദ്ദേഹം വാദിക്കുന്നു, ഏതെങ്കിലും ഹരിജൻപോരാ ഈ ആവശ്യത്തിനെന്നും മെഹ്ത്തർജാതിക്കാരന്നുതന്നെ മുൻഗണന നൽകണമെന്നും. ഇതു് ആർക്കും യാതൊരു ഗുണവും ചെയ്യാത്ത ദ്രോഹകരമായ ഒരു സമ്പ്രദായമാണെന്നു ഞാൻ അദ്ദേഹത്തോടു പറയുന്നു.

എങ്ങനെയായാലും, എന്നെക്കൊണ്ടു സാധിക്കാത്തതാണു് അദ്ദേഹം എന്നിൽനിന്നു പ്രതീക്ഷിക്കുന്നതു്. ഞാൻ ഈ വലിയ സ്ഥാപനങ്ങൾക്കൊന്നും പററിയ മട്ടിൽ സൃഷ്ടിക്കപ്പെട്ടവനല്ല. ഇടക്കിടക്കു നടക്കുന്ന അസംബ്ളി തിരഞ്ഞെടുപ്പുകളിൽ ഞാൻ യാതൊരു താത്പര്യവും കാണിച്ചിട്ടില്ല. ഈ തിരഞ്ഞെടുപ്പുകൾ നടത്തുന്ന പ്രവർത്തകസമിതി യോഗങ്ങളിൽ ഞാൻ ഹാജരായിട്ടില്ല. ഇപ്പോഴത്തെ ഈ തിരഞ്ഞെടുപ്പുകളെപ്പററി ഞാൻ അറിയുന്നതു വർത്തമാനപത്രങ്ങളിൽനിന്നാണ്. ഞാനൊരു ഭംഗിയായി തീർന്നിരിക്കുകയാണു്—അതാണു് ഓരോ ഹിന്ദുവിനും പററിയ തൊഴിൽ എന്നു കരുതുന്നതുകൊണ്ടു്, ഹിന്ദുക്കൾ സർവാത്മനാ ഭംഗികളായിത്തീർന്നു ജാതിവിഹീനരായാലേ ഇന്നു നാം കാണുന്ന വികൃതരൂപത്തിലുള്ള, പുരാതനമായ ചില അയിത്തവ്യവസ്ഥ മാനമായി നശിച്ചുപോകൂ എന്നു കരുതുന്നതുകൊണ്ടു്. എൻെറ ലേഖകൻ ഉദ്ദേശിച്ച അംഗത്വത്തിനു് ആഗ്രഹിച്ചതുകൊണ്ടു് ഇതു ചെയ്യാനൊക്കില്ല.

## 45

ഹരിജൻ സുഹൃത്തുക്കളിൽനിന്നു് എനിക്കു് എഴുത്തുകൾ കിട്ടിയിട്ടുണ്ടു്. ചിലർ എന്നെ കാണാനും വന്നിരുന്നു. ഇപ്പോൾ അധികാരം രാഷ്ട്രത്തിൻെറ കൈകളിൽ എത്തിയിരിക്കുകകൊണ്ടു്, അവർക്കു തോന്നുന്നു ഒന്നിലധികം ഹരിജൻ മന്ത്രിമാരുണ്ടായിരിക്കണമെന്നു്. ജനസംഖ്യാനുപാതമനുസരിച്ചു് അവർക്കു മൂന്നു മന്ത്രിമാരെങ്കിലും വേണം. എന്നല്ല, ഈ അടിസ്ഥാനത്തിൽ ഓരോ ഡിപ്പാർട്ടുമെൻറിലും അവർ പ്രാതിനിധ്യം അവകാശപ്പെടുന്നു. പ്രാപ്തിയുള്ളവർ അവരുടെ ഇടയിൽ വേണ്ടത്രയില്ലെന്നു വിചാരിക്കു

---

44. Harijan, 14-7-1946 (The Removal of Untouchability, p. 234)
* മെഹ്ത്താർ സമുദായത്തിന്നു കോൺസ്റ്റിററുവൻറ് അസംബ്ളിയിൽ തക്ക പ്രാതിനിധ്യം കിട്ടാൻ വേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നന്വേഷിച്ചുകൊണ്ടു് ഒരു മെഹ്ത്താർ ബിരുദധാരി അയച്ച എഴുത്തിന്നു മറുപടിയായി ഗാന്ധിജി, മററു ചിലതിൻെറ കൂട്ടത്തിൽ എഴുതിയതു്.
45. Harijan, 6-10-1946 (The Removal of Untouchability, p. 235)

digitized by www .sreyas.in

ന്നതു് തെററാണെന്നു് അവർ പറയുന്നു. പ്രാപ്തിയുടെ കാര്യം ഹരിജനങ്ങളല്ലാത്തവർക്കു് ബാധകമാക്കിയിട്ടില്ലെന്നു് അവർ വാദിക്കുന്നു. സ്വജനപക്ഷപാതത്തിന്റെ ഉദാഹരണങ്ങൾ കാണിക്കാൻ അവർക്കു കഴിയും.

അവർ പറയുന്നതെല്ലാം ശരിയാണെന്നു സമ്മതിക്കാൻ ഞാൻ തയ്യാറില്ല. എന്റെ മനസ്സു തികച്ചും മറെറാരുതരത്തിലാണു പ്രവർത്തിക്കുന്നതു്. അധികാരത്തിനുവേണ്ടിയുള്ള ഈ നെറികെട്ട മത്സരത്തിൽ എനിക്കു താൽപര്യമില്ല. ഹരിജനങ്ങൾ അവരുടെ കർത്തവ്യങ്ങളെക്കുറിച്ചേ ആലോചിക്കാവൂ എന്നും, എന്നാൽ രാത്രിക്കു ശേഷം പകലെന്നോണം, അവകാശങ്ങൾ വന്നുചേരുമെന്നും മാത്രമാണു് ഹരിജനങ്ങളോടു് എന്റെ ഉപദേശം.

46

ചോദ്യം: അങ്ങയുടെ സ്വരാജ്യത്തിൽ അയിത്തക്കാരുടെ സ്ഥാനം എന്തായിരിക്കും?

ഉത്തരം: ഞാൻ വിഭാവനം ചെയ്യുന്ന സ്വരാജ്യത്തിൽ അയിത്തക്കാരുടെ സ്ഥാനം സവർണ ഹിന്ദുക്കളെന്നു പറയപ്പെടുന്നവരുടേതിനോടു തുല്യമായിരിക്കും, സർവഥാ.

## ജി. പലവക

*1. ജലസൗകര്യം*

47

ഒരു ബംഗാളിലേഖകൻ ചോദിക്കുന്നു:

1. ബംഗാളിൽ കിണറുകളിൽനിന്നു് വെള്ളംകോരാൻ അയിത്തക്കാരെ അനുവദിക്കുന്നില്ല; കുടിക്കാനുള്ള വെള്ളം വച്ച മുറിയിൽ അവർക്കു കടക്കാനും പാടില്ല. ഈ ദ്രോഹം ഇല്ലാതാക്കാൻ എന്തുചെയ്യണം? അവർക്കായി പ്രത്യേകം കിണറുകൾ കുഴിച്ചാൽ, അഥവാ പ്രത്യേക സ്കൂളുകൾ സ്ഥാപിച്ചാൽ, ഈ ദ്രോഹത്തിനു് സമ്മതം മൂളുകയായിരിക്കും ഫലം.

2. ബംഗാളിലെ അയിത്തക്കാരുടെ മനഃസ്ഥിതി ഉയർന്ന ജാതിക്കാർ അവരുടെ കൈയിൽനിന്നു വെള്ളം സ്വീകരിക്കണമെന്നാണു്. അവരോ, തങ്ങളിൽ താണവരുടെ കൈയിൽനിന്നു് വെള്ളം സ്വീകരിക്കുകയുമില്ല. ഈ തെററിൽനിന്നു് അവരെ പിൻതിരിപ്പിക്കുവാൻ എന്തുചെയ്യണം?

---

46. Harijan, 28-7-1946 (The Removal of Untouchability, p. 234)

47. Young India, 19-2-1925 (The Removal of Untouchability, p. 169)

digitized by www .sreyas.in

3. ബങ്കാളിലെ ഹിന്ദുമഹാസഭയും പൊതുവേ ഹിന്ദുക്കളും പറയുന്നു, അയിത്തക്കാരുടെ കൈയിൽനിന്നു വെള്ളം സ്വീകരിക്കുന്നതു് അങ്ങേക്കിഷ്ടമല്ലെന്നു്.

എന്റെ മറുപടി:

1. ഈ ദ്രോഹം ഇല്ലാതാക്കാനുള്ള വഴികളിലൊന്നു് നാം അയിത്തക്കാരുടെ കൈയിൽനിന്നു വെള്ളം സ്വീകരിക്കുകയാണു്. അവർക്കായി പ്രത്യേകം കിണറുകൾ കുഴിച്ചാൽ ഈ ദ്രോഹം എന്നെന്നും നിലനിൽക്കുമെന്നു് ഞാൻ വിചാരിക്കുന്നില്ല. അയിത്തത്തിന്റെ ദോഷങ്ങൾ ഇല്ലാതാക്കാൻ കുറേക്കാലം വേണ്ടിവരും. പൊതുക്കിണറുകൾ ഉപയോഗിക്കുവാൻ മററുള്ളവർ ഒരിക്കലും അവരെ അനുവദിക്കുകയില്ലെന്ന ഭയംകൊണ്ടു്, അയിത്തക്കാർക്കു പ്രത്യേക കിണറുകൾ ഉണ്ടാക്കിക്കൊടുക്കാതിരിക്കുന്നതു തെററാണു്. എന്റെ വിശ്വാസം, നാം അയിത്തക്കാർക്കു് നല്ല കിണറുകൾ കുഴിച്ചുകൊടുത്താൽ മററുള്ളവരും അതു് ഉപയോഗിച്ചുതുടങ്ങുമെന്നാണു്. സവർണഹിന്ദുക്കൾ അയിത്തക്കാരോടുള്ള കടമ മനസ്സിലാക്കി അവരുടെ നേരെയുള്ള അവജ്ഞ നശിപ്പിക്കുന്നതോടൊന്നിച്ചുതന്നെ അയിത്തക്കാരുടെ ഇടയിലും പരിഷ്കാരങ്ങൾ ഉണ്ടാകണം.

2. 'ഉയന്ന'ജാതി ഹിന്ദുക്കളെന്നു പറയപ്പെടുന്നവർ 'അസ്പൃശ്യരെ' 'സ്പർശിക്കാൻ' തുടങ്ങുമ്പോൾ, അയിത്തക്കാരുടെ ഇടയിൽത്തന്നെയുള്ള അയിത്തം തനിയെ നശിച്ചുകൊള്ളും. അയിത്തക്കാരിൽ ഏററവും താണവരുടെ അടുത്തുനിന്നു തുടങ്ങണം നമ്മുടെ ജോലി.

3. ബങ്കാളിലെ ഹിന്ദുമഹാസഭ എന്താണു് എന്നെപ്പററിപ്പറഞ്ഞിരുന്നതെന്നു് എനിക്കറിഞ്ഞുകൂടാ. എന്റെ നില വ്യക്തമാണു്. അയിത്തക്കാരെ ശൂദ്രരുടെ കൂട്ടത്തിൽ പെടുത്തുകയും അവരോടു് ശൂദ്രരോടെന്നപോലെ പെരുമാറുകയും വേണം. ശൂദ്രരുടെ കൈയിൽനിന്നു നാം വെള്ളം സ്വീകരിക്കാറുള്ളതുപോലെ അയിത്തക്കാരിൽനിന്നു് സ്വീകരിക്കാനും മടിക്കരുതു്.

## 48

ഗാന്ധിജി ബർദോളിയിൽവച്ചു് ഹരിജൻസേവകരെ കാണുകയും അവരുടെ ചോദ്യങ്ങൾക്കു മറുപടി പറയുകയും ചെയ്തു. ആദ്യത്തെ ചോദ്യം കിണറുകളെപ്പററിയായിരുന്നു.

'നാം ഹരിജനങ്ങളുടെ സഹകരണം തേടണമോ, വേണമെങ്കിൽ, എന്തുമാത്രം?'

48. Harijan, 1-2-1942 (The Removal of Untouchability, p. 186)

digitized by www .sreyas.in

ഗാന്ധിജി പറഞ്ഞു: 'സഹകരണം ആവശ്യമാണ്. എങ്കിലും നാം ഹരിജനങ്ങളെ ഒന്നിച്ചുകൂട്ടി, സവർണ ഹിന്ദുക്കളുടെ വീടുകൾ ആക്രമിക്കരുത്. നാം കിണറുകളുടെ അടുത്തുചെന്ന്, ആരെല്ലാമാണ് അവ ഉപയോഗിക്കുന്നതെന്നറിഞ്ഞു്, അവ ഉപയോഗിപ്പാൻ ഹരിജനങ്ങളെ അനുവദിക്കുന്നതിനുവേണ്ടി ന്യായവാദം ചെയ്യണം. ലോക്കൽബോർഡ് വകയായ കിണറുകളുടെ കാര്യത്തിൽ, ഉദ്യോഗസ്ഥന്മാരുടെ സഹായം യഥേഷ്ടം തേടാവുന്നതാണ്; ദേഹോപദ്രവം സഹിക്കാൻ തയ്യാറുള്ള ഹരിജനങ്ങളോട് അവ ഉപയോഗിക്കാനും പറയാം. എങ്കിലും, ഹരിജനങ്ങളുടെയും അവരെ ദ്രോഹിക്കുമെന്നോ അടിക്കുമെന്നോ ഭീഷണിപ്പെടുത്തുന്നവരുടെയും ഇടയ്ക്കുനിന്ന്, പ്രഹരം സേവകർ ഏൽക്കണം. വൃത്തിയുള്ള പാത്രങ്ങൾ ഉപയോഗിക്കുവാനും ശുചിത്വത്തിന്റെ സാമാന്യനിയമങ്ങളെല്ലാം പാലിക്കുവാനും ഹരിജനങ്ങളോട് എപ്പോഴും ആവശ്യപ്പെടണം. ഹരിജനങ്ങൾക്കായി കിണറുകൾ കുഴിച്ചുകൊടുക്കുകയും അവ ഉപയോഗിക്കുവാൻ സവർണരെ ക്ഷണിക്കുകയുമാകാം. ഹരിജനങ്ങളെ ബഹിഷ്കരിച്ചേക്കുന്നവരാം. എന്നാൽ അവർക്ക് മറ്റെവിടെയെങ്കിലും ജോലി കിട്ടാൻ നാം ശ്രമിക്കണം. അഹിംസാനിരതരായി ഉറച്ചുനിൽക്കാൻ ഹരിജനങ്ങളെ പഠിപ്പിക്കണം; അനീതി നീണ്ടാൾ നിലനിൽക്കാൻ തരമില്ലെന്നു സവർണരോട് സൗമ്യമായി പറയുകയും വേണം. ഇതൊക്കെ സാമാന്യതത്ത്വങ്ങളാണ്, ചുറ്റുപാടുകളനുസരിച്ച് ഓരോരുത്തനും പെരുമാറണം.

## 2. *പൊതുവായ പാർപ്പിടങ്ങൾ*

49

ചോദ്യം: ക്ഷേത്രപ്രവേശത്തിനും പൊതുക്കിണറുകൾ ഉപയോഗിക്കുന്നതിനുമുള്ള തടസ്സം നീക്കൽ, വിദ്യാഭ്യാസത്തിനു സ്കോളർഷിപ്പുകൾ നല്കൽ മുതലായതൊക്കെ നല്ലതാണെങ്കിലും, അയിത്തമാകുന്ന ശാപം സർവഥാ ദൂരീകരിക്കാനുള്ള ശരിയായ വഴി ചേരികളും ഹരിജനങ്ങൾക്കു മാത്രമായുള്ള പാർപ്പിടങ്ങളും ഇല്ലാതാക്കുകയാണെന്ന് ഒരു മദിരാശി ഹരിജൻ എഴുതുന്നു.

ഉത്തരം: ഇഷ്ടമുള്ളിടത്തു താമസിക്കാൻ ഹരിജനങ്ങളെ അനുവദിച്ചാൽ അയിത്തം കരകടക്കുമെന്നു പറയുന്നതു ശരിയാണെന്നുതോന്നാം. എനിക്കറിയാവുന്നിടത്തോളം, ഹരിജനങ്ങൾ ഇന്നിന്ന ദിക്കിൽ താമസിച്ചുകൊള്ളണമെന്നു നിശ്ചയിക്കുന്ന നിയമമൊന്നും ഇന്നില്ല. ഒരു ദുരാചാരമാണ് അവരെ അങ്ങനെ ചെയ്യാൻ നിർബന്ധിക്കുന്നതു്. ആ ആചാരം തകർന്നുവരുകയാണ്, വളരെ

49. Harijan, 13-10-1946 (The Removal of Untouchability, p. 193)

digitized by www .sreyas.in

മെല്ലെയാണെങ്കിലും. ഇങ്ങനെയിരിക്കെ, അതു തീരെ ഇല്ലാതാക്കേണ്ടതു് എല്ലാവരുടെയും കടമയാണു്. ജനങ്ങളുടെ മനസ്സിളക്കേണ്ട ഒരു കാര്യമാണതു്. ശ്രേഷ്ഠമായ ത്യാഗംകൊണ്ടു് ഉദ്ദിഷ്ടഫലം നേടാൻ കഴിയും. തുളസീദാസ് പറഞ്ഞിട്ടില്ലേ:

'ത്യാഗംകൊണ്ടു് ബ്രഹ്മാവു് വിശ്വം സൃഷ്ടിച്ചു,
ത്യാഗംകൊണ്ടു് വിഷ്ണു അതു് രക്ഷിക്കുന്നു.
ത്യാഗംകൊണ്ടാണു ചരാചരങ്ങൾ മുഴുവൻ നിലനിർത്തപ്പെടുന്നതു്.
തന്നിമിത്തം ഭവാനീ, പോയി ത്യാഗംചെയ്യൂ.'

ഈ ശ്രേഷ്ഠഗുണമുള്ള ഒരുത്തനുണ്ടായാൽ, ആ അശുദ്ധി തിരോഭവിക്കും. മതം ശുദ്ധമാക്കപ്പെടും, സംരക്ഷിക്കപ്പെടും.

*3. പൊതുശ്മശാനം*

## 50

ഞാൻ ദുഃഖപുരസ്സരം ഈ വരികൾ എഴുതുമ്പോൾ, എന്റെ മുമ്പിൽ വരുന്ന ചിത്രം അഭിമാനം മുററിയ ഗുജറാത്തിന്റേതല്ല, ഭ്രാന്തുപിടിച്ച ഗുജറാത്തിന്റേതാണു്.

ശ്രീ പരീക്ഷിത്‌ലാൽ ഒരു ഹരിജനസേവകനാണു്. ആ നിലയിൽ ഗുജറാത്തിനെ സേവിക്കാൻ അദ്ദേഹം കൊതിക്കുന്നു; പക്ഷേ, അവിടത്തെ ജനങ്ങളെ പിടികൂടിയ ഭ്രാന്തു് അദ്ദേഹത്തെ തോൽപ്പിച്ചിരിക്കുകയാണു്. ജീവനുള്ള ഹരിജനങ്ങളെപ്പററി നാം കേൾക്കാറുണ്ടു്. പരീക്ഷിത്‌ലാലിന്റെ കഥയിലാകട്ടെ, മരിച്ച ഹരിജനങ്ങളും അയിത്തക്കാരാണു്. ശ്മശാനസ്ഥലത്തെങ്കിലും മനുഷ്യനും മനുഷ്യനും തമ്മിൽ വ്യത്യാസമുണ്ടാകാൻ പാടില്ലാത്തതാണു്. ഇതിനെ വകവയ്ക്കാതെ, ഹരിജനങ്ങളെ പൊതുശ്മശാനസ്ഥലത്തുനിന്നു പുറംതള്ളണമോ? ഒരു വൃദ്ധഹരിജന്റെ ശരീരം പൊതുശ്മശാനസ്ഥലത്തു് ദഹിപ്പിക്കുവാൻ നവശ്രീയിലെ മഹാജനങ്ങളെ പ്രേരിപ്പിക്കുവാൻ വളരെ ക്ലേശിക്കേണ്ടിവന്നു. വാസ്തവത്തിൽ, ഒരു കൂട്ടർക്കു സൗജന്യം കാണിക്കാനോ, മററേ കൂട്ടർക്കു് ആഹ്ലാദിക്കാനോ ഒരു വകയുമുണ്ടായിരുന്നില്ല. എങ്കിലും, ചിലപ്പോൾ നമുക്കു് ചില്ലറ ആനുകൂല്യങ്ങൾക്കുപോലും നന്ദി പറയേണ്ടിവരും. ഇക്കാര്യത്തിൽ പ്രക്ഷോഭണം സഫലമായതു നന്നായി.

50. Harijan, 22-9-1946 (The Removal of Untouchability, p. 192)

digitized by www .sreyas.in

4. ഹോട്ടലുടമകൾ, ക്ഷൗരക്കാർ, അലക്കുകാർ മുതലായവരുടെ സേവനം

## 51

ഒരു ഹരിജൻസേവകൻ എഴുതുന്നു.

1. നമ്മുടെ നാട്ടിൽ ഹരിജനങ്ങൾക്കു പ്രവേശം അനുവദിക്കാത്ത ഹോട്ടലുകളും ക്ഷൗരസ്ഥലങ്ങളുമുണ്ട്. നമ്മുടെ ദേശസേവകർ—ഖാദിപ്രവർത്തകരും ഹിന്ദിപ്രവർത്തകരും കോൺഗ്രസ് പ്രചാരകരും—ഇത്തരം സ്ഥാപനങ്ങൾ ബഹിഷ്കരിക്കുകയും ഹരിജനങ്ങളുടെ ഈ അവശതകൾ തീർക്കാൻ സ്വന്തം കഴിവ് ഉപയോഗിക്കുകയും ചെയ്യേണ്ടതല്ലേ?

2. എ. ഐ. എസ്. എ. നിയമിച്ച അലക്കുകാരുണ്ട്. ഇവരിൽ ചിലർ അയിത്തം ആചരിക്കുന്നവരും ബ്രാഹ്മണരുടേതും നായന്മാരുടേതുമല്ലാത്ത വസ്ത്രങ്ങൾ അലക്കാൻ കൂട്ടാക്കാത്തവരുമാണ്. കടിക്കുന്ന ശീലമുള്ളവരെ എ. ഐ. എസ്. എ. നിയമിക്കാറില്ല. അതുപോലെ സ്വന്തം തൊഴിലിൽ അയിത്തം ആചരിക്കുന്ന അലക്കുകാരേയും എ. ഐ. എസ്. എ. നിയമിക്കാതിരിക്കേണ്ടതല്ലേ?

ഈ ചോദ്യങ്ങൾ സമുചിതങ്ങളാണ്. രണ്ടിനും ഒരു തരത്തിലേ ഉത്തരം പറഞ്ഞുകൂടൂ. ഏതൊന്നിനുവേണ്ടി നാം ജീവിക്കുകയും വേണ്ടിവന്നാൽ മരിക്കുകയും ചെയ്യണമോ അത്തരം ഒരു മതമായി ഹിന്ദുമതം നിലനിൽക്കണമെങ്കിൽ അയിത്തശാപം ദൂരീകരിച്ചേ തീരൂ എന്നു ദൃഢമായി വിശ്വസിക്കുന്നവരാൽ,അവർ കോൺഗ്രസ്സുകാരായാലും അല്ലെങ്കിലും, ബഹിഷ്കരിക്കപ്പെടേണ്ടവയാണ് ഹരിജനങ്ങൾക്കു പ്രവേശം നിഷേധിക്കുന്ന സ്ഥാപനങ്ങളെല്ലാം. ഈ സേവകൻ ചൂണ്ടിക്കാണിച്ചമാതിരി കാര്യങ്ങളിൽ, ചിലപ്പോൾ വലിയ വിഷമം നേരിടും. പക്ഷേ, ഗുരുതരങ്ങളായ വൈഷമ്യങ്ങളെ സഗൗരവം നേരിട്ട് തരണം ചെയ്യാതിരുന്നാൽ യാതൊന്നും നേടാനാവില്ല.

ഈ ചോദ്യം ചിലപ്പോൾ ധർമസങ്കടമുണ്ടാക്കുന്ന ഒന്നാണ്. മററു ജോലിക്കാരെപ്പോലെ എ. ഐ. എസ്. എ. യുടെ സഹായം ലഭിക്കുന്നവരാണ് ഈ അലക്കുകാർ. ഈ ശാപം ഒരന്ധവിശ്വാസമാണെന്നു് അവരെ ധരിപ്പിക്കാനുള്ള സർവശ്രമവും നിഷ്ഫലമാക്കുന്ന മർക്കടമുഷ്ടിയോടുകൂടി അവർ അയിത്തത്തെ മുറുകെപ്പിടിക്കുന്നു. അയിത്തം ആചരിക്കുന്ന ജോലിക്കാരെയെല്ലാം ബഹിഷ്കരിക്കണമെന്നു പെട്ടെന്നു എ. ഐ. എസ്. എ.യോട് ആവശ്യപ്പെടുവാൻ എനിക്കു നിവൃത്തിയില്ലെങ്കിലും, ഈ കാര്യങ്ങളിൽ ഇതുവരെയുണ്ടായിരിക്കുന്നതിനെക്കാൾ ജാഗ്രത വേണമെന്നതിനു സംശയമില്ല. ഈ അന്ധവിശ്വാസം വെടിഞ്ഞവർക്കു തീർച്ച

---

51. Harijan, 29-3-1942 (The Removal of Untouchability, pp. 187-188)

digitized by www .sreyas.in

യായും മുൻഗണന നൽകണം. അയിത്തരോഗം ബാധിച്ചവരെ സമീപിക്കുന്ന മനോഭാവത്തെ ആശ്രയിച്ചാണ് പലതും നിൽക്കുന്നതു്.

## VI

### ഹരിജനപ്രവർത്തനം–സംഘടനാപരമായ പ്രശ്നങ്ങൾ

### എ. ഹരിജനപ്രവർത്തനം രാഷ്ട്രീയമല്ല

1

ഹരിജൻ സേവക്സംഘം കോൺഗ്രസിന്റെ ഒരു ഭാഗമല്ല. 1932–ൽ ജയിലിലായിരുന്നപ്പോാം ഞാൻ അനുഷ്ഠിച്ച ഉപവാസത്തിന്റെ ഫലമാണതു്. എല്ലാ ജാതിക്കാരരായ ഹിന്ദുക്കളെയും ഉാംപ്പെടുത്തിയതും പണ്ഡിത മാളവ്യജിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടതും പ്രസ്തുത സംഘത്തിനു ജന്മം നൽകിയതുമായ ആ സമ്മേളനം ആ സംഘത്തെ കോൺഗ്രസ്സിൽനിന്നു വേറിട്ടും രാഷ്ട്രീയമല്ലാതെയും നിലനിർത്താൻ തീരുമാനിച്ചു. സംഘത്തിന്റെ ഈ സ്വഭാവമാണ് അതിന്റെ അദ്ധ്യക്ഷനാകാൻ സേത് ജി. ഡി. ബിർളയ്ക്കും സെക്രട്ടറിയാകാൻ തക്കർബാപ്പയ്ക്കും സൗകര്യമുണ്ടാക്കിക്കൊടുത്തതു്. എന്നാലും ആ സംഘത്തിൽ വളരെ കോൺഗ്രസ്സുകാരുണ്ടു്, ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ യഥാർത്ഥത്തിൽ എല്ലാ പരിഷ്കർത്താക്കളും കോൺഗ്രസ്സിലേക്കു് ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ആ സംഘത്തിൽ കോൺഗ്രസ്സുകാരല്ലാത്തവരും ധാരാളമുണ്ടെന്നതു നേരാണ്. രാഷ്ട്രീയത്തിൽ മാത്രം താത്പര്യമുള്ള കോൺഗ്രസ്സുകാർ അതിലേക്കു വരുന്നില്ലെന്നതും നേരാണ്, അതിനാൽ കോൺഗ്രസ്സുകാർ ആ സംഘത്തിൽ താത്പാര്യം കാണിക്കുന്നില്ലെന്ന തെററായ തോന്നൽ ചിലപ്പോാം ഉണ്ടാകാറുണ്ടു്. സ്വജീവിതത്തിൽനിന്നു് അയിത്തം സമൂലം നീക്കം ചെയ്യേണ്ടതു് ഓരോ കോൺഗ്രസ്സുകാരന്റെയും കടമയാണ്.

### ബി. പ്രവർത്തകരുടെ യോഗ്യതകൾ

2

അയിത്തം നീക്കം ചെയ്യാൻ നിങ്ങാം എന്താണു ചെയ്യുക? അയിത്തം ഹിന്ദുമതത്തിലെ ഒരു കളങ്കമാണെന്നു പ്രഖ്യാപിച്ചതുകൊണ്ടു് നിങ്ങളുടെ കടമ നിർവഹിച്ചുകഴിഞ്ഞുവെന്നു് നിങ്ങാം പറകയാണെങ്കിൽ അതൊരു വെറും പരിഹാസമാകും, ആവേശാധിക്യം

1. Harijan, 10-5-1942 (The Removal of Untouchability, p. 265)
2. Harijan, 20-6-1936 (The Removal of Untouchability, p. 237)

digitized by www .sreyas.in

കൊണ്ടു നിങ്ങൾ ഓടിപ്പോരുന്നു് ഒരു ഹരിജനെ തൊടുകയും ആശ്ലേഷിക്കുകയും ചെയ്തശേഷം അവനെപ്പററി തീരെ വിസ്മരിച്ചാൽ അതുകൊണ്ടും കാര്യമായില്ല. ഹരിജനങ്ങൾ താമസിക്കുന്നിടത്തു ദിവസേന ചെന്നു് നിങ്ങളുടെ വിശ്വാസത്തിന്റെ ലക്ഷണമെന്ന നിലയിൽ കുറേപ്പേരെ തൊടുന്നതു് പതിവാക്കിയാലും പോരാ.

നിങ്ങളുമായി പരിചയപ്പെടാറുള്ള ഹരിജനങ്ങൾക്കെല്ലാം തങ്ങൾക്കൊരു നല്ല കാലം വന്നിരിക്കുന്നുവെന്നു തികച്ചും തോന്നാൻ തക്കവണ്ണം സ്വന്തം ദൈനംദിനജീവിതം ക്രമപ്പെടുത്തുകയാണു് നിങ്ങൾ ചെയ്യേണ്ടതു്.

## 3

സഫലമായ ഹരിജൻസേവനത്തിനു്—ദരിദ്രർക്കും അനാഥർക്കും നിസ്സഹായർക്കുമായി ചെയ്യുന്ന എല്ലാ സേവനത്തിനും—ആവശ്യമായ ഒററസംഗതി സേവകന്റെ ജീവിത പരിശുദ്ധിയാണു്. അതില്ലെങ്കിൽ, ഏററവും മികച്ച ബുദ്ധിശക്തിയും ഭരണനൈപുണ്യവും വ്യർത്ഥമാണു്. അവ തടസ്സമായെന്നും വരാം. എന്നാൽ, സേവനാഭിനിവേശത്തോടുകൂടെ സംശുദ്ധസ്വഭാവംകൂടിയുണ്ടെങ്കിൽ, ബുദ്ധിപരവും ഭരണപരവുമായ കഴിവു വികസിച്ചുകൊള്ളും, അല്ലെങ്കിൽ ഉണ്ടായിക്കൊള്ളും.

ഒരു പൊതുപ്രവർത്തകൻ ഭരണയന്ത്രത്തിലെ ഒരു ഘടകമെന്ന നിലയിൽ നിപുണതയോടെ പണിയെടുക്കുന്നുണ്ടെങ്കിൽ,അയാളുടെ സ്വഭാവത്തെ തീരെ അവഗണിക്കാനുള്ള ഒരു പ്രവണത ആധുനിക പൊതുജീവിതത്തിലുണ്ടു്. ഓരോരുത്തന്റെയും സ്വഭാവം അവന്റെ സ്വന്തം കാര്യമാണെന്നു പറയപ്പെടുന്നു. പലർക്കും ഈ അഭിപ്രായമുള്ളതായി കണ്ടിട്ടുണ്ടെങ്കിലും അതിനെ വിലമതിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. സ്വീകരിക്കാൻ തീരെ കഴിഞ്ഞിട്ടില്ല. സ്വഭാവശുദ്ധി ഒരു പ്രധാന സംഗതിയല്ലെന്നു കരുതിയ സംഘടനകൾക്കു സംഭവിച്ച അനർത്ഥങ്ങൾ ഞാൻ കണ്ടിട്ടുണ്ടു്. എങ്കിലും മൂകലക്ഷങ്ങളുടെ ക്ഷേമത്തിന്റെ ചുമതലയേറെറടുത്ത ഹരിജൻസേവക്സംഘംപോലുള്ള സംഘടനകൾക്കേ തൽക്കാലം ഞാൻ ഈ അഭിപ്രായം ബാധകമാക്കിയിട്ടുള്ളുവെന്നു് വായനക്കാർക്കു കാണാം. പരിശുദ്ധസ്വഭാവം ഇത്തരം സേവനത്തിന്റെ അനുപേക്ഷണീയഘടകമാണെന്നതിൽ എനിക്കു യാതൊരു സംശയവുമില്ല. ഹരിജൻ, ഖാദി, ഗ്രാമവ്യവസായങ്ങൾ എന്നീ കാര്യങ്ങളിൽ പ്രവർത്തിക്കുന്നവർ ബുദ്ധിശക്തിയിൽ ശിശുക്കളോടു് ഉപമിക്കാവുന്ന തനി ശുദ്ധാത്മാക്കളും നിഷ്കളങ്കരും അജ്ഞരുമായ സ്ത്രീപുരുഷന്മാരുമായി ഏററവും അടുത്തിടപെടേണ്ടവരാണു്. സ്വഭാവശുദ്ധി

3. Harijan, 7-11-1936 (The Removal of Untouchability, p. 238)

digitized by www .sreyas.in

ല്ലെങ്കിൽ അവസാനം അവർ പരാജിതരാവുകയും, ഏറ്റെടുത്ത കാര്യത്തെ അവർ സ്വന്തം പ്രവർത്തനരംഗങ്ങളിൽ തുലയ്ക്കുകയും ചെയ്യാതിരിക്കുകയില്ല. ഇത്തരം സംഗതികളെക്കുറിച്ചുള്ള അനുഭവം കൊണ്ടാണ ഞാൻ ഇതെഴുതുന്നതു്. ഇത്തരം സേവനങ്ങളിൽ ഏർപ്പെട്ടവരുടെ എണ്ണം നോക്കുമ്പോൾ, ഭാഗ്യവശാൽ ഈവിധക്കാർ വളരെ കുറവാണു്; എന്നാലും ഈ സേവനങ്ങളിൽ ഏർപ്പെട്ട സംഘടനകളും പ്രവർത്തകരും പരസ്യമായി താക്കീതു നൽകുകയും കരുതിയിരിക്കുകയും ചെയ്യേണ്ടതു് ആവശ്യമായി വരുമാറു്, അത്തരക്കാർ പലേടത്തുമുണ്ടു്.

4

ഹിന്ദുമതത്തെ ശുദ്ധീകരിക്കാനുള്ള ഒരാവേശം ഓരോ പ്രവർത്തകനുമുണ്ടായിരിക്കണം. ആ പരിശ്രമത്തിൽ ജീവൻ വെടിയാൻ അവർ സന്നദ്ധരായിരിക്കുകയും വേണം. ഹിന്ദുമതത്തിലെ ഈ കളങ്കം നീക്കംചെയ്യാൻവേണ്ടി എല്ലാ കുടുംബബന്ധങ്ങളും സാമുദായിക ലാഭങ്ങളും ജീവൻപോലും ബലികഴിക്കാൻ സേവകൻ തയ്യാറായിരിക്കണം. ഈ പണി, പ്രാർത്ഥന, സ്നാനം മുതലായവയെപ്പോലെ ജീവിതത്തിൽ ഒഴിച്ചുകൂടാത്ത ഒന്നാകണം; പണമോ പ്രതിഫലമോ നേടിത്തരുന്ന ഒന്നാകരുതു്. പ്രവർത്തകനു് ഈ ആവേശമുണ്ടെങ്കിൽ, വഴി അവന്റെ മുമ്പിൽ തെളിഞ്ഞു കാണാം. ഇത്തരമൊരു പ്രവർത്തകൻ ഹരിജനങ്ങളെ പട്ടിണികിടത്തുന്നതിനേക്കാൾ താൻതന്നെ പട്ടിണികിടക്കുവാനാണു് ഇഷ്ടപ്പെടുക; ഹരിജനങ്ങൾക്കു നിഷേധിച്ച സൗകര്യങ്ങൾ സ്വീകരിക്കുവാൻ മടിക്കും; അവരുമായി ദിവസേന അധികമധികം താദാത്മ്യം പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഈ ജോലിയെല്ലാം രാഷ്ട്രീയഫലങ്ങൾ നോക്കാതെ ചെയ്യണം, ഹിന്ദുമതത്തെ ശുദ്ധവും സജീവവുമാക്കാൻ വേണ്ടിമാത്രമായിട്ടു്.

## സി. ഭരണച്ചെലവു്

5

വിവിധ സംഘടനകളെ ലേഖകൻ തന്റെ ചാട്ടവാർപ്രയോഗത്തിനു വിധേയമാക്കിയിരിക്കുന്നു. തന്റെ പരിഗണനയിൽ ധൂർത്തമായ അവയുടെ ഭരണത്തെ അദ്ദേഹം കർക്കശമായിട്ടാണു് വിമർശിക്കുന്നതു്. സംഘടനാകാര്യങ്ങളിൽ ഒരു വിദഗ്ദ്ധനെന്നു് അവകാശപ്പെടുന്ന എന്റെ സാധാരണനിശ്ചയം ഭരണച്ചെലവു്, അതായതു തലപ്പത്തുള്ളവർക്കുവേണ്ടി ചെയ്യുന്ന ചെലവു്, വരവിന്റെ 10 ശതമാനത്തിൽ കവിയരുതെന്നാണു്; 5 ശതമാനമാണു്

4. Harijan, 1–2–1942 (The Removal of Untouchability, p. 238)
5. Harijan, 1–3–1933 (The Removal of Untouchability, p. 255)

digitized by www .sreyas.in

ആദർശം; ബാക്കിയൊക്കെ സംഘടനയെ സൃഷ്ടിച്ച കാര്യത്തിനുവേണ്ടി ചെലവു ചെയ്യണം. സെൻട്രൽ ബോർഡിനും സംസ്ഥാനബോർഡുകൾക്കും സവർണഹിന്ദുക്കൾ നടത്തുന്ന എല്ലാ സ്വതന്ത്ര ഹരിജൻസംഘടനകൾക്കും ഈ സമ്പ്രദായം ഞാൻ നിർദേശിക്കുന്നു. ഹരിജനങ്ങൾക്കുവേണ്ടി ചെലവാക്കുന്നതിലുമധികം പണം നാം സംഘടനകൊണ്ടു നടത്താനാണു ചെലവാക്കുന്നതെന്നു നമ്മേപ്പററിപ്പറയുവാൻ ഇടവരാതിരിക്കട്ടെ. ഹരിജൻ കാര്യത്തിനുവേണ്ടി സംഭാവനയായി കിട്ടുന്ന ഓരോ 100 ക.യിൽനിന്നും 90 ക. ശരിക്കും ഹരിജനങ്ങളുടെ പോക്കററിലെത്തണം; അതിനാൽ നമ്മുടെ ഉദ്യോഗസ്ഥന്മാർ മിക്കവാറും പ്രതിഫലം വാങ്ങാതെ ജോലി ചെയ്യുന്നവരായിരിക്കണം; പ്രതിഫലം കൊടുക്കുന്ന സേവനം വേണമെങ്കിൽത്തന്നെ ഉയർന്ന ശമ്പളം ഒരിക്കലും കൊടുക്കരുതു്. സാധിക്കുന്നിടത്തെല്ലാം ഹരിജനങ്ങളെത്തന്നെ നിയമിക്കണം. ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു് അവർക്കു പരിശീലനം നൽകണം. താൻ പരിശോധിച്ച സംഘടനകളിൽ ശിപായിമാരായിപ്പോലും ഹരിജനങ്ങളെ നിയമിക്കുന്നില്ലെന്നു് ഈ ലേഖകൻ പറയുന്നു.

ഞാൻ ചുരുക്കിപ്പറഞ്ഞ ഈ വിമർശനങ്ങളുടെയും എന്റെ ഈ അഭിപ്രായങ്ങളുടേയും വെളിച്ചത്തിൽ ഹരിജൻ സേവനത്തിനായുള്ള ഓരോ സംഘടനയും ആത്മപരിശോധന നടത്തട്ടെ.

## ഡി. ഹരിജൻസേവക്സംഘവും സവർണരും

6

രാജമുന്ദ്രിയിൽവച്ചു് ഹരിജനങ്ങളുടെ ഒരു നിവേദകസംഘം ഗാന്ധിജിയെക്കണ്ടു ദീർഘനേരം സംഭാഷണം നടത്തുകയുണ്ടായി. തങ്ങളുടെ ഇടയിൽ പഠിപ്പും പ്രാപ്തിയുമുള്ള ധാരാളം പേരുള്ളതുകൊണ്ടു്, ഹരിജൻസേവാസംഘത്തിന്റെ ഭരണം തങ്ങളെ ഏൽപിക്കണമെന്നു്. മററു പലതിന്റെയും കൂട്ടത്തിൽ അവർ വാദിച്ചു. സവർണഹിന്ദുക്കൾക്കു് ഈ ജോലിയിൽ സഹായിക്കാം, എങ്കിലും ഉദ്യോഗസ്ഥന്മാരെല്ലാം ഹരിജനങ്ങളായിരിക്കണമെന്നു് അവർ പറഞ്ഞു. ഗാന്ധിജി അവർക്കു താഴെച്ചേർക്കുന്ന മറുപടി നല്കി.

'നിങ്ങൾ ഉന്നയിച്ച ഒരു പ്രധാന സംഗതി ഹരിജൻ സേവക് സംഘത്തിൽ മുഖ്യമായി നിങ്ങൾ അംഗങ്ങളായിരിക്കണമെന്നും അതിന്റെ ഭരണം നിങ്ങൾ നടത്തണമെന്നുമാണു്. നിങ്ങൾ 'ഹരിജൻ' വായിക്കാറില്ലെന്നാണു് ഇതു വ്യക്തമാക്കുന്നതു്. ആ ബോർഡിന്റെ ഉത്ഭവം നിങ്ങൾ മനസ്സിലാക്കിയിട്ടില്ലെന്നു ഇതു വ്യക്തമാക്കുന്നു. പശ്ചാത്തപിക്കുവാനും നിങ്ങൾക്കു നഷ്ടപരിഹാരം നൽ

6. Harijan, 5-1-1934 (The Removal of Untouchability, pp. 258–259)

digitized by www .sreyas.in

കാനും സവർണ്ണഹിന്ദുക്കൾക്കു കഴിവുണ്ടാക്കാൻവേണ്ടിയാണ് ആ ബോർഡ് രൂപവൽക്കരിക്കപ്പെട്ടതു്. അങ്ങനെ അതു് അധമർണ്ണന്റേതായ ഒരു ബോർഡാണ്, നിങ്ങളാണ് ഉത്തമർണ്ണൻ. നിങ്ങൾ അധമർണ്ണർക്കൊന്നും കൊടുക്കാനില്ല; അതിനാൽ ഈ ബോർഡിനെ സംബന്ധിച്ചിടത്തോളം മുൻനിന്നു പ്രവർത്തിക്കേണ്ടതു് അധമർണ്ണരാണ്, അധമർണ്ണർ കടം വീട്ടുന്നുണ്ടോ ഇല്ലയോ എന്നു നിങ്ങൾ സാക്ഷ്യപ്പെടുത്തണം. നിങ്ങൾ ചെയ്യേണ്ടതു് കടം വീട്ടാൻ അവർക്കു കഴിവുണ്ടാക്കുകയും അവരെ സഹായിക്കുകയുമാണ്. അതായതു് എങ്ങനെയാണ് അവർ കടംവീട്ടേണ്ടതു് എന്നു നിങ്ങൾക്കു പറയാം; ഭൂരിപക്ഷം ഹരിജനങ്ങളെ തൃപ്തരാക്കാൻ എന്തു ചെയ്യണമെന്നും നിങ്ങൾക്കു പറയാം, അവർ നിങ്ങളുടെ ഉപദേശം സ്വീകരിച്ചെന്നും ഇല്ലെന്നും വരാം. സ്വീകരിച്ചില്ലെങ്കിൽ, സ്വാഭാവികമായി, അവർ നിങ്ങളുടെ അപ്രീതിക്കു പാത്രമായിത്തീരുന്നു. ഒരധമർണ്ണനു് ഉത്തമർണ്ണന്റെ അടുത്തുചെന്നു് ഇങ്ങനെ പറയാം: 'ഞാൻ ഇത്ര പണം കൊണ്ടുവന്നിട്ടുണ്ടു്, നിങ്ങളിതു സ്വീകരിക്കുമോ?' ഉത്തമർണ്ണനു പറയാം: 'പോട, പോ. എനിക്കു മുഴുവൻ കിട്ടണം, അല്ലെങ്കിൽ ഒന്നും വേണ്ട.' അല്ലെങ്കിൽ ഇങ്ങനെയും പറയാം. 'നിങ്ങൾ കൊണ്ടുവന്നതു് കടത്തിന്റെ ഒരംശമല്ല, അതിലും മോശമാണ്.' ഉത്തമർണ്ണരായ നിങ്ങൾക്കു് ഇതൊക്കെച്ചെയ്യാം. അതിനാൽ ഈ ബോർഡ് സ്ഥാപിച്ച കാലത്തു ചില ഹരിജൻ സുഹൃത്തുക്കൾ എനിക്കെഴുതിയപ്പോൾ, ഞാൻ അവരോടു പറഞ്ഞു ഹരിജനങ്ങൾക്കു് ഉപദേശകബോർഡുകളോ പരിശോധനാബോർഡുകളോ രൂപവൽക്കരിക്കാമെന്ന്. ഈ വ്യത്യാസം നിങ്ങൾ പൂർണ്ണമായി മനസ്സിലാക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. നിങ്ങളുടെ ഉപദേശമോ സഹകരണമോ സഹായമോ സ്വീകരിക്കുന്നതെന്ന വിചാരമില്ലെന്നു നിങ്ങൾ മനസ്സിലാക്കണം. സുബദ്ധവും യുക്തിയുക്തവുമായ നില നിങ്ങളെ അറിയിക്കുക മാത്രമാണു ചെയ്യുന്നതു്. ഈശ്വരൻ സവർണ്ണഹിന്ദുക്കൾക്കായി സദയം അനുവദിച്ച കുറച്ചു സമയമാണിതു്. ഈ കാലത്താണ് അവർ തങ്ങളുടെ ആത്മാർത്ഥത തെളിയിക്കേണ്ടതു്. സവർണ്ണഹിന്ദുക്കളുടെ ഈ കടം തികച്ചും വീട്ടണമെന്നു കരുതിയാണു ഞാൻ ഈ പാടുപെടുന്നതൊക്കെ, ഈ പാഞ്ഞുനടക്കുന്നതൊക്കെ.'

ബോർഡുതന്നെ തിരഞ്ഞെടുത്ത ഹരിജനങ്ങൾ ഉൾപ്പെട്ട ഉപദേശക കമ്മിററികളെ നിയമിക്കണമെന്ന്, അപ്പോൾ നിവേദക സംഘത്തിലെ ഒരംഗം അഭിപ്രായപ്പെട്ടു. സ്വേച്ഛയാ ഹരിജനായിത്തീർന്ന ഒരുവനെന്ന നിലയ്ക്കു ഗാന്ധിജി ഈ അഭിപ്രായത്തിലെ അപാകം അവർക്കു കാണിച്ചുകൊടുത്തുകൊണ്ടു പറഞ്ഞു: 'ഹരിജനങ്ങളുടെ ഒരു കമ്മിററിയെ നിയമിക്കാൻ നിങ്ങൾ ബോർഡിനോടാവശ്യപ്പെടരുതു്. അതിനുപകരം നിങ്ങൾതന്നെ ഒരു കമ്മിററിയുണ്ടാക്കി, ബോർഡിനോടു പറയൂ, നിങ്ങൾ ഈ മെമ്പർമാരെ

digitized by www .sreyas.in

നിയമിച്ചിട്ടുണ്ടെന്നും അവരുമായി ബോർഡ് കൂത്തിടപാടുകൾ നട ത്തണമെന്നും. നിങ്ങളുടെ അഭിപ്രായത്തിൽ ഒരപകടംകൂടിയുണ്ട്. നിങ്ങളുടെ ഇടയിൽ കക്ഷികളും ഭിന്നിപ്പുകളുമുണ്ടായിരിക്കും. ഭിന്ന കക്ഷികൾ വ്യത്യസ്ത കമ്മിററികളെ നിയമിച്ചെന്നുവരാം. ബോഡ് അവയെല്ലാം അംഗീകരിക്കും. അതു് നിർഭാഗ്യകരമായിത്തീരും. നിങ്ങളുടെ ഇടയിൽ വഴക്കുകളില്ലാതിരിക്കട്ടെ. അധമർണരുടെ മുമ്പിൽ ഒററക്കെട്ടായി നിൽക്കുക. അധമർണർ നിങ്ങളെ ഭിന്നി പ്പിച്ചെന്നുവരാം—ബോർഡ്, ആ പേർ അർഹിക്കുന്നതാണെങ്കിൽ അങ്ങനെയൊന്നും ചെയ്യുകയില്ലെങ്കിലും. ഒററക്കെട്ടായി അണി നിരക്കാൻ കോൺഗ്രസിനു സാധിച്ചിരിക്കുന്നു. ഇന്നു കോൺഗ്ര സിൽ നിറയെ നിങ്ങളെപ്പോലെയും എന്നെപ്പോലെയുമുള്ള എളിയ വരാണു്. നിങ്ങളുടെ ഇടയിലുള്ള സർവ വഴക്കുകളും കനത്ത കൈകൾകൊണ്ടില്ലാതാക്കുന്ന കുറെ സമർത്ഥന്മാർ നിങ്ങൾക്കു വേണം. എന്നാൽ ബോർഡിൽ കടന്നുകൂടാതെതന്നെ അതിനെ നയിക്കാൻ നിങ്ങൾക്കു കഴിയും. എളുപ്പത്തിൽ കൃതാർത്ഥരാകരുതു്. ഉറുപ്പികയിൽ നാലണ കിട്ടിയാൽ നിങ്ങൾ സംതൃപ്തരാകയില്ലെ ന്നും പതിനാറണതന്നെ കിട്ടണമെന്നും അധമർണരോടു പറയൂ. ഇതു വില പേശാനുള്ള ഒരു കാര്യമല്ല.'

## ഇ ഹരിജൻ സേവക്സംഘവും ഹരിജനങ്ങളും

7

സവർണഹിന്ദുക്കൾ ഉൾപ്പെട്ട ഹരിജൻസേവക്സംഘ ബോഡുകളെ സഹായിക്കുവാൻ ഹരിജനങ്ങളുടെ ഉപദേശകകമ്മി ററികൾ ഉണ്ടാക്കണമെന്നു ഗാന്ധിജി അഭിപ്രായപ്പെട്ടിരുന്നുവല്ലോ. ഒരു ഹരിജൻ ലേഖകൻ ഇക്കാര്യത്തിൽ മാർഗദർശനം ആവശ്യപ്പെ ട്ടപ്പോൾ ഗാന്ധിജി മറുപടി പറഞ്ഞു:

'അതതു ദിക്കിലെ ഹരിജനങ്ങളുടെ അഭിപ്രായത്തെ ശരി ക്കും പ്രതിനിധാനം ചെയ്യുന്ന ഒതുക്കമുള്ള കമ്മിററികൾ ഉണ്ടാക്കണ മെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അവ സ്വന്തം നടത്തിപ്പിനുള്ള ചട്ടങ്ങൾ തയ്യാറാക്കുകയും സവർണഹിന്ദുക്കളിൽനിന്നു തങ്ങൾ എ ന്തെല്ലാം പ്രതീക്ഷിക്കുന്നു എന്നു വ്യക്തമാക്കുകയും ഹരിജൻ ബോർ ഡുകളുടെ നടപടികൾ വീക്ഷിക്കുകയും വേണം. ഈ ഹരിജൻ കമ്മി ററികൾ രൂപവൽകൃതങ്ങളായിക്കഴിഞ്ഞാൽ ഹരിജൻ ബോർഡു കളെ വിവരം അറിയിക്കുകയും അവയെ സഹായിക്കാനുള്ള സന്ന ദ്ധത വെളിവാക്കുകയും ചെയ്യണം. തങ്ങളുടെ കടം വീട്ടാനുള്ള ആ ത്മാർത്ഥമായ ആഗ്രഹം ഈ ബോർഡുകൾക്കുണ്ടെങ്കിൽ, ഉപദേശ കമ്മിററികളുമായി സൗഹാർദപൂർണമായ ബന്ധങ്ങൾ അവ

7. Harijan, 20-4-1934 (The Removal of Untouchability, p. 261)

digitized by www .sreyas.in

സ്ഥാപിക്കും, തികഞ്ഞ സഹകരണവും രഞ്ജിപ്പും നിലനില്ക്കുകയും ചെയ്യും. പരസ്പരശങ്കകൾ നിമിത്തം ആദ്യകാലത്തു് ഉരസലുണ്ടായെന്നു വരാം. ഹരിജൻബോർഡുകൾ സ്വാഭാവികമായി കൂടുതൽ നല്ല മട്ടിൽ സംഘടിപ്പിക്കപ്പെട്ടവയും എല്ലാംകൊണ്ടും അധികം മെച്ചപ്പെട്ടവയുമാകകൊണ്ടു്, അതിർകടന്ന ആവശ്യങ്ങളെന്നു തോന്നുന്നവയെ അവ നയത്തോടുകൂടി സമീപിക്കണം. ഉപദേശകക്കമ്മിററികൾ മനസ്സിരുത്തി നിൽക്കാൻ ശ്രമിക്കണം. എത്രയധികം മനസ്സിരുത്തുന്നുവോ അത്രയധികം അവർ അവർക്കുതന്നെ ഗുണം ചെയ്യും. അന്തസ്സോടുകൂടി പെരുമാറാനുള്ള പ്രാപ്തികൊണ്ടു്, വേണ്ടിവന്നാൽ സ്വശക്തി കാണിക്കാനുള്ള വിദ്യ അവർ പഠിക്കും. എന്തുകൊണ്ടെന്നാൽ ഹരിജനങ്ങളുടെ സഹകരണത്തോടുകൂടിയല്ലാതെ സവർണഹിന്ദുക്കൾക്കു തങ്ങളുടെ കടം വീട്ടാൻ കഴികയില്ലെന്നു അവർ അറിഞ്ഞിരിക്കണം. എങ്കിലും അവർ സ്വശക്തി കാണിക്കേണ്ട സന്ദർഭം ഇനിയും എത്തിയിട്ടില്ല; എന്തുകൊണ്ടെന്നാൽ, ഭൂരിപക്ഷം ഹരിജനങ്ങളെയും അത്രയേറെ നിസ്സഹായരാക്കിയിരിക്കകൊണ്ടു മോഹമുണ്ടെങ്കിൽപ്പോലും അനീതിയെ എതിർക്കാനുള്ള ശക്തി അവർക്കില്ല. എന്താണു് ഞാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാം. ഹരിജൻ ബോർഡിനു മൂന്നു ചുമതലകളുണ്ടു്—ഹരിജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവും മതപരവുമായ പദവി ഉയർത്തൽ; മററു തരത്തിൽ പറഞ്ഞാൽ, ഹരിജനങ്ങൾ ജീവിതത്തിന്റെ ഏതു രംഗത്തിലും തല ഉയർത്തുന്നതിന്റെ മാർഗത്തിൽ നൂററാണ്ടുകളായി സവർണഹിന്ദുക്കൾ ഉണ്ടാക്കിവച്ച പ്രതിബന്ധങ്ങൾ നീക്കം ചെയ്യൽ. അതിനാൽ ഹരിജൻ ബോർഡുകൾ ആവശ്യമുള്ളിടത്തെല്ലാം കിണറുകളും, സ്കോളർഷിപ്പുകളും ബോർഡിങ്ങ്ഹൗസുകളും സ്കൂളുകളും സാമൂഹ്യസുഖസൗകര്യങ്ങളും ഉണ്ടാകാൻ വേണ്ടതൊക്കെ ചെയ്യണം. ഈ സംഗതികളിലെല്ലാം, ബഹുഭൂരിപക്ഷം ഹരിജനങ്ങളും കിട്ടിയ സൗകര്യങ്ങൾ സ്വീകരിക്കുകയേ ചെയ്യൂ. അതിനാൽ, ബോർഡുകൾക്കു ഉപയോഗപ്രദങ്ങളായ നിർദേശങ്ങൾ നല്കിയും തങ്ങൾ ആരുടെ പ്രതിനിധികളാണോ അവരെ കഴിവനുസരിച്ചു സഹായിക്കാൻ ശ്രമിച്ചും ഈ കാര്യത്തിനും തങ്ങൾക്കുതന്നെയും നന്മ ചെയ്യാൻ ഉപദേശകക്കമ്മിററികൾക്കു കഴിയും. ഇങ്ങനെയൊക്കെ ചെയ്താൽ മാത്രമേ സ്വശക്തി വെളിവാക്കാൻ അവക്കു കഴിയൂ. ചുരുക്കത്തിൽ ആഭ്യന്തരപരിഷ്കാരങ്ങൾ വരുത്തിയും തങ്ങളുടെ സമുദായത്തിലെ മററെല്ലാ അംഗങ്ങൾക്കുമുള്ള അവകാശങ്ങൾ ലഭിക്കാൻ അർഹതയുള്ള സ്ത്രീപുരുഷന്മാരാണു തങ്ങളെന്നു ഹരിജനങ്ങൾ മനസ്സിലാക്കിത്തുടങ്ങാൻതക്കവണ്ണം ഹരിജനങ്ങളുടെ ഇടയിൽ ഒരുണർവുണ്ടാക്കിയും ഉപദേശകക്കമ്മിററികൾക്കു് ഈ കാര്യത്തെ ഏററവും നന്നായി സേവിക്കാവുന്നതാണു്.

digitized by www .sreyas.in

## എഫ്. ഫണ്ടുകൾ

8

ഹരിജൻ സേവക്സംഘം നിങ്ങൾക്കു പണം തരുന്നില്ല. അതിന്റെ നിലപാടിൽനിന്നു നോക്കുമ്പോൾ ഇതു ശരിയാണ്. തെററായ അററത്തുനിന്നാണു നാം തുടങ്ങിയിട്ടുള്ളത്. സ്വശക്തിയെ ആശ്രയിക്കുന്നതിനു പകരം നാം പുറമേനിന്നുള്ള സഹായത്തെ ആശ്രയിക്കുന്നു. മററുള്ളവർ നമ്മെ ഊട്ടുന്നതു നിർത്തേണ്ട കാലമെത്തിയിരിക്കുന്നു. കുട്ടികളെ അവരുടെ കോലായിലോ അവരുടെ സ്വന്തം ഷെഡ്ഡുകളിലോ വച്ചു പഠിപ്പിച്ച്, എന്തുകൊണ്ട് ആ വിദ്യാലയത്തെ സ്വന്തം മണ്ണിൽനിന്നുതന്നെയുള്ള ഒരു സ്വാഭാവികവളർച്ചയാക്കിക്കൂടാ? സ്വന്തം ആവശ്യത്തിനു വേണ്ട ധാന്യവും പച്ചക്കറികളും കൃഷിചെയ്തു ഭക്ഷണച്ചെലവു കുറയ്ക്കുവാൻ നിങ്ങളെ സഹായിക്കുവാൻ എന്തുകൊണ്ട് അവരെ പ്രേരിപ്പിച്ചുകൂടാ? ഉദാഹരണത്തിനു് തിരുവനന്തപുരത്തു നടത്തുന്ന ഒരു വിദ്യാലയത്തിന്റെ ചെലവിനു ഡൽഹിയെ ആശ്രയിക്കുന്നതു വിഡ്ഢിത്തമാണ്. അതു് അത്രമാത്രം പ്രകൃതിക്കെതിരാണ്. ആദ്യകാലത്തു് അതാവശ്യമായിരിക്കാം; എങ്കിലും ഇനി ആവശ്യമാകരുത്. ആ വിദ്യാലയത്തിന്റെ നടത്തിപ്പുകാരൻ ശമ്പളത്തിനു ഡൽഹിയെ ആശ്രയിച്ചാൽ അയാൾ അവിടെ ഒരു വിദേശീയനാണ്. അയാൾ തികച്ചും ഹരിജനങ്ങളോടു ഇണങ്ങിച്ചേർന്നാൽ, അവർ തങ്ങളുടെ എളിയ ആഹാരം അയാൾക്കു നൽകും, എങ്ങനെയായാലും പട്ടിണികിടക്കാൻ സമ്മതിക്കുകയില്ല തീർച്ച. എപ്പോഴും കേന്ദ്രബോർഡിന്റെ നേരേ നോക്കിയിട്ടു കാര്യമില്ല. കേന്ദ്രബോർഡ് എല്ലാം ഭംഗിയായി നടത്തുമെങ്കിലും, ബലം ശാഖകളിൽനിന്നു കിട്ടണം—സംസ്ഥാനബോർഡുകളിൽനിന്നു്. എന്റെ മനസ്സു ദിവസേന പലതും കണ്ടുപിടിച്ചുവരുന്നതുകൊണ്ട്. ഞങ്ങൾ പണപ്പിരിവുതന്നെ വേണ്ടെന്നു വച്ചേക്കാം. പണമില്ലെങ്കിൽ, ഞങ്ങൾ പിരിവുപോലും നിർത്തിയേക്കും. പണമില്ലെങ്കിൽ വേറെ ഉപായങ്ങളുണ്ട്—കണ്ടുപിടിക്കാൻ കഴിയുമെങ്കിൽ.

9

കേന്ദ്രീകരണനയത്തോടു ഞാൻ യോജിച്ചിട്ടുണ്ടെങ്കിലും സൗകര്യം കിട്ടിയാൽ ഉടനെ വികേന്ദ്രീകരണം വേണമെന്നാണ്, എന്റെ ആഗ്രഹം, ബോർഡിന്റെ ആഗ്രഹവും അതാണെന്നതിൽ എനിക്കു സംശയമില്ല. എന്നാൽ ആവശ്യമുള്ള പണം പിരിച്ചുണ്ടാക്കുവാൻ സംസ്ഥാനബോർഡുകൾ തയ്യാറാവുകയും അവസ്ഥ് അതു സാധിക്കു

8. Harijan, 15–6–1935 (The Removal of Untouchability, pp. 244–245)
9. Harijan, 17–8–1935 (The Removal of Untouchability, p. 263)

digitized by www .sreyas.in

കയും ചെയ്യാലേ ഇതൊക്കൂ. ഓരോ ഗ്രാമത്തിലും ഹരിജൻബോർഡുണ്ടാവുക, അതിനാവശ്യമുള്ള പണം അതുതന്നെ പിരിച്ചുണ്ടാക്കുക——ഇതിലുമേറെ ഇഷ്ടമായി എനിക്കു മറ്റൊന്നുമില്ല. ആ കാലം വന്നാൽ പൂർണമായ അയിത്തോച്ചാടനത്തിൻെറയും കാലമായിരിക്കും അതു്. ഇന്നാകട്ടെ, രാജ്യത്തിൻെറ പല ഭാഗത്തുമായുള്ള ഒരുപിടി പരിഷ്കർത്താക്കളാണു് ഈ പ്രസ്ഥാനം നയിക്കുന്നതെന്ന നിർഭാഗ്യവശാൽ സമ്മതിക്കേണ്ടിവന്നിരിക്കുന്നു. അതുണ്ടാക്കൽ വേണ്ടത്ര പണമുണ്ടാക്കാൻ അവരിൽ എല്ലാവർക്കും കഴിവില്ല, എന്തു നയമാണു പിന്തുടരേണ്ടതെന്നും എല്ലാവർക്കും ഉറപ്പില്ല. നയമെന്ന വാക്കു് മനഃപൂർവ്വമാണു ഞാൻ ഉപയോഗിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ലക്ഷ്യമെന്താണെന്നു് എല്ലാവർക്കും അറിയാമെങ്കിലും, പരിഷ്കർത്താവിൻെറ ഗുരുതരങ്ങളായ പരിമിതികൾ എല്ലാവർക്കും അറിഞ്ഞുകൂടാ. തീരുമാനത്തിൽ പററാവുന്ന ഏററവും നിസ്സാരമായ പിഴ, അവിവേകമായ ഒരു പ്രവൃത്തി, അവിവേകമായ ഒരു വാക്കു്——ഇതൊക്കെ പുരോഗതിയെ പുറകോട്ടു നീക്കിയേക്കാം. അതിനാൽ ഹരിജനങ്ങളെ സേവിക്കുകയും ഹിന്ദുമതത്തിൻെറ ഈ കളങ്കമില്ലാതാക്കുകയും വേണമെന്നല്ലാതെ മറെറാരു വിചാരവുമില്ലാത്ത കുറച്ചുപേരുടെ നിത്യാനുഭവത്തെ അടിസ്ഥാനമാക്കി ശ്രദ്ധിച്ചുവേണം നയങ്ങൾ രൂപപ്പെടുത്തുവാൻ.

## 10

ഹരിജൻസേവക്സംഘം നിലവിൽ വന്നതുമുതൽ കേന്ദ്രസംഘടനയാണു സംസ്ഥാനശാഖകളുടെ ചെലവു നടത്തുന്നതു്, വേണ്ടതും അങ്ങനെതന്നെ. എങ്കിലും ശാഖകൾ, അവയുടെ പരിപാടിയുടെ ചില ഭാഗങ്ങൾ ബലികഴിച്ചിട്ടായാലും, സ്വന്തം കാലിന്മേൽ നിൽക്കുകയും സ്വന്തം ചെലവു നടത്തുകയും ചെയ്യേണ്ട കാലം തീർച്ചയായും എത്തിയിരിക്കുന്നു. ഓരോ സംസ്ഥാനത്തിലെയും, എന്നല്ല, ഓരോ ജില്ലയിലെയും ഓരോ താലൂക്കിലെയും പ്രവർത്തനം സവർണരുടെ സജീവസഹായത്തിൻെറ അസന്ദിഗ്ദ്ധമായ തെളിവായിരിക്കണം. എന്തുകൊണ്ടെന്നാൽ സവർണഹൃദയം സ്പർശിച്ചു് അതിൽ പരിവർത്തനമുളവാക്കുകയാണു സംഘത്തിൻെറ ചുമതല. കേന്ദ്രസംഘടന രണ്ടോ മൂന്നോ പരിഷ്കർത്താക്കളിൽനിന്നായി ഒരുകോടി ഉറുപ്പിക ശേഖരിക്കുകയും അതുകൊണ്ടു് ഇന്ത്യയിൽ സർവത്ര ഹരിജൻബാലികാബാലന്മാർക്കു സ്കൂളുകളും ഹോസ്റ്റലുകളും നടത്തുവാനായി എല്ലായിടത്തും ശാഖകൾ സ്ഥാപിക്കുകയും ചെയ്യുവെന്നു വിചാരിക്കുക; എന്നാൽ അയിത്തം നശിക്കുന്ന നാൾ കൂടുതൽ അടുത്തെത്തുകയില്ല. കാരണം സവർണഹൃദയം എന്നത്തെപ്പോലെയും കല്ലായിത്തന്നെ അവശേഷിക്കും. നേരെ

10. Harijan, 10–10–1936 (The Removal of Untouchability, p. 264)

digitized by www .sreyas.in

മറിച്ച്, ഒരൊററ പൈ ചെലവുകൂടാതെ, എന്തെങ്കിലും ഭാഗ്യോദയംകൊണ്ട് സവർണഹൃദയത്തിൽ മാററം വന്നുവെന്നും, അയിത്തം നാമാവശേഷമായെന്നും വിചാരിക്കുക; എന്നാൽ സംഘത്തിൻെറ ഉദ്ദേശ്യം മുഴുവൻ സാധിച്ചു. എന്തുകൊണ്ടെന്നാൽ അപ്പോഠം എല്ലാ പൊതുവിദ്യാലയങ്ങളും ആരാധനാസ്ഥലങ്ങളും മററു സ്ഥാപനങ്ങളും സവർണഹിന്ദുക്കാഠക്കെന്നപോലെതന്നെ ഹരിജനങ്ങഠാക്കും തുറന്നുകിട്ടും. ആ ദിവസം അകലെയായിരിക്കാം, അല്ലെങ്കിൽ പലരും പ്രതീക്ഷിക്കുന്നതിലും അടുത്തായിരിക്കാം. എങ്ങനെയായാലും അതാണ് ഹരിജൻസേവക്സംഘത്തിൻെറ ലക്ഷ്യം, അല്ലാതെ പ്രത്യേക സ്കൂളുകളും കിണറുകളും ക്ഷേത്രങ്ങളും മററും ഹരിജനങ്ങഠാക്കായി നിർമിച്ച് അയിത്തം എന്നെന്നും നിലനിർത്തുകയല്ല. ഇന്ന് ഈ കാര്യങ്ങളെല്ലാം നിസ്സംശയം ചെയ്യപ്പെടുന്നുണ്ട്, എങ്കിലും ഒരു ലക്ഷ്യത്തിലേക്കുള്ള മാർഗങ്ങഠം എന്ന നിലയ്ക്കാണ് ചെയ്യപ്പെടുന്നതു്. സവർണഹൃദയത്തിൽ പരിവർത്തനമുണ്ടാകാത്തതുകൊണ്ടാണ് അവ ആവശ്യമായിത്തീരുന്നതു്.

ക്രമേണ വർദ്ധിച്ചുവരുന്ന പരിഷ്കർത്താക്കാഠം അനങ്ങാതിരുന്നു്, തങ്ങഠം അയിത്തം വെടിഞ്ഞിരിക്കുന്നുവെന്നു പ്രഖ്യാപിച്ചാൽമാത്രം പോരാ. അവരുടെ വ്യക്തമായ പെരുമാററംകൊണ്ട് ഈ മാററം അവർ വെളിവാക്കണം. ഈ പ്രസ്ഥാനത്തിനുവേണ്ടി അവർ പണം ചെലവാക്കിയാൽ അതു വ്യക്തമായൊരു തെളിവാണ്; അതുകൊണ്ട് ഈ പരിപാടിയിലെ മുഖ്യമായ ഒരിനവുമാണതു്. പക്ഷേ ഉദാരമായ സംഭാവനകഠംകൊണ്ട് മനസ്സാക്ഷിയെ പാട്ടിലാക്കുന്ന കുറച്ചു വ്യക്തികളുടെ ഒരേർപ്പാടായി അതു മാറിക്കഴിഞ്ഞാൽ, ഞാൻ സൂചിപ്പിച്ച മട്ടിലുള്ള ഒരു ലക്ഷണമല്ലാതാകും അതു്. തന്നിമിത്തം പരിപാടിയുടെ ഈ മുഖ്യവശത്തേക്കു ശാഖകളുടെ ശ്രദ്ധ ക്ഷണിക്കേണ്ടതു് കേന്ദ്രബോർഡിൻെറയും, അതിനെ ആദരിച്ച് സ്വാവലംബികളായിത്തീരേണ്ടതു് ശാഖകളുടെയും കടമയാണ്. വാസ്തവത്തിൽ,സ്വന്തം ചെലവുകഠം നടത്തേണ്ടതിൻെറ ഭാരം ക്രമേണ സംസ്ഥാനബോർഡുകളെ അധികമധികം ഏല്പിച്ചുകൊണ്ടുവരുകയാണ്. എങ്കിലും ഇക്കാര്യത്തിൽ വ്യക്തവും ദൃഢവുമായി പ്രവർത്തിപ്പാൻ കാലമായിരിക്കുന്നു.

മുഖ്യമായി ഇതൊരു ധാർമികപ്രസ്ഥാനമാണെന്നു പ്രവർത്തകർ ധരിക്കാതിരുന്നാൽ; സ്വാവലംബത്തിലേക്കുള്ള ഈമാററം ഒരിക്കലും ഉണ്ടാവില്ല. ധാർമികമെന്നു ജനങ്ങഠം വിശ്വസിക്കുന്ന കാര്യങ്ങഠാക്കുവേണ്ടി ധാരാളം ചെലവു ചെയ്യുന്ന ശീലമുള്ള ഒരു രാഷ്ട്രമാണ് നാം. ഇതു വ്യക്തമായി കാണാൻ പുണ്യസ്ഥലങ്ങളിൽ ചെല്ലുകയേ വേണ്ടൂ. നമ്മുടെ ധർമസ്ഥാപനങ്ങളുടെ ചരിത്രം പഠിച്ചാൽ കാണാം, എങ്ങനെ ചെലവാക്കുന്നുവെന്ന് നോക്കാൻ നിൽക്കാതെ ശ്രദ്ധാത്മാക്കാഠം സംഭാവന ചെയ്ത സമ്പത്തുകളുടെ

digitized by www .sreyas.in

ദുരന്തകഥ. സ്വാഭിപ്രായത്തിൽ ധാർമികമായ ഒരു കാര്യത്തിനു വേണ്ടി കഴിയുന്നതു കൊടുത്തുവെന്ന വിശ്വാസം മതി ജനങ്ങൾക്ക്. ഹരിജൻ പ്രവർത്തകർക്ക കിട്ടിയിട്ടുള്ള കാര്യം ഏററവും നല്ല അർത്ഥത്തിൽ തികച്ചും ധാർമികമായ ഒന്നാണ്. അവർക്ക് അതിൽ സജീവ വിശ്വാസമുണ്ടെങ്കിൽ, മലമറിക്കാൻ കഴിഞ്ഞില്ലെങ്കിലും സ്വന്തം ചുമതലയിലുള്ള സ്ഥാപനങ്ങൾക്കവേണ്ട പണം ചുററുപാടുകളിൽനിന്ന ശേഖരിക്കാനെങ്കിലും കഴിയും.

## ജി. പ്രവർത്തനപരിപാടികൾ

11

നിലവിലിരിക്കുന്ന സ്ഥിതിഗതികളിൽ ആഭ്യന്തരപരിഷ്കാരം കഴിയുന്നത്ര കൈവരുത്തേണ്ടതു് ഹരിജൻപ്രവർത്തകരുടെ വ്യക്തമായ കടമയാണ്.

അതിനാൽ, ഹരിജനപ്രവർത്തകർ അവരുടെ കഴിവു മുഴുവൻ താഴെ പറയുന്ന കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തണം.

1. ഹരിജനങ്ങളുടെ ഇടയിൽ ശുചിത്വവും ആരോഗ്യവും വർദ്ധിപ്പിക്കുക.

2. വൃത്തികെട്ട പണികൾ, ഉദാഹരണത്തിന് തോട്ടിപ്പണിയും തോൽപ്പണിയും, ചെയ്യാൻ പരിഷ്കരിച്ച രീതികൾ നടപ്പിലാക്കുക.

3. മാംസത്തിൻെറ പൂർണമായ വർജനമല്ലെങ്കിൽ, ചത്ത ജന്തുക്കളുടെ മാംസത്തിൻെറയും ഗോമാംസത്തിൻെറയും വർജനമെങ്കിലും സാധിക്കുക.

4. ലഹരിപാനീയങ്ങൾ ഉപേക്ഷിക്കുക.

5. പകൽ നടത്തുന്ന വിദ്യാലയങ്ങൾ ഉള്ളിടത്തു് കുട്ടികളെ അവയിലേക്ക് അയയ്ക്കാനും, നിശാവിദ്യാലയങ്ങൾ ഉള്ള സ്ഥലങ്ങളിൽ അവയിലേക്ക് സ്വയം പോകാനും മാതാപിതാക്കളെ പ്രേരിപ്പിക്കുക.

6. തങ്ങളുടെ ഇടയിൽനിന്നുതന്നെ അയിത്തം നിർമാർജനം ചെയ്യുക.

12

മുനിസിപ്പാലിററികളുടെ അശ്രദ്ധയെന്ന പൊതുവായ പരാതിയെക്കുറിച്ച് ഗാന്ധിജി പറഞ്ഞു. പ്രവർത്തകർ മെമ്പർമാരെ നേരിട്ടു കണ്ടും വോട്ടർമാരെ കാര്യങ്ങൾ ധരിപ്പിച്ചും, അവരുടെ ആല

11. My Soul's Agony. 14-11-1932

12. Harijan, 10-8-1934 (The Removal of Untouchability, pp 241-242. കോൺപൂരിൽ ചേർന്ന യു. പി. ഹരിജൻപ്രവർത്തകസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്ന്.)

digitized by www .sreyas.in

സ്യം തീർക്കണമെന്നു്; വോട്ടർമാർ കാര്യങ്ങൾ ധരിച്ചാൽ, മെമ്പർമാരെ അവർ നേരെ നിർത്തിക്കൊള്ളും.

എന്നാൽ, മുനിസിപ്പാലിററികൾ എന്തുചെയ്താലും ചെയ്തില്ലെങ്കിലും, ഹരിജനങ്ങൾക്കു മാന്യമായ പാർപ്പിടങ്ങൾ കിട്ടാൻ സംഘം ശ്രമിക്കണം. എളുപ്പത്തിലും കനത്ത ചെലവുകൂടാതെയും ഇതു ചെയ്യാം. ഒന്നാമതു്, ഹരിജനങ്ങൾ താമസിക്കുന്നേടത്തു് നല്ല ഓവുചാലുകളും ശുചീകരണവും റോഡുകളും വേണം. കാററും വെളിച്ചവും തടസ്സംകൂടാതെ കടക്കാൻതക്കവണ്ണം വീടുകളിൽ ചില്ലറ അററകുററപ്പണികൾ നടത്തണം. ഹരിജനങ്ങൾ പാർക്കുന്നേടത്തെ ശുചീകരണം പരിഷ്കരിക്കാനുള്ള ഒരു ചെറിയ പരിപാടി അവർ മുനിസിപ്പാലിററികളുടെ മുമ്പാകെ വച്ചാൽ, അവ സംഘത്തിനു കുറച്ചു പണം കൊടുത്തു് സംഘത്തിന്റെ ആൾക്കാരെക്കൊണ്ടു് പണി നടത്തിച്ചെന്നുവരാം. എന്തുകൊണ്ടെന്നാൽ, ആവശ്യമുള്ള പണിക്കാർ മുനിസിപ്പാലിററികളുടെ പക്കലുണ്ടാവില്ല; ഉണ്ടെങ്കിൽത്തന്നെ, ഇത്തരം പണിയിൽ അവർക്കു വലിയ താൽപര്യമുണ്ടാവില്ല.

രണ്ടാമതു്, ഹരിജനങ്ങൾക്കു് ധാരാളം വെള്ളംകിട്ടാൻ ഏർപ്പാടു ചെയ്യണം. ഇക്കാര്യത്തിൽ, ഗ്രാമങ്ങളിലെ ഹരിജനങ്ങളുടെ സ്ഥിതി നഗരങ്ങളിലുള്ള അവരുടെ സഹോദരരുടേതിനെക്കാൾ കഷ്ടമാണു്. കോടതിയുടെയോ മറേറാ സഹായം തേടി, പൊതുക്കിണറുകളിൽനിന്നു വെള്ളം കോരാനുള്ള ശക്തി അവരിനിയും സമാർജ്ജിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതിന്നിടയ്ക്കു്, സവർണർക്കുപോലും വെള്ളം കോരാൻ കൊതി തോന്നുന്നമാതിരി നല്ല കിണറുകൾ സംഘം ഹരിജനങ്ങൾക്കു് ഉണ്ടാക്കിക്കൊടുക്കണം; ഈ കിണറുകളുടെ പണി കഴിയുന്നതുവരെ പരിഷ്കർത്താക്കൾ വെള്ളം കോരി ഹരിജനങ്ങൾക്കു് ഒഴിച്ചുകൊടുക്കണം.

മൂന്നാമതു്, സംഘം നല്ല പ്രവേശകവിദ്യാലയങ്ങൾ (പ്രിപ്പറേററി സ്കൂളുകൾ) ഹരിജൻ കുട്ടികൾക്കായി സ്ഥാപിക്കണം. അവിടെ അദ്ധ്യാപകർ വെറും എഴുത്തും വായനയും കണക്കും മാത്രം പഠിപ്പിക്കാതെ, ആറുമാസം കഴിഞ്ഞാൽ ആ കുട്ടികൾക്കു സവർണ ബാലരുടെ ഒപ്പമിരിക്കുവാൻ സാധിക്കത്തക്കവണ്ണം, ശരീരവും ഉടുപ്പും ശുചിയാക്കിവയ്ക്കാൻ പഠിപ്പിക്കണം. ഇതിനു് അദ്ധ്യാപകനിൽ പാണ്ഡിത്യത്തെക്കാൾ അധികം കാരുണ്യമാണു വേണ്ടതു്. സവർണബാലർക്കു് സ്വഗൃഹങ്ങളിൽനിന്നു ലഭിക്കുന്ന സാംസ്കാരിക പരിശീലനം എങ്ങനെയാണു തങ്ങളുടെ ശിഷ്യർക്കു നൽകുക എന്നു വ്യക്തമാക്കുന്ന ഒരു ഗൈഡു് ഹരിജൻ പ്രിപ്പറേററി സ്കൂൾമാസ്റ്റർക്കായി സംഘം പ്രസിദ്ധീകരിച്ചാലും തരക്കേടില്ല.

നാലാമതു്, ആശ്രമങ്ങളെക്കുറിച്ചാണെങ്കിൽ, ഗാന്ധിജിയുടെ അഭിപ്രായം അവർ വലിയ പേരു വിട്ടു് ഛത്രാലയങ്ങൾ (ഹോസ്റ്റ

digitized by www .sreyas.in

ലുകൾ) എന്നോ ഉദ്യോഗാലയങ്ങൾ എന്നോ ഉള്ള പേർ സ്വീകരിക്കുന്നതാണു നല്ലതു് എന്നത്രേ. സബർമതിയിലെ സ്ഥാപനത്തിനു് ഹരിജൻ ആശ്രമം എന്നു പേരിട്ടതു് അദ്ദേഹത്തിനു പിടിച്ചിട്ടില്ല. സ്കൂളിൽനിന്നു കിട്ടുന്ന പഠിപ്പിനു പുറമെ ഈ ഹോസ്റ്റലുകളിൽ എന്തെങ്കിലും തൊഴിലും മതവും പാഠപുസ്തകങ്ങൾ മുഖേനയല്ലാതെ, അനുഷ്ഠാനംമുഖേന കുട്ടികളെ പഠിപ്പിക്കേണ്ടതാണു്. ഹോസ്റ്റലിലെ അംഗങ്ങൾ കൈകാലുകൾകൊണ്ടു് പണിയെടുക്കാനും സത്യം പറയാനും—ഇവയെക്കുറിച്ചുള്ള തത്ത്വങ്ങൾ ഉരുവിട്ടാൽ മാത്രം പോരാ—ശീലിക്കാൻ വേണ്ടതെല്ലാം 'സൂപ്രണ്ടു ചെയ്യണം. വാസ്തവത്തിൽ, അദ്ദേഹം അവരുടെ പിതാവിനെപ്പോലെയാകണം. ഓരോ സംസ്ഥാനത്തിലും ഇത്തരം ഒന്നോ രണ്ടോ സ്ഥാപനമുണ്ടായാൽ, സംസ്കാരം പ്രചരിപ്പിക്കുവാനും വ്യാപകമായ പ്രചാരവേലയ്ക്കും അതു സഹായിക്കും.

പൂർണമായ മദ്യവർജനത്തെക്കുറിച്ചു് ഗാന്ധിജി പറഞ്ഞതു്, മദ്യപന്മാരെ സമീപിച്ചു് അവരുമായി ഉററസമ്പർക്കം പുലർത്തിയാലേ വല്ലതും ചെയ്യാനൊക്കൂ എന്നാണു്. അവരെക്കൊണ്ടു പ്രതിജ്ഞയിൽ ഒപ്പുവപ്പിച്ചതുകൊണ്ടുമാത്രം പ്രയോജനമൊന്നുമില്ല. കുടിക്കാൻ എന്താണു കാരണമെന്നു് അവർ കണ്ടുപിടിക്കണം. മദ്യത്തിനുപകരം വേറെ എന്തെങ്കിലും കൊടുക്കണം—പാലു്, ചായ മുതലായവ; വിനോദങ്ങൾ, പ്രസംഗങ്ങൾ മുതലായവയും ഏർപ്പാടു ചെയ്യണം.

എവിടമാണോ അയിത്തത്തിന്റെ ദുർഗം, എവിടെവച്ചാണോ അതിനെ സംഹരിക്കാൻ കഴിയുക, ആ ഗ്രാമങ്ങളിലേക്കു് ഇറങ്ങിച്ചെല്ലുന്നതുവരെ ഈ പ്രശ്നത്തിന്റെ വക്കുപോലും അവർ തൊട്ടിട്ടുണ്ടാവില്ല എന്നും ഗാന്ധിജി അവസാനം ഊന്നിപ്പറയുകയുണ്ടായി.

## 13

ഞാൻ ഇതെഴുതുന്നതു് പദയാത്രയുടെ ആറാംദിവസമാണു്. തീവണ്ടിയിലും കാറിലുമാണെങ്കിൽ, ഞാൻ ഏതാണ്ടു് 750 നാഴിക സഞ്ചരിക്കുമായിരുന്നു; ഏതാണ്ടു് 1,50,000 ആളുകളെ കാണുകയും ചെയ്യുമെന്നു. പദയാത്രയാകകൊണ്ടു്, ആറാം ദിവസമായ ഇന്നുവരെ ഞാൻ നാൽപതു നാഴികയിലേറെ നടന്നിട്ടില്ല. 20,000—ൽ താഴെ ആളുകളെ മാത്രമേ കണ്ടിട്ടുമുള്ളൂ.

കൃത്രിമവും സ്വാഭാവികവുമായ യാത്രകൾകൊണ്ടു തീർക്കുന്ന പണിയുടെ തോതു്, ആദ്യത്തേതിൽ കുറവും രണ്ടാമത്തേതിൽ അധികവുമാണെന്നാണു് എന്റെ മനസ്സിന്റെ അഗാധതലത്തിലുള്ള

13. Harijan, 18–5–1934 (The Removal of Untouchability, p. 240)

digitized by www .sreyas.in

തോന്നൽ. ഗ്രാമീണരും ഞാനും തമ്മിൽ കഴിഞ്ഞ കുറച്ചുദിവസങ്ങൾക്കിടയിലുണ്ടായ സമ്പർക്കം കൂടുതൽ യഥാർത്ഥമായിരുന്നു.

ഈ സന്ദേശം പ്രചരിപ്പിക്കാൻവേണ്ടിയും, ജനങ്ങളിൽനിന്നു് ഞാനവരെ നേരിട്ടു കണ്ടെങ്കിൽ എനിക്കു കിട്ടുമായിരുന്നതുപോലുള്ള പണക്കിഴികൾ ശേഖരിച്ചു് എനിക്കയച്ചുതരുവാൻ പണപ്പിരിവു നടത്താൻ വേണ്ടിയും പ്രവർത്തകർ ഇന്ത്യയിൽ സർവത്ര ഒരേസമയത്തു പദയാത്രകൾ നടത്തുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു. പ്രവർത്തകരും ഹരിജനങ്ങളും തമ്മിൽ കൂടുതൽ അടുത്തബന്ധം സ്ഥാപിക്കുകയും സനാതനികളെ ഏററവും സൗഹാർദത്തോടുകൂടി സമീപിക്കുകയും വേണം. സന്ദർശിച്ച ഗ്രാമങ്ങളിലെ ഹരിജനങ്ങളുടെ ബുദ്ധിമുട്ടുകളും അവശതകളും കൂടുതൽ നന്നായി മനസ്സിലാക്കണം. കൂടുതൽ ക്ഷേത്രങ്ങൾ തുറക്കുകയും കൂടുതൽ ഹരിജൻകുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്കു കൊണ്ടുവരുകയും വേണം. ഞാൻ ഉത്കൽ ഗ്രാമങ്ങളിലേക്കു നടന്നുചെല്ലുന്നതുപോലെ അവരുടെ ഗ്രാമങ്ങളിലേക്കും നടന്നുചെല്ലുന്നുണ്ടെന്നു പ്രവർത്തകരും ഗ്രാമീണരും വിശ്വസിക്കട്ടെ. എന്റേതു് ഒരാദ്ധ്യാത്മിക കർമമാണെങ്കിൽ, അതിനു് ആ പ്രാധാന്യമുണ്ടാകണം; ഈ കാര്യത്തിനുവേണ്ടിയുള്ള പരിശ്രമം ഊർജിതമാക്കാൻ ജനങ്ങൾക്കു തോന്നണം. കൂടുതൽ പ്രവർത്തകരെ കണ്ടുപിടിക്കുന്നതിലും ഇന്നുള്ള പ്രവർത്തകരുടെ പൂർവ്വാധികമായ സമർപ്പണത്തിലും ഈ തീർത്ഥയാത്ര പരിണമിക്കണം.

## 14

അസാധാരണമായ പ്രയത്നമുണ്ടാകുമെങ്കിലേ ഒരു പ്രത്യേകദിവസം നിശ്ചയിക്കാൻ തരമുള്ളു. ഹരിജൻപ്രസ്ഥാനംപോലുള്ള ഒരു പുണ്യകാര്യത്തിൽ ഒരു വിശേഷദിവസം കൂടുതൽ സമർപ്പണത്തിനും പ്രാർത്ഥനയ്ക്കും തീവ്രപരിശ്രമത്തിനുമുള്ളതായിരിക്കണം.

ആ ദിവസത്തെ ഞാൻ ഏതാണ്ടു് ഇങ്ങനെ വിഭജിക്കും:

1. രാവിലെ അഞ്ചുമണിക്കു് ഞാൻ പ്രാർത്ഥനയോടുകൂടി ദിവസമാരംഭിക്കുകയും, എന്റെ കഴിവനുസരിച്ചു് കുറച്ചു പണമോ വസ്ത്രമോ ധാന്യമോ ഈ കാര്യത്തിനായി നീക്കിവയ്ക്കുകയും ചെയ്യും. ഏററവും ദരിദ്രർക്കുപോലും യാതൊരു കോട്ടവും തട്ടാതെ ഒരു ഭക്ഷണമോ, ഒന്നിലധികം ഭക്ഷണമോ, അതിന്റെ ഒരംശമോ ഉപേക്ഷിച്ചു് ഇതു ചെയ്യാവുന്നതാണു്. സാധനമായി കിട്ടിയതു് പണമായി മാററുകയാണു് അധികം സൗകര്യം. ഇതു സാദ്ധ്യമല്ലാത്തിടത്തു് ഏററവും അർഹതയുള്ള, കഷ്ടപ്പാടുള്ള ഹരിജനങ്ങൾക്കു് അവ കൊടുക്കേണ്ടതാണു്.

---

14. Harijan, 15-4-1933 (The Removal of Untouchability, p. 257)

digitized by www.sreyas.in

2. വീട്ടിൽ തോട്ടി വരാറുണ്ടെങ്കിൽ അയാളുടെ പണി അന്നു് വീട്ടിലുള്ളവർതന്നെ ചെയ്യണം. അല്ലെങ്കിൽ ആ പണിയിൽ പങ്കുകൊള്ളണം. തോട്ടി ചെയ്യുന്ന സേവനങ്ങളുടെ സ്വഭാവം മനസ്സിലാക്കാൻ ഇതു സഹായിക്കും; ഇത്തരം ജോലി നടത്തുന്ന രീതി പരിഷ്കരിക്കുവാനും ഇതു കാരണമായെന്നുവരാം. ശുചീകരണസൗകര്യങ്ങൾ ഉപയോഗിക്കുമ്പോൾ 'ചൂലേന്തുന്ന വീരഭട'നെപ്പററി അധികംപേർക്കും യാതൊരാലോചനയുമില്ല. നമ്മളിൽ അയിത്തമുണ്ടായിരുന്നില്ലെങ്കിൽ, തോട്ടികളുടെ പണിയിൽ ഇടയ്ക്കു നാമും പങ്കുകൊണ്ടിരുന്നുവെങ്കിൽ, കുടുംബശുചീകരണത്തിനു് ഒരു വ്യത്യസ്തസമ്പ്രദായം നമുക്കു് ഉണ്ടായേനെ.

3. ഇതു രണ്ടും ചെയ്തുകഴിഞ്ഞാൽ, നാം അന്നത്തെ കൂട്ടപ്രവർത്തനത്തിനു തയ്യാറാവുകയായി; വീടുതോറും കയറിയിറങ്ങി പണമോ സാധനങ്ങളോ സംഭാവനയായി ശേഖരിക്കലാണു് ഇതിലെ ആദ്യത്തെ ഇനം. ഇതൊരു നിശ്ചിതസമയത്തു് അവസാനിക്കണം. സംഭാവനകൾ കിട്ടിയതൊക്കെ പ്രാദേശിക കമ്മിററിക്കു കൊടുക്കണം. പ്രാദേശിക കമ്മിററി അതിൻെറ മീതേയുള്ള കമ്മിററിക്കു്, അങ്ങനെ സംസ്ഥാനത്തിലെ പ്രധാന കമ്മിററിയിൽ എത്തണം. ലഘുലേഖകൾ, പുസ്തകങ്ങൾ, ഹരിജൻെറ ഇംഗ്ലീഷ് പതിപ്പിൻെറയോ ദേശഭാഷാപതിപ്പിൻെറയോ കോപ്പികൾ ഇവയുൾപ്പെടെ മനസ്സിരുത്തി തിരഞ്ഞെടുത്ത കുറെ സാഹിത്യം പിരിവുകാർ കൂടെ കൊണ്ടുപോകണം. സന്ദർഭമനുസരിച്ചു് ഈ സാഹിത്യം വിൽക്കുകയോ വെറുതെ കൊടുക്കുകയോ ചെയ്യാം. എങ്കിലും ഓരോ കമ്മിററിയും വാങ്ങിയ സാഹിത്യത്തിൻെറ ചെലവു് അതു തന്നെ വഹിക്കണം. 'ഹരിജ'ൻെറ കൂടുതൽ കോപ്പികൾ ആവശ്യമാണെങ്കിൽ, അധികം കോപ്പികൾ അടിക്കാൻ സാധിക്കുന്നതിനുവേണ്ടി, വിവരം കാലേക്കൂട്ടി പ്രസാധകരെ അറിയിക്കണം.

4. ഓരോ ദിക്കിലും ഹരിജൻപാർപ്പിടങ്ങൾ സന്ദർശിച്ചു് ആവശ്യമാണെങ്കിൽ അവ വൃത്തിയാക്കണം. ഹരിജനസമ്മേളനങ്ങൾ നടത്തി അവരുടെ ആവശ്യങ്ങൾ കുറിച്ചെടുക്കണം. അയിത്തോച്ചാടനത്തിൽ ഹരിജനങ്ങളുടെ ചുമതലയെന്താണെന്നു് അവർക്കു പറഞ്ഞുകൊടുക്കണം. ചത്ത ജന്തുക്കളുടെ ഇറച്ചി തിന്നരുതെന്ന വാദത്തിനു താങ്ങായി ഡോക്ടർ ദേശമുഖിൻെറ അഭിപ്രായം എടുത്തുകാണിക്കണം. ഹരിജൻബാലകരുടെ യോഗങ്ങളും വിനോദയാത്രകളും മററും കുട്ടികൾക്കു് ഏർപ്പാടു ചെയ്യാവുന്നതാണു്. പരിഷ്കരിച്ച ശുചീകരണസമ്പ്രദായങ്ങൾ നടപ്പിൽ വരുത്തുവാൻ സാധിക്കുമോ എന്നു നോക്കണം. ജനങ്ങൾ സ്വേച്ഛയാ ഈ ചുമതല വഹിക്കുമെങ്കിൽ, ഇതു പ്രയാസമുള്ളതോ വലിയ ചെലവുള്ളതോ അല്ല. അവസാനം സമുദായത്തിൻെറ ആരോഗ്യവും സമ്പത്തും വർദ്ധിക്കുകയെന്നാണിതിനർത്ഥം.

digitized by www .sreyas.in

അയിത്തോച്ചാടനം ചെയ്‌വാൻ പ്രതിജ്ഞ ചെയ്യുന്നതും ക്ഷേത്രപ്രവേശം അനുവദിക്കുന്ന നിയമനിർമാണത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ടുള്ളതുമായ പ്രമേയങ്ങൾ പാസ്സാക്കുവാനായി വിളിച്ചുകൂട്ടുന്ന, സവർണരും അവർണരും ഉൾപ്പെട്ട,പൊതുയോഗത്തോടുകൂടി ദിവസം അവസാനിക്കണം.

പൊതുജനാഭിപ്രായം അനുകൂലിക്കുന്നിടങ്ങളിൽ പൊതുക്കിണറുകളും പൊതുക്ഷേത്രങ്ങളും ഹരിജനങ്ങൾക്കു തുറന്നുകൊടുക്കണം.

ചെയ്ത പ്രവൃത്തിയുടെ ശരിയായ ഒരു റിപ്പോർട്ട് കേന്ദ്രക്കമ്മിററിക്ക് അയച്ചുകൊടുക്കണം.

## എച്ച്. പ്രചാരവേലകൾ

### 15

ചോദ്യം: അയിത്തോച്ചാടനത്തിനുവേണ്ടിയുള്ള പ്രചാരവേലയ്ക്ക് എന്തുമാർഗങ്ങളാണ് അങ്ങു നിർദേശിക്കുന്നത്?

ഉത്തരം: ഇപ്പോൾ നാവുകൊണ്ടു വളരെ പ്രചാരവേല ആവശ്യമില്ല. പ്രവൃത്തിയാണ് പ്രചാരവേല. അയിത്തക്കാരുടെ സ്ഥിതി ഇന്നത്തേക്കാൾ നന്നാക്കാൻവേണ്ടി, സമുദായബഹിഷ്കരണത്തെപ്പററി ആലോചിക്കാതെ നിങ്ങൾ നിർഭയം പ്രയത്നിക്കണം. നേതാക്കന്മാർ വരുമ്പോൾ പ്രസംഗങ്ങളും നടത്താവുന്നതാണ്.

### 16

ചോദ്യം: ഹരിജൻസേവനം വെറും ഹരിജനോദ്ധാരണമായി മാറിയിരിക്കുന്നു. അയിത്തം നീക്കം ചെയ്യാൻവേണ്ടി സവർണഹിന്ദുക്കളുടെ ഇടയിൽ യാതൊരു പണിയും ചെയ്യുന്നില്ല. ഇതിന്നെന്താ നിവൃത്തി?

ഉത്തരം: പൊതുജനസമ്മതരായ നേതാക്കന്മാർ മുഖേന മാത്രമേ സവർണ ഹിന്ദുക്കളുടെ ഇടയിൽ പ്രചാരവേല ചെയ്യാൻപററൂ എന്ന് അനുഭവംകൊണ്ടു കാണുന്നു. ഇത്തരക്കാരെ കാണാൻ പ്രയാസമാണ്. എങ്കിലും നിശ്ശബ്ദമായ പ്രചാരവേല നടത്താൻ ഓരോ ഹരിജൻ പ്രവർത്തകനും കഴിയും. ഹരിജനങ്ങളുടെ ഇടയിൽ സമുദ്ധരണജോലി ചെയ്തുകൊണ്ടു മാത്രം സംതൃപ്തരാവുകയാണ് മിക്കപ്പോഴും സവർണ ഹിന്ദുപ്രവർത്തകർ; ഇതു പററില്ല. പ്രവർത്തകരിൽ പലരും സ്വന്തം നിലയ്ക്ക് അയിത്തം ആചരിക്കാത്തവരാണെങ്കിലും, സ്വന്തം കുടുംബാംഗങ്ങളുടെപോലും അഭിപ്രായം

15. Young India, 10-9-1925 (The Removal of Untouchability, p. 248)

16. Harijan, 10-5-1942 (The Removal of Untouchability, p. 265)

digitized by www .sreyas.in

മാററാൻ കഴിയാത്തവരാണ്. പിന്നെ, പുറമെയുള്ളവരെ അവരെങ്ങനെയാണ് സ്വാഭിപ്രായക്കാരാക്കുക? പിന്നെ, തങ്ങളുടെ പരിചയത്തിൽപ്പെട്ട സവർണ്ണ ഹിന്ദുക്കളിൽനിന്നു ഹരിജനങ്ങൾക്കായി കാലണയെങ്കിലും ഇരന്നുവാങ്ങാൻ ഓരോ ഹരിജൻപ്രവർത്തകനും ശ്രമിക്കണം എന്നാണെൻെറ ഉറച്ച അഭിപ്രായം. എല്ലാവരും ഹൃദയപൂർവം ഈ ജോലിയിൽ നിമഗ്നരായാൽ, വളരെ നല്ല ഫലമുണ്ടാകാതിരിക്കുകയില്ല.

17

'കമ്യൂണിസ്റ്റ്പാർട്ടി തുപ്പുജോലിക്കാരുടെ യൂണിയനുകൾ വിജയപൂർവം സംഘടിപ്പിക്കുകയും ഹർത്താൽകൊണ്ടും മററും സ്വന്തം അവകാശങ്ങൾ നേടാൻ അവരെ സഹായിക്കുകയും ചെയ്തിരിക്കുന്നു. ഹരിജൻസേവക്സംഘത്തിൻെറ പ്രവർത്തനം മിക്കവാറും ക്ഷേമപ്രവർത്തനമാണ്. അതിനാൽ, ഹരിജനങ്ങളുടെ ഇടയിൽ ജനസമ്മതി നേടുന്ന കാര്യത്തിൽ കമ്യൂണിസ്റ്റ്കാരുമായി മത്സരിക്കുവാൻ അതിനെക്കൊണ്ടാവില്ല. തന്മൂലം ഹരിജൻസേവക്സംഘം അതിൻെറ നയവും പ്രവർത്തനരീതിയും മാറേറണ്ടതാണെന്ന് അങ്ങേക്കു തോന്നുന്നില്ലേ?'

നമുക്ക് എന്തു ശരിയാണെന്നു തോന്നുന്നുവോ അതിനെ അടിസ്ഥാനമാക്കിവേണം നമ്മുടെ നയം നിശ്ചയിക്കുക. അല്ലാതെ, എളുപ്പത്തിൽ ജനസമ്മതി നേടാനായിരിക്കരുത്. ശരിയായ മാർഗത്തിലൂടെയാണ് പ്രവർത്തിക്കുന്നതെന്നു ഹരിജൻസേവക്സംഘത്തിനു ഉറപ്പുണ്ടെങ്കിൽ, അതു് അതിൽത്തന്നെ ഉറച്ചുനിൽക്കണം, മററുള്ളവർ എന്തുചെയ്യു—ചെയ്യില്ല എന്നു നോക്കാതെ. തന്നിമിത്തം നമുക്കു യൂണിയനുകൾ സംഘടിപ്പിക്കുകയോ ഹർത്താലുകൾക്കു പ്രേരണ നൽകുകയോ ചെയ്യാം—രാഷ്ട്രീയോദ്ദേശ്യങ്ങളോടുകൂടിയോ രാഷ്ട്രീയോദ്ദേശ്യങ്ങൾക്കോ അല്ല, ഹരിജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ നില മെച്ചപ്പെടുത്തുവാൻവേണ്ടി.

18

ചോദ്യം: ക്രിസ്ത്യാനികളായിത്തീർന്ന ഹരിജനങ്ങളെപ്പററി എന്തു പറയുന്നു? ഇവരുടെ സ്ഥിതി ഇന്നു് ഹരിജനങ്ങളുടേതിനെക്കാൾ മോശമാണ്.

ഉത്തരം: അയിത്തം ഇല്ലാതായാൽ എല്ലാം ശരിപ്പെടും. അയിത്തം ഇല്ലാതായാൽ പിന്നെ, അവർക്കു ഹിന്ദുക്കളുടേതല്ലാത്ത ഒരു ലേബൽ തങ്ങളുടെ മേൽ ഒട്ടിക്കേണ്ട ആവശ്യം വരില്ല. പേരിൽ മാത്രം ക്രിസ്ത്യാനികളായവരെക്കുറിച്ചാണു ഞാൻ പറയുന്നതു്. നാം

17. Harijan, 28-7-1946 (The Removal of Untouchability, p. 268)
18. Harijan, 28-11-1936 (The Removal of Untouchability, p. 252)

digitized by www .sreyas.in

നമ്മുടെ വീട്ട ശരിപ്പെടുത്തിയാൽ, ആളുകൾ വസ്ത്രം മാറുന്നതുപോലെ, ഹരിജനങ്ങൾ മതംമാറുമെന്ന ഉൽക്കണ്ഠയ്ക്ക് അവകാശമില്ല.

## 19

ചോദ്യം: ക്രിസ്തുമതത്തിലേക്കോ ഇസ്ലാമിലേക്കോ മതംമാററപ്പെട്ടവരും ഇപ്പോഴും അയിത്തക്കാരായി കരുതപ്പെടുന്നവരുമായ ഹരിജനങ്ങളെ സംഘം സേവിക്കേണ്ടതല്ലേ? അയിത്തം സമൂലം ഇല്ലാതാക്കാനല്ലേ നാം പുറപ്പെട്ടിട്ടുള്ളതു്? അതിനാൽ അതിൽ അതുള്ളവരെയെല്ലാം സഹായിക്കേണ്ടതല്ലേ?

ഉത്തരം: ഈ ചോദ്യത്തിനു് 'ഹരിജ'നിൽ ഇതിനു മുമ്പും മറുപടി പറഞ്ഞിട്ടുണ്ട്. എന്നാലും ഉന്നയിക്കപ്പെടുമ്പോഴെല്ലാം അതിനു മറുപടി നൽകണം. ഹിന്ദുസമുദായത്തിൽനിന്നു് അയിത്തം നീക്കംചെയ്യപ്പെട്ടാൽ ഉടനെ അതു മററിടങ്ങളിൽനിന്നും തനിയെ പോയിക്കൊള്ളും. ഈ കാര്യത്തിന്റെ ഗുണമോ ദോഷമോ എന്തുതന്നെയായാലും, മതംമാററപ്പെട്ടവരുടെ കാര്യത്തിൽ നാം ഇടപെട്ടാൽ അതു മുസ്ലീങ്ങളുമായും ക്രിസ്ത്യാനികളുമായും കലഹത്തിനു് ഇടയാക്കും. മതംമാറിയ ഇവരെല്ലാം ഒന്നുകിൽ ഹിന്ദുക്കളുമായുള്ള എല്ലാ ബന്ധവും ഉപേക്ഷിച്ചിരിക്കുന്നു; അല്ലെങ്കിൽ, ഹിന്ദുക്കളാൽ ബഹിഷ്കരിക്കപ്പെട്ടിരിക്കുന്നു. അവർ മററു മതക്കാരുടെ കൂട്ടത്തിൽ കഴിയാൻ തയ്യാറായിക്കഴിഞ്ഞിരിക്കുകയാണു്; അവർ പഴയ ബന്ധങ്ങൾ തുടരുന്നതു് ഈ മററു മതങ്ങളുടെ നേതാക്കന്മാർ അനുവദിക്കുകയില്ല. അതിനാൽ ഹരിജൻസേവക്സംഘം അതിന്റെ ആരംഭംമുതൽക്കേ നിശ്ചയിച്ചു, അതിന്റെ പ്രവർത്തനം ഹിന്ദുസമുദായത്തിൽനിന്നു വിട്ടുപോകാത്തവരുടെ ഇടയിൽമാത്രം മതിയെന്നു്. മതം മാറി ആദ്യത്തെ സമുദായം വിട്ടുപോയ ഒരാളെ പിന്നീടു് ആ സമുദായം നയിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാറില്ല.

# ഐ. പ്രവർത്തനപുരോഗതി

## 20

* അധ്വാനിക്കുക, ഉറച്ചുനിൽക്കുക എന്നല്ലാതെ മറെറാരു സന്ദേശവും അയാൾക്കു നൽകുവാൻ ഗാന്ധിജിയുടെ പക്കലുണ്ടായിരുന്നില്ല. 'നൂററാണ്ടുകൾ പഴക്കമുള്ള അവജ്ഞയെയാണു ജയിക്കാനുള്ളതെന്നു് ഓർക്കുമ്പോൾ, ഒരു രാഷ്ട്രത്തിന്റെ ജീവിതത്തിലെ

---

19. Harijan, 10–5–1942 (The Removal of Untouchability, pp. 265–266

20. Harijan, 15–6–1935 (The Removal of Untouchability, p. 244)

* വ്യക്തമായ ഫലങ്ങളൊന്നുമുളവാക്കാൻ കഴിയാതെ നാലുകൊല്ലം അധ്വാനിച്ച നല്ലവനായ ഒരു ഹരിജൻസേവകന്റെ ചോദ്യത്തിനു മറുപടിയായി ഗാന്ധിജി പറഞ്ഞതു്.

digitized by www .sreyas.in

നാലുകൊല്ലം എത്ര തുച്ഛമാണ്, അനന്തമായ കാലത്തിൽ ഒരു ജീവകാലംതന്നെ എത്ര തുച്ഛമാണ്! പിന്നെ, നാം വേണ്ടത്ര ശ്രമിച്ചുകഴിഞ്ഞുവോ, വേണ്ടത്ര സഹിച്ചുകഴിഞ്ഞുവോ? ബുക്കർ ടി. വാഷിങ്ടനെ നോക്കൂ. അദ്ദേഹം സഹിച്ചപോലെ നമ്മളിൽ ആരെങ്കിലും ക്ലേശങ്ങൾ സഹിച്ചുവോ? ഹരിജനങ്ങളുടെ സങ്കടങ്ങളെപ്പററി നാം പറയാറുണ്ടെങ്കിലും, ആ സങ്കടങ്ങളിൽ നാം പങ്കുകൊള്ളാറുണ്ടോ? പട്ടിണികിടക്കേണ്ടിവരുന്നതു് അവർക്കാണെന്നും നാം പട്ടിണികിടക്കുന്നില്ലെന്നും, നമുക്കു ശുദ്ധജലം സുലഭമാണെന്നും അവർക്കു വൃത്തികെട്ട കുഴികളെ ആശ്രയിക്കേണ്ടിവരുന്നുവെന്നും കാണാൻ തക്ക നിശിതബുദ്ധി ഹരിജനങ്ങൾക്കുണ്ടു്.'

## 21

....സവർണ ഹിന്ദുക്കളുടെ മനസ്സിളക്കാൻ ഹരിജൻസേവകർക്കെന്തുകൊണ്ടാണു കഴിയാത്തതെന്നു നിങ്ങൾ ഇപ്പോൾ മനസ്സിലാക്കണം. സഫലമായ അഭ്യർത്ഥനയ്ക്കു് ഒന്നാമതു് ആവശ്യമുള്ള ആ വിശ്വാസാഗ്നി, സേവനത്തിനുള്ള ആ തടുക്കവയ്യാത്ത തൃഷ്ണ, അവരുടെ ഹൃദയത്തിലില്ല. യഥാർത്ഥ മതപ്രചാരകൻെറ ആവേശത്തോടുകൂടി ഒരുപിടി സവർണഹിന്ദുക്കൾ മുന്നോട്ടിറങ്ങട്ടെ—ഹിന്ദുജനതയിൽ മുഴുവൻ ഒരു മാററം വരുത്താൻ അവർക്കു കഴിയും. പ്രത്യുത, മതപ്രചാരകൻ എന്ന പേരു മാത്രമുള്ളവരുടെ ഒരു പട്ടാളംതന്നെ കൂടിയാലും അവരിൽ ഒരു ഫലവും ഉളവാക്കാൻ കഴികയില്ല.

O

---

21 Harijan, 28-7-1946 (The Removal of Untouchability, p. 272)

digitized by www .sreyas.in

## NAVAJIVAN PUBLICATIONS USED FOR REFERENCE

1. An Autobiography
2. Bapu's Letters to Mira
3. Communal Unity
4. Constructive Programme
5. Drink, Drugs and Gambling
6. For Pacifists
7. From Yeravda Mandir
8. Hind Swaraj
9. Sarvodaya
10. Self-restraint v. Self-indulgence
11. The Removal of Untouchability
12. To the Students
13. Women and Social Injustice

**(Available from the Navajivan Publishing House, Ahmedabad-14)**

digitized by www .sreyas.in



digitized by www .sreyas.in



digitized by www .sreyas.in

# സാമൂഹ്യജീവിതം

പുതിയൊരു സാമൂഹ്യമനുഷ്യനു രൂപം കൊടുക്കുകയെന്നുള്ളതായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. വ്യക്തിജീവിതത്തിന്റെ ഇടുങ്ങിയ ഭിത്തികൾ ഭേദിച്ച് സാമൂഹ്യജീവിതത്തിൽ അലിഞ്ഞുചേരുന്നതിന് മനുഷ്യനെ ഒരുക്കിയെടുക്കാൻ ഗാന്ധിജി ചെയ്ത തപസ്യയുടെ വ്യക്തമായ ചിത്രമാണ് ഈ ഗ്രന്ഥത്തിന്റെ താളുകളിൽ. കേവലമായ ആശയങ്ങളല്ല, പ്രായോഗികതയുടെ നികഷത്തിലുരച്ചെടുത്ത കാര്യങ്ങളാണ് അനുവാചകൻ ഇതിൽ ദർശിക്കുക. ഭാവിസമൂഹത്തെക്കുറിച്ചുള്ള തന്റെ സങ്കല്പത്തിലേക്കു മനുഷ്യനെ വളർത്തി ഉയർത്തിയെടുക്കാനുള്ള ആശയങ്ങളും ആചരണപദ്ധതികളും ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു.

മതപരമായ ജീവിതം, സ്ത്രീപുരുഷബന്ധം, ലഹരിവർജ്ജനം, സാമൂഹ്യസമത്വവും അയിത്തോച്ചാടനവും എന്നീ പ്രശ്നങ്ങളും വിശകലനം ചെയ്യപ്പെട്ടിട്ടുണ്ട്, ഈ ഗ്രന്ഥത്തിൽ.

ഓരോ കാര്യത്തിലും ഹൃദയപരിവർത്തനത്തിന്റെയും ധാർമികമായ സമീപനത്തിന്റെയും പ്രാധാന്യം അദ്ദേഹം ഊന്നിപ്പറയുന്നു. സാമൂഹ്യപ്രശ്നങ്ങൾക്കു താല്ക്കാലിക പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയല്ല, ചിരസ്ഥായിയായ സാമൂഹ്യഭദ്രത കൈവരുത്തുകയാണ്, അദ്ദേഹത്തിന്റെ ഉന്നം. ആദർശാത്മകത്വത്തിന്റെ ഗുണദോഷവിചിന്തനം ഇവിടെ പ്രസക്തമല്ല. അതിന്റെ സത്യസന്ധമായ ചിത്രീകരണംകൂടിയാണ് ഈ ഗ്രന്ഥം.

**കേരളഗാന്ധിസ്മാരകനിധി പ്രസിദ്ധീകരണം**

**കറന്റ് ബുക്സ്**

തിരുവനന്തപുരം, കോട്ടയം, എറണാകുളം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ, തലശ്ശേരി

digitized by www .sreyas.in